# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

2018 ഏപ്രിൽ 4, ബുധൻ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 171- നമ്പർ 22

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

2018 ഏപ്രിൽ 4, ബുധൻ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി . ശശി**

സെക്രട്ടറി

**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ

**ശ്രീമതി കെ. ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

696/2020

## മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ .... 1

2. അടിയന്തര ചോദ്യത്തിന്റെ ഉത്തരം .... 26

3. രേഖാമൂലം നൽകിയ ഉത്തരങ്ങൾ .... 29

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ .... 29

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ .... 79

**II അടിയന്തരപ്രമേയം**

എക്സൈസ് ഡ്യൂട്ടി ഉപേക്ഷിക്കൽ
(അവതരണാനുമതി നിഷേധിച്ചു.) .... 322

**III ശ്രദ്ധ ക്ഷണിക്കൽ**

(1) കൈവശഭൂമിക്ക് പട്ടയം

— ശ്രീ. കെ. ബി. ഗണേഷ് കുമാർ .... 340

(2) ധവളപത്രം

— ശ്രീ. ഒ. രാജഗോപാൽ .... 343

**IV സബ്മിഷൻ**

1. തൊഴിൽ സുരക്ഷ

– ശ്രീ. എസ്. ശർമ്മ .... 351

2. തനുജയുടെ മരണം

– ശ്രീ. അടൂർ പ്രകാശ് .... 352

3. അഡീഷണൽ ജില്ലാ സെഷൻസ് കോടതി

– ശ്രീമതി പി. അയിഷാ പോറ്റി .... 353

പേജ്

4. പ്രതികളെ അറസ്റ്റ് ചെയ്യൽ

— ശ്രീ. എൻ. ഷംസുദ്ദീൻ .... 354

5. ഫയൽ നീക്കം

— ശ്രീ. കെ. വി. വിജയദാസ് .... 355

6. ഗണക സമുദായത്തിന്റെ ആനുകൂല്യങ്ങൾ

— ശ്രീ. പി. ടി. തോമസ് .... 356

7. മരണവും തിരോധാനവും സംബന്ധിച്ച്

— ശ്രീ. ഐ. സി. ബാലകൃഷ്ണൻ .... 358

8. സ്വകാര്യഭൂമി ഏറ്റെടുക്കൽ

— ശ്രീ. എം. വിൻസെന്റ് .... 359

9. ലാൻഡ് ട്രിബ്യൂണലിലെ കേസുകൾ

— ശ്രീ. സണ്ണി ജോസഫ് .... 360

10. കടൽഭിത്തി

— ശ്രീ. ജോൺ ഫെർണാണ്ടസ് .... 361

11. കടൽത്തീര സംരക്ഷണം

— ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ .... 362

12. സമഗ്ര കുടിവെള്ള പദ്ധതി

— ശ്രീ. പി. ഉബൈദുള്ള .... 363

13. റോഡുകളുടെ നവീകരണം

— ശ്രീ. ഹൈബി ഈഡൻ .... 364

14. ട്രഷറികളിലെ പണം പിൻവലിക്കൽ

— ശ്രീ. വി. ഡി. സതീശൻ .... 365

*പേജ്*

15. ഡെങ്കിപ്പനി തടയാൻ ജൈവകീടനാശിനി ഉപയോഗം

– ശ്രീ. കെ. സുരേഷ് കുറുപ്പ് .... 367

16. ഹോമിയോ മെഡിക്കൽ കോളേജുകളിലെ അദ്ധ്യാപക നിയമനം

– ശ്രീ. എ. പ്രദീപ്കുമാർ .... 368

17. പഠന സൗകര്യങ്ങൾ

– ശ്രീ. എം. സ്വരാജ് .... 370

18. മാലിന്യ സംസ്കരണ കേന്ദ്രങ്ങൾ

– ശ്രീ. റ്റി. വി. രാജേഷ് .... 371

19. സി.എച്ച്.സി. ആയി ഉയർത്തൽ

– ശ്രീ. അബ്ദുൽ ഹമീദ്. പി. .... 373

20. കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രി വികസനം

– ശ്രീ. ബി. ഡി. ദേവസ്സി .... 374

21. സ്റ്റാഫ് പാറ്റേൺ

– ശ്രീ. കെ. ദാസൻ .... 375

22. ബദൽ റോഡുകൾ

– ശ്രീ. സി. കെ. ശശീന്ദ്രൻ .... 376

23. ദേശീയപാത നിർമ്മാണം

– ശ്രീ. കെ. രാജൻ .... 377

24. നിലമ്പൂർ-നഞ്ചൻകോട് റെയിൽ പാത

– ശ്രീ. എം. ഉമ്മർ .... 378

25. റോഡ് നിർമ്മാണം

– ശ്രീ. രാജു എബ്രഹാം .... 379

*പേജ്*

26. ബോണക്കാട് എസ്റ്റേറ്റ് ഏറ്റെടുക്കൽ

— ശ്രീ. കെ. എസ്. ശബരീനാഥൻ .... 380

27. ഇ-പോസ് മെഷീൻ സ്ഥാപിക്കൽ

— ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് .... 382

28. പബ്ലിക് ലൈബ്രറി ആന്റ് റിസർച്ച് സെന്റർ

— ഡോ. എം. കെ. മുനീർ .... 382

29. അദ്ധ്യാപക നിയമനം

— ശ്രീ. യു. ആർ. പ്രദീപ് .... 383

30. ശമ്പള വർദ്ധന

— ശ്രീ. എ. എൻ. ഷംസീർ .... 384

**V മേശപ്പുറത്തുവച്ച കടലാസുകൾ** .... 385

**VI റിപ്പോർട്ട് സമർപ്പണം**

1. സ്കൂൾ കുട്ടികൾക്കിടയിലെ ലഹരി വസ്തുക്കളുടെ ഉപയോഗം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ പ്രത്യേക റിപ്പോർട്ട് .... 396
2. വന സംരക്ഷണ സമിതികൾ, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവയുടെ ശാക്തീകരണം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ പ്രത്യേക റിപ്പോർട്ട് .... 397

**VII റിപ്പോർട്ട് പരിഗണന** .... 397

**VIII ഗവൺമെന്റ് പ്രമേയങ്ങൾ**

(1) സി.ബി.എസ്.ഇ. ചോദ്യപേപ്പർ ചോർന്ന സംഭവം .... 397

(2) 1989-ലെ പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) ആക്ടിലെ വ്യവസ്ഥകൾ ലഘൂകരിക്കൽ .... 400

*പേജ്*

**IX നിയമനിർമ്മാണകാര്യം**

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും .... 405

(i) 2018-ലെ കേരള പ്രൊഫഷണൽ കോളേജുകൾ (മെഡിക്കൽ കോളേജുകളിലെ പ്രവേശനം ക്രമവൽക്കരിക്കൽ) ബിൽ .... 405

**X ക്രമപ്രശ്നം**

ബില്ലിന്റെ പരിഗണന സംബന്ധിച്ച് .... 406

**XI റൂളിംഗ്** .... 408

**നിയമനിർമ്മാണകാര്യം (തുടർച്ച)**

(ii) 2018-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ .... 446

**XII അവകാശലംഘന പ്രശ്നങ്ങൾ** .... 481

**XIII പ്രമേയം**

സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച് .... 484

**XIV അവലോകനം** .... 484

**അനുബന്ധം** .... 491

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പത്താം  സമ്മേളനം

*2018 ഏപ്രിൽ 4, ബുധൻ*


| വാല്യം 171] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 22 |
|---|---|---|


നിയമസഭ 2018 ഏപ്രിൽ മാസം 4-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു)

### 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

<u>മി. സ്പീക്കർ</u>: ഓർഡർ.......ഓർഡർ........*661-ാം നമ്പർ ചോദ്യവുമായി *670-ാം നമ്പർ ചോദ്യം ക്ലബ്ബ് ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. കെ. സി. ജോസഫ്, എം.എൽ.എ. നോട്ടീസ് നൽകിയിട്ടുണ്ട്. ക്ലബ്ബിംഗ് അനുവദിക്കുന്നു. രണ്ട് ചോദ്യങ്ങൾക്കും ബഹുമാനപ്പെട്ട മന്ത്രിക്ക് ഒരുമിച്ച് മറുപടി പറയാം.

### കയ്യേറ്റഭൂമി ഒഴിപ്പിക്കൽ

1 (*661) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u>:
<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>:
<u>ശ്രീ. ഇ. കെ. വിജയൻ</u>:
<u>ശ്രീ. എൽദോ എബ്രഹാം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽവന്നതിനുശേഷം കയ്യേറ്റക്കാരിൽനിന്ന് സർക്കാർഭൂമി ഒഴിപ്പിച്ചെടുത്തതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ലാന്റ് ബോർഡിന്റെ ചുമതലകൾ വ്യക്തമാക്കുമോ; പ്രസ്തുത ചുമതലകൾ ലാൻഡ് ബോർഡ് കാര്യക്ഷമമായി നിർവ്വഹിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ;

(സി) ഹൈക്കോടതിയിൽ നടക്കുന്ന മിച്ചഭൂമി കേസുകളിൽ തീർപ്പുണ്ടാക്കുന്നതിനായി റവന്യൂ വകുപ്പ് സ്വീകരിച്ച നിയമാനുസൃത നടപടികൾ അറിയിക്കുമോ;

(ഡി) താലൂക്ക് ലാന്റ് ബോർഡുകൾ പുനഃസംഘടിപ്പിച്ചിട്ടുണ്ടോ; ലാന്റ് ബോർഡുകളിൽ അവശേഷിക്കുന്ന കേസുകൾ തീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; ഭൂമികയ്യേറ്റം തടയുന്നതിനായി എല്ലാ ജില്ലകളിലും ജാഗ്രതാ സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) കയ്യേറ്റങ്ങൾക്ക് കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥർക്കെതിരെയും കയ്യേറ്റങ്ങൾ തടയുന്നതിൽ ജാഗ്രതക്കുറവ് കാട്ടുന്ന ഉദ്യോഗസ്ഥർക്കെതിരെയും കർശന നടപടി സ്വീകരിക്കുമോ;

(എഫ്) ഈ സർക്കാർ നിലവിൽവന്നതിനുശേഷം എസ്ചീറ്റായി ഭൂമി ഏറ്റെടുത്തതിന്റെ വിവരങ്ങൾ അറിയിക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ,

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കയ്യേറ്റക്കാരിൽനിന്ന് സർക്കാർ ഭൂമി ഒഴിപ്പിച്ചെടുത്തതിന്റെ വിശദാംശങ്ങൾ താഴെച്ചേർക്കുന്നു.

| ജില്ല | റിപ്പോർട്ട് ചെയ്യപ്പെട്ട കയ്യേറ്റ കേസുകളുടെ എണ്ണം | ഒഴിപ്പിച്ച കേസുകളുടെ എണ്ണം | ഒഴിപ്പിച്ച വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|---|
| (1) | (2) | (3) | (4) |
| തിരുവനന്തപുരം | 83 | 56 | 3.56.78 |
| കൊല്ലം | 101 | 51 | 0.47.25H |
| പത്തനംതിട്ട | 33 | 5 | 1.29.3H |
| ആലപ്പുഴ | 97 | 18 | 1.62.50H |
| കോട്ടയം | 16 | 6 | 0.02.80H |
| ഇടുക്കി | 115 | 61 | 179.69.52(H) |

| (1) | (2) | (3) | (4) |
|---|---|---|---|
| എറണാകുളം | 169 | 22 | 2.46.71(H) |
| തൃശ്ശൂർ | 70 | 25 | 0.22.75(H) |
| പാലക്കാട് | 511 | 259 | 1.42.36 |
| മലപ്പുറം | 43 | 27 | 3.31.37(H) |
| കോഴിക്കോട് | 39 | 5 | 0.1718(H) |
| വയനാട് | 95 | 62 | 1.3882 |
| കണ്ണൂർ | 35 | 3 | 0.0735 |
| കാസർഗോഡ് | 70 | 5 | 0.8744 |
| ആകെ | 1477 | 605 | 196.6477(H) |

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 149 സീലിംഗ് കേസുകൾ താലൂക്ക് ലാന്റ് ബോർഡ് മുഖേന തീർപ്പാക്കിയിട്ടുണ്ട്. കൂടാതെ 91 പുതിയ സീലിംഗ് കേസുകൾ ആരംഭിക്കുന്നതിന് അനുമതി നൽകി. 1372 കേസുകൾ തീർപ്പ് കൽപ്പിക്കുവാൻ ശേഷിക്കുന്നുണ്ട്.

(ബി) സംസ്ഥാനത്തെ ഭൂപരിഷ്കരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും നിയമപ്രകാരമുള്ള പ്രവർത്തനങ്ങൾക്ക് ഔദ്യോഗിക നേതൃത്വം നൽകുകയുമെന്നതാണ് ലാന്റ് ബോർഡിന്റെ പ്രഥമവും പ്രധാനവുമായ ചുമതല. ഭൂപരിഷ്കരണ നിയമം നടപ്പാക്കുന്ന നിയമപ്രകാരമുള്ള സ്ഥാപനങ്ങളായ ലാന്റ് ട്രൈബ്യൂണലുകൾ, അപ്പലേറ്റ് അതോറിറ്റി, താലൂക്ക് ലാന്റ് ബോർഡുകൾ എന്നിവയുടെ ഭരണപരവും പ്രവർത്തനപരവുമായ മേൽനോട്ടം വഹിക്കുക, പ്രവർത്തനത്തിനാവശ്യമായ പൊതുനിർദ്ദേശങ്ങൾ നൽകുക, പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനാവശ്യമായ റിക്കാർഡുകൾ സൂക്ഷിക്കുക എന്നതാണ് ലാന്റ് ബോർഡിന്റെ ചുമതലകൾ. ലാന്റ് ബോർഡിന്റെ ചുമതലകൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നുണ്ട്.

(സി) മിച്ചഭൂമി കേസുകളിൽ ഉത്ഭവിക്കുന്ന ഹർജികളിൽ യഥാസമയം തുടർ നടപടി സ്വീകരിക്കുന്നതിന് അഡ്വക്കേറ്റ് ജനറൽ ഓഫീസിലെ നിർദ്ദേശങ്ങൾ പ്രകാരം നടപടി സ്വീകരിച്ചുവരുന്നു.

മിച്ചഭൂമി കേസിലെ ഉത്തരവിനെതിരെ സർക്കാരും കക്ഷികളും സമർപ്പിക്കുന്ന റിവിഷൻ ഹർജികളിൽ നടപടികൾ വേഗത്തിൽ നടത്തുകയും സർക്കാരിന്റെ താല്പര്യം സംരക്ഷിക്കുന്നതിനായി അഡ്വക്കേറ്റ് ജനറലിന്റെ നിർദ്ദേശപ്രകാരം തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(ഡി) ഉണ്ട്. ലാന്റ് ബോർഡുകളിൽ അവശേഷിക്കുന്ന കേസുകൾ തീർപ്പാക്കുന്നതിന് പ്രായോഗികമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കേസുകൾ അനാവശ്യമായി നീട്ടിക്കൊണ്ടുപോകരുതെന്ന് പ്രത്യേകം നിർദ്ദേശം നൽകിയിട്ടുണ്ട്. ഭൂമികയ്യേറ്റം തടയുന്നതിനായി ജില്ലകളിൽ ജാഗ്രതാ സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്.

(ഇ) കയ്യേറ്റങ്ങൾക്ക് കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥർക്കെതിരെയും കയ്യേറ്റങ്ങൾ തടയുന്നതിൽ ജാഗ്രതക്കുറവ് കാട്ടുന്ന ഉദ്യോഗസ്ഥർക്കെതിരെയും കർശന നടപടി സ്വീകരിക്കും.(എഫ്) ഈ സർക്കാർ അധികാരമേറ്റശേഷം ഏറ്റെടുത്ത എസ്ചീറ്റ് ഭൂമിയുടെ ജില്ലതിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | വില്ലേജ് | സർവ്വേ നമ്പർ | വിസ്തീർണ്ണം |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | തിരുവനന്തപുരം | അരുവിക്കര | 344/20 | 00.10.15 ഹെക്ടർ |
| 2 | കൊല്ലം | - | - | - |
| 3 | പത്തനംതിട്ട | - | - | - |
| 4 | ആലപ്പുഴ | - | - | - |
| 5 | കോട്ടയം | മുണ്ടക്കയം | 438/10 | 00.01.65 ഹെക്ടർ |
| 6 | ഇടുക്കി | - | - | - |
| 7 | എറണാകുളം | - | - | - |
| 8 | തൃശ്ശൂർ | - | - | - |
| 9 | പാലക്കാട് | - | - | - |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 10 | മലപ്പുറം | - | - | - |
| 11 | കോഴിക്കോട് | തിരുവമ്പാടി | 174/1 ബി | 00.12.14 ഹെക്ടർ |
| | | ചക്കിട്ടപ്പാറ | 912/2,3,4,5,6 അൺസർവ്വേ | 1699.72 ഹെക്ടർ |
| 12 | വയനാട് | - | - | - |
| 13 | കണ്ണൂർ | - | - | - |
| 14 | കാസർഗോഡ് | - | - | - |
| | ആകെ | | | 1723.66 ഹെക്ടർ |

**കയ്യേറ്റം ഒഴിപ്പിക്കുന്നതിന് കാലോചിതമായ നിയമ ഭേദഗതി**

2(*670) ശ്രീ. കെ. സി. ജോസഫ്:
ശ്രീ. അടൂർ പ്രകാശ്:
ശ്രീ. കെ. മുരളീധരൻ:
ശ്രീ. വി. ഡി. സതീശൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പല ഭാഗങ്ങളിലും സർക്കാർഭൂമി അനധികൃതമായി കയ്യേറുന്നു എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അനധികൃത കയ്യേറ്റങ്ങൾ സമയബന്ധിതമായി ഒഴിപ്പിക്കുന്നതിന് സാധിക്കാതിരുന്നിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് 1958-ലെ ഭൂസംരക്ഷണ നിയമവും ചട്ടങ്ങളും ഫലപ്രദമല്ലായെന്ന് കരുതുന്നുണ്ടോ; എങ്കിൽ പ്രസ്തുത നിയമത്തിലും ചട്ടങ്ങളിലും കാലോചിതമായ ഭേദഗതി കൊണ്ടുവരുവാൻ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റിപ്പോർട്ട്ചെയ്ത കയ്യേറ്റ കേസുകൾപോലും ഫലപ്രദമായി ഒഴിപ്പിക്കുന്നതിന് സാധിക്കാത്ത സാഹചര്യമുണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഇ) കയ്യേറ്റക്കാർക്ക് ലഭിക്കുന്നതായി പറയപ്പെടുന്ന രാഷ്ട്രീയ പിൻബലം നിലവിലുള്ള നിയമങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് വിഘാതമായിട്ടുണ്ടോ; വിശദമാക്കാമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, (എ) സംസ്ഥാനത്ത് പലഭാഗങ്ങളിലും സർക്കാർഭൂമി അനധികൃതമായി കയ്യേറുന്ന എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അനധികൃത കയ്യേറ്റങ്ങൾ സമയബന്ധിതമായി ഒഴിപ്പിക്കുന്നതിനുള്ള എല്ലാ നിയമാനുസൃത നടപടികളും സ്വീകരിക്കുന്നുണ്ട്.

(ബി&സി) കേരള ഭൂസംരക്ഷണ നിയമം 1957, കേരള ഭൂസംരക്ഷണ ചട്ടം 1958, 2009-ലെ ഭൂ സംരക്ഷണ ഭേദഗതി നിയമം എന്നിവ പ്രകാരമാണ് അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നത്. ടി നിയമത്തിലും ചട്ടങ്ങളിലും കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് വ്യക്തമായി വ്യവസ്ഥയുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ ഒഴിപ്പിക്കൽ നടപടികൾ നടന്നുവരുന്നതുമാണ്. കയ്യേറ്റം ഒഴിപ്പിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ കൂടുതൽ ശക്തമായ വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള കേരള ലാന്റ് ഗ്രാബിംഗ് പ്രൊഹിബിഷൻ ബിൽ നിയമമാക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 1477 കയ്യേറ്റ കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളതും 605 കേസുകളിലായി 196.6477(H) സർക്കാർഭൂമി ഒഴിപ്പിച്ചെടുത്തിട്ടുള്ളതുമാണ്. ബഹുമാനപ്പെട്ട കോടതികളിൽ വ്യവഹാരം നിലവിലുള്ള കയ്യേറ്റ കേസുകളിൽ ഒഴിപ്പിക്കൽ നടപടികളിൽ കാലതാമസം വന്നിട്ടുണ്ട്.

(ഇ) കയ്യേറ്റക്കാർക്ക് ലഭിക്കുന്നതായി പറയപ്പെടുന്ന രാഷ്ട്രീയ പിൻബലം നിലവിലുള്ള നിയമങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് വിഘാതമായിട്ടില്ല.

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കയ്യേറ്റങ്ങൾക്കെതിരെ ശക്തമായ നടപടി സ്വീകരിച്ചുകൊണ്ടാണ് മുന്നോട്ടുപോകുന്നത്. ശ്രീ. അടൂർ പ്രകാശ് റവന്യൂ വകുപ്പുമന്ത്രിയായിരുന്ന കാലഘട്ടത്തേക്കാൾ മികച്ച നിലയിലാണ് ഇപ്പോൾ വകുപ്പ് മുന്നോട്ടുപോകുന്നത്. കയ്യേറ്റങ്ങൾ നിർത്തിവയ്ക്കുന്നതിനും തോട്ടഭൂമി ഉൾപ്പെടെയുള്ള കയ്യേറ്റങ്ങൾ തടയുന്നതിനും കയ്യേറിയ ഭൂമി ഒഴിപ്പിക്കുന്നതിനുംവേണ്ടി കൂടുതൽ ശക്തമായ വ്യവസ്ഥകളുൾപ്പെടുത്തി ലാൻഡ് ഗ്രാബിംഗ് പ്രൊഹിബിഷൻ ആക്ട് കൊണ്ടുവരുമെന്ന് നേരത്തെ പറഞ്ഞിരുന്നു; അപ്രകാരമൊരു ബിൽ

തയ്യാറാക്കിയിരുന്നതായാണ് അറിയാൻ കഴിഞ്ഞത്. അതിലെ പ്രധാനപ്പെട്ട വ്യവസ്ഥകൾ എന്തെല്ലാമാണ്; ബില്ലിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണ്; ഇത് സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദീകരിക്കാമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, സംസ്ഥാനത്ത് തോട്ടഭൂമി ഉൾപ്പെടെയുള്ള കയ്യേറ്റങ്ങൾ തടയുന്നതിനും കയ്യേറിയ ഭൂമി തിരിച്ചുപിടിക്കുന്നതിനും കൂടുതൽ ശക്തമായ വ്യവസ്ഥകളടങ്ങിയ നിയമമുണ്ടാകണമെന്നതിന്റെ അടിസ്ഥാനത്തിലാണ് കേരള ലാന്റ് ഗ്രാബിംഗ് പ്രൊഹിബിഷൻ ബിൽ തയ്യാറാക്കി നിയമ വകുപ്പിന്റെ പരിഗണനയ്ക്കായി അയച്ചത്. എന്നാൽ ചില പോരായ്മകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് നിയമ വകുപ്പ് സർക്കാരിലേയ്ക്ക് ബിൽ തിരിച്ചയയ്ക്കുകയാണുണ്ടായത്. പ്രസ്തുത ബിൽ ഇപ്പോൾ അഡ്വക്കേറ്റ് ജനറലിന്റെ പരിഗണനയ്ക്കായി അയച്ചിരിക്കുകയാണ്. ഭൂസംരക്ഷണ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം ഒഴിപ്പിക്കാൻ സാധിക്കാത്ത ഭൂമിയെ സംബന്ധിച്ച് ഹിയറിംഗ് ഉൾപ്പെടെയുള്ള വിശദമായ പരിശോധന നടത്തി തീരുമാനമെടുക്കുന്നതിന് ഒരു സ്പെഷ്യൽ കോടതി രൂപീകരിക്കാനും അതിന്റെ അടിസ്ഥാനത്തിൽ ഒഴിപ്പിക്കൽ നടപ്പിലാക്കുന്നതിനും അവ എപ്രകാരം ക്രമീകരിക്കണമെന്ന് തീരുമാനിക്കുന്നതിനായി ഒരു അതോറിറ്റി രൂപീകരിക്കുന്നതിനും വ്യവസ്ഥ ചെയ്തിരിക്കുന്ന ബില്ലാണ് ലാന്റ് ഗ്രാബിംഗ് പ്രൊഹിബിഷൻ ബിൽ. നിയമ വകുപ്പ് പ്രസ്തുത ബില്ലിലെ വ്യവസ്ഥകൾ സംബന്ധിച്ച് ചില നിയമതടസ്സങ്ങൾ ഉന്നയിച്ച സാഹചര്യത്തിൽ പ്രസ്തുത വിഷയം പരിശോധിക്കുന്നതിനായി അഡ്വക്കേറ്റ് ജനറലിന്റെ പരിഗണനയ്ക്കായി അയച്ചിരിക്കുകയാണ്.

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, സർക്കാർഭൂമിയുടെ സംരക്ഷണവും പരിപാലനവും ഒപ്പം എല്ലാ സർക്കാർ ഭൂമിയുടെയും വിവരങ്ങളും കേന്ദ്രീകൃത രീതിയിൽ സംരക്ഷിച്ച് അവ വിവേകപൂർവം വിനിയോഗിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് കേരള സ്റ്റേറ്റ് ലാൻഡ് ബാങ്ക് എന്ന പദ്ധതി 2008-ൽ രൂപീകരിച്ചത്. അതിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണ്; അതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സർക്കാർ ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, 2008-ൽ കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ കാലത്താണ് ലാൻഡ് ബാങ്ക് സമ്പ്രദായം നിലവിൽ വരുന്നതിനാവശ്യമായ നടപടി സ്വീകരിച്ചത്. സർക്കാർഭൂമിയുടെ സംരക്ഷണവും അവയുടെ പരിപാലനവും ഒപ്പം സർക്കാർ ഭൂമിയുടെ എല്ലാ വിവരങ്ങളും കേന്ദ്രീകൃത രീതിയിൽ സംരക്ഷിച്ച് പോകുകയെന്നത് പ്രധാന ലക്ഷ്യമായി പ്രഖ്യാപിച്ചുകൊണ്ടാണ് കേരള സ്റ്റേറ്റ് ലാൻഡ് ബാങ്ക് എന്ന പദ്ധതി

രൂപീകരിച്ചത്. പദ്ധതിയുടെ ഒന്നാം ഘട്ടമായി സർക്കാർഭൂമി സംബന്ധിച്ച വിവരങ്ങൾ ജില്ലാ കളക്ടർമാരിൽനിന്ന് ശേഖരിക്കുകയും www.kslb.kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിൽ അപ്‌ലോഡ് ചെയ്യുന്നതുമാണ്. ഇത് വിവിധ ജില്ലകളിൽനിന്ന് കണക്കുകൾ ശേഖരിക്കുന്നതിനുവേണ്ടിയുള്ള സംവിധാനമാണ്. നിലവിൽ പട്ടാളത്തിൽനിന്ന് വിരമിച്ച ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഇടുക്കി ജില്ലയിൽ പബ്ലിക് ലാൻഡ് പ്രൊട്ടക്ഷൻ ഫോഴ്സ് രൂപീകരിച്ച് സർക്കാർഭൂമി സംരക്ഷിക്കുന്നതിനും കയ്യേറ്റം ഒഴിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു; അതുപോലെ ലാൻഡ് ബാങ്കിൽ തെറ്റായി ഉൾപ്പെടുത്തിയ ഭൂമി ഒഴിവാക്കിക്കൊടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്. ചില അബദ്ധങ്ങൾ സംഭവിച്ചിട്ടുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് അത്തരം കാര്യങ്ങൾ ഒഴിവാക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നതുകൂടാതെ വിലപിടിപ്പുള്ള സർക്കാർ പുറമ്പോക്ക്ഭൂമി ചുറ്റുമതിൽ, കമ്പിവേലി എന്നിവ കെട്ടി സംരക്ഷിക്കുന്നതിനുള്ള നടപടികളും ലാൻഡ് ബാങ്കിന്റെ പ്രവർത്തനത്തിന്റെ ഭാഗമായി നടത്തിക്കൊണ്ടിരിക്കുകയാണ്. ഇതിന്റെ ഭാഗമായി ദേവികുളം, ഉടുമ്പൻചോല, പീരുമേട് താലൂക്കുകളിലായി 9 അംഗങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പബ്ലിക് ലാൻഡ് പ്രൊട്ടക്ഷൻ ഫോഴ്സ് പ്രവർത്തിക്കുന്നുണ്ട്. ഇത്രയുമാണ് പൊതുവിൽ ലാൻഡ് ബാങ്കിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് പറയാനുള്ളത്.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: സർ, ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ കയ്യേറ്റക്കാരിൽനിന്ന് ഭൂമി പിടിച്ചെടുക്കുന്ന പ്രവർത്തനങ്ങളെ പിന്തുണയ്ക്കുകയാണ്. അങ്ങ് തന്ന ലിസ്റ്റനുസരിച്ച് പത്തനംതിട്ട ജില്ലയിൽ 33 കേസ്സെടുത്തതിൽ 5 എണ്ണവും എറണാകുളത്ത് 169 കേസ്സെടുത്തതിൽ 22 എണ്ണവും കോഴിക്കോട് 39 കേസ്സെടുത്തതിൽ 5 എണ്ണവും മാത്രമാണ് ഒഴിപ്പിച്ചിട്ടുള്ളത്. ഇത് 20%-ത്തിൽ താഴെയാണ്. പാലക്കാട് ജില്ലയിൽ 511 കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പക്ഷെ മറ്റ് ജില്ലകളിലെല്ലാം 200-ൽ താഴെ കേസ്സുകൾ മാത്രമാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. താഴെത്തട്ടിലുള്ള ഉദ്യോഗസ്ഥർ അവരുടെ ഉത്തരവാദിത്വം നടപ്പാക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ടോ; ഒഴിപ്പിച്ച ജില്ലകളിൽ എന്തെങ്കിലും വീഴ്ച സംഭവിച്ചിട്ടുണ്ടോ എന്നീ കാര്യങ്ങൾ പരിശോധിക്കാനും വേഗത്തിൽ നടപ്പാക്കാനും കേസുകൾ താഴെത്തട്ടിലുള്ള ഉദ്യോഗസ്ഥർ കണ്ടെത്തി നടപടി എടുപ്പിക്കാനുമായി സത്വരവും ശാസ്ത്രീയവുമായ സംവിധാനം രൂപീകരിക്കുമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച കാര്യം ശരിയാണ്. ചില ജില്ലകളിൽ റിപ്പോർട്ട് ചെയ്യപ്പെട്ട കേസ്സുകളുമായി താരതമ്യം

ചെയ്യുമ്പോൾ വളരെ ചെറിയ തോതിലാണ് ഒഴിപ്പിക്കൽ നടപടി സ്വീകരിച്ചിരിക്കുന്നതെന്ന് കാണാൻ കഴിയും. അതേസമയം എല്ലാ ജില്ലകളിലും ധാരാളം കേസുകൾ വരാത്തതിനുള്ള കാരണം, കയ്യേറ്റങ്ങളുടെ എണ്ണം കുറവായതുകൊണ്ടാണോ, കയ്യേറ്റങ്ങളുടെ എണ്ണം റിപ്പോർട്ട് ചെയ്യപ്പെടാത്തതു കൊണ്ടാണോ എന്നുള്ളത് പരിശോധിച്ചാൽ മാത്രമേ മനസ്സിലാകൂ. ഇത്തരത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട കേസ്സുകളിൽ യഥാസമയം ഒഴിപ്പിക്കൽ നടപടി സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ള പ്രദേശങ്ങളുണ്ടെങ്കിൽ അവ പ്രത്യേകമായി പരിശോധിക്കും. സാധാരണഗതിയിൽ തഹസീൽദാരുടെ നോട്ടീസ് കിട്ടിക്കഴിഞ്ഞാൽ അവർ ആർ.ഡി.ഒ.-യുടെ മുമ്പിൽ അപ്പീലുമായി പോകും. അങ്ങനെ അപ്പീൽ സ്വീകരിച്ചിട്ടുള്ള കേസുകളാണെങ്കിൽ, അതിലെ തീരുമാനമനുസരിച്ച് അവസാന നടപടികൾ പൂർത്തീകരിച്ചാൽ മാത്രമേ തുടർനടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ. അത്തരം സാഹചര്യങ്ങളിലുണ്ടാകുന്ന കാലതാമസം, ചില കേസുകളിൽ കോടതികളിൽ പോകുന്നതുൾപ്പെടെയുള്ള കേസ്സുകളുടെ പ്രത്യേകതകൾ എന്നിവ കാരണമാണ് ചില ജില്ലകളിൽ ഒഴിപ്പിക്കൽ നടപടികൾ വളരെ കുറഞ്ഞുപോയിട്ടുള്ളതെന്നാണ് മനസ്സിലാക്കുന്നത്. മറ്റെന്തെങ്കിലും പോരായ്മകളുണ്ടായിട്ടുണ്ടെങ്കിൽ അക്കാര്യം പരിശോധിക്കും.

ശ്രീ. ഇ. കെ. വിജയൻ: സർ, പാട്ടക്കാലാവധി കഴിഞ്ഞിട്ടും പാട്ട വ്യവസ്ഥകൾ ലംഘിച്ച് കൈവശം വച്ചുകൊണ്ടിരിക്കുന്ന ഭൂമി തിരിച്ചെടുത്തിട്ടുണ്ടോ; എങ്കിൽ എത്ര ഹെക്ടർ ഭൂമിയാണ് തിരിച്ചെടുത്തിട്ടുള്ളത്; ഇപ്രകാരമുള്ള ഭൂമി തിരിച്ചെടുക്കുന്നതിന് പ്രത്യേക സംവിധാനം എന്തെങ്കിലും ഏർപ്പെടുത്തിയിട്ടുണ്ടോ;

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, പാട്ടക്കാലാവധി കഴിഞ്ഞ ഭൂമി തിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചതിന്റെ ഭാഗമായി കുറച്ച് ഭൂമി തിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. കൃത്യമായി പറഞ്ഞാൽ 38.34 ഏക്കർ ഭൂമി തിരിച്ചെടുത്തിട്ടുണ്ട്. പാട്ടക്കാലാവധി കഴിഞ്ഞ് തുടർന്നും അവർ കൈവശം വച്ചിരിക്കുന്ന ഭൂമിയെ സംബന്ധിച്ച് വിശദമായ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുന്നതിനും റവന്യൂ അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ കമ്മീഷണർ, ലാ സെക്രട്ടറി, ധനകാര്യ സെക്രട്ടറി എന്നിവരടങ്ങിയ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. കമ്മിറ്റി പരിശോധിച്ച് കണ്ടെത്തുന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, പാട്ടക്കാലാവധി കഴിഞ്ഞും കൈവശം വച്ചിരിക്കുന്ന ഭൂമി തീർച്ചയായും തിരിച്ചെടുക്കണമെന്നത് തന്നെയാണ് സർക്കാരിന്റെ നിലപാട്.

ശ്രീ. എൽദോ എബ്രഹാം: സർ, 2009-ലെ കേരള ഭൂ സംരക്ഷണ ആക്ടിൽ കൊണ്ടുവന്ന ഭേദഗതി അനുസരിച്ചുള്ള നടപടി സ്വീകരിക്കാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ടോ; കേരളത്തിൽ ഇന്ന് നടന്നുവരുന്ന റീ-സർവ്വേ ത്വരിതപ്പെടുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, 2009-ലെ കേരള ഭൂ സംരക്ഷണ ആക്ടിൽ കൊണ്ടുവന്ന ഭേദഗതിയുടെ ഒരു പ്രത്യേകത, നേരത്തെയുണ്ടായിരുന്ന വ്യവസ്ഥകൾ കൂടുതൽ ശക്തമാക്കുക എന്നതാണ്. എന്നുപറഞ്ഞാൽ, ക്രിമിനൽ നടപടിക്രമമനുസരിച്ച് കേസ്സെടുക്കാനും സർക്കാർഭൂമി കയ്യേറി കൈവശംവയ്ക്കുന്ന ആളുകൾക്ക് റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് 3 മുതൽ 5 കൊല്ലംവരെ ജയിൽ ശിക്ഷകൊടുക്കുന്നതിനും 2 ലക്ഷം മുതൽ 5 ലക്ഷം രൂപ വരെ പിഴ അടയ്ക്കുന്നതിനുമുള്ള തീരുമാനമെടുക്കാവുന്ന വിധത്തിലാണ് 2009-ലെ കേരള ഭൂസംരക്ഷണ ആക്ടിൽ ഭേദഗതി വരുത്തിയിട്ടുള്ളത്. അതിനെത്തുടർന്ന് നടപടി സ്വീകരിക്കേണ്ട ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഇത് കണ്ടില്ലെന്ന് നടിക്കുകയോ നടപടി സ്വീകരിക്കാതിരിക്കുകയോ ചെയ്താൽ, ആ ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കാനും ശിക്ഷാനടപടി അവർക്കുകൂടി ബാധകമാക്കാവുന്ന തരത്തിൽ നടപ്പാക്കാനുമുള്ള വ്യവസ്ഥകൾകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ തിരുവനന്തപുരം ഉൾപ്പെടെ ഒന്നോ രണ്ടോ ജില്ലകളിൽ മാത്രമാണ് ക്രിമിനൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്. 2009-ൽ നിലവിൽവന്ന നിയമത്തിലെ ഭേദഗതിയെത്തുടർന്ന് സ്വീകരിക്കാവുന്ന കർശന നിലപാട് അത്തരം കേസുകളിൽ സ്വീകരിക്കാതിരുന്നിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതാണ്. അങ്ങനെയുണ്ടെങ്കിൽ അതുമായി മുന്നോട്ടുപോകാനും കർശനമായി നടപ്പാക്കാനും നടപടി സ്വീകരിക്കും. റീ-സർവ്വേയുമായി ബന്ധപ്പെട്ട വിഷയത്തിൽ, റീ-സർവ്വേ പ്രവർത്തനങ്ങൾ പുനരാരംഭിക്കുകയും പലയിടത്തും നിലവിലുള്ള എൽ.എ.ആർ. കേസുകളിലെ പരാതി പരിഹരിക്കുന്നതിനുമുള്ള നടപടികളുമായി മുന്നോട്ടുപോകുകയാണ്. സംസ്ഥാന സർക്കാരിന്റെയോ കേന്ദ്ര സർക്കാരിന്റെയോ അംഗീകാരമുള്ള ഏജൻസികളുടെ സഹായത്തോടുകൂടി കഴിയുന്നത്ര വേഗത്തിൽ റീ-സർവ്വേ പ്രവർത്തനം പൂർത്തിയാക്കാനാവശ്യമായ നടപടികളുമായി മുന്നോട്ടുപോകണമെന്നാണ് പൊതുവിൽ സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

ശ്രീ. കെ. സി. ജോസഫ്: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരത്തിൽ പറയുന്നത്, 1477 കയ്യേറ്റ കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും അതിൽ 605 എണ്ണം ഒഴിപ്പിച്ചിട്ടുണ്ടെന്നുമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് ഇത്രയും കേസുകൾ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ഒരുഭാഗത്ത് ഒഴിപ്പിക്കാൻ ശ്രമിക്കുന്നു, മറുഭാഗത്ത് കയ്യേറ്റം തുടരുന്നു. ഇത്തരം കാര്യങ്ങൾ

നടക്കണമെങ്കിൽ അവർക്ക് രാഷ്ട്രീയമായ സംരക്ഷണമോ ഉദ്യോഗസ്ഥരുടെ സംരക്ഷണമോ വേണം. ഇത്തരത്തിൽ ഒഴിപ്പിക്കൽ നടപടികൾ സ്വീകരിക്കുന്ന ഉദ്യോഗസ്ഥരെ ഈ സർക്കാർ ശിക്ഷിക്കുകയാണ് ചെയ്യുന്നത്. ഇടുക്കി ജില്ലയിലെ ദേവികുളം സബ് കളക്ടർ, ശ്രീ. ശ്രീറാം വെങ്കിട്ടരാമൻ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം അതിനൊരു മെസ്സേജാണ്. ഉദ്യോഗസ്ഥരെ സംരക്ഷിക്കുന്നതിന് സർക്കാർ തയ്യാറാകണം. രാഷ്ട്രീയമായ സംരക്ഷണമുണ്ടെന്നാണ് ഇത്തരം റിപ്പോർട്ടിലെ സംഭവങ്ങളെല്ലാം ചൂണ്ടിക്കാണിക്കുന്നത്. അതുകൊണ്ട് മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഇത്തരം കേസുകൾ മന്ത്രി നേരിട്ട് മോണിറ്റർ ചെയ്ത് ഒഴിപ്പിക്കൽ നടപടി ത്വരിതപ്പെടുത്താൻ ശ്രമിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഞാൻ ഇക്കാര്യം നേരത്തെതന്നെ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. 1477 കേസുകളിൽ 605 കേസുകളാണ് ഒഴിപ്പിച്ചിട്ടുള്ളത്. മറ്റ് കേസുകൾ ഒഴിപ്പിക്കാൻ കഴിയാത്തത് ചില സാങ്കേതിക തടസ്സങ്ങൾ കൊണ്ടാണ്. കോടതിയിലോ വകുപ്പിലോ അപ്പീലിനുപോകുന്നതിനെ തുടർന്നുള്ള തടസ്സങ്ങളാണ്. ഒഴിപ്പിക്കൽ നടപടിയുടെ കാര്യത്തിൽ യാതൊരുവിധ വിട്ടുവീഴ്ചയുമില്ലാത്ത നിലപാടാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട കെ. സി. ജോസഫ് ഇവിടെ സൂചിപ്പിച്ചതുപോലെ, ഉദ്യോഗസ്ഥർ ഏത് വകുപ്പിലോ ഏത് സ്ഥാനത്തോ ഇരിക്കുന്നവരായാലും വിവിധ സന്ദർഭങ്ങളിൽ അവരെ സ്ഥലം മാറ്റാറുണ്ട്. ഇതൊക്കെ ഒഴിപ്പിക്കൽ നടപടിയുടെ ഭാഗമാണെന്ന് പറയുന്നതിൽ യാതൊരർത്ഥവുമില്ല. എല്ലാ സർക്കാരിന്റെ കാലത്തും ഉദ്യോഗസ്ഥരെ സ്ഥലം മാറ്റാറുണ്ട്. അതെല്ലാം ഏതെങ്കിലും ശിക്ഷാനടപടിയുടെ ഭാഗമാണെന്ന് പറയുന്നതിൽ എന്തെങ്കിലും അർത്ഥമുണ്ടോ? മാത്രമല്ല, ഇത്തരം കേസുകൾ സൂക്ഷ്മമായി പരിശോധിക്കാനും എവിടെയെങ്കിലും വീഴ്ചകൾ വരുന്നുണ്ടെങ്കിൽ അത്തരം കാര്യങ്ങൾ ക്രമീകരിക്കാനും സർക്കാർ തയ്യാറാണ്.

ശ്രീ. അടൂർ പ്രകാശ്: സർ, അനധികൃതമായി കൈവശംവച്ചിരിക്കുന്ന ഭൂമിയെ സംബന്ധിച്ചാണ് ഇവിടെ സൂചിപ്പിക്കുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽനിന്ന് ഒരുത്തരവുണ്ടായി. ഹാരിസൺസ് മലയാളം പ്ലാന്റേഷൻ പോലെയുള്ള അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമിയെ സംബന്ധിച്ച് കേസുകൾ നടത്തിയ അവസരത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞത്, 'നിങ്ങൾക്ക് അവകാശപ്പെട്ടതാണെന്ന് ഉത്തമബോധ്യമുണ്ടെങ്കിൽ കെ.എൽ.സി. ആക്ട് അനുസരിച്ച് നടപടി എടുക്കുന്നതിനുള്ള നിർദ്ദേശം സ്വീകരിക്കാം' എന്നാണ്. ആ നിർദ്ദേശത്തിന്റെ

അടിസ്ഥാനത്തിൽ അന്ന് എറണാകുളം ജില്ലാ കളക്ടറായിരുന്ന ശ്രീ. രാജമാണിക്യത്തെ അതിന്റെ സ്പെഷ്യൽ ഓഫീസറായി നിയോഗിക്കുകയും അഞ്ച് ജില്ലകളിൽ ഹാരിസൺസ് മലയാളം പ്ലാന്റേഷന്റെ കൈവശമുള്ള ഭൂമിയെ സംബന്ധിച്ച റിക്കാർഡുകൾ പരിശോധിച്ചതിലൂടെ 38000-ത്തിലധികം ഏക്കർ ഭൂമി അവർ അനധികൃതമായി കൈവശംവച്ചിരിക്കുന്നു എന്ന റിപ്പോർട്ട് വന്നിട്ടുമുണ്ട്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി ഉണ്ടാകേണ്ടതുണ്ടോ; മാത്രമല്ല, ഒരു പുതിയ നിയമം കൊണ്ടുവന്ന് ഭൂമി ഏറ്റെടുക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് ശ്രീ. രാജമാണിക്യത്തിന്റെ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത്. ആ നിയമത്തിന്റെ കരടും അങ്ങേയ്ക്ക് സമർപ്പിച്ചിട്ട് നാളിതുവരെ യാതൊരു നടപടിയും ഉണ്ടായിട്ടില്ലെന്ന് മാത്രമല്ല, ഹാരിസൺസ്, റ്റി. ആർ & റ്റി എന്നിവ ഉൾപ്പെടെയുള്ള കമ്പനികൾ അനധികൃതമായി ഭൂമി കൈവശം വച്ചിട്ടുമുണ്ട്. അത്തരം ഭൂമി തിരിച്ചെടുക്കുന്നതിന് സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ബഹുമാനപ്പെട്ട മുൻറവന്യൂ വകുപ്പുമന്ത്രി ഇതിനുമുമ്പും ഇതേ ചോദ്യം സഭാതലത്തിൽ ചോദിച്ചിട്ടുണ്ട്.

ശ്രീ. അടൂർ പ്രകാശ്: അന്ന് ഉത്തരം ലഭിക്കാത്തതുകൊണ്ടാണ് വീണ്ടും ചോദിക്കുന്നത്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, അന്ന് ഞാനതിന് ഉത്തരം നൽകിയിട്ടുണ്ട്. ഇപ്പോഴും ആ ഉത്തരം ആവർത്തിക്കാൻ തയ്യാറാണ്. ഇത് സംബന്ധിച്ച് വളരെ കൃത്യമായ ഉത്തരം ഞാൻ നേരത്തെ പറഞ്ഞിരുന്നു. ഇത്തരത്തിൽ ആയിരക്കണക്കിന് ഏക്കർ ഭൂമി കൈവശംവച്ചുപോരുന്ന തോട്ടം ഉടമകൾ ഉൾപ്പെടെയുള്ളവരിൽ നിന്ന് ഭൂമി ഏറ്റെടുക്കുന്നതിന് നിലവിലുള്ള നിയമം കുറച്ചുകൂടി ശക്തമാക്കാനുള്ള നടപടിയുടെ ഭാഗമായാണ് കേരള ലാൻഡ് ഗ്രാബിംഗ് പ്രൊഹിബിഷൻ ആക്ട് നടപ്പാക്കാൻ ശ്രമിച്ചത്. അതിന്റെ നടപടികളുമായി ഇപ്പോൾ മുന്നോട്ടുപോകുകയാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ, നേരത്തെ നിശ്ചയിച്ച സ്പെഷ്യൽ ഓഫീസർ നൽകിയ റിപ്പോർട്ടുമായി ബന്ധപ്പെട്ട് നിലവിൽ കോടതിയിലുള്ള കേസ്സിൽ തീരുമാനം വരുന്നതുവരെ അക്കാര്യത്തിൽ തുടർനടപടികളുമായി മുന്നോട്ടുപോകാൻ കഴിയില്ലെന്ന കാര്യം ഞാൻ നേരത്തെ പറഞ്ഞതാണ്. ഇത്തരം ഭൂമി കൈവശം വച്ചിരിക്കുന്ന തോട്ടം ഉടമകൾ ഉൾപ്പെടെയുള്ളവരിൽനിന്ന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള ശക്തമായ നടപടി സ്വീകരിക്കാനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്.

ശ്രീ. കെ. മുരളീധരൻ: സർ, ഹാരിസൺസ് മലയാളം പ്ലാന്റേഷന്റെ കാര്യം ഇവിടെ സൂചിപ്പിച്ചു. 99 വർഷത്തെ പാട്ടക്കരാർ കാലാവധി കഴിഞ്ഞിട്ടുപോലും ഹാരിസൺസ് കമ്പനി ഭൂമി കൈവശംവയ്ക്കുക മാത്രമല്ല, 99 വർഷം മുമ്പ് ഏത് കുടുംബത്തിൽ നിന്നാണോ ഭൂമി ഏറ്റെടുത്തത്, അവരോട് ഞങ്ങൾ നോർമൽ റേറ്റ് തരാം, ഭൂമി ഞങ്ങൾക്ക് തരണമെന്നുപറയുന്ന ചില സംഭവങ്ങൾ വരെ വയനാട്ടിലും മറ്റ് പ്രദേശങ്ങളിലുമുണ്ട്. അങ്ങനെ അവർ കള്ളത്തരത്തിലൂടെ ഭൂമി സ്വന്തമാക്കാൻ നോക്കുകയാണ്. ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെയുള്ള നിലപാടുമായി ഹാരിസൺസ് മുന്നോട്ടുപോയാൽ സ്വാഭാവികമായും നിയമാനുസൃതമായി അത് സർക്കാരിൽ നിക്ഷിപ്തമാക്കാനുള്ള നിയമം രൂപീകരിക്കാനാണ് സർക്കാർ ആലോചിക്കുന്നത്. ഹാരിസൺസ് മാത്രമല്ല, ധാരാളം ആളുകൾ ഇത്തരത്തിൽ ഭൂമി കൈവശംവച്ചിരിക്കുകയാണ്. പാട്ടക്കാലവധി കഴിഞ്ഞും വ്യവസ്ഥകൾ ലംഘിച്ചും മുന്നോട്ടു പോകുന്ന ആളുകളുടെ കാര്യത്തിൽ ശക്തമായ നടപടി സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

ശ്രീ. വി. ഡി. സതീശൻ: സർ, 'കയ്യേറ്റം നടത്തിയ ഭൂമി മുഴുവൻ തിരിച്ച് പിടിക്കുകയാണ് സർക്കാർ നയം' എന്ന് അങ്ങ് പറഞ്ഞു. എന്നാൽ ഇടുക്കി ജില്ലയിലെ കൊട്ടക്കാമ്പൂർ വില്ലേജിൽ ഇടുക്കി എം.പി.-യുടെ നേതൃത്വത്തിൽ നടന്നത് ഒരു കയ്യേറ്റമാണെന്ന് ദേവികുളം സബ്കളക്ടർ കണ്ടെത്തുകയും 20 ഏക്കർ ഭൂമിയുടെ പട്ടയം റദ്ദാക്കുകയും ചെയ്തു. ആ വാർത്ത പുറത്ത് വന്നതിനെത്തുടർന്ന് അങ്ങയുടെ മന്ത്രിസഭയിലെ ചില അംഗങ്ങൾ ഉൾപ്പെടെയുള്ളവർ ദേവികുളം സബ്കളക്ടർക്കെതിരെ തിരിയുകയും അദ്ദേഹത്തിനെതിരെ ശകാരവർഷം ചൊരിയുകയും ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിതന്നെ അവിടെ കയ്യേറ്റം നടന്നിട്ടില്ലെന്ന് പരസ്യമായി പറയുകയും ചെയ്തു. ഉദ്യോഗസ്ഥർ ഭൂമി തിരിച്ചുപിടിക്കാനുള്ള ശ്രമം നടത്തുമ്പോൾ അവരെ disown ചെയ്യുന്ന നടപടിയാണ് സർക്കാർ ഇതുവരെ ചെയ്തിട്ടുള്ളത്. എന്റെ ചോദ്യം, വമ്പന്മാരുടെ കയ്യേറ്റത്തെ സംരക്ഷിക്കുകയും ചെറുകിടക്കാരുടെ കയ്യേറ്റങ്ങൾ മാത്രം തടയുകയും ചെയ്യുക എന്നത് സർക്കാർ നയത്തിന്റെ ഭാഗമാണോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, അത്തരമൊരു നിലപാട് സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടില്ല. കയ്യേറ്റം ഒഴിപ്പിക്കുന്ന നടപടിയുമായി മുന്നോട്ടുപോകുന്ന ഉദ്യോഗസ്ഥരെ ഏതെങ്കിലും തരത്തിൽ നിരായുധരാക്കുകയോ, ശിക്ഷിക്കുകയോ ചെയ്യുന്ന നടപടി സ്വീകരിച്ചിട്ടില്ല. ഒരു പ്രധാനപ്പെട്ട വിഷയം,

കുറിഞ്ഞി സാംഗ്ച്വറിയുമായി ബന്ധപ്പെട്ട് ഈ പ്രദേശങ്ങൾ സന്ദർശിച്ചപ്പോൾ അവിടത്തെ എം.പി. കയ്യേറ്റക്കാരനാണെന്ന രീതിയിൽ മാധ്യമ പ്രതിനിധികൾ ചോദിച്ചപ്പോൾ ഞാൻ പറഞ്ഞത്, 'അദ്ദേഹം ഭൂമി കയ്യേറി എന്നുപറയുന്നത് അംഗീകരിക്കാൻ കഴിയില്ല' എന്നാണ്. എന്നാൽ വർഷങ്ങൾക്കുമുമ്പ് മറ്റ് ചിലരുടെ പേരിലുണ്ടായിരുന്ന ഭൂമി, അദ്ദേഹത്തിന്റെ മുൻതലമുറയിൽപ്പെട്ട ആളുകൾ വിലയ്ക്ക് വാങ്ങുകയും അത് പരമ്പരാഗത അവകാശി എന്ന രീതിയിൽ പലർക്കും വീതിച്ച് കൊടുക്കുകയും ചെയ്തു. അത് എം.പി.-ക്ക് മാത്രമല്ല, എം.പി.-യുടെ സഹോദരന്മാർ ഉൾപ്പെടെ എല്ലാവർക്കും കൊടുത്തതാണ്. അതിൽ എന്തെങ്കിലും നിയമപരമായ തടസ്സമോ, അന്യായമായ നടപടിയോ ഉണ്ടെങ്കിൽ അക്കാര്യം പരിശോധിക്കേണ്ടത് വേറെ രീതിയിലാണ്. അത് കയ്യേറ്റമാണെന്ന രീതിയിലുള്ള വ്യാഖ്യാനത്തോട് യോജിപ്പില്ലെന്ന് ഞാൻ പറഞ്ഞത് ശരിയാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, എന്ത് രേഖയുടെ അടിസ്ഥാനത്തിലാണ് ഭൂമി കയ്യേറിയിട്ടില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, എം.പി. ഭൂമി കയ്യേറിയിട്ടില്ലെന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. എസ്. ശർമ്മ: സർ, നേരത്തെ കൃഷിയോഗ്യമായിരുന്ന മെത്രാൻ കായൽ ഭൂ മാഫിയയ്ക്ക് തിരിമറി നടത്തുന്നതിനും നികത്തുന്നതിനുമായി കൊടുത്തിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മെത്രാൻ കായൽ തിരിച്ചുപിടിക്കുകയും കൃഷിയോഗ്യമായ സ്ഥലമാണെന്ന് കണ്ടെത്തുകയും ബഹുമാന്യരായ മുഖ്യമന്ത്രിയും കൃഷി വകുപ്പുമന്ത്രിയും പങ്കെടുത്തുകൊണ്ട് അവിടെ വിത്ത് വിതച്ച് കൃഷി നടത്തുകയും ചെയ്യുന്ന സ്ഥിതിവിശേഷമുണ്ടായി. എറണാകുളം ജില്ലയിലെ പറവൂർ മണ്ഡലത്തിൽ പുത്തൻവേലിക്കര വില്ലേജിൽ ഉൾപ്പെട്ട സ്ഥലത്ത് കുപ്രസിദ്ധനായ സന്തോഷ് മാധവന്റെ പേരിലുണ്ടായിരുന്ന അനധികൃത ഭൂമി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരിച്ചുപിടിച്ചിരുന്നു. അത്തരത്തിൽ തിരിച്ചുപിടിച്ച ഭൂമി എന്ത് ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ച കാര്യം ശരിയാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്താണ് ഒരിക്കലും പാടില്ലാത്ത വിധം, ഇത്തരത്തിൽ സന്തോഷ് മാധവന് ഭൂമി ഏൽപ്പിച്ച് കൊടുത്തതെന്ന് എല്ലാവർക്കുമറിയാം. ആ ഭൂമി തിരിച്ചെടുക്കാനുള്ള നടപടി ഈ സർക്കാർ സ്വീകരിക്കുകയും സർക്കാരിന്റെ കൈവശമുള്ള ഭൂമി സർക്കാരിന്റെ ന്യായമായ ആവശ്യങ്ങൾക്ക് വിനിയോഗിക്കാനുമുള്ള തീരുമാനമാണ് സ്വീകരിക്കുന്നത്.

ശ്രീ. പി. ടി. തോമസ്: സർ, ശ്രീ. വി. ഡി. സതീശന്റെ ചോദ്യത്തിന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി നൽകിയ മറുപടി വളരെ നിരുത്തരവാദപരവും നിരാശാജനകവുമാണെന്ന് ചൂണ്ടിക്കാണിക്കുകയാണ്. ....(ബഹളം)..... ദേവികുളം സബ്കളക്ടർ ശ്രീ. പ്രേംകുമാർ 2017 നവംബർ മാസത്തിൽ ഇടുക്കി എം.പി. ശ്രീ. ജോയ്സ് ജോർജ്ജിന്റെയും കുടുംബത്തിന്റെയും പട്ടയം വ്യാജമാണെന്ന് കണ്ടെത്തി റദ്ദാക്കി. അങ്ങനെ റദ്ദാക്കിയ പട്ടയം ശരിയാണെന്നാണോ അങ്ങ് പറയുന്നത്. ഇക്കാര്യം സംബന്ധിച്ച് ശ്രീ. വി. ഡി. സതീശന്റെ ചോദ്യത്തിന് അങ്ങ് നൽകിയ ഉത്തരത്തിലെ അടിസ്ഥാനപരമായ പിശക് ഞാൻ പറയാം. റവന്യൂ സെക്രട്ടറി ശ്രീമതി നിവേദിത പി. ഹരൻ, ഫോറസ്റ്റ് കൺസർവേറ്റർ എന്നിവരുടെ റിപ്പോർട്ടുകളിൽ കയ്യേറ്റമാണെന്നാണ് പറയുന്നത്. ശ്രീ. പ്രേംകുമാർ റദ്ദാക്കിയ പട്ടയം കളക്ടർ തീരുമാനമെടുക്കാതെ വച്ചിരിക്കുകയാണ്. ഇപ്പോൾ മൂന്നാർ ഡിവൈ.എസ്.പി. അഭിലാഷ് ഇതിനെയെല്ലാം വെള്ളപൂശുന്ന തരത്തിലുള്ള റിപ്പോർട്ട് കൊടുക്കാനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇക്കാര്യത്തിൽ സത്യസന്ധമായ ഇടപെടൽ നടത്താൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഇവിടെ പറഞ്ഞ കാര്യങ്ങൾ പറഞ്ഞ രീതിയിൽത്തന്നെ എടുക്കണം. എം. പി. ഭൂമി കയ്യേറിയിട്ടില്ലെന്നാണ് ഞാൻ പറഞ്ഞത്. അത് ശരി തന്നെയാണ്. അദ്ദേഹത്തിന്റെ മുൻതലമുറക്കാർ ആരിൽനിന്നെങ്കിലും ഭൂമി വാങ്ങുകയും കൈവശംവയ്ക്കുകയും പിന്തുടർച്ചക്കാരെന്ന നിലയിൽ അതിന്റെ അവകാശം കൈമാറുകയും ചെയ്തതാണെങ്കിൽപ്പോലും ആ നടപടിയുമായി ബന്ധപ്പെട്ട് നിലവിലിരിക്കുന്ന കേസും സബ് കളക്ടറുടെ നടപടിയും കളക്ടറുടെ മുമ്പാകെയുള്ള അപ്പീലുമെല്ലാം നിലനിൽക്കുകയാണ്. ഞാൻ പറഞ്ഞത്, എം. പി. ഭൂമി കയ്യേറിയിട്ടില്ലെന്നാണ്. അതെന്തിനാണ് വേറെ രീതിയിൽ വ്യാഖ്യാനിക്കുന്നത്. .....(ബഹളം).... എന്താണ് ഈ പറഞ്ഞതിന്റെ അർത്ഥം; എം.പി. ആയതിനുശേഷം ചെയ്തിട്ടില്ല. ....(ബഹളം).... നിങ്ങളൊക്കെ സന്തോഷ് മാധവനുവേണ്ടി നിന്ന ആളുകളാണ്. .....(ബഹളം)... എന്നിട്ടാണ് വലിയ വർത്തമാനം പറയുന്നത്. ....(ബഹളം).... എം. പി. ഭൂമി കയ്യേറിയിട്ടില്ല. അതുകൊണ്ട് ആ കേസിൽ നിലവിലുള്ള സാഹചര്യം തുടരുകയാണ്. ...(ബഹളം).....

മി. സ്പീക്കർ: പ്ലീസ്... ദയവായി ഇരിക്കൂ. മന്ത്രി എന്ത് ഉത്തരം പറയണമെന്ന് ചെയറിന് പറയാൻ സാധിക്കുമോ; പ്ലീസ്.. മന്ത്രി പറയുന്നത് മന്ത്രിയുടെ ഉത്തരമാണ്. ചെയറിന്റെ ഉത്തരമല്ല. ഇരിക്കൂ. ഇനിയുള്ളത് അടുത്ത ഉപചോദ്യത്തിൽ ചോദിച്ചോളൂ. .....(ബഹളം)......

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇടുക്കി എം.പി. ശ്രീ. ജോയ്സ് ജോർജ്ജുമായി ബന്ധപ്പെട്ട ഭൂമി ഇടപാട് കേസ് ഹൈക്കോടതിയിൽ നടക്കുകയാണ്. കോടതിയുടെ പരിഗണനയിലിരിക്കുന്ന ഒരു കാര്യത്തിൽ, ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ശ്രീ. ജോയ്സ് ജോർജ് എം.പി. ഭൂമി കയ്യേറിയിട്ടില്ല എന്നുപറയുന്നത് ഓർഡറിലാണോ; ഇത് ശരിയായ നടപടിയാണോ? .....(ബഹളം).... മന്ത്രിക്ക് എന്ത് അവകാശം; മന്ത്രി എങ്ങനെ ഇത് അവകാശപ്പെടുന്നു; മന്ത്രി എന്തിന് അദ്ദേഹത്തെ വെള്ളപൂശാൻ ശ്രമിക്കുന്നു? ഇത് വളരെ നിരാശാജനകമാണ്...(ബഹളം)......

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്... മന്ത്രിക്ക് ലഭ്യമായ വിവരങ്ങൾ വച്ചാണ് അദ്ദേഹം മറുപടി പറയുന്നത്. അദ്ദേഹം എന്ത് മറുപടി പറയണമെന്ന് നിർദ്ദേശം നൽകാൻ നിർവ്വാഹമില്ല. കോടതിയിൽനിന്ന് തീരുമാനമുണ്ടാകട്ടെ. പ്ലീസ്... (ബഹളം) പ്ലീസ്... ദയവായി ഇരിക്കൂ.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇവിടെ ബഹുമാന്യനായ ഒരു എം.പി.-യെ കയ്യേറ്റക്കാരനായി ബോധപൂർവ്വം ചിത്രീകരിക്കുന്ന നിലയാണ് വരുന്നത്. ഇത് പലവട്ടം വ്യക്തമാക്കിയിട്ടുള്ളതാണ്. അദ്ദേഹം ഭൂമി കയ്യേറിയിട്ടില്ല. അതാണ് റവന്യൂ വകുപ്പുമന്ത്രിയും വ്യക്തമാക്കിയത്. സർക്കാരിന്റെ നിലപാട് ഇതാണ്. രാഷ്ട്രീയമായി ദുരാരോപണം ഉന്നയിക്കുന്ന ഒരു നിലയാണ് പ്രതിപക്ഷം ഇക്കാര്യത്തിൽ സ്വീകരിക്കുന്നത്. ... (ബഹളം).....

മി. സ്പീക്കർ: സർക്കാരിന് ലഭ്യമായ വിവരങ്ങൾ വച്ചല്ലേ മറുപടി പറയുന്നത്; സർക്കാരിന്റെ പൊസിഷനാണ് പറയുന്നത്. സർക്കാരിന്റെ കയ്യിൽ ലഭ്യമായ വിവരവും സർക്കാരിന്റെ നിലപാടുമാണ് പറയുന്നത്. എന്തുപറയണമെന്ന് നിർബന്ധിക്കാൻ സാധിക്കുമോ? പ്ലീസ്.... ഇരിക്കൂ.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, കേരളത്തിൽ ലാൻഡ് ബോർഡ് രൂപീകൃതമായ കാലംമുതൽ, ഏകദേശം 40 വർഷമായി ലാൻഡ് ബോർഡ് ഏറ്റെടുത്ത ഭൂമിയുണ്ട്. ലാൻഡ് ബോർഡ് ഭൂമി ഏറ്റെടുത്ത് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചുകഴിഞ്ഞാൽ സ്വാഭാവികമായും ആ ഭൂമി കൈവശംവച്ചിരിക്കുന്ന ആളുകൾ കോടതിയെ സമീപിക്കുന്ന രീതിയാണ് കാലാകാലങ്ങളായി നടന്നുവരുന്നത്. ബന്ധപ്പെട്ട ഒരു കോടതിയിൽനിന്ന് അവർക്കെതിരായ ഉത്തരവ് വന്നുകഴിഞ്ഞാൽ അവർ ഹൈക്കോടതിയിലും സുപ്രീം കോടതിയിലുമൊക്കെ അപ്പീൽ പോകും. ഈ പതിവ് ഏകദേശം 40 വർഷമായി നടക്കുകയാണ്. ഇത് അവസാനിപ്പിച്ചുകൊണ്ട് കോടതി കേസുകൾ വളരെ വേഗത്തിൽ തീർപ്പാക്കി ലാൻഡ് ബോർഡ് ഏറ്റെടുത്ത് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുള്ള ഭൂമി ഏറ്റെടുക്കാനാവശ്യമായ ഇടപെടൽ സർക്കാർ നടത്തുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഈ വിഷയത്തിൽ സർക്കാർ നല്ല ഇടപെടൽ നടത്തിയിരിക്കുകയാണ്. ലാൻഡ് ബോർഡുകൾ ക്വാസി ജുഡീഷ്യൽ ബോഡിയാണ്. അവരുടെ അധികാരം ഉപയോഗിച്ച് ഭൂമി ഏറ്റെടുക്കൽ നടപടി സ്വീകരിച്ചുകഴിഞ്ഞാൽ, പിന്നീട് അപ്പീൽ നൽകുന്നത് ഹൈക്കോടതിയിൽ മാത്രമാണ്. അത്തരം കേസുകളുമായി ഹൈക്കോടതിയിൽ പോയാൽ കേസ് നീണ്ടുപോകുന്നുവെന്നുള്ളത് സത്യമാണ്. അവിടെ തീർപ്പാക്കി റിമാന്റ് ചെയ്ത് താലൂക്ക് ലാൻഡ് ബോർഡിലെത്തിയ കേസുകൾ ഹൈക്കോടതി വിധി വന്നാലും ചിലപ്പോൾ സുപ്രീംകോടതിയിൽ പോകും. അങ്ങനെ കെട്ടിക്കിടക്കുന്ന കേസുകളുടെ കാര്യത്തിൽ തീർപ്പുകൽപ്പിക്കുന്നതിന് കഴിയാവുന്ന വിധത്തിലുള്ള ഇടപെടലുകൾ നടത്തുന്നുണ്ട്. കൂടാതെ ലാൻഡ് ബോർഡുകളിൽ കെട്ടിക്കിടക്കുന്ന കേസുകൾ അതിവേഗത്തിൽ നടത്താൻ സ്റ്റേറ്റ് ലാൻഡ് ബോർഡിന് പൊതുവായ നിർദ്ദേശം നൽകാനും അത്യാവശ്യം വേണ്ട കാര്യങ്ങളിൽ ഉപദേശ-നിർദ്ദേശങ്ങൾ നൽകാനുമുള്ള അധികാരമുപയോഗിച്ച് കാര്യങ്ങൾ നിർവ്വഹിക്കാനാണ് പറയുന്നത്. ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ 1970-നുശേഷം 48 വർഷം പിന്നിട്ടിട്ടും ഇത്തരം കേസുകൾ ലാൻഡ് ബോർഡുകളിലും ഹൈക്കോടതിയിലും സുപ്രീം കോടതിയിലുമുൾപ്പെടെ കെട്ടിക്കിടക്കുന്നുവെന്നത് വസ്തുതയാണ്. അത് കഴിയുന്നത്ര വേഗത്തിൽ തീർപ്പാക്കാനുള്ള ഇടപെടൽ നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, അങ്ങ് നൽകിയ ഉത്തരത്തിൽ, 1477 കേസുകൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉണ്ടായിട്ടുണ്ടെന്നും അതിൽ 605 കേസുകൾ ഒഴിപ്പിക്കുകവഴി 197 ഹെക്ടർ ഭൂമി തിരിച്ചുപിടിച്ചുവെന്നും പറയുന്നുണ്ട്. ആകെ ഈ സംസ്ഥാനത്തിന് അവകാശപ്പെട്ട എത്ര ഏക്കർ ഭൂമി നഷ്ടപ്പെട്ടിട്ടുണ്ടെന്ന കണക്ക് സർക്കാരിന്റെ കൈവശമുണ്ടോ; ആ കണക്കൊന്നും ഇവിടെ നൽകിയ ഉത്തരത്തിൽ കാണുന്നില്ല. അതുപോലെ വയനാട് സംഭവത്തിൽ സബ് കളക്ടറെ സ്ഥലം മാറ്റിയതും അവിടത്തെ സി.പി.ഐ.(എം.) ജില്ലാ സെക്രട്ടറിയെ .......(ബഹളം)..... മാറ്റിയ സംഭവത്തിലും വയനാട്ടിൽ പ്രഥമദൃഷ്ട്യാ ഭൂമിതട്ടിപ്പിന് ശ്രമമുണ്ടായിയെന്ന നിഗമനത്തിലാണോ ഇതെല്ലാം ചെയ്തതെന്നാണ് എന്റെ ചോദ്യം. ജില്ലാ സെക്രട്ടറിയെ മാറ്റി ശ്രീ. കെ. രാജനെ സെക്രട്ടറിയാക്കിയതിൽ ഞങ്ങൾക്ക് സന്തോഷമേയുള്ളൂ. ശ്രീ. കെ. രാജനെ ഞാൻ അഭിനന്ദിക്കുകയാണ്. .....(ബഹളം)......

മി. സ്പീക്കർ: പ്ലീസ്.. അങ്ങ് ഇരിക്കൂ. മന്ത്രി മറുപടി പറയട്ടെ.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഡെപ്യൂട്ടി കളക്ടറെ സസ്പെന്റ് ചെയ്തതും അന്വേഷണം ഏർപ്പെടുത്തിയതും റവന്യൂ കമ്മീഷണർ ഉൾപ്പെടെയുള്ളവർ അന്വേഷണം നടത്താൻ പോകുന്നതും വിജിലൻസ് അന്വേഷണമുൾപ്പെടെ സ്വീകരിച്ചതും ഇന്നലെ സഭയിൽ പറഞ്ഞതാണ്. രാഷ്ട്രീയമായ കാര്യങ്ങളെ സംബന്ധിച്ച് രാഷ്ട്രീയ പാർട്ടിയെന്ന നിലയിൽ ആലോചിച്ചെടുക്കുന്ന തീരുമാനങ്ങൾ വേറെയാണ്. ഈ പ്രശ്നവുമായി ബന്ധപ്പെട്ട് ആരോപണ വിധേയരായ ആളുകൾ മാറിനിൽക്കുന്നത് നല്ലതാണെന്ന ഉറച്ച അഭിപ്രായം കമ്മ്യൂണിസ്റ്റ് പാർട്ടിക്കുള്ളതുകൊണ്ടാണ് ആ നിലപാട് സ്വീകരിച്ചത്. അതിന്റെ അർത്ഥം ഇതൊക്കെ ചെയ്യാൻ കൂട്ടുനിന്നുവെന്നല്ല. പരിശോധനാ വിധേയമാക്കേണ്ട കാര്യമാണെന്നുള്ളതുകൊണ്ട് പരിശോധിക്കുന്ന സാഹചര്യത്തിൽ മാറിനിൽക്കേണ്ടതാവശ്യമാണെന്ന ഉത്തമബോധ്യത്തിൽ എടുത്ത തീരുമാനമാണ്.

**മലബാർ പ്രദേശത്തെ ദേശീയപാത വികസനം**

3 (*662) ശ്രീ. പി. കെ. അബ്ദു റബ്ബ്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. സി. മമ്മൂട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത വികസനത്തിനായി മലബാർ പ്രദേശത്ത് സ്ഥലം ഏറ്റെടുക്കുന്നതിൽ ജനങ്ങൾ ഏറെ ആശങ്കയിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ദേശീയപാതയുടെ പുതിയ അലൈൻമെന്റ് അശാസ്ത്രീയമാണെന്ന ആക്ഷേപം പരിശോധിക്കുമോ;

(സി)കൊച്ചി മെട്രോയ്ക്ക് സ്ഥലം ഏറ്റെടുത്തപ്പോൾ നഷ്ടപരിഹാരം നൽകിയ രീതിയിൽ നഷ്ടപരിഹാരം നൽകാൻ തയ്യാറാകുമോ;

(ഡി) ഇക്കാര്യത്തിൽ ജനങ്ങളുടെ ആശങ്കകളും പരാതികളും അടിയന്തരമായി പരിഹരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ,

(എ) ചിലർ ആശങ്ക പ്രകടിപ്പിച്ചിട്ടുണ്ട്. ദേശീയപാത വികസനത്തിനായി മലബാർ പ്രദേശത്ത് സ്ഥലം ഏറ്റെടുക്കുന്നതിൽ ചിലർക്ക് ആശങ്കയുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ദേശീയപാത 17 (പുതിയ എൻ.എച്ച്. 66)

നാലുവരിയാക്കുന്നതിന് ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച് മലപ്പുറം ജില്ലാ കളക്ടർ ജനപ്രതിനിധികളുമായും ഭൂമി ഏറ്റെടുക്കേണ്ട സ്ഥലത്തെ ഭൂവുടമകളുമായും പലതവണ ചർച്ചകൾ നടത്തിയിരുന്നു. 2018-ൽത്തന്നെ മൂന്നുതവണ ചർച്ച നടത്തിയിട്ടുണ്ട്. കൂടാതെ ജില്ലാ കളക്ടറുടെ നിർദ്ദേശപ്രകാരം, പ്രശ്നം പരിഹരിക്കാൻ കോട്ടക്കലിൽവച്ച് ഡെപ്യൂട്ടി കളക്ടർ (എൽ.എ., എൻ.എച്ച്. മലപ്പുറം) മലപ്പുറത്തെ എല്ലാ പഞ്ചായത്ത് അധികാരികളുമായും ചർച്ച നടത്തിയിരുന്നു.

(ബി) എൻ.എച്ച്.എ.ഐ. തയ്യാറാക്കിയ അലൈൻമെന്റ് സംബന്ധിച്ച് ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ ജനപ്രതിനിധികളുമായി നടത്തിയ യോഗത്തിലുണ്ടായ നിർദ്ദേശവും അഭിപ്രായവും മാനിച്ചാണ് മലപ്പുറം ജില്ലയിലെ ദേശീയപാത 17 നാലുവരിപ്പാതയാക്കുന്നതിന്റെ അലൈൻമെന്റിന് അംഗീകാരം നൽകിയത്. ടെക്നിക്കൽ പാരമീറ്ററുകൾ കണക്കിലെടുത്ത് ശാസ്ത്രീയമായ പരിഗണനയുടെ അടിസ്ഥാനത്തിൽ ദേശീയപാത അതോറിറ്റി അംഗീകരിച്ചതാണ്. മുൻസർക്കാരിന്റെ കാലത്ത് അംഗീകരിച്ച അലൈൻമെന്റിൽ വലിയ മാറ്റങ്ങളൊന്നും ഈ സർക്കാർ വരുത്തിയിട്ടില്ല. പള്ളിയും ക്ഷേത്രങ്ങളും ഉൾപ്പെടുന്ന ഭാഗങ്ങൾ ഒഴിവാക്കുന്നതിന്റെ ഭാഗമായ മാറ്റങ്ങളാണ് ഉണ്ടായിട്ടുള്ളത്. ആയതിനാൽ അശാസ്ത്രീയമായ ഒന്നും ഇതിൽ ഉണ്ടായിട്ടില്ല.

(സി) 2013-ൽ പാർലമെന്റ് പാസ്സാക്കിയ കോമ്പൻസേഷൻ ആക്ട് പ്രകാരമാണ് ഭൂമി നഷ്ടപ്പെട്ട ഉടമകൾക്ക് നഷ്ടപരിഹാരം നൽകുന്നത്. LARR 2013 പ്രകാരം രേഖപ്രകാരമുള്ള കമ്പോളവിലയെ അർബൻ മേഖലയിൽനിന്നുള്ള ദൂരത്തിന്റെ അടിസ്ഥാനത്തിൽ ഒന്നുമുതൽ രണ്ടുവരെയുള്ള ഗുണന ഘടകംകൊണ്ട് ഗുണിച്ചുകിട്ടുന്ന തുകയും അതിന്റെ 100 ശതമാനം സോലേഷ്യവും കൂട്ടിയാണ് ഭൂമിയുടെ വില കണക്കാക്കുന്നത്. ഗുണന ഘടകം രണ്ടുവരുന്ന ഭാഗങ്ങളിൽ ഇതനുസരിച്ച് മൂന്നിരട്ടിവരെ വില ലഭിക്കുന്നതാണ്. ഇതിനുപുറമേ 3 എ വിജ്ഞാപനം ഇറങ്ങിയതിനുശേഷം കൈവശാവകാശം മാറി നൽകുന്നതുവരെയോ പണം കൈപ്പറ്റുന്നതുവരെയോ (ഏതാണോ ആദ്യം അതുവരെ) 12 ശതമാനം പലിശയും അധികമായി നൽകുന്നുണ്ട്. കെട്ടിടം ഉൾപ്പെടെയുള്ള ചമയങ്ങൾക്ക് അതിന്റെ വിലയും കണക്കാക്കി നൽകുന്നതാണ്.

(ഡി) ദേശീയപാത വികസനത്തിനായി സ്ഥലം ഏറ്റെടുക്കുമ്പോൾ കേന്ദ്രത്തിൽ നിലവിൽവന്ന പുതിയ എൽ.എ. ആക്ട് (Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act (2013) പ്രകാരം ആയിരിക്കും സ്ഥലത്തിന്റെ വില നിശ്ചയിക്കുന്നതും മറ്റ് നഷ്ടപരിഹാരം കണക്കാക്കുന്നതും എങ്കിലും ആശങ്കകൾ

പരിഹരിക്കുന്നതിന് ജില്ലാ ഭരണകൂടം നേരിട്ട് ഭൂവുടമകളുമായി ചർച്ച ചെയ്യുന്നുണ്ട്. അവരുടെ യോഗം പഞ്ചായത്തുതലത്തിൽ വിളിച്ചുചേർക്കുന്നുണ്ട്. നഷ്ടപരിഹാരത്തെക്കുറിച്ചും അലൈൻമെന്റ് സംബന്ധിച്ചും വിശദീകരണം നൽകുന്നുണ്ട്. ജനങ്ങളുടെ ആശങ്കകൾ പരിഹരിക്കുന്നതിന് സാധ്യമായതെല്ലാം ഈ സർക്കാർ ചെയ്യുന്നുണ്ട്. 3-4-2018-ന് ഇത്തരം കാര്യങ്ങൾ സംബന്ധിച്ച് ഉദ്യോഗസ്ഥതല യോഗം സർക്കാർ വിളിച്ചുചേർക്കുകയുണ്ടായി. പൊതുമരാമത്ത് വകുപ്പുമന്ത്രി നിയമസഭയിൽ ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. കെ. എൻ. എ. ഖാദർ ഉന്നയിച്ച സബ്മിഷന്റെ മറുപടിയിൽ പറഞ്ഞതനുസരിച്ച് ഔദ്യോഗിക രാഷ്ട്രീയ കക്ഷികളുടെ സംയുക്ത യോഗവും ചേരുന്നതാണ്.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ബഹുമാനപ്പെട്ട മന്ത്രി ഈ വിഷയവുമായി ബന്ധപ്പെട്ട് നേരത്തെ ഞാൻ സഭയിൽ കൊണ്ടുവന്ന ശ്രദ്ധ ക്ഷണിക്കലിനും അതിനുശേഷം ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച അടിയന്തര പ്രമേയത്തിനും മറുപടിയായി പറഞ്ഞ കാര്യങ്ങളിൽനിന്നും ഒട്ടും വ്യത്യാസമില്ലാതെയാണ് ഇന്നും മറുപടി നൽകിയിരിക്കുന്നത്. ഒരു കളവ് പല തവണ പറഞ്ഞാൽ സത്യമാക്കാമെന്ന ഗീബൽസ്യൻ സിദ്ധാന്തമാണ് ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കുന്നത്. ഈ ഉത്തരത്തിന്റെ (എ) പിരിവിലും (ബി) പിരിവിലും പറഞ്ഞ കാര്യങ്ങൾ നൂറ് ശതമാനവും ശരിയല്ല. ഭൂവുടമകളുമായി ഒരു ചർച്ചയുമുണ്ടായിട്ടില്ല. മാത്രമല്ല, 3-ാം തീയതി വരെ ഭൂവുടമകൾക്ക് പരാതി നല്കാനുള്ള സമയമുണ്ടായിരുന്നു. പക്ഷേ ആ പരാതി പരിശോധിക്കുന്നതിന് രണ്ടാഴ്ച മുമ്പുതന്നെ സർവ്വേ നടത്തുകയും നേരത്തെയുള്ള അലൈൻമെന്റിൽനിന്ന് മാറ്റം വരുത്തി പള്ളിയും മദ്രസ്സയും അമ്പലവുമെല്ലാം പോകുന്ന രീതിയിലുള്ള കല്ലുകൾ ഇപ്പോൾ നാട്ടിയിരിക്കുകയുമാണ്. ഇതിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളൊന്നും ശരിയല്ല. അതുകൊണ്ട് ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രി നേരിട്ട് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, ഇക്കാര്യത്തിൽ ചിലർക്ക് ആശങ്കയുണ്ടെന്ന് ഞാൻ പറഞ്ഞു. ഈ വിഷയം ബഹുമാനപ്പെട്ട മന്ത്രി ഡോ. കെ. ടി. ജലീലും എം.എൽ.എ.-മാരും എന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഇവിടെ ഞാൻ പറയുന്നതെല്ലാം കളവാണെന്നാണ് മുൻമന്ത്രി കൂടിയായ ബഹുമാനപ്പെട്ട അംഗം പറയുന്നത്. അതിനൊന്നും ഞാൻ മറുപടി പറയാൻ ഉദ്ദേശിക്കുന്നില്ല. നിലവിലുള്ള രേഖ പ്രകാരമാണ് ഞാൻ പറയുന്നത്. എന്തെങ്കിലും സ്വയം വിമർശനം ബഹുമാനപ്പെട്ട അംഗത്തിനുണ്ടോ; ഇല്ലെന്ന് ഞാൻ തെളിയിക്കാം. ഇക്കാര്യം അടിയന്തരപ്രമേയത്തിലും സബ്മിഷനിലും പറഞ്ഞതാണ്. 2013-ൽ യു.ഡി.എഫ്. സർക്കാർ ഭരിക്കുമ്പോൾ മലപ്പുറം ജില്ലയിൽ ദേശീയപാത വികസനത്തിന് 3 (എ)

വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. അദ്ദേഹം അന്ന് മന്ത്രിയായിരുന്നു. എന്തുകൊണ്ട് ആ അലൈൻമെന്റ് അന്ന് അംഗീകരിച്ചില്ല; നിങ്ങളല്ലേ കുഴപ്പത്തിലാക്കിയത്; നിങ്ങൾ പരാതിക്കാരുടെ കൂടെ നിന്ന് സർക്കാരിന്റെ നയം അട്ടിമറിക്കുകയല്ലായിരുന്നോ; അതിന് സമാധാനം പറയണം. 2013-ൽ തന്നെ മലപ്പുറം ജില്ലയിൽ എൻ. എച്ച്. വികസനത്തിന് 3 (എ) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിരുന്നു. അന്നത് നടന്നിരുന്നെങ്കിൽ എൻ. എച്ച്. നിങ്ങൾക്ക് ഉദ്ഘാടനം ചെയ്യാമായിരുന്നല്ലോ; ഞങ്ങൾക്ക് അതിലൊന്നും വിരോധമില്ല. നിങ്ങൾ സർവ്വേ ആരംഭിച്ചു, ആരോ എതിർത്തതിനെത്തുടർന്ന് സർവ്വേ നിർത്തിവച്ചു. അതുപോലെ ഞങ്ങളും നിർത്തിവയ്ക്കണമെന്നാണോ പറയുന്നത്; നിങ്ങൾ നിർത്തിവച്ചതുകൊണ്ട് സാങ്കേതികമായി de novo ആയി; നിങ്ങൾ de novo ആക്കി. ഞാൻ ബഹുമാനത്തോടുകൂടിതന്നെ പറയുകയാണ്, അതെല്ലാം കള്ളമെന്ന് പറഞ്ഞാൽ ഞാൻ തിരിച്ചൊന്നും പറയുന്നില്ല. പക്ഷേ നിങ്ങളൊരു ചെറുവിരൽ അനക്കിയോ, നിങ്ങളുടെ നാടാണ്, അന്ന് മിക്കവാറും എല്ലാവരും നിങ്ങളുടെ എം.എൽ.എ.- മാരായിരുന്നു. നിങ്ങൾക്ക് അവരുമായി സംസാരിച്ച് പ്രശ്നം തീർക്കാമായിരുന്നില്ലേ; മന്ത്രിയായിരുന്ന ബഹുമാനപ്പെട്ട ഇബ്രാഹിം സാഹിബ് തർക്കമൊന്നും പറയാനിടയില്ല, കാരണം കൊച്ചിയല്ലല്ലോ മലപ്പുറമല്ലേ; അദ്ദേഹത്തിന് അവിടത്തെ ആളുകൾ പറയുന്നതല്ലേ കേൾക്കേണ്ടത്. ഇത് de novo ആക്കിയതിനുശേഷം വീണ്ടും 3 (എ) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് സർവ്വേ നടത്തി. ആകെ 8.50 കിലോമീറ്ററാണ് പ്രശ്നമുള്ളത്, ബാക്കി പ്രശ്നം മുഴുവൻ തീർന്നിരിക്കുകയാണ്. 8.50 കിലോമീറ്ററിനകത്ത് ഒരമ്പലവും രണ്ട് പള്ളിയും ഒരു ഖബർസ്ഥാനുമുണ്ട്. ദേശീയപാത നാലുവരി ആക്കേണ്ടതില്ല എന്നാണെങ്കിൽ അത് പറഞ്ഞാൽ മതി. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ പറഞ്ഞതുപോലെ ദേശീയ പാത അതോറിറ്റി അധികാരികളും ജില്ലകളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും റവന്യൂ ഉദ്യോഗസ്ഥരുമായി ഇന്നലെ ഞാൻ ചർച്ച നടത്തി ഈ പ്രശ്നം ഉന്നയിച്ചിട്ടുണ്ട്. രാഷ്ട്രീയ പാർട്ടികളെ ചർച്ചയ്ക്ക് വിളിക്കുമെന്ന് ഞാൻ നിയമസഭയിൽ ഉറപ്പുനൽകിയിട്ടുണ്ട്. കളക്ടറോട് വീണ്ടും നൽകിയ പരാതി കേൾക്കാൻ പറഞ്ഞിട്ടുണ്ട്. ഇതെല്ലാം ചെയ്യുന്ന സർക്കാർ പറയുന്ന കാര്യങ്ങളെല്ലാം കള്ളമാണെന്ന് പറയുന്നതിനർത്ഥം ദേശീയപാത വികസനം വേണ്ട എന്നുള്ളതല്ലേ? വയൽക്കിളികൾ പറയുന്നത് ഞങ്ങൾക്ക് 30 മീറ്റർ മതിയെന്നാണ്. അത് പാടില്ല, മുസ്ലീംലീഗിന്റെ നയം അതല്ലല്ലോ? ശ്രീ. വി. എസ്. അച്യുതാനന്ദൻ മുഖ്യമന്ത്രിയായിരുന്നപ്പോൾ ഞങ്ങൾ 30 മീറ്ററാക്കി തീരുമാനിച്ച് ഡൽഹിയിൽ കൊണ്ടുപോയി കൊടുത്തതല്ലേ; ആദ്യമത് പാടില്ലെന്ന് പറഞ്ഞത് മുസ്ലിംലീഗാണ്. ഞങ്ങളുൾപ്പെടെ എല്ലാ രാഷ്ട്രീയ പാർട്ടികളും ചേർന്ന് 45 മീറ്റർ വേണമെന്ന് പറഞ്ഞു. നിങ്ങളത് പണിതതുമില്ല, പണിയാനുള്ള

നോട്ടിഫിക്കേഷൻ de novo ആക്കുകയും ചെയ്തു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇപ്പോഴത് പണിയാൻ തീരുമാനിച്ച് മൂന്ന് യോഗങ്ങൾ നടത്തി ആളുകളുമായി സംസാരിച്ചു. ഞാൻ പറയുന്നതെല്ലാം കളവാണെന്ന് പറഞ്ഞാൽ അത് നിങ്ങൾക്ക് തെളിയിക്കേണ്ടി വരും. സർക്കാർ ഇത് സംബന്ധിച്ച് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്, എന്തെങ്കിലും അന്യായമുണ്ടെങ്കിൽ അതില്ലാതാക്കും. മൂന്ന് ആരാധനാലയങ്ങളും അവർ മാറ്റി സ്ഥാപിക്കാൻ തയ്യാറാണെങ്കിൽ ആ അലൈൻമെന്റ് പഴയതുപോലെയാക്കാം. അവിടെ മാത്രമാണ് വ്യത്യാസം വന്നത്. ദേശീയപാത നാലുവരിയാക്കണമെന്ന ആഗ്രഹം മാത്രമേ സർക്കാരിനുള്ളൂ.

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്:</u> സർ, ഭൂവുടമകളുമായി ഇതുവരെ ചർച്ച ചെയ്തിട്ടില്ലെന്ന് പറഞ്ഞതിൽ ഞാൻ ഉറച്ചുനിൽക്കുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സർവ്വേ നിർത്തി വച്ചുവെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അന്നുണ്ടായിരുന്ന അലൈൻമെന്റ് മുഴുവൻ മാറ്റിയിരിക്കുകയാണ്. അതുകൂടി ബഹുമാനപ്പെട്ട മന്ത്രിയെ ബോധ്യപ്പെടുത്താൻ തയ്യാറാണ്. അതുകൊണ്ടാണ് ബഹുമാനപ്പെട്ട മന്ത്രിതന്നെ എം.എൽ.എ.-മാരുടെ യോഗം വിളിക്കണമെന്ന് ഞാൻ ശ്രദ്ധ ക്ഷണിക്കലിലൂടെ ആവശ്യപ്പെട്ടത്. ഉദ്യോഗസ്ഥരെ മാത്രം വിളിച്ച് ചർച്ച ചെയ്തതുകൊണ്ട് ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കില്ല, ബന്ധപ്പെട്ട എം.എൽ.എ.-മാരെയുംകൂടി യോഗത്തിന് വിളിക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ?

<u>മി. സ്പീക്കർ:</u> സർവ്വകക്ഷിയോഗം വിളിക്കാമെന്ന് അദ്ദേഹം പറഞ്ഞല്ലോ.

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്:</u> അത് മതി.

<u>ശ്രീ. ജി. സുധാകരൻ</u>: സർ, ആ പ്രദേശത്തെ എം. എൽ. എ.-മാരുടെയും പഞ്ചായത്ത് പ്രസിഡന്റുമാരുടെയും യോഗം വിളിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ദേശീയപാത വികസനത്തിന് അവിടത്തെ ജനപ്രതിനിധികളാരും എതിരല്ല. നിലവിലുള്ള അലൈൻമെന്റിൽ നിന്ന് വ്യത്യസ്തമായി പുതിയ അലൈൻമെന്റ് ഉണ്ടാക്കിയതാണ് ബുദ്ധിമുട്ടായതെന്ന് എല്ലാവരും സൂചിപ്പിച്ചു. അങ്ങ് ഇവിടെ അടിയന്തരപ്രമേയത്തിന് മറുപടി പറഞ്ഞപ്പോൾ, കുറ്റിപ്പുറം മുതൽ വാളാഞ്ചേരി വരെയുള്ള പ്രദേശങ്ങളിൽ, ആദ്യം സർവ്വേ നടത്തിയതിൽ പള്ളിയും അമ്പലവുമൊന്നും പോകില്ലെന്ന് അങ്ങേയ്ക്ക് കിട്ടിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ പറഞ്ഞു. അത് ശരിയല്ല. വാളാഞ്ചേരി മുക്കിൽ ഒരു പള്ളിയും വട്ടപ്പാറയിൽ ഒരു പള്ളിയും പൂർണ്ണമായും ഇല്ലാതാകും. അതുസംബന്ധിച്ച അപേക്ഷ അങ്ങേയ്ക്ക് തന്നതിന് അങ്ങ് മറുപടിയും തന്നിട്ടുണ്ട്.

നിലവിലുള്ള ഹൈവേയുടെ റോഡ് അടക്കം ഉൾപ്പെടുത്തി അലൈൻമെന്റ് മാറ്റാനാവശ്യമായ ശ്രമം നടത്താനുള്ള നടപടി സ്വീകരിച്ചാൽ നന്നായിരിക്കുമെന്ന അഭിപ്രായമാണ് എനിക്കുള്ളത്. അതോടൊപ്പം ഓരോ പഞ്ചായത്തിലും പുറമ്പോക്ക് ഭൂമിയും മിച്ചഭൂമിയും ഉൾക്കൊള്ളുന്ന പ്രദേശങ്ങളിൽ, അതത് പഞ്ചായത്തിലെ വീടും പുരയിടവും പൂർണ്ണമായും നശിച്ച പാവപ്പെട്ടവരായ ആളുകളെ പുനരധിവസിപ്പിക്കാനാവശ്യമായ നിലപാട് സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുകയും ആവശ്യമായ കോമ്പൻസേഷൻ കൊടുക്കാൻ നടപടി സ്വീകരിക്കുകയും ചെയ്യുമോ?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ സമീപനമാണ് സർക്കാരിനുള്ളത്. സർക്കാർ അവിടത്തെ ന്യായമായ കാര്യം പരിശോധിക്കാൻ തയ്യാറാണ്. ദേവാലയങ്ങൾ അവിടെനിന്ന് മാറ്റി സ്ഥാപിക്കണോ, ദേവാലയങ്ങൾ നമ്മൾ പൊളിക്കണോ എന്നീ കാര്യങ്ങളിൽ നിങ്ങളും കൂടി ഒരു തീരുമാനമെടുക്കേണ്ടതാണ്. അത് നിസ്സാരകാര്യമല്ല. കോമ്പൻസേഷന്റെ കാര്യം കേന്ദ്ര സർക്കാരിന്റെ നിയമപ്രകാരമാണ് കൊടുക്കുന്നത്. അക്കാര്യം ഞാനിവിടെ വായിച്ചു. അതായത് നഗരത്തോട് അടുത്താണെങ്കിൽ സൊലേഷ്യം അടക്കം മൂന്നുമടങ്ങുവരെ കിട്ടും. അതെല്ലാം കേന്ദ്ര സർക്കാരാണ് തീരുമാനിക്കുന്നത്. പരമാവധി കോമ്പൻസേഷൻ കൊടുക്കാൻ കളക്ടർമാരോട് പറയാം. ഇക്കാര്യത്തിൽ യാതൊരു പിടിവാശിയുമില്ല. പരമാവധി പ്രയാസം കുറച്ച് കാര്യങ്ങൾ നടത്തണം. ദേവാലയങ്ങൾ ഒഴിവാക്കിയതുകൊണ്ടാണ് 32 വീട് പോകുന്നത്. അത് ശരിയാണ്. എം.എൽ.എ.-മാരുടെ യോഗം ചേരുമ്പോൾ ഇതിനെക്കുറിച്ച് നമുക്ക് ചർച്ച ചെയ്യാം.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, മലബാറിലെ ദേശീയപാത വികസനവുമായി ബന്ധപ്പെട്ട ചർച്ചയാണല്ലോ നടക്കുന്നത്. ഈ ചർച്ചയിൽ കോഴിക്കോട് - പാലക്കാട് ദേശീയപാത 966 വികസനവുമായി ബന്ധപ്പെട്ട എന്തെങ്കിലും കാര്യങ്ങളുണ്ടോ; കേന്ദ്ര സർക്കാർ പറഞ്ഞിരിക്കുന്ന ഭാരത്മാലാ പദ്ധതിയിൽ മലബാർ പ്രദേശത്തെ ഏത് റോഡുകളാണ് ഉൾക്കൊള്ളുന്നതെന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് വ്യക്തമായ വിവരം നൽകാൻ സാധിക്കുമോ?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, അതിന് വിശദമായ നോട്ടീസ് വേണം. പക്ഷെ ഭാരത്മാല പ്രഖ്യാപിച്ചതിൽ കേരളത്തിന് 1200 കിലോമീറ്റർ റോഡ് വരും. അതിൽ കാസർഗോഡ് മുതൽ കളിയിക്കാവിള വരെയുള്ള ദേശീയപാതയുടെ നാലുവരിയിൽ 600 കിലോമീറ്റർ ഉൾപ്പെടും. പിന്നെയുള്ളത് 600 കിലോമീറ്ററാണ്. പാലക്കാട് ഭാഗത്തെ ചർച്ച ഇപ്പോഴില്ല. ഭാരത്മാല പദ്ധതി വരുമ്പോൾ വയലിൽക്കൂടിയും കൃഷിഭൂമിയിൽക്കൂടിയും വനത്തിൽക്കൂടിയുമൊക്കെ റോഡിന്

സ്ഥലം എടുക്കേണ്ടി വരും. പ്രധാനമന്ത്രിയുടെ പദ്ധതിയാണ് ഭാരത്മാല. ബി.ജെ.പി.-ക്കാർ എന്ത് ചെയ്യും? ഇപ്പോൾ വടക്കേ ഇന്ത്യയിൽനിന്നൊരു ബി.ജെ.പി. നേതാവ് എവിടെയോ പട്ടിയും പൂച്ചയും മൂത്രമൊഴിച്ച കുറെ മണ്ണുകൊണ്ടുവന്നിട്ട് രക്തംപുരണ്ട മണ്ണാണെന്ന് പറഞ്ഞ് മലബാറിലിട്ടിരിക്കുകയാണ്. പതിനൊന്ന് ദളിതരെ വെടിവച്ചുകൊന്ന കറപുരണ്ട കൈകളിൽ അറേബ്യയിലെ മുഴുവൻ സുഗന്ധങ്ങൾ കൊണ്ടുവന്ന് പൂശിയാലും ആ കൈ സുഗന്ധപൂരിതമാകുമോ? എന്നിട്ട് കുറെ നേതാക്കന്മാർ ഒരു പണിയുമില്ലാതെ കേരളത്തിൽവന്നു. ഇവിടെ ഒരു വെടിവയ്പും ഉണ്ടാകാൻ പോകുന്നില്ല, ഒരു തുള്ളി ചോര ഇവിടെ വീഴില്ല. അങ്ങനെയാരും വിചാരിക്കുകയും വേണ്ട. സ്വന്തം പിച്ചാത്തികൊണ്ട് സ്വന്തം കഴുത്തിൽ കുത്തിയാൽ മാത്രമേ ഇവിടെ ചോര വീഴൂ. അതുകൊണ്ട് ബി.ജെ.പി.-ക്കാരുടെ തോന്ന്യവാസങ്ങൾ ഭാരത്മാല പദ്ധതിയെ ബാധിക്കില്ലേ എന്നതാണ് അങ്ങയുടെ ചോദ്യം. തീർച്ചയായും ഭാരത്മാലയെ ബാധിക്കും. അതെല്ലാം ചർച്ച ചെയ്ത് നടപ്പിലാക്കേണ്ട കാര്യമാണ്. നാലുവരിക്ക് പ്രശ്നമില്ല. 600 കിലോമീറ്റർ കവർ ചെയ്യും. കൊടുത്താൽ കൊല്ലത്തും കിട്ടുമെന്ന് ഓർക്കണം. ബി.ജെ.പി.-യോടാണ് ഇത് പറയുന്നത്, അല്ലാതെ നിങ്ങളോടല്ല. നിങ്ങളതിന് കൂട്ടുനിൽക്കരുതെന്നാണ് പറഞ്ഞത്.

<u>ശ്രീ. സി. മമ്മൂട്ടി</u>: സർ, ദേശീയപാത വികസനത്തിന് ആരും എതിരല്ലെന്ന് മാത്രമല്ല, അത് നന്നായി നടത്തണമെന്നതന്നെയാണ് ആഗ്രഹം. എന്നാൽ ദേശീയപാത വികസനം നടക്കുമ്പോൾ ജനങ്ങളുടെ നഷ്ടം കുറയ്ക്കുകയും ഗുണകരമായ രീതിയിൽ അത് കൈകാര്യം ചെയ്യണമെന്നുമാണ് അടിവരയിട്ട് പറയാനുള്ളത്. ഒരുദാഹരണം പറയാം. വെട്ടിച്ചിറ, പുത്തനത്താണി എന്നീ രണ്ട് പഞ്ചായത്തുകൾ എന്റെ മണ്ഡലമായ തിരൂരിലുണ്ട്. അവിടെനിന്നും കൽപ്പകഞ്ചേരി പഞ്ചായത്തിലേയ്ക്കുള്ള പാതവികസനത്തിൽ ഒരു പരാതിയുമില്ല. അതേസമയം ആതവനാട് പഞ്ചായത്തിന് പരാതിയുണ്ട്. എൻ.എച്ച്.എ.ഐ.-യുടെ കണക്ക് പ്രകാരം അവിടെ പന്ത്രണ്ട് വീടും ഇരുപത് കെട്ടിടവും പോകും. 45 ഹെക്ടറാണ് ആവശ്യമായിട്ടുള്ളത്. പകരം പഞ്ചായത്ത് ബോർഡ് സർവ്വകക്ഷി യോഗം വിളിച്ചുകൂട്ടി ഐകകണ്ഠ്യേന ആവശ്യപ്പെട്ടതനുസരിച്ച് മൂന്ന് വീടും കേവലം അഞ്ച് കെട്ടിടവും പോകുന്നതും അഞ്ചേക്കർ ഭൂമി കുറയുന്നതും വളവില്ലാത്തതുമായൊരു പുതിയ പ്രൊപ്പോസൽ അംഗീകരിച്ച് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇതിനായി പ്രതിനിധി സംഘം ഇന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ കാണാൻ വന്നിട്ടുണ്ട്. ഇതംഗീകരിച്ചുകൊണ്ട് ആവശ്യമായ നടപടി ഇക്കാര്യത്തിൽ സ്വീകരിച്ചുകൂടേ?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, എൻ.എച്ച്.എ.ഐ. പറയുന്ന ജിയോമെട്രിക് കൺസിഡറേഷൻ ഒഴിച്ചുള്ള ബാക്കി ഏത് നിർദ്ദേശവും അംഗീകരിക്കാം. പ്രശ്നമുള്ള

സ്ഥലത്തിന്റെ കാര്യം നമുക്ക് ചർച്ച ചെയ്യാം. മൊത്തം സ്ഥലത്തിന്റെ കാര്യം ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, നാഷണൽ ഹൈവേ വികസനത്തിന് ആരും എതിരല്ല. അത് നമ്മുടെ നാട്ടിൽ ആവശ്യമുള്ള കാര്യം തന്നെയാണ്. ഇപ്പോൾ ചേർത്തല മുതൽ കഴക്കൂട്ടം വരെയുള്ള ഭാഗത്ത് നാഷണൽ ഹൈവേയുടെ നിർമ്മാണം നടക്കാൻ പോവുകയാണ്. അതിലുള്ള ആശങ്ക എന്ന് പറയുന്നത്, 1956-ലെ നിയമപ്രകാരമാണ് നോട്ടിഫിക്കേഷൻ വന്നിട്ടുള്ളത്. 2013-ലെ കോമ്പൻസേഷൻ ആക്ട് അനുസരിച്ചുള്ള കോമ്പൻസേഷൻ കൊടുക്കുമോ എന്ന് മന്ത്രി അർദ്ധശങ്കയ്ക്കിടയില്ലാത്തവിധം വ്യക്തമാക്കിയാൽ പലതരത്തിലുള്ള പ്രശ്നങ്ങൾ ഒഴിവാക്കാൻ കഴിയും. അങ്ങനെ ചെയ്യാൻ അങ്ങ് തയ്യാറുണ്ടോ?

ശ്രീ. ജി. സുധാകരൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഒരു കാര്യം മനസ്സിലാക്കണം. അർദ്ധശങ്കയ്ക്കിടയില്ലാതെ ഇക്കാര്യം എത്രയോ തവണ ഇവിടെ വ്യക്തമാക്കിയതാണ്. ആക്ട് പ്രകാരമേ കൊടുക്കാൻ കഴിയൂ. അർബൻ ഏരിയയ്ക്കടുത്തുള്ള സ്ഥലമാണെങ്കിൽ വിലയും അതിന്റെ രണ്ട് മടങ്ങും നൂറ് ശതമാനം സൊലേഷ്യവും 12 ശതമാനം പലിശയും കൊടുക്കും. ഇത് ആക്ടിലുള്ളതാണ്, അത് നമ്മൾ കൊടുക്കും. അത് കളക്ടർ ശിപാർശ ചെയ്തേ പറ്റൂ. നമുക്ക് നെഗോഷിയേറ്റ് ചെയ്യാൻ കഴിയില്ല. കാരണം, അത് എൻ.എച്ച്.എ.ഐ. സമ്മതിക്കുകയില്ല. ഇപ്പോൾത്തന്നെ നമ്മൾ സ്ഥലമെല്ലാം എടുത്തുകൊടുത്തിട്ട് ഒരുവർഷമേ ആയിട്ടുള്ളൂ. വിലകൂടുതലാണെന്ന് പറഞ്ഞ് കാസർഗോഡ് അവർ പണിയുന്നില്ല. കഴിഞ്ഞ ദിവസം മുഖ്യമന്ത്രി അവരുമായി സംസാരിച്ചു. കേന്ദ്ര സർക്കാരിന് വേണമെങ്കിൽ ദേശീയപാത വികസനം നീട്ടികൊണ്ടുപോകുകയാണെന്ന് പറയാൻ കഴിയും. പക്ഷേ നമ്മുടെ കുഴപ്പംകൊണ്ട് നീട്ടികൊണ്ടുപോകാൻ കഴിയില്ല. അതാണ് നിലപാട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഒരു കാര്യം വ്യക്തമാക്കാനുണ്ട്. കഴിഞ്ഞ ദിവസം ശ്രീ. നിതിൻ ഗഡ്കരിയുമായി ഈ പ്രശ്നം ചർച്ച ചെയ്തിരുന്നു. ഏറ്റവും കൂടുതൽ തുക ചെലവാക്കേണ്ടി വരുന്നത് ഇവിടെയാണെന്നാണ് കേന്ദ്രത്തിന്റെ നിലപാട്. ഒരു കിലോമീറ്ററിന് ഏഴ് കോടി രൂപ വരെ വരികയാണ്. ഇതൊരു സ്ഥലത്തുമില്ലാത്ത വിലയാണ്. കുറച്ച് തർക്കങ്ങൾ അക്കാര്യത്തിലുണ്ട്. ഏതായാലും മറ്റ് കാര്യങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. അവരുടെയൊരു സമീപനം ആ തരത്തിൽ വന്നിട്ടുണ്ട്. എന്നാൽ ദേശീയപാത വേണമെന്ന കാര്യത്തിൽ അദ്ദേഹത്തിന് വേറെ തർക്കങ്ങളൊന്നുമില്ല. ഈ പ്രശ്നം സംസ്ഥാന സർക്കാരും അവരുംകൂടി ചർച്ച ചെയ്ത് amicable solution കണ്ടെത്താമെന്ന ധാരണയിലാണ് നിൽക്കുന്നത്.

## (2) അടിയന്തര ചോദ്യത്തിന്റെ ഉത്തരം

### ഹജ്ജ് ക്യാമ്പ് നടത്താൻ ഉദ്ദേശിക്കുന്ന സ്ഥലം

ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷവും ഹജ്ജ് എംബാർക്കേഷൻ പോയിന്റ് നെടുമ്പാശ്ശേരിയിൽ തന്നെ നടത്തേണ്ടി വരുമെന്ന കാര്യം തീരുമാനമായിട്ടുണ്ടോ;

(ബി) ഇവിടെ പ്രസ്തുത ക്യാമ്പ് നടത്താൻ ഉപയോഗിച്ചിരുന്ന വിമാന മെയിന്റനൻസ് സെന്റർ (ഹാംഗർ) ഇപ്രാവശ്യം ലഭ്യമല്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഗതാഗത തടസ്സം സൃഷ്ടിക്കാതെ ഈ വർഷത്തെ ഹജ്ജ് ക്യാമ്പ് എവിടെയാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, (എ) ഈ വർഷവും ഹജ്ജ് എംബാർക്കേഷൻ പോയിന്റ് നെടുമ്പാശ്ശേരിയിൽ തന്നെയാണ്.

(ബി&സി) കഴിഞ്ഞ വർഷങ്ങളിൽ ക്യാമ്പ് നടത്തിയ വിമാന മെയിന്റനൻസ് ഹാംഗർ ഈ പ്രാവശ്യം ലഭ്യമല്ലെന്നാണ് അറിയുന്നത്. ഹാംഗറിനുപകരം സിയാലിന്റെ അക്കാദമിയിൽ ഹാജിമാർക്കുള്ള താമസസൗകര്യവും ആയതിനോട് ചേർന്ന് ശൗചാലയം, കാന്റീൻ, താൽക്കാലികമായി പന്തൽ സൗകര്യങ്ങൾ എന്നിവയോടുകൂടിയ ഹജ്ജ് ക്യാമ്പും ഗതാഗതതടസ്സം സൃഷ്ടിക്കാതെ ക്രമീകരിക്കാമെന്ന് ഹജ്ജ് കമ്മിറ്റി ചെയർമാനും സിയാൽ എം.ഡി. യുമായുള്ള കൂടിക്കാഴ്ചയിൽ ധാരണയായിട്ടുള്ളതും ടി വിവരത്തിന് സിയാലിന് കത്ത് നൽകിയിട്ടുള്ളതുമാണ്.

ശ്രീ. പി. ടി. എ. റഹീം: സർ, അഞ്ച് വർഷം തുടർച്ചയായി ഹജ്ജിന് അപേക്ഷിച്ചിട്ടുള്ള ആളുകൾക്ക് ഹജ്ജിന് പോകാനുള്ള അവസരം ഇതുവരെയുണ്ടായിട്ടില്ല. മുൻഗണനാ ആനുകൂല്യം ഈ പ്രാവശ്യം ലഭ്യമല്ലാത്തതുമായി ബന്ധപ്പെട്ട് സുപ്രീം കോടതി നടത്തുന്ന കേസിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

ഡോ. കെ. ടി. ജലീൽ: സർ, പ്രസ്തുത കേസ് കോടതിയിൽ നടന്നുവരികയാണ്. അതുമായി ബന്ധപ്പെട്ടുവരുന്ന വിധിയുടെ അടിസ്ഥാനത്തിലായിരിക്കും കേന്ദ്രസർക്കാർ അക്കാര്യത്തിലൊരു തീരുമാനമെടുക്കുക എന്നാണ് അറിയാൻ സാധിക്കുന്നത്.

ശ്രീ. പി. ടി. എ. റഹീം: സർ, നാസ് എയർവേയ്സിന്റെ 210 ആളുകളെ കയറ്റുന്ന വിമാനം കോഴിക്കോടുനിന്ന് നേരത്തെ ഹജ്ജ് യാത്ര നടത്തിയിരുന്നു. പക്ഷെ കോഴിക്കോട് നിർമ്മിച്ചിട്ടുള്ള ഹജ്ജ് ഹൗസ് തികച്ചും ഉപയോഗശൂന്യമായ രീതിയിലാണ് ഇപ്പോഴുള്ളത്. ഈ വിമാനങ്ങൾ കോഴിക്കോടുനിന്ന് പുറപ്പെടാതിരിക്കാനുള്ള എന്തെങ്കിലും ഗൂഢാലോചന ഇതിന്റെ പിന്നിൽ നടക്കുന്നുണ്ടോ എന്ന് ബഹുമാനപ്പെട്ട മന്ത്രി മനസ്സിലാക്കിയിട്ടുണ്ടോ; അതിനെതിരായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്.

ഡോ. കെ. ടി. ജലീൽ: സർ, സംസ്ഥാന സർക്കാർ ഹജ്ജ് എംബാർക്കേഷൻ പോയിന്റ് കോഴിക്കോടുനിന്നുതന്നെ വേണമെന്ന് ശക്തമായി ആവശ്യപ്പെട്ടിട്ടുള്ളതാണ്. പ്രധാനമന്ത്രിക്കും സിവിൽ ഏവിയേഷൻ മന്ത്രിക്കും ആ കാര്യം സൂചിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കത്തെഴുതിയിട്ടുണ്ട്. അവിടെ എംബാർക്കേഷൻ പോയിന്റ് ആക്കാതിരിക്കാൻ എന്തെങ്കിലും തരത്തിലുള്ള ഗൂഢാലോചനകൾ നടക്കുന്നുണ്ടോയെന്നുള്ള കാര്യം അറിയില്ല.

മി. സ്പീക്കർ: തിരുത്തിയ ഉത്തരത്തിനുള്ള ഉപചോദ്യങ്ങൾ

## 2018 മാർച്ച് 22-ലെ നക്ഷത്രചിഹ്നമിട്ട 453-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരത്തിനുള്ള ഉപചോദ്യങ്ങൾ

ശ്രീ. എ. എൻ. ഷംസീർ: സർ, സംസ്ഥാനങ്ങളുടെ വായ്പാ പരിധിയും ധനക്കമ്മിയും യാഥാർത്ഥ്യബോധത്തോടെയല്ലാതെ ധൃതഗതിയിൽ കുറയ്ക്കാനും അത് നിരീക്ഷിക്കുന്നതിന് സ്വതന്ത്രാധികാരമുള്ള ഫിസ്കൽ കൗൺസിൽ കേന്ദ്രസർക്കാർ നിയമിക്കണമെന്നുമുള്ള എം.ആർ.ഡി.എം. അവലോകന സമിതിയുടെ ശിപാർശ ജി.എസ്.ടി. വഴി നികുതി നിർണ്ണയിക്കുന്നതിനുള്ള അധികാരം കവർന്നതുപോലെ വികസനം, ക്ഷേമചെലവ്, ഉടമയിൽ സംസ്ഥാനങ്ങൾക്കുള്ള സാമ്പത്തിക പരമാധികാരം തുടങ്ങിയവ കവരാൻ ഉദ്ദേശ്യമുള്ളതാകയാൽ ശിപാർശകൾ അംഗീകരിക്കുന്നതിൽനിന്ന് പിൻമാറാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, സംസ്ഥാനം അത് വളരെ ശക്തമായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. എഫ്.ആർ.ബി.എം. ആക്ടിന്റെ റിവ്യൂ കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ

നടപ്പായിട്ടുണ്ടെങ്കിലും നമുക്കിപ്പോൾ 3% വായ്പയെടുക്കാനുള്ള അവകാശം 1.7% ആയി ചുരുക്കേണ്ടിവരും. മാത്രമല്ല, കേന്ദ്രത്തിനും സംസ്ഥാനത്തിനും പൊതുവേയുള്ള നിരക്ക് 3% ആണെങ്കിലും അവർ പറയുന്നത് കേന്ദ്രത്തിന് 2.5-ഉം സംസ്ഥാനത്തിന് 1.7-ഉം മതിയെന്നാണ്. അത് സംസ്ഥാനത്തിന്റെ ഫിസിക്കൽ സ്പെയ്സ് പൂർണ്ണമായുമില്ലാതാക്കും. അതുകൊണ്ട് സംസ്ഥാന സർക്കാർ ഇതിനെ ശക്തമായി എതിർക്കുകയാണ്.

ശ്രീ. ബി. സത്യൻ: സർ, ഓഖി ദുരന്തം പ്രകൃതി ദുരന്തവും നോട്ട് നിരോധനം മനുഷ്യനിർമ്മിതവുമാണെന്ന് അങ്ങ് പറഞ്ഞു. ഉപഭോക്തൃ സംസ്ഥാനമായ കേരളംപോലുള്ള സംസ്ഥാനത്ത് ഇതിന്റെയൊക്കെ ഭാഗമായി ബാധിച്ചിട്ടുള്ള മാന്ദ്യം മറികടക്കാൻ, അങ്ങ് 1998 കാലയളവിൽ പ്രഖ്യാപിച്ചതുപോലെയുള്ള മാന്ദ്യവിരുദ്ധ പാക്കേജിന്റെ സ്വഭാവത്തിൽ ഇപ്പോൾ നടപ്പിലാക്കിവരുന്ന കിഫ്ബി വഴിയുള്ള പദ്ധതി പൂർണ്ണതയിലെത്തിക്കാൻ കഴിയത്തക്ക നിലയിൽ കേരളത്തിന്റെ സമസ്ത മേഖലയിലും വിശേഷിച്ച് തൊഴിൽ മേഖലയിലും പരമ്പരാഗത കുടിൽ വ്യവസായ രംഗത്തും മാറ്റമുണ്ടാക്കാൻ കഴിയുന്ന നിലയിൽ സമഗ്രമായൊരു പദ്ധതി പുനരാവിഷ്കരിക്കാൻ കഴിയുമോ ?

ഡോ. ടി. എം. തോമസ് ഐസക്: സർ, അന്നത്തെ മാന്ദ്യവിരുദ്ധ പാക്കേജ് 5000 കോടി രൂപയാണെങ്കിൽ ഇപ്പോൾ നടപ്പാക്കാൻ ശ്രമിക്കുന്നത് 50,000 കോടി രൂപയുടേതാണ്. അതോടൊപ്പം പരമ്പരാഗത മേഖലകൾ, ക്ഷേമ പ്രവർത്തനങ്ങൾ എന്നിവിടങ്ങളിലെല്ലാം സംസ്ഥാന സർക്കാരിന്റെ ചെലവ് ഗണ്യമായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. പി. വി. അൻവർ: സർ, നോട്ട് നിരോധനത്തിന്റെ ഭാഗമായി രാജ്യത്തുണ്ടായ സാമ്പത്തിക പ്രതിസന്ധിയുടെ പ്രതിഫലനം എന്ന നിലയ്ക്ക് ബാങ്കുകളിൽ ലോണുകളുടെ തിരിച്ചടവ് കമ്മിയായിട്ടുണ്ട്. ഇതിനുശേഷം എൻ.പി.എ. (Non-performing asset) എത്ര ശതമാനം കേരളത്തിൽ വർദ്ധിച്ചിട്ടുണ്ടെന്ന് പറയാൻ സാധിക്കുമോ ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇപ്പോൾ അത് പറയാൻ കഴിയില്ല. സംസ്ഥാന സർക്കാർ ഈ കണക്കുകൾ വിശദമായി പരിശോധിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. സഹകരണ മേഖലയിലെ കണക്കുകൾ കൃത്യമായി പൂർത്തീകരിക്കുന്ന ജോലികൾ ഏതാനും ദിവസങ്ങൾക്കുള്ളിൽ തീരുമെന്നാണ് കരുതുന്നത്.

ശ്രീ. ജോർജ് എം. തോമസ്: സർ, ജി.എസ്.ടി. സംബന്ധമായി സംസ്ഥാനത്തിനുണ്ടായിട്ടുള്ള നഷ്ടം പരിഹരിക്കാൻ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ

ഒരു സർവ്വകക്ഷി സംഘം കേന്ദ്ര സർക്കാരിനെ കാണുന്ന നിലയിലുള്ള ഒരു ഇടപെടൽ നടത്തിയാൽ മാത്രമേ സംസ്ഥാനത്തിന് കിട്ടാൻ ബാക്കിയുള്ള തുക കിട്ടുകയുള്ളൂ എന്നാണ് മനസ്സിലാക്കുന്നത്. അതിനുള്ള ശ്രമങ്ങൾ നടത്തുമോ ?

ഡോ. ടി. എം. തോമസ് ഐസക്: സർ, സർവ്വകക്ഷി സംഘത്തെ അയയ്ക്കേണ്ടതിന്റെ ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. കാരണം, എല്ലാ കക്ഷികളിലും ഉൾപ്പെട്ട ധനമന്ത്രിമാർ ഒരുമിച്ച് ഇക്കാര്യങ്ങൾ ജി.എസ്.ടി. കൗൺസിലിൽ ചർച്ച ചെയ്യുന്നുണ്ട്. കേന്ദ്ര സർക്കാർ അലോക്കേറ്റ് ചെയ്യാതെ സൂക്ഷിച്ചിട്ടുള്ള ഐ.ജി.എസ്.ടി.-യിലെ ഒരു ഭാഗം സംസ്ഥാനങ്ങൾക്ക് മുൻകൂറായി വിതരണം ചെയ്യണമെന്നുള്ള ആവശ്യം അവർ ഭാഗികമായി നടപ്പാക്കിയെങ്കിലും കോമ്പൻസേഷൻ തന്നില്ല. കാരണം, ധനകാര്യ വർഷാവസാനം കേന്ദ്രത്തിന്റെ ഫിസിക്കൽ ഡെഫിസിറ്റ് വർദ്ധിക്കുന്നത് തടയാൻ വേണ്ടിയാണ് അങ്ങനെയൊരു നിലപാട് സ്വീകരിച്ചത്. അത് ശരിയായില്ലെന്ന് കേരളം അഭിപ്രായപ്പെട്ടിട്ടുണ്ട്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

# 3. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കശുവണ്ടി തൊഴിലാളികളുടെ തൊഴിൽ സാധ്യത

4(*663) ശ്രീ. പി. ഉബൈദുള്ള :

ശ്രീ. മഞ്ഞളാംകുഴി അലി :

ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി ഫാക്ടറികളുടെ ആധുനികവൽക്കരണത്തോടൊപ്പമുള്ള അനിവാര്യമായ യന്ത്രവൽക്കരണം പരമ്പരാഗത തൊഴിലാളികളുടെ തൊഴിൽ സാധ്യതകളെ എപ്രകാരം ബാധിക്കുമെന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) തോട്ടണ്ടിക്ഷാമം തൊഴിലവസരങ്ങൾ പരിമിതപ്പെടുത്തുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം പരിഹാര നടപടികൾ സ്വീകരിച്ചു; വിശദമാക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനിയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): (എ) പൂർണ്ണ യന്ത്രവൽക്കരണം കാഷ്യുമേഖലയിലെ തൊഴിൽ സാധ്യത ഇല്ലാതാക്കും. കശുവണ്ടി വികസന കോർപ്പറേഷനിലും കാപ്പെക്സിലും വ്യവസായത്തിൽ പ്രോസസിംഗിന് പരമ്പരാഗത രീതിയാണ് അവലംബിച്ചുവരുന്നത്. ഷെല്ലിംഗ് ജോലികളിൽ നിലവിൽ പുതുതായി തൊഴിലാളികളെ ലഭിക്കാത്ത സാഹചര്യമാണുള്ളത്. ടി സെക്ഷനിൽ തൊഴിലാളികൾക്ക് ജോലി നഷ്ടപ്പെടാതെയുള്ള ഭാഗികമായ യന്ത്രവൽക്കരണത്തിനാണ് കോർപ്പറേഷൻ ഉദ്ദേശിക്കുന്നത്. ഭാഗിക യന്ത്രവൽക്കരണംവഴി ഷെല്ലിംഗ് സെക്ഷനിലെ അനാരോഗ്യകരമായ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പ്രൊഡക്ടിവിറ്റി വർദ്ധിപ്പിക്കുന്നതിനും സഹായകരമാവും. ഷെല്ലിംഗ് സെക്ഷൻ യന്ത്രവൽകൃതമാക്കുമ്പോൾ യന്ത്രവൽകൃതമായ ജോലികളിൽ ഏർപ്പെടാൻ താല്പര്യമുള്ള തൊഴിലാളികളെ ആയതിലേക്ക് വിന്യസിക്കാനും ശേഷിക്കുന്നവരെ പരമ്പരാഗത രീതി തുടരാൻ അനുവദിക്കാനുമാണ് കോർപ്പറേഷൻ ഉദ്ദേശിക്കുന്നത്. ആയതിനാൽ പൂർണ്ണ യന്ത്രവൽക്കരണം ഈ മേഖലയിൽ നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല.

(ബി) ഉണ്ട്. കശുവണ്ടി സംസ്കരണ മേഖല ഇന്ന് നേരിട്ടുകൊണ്ടിരിക്കുന്ന അസംസ്കൃത തോട്ടണ്ടിക്ഷാമം പരിഹരിക്കുന്നതിനായി കശുവണ്ടി ഉല്പാദിപ്പിക്കുന്ന വിദേശ രാജ്യങ്ങളിൽനിന്നും തോട്ടണ്ടി നേരിട്ട് ഇറക്കുമതി ചെയ്യുക എന്ന ലക്ഷ്യത്തോടെ സർക്കാർ കേരള കാഷ്യൂ ബോർഡ് രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഗവൺമെന്റ് ടു ഗവൺമെന്റ് അടിസ്ഥാനത്തിൽ തോട്ടണ്ടി സംഭരിക്കാനാണ് ഉദ്ദേശിച്ചിരുന്നതെങ്കിലും അതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുകയാണ്. ടാൻസാനിയയിൽനിന്നും ലേലത്തിൽ തോട്ടണ്ടി വാങ്ങുന്നതിന് അവിടെ കമ്പനി രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിയെടുത്തുവരുന്നു. ഐവറി കോസ്റ്റിൽ സഹകരണ സ്ഥാപനങ്ങളും മറ്റ് വ്യാപാരികളുമാണ് തോട്ടണ്ടി വ്യാപാരം നടത്തിവരുന്നത്. മൊസാംബിക്കിൽ സർക്കാർ ഏജൻസികൾ തോട്ടണ്ടി കയറ്റുമതി ചെയ്യുന്നില്ല. ഈ സാഹചര്യത്തിൽ EOI വിളിച്ച് ടെണ്ടർ നടപടികളിലൂടെ ഈ മൂന്ന് രാജ്യങ്ങളിൽനിന്നും തോട്ടണ്ടി സംഭരിക്കുന്നതിനുള്ള നടപടികളാണ് കാഷ്യൂ ബോർഡ് സ്വീകരിച്ചുവരുന്നത്. തോട്ടണ്ടി വിദേശ രാജ്യങ്ങളിൽനിന്നും ശേഖരിക്കുന്നതോടൊപ്പംതന്നെ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽനിന്നും സംഭരിക്കുന്ന കാര്യവും കാഷ്യൂ ബോർഡ് ആലോചിച്ചുവരുന്നു.

ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്ന തോട്ടണ്ടി പരമാവധി സംഭരിക്കുന്നതിനും നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വിവിധ സർക്കാർ വകുപ്പുകൾ, അവയുടെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ, പ്ലാന്റേഷനുകൾ, ഫാമുകൾ എന്നിവിടങ്ങളിൽ ഉല്പാദിപ്പിക്കുന്ന തോട്ടണ്ടി സംഭരിച്ച് കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സിനും ലഭ്യമാക്കാനാവശ്യമായ ഇടപെടലുകൾ സർക്കാർ സ്വീകരിച്ചുവരുന്നു.

കാലാകാലങ്ങളിൽ വിദേശ രാജ്യങ്ങളിൽ ഏർപ്പെടുത്തുന്ന പുതിയ വ്യവസ്ഥകൾമൂലം തോട്ടണ്ടി സംഭരണം പ്രയാസമാകുകയാണ്. ഈ സാഹചര്യത്തിൽ കശുവണ്ടിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി അത്യുൽപ്പാദനശേഷിയുള്ള കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## തീരദേശ വികസന കോർപ്പറേഷൻ പദ്ധതികൾ

5 (*664) <u>ശ്രീ. എ. എൻ. ഷംസീർ</u> :
<u>ശ്രീ. ഇ. പി. ജയരാജൻ</u>:
<u>ശ്രീ. എ. എം. ആരിഫ്</u> :
<u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തീരദേശ മേഖലയുടെ സമഗ്ര വികസനത്തിനായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ (കെ.എസ്.സി.എ.ഡി.സി.) എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) തീരദേശ മേഖലയിലെ അടിസ്ഥാന സൗകര്യ-മാനവശേഷി വികസനത്തിനായി കെ.എസ്.സി.എ.ഡി.സി. എത്ര കോടി രൂപയുടെ പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ടെന്നും അതിൽ ഏതെല്ലാം പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടെന്നും അറിയിക്കാമോ;

(സി) ഇവയിൽ നബാർഡിന്റെ ധനസഹായം ലഭിക്കുന്ന പദ്ധതികൾ ഉൾപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) ദീർഘകാലമായി പൂർത്തീകരിക്കാത്ത പദ്ധതികളുടെ നിലവിലുള്ള അവസ്ഥ വിലയിരുത്തി അവ സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനിയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): (എ) സംസ്ഥാനത്തെ തീരദേശ മേഖലയുടെ സമഗ്രമായ വികസനത്തിനായി അടിസ്ഥാന സൗകര്യ വികസനം മത്സ്യവിതരണ വിപണനരംഗത്തെ ആധുനികവൽക്കരണം, മത്സ്യത്തൊഴിലാളികളുടെ ഉന്നമനം എന്നിവ ലക്ഷ്യമാക്കിയുള്ള വിവിധ പദ്ധതികൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കിവരുന്നു. സമഗ്ര തീരദേശ വികസന പദ്ധതി, സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി, നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതി, മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും പദ്ധതി, ആധുനിക മത്സ്യ മാർക്കറ്റുകളുടെ നിർമ്മാണം, കടൽ സുരക്ഷ പദ്ധതി, ആഴക്കടൽ മത്സ്യബന്ധന പദ്ധതി, കൃത്രിമ പാര് സ്ഥാപിക്കൽ, മൂല്യവർദ്ധിത മത്സ്യഉല്പന്ന നിർമ്മാണം തുടങ്ങിയവയാണ് പ്രധാന പദ്ധതികൾ.

(ബി) 2015-16, 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിലായി "മത്സ്യത്തൊഴിലാളി അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും" എന്ന പദ്ധതിയിലുൾപ്പെടുത്തി 79.84 കോടി രൂപയുടെ 49 പദ്ധതികൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 14.56 കോടി രൂപയുടെ 16 പദ്ധതികൾ പൂർത്തികരിച്ചിട്ടുണ്ട്.

(സി) ഉൾപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

- നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതി ട്രാഞ്ചേ 17-ൽ ഉൾപ്പെടുത്തി 2011-12 സാമ്പത്തിക വർഷത്തിൽ 1089.00 ലക്ഷം രൂപയുടെ 9 പദ്ധതികൾ നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 6 പദ്ധതികൾ പൂർത്തീകരിക്കുകയും ഒരെണ്ണം പുരോഗമിക്കുകയും 2 എണ്ണം പ്രദേശവാസികളുടെ എതിർപ്പിനെത്തുടർന്ന് പകുതിയിൽ നിർത്തുകയും ചെയ്തു.

- ട്രാഞ്ചേ 19-ൽ ഉൾപ്പെടുത്തി 2013-14 സാമ്പത്തിക വർഷത്തിൽ 12381.49 ലക്ഷം രൂപയുടെ 120 പദ്ധതികൾ നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 81 പദ്ധതികൾ പൂർത്തീകരിച്ചു. 10 എണ്ണത്തിന്റെ പ്രവൃത്തി പുരോഗമിച്ചുവരുന്നു. 7 എണ്ണം ആരംഭിക്കേണ്ടതുണ്ട്. 22 എണ്ണം ഉപേക്ഷിക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ചുവരുന്നു.

- ട്രാഞ്ചേ 20-ൽ ഉൾപ്പെടുത്തി 2014-15 സാമ്പത്തിക വർഷത്തിൽ 2597.96 ലക്ഷം രൂപയുടെ 23 പദ്ധതികൾ നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 8 പദ്ധതികൾ പൂർത്തീകരിച്ചു. 11 എണ്ണത്തിന്റെ പ്രവൃത്തി പുരോഗമിച്ചുവരുന്നു. 2 എണ്ണം ആരംഭിക്കേണ്ടതുണ്ട്. 2 എണ്ണം ഉപേക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

- ട്രാഞ്ചേ 22-ൽ ഉൾപ്പെടുത്തി 2016-17 സാമ്പത്തിക വർഷത്തിൽ 3174.00 ലക്ഷം രൂപയുടെ 11 പദ്ധതികൾ നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 8 പദ്ധതി പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. 3 എണ്ണം ആരംഭിക്കേണ്ടതുണ്ട്.

- ട്രാഞ്ചേ 23-ൽ ഉൾപ്പെടുത്തി 2017-18 സാമ്പത്തിക വർഷത്തിൽ 1443.38 ലക്ഷം രൂപയുടെ 4 പദ്ധതികൾ നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 2 പദ്ധതികൾ ടെണ്ടർ ചെയ്തു. 2 എണ്ണം ടെണ്ടർ ചെയ്യേണ്ടതുണ്ട്.

(ഡി) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയ പദ്ധതികളുടെ നിർവ്വഹണത്തിനായി പ്രത്യേക അവലോകന യോഗങ്ങൾ മാസന്തോറും സംഘടിപ്പിക്കുകയും പദ്ധതികൾ നിർദ്ദിഷ്ട പുരോഗതി കൈവരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. എന്നാൽ പ്രദേശ വാസികളുടെ എതിർപ്പ്, ഫണ്ടിന്റെ ലഭ്യതക്കുറവ്, കോടതിയിൽ നിലനിൽക്കുന്ന കേസുകൾ, പദ്ധതി പ്രദേശം നിർവ്വഹണത്തിനായി കൈമാറി ലഭ്യമാകാത്ത അവസ്ഥ തുടങ്ങിയ കാരണങ്ങളാൽ ചില പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കാതെ വരാറുണ്ട്. ടി പദ്ധതികളുടെ തടസ്സങ്ങൾ മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സമയബന്ധിതമായി കെട്ടിട നിർമ്മാണം പൂർത്തീകരിക്കാൻ നടപടി

6 (*665) ശ്രീ. കെ. ജെ. മാക്സി :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. കെ. ആൻസലൻ :
ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകൾക്കുവേണ്ടി പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കുന്ന കെട്ടിടങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും നിർമ്മാണത്തിലെ

ഗുണനിലവാരം പരിശോധിക്കുന്നതിനും നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നമുറയ്ക്ക് വൈദ്യുതി കണക്ഷനും മറ്റും ലഭിക്കുന്നതിലെ കാലതാമസംമൂലം ബന്ധപ്പെട്ട വകുപ്പുകൾക്ക് കൃത്യസമയത്ത് കെട്ടിടം കൈമാറാൻ കഴിയാതെ വരുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിനുകീഴിൽ ഒരു ഇലക്ട്രിക്കൽ വിഭാഗംകൂടി രൂപീകരിക്കുന്നതിനെ സംബന്ധിച്ച് സർക്കാർ ആലോചിക്കുമോയെന്ന് അറിയിക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): (എ) പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കുന്ന കെട്ടിടങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു:

1. കെട്ടിടത്തിനുള്ള സ്ഥലലഭ്യത പ്രവൃത്തി ഏറ്റെടുക്കുമ്പോൾ തന്നെ ഉറപ്പ് വരുത്തുന്നുണ്ട്.

2. പ്രവൃത്തിയുടെ എഗ്രിമെന്റ് നടത്തി പത്ത് ദിവസത്തിനുള്ളിൽ 'സൈറ്റ് ഹാന്റ് ഓവർ ' ചെയ്യുന്നുണ്ട്.

3. പ്രവൃത്തി ആരംഭിച്ച് പുരോഗമിക്കുന്ന മുറയ്ക്ക് സ്ട്രക്ചറൽ ഡിസൈൻ ഡ്രോയിംഗ്സ് നൽകിവരുന്നുണ്ട്.

4. വിവിധ തലങ്ങളിൽ പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുവാനായി കൃത്യമായി അവലോകന യോഗങ്ങൾ നടത്താറുണ്ട്.

5. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട കരാറുകാരനുമായുള്ള ഉടമ്പടിയിൽ പ്രവൃത്തി പൂർത്തീകരണത്തിന് ഒരു നിശ്ചിത കാലാവധി നിർണ്ണയിക്കാറുണ്ട്. കരാറുകാരന്റെ വീഴ്ചമൂലം നിശ്ചിത കാലാവധിക്കപ്പുറം പ്രവൃത്തി നീണ്ടുപോകുകയാണെങ്കിൽ പൊതുമരാമത്ത് വകുപ്പ് മാന്വൽ (2112.1) പ്രകാരം കരാറുകാരനിൽനിന്നും പിഴ ഈടാക്കാനുള്ള വ്യവസ്ഥയുണ്ട്. അതുപ്രകാരം പിഴ ഈടാക്കാറുണ്ട്.

6. കൂടാതെ നിശ്ചിത കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കുന്ന കരാറുകാരനെ എസ്റ്റിമേറ്റ് പി.എ.സി.-യുടെ 1 % അല്ലെങ്കിൽ 4 ലക്ഷം രൂപ (ഏതാണോ കുറവ്) എന്ന നിരക്കിൽ ഇൻസെന്റീവ് നൽകാറുണ്ട്.

ഗുണനിലവാരം പരിശോധിക്കുന്നതിന് ചുവടെ ചേർത്തിരിക്കുന്ന നടപടികളാണ് കൈക്കൊണ്ടുവരുന്നത്.

ഗുണനിലവാരം പരിശോധിക്കുന്നതിന് ഡിസൈൻ വിഭാഗം ചീഫ് എഞ്ചിനീയറുടെ കീഴിൽ ക്വാളിറ്റി കൺട്രോളിന്റെയും നിലവിലെ ഫീൽഡ് ലെവൽ ഉദ്യോഗസ്ഥർ ഒന്നാംഘട്ട പരിശോധനയും ക്വാളിറ്റി കൺട്രോൾ വിഭാഗം രണ്ടാംഘട്ട പരിശോധനയും നടത്തുന്നുണ്ട്. കൂടാതെ ലഭ്യമാകുന്ന റിസൾട്ടിന്റെ അടിസ്ഥാനത്തിൽ ഓഫീസ് മേധാവിയുടെ വിവേചന അധികാരത്തിന് വിധേയമായി മൂന്നാം ഘട്ടപരിശോധനയും നടത്തുന്നുണ്ട്. 5-1-2018-ലെ G.O. (Ms.) No. 1/2018/PWD പ്രകാരം സോഷ്യൽ ആഡിറ്റ് സമിതിയും നിലവിൽവന്നിട്ടുണ്ട്.

(ബി) കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നമുറയ്ക്ക് വൈദ്യുതി കണക്ഷനും മറ്റും ലഭിക്കുന്നതിലെ കാലതാമസംമൂലം ബന്ധപ്പെട്ട വകുപ്പുകൾക്ക് കൃത്യസമയത്ത് കെട്ടിടം കൈമാറാൻ കഴിയാതെ വന്നിരുന്ന പ്രശ്നം ഇപ്പോൾ പരിഹരിക്കപ്പെട്ടിട്ടുണ്ട്. കെട്ടിടത്തിന്റെ സിവിൽ വർക്കുകളോടൊപ്പം വൈദ്യുതി പ്രവൃത്തികളും ടെണ്ടർ ചെയ്തു വരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടത്തിയ പ്രധാനപ്പെട്ട ഒരു തീരുമാനമാണിത്. പ്രവൃത്തി പൂർത്തിയാക്കുന്നതിനും കണക്ഷൻ ലഭിക്കുന്നതിനുംവേണ്ട നടപടികൾ സമയബന്ധിതമായി ചെയ്യുന്നുണ്ട്.

(സി) ഇലക്ട്രിക്കൽ വിഭാഗത്തിന്റെ ശാക്തീകരണം പരിഗണനയിലാണ്.

## സംയോജിത മത്സ്യബന്ധന വികസന പദ്ധതി

7 (*666) ശ്രീ. സി. കെ. ഹരീന്ദ്രൻ :

ശ്രീ. ജോൺ ഫെർണാണ്ടസ് :

ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യഫെഡിന്റെകീഴിലുള്ള പ്രാഥമിക സഹകരണ സംഘങ്ങളിൽ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്കായി സംയോജിത മത്സ്യബന്ധന വികസന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഈ പദ്ധതി പ്രകാരം എന്തെല്ലാം വായ്പാ സൗകര്യങ്ങളാണ് മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാകുന്നത്;

(സി) മത്സ്യമേഖലയിലെ വനിതകൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി

എന്തെല്ലാം നടപടികളാണ് ഇതിൻ പ്രകാരം സ്വീകരിച്ചിട്ടുള്ളത്;

(ഡി) മത്സ്യത്തൊഴിലാളികളെ ഇടനിലക്കാരിൽനിന്നും കടബാധ്യതയിൽ നിന്നും രക്ഷിക്കുന്നതിനും അവരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ഇത്തരം വായ്പകൾ വളരെ സഹായകരമാകും എന്നതിനാൽ ഈ പദ്ധതി കൂടുതൽ വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനിയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ): (എ) ഉണ്ട്.

(ബി) സംയോജിത മത്സ്യബന്ധന വികസന പദ്ധതി 2015-16 പ്രകാരം മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾക്കുള്ള വായ്പയും മത്സ്യബന്ധനത്തിനുള്ള പ്രവർത്തന മൂലധനവും മത്സ്യഫെഡ് മുഖേന ലഭ്യമാക്കുന്നു.

(സി) മത്സ്യഫെഡ് മുഖേന സംയോജിത മത്സ്യ വികസന പദ്ധതി 2015-16 പ്രകാരം വനിതകൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി പദ്ധതികൾ ഇല്ല. എന്നാൽ മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യ വിപണനത്തിനായി പലിശരഹിത വായ്പ വിതരണം ചെയ്യുന്ന സംസ്ഥാന സർക്കാർ പദ്ധതി മത്സ്യഫെഡ് മുഖേന നടപ്പിലാക്കിവരുന്നുണ്ട്. മത്സ്യമേഖലയിലെ വനിതകൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി SAF (Society for Assistance To Fisherwomen) മുഖേന സംസ്ഥാനത്ത് മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് തൊഴിലും വരുമാനവും ലഭിക്കുന്നതിനായി തീരമൈത്രി പദ്ധതിയിലൂടെ ലഘുസംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം നൽകുന്നു.

(ഡി) മത്സ്യഫെഡ് മുഖേന എൻ.സി.ഡി.സി.-യുടെ ധനസഹായത്തോടു കൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി 2018-19 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്നതിനായുള്ള പദ്ധതി സർക്കാർ പരിഗണനയിലാണ്. കൂടാതെ മത്സ്യബന്ധനോപകരണങ്ങളും വായ്പയായി നൽകുന്നതിന് 50 കോടി രൂപയുടെ പദ്ധതി നബാർഡിന് സമർപ്പിച്ചിട്ടുണ്ട്.

## പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി നടത്തുന്ന പ്രവർത്തനങ്ങൾ

8 (*667) ശ്രീ. എം. സ്വരാജ് :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. എൻ. വിജയൻ പിള്ള :
ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളെ ശാക്തീകരിക്കാൻ സർക്കാർ നടത്തുന്ന തീവ്ര

ശ്രമങ്ങളുടെ ഫലമായി സർക്കാർ സ്കൂളുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണത്തിൽ കഴിഞ്ഞ അദ്ധ്യയനവർഷം എത്ര വർദ്ധനയാണ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാർ സ്കൂളുകളുടെ ഭൗതികവും അക്കാദമികവുമായ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കി അഭിമാനാർഹമായ ഈ നേട്ടം വരുന്ന അദ്ധ്യയന വർഷവും കൈവരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പൊതു വിദ്യാഭ്യാസ രംഗത്തെ ഗുണപരമായ മാറ്റങ്ങൾ തിരിച്ചറിഞ്ഞ് കുട്ടികളെ സർക്കാർ വിദ്യാലയങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ ജനപ്രതിനിധികൾ, രക്ഷിതാക്കൾ, അദ്ധ്യാപകർ, പൊതുജനങ്ങൾ എന്നിവരുടെ പരിപൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): (എ) 2017-18 അദ്ധ്യയന വർഷത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് ഒന്നാം ക്ലാസിൽ 12198 കുട്ടികൾ പൊതുവിദ്യാലയങ്ങളിൽ അധികമായി ചേർന്നിട്ടുണ്ട്. കൂടാതെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ രണ്ടുമുതൽ ഒമ്പതുവരെയുള്ള ക്ലാസുകളിൽ താഴ്ന്ന ക്ലാസുകളിൽനിന്നും പ്രൊമോഷൻ കിട്ടിവന്ന കുട്ടികളെ കൂടാതെ 145208 കുട്ടികൾ കൂടി അധികമായി പൊതുവിദ്യാലയങ്ങളിൽ ചേർന്നിട്ടുണ്ട്.

(ബി) സർക്കാർ സ്കൂളുകളുടെ ഭൗതികവും അക്കാദമികവുമായ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കി അഭിമാനാർഹമായ നേട്ടം വരുന്ന അദ്ധ്യയന വർഷവും കൈവരിക്കുന്നതിന് താഴെ പറയുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു;

- പദ്ധതിയുടെ ആദ്യഘട്ടമായി കിഫ്ബി മുഖേനയുള്ള അഞ്ചുകോടി രൂപയുടെ സർക്കാർ ധനസഹായത്തോടെ നിയോജക മണ്ഡലാടിസ്ഥാനത്തിൽ 141 സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുന്നു.

- കിഫ്ബി മുഖേനയുള്ള മൂന്നുകോടി രൂപയുടെ സർക്കാർ ധനസഹായത്തോടെ 229 സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നു.

- പൊതു വിദ്യാഭ്യാസ വകുപ്പിന്റെ ഫണ്ട് പ്രയോജനപ്പെടുത്തിക്കൊണ്ട് നിയോജക മണ്ഡലാടിസ്ഥാനത്തിൽ 140 എൽ.പി./യു.പി. സ്കൂളുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നു.
- ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 8 മുതൽ 12 വരെയുള്ള 45000 ക്ലാസ് മുറികൾ ഹൈടെക് ആക്കി മാറ്റുന്നതിനുള്ള പ്രവർത്തനം.
- ലൈബ്രറി/ലബോറട്ടറി നവീകരണത്തിനുള്ള പദ്ധതികളും ആസൂത്രണം ചെയ്തുവരുന്നു.
- 50, 100 വർഷം പൂർത്തിയാക്കിയിട്ടുള്ള സ്കൂളുകൾക്ക് പ്രത്യേക പാക്കേജ് അടിസ്ഥാനത്തിൽ ധനസഹായം ലഭ്യമാക്കുന്നതിനുള്ള പദ്ധതികളും ആസൂത്രണം ചെയ്തുവരുന്നു.

കൂടാതെ വിവിധ പദ്ധതികൾക്കായി ചുവടെ ചേർക്കുന്ന പ്രകാരം ധനസഹായം അനുവദിച്ചിട്ടുണ്ട്;

- സ്കൂൾ ഗ്രാന്റ് ഇനത്തിൽ എല്ലാ ഗവൺമെന്റ് സ്കൂളുകൾക്കും 50,000/- രൂപ വീതം അനുവദിച്ചു.
- നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 442 സ്കൂളുകൾക്ക് ഏഴ് ഇനങ്ങൾക്കായി (സയൻസ് ലാബ്, കമ്പ്യൂട്ടർ റൂം, ആർട്ട് റൂം, ലൈബ്രറി, അഡീഷണൽ ക്ലാസ്, ടോയ്‌ലെറ്റ്, കുടിവെള്ളം) 5251 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.
- ഐഡിയൽ ലാബ് സജ്ജീകരിക്കുന്നതിന് സംസ്ഥാനത്തെ ചുവടെ ചേർക്കുന്ന നാല് സ്കൂളുകൾക്ക് 50 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്.

1. ജി.എച്ച്.എസ്.എസ്., മയ്യിൽ, കണ്ണൂർ
2. എ.ജി.എച്ച്.എസ്.എസ്., കോടോത്ത്, കാസർഗോഡ്.
3. ജി.എച്ച്.എസ്.എസ്., കോട്ടായി, പാലക്കാട്.
4. ഗവ. ബോയ്സ് എച്ച്.എസ്.എസ്, ഹരിപ്പാട്, ആലപ്പുഴ.

ഹയർ സെക്കണ്ടറി വകുപ്പിന്റെ വാർഷിക പദ്ധതിയിലൂടെയും നബാർഡിന്റെ ആർ.ഐ.ഡി.എഫ്. പദ്ധതികൾ മുഖേനയും സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ കാലാനുസൃതമായി വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

കൂടാതെ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 140 നിയോജക മണ്ഡലങ്ങളിലായി 1200 സ്കൂളുകളിൽ 300 ലക്ഷം രൂപ വിനിയോഗിച്ച് ജൈവ വൈവിധ്യ ഉദ്യാനം സ്ഥാപിക്കുന്നതിനും ഏഴ് കോടി രൂപ വിനിയോഗിച്ച് 14 ഓട്ടിസം പാർക്കുകൾ സ്ഥാപിക്കുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. ജൈവ വൈവിധ്യ പാർക്കുകൾ ആരംഭിക്കുന്നതിനുള്ള നടപടിയുടെ ആദ്യഘട്ടമായി 1200 സ്കൂളുകൾക്ക് 10,000/- രൂപ വീതം അനുവദിച്ചു.

സംസ്ഥാനത്തെ എല്ലാ കുട്ടികളുടെയും അക്കാദമിക മികവ് ലക്ഷ്യമിട്ടുകൊണ്ട് ഒരു ജനകീയ അക്കാദമിക മാസ്റ്റർപ്ലാൻ സ്കൂൾ തലത്തിൽ തയ്യാറാക്കി അവതരിപ്പിച്ചിട്ടുണ്ട്. അക്കാദമിക മികവ് കൈവരിക്കുന്നതിലേക്കായി 'മലയാളത്തിളക്കം', 'സുരീലി ഹിന്ദി', 'ഹലോ ഇംഗ്ളീഷ് ', 'ഗണിത വിജയം', 'ലിറ്റിൽ ഗലീലിയോ' തുടങ്ങിയ പ്രവർത്തനങ്ങളും പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി നവപ്രഭ, ശ്രദ്ധ തുടങ്ങിയ പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നു. കൂടാതെ സാമൂഹിക ബോധവൽക്കരണത്തിന്റെ ഭാഗമായി സ്കൂളുകൾ കേന്ദ്രീകരിച്ച് വികസന സെമിനാറുകൾ, രക്ഷാകർതൃ പരിശീലന പരിപാടികൾ തുടങ്ങിയവയും നടത്തിവരുന്നു.

(സി) മേൽപ്പറഞ്ഞ എല്ലാ പ്രവർത്തനങ്ങളിലും ജനപ്രതിനിധികൾ, രക്ഷിതാക്കൾ, അദ്ധ്യാപകർ, പൊതുജനങ്ങൾ എന്നിവരുടെ പരിപൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ടുള്ള പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്.

**മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷാ സംവിധാനം**

9 (*668) ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. ഹൈബി ഈഡൻ:
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷാ സംവിധാനവും അപായ മുന്നറിയിപ്പും നൽകുന്നതിനായി വികസിപ്പിച്ചെടുത്ത നാവിക് എന്ന ഉപകരണം മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ടോ; ഇതിനകം എത്ര പേർക്ക് പ്രസ്തുത ഉപകരണം നൽകി;

(ബി) വ്യാവസായിക അടിസ്ഥാനത്തിൽ ഇവ നിർമ്മിച്ച് നൽകുന്നതിന് കെൽട്രോണുമായി എന്തെങ്കിലും കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ;

(സി) മത്സ്യത്തൊഴിലാളികൾ കടലിൽ പോകുമ്പോഴും തിരികെ വരുമ്പോഴും യാനത്തിന്റെയും തൊഴിലാളികളുടെയും വിവരങ്ങൾ രേഖപ്പെടുത്തുവാൻ കഴിയുന്ന മൊബൈൽ ആപ്ലിക്കേഷൻ സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(ഡി) മറൈൻ ആംബുലൻസ് നടപ്പിലാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇതിനായി എത്ര കോടി രൂപയുടെ അനുമതിയാണ് നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): (എ&ബി) ഓഖി ദുരന്തത്തിന്റെ പശ്ചാലത്തിൽ മത്സ്യത്തൊഴിലാളികൾക്കുള്ള സുരക്ഷാ സംവിധാനവും അപായ മുന്നറിയിപ്പ് സംവിധാനവും ഫലപ്രദവും വിപുലവുമായ തോതിൽ ഏർപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. കാലാവസ്ഥാ വ്യതിയാനങ്ങളും മറ്റ് പ്രകൃതി ക്ഷോഭങ്ങളും സംബന്ധിച്ച വിവരങ്ങൾ മുൻകൂട്ടി മത്സ്യത്തൊഴിലാളികളിൽ എത്തിക്കുന്നതിന് ഉതകുന്ന തരത്തിലുള്ള നാവിക് എന്ന ഉപകരണം മത്സ്യബന്ധന യാനങ്ങളിൽ ഘടിപ്പിക്കുന്നതിനായി കടലിൽ വിജയകരമായി പരീക്ഷണം പൂർത്തിയാക്കിയിട്ടുണ്ട്. കെൽട്രോൺ ഈ സാങ്കേതികവിദ്യ ഉപയോഗിച്ച് വ്യാവസായികാടിസ്ഥാനത്തിൽ ടി ഉപകരണം നിർമ്മിച്ചുനൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) മത്സ്യത്തൊഴിലാളികൾ കടലിൽ പോകുമ്പോഴും തിരികെ വരുമ്പോഴും യാനത്തിന്റെയും തൊഴിലാളികളുടെയും വിവരങ്ങൾ രേഖപ്പെടുത്താൻ കഴിയുന്ന തരത്തിലുള്ള മൊബൈൽ ആപ്ലിക്കേഷൻ (സാഗര) എൻ.ഐ.സി.-യുടെ സഹായത്തോടെ തയ്യാറാക്കുകയും ആയത് വിജയകരമായി പരീക്ഷിക്കുകയും ചെയ്തിട്ടുണ്ട്. ആയത് ഉടൻ നടപ്പിലാക്കുതിനായി മത്സ്യത്തൊഴിലാളികളുടെ മൊബൈൽ നമ്പറുകൾ എൻ.ഐ.സി.-ക്ക് നൽകിയിട്ടുണ്ട്.

(ഡി) കടൽ രക്ഷാ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഫിഷറീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ മറൈൻ ആംബുലൻസ് സംവിധാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടമെന്ന നിലയിൽ 3 മറൈൻ ആംബുലൻസുകൾ വാങ്ങുന്നതിന് 18.24 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവ കൊച്ചിൻ ഷിപ്പ്‌യാർഡുമായി ബന്ധപ്പെട്ട് നിർമ്മിക്കുവാനാണ് ധാരണയായിട്ടുള്ളത്. ഒരു മറൈൻ ആംബുലൻസിന് 6.08 കോടി രൂപയാണ് ഏകദേശ നിർമ്മാണ ചെലവ്. അതനുസരിച്ച് 3 എണ്ണത്തിന് 18.24 കോടി രൂപ ചെലവ് വരും. ഇതിൽ ഒരു ആംബുലൻസിന്റെ വിലയായ 6.08 കോടി രൂപ ഭാരത്

പെട്രോളിയം കമ്പനി ലിമിറ്റഡും ഒരേണ്ണത്തിന്റെ, നികുതിക്കും മെഡിക്കൽ ഉപകരണങ്ങൾക്കും പുറമെയുള്ള വിലയായ 5.6 കോടി രൂപയുടെ, പകുതി വിലയായ 2.80 കോടി രൂപ കൊച്ചിൻ ഷിപ്പ്‌യാർഡ് ലിമിറ്റഡും അവരവരുടെ സി.എസ്.ആർ. ഫണ്ടിൽ നിന്ന് അനുവദിക്കാമെന്ന് ധാരണയായിട്ടുണ്ട്. ഇതനുസരിച്ച് BPCL-ഉം ആയുള്ള ധാരണാപത്രം ഒപ്പിട്ട് കഴിഞ്ഞു. ഷിപ്പ്‌യാർഡുമായി CSR ഫണ്ടിനുള്ള ധാരണാപത്രം ഒപ്പിടൽ അന്തിമ ഘട്ടത്തിലാണ്. രണ്ട് കോടി രൂപ ഫിഷറീസ് വകുപ്പും 7.36 കോടി രൂപ സി.എം.ഡി.ആർ.എഫ്.-ൽ നിന്നുമാണ് ചെലവഴിക്കുന്നത്. ഒരു വർഷത്തിനകം കൊച്ചിൻ ഷിപ്പ്‌യാർഡ് ടി 3 മറൈൻ ആംബുലൻസുകളും നിർമ്മിച്ച് ഫിഷറീസ് വകുപ്പിന് കൈമാറുന്നവിധം കൊച്ചിൻ ഷിപ്പ്‌യാർഡുമായി ധാരണാപത്രത്തിൽ ഒപ്പിടുന്നതിനുള്ള നടപടികൾ ഉടനെയുണ്ടാകും.

## സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതി മെച്ചപ്പെടുത്തുന്നതിന് നടപടി

10 (*669) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതി മെച്ചപ്പെടുത്തുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) ഉച്ചഭക്ഷണം ഗുണനിലവാരം പുലർത്തുന്നതിനും പദ്ധതി നടപ്പാക്കുന്നതിൽ ക്രമക്കേടുകൾ ഉണ്ടാകുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനും ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണ്; അറിയിക്കുമോ;

(സി) രാജ്യത്ത് ഏറ്റവും മികച്ച രീതിയിൽ ഉച്ചഭക്ഷണ പദ്ധതി നടപ്പാക്കുന്ന സംസ്ഥാനത്ത് ഇതിനായി സ്വന്തം കൈയിൽനിന്ന് ചെലവാകുന്ന തുക പ്രധാന അദ്ധ്യാപകർക്ക് കൃത്യമായി മടക്കിലഭിക്കുന്നില്ലെന്ന പ്രശ്നം പരിഹരിക്കാൻ നടപടിയെടുക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): (എ&ബി) ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പ് കാര്യക്ഷമമായും സുതാര്യവുമാക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഉച്ചഭക്ഷണ പദ്ധതിയിൽ പ്രഥമാദ്ധ്യാപകർ കൈയിൽനിന്ന് തുക ചെലവാക്കേണ്ട സാഹചര്യം ഇപ്പോൾ നിലവിലില്ല.

**ഉൾനാടൻ മത്സ്യകൃഷി**

11 (*671) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിന് ധനസഹായ പദ്ധതികൾ നിലവിലുണ്ടോ; വിശദമാക്കാമോ;

(ബി) ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഫലപ്രദമായ പദ്ധതികൾ ആവിഷ്കരിക്കുമോയെന്ന് വ്യക്തമാക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): (എ) ഉണ്ട്. ഉൾനാടൻ മത്സ്യകൃഷി വർദ്ധിപ്പിക്കുന്നതിനായി 2017-18 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ജനകീയ മത്സ്യകൃഷി രണ്ടാംഘട്ടം പദ്ധതി. ഇതിനായി 2338 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന ഘടക പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. മാതൃകാ ശുദ്ധജല മത്സ്യകൃഷി
2. ചെറുകുളങ്ങളിലെ ശുദ്ധജല മത്സ്യകൃഷി
3. വലിയ കുളങ്ങളിലെ ശുദ്ധജല മത്സ്യകൃഷി
4. ചെമ്മീൻ കൃഷി
5. പാടശേഖരങ്ങളിലെ മത്സ്യകൃഷി

ഇതിനുപുറമേ ബ്ലൂ റെവല്യൂഷൻ പദ്ധതിയിലുൾപ്പെടുത്തി 2017-18 സാമ്പത്തിക വർഷത്തിൽ വിവിധ പദ്ധതികൾക്കായി 686.6 ലക്ഷം രൂപയുടെ കേന്ദ്രസഹായവും ലഭിച്ചിട്ടുണ്ട്.

(ബി) ഉൾനാടൻ മത്സ്യകൃഷിയുടെ വ്യാപനത്തിനും പ്രോത്സാഹനത്തിനുമായി 2017-18 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച ജനകീയ മത്സ്യകൃഷി രണ്ടാംഘട്ടം പദ്ധതിയുടെ ഭാഗമായി തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിലായി വിവിധ തരം കാർപ്പ് മത്സ്യങ്ങളുടെ കൃഷി, ഗിഫ്റ്റ് കൃഷി, പാടശേഖരങ്ങളിലെ മത്സ്യകൃഷി, ചെമ്മീൻ കൃഷി, വിവിധതരം കൂടുകൃഷികൾ, പുനഃപര്യയന മത്സ്യകൃഷി (ആർ.എ.എസ്.) എന്നിങ്ങനെ 21-ഓളം ഉപഘടക പദ്ധതികൾ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടി പദ്ധതികളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു;

1. ശാസ്ത്രീയ സമ്മിശ്ര കാർപ്പ് മത്സ്യകൃഷി
2. കുളങ്ങളിലെ ആസാംവാള കൃഷി
3. കുളങ്ങളിലെ ഗിഫ്റ്റ് കൃഷി
4. റിസർക്കുലേറ്ററി അക്വാകൾച്ചർ സംവിധാനത്തിലെ ഗിഫ്റ്റ് കൃഷി
5. ഒരു നെല്ലും ഒരു മീനും പദ്ധതി
6. ജലസംഭരണികളിലെ മത്സ്യകൃഷി
7. കാര ചെമ്മീൻ കൃഷി
8. നാരൻ ചെമ്മീൻ കൃഷി
9. വനാമി ചെമ്മീൻ കൃഷി
10. ബഹുവർഗ്ഗ ഓരുജല മത്സ്യകൃഷി
11. ഓരുജല കൂട് മത്സ്യകൃഷി
12. ഞണ്ട് കൃഷി/ ഞണ്ട് കൊഴുപ്പിക്കൽ
13. കല്ലുമ്മേക്കായ് കൃഷി
14. പടുതാ കുളങ്ങളിലെ കരിമീൻ കൃഷി
15. പിന്നാമ്പുറ കുളങ്ങളിലെ കരിമീൻ കൃഷി
16. സംയോജിത മത്സ്യ-താറാവ്/കോഴി കൃഷി
17. കൂടുകളിലെ അലങ്കാര മത്സ്യകൃഷി
18. പിന്നാമ്പുറ അലങ്കാര മത്സ്യകൃഷി യൂണിറ്റുകളുടെ പുനഃസ്ഥാപന പദ്ധതി

19. പുതിയ പിന്നാമ്പുറ അലങ്കാര മത്സ്യകൃഷി യൂണിറ്റുകൾ

20. മത്സ്യവിത്ത് പരിപാലന കേന്ദ്രങ്ങൾ

21. "ലൈവ് ഫിഷ്" മാർക്കറ്റുകൾ.

ഇതിനുപറമെ 2017-20 സാമ്പത്തിക വർഷങ്ങളിൽ ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലായി 4000 ഹെക്ടർ പ്രദേശത്ത് "കൈപ്പാട്/പൊക്കാളി സംയോജിത നെല്ല് ചെമ്മീൻ കൃഷി പദ്ധതി" നടപ്പിലാക്കുന്നതിനായി 296 കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

**റോഡുകളുടെ ഇരുവശത്തും മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള പദ്ധതി**

12 (*672) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരൾച്ചയും കാലാവസ്ഥാ വ്യതിയാനവും ഉണ്ടാക്കുന്ന പ്രശ്നങ്ങൾ തടയുന്നതിനും വീഥികൾ പരിസ്ഥിതി സൗഹൃദമാക്കുന്നതിനും മരാമത്ത് വകുപ്പ് സോഷ്യൽ ഫോറസ്ട്രി വകുപ്പുമായി ചേർന്ന് പ്രധാന റോഡുകളുടെ ഇരുവശത്തും മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) എങ്കിൽ തണൽമരങ്ങൾ വച്ചുപിടിപ്പിക്കുന്ന പദ്ധതി എന്ന് മുതൽ ആരംഭിക്കുമെന്നും ഇത് ഏത് ഏജൻസിയെയാണ് ഏൽപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ;

(സി) റോഡുവികസനത്തിന്റെ ഭാഗമായി വൻതോതിൽ തണൽമരങ്ങൾ മുറിച്ചുമാറ്റുന്നത് തടയാൻ ബന്ധപ്പെട്ടവർക്ക് അടിയന്തര നിർദ്ദേശം നൽകുമോ എന്ന് വ്യക്തമാക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): (എ&ബി) പൊതുമരാമത്ത് വകുപ്പ് റോഡിന്റെ വശങ്ങളിൽ സ്ഥലം ലഭ്യമായ ഭാഗങ്ങളിൽ സോഷ്യൽ ഫോറസ്ട്രി വകുപ്പ് മരം വച്ചുപിടിപ്പിക്കുന്നുണ്ട്. എന്നാൽ പൊതുമരാമത്ത് വകുപ്പും സോഷ്യൽ ഫോറസ്ട്രി വകുപ്പുമായി ചേർന്ന് ഇതിനായി പദ്ധതിയൊന്നും രൂപീകരിച്ചിട്ടില്ല. റോഡിന്റെ വശങ്ങളിൽ മരം വച്ചുപിടിപ്പിക്കൽ

വലിയ പ്രശ്നമാണ് വികസനകാലത്ത് വരുത്തുന്നത്. വനം വകുപ്പ് അനുവാദം നൽകാതെ പണി നിർത്തിയ നിരവധി സംഭവങ്ങളുണ്ട്. ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം റോഡിന്റെ ഭൂമിയിൽ മറ്റ് വകുപ്പുകൾ കയ്യേറാതിരിക്കുന്നതാണ് ഉചിതം. വനം വകുപ്പിന് റോഡിനുമേൽ മൗലികാവകാശമില്ല. മരാമത്ത് വകുപ്പിനാണ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം അധികാരം. നിയമങ്ങൾ ജനങ്ങൾക്ക് വേണ്ടിയാണ് ഉദ്യോഗസ്ഥന്മാർക്ക് വേണ്ടിയല്ല എന്നതാണ് സർക്കാർ നിലപാട്. എല്ലാവരേയും ഒഴിപ്പിക്കുന്നതാണ്.

(സി) റോഡുവികസനത്തിന്റെ ഭാഗമായി സോഷ്യൽ ഫോറസ്ട്രി വകുപ്പിന്റെ അനുവാദത്തോടും നിബന്ധനകളുടെയും അടിസ്ഥാനത്തിൽ റോഡ് വികസനത്തിനാവശ്യമുള്ള മരങ്ങൾ മാത്രമാണ് മുറിച്ചുമാറ്റുന്നത്. എന്നാൽ റോഡുവികസനത്തിന്റെ പേരിൽ ആവശ്യമില്ലാതെ മരങ്ങൾ മുറിച്ചുമാറ്റാറില്ല.

## പ്രവൃത്തികളുടെ നിർവ്വഹണത്തിലെ കാലതാമസം ഒഴിവാക്കാൻ നടപടി

13 (*673) ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ പ്രവർത്തനത്തിലെ ആസൂത്രണ പിഴവുകളും നടത്തിപ്പിലെ പോരായ്മകളുംമൂലം പല പൊതുമരാമത്ത് പദ്ധതികളുടെയും നിർവഹണത്തിൽ കാലതാമസവും അധിക ചെലവും ഉണ്ടാകുന്നത് സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) റോഡ് നിർമ്മാണത്തിന് മുമ്പുതന്നെ പൈപ്പ് ലൈനും വൈദ്യുതി കേബിളുകളും പോസ്റ്റുകളും മാറ്റിസ്ഥാപിച്ചാൽ അനാവശ്യ സാമ്പത്തികചെലവും നിർമ്മാണനഷ്ടവും ഒഴിവാക്കുന്നതിന് കഴിയുമെന്ന കാര്യം പരിഗണിച്ച് ഇക്കാര്യത്തിൽ വേണ്ട നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുമോ;

(സി) റവന്യൂ, തദ്ദേശസ്വയംഭരണം, കെ.എസ്.ഇ.ബി, വാട്ടർ അതോറിറ്റി തുടങ്ങിയ വകുപ്പുകളുമായുള്ള ഏകോപനത്തിനുശേഷം നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനും ഏകോപനം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): (എ) പൊതുമരാമത്ത് വകുപ്പിലെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വകുപ്പിലെ വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥർ വിലയിരുത്തുന്നുണ്ട്. വികസന പ്രവൃത്തികൾക്കാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് മുൻപ് പ്രവൃത്തി ആരംഭിക്കുക, തർക്കങ്ങളും കോടതി നടപടികളും നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യം, വനമേഖലയിൽക്കൂടിയുള്ള പ്രവർത്തനങ്ങൾക്ക് വനം വകുപ്പിന്റെ അനുമതി, നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് Kerala Water Authority, KSEB, BSNL, മറ്റ് ഏജൻസികൾ എന്നിവരുടെ യൂട്ടിലിറ്റീസ് സ്ഥാപിക്കുന്നതും, മാറ്റിസ്ഥാപിക്കുന്നതിലുമുള്ള കാലതാമസം, പ്രതികൂല കാലാവസ്ഥ, ചില കരാറുകാരുടെയും, ഉദ്യോഗസ്ഥരുടെയും അനാസ്ഥ, വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ കുറവ് എന്നിവ വിവിധ പദ്ധതികളുടെ സമയബന്ധിതമായ നിർവ്വഹണത്തിൽ കാലതാമസം ഉണ്ടാകുന്നുണ്ട്. ആസൂത്രണ പിഴവായിരുന്നു കഴിഞ്ഞകാലത്തെ പ്രധാന കുഴപ്പം; മേൽനോട്ട പിഴവ് രണ്ടാമത്; സാമഗ്രികളുടെ ദൗർലഭ്യം മൂന്നാമത്. സമയത്ത് തീർക്കാത്തത് നാലാമത്. മറ്റ് കുഴപ്പങ്ങളും ഉണ്ടായിരുന്നു. പുതിയ സർക്കാർ ഇതെല്ലാം മാറ്റാൻ ശ്രമിച്ചുവരുന്നു. വലിയ മാറ്റം ഉണ്ടായിക്കഴിഞ്ഞിട്ടുണ്ട്. ദേശീയപാതാ വിഭാഗത്തിൽ വലിയ പദ്ധതികൾ എഞ്ചിനീയറിംഗ് പ്രൊക്യൂർമെന്റ് ആന്റ് കൺസ്ട്രക്ഷൻ (EPC) വ്യവസ്ഥയിലാണ് നടപ്പിലാക്കിവരുന്നത്. ഇത്തരം നിർമ്മാണ പ്രവർത്തനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും നടത്തിപ്പിലെ പോരായ്മകൾ ഒഴിവാക്കുന്നതിനുമായി പ്രത്യേകം കൺസൾട്ടന്റ് എഞ്ചിനീയർമാരെ നിയമിക്കാറുണ്ട്.

(ബി) റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് പൈപ്പ് ലൈനും, വൈദ്യുതി കേബിളുകളും പോസ്റ്റുകളും മാറ്റിസ്ഥാപിക്കുന്ന പ്രവൃത്തികൾ പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതിയിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കിവരുന്നത്. റോഡ് നിർമ്മാണത്തിന് മുൻപുതന്നെ പൈപ്പ് ലൈനുകളും, വൈദ്യുതി കേബിളുകളും, പോസ്റ്റുകളും മാറ്റി സ്ഥാപിക്കുന്നതിനായി പ്രത്യേക ഭരണാനുമതി ലഭ്യമാക്കി പ്രവൃത്തി നടപ്പിലാക്കേണ്ടതുണ്ട്. വലിയ മരാമത്ത് പദ്ധതികൾ തുടങ്ങുന്നതിന് 6 മാസം മുമ്പും ചെറിയ പദ്ധതികൾ തുടങ്ങുന്നതിന് 3 മാസം മുമ്പും ലിസ്റ്റ് തയ്യാറാക്കി പൊതുമരാമത്ത് വകുപ്പ് ബന്ധപ്പെട്ട വകുപ്പുകളെ അറിയിച്ചുവരുന്നു. ഇത് പ്രവൃത്തികളുടെ നടത്തിപ്പിന് കൂടുതൽ കാലതാമസം വരുത്തുന്നുണ്ട്. ദേശീയ പാതാ വിഭാഗത്തിൽ റോഡ് നിർമ്മാണത്തിന് മുൻപുതന്നെ പൈപ്പ് ലൈനുകളും വൈദ്യുത കേബിളുകളും മാറ്റി സ്ഥാപിക്കാറുണ്ട്. കൂടാതെ നിലവിലുള്ള ദേശീയ പാതകൾ നാലുവരിപ്പാതയായി വികസിപ്പിക്കുമ്പോൾ കേബിളുകൾ, പൈപ്പുകൾ എന്നിവ സ്ഥാപിക്കുന്നതിന് യൂട്ടിലിറ്റി സ്പേസ്/യൂട്ടിലിറ്റി ഡക്ട് എന്നിവ ഉൾപ്പെടുത്തുന്നതാണ്.

(സി) ഓരോ ജില്ലകളിലെയും ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ പൊതുമരാമത്ത്, റവന്യൂ, തദ്ദേശ സ്വയംഭരണം, കെ.എസ്.ഇ.ബി, വാട്ടർ അതോറിറ്റി തുടങ്ങിയ വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാരും ചേർന്നുള്ള ജില്ലാതല ഏകോപന സമിതി നിലവിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ടി സമിതി മേൽപ്പറഞ്ഞ വകുപ്പുകളുമായുള്ള ഏകോപനത്തിനുശേഷം നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പൊതുമരാമത്ത് റോഡുകളിൽ Kerala Water Authority, KSEB, BSNL, മറ്റ് സ്വകാര്യ ടെലികോം സേവന ദാതാക്കൾ തുടങ്ങിയവരുടെ യൂട്ടിലിറ്റീസ് സ്ഥാപിക്കുന്നതു സംബന്ധിച്ചുള്ള പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതുമായി ബന്ധപ്പെട്ട് പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ 5-1-2018-ലെ സർക്കാർ ഉത്തരവ് G.O. (Rt.) No.30/2018/PWD പ്രകാരം അംഗീകരിച്ച് ഉത്തരവ്ആയിട്ടുണ്ട്. അതിൻപ്രകാരം കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി. എന്നിവയുടെ പ്രവൃത്തികൾക്കായി റോഡ് കുഴിക്കേണ്ടിവരുന്ന അവസരങ്ങളിൽ പ്രസ്തുത വിവരം ആറ് മാസം മുൻപെങ്കിലും പൊതുമരാമത്ത് വകുപ്പിനെ അറിയിക്കേണ്ടതാണ്. റോഡ് കട്ടിംഗുകൾ പരമാവധി കുറയ്ക്കുന്നതിനുള്ള ട്രെഞ്ച്ലെസ്സ് ടെക്നോളജി അടക്കമുള്ള നൂതനമായ സാങ്കേതിക വിദ്യകൾ പൈപ്പുകൾ ഇടുന്നതിൽ ഉപയോഗിക്കേണ്ടതുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. വീതി കുറഞ്ഞ റോഡുകളിൽ ടാർ കട്ടിംഗ് ആവശ്യമായി വരുമ്പോൾ മറ്റ് റൂട്ടുകൾ തെരഞ്ഞെടുക്കാൻ ശ്രമിക്കേണ്ടതും, സ്വകാര്യ വ്യക്തികളുടെ സ്ഥലത്തുകൂടി പൈപ്പുകൾ ഇടുന്നതിനുള്ള സാധ്യത ആരായേണ്ടതുമാണ്. ഇപ്രകാരം രണ്ട് വകുപ്പുകളുമായി സഹകരിച്ച് പ്രവൃത്തികൾ നടത്തുകയാണെങ്കിൽ പ്രസ്തുത പ്രശ്നത്തിനുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒരു പരിധിവരെ പരിഹരിക്കാൻ സാധിക്കും. എന്തെല്ലാം തീരുമാനിച്ചാലും വകുപ്പിലെ ഏതെങ്കിലും ഉദ്യോഗസ്ഥന്മാരെക്കൊണ്ട് വലിയ പ്രയാസങ്ങൾ സംഭവിക്കുന്നുണ്ട്. അത് മാറ്റാൻ നടപടികളെടുത്തുവരുന്നു.

## കശുവണ്ടി മേഖലയിലെ പ്രശ്നങ്ങൾ

14 (*674) ശ്രീ. അടൂർ പ്രകാശ് :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. എ. പി. അനിൽ കുമാർ :

ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാപ്പെക്സിന്റെയും കശുവണ്ടി വികസന കോർപ്പറേഷന്റെയും കീഴിലുള്ള നാല്പത് ഫാക്ടറികളും സ്വകാര്യമേഖലയിലുള്ള എഴുന്നൂറോളം ഫാക്ടറികളും അടഞ്ഞ് കിടക്കുന്നത് മൂലമുള്ള ഗുരുതരമായ സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തൊണ്ണൂറ് ശതമാനവും സ്ത്രീ തൊഴിലാളികൾ പണിയെടുക്കുന്ന ഈ മേഖലയിൽ തൊഴിലാളികൾ പട്ടിണിമൂലം ബുദ്ധിമുട്ടുമ്പോഴും ഫാക്ടറികൾ തുറക്കുന്നതിനും തൊഴിലാളികൾക്ക് ആശ്വാസം എത്തിക്കുന്നതിനും സാധിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) കശുവണ്ടി മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്ഥാപിതമായ കാഷ്യൂ ബോർഡ് തോട്ടണ്ടി സംഭരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിജയപ്രദമായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കുമോ;

(ഡി) ആഫ്രിക്കൻ രാജ്യങ്ങളിലെ സീസൺ നോക്കി തോട്ടണ്ടി സംഭരിക്കുവാൻ കാഷ്യൂ ബോർഡിനെ സജ്ജമാക്കുവാൻ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): (എ&ബി) സീസണൽ വ്യവസായമായതിനാൽ കാഷ്യൂ ഫാക്ടറികൾ 365 ദിവസവും പ്രവർത്തിക്കാറില്ല. എന്നാൽ സീസൺ ആരംഭിച്ചിട്ടുള്ളതിനാൽ ഇപ്പോൾ അടഞ്ഞുകിടക്കുന്ന ഭൂരിപക്ഷം ഫാക്ടറികളും തുറന്നുപ്രവർത്തിപ്പിക്കാൻ കഴിയുന്നതാണ്. കടക്കെണിമൂലം പൂട്ടിക്കിടക്കുന്ന സ്വകാര്യ ഫാക്ടറികൾ തുറന്നുപ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ ധനകാര്യസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നടത്തിവരുന്നു. 2018 മേയ് മാസത്തോടുകൂടി പൂട്ടിക്കിടക്കുന്ന ചെറുകിട സ്വകാര്യ ഫാക്ടറികൾ തുറന്നുപ്രവർത്തിപ്പിക്കാൻ കഴിയുന്നതാണ്. തോട്ടണ്ടി ദൗർലഭ്യം കാരണം പ്രവർത്തിപ്പിക്കാൻ ബുദ്ധിമുട്ടുന്ന സ്വകാര്യ ഫാക്ടറികളും സീസൺ ആരംഭിക്കുന്നതോടുകൂടി തുറന്നുപ്രവർത്തിപ്പിക്കാൻ കഴിയുന്നതാണ്.

ആഭ്യന്തരമായി ലഭ്യമാകുന്ന തോട്ടണ്ടി പരമാവധി സംഭരിക്കുന്നതിന് കേരള കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സും ശ്രമമാരംഭിച്ചിട്ടുണ്ട്. തോട്ടണ്ടി ലഭ്യമാക്കി അവയുടെ ഫാക്ടറികൾ ഏപ്രിൽ മാസത്തോടെ പ്രവർത്തനം പുനരാരംഭിക്കാനാകുമെന്ന് കരുതുന്നു.

(സി) കേരള കാഷ്യൂ ബോർഡ് ആഫ്രിക്കൻ രാജ്യങ്ങളിൽനിന്നും കശുവണ്ടി ഇറക്കുമതി ചെയ്യുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരികയാണ്. ആഫ്രിക്കൻ രാജ്യങ്ങളിൽനിന്നും ഗവൺമെന്റ് ടു ഗവൺമെന്റ് തലത്തിൽ നേരിട്ട്

കശുവണ്ടി സംഭരിക്കുന്നതിന് സാധ്യതയില്ലെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ഇറക്കുമതി സാധ്യമാക്കുന്നതിനായി കേരള കാഷ്യൂ ബോർഡ് Expression of Interest ക്ഷണിച്ചിട്ടുണ്ട്. ടാൻസാനിയായിൽനിന്നും തോട്ടണ്ടി സംഭരിക്കുന്നതിനായി അവിടെ കമ്പനി രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ അന്യ സംസ്ഥാനങ്ങളിൽനിന്നും തോട്ടണ്ടി നേരിട്ട് സംഭരിക്കുന്നതിനും കാഷ്യൂ ബോർഡ് ശ്രമിച്ചുവരികയാണ്.

(ഡി) കാഷ്യൂനട്ട് ബോർഡ് ഓഫ് ടാൻസാനിയ ഓരോ വർഷവും സെപ്റ്റംബർ മുതൽ കശുവണ്ടിയുടെ ലേലം നടത്തുന്നുണ്ട്. ഈ ലേലത്തിൽ നേരിട്ട് പങ്കെടുക്കുന്നതിനായി ടാൻസാനിയയിൽ കമ്പനി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്.

**സ്കൂൾ പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും**

15 (*675) ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. കെ. ബാബു :
പ്രൊഫ. കെ. യു. അരുണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ പാഠപുസ്തകങ്ങൾ സമയബന്ധിതമായി അച്ചടിക്കുന്നതിനും സ്കൂൾ തുറക്കുന്നതിന് മുൻപുതന്നെ വിതരണത്തിനും ഏർപ്പെടുത്തിയ ക്രമീകരണങ്ങൾ വിശദമാക്കാമോ;

(ബി) പാഠപുസ്തകങ്ങൾ അച്ചടിക്കുന്ന പ്രസ്സുകളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(സി) ഹയർ സെക്കണ്ടറിയിൽ എല്ലാ വിഷയങ്ങൾക്കും മലയാളത്തിൽ പാഠപുസ്തകങ്ങൾ ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങളുടെ പുരോഗതി അറിയിക്കുമോ;

(ഡി) നിലവിൽ എട്ടാം ക്ലാസുവരെ സൗജന്യമായി വിതരണം ചെയ്യുന്ന പാഠപുസ്തകങ്ങൾ പന്ത്രണ്ടാം ക്ലാസുവരെ സൗജന്യമാക്കുന്ന കാര്യം പരിശോധിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): (എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി 2018-19 അദ്ധ്യയന വർഷം ആരംഭിക്കുന്നതിന് മുമ്പുതന്നെ വിദ്യാർത്ഥികൾക്ക്

പാഠപുസ്തകങ്ങൾ എത്തിക്കുവാനുള്ള ശ്രമത്തിന്റെ ഭാഗമായി 3-8-2017-ലെ സർക്കാർ ഉത്തരവ് പ്രകാരം 2018-19 അദ്ധ്യയന വർഷത്തേക്കുള്ള 1 മുതൽ 10 വരെ ക്ലാസ്സുകളിലെ അച്ചടിയും വിതരണവും കെ.ബി.പി.എസ്.-നെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവായി. അതുപ്രകാരം ടി ക്ലാസ്സുകളിലേക്കുള്ള പാഠപുസ്തകങ്ങൾ അച്ചടിക്കാനുള്ള ടെൻടേറ്റീവ് പ്രിന്റ് ഓർഡർ 16-10-2017-ലെ കത്ത് പ്രകാരം കെ.ബി.പി.എസ്.-ന് നൽകുകയുണ്ടായി. തുടർന്ന് 22-11-2017 മുതൽ 18-12-2017 വരെ സ്കൂളുകൾക്കാവശ്യമായ പാഠപുസ്തകങ്ങൾക്കുള്ള ഇൻഡന്റ് രേഖപ്പെടുത്തുവാനുള്ള സമയം അനുവദിക്കുകയും ആയത് പ്രകാരം ലഭിച്ച ഇൻഡന്റിന്റെ അടിസ്ഥാനത്തിൽ 22-12-2017-ന് ഒന്നാം വാല്യം പാഠപുസ്തകത്തിന്റെ അച്ചടിക്കും വിതരണത്തിനുമായുള്ള അന്തിമ പ്രിന്റ് ഓർഡർ നൽകുകയും ചെയ്തു. ഒന്നാം വാല്യം പാഠപുസ്തകത്തിന്റെ വിതരണം ജനുവരി 15 മുതൽ കെ.ബി.പി.എസ്. ആരംഭിച്ചു. ആയത് ഇപ്പോൾ അവസാന ഘട്ടത്തിലാണ്. സ്കൂൾ അദ്ധ്യയന വർഷാരംഭത്തിന് 5 മാസം മുമ്പുതന്നെ സ്കൂളുകളിൽ പാഠപുസ്തകങ്ങൾ എത്തിച്ചുതുടങ്ങി. രണ്ട് മുതൽ ഒൻപതുവരെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് വർഷാവസാന പരീക്ഷ തീരുന്ന മുറയ്ക്കും ഒൻപതാം ക്ലാസ്സിലെ റിസൾട്ട് വരുന്നമുറയ്ക്ക് 10-ാം ക്ലാസ്സിലെയും പാഠപുസ്തകങ്ങൾ നൽകുവാനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു. ജില്ലാതലത്തിൽ പാഠപുസ്തക വിതരണം ഏകോപിപ്പിക്കുന്നതിനായി വിദ്യാഭ്യാസ ഉപഡയറക്ടറുടെ കീഴിൽ ഒരു സൂപ്രണ്ടിനേയും രണ്ട് ക്ലാർക്കുമാരേയും വിദ്യാഭ്യാസ ജില്ലാതലത്തിൽ പാഠപുസ്തക വിതരണത്തിന്റെ മേൽനോട്ടം വഹിക്കുന്നതിന് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരേയും ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് നൽകിക്കഴിഞ്ഞു. സംസ്ഥാനതലത്തിൽ പാഠപുസ്തക വിതരണത്തിന്റെ പുരോഗതി വിലയിരുത്തുന്നതിനായി മൂന്ന് മേഖലയായി തിരിച്ച് രണ്ട് അഡീഷണൽ ഡയറക്ടർമാർക്കും ഒരു ജോയിന്റ് ഡയറക്ടർക്കും ചാർജ് നൽകിയിട്ടുണ്ട്;

2018-19 അദ്ധ്യയന വർഷത്തേക്കുള്ള പാഠപുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്യുന്നത് ചുവടെ ചേർക്കുന്ന ഷെഡ്യൂൾ പ്രകാരമാണ്.

ഒന്നാം വാല്യം-2018 ഏപ്രിൽ 15

രണ്ടാം വാല്യം-2018 ആഗസ്റ്റ് 30

മൂന്നാം വാല്യം-2018 ഒക്ടോബർ 30

2018-19 അദ്ധ്യയന വർഷത്തെ പ്ലസ് വൺ, പ്ലസ് ടു പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും സി-ആപ്റ്റ് മുഖേനയാണ് നടത്തുന്നത്. പ്രസ്തുത വർഷം

ഓൺലൈൻ ചെയ്ത സ്കൂളുകൾക്കുള്ള പ്ലസ് ടു പാഠപുസ്തകങ്ങൾ ഏപ്രിൽ മാസം അവസാനത്തോടുകൂടിയും പ്ലസ് വൺ പാഠപുസ്തകങ്ങൾ മേയ് മാസം അവസാനത്തോടുകൂടിയും വിതരണം പൂർത്തീകരിക്കാനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഇതിനുവേണ്ടി എല്ലാ ജില്ലകളിലും സി-ആപ്റ്റ് സബ് സെന്ററിലെ ജീവനക്കാർ മുഖേന വിതരണം നടത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇപ്രകാരം 2018-19 അദ്ധ്യയന വർഷത്തെ പാഠപുസ്തക വിതരണം കുറ്റമറ്റ രീതിയിൽ നടത്തുന്നതിനായി എല്ലാ നടപടികളും കൈക്കൊണ്ടുകഴിഞ്ഞു.

(ബി) നിലവിൽ 1 മുതൽ 10 വരെ ക്ലാസ്സുകളിലേക്കുള്ള പാഠപുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്യുന്നത് കേരള ബുക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റി (കെ.ബി.പി.എസ്.) എന്ന സ്ഥാപനമാണ്. ടി പാഠപസ്തകങ്ങളുടെ അച്ചടിയും വിതരണവും കെ.ബി.പി.എസ്. വളരെ കാര്യക്ഷമമായി നടത്തിവരുന്നു. കെ.ബി.പി.എസ്. എന്ന സ്ഥാപനം 1955-ലെ ട്രാവൻകൂർ-കൊച്ചിൻ ലിറ്ററി ആൻഡ് ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സൊസൈറ്റി ആയതിനാൽ അതിന്റെ ഭരണ സമിതിയാണ് അച്ചടി പ്രസ്സിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള തീരുമാനം കൈക്കൊള്ളുന്നത്.

പാഠപുസ്തക അച്ചടിക്ക് മാത്രമായി സി-ആപ്റ്റിൽ ഒരു ഫോർ കളർ വെബ് ഓഫ്സെറ്റ് മെഷീൻ പുതുതായി സ്ഥാപിച്ചിട്ടുണ്ട്.

(സി) ഹയർ സെക്കണ്ടറി പാഠപുസ്തകങ്ങൾ ഇംഗ്ലീഷിന് പുറമെ മലയാളത്തിൽക്കൂടി തയ്യാറാക്കി നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**ആധുനിക സൗകര്യങ്ങളും വൃത്തിയുമുള്ള മത്സ്യമാർക്കറ്റുകൾ**

16 (*676) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധുനിക സൗകര്യങ്ങളോടുകൂടിയ മത്സ്യ മാർക്കറ്റുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) നല്ല മത്സ്യങ്ങൾ കുറഞ്ഞ വിലയ്ക്ക് ഈ മാർക്കറ്റിലൂടെ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഈ സ്ഥലങ്ങളിലെ വൃത്തിയും വെടിപ്പും കാത്തുസൂക്ഷിക്കാൻ എന്തെല്ലാം ക്രമീകരണങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): (എ-സി) ഉണ്ട്.

ദേശീയ മത്സ്യ വികസന ബോർഡ്/കേന്ദ്ര സർക്കാർ സഹായത്തോടെ സംസ്ഥാനത്തെ മത്സ്യമാർക്കറ്റുകൾ ആധുനികവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിൻപ്രകാരം 39 മത്സ്യമാർക്കറ്റുകൾ നവീകരിക്കുന്നതിന് അനുമതി നൽകുകയും 34 എണ്ണം പൂർത്തീകരിച്ചിട്ടുമുണ്ട്. നാല് മാർക്കറ്റുകളുടെ നിർമ്മാണം കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ വഴി പൂർത്തീകരിച്ചുവരുന്നു. ഒരു മാർക്കറ്റിന്റെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചുവരികയാണ്. ശുദ്ധമായ മത്സ്യം ലഭ്യമാക്കുന്നതിനും തദ്വാരാ വിപണന സാധ്യതയും മത്സ്യത്തിന് ന്യായവിലയും ഉറപ്പ് വരുത്തുന്നതിനുമായി ഓരോ മത്സ്യമാർക്കറ്റിലും പച്ച മത്സ്യത്തിനും ഉണക്ക മത്സ്യത്തിനും പ്രത്യേകം പ്രത്യേകം സ്റ്റാളുകൾ, മത്സ്യം വൃത്തിയായി കഴുകുന്നതിനാവശ്യമായ സിങ്ക്, മലിനജലം പൂർണ്ണമായും ഒഴുകിപ്പോകുന്ന രീതിയിലുള്ള ഡ്രെയിൻ, മത്സ്യം മുറിക്കുന്നതിനുള്ള സ്ലാബ് എന്നീ സംവിധാനങ്ങളോടുകൂടിയ വിപണന സ്റ്റാളുകൾ, മത്സ്യം ലേലം ചെയ്യുന്നതിനായി ലേല ഹാൾ എന്നീ സൗകര്യങ്ങൾ ആവശ്യാനുസരണം നൽകിയിട്ടുണ്ട്. ഇതു കൂടാതെ ശുചിത്വം ഉറപ്പാക്കുന്നതിനായി മലിനജല സംസ്കരണ യൂണിറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. അധികംവരുന്ന മത്സ്യം കേടുകൂടാതെ സൂക്ഷിച്ച വയ്ക്കുന്നതിനായി ചിൽ റൂം സംവിധാനവും, ശുദ്ധമായ ഐസിന്റെ ലഭ്യത ഉറപ്പ് വരുത്തുന്നതിനായി ഫ്ലേക്ക് ഐസ് യൂണിറ്റും പ്രസ്തുത മത്സ്യമാർക്കറ്റുകളുടെ ഒരു സവിശേഷതയാണ്. എല്ലാ മാർക്കറ്റുകളിലും ടോയ്ലെറ്റ് സംവിധാനവും ഉറപ്പാക്കിയിട്ടുണ്ട്. ഗുണനിലവാരമുള്ള മത്സ്യം കുറഞ്ഞവിലയ്ക്ക് ലഭ്യമാക്കുന്നതിനുവേണ്ടി മത്സ്യം കൈകാര്യംചെയ്യുന്ന സ്ഥലങ്ങളായ ഹാർബറുകൾ, ലാന്റിംഗ് സെന്ററുകൾ, മത്സ്യബന്ധന യാനങ്ങൾ മത്സ്യപരിവാഹന വാഹനങ്ങൾ എന്നിവയുടെയും സംസ്കരണത്തിന് ഉപയോഗിക്കുന്ന ഐസിന്റേയും ശുചിത്വം കൂടാതെ മത്സ്യത്തിൽ അനാരോഗ്യകരമായ പദാർത്ഥങ്ങൾ ചേർത്ത് വിൽക്കുന്നവർക്കെതിരെയും ശിക്ഷണ നടപടി ഉറപ്പുവരുത്തേണ്ടതുണ്ട്. ഇത്തരം തെറ്റായ പ്രവണതകൾ നിയന്ത്രിക്കുന്നതിനുള്ള നിയമ നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നു.

## മലയോര ഹൈവേ, തീരദേശ ഹൈവേ പദ്ധതികൾ

17 (*677) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര ഹൈവേ, തീരദേശ ഹൈവേ എന്നീ പദ്ധതികൾ നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ബി) ഇതിനായി ബജറ്റിൽ തുക എന്തെങ്കിലും നീക്കിവച്ചിട്ടുണ്ടോയെന്നും ഏത് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഈ ഹൈവേകൾ നിർമ്മിക്കുന്നതെന്നും വെളിപ്പെടുത്തുമോ;

(സി) മലയോര ഹൈവേക്കുവേണ്ടി നാറ്റ്പാക് നടത്തിയ വിശദമായ പഠനറിപ്പോർട്ട് പ്രകാരം ഈ ഹൈവേ ആകെ എത്ര കിലോമീറ്ററാണെന്നും ഇതിന്റെ മതിപ്പ് ചെലവ് എത്രയാണെന്നും വെളിപ്പെടുത്തുമോ;

(ഡി) തീരദേശ ഹൈവേ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) (എ) ഉണ്ട്.

(ബി) മലയോര ഹൈവേയുടെ നിർമ്മാണത്തിനായി 2017-18-ലെ ബജറ്റ് പ്രസംഗത്തിൽ കിഫ്ബിയിൽനിന്നും 3500 കോടി രൂപ ലഭ്യമാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. 10-7-2017 -ലെ G.O (Rt.) No. 942/2017/PWD ഉത്തരവ് പ്രകാരം മലയോര ഹൈവേയുടെ നിർമ്മാണത്തിനായി 3500 കോടി രൂപയ്ക്കുള്ള In Principle Administrative Sanction സർക്കാർ നൽകിയിട്ടുണ്ട്.

(സി) മലയോര ഹൈവേയ്ക്കുവേണ്ടി നാറ്റ്പാക് പഠനം നടത്തുകയും ഇതിന്റെ വെളിച്ചത്തിൽ ഗവൺമെന്റ് അലൈൻമെന്റ് 6-7-2009-ലെ G.O (Rt.) No. 44/2009/PWD പ്രകാരം അംഗീകരിക്കുകയും ചെയ്തിരുന്നു. പ്രസ്തുത അലൈൻമെന്റ് പ്രകാരം 1267 കി.മീ. ആണ് ആകെ നീളം. മലയോര ഹൈവേ നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിന് NATPAC കണക്കാക്കിയിരുന്ന Rough Cost Estimate തുക 3316 കോടി രൂപയായിരുന്നു.

(ഡി) നിർദ്ദിഷ്ട തീരദേശ ഹൈവേയുടെ അലൈൻമെന്റ് തയ്യാറാക്കുന്നതിനായി NATPAC-നെ ഏർപ്പെടുത്തുകയും NATPAC സമർപ്പിച്ച

റിപ്പോർട്ട് പ്രകാരം ഫൈനൽ അലൈൻമെന്റ് 21-5-2017-ലെ G.O (Rt.) No. 679/2017/PWD പ്രകാരം അംഗീകരിച്ചിട്ടുള്ളതുമാണ്. പ്രസ്തുത തീരദേശ ഹൈവേ കേരളത്തിലെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ 9 ജില്ലകളിൽ കൂടിയാണ് കടന്നുപോകുന്നത്. വല്ലാർപാടം, കൊല്ലം, വിഴിഞ്ഞം എന്നീ തുറമുഖങ്ങളെയും മറ്റ് അനേകം ചെറിയ തുറമുഖങ്ങളെയും ബന്ധിപ്പിച്ചുകൊണ്ടാണ് തീരദേശ ഹൈവേ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. തീരദേശ ഹൈവേ മുഖാന്തരമുള്ള നേട്ടങ്ങൾ താഴെ പറയുന്നു;

ദേശീയപാതയിലെ ഗതാഗതക്കുരുക്ക് ലഘൂകരിക്കുക, പ്രധാനപ്പെട്ട ഹാർബറുകളും മത്സ്യവിപണന കേന്ദ്രങ്ങളും ബന്ധിപ്പിക്കൽ, തീരദേശ മേഖലയുടെ സർവ്വതോന്മുഖ പുരോഗതിക്ക് വഴിതുറക്കുക, വിനോദ സഞ്ചാര മേഖലയിൽ പുത്തൻ ഉണർവ് ഉണ്ടാക്കുക എന്നിവയാണ്. നിർദ്ദിഷ്ട റൂട്ടിൽ നിരവധി വലിയ പാലങ്ങളും ചെറിയ പാലങ്ങളും മേൽപ്പാലങ്ങളും ആയതുപോലെ ഫ്ളൈ ഓവറുകളും നിർമ്മിക്കേണ്ടതായിട്ടുണ്ട്. കൂടാതെ കടൽത്തീരത്തുകൂടി പോകുന്ന ഭാഗങ്ങളിൽ സംരക്ഷണ ഭിത്തികളും നിർമ്മിക്കേണ്ടതായിട്ടുണ്ട്. NATPAC സമർപ്പിച്ച റിപ്പോർട്ടിൻപ്രകാരം തീരദേശ പാതയുടെ നീളം 655.6 കി.മീറ്ററും ആയതിന് വേണ്ടിവരുന്ന ചെലവ് കണക്കാക്കിയിട്ടുള്ളത് 6040 കോടി രൂപയുമാണ്. തീരദേശപാത നിർമ്മിക്കുന്നതിനുള്ള പ്രായോഗികവും സാങ്കേതികവുമായ ബുദ്ധിമുട്ടുകൾ കാരണം ആയതിന്റെ ROW മൂന്ന് വിധത്തിലാണ് നിശ്ചയിച്ചിട്ടുള്ളത്. അതിൻപ്രകാരം ജനസാന്ദ്രത കുറഞ്ഞ ഭാഗത്ത് റോഡിന്റെ വീതി 7.00 മീറ്ററും ROW 12 മീറ്ററുമാണ്. മറ്റുള്ള ഭാഗങ്ങളിൽ റോഡിന്റെ വീതി 5.50 മീറ്ററും ROW 8 മീറ്ററുമാണ്. ജനസാന്ദ്രത കൂടിയ ഭാഗങ്ങളിൽ റോഡിന്റെ വീതി 5.50 മീറ്ററും ROW 7 മീറ്ററുമാണ്.

പ്രസ്തുത ഹൈവേ കടന്നുപോകുന്ന ജില്ലകളും അവയുടെ നീളവും വേർതിരിച്ച് താഴെ നൽകുന്നു. ഇതിൻ പ്രകാരം തീരദേശ പാതയുടെ നീളം 653.4 കിലോ മീറ്ററും ഇതിൽ വിവിധ ഭാഗങ്ങളിലായി ഏകദേശം 30 കി.മീ. നീളത്തിൽ പുതിയ റോഡുകൾ നിർമ്മിക്കേണ്ടതും പല സ്ഥലങ്ങളിലും പുതിയ പാലങ്ങളോ അല്ലെങ്കിൽ ഫ്ളൈ ഓവറുകളോ നിർമ്മിച്ചെങ്കിൽ മാത്രമേ കണക്ടിവിറ്റി ലഭിക്കുകയുള്ളൂ.

തിരുവനന്തപുരം - 77.96 കി.മീ.

കൊല്ലം - 56.9 കി.മീ.

ആലപ്പുഴ - 82.55 കി.മീ.

| | |
|---|---|
| എറണാകുളം | - 48.1 കി.മീ. |
| തൃശ്ശൂർ | - 67.1 കി.മീ. |
| മലപ്പുറം | - 64.69 കി.മീ. |
| കോഴിക്കോട് | - 95.7 കി.മീ. |
| കണ്ണൂർ | - 70.90 കി.മീ. |
| കാസർഗോഡ് | - 89.50 കി.മീ. |
| ആകെ | - 653.40 കി.മീ. |

**രാഷ്ട്രീയ ഉച്ചതാർ ശിക്ഷ അഭിയാൻ**

18 (*678) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. ആന്റണി ജോൺ :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ രംഗത്ത് അടിസ്ഥാന സൗകര്യവും അക്കാദമിക മികവും വർദ്ധിപ്പിക്കാനായി രാഷ്ട്രീയ ഉച്ചതാർ ശിക്ഷ അഭിയാൻ (റൂസ) നടപ്പാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമെന്നും അതിനായി ലഭിക്കുന്ന സാമ്പത്തിക സഹായവും വിശദമാക്കാമോ;

(ബി) റൂസ ഫണ്ട് ഉപയോഗിച്ച് സർക്കാർ കോളേജുകളിൽ കെട്ടിട സൗകര്യം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) മുൻകാലങ്ങളിൽനിന്ന് വ്യത്യസ്തമായി പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ അറിയിക്കാമോ;

(ഡി) സർവ്വകലാശാലകളുടെ പ്രവർത്തന മികവിന് റൂസ ഫണ്ട് ലഭ്യമാണോ;

(ഇ) വിവിധ സർവകലാശാലകളുടെ പ്രവർത്തന മികവിന് സർക്കാർ നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): (എ) റൂസ പദ്ധതിപ്രകാരം താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1. യൂണിവേഴ്സിറ്റികൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനുള്ള സാമ്പത്തിക സഹായം - നിലവിൽ 6 യൂണിവേഴ്സിറ്റികൾക്ക് 20 കോടി രൂപ വീതം ലഭിക്കുന്ന പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ സ്ഥാപനങ്ങൾക്ക് അനുവദിക്കപ്പെട്ട തുകയുടെ ഒന്നാംഘട്ടം അതത് സർവ്വകലാശാലകൾക്ക് നൽകിക്കഴിഞ്ഞു.

2. കോളേജുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനുള്ള സാമ്പത്തിക സഹായം - നിലവിൽ 2 കോടി രൂപ വീതം 20 സർക്കാർ കോളേജുകൾക്ക് ലഭിക്കുന്ന പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ അനുവദിക്കപ്പെട്ട തുക അതത് കോളേജുകൾക്ക് നൽകിക്കഴിഞ്ഞു.

3. കേരള സർവ്വകലാശാലയിലെ യു.ജി.സി - അക്കാദമിക് സ്റ്റാഫ് കോളേജിന് അദ്ധ്യാപക ഗുണനിലവാരം ഉയർത്തുന്നതിനുള്ള പദ്ധതിക്കായി ഒരു കോടി രൂപ ലഭിക്കുന്ന പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിയിൽ അനുവദിക്കപ്പെട്ട തുകയുടെ ഒന്നാംഘട്ടം പ്രസ്തുത യു.ജി.സി.-അക്കാദമിക് സ്റ്റാഫ് കോളേജിന് നൽകിക്കഴിഞ്ഞു.

4. സർവ്വകലാശാലകൾ/കോളേജുകൾ സംഘടിപ്പിക്കുന്ന അന്തർദേശീയ/ ദേശീയ സെമിനാറുകൾ, ശില്പശാലകൾ എന്നിവയ്ക്ക് സാമ്പത്തിക സഹായം നൽകിവരുന്നു.

5. മാതൃകാ കോളേജ് പദ്ധതി പ്രകാരം ഇടുക്കി ജില്ലയിലെ മൂന്നാർ സർക്കാർ കോളേജിന്, 4 കോടി രൂപ ലഭിക്കുന്ന പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചു. അനുവദിക്കപ്പെട്ട തുക നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

6. 33 ഗവ. ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ സ്ത്രീ സൗഹൃദ കേന്ദ്രങ്ങൾ സ്ഥാപിക്കുവാനുള്ള പദ്ധതിക്ക് തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

7. സംസ്ഥാനത്തെ മുഴുവൻ സർക്കാർ കോളേജുകളെയും ബന്ധിപ്പിക്കുന്ന വീഡിയോ കോൺഫറൻസിംഗ് പദ്ധതി - നിലവിൽ 18 ഗവ. കോളേജുകളിൽ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്.

8. സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 40 ഗവ. കോളേജുകളിൽ ഇ-ജേർണലും ലാപ് ടോപ്പും നൽകി അക്കാദമിക ഗുണനിലവാരം ഉയർത്തുന്നതിനുള്ള പദ്ധതി.

9. സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 40 ഗവ. കോളേജുകളിൽ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് ഉപയോഗിക്കാൻ സാധിക്കുന്ന വിധത്തിൽ തയ്യാറാക്കിയ പ്രത്യേക ലാപ്ടോപ്പും സോഫ്റ്റ്‌വെയറും നൽകുന്ന പദ്ധതി.

10. "ശാസ്ത്രയാൻ പദ്ധതി 2018" - സർവ്വകലാശാലകളിലെയും കോളേജുകളിലെയും ഗവേഷണ നേട്ടങ്ങൾ പൊതുസമൂഹത്തിന് പ്രയോജനപ്പെടുത്തുന്നതിനുള്ള നൂതന പദ്ധതി.

(ബി) റൂസ പദ്ധതിയനുസരിച്ച് സർവ്വകലാശാലകൾക്കും കോളേജുകൾക്കും കെട്ടിടനിർമ്മാണം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനം, നവീകരണം, പർച്ചേസ് എന്നിവയ്ക്ക് യഥാക്രമം 35:35:30 എന്ന അനുപാതത്തിൽ ഫണ്ട് നൽകിവരുന്നു. നാളിതുവരെ 4 സർവ്വകലാശാലകൾക്ക് 15.46 കോടി രൂപയും 2 സർവ്വകലാശാലകൾക്ക് 10 കോടി രൂപയും നൽകിയിട്ടുണ്ട്. 15 സർക്കാർ കോളേജുകൾക്ക് 1.525 കോടി രൂപ വീതവും 5 സർക്കാർ കോളേജുകൾക്ക് ഒരു കോടി രൂപ വീതവും നൽകിയിട്ടുണ്ട്. കേരള യൂണിവേഴ്സിറ്റിയുടെ UGC-HRDC-ക്ക് 50 ലക്ഷം രൂപ ധനസഹായവും നൽകിയിട്ടുണ്ട്.

(സി) പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സർവ്വകലാശാലകളിലും കോളേജുകളിലും റൂസ കോ-ഓർഡിനേറ്ററായി ഒരു അദ്ധ്യാപകനെ നിയമിച്ചിട്ടുണ്ട്. കൂടാതെ റൂസ പ്രോജക്ട് ഡയറക്ടറേറ്റിൽനിന്നും ഭൗതിക പരിശോധന കൃത്യമായ ഇടവേളകളിൽ നടത്തിവരുന്നു. പൂർത്തീകരിക്കുന്ന പദ്ധതികളുടെ 'ജിയോ ടാഗിംഗ്' നടത്തി MHRD-യിൽ യഥാസമയം റിപ്പോർട്ട് ചെയ്യുന്നുണ്ട്.

(ഡി) നാക് അക്രെഡിറ്റേഷനുള്ള സർവ്വകലാശാലകൾക്ക് റൂസ ഫണ്ട് ലഭിക്കുന്നതിന് അർഹതയുണ്ട്. നിലവിൽ 6 സർവ്വകലാശാലകൾക്ക് 20 കോടി രൂപ വീതം നൽകുന്ന പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. 15.46 കോടി രൂപ വീതം 4 യൂണിവേഴ്സിറ്റികൾക്കും 10 കോടി രൂപ വീതം 2 യൂണിവേഴ്സിറ്റികൾക്കും ഇതിനകം നൽകിയിട്ടുണ്ട്. കൂടാതെ കേരള യൂണിവേഴ്സിറ്റിയുടെ UGC-HRDC-ക്ക് 50 ലക്ഷം രൂപ ധനസഹായം നൽകിയിട്ടുണ്ട്.

(ഇ) കോളേജുകളെയും സർവ്വകലാശാലകളെയും മികച്ച വിദ്യാഭ്യാസ ആശയങ്ങളോടും സമ്പ്രദായങ്ങളോടും കൂടിയുള്ളതാക്കണമെന്ന ലക്ഷ്യം പ്രാവർത്തികമാക്കുന്നതിന് വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. കിഫ്ബി ധനസഹായത്തോടെ സംസ്ഥാനത്തെ സർവ്വകലാശാലകളെ അന്താരാഷ്ട്ര തലത്തിൽ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള ഒരു കർമ്മ പദ്ധതി സർക്കാർ ആവിഷ്കരിച്ചുവരികയാണ്. അന്താരാഷ്ട്ര നിലവാരത്തിലുള്ള ലാബ്, ലൈബ്രറി ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനമാണ് ലക്ഷ്യമിടുന്നത്.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയ്ക്ക് 240.9 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിക്കഴിഞ്ഞു. മറ്റ് സർവ്വകലാശാലകളുടെ പദ്ധതി രൂപരേഖ സർക്കാർ പരിശോധിച്ചുവരുന്നു. കേരള, എം. ജി, കാലിക്കറ്റ്, കണ്ണൂർ, കുസാറ്റ്, മലയാളം സർവ്വകലാശാലകളെ ബന്ധിപ്പിച്ചുകൊണ്ട് ഒരു ഇ-ഗവേണൻസ് പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. വിദ്യാർത്ഥി പ്രവേശനം, പരീക്ഷ, ഫലപ്രഖ്യാപനം, സർട്ടിഫിക്കറ്റ് വിതരണം എന്നിവയ്ക്ക് ഒരു ഏകീകൃതരൂപം നിർദ്ദിഷ്ട ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കുമ്പോൾ കൈവരിക്കാനാകുമെന്ന് കരുതുന്നു. 2018-ലെ വിദ്യാർത്ഥി പ്രവേശനം മുതൽ ഇത് ആരംഭിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

## റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ

19 (*679) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. പി. കെ. ശശി :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. കെ. ദാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോയെന്നറിയിക്കാമോ;

(ബി) അടിസ്ഥാന സൗകര്യവികസനം ലക്ഷ്യമാക്കി പ്രസ്തുത കോർപ്പറേഷൻ ഏതെല്ലാം തരത്തിലുള്ള ജോലികളാണ് ഏറ്റെടുത്ത് നടപ്പാക്കിവരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കോർപ്പറേഷൻ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി ഏറ്റെടുത്ത മേൽപ്പാലങ്ങളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) ഉണ്ട്.

(ബി) റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ പ്രധാനമായും റെയിൽവേ മേൽപ്പാലങ്ങൾ, പുഴപ്പാലങ്ങൾ, ഫ്ലൈ ഓവറുകൾ, റോഡുകൾ, ബൈപ്പാസുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികളാണ് ഏറ്റെടുത്ത് നടപ്പാക്കിവരുന്നത്. സംസ്ഥാന സർക്കാർ കിഫ്ബി മുഖേന നടപ്പാക്കുന്ന ആർ.ഒ.ബി.-കൾ, ഫ്ലൈ ഓവറുകൾ, ബൈപ്പാസുകൾ തുടങ്ങിയവയുടെ എസ്.പി.വി. ആയി ആർ.ബി.സി.ഡി.കെ.-യെ നിയമിച്ചിട്ടുണ്ട്. കൂടാതെ കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ കിഫ്ബി മുഖേന നടപ്പാക്കുന്ന കെട്ടിടങ്ങളുടെ നിർമ്മാണത്തിനുള്ള എസ്.പി.വി.-യായും ആർ.ബി.സി.ഡി.കെ-യെ നിയമിച്ചിട്ടുണ്ട്.

(സി) കോർപ്പറേഷൻ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഏറ്റെടുത്ത മേൽപ്പാലങ്ങളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കിവരുന്നുണ്ട്. എന്നിരുന്നാലും ഭൂമി ഏറ്റെടുത്ത് കിട്ടുന്നതിലെ കാലതാമസവും കോടതി ഇടപെടലുകളും പദ്ധതി ബാധിതരുടെ എതിർപ്പുമൂലവും ചില പദ്ധതികൾ പൂർത്തീകരിക്കുന്നതിന് താമസം നേരിടുന്നുണ്ട്. മേൽപ്പാലങ്ങളുടെ നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കൽ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് റവന്യൂ ഡിപ്പാർട്ട്മെന്റും ജില്ലാ കളക്ടർമാരും നിരന്തരം ബന്ധപ്പെട്ട് ശ്രമങ്ങൾ നടത്തുന്നുണ്ട്. കൂടാതെ തണ്ണീർത്തട നിയമത്തിൽ ഇളവനുവദിക്കുന്നതിന് കൃഷി വകുപ്പുമായും നിരന്തരം ബന്ധപ്പെട്ട് അനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്.

പദ്ധതികളുടെ ഡ്രോയിംഗിനും എസ്റ്റിമേറ്റിനും റെയിൽവേയിൽനിന്ന് അംഗീകാരം ലഭിക്കുന്നതിന്, റെയിൽവേയുടെ കേരളത്തിലും മദ്രാസിലുമുള്ള ഓഫീസുകളുമായി കോ-ഓർഡിനേറ്റ് ചെയ്ത് പരമാവധി വേഗത്തിൽ ലഭ്യമാക്കുന്നതിന് ശ്രമിക്കുന്നുണ്ട്.

കൂടാതെ മേൽപ്പാലങ്ങളുടെ നിർമ്മാണം സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി ആർ.ബി.ഡി.സി.കെ. തലത്തിൽ പദ്ധതി പുരോഗതി അവലോകന യോഗങ്ങൾ നടത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

റെയിൽവേ, റവന്യൂ, സ്വകാര്യ വസ്തു ഉടമകൾ, കേന്ദ്ര സർക്കാർ തുടങ്ങി വിവിധ ഘടകങ്ങളുടെ അനുവാദം തേടി മാത്രമേ പല പദ്ധതികളും നടപ്പിലാക്കാനാകുകയുള്ളൂ. അനുവാദം കിട്ടാനുള്ള കാലതാമസം പദ്ധതി പ്രവർത്തനത്തെ പലയിടങ്ങളിലും പ്രതികൂലമായി ബാധിക്കുന്നുണ്ട്.

## റവന്യൂ വകുപ്പിന്റെ ആധുനികവൽക്കരണം

20 (*680) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. സി. ദിവാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിന്റെ ആധുനികവൽക്കരണത്തിന് നടപ്പാക്കുന്ന പദ്ധതികൾ വിശദമാക്കുമോ;

(ബി) സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ; ആയത് എല്ലാ വില്ലേജുകളിലേക്കും വ്യാപിപ്പിക്കുമോ;

(സി) റവന്യൂ റിക്കവറി നടപടികൾ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലേക്ക് മാറിയിട്ടുണ്ടോ;

(ഡി) റവന്യൂ റെക്കോർഡ്സിന്റെ ഡിജിറ്റൈസേഷൻ നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ;

(ഇ) ഇ-ഓഫീസ് പദ്ധതിയുടെ വിവരങ്ങൾ വെളിപ്പെടുത്തുമോ; ഇ-ഓഫീസ് ശൃംഖലയിലേക്ക് പതിനാല് കളക്ടറേറ്റുകളെയും ബന്ധിപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) റവന്യൂ വകുപ്പിന്റെ ആധുനികവൽക്കരണത്തിന് നടപ്പാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു;

1. ഭൂവിവരങ്ങളുടെ ഡിജിറ്റൈസേഷൻ

സംസ്ഥാനത്തെ എല്ലാ വില്ലേജുകളിലെയും ഭൂവിവരങ്ങൾ ഘട്ടംഘട്ടമായി ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ വളരെവേഗം പുരോഗമിച്ചുവരുന്നു. വില്ലേജുകളിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്റർ ഡിജിറ്റൈസ് ചെയ്ത് ഓൺലൈൻ സേവനങ്ങളായ ഇ-പോക്കുവരവും തുടർന്നുള്ള ഭൂനികുതി ശേഖരണവും നടപ്പിലാക്കുന്നതാണ് പദ്ധതിയുടെ ആദ്യഘട്ടം. അനുക്രമമായി തണ്ടപ്പേർ വിവരങ്ങളും ഡിജിറ്റൈസ് ചെയ്ത് ഭൂരേഖ സംവിധാനവുമായി സംയോജിപ്പിക്കുന്നു.

2. സംയോജിത ഓൺലൈൻ പോക്കുവരവ് (Online Mutation)

ഭൂസംബന്ധമായി റവന്യൂ രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി, കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ

പോക്കുവരവ് ഓൺലൈൻ മുഖേന സാധ്യമാക്കുന്നു. ആധുനിക വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ് നടപടികൾ വേഗത്തിലും സുതാര്യമായും കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശലക്ഷ്യത്തോടുകൂടിയാണ് സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതി നടപ്പിലാക്കുന്നത്.

3. ഇ-പേമെന്റ്

സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ നികുതിദായകർക്ക് വില്ലേജ് ഓഫീസിൽ പോകാതെ നികുതികൾ അടയ്ക്കാൻ കഴിയുന്ന സംവിധാനമാണിത്. ആകെയുള്ള 1664 വില്ലേജുകളിൽ 1445 എണ്ണത്തിൽ ഓൺലൈൻ ഭൂനികുതി സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

4. ആർ.ആർ ഓൺലൈൻ

റവന്യൂ റിക്കവറി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നിലവിലുള്ള ഓഫ്‌ലൈൻ, ഓൺലൈൻ സംവിധാനങ്ങൾ സംയോജിപ്പിച്ച് റിക്വിസിഷൻ ഓഫീസ് മുതൽ വില്ലേജുതലം വരെ ബന്ധിപ്പിക്കുന്ന ഓൺലൈൻ സംവിധാനം നിലവിലുണ്ട്. ഇതിലൂടെ അർത്ഥനാധികാരികൾക്ക് റവന്യൂ റിക്കവറി സംബന്ധിച്ച വിവരങ്ങൾ നേരിട്ട് രേഖപ്പെടുത്താനും ജില്ലാ താലൂക്ക് അധികാരികൾക്ക് ഓൺലൈനായി റവന്യൂ റിക്കവറി സംബന്ധിച്ച നടപടികൾ സ്വീകരിക്കാനും കഴിയും. അതോടൊപ്പം വില്ലേജ് ഓഫീസർക്ക് കളക്ഷൻ സംബന്ധിച്ച വിവരങ്ങൾ നേരിട്ട് ഈ സംവിധാനത്തിൽ ഉൾപ്പെടുത്തുന്നതിനും കഴിയുന്നതാണ്.

5. ഇ-ഡിസ്ട്രിക്ട്

വില്ലേജ്/താലൂക്ക് ഓഫീസുകളിൽനിന്നും പൊതുജനങ്ങൾക്കാവശ്യമുള്ള വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട് പദ്ധതി. എപ്പോൾ എവിടെനിന്നുവേണമെങ്കിലും സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷ നൽകുന്നതിനും അവ കൈപ്പറ്റുന്നതിനുമുള്ള ഓൺലൈൻ സംവിധാനമാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കിയിട്ടുള്ളത്. 24 ഇനം സർട്ടിഫിക്കറ്റുകൾ ഈ പദ്ധതി മുഖേന വില്ലേജ് ഓഫീസറുടെ/തഹസീൽദാരുടെ ഡിജിറ്റൽ ഒപ്പോടുകൂടി ഓൺലൈനായി നൽകിവരുന്നു.

6. <u>ഇ-ഓഫീസ്</u>

കടലാസ് രഹിത ഓഫീസ് പദ്ധതിയായ ഇ-ഓഫീസ് സംവിധാനം ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് മുതൽ വില്ലേജ് ഓഫീസ് വരെ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടരുന്നു. ഈ സംവിധാനത്തിലൂടെ ഓഫീസുകളിലെ ഫയൽ നീക്കം പൂർണ്ണമായും ഡിജിറ്റൽ രീതിയിലേക്ക് മാറ്റപ്പെടുന്നതാണ്. കൂടാതെ പൊതുജനങ്ങൾക്ക് ഫയലുകളുടെ തൽസ്ഥിതി ഈ സംവിധാനം മുഖേന മനസ്സിലാക്കുന്നതിനും കഴിയുന്നതാണ്.

(ബി) ഭൂസംബന്ധമായി റവന്യൂ രജിസ്ട്രേഷൻ, വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി, കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ഓൺലൈൻ മുഖേന സാധ്യമാക്കുന്നു. ആധുനിക വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ് നടപടികൾ വേഗത്തിലും സുതാര്യമായും കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശലക്ഷ്യത്തോടുകൂടിയാണ് സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 1483 എണ്ണത്തിൽ ഓൺലൈൻ പോക്കുവരവ്, ഓൺലൈൻ ഭൂനികുതി സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അവശേഷിക്കുന്ന വില്ലേജുകളിൽ റിക്കോർഡുകളുടെ ഡിജിറ്റൈസേഷൻ പൂർത്തിയാക്കി ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അതിവേഗം പുരോഗമിച്ചുവരുന്നു.

(സി) റവന്യൂ റിക്കവറി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നിലവിലുള്ള ഓഫ്‌ലൈൻ, ഓൺലൈൻ സംവിധാനങ്ങൾ സംയോജിപ്പിച്ച് റിക്വിസിഷൻ ഓഫീസ് മുതൽ വില്ലേജ്തലം വരെ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതുവഴി അർത്ഥനാധികാരികൾക്ക് റവന്യൂ റിക്കവറി സംബന്ധിച്ച വിവരങ്ങൾ നേരിട്ട് രേഖപ്പെടുത്താനും ജില്ല, താലൂക്ക് അധികാരികൾക്ക് ഓൺലൈനായി റവന്യൂ റിക്കവറി സംബന്ധിച്ച നടപടികൾ സ്വീകരിക്കാനും കഴിയും. റിക്വിസിഷൻ, കളക്ഷൻ എന്നിവയുമായി ബന്ധപ്പെട്ട പ്രോസസ്സുകൾ ഓൺലൈൻ ആയിട്ടുണ്ട്. എന്നാൽ പേമെന്റ് നിലവിൽ മാന്വലായാണ് സ്വീകരിച്ചുവരുന്നത്.

(ഡി) സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 1483 വില്ലേജുകളുടെ അടിസ്ഥാന റിക്കോർഡുകൾ ഡിജിറ്റൈസ് ചെയ്ത് ഓൺലൈൻ പോക്കുവരവ്, ഓൺലൈൻ ഭൂനികുതി സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അവശേഷിക്കുന്ന വില്ലേജുകളിൽ റിക്കോർഡുകളുടെ ഡിജിറ്റൈസേഷൻ പൂർത്തിയാക്കി ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അതിവേഗം

പുരോഗമിച്ചുവരുന്നു. നാളിതുവരെ 10952379 ബി.ടി.ആർ. റിക്കോർഡുകളും 18094395 തണ്ടപ്പേർ റിക്കോർഡുകളും ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്.

(ഇ) കടലാസ് രഹിത ഓഫീസ് പദ്ധതിയായ ഇ-ഓഫീസ് സംവിധാനം ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് മുതൽ വില്ലേജ് ഓഫീസ് വരെ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടരുന്നു. ഈ സംവിധാനത്തിലൂടെ ഓഫീസുകളിലെ ഫയൽനീക്കം പൂർണ്ണമായും ഡിജിറ്റൽ രീതിയിലേക്ക് മാറ്റപ്പെടുന്നതാണ്. കൂടാതെ പൊതുജനങ്ങൾക്ക് ഫയലുകളുടെ തൽസ്ഥിതി ഈ സംവിധാനം മുഖേന മനസ്സിലാക്കുന്നതിനും കഴിയുന്നതാണ്. ഇ-ഓഫീസ് ശൃംഖലയിലേക്ക് പതിനാല് കളക്ടറേറ്റുകളെയും ബന്ധിപ്പിച്ചിട്ടുണ്ട്. എന്നാൽ 9 കളക്ടറേറ്റുകളിൽ മാത്രമാണ് ഈ പദ്ധതി പൂർണ്ണമായും നടപ്പിലാക്കിയിട്ടുള്ളത്. ബാക്കിയുള്ള കളക്ടേറ്റുകളിൽ ഇത് പൂർണ്ണമായും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഓട്ടിസം ബാധിച്ച കുട്ടികളുടെ പഠനപ്രക്രിയ**

21 (*681) ശ്രീ. പി. വി. അൻവർ :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓട്ടിസം ബാധിച്ച കുട്ടികളുടെ പഠനപ്രക്രിയ ലളിതമാക്കുന്നതിനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇത്തരം കുട്ടികളുടെ സാമൂഹ്യ പങ്കാളിത്തം പ്രോത്സാഹിപ്പിച്ചുകൊണ്ടും ആശയവിനിമയം വർദ്ധിപ്പിച്ചുകൊണ്ടും പെരുമാറ്റവൈകല്യം കുറച്ചുകൊണ്ടുവരാൻ സഹായകരമായ ഓട്ടിസം പാർക്കുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പഠന പ്രക്രിയയിൽ കുട്ടികളെ പങ്കെടുപ്പിക്കുന്നതിന് ആവശ്യമായ പരിശീലനം അധ്യാപർക്ക് നൽകുവാൻ എന്തെല്ലാം നടപടികളാണ് ഈ പദ്ധതി പ്രകാരം സ്വീകരിച്ചിട്ടുള്ളത്;

(ഡി) ഓട്ടിസം ബാധിച്ച കുട്ടികളുടെ മാതാപിതാക്കൾക്കായി കൗൺസിലിംഗ്, പരിശീലനം മുതലായവ നൽകുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് ഇത്തരം ഓട്ടിസം സെന്ററുകളിൽ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതിക്കായി 2018-19 ബജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): (എ) സർവ ശിക്ഷാ അഭിയാൻ ഓട്ടിസം കുട്ടികൾക്കുവേണ്ടി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

- ഓട്ടിസമുള്ള കുട്ടികളെ പഠനത്തിലും മറ്റു കഴിവുകളിലും പ്രാപ്തരാക്കുന്നതിനായി റിസോഴ്സ് അദ്ധ്യാപകരുടെ സേവനം ഉറപ്പുവരുത്തുകയും കുട്ടികളുടെ കഴിവുകൾ തിരിച്ചറിഞ്ഞ് ആവശ്യമായ പ്രവർത്തനങ്ങൾ നൽകിവരികയും ചെയ്യുന്നു.
- കുട്ടികൾക്കാവശ്യമുള്ള വിവിധതരം തെറാപ്പികൾ (സ്പീച്ച്, ഫിസിയോ, ഒക്കുപ്പേഷണൽ, ബിഹേവിയർ തെറാപ്പികൾ എന്നിവ) തെറാപ്പിസ്റ്റുകളുടെ സഹായത്തോടെ നൽകിവരുന്നു.
- റിസോഴ്സ് അദ്ധ്യാപകരുടെ പിന്തുണയോടെ അക്കാദമിക സേവനം ഉറപ്പുവരുത്തുന്നു.
- സാമൂഹ്യപരമായ ഉൾച്ചേർക്കൽ പരിപാടിയുടെ ഭാഗമായി സഹവാസ ക്യാമ്പുകൾ, സായന്തനവേദി പ്രോഗ്രാമുകൾ എന്നിവ നടത്തുന്നു.
- രക്ഷിതാക്കൾക്കായി കൗൺസിലിംഗ്, ബോധവൽക്കരണ പരിപാടികൾ നടത്തുന്നു.
- പഠനത്തെ സഹായിക്കുന്നതിനായി പഠനയാത്രകൾ സംഘടിപ്പിക്കുന്നു.

ഓട്ടിസം ഉൾപ്പെടെ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളെ പഠനത്തിൽ സഹായിക്കുന്നതിനായി ആർ.എം.എസ്.എ. പദ്ധതിയിൻകീഴിൽ വിവിധ സ്കൂളുകളിൽ റിസോഴ്സ് അദ്ധ്യാപകരും ആയമാരും നിലവിലുണ്ട്.

(ബി) 2017-18 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ 2202-01-101-76 (പി) എന്ന ശീർഷകത്തിൽ (റവന്യൂ സെക്ഷൻ) വകയിരുത്തിയിട്ടുള്ള 280 ലക്ഷം രൂപയും 4202- 01-201- 92 (പി) എന്ന ശീർഷകത്തിൽ (ക്യാപ്പിറ്റൽ സെക്ഷൻ) അടിസ്ഥാന സൗകര്യ വികസനത്തിനായി മൂലധന ചെലവിനത്തിൽ വകയിരുത്തിയിട്ടുള്ള 420 ലക്ഷം രൂപയും ചേർത്ത് 700 ലക്ഷം രൂപ വിനിയോഗിച്ച് സംസ്ഥാനത്തെ ഒരു ജില്ലയിലെ ഒരു നിയോജകമണ്ഡലത്തിൽ നിന്ന് ഒരു സ്കൂൾ എന്ന കണക്കിൽ 14 സർക്കാർ സ്കൂളുകളിൽ 14x50 ലക്ഷം രൂപ കണക്കാക്കി, പദ്ധതിരേഖയിൽ അനുശാസിക്കുംവിധം 'ഓട്ടിസം പാർക്ക് ' എന്ന പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ സർവ്വ ശിക്ഷാ അഭിയാൻ നിയന്ത്രണത്തിൽ 14 ജില്ലകളിലായി 50 ഓട്ടിസം സെന്ററുകൾ

പ്രവർത്തിക്കുന്നു. ആശയവിനിമയത്തിനും മറ്റുമായി സ്പീച്ച് തെറാപ്പി, പെരുമാറ്റപ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി 'ബിഹേവിയർ തെറാപ്പി' എന്നിവയും നൽകുന്നു. സാമൂഹ്യപരമായി ഇടപെടുന്നതിനും മുഖ്യധാരയിൽ എത്തിക്കുന്നതിനും സഹവാസ ക്യാമ്പുകൾ, രക്ഷിതാക്കൾക്കുള്ള കൗൺസിലിംഗ് എന്നീ സേവനങ്ങളും നൽകിവരുന്നു.

(സി) സർവ്വ ശിക്ഷാ അഭിയാന്റെകീഴിൽ പ്രവർത്തിക്കുന്ന ഓട്ടിസം സെന്ററുകളിലെ റിസോഴ്സ് അദ്ധ്യാപകർക്ക് പ്രസ്തുത മേഖലയിലെ വിദഗ്ദ്ധരുടെ സേവനം പ്രയോജനപ്പെടുത്തി പരിശീലനം നൽകുന്നു. പൊതു വിദ്യാലയങ്ങളിലെ അദ്ധ്യാപകർക്ക് ഭിന്നശേഷിക്കാരായ കുട്ടികളുടെ വിദ്യാഭ്യാസത്തിൽ ഇടപെടേണ്ടതിനെ സംബന്ധിച്ച് പരിശീലനവും നൽകിവരുന്നു.

(ഡി) വിദഗ്ദ്ധരുടെ ക്ലാസ്സുകൾ, വിവിധ തെറാപ്പിസ്റ്റുകളുടെ സേവനം എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. 2018-19-ലെ സംസ്ഥാന ബഡ്ജറ്റിൽ 2202-01-101-76, 4202-01-201-92 എന്നീ ശീർഷകങ്ങളിലായി 3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

## പൊതുമരാമത്ത് നിർമ്മാണ പ്രവൃത്തികളുടെ സമയബന്ധിത പൂർത്തീകരണം

22 (*682) <u>ശ്രീ. ആന്റണി ജോൺ</u> :
<u>ശ്രീ. എ. എം. ആരിഫ്</u> :
<u>ശ്രീ. പി. ടി. എ. റഹീം</u> :
<u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവൃത്തികൾ കുറ്റമറ്റരീതിയിൽ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതി നിർമ്മാണ ചുമതലയുള്ള ഉദ്യോഗസ്ഥരെ പദ്ധതിപൂർത്തീകരണം വരെ പ്രസ്തുത ചുമതലയിൽ നിലനിർത്തുന്നതുകൊണ്ട് അവർ ചെയ്യുന്ന പ്രവർത്തികളിൽ കൂടുതൽ ഉത്തരവാദിത്വം ഉണ്ടാകുമെന്ന് കരുതുന്നുണ്ടോ;

(സി) പ്രസ്തുത ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വമില്ലായ്മമൂലം പദ്ധതി നടത്തിപ്പിൽ സാമ്പത്തിക നഷ്ടമുണ്ടായാൽ അവരിൽനിന്ന് നഷ്ടം ഈടാക്കുന്നതിന് നിലവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

(ഡി) ഉത്തരവാദിത്വരാഹിത്യം കൊണ്ടുണ്ടാകുന്ന നഷ്ടം ഈടാക്കുന്നതിന് ഫലപ്രദമായ സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കുമോയെന്ന് അറിയിക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): (എ) പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവൃത്തികൾ കുറ്റമറ്റരീതിയിൽ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി ചുവടെ കാണുന്ന നടപടികളാണ് സ്വീകരിച്ചു വരുന്നത്;

- കെട്ടിടത്തിനുള്ള സ്ഥല ലഭ്യത പ്രവൃത്തി ഏറ്റെടുക്കുമ്പോൾത്തന്നെ ഉറപ്പുവരുത്തുന്നുണ്ട്.
- പ്രവൃത്തിയുടെ എഗ്രിമെന്റ് നടത്തി പത്തു ദിവസത്തിനുള്ളിൽ സൈറ്റ് ഹാൻഡ് ഓവർ ചെയ്യുന്നുണ്ട്.
- പ്രവൃത്തി ആരംഭിച്ച് പുരോഗമിക്കുന്ന മുറയ്ക്ക് സ്ട്രക്ചറൽ ഡ്രോയിംഗ്സ് നൽകി വരുന്നുണ്ട്.
- വിവിധ തലങ്ങളിൽ പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുവാനായി കൃത്യമായി അവലോകന യോഗങ്ങൾ നടത്താറുണ്ട്.
- കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട കരാറുകാരനുമായുള്ള ഉടമ്പടിയിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഒരു നിശ്ചിത കാലാവധി നിർണ്ണയിക്കാറുണ്ട്. കരാറുകാരന്റെ വീഴ്ചമൂലം നിശ്ചിത കാലാവധി ക്കപ്പുറം പ്രവൃത്തി നീണ്ടുപോവുകയാണെങ്കിൽ പൊതുമരാമത്ത് വകുപ്പ് മാന്വൽ (2112.1) പ്രകാരം കരാറുകാരനിൽനിന്നും പിഴ ഈടാക്കാനുള്ള വ്യവസ്ഥ പ്രകാരം പിഴ ഈടാക്കാറുണ്ട്.
- കൂടാതെ നിശ്ചിത കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കുന്ന കരാറുകാരന് എസ്റ്റിമേറ്റ് പി.എ.സി.-യുടെ 1%അല്ലെങ്കിൽ 4 ലക്ഷം രൂപ (ഏതാണോ കുറവ്) എന്ന നിരക്കിൽ ഇൻസെന്റീവ് നൽകാറുണ്ട്.
- പൊതുമരാമത്ത് വകുപ്പിൽ നടത്തുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ പ്രൈസ് സോഫ്റ്റ്‌വെയർ വഴി തയ്യാറാക്കുന്നതുകൊണ്ട് കാലതാമസം ഒഴിവാകുന്നുണ്ട്.
- പൊതുമരാമത്ത് പ്രവൃത്തികളെല്ലാംതന്നെ ഇ-ടെണ്ടർ വഴി ചെയ്യുന്നതുകൊണ്ട് അഴിമതിയും കാലതാമസവും ഒഴിവാക്കാൻ സാധിച്ചിട്ടുണ്ട്.

- പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം വിലയിരുത്തുന്നതിനും പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന്റെ ഭാഗമായി സ.ഉ. (കൈ) നമ്പർ. 1/2018/പൊ.മ.വ. തീയതി 5-2-2018 പ്രകാരം സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കിയിട്ടുണ്ട്.

- പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ത്രീ-ടയർ ക്വാളിറ്റി കൺട്രോൾ (three tier quality control) സിസ്റ്റം നിലവിലുണ്ട്. ഇതിൻപ്രകാരം ബന്ധപ്പെട്ട എഞ്ചിനീയർമാർ പൊതുമരാമത്ത് പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന മെറ്റീരിയൽസ് അംഗീകാരമുള്ള ലാബുകളിൽ സമർപ്പിച്ച് ഗുണനിലവാരം പരിശോധിച്ച് ഫസ്റ്റ് ടയർ ക്വാളിറ്റി കൺട്രോൾ ഉറപ്പുവരുത്താറുണ്ട്. സെക്കന്റ് ടയർ ക്വാളിറ്റി സിസ്റ്റം നടപ്പിലാക്കിയതിന്റെ ഭാഗമായി ഗുണനിലവാര നിർണ്ണയത്തിനായി എല്ലാ ജില്ലകളിലും ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അധീനതയിൽ ഓഫീസ് പ്രവർത്തിക്കുന്നുണ്ട്. 5 കോടി രൂപയ്ക്ക് പുറത്തുവരുന്ന നിർമ്മാണ പ്രവൃത്തികൾക്ക് ടെക്നിക്കൽ ഓഡിറ്റിംഗ് നടത്തുവാൻ പുതുക്കിയ മാന്വൽ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

- റോഡുകളുടെയും പാലങ്ങളുടെയും മറ്റ് നിർമ്മിതികളുടെയും നിർമ്മാണം പൂർത്തീകരിച്ചതിനുശേഷം നിശ്ചിത കാലാവധിക്കുള്ളിൽ (ഡിഫക്ട് ലയബിലിറ്റി കാലാവധിക്കുള്ളിൽ) വരുന്ന തകരാറുകൾ കരാറുകാരന്റെ സ്വന്തം ചെലവിൽ പരിഹരിക്കുവാൻ നിർമ്മാണ കരാറിൽ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ വ്യവസ്ഥ കരാറുകാരൻ പാലിക്കപ്പെടാത്ത പക്ഷം അറ്റകുറ്റപ്പണികൾക്ക് ചെലവാകുന്ന തുക കരാറുകാരനിൽ നിന്നും ഈടാക്കാറുണ്ട്.

- പൊതുമരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട് KWA, KSEB, BSNL മറ്റ് ഏജൻസികളുടെ യൂട്ടിലിറ്റീസ് സ്ഥാപിക്കുന്നത് സംബന്ധിച്ചുള്ള പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പദ്ധതി നിർമ്മാണ ചുമതലയുള്ള ഉദ്യോഗസ്ഥരെ പദ്ധതി പൂർത്തീകരണം വരെ പ്രസ്തുത ചുമതലയിൽ നിലനിർത്തുന്നതുകൊണ്ട് അവർ ചെയ്യുന്ന പ്രവൃത്തികളിൽ കൂടുതൽ ഉത്തരവാദിത്വം ഉണ്ടാവുകയും ആ പ്രവൃത്തി കൂടുതൽ കാര്യക്ഷമമായി പൂർത്തീകരിക്കാനും സാധിക്കുന്നതാണ്.

(സി&ഡി) ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വമില്ലായ്മമൂലം പദ്ധതി നടത്തിപ്പിൽ സാമ്പത്തിക നഷ്ടമുണ്ടായാൽ അവരിൽ നിന്ന് നഷ്ടം ഈടാക്കുന്നതിന് നിലവിൽ വ്യവസ്ഥയുണ്ട്. അത്തരം ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടുതൽ വ്യവസ്ഥകൾ വേണ്ടതുണ്ടോയെന്ന് പരിശോധിച്ചുവരുന്നു.

## മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം ഉയർത്തുന്നതിനുള്ള പദ്ധതികൾ

23 (*683) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ ഭൗതിക സാഹചര്യങ്ങളും ജിവിതനിലവാരവും ഉയർത്തുന്നതിന് എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(ബി) മത്സ്യത്തൊഴിലാളികൾക്ക് നിലവിലുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ച് നൽകാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): (എ) മത്സ്യത്തൊഴിലാളികളുടെ ഭൗതിക സാഹചര്യങ്ങളും ജീവിത നിലവാരവും ഉയർത്തുന്നതിന് ഫിഷറീസ് വകുപ്പ് മുഖേനയും വകുപ്പിന്റെ കീഴിലുള്ള വിവിധ ഏജൻസികൾ മുഖേനയും താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

ഭവന പദ്ധതി, കരിയർ ഗൈഡൻസ്, അക്ഷര സാഗരം, വൈദ്യുതീകരണം, മാർക്കറ്റ്/അങ്കണവാടി/ലൈബ്രറി നിർമ്മാണം, ഗ്രൂപ്പ് ഇൻഷ്വറൻസ്, ചികിത്സാ പദ്ധതി, വിവാഹ ധനസഹായം, പ്രസവ ശുശ്രൂഷാ സഹായം, നാടൻ വള്ളങ്ങളുടെ നവീകരണം, വലകൾക്കുള്ള വായ്പ, സബ്സിഡി നിരക്കിൽ മണ്ണെണ്ണ വിതരണം തുടങ്ങിയവയാണ് ടി പദ്ധതികൾ. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) മത്സ്യത്തൊഴിലാളികൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്:-

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഫിഷറീസ് വകുപ്പ് മുഖേനയുള്ള ഭവന നിർമ്മാണ ധനസഹായ പദ്ധതികളിൽ 2012-13 മുതൽ 2016 വരെ ധനസഹായം 2,00,000 രൂപയായിരുന്നു. അത് 2017-18 മുതൽ 4,00,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾക്ക് ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് തുക 5,00,000 രൂപയിൽ നിന്നും 10,00,000 രൂപയായി ഉയർത്തുകയും 17-12-2017 മുതൽ പ്രാബല്യത്തിൽ വരികയും ചെയ്തു.

സമ്പാദ്യ സമാശ്വാസ പദ്ധതി 2016-17-ൽ 2700 രൂപ എന്നത് 4,500/- രൂപയാക്കി വർദ്ധിപ്പിച്ചു. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് നൽകുന്ന നിരക്കിനനുസരിച്ച് മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ചെലവിനായി ലംപ്സംഗ്രാന്റ് അനുവദിച്ചുവരികയും പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് കാലാകാലങ്ങളിൽ വിദ്യാഭ്യാസ ആനുകൂല്യത്തിൽ വർദ്ധനവ് വരുത്തുന്നതനുസരിച്ച് മത്സ്യത്തൊഴിലാളികളുടെ മക്കൾക്കും വിദ്യാഭ്യാസ ആനുകൂല്യ വർദ്ധനവ് വരുത്തുന്നുണ്ട്. കൂടാതെ കടാശ്വാസ പദ്ധതി പ്രകാരം നൽകിയിരുന്ന 75,000 രൂപയുടെ ധനസഹായം 1,00,000 (ഒരു ലക്ഷം) രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**തീരദേശപാതാ നിർമ്മാണം**

24 (*684) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. പി. ടി. തോമസ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പൂവ്വാർ മുതൽ കാസർഗോഡ് കുഞ്ഞത്തൂർ വരെയുള്ള തീരദേശപാതയുടെ അലൈൻമെന്റ് അംഗീകരിച്ചിട്ടുണ്ടോ;

(ബി) നിലവിൽ ഭൂമി ലഭ്യമായ സ്ഥലങ്ങളിൽ ജില്ലാടിസ്ഥാനത്തിൽ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; ആയതിന് അംഗീകാരം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഭൂമി ലഭ്യമാക്കാത്ത സ്ഥലങ്ങളിൽ ആയത് ഏറ്റെടുക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; എത്ര ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ടിവരും; അറിയിക്കുമോ;

(ഡി) കിഫ്ബിയിൽനിന്നും ഈ പദ്ധതിക്ക് ഇതിനകം എത്ര തുക അനുവദിച്ചുവെന്നും എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത റോഡ് സമയബന്ധിതമായി പൂർത്തീകരിക്കുവാൻ എന്തെങ്കിലും പ്രത്യേക പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): (എ) നിർദ്ദിഷ്ട തീരദേശപാത തിരുവനന്തപുരം ജില്ലയിലെ പൂവാറിൽനിന്നും ആരംഭിച്ച് കാസർഗോഡ് ജില്ലയിലെ തലപ്പാടിയിലെ കണ്വതീർത്ഥ (കുഞ്ഞത്തൂർ) എന്ന സ്ഥലത്ത് അവസാനിക്കുകയും ചെയ്യുന്ന രീതിയിലാണ് NATPAC രൂപരേഖ തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളത്. തീരദേശ പാതയുടെ NATPAC തയ്യാറാക്കിയ ഫൈനൽ അലൈൻമെന്റിന് 21-5-2017-ലെ സ.ഉ. (സാധാ.) നമ്പർ 679/2017/ പൊ.മ.വ. പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) നിർദ്ദിഷ്ട തീരദേശ പാതയ്ക്ക് 653.4 കി.മീ. ദൈർഘ്യമാണുള്ളത്. വിവിധ ജില്ലകളിലായി 249.19 കി.മീ. നീളത്തിൽ 13 റോഡുകളുടെ നവീകരണമാണ് ആദ്യഘട്ടത്തിൽ ഉദ്ദേശിക്കുന്നത്. ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്ന 13 റോഡുകളിൽ 12 റോഡുകളുടെ 238.5 കി.മീ. ഭാഗം പുനരുദ്ധരിക്കുന്നതിനുള്ള വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുള്ളതും ഇതിലെ 11 റീച്ചുകളുടെ ഡി.പി.ആർ. കിഫ്ബിയുടെ സാമ്പത്തികാനുമതിക്കായി സമർപ്പിച്ചിട്ടുള്ളതുമാണ്.

(സി) വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കിയതിനുശേഷം മാത്രമേ തീരദേശ ഹൈവേയുടെ നിർമ്മാണത്തിന് ഏറ്റെടുക്കേണ്ടി വരുന്ന ഭൂമിയുടെ വിശദവിവരം അറിയാൻ സാധിക്കുകയുള്ളൂ.

(ഡി) തീരദേശ ഹൈവേയുടെ നിർമ്മാണത്തിനായി 10-7-2017-ലെ സ.ഉ. (സാധാ) നമ്പർ 942/2017/പൊ.മ.വ. പ്രകാരം KIIFB മുഖാന്തരം ഫണ്ട് ലഭ്യമാക്കി നടപ്പിലാക്കുന്നതിന് 6500 കോടി രൂപയ്ക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ ഉൾപ്പെട്ട 11 റീച്ചുകളുടെ ഡി.പി.ആർ. കിഫ്ബിയുടെ സാമ്പത്തികാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

(ഇ) ഉണ്ട്. തീരദേശ ഹൈവേയുടെ നിർമ്മാണം 2021 ജനുവരിയിൽ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. ആദ്യഘട്ടം 2019 സെപ്റ്റംബറിലും രണ്ടാം ഘട്ടം 2020 ആഗസ്റ്റിലും മൂന്നാംഘട്ടം 2021 ജനുവരിയിലും പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. കിഫ്ബിയുടെ അംഗീകാരം ലഭിക്കാൻ താമസിക്കുന്നമുറയ്ക്ക് കാലതാമസം വന്നുകൂടായ്കയില്ല.

## വിദ്യാർത്ഥികൾക്കായി ഗ്രൂപ്പ് പേഴ്സണൽ അപകട ഇൻഷ്വറൻസ് പദ്ധതി

25 (*685) ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. എം. മുകേഷ് :
ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ മേഖലയിലെ വിദ്യാർത്ഥികൾക്കായി ഗ്രൂപ്പ് പേഴ്സണൽ അപകട ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഏത് ക്ലാസ് വരെ പഠിക്കുന്ന വിദ്യാർത്ഥികളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നും അതിൻപ്രകാരം എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിക്കുന്നതെന്നും വിശദമാക്കാമോ;

(സി) ഇൻഷ്വറൻസ് കമ്പനികൾ നടപ്പാക്കി വന്ന പ്രസ്തുത പദ്ധതി സർക്കാർ ഏറ്റെടുത്ത് കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിക്കായി നടപ്പ് സാമ്പത്തിക വർഷം എത്ര തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): (എ) ഉണ്ട്. സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കായി സംസ്ഥാന സർക്കാർ സൗജന്യ അപകട ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) 1 മുതൽ 10 വരെ ക്ലാസ്സുകളിലെ കുട്ടികളാണ് പ്രസ്തുത സ്കീമിന്റെ പരിധിയിൽ വരുന്നത്. കുട്ടി മരണപ്പെട്ടാൽ രക്ഷിതാവിന് 50,000 രൂപയും, അപകടത്തിൽപ്പെട്ട് സ്ഥിരമായി അംഗവൈകല്യം സംഭവിച്ചാൽ 10,000 രൂപയും, അപകടത്തിൽപ്പെടുന്ന കുട്ടികൾക്ക് ചികിത്സയ്ക്കായി പരമാവധി 10,000 രൂപയും ലഭിക്കും. കൂടാതെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുട്ടികളുടെ രക്ഷിതാക്കൾ മരണപ്പെട്ടാൽ 50,000 രൂപ ട്രഷറി അക്കൗണ്ടിൽ ഫിക്സഡ് ഡെപ്പോസിറ്റായി നിക്ഷേപിക്കുകയും പലിശയിനത്തിൽ ലഭിക്കുന്ന തുക കുട്ടിയുടെ പഠനാവശ്യത്തിനായി വിനിയോഗിക്കാനും ഉത്തരവായിട്ടുണ്ട്.

(സി) 10-1-2013 മുതൽ ഈ പദ്ധതി സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖാന്തരം നടപ്പിലാക്കാൻ ഉത്തരവായെങ്കിലും പദ്ധതി കാര്യക്ഷമമായി മുന്നോട്ട് പോകാത്തതിനാൽ 30-9-2016-ലെ സർക്കാർ ഉത്തരവ് (എം.എസ്) 163/16/പൊ.വി.വ. പ്രകാരം പദ്ധതി പരിഷ്കരിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖാന്തരം നടപ്പിലാക്കാൻ തീരുമാനിച്ചു.

(ഡി) 2016-17 സാമ്പത്തിക വർഷം 50 ലക്ഷം രൂപ വകയിരുത്തിയിരുന്നു. കൂടാതെ 2017-18 സാമ്പത്തിക വർഷം 2 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**തൊഴിലധിഷ്ഠിത വിദ്യാഭ്യാസ പദ്ധതിയുടെ കാര്യക്ഷമത**

26 (*686) ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. ആർ. രാജേഷ് :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് നടപ്പിലാക്കിവരുന്ന നയങ്ങളുടെ ഫലമായി അഭ്യസ്തവിദ്യരായ തൊഴിൽരഹിതരുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് തൊഴിലധിഷ്ഠിത വിദ്യാഭ്യാസ പദ്ധതിയുടെ കാര്യക്ഷമത ഉറപ്പുവരുത്തേണ്ടതിന്റെ ആവശ്യകത ഗൗരവമായി കാണുന്നുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കുന്നതിനും ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) സ്കൂൾ വിദ്യാഭ്യാസതലം മുതൽക്കേ പഠനത്തോടൊപ്പം അഭിരുചിയുള്ള തൊഴിൽ പരിശീലനവും ഒരുമിച്ച് കൊണ്ടുപോകുന്നതിനാവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ അതത് സ്കൂളുകളിൽത്തന്നെ ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): (എ) ഉണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൊഴിലധിഷ്ഠിത വിദ്യാഭ്യാസം പുനഃസംഘടിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് 2018-19 അക്കാദമിക വർഷം മുതൽ ദേശീയ നൈപുണ്യ വികസന പദ്ധതി (എൻ.എസ്.ക്യൂ.എഫ്.) നടപ്പിലാക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്.

(സി) 2013 ഡിസംബർ 28-ന് കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയം പുറപ്പെടുവിച്ച നോട്ടിഫിക്കേഷൻ പ്രകാരം 2018 ഡിസംബർ 27-നകം എല്ലാ സംസ്ഥാനങ്ങളും 9 മുതൽ 12 വരെയുള്ള ക്ലാസ്സുകളിൽ (ലെവൽ 1 മുതൽ 4 വരെ) എൻ.എസ്.ക്യൂ.എഫ് അധിഷ്ഠിത തൊഴിൽ നൈപുണ്യ വിദ്യാഭ്യാസം നടപ്പിലാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ലെവൽ 1 ഒൻപതാം ക്ലാസ്സിലും ലെവൽ 2 പത്താം ക്ലാസ്സിലും ലെവൽ 3 ഹയർ സെക്കന്ററി ഒന്നാം വർഷത്തിലും ലെവൽ 4 ഹയർ സെക്കന്ററി രണ്ടാം വർഷത്തിലുമാണ് ബാധകം. സെക്കന്ററി /ഹയർ സെക്കന്ററി തലത്തിൽ ഉയർന്ന നിലവാരമുള്ള തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി ഡിമാൻഡ് അടിസ്ഥാന മാക്കിയുള്ള, മൊഡ്യൂളാർ വൊക്കേഷണൽ കോഴ്സുകൾ ഒൻപതാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഈ സ്കീമിനുള്ള മാതൃകാപരമായ കരിക്കുലം, പഠന സാമഗ്രികൾ എന്നിവ തയ്യാറാക്കുന്നതിന് ഭോപ്പാലിലെ പി.എസ്.എസ്.എസ്.സി.ഐ.വി.ഇ.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## ഡിജിറ്റൽ പാഠപുസ്തകം

27 (*687) ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വലിപ്പമുള്ള പാഠപുസ്തകങ്ങൾ ദിനവും സ്കൂളിൽ കൊണ്ടുപോകുന്നതുമൂലം കുട്ടികൾക്കുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഇതിന് പരിഹാരമെന്ന നിലയിൽ ഡിജിറ്റൽ പാഠപുസ്തകം എന്ന സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): (എ&ബി) കുട്ടികളുടെ സ്കൂൾ ബാഗിന്റെ ഭാരം ലഘൂകരിക്കുന്നതിനായി പാഠപുസ്തകങ്ങളുടെ ഭാരം കുറയ്ക്കുന്നതിനുവേണ്ടി 2017-18 അദ്ധ്യയന വർഷം മുതൽ മൂന്ന് വാല്യങ്ങളായിട്ടാണ് പാഠപുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്യുന്നത്. ഇത്തരം പാഠപുസ്തകങ്ങൾ

സ്കൂളിൽ കൊണ്ടുപോകുന്നതുമൂലം കുട്ടികൾക്ക് ആരോഗ്യ പ്രശ്നങ്ങളൊന്നും ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## മത്സ്യസമ്പത്തിന്റെ സംരക്ഷണം

28 (*688) ശ്രീ. ബി. സത്യൻ :
ശ്രീ. ജെയിംസ് മാത്യൂ :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനും മത്സ്യ ഉല്പാദനവും സ്റ്റോക്കും വർദ്ധിപ്പിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചുവരുന്നത്;

(ബി) സ്വാഭാവിക മത്സ്യപ്രജനന സ്ഥലങ്ങളിൽ സംരക്ഷിത മേഖലകൾ സ്ഥാപിക്കുന്നതിനും നിയമവിരുദ്ധമായ മത്സ്യബന്ധനം തടയുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനായി സ്റ്റേറ്റ് ഫിഷറീസ് റിസോഴ്സസ് മാനേജ്മെന്റ് സൊസൈറ്റി (FIRMA) നടത്തുന്ന വിവിധ ഗവേഷണ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ഡി) ഈ മേഖലയിൽ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): (എ) കടലിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി സീറാഞ്ചിംഗ് പദ്ധതി നടപ്പാക്കിവരുന്നു. മത്സ്യങ്ങളുടെ ആവാസ വ്യവസ്ഥ മെച്ചപ്പെടുത്താൻ കൃത്രിമപാര് നിക്ഷേപിക്കൽ പദ്ധതിയും മത്സ്യ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ കൂടുകൃഷി പദ്ധതിയും നടപ്പാക്കുന്നുണ്ട്. തിരുവനന്തപുരം ജില്ലയിലെ മര്യനാട് തീരക്കടലിൽ 2014-15 സാമ്പത്തിക വർഷവും 2016-17-ൽ ഉമ്പ, പുല്ലുവിള തീരക്കടലിലും കൃത്രിമപാര് പദ്ധതി നടപ്പിലാക്കിയിരുന്നു. 2017-18-ൽ ടി പദ്ധതിക്ക് 100 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചതിൻപ്രകാരം തിരുവനന്തപുരം ജില്ലയിലെ കഠിനംകുളം ഗ്രാമ പഞ്ചായത്തിലെ പുതുകുറുച്ചി മത്സ്യഗ്രാമത്തിനും കരിങ്കുളം ഗ്രാമപഞ്ചായത്തിലെ

കൊച്ചുതുറ മത്സ്യഗ്രാമത്തിനും സമീപമാണ് ടി പദ്ധതി നടപ്പാക്കുന്നത്. 120 കൃത്രിമപ്പാരുകൾ (trapezoidal RCC Modules) 70 RCC പൈപ്പും ഉൾപ്പെടുന്ന യൂണിറ്റാണ് രണ്ട് സ്ഥലങ്ങളിലും നിക്ഷേപിക്കുന്നത്.

ഉൾനാടൻ മേഖലയിൽ മത്സ്യസമ്പത്തിന്റെ വർദ്ധനവിനും ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളുടെ പ്രവർത്തനങ്ങൾക്കുമായി 2017-18 സാമ്പത്തിക വർഷം 253 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ആയത് 14 ജില്ലകൾക്ക് ഉൾനാടൻ ജലാശയങ്ങളിൽ വിവിധയിനം മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന് അനുവദിക്കുകയും ആയതനുസരിച്ച് മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഉൾനാടൻ ജലാശയങ്ങളിൽ സ്വാഭാവിക മത്സ്യ പ്രജനന സ്ഥലങ്ങളിൽ മത്സ്യസങ്കേതം സ്ഥാപിക്കുന്ന പദ്ധതിക്കായി 2017-18 സാമ്പത്തിക വർഷം 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആയതനുസരിച്ച് അഷ്ടമുടി കായൽ, വേമ്പനാട് കായൽ, കണ്ണൂർ, കോഴിക്കോട് എന്നിവിടങ്ങളിലെ കായൽ പ്രദേശങ്ങൾ എന്നിവിടങ്ങളിൽ മത്സ്യസങ്കേതം സ്ഥാപിക്കുന്നതിന് കൊല്ലം, കോട്ടയം, കണ്ണൂർ, കോഴിക്കോട് എന്നീ ജില്ലകൾക്ക് 5 ലക്ഷം രൂപ വീതം അനുവദിക്കുകയും ആയത് നടപ്പിലാക്കിവരികയും ചെയ്യുന്നു. കൂടാതെ നിയമവിരുദ്ധമായി മത്സ്യബന്ധനം തടയുന്നതിന് ഉൾനാടൻ ജലാശയങ്ങളിൽ കായൽ പട്രോളിംഗ് നടത്തുന്നതിനുവേണ്ടി 2017-18 സാമ്പത്തിക വർഷം 17 ലക്ഷം രൂപ വകയിരുത്തുകയും ആയത് 10 ജില്ലകൾക്ക് അനുവദിച്ച് പട്രോളിംഗ് നടത്തിവരികയും ചെയ്യുന്നു.

സ്വാഭാവിക മത്സ്യ പ്രജനന കേന്ദ്രങ്ങളിൽ സംരക്ഷിത മേഖലകൾ സ്ഥാപിക്കുന്നതാണ്. മത്സ്യബന്ധന ബോട്ടുകൾ ചെറുമീനുകളെ പിടിക്കുന്നത് തടയുന്നതിന് സർക്കാർ നിരവധി നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. പഴ്സീൻ വലകൾ, പെലാജിക് ട്രോൾ വലകൾ, വീട് വാട്ടർ ട്രോൾ വലകൾ എന്നിവ ഉപയോഗിച്ചുള്ള മത്സ്യബന്ധനം, രാത്രികാല ട്രോളിംഗ് എന്നിവ പൂർണ്ണമായും നിരോധിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട മത്സ്യബന്ധന വലകളുടെ കുറഞ്ഞ കണ്ണി വലിപ്പം നിശ്ചയിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ചെറുമീനുകളെ പിടിച്ചുവരുന്ന യാനങ്ങളെ കണ്ടുകെട്ടുന്നതിനും പിഴ ചുമത്തുന്നതിനും മറ്റ് നിയമ നടപടികൾ സ്വീകരിക്കുന്നതിനുമുള്ള വ്യവസ്ഥകൾ കേരള മറൈൻ ഫിഷറീസ് റെഗുലേഷൻ ആക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) 1. ആറ്റുകൊഞ്ച് പുനരധിവാസ പദ്ധതി-കണ്ണൂർ ജില്ലയിലെ വളപ്പട്ടണം പുഴയിൽ നടപ്പാക്കിയ പദ്ധതി.

2. അസസ്മെന്റ് ഓഫ് സ്റ്റാറ്റസ് ഓഫ് റിവറൈൻ ഫിഷറീസ്.

3. എക്സ്പ്ലോയിറ്റഡ് ഫിഷറീസ് റിസോഴ്സ് ഓഫ് കുട്ടനാട് വെറ്റ്ലാന്റ് ഇക്കോ സിസ്റ്റം

(ഡി) മാനേജ്മെന്റ് ഓഫ് മറൈൻ ഫിഷറീസ് പദ്ധതിയുടെ ഭാഗമായി മത്സ്യഗ്രാമതലത്തിലും ജില്ലാ തലത്തിലും ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ രൂപീകരിക്കുന്നതിന് സർക്കാരിൽ നിന്ന് അനുമതി നൽകിയതിനെത്തുടർന്ന് 9 മറൈൻ ജില്ലകളിൽ പദ്ധതി നിർവ്വഹണത്തിന്റെ പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. വില്ലേജ് തലത്തിൽ 50 ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ രൂപീകരിക്കുന്നതിന് 10 ലക്ഷം രൂപയുടെ ഭരണാനുമതി നടപ്പ് സാമ്പത്തിക വർഷം നൽകിയിട്ടുണ്ട്.

**റെയിൽവേ വികസനത്തിനുള്ള നടപടികൾ**

29 (*689) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. പി. കെ. ശശി :
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ റെയിൽവേ വികസനത്തിന് തിരിച്ചടിയാകുന്ന തരത്തിൽ കേന്ദ്ര ബഡ്ജറ്റ് വിഹിതം ഏകപക്ഷീയമായി വെട്ടിക്കുറയ്ക്കുകയും സംസ്ഥാനം മുൻകൂട്ടി ആവശ്യപ്പെട്ട പദ്ധതികളും പുതിയ ട്രെയിനുകളും പാതകളും ടെർമിനലുകളും അനുവദിക്കാതിരിക്കുകയും ചെയ്യുന്ന റെയിൽവേയുടെ പക്ഷപാതപരമായ നടപടികൾ തിരുത്തുന്നതിനായി നടത്തിയ ഇടപെടലുകൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ റെയിൽവേ യാത്രാസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും സ്റ്റേഷനുകൾ, ട്രാക്ക്, സിഗ്നൽ എന്നിവയുടെ നവീകരണത്തിനുമായി അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാണോ; എങ്കിൽ വെളിപ്പെടുത്താമോ;

(സി) റെയിൽവേ വികസന പദ്ധതികൾക്ക് ചെലവാകുന്ന തുകയുടെ അൻപത് ശതമാനം സംസ്ഥാന സർക്കാർ വഹിക്കുമെന്ന് ഉറപ്പുകൊടുത്തിട്ടും റെയിൽവേയും കേന്ദ്രസർക്കാരും അവഗണന കാട്ടുന്നത് തിരുത്തുന്നതിനുള്ള ശക്തമായ ഇടപെടൽ നടത്തുമോ എന്നറിയിക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): (എ) 2018-19-ലെ കേന്ദ്ര ബജറ്റിൽ സംസ്ഥാനത്തിന് 2017-18 വർഷത്തെ അപേക്ഷിച്ച് 20% കുറവ് വിഹിതമാണ് അനുവദിച്ചിരിക്കുന്നത്. കൂടാതെ പല പദ്ധതികൾക്കും കേരളവും സാമ്പത്തികമായി സഹകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട് (50 ശതമാനത്തോളം). പ്രസ്തുത സമീപനത്തിനെതിരെ എതിർപ്പ് പ്രകടമാക്കിക്കൊണ്ട് കേരളത്തിന്റെ റെയിൽവേ വകുപ്പുമന്ത്രി കേന്ദ്ര റെയിൽ മന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ട്. 2018 മാർച്ച് മാസം 28-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി റെയിൽവേ ബോർഡ് ചെയർമാനുമായി ചർച്ച നടത്തുകയും സംസ്ഥാനത്തിന്റെ റെയിൽവേ വികസനത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയുമുണ്ടായി. സംസ്ഥാനത്തിന്റെ ആവശ്യം അനുഭാവപൂർവ്വം പരിഗണിക്കാമെന്ന് റെയിൽവേ ബോർഡ് ചെയർമാൻ ഉറപ്പ് നൽകിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ റെയിൽവേ യാത്രാസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും, പാതയിരട്ടിപ്പിക്കൽ, പുതിയ റെയിൽവേ മേൽപ്പാലങ്ങൾ, റെയിവേസ്റ്റേഷനുകളുടെ വികസനം, ട്രാക്ക്, സിഗ്നൽ എന്നിവയുടെ നവീകരണത്തിനുമായി 2016-17, 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ യഥാക്രമം 1014.06, 851.28, 689.13 കോടി രൂപ കേന്ദ്രബജറ്റിൽ വകയിരുത്തിയിരുന്നു. അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

(സി) റെയിൽവേ വികസനത്തിന്റെ ഭാഗമായ പല പദ്ധതികൾക്കും കേരളവും സാമ്പത്തികമായി സഹകരിക്കണമെന്ന് കേന്ദ്രം ആവശ്യപ്പെട്ടിട്ടുണ്ട് (50 ശതമാനത്തോളം). എന്നാൽ പ്രസ്തുത സമീപനത്തിനെതിരെ എതിർപ്പ് പ്രകടമാക്കിക്കൊണ്ട് കേരളത്തിന്റെ റെയിൽവേ വകുപ്പുമന്ത്രി കേന്ദ്ര റെയിൽ മന്ത്രിക്ക് കത്ത് നൽകുകയും, പ്രസ്തുത നിലപാട് പുന:പരിശോധിക്കണമെന്ന് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്രം അനുകൂല നിലപാട് കൈക്കൊണ്ടിട്ടില്ല.

## ഭൂമി പതിവ് ചട്ടങ്ങളിൽ ഭേദഗതി

30 (*690) ശ്രീ. മുഹമ്മദ് മുഹസിൻ പി. :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. വി.ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1964-ലെ ഭൂമി പതിവ് ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പട്ടയം ലഭിക്കുന്നതിന് വരുമാനപരിധി ഒഴിവാക്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) കൈവശത്തിലില്ലാത്ത ഭൂമി പതിച്ചുകിട്ടുന്ന സംഗതിയിൽ കൈമാറ്റത്തിനുള്ള കാലപരിധി കുറച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പട്ടയഭൂമിയിൽ കൃഷിക്കാർ വച്ചുപിടിപ്പിക്കുന്ന മരങ്ങളുടെ അവകാശം കൃഷിക്കാർക്കുതന്നെ ലഭിക്കുമോ; വ്യക്തമാക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): (എ) 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. 17-8-2017-ലെ സ.ഉ.(പി)നമ്പർ 60/2017/റവ. ഉത്തരവ് പ്രകാരം കേരള ഭൂമി പതിവ് ചട്ടങ്ങളിലെ 7, 8, 9 എന്നിവയിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. 2-2-2018-ലെ സ.ഉ.(പി) നമ്പർ 7/2018/റവ. ഉത്തരവ് പ്രകാരം ചട്ടം 9 (1) പ്രകാരമുള്ള ഭൂമി പതിവ് ഉത്തരവിലും ഭേദഗതി വരുത്തിയിട്ടുണ്ട്.

(ബി) കൈവശമുള്ള ഭൂമി പതിച്ചു കൊടുക്കുന്നതിനുണ്ടായിരുന്ന വരുമാന പരിധി ജി.ഒ.(പി) നമ്പർ 60/2017/ആർ.ഡി. തീയതി 17-8-2017 പ്രകാരം ഒഴിവാക്കിയിട്ടുണ്ട്.

(സി) കൈവശമില്ലാത്ത ഭൂമി പതിച്ചുകിട്ടുന്ന സംഗതിയിൽ ടി ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള കാലപരിധി 25 വർഷത്തിൽ നിന്നും 12 വർഷമായി കുറച്ച് 17-8-2017-ലെ ജി.ഒ.(പി) നമ്പർ 60/2017/ആർ.ഡി. പ്രകാരം ഉത്തരവായിട്ടുണ്ട്.

(ഡി) 1964-ലെ ചട്ടങ്ങൾ പ്രകാരം പട്ടയം ലഭിച്ചിട്ടുള്ള ഭൂമിയിൽ കർഷകർ വച്ചുപിടിപ്പിക്കുന്ന ചന്ദനം ഒഴികെയുള്ള മരങ്ങൾ മുറിക്കുന്നതിനുള്ള അവകാശം കർഷകർക്കുതന്നെ ലഭിക്കുന്നതിന് ആവശ്യമായ ഭേദഗതി ചട്ടങ്ങളിൽ വരുത്തിയിട്ടുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഡി.പി.ആർ. തയ്യാറാക്കുന്നതിന് സ്വകാര്യ കൺസൾട്ടന്റുമാർ

1 (6566) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ പ്രവൃത്തികൾക്ക് വിശദമായ പദ്ധതിരേഖ (ഡി.പി.ആർ.) തയ്യാറാക്കുന്നതിന് സ്വകാര്യ കൺസൾട്ടന്റുമാരെ ചുമതലപ്പെടുത്താറുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) സർക്കാർ ഏജൻസികൾക്കും വകുപ്പിലെ എഞ്ചിനീയർമാർക്കും പ്രസ്തുത ജോലി ചെയ്യുന്നതിനുള്ള കഴിവ് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിൽ കേന്ദ്ര ഫണ്ട് വിനിയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ വിശദമായ പദ്ധതി രൂപരേഖ (ഡി.പി.ആർ.) തയ്യാറാക്കുന്നത് സ്വകാര്യ കൺസൾട്ടന്റ് വഴിയാണ്. ഡി.പി.ആർ. തയ്യാറാക്കുന്നതിന് കൺസൾട്ടന്റുമാരെ തെരഞ്ഞെടുക്കുന്നത് കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയം എംപാനൽ ചെയ്തിരിക്കുന്ന ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കുന്നവരെയാണ്. ഈ സമ്പ്രദായം കെ.എസ്.റ്റി.പി, റിക്ക് (RICK), ആർ.ബി.ഡി.സി.കെ., കെ.ആർ.എഫ്.ബി. എന്നിവയിലുണ്ട്.

നിരത്തുകളും പാലങ്ങളും കെട്ടിട വിഭാഗങ്ങളിലെ പ്രവൃത്തികളുടെ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നത് സ്വകാര്യ കൺസൾട്ടന്റുമാരല്ല.

(ബി) വിലയിരുത്തിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികളുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് വകുപ്പിലെ ഉദ്യോഗസ്ഥർ പ്രാപ്തരാണ്. കിഫ്ബി ഫണ്ടിനുവേണ്ടി നിരത്ത് വിഭാഗം ഇതിനകം 175 ഡി.പി.ആർ. തയ്യാറാക്കി സമർപ്പിക്കുകയും 135 ഡി.പി.ആർ.-ന് കിഫ്ബി അംഗീകാരം ലഭിച്ചിട്ടുള്ളതുമാണ്.

### പി.ഡബ്ല്യൂ.ഡി. റോഡിന്റെ സൈഡിൽ താമസിക്കുന്ന അർഹരായവർക്ക് പട്ടയം

2 (6567) ശ്രീ.ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ല്യൂ.ഡി. റോഡിന്റെ സൈഡിൽ വർഷങ്ങളായി ഭൂമി കൈവശം വച്ച് താമസിക്കുന്ന അർഹരായ ആളുകൾക്ക് പട്ടയം ലഭ്യമാക്കുന്നതിന് പി.ഡബ്ല്യൂ.ഡി.യുടെ എൻ.ഒ.സി വേണമെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എൻ.ഒ.സി -ക്ക് പകരമായി റോഡിൽനിന്നും നിശ്ചിതദൂരം പരിധി നിശ്ചയിച്ച് തീരുമാനം കൈക്കൊണ്ടാൽ നിരവധി അർഹരായവർക്ക് പട്ടയം ലഭ്യമാകാൻ സഹായകരമാവുമെന്നതിനാൽ ഇക്കാര്യത്തിൽ പി.ഡബ്ല്യു.ഡി.-റവന്യൂ വകുപ്പുകൾക്ക് സംയുക്തമായി ഒരു തീരുമാനമെടുക്കുവാൻ കഴിയുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എൻ.ഒ.സി.-ക്ക് പകരമായി റോഡിൽനിന്നും നിശ്ചിത ദൂരപരിധി നിശ്ചയിച്ച് റോഡിന്റെ സൈഡിൽ താമസിക്കുന്നവർക്ക് പട്ടയം നൽകുന്നത് റോഡിന്റെ ഭാവിവികസനം തടസ്സപ്പെടുത്തുവാൻ ഇടയാകുന്നതുകൊണ്ട് നിശ്ചിത ദൂരപരിധി നിശ്ചയിക്കുന്നത് പ്രായോഗികമല്ല. റോഡിന്റെ തൊട്ടരുകിൽ കെട്ടിടങ്ങൾ നിർമ്മിക്കുന്ന രീതി ഒട്ടും പ്രോത്സാഹിപ്പിക്കേണ്ടതല്ല. കാരണം റോഡുകൾ നിരന്തരം വികസിപ്പിക്കേണ്ട ജനകീയ സഞ്ചാര പാതകളാണ്.

## റോഡ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന ഘട്ടത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനം

3 (6568) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റോഡ് പ്രവൃത്തി നടന്ന ഉടനെ വിവിധ ആവശ്യങ്ങൾക്കായി റോഡ് വെട്ടിപ്പൊളിക്കുന്നത് ഒഴിവാക്കാൻ റോഡ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന ഘട്ടത്തിൽ വിവിധ വകുപ്പുകളുടെ (വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി., ബിഎസ്.എൻ.എൽ.) ഏകോപനം ഉണ്ടാകുന്നതിനും അത് ഒരു സ്ഥിരം സംവിധാനമായി കൊണ്ടുപോകുന്നതിനും പ്രവൃത്തി നടക്കുന്ന വിവിധ ഘട്ടങ്ങളിൽ റിവ്യൂ നടത്തുന്ന തരത്തിൽ ഒരു സംവിധാനം ഉണ്ടാക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

റോഡ് പ്രവൃത്തികൾ വിവിധ ആവശ്യങ്ങൾക്കായി വെട്ടിപ്പൊളിക്കുന്നതിന് വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ അനുമതി നൽകുന്നതിനായി ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ വാട്ടർ അതോറിറ്റി, പൊതുമരാമത്ത് വകുപ്പ്, കെ.എസ്.ഇ.ബി. മുതലായ വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാർ അടങ്ങുന്ന ജില്ലാതല ഏകോപന സമിതി പ്രവർത്തിച്ചുവരുന്നുണ്ട്. റോഡ് പ്രവൃത്തി നടന്ന ഉടനെ വിവിധ ആവശ്യങ്ങൾക്കായി റോഡ് വെട്ടിപ്പൊളിക്കുന്നത് ഒഴിവാക്കുന്നതിനായി

പ്രവൃത്തി ആരംഭിക്കുന്നതിനുമുൻപ്തന്നെ വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ റോഡുകൾ കുഴിച്ച് കേബിളുകൾ, പൈപ്പുകൾ തുടങ്ങിയ യൂട്ടിലിറ്റീസ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവിൽ നിർമ്മാണം ഉദ്ദേശിക്കുന്ന റോഡുകളിൽ സേവനദാതാക്കളായ വകുപ്പുകളോ കമ്പനികളോ ഏതെങ്കിലും പ്രവൃത്തികൾ ഉദ്ദേശിക്കുന്നുണ്ടോയെന്ന് പൊതുമരാമത്ത് നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ ബന്ധപ്പെട്ട സേവന ദാതാക്കളെ വൻകിട പദ്ധതികൾ ആരംഭിക്കുന്നതിന് 6 മാസം മുമ്പും ചെറുകിട പദ്ധതികൾ ആരംഭിക്കുന്നതിന് 3 മാസം മുമ്പും രേഖാമൂലം അറിയിക്കേണ്ടതും മരാമത്ത് വകുപ്പിന്റെ അനുവാദത്തോടെ പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പുതന്നെ സേവനദാതാക്കളുടെ പണികൾ പൂർത്തീകരിക്കേണ്ടതുമാണ് എന്ന് പ്രതിപാദിച്ചിട്ടുണ്ട്.

ദേശീയപാതാ വിഭാഗത്തിൽ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ 22-11-2016-ലെ കത്ത് നമ്പർ RW/NH-33044/29/2015/S&R(R) നിർദ്ദേശങ്ങൾക്ക് വിധേയമായിട്ടാണ് റോഡുകളിൽ പൈപ്പുകളോ കേബിളുകളോ ഇടുന്നതിനുള്ള അനുമതി നൽകുന്നത്. പ്രസ്തുത സർക്കുലർ പ്രകാരം 5 വർഷത്തേയ്ക്കുള്ള ലൈസൻസ് ഫീസും പെർഫോമൻസ് ഗ്യാരന്റിയും മാത്രമാണ് സ്വീകരിക്കുന്നത്. പ്രസ്തുത സർക്കുലർ പ്രകാരം ടി കക്ഷി അവരുടെ ചെലവിൽത്തന്നെ റോഡുകൾ പൂർവ്വസ്ഥിതിയിലാക്കേണ്ടതാണ്.

**പൊതുമരാമത്ത് വകുപ്പ് മാന്വൽ**

4 (6569) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് മാന്വൽ പരിഷ്കരിക്കുന്നതിന് ഈ സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) കാലോചിതമായി പൊതുമരാമത്ത് വകുപ്പ് മാന്വൽ പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

ഉത്തരം

(എ&ബി) കാലോചിതമായി പൊതുമരാമത്ത് വകുപ്പ് മാന്വൽ പരിഷ്കരിക്കുന്നതിന്റെ ഭാഗമായി 1-2-2012-നുശേഷം വന്നിട്ടുള്ള ഭേദഗതികൾ ഉൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പ് മാന്വൽ പരിഷ്കരിച്ച് പ്രസിദ്ധീകരിക്കുന്നത് സർക്കാർ പരിശോധിച്ചുവരുന്നു.

## മിനിസ്റ്റീരിയൽ ജോലിക്കാരെ സാങ്കേതിക സ്വഭാവമുള്ള ജോലികൾ ഏല്പിക്കുന്ന നടപടി

5 (6570) ശ്രീ. വി. അബ്ദുറഹിമാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ സെക്ഷൻ ഓഫീസുകളിലെ ക്ലാർക്ക്, ഓഫീസ് അറ്റൻഡന്റ് തുടങ്ങിയ മിനിസ്റ്റീരിയൽ ജീവനക്കാരെ മരാമത്ത് പ്രവൃത്തികളുടെ മേൽനോട്ടത്തിന് നിയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഡിവിഷൻ, സബ്ഡിവിഷൻ ഓഫീസുകളിലെ മിനിസ്റ്റീരിയൽ ജിവനക്കാരെ സാങ്കേതിക സ്വഭാവമുള്ള ജോലികൾ ഏല്പിക്കാറുണ്ടോ; വ്യക്തമാക്കാമോ;

(സി) പൊതുമരാമത്ത് മാന്വലിന് വിരുദ്ധമായി സാങ്കേതിക സ്വഭാവമുള്ള ജോലികൾ ചെയ്യുന്നതിന് മിനിസ്റ്റീരിയൽ ജീവനക്കാരെ ചുമതലപ്പെടുത്തുന്ന ഓഫീസ് മേധാവികൾക്കെതിരെ നടപടി സ്വീകരിക്കുമോ;

(ഡി) മേൽ സൂചിപ്പിച്ച വിഷയത്തിൽ നിലവിൽ എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; കുറ്റക്കാർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദവിവരം ലഭ്യമാക്കാമോ?

ഉത്തരം

(എ) മിനിസ്റ്റീരിയൽ ജീവനക്കാരെ മരാമത്ത് പ്രവൃത്തികളുടെ മേൽനോട്ടത്തിന് നിയോഗിക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ട്.

(ബി) ഇല്ല. പൊതുമരാമത്ത് മാന്വൽ പ്രകാരം മിനിസ്റ്റീരിയൽ ജീവനക്കാരെ സാങ്കേതിക സ്വഭാവമുള്ള ജോലികൾ ഏൽപ്പിക്കാവുന്നതല്ല.

(സി&ഡി) ഒരു പരാതി ലഭിച്ചിട്ടുണ്ട്. അന്വേഷണം നടത്തി ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## പൊതുമരാമത്ത് വകുപ്പിലെ വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തുന്നതിന് നടപടി

6 (6571) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തുന്നതിന് ജില്ലാ ക്വാളിറ്റി ലാബുകളെ വിജിലൻസിന്റെ ജില്ലാ

ഓഫീസുകളാക്കി മാറ്റുകയും സ്ഥാപന മേധാവിയുടെ തസ്തിക എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയായി ഉയർത്തുന്നതിനും നടപടി സ്വീകരിക്കുമോ;

(ബി) വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തുന്നതിന് ഈ സർക്കാർ വന്നതിനുശേഷം സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണ്; വിശദവിവരം ലഭ്യമാക്കുമോ;

(സി) വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തുന്നതിന് ഭാവിയിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഇപ്പോൾ പരിഗണനയിലില്ല. ക്വാളിറ്റി ലാബുകൾ സ്വതന്ത്രമായി പ്രവർത്തിക്കുന്നവയാണ്. അവയ്ക്ക് മുകളിൽ വിജിലൻസ് നിരീക്ഷണം ആവശ്യമാണ്. രണ്ടും ഒന്നാക്കാൻ പാടില്ല. മേധാവിയുടെ തസ്തിക ഉയർത്തുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

(ബി) പൊതുമരാമത്ത് വകുപ്പിലെ അഴിമതി തടയുന്നതിന് നിരവധി നടപടികൾ സ്വീകരിച്ചുവരുന്നു. പ്രവൃത്തികൾ ചെയ്യുമ്പോൾ കൃത്യമായ ഗുണനിലവാരം പാലിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിന് ഗുണനിലവാര പരിശോധന വിവിധ തലങ്ങളിൽ നടത്തുന്നുണ്ട്. ഉദ്യോഗസ്ഥർക്ക് ഇതുസംബന്ധിച്ച് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ നിർദ്ദേശം ലംഘിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടാൽ കർശന ശിക്ഷാനടപടികൾ സ്വീകരിക്കുന്നതാണ്. പ്രവൃത്തികളിൽ സോഷ്യൽ ആഡിറ്റിംഗ് നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. എല്ലാ ജില്ലകളിലും ജില്ലാ വിജിലൻസ് ഓഫീസർമാരെ നിയമിക്കുകയും അവർക്ക് ലഭിക്കുന്ന പരാതികളിന്മേൽ പ്രാഥമിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. നിലവിലുണ്ടായിരുന്ന പേരിന് മാത്രമുള്ള ദുർബലമായ വിജിലൻസ് സമ്പ്രദായം മാറ്റി ഫലപ്രദമായ ഒരു വിജിലൻസ് ടീമിനെ നിയമിച്ച് പ്രവർത്തിക്കുന്നു. നല്ല പ്രവർത്തനങ്ങളാണ് നടക്കുന്നത്. നിരവധി നടപടികൾ റിപ്പോർട്ട് പ്രകാരം സ്വീകരിച്ചിട്ടുണ്ട്. അതിനാൽ പോലീസ് വിജിലൻസിന് നൽകുന്ന പരാതികളുടെ എണ്ണം ഗണ്യമായി കുറഞ്ഞിട്ടുണ്ട്.

(സി) ഇപ്പോൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഭാവിയിൽ ഉണ്ടാകാവുന്ന ആവശ്യകത അനുസരിച്ച് പദ്ധതികൾ ആവിഷ്കരിക്കും.

**പൊതുമരാമത്ത് പദ്ധതികളിലെ ക്രമക്കേടുകൾ ഇല്ലാതാക്കാൻ നടപടി**

7 (6572) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് പദ്ധതികളിലെ ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് ചീഫ് ടെക്നിക്കൽ എക്സാമിനർ, ധനകാര്യ പരിശോധനാ വിഭാഗം എന്നിവയിൽ ഏതിന്റെ അന്വേഷണമാണ് വേണ്ടതെന്ന് ജനകീയ സമിതികൾക്ക് തീരുമാനിക്കുവാൻ അധികാരമുണ്ടോ;

(ബി) പൊതുമരാമത്ത് വകുപ്പിന്റെ പരിധിയിലുള്ള ദേശീയ പാത, മറ്റ് റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ, വകുപ്പിനുകീഴിലുള്ള മറ്റ് സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ എന്നിവയിലെ ക്രമക്കേടുകൾ ഇല്ലാതാക്കുന്നതിന് ജില്ലാ സാമൂഹിക ആഡിറ്റ് സമിതി രൂപീകരണംകൊണ്ട് സാധ്യമായിട്ടുണ്ടോ;

(സി) ജനകീയ സമിതികൾക്ക് അധികാരം നൽകുന്നതിലൂടെ കൂടുതൽ കാര്യക്ഷമമായ പരിശോധനയ്ക്കും വേഗത്തിലുള്ള അന്വേഷണത്തിനും വഴി തുറക്കുമെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ഡി) ജനകീയ പരിശോധനയ്ക്ക് ആവശ്യമായ രേഖകൾ പൊതുമരാമത്ത് വകുപ്പ് നൽകണമെന്ന നിർദ്ദേശം പ്രസ്തുത വകുപ്പിലെ ഉദ്യോഗസ്ഥർ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് പൊതുമരാമത്ത് പ്രവൃത്തികൾ സുതാര്യമാക്കുന്നതിനും പ്രവൃത്തികളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും ക്രമക്കേടുകൾ ഇല്ലാതാക്കുന്നതിനും സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കുന്നത് ഉറപ്പുവരുത്തുന്നതിനുമായി 5-1-2018-ലെ G.O.(Ms.)No. 1/2018/PWD പ്രകാരം സാമൂഹ്യ ഓഡിറ്റ് സമിതികൾ സംസ്ഥാനത്ത് എല്ലാ ജില്ലകളിലും രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ ഗുണഫലങ്ങൾ വിലയിരുത്താറായിട്ടില്ല.

പൊതുമരാമത്ത് വകുപ്പ് നടപ്പാക്കുന്ന പ്രവൃത്തികളിൽ ക്രമക്കേടുകൾ ഉണ്ടെന്ന് സാമൂഹ്യ ഓഡിറ്റ് സമിതികൾക്ക് ബോധ്യപ്പെടുന്നപക്ഷം പ്രവൃത്തിയിൽ ക്രമക്കേടുകൾ സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ പ്രവൃത്തി പരിശോധിക്കണമെന്നോ, വകുപ്പിന്റെ വിജിലൻസ് വിഭാഗം, ധനകാര്യ വകുപ്പ് പരിശോധന വിഭാഗം, ചീഫ് ടെക്നിക്കൽ എക്സാമിനർ, പോലീസ്

വിജിലൻസ് വിഭാഗം മുതലായ അന്വേഷണ വിഭാഗങ്ങളുടെ അന്വേഷണം നടത്തണമെന്നോ സർക്കാരിലേക്ക് ശിപാർശ നൽകുവാൻ പൊതുമരാമത്ത് സോഷ്യൽ ഓഡിറ്റ് സമിതിക്ക് അധികാരമുണ്ട്.

(സി&ഡി) സാമൂഹ്യ ഓഡിറ്റ് സമിതികൾക്ക് കൂടുതൽ അധികാരങ്ങൾ നൽകുന്നതിലൂടെ പൊതുമരാമത്ത് പ്രവൃത്തികൾ കൂടുതൽ കാര്യക്ഷമമായും വേഗത്തിലും നടപ്പാക്കാവുന്നതാണ്.

സാമൂഹ്യ ഓഡിറ്റ് നടപ്പാക്കിത്തുടങ്ങിയതേയുള്ളൂ. ഓരോ ജില്ലയിലെയും പൊതുമരാമത്ത് വകുപ്പ് നടപ്പാക്കുന്ന പ്രവൃത്തികൾ ജനകീയ ഓഡിറ്റ് നടപ്പാക്കുന്നതിനാവശ്യമായ രേഖകൾ വകുപ്പിലെ ബന്ധപ്പെട്ട കാര്യാലയങ്ങളിൽ നിന്നും നൽകണമെന്നുള്ള നിർദ്ദേശം ജീവനക്കാർ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതാണ്.

## പി.ഡബ്ല്യു.ഡി. റോഡുകളുടെ ഗുണനിലവാരം നിശ്ചയിക്കുന്നതിന് നടപടി

8 (6573) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ല്യു.ഡി. നിർമ്മിക്കുന്ന റോഡുകളുടെ ഗുണനിലവാരം നിശ്ചയിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പുതുതായി നിർമ്മിക്കുന്ന റോഡുകളുടെ ആയുസ് വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സർക്കാർ ഖജനാവിന് കോടികളുടെ നഷ്ടം വരുത്തിവയ്ക്കുന്ന നിലവിലെ എസ്റ്റിമേറ്റ്-കരാർ സമ്പ്രദായത്തിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നിർമ്മാണ പ്രവൃത്തികളുടെ ഗുണനിലവാരം വിലയിരുത്തുന്നതിനും അവയുടെ സമയബന്ധിതമായ പൂർത്തീകരണത്തിനുമായി സോഷ്യൽ ഓഡിറ്റിംഗ് നടത്തുന്നതിന് 5-1-2018-ലെ G.O.(Ms)No.1/2018/PWD സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ജനകീയ പങ്കാളിത്തത്തോടുകൂടിയ സോഷ്യൽ ഓഡിറ്റിംഗ് സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ വകുപ്പിന്റെ കീഴിൽ ഗുണനിലവാര പരിശോധനാ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തിയിട്ടുമുണ്ട്.

പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി Three-tier Quality Control System നിലവിലുണ്ട്. ഇതിൻ പ്രകാരം ബന്ധപ്പെട്ട എഞ്ചിനീയർമാർ പൊതുമരാമത്ത് പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന മെറ്റീരിയൽസ് അംഗീകാരമുള്ള ലാബുകളിൽ സമർപ്പിച്ച് ഗുണനിലവാരം പരിശോധിച്ച് ഫസ്റ്റ് ടയർ ക്വാളിറ്റി കൺട്രോൾ ഉറപ്പുവരുത്താറുണ്ട്. സെക്കന്റ് ടയർ ക്വാളിറ്റി സിസ്റ്റം നടപ്പിലാക്കിയതിന്റെ ഭാഗമായി വകുപ്പിന്റെ കീഴിൽ ഗുണനിലവാര നിർണ്ണയത്തിനായി എല്ലാ ജില്ലകളിലും ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അധീനതയിൽ ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷൻ ഓഫീസും അതിനോടനുബന്ധിച്ച് ക്വാളിറ്റി കൺട്രോൾ ലാബും പ്രവർത്തിച്ചുവരുന്നുണ്ട്. ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷനിൽ പ്രവർത്തിച്ചു വരുന്ന അസിസ്റ്റന്റ് എഞ്ചിനീയർമാർ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുമ്പോൾ പ്രവൃത്തി നടക്കുന്ന സ്ഥലം സന്ദർശിക്കുകയും ചെയ്തു പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന നടത്തുകയും സാമ്പിളുകൾ ശേഖരിക്കുകയും ആയവ ക്വാളിറ്റി കൺട്രോൾ ലാബിൽ എത്തിച്ച് പരിശോധനയ്ക്ക് വിധേയമാക്കുകയുമാണ് ചെയ്യാറുള്ളത്. ആയതിന്റെ പരിശോധനാ ഫലം ബന്ധപ്പെട്ട അധികാരികൾക്ക് കൈമാറുകയും ചെയ്യാറുണ്ട്. അഞ്ച് കോടി രൂപയിൽ കൂടുതലുള്ള നിർമ്മാണ പ്രവൃത്തികൾക്ക് ടെക്നിക്കൽ ഓഡിറ്റിംഗും ഏർപ്പെടുത്തുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ദേശീയപാതാ വിഭാഗത്തിൽ വലിയ പദ്ധതികൾ എഞ്ചിനീയറിംഗ് പ്രൊക്യൂർമെന്റ് ആന്റ് കൺസ്ട്രക്ഷൻ (EPC) വ്യവസ്ഥയിൽ നടപ്പിലാക്കിവരുന്നുണ്ട്. ഇത്തരം പദ്ധതികളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനായി പ്രത്യേകം കൺസൾട്ടന്റ് എഞ്ചിനീയർമാരെ നിയമിക്കാറുണ്ട്.

(ബി) പുതിയതായി നിർമ്മിക്കുന്ന റോഡുകളുടെ ആയുസ്സ് വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കൃത്യമായ ഇൻവെസ്റ്റിഗേഷൻ നടത്തി റോഡിന്റെ ഘടന ഡിസൈൻ ചെയ്ത് കൂടുതൽ കാലം ഈട് നിൽക്കുന്നതിനായി ആധുനിക സാങ്കേതികവിദ്യകളായ പ്ലാസ്റ്റിക്, കയർ ഭൂവസ്ത്രം, സ്വാഭാവിക റബ്ബർ മുതലായവ ഉപയോഗിച്ചുകൊണ്ടുള്ള നിർമ്മാണ പ്രവൃത്തികൾ നടപ്പാക്കുന്നു. ദേശീയപാതാ വിഭാഗത്തിൽ ടാറിംഗിലെ നൂതന സാങ്കേതികവിദ്യകളായ ബിറ്റുമിനസ് മെക്കാഡം, ഡെൻസ് ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ്, റബ്ബറൈസ്ഡ് ബിറ്റുമിൻ എന്നിവ ഉപയോഗിച്ചാണ് ദേശീയ പാതാ വിഭാഗത്തിൽ റോഡ് നിർമ്മാണം നടത്തുന്നത്. കൂടാതെ നിലവിലെ നൂതന സാങ്കേതികവിദ്യകളും മറ്റും റോഡ് നിർമ്മാണത്തിൽ ഉപയോഗിക്കുവാൻ സാധിക്കുംവിധം ദേശീയപാതാ വിഭാഗത്തിൽ കരാറുകൾ ഇ.പി.സി. വ്യവസ്ഥയിലും നടപ്പിലാക്കിവരുന്നുണ്ട്. ഈ വ്യവസ്ഥയിൽ നടപ്പിലാക്കുമ്പോൾ

നൂതന സാങ്കേതികവിദ്യകളും ലഭ്യമായിട്ടുള്ള ആധുനിക നിർമ്മാണ സാമഗ്രികളും നിർമ്മാണത്തിൽ ഉപയോഗിക്കുവാൻ കരാറുകാരന് സ്വാതന്ത്ര്യം നൽകുന്ന വ്യവസ്ഥകളുണ്ട്. മേൽപ്പറഞ്ഞ കാര്യങ്ങൾ ഉൾപ്പെടുത്തുന്നതിനാൽ നിർമ്മിച്ചിട്ടുള്ള റോഡുകളുടെ സ്ഥിതി മെച്ചപ്പെട്ടതാകുന്നുണ്ട്. കൂടാതെ അത്യാധുനിക സാങ്കേതിക വിദ്യയായ മില്ലിംഗ് ആന്റ് റീസൈക്ലിംഗ് ഉപയോഗിച്ച് ആലപ്പുഴ ജില്ലയിൽ ദേശീയപാതയുടെ ഉപരിതലം പുതുക്കി നിർമ്മിച്ചിട്ടുണ്ട്. ഈ സാങ്കേതിക വിദ്യയിൽ നിലവിലെ റോഡിന്റെ ഉപരിതലം മെഷീൻ ഉപയോഗിച്ച് ഇളക്കിയെടുക്കുകയും അപ്പോൾത്തന്നെ അതേ മെറ്റീരിയൽ പാകപ്പെടുത്തിയതിനു ശേഷം വേണ്ടുന്ന അളവിൽ ബിറ്റുമിൻ, സിമന്റ്, വിവിധ തരത്തിലുള്ള മെറ്റലുകൾ എന്നിവ ചേർത്ത് ഉപരിതലം പുനർനിർമ്മിക്കുകയുമാണ് ചെയ്യുന്നത്. ഈ സാങ്കേതികവിദ്യ സാമ്പത്തിക ലാഭത്തോടൊപ്പം ബിറ്റുമിൻ, അഗ്രിഗേറ്റ് എന്നിവയുടെ കുറഞ്ഞ ഉപയോഗം വഴി പ്രകൃതിസമ്പത്തിന്റെ സംരക്ഷണവും സാധ്യമാകും. കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ 11-1-2018 -ലെ സർക്കുലർ നമ്പർ FNO.RW/NH-33044/10/2002/S&R(R) പ്രകാരം മില്ലിംഗ് ആന്റ് റീസൈക്ലിംഗ് സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി തിരുവനന്തപുരം ജില്ലയിലെ കടമ്പാട്ടുകോണം മുതൽ മംഗലപുരം വരെയുള്ള ദേശീയപാത 47-ന്റെ റീസർഫസിംഗ് നടത്തുന്നതിനാവശ്യമായ നടപടികളെടുത്തുവരുന്നു.

(സി) എസ്റ്റിമേറ്റ് കരാർ സമ്പ്രദായം കൂടാതെ ഡിസൈനിന്റെ ടെണ്ടർ, ഇ.പി.സി. കരാർ എന്നീ രീതികളും സ്വീകരിക്കുന്നത് പരിശോധിക്കുന്നതാണ്. നിലവിൽ ദേശീയപാതാ വിഭാഗത്തിൽ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നത് PRICE Software വഴിയാണ്. ആയതിനാൽ എസ്റ്റിമേറ്റുകൾ വളരെ സുതാര്യതയിലും വേഗത്തിലും കൈമാറാൻ സാധിക്കുന്നതുമാണ്. നിലവിൽ ഇ-ടെണ്ടർ സിസ്റ്റവും ഇ-പേമെന്റ് സിസ്റ്റവും നടപ്പിലാക്കിയിട്ടുണ്ട്.

ഖജനാവ് ചോർത്തുന്ന, കഴിഞ്ഞ കാലങ്ങളിൽ പരിഷ്കരിച്ച എസ്റ്റിമേറ്റ് പരിപാടി പൊതുവെ നിരുത്സാഹപ്പെടുത്തി. ചില കരാറുകാർ സൗകര്യംപോലെ പണി നടത്തി. കാലം കഴിഞ്ഞാലും അധികാരികൾ പണം വാങ്ങുന്ന രീതി അവസാനിപ്പിക്കുവാൻ കഴിഞ്ഞു. എസ്റ്റിമേറ്റുകൾ പപ്പടം പോലെ പൊളിച്ചുതയ്യാറാക്കുന്നതുവഴി അധികതുക വകയിരുത്തലുകളും വീണ്ടും വലിയ ശതമാനത്തിന് over ആയി പിടിമുറുക്കുകയും ചെയ്യുന്നതും നിരുത്സാഹപ്പെടുത്തി. 2016-2018-ൽ ബഹുഭൂരിപക്ഷം ടെണ്ടറുകളും 'below' ആയിട്ടാണ് പിടിച്ചിട്ടുള്ളത് എന്ന് കാണാവുന്നതാണ്. എഞ്ചിനീയർമാരുടെ നല്ല സൂപ്പർവിഷൻ സിസ്റ്റം പുനഃസ്ഥാപിച്ചുവരുന്നു.

## മരാമത്ത് പണികളുടെ ഗുണനിലവാര പരിശോധന

9 (6574) ശ്രീ. സി. ദിവാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മരാമത്ത് പണികളുടെ ഗുണനിലവാരം പരിശോധിക്കാൻ ചുമതലയുള്ള ഉദ്യോഗസ്ഥർ ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഉദ്യോഗസ്ഥർ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തിയ പ്രവൃത്തികൾ ഗ്യാരന്റി കഴിയുന്നതിനുമുമ്പ് തകരുന്നതായുള്ള വാർത്തകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്തെ മരാമത്ത് പണികളുടെ ഗുണനിലവാരം പ്രസ്തുത പ്രവൃത്തികളുടെ മേൽനോട്ടത്തിന് ചുമതലയുള്ള ഉദ്യോഗസ്ഥർ, പൊതുമരാമത്ത് ക്വാളിറ്റി വിഭാഗം ഉദ്യോഗസ്ഥർ, മെയിന്റനൻസ് വിഭാഗം ഉദ്യോഗസ്ഥർ എന്നിവർക്കാണ്. പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനായി Three-tier Quality Control System നിലവിലുണ്ട്. ഇതിൻപ്രകാരം ബന്ധപ്പെട്ട എഞ്ചിനീയർമാർ പൊതുമരാമത്ത് പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന മെറ്റീരിയൽസ് അംഗീകാരമുള്ള ലാബുകളിൽ സമർപ്പിച്ച് ഗുണനിലവാരം പരിശോധിച്ച് ഫസ്റ്റ് ടയർ ക്വാളിറ്റി കൺട്രോൾ ഉറപ്പുവരുത്താറുണ്ട്. സെക്കന്റ് ടയർ ക്വാളിറ്റി സിസ്റ്റം നടപ്പിലാക്കിയതിന്റെ ഭാഗമായി ടി വകുപ്പിന്റെ കീഴിൽ ഗുണനിലവാര നിർണ്ണയത്തിനായി എല്ലാ ജില്ലകളിലും ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അധീനതയിൽ ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷൻ ഓഫീസും അതിനോടനുബന്ധിച്ച് ക്വാളിറ്റി കൺട്രോൾ ലാബും പ്രവർത്തിച്ചുവരുന്നുണ്ട്. ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷനിൽ പ്രവർത്തിച്ചുവരുന്ന അസിസ്റ്റന്റ് എഞ്ചിനീയർമാർ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുമ്പോൾ പ്രവൃത്തി നടക്കുന്ന സ്ഥലം സന്ദർശിക്കുകയും ചെയ്ത പ്രവൃത്തികളുടെ ഗുണനിലവാര പലിശോധന നടത്തുകയും സാമ്പിളുകൾ ശേഖരിക്കുകയും ആയവ ക്വാളിറ്റി കൺട്രോൾ ലാബിൽ എത്തിച്ച് പരിശോധനയ്ക്ക് വിധേയമാക്കുകയുമാണ് ചെയ്യാറുള്ളത്. ആയതിന്റെ പരിശോധനാ ഫലം ബന്ധപ്പെട്ട അധികാരികൾക്ക് കൈമാറുകയും ചെയ്യാറുണ്ട്. അഞ്ച് കോടി രൂപയിൽ കൂടുതലുള്ള നിർമ്മാണ പ്രവൃത്തികൾക്ക് ടെക്നിക്കൽ ഓഡിറ്റിംഗും എർപ്പെടുത്തുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ദേശീയപാതാ വിഭാഗത്തിൽ വലിയ പദ്ധതികൾ എഞ്ചിനീയറിംഗ് പ്രൊക്യൂർമെന്റ് ആന്റ് കൺസ്ട്രക്ഷൻ (EPC) വ്യവസ്ഥയിൽ നടപ്പിലാക്കിവരുന്നുണ്ട്. ഇത്തരം പദ്ധതികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി പ്രത്യേകം കൺസൾട്ടന്റ് എഞ്ചീനീയർമാരെ നിയമിക്കാറുണ്ട്. സാമൂഹ്യ ഓഡിറ്റിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. ധനവകുപ്പിലെ ചീഫ് ടെക്നിക്കൽ ഏക്സാമിനർക്കും ഉത്തരവാദിത്വമുണ്ട്.

(ബി) പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കിയ പല പ്രവൃത്തികളും ഗ്യാരന്റി പീരിയഡ് കഴിയുന്നതിനുമുമ്പ് തകരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗ്യാരന്റി പീരീഡിലുണ്ടാകുന്ന അപാകതകൾ പ്രവൃത്തിയുടെ കരാറുകാരുടെ ചെലവിൽത്തന്നെ പരിഹരിച്ചുവരുന്നുണ്ട്. അല്ലാത്ത പക്ഷം അവർക്കെതിരെ കർശന നിയമനടപടികളും സ്വീകരിക്കുന്നുണ്ട്. കരാറുകാരൻ ഗുണനിലവാരമില്ലാത്ത പ്രവൃത്തികൾ നടത്തിയാൽ ആയത് കരാറുകാരന്റെ സ്വന്തം ചെലവിൽ നീക്കംചെയ്ത് ഗുണനിലവാരത്തോടുകൂടി പുനർനിർമ്മിക്കാൻ പുതുക്കിയ പൊതുമരാമത്ത് മാന്വൽ പ്രകാരം വ്യവസ്ഥ ചെയ്യുന്നുണ്ട്. കൂടാതെ ഗുണനിലവാരമില്ലാത്ത പ്രവൃത്തികൾ ചെയ്യുന്ന കരാറുകാരുടെ ലൈസൻസ് പുതുക്കി നൽകാതിരിക്കുന്നതിനും മാന്വലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗുണപരമായ വലിയ മാറ്റം മരാമത്ത് പണികളിൽ സംഭവിച്ചുവരുന്നതായി ഏവരും സമ്മതിക്കുന്ന കാര്യമാണ്.

## പി.ഡബ്ല്യു.ഡി. റോഡുകളുടെ സുരക്ഷിതത്വം

10 (6575) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജലപദ്ധതികൾക്കുള്ള പൈപ്പ് ലൈൻ, കേബിൾ ലൈൻ എന്നിവ അശാസ്ത്രീയമായ രീതിയിൽ റോഡിന് കുറുകെ മുറിച്ച് തയ്യാറാക്കുന്നതുമൂലം പലയിടത്തും പി.ഡബ്ല്യു.ഡി. റോഡുകൾ തകർച്ചയിലായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിലുള്ള നടപടികൾ അവസാനിപ്പിച്ച് റോഡ് സുരക്ഷിതത്വം ഉറപ്പുവരുത്താൻ നടപടികൾ ഉണ്ടാകുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

ജലപദ്ധതിക്കുള്ള പൈപ്പ് ലൈൻ, കേബിൾ ലൈൻ എന്നിവ അശാസ്ത്രീയമായ രീതിയിൽ റോഡിന് കുറുകെ മുറിച്ച് ഇടുന്നതുകാരണം പലയിടത്തും റോഡുകൾ തകർച്ചയിലായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ റോഡ് കുറുകെ മുറിക്കുന്നത് അവസാനിപ്പിക്കണമെങ്കിൽ സ്ഥിരമായ ഡക്റ്റ് നിർമ്മിക്കേണ്ടതുണ്ട്. ഇതിനായി പുതുതായി നിർമ്മിക്കുന്ന റോഡുകളിൽ ഡക്റ്റുകൾ നിർമ്മിച്ചുവരുന്നു. റോഡ് സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുവേണ്ടി പൊതുമരാമത്ത് റോഡുകൾ കുഴിച്ച് കേബിളുകൾ, പൈപ്പുകൾ തുടങ്ങിയ യൂട്ടിലിറ്റീസ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ 5-1-2018-ലെ G.O.(Rt.)No.30/2018/PWD പ്രകാരം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

മുൻകൂട്ടി പൊതുമരാമത്ത് വകുപ്പിനെ അറിയിക്കാതെയും പൊതുമരാമത്ത് വകുപ്പ് എഞ്ചിനീയർമാരുടെ സാന്നിദ്ധ്യത്തിൽ ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി പ്രോജക്ട് പ്ലാൻ ചെയ്യാത്തതുമാണ് പല പദ്ധതികൾക്കുംവേണ്ടി റോഡ് കുഴിക്കുന്നതിന് കാലതാമസമുണ്ടാകുന്നത്. ആയതിനാൽ കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി. എന്നിവയുടെ പ്രവൃത്തികൾക്കായി റോഡ് കുഴിക്കേണ്ടി വരുന്ന അവസരങ്ങളിൽ പ്രസ്തുത വിവരം ആറുമാസം മുൻപെങ്കിലും പൊതുമരാമത്ത് വകുപ്പിനെ അറിയിക്കേണ്ടതാണ്.

റോഡ് കട്ടിംഗുകൾ പരമാവധി കുറയ്ക്കുന്നതിനുള്ള ട്രെഞ്ച്‌ലെസ് ടെക്നോളജി അടക്കമുള്ള നൂതനമായ സാങ്കേതികവിദ്യകൾ പൈപ്പുകൾ ഇടുന്നതിൽ ഉപയോഗിക്കേണ്ടതുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്.

വീതി കുറഞ്ഞ റോഡുകളിൽ ടാർ കട്ടിംഗ് ആവശ്യമായി വരുമ്പോൾ മറ്റ് റൂട്ടുകൾ തെരഞ്ഞെടുക്കാൻ ശ്രമിക്കേണ്ടതും സ്വകാര്യ വ്യക്തികളുടെ സ്ഥലത്തുകൂടി പൈപ്പുകൾ ഇടുന്നതിനുള്ള സാദ്ധ്യത ആരായേണ്ടതുമാണ്. ഇപ്രകാരം രണ്ട് വകുപ്പുകളുമായി സഹകരിച്ച് പ്രവൃത്തികൾ നടത്തുകയാണെങ്കിൽ പ്രസ്തുത പ്രശ്നത്തിനുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒരു പരിധിവരെ പരിഹരിക്കാൻ സാധിക്കും.

ദേശീയപാതാ വിഭാഗത്തിൽ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ 22-11-2016-ലെ കത്ത് നമ്പർ RW/NH-33044/29/2015/S&R(R) പ്രകാരമുള്ള നിർദ്ദേശങ്ങൾക്ക് വിധേയമായിട്ടാണ് റോഡുകളിൽ പൈപ്പുകളോ കേബിളുകളോ ഇടുന്നതിനുള്ള അനുമതി നൽകുന്നത്. പ്രസ്തുത സർക്കുലർ പ്രകാരം 5 വർഷത്തേക്കുള്ള ലൈസൻസ് ഫീസും പെർഫോമൻസ് ഗ്യാരന്റിയും മാത്രമാണ് സ്വീകരിക്കുന്നത്. പ്രസ്തുത സർക്കുലർ പ്രകാരം ടി കക്ഷി അവരുടെ ചെലവിൽത്തന്നെ റോഡുകൾ പൂർവ്വസ്ഥിതിയിലാക്കേണ്ടതാണ്. നിലവിലുള്ള ദേശീയപാതകൾ നാലുവരിപ്പാതയായി വികസിപ്പിക്കുമ്പോൾ കേബിളുകൾ, പൈപ്പുകൾ എന്നിവ സ്ഥാപിക്കുന്നതിന് യൂട്ടിലിറ്റി സ്പേസ്/യൂട്ടിലിറ്റി ഡക്റ്റ് എന്നിവ ഉൾപ്പെടുത്താറുണ്ട്.

**ടാർ ക്ഷാമവും ജീവനക്കാരുടെ കുറവുംമൂലമുള്ള പ്രതിസന്ധി**

11 (6576) <u>ശ്രീ. ഹൈബി ഈഡൻ</u> :
<u>ശ്രീ. അനൂപ് ജേക്കബ്</u> :
<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> :
<u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടാർ വാങ്ങിയ വകയിൽ കൊച്ചിൻ റിഫൈനറിക്ക് ഭീമമായ കുടിശ്ശിക ഉണ്ടായ സാഹചര്യത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ പണികൾക്ക് ടാർ ലഭിക്കാത്ത സ്ഥിതിവിശേഷം സംജാതമായിട്ടുണ്ടോ;

(ബി) പുതിയകാലം, പുതിയ നിർമ്മാണം എന്ന മുദ്രാവാക്യത്തിന്റെ അടിസ്ഥാനത്തിലുള്ള അറ്റകുറ്റപ്പണികൾക്ക് പ്രസ്തുത ടാർ ക്ഷാമം തടസ്സമായിട്ടുണ്ടോ;

(സി) വകുപ്പിലെ ടെക്നിക്കൽ ജീവനക്കാരുടെ കുറവ് നിർമ്മാണ പ്രവർത്തനങ്ങളെ ദോഷകരമായി ബാധിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; എത്ര ജീവനക്കാരുടെ കുറവാണ് നിലവിലുള്ളത്;

(ഡി) എങ്കിൽ അത് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വകുപ്പിൽനിന്നും പെൻഷനായ എഞ്ചിനീയർമാരുടെ സേവനം ഉപയോഗപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ടാർ വാങ്ങിയ വകയിൽ കൊച്ചിൻ റിഫൈനറിക്ക് കുടിശ്ശിക ഉണ്ടായതിനാൽ പൊതുമരാമത്ത് വകുപ്പിന് ടാർ നൽകുന്നത് ഭാരത് പെട്രോളിയം രണ്ടാഴ്ച നിർത്തിവച്ച സാഹചര്യം ഉണ്ടായിരുന്നുവെങ്കിലും കുടിശ്ശിക തുക ഒടുക്കിയതിനാൽ നിലവിൽ ടാർ ലഭിക്കാത്ത സാഹചര്യമില്ല.

(ബി) ഇല്ല.

(സി&ഡി) ഉണ്ട്. മൂന്നാംതരം ഓവർസിയർമാരുടെ കുറവ് നിലവിലുണ്ട്. ആയത് പരിഹരിക്കുവാൻ മൂന്നാംഗ്രേഡ് ഓവർസിയർമാരുടെ 228 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തതു പ്രകാരം 133 ഉദ്യോഗാർത്ഥികളുടെ നിയമന ശിപാർശ പി.എസ്.സി.-യിൽനിന്നും ലഭ്യമായിട്ടുണ്ട്. അതിൽ 79 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. ബാക്കി 54 പേരുടെ നിയമന ഉത്തരവ് നൽകുന്നതിനുള്ള നടപടി സ്വീകിരിച്ചുവരുന്നു. ബാക്കി ഒഴിവുകൾ പി.എസ്.സി.-യിൽനിന്നും ഉദ്യോഗാർത്ഥികളുടെ നിയമന ശിപാർശ കിട്ടുന്നമുറയ്ക്ക് നികത്തുന്നതാണ്. ഈ വിധം പി.എസ്.സി. വഴി നിയമനം നടക്കുന്നതോടേ ജീവനക്കാരുടെ കുറവ് ഭാഗികമായി പരിഹരിക്കപ്പെടുന്നതാണ്.

**മലയോര ഹൈവേ നിർമ്മാണം**

12 (6577) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട മലയോര ഹൈവേ നിർമ്മാണം ഏത് ഘട്ടത്തിലാണ്;

(ബി) മലയോര ഹൈവേ കടന്നുപോകുന്നത് എവിടെനിന്നും എവിടെ വരെയാണെന്നും ഏതെല്ലാം ജില്ലകളിലൂടെയും ഭാഗങ്ങളിലൂടെയുമാണ് എന്നും വിശദമാക്കാമോ;

(സി) ഇതിനായി ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച നടപടികൾ ഏത് വരെയായി എന്നും ഇതിന് നിലവിൽ തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ എന്നും അറിയിക്കാമോ;

(ഡി) സ്ഥലത്തിന് പരമാവധി നഷ്ടപരിഹാരം നൽകുന്നതിനും ഭൂമി നഷ്ടപ്പെടുന്നവരുടെ പുനരധിവാസത്തിനും സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഇ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ഏതെല്ലാം ഭാഗങ്ങളിലായി എത്ര കി.മീ. ഭാഗമാണ് നിർദ്ദിഷ്ട മലയോര ഹൈവേ നിർമ്മാണത്തിൽ ഉൾപ്പെട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മലയോര ഹൈവേ നിർമ്മാണത്തിന്റെ ആദ്യഘട്ടത്തിൽ ഏറ്റെടുക്കുന്ന 26 പദ്ധതികളിൽ 20 പദ്ധതികളുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ചു. അതിൽ 4 പദ്ധതികൾക്ക് (തിരുവനന്തപുരം-1, കൊല്ലം-1, കാസർഗോഡ്-2) കിഫ്ബിയിൽനിന്ന് അംഗീകാരം ലഭിച്ചു. ടി 4 പദ്ധതികളുടെ ടെണ്ടർ നടപടികൾ ആരംഭിച്ചു.

(ബി) നിർദ്ദിഷ്ട മലയോര ഹൈവേ കാസർഗോഡ് നന്ദാരപ്പടവ് മുതൽ തിരുവനന്തപുരം പാറശ്ശാല വരെയാണ് വിഭാവനം ചെയ്തിരിക്കുന്നത്. ആലപ്പുഴ ഒഴികെയുള്ള 13 ജില്ലകളിലൂടെയാണ് മലയോര ഹൈവേ കടന്നുപോകുന്നത്. മലയോര ഹൈവേയുടെ റൂട്ട് ചുവടെ ചേർക്കും പ്രകാരമാണ്;

| | |
|---|---|
| കാസർഗോഡ് | നന്ദാരപ്പടവ്-ചെറുപുഴ |
| കണ്ണൂർ | ചെറുപുഴ-ബോയ്സ് ടൗൺ |
| വയനാട് | ബോയ്സ് ടൗൺ-കുങ്കിച്ചിറ |
| കോഴിക്കോട് | വിലങ്ങാട്-കക്കാടംപൊയിൽ |
| മലപ്പുറം | അരുണപ്പുഴ-പൂക്കാട്ടുപാടം |
| പാലക്കാട് | പൊൻപാറ -പന്തലാംപാടം |
| തൃശ്ശൂർ | പന്തലാംപാടം-വെറ്റിലപ്പാറ |
| എറണാകുളം | വെറ്റിലപ്പാറ-പെരുമ്പൻകുത്ത് |

| | |
|---|---|
| ഇടുക്കി | പെരുമ്പൻകുത്ത്-മുണ്ടക്കയം |
| കോട്ടയം | മുണ്ടക്കയം-പ്ലാച്ചേരി |
| പത്തനംതിട്ട | പ്ലാച്ചേരി-പത്തനാപുരം |
| കൊല്ലം | പത്തനാപുരം-കൊല്ലായിൽ |
| തിരുവനന്തപുരം | കൊല്ലായിൽ-പാറശ്ശാല |

(സി&ഡി) മലയോര ഹൈവേ നിർമ്മാണത്തിനായി ആവശ്യമുള്ള ഭൂമി ഫ്രീ സറണ്ടറായി ലഭ്യമാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിനുള്ള നടപടികൾ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ നടത്തിവരുന്നു.

(ഇ) ചാലക്കുടി മണ്ഡലത്തിൽ വെള്ളിക്കുളങ്ങര മുതൽ വെറ്റിലപ്പാറ വരെയുള്ള 19.10 കി.മീ. റോഡാണ് മലയോര ഹൈവേയുടെ ഭാഗമായി വരുന്നത്.

**തീരദേശ ഹൈവേ**

13 (6578) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ ഹൈവേയുടെ പണി ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) ഈ പാതയെ തുറമുഖങ്ങളുമായി ബന്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) നിർദ്ദിഷ്ട തീരദേശ പാതയ്ക്ക് 653.4 കി.മീ. ദൈർഘ്യമാണുള്ളത്. വിവിധ ജില്ലകളിലായി 249.19 കി.മീ. നീളത്തിൽ 13 റോഡുകളുടെ നവീകരണമാണ് ആദ്യഘട്ടത്തിൽ ഉദ്ദേശിക്കുന്നത്. ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്ന 13 റോഡുകളിൽ 12 റോഡുകളുടെ 238.5 കി.മീ. ഭാഗം പുനരുദ്ധരിക്കുന്നതിനുള്ള വിശദമായ പദ്ധതി രൂപരേഖ കെ.ആർ.എഫ്.ബി-ക്ക് സമർപ്പിച്ചിട്ടുണ്ട്. ഇതിലെ 11 റീച്ചുകളുടെ ഡി.പി.ആർ. കിഫ്ബിയുടെ സാമ്പത്തികാനുമതിക്കായി സമർപ്പിച്ചിട്ടുള്ളതുമാണ്.

(ബി) തീരദേശ ഹൈവേ കേരളത്തിലെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ 9 ജില്ലകളിൽ കൂടിയാണ് കടന്നുപോകുന്നത്. വിഴിഞ്ഞം, തങ്കശ്ശേരി, ആലപ്പുഴ,

കൊച്ചി, മുനമ്പം, പൊന്നാനി, ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങളെ പരസ്പരം ബന്ധിപ്പിച്ചുകൊണ്ടാണ് തീരദേശ ഹൈവേ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്.

**തലസ്ഥാന നഗരവികസന പദ്ധതിയുടെ രണ്ടാംഘട്ടം**

14 (6579) ശ്രീ. എം. സ്വരാജ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തലസ്ഥാന നഗരവികസന പദ്ധതിയുടെ രണ്ടാംഘട്ടം നടപ്പാക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

തിരുവനന്തപുരം നഗര റോഡ് വികസന പദ്ധതിയുടെ രണ്ടാംഘട്ടം നടപ്പാക്കുന്നത് സംബന്ധിച്ച് പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല.

**നാലുവരി, ആറുവരി പാതകളുടെ നിർമ്മാണം**

15 (6580) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടായിരം കോടി രൂപവരെയുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുവാൻ മിനിസ്ട്രി ഓഫ് റോഡ് ട്രാൻസ്പോർട്ട് ആന്റ് ഹൈവേയെ അനുവദിച്ചുകൊണ്ടുള്ള കേന്ദ്രസർക്കാർ തീരുമാനം സംസ്ഥാനത്തിന് എത്രമാത്രം ഗുണകരമാകുമെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് നാലുവരി, ആറുവരി പാതകളുടെ നിർമ്മാണം വേഗത്തിലാക്കുന്നതിന് ഈ തീരുമാനം സഹായകമാകുമോ;

(സി) നിലവിലുള്ള പ്രോജക്ടുകളെ ചെറിയ ചെറിയ ഭാഗങ്ങളാക്കി വേഗത്തിൽ പൂർത്തിയാക്കുന്നതിന് ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുമോ; ഏതൊക്കെ ഹൈവേകളുടെ നിർമ്മാണത്തിന് ഇത് സഹായകമാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) സംസ്ഥാനത്തെ ദേശീയപാത 66, ആറ് വരി/നാല് വരിയായി വികസിപ്പിക്കുന്നത് എൻ.എച്ച്.എ.ഐ. മുഖാന്തരമാണ്. 2000 കോടി രൂപയ്ക്ക് മുകളിലുള്ള പദ്ധതികൾക്ക് കേന്ദ്ര ക്യാബിനറ്റും അതിൽ താഴെയുള്ള പദ്ധതികൾക്ക് കേന്ദ്ര മന്ത്രാലയവുമാണ് ഭരണാനുമതി നൽകുന്നത്. സംസ്ഥാനത്തെ എൻ.എച്ച്.

66-ലെ പദ്ധതികൾ 2000 കോടി രൂപയിൽ താഴെയുള്ളതാകയാൽ ഭരണാനുമതി ലഭിക്കുവാൻ കാലതാമസം കുറയുന്നതിനാൽ പദ്ധതി വേഗത്തിൽ ഏറ്റെടുത്ത് നടപ്പിലാക്കുവാൻ സാധിക്കും.

## റോഡുകളുടെ നിർമ്മാണത്തിന് പരിസ്ഥിതി സൗഹൃദ സാങ്കേതികവിദ്യ

16 (6581) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകളുടെ നിർമ്മാണത്തിന് പരിസ്ഥിതി സൗഹൃദമായ സാങ്കേതികവിദ്യകളും പുതിയ സാമഗ്രികളും യന്ത്രങ്ങളും ഉപയോഗിക്കുന്നതിന്റെ സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ ഹരിത സാങ്കേതിക വിദ്യകളും സാധനങ്ങളും യന്ത്രങ്ങളും ഉപയോഗിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള നിർദ്ദേശം ഏതെങ്കിലും അതോറിറ്റിയിൽനിന്നും സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഇത് എത്രമാത്രം പ്രായോഗികമാണെന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

(എ&ബി) റോഡുകളുടെ നിർമ്മാണത്തിന് പരിസ്ഥിതി സൗഹൃദമായ സാങ്കേതികവിദ്യകളും പുതിയ സാമഗ്രികളും യന്ത്രങ്ങളും ഉപയോഗിക്കുന്നതിന്റെ സാധ്യതകൾ പരിശോധിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി, N.R.M.B. (Natural Rubberized Modified Bitumen) ഉപയോഗശൂന്യമായ ശുദ്ധീകരിച്ച ഷ്രെഡഡ് പ്ലാസ്റ്റിക്, റോഡിന്റെ അടിത്തറയ്ക്ക് ബലമില്ലാത്ത സ്ഥലങ്ങളിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ച് അടിത്തറ ബലപ്പെടുത്തിയുള്ള നിർമ്മാണം എന്നിവ നടപ്പിലാക്കി വരുന്നു. ഇത്തരത്തിൽ ഹരിത സാങ്കേതികവിദ്യകളും, നൂതന സാങ്കേതിക വിദ്യകളും വകുപ്പിന്റെ പ്രവൃത്തികളിൽ ഉപയോഗിക്കുന്നതിന് 26-3-2018 -ലെ ജി.ഒ. (ആർ.ടി.) നമ്പർ 527/2018/പി.ഡബ്ല്യൂ.ഡി പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ ഉപയോഗിക്കുന്ന സാങ്കേതികവിദ്യകൾ വളരെ പ്രായോഗികമാണ്. 2017-18 സാമ്പത്തിക വർഷം നിരത്ത് വിഭാഗത്തിന്റെ കീഴിൽവരുന്ന 312.785 കി.മീ ദൈർഘ്യം വരുന്ന റോഡുകൾ N.R.M.B. ഉപയോഗിച്ചും 46.28 കി.മീ. ദൈർഘ്യത്തിൽ പ്രവൃത്തികൾ പ്ലാസ്റ്റിക് ബി.സി. ഉപരിതലത്തിലുള്ള മെറ്റലിനോടൊപ്പം ചേർത്തും നിർമ്മിച്ചിട്ടുണ്ട്. 5.5 കി.മീ റോഡിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ചും 2018-19 സാമ്പത്തിക വർഷത്തിലെ നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ നടപ്പിലാക്കുന്ന പദ്ധതികളിൽ N.R.M.B. പ്ലാസ്റ്റിക്, കയർ ഭൂവസ്ത്രം എന്നിവ ഉപയോഗിക്കുന്നതിനുള്ള വ്യവസ്ഥകൾകൂടി

ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഏതെങ്കിലും അതോറിറ്റിയിൽനിന്ന് പ്രത്യേക നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല. MoRTH-ന്റെ നിർദ്ദേശങ്ങൾ അംഗീകരിച്ചുകൊണ്ട് കേരളത്തിന്റെ പ്രത്യേകതകളും കണക്കിലെടുത്ത് പ്ലാസ്റ്റിക്, കയർ ഭൂവസ്ത്രം, സ്വാഭാവിക റബ്ബർ എന്നിവ എല്ലാ റോഡ് നിർമ്മാണങ്ങളിലും ഉപയോഗിക്കാൻ ആരംഭിച്ചിട്ടുണ്ട്. നിർമ്മാണ-സൗന്ദര്യാത്മകത മുറുകെപ്പിടിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. ദൃഢത, ഭംഗി, ദീർഘകാല നിലനിൽപ്പ്, സാമ്പത്തിക അച്ചടക്കം, സുതാര്യത എന്നിവ ഉറപ്പാക്കുന്നതാണ്.

## പൊതുമരാമത്ത് വകുപ്പിന്റെ അനുമതിയില്ലാതെ നടത്തുന്ന കുഴിയെടുക്കൽ

17 (6582) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ/സംസ്ഥാന പാതകളിൽ കേബിളുകൾ സ്ഥാപിക്കുവാൻ കുഴിയെടുക്കുന്നതുമൂലം റോഡുകൾ തകരുന്നത് സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുഴിയെടുക്കുന്നതിന് പൊതുമരാമത്ത് വകുപ്പിൽനിന്നും ലഭിക്കേണ്ട അനുമതി എന്തെല്ലാമെന്നും ഇതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം എന്താണെന്നും വിശദമാക്കുമോ;

(സി) പൊതുമരാമത്ത് വകുപ്പിന്റെ അനുമതിയില്ലാതെ നടത്തുന്ന പ്രസ്തുത പ്രവൃത്തികൾക്കെതിരെ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പൊതുമരാമത്ത് റോഡുകളിൽ മറ്റ് വകുപ്പുകളുടേയും ഏജൻസികളുടേയും യൂട്ടിലിറ്റീസ് സ്ഥാപിക്കുന്നതിന് മുൻകൂർ അപേക്ഷ നൽകി കേബിൾ/പൈപ്പ് ട്രെഞ്ചുകൾ പൂർവ്വസ്ഥിതിയിലാക്കി റോഡുകൾ ഗതാഗത യോഗ്യമാക്കി തീർക്കുന്നതിനുള്ള Restoration ചാർജ് പൊതുമരാമത്ത് വകുപ്പിൽ അടച്ച് അനുമതി വാങ്ങേണ്ടതാണ്. ദേശീയപാത വിഭാഗത്തിൽ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ 22-11-2016-ലെ കത്ത് നമ്പർ RW/NH-33044/29/2015/S&R(R) പ്രകാരമുള്ള നിർദ്ദേശങ്ങൾക്ക് വിധേയമായിട്ടാണ് റോഡുകളിൽ പൈപ്പുകളോ കേബിളുകളോ ഇടുന്നതിനുള്ള അനുമതി നൽകുന്നത്. പ്രസ്തുത സർക്കുലർ പ്രകാരം 5 വർഷത്തേയ്ക്കുള്ള ലൈസൻസ് ഫീസും പെർഫോമൻസ് ഗ്യാരന്റിയും മാത്രമാണ് സ്വീകരിക്കുന്നത്. പ്രസ്തുത സർക്കുലർ

പ്രകാരം ടി കക്ഷി അവരുടെ ചെലവിൽത്തന്നെ റോഡുകൾ പൂർവ്വസ്ഥിതിയിലാക്കേണ്ടതാണ്. കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി, ടെലികോം തുടങ്ങിയ സേവനദാതാക്കൾ വിവിധ പദ്ധതികൾക്കായി റോഡുകൾ വെട്ടിമുറിക്കുന്ന പ്രവൃത്തിയിലേക്ക് രണ്ട് വകുപ്പുകളിലും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി 6-12-2017-ൽ യോഗം ചേരുകയുണ്ടായി. ഇതിൻ പ്രകാരം 5-1-2018-ലെ ജി.ഒ. (ആർ.ടി) നമ്പർ 30/2018/പി.ഡബ്ല്യു.ഡി. പ്രകാരം റോഡുകൾ കുഴിച്ച് കേബിളുകൾ, പൈപ്പുകൾ തുടങ്ങിയ യൂട്ടിലിറ്റീസ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

(സി) സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് റോഡുകൾ സംരക്ഷിക്കുന്നതിനും കാൽനട യാത്രക്കാർക്കും വാഹനങ്ങൾക്കും സുരക്ഷിത യാത്ര സാധ്യമാക്കുന്നതിനും സംസ്ഥാനത്തെ നാഷണൽ ഹൈവേയും സ്റ്റേറ്റ് ഹൈവേയും പ്രധാന ജില്ലാ റോഡുകളും 1999-ലെ സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് (സെക്ഷൻ 3) പ്രകാരമുള്ള ഹൈവേ ആയി പ്രഖ്യാപിച്ച് സംരക്ഷിച്ചുകൊണ്ടും, ടി കാര്യങ്ങളുടെ നിരീക്ഷണത്തിനായി എൻ.എച്ച്.-ന്റെ പരിധിയിൽ വരുന്ന റോഡുകളുടെ ഹൈവേ അതോറിറ്റിയായി എക്സിക്യൂട്ടിവ് എഞ്ചിനീയർ (എൻ.എച്ച്.)നേയും സ്റ്റേറ്റ് ഹൈവേയുടെയും പ്രധാനപ്പെട്ട ജില്ലാ റോഡുകളുടെയും അതോറിറ്റിയായി എക്സിക്യൂട്ടിവ് എഞ്ചിനീയർ (ആർ & ബി)-യെയും 1999-ലെ സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് (സെക്ഷൻ 4) പ്രകാരം നിയമിച്ചുകൊണ്ട് 3-9-2016-ലെ ജി.ഒ.(എം.എസ്.) നമ്പർ 63/2016/പൊ.മ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ അനുമതിയില്ലാതെ കേബിളുകൾ സ്ഥാപിക്കാൻ കുഴികൾ എടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ഹൈവേ പ്രൊട്ടക്ഷൻ ആക്ട് അനുസരിച്ച് അതത് ജില്ലകളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ നടപടികൾ സ്വീകരിക്കുന്നതാണ്.

## പൊതുമരാമത്ത് വകുപ്പിന്റെ നൂതന പദ്ധതികൾ

18 (6583) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതികൾ നടപ്പിലാക്കുന്നതിൽ ആധുനിക സുസ്ഥിര സാങ്കേതികവിദ്യകൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ കണക്കിലെടുത്ത് റോഡ് സുരക്ഷ മെച്ചപ്പെടുത്താൻ എന്തെല്ലാം ഉദ്യമങ്ങൾ സ്വീകരിച്ചുവരുന്നു; വിശദമാക്കാമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിൽ വരുന്ന റോഡുകളുടെ പ്രവൃത്തികളിൽ ആധുനിക സുസ്ഥിര സാങ്കേതിക വിദ്യകൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി റോഡുകളുടെ നിർമ്മാണ പ്രവൃത്തികളിൽ NRMB (Natural Rubberized Modified Bitumen), ഉപയോഗശൂന്യമായ ശുദ്ധീകരിച്ച ഷ്രെഡഡ് പ്ലാസ്റ്റിക് ബി.സി. ഉപരിതല നിർമ്മാണത്തിനുള്ള മെറ്റലിനോടൊപ്പം ചേർത്തുള്ള നിർമ്മാണം, റോഡിന്റെ അടിസ്ഥാനത്തിന് ആവശ്യമായ ഉറപ്പില്ലാത്ത സ്ഥലങ്ങളിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ച് ഉറപ്പുവരുത്തിയുള്ള രീതി എന്നിവ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി 2016-17, 2017-18 സാമ്പത്തിക വർഷം നടപ്പിലാക്കുന്ന പദ്ധതികളിൽ ടി വ്യവസ്ഥകൾകൂടി ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. 26-3-2018-ലെ G.O.(Rt.) No.527/2018/PWD പ്രകാരം ആധുനിക സാങ്കേതികവിദ്യകളായ പ്ലാസ്റ്റിക്, എൻ.ആർ.എം.ബി, ജിയോ ടെക്സ്റ്റൈൽസ്, സോയിൽ സ്റ്റെബിലൈസേഷൻ മുതലായവ പൊതുമരാമത്ത് റോഡുകളുടെ നിർമ്മാണത്തിന് ഉപയോഗിക്കുന്നതിനായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ദേശീയപാത വിഭാഗത്തിൽ ടാറിംഗിലെ നൂതന സാങ്കേതികവിദ്യകളായ ബിറ്റുമിനസ് മെക്കാഡം, ഡെൻസ് ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ് എന്നിവ റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ചാണ് റോഡ് നിർമ്മാണം നടത്തുന്നത്. കൂടാതെ നിലവിലെ നൂതന സാങ്കേതികവിദ്യകളും മറ്റും റോഡ് നിർമ്മാണത്തിൽ ഉപയോഗിക്കുവാൻ സാധിക്കുംവിധം ദേശീയപാത വിഭാഗത്തിൽ കരാറുകൾ ഇ.പി.സി. വ്യവസ്ഥയിലും നടപ്പിലാക്കിവരുന്നുണ്ട്. ഈ വ്യവസ്ഥയിൽ നടപ്പിലാക്കുമ്പോൾ നൂതന സാങ്കേതികവിദ്യകളും ലഭ്യമായിട്ടുള്ള ആധുനിക നിർമ്മാണ സാമഗ്രികളും നിർമ്മാണത്തിൽ ഉപയോഗിക്കുവാൻ കരാറുകാരന് സ്വാതന്ത്ര്യം നൽകുന്ന വ്യവസ്ഥകളുണ്ട്. മേൽപ്പറഞ്ഞ കാര്യങ്ങൾ ഉൾപ്പെടുത്തുന്നതിനാൽ നിർമ്മിച്ചിട്ടുള്ള റോഡുകളുടെ സ്ഥിതി മെച്ചപ്പെട്ടതാകുന്നുണ്ട്.

കൂടാതെ അത്യാധുനിക സാങ്കേതികവിദ്യയായ മില്ലിംഗ് ആന്റ് റീസൈക്ലിംഗ് ഉപയോഗിച്ച് ആലപ്പുഴ ജില്ലയിൽ ദേശീയപാതയുടെ ഉപരിതലം പുതുക്കി നിർമ്മിച്ചിട്ടുണ്ട്. ഈ സാങ്കേതികവിദ്യയിൽ നിലവിലെ റോഡിന്റെ ഉപരിതലം മെഷീൻ ഉപയോഗിച്ച് ഇളക്കിയെടുക്കുകയും അപ്പോൾത്തന്നെ അതേ മെറ്റീരിയൽ പാകപ്പെടുത്തിയതിനുശേഷം വേണ്ടുന്ന അളവിൽ ബിറ്റുമിൻ സിമെന്റ്, വിവിധ തരത്തിലുള്ള മെറ്റലുകൾ എന്നിവ ചേർത്ത് ഉപരിതലം പുനർനിർമ്മിക്കുകയാണ്

ചെയ്യുന്നത്. ഈ സാങ്കേതികവിദ്യ സാമ്പത്തിക ലാഭത്തോടൊപ്പം ബിറ്റുമിൻ അഗ്രിഗേറ്റ് എന്നിവയുടെ കുറഞ്ഞ ഉപയോഗം വഴി പ്രകൃതിസമ്പത്തിന്റെ സംരക്ഷണവും സാധ്യമാകും. കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ 11-1-2018-ലെ സർക്കുലർ നമ്പർ RW/NH-33044/10/2002/S&R(R) പ്രകാരം മില്ലിംഗ് ആന്റ് റീസൈക്ലിംഗ് സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി തിരുവനന്തപുരം ജില്ലയിലെ കടമ്പാട്ടുകോണം മുതൽ മംഗലപുരം വരെയുള്ള ദേശീയപാത 47-ന്റെ റീസർഫസിംഗ് നടത്തുന്നതിനാവശ്യമായ നടപടികൾ എടുത്തുവരുന്നു.

(ബി) റോഡപകടങ്ങൾ പലവിധ കാരണങ്ങളാൽ ഉണ്ടാകുന്നു. ആകയാൽ റോഡ് സുരക്ഷയ്ക്കായി വിവിധ നടപടികൾ കൈക്കൊണ്ടുവരുന്നു. പൊതുമരാമത്ത് വകുപ്പിന്റെകീഴിൽ റോഡ് എഞ്ചിനീയറിംഗിന്റെ ഭാഗമായി റോഡ് ഉപയോഗിക്കുന്നവരുടെ സുരക്ഷയ്ക്കായി വേഗത നിയന്ത്രണ ബോർഡുകൾ, റോഡ് മാർക്കിംഗുകൾ, റമ്പിൾ സ്ട്രിപ്പുകൾ, ഹമ്പുകൾ, റോഡ് സ്റ്റഡുകൾ, മുന്നറിയിപ്പ് ഉൾപ്പെടെയുള്ള സൈൻ ബോർഡുകൾ, ക്രാഷ് ബാരിയറുകൾ മുതലായവ പദ്ധതി-പദ്ധതിയേതര ഫണ്ട് ഉപയോഗിച്ച് റോഡിലെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നു. അപകട സാധ്യത കൂടുതലുള്ള സ്ഥലങ്ങളിൽ ബ്ലാക്ക് സ്പോട്ടുകൾ, കെ.ആർ.എസ്.എ.-യുടെ നേതൃത്വത്തിൽ പി.ഡബ്ല്യു.ഡി., പോലീസ്, മോട്ടോർ വാഹന വകുപ്പുകൾ യോജിച്ച് പഠനം നടത്തി പദ്ധതികൾ തയ്യാറാക്കി ബ്ലാക്ക് സ്പോട്ടുകൾ നിവാരണത്തിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. റോഡ് കയ്യേറ്റംമൂലമുള്ള റോഡപകടങ്ങൾ കുറയ്ക്കുന്നതിനും കയ്യേറ്റം സമയബന്ധിതമായി ഒഴിവാക്കുന്നതിനുമായി കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് നടപ്പിലാക്കിവരുന്നു.

**കരമന-കളിയിക്കാവിള ദേശീയപാത വികസനം**

19 (6584) ശ്രീ. കെ. മുരളീധരൻ :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരമന- കളിയിക്കാവിള ദേശീയപാത വികസനം രണ്ടാംഘട്ടത്തിന്റെ ഭാഗമായി ഭൂവുടമകൾക്ക് നഷ്ടപരിഹാരമായി ഇരുനൂറ്റി അറുപത്തഞ്ച് കോടി രൂപ വിതരണം ചെയ്തിട്ടും അവിടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) രണ്ടാം ഘട്ടമായി നിശ്ചയിച്ച പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള വീതി കൂട്ടൽ ബാലരാമപുരം മുതൽ കൊടിനടവരെ വെട്ടിച്ചുരുക്കിയതിന്റെയും ബാലരാമപുരം ജംഗ്ഷൻ വികസനം ഈ ഘട്ടത്തിൽനിന്നും ഒഴിവാക്കിയതിന്റെയും കാരണം എന്താണ്;

(സി) പ്രസ്തുത ഭാഗത്തെ പാതനിർമ്മാണത്തിന്റെ ടെൻഡർ നടപടികൾ ഏത് ഘട്ടത്തിലാണ്;

(ഡി) പ്രാവച്ചമ്പലം രാജപാതയിലെ ഇരുപത്തിരണ്ട് പട്ടികജാതി കുടുംബങ്ങളെ ഒഴിപ്പിച്ച് പുനരധിവസിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ;

(ഇ) പ്രാവച്ചമ്പലം പാത വികസനത്തിലുണ്ടായിട്ടുള്ള പ്രതിബന്ധങ്ങൾ നീക്കി അടിയന്തരമായി ടെൻഡർ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കരമന-കളിയിക്കാവിള ദേശീയപാത വികസനത്തിന് പ്രാവച്ചമ്പലം മുതൽ ബാലരാമപുരം കൊടിനടവരെയുള്ള ഭാഗത്തെ സ്ഥലമെടുപ്പിനായി 266.87 കോടി രൂപ റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്. പ്രാവച്ചമ്പലം മുതൽ ബാലരാമപുരം വരെയുള്ള ഭാഗത്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറി കിട്ടേണ്ട സർക്കാർവക ഭൂമിയും കെട്ടിടങ്ങളും നാളിതുവരെയും കൈമാറിയിട്ടില്ല. ഭൂമി കൈമാറി കിട്ടുന്നതിനാവശ്യമായ റിക്വസിഷൻ ഫോമുകൾ തുടർനടപടികൾക്കായി 25-1-2018-ൽ റവന്യൂ അധികാരികൾക്ക് കൈമാറിയിട്ടുണ്ട്. ഈ റോഡ് വികസനത്തിന്റെ ആരംഭത്തിൽ വരുന്ന പ്രാവച്ചമ്പലം ഭാഗത്തെ രാജപാതയിൽ താമസിക്കുന്ന 23 പുറമ്പോക്ക് നിവാസികളുടെ പുനരധിവാസം സംബന്ധിച്ച വിഷയത്തിലും സജാദ് എന്ന വ്യക്തിയുടെ ഹൈക്കോടതി കേസ് നിലവിലുള്ള എൽ.എ.സി. 639/15 എന്ന കെട്ടിടത്തിന്റെ കാര്യത്തിലും അന്തിമ തീരുമാനമായാൽ മാത്രമേ നിർമ്മാണപ്രവർത്തനങ്ങൾക്കായുള്ള ടെണ്ടർ നടപടികൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ. റവന്യൂ വകുപ്പ്, ജില്ലാകളക്ടറും CALA ഓഫീസറും ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിച്ചിരിക്കുന്നു.

(ബി&സി) കരമന-കളിയിക്കാവിള ദേശീയപാത വികസനത്തിന്റെ ഒന്നാം ഘട്ടം രണ്ടാം റീച്ചായി പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള 6.50 കി.മീ. ആണ് നിശ്ചയിക്കപ്പെട്ടിരുന്നത്. ബാലരാമപുരം മുതൽ വഴിമുക്ക് വരെയുള്ള 1.50 കി.മീ. സ്ഥലമേറ്റെടുക്കൽ പുതിയ എൽ.എ. ആക്ട് 2013 പ്രകാരമാണ് നടത്തപ്പെടേണ്ടത്. ഇതിലേയ്ക്ക് കുറഞ്ഞത് രണ്ടര വർഷമെങ്കിലും വേണ്ടിവരുമെന്ന് ജില്ലാ കളക്ടർ 11-4-2017-ലെ യോഗത്തിൽ അറിയിക്കുകയുണ്ടായി. ആയതിനാൽ പ്രാവച്ചമ്പലം

മുതൽ വഴിമുക്ക് വരെയുള്ള ഭാഗത്തെ വികസന പ്രവർത്തനം ഒന്നിച്ച് ചെയ്യുന്നത് പദ്ധതി നടത്തിപ്പിന് കാലതാമസം വരുത്തും എന്നുള്ളതുകൊണ്ട് 7-7-2017-ലെ യോഗത്തിൽ തീരുമാനിച്ചതനുസരിച്ച് സ്ഥലമേറ്റെടുക്കൽ പൂർത്തിയായി കൈമാറി കിട്ടിയ 5 കി.മീ. ഭാഗത്തെ (പ്രാവച്ചമ്പലം മുതൽ ബാലരാമപുരം വരെ) പ്രവൃത്തി ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുകയുണ്ടായി. ഇതനുസരിച്ച് പ്രാവച്ചമ്പലം മുതൽ ബാലരാമപുരം കൊടിനട വരെയുള്ള 5 കി.മീ. ഭാഗത്തെ നിർമ്മാണ പ്രവൃത്തികൾക്കുള്ള സാങ്കേതികാനുമതി നൽകാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി&ഇ) കരമന-കളിയിക്കാവിള ദേശീയപാത വികസനവുമായി ബന്ധപ്പെട്ടുള്ള പൊന്നുംവില നടപടിയിൽ പഴയ രാജപാത നിവാസികളെ പുനരധിവസിപ്പിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുള്ള പള്ളിച്ചൽ വില്ലേജിൽ ബ്ലോക്ക് നമ്പർ നാലിൽ റീസർവ്വേ 58/1 -ൽ ഉൾപ്പെട്ട സർക്കാർഭൂമി സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി മുൻപാകെ WP(C)13074/15 നമ്പരായി കേസ് നിലവിലുള്ളതിനാൽ രാജപാതയിലെ കുടുംബങ്ങളെ ഒഴിപ്പിച്ച് പുനരധിവസിപ്പിക്കുന്നതിന് സാധിച്ചിട്ടില്ലെന്ന് റവന്യൂ വകുപ്പ് അറിയിച്ചിട്ടുണ്ട്. കോടതിനടപടികൾ കാരണമാണ് കാലതാമസം. മേൽപ്പറഞ്ഞ പ്രതിബന്ധങ്ങൾ നീങ്ങുന്നമുറയ്ക്ക് പ്രവൃത്തി ടെണ്ടർ ചെയ്യാൻ സാധിക്കുന്നതാണ്.

**ഭാരത്മാല പര്യോജന പദ്ധതി**

20 (6585) ശ്രീ.അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോർത്ത് (MORTH) -ന്റെ ഭാരത്മാല പര്യോജന പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ നാഷണൽ ഹൈവേകളും സ്റ്റേറ്റ് ഹൈവേകളും അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) എത്ര കിലോ മീറ്റർ റോഡാണ് പ്രസ്തുത പദ്ധതി പ്രകാരം അപ്ഗ്രേഡ് ചെയ്യുന്നത്;

(സി) ഈ സ്കീമിൽ ഉൾപ്പെടുത്തിയതുമൂലം പ്രവൃത്തികൾ വേഗത്തിൽ പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ എന്നേയ്ക്ക് ഈ പണികൾ പൂർത്തിയാക്കുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്നറിയിക്കാമോ?

ഉത്തരം

(എ-സി) മോർത്തിന്റെ ഭാരത്മാല പര്യോജന പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ ഏതാനും നാഷണൽ ഹൈവേകളും സ്റ്റേറ്റ് ഹൈവേകളും

അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. വിശദമായ പട്ടിക ഇതോടൊപ്പം അനുബന്ധമായി ചേർത്തിട്ടുണ്ട്*.

**ദേശീയപാത വികസനത്തിന് കർമ്മപദ്ധതികൾ**

21 (6586) ശ്രീ. വി. ടി. ബൽറാം :
ശ്രീ. അനിൽ അക്കര :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയപാത വികസനത്തിന് എന്തെല്ലാം കർമ്മപദ്ധതികൾ രൂപീകരിച്ചിട്ടുണ്ട്;

(ബി) എത്ര മീറ്റർ വീതിയാണ് ദേശീയപാതക്ക് തീരുമാനിച്ചിട്ടുള്ളത്;

(സി) ദേശീയപാത വികസനത്തിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്;വിശദമാക്കാമോ;

(ഡി) എത്ര വർഷംകൊണ്ട് ഈ വികസനം പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) ദേശീയപാത 17-ഉം 47-ഉം (പുതിയ എൻ.എച്ച് -66) സർവ്വീസ് റോഡുകളോടുകൂടിയ നാലുവരിപ്പാതയായി വികസിപ്പിക്കാൻ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയെ ഏൽപ്പിച്ചിരിക്കുകയാണ്. 45 മീറ്റർ തിരുവനന്തപുരം, കൊല്ലം, എറണാകുളം, ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ ദേശീയപാത 66-ന്റെ വികസനവുമായി ബന്ധപ്പെട്ട് സ്ഥലമേറ്റെടുക്കുന്നതിനുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) കണ്ണൂർ ജില്ലയിലെ തലശ്ശേരി-മാഹി ബൈപ്പാസ് നിർമ്മാണം പുരോഗമിച്ചുവരുന്നു. ഇത് 2020 മേയ് മാസത്തോടെ പൂർത്തീകരിക്കുന്നതാണ്. കോഴിക്കോട് ബൈപ്പാസിനെ നാലുവരി പാതയാക്കുന്നതിന്റെ പ്രവൃത്തി 2018 മേയ് മാസത്തോടെ ആരംഭിച്ച് രണ്ട് വർഷംകൊണ്ട് പൂർത്തീകരിക്കുന്നതായിരിക്കും. ശേഷിക്കുന്ന ഭാഗങ്ങളെ നാലുവരിപ്പാതയാക്കുന്നതിന്റെ ടെണ്ടർ നടപടികൾ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ എടുത്തുവരുന്നു. സംസ്ഥാനം നിർദ്ദേശിച്ച പദ്ധതികൾക്ക് കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നും 1.5 വർഷം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കാലതാമസമുണ്ടായിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പുമന്ത്രി 17-1-2018-ൽ ബഹുമാനപ്പെട്ട കേന്ദ്ര മന്ത്രി ശ്രീ. നിഥിൻ ഗഡ്കരിയുമായുള്ള കൂടിക്കാഴ്ചയിൽ സമ്മതിച്ചപ്രകാരം 2018 അവസാനം എല്ലാ റീച്ചുകളിലും കാസർഗോഡ്-കളിയിക്കാവിള റൂട്ടിൽ നിർമ്മാണം ആരംഭിക്കുന്നതാണ്. സ്ഥലമെടുപ്പ് പൂർത്തിയാക്കുന്നമുറയ്ക്ക് 2020-ഓടെ നിർമ്മാണം പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**കഴക്കൂട്ടം-ചേർത്തല ദേശീയപാത വികസനം**

22 (6587) ശ്രീ. ഹൈബി ഈഡൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടം-ചേർത്തല ദേശീയപാതയുടെ വികസനത്തിനായി ഏറ്റെടുക്കുന്ന ഭൂമിക്ക് ഡി.പി.ആർ. പ്രകാരം സെന്റിന് എന്ത് വിലയാണ് നിശ്ചയിച്ചിട്ടുള്ളത്;

(ബി) എത്ര ഏക്കർ ഭൂമിയാണ് ഇക്കാര്യത്തിനായി ഏറ്റെടുക്കേണ്ടത്;

(സി) ഏറ്റെടുക്കുന്ന ഭൂമിക്ക് 2013 -ലെ ഭൂമി ഏറ്റെടുക്കലും പുനരധിവാസവും നിയമമനുസരിച്ചുള്ള പ്രതിഫലം വസ്തു ഉടമകൾക്ക് ലഭിക്കുമോയെന്ന് വ്യക്തമാക്കുമോ ;

(ഡി) കഴക്കൂട്ടം ഭാഗത്ത് വസ്തു ഏറ്റെടുക്കുന്നതിന് തയ്യാറാക്കിയ അലൈൻമെന്റിനെപ്പറ്റി ഉയർന്നുവന്നിട്ടുള്ള ആക്ഷേപം പരിശോധിച്ച് രണ്ട് ഭാഗത്തുനിന്നും ഭൂമി ഏറ്റെടുത്ത് റോഡ് വികസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ദേശീയപാത വികസനത്തിന് സ്ഥലം ഏറ്റെടുക്കുമ്പോൾ നഷ്ടപരിഹാരം നൽകുന്നത് എൻ.എച്ച്. ആക്ട് പ്രകാരമാണ്. 2013-ലെ RFCTLARR Act 2013 & Amendment (Ordinance 2015)-ന്റെ ഷെഡ്യൂളിൽ പ്രതിപാദിച്ചിരിക്കുന്ന പ്രകാരമുള്ള നഷ്ടപരിഹാര തുക സംസ്ഥാന സർക്കാർ നിയമിക്കുന്ന CALA-യാണ് നിശ്ചയിക്കുന്നത്. അത് പ്രകാരമുള്ള തുക കേന്ദ്ര മന്ത്രാലയം പദ്ധതി ബാധിതർക്ക് നൽകുന്നതായിരിക്കും. പല സ്ഥലത്തും പലതരം വിലകളാണുള്ളത്.

(ബി) നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ വിശദമായ പദ്ധതി രേഖ പ്രകാരം ഏകദേശം 256 ഹെക്ടർ (632.59 ഏക്കർ) സ്ഥലം ഏറ്റെടുക്കാനുണ്ട്.

(സി) ദേശീയപാത വികസനത്തിന് സ്ഥലമേറ്റെടുക്കുമ്പോൾ നഷ്ടപരിഹാരം നൽകുന്നത് എൻ.എച്ച്. ആക്ട് പ്രകാരമാണ്. 2013-ലെ RFCTLARR Act 2013

& Amendment (Ordinance 2015)-ന്റെ ഷെഡ്യൂളിൽ പ്രതിപാദിച്ചിരിക്കുന്ന പ്രകാരമുള്ള നഷ്ടപരിഹാര തുക സംസ്ഥാന സർക്കാർ നിയമിക്കുന്ന CALA-യാണ് നിശ്ചയിക്കുന്നത്. അതുപ്രകാരമുള്ള തുക കേന്ദ്ര മന്ത്രാലയം പദ്ധതി ബാധിതർക്ക് നൽകുന്നതായിരിക്കും.

(ഡി) ആക്ഷേപം പരിശോധിച്ച് പൊതുജനത്തിന് കഴിവതും ബുദ്ധിമുട്ട് കുറഞ്ഞ രീതിയിൽ സ്ഥലമേറ്റെടുക്കാൻ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ മുഖാന്തരം നടപടിയെടുക്കുന്നതായിരിക്കും.

**കാസർഗോഡ് മുതൽ കഴക്കൂട്ടം വരെയുള്ള നാലുവരി ദേശീയപാത**

23 (6588) ശ്രീ. സണ്ണി ജോസഫ് :
ശ്രീ ഹൈബി ഈഡൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. കെ. മുരളീധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മുതൽ കഴക്കൂട്ടം വരെയുള്ള ദേശീയപാത നാല് വരിയാക്കുന്നതിന്റെ അലൈൻമെന്റ് പൂർത്തിയായിട്ടുണ്ടോ;

(ബി) എവിടെയൊക്കെയാണ് ഇപ്പോൾ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നത് എന്നറിയിക്കാമോ ?

ഉത്തരം

(എ) കാസർഗോഡ് മുതൽ കഴക്കൂട്ടം വരെ ദേശീയപാത നാലുവരിയാക്കുന്നതിനുള്ള പുതുക്കിയ അലൈൻമെന്റ് തയ്യാറാക്കിവരികയാണ്. ഇതിൽ ചേർത്തല-കഴക്കൂട്ടം ദേശീയപാത 45 മീറ്ററായി വികസിപ്പിക്കുന്നതിന് M/s. SMEC India Private Limited, New Delhi-യെ കൺസൾട്ടന്റായി നിയമിച്ചിട്ടുണ്ട്. അവർ തയ്യാറാക്കിയ അലൈൻമെന്റിന് സംസ്ഥാന സർക്കാർ പൊതുവായ അംഗീകാരം നൽകിയിട്ടുണ്ട്. കൊല്ലം, ആലപ്പുഴ ജില്ലകളിലെ സ്ഥലമെടുപ്പിനുള്ള 3 (A)നോട്ടിഫിക്കേഷൻ ഗവൺമെന്റ് ഓഫ് ഇന്ത്യ ഗസറ്റിലും പ്രാദേശിക ദിനപത്രത്തിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയ്ക്കായുള്ള നോട്ടിഫിക്കേഷൻ തയ്യാറാക്കി വരികയാണ്.

(ബി) കണ്ണൂർ ജില്ലയിലെ തലശ്ശേരി-മാഹി ബൈപ്പാസ് നിർമ്മാണം പുരോഗമിച്ചുവരുന്നു. ഇത് 2020 മേയ് മാസത്തോടെ പൂർത്തീകരിക്കുന്ന തായിരിക്കും. കോഴിക്കോട് ബൈപ്പാസിനെ നാലുവരി പാതയാക്കുന്നതിന്റെ പ്രവൃത്തി 2018 മേയ് മാസത്തോടെ ആരംഭിച്ച് രണ്ട് വർഷം കൊണ്ട്

പൂർത്തീകരിക്കുന്നതായിരിക്കും. ശേഷിക്കുന്ന ഭാഗങ്ങളെ നാലുവരി പാതയാക്കുന്നതിന്റെ ടെണ്ടർ നടപടികൾ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ എടുത്തുവരുന്നു. സ്ഥലമെടുപ്പ് പൂർത്തിയാകുന്നമുറയ്ക്ക് 2020-ഓടെ നിർമ്മാണം പൂർത്തിയാക്കുവാൻ കഴിയും.

കേന്ദ്രം 2016-2018 കാലത്ത് ഒന്നര വർഷം നടപടികളെടുത്തില്ല. ഇനി കാലതാമസം NHAI വരുത്തുന്നില്ലെങ്കിൽ 2020 ഡിസംബറിൽ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## റെസ്റ്റ് ഹൗസുകളുടെ വരുമാനം

24 (6589) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള റെസ്റ്റ് ഹൗസുകളുടെ വരുമാനത്തിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകാമോ;

(ബി) പൊതുജനങ്ങൾക്കുകൂടി റെസ്റ്റ് ഹൗസുകൾ ഉപയോഗിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുകയും ബുക്കിംഗ് സംവിധാനം ഓൺലൈൻ ആക്കുകയും ചെയ്യാൻ ആലോചിക്കുമോ?

### ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള റെസ്റ്റ് ഹൗസുകളുടെ വരുമാനത്തിൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് ശരാശരി 48.72% വരെ വർദ്ധനവുണ്ടായിട്ടുണ്ട്. വിവിധ ഡിവിഷനുകളിൽ വരുമാനത്തിലുണ്ടായ വർദ്ധനവിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു;

1. തിരുവനന്തപുരം -29.90%
2. പത്തനംതിട്ട - 61.11%
3. ആലപ്പുഴ - 69.38%
4. കോട്ടയം - 60.37%
5. തൃശ്ശൂർ - 64.29%
6. പാലക്കാട് -38.3%
7. മലപ്പുറം - 8.81%

8. കോഴിക്കോട് - 25.27%

9. കണ്ണൂർ - 55.08%

10. വയനാട് - 64.97%

11. ഇടുക്കി - 58.47%

12. കൊല്ലം - 98.28%

13. എറണാകുളം - 23.52%

14. കാസർഗോട് - 70.47%

(ബി) നിലവിൽ റെസ്റ്റ് ഹൗസുകൾ പൊതുജനങ്ങളും ബുക്കിംഗ് നടത്തി ഉപയോഗിച്ചുവരുന്നുണ്ട്. ബുക്കിംഗ് സംവിധാനം ഓൺലൈനാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള ആർക്കിടെക്ചർ, ഡിസൈൻ ഡ്രോയിംഗ് ഉദ്യോഗസ്ഥർ**

25 (6590) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള ആർക്കിടെക്ചർ, ഡിസൈൻ, ഡ്രോയിംഗ് വിഭാഗങ്ങളിലായി ആകെ എത്ര ഉദ്യോഗസ്ഥരാണ് ജോലി ചെയ്യുന്നതെന്നറിയിക്കാമോ;

(ബി) ഈ വിഭാഗത്തിൽ ആവശ്യത്തിന് ജീവനക്കാരില്ലാത്തതുമൂലം യഥാസമയം ആർക്കിടെക്ചറൽ ഡ്രോയിംഗും സ്ട്രക്ചറൽ ഡിസൈനുകളും മറ്റും വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ വിഭാഗങ്ങളിൽ എത്തുന്ന ഓരോ പ്രവൃത്തിയുടേയും ഡിസൈനും ഡ്രോയിംഗുകളും പൂർത്തിയാക്കി യഥാസമയം തിരികെ നൽകുന്നതിന് എന്തെങ്കിലും പ്രത്യേക സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള ആർക്കിടെക്ചർ, ഡിസൈൻ ഡ്രോയിംഗ് വിഭാഗത്തിൽ 329 ഉദ്യോഗസ്ഥർ ജോലി നോക്കുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എല്ലാം ഒരേസമയം ചെയ്യുന്നത് പ്രയാസപ്പെട്ടാണ്.

(സി) ഡിസൈൻ വിഭാഗം വികേന്ദ്രീകരിച്ച് റീജിയണൽ ഓഫീസുകൾ എറണാകുളത്തും കോഴിക്കോട്ടും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇപ്പോൾ കേന്ദ്രങ്ങളുണ്ട്. മുമ്പ് ഒന്ന് മാത്രമായിരുന്നു.

## സ്റ്റാച്യൂ-ജനറൽ ഹോസ്പിറ്റൽ റോഡ് വീതി കൂട്ടുന്നതിന് നടപടി

26 (6591) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സ്റ്റാച്യൂ മുതൽ ജനറൽ ഹോസ്പിറ്റൽ ജംഗ്ഷൻ വരെയുള്ള റോഡ് വീതി കൂട്ടുന്നതിന് അലൈൻമെന്റ് നിശ്ചയിച്ചിരുന്നോ; പ്രസ്തുത റോഡ് വീതി കൂട്ടുന്നതിന് ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകി എത്രയുംവേഗം സ്ഥലമേറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) സെക്രട്ടേറിയറ്റിന് മുന്നിലെ ഏറ്റവും തിരക്കേറിയ പ്രസ്തുത റോഡ് വീതി കൂട്ടുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) തിരുവനന്തപുരം സ്റ്റാച്യൂ മുതൽ ജനറൽ ഹോസ്പിറ്റൽ ജംഗ്ഷൻ വരെയുള്ള റോഡ് വീതി കൂട്ടുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലില്ല.

## കെ.എസ്.ടി.പി.-യുടെ രണ്ടാംഘട്ട റോഡ് നിർമ്മാണ പ്രവൃത്തികൾ

27 (6592) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ടി. പി. യുടെ രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള റോഡ് നിർമ്മാണ പ്രവൃത്തികൾ ഏതൊക്കെയാണ്; ഓരോ പദ്ധതിക്കും എത്ര തുക വീതമാണ് വേണ്ടിവരിക; ഇതിനുള്ള ധന സമാഹരണം എങ്ങനെ നടത്താനാണ് ഉദ്ദേശിച്ചിട്ടുള്ളത്;

(ബി) ഈ പദ്ധതിയിലെ ഏതൊക്കെ പ്രവൃത്തികളുടെ നിർമ്മാണം ആരംഭിച്ചു എന്നും എത്ര ശതമാനം പ്രവൃത്തി ഇതേവരെ പൂർത്തിയാക്കി എന്നും ഇനം തിരിച്ച് വ്യക്തമാക്കാമോ;

(സി) പദ്ധതിക്കായി ലഭിച്ച വായ്പയുടെ കാലാവധി എന്നാണ് അവസാനിക്കുന്നത്; തുടർനിർമ്മാണത്തിന് ഫണ്ട് ലഭ്യമാക്കാൻ സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

<u>ഉത്തരം</u>

(എ&ബി) ലോക ബാങ്കിന്റെ ധനസഹായത്തോടുകൂടിയാണ് കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതികൾ നടപ്പിലാക്കുന്നത്. മൊത്തം പദ്ധതി തുക 2403 കോടി രൂപയാണ്. ഇതിൽ 56% ലോകബാങ്കും 44% സംസ്ഥാന സർക്കാരും എന്ന രീതിയിലാണ് ക്രമീകരിച്ചിരിക്കുന്നത്. കെ.എസ്.ടി.പി. -II പദ്ധതിയിലുൾപ്പെട്ട റോഡ് നിർമ്മാണ പ്രവൃത്തികളുടെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

നിർത്തിവച്ച തിരുവല്ല ബൈപ്പാസ് നിർമ്മാണം സ്റ്റിയറിംഗ് കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം റീടെണ്ടർ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുവരെ തുടങ്ങാത്ത പുനലൂർ- പൊൻകുന്നം റോഡ് നിർമ്മാണം ലോകബാങ്കിന്റെ നിർദ്ദേശ പ്രകാരം EPC (എഞ്ചിനീയറിംഗ് പ്രൊക്യൂർമെന്റ് കൺസ്ട്രക്ഷൻ) രീതിയിൽ നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ പ്രവൃത്തികൾ നടന്നുവരുന്നു.

(സി) കെ.എസ്.ടി.പി. രണ്ട് പദ്ധതിയുടെ വായ്പാ കാലാവധി 30-4-2019-നാണ് അവസാനിക്കുന്നത്. ലോൺ കാലാവധി നീട്ടുന്നതിനുള്ള അനുമതിക്കായി ലോക ബാങ്കിനെയും കേന്ദ്ര സർക്കാരിനെയും ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ നിർദ്ദേശ പ്രകാരം നേരിൽക്കണ്ട് പൊതുമരാമത്ത് സെക്രട്ടറിയും കെ.എസ്.ടി.പി. പ്രോജക്ട് ഡയറക്ടറും ചർച്ച ചെയ്തു.

**കെ.എസ്.ടി.പി. രണ്ടാംഘട്ടം റോഡ് നിർമ്മാണത്തിലെ പുരോഗതി**

28 (6593) <u>ശ്രീ. സണ്ണി ജോസഫ്</u> :
<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> :
<u>ശ്രീ. അടൂർ പ്രകാശ്</u> :
<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ടി. പി. രണ്ടാംഘട്ടം പദ്ധതിയിലുൾപ്പെട്ട തലശ്ശേരി - കളറോഡ് റോഡ്, കളറോഡ്-വളവ് റോഡ് എന്നീ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനത്തിൽ പ്രതീക്ഷിച്ച പുരോഗതി ഉണ്ടായിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ്;

(ബി) രണ്ടാംഘട്ട പദ്ധതിക്കായി ലോകബാങ്ക് നൽകിയ വായ്പ എത്ര കോടി രൂപയാണ്; അതിന്റെ തിരിച്ചടവ് എന്നാണ് ആരംഭിക്കുന്നത്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) തിരുവല്ല ബൈപ്പാസ് നിർമ്മാണം റീ ടെണ്ടർ നടത്തുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(ഡി) പുനലൂർ - പൊൻകുന്നം റോഡ് എഞ്ചിനീയറിംഗ് പ്രൊക്യൂർമെന്റ് കൺസ്ട്രക്ഷൻ രീതിയിൽ നിർമ്മിക്കുവാൻ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണമെന്താണ് എന്നറിയിക്കാമോ?

ഉത്തരം

(എ) കെ.എസ്.ടി.പി. രണ്ടാംഘട്ടം പദ്ധതിയിലുൾപ്പെട്ട തലശ്ശേരി-കളറോഡ് റോഡും കളറോഡ്-വളവുപാറ റോഡും നല്ല രീതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(ബി) രണ്ടാംഘട്ട പദ്ധതിക്കായി ലോകബാങ്കിന്റെ വായ്പ 1166 കോടി രൂപ. വായ്പയുടെ തിരിച്ചടവ് ആരംഭിക്കുന്നത് 2018 സെപ്റ്റംബർ മുതലാണ്.

(സി) തിരുവല്ല ബൈപ്പാസ് നിർമ്മാണത്തിന്റെ റീ-ടെണ്ടർ ഡോക്യുമെന്റ്സ് ലോകബാങ്കിന്റെ അനുമതിക്കായി അയച്ചുകൊടുത്തു. ലോകബാങ്കിൽനിന്നും ചില തിരുത്തലുകൾ നിർദ്ദേശിച്ചു. അതനുസരിച്ചുള്ള തിരുത്തലുകൾ നടത്തി ലോകബാങ്കിന്റെ അംഗീകാരം ലഭിച്ചാലുടൻ ടെണ്ടർ നടപടി തുടങ്ങുന്നതാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സമർപ്പിച്ച ഡി.പി.ആർ.-ൽ ഗുരുതര ക്രമക്കേടുകൾ ആരോപിക്കപ്പെട്ടു. അന്വേഷണം നടന്നുവരികയാണ്. ഡി.പി.ആർ. പുതുക്കി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സ്റ്റിയറിംഗ് കമ്മിറ്റി ഈ സർക്കാരിന്റെ കാലത്ത് അംഗീകാരം നൽകിയിട്ടുണ്ട്.

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഈ പദ്ധതി മരവിപ്പിച്ചിരുന്നു. സ്വകാര്യ പങ്കാളിത്ത പ്രശ്നമായിരുന്നു കാരണം. അത് പരിഹരിക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. 82 കി.മീ. ദൈർഘ്യമുള്ള പുനലൂർ-പൊൻകുന്നം റോഡ് നിർമ്മാണം ലോകബാങ്കുമായിട്ടുള്ള കരാർ വ്യവസ്ഥ പ്രകാരം പൊതുസ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനാണ് തീരുമാനിച്ചിരുന്നത്. ഇതിനുവേണ്ടിയുള്ള ദർഘാസ് പ്രമാണങ്ങളും മറ്റ് ഡോക്യുമെന്റുകളും ഉണ്ടാക്കുന്നതിന് കെ.എസ്.ടി.പി.-യെ സഹായിക്കുന്നതിനുള്ള ട്രാൻസാക്ഷൻ അഡ്വൈസറെ നിയമിച്ചു. ആദ്യ ദർഘാസിൽ കരാറുകാരനിൽനിന്നും മതിയായ പ്രതികരണം ഇല്ലാതിരുന്നതിനാൽ പുനർദർഘാസ് ക്ഷണിച്ച് 8 കരാറുകാരുടെ യോഗ്യതാ ലിസ്റ്റ് തയ്യാറാക്കി ലോകബാങ്കിന്റെ അംഗീകാരം വാങ്ങി. ഈ പദ്ധതി വായ്പാകാലാവധിക്ക് മുൻപ് തീർക്കാൻ സാധിക്കുകയില്ലെന്നും ഇത്തരം പൊതുസ്വകാര്യ പങ്കാളിത്തത്തോടെ പണികൾ ഏറ്റെടുക്കുന്നതിന് പൊതുവെ

നിക്ഷേപകർ താൽപ്പര്യം കാണിക്കുന്നില്ല എന്നുമുള്ള കാരണങ്ങളാൽ കരാറുകാരിൽ നിന്നും റേറ്റുകൾ വാങ്ങുന്നതിനുള്ള RFP ഡോക്യുമെന്റ് ലോകബാങ്കിൽനിന്നും ലഭിച്ചില്ല. ആയതുകൊണ്ട് മറ്റ് നിർമ്മാണ രീതികൾ, അതായത് എഞ്ചിനീയറിംഗ് പ്രൊക്യൂർമെന്റ് കൺസ്ട്രക്ഷൻ (EPC) മുതലായവ അവലംബിച്ച് പണികൾ ഇപ്പോഴത്തെ മുൻകാലാവധിക്കുമുമ്പ് (30-4-2019) തീർക്കാമോയെന്ന് പരിശോധിക്കണമെന്ന് ലോകബാങ്ക് അഭിപ്രായപ്പെട്ടു. അതനുസരിച്ച് എഞ്ചിനീയറിംഗ് ഡിസൈനുകളും ഡി.പി.ആർ-ഉം പുതുക്കി തയ്യാറാക്കി വെവ്വേറെ ബഹുമാന്യരായ മുഖ്യമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയും ലോക ബാങ്കുമായി 2017 നവംബർ മാസത്തിൽ കൂടിയാലോചന നടത്തിയിരുന്നു. കൂടാതെ ഇതിനുള്ള അനുമതിക്കായി ലോകബാങ്കിനേയും കേന്ദ്രസർക്കാരിനേയും നേരിൽക്കണ്ട് പൊതുമരാമത്ത് സെക്രട്ടറിയും കെ.എസ്.ടി.പി പ്രോജക്ട് ഡയറക്ടറും ചർച്ച ചെയ്തു. ലോകബാങ്കിൽനിന്നും ഡി.ഇ.എ. (ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക്സ് അഫയേഴ്സ്)-ൽനിന്നും അംഗീകാരം ലഭിക്കുന്നമുറയ്ക്ക് ദർഘാസുകൾ ക്ഷണിച്ച് പ്രവൃത്തി തുടങ്ങാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**മങ്കട മണ്ഡലത്തിലെ മക്കരപ്പറമ്പ് ബൈപ്പാസ്**

29 (6594) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ മക്കരപ്പറമ്പ് ബൈപ്പാസിന് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം ഭരണാനുമതി നൽകിയിട്ടുണ്ടോ; എത്ര രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളത്;

(ബി) എങ്കിൽ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(സി) ബൈപ്പാസ് രൂപീകരണത്തിന്റെ ഭാഗമായി നടത്തുവാൻ ഉദ്ദേശിക്കുന്ന പ്രാഥമിക നടപടികളെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) മങ്കട മണ്ഡലത്തിലെ മക്കരപ്പറമ്പ് ബൈപ്പാസ് നിർമ്മിക്കുന്നതിനുള്ള വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനുള്ള പ്രവൃത്തിക്ക് കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയം 139.65 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിന് M/s KITCO Limited, Kochi-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തി പുരോഗമിച്ചുവരുന്നു.

(സി) പ്രസ്തുത പ്രവൃത്തിയുടെ പദ്ധതി രൂപരേഖ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയം അംഗീകരിച്ചാൽ തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുന്നതാണ്.

**ബേക്കറി ജംഗ്ഷൻ-പൂജപ്പുര റോഡ് നാലുവരിപ്പാതയാക്കൽ**

30 (6595) ശ്രീ. എം. സ്വരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരിയിലെ ബേക്കറി ജംഗ്ഷൻ മുതൽ പൂജപ്പുര വരെയുള്ള റോഡ് നാലുവരിപ്പാതയാക്കി വികസിപ്പിക്കുന്നതിലേക്കായി ഏതെങ്കിലും പദ്ധതി തയ്യാറാക്കിയിരുന്നോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ;

(ബി) മുൻസർക്കാരിന്റെ കാലത്ത് ഈ വികസന പ്രവർത്തനത്തിന്റെ ഭാഗമായി എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തലസ്ഥാന നഗരിയിലെ ബേക്കറി ജംഗ്ഷൻ മുതൽ പൂജപ്പുര വരെയുള്ള റോഡ് നാലുവരിപ്പാതയാക്കി വികസിപ്പിക്കുന്നതിനായി പുതിയ ലാന്റ് അക്വിസിഷൻ നിയമപ്രകാരം 351.30 സെന്റ് ഭൂമി ഏറ്റെടുക്കുന്നതിനുള്ള അർത്ഥന ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്.

(ബി) മുൻസർക്കാരിന്റെ കാലത്ത് പഴയ ലാന്റ് അക്വിസിഷൻ നിയമപ്രകാരം അർത്ഥന നൽകിയിരുന്നെങ്കിലും ക്യാൻസലായതിനാൽ തുടർ നടപടികളുണ്ടായില്ല.

(സി) ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്നമുറയ്ക്ക് മാത്രമേ പ്രസ്തുത റോഡ് നാലുവരിപ്പാതയാക്കി ഉയർത്താൻ കഴിയുകയുള്ളൂ.

**ഇടുക്കി മണ്ഡലത്തിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾക്കുള്ള പ്രൊപ്പോസലുകൾ**

31 (6596) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി നിയോജകമണ്ഡലത്തിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി റോഡ് പരിപാലന വിഭാഗം ചീഫ് എഞ്ചിനീയറുടെ മുമ്പാകെ എത്ര

പ്രൊപ്പോസലുകൾ ലഭിച്ചെന്നും പ്രസ്തുത പ്രൊപ്പോസലിൽ ഉൾപ്പെട്ട റോഡുകൾ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് പ്രൊപ്പോസലുകൾ സമർപ്പിക്കുന്നതിനുള്ള മേൽനോട്ട ചുമതല ആരെയാണ് ഏൽപ്പിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നല്കുമോ;

(സി) മെയിന്റനൻസിനുള്ള പ്രൊപ്പോസലുകൾ യഥാസമയം സമർപ്പിക്കുന്നതിൽ ഇടുക്കി ഡിവിഷന് വീഴ്ചവന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2017-18 സാമ്പത്തിക വർഷം ഇടുക്കി നിയോജക മണ്ഡലത്തിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറുടെ മുമ്പാകെ 34 പ്രൊപ്പോസലുകൾ ലഭിക്കുകയും അവയ്ക്ക് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് പ്രൊപ്പോസലുകൾ സമർപ്പിക്കുന്നതിനുള്ള മേൽനോട്ട ചുമതല ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, എന്നിവർക്കാണ്.

(സി) വീഴ്ച വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

**ഇടുക്കി നിയോജകമണ്ഡലത്തിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾ**

32 (6597) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2017, 2017-2018 കാലയളവിൽ ഇടുക്കി നിയോജകമണ്ഡലത്തിലെ ഏതെല്ലാം റോഡുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കിയെന്ന് റോഡുകളുടെ പേരും ചെലവഴിച്ച തുകയും സഹിതം വ്യക്തമാക്കാമോ;

(ബി) 2017-18 സാമ്പത്തിക വർഷം മാത്രം അറ്റകുറ്റപ്പണികൾക്കായി സമർപ്പിക്കപ്പെട്ട പ്രൊപ്പോസലുകളിൽ എത്രയെണ്ണം പരിഗണിക്കപ്പെട്ടു; മെയിന്റനൻസിനായി അനുവദിച്ച തുകയെത്രയാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഇടുക്കി നിയോജകമണ്ഡലത്തിൽ അറ്റകുറ്റപ്പണികൾ നടത്താൻ അവശേഷിക്കുന്ന റോഡുകളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) 2016-17, 2017-18 കാലയളവിൽ ഇടുക്കി നിയോജകമണ്ഡലത്തിൽ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കിയ റോഡുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) 2017-18 സാമ്പത്തിക വർഷം അറ്റകുറ്റപ്പണികൾക്കായി പരിഗണിക്കപ്പെട്ട പ്രൊപ്പോസലുകളുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ഇടുക്കി നിയോജകമണ്ഡലത്തിൽ അറ്റകുറ്റപ്പണികൾ നടത്താൻ അവശേഷിക്കുന്ന റോഡുകളുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**ബേക്കറി-പൂജപ്പുര റോഡ് നവീകരണം**

33 (6598) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ ബേക്കറി മുതൽ പൂജപ്പുര വരെയുള്ള റോഡ് വീതി കൂട്ടി നവീകരിക്കുന്നതിന് ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകി സ്ഥലം ഏറ്റെടുക്കുന്നതിന് അടിയന്തരനടപടികൾ സ്വീകരിക്കുമോ;

(ബി) സ്ഥലമെടുപ്പ് പൂർത്തിയാക്കി റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ സർക്കാരിന്റെ ഭാഗത്തുനിന്ന് അടിയന്തര നടപടികൾ ഉണ്ടാകുമോ; വിശദമാക്കാമോ?

ഉത്തരം

(എ) തലസ്ഥാന നഗരിയിലെ ബേക്കറി ജംഗ്ഷൻ മുതൽ പൂജപ്പുര വരെയുള്ള റോഡ് നാലുവരിപ്പാതയാക്കി വികസിപ്പിക്കുന്നതിനായി പുതിയ ലാന്റ് അക്വിസിഷൻ നിയമപ്രകാരം 351.30 സെന്റ് ഭൂമി ഏറ്റെടുക്കുന്നതിനുള്ള അർത്ഥന ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്.

(ബി) ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്നമുറയ്ക്ക് മാത്രമേ പ്രസ്തുത റോഡ് നാലുവരിപ്പാതയാക്കി ഉയർത്താൻ കഴിയുകയുള്ളൂ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**മാവൂർ-കുളിമാട് റോഡിന് സ്ഥലമെടുക്കൽ**

34 (6599) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ-കുളിമാട് റോഡ് വീതിക്കുറവ് കാരണം അപകടസാധ്യത ഏറെയുള്ള ഒന്നാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2018-19 ബജറ്റിൽ ഭരണാനുമതിയുള്ള പ്രവൃത്തികളിൽ പേജ് 327, ക്രമനമ്പർ 89 ആയി ഉൾപ്പെടുത്തിയ ഈ റോഡിനാവശ്യമായ സ്ഥലമെടുപ്പ് എന്ന് ആരംഭിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ;

(സി) എത്ര രൂപയാണ് ഈ പ്രവൃത്തിക്ക് വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് 2018-19-ലെ ബജറ്റിൽ 7,05,000 രൂപ വകയിരുത്തിയിട്ടുണ്ട്. ടി പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്ന മുറയ്ക്ക് മറ്റ് നടപടികൾ ആരംഭിക്കാൻ കഴിയുന്നതാണ്. 2018 ഏപ്രിലിനുശേഷമേ ഭരണാനുമതി നൽകാൻ കഴിയുകയുള്ളൂ.

**വാമനപുരം നിയോജകമണ്ഡലത്തിലെ പി.ഡബ്ല്യൂ.ഡി. ഏറ്റെടുത്ത റോഡുകൾ**

35 (6600) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാമനപുരം നിയോജക മണ്ഡലത്തിലെ ഏതെങ്കിലും റോഡുകൾ പുതിയതായി പി.ഡബ്ല്യൂ.ഡി. ഏറ്റെടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഏതെങ്കിലും റോഡുകൾ ഏറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിലുണ്ടോ;

(സി) എങ്കിൽ ആയതിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഗ്രാമീണ റോഡുകളൊന്നുംതന്നെ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടില്ല. വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നും ജനപ്രതിനിധികളിൽനിന്നും ധാരാളം

അപേക്ഷകൾ ഗ്രാമീണ റോഡുകൾ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്. എൽ.എസ്.ജി.ഡി. റോഡുകൾ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പുതുക്കിയ മാനദണ്ഡങ്ങൾ തയ്യാറാക്കിവരുന്നു. അതിനുശേഷം സർക്കാർ തലത്തിൽ തീരുമാനമുണ്ടാകേണ്ടതുണ്ട്. ഇപ്പോൾ ഒന്നും ഏറ്റെടുക്കേണ്ടതില്ലെന്നാണ് ക്യാബിനറ്റ് തീരുമാനം.

**പാലക്കാട് ജില്ലയിലെ റോഡുകൾക്ക് ഭരണാനുമതി**

36 (6601) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കാട് ജില്ലയിൽ ഏതെല്ലാം റോഡുകൾക്ക് ഭരണാനുമതി നൽകിയെന്നും ഏതെല്ലാം റോഡുകൾക്ക് ടെണ്ടർ വിളിച്ചുവെന്നും മണ്ഡലാടിസ്ഥാനത്തിൽ വിശദീകരിക്കാമോ?

ഉത്തരം

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**ആലത്തൂർ നിയോജകമണ്ഡലത്തിലെ ഗ്രാമീണ റോഡുകൾ**

37 (6602) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലത്തൂർ നിയോജകമണ്ഡലത്തിലെ ഏതെങ്കിലും ഗ്രാമീണറോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗ്രാമീണ റോഡുകളൊന്നുംതന്നെ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടില്ല. വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നും ധാരാളം അപേക്ഷകൾ ഗ്രാമീണ റോഡുകൾ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്. എൽ.എസ്.ജി.ഡി. റോഡുകൾ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പുതുക്കിയ മാനദണ്ഡങ്ങൾ തയ്യാറാക്കിവരുന്നു. അതിനുശേഷം സർക്കാർ തലത്തിൽ തീരുമാനം ഉണ്ടാകേണ്ടതുണ്ട്. ഇപ്പോൾ ഒന്നും ഏറ്റെടുക്കേണ്ടതില്ലെന്നാണ് ക്യാബിനറ്റ് തീരുമാനം.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**മരുതംകുഴി-മുക്കോല റോഡ് നാലുവരി പാതയാക്കാൻ ഭരണാനുമതി**

38 (6603) ശ്രീ. എം. സ്വരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരിയിലെ മരുതംകുഴി മുതൽ മുക്കോല വരെയുള്ള റോഡ് നാലുവരി പാതയാക്കി വികസിപ്പിക്കാൻ ഭരണാനുമതി നല്കിയിരുന്നോ; വിശദാംശം അറിയിക്കാമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഈ വികസനപ്രവർത്തനത്തിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(സി) ഈ വികസനപ്രവർത്തനം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നൽകുമോ?

ഉത്തരം

(എ-സി) മരുതംകുഴി മുതൽ മുക്കോല വരെയുള്ള റോഡ് നാലുവരി പാതയാക്കി വികസിപ്പിക്കാനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല.

**തെറ്റിവിള-നെല്ലിവിള-കാട്ടുകുളം-പനങ്ങോട്-മുട്ടയ്ക്കാട്-കോവളം റോഡിന്റെ അനുമതി**

39 (6604) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവളം നിയോജകമണ്ഡലത്തിലെ കിഫ്ബിയിൽ ഉൾപ്പെടുത്തിയ തെറ്റിവിള-നെല്ലിവിള-കാട്ടുകുളം-പനങ്ങോട്-മുട്ടയ്ക്കാട്-കോവളം റോഡിന്റെ അനുമതിക്ക് പൊതുമരാമത്ത് വകുപ്പിൽ കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;ഈ പണിയുടെ അനുമതി എപ്പോൾ ലഭിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

തെറ്റിവിള-നെല്ലിവിള-കാക്കാമൂല-കാട്ടുകുളം റോഡ് പ്രവൃത്തിയുടെ അലൈൻമെന്റ്, ആഴാംകുളത്തുനിന്നും തുടങ്ങി മുട്ടയ്ക്കാട് വഴി പനങ്ങോട് കാട്ടുകുളം വഴി തെറ്റിവിള എന്നാക്കി പുതുക്കുന്നതിനും ടി പ്രവൃത്തിയുടെ തുക പത്ത് കോടിയിൽനിന്നും പതിമൂന്ന് കോടിയായി മാറ്റം വരുത്തി ഭരണാനുമതി നൽകുന്നതിനുമായി പരാമർശ പ്രവൃത്തിയുടെ പ്രോജക്ട് കൺസെപ്റ്റ് നോട്ടും പ്രീ ഫീസിബിലിറ്റി സ്റ്റഡി നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പും സർക്കാരിൽ സമർപ്പിക്കുന്നതിന് ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാരിൽ ലഭ്യമാകുന്നമുറയ്ക്ക് മാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

## വെള്ളായണി-പുന്നമൂട്-കല്ലിയൂർ-കാക്കാമൂല, പുല്ലവിള-കാഞ്ഞിരംകുളം നെല്ലിക്കാകുഴി റോഡുകൾ വീതി കൂട്ടുന്നത്

40 (6605) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുള്ള വെള്ളായണി-പുന്നമൂട്, കല്ലിയൂർ-കാക്കാമൂല, പുല്ലവിള-കാഞ്ഞിരംകുളം-നെല്ലിക്കാകുഴി എന്നീ റോഡുകൾ വീതി കൂട്ടുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര മീറ്റർ വീതിയിലാണ് കൂട്ടുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏത് ഘട്ടം വരെയായിട്ടുണ്ട് എന്ന് വിശദീകരിക്കാമോ;

(സി) സ്ഥലം ഏറ്റെടുക്കുന്നതിനും മറ്റ് ജോലികൾക്കുമായി എത്ര തുക അനുവദിച്ചിട്ടുണ്ട് എന്നറിയിക്കാമോ;

(ഡി) ഏത് പദ്ധതിക്കുവേണ്ടിയാണ് ഈ റോഡുകളുടെ വികസനം എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) പ്രസ്തുത റോഡുകൾ വീതി കൂട്ടുന്നതിനുള്ള പ്രൊപ്പോസൽ നിലവിലില്ല.

## കുറ്റ്യാടി നിയോജകമണ്ഡലത്തിലെ കുട്ടോത്ത്-അട്ടകുണ്ട് കടവ് റോഡ്

41 (6606) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിലെ കുട്ടോത്ത്-അട്ടകുണ്ട് കടവ് റോഡ് നിർമ്മാണ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) പ്രസ്തുത പ്രവൃത്തിയെ ഏത് പദ്ധതിയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്;

(സി) പദ്ധതിയുടെ ഭരണാനുമതി, എസ്റ്റിമേറ്റ് തുക എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഡി) ഏത് ഏജൻസിയാണ് പ്രവൃത്തി ഏറ്റെടുത്തിട്ടുള്ളത്;

(ഇ) നിർമ്മാണ പ്രവൃത്തി എന്നത്തേക്കാരംഭിക്കാനാകും എന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിലെ കുട്ടോത്ത്-അട്ടകുണ്ട് കടവ് റോഡ് നിർമ്മിക്കുന്നതിനാവശ്യമായ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പൂർത്തിയായി.

(ബി) പ്രസ്തുത പ്രവൃത്തി കിഫ്ബി 2017-18 പദ്ധതിയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

(സി) പ്രസ്തുത പദ്ധതിക്ക് 10-7-2017-ലെ സ.ഉ.(സാധാ) നമ്പർ 942/2017/ പൊ.മ.വ. പ്രകാരം 15 കോടി രൂപയ്ക്ക് തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് അനുസരിച്ചുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. പ്രസ്തുത എസ്റ്റിമേറ്റ് കിഫ്ബിയിൽ സമർപ്പിച്ച് അംഗീകാരം ലഭ്യമായാൽ മാത്രമേ ഭരണാനുമതി, എസ്റ്റിമേറ്റ് തുക എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാകൂ.

(ഡി) പ്രസ്തുത പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ഏറ്റെടുത്തിരിക്കുന്നത് റൂബി സോഫ്ട്ടെക് എന്ന കമ്പനിയാണ്.

(ഇ) വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സാമ്പത്തികാനുമതിയും സാങ്കേതികാനുമതിയും കിഫ്ബിയിൽനിന്നും ലഭ്യമായാൽ പ്രവൃത്തി ആരംഭിക്കാൻ കഴിയുന്നതാണ്.

## ഇടക്കൊച്ചി-തോപ്പുംപടി റോഡ്

42 (6607) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പശ്ചിമകൊച്ചിയിലെ പ്രധാന പാതയായ ഇടക്കൊച്ചി - തോപ്പുംപടി റോഡിന്റെ വീതിക്കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആവശ്യമായ സ്ഥലങ്ങളിൽ പുറമ്പോക്ക് ഒഴിപ്പിച്ചും സ്ഥലം ഏറ്റെടുത്തും പ്രസ്തുത റോഡിന്റെ വീതികൂട്ടുന്നതിനുള്ള പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ടി റോഡിന്റെ വീതിക്കുറവ് പരിഹരിക്കുന്നതിനുള്ള സ്ഥലമെടുപ്പ് പ്രൊപ്പോസൽ 2018-19-ൽ വാല്യം 11-ൽ ക്രമ നമ്പർ 873 ആയി 100 രൂപ

ടോക്കൺ പ്രൊവിഷൻ സഹിതം ഉൾപ്പെട്ടുവന്നിട്ടുണ്ട്. ഭരണാനുമതിക്ക് സർക്കാരിൽ പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്.

## വഞ്ചിയൂർ-പാറ്റൂർ ജംഗ്ഷൻ റോഡ് നവീകരണം

43 (6608) ശ്രീ. വി. എസ്. ശിവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ആമയിഴഞ്ചാൻ തോടിൽ ബോക്സ് കൾവെർട്ടുകൾ നിർമ്മിച്ച് ഉപ്പിടാംമൂട് മുതൽ വഞ്ചിയൂർ വരെ നിർമ്മിച്ച നാലുവരിപ്പാതയുടെ അവശേഷിക്കുന്ന ഭാഗമായ വഞ്ചിയൂർ മുതൽ പാറ്റൂർ ജംഗ്ഷൻ വരെ ബോക്സ് കൾവെർട്ടുകൾ നിർമ്മിച്ച് റോഡ് നവീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

ഉത്തരം

(എ&ബി) തിരുവനന്തപുരം നഗര റോഡ് വികസന പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി ഉപ്പിടാംമൂട് മുതൽ വഞ്ചിയൂർ വരെ ആമയിഴഞ്ചാൻ തോടിന് മുകളിൽ ബോക്സ് കൾവെർട്ട് നിർമ്മിച്ച് നിലവിലെ റോഡിന് പകരം നാലുവരി പാതയാക്കി വികസിപ്പിച്ചിരുന്നു. ഇത് വഞ്ചിയൂർ മുതൽ പാറ്റൂർ വരെ വികസിപ്പിക്കുന്നതിന് നിലവിൽ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. ആവശ്യമുണ്ടെങ്കിൽ നിവേദനം നൽകാവുന്നതാണ്.

## കുറ്റ്യാടി നിയോജകമണ്ഡലത്തിലെ റോഡ് പ്രവൃത്തികൾ

44 (6609) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിൽ നടപ്പുസാമ്പത്തിക വർഷത്തിൽ പൂർത്തീകരിച്ച റോഡ് പ്രവൃത്തികൾ ഏതൊക്കെയെന്നറിയിക്കാമോ;

(ബി) റോഡിന്റെ പേര്, എസ്റ്റിമേറ്റ് തുക, ഭരണാനുമതി ഉത്തരവ് നമ്പർ എന്നിവ വ്യക്തമാക്കുമോ;

(സി) കുറ്റ്യാടി നിയോജകമണ്ഡലത്തിൽ ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന റോഡ് പ്രവൃത്തികൾ ഏതൊക്കെയെന്നറിയിക്കാമോ;

(ഡി) റോഡിന്റെ പേര്, എസ്റ്റിമേറ്റ് തുക, ഭരണാനുമതി ഉത്തരവ് നമ്പർ എന്നിവ നൽകുമോ;

(ഇ) മണ്ഡലത്തിൽ നിന്ന് ഭരണാനുമതിക്കായി ഈ കാലയളവിൽ സമർപ്പിച്ച പദ്ധതികൾ ഏതൊക്കെ; പദ്ധതിയുടെ പേര്, എസ്റ്റിമേറ്റ് തുക എന്നിവ എത്രയെന്ന് വ്യക്തമാക്കുമോ;

(എഫ്) ഈ പ്രൊപ്പോസലുകൾ ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കുറ്റ്യാടി നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന്റെ കീഴിൽ 2017-18 സാമ്പത്തിക വർഷത്തിൽ പ്രവൃത്തികളൊന്നും തന്നെ പൂർത്തിയായിട്ടില്ല.

(സി&ഡി) കുറ്റ്യാടി നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിനുകീഴിൽ നിർമ്മാണത്തിലിരിക്കുന്ന റോഡ് പ്രവൃത്തികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ഇ&എഫ്)

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | എസ്റ്റിമേറ്റ് തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | വടകര-തിരുവള്ളൂർ-പേരാമ്പ്ര റോഡ് ബി.എം&ബി.സി. ഉപയോഗിച്ച് നവീകരണം 8/800 മുതൽ 12/200 വരെ | 400 ലക്ഷം രൂപ | ഭരണാനുമതി നൽകി |
| 2 | തിരുവള്ളൂർ-ആയഞ്ചേരി റോഡിൽ 0/800 മുതൽ 2/800 വരെ ബി.എം. & ബി.സി. ഉപയോഗിച്ച് നവീകരണം | 250 ലക്ഷം രൂപ | ഭരണാനുമതി നൽകി |
| 3 | ആയഞ്ചേരി-കമ്പനി പീടിക-തണ്ണീർപന്തൽ റോഡ് 1/000 മുതൽ 4/000 വരെ ബി.എം. &ബി.സി. ഉപയോഗിച്ച് നവീകരണം | 350 ലക്ഷം രൂപ | ഭരണാനുമതി നൽകിയിട്ടില്ല |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## മാവേലിക്കര-കണ്ടിയൂർ ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

45 (6610) ശ്രീ. ആർ. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര കണ്ടിയൂർ ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വിഭാഗം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് "മുളമൂട്ടിൽ കൺസ്ട്രക്ഷൻസ് " എന്ന സ്ഥാപനത്തിന് കരാർ നൽകുകയും പ്രവൃത്തി തുടങ്ങുന്നതിനുള്ള പ്രാരംഭനടപടികൾ ആരംഭിക്കുകയും ചെയ്തു.

## കുറ്റ്യാടി മണ്ഡലത്തിലെ വില്യാപ്പള്ളി-ചേലക്കാട് റോഡ് നിർമ്മാണം

46 (6611) ശ്രീ. പാറക്കൽ അബ്ദുല്ല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിലെ വടകര വില്യാപ്പള്ളി - ചേലക്കാട് റോഡ് നിർമ്മാണ പ്രവൃത്തി ഇപ്പോൾ ഏതുഘട്ടത്തിലാണ്;

(ബി) ഈ നിർമ്മാണ പ്രവൃത്തി ഏത് പദ്ധതിയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്;

(സി) പദ്ധതിയുടെ ഭരണാനുമതി, എസ്റ്റിമേറ്റ് തുക എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഡി) ഏത് ഏജൻസിയാണ് പ്രവൃത്തി ഏറ്റെടുത്തിട്ടുള്ളത്;

(ഇ) നിർമ്മാണ പ്രവൃത്തികൾ എന്നത്തേയ്ക്ക് ആരംഭിക്കാനാകും എന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിലെ വടകര വില്യാപ്പള്ളി-ചേലക്കാട് റോഡ് നിർമ്മാണ പ്രവൃത്തിക്ക് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനാവശ്യമായ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയായി.

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തി കിഫ്ബി 2017-18-ലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

(സി) പ്രസ്തുത പദ്ധതിക്ക് 10-7-2017-ലെ സ.ഉ. (സാധാ)നമ്പർ 942/2017/പൊ.മ.വ. പ്രകാരം 31 കോടി രൂപയ്ക്ക് തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് അനുസരിച്ചുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. പ്രസ്തുത എസ്റ്റിമേറ്റ് കിഫ്ബിയിൽ സമർപ്പിച്ച് അംഗീകാരം ലഭ്യമായാൽ മാത്രമേ ഭരണാനുമതി, എസ്റ്റിമേറ്റ് തുക എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാവുകയുള്ളൂ.

(ഡി) പ്രസ്തുത പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ഏറ്റെടുത്തിരിക്കുന്നത് ULCCS എന്ന കമ്പനിയാണ്.

(ഇ) വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സാമ്പത്തികാനുമതിയും സാങ്കേതികാനുമതിയും കിഫ്ബിയിൽനിന്നും ലഭ്യാമായാൽ മാത്രമേ പ്രവൃത്തി ആരംഭിക്കാൻ കഴിയുകയുള്ളൂ.

**വെന്നിയൂർ-കുളങ്ങര ലിങ്ക് റോഡ് നിർമ്മാണം**

47 (6612) ശ്രീ. പി. കെ. അബ്ദു റബ്ബ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരൂരങ്ങാടി മണ്ഡലത്തിലെ തെന്നല, എടരിക്കോട് എന്നീ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന വെന്നിയൂർ-കുളങ്ങര ലിങ്ക് റോഡിന്റെ നിർമ്മാണത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ഉത്തരം

തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ 2014-15 വർഷത്തെ എം.എൽ.എ. ആസ്തിവികസന ഫണ്ടിൽനിന്നും വെന്നിയൂർ കുളങ്ങര പുതുപ്പറമ്പ് ലിങ്ക് റോഡ് നിർമ്മാണത്തിന് 100 ലക്ഷം രൂപ അനുവദിച്ചിരുന്നു. വേങ്ങര ബ്ലോക്ക് പഞ്ചായത്തിലെ തെന്നല, എടരിക്കോട് ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിച്ചുകൊണ്ട് വെന്നിയൂർ കുളങ്ങര പുതുപ്പറമ്പ് ലിങ്ക് റോഡ് നിർമ്മാണ പ്രവൃത്തി പുതുപ്പറമ്പ് പാടശേഖരത്തിലൂടെയാണ് വിഭാവന ചെയ്തിട്ടുള്ളത്. ടി റോഡ് നിർമ്മിക്കാൻ ഉദ്ദേശിച്ച തെന്നല വില്ലേജിലെ സർവ്വേ നമ്പർ 180/18-ൽ ഉൾപ്പെട്ട 45 സെന്റ് സ്ഥലം നിലം നികത്തുന്നതിനുവേണ്ടി തെന്നല പഞ്ചായത്ത് കൃഷി വകുപ്പിന് അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ നിർദ്ദിഷ്ട സ്ഥലം പരിവർത്തനപ്പെടുത്തുന്നത് ഭാവിയിൽ സമീപത്തുള്ള വയലുകൾ തരംമാറ്റപ്പെടാൻ സാധ്യതയുള്ളതിനാലും പാടത്തിന്റെ ജലനിർഗ്ഗമനത്തെയും കൃഷിയെയും ബാധിക്കുമെന്നതിനാലും കൃഷി

വകുപ്പ് അപേക്ഷ നിരസിക്കുകയുണ്ടായി. തെന്നല ഗ്രാമപഞ്ചായത്ത് ടി തീരുമാനം പുന:പരിശോധിക്കുന്നതിനുവേണ്ടി കൃഷിവകുപ്പിനെ വീണ്ടും സമീപിച്ചിരിക്കുകയാണ്.

**വെള്ളയമ്പലം, വഴുതക്കാട് ജംഗ്ഷനുകളിലെ ഗതാഗതക്കുരുക്ക്**

48 (6613) ശ്രീ. എം. സ്വരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാനത്തെ വെള്ളയമ്പലം, വഴുതക്കാട് ജംഗ്ഷനുകളിലെ ഗതാഗതക്കുരുക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയത് പരിഹരിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോ;ഉണ്ടെങ്കിൽ വിശദാംശം നല്കാമോ?

ഉത്തരം

(എ&ബി) തിരുവനന്തപുരം നഗര വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിച്ചിട്ടുള്ള വെള്ളയമ്പലം ജംഗ്ഷനിൽ രാവിലെ 9.00-നും 11.00-നും ഇടയിലും വൈകിട്ട് 5.00-നും 6.00-നുമിടയിലുമുള്ള സമയത്താണ് ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത ജംഗ്ഷനിൽ നിലവിൽ സിഗ്നൽ സംവിധാനത്തിലൂടെ ഈ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനുള്ള ക്രമീകരണം നടപ്പിലാക്കിയിട്ടുണ്ട്. വഴുതക്കാട് ജംഗ്ഷൻ വികസനത്തോട് അനുബന്ധിച്ച് വഴുതക്കാട് മുതൽ തൈക്കാട് വരെയുള്ള റോഡ് വികസനത്തിനായി ട്രിഡയുടെ നേതൃത്വത്തിൽ ഭൂമി ഏറ്റെടുത്തുവരികയാണ്.

**വട്ടിയൂർക്കാവ് ജംഗ്ഷൻ വികസന പദ്ധതി**

49 (6614) ശ്രീ. എം. സ്വരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വട്ടിയൂർക്കാവ് ജംഗ്ഷൻ വികസന പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ ;

(ബി) പ്രസ്തുത പദ്ധതി പ്രഖ്യാപിച്ചത് എന്നാണെന്നും പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കിയത് എന്നാണെന്നും അറിയിക്കുമോ?

ഉത്തരം

(എ) 8-12-2015-ലെ സി.ആർ.ഡി.പി. Phase II-ന്റെ എംപവേർഡ് കമ്മിറ്റിയിലെ തീരുമാനമനുസരിച്ച് വട്ടിയൂർക്കാവ് ജംഗ്ഷൻ വികസന പദ്ധതി

ഏറ്റെടുക്കുകയും ഇതിന്റെ വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിന് സി.ആർ.ഡി.പി.-യുടെ Transactional adviser-നെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത വികസന പദ്ധതിയുടെ ഭൂമി ഏറ്റെടുക്കുന്നതിന് റിക്വിസിഷൻ അതോറിറ്റിയായി ട്രിഡയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മേൽപദ്ധതിയുടെ ആവശ്യത്തിലേക്കായി സ്ഥലമേറ്റെടുക്കുന്നതിന് ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് 45 കോടി രൂപയും പൊതുമരാമത്ത് വകുപ്പ് വട്ടിയൂർക്കാവ് ജംഗ്ഷൻ വികസനത്തിനായി നൂറ് കോടി രൂപയും കിഫ്ബിയിൽനിന്നും അനുവദിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. കൂടാതെ ഈ പദ്ധതി നടത്തിപ്പിനായുള്ള എസ്.പി.വി. ആയി കേരള റോഡ് ഫണ്ട് ബോർഡിനെ നിയമിച്ചിട്ടുണ്ട്. ഈ പദ്ധതിക്കുവേണ്ടി 1.8366 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് 6-10-2017-ൽ റവന്യൂ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുടർനടപടികൾ ആരംഭിക്കുന്നതിനുള്ള ഫണ്ട് ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ പരിഗണനയിലാണ്.

(ബി) 8-12-2015-ലെ സി.ആർ.ഡി.പി. Phase II-ന്റെ എംപവേർഡ് കമ്മിറ്റിയിലെ തീരുമാനമനുസരിച്ചാണ് പ്രസ്തുത പദ്ധതി പ്രഖ്യാപിച്ചത്. 10-7-2017 -ലെ സ.ഉ.(സാധാ.) നമ്പർ 942/2017/പൊ.മ.വ. പ്രകാരം 100 കോടി രൂപ കിഫ്ബി മുഖാന്തരം ലഭ്യമാക്കി ചെയ്യുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. 28-3-2018-ൽ സി.ആർ.ഡി.പി.-യുടെ Transactional adviser ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ട്.

**മങ്കട മണ്ഡലത്തിലെ കുട്ടിലങ്ങാടി പാലം പുനരുദ്ധാരണം**

50 (6615) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ കുട്ടിലങ്ങാടി പാലം പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് സി. ഇ. (എൻ.എച്ച്) നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) ഇതിനായി ഫണ്ട് വകയിരുത്തിയിട്ടുണ്ടോ;

(സി) 2017-18-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി ലഭിക്കുന്നതിനുള്ള പട്ടികയിൽ പ്രസ്തുത പ്രവൃത്തി ഉൾപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) മങ്കട നിയോജകമണ്ഡലത്തിലെ കുട്ടിലങ്ങാടി പാലത്തിന്റെ പുനരുദ്ധാരണ പ്രവൃത്തിയുടെ ഭരണാനുമതിക്കായി കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽ സമർപ്പിക്കുന്നതിനുവേണ്ടിയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(ബി&സി) കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി ലഭ്യമാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

**അരൂരിൽ പുതിയ പാലം പണിയാൻ നടപടി**

51 (6616) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അപകടാവസ്ഥയിലായ പാലങ്ങൾ ഏതെല്ലാമെന്ന് നിയോജകമണ്ഡലംതിരിച്ച് വ്യക്തമാക്കാമോ;

(ബി) 75 വർഷത്തോളം പഴക്കമുള്ളതും എറണാകുളം-ആലപ്പുഴ ജില്ലകളെ ബന്ധിപ്പിക്കുന്നതുമായ അരൂർ പാലം, പുതുക്കി പണിയേണ്ട പാലങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടോ;

(സി) നിലവിൽ നിർമ്മാണത്തിലിരിക്കുന്ന 40 അടി റോഡിന്റെ അലൈൻമെന്റിൽ നിലവിലുള്ള അരൂർ പാലത്തിന്റെ കാലപ്പഴക്കം കണക്കിലെടുത്ത് സമാന്തരമായി പുതിയ പാലം നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെകീഴിൽ അപകടാവസ്ഥയിലായ, പുനർനിർമ്മാണം ആവശ്യമുള്ള 162 പാലങ്ങളുണ്ട്. ഇതിന്റെ നിയോജകമണ്ഡലംതിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ബി) എറണാകുളം-ആലപ്പുഴ ജില്ലകളെ ബന്ധിപ്പിക്കുന്ന ഇടക്കൊച്ചി പാലം (അരൂർപാലം) പുതുക്കി പണിയേണ്ട പാലങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. അറ്റകുറ്റപ്പണികൾ ചെയ്യേണ്ട പാലങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ടി പാലത്തിന്റെ കാലപ്പഴക്കം കണക്കിലെടുത്ത് സമാന്തരമായി പുതിയ പാലം നിർമ്മിക്കുന്നത് സംബന്ധിച്ച വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**ചൂളക്കടവ് പാലം-മൂലക്കീൽക്കടവ് പാലം പ്രവൃത്തികൾ**

52 (6617) ശ്രീ. സി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17 വർഷത്തെ ബജറ്റിൽ കിഫ്ബി മുഖേന നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പയ്യന്നൂർ മണ്ഡലത്തിലെ ചൂളക്കടവ് പാലം, മൂലക്കീൽക്കടവ് പാലം എന്നീ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

ഉത്തരം

ചൂളക്കടവ് പാലം : ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയാക്കി ഡിസൈൻ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ പയ്യന്നൂർ മുനിസിപ്പാലിറ്റി ഭാഗത്ത് ആവശ്യമായ സ്ഥലം ലഭ്യമാകാത്തതിനാൽ ഡി.പി.ആർ. സമർപ്പിക്കാൻ സാധിച്ചിട്ടില്ല. ബഹു. എം.എൽ.എ. വിളിച്ചുചേർത്ത യോഗത്തിലെ തീരുമാനപ്രകാരം ആവശ്യമായ സ്ഥലം ലഭ്യമാക്കാനായി ലാന്റ് അക്വിസിഷൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ആവശ്യമായ സ്ഥലം ലഭ്യമാകുന്നമുറയ്ക്ക് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരത്തിനായി കിഫ്ബിക്ക് സമർപ്പിക്കുന്നതാണ്.

മൂലക്കീൽക്കടവ് പാലം: സംസ്ഥാന ജലപാതയുടെ അലൈൻമെന്റിനുള്ളിൽ വരുന്നതിനാൽ നേരത്തെയുള്ള ഡിസൈൻ റിവൈസ് ചെയ്യേണ്ടതായിട്ടുണ്ട്. ഇതിലേയ്ക്കാവശ്യമായ അഡീഷണൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയാക്കി പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിംഗിൽ സമർപ്പിച്ചിട്ടുണ്ട്. റിവൈസ്ഡ് ഡിസൈൻ ലഭ്യമാകുന്നമുറയ്ക്ക് വിശദമായ ഡി.പി.ആർ. തയ്യാറാക്കി അംഗീകാരത്തിനായി കിഫ്ബിക്ക് സമർപ്പിക്കുന്നതാണ്.

**പാലക്കാട് ജില്ലയിൽ അപകടനിലയിലുള്ള പാലങ്ങളുടെ നവീകരണം**

53 (6618) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിൽ അപകടനിലയിലുള്ള പാലങ്ങളുടെ നവീകരണം സംബന്ധിച്ച പദ്ധതികൾ ഏതെങ്കിലും നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദീകരണം നൽകാമോ?

ഉത്തരം

പാലക്കാട് ജില്ലയിൽ അപകടാവസ്ഥയിലുള്ള പത്ത് പാലങ്ങളാണുള്ളത്.

ആയതിന്റെ നവീകരണം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*. കൂടാതെ പാലക്കാട് ജില്ലയിൽ അറ്റകുറ്റപ്പണി ആവശ്യമുള്ള 120 പാലങ്ങളുണ്ട്. അതിൽ 24 പ്രവൃത്തിയുടെ എസ്റ്റിമേറ്റുകൾ ഭരണാനുമതിക്കായി സർക്കാരിൽ ലഭ്യമായിട്ടുണ്ട്. അവ പരിശോധിച്ചുവരുന്നു.

## പെരുനല്ലി പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

54 (6619) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മണ്ഡലത്തിലെ പെരുനല്ലി പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എത്രയുംവേഗം പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പാലം നിർമ്മാണത്തിൽ നേരിട്ട തടസ്സങ്ങളെല്ലാം പരിഹരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിച്ചു. സമയബന്ധിതമായി പണികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## മൂഴാപ്പാലം പുതുക്കിപ്പണിയാൻ നടപടി

55 (6620) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ അപകടത്തിലായ മൂഴാപ്പാലം പുതുക്കിപ്പണിയാൻ എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

(ബി) എത്ര തുകയാണ് ഈ പ്രവൃത്തിക്ക് ചെലവ് വരിക എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കോഴിക്കോട് ജില്ലയിലെ അപകടത്തിലായ മൂഴാപ്പാലം പുതുക്കിപ്പണിയുന്നതിനുള്ള 110 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 27-3-2018-ലെ നമ്പർ സി.ഇ/ആർ&ബി/കോഴിക്കോട്/2017/11504/പ്രൈസ് കത്ത് പ്രകാരം ഭരണാനുമതിക്കായി 31-3-2018-ന് സർക്കാരിൽ ലഭ്യമായിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**കിഴക്കേകോട്ടയിൽ പൊതുമരാമത്ത് വകുപ്പിന്റെ കർമ്മപദ്ധതികൾ**

56 (6621) ശ്രീ. വി. എസ്. ശിവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ കിഴക്കേകോട്ടയിൽ ഗതാഗതക്കുരുക്കു മൂലം റോഡ് അപകടങ്ങളിൽപ്പെട്ട് നിരവധിപേർ മരണമടയുന്നത് ഒഴിവാക്കാൻ പൊതുമരാമത്ത് വകുപ്പ് എന്തെങ്കിലും കർമ്മ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത സ്ഥലത്ത് മേൽപ്പാലം നിർമ്മിക്കുന്ന കാര്യം വകുപ്പിന്റെ പരിഗണനയിലുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) തിരുവനന്തപുരം ജില്ലയിലെ കിഴക്കേകോട്ടയിൽ റോഡപകടങ്ങളിൽപ്പെട്ട് നിരവധിപേർ മരണമടയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാൽനടയാത്രക്കാർ അശ്രദ്ധയോടുകൂടി റോഡ് മുറിച്ചുകടക്കുന്നതും വാഹനമോടിക്കുന്ന ഡ്രൈവർമാരുടെ അശ്രദ്ധയും കാരണമാണ് ഇത്തരത്തിൽ അപകടങ്ങൾ ഉണ്ടാകുന്നതെന്ന് വിലയിരുത്തിയിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിന് ട്രാഫിക് പോലീസിന്റെയും ജില്ലാ ഭരണകൂടത്തിന്റെയും നിർദ്ദേശപ്രകാരം റോഡിൽ ട്രാഫിക് പരിഷ്കാരങ്ങളും സിഗ്നൽ സംവിധാനങ്ങളും സീബ്രാ ക്രോസിംഗുകളും കമ്പി വേലികളും റോഡ് ഫണ്ട് ബോർഡ് നിർമ്മിച്ചിട്ടുണ്ട്. ഇതിനുപരിയായി പ്രസ്തുത സ്ഥലത്ത് ഒരു സ്കൈ വാക്ക് നിർമ്മിക്കുന്നതിനുള്ള കർമ്മ പരിപാടി തിരുവനന്തപുരം കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ നടന്നുവരുന്നു.

**കരമന-കളിയിക്കാവിള ദേശീയപാത**

57 (6622) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരമന-കളിയിക്കാവിള ദേശീയപാത ആറുവരിയായി വികസിപ്പിക്കുന്നതിന്റെ രണ്ടാംഘട്ടത്തിന്റെ ഭാഗമായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായോ;

(ബി) ഇത് എന്നത്തേക്ക് പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) വീട് നഷ്ടപ്പെട്ടവർക്കും സ്ഥലം ഏറ്റെടുത്തവർക്കും നഷ്ടപരിഹാരം അടിയന്തരമായി നൽകാൻ നടപടി സ്വീകരിക്കാമോ?

<u>ഉത്തരം</u>

(എ) കരമന-കളിയിക്കാവിള ദേശീയപാതാ വികസനത്തിന്റെ ഒന്നാംഘട്ടം രണ്ടാം റീച്ച് പ്രാവച്ചമ്പലം മുതൽ ബാലരാമപുരം കൊടിനട വരെയുള്ള ഭാഗത്തെ പൊന്നുംവില നടപടിയിൽ അർത്ഥന ലഭ്യമായതിൽ ബഹു. ഹൈക്കോടതി കേസ് നിലനിൽക്കുന്ന ഒരു എൽ.എ. കേസിൽ ഒഴികെ ബാക്കിയുള്ളവ റവന്യൂ വകുപ്പ് സ്ഥലമേറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്. ബാലരാമപുരം വഴിമുക്ക് റീച്ചിൽ 31-7-2017-ന് സാമൂഹ്യ ആഘാത പഠന യൂണിറ്റിനെ നിശ്ചയിച്ചുവെങ്കിലും ടി യൂണിറ്റിന് നൽകേണ്ട പ്രതിഫല തുക ലഭ്യമാകാത്തതിനാൽ സ്ഥലമേറ്റെടുക്കൽ സംബന്ധിച്ച തുടർ നടപടി സ്വീകരിക്കുന്നതിന് സാധിച്ചിട്ടില്ലെന്ന് റവന്യൂ വകുപ്പ് അറിയിച്ചിട്ടുണ്ട്.

(ബി) ബാലരാമപുരം വഴിമുക്ക് റീച്ചിൽ സാമൂഹ്യ ആഘാത പഠന യൂണിറ്റിന് നൽകേണ്ട തുക ലഭ്യമായാലുടൻ തന്നെ RFCTLARR Act 2013-ൽ നിഷ്കർഷിച്ചിട്ടുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി സ്ഥലം ഏറ്റെടുക്കുന്നതാണെന്ന് റവന്യൂ വകുപ്പ് അറിയിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പൊന്നുംവില നടപടിയിൽ സ്ഥലവും വീടും ഏറ്റെടുത്തവർക്കുള്ള നഷ്ടപരിഹാര തുക വിതരണം ചെയ്തിട്ടുണ്ടെന്ന് റവന്യൂ വകുപ്പ് അറിയിച്ചിട്ടുണ്ട്.

**കരുനാഗപ്പള്ളി നഗരത്തിൽ ദേശീയപാത വികസനം**

58 (6623) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നഗരത്തിൽ ദേശീയപാത 66 (പഴയ എൻ. എച്ച്. 47 ) എത്ര മീറ്റർ വീതിയിൽ വികസിപ്പിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കരുനാഗപ്പള്ളി നഗരത്തിൽ ദേശീയപാത വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഫ്ലൈഓവർ നിർമ്മിക്കുന്നതിന് പദ്ധതിയുണ്ടോ; എങ്കിൽ ഇതിന്റെ ദൈർഘ്യം എത്രയെന്നും എവിടെ മുതൽ എവിടെ വരെയാണെന്നും വ്യക്തമാക്കുമോ;

(സി) ഇതിനുള്ള സ്ഥലം ഏറ്റെടുക്കുന്ന നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ?

ഉത്തരം

(എ) ദേശീയപാത-66 നാലുവരി/ആറുവരി പാതയാക്കി വികസിപ്പിക്കുന്നത് ദേശീയപാത അതോറിറ്റി ഓഫ് ഇന്ത്യ (NHAI) ആണ്. കരുനാഗപ്പള്ളി നഗരത്തിൽ 45 മീറ്റർ വീതിയിലാണ് സ്ഥലമെടുക്കുന്നതെന്ന് NHAI അറിയിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. ദേശീയപാത കി.മീ. 470/33-ൽനിന്നും 720 മീറ്റർ ദൈർഘ്യമുള്ള എലിവേറ്റഡ് ഹൈവേയായിട്ടാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്.

(സി) ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ വിജ്ഞാപനം [G.O.No.602 (E) dated 9-2-2018] പ്രകാരം ദേശീയപാത ആക്ട് 1956 അനുസരിച്ചുള്ള 3(A) നോട്ടിഫിക്കേഷൻ (Power to acquire land) പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**വണ്ടൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതികൾ**

59 (6624) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വണ്ടൂർ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ ഏതൊക്കെ പ്രവൃത്തികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഈ പ്രവൃത്തികൾ എന്നത്തേയ്ക്ക് തുടങ്ങാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) വണ്ടൂർ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് 10-7-2017-ലെ സ.ഉ.(സാധാ.) നമ്പർ 942/2017/പൊ.മ.വ. പ്രകാരം തത്വത്തിൽ അനുമതി നൽകിയിട്ടുള്ള പ്രവൃത്തികളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് കിഫ്ബിയിൽനിന്നും സാമ്പത്തികാനുമതിയും തുടർന്ന് സാങ്കേതികാനുമതിയും ലഭ്യമാകുന്നമുറയ്ക്ക് പ്രവൃത്തികൾ ആരംഭിക്കാൻ കഴിയുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കോതമംഗലം മണ്ഡലത്തിലെ കിഫ്ബി പദ്ധതി

60 (6625) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന നിരത്തുവിഭാഗം പ്രവൃത്തികളായ ആലുവ-മൂന്നാർ റോഡ് കി.മീ.28/000 മുതൽ 38/281 വരെ നവീകരണം, കിഫ്ബി 2016-17 - കാക്കനാട് - തങ്കളം റോഡ് കി.മീ. 22/600 to 24/600 സ്ഥലം ഏറ്റെടുക്കൽ, കിഫ്ബി 2017-18 കാക്കനാട് - തങ്കളം റോഡ് കി.മീ. 20/00 മുതൽ 22/600 വരെ സ്ഥലം ഏറ്റെടുക്കൽ എന്നീ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര പ്രവൃത്തികളുടെ ഇൻവെസ്റ്റിഗേഷൻ നടപടി പൂർത്തീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളുടെ ഇൻവെസ്റ്റിഗേഷൻ നടപടി താമസിക്കുന്നതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കാമോ;

(ഡി) കാലതാമസം ഒഴിവാക്കി അടിയന്തരമായി ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആലുവ-മൂന്നാർ റോഡ് കി.മീ. 7/600 മുതൽ 28/000 വരെയുള്ള ഭാഗത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. 28/000 മുതൽ 35/226 വരെയുള്ള ഭാഗത്തിന്റെ ഇൻവെസ്റ്റിഗേഷൻ നടന്നുവരികയാണ്.

കാക്കനാട്-തങ്കളം റോഡ് ഫുൾ സ്ട്രെച്ചിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്കായുള്ള ടെണ്ടർ പ്രസിദ്ധീകരിച്ചു.

(ബി) നടപടി പൂർത്തീകരിച്ചിട്ടില്ല.

(സി) ഇൻവെസ്റ്റിഗേഷൻ നടത്താൻ പര്യാപ്തമായ ഏജൻസികളുടെ ലഭ്യതക്കുറവാണ് നടപടികൾക്ക് കാലതാമസം നേരിടുന്നതിനുള്ള മുഖ്യ കാരണം.

(ഡി) പ്രസ്തുത പ്രവൃത്തികളുടെ ഇൻവെസ്റ്റിഗേഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

## അങ്കമാലി മണ്ഡലത്തിൽ കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന പ്രവൃത്തികൾ

61 (6626) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന എത്ര പൊതുമരാമത്ത് പ്രവൃത്തികൾ ഉണ്ടെന്നും അവ ഏതെല്ലാമെന്നും വിശദമാക്കാമോ;

(ബി) ഇതിൽ ഏതെല്ലാം പ്രവൃത്തികൾക്ക് കിഫ്ബിയിൽ നിന്നും അംഗീകാരം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അങ്കമാലി നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു;

1. അങ്കമാലി ബൈപ്പാസ്
2. മലയോര ഹൈവേയുടെ ഭാഗമായുള്ള വെറ്റിലപ്പാറ മുതൽ ചെട്ടിനാട് വരെയുള്ള റോഡ് നിർമ്മാണം, ഇല്ലിത്തോടിനെയും ചെട്ടിനാടിനെയും ബന്ധിപ്പിക്കുന്ന പാലം നിർമ്മാണം

(ബി) അങ്കമാലി ബൈപ്പാസിന് 16-12-2017-ൽ 190.16 കോടി രൂപയുടെ അംഗീകാരം കിഫ്ബി നൽകിയിട്ടുണ്ട്.

(സി) അങ്കമാലി ബൈപ്പാസിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി ജില്ലാ കളക്ടർക്ക് 17-2-2018-ൽ അപേക്ഷ നൽകിയിട്ടുണ്ട്. മറ്റ് രണ്ട് പ്രവൃത്തികൾക്ക് വനം വകുപ്പിൽനിന്നും അനുമതി ലഭ്യമാക്കേണ്ടതുണ്ട്.

## മങ്കട സി.എച്ച്.സി.-യിൽ കെട്ടിട നിർമ്മാണം

62 (6627) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട സി.എച്ച്.സി. -യിൽ എം.എൽ.എ ആസ്തി വികസന ഫണ്ട് മുഖേന കെട്ടിട നിർമ്മാണത്തിനായി അനുവദിച്ച ഒരു കോടി രൂപയുടെ ഭാഗമായി പൊതുമരാമത്ത് വകുപ്പ് നടത്തിയ പ്രവർത്തനങ്ങൾ വിശദീകരിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി ലഭിച്ചതിന്റെ ഭാഗമായി സാങ്കേതികാനുമതി പൊതുമരാമത്ത് ബിൽഡിംഗ് വകുപ്പ് നൽകിയിട്ടുണ്ടോ;

(സി) 2015-16 വർഷത്തെ ആസ്തി വികസന ഫണ്ടിൽനിന്നും അനുവദിച്ച തുക നാളിതുവരെ ഉപയോഗിക്കാൻ സാധിക്കാതെ പോയത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുവാൻ എടുത്ത കാലതാമസം സംബന്ധിച്ച വിശദമായ റിപ്പോർട്ട് നൽകാമോ?

ഉത്തരം

(എ&ബി) ബഹുമാനപ്പെട്ട മങ്കട എം.എൽ.എ. ശ്രീ. ടി. എ. അഹമ്മദ് കബീർ അവർകളുടെ 30-12-2015-ലെ കത്ത് പ്രകാരം മങ്കട താലൂക്ക് ആശുപത്രി കെട്ടിടത്തിന്റെ ഒന്നാംനില നിർമ്മിക്കുന്നതിന് ഒരു കോടി രൂപ അനുവദിക്കുകയുണ്ടായി. പ്രവൃത്തിയുടെ ഭരണാനുമതി ലഭിക്കുന്നതിനായി 5-2-2016-ന് പ്രൈസ് സോഫ്റ്റ്‌വെയറിലൂടെ എസ്റ്റിമേറ്റ് (എസ്റ്റിമേറ്റ് ഐ.ഡി. 2016/989) സമർപ്പിച്ചു. പ്രവൃത്തിയുടെ ഭരണാനുമതി ആരോഗ്യ വകുപ്പ് ഡയറക്ടർ നൽകിയിട്ടുണ്ട് (30-9-2016-ലെ ഉത്തരവ് നമ്പർ പി.എൽ.ബി. 3-14778/2016/ ആ.വ.ഡ.). സാങ്കേതികാനുമതി എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിന് മുമ്പായി കെട്ടിടത്തിന്റെ താഴത്തെ നില പണിത ഡിപ്പാർട്ട്മെന്റിന്റെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, സ്റ്റീൽ റാമ്പ് പണിയുന്നതിന് ആവശ്യമായ ആർകിടെക്ചറൽ ഡിസൈൻ, പഞ്ചായത്തിൽ നിന്ന് ലഭിക്കേണ്ട നിർമ്മാണാനുമതി എന്നിവ ആവശ്യമായിരുന്നു. പ്രസ്തുത നടപടിക്രമങ്ങളെല്ലാം പാലിച്ച് സാങ്കേതികാനുമതി നൽകുന്നതിന് പൊതുമരാമത്ത് വകുപ്പിന് ഓപ്പറേറ്റ് ചെയ്യുന്ന ഹെഡ് ഓഫ് അക്കൗണ്ട് ആവശ്യമാണ്. എന്നാൽ മേൽപ്പറഞ്ഞ പ്രവൃത്തിയുടെ ഭരണാനുമതിയിൽ കാണിച്ചിരിക്കുന്ന ഹെഡ് ഓഫ് അക്കൗണ്ട് പൊതുമരാമത്ത് വകുപ്പിന് ഓപ്പറേറ്റ് ചെയ്യാൻ പറ്റാത്തതും EMLI-യിൽ ഉൾപ്പെടാത്തതുമായതിനാൽ മേൽപ്രവൃത്തിക്കാവശ്യമായ തുക പൊതുമരാമത്ത് വകുപ്പിന്റെ ഹെഡ് ഓഫ് അക്കൗണ്ടിൽ ഡെപ്പോസിറ്റ് ചെയ്യാൻവേണ്ടി ഡിസ്ട്രിക്ട് മെഡിക്കൽ ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ട്.

(സി) ഈ പ്രവൃത്തിയുടെ ഫണ്ട് വിനിയോഗിക്കുന്നതിനാവശ്യമായ പ്രവൃത്തികൾ നടന്നുവരുന്നു.

(ഡി) ബഹുമാനപ്പെട്ട മങ്കട എം.എൽ.എ. ശ്രീ. ടി. എ. അഹമ്മദ് കബീർ അവർകളുടെ 30-12-2015-ലെ കത്ത് പ്രകാരം മങ്കട താലൂക്ക് ആശുപത്രി കെട്ടിടത്തിന്റെ ഒന്നാംനില നിർമ്മിക്കുന്നതിന് ഒരു കോടി രൂപ അനുവദിക്കുകയുണ്ടായി. പ്രവൃത്തിയുടെ ഭരണാനുമതി ലഭിക്കുന്നതിനായി 5-2-2016-ന് പ്രൈസ് സോഫ്റ്റ്‌വെയറിലൂടെ എസ്റ്റിമേറ്റ് (എസ്റ്റിമേറ്റ് ഐ.ഡി.

2016/989) സമർപ്പിച്ചു. പ്രവൃത്തിയുടെ ഭരണാനുമതി ആരോഗ്യ വകുപ്പ് ഡയറക്ടർ നൽകിയിട്ടുണ്ട് (30-9-2016-ലെ ഉത്തരവ് നമ്പർ പി.എൽ.ബി. 3-14778/2016/ ആ.വ.ഡ). സാങ്കേതികാനുമതി എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിന് മുമ്പായി കെട്ടിടത്തിന്റെ താഴത്തെനില പണിത ഡിപ്പാർട്ടുമെന്റിന്റെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, സ്റ്റീൽ റാമ്പ് പണിയുന്നതിന് ആവശ്യമായ ആർകിടെക്ചറൽ ഡിസൈൻ, പഞ്ചായത്തിൽനിന്ന് ലഭിക്കേണ്ട നിർമ്മാണാനുമതി എന്നിവ ആവശ്യമായിരുന്നു. പ്രസ്തുത നടപടിക്രമങ്ങളെല്ലാം പാലിച്ച് സാങ്കേതികാനുമതി നൽകുന്നതിന് പൊതുമരാമത്ത് വകുപ്പിന് ഓപ്പറേറ്റ് ചെയ്യുന്ന ഹെഡ് ഓഫ് അക്കൗണ്ട് ആവശ്യമാണ്. എന്നാൽ മേൽപ്പറഞ്ഞ പ്രവൃത്തിയുടെ ഭരണാനുമതിയിൽ കാണിച്ചിരിക്കുന്ന ഹെഡ് ഓഫ് അക്കൗണ്ട് പൊതുമരാമത്ത് വകുപ്പിന് ഓപ്പറേറ്റ് ചെയ്യാൻ പറ്റാത്തതും EMLI-യിൽ ഉൾപ്പെടാത്തതുമായതിനാൽ മേൽപ്രവൃത്തിക്കാവശ്യമായ തുക പൊതുമരാമത്ത് വകുപ്പിന്റെ ഹെഡ് ഓഫ് അക്കൗണ്ടിൽ ഡെപ്പോസിറ്റ് ചെയ്യാൻവേണ്ടി ഡിസ്ട്രിക്ട് മെഡിക്കൽ ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ട്.

**മണലൂർ മണ്ഡലത്തിൽ കെട്ടിടവിഭാഗത്തിന്റെ പ്രവൃത്തികൾ**

63 (6628) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന്റെ കീഴിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ ഏതെല്ലാം; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളോരോന്നിന്റെയും പുരോഗതി സംബന്ധിച്ച നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) മണലൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന്റെകീഴിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു;

1. ഐ.ടി.ഐ. മണലൂർ
2. വാടാനപ്പിള്ളി ഓഫീസ് കോംപ്ലക്സ്
3. വാടാനപ്പിള്ളി പോലീസ് സ്റ്റേഷൻ.

(ബി) പ്രസ്തുത പ്രവൃത്തികളോരൊന്നിന്റെയും പുരോഗതി സംബന്ധിച്ച നിലവിലെ സ്ഥിതി അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## മുടങ്ങിക്കിടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ

64 (6629) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാണ പ്രവർത്തനങ്ങൾ പലതും പാതിവഴിയിൽ മുടങ്ങിക്കിടക്കുന്നത് ജീവനക്കാർ അവധിയിൽ പ്രവേശിക്കുന്നതുമൂലമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) നിലവിൽ ചീഫ് എഞ്ചിനീയർമാർ ഉൾപ്പെടെ എത്ര ജീവനക്കാർ ദീർഘകാല അവധിയിൽ പ്രവേശിച്ചിട്ടുണ്ട്;

(സി) ന്യായമായ കാര്യത്തിലല്ലാതെ അവധിയിൽ പ്രവേശിച്ചവരെ തിരിച്ചുവിളിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ;

(ഡി) പൊതുമരാമത്ത് വകുപ്പിൽ നിലവിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ എത്ര ഒഴിവുകളുണ്ട്; പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്നറിയിക്കാമോ ?

ഉത്തരം

(എ) കണ്ടെത്തിയിട്ടില്ല.

(ബി) നിലവിൽ 94 ജീവനക്കാർ ദീർഘകാല അവധിയിൽ പ്രവേശിച്ചിട്ടുണ്ട്. അതിൽ ചീഫ് എഞ്ചിനീയർമാരില്ല.

(സി) ഉണ്ട്. പരിശോധിച്ചുവരുന്നു. ബഹുമാനപ്പെട്ട മന്ത്രി ഒരു മാസം മുമ്പ് നിർദ്ദേശം നൽകിയിരുന്നു.

(ഡി) പൊതുമരാമത്ത് വകുപ്പിൽ നിലവിൽ 30 അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകളുണ്ട്. അതിൽ 15 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാക്കിയുള്ളവ സ്ഥാനക്കയറ്റം മുഖേനയും ശൂന്യവേതനാവധി കഴിഞ്ഞുവരുന്ന ജീവനക്കാരെ നിയമിച്ചും നികത്തേണ്ടവയാണ്. എന്നാൽ വകുപ്പിന്റെ വളർച്ചയും പ്രവൃത്തിഭാരവും നോക്കിയാൽ 500 അസിസ്റ്റന്റ് എഞ്ചിനീയർമാരുടെയും 500 ഓവർസിയർമാരുടെയും 10 എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെയും അധിക ആവശ്യമുണ്ട്. അതിന് അനുമതി ലഭ്യമല്ല.

## മലപ്പുറം ജില്ലയിലെ പൊതുമരാമത്ത് പ്രവൃത്തികൾ

65 (6630) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലപ്പുറം ജില്ലയിൽ പൊതുമരാമത്ത് വകുപ്പ് അനുവദിച്ച പദ്ധതികൾ മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ബി) മുൻസർക്കാരിന്റെ കാലത്ത് പ്രഖ്യാപിക്കുകയും എന്നാൽ തുക അനുവദിക്കാതിരിക്കുകയും ചെയ്ത പദ്ധതികൾ ഏതൊക്കെയെന്നും അതിൽ ഏതൊക്കെ ഈ സർക്കാർ ഏറ്റെടുത്ത് നടപ്പിലാക്കിയെന്നും മറ്റുള്ളവയുടെ സ്ഥിതിയും അറിയിക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പൊതുമരാമത്ത് പ്രവൃത്തികൾക്കായി മലപ്പുറം ജില്ലയ്ക്ക് അനുവദിച്ച തുക മണ്ഡലാടിസ്ഥാനത്തിൽ നൽകാമോ;

(ഡി) മലപ്പുറം ജില്ലയിൽ നടക്കുന്ന പൊതുമരാമത്ത് പ്രവൃത്തികളിൽ സോഷ്യൽ ഓഡിറ്റ് കൃത്യമായി നടക്കുന്നുണ്ടോയെന്ന് പരിശോധിക്കുമോ; സോഷ്യൽ ഓഡിറ്റ് ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലപ്പുറം ജില്ലയിൽ പൊതുമരാമത്ത് വകുപ്പ് മണ്ഡലാടിസ്ഥാനത്തിൽ അനുവദിച്ച നിരത്ത്, ദേശീയപാത, കെട്ടിടവിഭാഗങ്ങളിലെ പദ്ധതികൾ, അനുവദിച്ച തുക എന്നിവ അനുബന്ധമായി ചേർക്കുന്നു.*

മുൻസർക്കാരിന്റെ കാലത്ത് പ്രഖ്യാപിക്കുകയും എന്നാൽ തുക അനുവദിക്കാതിരിക്കുകയും ചെയ്ത പദ്ധതികളിൽ ഈ സർക്കാർ ഏറ്റെടുത്ത് നടപ്പിലാക്കുന്ന പദ്ധതികൾ താഴെ പറയുന്നു. കരാർ ഉറപ്പിച്ചതും ടെണ്ടർ വിളിച്ചതുമായവ ഏറ്റെടുത്തിട്ടുണ്ട്.

**നിരത്തുകളും പാലങ്ങളും**

1. തിരൂരങ്ങാടി - കാടംകുണ്ട് റോഡിന്റെ അവശേഷിക്കുന്ന ഭാഗം ബി.എം.& ബി.സി. ചെയ്യലും അഭിവൃദ്ധിപ്പെടുത്തലും - 250 ലക്ഷം രൂപ.

2. തിരൂർ കടലുണ്ടി റോഡിന്റെ ചിറമംഗലം ടൗണിൽ കി.മീ. 14/00 മുതൽ 16/00 വരെ അഭിവൃദ്ധിപ്പെടുത്തൽ -100 ലക്ഷം രൂപ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**കെട്ടിട വിഭാഗം**

1. വണ്ടൂർ മിനി സിവിൽ സ്റ്റേഷൻ

2. നന്നംമുക്ക് പോളിടെക്നിക്

3. കൽപ്പകഞ്ചേരി ജി.എച്ച്.എസ്. പുതിയ ബ്ലോക്ക്

4. നിലമ്പൂർ കോടതി കെട്ടിടം

5. മലപ്പുറം കുടുംബകോടതി

6.കുറ്റിപ്പുറം റെസ്റ്റ് ഹൗസ് അഡീഷണൽ ബ്ലോക്ക്

7. വളാഞ്ചേരി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ

8. മഞ്ചേരി ഫയർ സ്റ്റേഷൻ

9. പൊന്നാനി ജുഡീഷ്യൽ ഓഫീസേഴ്സ് ക്വാർട്ടേഴ്സ്

10. മലപ്പുറം ഗവ. കോളേജ് ഹോസ്റ്റൽ ബ്ലോക്ക്

11. തിരൂർ ഗവ.കോളേജ് രണ്ട് അഡീഷണൽ ഫ്ലോർ നിർമ്മാണം

12. നിലമ്പൂർ ഐ.ടി.ഐ. സ്റ്റാഫ് ക്വാർട്ടേഴ്സ്

13. പുഴക്കാട്ടിരി ഗവ. ഐ.ടി.ഐ.

14. മാറഞ്ചേരി ഗവ. ഐ.ടി.എ.

(ഡി) മലപ്പുറം ജില്ലയിൽ നടക്കുന്ന പൊതുമരാമത്ത് പ്രവൃത്തികളിൽ സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കിവരുന്നു.

**പൊതുമരാമത്ത് വകുപ്പിലെ ഇലക്ട്രിക്കൽ യൂണിറ്റുകളുടെ എണ്ണത്തിലെ അന്തരം**

66 (6631) ശ്രീ. പി. കെ. അബ്ദു റബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ ഇലക്ട്രിക്കൽ യൂണിറ്റുകളുടെ എണ്ണത്തിൽ തെക്കൻ മേഖലയും മലബാർ മേഖലയും തമ്മിൽ വലിയ അന്തരം ഉണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് മലബാർ മേഖലയിലെ പല പ്രവൃത്തികളും യാഥാർത്ഥ്യമാക്കുന്നതിൽ കാലതാമസം ഉണ്ടാക്കുന്നതായ വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവമായി കാണുന്നുണ്ടോയെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ജീവനക്കാരുടെ കുറവുമൂലം മലബാർ മേഖലയിൽ പ്രവൃത്തികൾ യാഥാർത്ഥ്യമാക്കുന്നതിൽ കാലതാമസം ഉണ്ടാകാറുള്ള കാര്യം ഗൗരവമായി കാണുന്നുണ്ട്.

**കല്ല്യാശ്ശേരി മണ്ഡലത്തിലെ പ്രവൃത്തികൾ**

67 (6632) <u>ശ്രീ. റ്റി. വി. രാജേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ ഏതൊക്കെ പാലങ്ങൾ ബലപ്പെടുത്തുന്നതിനും പുതുതായി നിർമ്മിക്കുന്നതിനും എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) 2017-18 ബജറ്റിൽ പ്രഖ്യാപിച്ച (ഖണ്ഡിക 156 ഇനം നമ്പർ 180) മാടായി-എട്ടിക്കുളം എച്ച്. എസ്. റോഡ് നവീകരണവും വേങ്ങര റെയിൽവെ മേൽപ്പാലവും എന്ന പ്രവൃത്തി എപ്പോൾ തുടങ്ങാൻ കഴിയുമെന്നറിയിക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) കല്ല്യാശ്ശേരി മണ്ഡലത്തിൽ നിലവിൽ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്ന ഇരണകാവ് പാലത്തിനുപുറമെ പഴയങ്ങാടി, വണ്ണാത്തി കടവ്, കാവിൻ മുനമ്പ് എന്നിവിടങ്ങളിൽ പുതിയ പാലം നിർമ്മിക്കുന്നതിനും നിലവിലുള്ള പഴയങ്ങാടി പാലം ബലപ്പെടുത്തുന്നതിനുമുള്ള നടപടിക്രമങ്ങൾ പ്രാരംഭഘട്ടത്തിലാണ്.

<u>പഴയങ്ങാടി പാലം</u>: ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്.

<u>വണ്ണാത്തി കടവ് പാലം:</u> ആവശ്യമായ സ്ഥലം ലഭ്യമായിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

<u>കാവിൻ മുനമ്പ് പാലം:</u> ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമാക്കേണ്ടതുണ്ട്.

<u>പഴയങ്ങാടി പാലം:</u> ബലപ്പെടുത്തുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി റീ -ടെണ്ടർ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) മാടായി ടി.ബി. മുട്ടം-പാലക്കോട്-എട്ടിക്കുളം എച്ച്.എസ്. കി.മീ. 0/000 മുതൽ 5/352 വരെ (ആർ.ഒ.ബി. ഒഴികെ)യുള്ള റോഡിന്റെ

അഭിവൃദ്ധിപ്പെടുത്തൽ പ്രവൃത്തിക്ക് ജി.ഒ.(ആർ.റ്റി) നമ്പർ 379/2017/പൊ.മ.വ. തീയതി 22-3-2017 പ്രകാരം 1200 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും സാങ്കേതികാനുമതി നൽകി പ്രവൃത്തി ടെണ്ടർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

വേങ്ങര റെയിൽവേ മേൽപ്പാലത്തിന്റെ പൊതുമരാമത്ത് വകുപ്പ് ചെയ്യേണ്ട ഭാഗത്തിന്റെ ഇൻവെസ്റ്റിഗേഷൻ പൊതുമരാമത്ത് വകുപ്പ് റോഡുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറുടെ 12-6-2015-ലെയും 19-9-2015-ലെയും CE/R&B/KNR/BW/16739/2005 നമ്പർ ഉത്തരവുപ്രകാരം പണി പൂർത്തിയാക്കുകയും റിപ്പോർട്ട് DRIQ ബോർഡിന് കൈമാറുകയും ചെയ്തിട്ടുണ്ട്. റെയിൽവേയുടെ സ്പാനിന്റെ വിശദവിവരങ്ങൾ ലഭ്യമാകാത്തതിനാൽ ഡിസൈൻ പൂർത്തീകരിച്ചിരുന്നില്ല. എന്നാൽ 5-2-2018-ൽ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെയും കല്യാശ്ശേരി എം.എൽ.എ.-യുടെയും പൊതുമരാമത്ത്, റെയിൽവേ വകുപ്പ് ഉദ്യോഗസ്ഥരുടെയും യോഗത്തിൽ, ഡിസൈൻ തയ്യാറാക്കി റെയിൽവേയുടെ കൺകറൻസിനായി അയയ്ക്കാൻ നിർദ്ദേശം നൽകിയിതനുസരിച്ച് 26-3-2018-ന് ഡിസൈൻ, റെയിൽവേയുടെ അംഗീകാരത്തിനായി അയച്ചിട്ടുണ്ട്. റെയിൽവേയുടെ ഭാഗത്തുനിന്നും പലപ്പോഴും കാലതാമസം വരുന്നതായി കാണുന്നുണ്ട്.

## ആർ.ഐ.ഡി.എഫ്. 24-ൽ മാവേലിക്കര മണ്ഡലത്തിലെ പ്രവൃത്തികൾ

68 (6633) <u>ശ്രീ. ആർ. രാജേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.ഐ.ഡി.എഫ്. 24 (നബാർഡ്)-ൽ മാവേലിക്കര മണ്ഡലത്തിലെ ഏതെല്ലാം പൊതുമരാമത്ത് പ്രവൃത്തികളാണ് ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ സംസ്ഥാനത്തെ ഏതെല്ലാം പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) നബാർഡ് ആർ.ഐ.ഡി.എഫ്. 24-ൽ ഏതെല്ലാം പദ്ധതികളാണ് ഉൾപ്പെടുത്തേണ്ടതെന്ന കാര്യത്തിൽ അന്തിമതീരുമാനമായിട്ടില്ല.

## ഉദുമ സബ് രജിസ്ട്രാർ ഓഫീസിന് സ്വന്തമായി കെട്ടിടം

69 (6634) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഉദുമ സബ് രജിസ്ട്രാർ ഓഫീസിന്റെ പ്രവർത്തനം എന്നാണ് ആരംഭിച്ചത്;

(ബി) ഈ സ്ഥാപനം ഇന്നും വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ സ്ഥാപനത്തിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി ലഭ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) എങ്കിൽ ഈ സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉദുമ സബ് രജിസ്ട്രാർ ഓഫീസിന്റെ പ്രവർത്തനം 22-3-1971-ൽ ആരംഭിച്ചു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി&ഡി) ഉദുമ വില്ലേജിൽ മുൻ സർവ്വേ നമ്പർ.154/1-ൽപ്പെട്ട 10 സെന്റ് സ്ഥലം ശ്രീ. കെ. കെ. അബ്ദുള്ള ഹാജിയിൽ നിന്നും ദാനാധാരപ്രകാരം ലഭ്യമായിട്ടുണ്ട്. ഈ സ്ഥലത്ത് 2016-17 ബജറ്റ് പ്രകാരം കിഫ്ബിയുടെ പ്രോജക്ടിൽ ഉൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് കിഫ്ബിയുടെ അംഗീകാരം കിട്ടുന്ന മുറയ്ക്ക് കെട്ടിടനിർമ്മാണം ആരംഭിക്കുന്നതാണ്.

**ചാത്തമംഗലം സബ് രജിസ്ട്രാർ ഓഫീസ്**

70 (6635) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം സബ് രജിസ്ട്രാർ ഓഫീസ് പൊളിച്ചുമാറ്റി പുതിയ കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ നിലവിലുള്ള കെട്ടിടം പുരാവസ്തു എന്ന നിലയിൽ നിലനിർത്തി ഇതേ കോംപൗണ്ടിൽത്തന്നെ ഓഫീസിന് പിൻഭാഗത്തുള്ള സ്ഥലത്തോ തൊട്ടുകിടക്കുന്ന റവന്യൂ വകുപ്പ് സ്ഥലത്തോ പുതിയ കെട്ടിടം നിർമ്മിക്കുന്ന കാര്യം പരിശോധിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പ്രസ്തുത കെട്ടിടം പൗരാണികമൂല്യമുള്ളതാണോയെന്നത് സംബന്ധിച്ച് പുരാവസ്തു വകുപ്പിൽനിന്നും യാതൊരു അറിയിപ്പും നാളിതുവരെ ലഭ്യമായിട്ടില്ലാത്തതിനാൽ ഇക്കാര്യം പരിശോധിച്ചിട്ടില്ല.

**രജിസ്ട്രേഷൻ വകുപ്പിലെ അഴിമതിക്കേസുകൾ**

71 (6636) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിൻെറ കാലയളവിൽ രജിസ്ട്രേഷൻ വകുപ്പിൽ അഴിമതിയുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്; വിശദ വിവരം നൽകുമോ;

(ബി) എത്ര ജീവനക്കാർക്കെതിരെ ഈ കേസുകളിൽ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ&ബി) മുൻസർക്കാരിന്റെ കാലയളവിൽ രജിസ്ട്രേഷൻ വകുപ്പിൽ അഴിമതിയുമായി ബന്ധപ്പെട്ട് മൂന്ന് വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി മൂന്ന് ജീവനക്കാരുടെ പേരിലും അന്വേഷണവും വിചാരണയും നടന്നുവരുന്നുണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

**സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണം**

72 (6637) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണത്തിനായി സർക്കാർ ഫണ്ട് അനുവദിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണത്തിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) 2016-17-ലെ ബഡ്ജറ്റ് പ്രകാരം കിഫ്ബി മുഖേന രജിസ്ട്രേഷൻ വകുപ്പിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കെട്ടിട നിർമ്മാണ പദ്ധതിയിൽ മലപ്പുറം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണവും ഉൾപ്പെടുന്നു. പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) മലപ്പുറം അമാൽഗമേറ്റഡ് സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് അധികൃതരിൽനിന്നും ലഭ്യമാക്കിയ 130 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും പ്ലാനും പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് കിഫ്ബിയുടെ അംഗീകാരം കിട്ടുന്നമുറയ്ക്ക് കെട്ടിടനിർമ്മാണം ആരംഭിക്കുന്നതാണ്.

**രജിസ്ട്രേഷൻ ഇനത്തിൽ സർക്കാരിന് ലഭിച്ച തുക**

73 (6638) ശ്രീ. സി. ദിവാകരൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ രജിസ്ട്രേഷൻ ഇനത്തിൽ സർക്കാരിന് എത്ര കോടി രൂപ ലഭിച്ചുവെന്ന് ഇനംതിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

2016-17 സാമ്പത്തിക വർഷം രജിസ്ട്രേഷൻ വകുപ്പിൽ സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ 1892.68 കോടി രൂപയും രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ 761.01 കോടി രൂപയും ഉൾപ്പെടെ 2653.71 കോടി രൂപയുടെ വരുമാനം ലഭിച്ചു. 2017-18 സാമ്പത്തിക വർഷം ഫെബ്രുവരി വരെ സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ 1978.73 കോടി രൂപയും രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ 758.87 കോടി രൂപയും ഉൾപ്പെടെ 2737.61 കോടി രൂപയുടെ വരുമാനം ലഭിച്ചു.

**രജിസ്ട്രേഷൻ വകുപ്പിന്റെ ആധുനികവൽക്കരണം**

74 (6639) ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. കെ. ബാബു :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ രജിസ്ട്രേഷൻ വകുപ്പിന്റെ പ്രവർത്തനങ്ങൾ ആധുനികവത്കരിക്കുന്നതിനും സുതാര്യമാക്കുന്നതിനുമായി നടന്നുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

1. പൊതുജനങ്ങൾക്ക് ആധാര വിവരങ്ങൾ ഓൺലൈനായി നൽകി രജിസ്ട്രേഷൻ തീയതിയും സമയവും മുൻകൂട്ടി നിശ്ചയിച്ച് ടോക്കൺ എടുക്കുന്നതിനും ഇ-പേമെന്റ് മുഖേന ഫീസ് അടയ്ക്കുന്നതിനുമുള്ള സംവിധാനം ലഭ്യമാണ്.

2. ഇ-പേമെന്റ് സംവിധാനം പ്രയോജനപ്പെടുത്തി ബാധ്യതാ സർട്ടിഫിക്കറ്റിനുള്ള അപേക്ഷകൾ ഓൺലൈനായി നൽകുന്നതിനും സർട്ടിഫിക്കറ്റ് ഓൺലൈനായിത്തന്നെ ഡൗൺലോഡ് ചെയ്യുന്നതിനും സാധിക്കുന്നതാണ്.

3. വിവിധ സേവനങ്ങൾക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനും ഇ-പേമെന്റ് വഴി ഫീസ് അടയ്ക്കുന്നതിനും സാധിക്കുന്നതാണ്.

4. ഇ-സ്റ്റാമ്പിംഗ് സംവിധാനത്തിലൂടെ സ്റ്റാമ്പ് ഡ്യൂട്ടി ഒടുക്കുന്നതിനുള്ള സുതാര്യമായ സംവിധാനം.

5. രജിസ്റ്റർ ചെയ്യേണ്ട ഭൂമിയുടെ ന്യായവിലയുടെ അടിസ്ഥാനത്തിൽ ഒടുക്കേണ്ട സ്റ്റാമ്പ് ഡ്യൂട്ടി സ്വമേധയാ കണക്കാക്കുന്നതിനുള്ള സൗകര്യം.

6. രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ സെൽഫോണിൽ എസ്.എം.എസ്. ആയി ലഭ്യമാക്കുന്നതിനുള്ള സൗകര്യം.

7. പൊതുജനങ്ങൾക്ക് സ്വന്തമായി ആധാരം തയ്യാറാക്കുന്നതിനുള്ള സൗകര്യം.

8. ആധാര രജിസ്ട്രേഷൻ സുതാര്യമാക്കുന്നതിന്റെ ഭാഗമായി മാതൃകാ ആധാരങ്ങൾ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

9. ഓൺലൈൻ സേവനങ്ങൾ സംബന്ധമായ അന്വേഷണങ്ങൾക്ക് മറുപടി നൽകുന്നതിനും പരാതികൾ പരിഹരിക്കുന്നതിനുമായി കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്ക് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

## കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

75 (6640) <u>ശ്രീ. എം. നൗഷാദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിജയകരമായ റെയിൽവേ പദ്ധതികൾ ഏറ്റെടുക്കുന്നതിനായി സംസ്ഥാന സർക്കാരും റെയിൽവേ മന്ത്രാലയവും ചേർന്ന് രൂപീകരിച്ചിട്ടുള്ള സംയുക്ത സംരംഭമായ കേരള റെയിൽ ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ നിലവിലെ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) പ്രസ്തുത കോർപ്പറേഷൻ സംസ്ഥാനത്ത് ഏതെങ്കിലും റെയിൽവേ പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനങ്ങളുടെ റെയിൽ ഗതാഗതം മെച്ചപ്പെടുത്തുന്നതിനായി ഒരു സംയുക്ത സംരംഭക കമ്പനി (JVC) ആരംഭിക്കുന്നതിനുള്ള നിർദ്ദേശം റെയിൽ മന്ത്രാലയം സംസ്ഥാനങ്ങൾക്ക് നൽകുകയുണ്ടായി. സംയുക്ത സംരംഭക കമ്പനി റെയിൽവേയുടെയും അതത് സംസ്ഥാന സർക്കാരുകളുടെയും പരമാവധി 50% ഓഹരി മൂലധനത്തോടുകൂടി തുടങ്ങാനാണ് നിർദ്ദേശിക്കപ്പെട്ടത്. ഇതുപ്രകാരം കേരള സർക്കാരും റെയിൽവേ മന്ത്രാലയവും ചേർന്ന് 51:49 എന്ന മൂലധനത്തിൽ 2017 ജനുവരി മാസം കമ്പനീസ് ആക്ട് അനുസരിച്ച് ആരംഭിച്ച ഒരു സംയുക്ത സംരംഭക കമ്പനിയാണ് കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ.

സംയുക്ത സംരംഭക കമ്പനിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്;

1. സംസ്ഥാന സർക്കാർ സമർപ്പിച്ചിട്ടുള്ള സാധ്യതയുള്ള പ്രോജക്ടുകൾ കണ്ടുപിടിക്കുക.
2. സാധ്യതാ റിപ്പോർട്ടുകൾ, സാമ്പത്തിക വരുമാന സാധ്യത, വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ്.
3. റെയിൽവേ ബോർഡിൽനിന്നും ആരംഭ അനുമതി കിട്ടാൻവേണ്ടിയുള്ള പ്രവർത്തനങ്ങൾ.
4. റെയിൽവേ ബോർഡിൽനിന്നും അനുമതി വാങ്ങാൻ വേണ്ടിയുള്ള വിശദമായ എസ്റ്റിമേറ്റും റിപ്പോർട്ടുകളും തയ്യാറാക്കുക.
5. അനുമതി കിട്ടിയ പ്രോജക്ടുകളുടെ നടത്തിപ്പിനുവേണ്ടിയുള്ള പദ്ധതി അധിഷ്ഠിത പ്രത്യേക ദൗത്യവിഭാഗത്തിന്റെ (SPV) ഫോർമേഷൻ.
6. കമ്മീഷൻ ചെയ്ത പ്രോജക്ടുകളുടെ മെയിന്റനൻസ്.

(ബി) സംയുക്ത സംരംഭ കമ്പനിയായ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ഏറ്റെടുക്കുന്ന പ്രധാന പദ്ധതികൾ താഴെ വിവരിക്കുന്നു.

1. തലശ്ശേരി - മൈസൂർ ബ്രോഡ്ഗേജ് പാത
2. സെമി ഹൈസ്പീഡ് ട്രെയിനുകൾക്കായി തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ നിലവിലുള്ള ഇരട്ട പാതയ്ക്കുപുറമെ മൂന്നും നാലും ലൈനുകൾ.

3. റാപ്പിഡ് റെയിൽ ട്രാൻസിറ്റ് സിസ്റ്റം (സബർബൻ റെയിൽ പ്രോജക്ട്)

4. എരുമേലി - പുനലൂർ ബ്രോഡ്ഗേജ് പാത

5. ഏറ്റുമാനൂർ - പാല - ശബരി ലിങ്ക് ലൈൻ

6. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിലേക്കുള്ള ബ്രോഡ്ഗേജ് ലൈൻ

7. എറണാകുളത്ത് ഹൈക്കോടതിക്ക് അടുത്തുള്ള പഴയ റെയിൽവേ സ്റ്റേഷൻ പുനരുജ്ജീവിപ്പിച്ച് ഒരു ഹബ്ബാക്കി പ്രവർത്തനം ആരംഭിക്കുന്ന പദ്ധതി.

മുകളിൽ പ്രസ്താവിച്ച 7 പദ്ധതികളിൽ താഴെപ്പറയുന്ന 4 പദ്ധതികളുടെ സാധ്യതാപഠനം നടത്തുകയും ആയത് അംഗീകാരത്തിനായി റെയിൽവേ ബോർഡിന് സമർപ്പിക്കുകയും ചെയ്തു.

1. തലശ്ശേരി - മൈസൂർ ബ്രോഡ്ഗേജ് പാത

2. സെമി ഹൈസ്പീഡ് ട്രെയിനുകൾക്കായി തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ നിലവിലുള്ള ഇരട്ട പാതയ്ക്കുപുറമെ മൂന്നും നാലും ലൈനുകൾ.

3. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിലേയ്ക്കുള്ള ബ്രോഡ്ഗേജ് ലൈൻ

4. എറണാകുളത്ത് ഹൈക്കോടതിക്ക് അടുത്തുള്ള പഴയ റെയിൽവേ സ്റ്റേഷൻ പുനരുജ്ജീവിപ്പിച്ച് ഒരു ഹബ്ബാക്കി പ്രവർത്തനം ആരംഭിക്കുന്ന പദ്ധതി.

മേൽപ്പറഞ്ഞവയിൽ വിഴിഞ്ഞം ബ്രോഡ്ഗേജ് ലൈൻ കൊങ്കൺ റെയിൽവേയെ ഏൽപ്പിക്കാൻ പിന്നീട് റെയിൽവേ ബോർഡ് തീരുമാനിക്കുകയുണ്ടായി.

## തലശ്ശേരി-മൈസൂർ റെയിൽപാത

76 (6641) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി-മൈസൂർ റെയിൽപാത വരുന്നതിന് എന്ത് തടസ്സങ്ങളാണുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പാതയ്ക്കെതിരെ പ്രചാരവേലകൾ നടക്കുന്നുണ്ടെങ്കിൽ അതിന് പിന്നിലാരാണെന്ന് സർക്കാരിന് ബോധ്യമുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) പാത വരാതിരിക്കുന്നതിന് നടത്തുന്ന പ്രചാര വേലയുടെ അടിസ്ഥാനമെന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) തലശ്ശേരി -മൈസൂർ റെയിൽപാത യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-ഡി) തലശ്ശേരി-മൈസൂർ പാതയെപ്പറ്റിയുള്ള സാധ്യതാപഠനം നടത്താൻ കൊങ്കൺ റെയിൽ കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തലശ്ശേരിക്കും പെരിയപട്ടണത്തിനുമിടയിലുള്ള 180.5 കി.മീ. ദൂരമുള്ള റെയിൽവേ ലൈൻ 5000.03 കോടി രൂപ ചെലവിൽ നിർമ്മിക്കാനുള്ള സാധ്യതാപഠന റിപ്പോർട്ട് കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ റെയിൽവേ ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. നിർദ്ദിഷ്ട റെയിൽവേ ലൈൻ തെക്കുപടിഞ്ഞാറൻ റെയിൽവേയുടെ 2018-19 സാമ്പത്തിക വർഷത്തിലെ വർക്ക് പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിട്ടുള്ള മൈസൂർ-മടിക്കേരി ലൈനുമായി ബന്ധിപ്പിക്കും. ഈ ഏരിയായുടെ സാമൂഹിക സാമ്പത്തിക ഉന്നമനം പദ്ധതി ഉറപ്പാക്കുന്നതാണ്. ഈ ലൈൻ വരുന്നതോടുകൂടി ഉണ്ടാകാൻ പോകുന്ന ഇന്ധന ലാഭവും പ്രവൃത്തി ദിവസങ്ങളുമെല്ലാം കണക്കിലെടുത്ത് ഇത് പ്രാവർത്തികമാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനെതിരെ പ്രചരണം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## റെയിൽവേ വികസനം

77 (T* 6642) ശ്രീ. കെ. മുരളീധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ കേന്ദ്ര ബജറ്റിൽ സംസ്ഥാനത്തിന്റെ റെയിൽവേ വികസനത്തിന് അനുവദിച്ച തുകയിൽ കുറവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം കുറവാണ് ഉണ്ടായിട്ടുള്ളത്;

(ബി) പുതിയ പാത, പാത ഇരട്ടിപ്പിക്കൽ എന്നീ ഇനങ്ങളിൽ കേരളത്തിന് അർഹതപ്പെട്ട വിഹിതം ലഭിച്ചിട്ടുണ്ടോ;

(സി) പുതിയ ഏതെങ്കിലും ട്രെയിൻ കേരളത്തിനായി അനുവദിച്ചിട്ടുണ്ടോ; 2012-ലെ ബജറ്റിൽ പ്രഖ്യാപിച്ച മൈസൂർ-തിരുവനന്തപുരം എക്സ്പ്രസ്സ് ആരംഭിച്ചിട്ടുണ്ടോ;

(ഡി) കൊച്ചുവേളി-ബിക്കാനീർ എക്സ്പ്രസ്സ് ആഴ്ചയിൽ മൂന്ന് ദിവസം ആക്കണമെന്നും കൊച്ചുവേളി-ലോക് മാന്യതിലക് എക്സ്പ്രസ്സ് ദിവസവുമാക്കണമെന്നും

* "T" മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിരുന്നോ; ഇക്കാര്യങ്ങൾ കേന്ദ്രം അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ മുഖ്യമന്ത്രിതലത്തിൽ ഇക്കാര്യത്തിൽ നടത്തിയ ഇടപെടലിന്റെ വിശദാംശം നൽകുമോ?

ഉത്തരം

(എ) 2018-19-ലെ കേന്ദ്ര ബജറ്റിൽ സംസ്ഥാനത്തിന് 2017-18 വർഷത്തെ അപേക്ഷിച്ച് 20% കുറവ് വിഹിതമാണ് അനുവദിച്ചിരിക്കുന്നത്.

(ബി) 2018-19 സാമ്പത്തിക വർഷത്തിൽ 689.13 കോടി രൂപയാണ് കേന്ദ്ര ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്. മുൻവർഷങ്ങളിൽ അനുവദിച്ച വിഹിതവുമായി താരതമ്യം ചെയ്യുമ്പോൾ ഇത് കുറവാണ്. കൂടാതെ പല പദ്ധതികൾക്കും കേരളവും സാമ്പത്തികമായി സഹകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട് (50 ശതമാനത്തോളം).

(സി&ഡി) 2012-ലെ ബജറ്റിൽ പ്രഖ്യാപിച്ച മൈസൂർ - തിരുവനന്തപുരം എക്സ്പ്രസ് ആരംഭിച്ചിട്ടില്ല. നിലവിലുള്ള റെയിൽപാതയുടെ കാര്യക്ഷമത, ടെർമിനലുകളുടെ കാര്യക്ഷമത, നിലവിലുള്ള സമയക്രമം എന്നിവ ചൂണ്ടിക്കാട്ടി പുതിയ ട്രെയിനുകൾ അനുവദിക്കുന്നതിനും നിലവിലുള്ളവയുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും റെയിൽവേ മന്ത്രാലയം വിമുഖത കാണിക്കുന്നു. സംസ്ഥാനം ആവശ്യപ്പെട്ട ട്രെയിനുകൾ അനുവദിക്കുന്നതിന് റെയിൽവേ മന്ത്രാലയത്തിൽ സമ്മർദ്ദം ചെലുത്തിവരുന്നുവെങ്കിലും പുതിയതായി ട്രെയിനുകൾ അനുവദിച്ചിട്ടില്ല. ഇതുസംബന്ധിച്ച് ബഹു. മുഖ്യമന്ത്രിയും റെയിൽവേയുടെ ചുമതലയുള്ള വകുപ്പുമന്ത്രിയും കേന്ദ്ര റെയിൽവേ മന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ കേന്ദ്രം അനുകൂല നിലപാട് കൈക്കൊണ്ടിട്ടില്ല.

## പാലക്കാട് ജില്ലയുടെ റെയിൽവേ വികസനം

78 (6643) ശ്രീ. പി. കെ. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയുടെ റെയിൽവേ വികസനത്തിനായി സർക്കാർ സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) ഷൊർണ്ണൂർ റെയിൽവേ സ്റ്റേഷൻ വികസനവും പാലക്കാട്നിന്നും ഉച്ചയ്ക്കുശേഷം തിരുവനന്തപുരത്തേക്ക് ട്രെയിനുകളില്ലാത്തതും ഷൊർണ്ണൂരിൽനിന്നും പാലക്കാട്ടുനിന്നും കൂടുതൽ ട്രെയിനുകൾ അനുവദിക്കുവാനുള്ള ആവശ്യകതയും റെയിൽവേ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്താനും ആയത് നേടിയെടുക്കാനുമായി സർക്കാർ എന്ത് നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പാലക്കാട് ജില്ലയുടെ റെയിൽവേ വികസനവുമായി ബന്ധപ്പെട്ട് പുതിയതായി പൂർത്തീകരിക്കപ്പെട്ട പാലക്കാട് - പൊള്ളാച്ചി റൂട്ടിൽ അധിക ട്രെയിൻ, പാലക്കാട് ജംഗ്ഷനിൽ നിന്നും പൊള്ളാച്ചി - പളനി - മധുര വഴി രാമേശ്വരം വരെയും തിരികെയുള്ള ട്രെയിനുകൾ എന്നിവ അനുവദിക്കുന്നതിലേയ്ക്കുള്ള ശിപാർശ റെയിൽവേ ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ നിലമ്പൂർ - തിരുവനന്തപുരം രാജ്യറാണി എക്സ്പ്രസ് സ്വതന്ത്ര ട്രെയിനാക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ പാലക്കാട് ഡിവിഷൻ റെയിൽവേ ബോർഡിന് നൽകിയിട്ടുണ്ട്. തിരുവനന്തപുരം - പാലക്കാട് ഡിവിഷനുകളെ ചേർത്ത് എറണാകുളം ആസ്ഥാനമായി ഒരു പെനിൻസുലാർ സോൺ രൂപീകരിക്കുന്ന വിഷയം കേന്ദ്ര സർക്കാരിന് മുമ്പാകെ ഉന്നയിച്ചിട്ടുണ്ട്.

107 കി.മീ. ദൈർഘ്യമുള്ള ഷൊർണ്ണൂർ -എറണാകുളം മൂന്നാം ലൈനിന് 2018-19 സാമ്പത്തിക വർഷത്തെ റെയിൽവേ ബജറ്റിൽ (പിങ്ക് ബുക്ക്) 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) ഷൊർണ്ണൂർ റെയിൽവേ സ്റ്റേഷന്റെ വികസനത്തിന്റെ ഭാഗമായി സ്റ്റേഷനിലും പ്ലാറ്റ്ഫോമുകളിലുമുള്ള ജലവിതരണം കാര്യക്ഷമമാക്കുകയും, 1, 4/5 പ്ലാറ്റ് ഫോമുകളിൽ 2 ലിഫ്റ്റുകളും പ്ലാറ്റ് ഫോം 4/5, 6/7 എന്നിവയിലെ വെയിറ്റിംഗ് ഹാളുകളിൽ ബാത്ത്റൂം, ടോയ്‌ലറ്റ് സൗകര്യങ്ങളും മേൽക്കൂരകളും നിർമ്മിക്കുകയുണ്ടായി. ഇവയ്ക്കു പുറമെ 2/3, 6/7 പ്ലാറ്റ്ഫോമുകളിൽ ലിഫ്റ്റ് സൗകര്യം, പുതിയ പാർക്കിംഗ് ഏരിയ, പ്ലാറ്റ്ഫോമുകളിൽ എസ്കലേറ്റർ സൗകര്യം, ഫൂട്ട് ഓവർ ബ്രിഡ്ജ്, പ്ലാറ്റ്ഫോം ഷെൽട്ടറുകൾ എന്നീ പ്രവൃത്തികൾ പരിഗണനയിലാണ്.

ചൊവ്വ, ബുധൻ, വ്യാഴം, വെള്ളി ദിവസങ്ങളിൽ ഉച്ചയ്ക്കുശേഷം പാലക്കാട് ജംഗ്ഷൻ വഴി തിരുവനന്തപുരത്തേയ്ക്ക് ദീർഘദൂര എക്സ്പ്രസ് ട്രെയിനുകളും ആലപ്പുഴ, എറണാകുളം ജംഗ്ഷൻ, പുനലൂർ എന്നിവിടങ്ങളിലേക്ക് 3 പ്രതിദിന എക്സ്പ്രസ് ട്രെയിനുകളും എറണാകുളത്തേയ്ക്ക് പാലക്കാട് വഴി 4 പ്രതിവാര എക്സ്പ്രസുകളും സർവ്വീസ് നടത്തിവരുന്നു.

## റെയിൽവേ വികസനത്തിനായി ബജറ്റ് വിഹിതം

79 (6644) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റെയിൽവേ വികസനത്തിനായി 2016-2017,2017-2018 വർഷങ്ങളിലെ റെയിൽവേ ബജറ്റിൽ എത്ര തുക വീതമാണ് നീക്കിവച്ചിരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എറണാകുളം-കോട്ടയം-കായംകുളം പാതയിരട്ടിപ്പിക്കലിനും എറണാകുളം-ആലപ്പുഴ-കായംകുളം പാത ഇരട്ടിപ്പിക്കലിനും നീക്കിവച്ച തുക എത്രയായിരുന്നു; അതിൽ ഇതുവരെ ചെലവഴിച്ച തുക എത്രയാണ്;

(സി) തിരുനാവായ-ഗുരുവായൂർ പാതയ്ക്കും അങ്കമാലി-എരുമേലി പാതയ്ക്കും എത്ര തുക നീക്കിവച്ചിരുന്നുവെന്നും ഇതുവരെ എത്ര തുക വീതം ചെലവഴിച്ചുവെന്നും അറിയിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ റെയിൽവേ വികസനത്തിനായി 2016-17 സാമ്പത്തിക വർഷത്തിൽ 1014.06 കോടി രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ 851.28 കോടി രൂപയും റെയിൽവേ ബജറ്റിൽ നീക്കിവച്ചിരുന്നു.

(ബി) എറണാകുളം-കോട്ടയം-കായംകുളം പാത ഇരട്ടിപ്പിക്കലിന് 2016-17 സാമ്പത്തിക വർഷത്തിൽ 227.50 കോടി രൂപ നീക്കിവയ്ക്കുകയും 222.20 കോടി രൂപ ചെലവഴിക്കുകയും ചെയ്തു. 2017-18 സാമ്പത്തിക വർഷത്തിൽ 151.37 കോടി രൂപ നീക്കിവയ്ക്കുകയും 59.76 കോടി രൂപ ചെലവഴിക്കുകയും ചെയ്തു.

എറണാകുളം - ആലപ്പുഴ - കായംകുളം പാത ഇരട്ടിപ്പിക്കലിന് 2016-17 സാമ്പത്തിക വർഷത്തിൽ 243.20 കോടി രൂപ നീക്കിവയ്ക്കുകയും 75.92 കോടി രൂപ ചെലവഴിക്കുകയും ചെയ്തു. 2017-18 സാമ്പത്തിക വർഷത്തിൽ 165.08 കോടി രൂപ നീക്കിവയ്ക്കുകയും 38.83 കോടി രൂപ ചെലവഴിക്കുകയും ചെയ്തു.

(സി) തിരുനാവായ-ഗുരുവായൂർ പാതയ്ക്കായി 2016-17 സാമ്പത്തിക വർഷത്തിൽ 5 കോടി രൂപ നീക്കിവയ്ക്കുകയും 6.79 കോടി രൂപ ചെലവഴിക്കുകയും ചെയ്തു. 2017-18 സാമ്പത്തിക വർഷത്തിൽ 18 കോടി രൂപ നീക്കിവയ്ക്കുകയും 0.29 കോടി രൂപ ചെലവഴിക്കുകയും ചെയ്തു. അങ്കമാലി -എരുമേലി പാതയ്ക്കായി 2016-17 സാമ്പത്തിക വർഷത്തിൽ 45 കോടി രൂപ നീക്കിവയ്ക്കുകയും 56.79 കോടി രൂപ ചെലവഴിക്കുകയും ചെയ്തു. 2017-18 സാമ്പത്തിക വർഷത്തിൽ 213.59 കോടി രൂപ നീക്കിവയ്ക്കുകയും 6.38 കോടി രൂപ ചെലവഴിക്കുകയും ചെയ്തു.

## കോട്ടയം റെയിൽവേ മേൽപ്പാലം

80 (6645) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം റെയിൽവേ ടണലിനു മുകളിലൂടെ 14 മീറ്റർ വീതിയിൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന റെയിൽവേ മേൽപ്പാലത്തിനുപകരം 24 മീറ്റർ

വീതിയിൽ മേൽപ്പാലവും ഇരുവശങ്ങളിലും നടപ്പാതയും നിർമ്മിക്കുവാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കൽ അടക്കം എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഇപ്പോൾ സർക്കാർ തീരുമാനിച്ചിട്ടില്ല. ഇക്കാര്യം പരിഗണിക്കാൻ റെയിൽവേ ജനറൽ മാനേജർക്ക് ബഹു. പൊതുമരാമത്ത് വകുപ്പുമന്ത്രി (റെയിൽവേയുടെ ചുമതല) കത്ത് നൽകിയിട്ടുണ്ട്.

**റെയിൽവേ ലെവൽ ക്രോസുകളിൽ മേൽപ്പാലം**

81 (6646) <u>ശ്രീ. കെ. ദാസൻ</u> :
<u>ശ്രീ. വി. അബ്ദുറഹിമാൻ</u> :
<u>ശ്രീ. രാജു എബ്രഹാം</u> :
<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പുമന്ത്രി കേന്ദ്രത്തിന് നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ റെയിൽവേ ലെവൽ ക്രോസുകളിൽ മേൽപ്പാലം പണിയുന്നതിന് റെയിൽവേ വർക്ക് പ്രോഗ്രാമിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഏതെല്ലാം സ്ഥലങ്ങളിലാണ് മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിന് അനുമതി ലഭിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) ഇതിന്റെ പ്രാഥമിക പ്രവൃത്തികൾ എന്ന് മുതൽ ആരംഭിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ ജനസാന്ദ്രതയും മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ദേശീയ-സംസ്ഥാന-ജില്ലാ-ഗ്രാമീണ റോഡുകളുടെ വ്യാപനവുംമൂലം ഭാവിയിൽ കൂടുതൽ മേൽപ്പാലങ്ങളുടെ ആവശ്യകത ഉണ്ടാകുമെന്നത് കേന്ദ്രസർക്കാരിനെ ബോധ്യപ്പെടുത്തുന്നതിന് ശ്രമിക്കുമോ?

<u>ഉത്തരം</u>

(എ&ബി) റെയിൽവേ ലെവൽ ക്രോസുകളിൽ മേൽപ്പാലം പണിയുന്നതിന് 2018-19-ലെ റെയിൽവേ വർക്ക് പ്രോഗ്രാമിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ചിട്ടുള്ള മേൽപ്പാലങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്*.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി&ഡി) 2018-19-ലെ റെയിൽവേ വർക്ക് പ്രോഗ്രാമിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ച 33 മേൽപ്പാലങ്ങളിൽ 5 എണ്ണത്തിന്റെ implementing agency ആയി RBDCK-യെ കിഫ്ബി വഴി നിയമിച്ചിട്ടുണ്ട്. ബാക്കി 28 മേൽപ്പാലങ്ങളുടെ implementing agency-യെ നിയമിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

മേൽപ്പാലങ്ങളുടെ ആവശ്യകത നല്ലനിലയിൽ കേന്ദ്രസർക്കാരിനെ ബോധ്യപ്പെടുത്തി വരുന്നു. അതിനാലാണ് വാർഷിക പദ്ധതികളിൽ പുതിയ റെയിൽവേ മേൽപ്പാലങ്ങൾ കേന്ദ്രം പ്രഖ്യാപിക്കുന്നത്. മുമ്പ് വികസന കാര്യത്തിൽ സംസ്ഥാന സർക്കാർ വളരെ ശരിയായ നിലപാടാണ് കേന്ദ്രവുമായി സ്വീകരിച്ചിട്ടുള്ളത്.

## മികവിന്റെ കേന്ദ്രമായി പ്രഖ്യാപിച്ച സ്കൂളുകൾ

82 (6647) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 -ലെ ബജറ്റിൽ മികവിന്റെ കേന്ദ്രമായി ഉയർത്തുമെന്ന് പ്രഖ്യാപിച്ച് ഭരണാനുമതി നൽകിയ സ്കൂളുകളിൽ മാസ്റ്റർപ്ലാൻ പ്രകാരമുള്ള പദ്ധതി ആരംഭിക്കാത്തതിന്റെ കാരണമെന്താണ്;

(ബി) പ്രസ്തുത സ്കൂളുകൾക്ക് കിഫ്ബി വഴിയുള്ള ധനസഹായം ലഭിക്കുന്നതിൽ എന്തെങ്കിലും പ്രതിബന്ധമുണ്ടായിട്ടുണ്ടോ;

(സി) പദ്ധതി നിർവ്വഹണത്തിന് ആരെയാണ് പ്രോജക്ട് കൺസൾട്ടന്റായി തെരഞ്ഞെടുത്തിട്ടുള്ളത്; എപ്രകാരമാണ് പ്രസ്തുത ഏജൻസിയെ തെരഞ്ഞെടുത്തത്; കൺസൾട്ടൻസി ഫീസായി പ്രസ്തുത സ്ഥാപനത്തിന് എന്ത് തുകയാണ് നൽകേണ്ടത് ;വിശദാംശം വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) 2017-18-ലെ ബജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുള്ള സ്കൂളുകളുടെ കോൺട്രാക്ടർ തെരഞ്ഞെടുപ്പിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ആയത് പൂർത്തീകരിക്കുന്ന മുറയ്ക്ക് പദ്ധതി നിർവ്വഹണം ആരംഭിക്കാനാകുമെന്ന് കരുതുന്നു.

(ബി) ഇല്ല. വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുള്ള എല്ലാ സ്കൂളുകൾക്കും യഥാസമയം കിഫ്ബി മുഖേനയുള്ള സർക്കാർ ധനസഹായത്തിന് അനുമതി ലഭ്യമായിട്ടുണ്ട്.

(സി) പദ്ധതി നിർവ്വഹണത്തിന് പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി WAPCOS എന്ന ഏജൻസിയെ ടെണ്ടർ നടപടിക്രമങ്ങളിലൂടെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. കൺസൾട്ടൻസി തുകയായി താഴെപ്പറയും പ്രകാരമുള്ള നിരക്കുകളാണ് വാപ്കോസ് ആവശ്യപ്പെട്ടിട്ടുള്ളത്.

| ക്രമ നമ്പർ | വിഭാഗം | ഒരു സ്കൂളിനുള്ള നിരക്ക് ലക്ഷം രൂപയിൽ | | |
|---|---|---|---|---|
| | | വടക്കൻ മേഖല | മധ്യ മേഖല | തെക്കൻ മേഖല |
| 1 | മികവിന്റെ കേന്ദ്രം 5 കോടി രൂപ | 3.89 | 3.87 | 4.07 |
| 2 | അടിസ്ഥാന സൗകര്യ വികസനം 3 കോടി രൂപ | 3.59 | 3.72 | 3.77 |

**വിദ്യാഭ്യാസ അവകാശ നിയമം**

83 (6648) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2009-ലെ വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് പൂർണ്ണതോതിൽ നടപ്പിലാക്കുന്നതിനാവശ്യമായ പഠനം നടത്തുന്നതിന് സമിതിയെ നിയോഗിച്ചിട്ടുണ്ടോ;വിശദാംശം നൽകുമോ;

(ബി) പ്രസ്തുത നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരള വിദ്യാഭ്യാസ നിയമത്തിലും ചട്ടത്തിലും എന്തെങ്കിലും ഭേദഗതി വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 19-10-2017-ലെ സ.ഉ. (സാധാ) നമ്പർ 3779/2017/പൊ.വി.വ. പ്രകാരം 2009-ലെ വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് ആവശ്യമായ പഠനം നടത്തി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് താഴെപ്പറയുന്നവർ അംഗങ്ങളായി ഒരു വിദഗ്ദ്ധ സമിതി രൂപവൽക്കരിച്ചിട്ടുണ്ട്.

1. ഡോ. എം. എ. ഖാദർ (എസ്.സി.ഇ.ആർ.ടി. മുൻഡയറക്ടർ) (ചെയർമാൻ)

2. ശ്രീ. ജ്യോതി ചൂഡൻ (റിട്ട. സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്)

3. ഡോ. സി. രാമകൃഷ്ണൻ, പാലാട്ട് ഹൗസ്, പീലിക്കോട് പി.ഒ., കാസർഗോഡ്

സമിതിയുടെ പരിഗണനാ വിഷയങ്ങളായി നിശ്ചയിച്ചിട്ടുള്ളത് താഴെ പറയുന്നവയാണ്.

1. 2009-ലെ വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നത് സംബന്ധിച്ച് ഘടനാപരവും അക്കാദമിക പരവുമായ എല്ലാ വശങ്ങളും പഠിച്ച് നിർദ്ദേശങ്ങൾ രൂപീകരിക്കൽ.

2. ഇതനുസരിച്ച് നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വന്ന നോട്ടിഫിക്കേഷനിൽ കൂടുതൽ വ്യക്തത വരുത്തേണ്ട ഭാഗങ്ങൾ ഉണ്ടെങ്കിൽ അത് പരിശോധിച്ച് നിർദ്ദേശങ്ങൾ രൂപീകരിക്കൽ.

3. 2009-ലെ വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് കേരള വിദ്യാഭ്യാസ നിയമങ്ങളിലും ചട്ടങ്ങളിലും വരുത്തേണ്ട ഭേദഗതികൾ പരിശോധിച്ച് നിർദ്ദേശങ്ങൾ രൂപീകരിക്കൽ.

3-3-2018 -ലെ സ.ഉ. (സാധാ.) നമ്പർ 941/2018/പൊ.വി.വ. പ്രകാരം വിദഗ്ദ്ധ സമിതി റിപ്പോർട്ട് സമർപ്പിക്കേണ്ട കാലാവധി 6 മാസത്തേയ്ക്കുകൂടി നീട്ടിയിട്ടുണ്ട്.

(ബി) മേൽപരാമർശിച്ച സമിതിയുടെ റിപ്പോർട്ട് ലഭിച്ചതിനുശേഷം വിദ്യാഭ്യാസ അവകാശ നിയമവുമായി ബന്ധപ്പെട്ട് കെ.ഇ.ആർ.-ൽ വരുത്തേണ്ട ഭേദഗതികളെക്കുറിച്ച് തീരുമാനിക്കുന്നതാണ്.

## എം.എൽ.എ. ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ബസ് വാങ്ങിയ സ്കൂളുകളുടെ വിവരം

84 (6649) ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം എം.എൽ.എ. ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ബസ് വാങ്ങിയ സ്കൂളുകളുടെ വിശദവിവരം നൽകുമോ;

(ബി) ഏത് വാങ്ങൽ രീതി (E-Tender, Single Quatation, Rate Contract etc..) ഉപയോഗിച്ചാണ് ഓരോ സ്കൂളുകളിലും ബസ് വാങ്ങിയതെന്ന് വ്യക്തമാക്കുമോ;

(സി) കോട്ടയം ഡി.ഡി. ഓഫീസിൽ വൈക്കം മണ്ഡലത്തിനു വേണ്ടി ഒരു കോടി രൂപയിൽ താഴെ ചെലവിൽ 10 ബസുകൾ നൽകാമെന്ന് കാണിച്ച് ക്വട്ടേഷൻ ലഭിച്ചിരുന്നുവോ; വ്യക്തമാക്കാമോ;

(ഡി) ലഭിച്ചിരുന്നു എങ്കിൽ എന്തുകൊണ്ട് പ്രസ്തുത ക്വട്ടേഷൻ സ്വീകരിച്ച് ബസ് വാങ്ങി നൽകിയില്ലയെന്ന് വ്യക്തമാക്കാമോ;

(ഇ) എം.എൽ.എ. ഫണ്ട് അനുവദിച്ചിട്ടും സ്കൂൾ ബസ്സുകൾ വാങ്ങി നൽകാത്ത ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

**സൗജന്യ കൈത്തറി യൂണിഫോം**

85 (6650) <u>ശ്രീ. ജെയിംസ് മാത്യു</u> :
<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> :
<u>ശ്രീ. എസ്. രാജേന്ദ്രൻ</u> :
<u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത അദ്ധ്യയന വർഷം മുതൽ സർക്കാർ വിദ്യാലയങ്ങളിലെ ഏതെല്ലാം ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് സൗജന്യ കൈത്തറി യൂണിഫോം വിതരണം ചെയ്യുന്നതിനാണ് ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനാവശ്യമായി വരുന്ന കൈത്തറി ഉത്പ്പന്നങ്ങളുടെ വിശദാംശംങ്ങളും തുകയും അറിയിക്കുമോ;

(സി) സംസ്ഥാനത്തെ കൈത്തറി സഹകരണ സംഘങ്ങളിൽനിന്നും സ്വകാര്യ കൈത്തറി സ്ഥാപനങ്ങളിൽനിന്നും സ്കൂളുകളിൽ വിതരണം ചെയ്യുന്നതിനാവശ്യമായ മുഴുവൻ കൈത്തറി ഉത്പ്പന്നങ്ങളും ലഭ്യമാക്കുമോ;

(ഡി) ഇതിനാവശ്യമായ എന്തെല്ലാം പ്രാരംഭ പ്രവർത്തനങ്ങളാണ് ഇതുവരെ നടന്നിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ-ഡി) 1 മുതൽ 4 വരെയും, 1 മുതൽ 5 വരെയും 1 മുതൽ 7 വരെയും 5 മുതൽ 7 വരെയും മാത്രം പ്രവർത്തിക്കുന്ന സർക്കാർ സ്കൂളുകളിൽ ആവശ്യപ്പെട്ട സ്കൂളുകളിൽ മാത്രം കൈത്തറി യൂണിഫോം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൈത്തറി തുണി തയ്യാറാക്കുന്നതും സ്കൂളുകളിൽ എത്തിക്കുന്നതും കൈത്തറി വകുപ്പാണ്. 2018-19 അദ്ധ്യയന വർഷത്തിൽ ഇതിനാവശ്യമായ ആകെ ചെലവ് 62.9 കോടി രൂപ (അറുപത്തിരണ്ട് കോടി തൊണ്ണൂറ് ലക്ഷം രൂപ)യാകുമെന്ന് കൈത്തറി ഡയറക്ടർ അറിയിച്ചിട്ടുണ്ട്. വിതരണം പൂർത്തിയായാൽ മാത്രമേ കൃത്യമായ ചെലവ് കണക്കാക്കാൻ സാധിക്കുകയുള്ളൂ. 2018-19 അധ്യയന വർഷത്തേയ്ക്കുള്ള കൈത്തറി യൂണിഫോം വിതരണം നടത്തുന്നതിനുവേണ്ടിയുള്ള നടപടിക്രമങ്ങൾ അവസാനഘട്ടത്തിലാണ്. രണ്ട് ലക്ഷത്തിലധികം ആൺകുട്ടികൾക്കും അത്രയുംതന്നെ പെൺകുട്ടികൾക്കുമുള്ള യൂണിഫോമാണ് തയ്യാറാക്കുന്നത്. കൈത്തറി വകുപ്പ് നൽകിയ യൂണിഫോമിന്റെ മാതൃക അടങ്ങിയ കളർ കോഡ് എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും അയച്ച് നൽകുകയും ആവശ്യമായ കളർ കോഡ് പ്രധാനാദ്ധ്യാപകർ സെലക്ട് ചെയ്ത് ഐറ്റി@സ്കൂൾ ഒരുക്കിയ സോഫ്റ്റ്‌വെയറിൽ ഓൺലൈനായി എ.ഇ.ഒ.-മാർ രേഖപ്പെടുത്തുകയും ചെയ്തുകഴിഞ്ഞു. ഈ വിവരങ്ങൾ ക്രോഡീകരിച്ച് ആകെ ആവശ്യമായ തുണിയുടെ അളവ് കൈത്തറി ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. പതിനെട്ട് ലക്ഷത്തിലധികം മീറ്റർ തുണിയാണ് ആകെ വേണ്ടത്. ഇതിന്റെ ചെലവിലേയ്ക്കായി ഇതിനോടകം 25 കോടി രൂപ കൈത്തറി ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്.

## ചോദ്യപേപ്പർ ചോർന്ന സംഭവത്തിൽ കുറ്റക്കാർക്കെതിരെ നടപടി

86 (6651) <u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അടിക്കടി ഉണ്ടാകുന്ന ചോദ്യപേപ്പർ ചോർച്ചമൂലം വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വർഷത്തെ ഹയർ സെക്കണ്ടറി ഫിസിക്സ് ചോദ്യപേപ്പർ ചോർന്നതിനെപ്പറ്റിയുള്ള അന്വേഷണം ഏത് ഘട്ടത്തിലാണ്; അറിയിക്കുമോ;

(സി) വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷയുടെ ചോദ്യപേപ്പർ ചോർന്ന സംഭവത്തിൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) കഴിഞ്ഞ വർഷം എസ്.എസ്.എൽ.സി. കണക്ക് ചോദ്യപേപ്പർ ചോർന്നത് സംബന്ധിച്ച വിജിലൻസ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ

കുറ്റക്കാരെന്ന് കണ്ടെത്തിയവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കാത്തതാണ് ചോദ്യപേപ്പറുകൾ തുടരെ ചോരുന്നതെന്ന വസ്തുതയുടെ അടിസ്ഥാനത്തിൽ കുറ്റക്കാരെന്ന് കണ്ടെത്തുന്നവർക്കെതിരെ മുഖം നോക്കാതെ കർശന നടപടികൾ സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് അടിക്കടി ചോദ്യപേപ്പറുകൾ ചോരുന്നില്ല.

(ബി) ഈ വർഷത്തെ ഹയർ സെക്കണ്ടറി ഫിസിക്സ് ചോദ്യപേപ്പർ ചോർന്നിട്ടില്ല. എന്നാൽ ഇതുസംബന്ധിച്ചുള്ള വാർത്തകളുടെ അടിസ്ഥാനത്തിൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടറുടെ പരാതിയിന്മേൽ പോലീസ് അന്വേഷണം നടത്തിവരുന്നു.

(സി) വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷയുടെ ചോദ്യപേപ്പർ കൈകാര്യം ചെയ്തതിൽ വീഴ്ചവരുത്തിയവർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) കഴിഞ്ഞ വർഷത്തെ എസ്.എസ്.എൽ.സി. കണക്ക് ചോദ്യപേപ്പർ ചോർന്നതായ വിവാദം സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. എന്നാൽ ചോദ്യപേപ്പർ തയ്യാറാക്കിയ ശ്രീ. സുജിത് കുമാറിനെ (എച്ച്.എസ്.എസ്.ടി., ജി.എച്ച്.എസ്.എസ്., ചെറുകുന്ന്, കണ്ണൂർ) സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തിരുന്നു.

(ഇ) ചോദ്യപേപ്പറുകൾ തുടരെ ചോരുന്നില്ല. എന്നാൽ ചോദ്യപേപ്പർ കൈകാര്യം ചെയ്യുന്നതിൽ വീഴ്ചവരുത്തുന്നവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

**ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസം**

87 (6652) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനത്തിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം കാര്യങ്ങളാണ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ 1 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കായി കേന്ദ്രാവിഷ്കൃത പദ്ധതിയായ സർവ്വശിക്ഷാ അഭിയാൻ (എസ്.എസ്.എ.) മുഖേന റിസോഴ്സ് അദ്ധ്യാപകരുടെ സേവനം, ഓട്ടിസം ബാധിച്ച കുട്ടികളെ പഠനത്തിൽ സഹായിക്കുന്നതിനും മറ്റ് കഴിവുകളിൽ പ്രാപ്തരാക്കുന്നതിനും സഹായിക്കുക, കുട്ടികൾക്ക് ആവശ്യമുള്ള വിവിധതരം തെറാപ്പികൾ നൽകുക, റിസോഴ്സ് അദ്ധ്യാപകരുടെ പിൻതുണയോടെ അക്കാദമിക സേവനം, സാമൂഹികപരമായ ഉൾച്ചേർക്കൽ പരിപാടിയുടെ ഭാഗമായി സഹവാസ ക്യാമ്പുകൾ, സായന്തന വേദി, പ്രോഗ്രാമുകൾ, ഭിന്നശേഷിയുള്ള കുട്ടികളുടെ രക്ഷിതാക്കൾക്കായി കൗൺസിലിംഗ്, ബോധവത്ക്കരണ പരിപാടി എന്നിവ നൽകിവരുന്നു. ടി കുട്ടികളുടെ പഠനത്തിന് സഹായിക്കുന്നതിനായി പഠനയാത്രകൾ സംഘടിപ്പിക്കുന്നു. രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ ആർ.എം.എസ്.എ. പദ്ധതി മുഖേന 9 മുതൽ 12 വരെ ക്ലാസുകളിലെ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനത്തിന് ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും കാറ്റഗറി അനുസരിച്ച് ബുക്ക് ആന്റ് സ്റ്റേഷനറി, എസ്കോർട്ട് അലവൻസ്, റീഡർ അലവൻസ്, ട്രാൻസ്പോർട്ടേഷൻ അലവൻസ്, യൂണിഫോം, പെൺകുട്ടികളുടെ സ്കോളർഷിപ്പ്, എയ്ഡ്സ് ആന്റ് അപ്ലയൻസ് എന്നിവ നൽകിവരുന്നു. കൂടാതെ 853 റിസോഴ്സ് അദ്ധ്യാപകരുടെ സേവനം ഇവർക്കായി ലഭ്യമാക്കിയിട്ടുണ്ട്. റിസോഴ്സ് അദ്ധ്യാപകർക്ക് പരിശീലനം നൽകി അവരിലൂടെ മറ്റ് അദ്ധ്യാപകർ ഉൾപ്പെടെയുള്ളവരെ വിദ്യാഭ്യാസത്തിനായി പ്രാപ്തരാക്കുന്നു. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ ശാരീരികവും മാനസികവുമായ വളർച്ചയ്ക്കായി ഹോർട്ടികൾച്ചർ തീം പാർക്ക് ഓരോ ജില്ലയിലും സജ്ജീകരിക്കാനുള്ള ട്രെയിനിംഗും നൽകിയിട്ടുണ്ട്. കൂടാതെ എല്ലാ വർഷവും ഭിന്നശേഷിക്കാരായ കുട്ടികളെ കണ്ടെത്തുന്നതിന് വൈദ്യപരിശോധനാ ക്യാമ്പുകൾ നടത്തുകയും ഇപ്രകാരം കണ്ടെത്തുന്ന കുട്ടികൾക്ക് സഹായ ഉപകരണങ്ങളും പഠന ഉപകരണങ്ങളും സാമ്പത്തിക സഹായവും നൽകിവരികയും ചെയ്യുന്നു.

**സർക്കാർ സ്കൂളുകളിലെ ലൈബ്രറികൾ നവീകരിക്കാൻ നടപടി**

88 (6653) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിലെ ലൈബ്രറികളുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിദ്യാർത്ഥികളിൽ കുറഞ്ഞുവരുന്ന വായനശീലം പരിപോഷിപ്പിക്കുന്നതിനായി ലൈബ്രറികൾ നവീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ഡി) ഇടക്കൊച്ചി ഗവ. ഹൈസ്കൂളിലെ ലൈബ്രറിയുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇത് പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ;

(എഫ്) എം.എൽ.എ.-മാർക്ക് അനുവദിച്ചിട്ടുള്ള തുകയിൽനിന്നും നിലവിലെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ലൈബ്രറികളുടെ നവീകരണത്തിനായി തുക നൽകുവാൻ അനുമതി ലഭിക്കാത്തത് കണക്കിലെടുത്ത് പ്രസ്തുത അനുമതി ലഭിക്കുന്നതിനാവശ്യമായ നടപടികൾ വിദ്യാഭ്യാസ വകുപ്പ് സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) സംസ്ഥാനത്തെ സ്കൂളുകളിൽ വായന പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാ സ്കൂളുകളിലും നിലവിലുള്ള ലൈബ്രറികൾ കൂടുതൽ വിപുലീകരിക്കുന്നതിനും കുട്ടികൾക്ക് പ്രയോജനപ്രദമായ കൂടുതൽ പുസ്തകങ്ങൾ ഉൾപ്പെടുത്തുന്നതിനും പരമാവധി സ്കൂളുകളിൽ ക്ലാസ് മുറികളിൽത്തന്നെ ലൈബ്രറികൾ ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സംസ്ഥാനത്തെ 1227 ഗവ. ഹൈസ്കൂളുകൾക്ക് ഒരു ക്ലാസ് മുറി ലൈബ്രറിക്ക് പുസ്തകം വാങ്ങുന്നതിനായി 2,500 രൂപ (രണ്ടായിരത്തി അഞ്ഞൂറ് രൂപ) ക്രമത്തിൽ നാല് ക്ലാസ് റും ലൈബ്രറികൾ വീതം സജ്ജമാക്കുന്നതിനായി 10,000 രൂപ (പതിനായിരം രൂപ) വീതം ആർ.എം.എസ്.എ. വഴി നൽകുകയും പുസ്തകം സൂക്ഷിക്കുന്നതിനായുള്ള ഷെൽഫ് വാങ്ങുന്നതിലേക്കുള്ള തുക ആർ.എം.എസ്.എ.-യുടെ സ്കൂൾ ഗ്രാന്റിൽനിന്ന് വിനിയോഗിക്കാനുമുള്ള നിർദ്ദേശവും സ്കൂൾ അധികൃതർക്ക് നൽകിയിട്ടുണ്ട്.

സ്കൂളുകളിൽ ഒഴിവുള്ള ക്ലാസ് മുറികൾ പ്രയോജനപ്പെടുത്തിയാണ് ലൈബ്രറികൾ ആരംഭിക്കുകയും നിലവിലുള്ളവ വിപുലീകരിക്കുകയും ചെയ്യുന്നത്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ആവശ്യമെങ്കിൽ ലൈബ്രറികൾക്കായി പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. ഹയർ സെക്കണ്ടറി തലത്തിൽ ലൈബ്രറികളുടെ നവീകരണത്തിനായി 2017-18 വർഷം പ്ലാൻ ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി&ഇ ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) എം.എൽ.എ.-മാർക്ക് അനുവദിച്ചിട്ടുള്ള തുകയിൽനിന്നും നിലവിലെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ലൈബ്രറികളുടെ നവീകരണത്തിനായി തുക അനുവദിക്കുന്ന വിഷയം പരിശോധിക്കാവുന്നതാണ്.

## സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ കൂടുതൽ കുട്ടികളെ എത്തിക്കുന്നതിന് തീവ്രയജ്ഞ പരിപാടി

89 (6654) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ എയ്ഡഡ് സ്കൂളുകളിൽ അടുത്ത അദ്ധ്യയന വർഷം കൂടുതൽ കുട്ടികളെ എത്തിക്കുന്നതിന് തീവ്രയജ്ഞ പരിപാടി ആരംഭിച്ചിട്ടുണ്ടോ;

(ബി) മദ്ധ്യവേനലവധിക്കാലത്ത് സർക്കാർ സ്കൂളുകളുടെ അറ്റകുറ്റപ്പണി പൂർത്തിയാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) 3, 5, 8 എന്നീ ക്ലാസ്സുകളിലെ പഠനനിലവാരം ഉയർത്തുന്നതിന് ആവിഷ്കരിച്ച ശ്രദ്ധ പദ്ധതി വിജയപ്രദമാണോ;

(ഡി) ആവശ്യത്തിന് അദ്ധ്യാപകരില്ലാത്ത സ്കൂളുകളിൽ അടുത്ത അദ്ധ്യയന വർഷത്തിന്റെ തുടക്കത്തിൽ സ്ഥിര/ദിവസവേതന അടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുന്നതിന് പ്രത്യേക ശ്രദ്ധ ചെലുത്തുമോ;

(ഇ) സർക്കാർ ജീവനക്കാർ, പൊതുപ്രവർത്തകർ, ജനപ്രതിനിധികൾ എന്നിവരുടെ കുട്ടികളെ അടുത്ത അദ്ധ്യയന വർഷം പൊതുവിദ്യാലയങ്ങളിൽ എത്തിക്കുന്നതിന് പ്രത്യേക ശ്രദ്ധ ചെലുത്തുമോ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ മേഖലയിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തുന്നതിനുവേണ്ടി വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുള്ളതിനോടൊപ്പം മികവുത്സവം, രക്ഷാകർത്തൃ ബോധവൽക്കരണം, ഗൃഹസന്ദർശനം തുടങ്ങിയ പരിപാടികൾ മദ്ധ്യവേനലവധിക്കാലത്ത് നടപ്പിലാക്കിക്കൊണ്ട് കുട്ടികളെ സ്കൂളുകളിൽ എത്തിക്കുന്നതിന് തീവ്രയജ്ഞ പരിപാടികൾ നടന്നുവരുന്നു.

(ബി) കേരള സംസ്ഥാനത്തിലെ മുഴുവൻ സർക്കാർ/എയ്ഡഡ്/അംഗീകൃത അൺ-എയ്ഡഡ് സ്കൂളുകളിലെ കെട്ടിടങ്ങളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന്

ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ എന്നിവർക്ക് അവശ്യ നടപടികൾ സ്വീകരിക്കുവാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. അതത് ജില്ലയിലെ ഓഫീസർമാരുടെ അധികാര പരിധിയിൽ വരുന്ന സ്കൂളുകളിൽ ഏതെങ്കിലും സ്കൂൾ ഉപയോഗയോഗ്യമല്ലാത്തതോ ജീർണ്ണാവസ്ഥയിലുള്ളതോ മഴക്കാലത്ത് പഠന പ്രവർത്തനം നടത്താനാവാത്തതോ ഉണ്ടോയെന്ന് പരിശോധന നടത്തി ഇത്തരത്തിൽ ഏതെങ്കിലും സ്കൂൾ കെട്ടിടം നിലവിലുണ്ടെങ്കിൽ തദ്ദേശഭരണ സ്ഥാപനത്തിലെ അധികാരികളുമായോ ജില്ലാ പഞ്ചായത്തുമായോ ബന്ധപ്പെട്ട് അപാകതകൾ പരിഹരിച്ച് വിദ്യാർത്ഥികളുടെ സുരക്ഷിതത്വം ഉറപ്പാക്കാനും അടിയന്തര സാഹചര്യം നിലനിൽക്കുന്ന വിഷയങ്ങൾ വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന ജില്ലാ കളക്ടറുടെ ശ്രദ്ധയിൽ കൊണ്ടുവന്ന് ആവശ്യമായ നടപടികൾ ത്വരിതപ്പെടുത്താനും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) 3, 5, 8 എന്നീ ക്ലാസ്സുകളിലെ പഠനനിലവാരം ഉയർത്തുന്നതിന് ആവിഷ്കരിച്ച 'ശ്രദ്ധ' പദ്ധതി വിജയപ്രദമാണ്.

(ഡി) ആവശ്യത്തിന് അദ്ധ്യാപകരില്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടാൽ അക്കാര്യം പരിശോധിക്കുന്നതാണ്.

(ഇ) സർക്കാർ ജീവനക്കാർ, പൊതുപ്രവർത്തകർ, ജനപ്രതിനിധികൾ എന്നിവരുടെ കുട്ടികളെ അടുത്ത അധ്യയന വർഷം പൊതുവിദ്യാലയ ങ്ങളിൽത്തന്നെ ചേർത്ത് പഠിപ്പിക്കണമെന്ന് ഉത്തരവ് പുറപ്പെടുവിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**സർക്കാർ /അൺ എയ്ഡഡ് സ്കൂളുകളിൽ ഒന്നിലധികം യൂണിഫോം**

90 (6655) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ/അൺ എയ്ഡഡ് സ്കൂളുകളിൽ ഒന്നലധികം യൂണിഫോം ഉപയോഗിക്കുന്നത് തടഞ്ഞുകൊണ്ടുള്ള ഉത്തരവ് പൂർണ്ണതോതിൽ പ്രാവർത്തികമാക്കുന്നതിന് കഴിഞ്ഞിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ 2018-19 അദ്ധ്യയനവർഷം ഉത്തരവ് കർശനമായി നടപ്പിലാക്കുന്നതിനും ഉത്തരവ് പാലിക്കാത്ത സ്കൂൾ അധികൃതർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും പ്രത്യേക ശ്രദ്ധ നൽകുമോ?

ഉത്തരം

(എ&ബി) ഉണ്ട്. 2018-19 അധ്യയന വർഷം ഉത്തരവ് കർശനമായി നടപ്പിലാക്കുന്നതിനും ഉത്തരവ് പാലിക്കാത്ത സ്കൂൾ അധികൃതർക്കെതിരെ നടപടി സ്വീകരിക്കുന്ന കാര്യത്തിലും ശ്രദ്ധ നൽകുന്നതാണ്.

## ഹൈസ്കൂളിൽനിന്നും കൊഴിഞ്ഞുപോകുന്ന കുട്ടികൾ

91 (6656) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹൈസ്കൂൾതലത്തിൽ കൊഴിഞ്ഞുപോകുന്ന കുട്ടികളിൽ വയനാട് ഒഴികെയുള്ള ജില്ലകളിൽ കുട്ടികളുടെ വീട് സന്ദർശിച്ച് തിരികെ എത്തിക്കുന്നതിന് കാര്യക്ഷമമായ ശ്രമങ്ങൾ നടക്കുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വയനാട് ജില്ലയിൽ കൊഴിഞ്ഞുപോകുന്ന നൂറ് ശതമാനം കുട്ടികളുടെയും വീട് സന്ദർശിച്ച് തിരികെ എത്തിക്കാൻ ശ്രമം നടക്കുമ്പോൾ മറ്റ് ജില്ലകളിൽ ഇത് കേവലം പത്ത് ശതമാനം മാത്രമാണെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ;

(ബി) സംസ്ഥാനത്ത് ഹൈസ്കൂൾതലത്തിൽ കൊഴിഞ്ഞുപോകുന്ന എല്ലാ കുട്ടികളുടെയും വീട് സന്ദർശിച്ച് കൊഴിഞ്ഞുപോകലിന്റെ കാരണങ്ങളെക്കുറിച്ച് മനസ്സിലാക്കാനും പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രാദേശിക ഭരണകൂടങ്ങളുമായി ബന്ധപ്പെട്ട് കുട്ടികളുടെ വീട് സന്ദർശിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. 2018 ജനുവരിയിൽ രക്ഷാകർതൃബോധവൽക്കരണം നടത്തിയിരുന്നു. വേനലവധിക്ക് നടത്തുന്ന മികവുത്സവത്തിന്റെ ഭാഗമായി രക്ഷകർത്താക്കൾക്കായി " നന്മ പൂക്കുന്ന നാളേയ്ക്കായ് " എന്ന പേരിൽ കൈപുസ്തകം തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പുസ്തകത്തിന്റെ 30000 കോപ്പികൾ അച്ചടിച്ച് നൽകിയിട്ടുണ്ട്.

(ബി) കൊഴിഞ്ഞുപോകലിന്റെ കാരണങ്ങൾ മനസ്സിലാക്കുന്നതിനും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുമായുള്ള പ്രവർത്തന പരിപാടികൾ സംഘടിപ്പിക്കുന്നതാണ്.

## ചോദ്യപേപ്പർ ചോർച്ച സംബന്ധിച്ച് സമഗ്ര അന്വേഷണം

92 (6657) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ ഹയർ സെക്കണ്ടറി പരീക്ഷാ ചോദ്യപേപ്പർ ചോർന്നു എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചോദ്യപേപ്പർ ചോർച്ച സംബന്ധിച്ച് സമഗ്ര അന്വേഷണം നടത്തുവാനും കുറ്റക്കാരായ ഉദ്യോഗസ്ഥൻമാർക്കെതിരെ മാതൃകാപരമായ അച്ചടക്ക നടപടികൾ സ്വീകരിക്കുവാനും സർക്കാർ തയ്യാറാകുമോ;

(സി) 2017 ലെ എസ്.എസ്.എൽ.സി. കണക്ക് പരീക്ഷാ ചോദ്യപേപ്പർ ചോർച്ചയുമായി ഇതിന് ബന്ധമുള്ളതായി തെളിവ് ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യം ഗൗരവമായി കണക്കിലെടുത്ത് ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ആവശ്യമായ മുൻകരുതലുകൾ എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടറുടെ പരാതിയിന്മേൽ പോലീസ് അന്വേഷണം നടത്തുകയും പ്രാഥമികാന്വേഷണത്തിൽ ചോദ്യപേപ്പർ ചോർന്നിട്ടില്ലെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ഉത്തരം 'സി'-യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

**പരീക്ഷാഭവനിൽ അപേക്ഷകളിലെ കാലതാമസം**

93 (6658) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരീക്ഷാഭവനിൽ എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിലെ മേൽവിലാസം, ജനനത്തീയതി തുടങ്ങിയവയുടെ തിരുത്തിനായി എത്തുന്ന അപേക്ഷകൾ മാസങ്ങളോളം നടപടി എടുക്കാതെ ഉദ്യോഗസ്ഥർ സെക്ഷനുകളിൽ വച്ചിരിക്കുന്ന നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) ഇല്ലെങ്കിൽ രേഖാമൂലം പരാതി നൽകിയാൽ നടപടി സ്വീകരിക്കുമോ;

(സി) ഈ അപേക്ഷകളിൽ പത്ത് ദിവസത്തിനകം തീരുമാനമെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പൂർണ്ണമായി ലഭിക്കുന്ന അപേക്ഷകൾക്ക് സേവനാവകാശ നിയമപ്രകാരം

എസ്.എസ്.എൽ.സി. ഡ്യൂപ്ലിക്കേറ്റ് നൽകുന്നതിനും സർട്ടിഫിക്കറ്റുകളിലെ ജനന തീയതി ഉൾപ്പെടെയുള്ള പിശകുകൾ തിരുത്തി നൽകുന്നതിനും മാർച്ച് 2000 വരെ പരീക്ഷ എഴുതിയവരുടെ സർട്ടിഫിക്കറ്റുകൾക്ക് 90 ദിവസവും 2001 മുതൽ പരീക്ഷ എഴുതിയവരുടെ സർട്ടിഫിക്കറ്റുകൾക്ക് 60 ദിവസവുമാണ് സമയപരിധി നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ അപൂർണ്ണമായ അപേക്ഷയാണെങ്കിൽ (അനുബന്ധ രേഖകൾ/സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയിട്ടില്ലെങ്കിൽ) മേൽസൂചിപ്പിച്ച സമയപരിധി കഴിഞ്ഞുപോകാറുണ്ട്.

(ബി) സ്വീകരിക്കുന്നതാണ്.

(സി) സ്വീകരിക്കും.

## പെരിന്തൽമണ്ണ മണ്ഡലത്തിലെ സ്പെഷ്യൽ സ്കൂളിനെ ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി

94 (6659) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിനുവേണ്ടി പ്രവർത്തിക്കുന്ന റഹ്മ സ്പെഷ്യൽ സ്കൂൾ ഫോർ മെന്റലി റിട്ടാർഡ്-നെ ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന അപേക്ഷയിന്മേൽ സ്വീകരിച്ച നടപടിയെന്തെന്ന് അറിയിക്കാമോ;

(ബി) ഏറ്റവും പരിഗണനയർഹിക്കുന്ന വിദ്യാർത്ഥികൾ എന്ന നിലയ്ക്ക് ഈ സ്കൂളിനെ ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ നാളിതുവരെ അനുകൂല തീരുമാനം കൈക്കൊള്ളാത്തതിന് കാരണമെന്താണെന്ന് അറിയിക്കാമോ;

(സി) അടുത്ത അദ്ധ്യയനവർഷം ആരംഭിക്കുന്നതിനുമുൻപ് ഈ വിഷയത്തിൽ തീരുമാനം കൈക്കൊള്ളുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) പ്രസ്തുത സ്കൂളിന്റെ അപേക്ഷ സർക്കാരിൽ ഇതുവരെയും ലഭിച്ചതായി കാണുന്നില്ല. ലഭ്യമാകുന്നമുറയ്ക്ക് ഉചിതമായ നടപടികൾ തീർച്ചയായും സ്വീകരിക്കുന്നതാണ്.

## സ്കൂൾ ഉച്ചഭക്ഷണ പദ്ധതി 9, 10 ക്ലാസുകളിലെ നിർദ്ധനരായ കുട്ടികൾക്കുകൂടി നൽകാൻ നടപടി

95 (6660) ശ്രീ. വി. അബ്ദുറഹിമാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തിനാകെ മാതൃകയായി കേരളത്തിൽ കാര്യക്ഷമമായി നടത്തിവരുന്ന സ്കൂൾ ഉച്ചഭക്ഷണ പദ്ധതി 9, 10 ക്ലാസുകളിലെ നിർദ്ധനരായ കുട്ടികൾക്കു കൂടി നൽകേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ;

(ബി) മികച്ച രീതിയിൽ നടത്തിവരുന്ന സ്കൂൾ ഉച്ച ഭക്ഷണത്തിന് അന്യസംസ്ഥാനങ്ങളിൽനിന്ന് കൊണ്ടുവരുന്ന വിഷലിപ്തമായ പച്ചക്കറികളാണ് ഉപയോഗിക്കേണ്ടി വരുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് ആരോഗ്യ വിദഗ്ധരുടെ റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ടോ;

(സി) തദ്ദേശഭരണ സ്ഥാപനങ്ങളുടെയും പി.റ്റി.എ.-യുടെയും നേതൃത്വത്തിൽ തൊഴിലുറപ്പ് തൊഴിലാളികളെയും കുടുംബശ്രീ അംഗങ്ങളെയും ഉൾപ്പെടുത്തി ഓരോ സ്കൂളിലും സ്വന്തമായി കൃഷി ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) കൃഷി ഉൾപ്പെടെ ബന്ധപ്പെട്ട വകുപ്പുകളുടെ സഹകരണത്തോടെ ഓരോ സ്കൂളും പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തത നേടുന്നതിന് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) 9, 10 ക്ലാസുകളിലെ കുട്ടികളെ ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ബി) ഉണ്ട്. ഇതുസംബന്ധിച്ച് ആരോഗ്യ വിദഗ്ധരുടെ റിപ്പോർട്ട് ലഭിച്ചിട്ടില്ല. ഉച്ചഭക്ഷണത്തിൽ കഴിവതും പ്രാദേശികമായി ശേഖരിക്കാവുന്ന വിഷരഹിതമായ പച്ചക്കറികളും മറ്റ് കാർഷികോൽപ്പന്നങ്ങളും ഉപയോഗിക്കണമെന്നും പഴങ്ങളും പച്ചക്കറികളും സ്കൂളുകളുടെ സമീപമുള്ള സംസ്ഥാന ഹോർട്ടികോർപ്പിന്റെ സ്ഥാപനങ്ങളിൽനിന്നും വാങ്ങുന്നതിന് മുൻഗണന നൽകണമെന്നും ഉച്ചഭക്ഷണ പദ്ധതിയുടെ പരിധിയിൽ വരുന്ന എല്ലാ സ്കൂളുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സ്ഥലസൗകര്യം ലഭ്യമായ സ്കൂളുകളിൽ അടുക്കള പച്ചക്കറിത്തോട്ടം നിർമ്മിക്കണമെന്നും അവയിൽനിന്ന് ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾ ഉച്ചഭക്ഷണത്തിൽ ഉൾപ്പെടുത്തണമെന്നും പച്ചക്കറിത്തോട്ടം തയ്യാറാക്കുന്നതിന്

സംസ്ഥാന കൃഷി വകുപ്പ് സ്കൂൾ ഒന്നിന് നൽകിവരുന്ന 5000 രൂപ (അയ്യായിരം രൂപ) ധനസഹായം പ്രയോജനപ്പെടുത്തണമെന്നും വിദ്യാലയങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് അവരവരുടെ വീടുകളിൽ പച്ചക്കറി കൃഷി നടത്താൻ പ്രോത്സാഹനം നൽകണമെന്നും കുട്ടികൾ ഇപ്രകാരം ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ സ്കൂളുകളിൽ ശേഖരിച്ച് ആയത് ഉച്ചഭക്ഷണത്തിൽ ഉൾപ്പെടുത്താനും സ്കൂളുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ നിരവധി സ്കൂളുകൾ അടുക്കള പച്ചക്കറി കൃഷി ആരംഭിച്ചിട്ടുണ്ട്. സ്കൂൾ അടുക്കള പച്ചക്കറിത്തോട്ടം എല്ലാ സ്കൂളുകളിലേക്കും വ്യാപിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ നടത്തുന്ന ശ്രമങ്ങളെ 2017 നവംബർ മാസം മുതൽ 6, 7 തീയതികളിൽ ഗോവയിൽ നടന്ന സംസ്ഥാനങ്ങളുടെ ദ്വിദിന ദേശീയ വർക്ക്ഷോപ്പിൽ കേന്ദ്രസർക്കാർ പ്രത്യേകമായി അഭിനന്ദിക്കുകയും മറ്റ് സംസ്ഥാനങ്ങളുടെ മുന്നിൽ ഇതൊരു മാതൃകയായി അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(സി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ കുടുംബശ്രീ വഴി സ്കൂളുകൾക്ക് പച്ചക്കറി വിതരണം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ 13-10-2017-ൽ ചേർന്ന പൊതുവിദ്യാഭ്യാസ സെക്രട്ടറി അദ്ധ്യക്ഷനായ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ സ്റ്റേറ്റ് സ്റ്റിയറിംഗ് -കം- മോണിറ്ററിംഗ് കമ്മിറ്റി നിർദ്ദേശം നൽകിയിട്ടുണ്ട്. 8 രൂപ, 7 രൂപ, 6 രൂപ എന്നീ നിരക്കുകളിൽ സ്കൂളുകൾക്ക് അനുവദിക്കുന്ന കണ്ടിജൻസി തുകയിൽനിന്ന് 2 രൂപ പച്ചക്കറികൾ വാങ്ങുന്നതിന് മാറ്റിവയ്ക്കാൻ സ്കൂളുകൾക്ക് നിർദ്ദേശം നൽകാനും കമ്മിറ്റി നിർദ്ദേശം നൽകിയിട്ടുണ്ട്. ടി നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ അടുത്ത അധ്യയന വർഷം കുടുംബശ്രീവഴി സ്കൂളുകളിൽ പച്ചക്കറി വിതരണം ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) സ്കൂളുകളിൽ പച്ചക്കറിത്തോട്ടം തയ്യാറാക്കുന്നതിന് സംസ്ഥാന കൃഷി വകുപ്പ് സ്കൂൾ ഒന്നിന് നൽകിവരുന്ന 5000 രൂപ (അയ്യായിരം രൂപ) ധനസഹായം പ്രയോജനപ്പെടുത്തി പച്ചക്കറി കൃഷി ആരംഭിക്കാൻ എല്ലാ സ്കൂളുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നിരവധി സ്കൂളുകൾ ഇതിനോടകംതന്നെ പച്ചക്കറി കൃഷി ആരംഭിച്ചിട്ടുണ്ട്. കൃഷി വകുപ്പിന്റെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും സഹായത്തോടെ അടുത്ത അധ്യയന വർഷം സംസ്ഥാനത്തെ കൂടുതൽ സ്കൂളുകളിൽ അടുക്കള പച്ചക്കറിത്തോട്ടം തുടങ്ങുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

## രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ

96 (6661) ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സെക്കണ്ടറിതല വിദ്യാഭ്യാസം ഗുണനിലവാരമുള്ളതാക്കുന്നതിന് രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർ.എം.എസ്.എ) നടപ്പാക്കി വരുന്നുണ്ടോയെന്ന് അറിയിക്കാമോ;

(ബി) അതിൻപ്രകാരം സംസ്ഥാനത്ത് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പെൺകുട്ടികളുടെ സുരക്ഷ, താമസം എന്നിവയ്ക്കായും ഭിന്നശേഷിക്കാരായ കുട്ടികളുടെ പഠന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും എന്തെല്ലാം പരിപാടികളാണ് അതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തി അക്കാദമിക് നിലവാരം ഉയർത്തുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആർ.എം.എസ്.എ-യിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ&ബി) സംസ്ഥാനത്ത് സെക്കണ്ടറിതല വിദ്യാഭ്യാസം ഗുണനിലവാരമുള്ളതാക്കുന്നതിന് രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർ.എം.എസ്.എ.) സെക്കണ്ടറി തലത്തിലെ സർക്കാർ വിദ്യാലയങ്ങൾക്ക് 50,000 രൂപ (അൻപതിനായിരം രൂപ) സ്കൂൾ ഗ്രാന്റ്, പഠന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് 'നവപ്രഭ' എന്ന പദ്ധതി, അന്താരാഷ്ട്ര നിലവാരത്തിൽ ലൈബ്രറികൾ സ്ഥാപിക്കൽ, 5 സ്കൂളുകളിൽ ഐഡിയൽ ലാബ്, അദ്ധ്യാപക പരിശീലനം, തദ്ദേശ ഭരണ മേധാവികൾക്ക് പരിശീലനം, ജില്ലാ മാനേജ്മെന്റ് ഓഫീസർമാർക്ക് പരിശീലനം, സ്കൂൾ വികസനത്തിന് (ശാലാസിദ്ധി), പ്രഥമാധ്യാപകർക്ക് പരിശീലനം, സംസ്ഥാനത്തിന് അകത്തും പുറത്തും പഠനയാത്രകൾ, ഡിജിറ്റൽ പാഠപുസ്തക നിർമ്മാണം, ഓൺലൈൻ അദ്ധ്യാപക പരിശീലനം, പ്രതിഭാധനരായ കുട്ടികളെ കണ്ടെത്തി ശാസ്ത്ര അഭിരുചി വളർത്തുന്നതിനുള്ള ടാലന്റ് പ്രോഗ്രാം, ശാസ്ത്രമേള കുട്ടികളിൽ സ്വയം സംരംഭകത്വശേഷി വികസനം, കലാ-ഉത്സവ്, പെൺകുട്ടികൾക്ക് സ്വയം

പ്രതിരോധ പരിശീലനം, സ്കൂൾ മാനേജ്മെന്റ് ആന്റ് ഡെവലപ്മെന്റ് കമ്മിറ്റി (എസ്.എം.ഡി.സി.) അംഗങ്ങൾക്ക് പരിശീലനം, അഞ്ച് സ്കൂളുകളിൽ നിർമ്മാണ പ്രവർത്തനം എന്നിവയാണ് ആർ.എം.എസ്.എ.-യിലൂടെ നടപ്പാക്കുന്ന പ്രവർത്തനങ്ങൾ.

(സി) ഗവൺമെന്റ് സ്കൂളുകളിൽ 9-ാം ക്ലാസിൽ പഠിക്കുന്ന എല്ലാ പെൺകുട്ടികൾക്കും സ്വയം പ്രതിരോധ പരിശീലനത്തിനായി പ്രത്യേക പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പെൺകുട്ടികൾക്ക് താമസിച്ച് പഠിക്കുന്നതിന് ചാലക്കുടി ഗേൾസ് എച്ച്.എസ്.എസ്.-ൽ പ്രത്യേക ഹോസ്റ്റൽ അനുവദിച്ച് പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനത്തിന് ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും കാറ്റഗറി അനുസരിച്ച് ബുക്ക് ആന്റ് സ്റ്റേഷനറി, എസ്കോർട്ട് അലവൻസ്, റീഡർ അലവൻസ്, ട്രാൻസ്പോർട്ടേഷൻ അലവൻസ്, യൂണിഫോം, പെൺകുട്ടികളുടെ സ്കോളർഷിപ്പ്, എയ്ഡ് ആന്റ് അപ്ലയൻസസ് എന്നിവ നൽകിവരുന്നു. കൂടാതെ 853 റിസോഴ്സ് അദ്ധ്യാപകരുടെ സേവനം ഇവർക്കായി ലഭ്യമാക്കിയിട്ടുണ്ട്. റിസോഴ്സ് അദ്ധ്യാപകർക്ക് പരിശീലനം നൽകി അവരിലൂടെ മറ്റ് അദ്ധ്യാപകരേയും വിദ്യാഭ്യാസത്തിനായി പ്രാപ്തരാക്കുന്നു. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ ശാരീരികവും മാനസികവുമായ വളർച്ചയ്ക്കായി ഹോർട്ടികൾച്ചർ തീം പാർക്ക് ഓരോ ജില്ലയിലും സജ്ജീകരിക്കാനുള്ള ട്രെയിനിംഗും നൽകിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ 442 ഗവൺമെന്റ് സെക്കണ്ടറി സ്കൂളുകൾക്ക് ശാക്തീകരണത്തിനും (സയൻസ് ലാബ്, കമ്പ്യൂട്ടർ റൂം, ആർട്ട് റൂം, ലൈബ്രറി അഡീഷണൽ ക്ലാസ്സ് റൂം എന്നിവയ്ക്ക്) 583 സ്കൂളുകൾക്ക് ടോയ്ലെറ്റ് നിർമ്മാണത്തിനും 214 സ്കൂളുകൾക്ക് കുടിവെള്ള സൗകര്യത്തിനുമായി ആർ.എം.എസ്.എ. ഇതിനകം ഫണ്ട് അനുവദിച്ചിട്ടുണ്ട്. 2010-11, 2011-12 വർഷത്തിൽ ആർ.എം.എ.സ്.എ. പദ്ധതി പ്രകാരം അപ്ഗ്രേഡ് ചെയ്ത 52 സ്കൂളുകൾക്ക് കെട്ടിട നിർമ്മാണത്തിനും തുക അനുവദിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് അഞ്ച് സ്കൂളുകൾക്ക് 50 ലക്ഷം രൂപ (അൻപത് ലക്ഷം രൂപ) വീതം ഐഡിയൽ ലാബ് സജ്ജീകരണത്തിന് ആർ.എം.എസ്.എ. ഫണ്ട് അനുവദിച്ചിട്ടുണ്ട്.

## അങ്കമാലി മണ്ഡലത്തിലെ ഹൈടെക് ക്ലാസ് മുറികൾ

97 (6662) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ-എയ്ഡഡ് സ്കൂളുകളിലെ 8 മുതൽ 12 വരെയുള്ള ക്ലാസ് മുറികൾ ഹൈടെക് ആക്കുന്ന പദ്ധതിപ്രകാരം അങ്കമാലി നിയോജകമണ്ഡലത്തിൽ

ഏതെല്ലാം സ്കൂളുകളിൽ എത്ര ക്ലാസ് മുറികൾ വീതമാണ് ഹൈടെക് ആക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിൽ എത്ര ക്ലാസ്സ് മുറികൾ ഹൈടെക് പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട് ; വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) അങ്കമാലി മണ്ഡലത്തിലുള്ള 35 സ്കൂളുകളിലെ 249 ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിൽ 33 സ്കൂളുകളിലെ 209 ക്ലാസ് മുറികളിലേക്കുള്ള ഉപകരണ വിതരണം ഇതിനകം പൂർത്തിയാക്കിയിട്ടുണ്ട്.

സ്കൂളുകളുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്*.

**അന്താരാഷ്ട്ര നിലവാരത്തിലേക്ക് വിദ്യാലയങ്ങളെ ഉയർത്തുന്ന പദ്ധതി**

98 (6663) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രഖ്യാപിച്ച അന്താരാഷ്ട്ര നിലവാരത്തിലേക്ക് വിദ്യാലയങ്ങളെ ഉയർത്തുന്ന പദ്ധതി പ്രകാരം എത്ര വിദ്യാലയങ്ങൾക്കാണ് അഞ്ച് കോടി രൂപ വീതം പ്രഖ്യാപിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത തുക അനുവദിച്ചത് പ്രകാരമുള്ള പ്രോജക്ട് പ്രൊപ്പോസലിന്റെ ഇപ്പോഴത്തെ അവസ്ഥ എന്തെന്നും ഈ പ്രവൃത്തികൾ എന്നാരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2017-18-ലെ ബജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ നിയോജകമണ്ഡലാടിസ്ഥാനത്തിൽ 141 സ്കൂളുകളെ മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന് പരമാവധി അഞ്ച് കോടി രൂപ വീതം കിഫ്ബി മുഖേനയുള്ള സർക്കാർ ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) മേൽപദ്ധതിയുടെ ഭാഗമായി 138 സ്കൂളുകൾക്ക് ഭരണാനുമതി നൽകുകയും അപ്രകാരം കിഫ്ബി മുഖേനയുള്ള സർക്കാർ ധനസഹായത്തിന് അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. അപ്രകാരം പദ്ധതി നിർവ്വഹണത്തിനായുള്ള

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കോൺട്രാക്ടർ തെരഞ്ഞെടുപ്പിനുള്ള നടപടികൾ പുരോഗമിക്കുന്നു. ആയത് പൂർത്തീകരിക്കുന്നമുറയ്ക്ക് 2018 ഏപ്രിൽ മാസത്തിൽ പദ്ധതി നിർവ്വഹണം ആരംഭിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## 'നിറവ്'' പദ്ധതി

99 (6664) <u>ശ്രീ. ആർ. രാജേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പ് മുഖാന്തരം നടപ്പിലാക്കിയ 'നിറവ്' പദ്ധതിയുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ആലപ്പുഴ ജില്ലയിൽ തെരഞ്ഞെടുത്ത സ്കൂളുകൾ എതെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ 'നിറവ്' പദ്ധതിയിൽ ഉൾപ്പെടുത്തിയ വിദ്യാലയത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) 'നിറവ്' പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(ഇ) മാവേലിക്കര മണ്ഡലത്തിലെ സ്കൂളുകളെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ കാരണം വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) വിദ്യാഭ്യാസ വകുപ്പ് മുഖാന്തരമല്ല 'നിറവ് ' പദ്ധതി നടപ്പിലാക്കി വരുന്നത്.

(ബി-ഇ) ചോദ്യം ഉദിക്കുന്നില്ല.

## ഐ.ഇ.ഡി.എസ്.എസ്. സ്കീം

100 (6665) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.എം.എസ്.എ./എസ്.എസ്.എ. പദ്ധതികളുടെ കീഴിൽ പ്രവർത്തിച്ചുവരുന്ന ഐ.ഇ.ഡി.എസ്.എസ്. ഒരുമിപ്പിച്ച് ഒറ്റ പദ്ധതിയാക്കുന്നതിന് സർക്കാർതലത്തിൽ തീരുമാനങ്ങൾ കൈക്കൊള്ളുമോയെന്ന് വിശദമാക്കാമോ;

(ബി) ഐ.ഇ.ഡി.എസ്.എസ്. ഏകീകൃത പദ്ധതിയായി മാറുമ്പോൾ പ്രത്യേക സെൽ രൂപീകരിച്ച് ഭിന്നശേഷിക്കാരായ കുട്ടികളുടെ പഠനപിന്തുണയ്ക്ക് അവസരം ഒരുക്കുമോ;

(സി) ഈ സംവിധാനത്തിൽ റിസോഴ്സ് അദ്ധ്യാപകരുടെ നിയമനം എന്ന് നടത്തുമെന്നും അവധിക്കാലത്ത് ഭിന്നശേഷിക്കാരായ കുട്ടികളുടെ വ്യക്തിത്വ വികസനത്തിനും നൈപുണ്യ വികസനത്തിനും ഉതകുന്ന പരിപാടികൾ നടപ്പിലാക്കാൻ നടപടികൾ കൈക്കൊള്ളുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) എസ്.എസ്.എ., ആർ.എം.എസ്.എ. പദ്ധതികൾ ഒരുമിപ്പിച്ച് ഒറ്റ പദ്ധതിയാക്കുന്നതിന് നടപടി സ്വീകരിക്കാൻ കേന്ദ്രസർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ ഈ പദ്ധതികൾ ഒരുമിപ്പിച്ച് ഒറ്റ പദ്ധതിയാക്കുന്നതിനുള്ള നടപടികൾ സംസ്ഥാനം സ്വീകരിച്ചുവരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായതിനാൽ കേന്ദ്രസർക്കാരിന്റെ മാനദണ്ഡങ്ങൾക്കും നിർദ്ദേശങ്ങൾക്കും അംഗീകാരത്തിനും അനുസൃതമായിരിക്കും. പ്രത്യേക സെൽ രൂപീകരണം, റിസോഴ്സ് അദ്ധ്യാപകരുടെ നിയമനം, വ്യക്തിത്വ വികസനത്തിനും നൈപുണ്യ വികസനത്തിനും ഉതകുന്ന പരിപാടികൾ നടപ്പിലാക്കൽ എന്നിവ ടി രൂപീകരണത്തിനുശേഷം തീരുമാനിക്കാവുന്നതാണ്.

## എസ്.എസ്.എ.-യുടെ കേന്ദ്ര ഫണ്ടിലെ കുറവ്

101 (6666) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ എസ്.എസ്.എ.യുടെ കേന്ദ്രഫണ്ടിൽ കുറവ് വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത കുറവുമൂലം സൗജന്യ പാഠപുസ്തകം, യൂണിഫോം വിതരണം എന്നിവയിൽ പ്രതിസന്ധിയുണ്ടായിട്ടുണ്ടോ;

(സി) കേന്ദ്രം അംഗീകരിച്ച പദ്ധതിയുടെ പ്രവർത്തനം നടന്നുവരുമ്പോൾ കേന്ദ്രഫണ്ട് കുറച്ചത് പ്രസ്തുത പദ്ധതിയെ എപ്രകാരം ബാധിക്കുമെന്ന് വെളിപ്പെടുത്തുമോ;

(ഡി) വിദ്യാഭ്യാസ മേഖലയിൽ വലിയ തിരിച്ചടിക്ക് കാരണമാകുന്ന ഈ തീരുമാനം പുനഃപരിശോധിക്കുവാൻ ആവശ്യപ്പെടുമോ?

ഉത്തരം

(എ) 2017-18 സാമ്പത്തിക വർഷത്തിൽ കേന്ദ്രസർക്കാർ 564.73 കോടി രൂപയുടെ പദ്ധതി അംഗീകരിച്ചിരുന്നു. ഇതിൽ കിട്ടേണ്ടിയിരുന്ന 60% തുകയായ 338.44 കോടി രൂപയിൽനിന്നും 201.05 കോടി രൂപ കുറച്ച് 136.79 കോടി രൂപ

മാത്രമാണ് കേന്ദ്രം അനുവദിച്ചത്. സംസ്ഥാന സർക്കാർ വിഹിതമായി 137.38 കോടി രൂപയും സംസ്ഥാന ബജറ്റ് വിഹിതമായി 9 കോടി രൂപയും ഇതിനുപുറമെ 1,96,00,000 രൂപയും (ഒരു കോടി തൊണ്ണൂറ്റിയാറ് ലക്ഷം രൂപ) 28-3-2018 വരെ ലഭ്യമായിട്ടുണ്ട്.

(ബി) സൗജന്യ പാഠപുസ്തകം, യൂണിഫോം വിതരണം എന്നിവയിൽ സംസ്ഥാനത്തിന് പ്രതിസന്ധി ഉണ്ടായിട്ടില്ല.

(സി) കേന്ദ്ര ഫണ്ട് കുറച്ചത് എസ്.എസ്.എ. പദ്ധതിയെ ബാധിച്ചിട്ടുണ്ട്. അനുവദിച്ചുകിട്ടിയ ഫണ്ടിൽ കുറവുണ്ടായിട്ടുണ്ടെങ്കിലും ചെലവുകൾ ചുരുക്കിയും സാമ്പത്തിക അച്ചടക്കം പാലിച്ചും പ്രോഗ്രാമുകൾക്ക് മുൻഗണന നിശ്ചയിച്ചും എസ്.എസ്.എ. പദ്ധതിയുടെ 2017-18 വർഷത്തെ പ്രവർത്തനങ്ങൾ ചിട്ടയോടെ നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) കുറവുവരുത്തിയ ഫണ്ട് പുനഃസ്ഥാപിക്കണമെന്ന് അഭ്യർത്ഥിച്ച് ഇക്കാര്യം റിവ്യൂ മീറ്റിംഗുകളിലും കത്തുമുഖേനയും കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

### ദേശീയ നൈപുണ്യ തൊഴിലവസര പദ്ധതി

102 (6667) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ നൈപുണ്യ തൊഴിലവസര പദ്ധതി (എൻ.എസ്.ക്യൂ.എഫ്.) വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) നിലവിലുള്ള വിവിധ വിദ്യാഭ്യാസ സമ്പ്രദായങ്ങളിലെ വ്യത്യസ്ത സിലബസുകളിൽ പഠിച്ച് കിട്ടുന്ന യോഗ്യതകളും സർട്ടിഫിക്കറ്റുകളും ഏകീകരിക്കുന്നതിന് നിർദ്ദേശമുണ്ടോ; വ്യക്തമാക്കുമോ;

(സി) ഈ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതിനുള്ള തയ്യാറെടുപ്പുകളെക്കുറിച്ച് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. അറിവ്, വൈദഗ്ധ്യം, കഴിവുകൾ എന്നിവയെ അടിസ്ഥാനമാക്കിയുള്ള നൈപുണ്യ യോഗ്യതാ മാനദണ്ഡങ്ങളടങ്ങിയ ചട്ടക്കൂടാണ്

നാഷണൽ സ്കിൽസ് ക്വാളിഫിക്കേഷൻ ഫ്രെയിം വർക്ക് (NSQF). രാജ്യത്ത് നടത്തുന്ന എല്ലാ തൊഴിൽ പരിശീലന വിദ്യാഭ്യാസവും കോഴ്സുകളും നിർബന്ധമായും എൻ.എസ്.ക്യൂ.എഫ്. അനുസരിച്ചുള്ളതായിരിക്കണം. എല്ലാ വിദ്യാഭ്യാസ പരിശീലന സ്ഥാപനങ്ങളും അവരുടെ വിവിധ കോഴ്സുകളിലേക്കുള്ള പ്രവേശന യോഗ്യതാ മാനദണ്ഡങ്ങൾ എൻ.എസ്.ക്യൂ.എഫിന്റെ യോഗ്യതാ ലെവലുകൾക്കനുസരിച്ച് (ലെവൽ 1 മുതൽ 10 വരെ) പരിഷ്കരിക്കേണ്ടതാണ്. നിലവിൽ വൊക്കേഷണൽ കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങൾ കോഴ്സുകൾ പരിഷ്കരിച്ച് എൻ.എസ്.ക്യൂ.എഫ്. ചട്ടക്കൂടിലേയ്ക്ക് മാറേണ്ടുന്നതാണ്. കേരളത്തിൽ പോളി ടെക്നിക്കുകൾ, ഐ.ടി.ഐ. എന്നീ സ്ഥാപനങ്ങൾ ഇത്തരത്തിൽ എൻ.എസ്.ക്യൂ.എഫ്.-ലേക്ക് മാറിയിട്ടുണ്ട്.

(ബി) നിലവിലുള്ള വിവിധ തൊഴിൽ വിദ്യാഭ്യാസ സമ്പ്രദായങ്ങളിൽ പഠിച്ചുകിട്ടുന്ന യോഗ്യതകളും സർട്ടിഫിക്കറ്റുകളും എൻ.എസ്.ക്യൂ.എഫ്. സമ്പ്രദായത്തിൽ ഏകീകരിക്കപ്പെട്ടിട്ടുണ്ട്.

(സി) സ്കൂൾ വിദ്യാഭ്യാസത്തിനോടൊപ്പം തൊഴിലധിഷ്ഠിത കോഴ്സുകൾകൂടി പഠിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി 2018-19 അധ്യയന വർഷം മുതൽ സംസ്ഥാനത്തെ തെരഞ്ഞെടുത്ത സ്കൂളുകളിൽ ദേശീയ തൊഴിൽ നൈപുണ്യ പദ്ധതി (എൻ.എസ്.ക്യൂ.എഫ്.) പ്രകാരമുള്ള കോഴ്സുകൾ നടപ്പിലാക്കുന്നതിനുവേണ്ട പ്രാരംഭ പ്രവർത്തനങ്ങൾ വി.എച്ച്.എസ്.ഇ. ഡയറക്ടറുമായി കൂടിയാലോചിച്ച് പ്രാഥമിക നടപടികൾ സ്വീകരിക്കുന്നതിന് എസ്.സി.ഇ.ആർ.ടി. ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് എൻ.എസ്.ക്യൂ.എഫ്. നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 49-ാം സംസ്ഥാന കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റി നിശ്ചയിച്ച സബ് കമ്മിറ്റിയുടെ ശിപാർശകൾ പ്രകാരമുള്ള അനുബന്ധ പ്രവർത്തനങ്ങൾ എസ്.സി.ഇ.ആർ.ടി. ആരംഭിച്ചിട്ടുണ്ട്.

**എയ്ഡഡ് സ്കൂൾ നവീകരണത്തിനായുള്ള ചലഞ്ച് ഫണ്ട്**

103 (6668) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂൾ വിദ്യാലയങ്ങളുടെ നവീകരണത്തിനായി സർക്കാർ പ്രഖ്യാപിച്ച ചലഞ്ച് ഫണ്ടുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) അങ്കമാലി നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകൾക്ക് 2018-19 വർഷത്തെ ചലഞ്ച് ഫണ്ട് നൽകുമെന്നുള്ളത് വ്യക്തമാക്കാമോ?

ഉത്തരം

(എ) അതെ. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ബി) മണ്ഡലാടിസ്ഥാനത്തിലുള്ള സ്കൂൾ ലിസ്റ്റ് തയ്യാറായിട്ടില്ല.

## 'സ്കൂൾ വിക്കി' പദ്ധതി

104 (6669) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ 'സ്കൂൾ വിക്കി' പദ്ധതി പുനരാരംഭിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്കൂൾ വിക്കി (www.schoolwiki.in) 2009 നവംബർ 1-ന് നിലവിൽ വന്നെങ്കിലും 2012-നുശേഷം നിർജ്ജീവമായിരുന്നു. ഇതിനുശേഷം 2016 നവംബർ മാസത്തിൽ വീണ്ടും സജീവമായി പ്രവർത്തനം തുടങ്ങിയിട്ടുണ്ട്.

(ബി) ഓരോ സ്കൂളിന്റെയും ചരിത്രം, സവിശേഷ പ്രവർത്തനങ്ങൾ, പൊതു പ്രവർത്തനങ്ങൾ, സ്കൂളിനെ സംബന്ധിക്കുന്ന വിശദാംശങ്ങൾ തുടങ്ങിയവയെല്ലാം ഉൾപ്പെടുത്തുന്നതിന് പങ്കാളിത്ത രൂപത്തിലുള്ള പദ്ധതിയാണ് സ്കൂൾ വിക്കി. സംസ്ഥാന സ്കൂൾ കലോത്സവത്തിലെ ഡ്രോയിംഗ്, പെയിന്റിംഗ് ഉൾപ്പെടയുള്ള എല്ലാ രചനാ മത്സരങ്ങളുടെയും ഉൽപ്പന്നങ്ങൾ കഴിഞ്ഞ വർഷം മുതൽ സ്കൂൾ വിക്കിയിൽ ഉൾപ്പെടുത്തുന്നതിന് സംവിധാനമൊരുക്കിയിട്ടുണ്ട്. സംസ്ഥാനത്തെ സ്കൂളുകളുടെ തനത് പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ഉൾപ്പെടുത്തുന്നതിന് 'വിക്കിപീഡിയ' മാതൃകയിൽ ആരംഭിച്ച 'സ്കൂൾ വിക്കി'യിൽ ഭൂരിഭാഗം സ്കൂളുകളുടെയും വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

## സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരള

105 (6670) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്വയംഭരണ സ്ഥാപനമായ സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരളയിൽ കരാർ വ്യവസ്ഥയിൽ ജോലി നോക്കുന്ന എത്രപേർ നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരളയിൽ ജോലിനോക്കുന്നവരെ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരളയിൽ സ്ഥിരജീവനക്കാർ എത്രപേർ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇരുപത് പേർ.

(ബി) സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരളയിൽ കോൺട്രാക്ട് അടിസ്ഥാനത്തിൽ ജോലി നോക്കുന്നവരെ സ്ഥിരപ്പെടുത്തുന്ന കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) ഒന്ന്.

## പാലക്കാട് ജില്ലയിൽ സ്മാർട്ട് ക്ലാസ് റൂം പദ്ധതി

106 (6671) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പും സഹകരണ വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന എൽ. പി, യു. പി. സ്കൂളുകളിലെ സ്മാർട്ട് ക്ലാസ്സ് റൂം നിർമ്മാണ പദ്ധതി എന്ന് ആരംഭിക്കുമെന്ന് അറിയിക്കാമോ;

(ബി) പാലാക്കാട് ജില്ലയിലെ ഏതൊക്കെ സ്കൂളുകളെയാണ് ഇതിനായി പരിഗണിക്കുന്നതെന്ന് നിയോജകമണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) 2018-19 സംസ്ഥാന ബഡ്ജറ്റിലാണ് പ്രൈമറി വിദ്യാലയങ്ങളിലെ ഹൈടെക് പ്രവർത്തനങ്ങൾക്ക് തുക വകയിരുത്തിയിട്ടുള്ളത്. പ്രൈമറി സ്കൂളുകളിലെ ക്ലാസ് മുറികൾ ഹൈടെക് ആക്കുകയല്ല പകരം സ്കൂളിന് പൊതുവായി ഹൈടെക് സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

## സ്കൂളുകളിലെ ഉച്ചഭക്ഷണത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് നടപടി

107 (6672) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിൽ വിതരണം ചെയ്യുന്ന ഭക്ഷണത്തിന്റെ ഗുണമേന്മയും സുതാര്യതയും ഉറപ്പുവരുത്തുന്നതിനായി സോഷ്യൽ ഓഡിറ്റ് നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇത് ആരെ ഏൽപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) തീരുമാനിച്ചിട്ടുണ്ട്. ഇന്ത്യയൊട്ടാകെയുള്ള സ്കൂൾതല ഉച്ചഭക്ഷണ പരിപാടി സാമൂഹിക ഓഡിറ്റിന് വിധേയമാക്കണമെന്നുള്ളത് കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയം പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്. ആയതിന്റെ തുടർച്ചയായി 15-2-2017-ൽ ഡൽഹിയിൽവച്ചുനടന്ന പ്രോഗ്രാം അപ്രൂവൽ ബോർഡ് (PAB) മീറ്റിംഗിൽ സർക്കാരിനുവേണ്ടി പൊതു വിദ്യാഭ്യാസ സെക്രട്ടറി പങ്കെടുത്തിരുന്നു. കേരളത്തിൽ ഇത് നടപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വിദ്യാർത്ഥികൾക്കായി വ്യവസായ സംരംഭകത്വ ക്ലബ്ബുകൾ**

108 (6673) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാർത്ഥികൾക്കായി വ്യവസായ സംരംഭകത്വ പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് എവിടെയെല്ലാമാണ് ഈ പദ്ധതി നടപ്പാക്കി വരുന്നതെന്നും ഇവയുടെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും വിവരിക്കുമോ?

ഉത്തരം

(എ-സി) എ.പി.ജെ. അബ്ദുൾകലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാല അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ സംരംഭകത്വ പ്രോത്സാഹനത്തിനായി പ്രത്യേക സ്റ്റാർട്ട് അപ്പ് നയംതന്നെ സാങ്കേതിക സർവ്വകലാശാല പുറത്തിറക്കിയിട്ടുണ്ട്. ഈ മേഖലയിലെ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി സർക്കാർ സഹായത്തോടെ തെരഞ്ഞെടുത്ത 20 കോളേജുകളിൽ ഫാബ് ലാബ് സ്ഥാപിച്ചു. കൂടാതെ, കേരള സ്റ്റാർട്ട് അപ്പ് മിഷനുമായും അസാപ്പുമായും സഹകരിച്ചുകൊണ്ട് സർവ്വകലാശാല ശേഷിവികസനത്തിനായി വിവിധ പദ്ധതികൾ വിഭാവനം ചെയ്തുവരുന്നു. അതാതുകോളേജുകളിൽ

പരിശീലനം ലഭിച്ച അദ്ധ്യാപകർ തന്നെയാണ് ക്ലാസുകൾ കൈകാര്യം ചെയ്യുന്നത്. കോളേജുകൾക്ക് പുറത്തുനിന്നുള്ള വിദഗ്ധരെയും ആവശ്യാനുസരണം നിയോഗിക്കുവാൻ കഴിയും. സംരംഭകത്വ പ്രവർത്തനത്തിൽ ഏർപ്പെടുന്ന വിദ്യാർത്ഥികൾക്ക് ഒരു വർഷം അവധി അനുവദിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

## സ്കൂൾ സിലബസ്സിൽ പി.എസ്.സി.-യെക്കുറിച്ചുള്ള പാഠ്യഭാഗങ്ങൾ

109 (6674) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിദ്യാർത്ഥികൾ കൂടുതൽ അറിയുന്നതിനും മനസ്സിലാക്കുന്നതിനും പി.എസ്.സി.യെക്കുറിച്ചുള്ള പാഠ്യഭാഗങ്ങൾ സ്കൂൾ സിലബസ്സിൽ ഉൾപ്പെടുത്തണമെന്ന നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

പി.എസ്.സി.-യെക്കുറിച്ച് വിദ്യാർത്ഥികൾ കൂടുതൽ അറിയുന്നതിനും മനസ്സിലാക്കുന്നതിനുമായി 10-ാം ക്ലാസിലെ സാമൂഹ്യശാസ്ത്രം പാഠപുസ്തകത്തിലെ 1-ാം ഭാഗത്തിൽ 'പൊതുഭരണം' എന്ന അദ്ധ്യായത്തിൽ പി.എസ്.സി.-യെക്കുറിച്ചുള്ള പാഠ്യഭാഗങ്ങൾ ഇതിനകം ഉൾപ്പെടുത്തിയിട്ടുണ്ട്.

## പാഠപുസ്തക വിതരണം പരിഷ്കരിക്കുന്നതിന് നിർദ്ദേശം

110 (6675) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാഠപുസ്തക വിതരണം കാലോചിതമായി പരിഷ്കരിക്കുന്നതിന് നിർദ്ദേശം സമർപ്പിക്കുന്നതിനായി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ?

ഉത്തരം

കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

## ഗ്രന്ഥശാലകൾക്കുള്ള ഗ്രാന്റ് ഇനത്തിൽ ബജറ്റിൽ നീക്കിവച്ചിരുന്ന തുക

111 (6676) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷത്തിൽ ഗ്രന്ഥശാലാ സംഘത്തിന് ഗ്രാന്റ് ഇനത്തിൽ എത്ര രൂപയാണ് സർക്കാർ നൽകിയത്; സംസ്ഥാന ബജറ്റിൽ എത്ര രൂപയാണ് ഗ്രന്ഥശാല സംഘത്തിനായി നീക്കിവച്ചിരുന്നത്;

(ബി) 2017-18 -ൽ ഗ്രന്ഥശാലാ സംഘത്തിന്റെ ബജറ്റ് തുക എത്രയായിരുന്നു; ഇതിൽ വരവ് എത്രയെന്നും ചെലവ് എത്ര എന്നും വിശദമാക്കാമോ;

(സി) ഗ്രന്ഥശാലാ സംഘത്തിന്റെ ഏത് വർഷം വരെയുള്ള ഓഡിറ്റ് പൂർത്തിയാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ; 2015-16, 2016-17 എന്നീ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കാമോ;

(ഡി) 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ അംഗ ഗ്രന്ഥശാലകൾക്കുള്ള ഗ്രാന്റ് ഇനത്തിൽ ബഡ്ജറ്റിൽ നീക്കിവച്ചിരുന്ന തുക എത്ര; ചെലവഴിച്ച തുക എത്ര; വിശദമാക്കാമോ;

(ഇ) 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ ഗ്രന്ഥശാലാ സംഘത്തിന്റെ ബജറ്റ് എസ്റ്റിമേറ്റ് എത്രയായിരുന്നു എന്നറിയിക്കാമോ; ഇതിൽ ഓരോ സാമ്പത്തിക വർഷവും ചെലവഴിച്ച തുക എത്രയായിരുന്നു എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2017-18 സാമ്പത്തിക വർഷത്തിൽ ഓർഗനൈസേഷൻ ഗ്രാന്റ് ഇനത്തിൽ 19,53,44,000 രൂപയും എസ്റ്റാബ്ലിഷ്മെന്റ് ഗ്രാന്റ് ഇനത്തിൽ 5,46,74,000 രൂപയും അനുവദിച്ചുനൽകിയിട്ടുണ്ട്. ടി വർഷം സർക്കാർ ബജറ്റിൽ ഗ്രാന്റ് ഇനത്തിൽ 25,00,18,000 രൂപയും പദ്ധതിയിനത്തിൽ 92 ലക്ഷം രൂപയും നീക്കിവച്ചിരുന്നു.

(ബി) 2017-18 വർഷത്തെ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ ബജറ്റ് തുക 70,85,00,000 രൂപയാണ്. 70,85,00,000 രൂപ വരവും 70,85,00,000 രൂപ ചെലവുമുള്ള ബജറ്റാണ് അംഗീകരിച്ചിട്ടുള്ളത്.

(സി) കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ 2016-17 വരെയുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് പൂർത്തിയായിട്ടുണ്ടെങ്കിലും റിപ്പോർട്ട് ഇതുവരെ ലഭ്യമായിട്ടില്ല. 2015-16 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു*.

(ഡി) 2016-17 സാമ്പത്തിക വർഷത്തിൽ അംഗ ഗ്രന്ഥശാലകൾക്കുള്ള ഗ്രാന്റ് ഇനത്തിൽ ഗവൺമെന്റ് ബജറ്റിൽ നീക്കിവച്ചിരുന്ന തുക 17,28,04,500 രൂപയാണ്. എന്നാൽ 2015-16 വർഷത്തെ ഗ്രാന്റിനത്തിൽ e-lams-ലേയ്ക്ക് നീക്കിവച്ചിരുന്ന തുകയും ചേർത്ത് 24,55,19,438 രൂപ 2016-17 വർഷം ചെലവഴിച്ചിട്ടുണ്ട്. 2017-18

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സാമ്പത്തിക വർഷത്തിൽ അംഗ ഗ്രന്ഥശാലകൾക്കുള്ള ഗ്രാന്റ് ഇനത്തിൽ ബജറ്റിൽ 25,00,18,000 രൂപയും നീക്കിവച്ചിരുന്നു. ടി 25,00,18,000 രൂപയിൽ അനുവദിച്ചുനൽകിയിട്ടുമുണ്ട്. ഇതിൽ ഇതുവരെ 6,25,04,500 രൂപയുടെ വിനിയോഗ സർട്ടിഫിക്കറ്റ് കൗൺസിൽ ലഭ്യമാക്കിയിട്ടുണ്ട്.

(ഇ) 2016-17 വർഷത്തെ കൗൺസിൽ ബഡ്ജറ്റ് എസ്റ്റിമേറ്റ് 76,25,00,000 രൂപയും 2017-18 വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് 70,85,00,000 രൂപയുമാണ്. 2016-17 വർഷത്തിൽ 52,88,92,666 രൂപ ചെലവഴിച്ചിട്ടുണ്ട്. 2017-18 വർഷത്തെ ചെലവുകൾ പൂർത്തിയായിട്ടില്ല.

**രാഷ്ട്രീയ മാദ്ധ്യമിക് ശിക്ഷാ അഭിയാൻ**

112 (6677) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആർ.എം.എസ്.എ. പദ്ധതിയിലൂടെ ഹൈസ്കൂളുകളായി ഉയർത്തിയ സ്കൂളുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്കൂളുകളിലെ തസ്തികകളിൽ ഒഴിവുകളുണ്ടെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആർ.എം.എസ്.എ. മുഖേന ഹൈസ്കൂളുകളാക്കിയ സ്കൂളുകളിൽ നിയമനം വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ആർ.എം.എസ്.എ. പദ്ധതിയിലൂടെ ഹൈസ്കൂളുകളായി ഉയർത്തിയ സ്കൂളുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി&സി) ആർ.എം.എസ്.എ. പദ്ധതിയിൽ ഉൾപ്പെടുത്തി ഹൈസ്കൂളുകളായി ഉയർത്തിയ എല്ലാ സ്കൂളുകളും സർക്കാർ സ്കൂളുകളായി പുനർനാമകരണം ചെയ്യും. പ്രസ്തുത സ്കൂളിലേയ്ക്ക് ആവശ്യമായ അദ്ധ്യാപക/അനദ്ധ്യാപക തസ്തികകൾ സർക്കാർ സ്കൂളിലേതുപോലെതന്നെ പരിഗണിച്ച് സ്റ്റാഫ് ഫിക്സേഷൻ നടത്തി സ്ഥലമാറ്റവും നിയമനവും നടത്തുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവായിട്ടുണ്ട്. അതിൻപ്രകാരം പ്രസ്തുത സ്കൂളുകളിലെ നിയമനം സമയബന്ധിതമായി നടന്നുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആരംഭിച്ച എട്ടാം ക്ലാസ്സുകൾ

113 (6678) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമപ്രകാരം ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ അദ്ധ്യയന വർഷം ആരംഭിച്ച എട്ടാം ക്ലാസ്സുകൾ നിർത്തണമെന്ന് ആവശ്യപ്പെട്ട് സർക്കാർ ഹൈക്കോടതിയെ സമീപിച്ചിട്ടുണ്ടോ ;

(ബി) അപ്രകാരം എട്ടാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികളുടെ തുടർപഠനത്തിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ ?

### ഉത്തരം

(എ&ബി) 2009-ലെ വിദ്യാഭ്യാസ അവകാശ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം എൽ.പി. വിഭാഗത്തിനോടൊപ്പം 5-ാം ക്ലാസ്സും യു.പി. വിഭാഗത്തിനോടൊപ്പം 8-ാം ക്ലാസ്സും ആരംഭിക്കുന്നതിനായി ബഹു. ഹൈക്കോടതി മുമ്പാകെ സമർപ്പിക്കപ്പെട്ട ഒരുകൂട്ടം ഹർജികളിന്മേൽ അപ്രകാരം ക്ലാസ്സുകൾ ആരംഭിക്കുന്നതിന് ബഹു. കോടതി ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നത് സംബന്ധിച്ച് സർക്കാർ പുതിയ നയം സ്വീകരിക്കാത്ത സാഹചര്യത്തിൽ മേൽനടപടി അംഗീകരിച്ച് ഉത്തരവിറക്കിയിരുന്നില്ല. ഇതുസംബന്ധിച്ച് സർക്കാരിന്റെ ഭാഗം കോടതിയിൽ വ്യക്തമാക്കി സത്യവാങ്മൂലം സമർപ്പിക്കുകയുമുണ്ടായി. പ്രസ്തുത കേസുകളിന്മേൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച അന്തിമവിധിന്യായത്തിൽ 2017-18 അദ്ധ്യയന വർഷത്തേക്കുമാത്രമാണ് ഇപ്രകാരം ക്ലാസ്സുകൾ നടത്തുന്നതിന് ഉത്തരവായതെന്ന് വ്യക്തമാക്കുകയുണ്ടായി. അന്തിമവിധി വന്ന സാഹചര്യത്തിൽ ഇടക്കാല ഉത്തരവിന്റെ ബലത്തിൽ 2017-18 അദ്ധ്യയന വർഷത്തിൽ 5-ാം ക്ലാസ്സും 8-ാം ക്ലാസ്സും ആരംഭിച്ച സ്കൂളുകൾ 2018-19 അദ്ധ്യയന വർഷം മുതൽ ടി ക്ലാസ്സുകൾ നടത്തുന്നില്ലായെന്നും കുട്ടികൾക്ക് മറ്റ് സ്കൂളുകളിൽ പ്രവേശനം നേടുന്നതിന് റ്റി.സി. നൽകുന്നുണ്ടെന്നും ഉറപ്പുവരുത്തുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകുകയുണ്ടായി. ആയതിൻപ്രകാരം എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## സ്കൂൾ വിദ്യാഭ്യാസത്തിനോടൊപ്പം തൊഴിലധിഷ്ഠിത കോഴ്സുകൾ

114 (6679) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാഭ്യാസത്തിനോടൊപ്പം തൊഴിലധിഷ്ഠിത കോഴ്സുകൾകൂടി പഠിപ്പിക്കുന്നതിനുള്ള ദേശീയ നൈപുണ്യ പദ്ധതി ഏതൊക്കെ ക്ലാസ്സുകളിലാണ് നടപ്പിലാക്കിയതെന്നറിയിക്കാമോ;

(ബി) ഇത് സംബന്ധിച്ച പാഠ്യപദ്ധതി തയ്യാറാക്കുന്നതിന് ആരെയാണ് ഏൽപ്പിച്ചിട്ടുള്ളതെന്നറിയിക്കുമോ;

(സി) ഏതൊക്കെ മേഖലയിലെ എത്ര കോഴ്സുകൾക്കാണ് കേന്ദ്ര സഹായം ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഹയർ സെക്കണ്ടറി കഴിഞ്ഞ് ഇത്തരം തൊഴിൽ മേഖലയിൽത്തന്നെ ഉപരിപഠനത്തിന് ബിരുദ - ബിരുദാനന്തര വിഭാഗങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) കേരളത്തിലെ സ്കൂളുകളിൽ ദേശീയ നൈപുണ്യ പദ്ധതി നിലവിൽ നടപ്പിലാക്കിയിട്ടില്ല. എന്നാൽ സ്കൂൾ വിദ്യാഭ്യാസത്തിനോടൊപ്പം തൊഴിലധിഷ്ഠിത കോഴ്സുകൾകൂടി പഠിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി 2018-2019 അദ്ധ്യയന വർഷം മുതൽ സംസ്ഥാനത്തെ തെരഞ്ഞെടുത്ത സ്കൂളുകളിൽ ദേശീയ തൊഴിൽ നൈപുണ്യ പദ്ധതി (എൻ.എസ്.ക്യൂ.എഫ്.) പ്രകാരമുള്ള കോഴ്സുകൾ നടപ്പിലാക്കുന്നതിനുവേണ്ട പ്രാരംഭ പ്രവർത്തനങ്ങൾ വി.എച്ച്.എസ്.സി. ഡയറക്ടറുമായി കൂടിയാലോചിച്ച് സ്വീകരിക്കുന്നതിന് എസ്.സി.ഇ.ആർ.ടി. ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) പാഠ്യപദ്ധതി തയ്യാറാക്കുന്നതിന് എസ്.സി.ഇ.ആർ.ടി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) എൻ.എസ്.ക്യൂ.എഫ്. മാനദണ്ഡങ്ങൾ പ്രകാരം നടപ്പിലാക്കുന്ന എല്ലാ കോഴ്സുകൾക്കും കേന്ദ്ര സഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(ഡി) ഇല്ല.

**ഈ വർഷത്തെ ഹയർ സെക്കണ്ടറി അക്കൗണ്ടൻസി പരീക്ഷ**

115 (6680) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സിലബസ് പ്രകാരമുള്ള ഈ വർഷത്തെ ഹയർ സെക്കണ്ടറി 2-ാം വർഷ അക്കൗണ്ടൻസി പരീക്ഷയിലെ ചോദ്യങ്ങൾ പ്രയാസമായിരുന്നുവെന്ന വ്യാപകമായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത വിഷയത്തിന്റെ മൂല്യനിർണ്ണയം ഉദാരമാക്കാൻ നിർദ്ദേശം നൽകുമോ;

(ബി) അദ്ധ്യാപകർക്കുപോലും പ്രയാസമായതും കഠിനവുമായ ചോദ്യങ്ങൾ പരീക്ഷകളിൽ ഉൾപ്പെടുത്തുന്നതിന് ഭാവിയിൽ നിയന്ത്രണം ഏർപ്പെടുത്താൻ നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്കീം ഫൈനലൈസേഷനിൽ പങ്കെടുക്കുന്ന അദ്ധ്യാപകർ ഏതാനും ഉത്തരക്കടലാസ്സുകൾ പരിശോധിച്ച് വിദ്യാർത്ഥികൾക്ക് പ്രസ്തുത പരീക്ഷ പ്രയാസമായിട്ടുണ്ടെന്ന് കണ്ടെത്തുന്നപക്ഷം അത് പരിഹരിക്കുന്ന വിധത്തിൽ മൂല്യനിർണ്ണയതന്ത്രം തയ്യാറാക്കുന്നതും ആയത് നടപ്പിലാക്കുന്നതുമാണ്.

(ബി) ചോദ്യങ്ങൾ തയ്യാറാക്കുന്നവർക്ക് ഇക്കാര്യത്തെക്കുറിച്ച് കൃത്യമായ നിർദ്ദേശങ്ങൾ നൽകാറുണ്ട്. ആയതിന് കൂടുതൽ ശ്രദ്ധ നൽകുന്നതുമാണ്.

## പ്ലസ് ടു-വിലെ സമയക്രമം

116 (6681) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്ലസ് ടു-വിലെ സമയക്രമം പഴയതുപോലെ ആക്കുന്ന കാര്യം പരിഗണനയിലുണ്ടോ; നിലവിലെ അവസ്ഥയിൽ കുട്ടികൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

ഇപ്പോൾ പരിഗണനയിലില്ല. കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ നിലവിലെ ഹയർ സെക്കണ്ടറി സ്കൂൾ സമയക്രമം കുട്ടികളുടെ ആരോഗ്യപരവും ബൗദ്ധികപരവും സാമൂഹ്യപരവുമായുള്ള വളർച്ചയ്ക്ക് എത്രമാത്രം ഗുണകരമാണെന്ന് കുട്ടികളുടെയും അദ്ധ്യാപകരുടെയും മാതാപിതാക്കളുടെയും ഇടയിൽ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് എസ്.സി.ഇ.ആർ.ടി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## പ്ലസ്-ടു ഹ്യൂമാനിറ്റീസ് പരീക്ഷ

117 (6682) <u>ശ്രീ. എൻ .എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്രാവശ്യത്തെ പ്ലസ് ടു ഹ്യൂമാനിറ്റീസ് പരീക്ഷ എപ്പോഴാണ് നടന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പരീക്ഷയുടെ ഇസ്ലാമിക് ഹിസ്റ്ററി ആന്റ് കൾച്ചർ എന്ന വിഷയത്തിന്റെ ചോദ്യപേപ്പറിനോടൊപ്പം ഭൂപടം നൽകാറുണ്ടോ: വ്യക്തമാക്കാമോ;

(സി) എങ്കിൽ ഇത്തവണ പരീക്ഷയുടെ ആദ്യഘട്ടത്തിൽ വിദ്യാർത്ഥികൾക്ക് ഭൂപടം ലഭിച്ചില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) എങ്കിൽ ഇത് സംബന്ധിച്ച പരാതി ലഭിച്ചിരുന്നോയെന്നും ആരാണ് പരാതി നൽകിയതെന്നും അറിയിക്കാമോ;

(ഇ) പരീക്ഷ തുടങ്ങി ഒന്നരമണിക്കൂറിലധികം പിന്നിട്ടതിനുശേഷം ഭൂപടം നൽകിയെന്നത് വീഴ്ചയാണെങ്കിൽ അതിനുത്തരവാദികൾ ആരാണെന്നും അവർക്കെതിരെ എന്ത് നടപടികളാണ് സ്വീകരിച്ചതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) 2018 മാർച്ച് 7 മുതൽ 2018 മാർച്ച് 28 വരെ.

(ബി) സ്ഥലം അടയാളപ്പെടുത്താനുള്ള ചോദ്യമാണെങ്കിൽ ഭൂപടവും ലഭ്യമാക്കാറുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) പ്രസ്തുത പരീക്ഷ തുടങ്ങിയ ഉടൻതന്നെ പരീക്ഷാ കേന്ദ്രങ്ങളിലെ ചീഫ് സൂപ്രണ്ട്/ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട് എന്നിവർ ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിലെ പരീക്ഷാ വിഭാഗത്തിൽ ഫോൺ മുഖാന്തരം വിവരം അറിയിച്ചിരുന്നു.

(ഇ) വിവരമറിഞ്ഞയുടൻതന്നെ ഭൂപടം വിദ്യാർത്ഥികൾക്ക് നൽകുകയും എല്ലാ വിദ്യാർത്ഥികളും പരീക്ഷയെഴുതുകയും ചെയ്തിട്ടുണ്ട്.

**ഹയർ സെക്കണ്ടറി പഠനത്തിനുള്ള സീറ്റുകൾ ക്രമപ്പെടുത്തുന്നതിന് നടപടി**

118 (6683) ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. പി. ഉണ്ണി :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എസ്.എസ്.എൽ.സി. പാസ്സായി വരുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും ഹയർ സെക്കണ്ടറി പഠനത്തിനുള്ള സീറ്റുകൾ പര്യാപ്തമാണോ; വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്താകെ ഹയർസെക്കന്ററിയിൽ എത്ര സീറ്റുകൾ കൂടുതലായി അനുവദിക്കുന്നതിന് സാധിച്ചിട്ടുണ്ട് വെളിപ്പെടുത്തുമോ;

(സി) കഴിഞ്ഞ രണ്ട് അധ്യയന വർഷങ്ങളിലായി എത്ര വീതം ഹയർ സെക്കണ്ടറി സീറ്റുകളാണ് ഒഴിഞ്ഞുകിടന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) എസ്.എസ്.എൽ.സി. പാസ്സായി വരുന്നവരുടെ എണ്ണം ക്രമാനുഗതമായി കുറഞ്ഞുവരുന്നത് ഭാവിയിൽ ഹയർ സെക്കണ്ടറി മേഖലയെയും ബാധിക്കുകയില്ലെ എന്ന് വ്യക്തമാക്കുമോ;

(ഇ) സീറ്റുകൾ ആവശ്യമാകുന്നിടത്തേക്ക് അധിക സീറ്റുകൾ ക്രമപ്പെടുത്തുന്നതിന് നിലവിൽ എന്തെങ്കിലും സംവിധാനമുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

**ദേശീയ സ്കൂൾ കായികമേള-ടീം മാനേജരെ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം**

119 (6684) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ സ്കൂൾ കായികമേളയിൽ പങ്കെടുക്കുന്നവർക്ക് പരിശീലകരെയും ടീം മാനേജർമാരെയും നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം എന്താണ്; വ്യക്തമാക്കാമോ;

(ബി) 2017-18 വർഷത്തെ ദേശീയ സ്കൂൾ കായികമേളയിൽ ഒരാളെത്തന്നെ പങ്കെടുത്ത ഒന്നിലധികം ടീമുകളുടെ മാനേജരായി നിശ്ചയിച്ചിരുന്നോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) സ്കൂൾ ഗെയിംസ് ആന്റ് അത്‌ലറ്റിക്സ് മാന്വൽ പ്രകാരം ദേശീയ ടീമിന്റെ മാനേജർമാരായി നിയമിക്കപ്പെടുന്നവർ ഡി.പി.ഐ./ഹയർ സെക്കണ്ടറി/ വൊക്കേഷണൽ ഹയർ സെക്കണ്ടറി എന്നിവയിലെ ജീവനക്കാരോ കായിക അദ്ധ്യാപകരോ ആയിരിക്കും. കോച്ചുമാരായി നിയമിക്കപ്പെടുന്നവർ സ്പോർട്സ് ഓർഗനൈസർ നിശ്ചയിക്കുന്ന കായികാദ്ധ്യാപകരോ അതത് മത്സര ഇനത്തിലെ പ്രഗത്ഭരോ ആയിരിക്കും. ടീമിനെ കൊണ്ടു പോകുന്നവർ സർവ്വീസ് കാലയളവിൽ മറ്റുതരത്തിൽ അച്ചടക്കനടപടിക്ക് വിധേയരാകാത്തവരായിരിക്കണം.

(ബി) 2017-18 വർഷത്തെ ദേശീയ സ്കൂൾ കായിക മേളയിൽ താഴെ പറയുന്നവരെ 2 പ്രാവശ്യം വീതം ടീമിന്റെ മാനേജർമാരായി നിശ്ചയിച്ചിരുന്നു.

1. ശ്രീ. റോയി പി. ജോർജ്, പി.ഇ.ടി., സെന്റ് മേരീസ് എച്ച്.എസ്., മണർകാട്, കോട്ടയം.

2. ശ്രീ. ത്രിവി. കെ. എൻ., ലക്ചറർ, ഡയറ്റ്, തിരുവനന്തപുരം.

3. ശ്രീ സഞ്ജയ് കുമാർ. സി., പി. ഇ. ടി., ജി.എച്ച്.എസ്.എസ്., ചോറ്റാനിക്കര.

4. ശ്രീ. ബിനീഷ് എൻ.പി., പി. ഇ. ടി., ഇ.എം.എസ്.ജി.എച്ച്.എസ്., പാപ്പിനിശ്ശേരി

5. ശ്രീ. സന്തോഷ് കെ., പി.ഇ.ടി., മട്ടക്കര എച്ച്.എസ്., കോട്ടയം.

6. ശ്രീ. ഗിരീഷ് കുമാർ സി.എസ്., പി.ഇ.ടി., വി.ബി.ജി.എച്ച്.എസ്., തൃശ്ശൂർ

7. ശ്രീ. കെ. എം. ബല്ലാൽ, പി.ഇ.ടി., ജി.എച്ച്.എസ്.എസ്., പൈവാലിക് നഗർ, കാസർഗോഡ്

8. ശ്രീ. പി. പി. മുഹമ്മദ് അലി, പി.ഇ.ടി., ജി.ടി.ടി.ഐ. (മെൻ), കണ്ണൂർ

**ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്ബുകൾ**

120 (6685) ശ്രീ. എസ്. ശർമ്മ :
ശ്രീ. എം. സ്വരാജ് :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഹൈസ്കൂളുകളിൽ ലിറ്റിൽ കൈറ്റ്സ് ഐ. ടി. ക്ലബ്ബുകൾ രൂപീകരിക്കുന്നതിനുള്ള പദ്ധതിയുടെ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത ഐ. ടി. ക്ലബ്ബുകൾക്ക് പ്രഫഷണലുകളുടെയും കലാകാരന്മാരുടെയും കോളേജ് അദ്ധ്യാപകരുടെയും പിൻതുണയും സഹകരണവും ഉറപ്പാക്കിയിട്ടുണ്ടോ;

(സി) ഇ-കോമേഴ്സ്, ഇ-ഗവേണൻസ്, മലയാളം കംപ്യൂട്ടിംഗ് , മൊബൈൽ ആപ്പ് നിർമ്മാണം, സൈബർ സുരക്ഷ, ഹാർഡ്‌വെയർ, ആനിമേഷൻ, ഇലക്ട്രോണിക്സ് തുടങ്ങിയവ പ്രസ്തുത ക്ലബ്ബിന്റെ പരിശീലന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ ഹൈസ്കൂളുകളിൽ ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്ബ് ആരംഭിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 2018-19 അദ്ധ്യയന വർഷം 1990 ഹൈസ്കൂളുകളിൽ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരികയാണ്.

(ബി) ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് പ്രത്യേക ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും ക്യാമ്പുകളിൽ വിവിധ മേഖലകളിലുള്ള വിദഗ്ധരുടെ ക്ലാസ്സുകൾ നൽകുന്നതിനും ക്രമീകരണം ഒരുക്കിയിട്ടുണ്ട്.

(സി) ഉണ്ട്. അനിമേഷൻ, സൈബർ സുരക്ഷ, മലയാളം കമ്പ്യൂട്ടിംഗ്, ഹാർഡ്‌വെയർ, ഇലക്ട്രോണിക്സ് എന്നീ മേഖലകളിൽ ഒരുലക്ഷം ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം നൽകുകയും പരിശീലനം ലഭിച്ച കുട്ടികളുടെ കൂട്ടായ്മയായ 'ലിറ്റിൽ കൈറ്റ്സ്' ഐ.ടി. ക്ലബ്ബായി രൂപീകരിക്കുകയുമാണ് ചെയ്തിട്ടുള്ളത്.

**ആർ.എം.എസ്.എ., എസ്.എസ്.എ. പദ്ധതികളുടെ സംയോജനം**

121 (6686) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.എം.എസ്.എ, എസ്.എസ്.എ. എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികൾ സംയോജിപ്പിച്ചുകൊണ്ട് ഒരു പദ്ധതിയാക്കി മാറ്റണമെന്ന കേന്ദ്ര സർക്കാർ നിർദ്ദേശം സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച അറിയിപ്പുകൾ/ കത്തിടപാടുകൾ എന്നിവയുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഈ രണ്ട് കേന്ദ്രാവിഷ്കൃത പദ്ധതികളുടെകീഴിൽ ഭിന്നശേഷിക്കാരായ കുട്ടികളുടെ പഠന പിന്തുണയ്ക്ക് ഏതെല്ലാം പ്രവർത്തനങ്ങൾ/പരിപാടികൾ നടപ്പിലാക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) ഭിന്നശേഷിക്കാരായ കുട്ടികളുടെ പഠന പിന്തുണക്കായി രണ്ട് പദ്ധതികളിലായി നിയമിക്കപ്പെട്ട സ്പെഷ്യൽ എഡ്യൂക്കേറ്റർമാർ/ റിസോഴ്സ് ടീച്ചർമാർ എന്നിവരുടെ പേര്, വിദ്യാഭ്യാസ യോഗ്യത, ആർ.സി.ഐ. രജിസ്ട്രേഷൻ നമ്പർ, പ്രവൃത്തിക്കുന്ന വിദ്യാലയം എന്നിവ രേഖപ്പെടുത്തിയ ജില്ല തിരിച്ചുള്ള പട്ടിക ലഭ്യമാക്കാമോ?

ഉത്തരം

(എ) കേന്ദ്ര സർക്കാരിന്റെ പ്രസ്തുത നിർദ്ദേശം സംബന്ധിച്ച പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികളായ സർവ്വശിക്ഷാ അഭിയാൻ (എസ്.എസ്.എ.), രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർ.എം.എസ്.എ.)

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

എന്നീ പദ്ധതികൾ മുഖേന ഭിന്നശേഷിക്കാരായ കുട്ടികളുടെ പഠന പിന്തുണയ്ക്ക് നൽകുന്ന പ്രവർത്തനങ്ങൾ/പരിപാടികൾ ചുവടെ ചേർക്കുന്നു. എസ്.എസ്.എ. മുഖേന വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനും ശാരീരിക പരിമിതികൾ മറികടക്കുന്നതിനും അർഹരായ കുട്ടികൾക്ക് അനുയോജ്യമായ കണ്ണട, ശ്രവണ സഹായി, വീൽ ചെയർ തുടങ്ങിയ ഉപകരണങ്ങൾ നൽകുന്നു. സഞ്ചാര പരിമിതിയുള്ള കുട്ടികൾക്ക് സ്കൂളുകളിലും കേന്ദ്രങ്ങളിലും തെറാപ്പി കേന്ദ്രങ്ങളിൽ സുരക്ഷിതമായി എത്തിച്ചേരുന്നതിനും പ്രതിവർഷം 2,500 രൂപ (രണ്ടായിരത്തി അഞ്ഞൂറ് രൂപ) വീതം ട്രാൻസ്പോർട്ട്, എസ്കോർട്ട് അലവൻസായി നൽകുന്നു. ഓട്ടിസമുള്ള കുട്ടികൾക്കായി ബ്ലോക്കുതലങ്ങളിൽ ഓട്ടിസം സെന്ററുകൾ പ്രവർത്തിക്കുന്നു.

ശാരീരിക അവശത കാരണം സ്ഥിരമായി സ്കൂളുകളിൽ എത്താൻ കഴിയാത്ത കുട്ടികളുടെ വീട്ടിൽ അവർക്കായി ഹോം ലൈബ്രറി സംവിധാനം ഒരുക്കിയിട്ടുണ്ട്. അദ്ധ്യാപക പരിശീലനങ്ങളിൽ അനുരൂപീകരണ പ്രവർത്തനങ്ങൾ പരിചയപ്പെടുത്തുന്നു. ഓരോ പഞ്ചായത്തിലും റിസോഴ്സ് അദ്ധ്യാപകരുടെ സേവനം ലഭ്യമാക്കുന്നതിന് റിസോഴ്സ് അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്.

ഭിന്നശേഷി വിഭാഗം കുട്ടികളുടെ ഉന്നമനത്തിനായി അദ്ധ്യാപക പരിശീലനം നടത്തി പൊതുവിദ്യാലയങ്ങളിലെ അദ്ധ്യാപകരെ ശാക്തീകരിക്കുന്നു. സമീപന രീതി രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നതിനായി രക്ഷകർത്തൃ വിദ്യാഭ്യാസം നൽകുന്നു. ഓട്ടിസം സെന്ററുകളിൽ തെറാപ്പിസ്റ്റുകളുടെ സേവനം തികച്ചും സൗജന്യമായി നൽകുന്നു. ആർ.എം.എസ്.എ. മുഖേന ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനത്തിന് ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും കാറ്റഗറി അനുസരിച്ച് ബുക്ക് ആന്റ് സ്റ്റേഷനറി, എസ്കോർട്ട് അലവൻസ്, റീഡർ അലവൻസ്, ട്രാൻസ്പോർട്ടേഷൻ അലവൻസ്, യൂണിഫോം, പെൺകുട്ടികളുടെ സ്കോളർഷിപ്പ്, എയ്ഡ്സ് ആന്റ് അപ്ലൈൻസ് എന്നിവ നൽകിവരുന്നു. കൂടാതെ 853 റിസോഴ്സ് അദ്ധ്യാപകരുടെ സേവനം, 60 ആയമാരുടെ സേവനവും ഇവർക്കായി ലഭ്യമാക്കിയിട്ടുണ്ട്. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ ശാരീരികവും മാനസികവുമായ വളർച്ചക്കായി ഹോർട്ടികൾച്ചർ തീം പാർക്ക് ഓരോ ജില്ലയിലും സജ്ജീകരിക്കാനുള്ള ട്രെയിനിംഗും നൽകിയിട്ടുണ്ട്.

(സി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## എറവ് റ്റി.എഫ്.എം.എൽ.പി. സ്കൂൾ

122 (6687) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ അരിമ്പൂർ പഞ്ചായത്തിലെ എറവ് റ്റി.എഫ്.എം.എൽ.പി. സ്കൂൾ സർക്കാർ ഏറ്റെടുക്കണമെന്നാവശ്യപ്പെട്ട് സ്റ്റാഫ് മാനേജ്മെന്റ് നൽകിയിട്ടുള്ള നിവേദനത്തിന്മേൽ (18-12-2017-ലെ 4717/17/M(Edn) തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറക്ടർ സ്വീകരിച്ച തുടർനടപടി സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത സ്കൂൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച് തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറ്കടർ ഡി.പി.ഐ.-ക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(സി) അടുത്ത അധ്യയന വർഷത്തിനുമുമ്പ് ഈ സ്കൂൾ സർക്കാർ ഏറ്റെടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) നിവേദനത്തിന്മേൽ തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറക്ടർ തൃശ്ശൂർ വെസ്റ്റ് ഉപജില്ലാ വിദ്യാഭ്യാസ ആഫീസറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്.

(ബി) തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറക്ടർ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

(സി) പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് പരിശോധിക്കുന്നതാണ്.

## കാസർഗോഡ് ജില്ലയിലെ കൊടിയമ്മ ഗവൺമെന്റ് ഹൈസ്കൂൾ

123 (6688) <u>ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കൊടിയമ്മ ഗവൺമെന്റ് ഹൈസ്കൂൾ-ലെ യു. പി. വിഭാഗവും ഹൈസ്കൂൾ വിഭാഗവും രണ്ട് കിലോമീറ്റർ ദൂരവ്യത്യാസത്തിൽ പ്രവർത്തിച്ചുവരുന്നതിനാൽ വിദ്യാലയത്തിന്റെ ഭരണപരവും അക്കാദമികവുമായ കാര്യങ്ങൾ ബുദ്ധിമുട്ടിലായത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ സർക്കാർതലത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് പി. ടി. എ. നൽകിയ

നിവേദനത്തിന്റെ ഭാഗമായുള്ള 768096/എഫ് 1/16/G.Edn. എന്ന ഫയലിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;വ്യക്തമാക്കുമോ;

(സി) കൊടിയമ്മ ഗവൺമെന്റ് ഹൈസ്കൂളിലെ യു. പി. വിഭാഗത്തെ ജി. എച്ച്. എസ്. -ൽ നിന്നും മാറ്റി ജി. യു. പി. എസ്. കൊടിയമ്മ, ജി. എച്ച്. എസ്. കൊടിയമ്മ എന്നിങ്ങനെ സ്വതന്ത്ര വിദ്യാലയങ്ങളാക്കി മാറ്റാൻ സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമായിട്ടില്ല.

(സി) പരിശോധിക്കുന്നതാണ്.

## മാമലക്കണ്ടം സർക്കാർ എച്ച്.എസ്.-ൽ പ്ലസ് ടു കോഴ്സ് അനുവദിക്കാൻ നടപടി

124 (6689) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ കുട്ടമ്പുഴ പഞ്ചായത്തിൽ 16-ൽ അധികം ആദിവാസി കോളനികളിലെ കുട്ടികൾ പഠിക്കുന്നതും മലയോര മേഖലയിൽ സ്ഥിതി ചെയ്യുന്നതുമായ മാമലക്കണ്ടം സർക്കാർ എച്ച്.എസിൽ പ്ലസ് ടു കോഴ്സ് ആരംഭിക്കുന്നത് പരിഗണനയിൽ ഉണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത സ്കൂളിൽ പ്ലസ് ടു കോഴ്സ് അനുവദിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) വിവിധ കോടതി വിധികളുടെ വെളിച്ചത്തിൽ സർക്കാർ സംസ്ഥാനത്തെ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ആവശ്യകത ശാസ്ത്രീയമായി കണ്ടെത്തി അതിന്റെ അടിസ്ഥാനത്തിൽ പുതിയ ഹയർ സെക്കണ്ടറി സ്കൂളുകൾ അനുവദിക്കുന്നതിനായി നയപരമായ തീരുമാനമെടുത്ത് അപേക്ഷകൾ ക്ഷണിക്കുമ്പോൾ മാത്രമേ മാമലക്കണ്ടം സർക്കാർ ഹൈസ്കൂളിൽ ഹയർ സെക്കണ്ടറി കോഴ്സ് അനുവദിക്കുന്ന വിഷയവും പരിഗണിക്കാൻ കഴിയുകയുള്ളൂ.

## എച്ച്.എച്ച്.എസ്.ടി. ബൈ ട്രാൻസ്ഫർ നിയമനം

125 (6690) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിൽ എൽ.പി./യു.പി, എച്ച്.എസ്.എ. വിഭാഗങ്ങളിൽ നിന്നും എച്ച്.എസ്.എസ്.ടി. യിലേക്കുള്ള ബൈട്രാൻസ്ഫർ നിയമനത്തിന് എത്ര ശതമാനം സംവരണമാണ് അനുവദിച്ചിട്ടുള്ളത്; വിശദവിവരം ലഭ്യമാക്കാമോ;

(ബി) എൽ.പി. /യു.പി. , എച്ച്.എസ്.എ. വിഭാഗങ്ങളിൽനിന്നും എച്ച്. എസ്. എസി. ടി. യിലേക്കുള്ള ബൈട്രാൻസ്ഫർ നിയമനത്തിന് നിലവിലുള്ള ഒഴിവുകൾ വിഷയം തിരിച്ച് ലഭ്യമാക്കാമോ?

ഉത്തരം

(എ) ഹയർ സെക്കണ്ടറി സ്പെഷ്യൽ റൂൾസ് പ്രകാരം യോഗ്യരായ എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) അദ്ധ്യാപകരുടെ അഭാവത്തിൽ എച്ച്.എസ്.എസ്.റ്റി. ഒഴിവുകൾ 1:3 എന്ന അനുപാതത്തിൽ തസ്തികമാറ്റ നിയമനം മുഖേനയും നേരിട്ടുള്ള നിയമനം മുഖേനയും നികത്തപ്പെടുന്നതാണ്.

(ബി)

| വിഷയം | ഒഴിവുകൾ |
|---|---|
| ഇക്കണോമിക്സ് | 5 |
| ഫിലോസഫി | 1 |
| ഇസ്ലാമിക് ഹിസ്റ്ററി | 1 |
| ജിയോളജി | 1 |
| കമ്പ്യൂട്ടർ സയൻസ് | 9 |
| മലയാളം | 8 |

## ശ്രീദേവി സമർപ്പിച്ച ഫാമിലി പെൻഷൻ അപേക്ഷ

126 (T*6691) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീമതി K.V. ചെല്ലമ്മ, H. M, HWLPS, നേരേകടവ്, വൈക്കം (പ്രാണശ്ശേരി, പൂച്ചാക്കൽ. പി.ഒ., ചേർത്തല) എന്നയാളുടെ മരണശേഷം ഫാമിലി പെൻഷനുവേണ്ടി ശ്രീമതി ശ്രീദേവി, പ്രാണശ്ശേരി, പൂച്ചാക്കൽ പി.ഒ. എന്നയാളുടെ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ടിയാൾക്ക് ഫാമിലി പെൻഷൻ ലഭിക്കുന്നതിനുവേണ്ട സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ശ്രീമതി കെ. വി. ചെല്ലമ്മ, എച്ച്. എം, എച്ച്. ഡബ്ല്യു.എൽ.പി.എസ്., നേരേകടവ്, വൈക്കം (പ്രാണശ്ശേരി, പൂച്ചാക്കൽ പി.ഒ., ചേർത്തല) എന്നയാളുടെ മരണശേഷം ഫാമിലി പെൻഷനുവേണ്ടി മകൾ ശ്രീമതി ശ്രീദേവി 31-3-2016-ന് വൈക്കം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിച്ച അപേക്ഷ മേൽനടപടികൾക്കായി 2-6-2016-ന് അക്കൗണ്ടന്റ് ജനറലിന് സമർപ്പിച്ചിരുന്നു. വിവാഹബന്ധം വേർപെടുത്തിയ മകൾക്ക് ഫാമിലി പെൻഷന് അർഹതയില്ലാത്തതിനാൽ അക്കൗണ്ടന്റ് ജനറലിന്റെ 30-12-2016 ലെ പി.5/1/Pen A/132/J/91-92 നമ്പർ കത്തുപ്രകാരം അപേക്ഷ നിരസിച്ചിരിക്കുകയാണ്.

## എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക നിയമനം

127 (6692) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകളിൽ ഒഴിവുവരുന്ന അദ്ധ്യാപക തസ്തികകളിൽ ടീച്ചേഴ്സ് ബാങ്കിൽ നിന്ന് നടത്തുന്ന നിയമനങ്ങൾ മാനേജർമാരുടെ നിസംഗതമൂലവും നിയമിച്ച അദ്ധ്യാപകർ ജോലിയിൽ പ്രവേശിക്കാത്തതുമൂലവും ഉണ്ടാകുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം വിദ്യാർത്ഥികൾക്കുണ്ടാകുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിന്, സർക്കാർ അംഗീകരിച്ച തസ്തികകളിൽ വരുന്ന ഒഴിവ് നികത്തുന്നതിന് ദിവസ വേതന അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## സംരക്ഷിത അദ്ധ്യാപകർക്ക് സ്ഥിരം നിയമനം

128 (6693) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ കഴിഞ്ഞ രണ്ട് വർഷം മാനേജ്മെന്റ് നിയമിച്ച അദ്ധ്യാപകരെ പിൻവലിച്ച് സംരക്ഷിത അദ്ധ്യാപകർക്ക് സ്ഥിരം നിയമനം നൽകുന്നതിന് ഉത്തരവായിട്ടുണ്ടോ;

(ബി) ഇതിനായി വിദ്യാഭ്യാസ ചട്ടങ്ങളിൽ വരുത്തിയ ഭേദഗതി കേരള ഹൈക്കോടതി അംഗീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) 2016-17 - ലെ തസ്തിക നിർണ്ണയം പൂർത്തിയാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; 1 മുതൽ 8 വരെയുള്ള ക്ലാസ്സുകളിൽ കേന്ദ്ര വിദ്യാഭ്യാസ നിയമത്തിന്റെ ഷെഡ്യൂൾ അനുസരിച്ചുള്ള തസ്തിക നിർണ്ണയം നടത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ ?

### ഉത്തരം

(എ) ഇല്ല. പ്രൈമറി വിദ്യാലയങ്ങളിലെ പ്രഥമാദ്ധ്യാപകരെ ക്ലാസ് ചാർജിൽ നിന്നും ഒഴിവാക്കുന്നത് വഴിയുണ്ടാകുന്ന ഒഴിവുകൾ 1:1 അനുപാതം പാലിച്ചുകൊണ്ട് ഭാവിയിൽ ഒരു സ്കൂളിൽ ഉണ്ടാവുന്ന ഒഴിവുകൾ, 3 മാസത്തിൽ അധികംവരുന്ന താത്കാലിക ഒഴിവുകൾ എന്നിവയിൽ സംരക്ഷിതാദ്ധ്യാപകരെ മാത്രമേ നിയമിക്കാവൂ എന്ന് 29-1-2016-ലെ സ.ഉ. (പി.) നമ്പർ 29/2016/പൊ.വി.വ. പ്രകാരം ഉത്തരവായിരുന്നു. ഈ ഉത്തരവിന് ചില ഭേദഗതികൾ വരുത്തി 29-1-2016 പ്രാബല്യത്തോടെ 3-12-2016 ലെ ജി.ഒ.(പി) നമ്പർ 199/2016/പൊ.വി.വ. പ്രകാരം കെ.ഇ.ആർ. ഭേദഗതി വരുത്തി നിയമപ്രാബല്യം നൽകിയിട്ടുണ്ട്. ഇതുപ്രകാരം പ്രൈമറി വിദ്യാലയങ്ങളിലെ പ്രഥമാദ്ധ്യാപകരെ ക്ലാസ് ചാർജിൽനിന്നും ഒഴിവാക്കുന്നതു വഴിയുണ്ടാകുന്ന ഒഴിവുകൾ, അധിക തസ്തികകളിൽ 1:1 അനുപാതം പാലിച്ചുകൊണ്ടുള്ള ഒഴിവുകൾ, പുതുതായി ഉണ്ടായതോ ഉയർത്തപ്പെട്ടതോ ആയ സ്കൂളുകളിലെ എല്ലാ ഒഴിവുകളും ഒരു അക്കാദമിക വർഷമോ അതിൽ കൂടുതലോ ദൈർഘ്യമുള്ള താൽക്കാലിക ഒഴിവുകൾ എന്നിവയിൽ സംരക്ഷിതാദ്ധ്യാപകരെ മാത്രമേ നിയമിക്കാവൂ. 29-1-2016-ലെ ഉത്തരവിലെ നിർദ്ദേശം അനുസരിക്കാതെ നടത്തിയ നിയമനങ്ങളാണ് അംഗീകരിക്കപ്പെടാതിരിക്കുന്നത്.

(ബി) ഉണ്ട്. 3-12-2016 ലെ ജി.ഒ.(പി) നമ്പർ 199/2016/പൊ.വി.വ. പ്രകാരമുള്ള കെ.ഇ.ആർ. ഭേദഗതി ബഹു. കേരള ഹൈക്കോടതി റിട്ട് പെറ്റീഷൻ

നം.1356/2017 തുടങ്ങിയ കേസ്സുകളിൽ 11-10-2017-നുണ്ടായ വിധിന്യായത്തിലൂടെ അംഗീകരിച്ചിട്ടുണ്ട്.

(സി) ഉണ്ട്. 2016-17-ലെ തസ്തികനിർണ്ണയം പൂർത്തിയാക്കിയിട്ടുണ്ട്. വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ ഷെഡ്യൂളിൽ നിഷ്കർഷിക്കുന്ന വിദ്യാർത്ഥി-അദ്ധ്യാപക അനുപാത പ്രകാരം തന്നെയാണ് 1 മുതൽ 8 വരെ ക്ലാസ്സുകളിൽ തസ്തികകൾ അനുവദിച്ചിട്ടുള്ളത്. അനുപാതം താഴെപ്പറയുന്നു.

1 മുതൽ V വരെ ക്ലാസ്സുകൾ

| കുട്ടികളുടെ എണ്ണം | അനുവദിക്കാവുന്ന ഡിവിഷനുകൾ |
|---|---|
| 30 വരെ | 1 |
| 31 മുതൽ 60 വരെ | 2 |
| 61 മുതൽ 90 വരെ | 3 |
| 91 മുതൽ 120 വരെ | 4 |
| 121 മുതൽ 150 വരെ | 5 |
| 151 മുതൽ 200 വരെ | 5 |
| 201 മുതൽ 240 വരെ | 6 |
| 241 മുതൽ 280 വരെ | 7 |
| 281 മുതൽ 320 വരെ | 8 എന്ന ക്രമത്തിൽ |

VI മുതൽ VIII ക്ലാസ്സുകൾ

| കുട്ടികളുടെ എണ്ണം | അനുവദിക്കാവുന്ന ഡിവിഷനുകൾ |
|---|---|
| 35 വരെ | 1 |
| 36 മുതൽ 70 വരെ | 2 |
| 71 മുതൽ 105 വരെ | 3 |
| 106 മുതൽ 140 വരെ | 4 |
| 141 മുതൽ 175 വരെ | 5 എന്ന ക്രമത്തിൽ |

## സ്കൂളുകളിൽ ഐ.ടി. അദ്ധ്യാപകർ

129 (6694) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ ഐ. ടി. പഠനത്തിനായി അദ്ധ്യാപകരെ നിയമിക്കുന്നുണ്ടോ; ഇതിന് അദ്ധ്യാപക തസ്തിക ഉണ്ടാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇവർക്ക് ശമ്പളം നൽകുന്ന രീതി എന്തെന്ന് വ്യക്തമാക്കുമോ ;

(സി) പി.ടി.എ.-കൾ നിയമിക്കുന്ന കമ്പ്യൂട്ടർ അദ്ധ്യാപകർക്ക് ശമ്പളം നൽകുന്നത് ആരാണ്; വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് സ്കൂളുകളെ ഹൈടെക്ക് ആക്കി മാറ്റുന്ന വിദ്യാഭ്യാസ വകുപ്പിന്റെ പദ്ധതി മുന്നോട്ടുപോകുന്ന അവസരത്തിൽ സ്കൂളുകളിൽ ഐ.ടി. പഠിപ്പിക്കുവാൻ അദ്ധ്യാപകരില്ലെന്ന കാര്യം സർക്കാർ പരിശോധിച്ച് നടപടി സ്വീകരിക്കുമോ;

(ഇ) ഐ. ടി. അദ്ധ്യാപക തസ്തികകളുടെ ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ സ്കൂളുകളിൽ നിലവിൽ ഐ.ടി. പഠനത്തിനായി പ്രത്യേകം അദ്ധ്യാപകരെ നിയമിച്ചിട്ടില്ല. നിലവിലുള്ള അദ്ധ്യാപകർക്ക് നിരന്തര പരിശീലനം നൽകിയാണ് 2002-03 അദ്ധ്യയന വർഷം മുതൽ സ്കൂളുകളിൽ ഐ.ടി. പഠനം നടപ്പിലാക്കുന്നത്.

(സി) ഐ.ടി.@സ്കൂൾ (കൈറ്റ്) പദ്ധതി ആരംഭിച്ച കാലത്ത് ഹൈസ്കൂൾ ക്ലാസുകളിൽ ഐ. ടി. പഠിപ്പിക്കുന്നതിന് നിലവിലുള്ള അദ്ധ്യാപകരെ സഹായിക്കുന്നതിന് സ്കൂൾ പി.ടി.എ.-യുടെ സാമ്പത്തിക സഹായത്തോടെയും സമിതിയുടെതന്നെ പൂർണ്ണ ചുമതലയിലും ഇൻസ്ട്രക്ടർമാരെ നിയമിച്ചിരുന്നു. അതിനുശേഷം ഐ.ടി.@സ്കൂളിന്റെ നേതൃത്വത്തിൽ സ്കൂളുകളിലെ അദ്ധ്യാപകർക്ക് മതിയായ ഐ.ടി. പരിശീലനം നൽകുകയും ഐ.ടി. ക്ലാസുകൾ കൈകാര്യം ചെയ്യുവാൻ അവർ പ്രാപ്തരാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലും പി.ടി.എ.-യുടെ സാമ്പത്തിക സഹായത്തോടെ താത്കാലിക നിയമനം വഴി സേവനം അനുഷ്ഠിച്ചിരുന്ന ഇൻസ്ട്രക്ടർമാരുടെ സേവനം അവസാനിപ്പിച്ചിട്ടുണ്ട്.

(ഡി&ഇ) സ്കൂളുകൾ ഹൈടെക്കായി മാറുമ്പോൾ എല്ലാ വിഷയങ്ങളും ഐ.ടി. ഉപയോഗിച്ച് പഠിപ്പിക്കേണ്ടതിനാൽ പ്രത്യേക ഐ.ടി. അദ്ധ്യാപകരുടെ ആവശ്യമില്ല. എല്ലാ അദ്ധ്യാപകരെയും ഹൈടെക് സംവിധാനങ്ങൾ ഉപയോഗിക്കുന്നതിന് പ്രാപ്തരാക്കുന്നവിധത്തിൽ പരിശീലനങ്ങൾ നടത്തിവരുന്നുണ്ട്.

## പാർട്ട്ടൈം ഭാഷാദ്ധ്യാപക തസ്തിക - സ്പഷ്ടീകരണ ഉത്തരവ് ഇറക്കുന്നതിന് നടപടി

130 (6695) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1979 നുമുൻപ് പ്രവർത്തനമാരംഭിച്ച എയ്ഡഡ് സ്കൂളിലെ 2016 -2017 വരെ പാർട്ട് ടൈമായിരുന്ന ഭാഷാ അദ്ധ്യാപക തസ്തിക 2017 -2018 ൽ ഫുൾടൈം ആയപ്പോൾ ഈ സ്കൂളിൽ വേറെ ഭാഷാ അദ്ധ്യാപക തസ്തിക ഇല്ലാത്ത സ്ഥിതിക്ക് ഈ പ്രൊമോഷൻ തസ്തിക അധിക തസ്തികയായി കണക്കാക്കേണ്ടതുണ്ടോ;

(ബി) ഇത് സംബന്ധിച്ച് സർക്കാർ ഒരു സ്പഷ്ടീകരണ ഉത്തരവ് ഇറക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) പുതുതായുണ്ടായതോ ഉയർത്തപ്പെട്ടതോ ആയ സ്കൂളുകളിലെ പാർട്ട് ടൈം ഭാഷാദ്ധ്യാപക തസ്തികയിൽ തുടരുന്ന അദ്ധ്യാപകന് പീരിഡിലെ വർദ്ധനവുമൂലം ഫുൾടൈം തസ്തികയ്ക്ക് അർഹത ലഭിച്ചാൽ പ്രസ്തുത ഫുൾടൈം തസ്തിക അധിക തസ്തികയായി കണക്കാക്കേണ്ടതില്ല.

(ബി) പരിശോധിക്കുന്നതാണ്.

## പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥരുടെ അധികാരപരിധി

131 (6696) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥരുടെ അധികാരം സംബന്ധിച്ച് ഏതെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഉന്നത ഉദ്യോഗസ്ഥരുടെ ചുമതലകൾ സംബന്ധിച്ച വ്യക്തമായ വിവരം ലഭ്യമാക്കുമോ;

(സി) ഇവരുടെ അധികാരം സംബന്ധിച്ച് ഹൈക്കോടതിയോ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലോ എന്തെങ്കിലും നിരീക്ഷണം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) കോടതികൾ ഇത്തരത്തിൽ നിരീക്ഷണം നടത്തിയതിനെതിരെ അപ്പീലുകൾ ഫയൽ ചെയ്തിട്ടുണ്ടോ; അപ്പീൽ ഫയലിൽ സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുവാൻ വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർക്ക് അവകാശമില്ലെന്ന നിരീക്ഷണം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(എഫ്) ഇത്തരത്തിൽ അച്ചടക്ക നടപടി സ്വീകരിക്കുവാൻ അഡീഷണൽ ഡയറക്ടർക്ക് അധികാരം ഇല്ലെങ്കിൽ ആയത് വകുപ്പിന്റെ കാര്യക്ഷമതയെ ബാധിക്കുമെന്ന കാര്യം പരിശോധിക്കുമോ; വ്യക്തമായ വിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി-എഫ്) പൊതുവിദ്യാഭ്യാസ വകുപ്പിലെ നിലവിലെ അധികാര പ്രത്യയോജന ഉത്തരവുകൾ പ്രകാരം വകുപ്പിലെ ഏറ്റവും താഴ്ന്ന ഗസറ്റഡ് തസ്തികകളുടെയും അതുവരെയുള്ള വിവിധ തസ്തികകളുടേയും നിയമനാധികാരി അഡീഷണൽ ഡയറക്ടറാണ്. ആ നിലയ്ക്ക് അച്ചടക്കനടപടി സ്വീകരിക്കുന്നതിന് അധികാരമുണ്ട്. വകുപ്പിലെ ഉദ്യോഗസ്ഥരുടെ അധികാരം സംബന്ധിച്ച് ബഹു. ഹൈക്കോടതിയോ/ട്രൈബ്യൂണലോ എന്തെങ്കിലും നിരീക്ഷണം നടത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ പുതിയ തസ്തിക സൃഷ്ടിക്കൽ**

132 (6697) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ മേഖലയിൽ 2014-15, 2015-16 വർഷങ്ങളിൽ പുതിയതായി സ്കൂളുകളും ബാച്ചുകളും അനുവദിച്ച ഇടങ്ങളിൽ അധ്യാപക തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ;ഉണ്ടെങ്കിൽ ഏതൊക്കെ വിഷയത്തിന് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; ഇനം തിരിച്ച് കണക്കുകൾ വ്യക്തമാക്കാമോ; അധ്യാപക തസ്തിക സൃഷ്ടിച്ചിട്ടില്ലായെങ്കിൽ അധ്യാപക തസ്തിക സൃഷ്ടിച്ച് 2018 - 19 അധ്യയന വർഷത്തിന്റെ തുടക്കത്തിൽ അധ്യാപക നിയമനം നടത്തുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഹിന്ദി ജൂനിയർ അധ്യാപക തസ്തിക ഇല്ലാത്ത സ്കൂളുകൾ ഏതൊക്കെയെന്ന് വിശദമാക്കാമോ; ഈ സ്കൂളുകളിൽ ഉള്ള മലയാളം അധ്യാപക തസ്തികയുടെ വിവരം ലഭ്യമാക്കാമോ; ഈ സ്കൂളുകളിൽ ഹിന്ദി അധ്യാപക തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാനത്തെ എല്ലാ സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലും ഇംഗ്ലീഷ് മുഖ്യഭാഷയാക്കിയിരിക്കുന്നത് പോലെ ദേശീയ ഭാഷയായ ഹിന്ദിയും മുഖ്യ ഭാഷയായി പഠിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഹയർ സെക്കണ്ടറി മേഖലയിൽ ഏകജാലക സംവിധാനം വഴി ഉപ ഭാഷകൾ തെരഞ്ഞെടുക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ;

(ഡി) 2014 - 15, 2015 - 16 വർഷം പുതുതായി ആരംഭിച്ച സർക്കാർ സ്കൂളുകളിലും ബാച്ചുകളിലും ഹിന്ദി ജൂനിയർ അധ്യാപക തസ്തിക സൃഷ്ടിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സമുണ്ടോ; ഇത് സംബന്ധിച്ച് എന്തെങ്കിലും പ്രൊപ്പോസൽ സർക്കാരിന്റെയും ധനവകുപ്പിന്റെയും പരിഗണനയിലുണ്ടോ; 2018 -19 അധ്യയന വർഷത്തിന്റെ തുടക്കത്തിൽത്തന്നെ അധ്യാപക തസ്തിക സൃഷ്ടിച്ച് നിയമനം നടത്തുന്നതിന് സർക്കാർ തയ്യാറാകുമോ?

<u>ഉത്തരം</u>

(എ) 2014-15 അധ്യയന വർഷത്തിൽ ആരംഭിച്ചതും നിശ്ചിതയെണ്ണം വിദ്യാർത്ഥികൾ പ്രവേശനം നേടിയതുമായ സ്കൂളുകൾക്ക്/ബാച്ചുകൾക്ക് അധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. വിഷയം തിരിച്ചുള്ള കണക്കുകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.* 2015-16 അധ്യയന വർഷത്തിൽ അനുവദിച്ച സ്കൂളുകൾക്ക്/ബാച്ചുകൾക്ക് അധ്യാപക തസ്തിക സൃഷ്ടിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) സംസ്ഥാനത്ത് പുതിയ ഹയർ സെക്കണ്ടറി സ്കൂളുകളും ബാച്ചുകളും അനുവദിക്കുന്ന വേളയിൽ സ്കൂളധികൃതരുടെ അഭ്യർത്ഥനപ്രകാരമാണ് ഹിന്ദി ഉൾപ്പെടെയുള്ള ഉപഭാഷകൾ അനുവദിച്ചുവരുന്നത്. ഹയർ സെക്കണ്ടറി മേഖലയിൽ ഏകജാലക സംവിധാനംവഴി ഉപഭാഷകൾ തെരഞ്ഞെടുക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുവാൻ നിലവിൽ കഴിയുകയില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) 2014-15 അധ്യയന വർഷത്തിൽ ആരംഭിച്ചതും നിശ്ചിതയെണ്ണം വിദ്യാർത്ഥികൾ പ്രവേശനം നേടിയതുമായ സ്കൂളുകൾക്ക്/ബാച്ചുകൾക്ക് ഹിന്ദി അധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. 2015-16 അധ്യയന വർഷത്തിൽ അനുവദിച്ചതും നിശ്ചിതയെണ്ണം വിദ്യാർത്ഥികൾ പ്രവേശനം നേടിയതുമായ സ്കൂളുകൾക്ക്/ബാച്ചുകൾക്ക് ഹിന്ദി അധ്യാപക തസ്തിക സൃഷ്ടിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

## പൊതുവിദ്യാലയങ്ങളിൽ കായിക അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിന് നടപടി

133 (6699) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ പലതിലും കായിക അദ്ധ്യാപക തസ്തികകൾ ഇല്ലാതെപോയത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തിന്റെ കായിക സംസ്കാരം തിരികെകൊണ്ടുവരാനും വിദ്യാർത്ഥികൾക്ക് സ്കൂൾതലം മുതൽ പരിശീലനം ലഭിക്കാനും കഴിയുംവിധം, കുട്ടികളുടെ എണ്ണം പരിഗണിക്കാതെ എല്ലാ സ്കൂളുകളിലും കായിക അദ്ധ്യാപക തസ്തിക സൃഷ്ടിക്കാൻ സർക്കാർ തയ്യാറാകുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ എയ്ഡഡ്, സർക്കാർ സ്കൂളുകളിൽ കായികാദ്ധ്യാപകർ ഉൾപ്പെടെയുള്ള സ്പെഷ്യലിസ്റ്റ് അദ്ധ്യാപക തസ്തികകൾ അനുവദിക്കുന്നതിലേയ്ക്കായി കേരള വിദ്യാഭ്യാസ ചട്ടം, അദ്ധ്യായം XXIII-ൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ താഴെ ചേർക്കുന്നു.

(i) ചട്ടം 6 ബി(2)(a) പ്രകാരം 500 കുട്ടികളെങ്കിലുമുള്ള യു.പി.സ്കൂളിൽ/യു.പി. വിഭാഗത്തിൽ ഏതെങ്കിലും ഒരു സ്പെഷ്യലിസ്റ്റ് അദ്ധ്യാപക തസ്തിക അനുവദിക്കാവുന്നതാണ്. ഇതിന് കായികാദ്ധ്യാപകർക്ക് മുൻഗണന നൽകുന്നുണ്ട്.

(ii) ചട്ടം 6(4) പ്രകാരം, ഹൈസ്കൂൾ വിഭാഗത്തിൽ 5 പീരിയഡുകൾ എങ്കിലും ലഭ്യമാകുന്ന എല്ലാ സ്പെഷ്യലിസ്റ്റ് വിഷയങ്ങൾക്കും അദ്ധ്യാപക തസ്തികകൾ അനുവദിക്കുന്നുണ്ട്.

കുട്ടികളുടെ എണ്ണക്കുറവുമൂലം മേൽപ്പറഞ്ഞ മാനദണ്ഡങ്ങൾ പാലിക്കാൻ കഴിയാതെ വരുമ്പോഴാണ് സ്കൂളുകളിൽ കായികാദ്ധ്യാപകർ ഉൾപ്പെടെയുള്ള സ്പെഷ്യലിസ്റ്റ് അദ്ധ്യാപക തസ്തികകൾ അനുവദിക്കാൻ കഴിയാതെ പോകുന്നത്.

(ബി) പരമാവധി സർക്കാർ സ്കൂളുകളിൽ കായികാദ്ധ്യാപകരെ ലഭ്യമാക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ അവകാശ നിയമത്തിലെ വ്യവസ്ഥ പ്രകാരവും എസ്.എസ്.എ. (സർവ്വ ശിക്ഷാ അഭിയാൻ)-യുടെ പാഠ്യപദ്ധതിക്ക് അനുസൃതമായും 100-ൽ കൂടുതൽ കുട്ടികൾ പഠിക്കുന്ന യു.പി. സ്കൂളുകളിലേക്കും 150-ൽ കൂടുതൽ കുട്ടികൾ പഠിക്കുന്ന എൽ.പി. സ്കൂളുകളിലേക്കുമായി 838 കായികാദ്ധ്യാപകരെ കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയത്തിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്കും കെ.ഇ.ആർ-ലെ യോഗ്യതാ മാനദണ്ഡങ്ങൾ അനുസരിച്ചും എസ്.എസ്.എ. മുഖാന്തരം കരാർ അടിസ്ഥാനത്തിൽ 5-10-2016-ലെ സ.ഉ. (എം.എസ്.) 170/2016/പൊവിവ. ഉത്തരവ് പ്രകാരം നിയമിച്ചിട്ടുണ്ട്. ഇതുകൂടാതെ 2017-18 അധ്യയന വർഷം സംരക്ഷണത്തിന് അർഹതയുള്ള കായികാദ്ധ്യാപകർ ഉൾപ്പെടെയുള്ള സ്പെഷ്യലിസ്റ്റ് അധ്യാപകർ തസ്തികനഷ്ടം വന്ന് പുറത്താകുന്നത് ഒഴിവാക്കുന്നതിനുവേണ്ടി മാത്രം യു. പി. വിഭാഗത്തിൽ 500 കുട്ടികൾ എന്നത് 300 കുട്ടികളായി ചുരുക്കുകയും ഹൈസ്കൂൾ വിഭാഗത്തിൽ 5 പീരിയഡ് ലഭ്യമല്ലാത്ത സാഹചര്യത്തിൽ 10-ാം ക്ലാസ്സിലെ പീരിയഡ് കൂടി പരിഗണിക്കാനും എന്നിട്ടും നിലനിർത്താൻ കഴിയാത്ത സാഹചര്യങ്ങളിൽ പ്രസ്തുത സ്കൂളിന്റെ യു.പി. വിഭാഗവുമായി ക്ലബ്ബ് ചെയ്ത് നിലനിർത്തുന്നതുൾപ്പെടെയുള്ള സംവിധാനങ്ങൾ 7-9-2017-ലെ സ.ഉ.(കൈ)നമ്പർ 111/2017/പൊ.വി.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. പുതുതായി തസ്തികകൾ അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## പൊതുവിദ്യാലയങ്ങളിൽ സ്പെഷ്യലിസ്റ്റ് അദ്ധ്യാപക തസ്തിക

134 (6700) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ സ്പെഷ്യലിസ്റ്റ് അദ്ധ്യാപക തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ടോ; എത്ര പേർക്കാണ് നിയമനം ലഭിച്ചിട്ടുള്ളത്; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; ഇവർക്ക് നിശ്ചയിച്ചിരുന്ന യോഗ്യത എന്തൊക്കെയെന്നും പ്രതിമാസ വേതനമായി എത്ര രൂപയാണ് ഇവർക്ക് നൽകുന്നതെന്നും വ്യക്തമാക്കാമോ;

(ബി) പൊതുവിദ്യാലയങ്ങളിൽ നേരത്തേ ഉണ്ടായിരുന്ന സംഗീതം, ക്രാഫ്റ്റ്, കായികം എന്നീ വിഭാഗങ്ങളിലെ അദ്ധ്യാപക തസ്തികകൾ നിർത്തലാക്കിയതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കാമോ;

(സി) എല്ലാ ക്ലാസുകളിലും സ്പെഷ്യൽ വിഷയങ്ങൾ പാഠ്യപദ്ധതിയുടെ ഭാഗമാക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) അങ്ങനെയെങ്കിൽ ഈ സ്കൂളുകളിൽ സ്പെഷ്യൽ അദ്ധ്യാപക തസ്തികകൾ കൂടി അനുവദിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിയമനം നടത്തിയിട്ടുണ്ട്. 75 പേർക്കാണ് നിയമനം നൽകിയിട്ടുള്ളത്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു;

| ക്രമ നമ്പർ | ജില്ല | നിയമനം ലഭിച്ചിട്ടുള്ളവരുടെ എണ്ണം |
|---|---|---|
| 1 | കൊല്ലം | 2 |
| 2 | ഇടുക്കി | 1 |
| 3 | തൃശ്ശൂർ | 2 |
| 4 | മലപ്പുറം | 24 |
| 5 | പാലക്കാട് | 10 |
| 6 | കോഴിക്കോട് | 30 |
| 7 | കണ്ണൂർ | 5 |
| 8 | കാസർഗോഡ് | 1 |
| ആകെ | | 75 |

സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ യോഗ്യത സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

ഇവരുടെ ശമ്പള സ്കെയിൽ 25,200-54,000 രൂപയാണ്.

(ബി) നിർത്തലാക്കിയിട്ടില്ല. എന്നാൽ കെ.ഇ.ആർ. മാനദണ്ഡപ്രകാരം വിദ്യാർത്ഥികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് വിദ്യാലയങ്ങളിൽ സ്പെഷ്യലിസ്റ്റ് അധ്യാപക തസ്തിക ഉൾപ്പെടെയുള്ള എല്ലാ അധ്യാപക/ അനധ്യാപക തസ്തികളും അനുവദിക്കുന്നത്. വിദ്യാർത്ഥികളുടെ എണ്ണം കൂടുകയോ കുറയുകയോ ചെയ്യുന്നതനുസരിച്ച് ഓരോ വർഷവും തസ്തികകളുടെ എണ്ണം കൂടിയും കുറഞ്ഞും വരും.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) സ്പെഷ്യലിസ്റ്റ് അധ്യാപക തസ്തികകൾ അനുവദിക്കുന്നത് കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം XXIII-ലെ വ്യവസ്ഥകൾ പ്രകാരമാണ്. ചട്ടം 6 ബി(2) (a) പ്രകാരം യു.പി. വിഭാഗത്തിൽ/യു.പി. സ്കൂളിൽ 500 കുട്ടികൾ എങ്കിലും ഉണ്ടെങ്കിൽ ഏതെങ്കിലും ഒരു സ്പെഷ്യലിസ്റ്റ് അധ്യാപക തസ്തിക അനുവദിക്കാവുന്നതാണ്. ചട്ടം 6(4) പ്രകാരം ഹൈസ്കൂൾ വിഭാഗത്തിൽ 5 പീരിയഡുകൾ ലഭ്യമാകുന്ന വിഷയങ്ങൾക്കാണ് സ്പെഷ്യലിസ്റ്റ് അധ്യാപക തസ്തികകൾ അനുവദിക്കുന്നത്. ഈ മാനദണ്ഡങ്ങൾക്കനുസൃതമായി മാത്രമേ സ്കൂളുകളിൽ സ്പെഷ്യലിസ്റ്റ് അധ്യാപക തസ്തികകൾ അനുവദിക്കാൻ കഴിയൂ.

**റൂസ ഫണ്ട് നൽകുന്നതിനുള്ള മാനദണ്ഡം**

135 (6701) <u>ശ്രീ. കെ. മുരളീധരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ രംഗത്തെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായുള്ള രണ്ടാംഘട്ട പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) മുൻവർഷങ്ങളിൽനിന്നും വ്യത്യസ്തമായി റൂസ ഫണ്ടുകൾ നൽകുന്നതിനുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഉയർന്ന നാക് അക്രെഡിറ്റേഷനും ഉയർന്ന പോയിന്റും ഉള്ള സ്ഥാപനങ്ങൾക്ക് കൂടുതൽ ഫണ്ട് ലഭിക്കുന്നതിന് സാധ്യതയുണ്ടായിട്ടുണ്ടോ;

(ഡി) കേന്ദ്രം റൂസ ഫണ്ട് കൂടുതൽ സ്വയംഭരണ കോളേജുകൾക്ക് നൽകുന്നതിന് തീരുമാനിച്ച സാഹചര്യത്തിൽ ഇതിനോടുള്ള സംസ്ഥാന പ്രതികരണമെന്താണ്?

<u>ഉത്തരം</u>

(എ) രണ്ടാംഘട്ട പദ്ധതി (2017-2020) ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് വിശദാംശങ്ങൾ തയ്യാറാക്കിവരുന്നു.

(ബി) രണ്ടാംഘട്ട പദ്ധതിയിൽ ഏതാനും ചില ഘടകങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ട്. പ്രധാനമായും മാതൃകാ കോളേജുകൾ ആരംഭിക്കുന്നതിനും നിലവിലെ കോളേജുകളെ മാതൃകാ കോളേജുകളാക്കി മാറ്റുന്നതിനുമുള്ള തെരഞ്ഞെടുപ്പ് NITI Aayog-ന്റെ മാർഗ്ഗനിർദ്ദേശ പ്രകാരം ആസ്പിറേഷൻ ജില്ലകളിൽ നിന്നാക്കി. സംസ്ഥാനത്ത് നിലവിൽ വയനാട് ജില്ല മാത്രമാണ് പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളത്. ഗവേഷണ രംഗത്തെ മികവിനായി

സംസ്ഥാനങ്ങൾക്ക് മുൻപ് 120 കോടി രൂപ നൽകുമെന്ന് അറിയിച്ചിരുന്ന ഘടകത്തിന് നിലവിൽ 50 കോടി രൂപയായി കുറച്ചിട്ടുണ്ട്. കോളേജുകളിലേയും യൂണിവേഴ്സിറ്റികളിലേയും അധ്യാപക നിയമനത്തിനായി ഓരോ തസ്തികയും മുൻപ് 0.58 ലക്ഷം രൂപ നൽകുമെന്ന് അറിയിച്ചിരുന്ന സ്ഥാനത്ത് നിലവിൽ പ്രസ്തുത തുക 0.48 ആയി കുറച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിനായി സർവ്വകലാശാലകൾക്കും കോളേജുകൾക്കും ഫണ്ട് ലഭിക്കുന്നതിനുള്ള സ്ഥാപനങ്ങളുടെ അടിസ്ഥാന യോഗ്യത NAAC-ന്റെ 2.5-ന് മുകളിലുള്ള ഗ്രേഡായി നിശ്ചയിച്ചിട്ടുണ്ട്. പൊതുവിൽ രണ്ടാംഘട്ട റൂസ ഫണ്ട് ലഭിക്കുന്നതിന്റെ മാനദണ്ഡങ്ങളിൽ പ്രധാനമാറ്റം ഉയർന്ന ഗ്രേഡ് ലഭിച്ചിട്ടുള്ള സ്ഥാപനങ്ങൾക്ക് മത്സരാധിഷ്ഠിത രീതിയിൽ ഫണ്ട് ലഭ്യമാകും എന്നതാണ്.

(സി) റൂസയുടെ രണ്ടാംഘട്ട പദ്ധതിയുടെ ഭാഗമായി ഉയർന്ന അക്രെഡിറ്റേഷൻ പോയിന്റുള്ള സ്ഥാപനങ്ങൾക്ക് കൂടുതൽ ഫണ്ട് ലഭ്യമാകുന്നതിനുള്ള സാധ്യതയുണ്ട്.

(ഡി) കേരളത്തിലെ സ്വയംഭരണ കോളേജുകൾ സർക്കാർ എയ്ഡഡ് മേഖലയിലായതിനാൽ ഇക്കാര്യത്തിൽ ആശങ്കയ്ക്ക് വകയുണ്ടെന്ന് കരുതുന്നില്ല.

## പ്രീ-പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപകർക്കും ആയമാർക്കുമുള്ള ആനുകൂല്യങ്ങൾ

136 (6702) <u>ശ്രീ. ആർ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന പ്രീ -പ്രൈമറി സ്കൂളുകളിലെ അധ്യാപകർക്കും ആയമാർക്കും എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നതെന്ന് വിശദീകരിക്കുമോ;

(ബി) ഇവർക്ക് പ്രസവാവധി അനുവദിച്ചിട്ടുണ്ടോ; പ്രസ്തുത കാലത്ത് ഇവർക്ക് ശമ്പളം നൽകുന്നുണ്ടോ; വിശദീകരിക്കാമോ;

(സി) ഇവിടെ ഏകീകൃതമായ പാഠ്യപദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; കാലോചിതമായ ട്രെയിനിംഗ് അധ്യാപകർക്ക് നൽകിവരുന്നുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പൊതുവിദ്യാലയങ്ങളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന പ്രീ-പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപകർക്ക് 10,000 രൂപയും (പതിനായിരം രൂപ മാത്രം) ആയമാർക്ക് 6,000 രൂപയും (ആറായിരം രൂപ മാത്രം) ഓണറേറിയമായി അനുവദിച്ചുവരുന്നു. ഇവർക്ക് ആകസ്മികാവധി, പ്രസവാവധി എന്നിവ സർക്കാർ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) അനുവദിച്ചിട്ടുണ്ട്. പ്രസ്തുത കാലത്ത് സ്ത്രീകളെന്ന പ്രത്യേക പരിഗണന നൽകി 6 മാസം ഓണറേറിയത്തോടുകൂടി ഇവർക്ക് പ്രസവാവധി അനുവദിച്ചുനൽകിയിട്ടുണ്ട്.

(സി) എസ്.സി.ഇ.ആർ.ടി.-യുടെ നിയന്ത്രണത്തിലുള്ള പ്രത്യേക കരിക്കുലം കമ്മിറ്റിയുടെ പാഠ്യപദ്ധതി നടപ്പാക്കിവരുന്നു. ഇവർക്ക് എസ്.സി.ഇ.ആർ.ടി.യുടെ നേതൃത്വത്തിലുള്ള വിദഗ്ദ്ധ സമിതി പ്രത്യേക ട്രെയിനിംഗ് നൽകിവരുന്നു.

## വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ സ്കൂളുകൾ

137 (6703) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ സ്കൂളുകൾ ഏതൊക്കെയെന്ന് ജില്ലതിരിച്ചുള്ള വിവരങ്ങൾ നൽകാമോ?

<u>ഉത്തരം</u>

വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ സ്കൂളുകളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി* ചേർത്തിട്ടുണ്ട്.

## എയ്ഡഡ് അദ്ധ്യാപക നിയമന അംഗീകാരവും തസ്തിക നഷ്ടപ്പെട്ടവരുടെ പുനർവിന്യാസവും

138 (6704) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12, 2014-15 അധ്യയന വർഷത്തിനിടയിൽ അധിക തസ്തികയിൽ നിയമിച്ച് നിയമന അംഗീകാരം ലഭിച്ച എയ്ഡഡ് അദ്ധ്യാപകരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) 2015-2016 അധ്യയന വർഷത്തിൽ നടത്തിയ തസ്തിക നിർണയത്തിൽ കുട്ടികളുടെ കുറവ് കാരണം തസ്തിക നഷ്ടപ്പെട്ട് പുനർവിന്യാസം ലഭിക്കാത്ത എയ്ഡഡ് അധ്യാപകരുടെ എണ്ണം എത്ര; സംരക്ഷണ ആനുകൂല്യത്തിലൂടെ പുനർവിന്യാസം ലഭിച്ച എയ്ഡഡ് അധ്യാപകരുടെ എണ്ണം എത്ര; വിശദമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) 2015-16-ൽ തസ്തിക നഷ്ടമായ സംരക്ഷിതാദ്ധ്യാപകരുടെ എണ്ണം 3737 ആണ്. ഇവരെ മുഴുവൻ സ്ഥിരമായോ താൽക്കാലികമായോ പുനർവിന്യസിച്ചിട്ടുണ്ട്. 2011-12 മുതൽ അധിക തസ്തികകളിൽ നിയമിതരായവർക്ക് 2012-13 മുതൽ തസ്തിക നഷ്ടമായാൽ അവർ സംരക്ഷണത്തിന് അർഹരല്ലാത്തതിനാൽ അങ്ങനെയുള്ളവരെ പുനർവിന്യസിച്ചിട്ടില്ല. അവരുടെ എണ്ണം ശേഖരിച്ചുനൽകുന്നതാണ്.

**ജില്ലാതല അദ്ധ്യാപക പരിശീലന കേന്ദ്രങ്ങളിലേയ്ക്കുള്ള നിയമനം**

139 (6705) <u>ശ്രീ. കെ. എം. ഷാജി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാതല അദ്ധ്യാപക പരിശീലന കേന്ദ്രങ്ങളിലേക്കുള്ള (ഡയറ്റ്) നിയമനത്തിനായി പുതുക്കിയ ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഈ ചട്ടങ്ങൾ പി.എസ്.സി. യെ അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഈ കേന്ദ്രങ്ങളിലെ നിയമനങ്ങൾക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥകൾ ഒഴിവാക്കി നേരിട്ട് നിയമനം നൽകാൻ അടിയന്തര നടപടി സ്വീകരിക്കാമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഇല്ല. നിലവിലെ സ്പെഷ്യൽ റൂൾസിൽ ഭേദഗതി വരുത്തുന്നതുമായി ബന്ധപ്പെട്ട സത്വര നടപടികൾ സ്വീകരിച്ചുവരികയാണ്.

(സി) ഡയറ്റുമായി ബന്ധപ്പെട്ട സ്പെഷ്യൽ റൂൾസ് ഭേദഗതിവരുത്തി അപാകതകൾ പരിഹരിച്ച് പുതുക്കിയ സ്പെഷ്യൽ റൂൾസ് പുറപ്പെടുവിച്ചാൽ മാത്രമേ ഡയറ്റുകളിൽ സ്ഥിരം നിയമനം നടത്താൻ സാധിക്കുകയുള്ളൂ. സ്പെഷ്യൽ റൂൾസ് ഭേദഗതി വരുത്തുന്നതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചുവരുന്നു.

**ജൂനിയർ റെഡ്ക്രോസ് സി ലെവൽ പരീക്ഷ**

140 (6706) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2017-18 അദ്ധ്യയന വർഷത്തെ ജൂനിയർ റെഡ്ക്രോസ് സി ലെവൽ പരീക്ഷയുമായി ബന്ധപ്പെട്ട് എന്തെങ്കിലും തരത്തിലുള്ള കോടതി പരാമർശമോ

സ്റ്റേയോ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അത് നീക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

2017-18 അധ്യയന വർഷത്തെ ജെ.ആർ.സി., സി ലെവൽ പരീക്ഷ 3-2-2018-ൽ നടത്തുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർ തീരുമാനിച്ചിരുന്നു. എന്നാൽ പ്രസ്തുത പരീക്ഷയുമായി ബന്ധപ്പെട്ട നടപടികൾ നിർത്തിവയ്ക്കുവാൻ 2-2-2018-ൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ പരീക്ഷാ നടപടികൾ നിർത്തിവയ്ക്കുകയും ചെയ്തിരുന്നു. തുടർന്ന് സർക്കാരിന്റെ നിരന്തരമായ ശ്രമഫലമായി പരീക്ഷ നടത്തുവാൻ ബഹു. കേരള ഹൈക്കോടതി അനുമതി നൽകുകയും 31-3-2018 (ശനി) രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 12 മണിവരെ 14 റവന്യൂ ജില്ലകളിലുമുള്ള തെരഞ്ഞെടുക്കപ്പെട്ട സെന്ററുകളിൽ വച്ച് പരീക്ഷ പൂർത്തിയാക്കിയിട്ടുണ്ട്.

## ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പിൽ തട്ടിപ്പ്

141 (6707) ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയം മുഖേന ലഭ്യമാക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്കായുള്ള ഉന്നതവിദ്യാഭ്യാസ സ്കോളർഷിപ്പിൽ തട്ടിപ്പ് നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളിലാണ് തട്ടിപ്പ് നടന്നിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) തട്ടിപ്പ് നടത്തിയവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. മൗണ്ട് താബോർ ട്രെയിനിംഗ് കോളേജ്, പത്തനാപുരം, എം.ജി. കോളേജ്, ഇരിട്ടി, കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, പുതുപ്പള്ളി എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങളിലാണ് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുമായി ബന്ധപ്പെട്ട തട്ടിപ്പ് നടന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടത്. കൂടാതെ, ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള മെരിറ്റ്-കം-മീൻസ് സ്കോളർഷിപ്പുമായി ബന്ധപ്പെട്ട് 33 വ്യാജ അപേക്ഷകൾ കോട്ടയം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ആന്റ് സയൻസ് എന്ന സ്ഥാപനത്തിൽ ലഭിച്ചിട്ടുമുണ്ട്.

(ബി) തട്ടിപ്പ് നടത്തിയത് ആരാണെന്ന് കണ്ടുപിടിക്കുന്നതിലേക്കായി തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർക്കും പോലീസ് സൈബർ സെല്ലിനും കോളേജ് വിദ്യാഭ്യാസ ഡയറക്ടർ പരാതി നൽകിയിട്ടുണ്ട്. അതിന്റെ

അടിസ്ഥാനത്തിൽ അന്വേഷണം നടന്നുവരികയാണ്. കൂടാതെ, തെറ്റ് കണ്ടെത്തിയ സ്കോളർഷിപ്പുകൾ വിതരണം ചെയ്യരുതെന്ന് ന്യൂനപക്ഷമന്ത്രാലയത്തിനോട് അഭ്യർത്ഥിച്ചിട്ടുമുണ്ട്. വ്യാജ അപേക്ഷകൾ സമർപ്പിച്ചവർക്കെതിരെ നടപടി സ്വീകരിക്കുവാൻ ഈ വിഷയം കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിന്റെ എം.സി.എം. സ്കോളർഷിപ്പുമായി ബന്ധപ്പെട്ട വിഭാഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുമുണ്ട്.

**ഭാഷാദ്ധ്യാപക തസ്തിക സ്പഷ്ടീകരണം പുറപ്പെടുവിക്കുന്നതിന് നടപടി**

142 (6708) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളിലെ 2016-17 വർഷത്തെ പാർട്ട്ടൈം ഭാഷാദ്ധ്യാപക തസ്തികയ്ക്ക് 2017-18 വർഷം പീരിയഡുകൾ കൂട്ടിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഈ തസ്തിക ഫുൾടൈം തസ്തികയായി മാറിയോ എന്ന് വ്യക്തമാക്കാമോ;

(സി) 1979-നുമുമ്പ് പ്രസ്തുത തസ്തികയുള്ള സ്കൂളിൽ വേറെ ഭാഷാധ്യാപക തസ്തിക ഇല്ലാത്ത സ്ഥിതിക്ക് ഈ പ്രൊമോഷൻ തസ്തിക അധിക തസ്തികയായി കണക്കാക്കേണ്ടതുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) ഇത് സംബന്ധിച്ച് സർക്കാർ ഒരു സ്പഷ്ടീകരണം പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വർദ്ധിപ്പിച്ചിട്ടില്ല.

(ബി) അറബിക്, സംസ്കൃതം, ഉർദു, ഹിന്ദി തുടങ്ങിയ ഭാഷാവിഷയങ്ങൾക്ക് 4 മുതൽ 14 പീരിഡുകൾക്കും മലയാളം, തമിഴ്, കന്നട തുടങ്ങിയ വിഷയങ്ങൾക്ക് 5 മുതൽ 14 വരെ പീരിഡുകൾക്കും ഒരു പാർട്ട്-ടൈം തസ്തികയാണ് അനുവദിക്കുന്നത്. 14-ൽ കൂടുതൽ പീരിഡുകൾ ലഭ്യമാണെങ്കിൽ തസ്തിക ഫുൾടൈമാകും. ഈ വ്യവസ്ഥ 2016-17-ന മുമ്പും അതിനുശേഷവും തുടരുന്നതാണ്.

(സി) പുതുതായുണ്ടായതോ ഉയർത്തപ്പെട്ടതോ ആയ സ്കൂളുകളിലെ പാർട്ട് ടൈം ഭാഷാദ്ധ്യാപക തസ്തികയിൽ തുടരുന്ന അദ്ധ്യാപകന് പീരിയഡിലെ വർദ്ധനവുമൂലം ഫുൾടൈം തസ്തികയ്ക്ക് അർഹത ലഭിച്ചാൽ പ്രസ്തുത ഫുൾടൈം തസ്തിക അധിക തസ്തികയായി കണക്കാക്കേണ്ടതില്ല.

(ഡി) പരിശോധിക്കുന്നതാണ്.

## സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി

143 (6709) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി അനുവദിച്ച് പുറത്തിറക്കിയ ഉത്തരവ് ഇതുവരെ പ്രാവർത്തികമാക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ബി) ക്യാബിനറ്റ് സബ് കമ്മിറ്റിയുടെ ഇത് സംബന്ധിച്ചുള്ള തീരുമാനം എന്താണെന്ന് അറിയിക്കാമോ;

(സി) 100 കുട്ടികളിലധികം പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി അനുവദിച്ച് നൽകുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കുമോ?

ഉത്തരം

(എ-സി) മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന, നൂറ് വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് 9-2-2016-ലെ സ.ഉ. (എം.എസ്) നമ്പർ 38/2016/പൊ.വി.വ. ഉത്തരവുപ്രകാരം എയ്ഡഡ് പദവി അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ 1-1-2016 മുതൽ 30-4-2016 വരെയുള്ള മന്ത്രിസഭാ തീരുമാനങ്ങൾ പുനഃപരിശോധിച്ച മന്ത്രിസഭാ ഉപസമിതി ഈ വിഷയവും പുനഃപരിശോധിക്കാൻ നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ബഡ്സ് സ്കൂളുകളടക്കമുള്ള ഈ വിഭാഗത്തിൽപ്പെട്ട എല്ലാ സ്പെഷ്യൽ സ്കൂളുകളേയും സംബന്ധിച്ച ഒരു സമഗ്ര പാക്കേജിന് രൂപംനൽകാൻ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ ലഭ്യമാക്കുന്ന നിർദ്ദേശങ്ങൾകൂടി പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

## പാഠപുസ്തകം മലയാളത്തിലാക്കുന്നത് കുട്ടികളെ ദുർബ്ബലപ്പെടുത്തുമെന്ന് ആശങ്ക

144 (6710) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ പ്രവേശനത്തിനുള്ള നീറ്റ് പരീക്ഷ മലയാളത്തിൽക്കൂടി എഴുതുവാൻ ഭാവിയിൽ അനുവാദം ലഭിക്കുമെന്ന പ്രതീക്ഷയിൽ ഹയർ സെക്കണ്ടറി പാഠപുസ്തകങ്ങൾ മലയാളത്തിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഏതൊക്കെ വിഷയങ്ങളിലുള്ള പാഠപുസ്തകങ്ങളാണ് ആദ്യഘട്ടത്തിൽ മലയാളത്തിലാക്കുന്നത്;

(സി) പുസ്തകം മലയാളത്തിലാക്കുന്നത് ഹയർ സെക്കണ്ടറി മേഖലയെ എപ്രകാരം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) ദേശീയ പരീക്ഷകളിൽ കാര്യക്ഷമമായി മത്സരിക്കുവാൻ കഴിയാത്ത വിധം ഈ തീരുമാനം കുട്ടികളെ ദുർബ്ബലപ്പെടുത്തുമെന്ന ആശങ്ക പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നത്?

<u>ഉത്തരം</u>

(എ) തീരുമാനിച്ചിട്ടുണ്ട്.

(ബി) ഹയർ സെക്കണ്ടറി ഒന്നും രണ്ടും വർഷത്തെ സയൻസ് പാഠപുസ്തകങ്ങളും ഹ്യൂമാനിറ്റീസ് വിഷയങ്ങളുടെ ഒന്നാം വർഷ പാഠപുസ്തകങ്ങളുമാണ് ആദ്യഘട്ടത്തിൽ പരിഭാഷപ്പെടുത്തുന്നത്.

(സി) പരിശോധിച്ചിട്ടുണ്ട്.

(ഡി) അധ്യാപന ഭാഷയിൽ മാറ്റംവരുത്തിയിട്ടില്ല. കുട്ടികൾക്ക് പാഠഭാഗങ്ങൾ സ്വന്തംഭാഷയിൽ പെട്ടെന്ന് മനസ്സിലാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. മാത്രമല്ല ഈ പുസ്തകം ആവശ്യമുള്ളവർ മാത്രം ഉപയോഗിച്ചാൽ മതിയെന്നതിനാൽ ആശങ്കയ്ക്ക് അടിസ്ഥാനമില്ല.

**വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി**

145 (6711) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായപദ്ധതി ഭൂരിഭാഗം പേർക്കും പ്രയോജനപ്പെടുന്നില്ല എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മെരിറ്റുവഴി അഡ്മിഷൻ ലഭിച്ചവർക്കുമാത്രമായി ഈ പദ്ധതി പരിമിതപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) എസ്.ബി.റ്റി., എസ്.ബി.ഐ ലയനം നടന്നതിനാൽ എസ്.ബി.റ്റി. യിൽനിന്നും വായ്പ എടുത്തവർക്ക് ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിൽ ബുദ്ധിമുട്ട് അനുഭവിക്കുന്നതായ പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വിദ്യാഭ്യാസ വായ്പ എടുത്തവർക്കെല്ലാം പ്രയോജനകരമായ രീതിയിൽ ഈ പദ്ധതി നടപ്പിലാക്കാൻ വിദ്യാഭ്യാസ വകുപ്പ് നിർദ്ദേശം വയ്ക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് വിദ്യാഭ്യാസ വായ്പ എടുത്തിട്ടുള്ള ഭൂരിഭാഗം പേർക്കും പ്രയോജനപ്പെടുക എന്ന ലക്ഷ്യത്തോടെ ബാങ്കുകളുമായും സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുമായും ചർച്ച ചെയ്താണ് വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയുടെ മാനദണ്ഡങ്ങൾ രൂപപ്പെടുത്തിയിട്ടുള്ളത്.

(ബി) ഇൻഡ്യയ്ക്കകത്തുള്ള IIT, IIM, IIST, IISC മുതലായ ദേശീയ സ്ഥാപനങ്ങളിലേതുൾപ്പെടെ അംഗീകൃത പ്രൊഫഷണൽ/ടെക്നിക്കൽ കോഴ്സുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായപദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്. എന്നാൽ നഴ്സിംഗ് കോഴ്സുകൾ ഒഴികെയുള്ള കോഴ്സുകളിൽ മാനേജ്മെന്റ് ക്വാട്ടയിൽ അഡ്മിഷൻ നേടിയവർക്കോ എൻ.ആർ.ഐ. ക്വാട്ടയിൽ അഡ്മിഷൻ നേടിയവർക്കോ ഈ പദ്ധതി ബാധകമാകുന്നതല്ല.

(സി) മുൻപ് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിൽനിന്നും വിദ്യാഭ്യാസ വായ്പ എടുത്തിട്ടുള്ളതും സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുമായുള്ള ലയനത്തെത്തുടർന്ന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയിലേയ്ക്ക് കൈമാറിയിട്ടുള്ളതുമായ വിദ്യാഭ്യാസ വായ്പകൾക്ക് വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി പ്രകാരമുള്ള സർക്കാർ സഹായം ലഭിക്കുന്നതാണ്. എന്നാൽ മുൻപ് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ നൽകിയതും അസറ്റ് റീകൺസ്ട്രക്ഷൻ കമ്പനി (ARC)-ക്ക് കൈമാറിയതുമായ വിദ്യാഭ്യാസ വായ്പകൾ സർക്കാർ പ്രഖ്യാപിച്ച വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടാത്തതിനാൽ പ്രസ്തുത വായ്പകൾ തിരിച്ചടയ്ക്കുന്നതിന് ധനസഹായം നൽകുന്നത് പരിഗണിക്കാൻ കഴിയുകയില്ല. പ്രസ്തുത കമ്പനി ഒരു ബാങ്കിംഗ് ഇതര കമ്പനി ആയതിനാലാണ് ഇങ്ങനെ കൈമാറിയ വായ്പകൾക്ക് സർക്കാർ ധനസഹായം നൽകാൻ കഴിയാത്തത്.

(ഡി) നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ പരിധിയിൽ വരുന്നവർക്കെല്ലാം തന്നെ പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്.

## സർക്കാർ സ്കൂളുകളിൽ അങ്കണവാടികളും പ്രീ-പ്രൈമറി സ്കൂളും

146 (6712) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ സ്കൂളുകളിൽ അങ്കണവാടികളും പ്രീ-പ്രൈമറി സ്കൂളും ഒറ്റ കോമ്പൗണ്ടിൽ പ്രവർത്തിക്കുന്നുണ്ടോ; ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) രണ്ട് സ്ഥാപനങ്ങളിലും നടക്കുന്ന പഠനരീതി, സിലബസ് എന്നിവ വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ സർക്കാർ സ്കൂളുകളിൽ രണ്ട് രീതിയിലുള്ള പഠനരീതി നിലനിൽക്കുന്നത് സർക്കാർ പരിശോധിക്കുമോ; പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) രണ്ട് സ്ഥാപനങ്ങളിലെയും പഠനരീതി, അദ്ധ്യാപന രീതി എന്നിവ പരിശോധിക്കുന്നത് ആരാണ്; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് സർക്കാർ സ്കൂളുകളിൽ അങ്കണവാടികളും പ്രീ-പ്രൈമറി സ്കൂളും ഒറ്റ കോമ്പൗണ്ടിൽ പ്രവർത്തിക്കുന്നുണ്ട്. ജില്ലതിരിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു.

(ബി&സി) പൊതുവിദ്യാഭ്യാസ വകുപ്പിന്റെകീഴിലെ പ്രീ-പ്രൈമറികളിൽ എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയ പാഠ്യപദ്ധതി പ്രകാരമാണ് ക്ലാസ്സുകൾ നടക്കുന്നത്. അങ്കണവാടികൾ സാമൂഹ്യനീതി വകുപ്പ് തയ്യാറാക്കിയ പ്രത്യേക പഠന സാമഗ്രികളാണ് ഉപയോഗിക്കുന്നത്. എന്നാൽ 11-8-2014-ലെ സർക്കാർ ഉത്തരവ് പ്രകാരം അങ്കണവാടികൾക്കും പ്രയോജനപ്പെടുന്ന വിധത്തിലാണ് എസ്.സി.ഇ.ആർ.ടി. പ്രീ-സ്കൂൾ പാഠ്യപദ്ധതി തയ്യാറാക്കിയിരിക്കുന്നത്. രണ്ട് വകുപ്പുകളിലേയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) അങ്കണവാടികളിലെ പ്രവർത്തനങ്ങൾ സാമൂഹ്യനീതി വകുപ്പാണ് പരിശോധിക്കുന്നത്. സർക്കാർ സ്കൂളിനോട് ചേർന്നുള്ള പ്രീ-പ്രൈമറികളിലെ പ്രവർത്തനങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ മേൽനോട്ടത്തിലാണ്.

**പ്രീ-പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപകർക്കും ആയമാർക്കും ഓണറേറിയം**

147 (6713) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപക രക്ഷാകർതൃ സമിതികളുടെ നിയന്ത്രണത്തിൽ സർക്കാർ സ്കൂളുകളോടനുബന്ധിച്ച് പ്രവർത്തിച്ചുവരുന്ന പ്രീ-പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപകർക്കും ആയമാർക്കും ഓണറേറിയം നൽകി വരുന്നുണ്ടോ;

(ബി) എങ്കിൽ ഏത് തീയതി വരെ ജോലിയിൽ പ്രവേശിച്ചവർക്കാണ് ഈ ആനുകൂല്യം നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) നാല് ഡിവിഷനുകളുള്ള പ്രീ-പ്രൈമറി സ്കൂളുകളിൽ മൂന്ന് അദ്ധ്യാപികമാർക്കും ഒരു ആയക്കും മാത്രം ഓണറേറിയം നൽകുകയും ഒരാൾക്ക് മാത്രം നൽകാതിരിക്കുകയും ചെയ്യുന്ന സാഹചര്യം നിലവിലുണ്ടോ;

(ഡി) ജോലിയിൽ പ്രവേശിച്ച തീയതി വൈകിപ്പോയി എന്ന കാരണത്താൽ അർഹമായ ആനുകൂല്യം നിഷേധിക്കപ്പെടുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇത്തരം കേസുകളിൽ മാനുഷിക പരിഗണന നൽകി ആനുകൂല്യം ലഭ്യമാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 1-8-2012 വരെ സർവ്വീസിലുള്ളവർക്ക് യോഗ്യതയുടെയോ കുട്ടികളുടെ എണ്ണമോ നോക്കാതെ അംഗീകാരം നൽകിയിട്ടുണ്ട്. 7-12-2012 വരെ നിശ്ചിത യോഗ്യതയുള്ളവർക്കും ഓണറേറിയം അനുവദിച്ചിട്ടുണ്ട്.

(സി) 30 കുട്ടികൾക്ക് ഒരു അദ്ധ്യാപിക, ഒരു ആയ എന്ന ക്രമത്തിൽ 7-12-2012 വരെയുള്ള തസ്തികകൾ അംഗീകരിച്ചിട്ടുണ്ട്. ഈ കാലയളവിൽ അർഹതയുള്ള എല്ലാപേർക്കും ഓണറേറിയം അനുവദിച്ചിട്ടുണ്ട്.

(ഡി) 7-12-2012-നുശേഷം സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പുതിയ പ്രീ-പ്രൈമറികൾക്ക് അംഗീകാരമോ തസ്തികകൾ അംഗീകരിച്ചോ നൽകിയിട്ടില്ല. ലഭ്യമാകുന്ന പരാതികൾ പരിശോധിച്ച് അനുഭാവപൂർവ്വം നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഇ) കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച 7-12-2012-ലെ സർക്കാർ ഉത്തരവ് പ്രകാരം പ്രീ-പ്രൈമറികളിലെ അദ്ധ്യാപകർക്കും ആയമാർക്കുമുള്ള ഓണറേറിയം 300 രൂപ (മുന്നൂറ് രൂപ മാത്രം), 200 രൂപ (ഇരുന്നൂറ് രൂപ മാത്രം) എന്നതിൽ നിന്ന് യഥാക്രമം 5,000 രൂപ (അയ്യായിരം രൂപ മാത്രം) 3,500 രൂപ (മൂവായിരത്തി അഞ്ഞൂറ് രൂപ മാത്രം) എന്നതായി വർദ്ധിപ്പിക്കുകയും ഈ തീയതി മുതൽ സർക്കാർ അനുമതിയില്ലാതെ പുതുതായി സ്കൂളുകൾ അനുവദിക്കുന്നില്ല എന്ന് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. മാത്രമല്ല, അധികമായി അദ്ധ്യാപിക, ആയ എന്നിവരുടെ നിയമനവും കർശനമായി നിരോധിച്ചിരിക്കുകയാണ്.

## ഡയറ്റുകളിൽ അദ്ധ്യാപകരുടെ ഒഴിവുകൾ

148 (6714) ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള ഡയറ്റുകളിൽ അദ്ധ്യാപകരുടെ ഒഴിവുകൾ നികത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) ഡയറ്റിലെ അദ്ധ്യാപകരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട സ്പെഷ്യൽ റൂളിൽ എന്തെങ്കിലും ഭേദഗതി വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഡയറ്റുകളിലെ അദ്ധ്യാപക തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചുവരികയാണ്.

(ബി) ഉണ്ട്; സ്പെഷ്യൽ റൂൾസ് ഭേദഗതി വരുത്തുന്നതിനായി സമർപ്പിച്ചിട്ടുള്ള ഭേദഗതി ശിപാർശകൾ പരിശോധിച്ചുവരികയുമാണ്.

## ചാലക്കുടിയിലെ മേഖല സയൻസ് ആൻഡ് ടെക്നോളജി മ്യൂസിയം

149 (6715) ശ്രീ. വി. പി. സജീന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സയൻസ് ആൻഡ് ടെക്നോളജി മ്യൂസിയത്തിന്റെ ചാലക്കുടിയിലെ മേഖല ശാസ്ത്രകേന്ദ്രത്തിലെ ഗ്യാലറിക്കായി എക്സിബിറ്റുകൾ നിർമ്മിക്കുന്നതിന് എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും അതിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്നും ഓരോ എക്സിബിറ്റും നിർമ്മിക്കുന്നതിനായി എത്ര തുകയാണ് നിശ്ചയിച്ചതെന്നും ഇതുവരെ എത്ര എക്സിബിറ്റുകൾ നിർമ്മിച്ചുവെന്നും ഇനിയും എത്ര എണ്ണം പൂർത്തീകരിക്കാനുണ്ടെന്നുമുള്ള വിശദവിവരങ്ങൾ നൽകാമോ ?

ഉത്തരം

2017-18 ബജറ്റിൽ 50 ലക്ഷം രൂപ ഗ്യാലറിയിലെ എക്സിബിറ്റുകൾ നിർമ്മിക്കുന്നതിനുവേണ്ടി വകയിരുത്തിയിട്ടുണ്ട്. അതിൽ നാളിതുവരെ 7,95,143 രൂപ ചെലവഴിച്ചിട്ടുണ്ട്.

43 എക്സിബിറ്റുകളാണ് ആകെ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. ഓരോ എക്സിബിറ്റിന്റെ ശരാശരി ചെലവ് 1,16,000 രൂപയാണ്. എക്സിബിറ്റുകൾ ഒന്നും തന്നെ പൂർത്തീകരിച്ചിട്ടില്ല. ഈ എക്സിബിറ്റുകൾ നിർമ്മിക്കുന്നത് Research &

Development Project മുഖേനയാണ്. ഇവ മാർക്കറ്റിൽനിന്നും തയ്യാറാക്കി ലഭിക്കപ്പെടുന്നവയല്ല. അസംസ്കൃത വസ്തുക്കൾ ടെണ്ടർ/ക്വട്ടേഷൻ നടപടികൾ സ്വീകരിച്ച് വാങ്ങി അവ സൈറ്റിൽവച്ച് കൂട്ടിയോജിപ്പിച്ച് പ്രവർത്തന-ക്ഷമമാക്കുകയും പരിശോധനകൾ പൂർത്തിയാക്കി അവ ക്യാബിനുകളിൽ ഉൾപ്പെടുത്തുകയുമാണ് ചെയ്യുന്നത്. ഇപ്രകാരം ഇനി 43 എക്സിബിറ്റുകളും പൂർത്തീകരിക്കാനുണ്ട്.

**കായികാദ്ധ്യാപകരെ ജില്ലാ കോ-ഓർഡിനേറ്റർമാരായി നിയമിക്കൽ**

150 (6716) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാതല സ്കൂൾ കായിക മത്സരങ്ങൾ സുഗമമായി നടത്തുന്നതിനുവേണ്ടി കായികാധ്യാപകരെ ജില്ലാ കോ-ഓർഡിനേറ്റർമാരായി നിയമിക്കാറുണ്ടോ; എങ്കിൽ അതിന്റെ മാനദണ്ഡം എന്താണ്;

(ബി) ഇത്തരത്തിൽ എല്ലാ ജില്ലകളിലും കോ-ഓർഡിനേറ്റർമാർ നിലവിലുണ്ടോ; കാലാവധി കഴിഞ്ഞ കോ-ഓർഡിനേറ്റർമാർക്ക് പകരം പുതിയ കോ-ഓർഡിനേറ്റർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. സ്പോർട്സ് ആൻഡ് ഗെയിംസ് മാന്വൽ അനുബന്ധം X-ൽ പറഞ്ഞിരിക്കുന്ന മാനദണ്ഡങ്ങൾക്കനുസരിച്ചാണ് കോ-ഓർഡിനേറ്റർമാരെ നിയമിക്കുന്നത്.

(ബി) ഇല്ല. നിലവിൽ തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകളിൽ കോ-ഓർഡിനേറ്റർമാർ ഇല്ല. ഈ ജില്ലകളിൽ കോ-ഓർഡിനേറ്റർമാരെ നിയമിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. കോ-ഓർഡിനേറ്റർമാരുടെ കാലാവധി മൂന്ന് വർഷമാണ്. കാലാവധി കഴിയുന്ന മുറയ്ക്ക് പകരം പുതിയ കോ-ഓർഡിനേറ്റർമാരെ നിയമിക്കുന്നത് സ്പോർട്സ് ആൻഡ് ഗെയിംസ് മാന്വൽ അനുബന്ധം X പ്രകാരം ഡെപ്യൂട്ടി ഡയറക്ടർ ചെയർമാനായ കമ്മിറ്റിയാണ്.

**അംഗീകാരമില്ലാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങൾ**

151 (6717) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതൊക്കെ വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് അംഗീകാരമില്ലാതെ സംസ്ഥാനത്ത് ഇപ്പോഴും തുടർന്നുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സ്ഥാപനങ്ങൾക്ക് എപ്പോൾ സ്റ്റോപ്പ് മെമ്മോ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കാലാകാലങ്ങളിൽ വിദ്യാഭ്യാസ നിയമത്തിനനുസൃതമായി സർക്കാർ നിഷ്കർഷിക്കുന്ന മാനദണ്ഡമനുസരിച്ച് അംഗീകാരം ലഭ്യമാകാത്ത അൺ-എയ്ഡഡ് സ്ഥാപനങ്ങളാണ് (സംസ്ഥാന പാഠ്യപദ്ധതി)/സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. മുതലായവ) പ്രവർത്തിച്ചുവരുന്നത്.

(ബി) കേന്ദ്ര സർക്കാരിന്റെ 2009-ലെ കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമം, 2011-ലെ വിദ്യാഭ്യാസ അവകാശ ചട്ടം എന്നിവയിലെ വ്യവസ്ഥകളുടെയും കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 16-3-2016-ലെ CRMP No. 4426/05/LA1/15/KeSCPCR ഉത്തരവിന്റെയും അടിസ്ഥാനത്തിൽ സംസ്ഥാനത്ത് നിലവിൽ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ 2018-19 അധ്യായന വർഷം മുതൽ അടച്ചുപൂട്ടുന്നതിന് സർക്കാർ തീരുമാനമെടുക്കുകയും തുടർനടപടി സ്വീകരിക്കുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ആയതുപ്രകാരം അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന 1585 സ്കൂളുകൾ അടച്ചുപൂട്ടുന്നതിന് വിദ്യാഭ്യാസ അധികാരികൾ നോട്ടീസ് നൽകിയിട്ടുണ്ട്.

**സംയോജിത ബിരുദ-ബി.എഡ്. കോഴ്സുകൾ**

152 (6718) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ഡോ. എം. കെ. മുനീർ :
ശ്രീ. എം. ഉമ്മർ :
ശ്രീ. പാറക്കൽ അബ്ദുല്ല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാലുവർഷ സംയോജിത ബിരുദ ബി.എഡ്. കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ സാധ്യതകൾ പഠിക്കുന്നതിന് ആരെയാണ് നിയോഗിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) അടുത്ത വിദ്യാഭ്യാസ വർഷം മുതൽ പുതിയ കോഴ്സുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ-സി) ബി.എഡ്. കോഴ്സിന്റെ കരിക്കുലം പുനഃസംഘടിപ്പിക്കുന്ന വിഷയം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ RIEM-ലെ പ്രൊഫ. അനിൽകുമാറിന്റെ നേതൃത്വത്തിൽ ഒരു അഞ്ചംഗ കമ്മിറ്റിയെ സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ നിയോഗിച്ചിട്ടുണ്ട്. കൗൺസിലിന്റേയും സർവ്വകലാശാലകളുടെയും ശിപാർശകൾ ലഭിച്ചശേഷം സർക്കാർ ഇക്കാര്യം പരിശോധിക്കുന്നതാണ്.

## D.L.Ed. കോഴ്സ് B.Ed. കോഴ്സിന് തുല്യമാക്കാൻ നടപടി

153 (6719) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) D.L.Ed. കോഴ്സ് B.Ed.-ന് തുല്യമാക്കി ഉത്തരവുണ്ടോ; എങ്കിൽ എപ്പോഴാണ് ഉത്തരവ് ഇറക്കിയിരുന്നത് ; വ്യക്തമാക്കാമോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഈ ഉത്തരവ് പിൻവലിച്ചിട്ടുണ്ടോ; എങ്കിൽ ഏത് ഉത്തരവിലൂടെ എപ്പോഴാണ് പിൻവലിച്ചത് ; വ്യക്തമാക്കാമോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) D.L.Ed കോഴ്സ് B.Ed.-ന് തുല്യമാക്കിയ ഉത്തരവ് പിൻവലിക്കാനുള്ള കാരണമെന്തെന്നും അത് കൊണ്ടുള്ള നേട്ടങ്ങളെന്തെന്നും വ്യക്തമാക്കാമോ;

(ഡി) ഈ ഉത്തരവ് പിൻവലിച്ചതുകൊണ്ട് നിയമനം കാത്തുകഴിയുന്ന നൂറുകണക്കിന് ഉദ്യോഗാർത്ഥികൾ ആശങ്കയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഇ) കേരളത്തിൽ ഒഴിഞ്ഞുകിടക്കുന്ന നാനൂറോളം അദ്ധ്യാപക തസ്തികകളിൽ നിയമനം നൽകാൻ കഴിയാത്തത് D.L.Ed. കോഴ്സ് B.Ed.ന് തുല്യമാക്കിയ നടപടി റദ്ദ് ചെയ്തത് കൊണ്ടാണോ; വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) 11-2-2013-ലെ സ.ഉ. (എം.എസ്) നമ്പർ 49/2013/പൊ.വി.വ. പ്രകാരം പരീക്ഷാ കമ്മീഷണർ നടത്തുന്ന എൽ.റ്റി.റ്റി.സി./ഡി.എൽ.ഇ.ഡി. കോഴ്സുകൾ കേരളത്തിലെ യൂണിവേഴ്സിറ്റികൾ നടത്തുന്ന ബി.എഡ്. കോഴ്സിന് തുല്യമാക്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 1-8-2016-ലെ സ.ഉ. (എം.എസ്.) നമ്പർ 130/2016/പൊ.വി.വ. പ്രകാരം ടി ഉത്തരവ് പിൻവലിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) "എൽ.റ്റി.റ്റി.സി./ഡി.എൽ.ഇ.ഡി. കോഴ്സുകൾക്കും ബന്ധപ്പെട്ട ഡിഗ്രി കോഴ്സുകൾക്കും അഡ്മിഷനുള്ള മാനദണ്ഡങ്ങളിൽ വലിയ അന്തരമില്ലെന്നും പാഠ്യവിഷയങ്ങളും കോഴ്സുകളുടെ കാലദൈർഘ്യവും ഏതാണ്ട് തുല്യമാണെന്നുമാണ് " പ്രസ്തുത കോഴ്സുകൾക്ക് തുല്യത അനുവദിച്ചുകൊണ്ടുള്ള 11-2-2013-ലെ ഉത്തരവിൽ പറഞ്ഞിരുന്നത്. ഇപ്രകാരം "വലിയ അന്തരമില്ലാത്തതും, ഏതാണ്ട് തുല്യമായതും" ആയത് രണ്ട് കോഴ്സുകൾക്ക് തുല്യത അനുവദിച്ച നടപടി അക്കാദമിക പരമായിത്തന്നെ തെറ്റായതിനാലാണ് പ്രസ്തുത ഉത്തരവ് പിൻവലിച്ചത്. മാത്രമല്ല, യൂണിവേഴ്സിറ്റികൾ നൽകുന്ന ഒരു യോഗ്യതയുമായി (B.Ed.) തുല്യത നിശ്ചയിക്കുമ്പോൾ സർവ്വകലാശാല അക്കാദമിക് കൗൺസിലിന്റെ അഭിപ്രായവും തേടിയിരിക്കണം. അതും ഈ കാര്യത്തിൽ ഉണ്ടായിട്ടില്ല. ഇതും ഉത്തരവ് പിൻവലിക്കലിന് കാരണമായിട്ടുണ്ട്. B.Ed.-ന് തുല്യമല്ലാത്ത ഒരു കോഴ്സ് അതിന് തുല്യമാണെന്ന് പ്രഖ്യാപിച്ചാൽ അനർഹർക്ക് പ്രഥമാധ്യാപക തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകേണ്ടിവരും. ഇത് സ്കൂളിന്റെ പുരോഗതിയെത്തന്നെ പ്രതികൂലമായി ബാധിക്കും. ഇത് ഒഴിവാക്കാൻ കഴിഞ്ഞുവെന്നതാണ് D.L.Ed. കോഴ്സ് B.Ed-ന് തുല്യമാക്കിയ ഉത്തരവ് പിൻവലിച്ചതുകൊണ്ട് ഉണ്ടായ നേട്ടം.

(ഡി) പ്രസ്തുത ഉത്തരവ് പിൻവലിച്ചതുകൊണ്ട് ഉദ്യോഗാർത്ഥികൾ ആശങ്കപ്പെടേണ്ട കാര്യമില്ല.

(ഇ) അല്ല. D.L.Ed, L.T.T.C. യോഗ്യതകൾ ഏതൊക്കെ അദ്ധ്യാപക തസ്തികകളുടെ നിയമനത്തിന് യോഗ്യതയായി പരിഗണിക്കപ്പെട്ടിരുന്നുവോ അവയിലൊന്നും യാതൊരു മാറ്റവും ഇപ്പോഴും വന്നിട്ടില്ല.

**രാഷ്ട്രീയ ഉച്ചതാർ ശിക്ഷാ അഭിയാൻ**

154 (6720) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിന്റെ ഉന്നതവിദ്യാഭ്യാസ പദ്ധതിയായ രാഷ്ട്രീയ ഉച്ചതാർ ശിക്ഷാ അഭിയാനിൽ നിന്നും സഹായധനം ലഭിക്കുന്ന പദ്ധതികൾക്ക് രൂപംകൊടുത്തിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഈ പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ;എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) റൂസയിൽനിന്നും സഹായധനം ലഭിക്കുന്ന ഒന്നാംഘട്ട പദ്ധതികൾക്കായി കേന്ദ്രത്തിന് വിശദമായ രൂപരേഖ സമർപ്പിക്കുകയും ഫണ്ട് ലഭിക്കുകയും ചെയ്തിട്ടുണ്ട്. രണ്ടാംഘട്ട പദ്ധതിയുമായി ബന്ധപ്പെട്ട രൂപരേഖ തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**മലപ്പുറം ഗവൺമെന്റ് വനിതാ കോളേജിൽ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി**

155 (6721) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ഗവൺമെന്റ് വനിതാ കോളേജ് അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്ന നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; പ്രസ്തുത ഫയലിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) അദ്ധ്യയനം ആരംഭിക്കാത്ത കോളേജുകളിൽപ്പോലും തസ്തികകൾ സൃഷ്ടിച്ചിട്ടും അദ്ധ്യയനം ആരംഭിച്ച് 3 വർഷം പിന്നിട്ടിട്ടുള്ള മലപ്പുറം ഗവൺമെന്റ് വനിതാ കോളേജിൽ പ്രിൻസിപ്പൽ തസ്തിക ഉൾപ്പെടെ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പ്രിൻസിപ്പൽ ഉൾപ്പെടെ മിനിമം വേണ്ട അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) മലപ്പുറം വനിതാ കോളേജിൽ ഇംഗ്ലീഷ് വിഭാഗത്തിൽ രണ്ടും കെമിസ്ട്രി വിഭാഗത്തിൽ ഒന്നും അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിഗണനയിലാണ്.

## യു.ജി.സി. ആറാം ശമ്പള പരിഷ്കരണം

156 (6722) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006 -ലെ യു.ജി.സി ആറാം ശമ്പള പരിഷ്കരണം 28-3-2010 ന് കേരളത്തിൽ നടപ്പിലാക്കി ഉത്തരവിറങ്ങിയെങ്കിലും 2006 മുതൽ പ്രൊമോഷൻ, പ്ലേസ്മെന്റ് എന്നിവ നല്കുന്നതിനുവേണ്ടി യു.ജി.സി.യുടെ റെഗുലേഷനുകൾ അതേപടി പിന്തുടരാനോ അതിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ റൂൾസ് ഉണ്ടാക്കാനോ വിദ്യാഭ്യാസ വകുപ്പ് തയ്യാറായിട്ടില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇക്കാരണത്താൽ 2010 മാർച്ചിനുശേഷം കേരളത്തിലെ ഗവൺമെന്റ് കോളേജ് അധ്യാപകർക്ക് യാതൊരുവിധ സ്ഥാനക്കയറ്റവും ലഭിച്ചിട്ടില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കേരളത്തിലെ ഗവൺമെന്റ് കോളേജ് അധ്യാപകർ കഴിഞ്ഞ എട്ട് വർഷമായി അനുഭവിക്കുന്ന ഈ വിവേചനത്തിനും അവഗണനയ്ക്കും പ്രതിവിധി എന്തെന്നറിയിക്കാമോ;

(ഡി) സർവ്വകലാശാലാ അധ്യാപകർക്കും പ്രൈവറ്റ് കോളേജധ്യാപകർക്കും പ്രൊമോഷൻ സാധ്യമാവുന്ന ഉത്തരവുകൾ അതത് സർവ്വകാലാശാലകൾ മുമ്പേ ഇറക്കിയിട്ടുള്ള സാഹചര്യത്തിൽ ഒരേ യോഗ്യതയുള്ള അധ്യാപകർക്കിടയിൽ ശമ്പളക്കാര്യത്തിൽ വൻവ്യത്യാസമുണ്ടാവുന്ന എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ സർക്കാർ കോളേജ് അദ്ധ്യാപകർക്ക് വന്നിട്ടുള്ള നഷ്ടം പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ-ഡി) 18-9-2010 മുതൽ സംസ്ഥാനത്ത് യു.ജി.സി. യോഗ്യത അനുസരിച്ച് മാത്രമേ നിയമനങ്ങളും പ്രൊമോഷനും പാടുള്ളൂവെന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 23-2-2016-ൽ വിധിന്യായം പുറപ്പെടുവിച്ചിരുന്നു. ഇതിനെത്തുടർന്ന് കോളേജ് അദ്ധ്യാപകരുടെ പ്രൊമോഷൻ/പ്ലേസ്മെന്റ് തടസ്സപ്പെടാതിരിക്കാൻ യു.ജി.സി. റെഗുലേഷൻ നടപ്പിലാക്കുന്നതിന് 23-2-2016 മുതൽ പ്രാബല്യം ലഭിക്കാൻ സർക്കാർ ഹൈക്കോടതിയിൽ റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്തു. ഈ റിവ്യൂ പെറ്റീഷൻ കോടതി തള്ളിയതിനെത്തുടർന്ന് സർക്കാർ സുപ്രീം കോടതിയിൽ SLP ഫയൽ ചെയ്യുകയുണ്ടായി. ടി വിഷയം ഇപ്പോൾ സുപ്രീം കോടതിയുടെ പരിഗണനയിലാണ്.

യു.ജി.സി. റെഗുലേഷൻ 2010 പ്രകാരമുള്ള ഭേദഗതികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള സ്പെഷ്യൽ റൂൾ ഭേദഗതി അന്തിമഘട്ടത്തിലാണ്. എന്നിരുന്നാലും സ്പെഷ്യൽ റൂൾ ഭേദഗതിയിലുണ്ടായേക്കാവുന്ന കാലതാമസം കണക്കിലെടുത്ത് സർക്കാർ കോളേജ് അദ്ധ്യാപകരുടെ പ്രിൻസിപ്പാൾ സ്ഥാനത്തേയ്ക്കുള്ള സ്ഥാനക്കയറ്റം യു.ജി.സി. നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ഉൾപ്പെടുത്തി പുറപ്പെടുവിച്ച 19-3-2017-ലെ ജി.ഒ.(P)10/2017/HEdn.-യിലെ വ്യവസ്ഥകൾ പ്രകാരം നൽകിവരുന്നു. സുപ്രീം കോടതി മുമ്പാകെ പരിഗണനയിലുള്ള കേസ്സിന്റെ അന്തിമ വിധിന്യായത്തിന് വിധേയമായി മാത്രമേ റെഗുലേഷൻ 2010 പ്രകാരമുള്ള പ്രൊമോഷൻ മാനദണ്ഡങ്ങൾ അതേപടി നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. എന്നിരുന്നാലും വിവിധതലങ്ങളിൽ ഇതുസംബന്ധിച്ച് പരിശോധനകൾ നടത്തിവരുന്നു. കൂടാതെ ആർട്സ് ആന്റ് സയൻസ് കോളേജ് അദ്ധ്യാപകരുടെ അഞ്ചാം യു.ജി.സി. സ്കീം പ്രകാരമുള്ള സീനിയർ/സെലക്ഷൻ ഗ്രേഡും അനുവദിച്ചുവരുന്നുണ്ട്.

## എയ്ഡഡ് കോളേജുകളിലെ ഗസ്റ്റ് അദ്ധ്യാപകരുടെ വേതന വിതരണം

157 (6723) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് കോളേജുകളിലെ ദിവസവേതനക്കാരായ ഗസ്റ്റ് അധ്യാപകർക്ക് ഒരു വർഷത്തോളമായി ശമ്പളം ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവർക്ക് വേതനം നൽകുന്ന ട്രഷറി ഹെഡ് ഓഫ് അക്കൗണ്ട് ഈ സാമ്പത്തികവർഷം മാറ്റിയതിനെ തുടർന്ന് ഗസ്റ്റ് അധ്യാപകരുടെ ശമ്പളം ട്രഷറി അധികൃതർ മടക്കുന്നതുമൂലമുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഈ വിഷയത്തിലെ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് ഇവർക്ക് അടിയന്തരമായി വേതനം നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) എയ്ഡഡ് കോളേജുകളിലെ താത്കാലിക ജീവനക്കാരുടെ വേതനം നൽകുന്നതിലേയ്ക്കായി 23-1-2018-ലെ സ.ഉ.(സാധാ)നമ്പർ 563/2018/ ധന. പ്രകാരം 2017-18 സാമ്പത്തിക വർഷത്തിൽ "2202-03-104-99-02-5(NP) " എന്ന പുതിയ ശീർഷകം സൃഷ്ടിച്ച് ആയതിൽ 14 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

## എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപകരുടെ ആനുകൂല്യങ്ങൾ

158 (6724) ശ്രീ. എ. എം. ആരിഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എയ്ഡഡ് കോളേജുകളിൽ പഠിപ്പിക്കുന്ന പെർമനന്റ്, പാർട്ട് -ടൈം, ലാ, ജേർണലിസം അദ്ധ്യാപകർക്ക് 21-12-1999-ലെ ഉത്തരവ് GO(P) No. 171/99H. Edn.പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 27-10-2017 ലെ ഡബ്ല്യു.പി.സി. നമ്പർ 20430/07 കേസിലെ ഉത്തരവ് നടപ്പിലാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 21-12-1999-ലെ GO(P)No.171/99/HEdn. നമ്പർ ഉത്തരവിൽ പാർട്ട് ടൈം, ലാ, ജേർണലിസം അദ്ധ്യാപകർക്ക് യു.ജി.സി. നിരക്കിൽ ശമ്പളം അനുവദിക്കുന്നതിനെക്കുറിച്ച് പരാമർശമില്ല. അതിനാൽ അവർക്ക് ഈ ആനുകൂല്യത്തിന് അർഹതയില്ല.

(ബി) പാർട്ട് -ടൈം ലാ ലക്ചററായ ശ്രീ. കെ. മുരളി, യു.ജി.സി. സ്കീമിൽ ഫുൾടൈം ലക്ചറർമാർക്ക് അനുവദിച്ചിട്ടുള്ള ശമ്പളം/മറ്റ് ആനുകൂല്യങ്ങൾ എന്നിവ അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഫയൽ ചെയ്ത WP(C)20430/2007-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി 22-11-2016-ൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവ് മാത്രമാണ് സർക്കാരിൽ ലഭിച്ചിട്ടുള്ളത്. ഇതിനനുസൃതമായി സർക്കാർ നടപടി സ്വീകരിച്ചു. എന്നാൽ ടി കേസ്സിൽ 27-10-2017-ൽ പുറപ്പെടുവിച്ച വിധിന്യായം ഈ വകുപ്പിന് നാളിതുവരെ ലഭിച്ചിട്ടില്ല. ആയത് ലഭിക്കുന്നമുറയ്ക്ക് നിയമാനുസൃത നടപടി സ്വീകരിക്കുന്നതാണ്.

## സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പരിമിതമായ ശമ്പളവും ആനുകൂല്യങ്ങളും

159 (6725) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഭൂരിപക്ഷവും അധ്യാപകർ ഉൾപ്പെടെയുള്ളവർക്ക് പരിമിതമായ ശമ്പളവും ആനുകൂല്യങ്ങളും നൽകുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിലുള്ള സ്ഥാപനങ്ങളുടെ മേധാവികൾക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രശ്നങ്ങളെക്കുറിച്ച് പഠിച്ച് ജസ്റ്റിസ് ദിനേശൻ കമ്മീഷൻ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ട് മന്ത്രിസഭ തത്വത്തിൽ അംഗീകരിക്കുകയും 22-2-2018-ലെ സ.ഉ.(കൈ) നമ്പർ 55/2018/ഉ.വി.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ടിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**സർക്കാർ കോളേജുകളിൽ ഒഴിവുള്ള അദ്ധ്യാപക തസ്തികകൾ**

160 (6726) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ കോളേജുകളിൽ അദ്ധ്യാപക തസ്തികൾ, പ്രിൻസിപ്പൽ തസ്തികകൾ, കൊളീജിയേറ്റ് വിദ്യാഭ്യാസ വകുപ്പിൽ ഡെപ്യൂട്ടി ഡയറക്ടർമാർ, അഡീഷണൽ ഡയറക്ടർ എന്നിവരുടെ എത്ര തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നു; അറിയിക്കുമോ;

(ബി) എയ്ഡഡ് കോളേജുകളിൽ നിലവിലുള്ള അദ്ധ്യാപക, പ്രിൻസിപ്പൽ തസ്തികകളുടെ വ്യക്തമായ വിവരം ലഭ്യമാക്കുമോ;

(സി) ഒഴിവുള്ള തസ്തികകളിലേക്ക് നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ സർക്കാർ കോളേജുകളിൽ 333 അദ്ധ്യാപക തസ്തികകൾ, 3 പ്രിൻസിപ്പാൾ തസ്തികകൾ, കോളേജ് വിദ്യാഭ്യാസ വകുപ്പിൽ 2 ഡെപ്യൂട്ടി ഡയറക്ടർമാർ, ഒരു അഡീഷണൽ ഡയറക്ടർ എന്നിവരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു.

(ബി) എയ്ഡഡ് കോളേജുകളിൽ നിലവിൽ 8840 അദ്ധ്യാപക തസ്തികകളും 180 പ്രിൻസിപ്പാൾ തസ്തികകളുമുണ്ട്.

(സി) സർക്കാർ കോളേജുകളിൽ ഒഴിവുള്ള അദ്ധ്യാപക തസ്തികകൾ പി.എസ്.സി.-യിൽനിന്ന് നിയമന ശിപാർശ ലഭിക്കുന്നമുറയ്ക്ക് നിയമന ഉത്തരവ് ഉദ്യോഗാർത്ഥികൾക്ക് നൽകുന്നതാണ്. അഡീഷണൽ ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, പ്രിൻസിപ്പാൾ എന്നീ തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കോളേജുകളിൽ മലയാളം അദ്ധ്യാപക തസ്തികകൾ

161 (6727) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ എത്ര മലയാളം അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ ഗവൺമെന്റ് കോളേജുകളിൽ മലയാളം അദ്ധ്യാപകരുടെ എത്ര തസ്തികകൾ പുതുതായി സൃഷ്ടിക്കാനുണ്ട് എന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) കൊളീജിയേറ്റ് എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റിൽ മലയാളം അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കാൻ എത്തിയിട്ടുള്ള പ്രൊപ്പോസലുകളിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ഡി) കോമൺ കോഴ്സ് /സിംഗിൾ കോഴ്സ്/സെക്കന്റ് ലാംഗ്വേജ് ആയി മാത്രം മലയാളം പഠിപ്പിക്കുന്ന കേരളത്തിലെ ഗവൺമെന്റ് കോളേജുകളിൽ 9 മുതൽ 15 വരെ മണിക്കൂറുകൾ ആഴ്ചയിൽ ജോലിഭാരമുള്ള തസ്തികകൾ സ്ഥിരം തസ്തികകളായി സൃഷ്ടിക്കുവാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ഇ) മലയാള അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കാനുള്ള എത്ര പ്രൊപ്പോസലുകൾ സർക്കാരിന്റെ പരിഗണനയിലുണ്ട്; ഇത്തരം എത്ര പ്രൊപ്പോസലുകൾ ധനകാര്യ വകുപ്പ് നിരസിച്ചിട്ടുണ്ടെന്നും നിരസിക്കാനുള്ള കാരണവും വിശദമാക്കാമോ?

ഉത്തരം

(എ) നിലമ്പൂർ ആർട്സ് ആന്റ് സയൻസ് കോളേജിൽ ഒരു തസ്തിക സൃഷ്ടിച്ചിട്ടുണ്ട്.

(ബി) 19 തസ്തികകൾ സൃഷ്ടിക്കാനുള്ള പ്രൊപ്പോസൽ പ്രിൻസിപ്പാൾമാരിൽ നിന്നും കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ട്. വിശദാംശം താഴെ ചേർക്കുന്നു;

1. സർക്കാർ കോളേജ്, നെടുമങ്ങാട് - 1
2. സർക്കാർ കോളേജ്, മലയിൻകീഴ് - 1
3. സർക്കാർ കോളേജ്, മണിമലക്കുന്ന് - 2

| | | |
|---|---|---|
| 4. സർക്കാർ കോളേജ്, ഒല്ലൂർ | - | 1 |
| 5. സർക്കാർ കോളേജ്, അട്ടപ്പാടി | - | 3 |
| 6. സർക്കാർ കോളേജ്, പത്തിരിപ്പാല | - | 3 |
| 7. സർക്കാർ കോളേജ്, തവനൂർ | - | 1 |
| 8. സർക്കാർ കോളേജ്, കൊടുവള്ളി | - | 1 |
| 9. സർക്കാർ കോളേജ്, നാദാപുരം | - | 1 |
| 10. സർക്കാർ കോളേജ്, കുന്ദമംഗലം | - | 1 |
| 11. സർക്കാർ കോളേജ്, പെരിങ്ങോം | - | 1 |
| 12. സർക്കാർ കോളേജ്, കാസർഗോഡ് | - | 2 |
| 13. സർക്കാർ കോളേജ്, ഉദുമ | - | 1 |
| ആകെ | - | 19 |

(സി) 13 സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജിൽനിന്നും ലഭ്യമായ പ്രൊപ്പോസലുകളിൽ 6 കോളേജുകളിൽ നിന്നുള്ളവ സർക്കാർ പരിഗണനയ്ക്ക് അയയ്ക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നതായും ബാക്കിയുള്ളവകൂടി പരിശോധിച്ച് ഉടനടി സർക്കാരിൽ സമർപ്പിക്കുന്നതാണെന്നും കോളേജ് വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(ഡി) നിലവിൽ 16 മണിക്കൂർ ആഴ്ചയിൽ ജോലിഭാരമുള്ള വിഷയങ്ങൾക്കാണ് തസ്തികകൾ സൃഷ്ടിക്കുന്നത്. സർക്കാർ/എയ്ഡഡ് കോളേജുകളിൽ ജോലിഭാരം തിട്ടപ്പെടുത്തി അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് റിപ്പോർട്ട് നൽകുന്നതിന് ഒരു വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തുകയും സമിതി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ട് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(ഇ) കരുനാഗപ്പള്ളി ആർട്സ് ആൻഡ് സയൻസ് കോളേജ്, മലപ്പുറം സർക്കാർ വനിതാ കോളേജ്, വൈപ്പിൻ ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജ് എന്നീ മൂന്ന് കോളേജുകളിലെ മലയാളം അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ നിരസിച്ചിരുന്നു. സർക്കാരിന്റെ നിലവിലെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്നമുറയ്ക്ക് പ്രസ്തുത പ്രൊപ്പോസലുകൾ പരിഗണിക്കുന്നതാണ്.

**ഗവൺമെന്റ് കോളേജ് പെരിങ്ങോം**

162 (6728) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം ഗവ. കോളേജിന്റെ കിഫ്ബിവഴിയുള്ള കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകുന്ന നടപടികൾ ഏതുവരെയായെന്ന് വിശദമാക്കാമോ;

(ബി) നടപടികൾ പൂർത്തീകരിച്ച് എപ്പോൾ ഭരണാനുമതി നൽകാനാകും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) പെരിങ്ങോം ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിൽ കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ നടത്തുവാൻ ഉദ്ദേശിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് 27-3-2018-ലെ G.O. (Rt.) No.603/2018/HEDN. ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് Special Purpose Vehicle (SPV) ആയി KITE-നെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.

**ആർട്സ് ആൻഡ് സയൻസ് കോളേജുകൾ ആരംഭിക്കുന്നതിന് നടപടി**

163 (6729) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം നിയോജകമണ്ഡലങ്ങളിൽ സർക്കാർ ഉടമസ്ഥതയിലുള്ള ആർട്സ് ആൻഡ് സയൻസ് കോളേജുകൾ നിലവിലില്ലെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത നിയോജകമണ്ഡലങ്ങളിൽ സർക്കാർ മേഖലയിൽ ആർട്സ് ആൻഡ് സയൻസ് കോളേജുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വിശദവിവരം നൽകുമോ?

ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) തരൂർ, കിനാലൂർ-കരിന്തളം, കുട്ടനൂർ (പാലക്കാട്), ശാന്തൻപാറ എന്നീ സ്ഥലങ്ങളിലൊഴികെ മറ്റിടങ്ങളിൽ പുതിയ കോളേജുകൾ അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## നെടുമങ്ങാട് ഗവൺമെന്റ് കോളേജിന് പുതിയ കോഴ്സുകൾ അനുവദിക്കാൻ നിവേദനം

164 (6730) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെടുമങ്ങാട് ഗവൺമെന്റ് കോളേജിന് പുതിയ കോഴ്സുകൾ അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച് നിവേദനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ഉണ്ട്. സർക്കാർ പരിശോധിച്ചുവരുന്നു.

## സ്വാശ്രയ വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച കമ്മീഷൻ ശിപാർശകൾ

165 (6731) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ വിദ്യാഭ്യാസ മേഖല നേരിടുന്ന ഗുരുതരമായ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് ചെയ്ത കമ്മീഷന്റെ ശിപാർശകൾ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ്;

(ബി) ഈ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നിയമനിർമ്മാണം നടത്തണമെന്ന് കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അക്കാര്യത്തിലുള്ള നടപടി ഏത് ഘട്ടത്തിലാണ്;

(സി) എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയിലെ ഭരണ സമിതിയിൽ ജനാധിപത്യവൽക്കരണം നടപ്പിലാക്കിയിതിനെത്തുടർന്ന് പ്രസ്തുത സർവ്വകലാശാലയിലെ ഭരണത്തിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങൾ എന്തൊക്കെയാണ്; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) ജസ്റ്റിസ് കെ. കെ. ദിനേശൻ കമ്മീഷൻ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ട് മന്ത്രിസഭ തത്വത്തിൽ അംഗീകരിക്കുകയും 22-2-2018-ലെ സർക്കാർ ഉത്തരവ് (കൈ.) നമ്പർ 55/2018/ഉ.വി.വ. ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ടിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(സി) എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയുടെ പ്രവർത്തനം കൂടുതൽ ജനാധിപത്യപരവും ചിട്ടയോടുംകൂടി മാറ്റുന്നതിനായി സർക്കാർ സർവ്വകലാശാല ആക്ടിൽ വേണ്ടുന്ന ഭേദഗതി വരുത്തി ഓർഡിനൻസ് പുറപ്പെടുവിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## കേരള സർവ്വകലാശാലയിൽ ലേണിംഗ് ഡിസെബിലിറ്റിയിൽ എം.ഫിൽ. കോഴ്സ്

166 (6732) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയിൽ ലേണിംഗ് ഡിസെബിലിറ്റിയിൽ എം.ഫിൽ. കോഴ്സ് നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ 2016-ൽ പി.ഡബ്ല്യു.ഡി. ആക്ട് പുതുക്കിയതിന്റെ ഭാഗമായി പഠനവൈകല്യങ്ങളെ പ്രസ്തുത ആക്ടിൽ ഉൾപ്പെടുത്തിയതിനാൽ ലേണിംഗ് ഡിസെബിലിറ്റിയിൽ എം.ഫിൽ. എടുത്തവർക്ക് ഇതുമൂലം ജോലി ചെയ്യുന്നതിൽ തടസ്സം ഉണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എം.ഫിൽ. ലേണിംഗ് ഡിസെബിലിറ്റി പാസ്സായവരുടെ സേവനം പ്രൈമറിതലം മുതലുള്ള വിദ്യാർത്ഥികൾക്കും അവരുടെ രക്ഷിതാക്കൾക്കും അദ്ധ്യാപകർക്കും ആണെന്നുള്ളതിനാൽ സമൂഹത്തിലെ വലിയൊരു വിഭാഗം ജനങ്ങൾക്ക് ഇതുമൂലം നഷ്ടപ്പെടുന്ന സേവനം ഗൗരവമായി കാണുമോ;

(സി) സൈക്കോളജിക്കൽ ലേണിംഗ് ഡിസെബിലിറ്റിയിൽ എം.ഫിൽ. കഴിഞ്ഞവർക്ക് റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ (ആർ.സി.ഐ.) രജിസ്ട്രേഷൻ ലഭിക്കുന്നതിനുവേണ്ടി കേരള സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ഡി) ഇവർക്ക് ആർ.സി.ഐ. രജിസ്ട്രേഷൻ ലഭിക്കുന്നതിന് കാലതാമസം നേരിടുകയാണെങ്കിൽ ഇത് പൂർത്തിയാകുന്നതുവരെ കേരളത്തിൽ സ്വകാര്യ പ്രാക്ടീസ് നടത്തുന്നതിനും ജോലി ചെയ്യുന്നതിനും സർക്കാർ അനുമതി നൽകുമോ ; വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി-ഡി) സൈക്കോളജിക്കൽ ലേണിംഗ് ഡിസെബിലിറ്റിയിൽ എം.ഫിൽ. കഴിഞ്ഞവർക്ക് റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ

(ആർ.സി.ഐ.) രജിസ്ട്രേഷൻ കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിന് സർവ്വകലാശാല നടപടി സ്വീകരിച്ചുവരുന്നു.

## എയ്ഡഡ് കോളേജുകളിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സംവരണം

167 (6733) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ നോൺ മൈനോറിറ്റി എയ്ഡഡ് കോളേജുകളിൽ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് റിസർവേഷൻ നൽകണമെന്ന ഹൈക്കോടതി സിംഗിൾ ബഞ്ചിന്റെ വിധി ഡിവിഷൻ ബഞ്ച് സ്റ്റേ ചെയ്തിട്ടുണ്ടോ;

(ബി) പ്രസ്തുത വിധിക്കെതിരെ അപ്പീൽ നൽകുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;വ്യക്തമാക്കുമോ;

(സി) സർക്കാർ ഖജനാവിൽനിന്ന് ശമ്പളം നൽകി നിയമനം നടത്തുന്ന തസ്തികകളിൽ സംവരണം ഉറപ്പുവരുത്തുന്നതിനായി കോടതിവിധിക്കെതിരെ അപ്പീൽ നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കാമോ?

### ഉത്തരം

(എ) സ്വകാര്യ എയ്ഡഡ് കോളേജുകളിൽ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് റിസർവേഷൻ നൽകണമെന്ന ഹൈക്കോടതി വിധിക്കെതിരെ ഏതാനും മാനേജ്മെന്റുകൾ ഫയൽ ചെയ്ത WA 1664/15-ാം നമ്പർ കേസിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 21-12-2017-ലെ വിധിന്യായത്തിൽ സംവരണം ഏർപ്പെടുത്തണമെന്നുള്ള 25-5-2015-ലെ ബഹുമാനപ്പെട്ട ഹൈക്കോടതിവിധി അസ്ഥിരപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

(ബി&സി) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 21-12-2017-ലെ വിധിക്കെതിരെ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുവാൻ സർക്കാർ തീരുമാനിച്ചിട്ടുള്ളതും ആയതിനുള്ള അനന്തര നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്.

## അലിഗഡ് യൂണിവേഴ്സിറ്റി ക്യാമ്പസിൽ വേനൽക്കാലത്ത് തീപിടിത്തം

168 (6734) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അലിഗഡ് യൂണിവേഴ്സിറ്റി ക്യാമ്പസിൽ വേനൽക്കാലത്ത് അടിക്കടി തീപിടുത്തമുണ്ടാകുന്നത് സംബന്ധിച്ച റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ അടിക്കടി തീപിടുത്തമുണ്ടാകുന്നത് പ്രദേശവാസികൾക്ക് വളരെയേറെ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രശ്നം പരിഹരിക്കുന്നതിന് വിദ്യാഭ്യാസ വകുപ്പ് നാളിതുവരെ കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; ഈ പ്രശ്നത്തിന് ശാശ്വതപരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഏകദേശം അഞ്ച് ലക്ഷം രൂപ ചെലവിൽ കോമ്പൗണ്ടിനുചുറ്റും (9 കി.മീ.) ഫയർ ബെൽറ്റ് സ്ഥാപിച്ചിട്ടുണ്ട്.

## സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി

169 (6735) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സ്വാശ്രയ എഞ്ചിനീയറിംഗ് കേളേജുകളാണുള്ളത് എന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; ഈ കോളേജുകളിൽ എല്ലാം കൂടി ആകെ എത്ര എഞ്ചിനീയറിംഗ് സീറ്റുകളാണ് ഉള്ളത്;

(ബി) ഈ അക്കാദമിക് വർഷത്തിൽ ഇതിൽ ഒഴിഞ്ഞുകിടക്കുന്ന സീറ്റുകളുടെ എണ്ണം എത്രയെന്ന് വെളിപ്പെടുത്താമോ;

(സി) കുട്ടികളുടെ അഭാവംമൂലം തുടർച്ചയായി അഡ്മിഷൻ നടക്കാത്ത കോളേജുകളുടെ തുടർപ്രവർത്തനം സംബന്ധിച്ച് എന്ത് തീരുമാനമാണ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) സാങ്കേതിക സർവ്വകലാശാല നടത്തുന്ന എഞ്ചിനീയറിംഗ് പരീക്ഷകളിൽ വിജയശതമാനം വളരെ കുറവാണെന്ന വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച് എന്തെങ്കിലും പരിശോധന നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) സ്വാശ്രയ ഏൻജിനീയറിംഗ് സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ പരീക്ഷകളിലെ വിജയ ശതമാനക്കുറവ് പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) സ്വാശ്രയ എഞ്ചിനീയറിംഗ് മേഖലയിലെ കോളേജുകളുടെ ജില്ല തിരിച്ചുള്ള കണക്കും അവയിലെ സീറ്റ് വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു.*

(സി) കുട്ടികളുടെ അഭാവമുള്ള കോളേജുകളെ സംബന്ധിച്ച് സാങ്കേതിക സർവ്വകലാശാല വിശദമായ പരിശോധന നടത്തിയശേഷം മാത്രമേ പ്രസ്തുത കോളേജുകളുടെ തുടർപ്രവർത്തനം സംബന്ധിച്ച തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ.

(ഡി&ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സാങ്കേതിക സർവ്വകലാശാല കോളേജുകളുടെ പഠനനിലവാരം ഉറപ്പുവരുത്തുന്നതിനുവേണ്ടി അക്കാദമിക് ഓഡിറ്റിംഗ് നടത്തിവരുന്നു. അദ്ധ്യാപകരുടെ യോഗ്യത പരിശോധിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു. അദ്ധ്യാപകർക്ക് സർവ്വകലാശാലതന്നെ Faculty Development Course നടപ്പിലാക്കിവരുന്നു.

## കെമിക്കൽ എഞ്ചിനീയറിംഗ് ബി.ടെക്. കോഴ്സ്

170 (6736) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെമിക്കൽ എഞ്ചിനീയറിംഗ് ബി.ടെക്. കോഴ്സ് ഏതൊക്കെ എഞ്ചിനീയറിംഗ് കോളേജുകളിലാണ് ഉള്ളത്; ഈ കോഴ്സിന്റെ തൊഴിൽപരമായ സാധ്യതകൾ എന്തെല്ലാമാണ്; ഇത് സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ വിശദമാക്കാമോ; ഈ കോഴ്സ് കോളേജുകളിൽ തുടങ്ങുന്നതിന് അടിസ്ഥാനപരമായി വേണ്ട സൗകര്യങ്ങൾ എന്തൊക്കെയാണ്;

(ബി) തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിൽ (സി. ഇ. ടി.) പ്രസ്തുത കോഴ്സ് ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇവിടെ ഈ കോഴ്സ് ഉടൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) തൃശ്ശൂർ, കോഴിക്കോട് സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും ടി.കെ.എം. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, സെയിന്റ് ഗിറ്റ്സ് കോളേജ് ഓഫ് എഞ്ചിനീയറിംഗ്, ടോംസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് ഫോർ സ്റ്റാർട്ടപ്പ്സ്, കൊച്ചിൻ കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആൻഡ് ടെക്നോളജി, അമൽജ്യോതി കോളേജ് ഓഫ് എഞ്ചിനീയറിംഗ് എന്നിവിടങ്ങളിലും കെമിക്കൽ എഞ്ചിനീയറിംഗ് ബി.ടെക്. കോഴ്സ് നിലവിലുണ്ട്.

തൊഴിൽപരമായി കെമിക്കൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് campus placement-ന് സാധ്യതയുണ്ട്. എണ്ണ ഖനനം, വ്യവസായ മേഖല എന്നിവയിലും ഇവർക്ക് തൊഴിൽ സാദ്ധ്യതയുണ്ട്. സർക്കാർ മേഖലയിൽ മലിനീകരണ നിയന്ത്രണം, വ്യവസായ വകുപ്പിനുകീഴിൽ പ്രോസസ് കൺട്രോൾ/മലിനീകരണ നിയന്ത്രണ ഇൻസ്പെക്ടറേറ്റ്, പൊതുമേഖലയിലും സ്വകാര്യ മേഖലയിലുമായി പെട്രോളിയം/പെട്രോ കെമിക്കൽ, വളം, ബയോ പ്രോസസ്സിംഗ്, ഫാർമസ്യൂട്ടിക്കൽ തുടങ്ങിയ പ്രോസസ്സിംഗ് ഇൻഡസ്ട്രികളിലും കൺസൾട്ടൻസി, ഡിസൈൻ മേഖലകളിലും കെമിക്കൽ എഞ്ചിനീയറിംഗ് ബിരുദധാരികൾക്ക് തൊഴിൽ സാദ്ധ്യതകളുണ്ട്. ഈ കോഴ്സ് തുടങ്ങുന്നതിന് വിപുലമായ കെമിസ്ട്രി ലാബിനുപുറമെ കെമിക്കൽ ടെക്നോളജി മെറ്റീരിയൽ പ്രോസസ്സിംഗ് ഫ്ലൂയ്ഡ് മെക്കാനിക്സ്, ഹീറ്റ് ട്രാൻസ്ഫർ, റിയാക്ഷൻ എഞ്ചിനീയറിംഗ്, മാസ് ട്രാൻസ്ഫർ, പ്രോസസ് കൺട്രോൾ എന്നിവയിൽ പ്രായോഗിക പരിശീലനം നൽകുന്നതിനാവശ്യമായ ലബോറട്ടറി സൗകര്യങ്ങൾ ആവശ്യമാണ്.

(ബി) ഇല്ല. ഇപ്പോൾ പരിഗണനയിലില്ല.

## എഞ്ചിനീയറിംഗ് കോളേജുകൾ

171 (6737) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ 10 വർഷ കാലയളവിൽ പ്രവർത്തിച്ചുവരുന്ന എഞ്ചിനീയറിംഗ് കോളേജുകൾ എത്ര; ഓരോന്നിലും പഠനം നടത്തിയ വിദ്യാർത്ഥികൾ എത്ര; വർഷം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കോളേജുകളിലോരോന്നിലും പഠനം പൂർത്തീകരിച്ചവരെയും, വിജയം കൈവരിച്ചവരെയും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(സി) 2017-18 അധ്യയനവർഷം മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളായി മാറ്റം വരുത്തിയ സ്വകാര്യ എഞ്ചിനീയറിംഗ് കോളേജുകളുടെ (ഗവൺമെന്റ് അംഗീകാരമുള്ളവ) വിശദാംശം ലഭ്യമാക്കുമോ;

(ഡി) സ്വകാര്യ എഞ്ചിനീയറിംഗ് കോളേജുകളിൽ പഠനത്തിനെത്തിയ വിദ്യാർത്ഥികൾ കോളേജ് മാറുന്നതിനോ / മറ്റ് കോഴ്സുകളിൽ ചേരുവാനോ പോകുന്ന അവസരത്തിൽ അവർക്ക് ടി .സി. ഉൾപ്പെടെയുള്ള സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കാതിരിക്കുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റുകൾ തടഞ്ഞുവച്ച് തുടർവിദ്യാഭ്യാസം മുടക്കുന്നതും അമിത തുക അവരിൽ നിന്ന് ഈടാക്കുന്നതുമായ പ്രവണത അവസാനിപ്പിക്കുവാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) കേരള/എം.ജി./കുസാറ്റ്/കാലിക്കറ്റ് & കണ്ണൂർ സർവ്വകലാശാലകളുടെ കീഴിൽ പഠനം പൂർത്തീകരിച്ചവരുടെയും വിജയം കൈവരിച്ചവരുടെയും വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.* 2015-16 അദ്ധ്യയന വർഷം മുതൽ സാങ്കേതിക സർവ്വകലാശാലയുടെ കീഴിലാണ് സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകൾ അഫിലിയേറ്റ് ചെയ്തിരിക്കുന്നത്. പ്രസ്തുത സർവ്വകലാശാലയുടെ കീഴിൽ ബി.ടെക്. പഠനം വിദ്യാർത്ഥികൾ പൂർത്തീകരിച്ചിട്ടില്ല. പഠനം പൂർത്തീകരിച്ച എം.ടെക്. വിദ്യാർത്ഥികളുടെ വിവരങ്ങൾ അനുബന്ധം* ആയി ചേർക്കുന്നു.

(സി) 2017-18 അദ്ധ്യയന വർഷം സ്വകാര്യ എഞ്ചിനീയറിംഗ് കോളേജുകളൊന്നുംതന്നെ മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളായി മാറ്റം വരുത്തിയിട്ടില്ല.

(ഡി&ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2017-18 അദ്ധ്യയന വർഷം മുതൽ എഞ്ചിനീയറിംഗ് പ്രവേശനം നേടിയശേഷം വിടുതൽ നേടുന്ന വിദ്യാർത്ഥികളെ ലിക്വിഡേറ്റഡ് ഡാമേജസ് ഒടുക്കുന്നതിൽനിന്നും ഒഴിവാക്കിക്കൊണ്ട് 29-12-2017-ലെ സ.ഉ. (കൈ.)നമ്പർ 319/2017/ഉ.വി.വ., 30-1-2018-ലെ സ.ഉ. (കൈ) നം. 38/18/ഉ.വി.വ. എന്നിവ പ്രകാരം സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## എഞ്ചിനീയറിംഗ് കോളേജുകളിൽ പ്ലെയ്സ്മെന്റ് സർവ്വീസ്

172 (6738) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന എഞ്ചിനീയറിംഗ് കോളേജുകളിൽ വിദ്യാർത്ഥികൾക്ക് തൊഴിൽ ലഭിക്കുന്നതിനുവേണ്ടി പ്ലെയ്സ്മെന്റ് സർവ്വീസ് ലഭ്യമാകുന്നുണ്ടോ;

(ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ എഞ്ചിനീയറിംഗ് കോളേജുകളിലും വിദ്യാർത്ഥികൾക്ക് പ്ലെയ്സ്മെന്റ് സർവ്വീസ് ലഭ്യമാക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സർക്കാർ മേഖലയിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ വിജയകരമായി പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് തൊഴിൽ ഉറപ്പാക്കുന്നതിനായി പ്ലെയ്സ്മെന്റ് സർവ്വീസ് ബന്ധപ്പെട്ട സ്ഥാപന മേധാവികളും അവിടത്തെ പി.ടി.എ.-യും പൂർവ്വവിദ്യാർത്ഥി സംഘടനകളുടെ സഹായത്തോടുകൂടി ലഭ്യമാക്കുന്നുണ്ട്.

(ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എഞ്ചിനീയറിംഗ് കോളേജുകളിലെ വിദ്യാർത്ഥികൾക്ക് പ്ലെയ്സ്മെന്റ് സർവ്വീസ് ലഭ്യമാക്കുന്നതിനായി ദേശീയ/അന്തർദേശീയ തലങ്ങളിൽ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങളും കോളേജുകളുമായുള്ള ബന്ധം ദൃഢമാക്കി വിദ്യാർത്ഥികളെ നൂതന സംരംഭങ്ങളിൽ പങ്കാളികളാക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയുള്ള നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്.

## കരുനാഗപ്പള്ളി പോളിടെക്നിക് പ്രിൻസിപ്പലിനെതിരെയുള്ള പരാതി

173 (6739) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എച്ച്.ആർ.ഡി-യുടെകീഴിലുള്ള കരുനാഗപ്പള്ളി പോളിടെക്നിക് പ്രിൻസിപ്പലിനെതിരെ പ്രസ്തുത കോളേജിലെ ജീവനക്കാർ എം.എൽ.എ. മുഖേന 20-10-2016-ന് പരാതി നൽകിയിരുന്നോ; ആയതിൻെറ പകർപ്പ് ലഭ്യമാക്കുമോ; പ്രസ്തുത പരാതിയിന്മേൽ നാളിതുവരെ എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ;

(ബി) പ്രിൻസിപ്പലിന് കഴിഞ്ഞ 3 വർഷത്തിനിടയിൽ 380 ദിവസം അദർ ഡ്യൂട്ടി അനുവദിച്ചത് ക്രമപ്രകാരമാണോ; ഇതുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ക്രമവിരുദ്ധമായിട്ടാണ് അദർ ഡ്യൂട്ടി അനുവദിച്ചിട്ടുള്ളതെങ്കിൽ ഇതുമായി ബന്ധപ്പെട്ടവർക്കെതിരെ നടപടി സ്വീകരിക്കുമോ;

(ഡി) ഇപ്രകാരം അദർ ഡ്യൂട്ടി അനുവദിച്ചതിലൂടെ എത്ര തുക അധികമായി പ്രിൻസിപ്പൽ കൈപ്പറ്റിയെന്ന് വ്യക്തമാക്കുമോ; പ്രസ്തുത തുക തിരിച്ചു പിടിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) പ്രസ്തുത പരാതിയിൽ പറയുന്ന ആരോപണങ്ങളെക്കുറിച്ചും ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകളെക്കുറിച്ചും സമഗ്രമായ ഒരു അന്വേഷണം നടത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കരുനാഗപ്പള്ളി മോഡൽ പോളിടെക്നിക് കോളേജ് ജീവനക്കാർ ബഹുമാനപ്പെട്ട എം.എൽ.എ.-മാരായ ശ്രീ. കോവൂർ കുഞ്ഞുമോൻ, ശ്രീ. പി. സി. ജോർജ് എന്നിവർ മുഖേന നൽകിയ പരാതിയുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു* പ്രസ്തുത പരാതിയുടെ അടിസ്ഥാനത്തിൽ ഐ.എച്ച്.ആർ.ഡി. ഡയറക്ടർ ലഭ്യമാക്കിയ അന്വേഷണ റിപ്പോർട്ട് പരിശോധിക്കുകയും സ്ഥാപനത്തിന്റെ സുഗമമായ നടത്തിപ്പിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുവാൻ ഐ.എച്ച്.ആർ.ഡി. ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു.

(ബി) കരുനാഗപ്പള്ളി പോളിടെക്നിക് കോളേജിലെ പ്രിൻസിപ്പാളായ ശ്രീ. വി. ജെ. മണികണ്ഠകുമാർ 20-10-2013 മുതൽ 19-10-2016 വരെയുള്ള കാലയളവിൽ 148 ദിവസം ഡ്യൂട്ടി ലീവായിരുന്നു. ഈ കാലയളവിൽ ടിയാൻ ഡ്യൂട്ടി ലീവ് എടുത്തത് ഐ.എച്ച്.ആർ.ഡി.-യുടെ വിവിധ കമ്മിറ്റികളിലെ കൃത്യനിർവ്വഹണത്തിന് വേണ്ടിയാണ്. ഇതുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു. *

(സി&ഡി) ഇക്കാര്യത്തിൽ പരിശോധന പൂർത്തീകരിക്കുമ്പോൾ ക്രമവിരുദ്ധമായിട്ടാണ് ഡ്യൂട്ടി ലീവ് എടുത്തതെന്ന് തെളിഞ്ഞാൽ അതനുസരിച്ചുള്ള നടപടി സ്വീകരിക്കുന്നതും അധികം തുക വാങ്ങിയിട്ടുണ്ടെങ്കിൽ പലിശ സഹിതം തിരിച്ചുപിടിക്കുന്നതുമാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) പ്രസ്തുത പരാതിയിൽ പറയുന്ന ആരോപണങ്ങളുടെ അടിസ്ഥാനത്തിൽ വിശദമായ അന്വേഷണം നടത്തിയിരുന്നു. സാമ്പത്തിക ക്രമക്കേടുകളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## പോളിടെക്നിക്കുകൾ നൈപുണ്യ വികസന വകുപ്പിന്റെ കീഴിലേയ്ക്ക് മാറ്റുന്നത്

174 (6740) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോളീടെക്നിക്കുകൾ വിദ്യാഭ്യാസ വകുപ്പിൽനിന്ന് മാറ്റി നൈപുണ്യ വികസന വകുപ്പിന്റെകീഴിൽ ആക്കുന്നതിനുള്ള കേന്ദ്രസർക്കാർ തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തൊഴിൽ നൈപുണ്യ വികസന വകുപ്പിലേയ്ക്ക് പോളിടെക്നിക് വിദ്യാഭ്യാസം മാറ്റുന്നതിലൂടെ കരിക്കുലം അടക്കമുള്ള കാര്യങ്ങൾ പരിഷ്കരിക്കേണ്ടി വരുമോ;വ്യക്തമാക്കുമോ;

(സി) സ്കിൽ സെക്ടറൽ കൗൺസിലുകളാണോ ഇനി പോളീടെക്നിക്കുളുടെ പാഠ്യപദ്ധതിക്ക് രൂപം നൽകുന്നത്;വ്യക്തമാക്കുമോ;

(ഡി) അടുത്ത വർഷം മുതൽ എ.ഐ.സി.ടി.ഇ. യുടെ സാമ്പത്തിക സഹായം പോളീടെക്നിക്കുകൾക്ക് ലഭ്യമാകാത്ത സാഹചര്യം എപ്രകാരം നേരിടുമെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ-സി) പോളിടെക്നിക്കുകൾ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽനിന്നും മാറ്റി നൈപുണ്യ വികസന വകുപ്പിന്റെ കീഴിലാക്കുന്നതിനുള്ള കേന്ദ്ര സർക്കാർ തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ പോളിടെക്നിക് കോളേജുകളിലെ "കമ്മ്യൂണിറ്റി ഡെവലപ്മെന്റ് ത്രൂ പോളിടെക്നിക്" എന്ന പദ്ധതി കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിൽനിന്നും കേന്ദ്ര നൈപുണ്യ വികസന വകുപ്പിലേക്ക് മാറ്റിക്കൊണ്ടുള്ള അറിയിപ്പ് ലഭിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ഡി) നിലവിൽ കേരളത്തിലെ പോളിടെക്നിക് വിദ്യാഭ്യാസത്തിന് എ.ഐ.സി.ടി.ഇ.-യുടെ സാമ്പത്തിക സഹായമൊന്നുംതന്നെ ലഭിക്കുന്നില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഐ.എച്ച്.ആർ.ഡി.-ക്ക് കീഴിലുള്ള കോളേജുകളിൽ അദ്ധ്യാപക നിയമനം പി.എസ്.സി.-ക്ക് വിടാൻ നടപടി

175 (6741) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഐ. എച്ച്. ആർ. ഡി. -ക്ക് കീഴിലുള്ള കോളേജുകളിൽ അദ്ധ്യാപക നിയമനം പി. എസ്. സി. -ക്ക് വിടാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിനുവേണ്ടി എന്തെല്ലാം നടപടികൾ ആണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഐ.എച്ച്.ആർ.ഡി.-യിലെ അദ്ധ്യാപക നിയമനം പി.എസ്.സി. മുഖേന നടത്തണമെന്നാവശ്യപ്പെട്ട് ഐ.എച്ച്.ആർ.ഡി. ഗവേണിംഗ് ബോഡി സർക്കാരിന് ശിപാർശ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ നിലവിലുള്ള വിശേഷാൽ ചട്ടങ്ങളിലെയും സ്റ്റാഫ് പാറ്റേണിലെയും അപാകതകൾ പരിഹരിച്ചശേഷം മാത്രമേ പ്രസ്തുത വിഷയത്തിൽ തീരുമാനങ്ങൾ കൈക്കൊള്ളാൻ കഴിയൂ. അപാകതകൾ പരിശോധിക്കുവാൻ നിയോഗിക്കപ്പെട്ട കമ്മിറ്റിയുടെ ശിപാർശകൾ ലഭിക്കുന്നമുറയ്ക്ക് മാത്രമേ തുടർനടപടികൾ കൈക്കൊള്ളുവാൻ സാധിക്കുകയുള്ളൂ.

## വി.എച്ച്.എസ്.ഇ. ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ പുനഃക്രമീകരണം

176 (6742) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ തൊഴിൽ നൈപുണ്യ പദ്ധതി (എൻ. എസ്. ക്യൂ. എഫ്.) നടപ്പാക്കുമ്പോൾ വി.എച്ച്.എസ്.ഇ. ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ പുനഃക്രമീകരണം പരിഗണനയിലുണ്ടോ;

(ബി) വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഉത്തരവ് ഉണ്ടെങ്കിൽ വി.എച്ച്.എസ്.ഇ.യിലെ വൊക്കേഷണൽ ലാബുകളിൽ ജോലി ചെയ്യുന്ന ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റുമാർക്ക് അവരുടെ നിയമന യോഗ്യതയായ ഐ.ടി.ഐ. അല്ലെങ്കിൽ അതത് ട്രേഡുകളിലുള്ള വി.എച്ച്.എസ്.ഇ. യോഗ്യത കണക്കിലെടുത്ത് സ്കിൽ മേഖലയിൽത്തന്നെ നിലനിർത്തുമോ; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) സാങ്കേതിക യോഗ്യത പരിഗണിക്കാതെ വി.എച്ച്.എസ്.ഇ. ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റുമാരെ വേതന വ്യവസ്ഥ മാത്രം സംരക്ഷിച്ച് സ്കിൽ മേഖലയ്ക്ക് പുറത്ത് മറ്റേതെങ്കിലും തസ്തികയിലാണോ നിലനിർത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നിലവിൽ പരിഗണനയിലില്ല.

(ബി) സംസ്ഥാനത്തെ തെരഞ്ഞെടുത്ത സ്കൂളുകളിൽ 2018 ജൂൺ മുതൽ എൻ.എസ്.ക്യൂ.എഫ്. അധിഷ്ഠിത തൊഴിൽ വിദ്യാഭ്യാസം ആരംഭിക്കുവാൻ വൊക്കേഷണൽ ഹയർ സെക്കണ്ടറി ഡയറക്ടറുമായി കൂടിയാലോചിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനായി എസ്.സി.ഇ.ആർ.ടി. ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി&ഡി) നിലവിൽ ഇത് സംബന്ധിച്ച് തീരുമാനങ്ങളെടുത്തിട്ടില്ല.

## സയൻസ് ആന്റ് ടെക്നോളജി മ്യൂസിയത്തിലെ എൽ.ഡി. ക്ലാർക്ക് നിയമനം

177 (6743) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സയൻസ് ആൻഡ് ടെക്നോളജി മ്യൂസിയത്തിലെ എൽ.ഡി. ക്ലാർക് തസ്തികയിൽ 2013 മുതൽ 2017 വരെയുള്ള കാലയളവിൽ എത്ര പേരെ നിയമിച്ചിട്ടുണ്ടെന്നും, നിയമിച്ചവരുടെ പേരും വിദ്യാഭ്യാസയോഗ്യതയും ഏത് സ്ഥാപനത്തിൽനിന്നും ലഭിച്ച തൊഴിൽ പരിചയ സർട്ടിഫിക്കറ്റ് ഹാജരാക്കിയെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) ഈ കാലയളവിൽ എൽ.ഡി. ക്ലാർക് തസ്തിക നിയമനത്തിനുവേണ്ടി, ഇന്റർവ്യൂവിനും മുൻപ്, സയൻസ് മ്യൂസിയം സ്റ്റാഫ് കമ്മിറ്റി ഉദ്യോഗാർത്ഥികളുടെ വെരിഫിക്കേഷൻ നടത്തിയ റിപ്പോർട്ടിന്റെ പകർപ്പും ഉദ്യോഗാർത്ഥികൾ നൽകിയ തൊഴിൽ പരിചയത്തിന്റെ പകർപ്പും ലഭ്യമാക്കാമോ?

ഉത്തരം

(എ) കേരള ശാസ്ത്രസാങ്കേതിക മ്യൂസിയത്തിൽ എൽ.ഡി. ക്ലാർക്ക് തസ്തികയിൽ 2013 മുതൽ 2017 വരെയുള്ള കാലയളവിൽ 3 പേരെ നിയമിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പേര് | വിദ്യാഭ്യാസ യോഗ്യത | തൊഴിൽപരിചയം |
|---|---|---|---|
| 1 | ശ്രീ. കൃഷ്ണൻകുട്ടി വി. | M.com, Typewriting English (Higher) | പാലക്കാട് ജില്ലാ പട്ടികജാതി വികസന ഓഫീസിൽ നിന്നുള്ള രണ്ട് വർഷത്തെ പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് |
| 2 | ശ്രീമതി ഷീജാറാണി ആർ. | M.com, Typewriting English (Higher) | കേരളാ യൂണിവേഴ്സിറ്റിയുടെ എക്കണോമിക്സ് ഡിപ്പാർട്ട്മെന്റിന്റെ കോസ്റ്റ് ഓഫ് കൾട്ടിവേഷൻ സ്കീമിൽ രണ്ട് വർഷത്തെ പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് |
| 3 | ശ്രീമതി അഖില വി. ജെ. കുമാർ | B.com, Typewriting English (Higher) | കേരള ശാസ്ത്രസാങ്കേതിക മ്യൂസിയത്തിൽ രണ്ട് വർഷത്തെ പ്രവൃത്തിപരിചയം |

(ബി) ശ്രീ. കൃഷ്ണൻകുട്ടി വി., ശ്രീമതി ഷീജാറാണി. ആർ., ശ്രീമതി അഖില വി. ജെ. കുമാർ എന്നിവരുടെ വെരിഫിക്കേഷൻ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി* ചേർത്തിരിക്കുന്നു. ശ്രീ. കൃഷ്ണൻകുട്ടി വി., ശ്രീമതി ഷീജാറാണി. ആർ. എന്നിവരുടെ തൊഴിൽപരിചയ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ അനുബന്ധമായി* ചേർത്തിരിക്കുന്നു. ശ്രീമതി അഖില വി. ജെ. കുമാർ പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റ് നൽകിയിരുന്നില്ല എന്ന് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

## സയൻസ് ആൻഡ് ടെക്നോളജി മ്യൂസിയത്തിലെ ടിക്കറ്റ് കൗണ്ടർ തസ്തിക

178 (6744) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സയൻസ് ആൻഡ് ടെക്നോളജി മ്യൂസിയത്തിലെ ടിക്കറ്റ് കൗണ്ടർ തസ്തികയിൽ 2009 മുതൽ 2015 വരെയുള്ള കാലയളവിൽ എത്രപേരെ നിയമിച്ചിട്ടുണ്ട്, നിയമിച്ചവരുടെ പേര്, വിദ്യാഭ്യാസയോഗ്യത, ഏത് സ്ഥാപനത്തിൽനിന്ന് ലഭിച്ച തൊഴിൽപരിചയ സർട്ടിഫിക്കറ്റാണ് ഹാജരാക്കിയിട്ടുള്ളത് എന്നുള്ള വിവരങ്ങൾ നൽകാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കാലയളവിൽ നിശ്ചിത യോഗ്യതയില്ലാത്ത ആർക്കെങ്കിലും നിയമനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവർക്കെതിരെ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിലെ ടിക്കറ്റ് കൗണ്ടർ അസിസ്റ്റന്റ് തസ്തികയിൽ 2009 മുതൽ 2015 വരെയുള്ള കാലയളവിൽ 2 പേരെ നിയമിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു;

| പേര് | വിദ്യാഭ്യാസ യോഗ്യത |
|---|---|
| ശ്രീമതി രേണുക. എസ്. | പ്രീ-ഡിഗ്രിയും കേരള ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിലെ പ്രവൃത്തിപരിചയവും. |
| ശ്രീ. മണികണ്ഠൻ കെ. എസ്. | ഡിഗ്രിയും പൂവച്ചൽ സർവ്വീസ് സഹകരണ ബാങ്കിലെ പ്രവൃത്തിപരിചയവും |

(ബി) ഇല്ല.

## എഞ്ചിനീയറിംഗ് കോളേജുകളിൽ ഒഴിഞ്ഞുകിടക്കുന്ന ബി.ടെക്., എം.ടെക്. സീറ്റുകൾ

179 (6745) ശ്രീ. വി. ടി. ബൽറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിൽ ബി-ടെക്, എം-ടെക് സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഇവിടത്തെ എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരം മോശമായതിനാലാണോ ഈ സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നത്; വിശദമാക്കുമോ ;

(സി) സംസ്ഥാനത്തെ സീറ്റുകൾ ഒഴിഞ്ഞുകിടക്കുമ്പോൾ ഇവിടെനിന്നുള്ള കുട്ടികൾ ഇതര സംസ്ഥാനങ്ങളിലെ കോളേജുകൾ പഠനത്തിനായി തെരഞ്ഞെടുക്കുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തെ പല സ്വാശ്രയകോളേജുകളിലെയും വിദ്യാർത്ഥികളുടെ വിജയശതമാനം വളരെ കുറവാണെന്നത് വസ്തുതയല്ലേ;

(ഇ) എങ്കിൽ പ്രസ്തുത കോളേജുകളിലെ പഠനനിലവാരം ഉയർത്തുന്നതിനും വിദ്യാർത്ഥികളുടെ വിജയശതമാനം വർദ്ധിപ്പിക്കുന്നതിനും സാങ്കേതിക സർവ്വകലാശാല നടത്തുന്ന ഇടപെടലുകൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. സംസ്ഥാനത്ത് സ്വകാര്യ സ്വാശ്രയ മേഖലയിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ ബി.ടെക്, എം.ടെക്. സീറ്റുകൾ ഒഴിഞ്ഞ് കിടക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) വകുപ്പുതലത്തിൽ ഇതുസംബന്ധിച്ച അപഗ്രഥനം നടത്തിയിട്ടില്ല.

(ഡി&ഇ) സ്വാശ്രയ കോളേജുകളിലെ വിദ്യാർത്ഥികളുടെ വിജയശതമാനം കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടതിനാൽ സ്വാശ്രയ കോളേജുകൾക്ക് അഫിലിയേഷൻ നല്കുന്നതിനു മുന്നോടിയായി അക്കാദമികവും ഭൗതികവുമായ സാഹചര്യം വിലയിരുത്തുന്നതിന് സാങ്കേതിക സർവ്വകലാശാല ഇ.വി.സി. (Expert Visit Committee) രൂപീകരിക്കുകയും ഇതുസംബന്ധിച്ച വിലയിരുത്തൽ നടത്തുകയും ചെയ്യാറുണ്ട്. കൂടാതെ അക്കാദമികവും പാഠ്യേതര പ്രവർത്തനങ്ങളും വിലയിരുത്തുന്നതിനായി എല്ലാ സെമസ്റ്ററുകളിലും അക്കാദമിക് ഓഡിറ്റിംഗ് നടത്തിവരുന്നു.

**ഗവ. കോളേജുകളിലെ അദ്ധ്യാപക തസ്തികകൾ**

180 (6746) <u>ശ്രീ. അനിൽ അക്കര</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012 -നുശേഷം പുതുതായി രൂപീകരിച്ച ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ എത്ര അദ്ധ്യാപക തസ്തികകൾ പുതുതായി അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) പുതിയ അദ്ധ്യാപക തസ്തികകൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശിപാർശകൾ ലഭിച്ചിട്ടുണ്ടോ;

(സി) ലഭിച്ചിട്ടുണ്ടെങ്കിൽ ഏതെല്ലാം കോളേജുകളിൽ നിന്നാണ് ആയത് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) പുതിയ അദ്ധ്യാപക തസ്തികകൾ അനുവദിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ;വിശദാംശം വെളിപ്പെടുത്തുമോ?

## ഉത്തരം

(എ) 2012-നുശേഷം പുതുതായി രൂപീകരിച്ച ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ 293 അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ബി&സി) പുതിയ അദ്ധ്യപക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് താഴെ ചേർത്തിരിക്കുന്ന കോളേജുകളിൽനിന്നും കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ശിപാർശകൾ ലഭിച്ചിട്ടുണ്ട്.

1. സർക്കാർ കോളേജ്, മലയിൻകീഴ്
2. സർക്കാർ കോളേജ്, ചേലക്കര
3. സർക്കാർ കോളേജ്, ഒല്ലൂർ
4. സർക്കാർ കോളേജ്, തൃത്താല
5. സർക്കാർ കോളേജ്, അട്ടപ്പാടി
6. സർക്കാർ കോളേജ്, പത്തിരിപ്പാല
7. സർക്കാർ കോളേജ്, തവനൂർ
8. സർക്കാർ കോളേജ്, കൊണ്ടോട്ടി
9. സർക്കാർ കോളേജ്, ബാലുശ്ശേരി
10. സർക്കാർ കോളേജ്, കൊടുവള്ളി
11. സർക്കാർ കോളേജ്, നാദാപുരം
12. സർക്കാർ കോളേജ്, കുന്ദമംഗലം
13. സർക്കാർ കോളേജ്, ചൊക്ലി
14. സർക്കാർ കോളേജ്, പെരിങ്ങോം
15. സർക്കാർ കോളേജ്, ഉദുമ.

(ഡി) പുതിയ അദ്ധ്യാപക തസ്തികകൾ അനുവദിക്കുന്നത് സംബന്ധിച്ച് ശിപാർശകൾ സർക്കാരിൽ ലഭിക്കുന്നമുറയ്ക്ക് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

## യൂണിവേഴ്സിറ്റികളിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് നിയമനം

181 (6747) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ യൂണിവേഴ്സിറ്റികളിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിലെ നിയമനത്തിനായി റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; എത്ര ഒഴിവുകളിലേക്കാണ് പ്രസ്തുത ലിസ്റ്റിൽനിന്നും നിയമനം നടത്തിയിട്ടുള്ളത്; നിയമനം നടത്താനായി ഇനി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; അവസാനമായി ഈ തസ്തികയിലേക്ക് എന്നാണ് നിയമനം നടത്തിയത്;

(ബി) സംസ്ഥാനത്തെ വിവിധ യൂണിവേഴ്സിറ്റികളിൽ ഈ തസ്തികയിലെ ഒഴിവുകൾ നികത്താനുണ്ട് എന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ഒഴിവുകൾ അടിയന്തരമായി പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. പ്രസ്തുത ലിസ്റ്റിൽ നിന്നും 331 പേർക്ക് കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് നിയമന ശിപാർശ നൽകുകയും 47 ഒഴിവുകൾ റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്.

27-3-2018-ലാണ് അവസാനമായി ഈ തസ്തികയിലേയ്ക്ക് നിയമനം നടത്തിയത്.

(ബി) ഉണ്ട്. ഒഴിവുകൾ അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് ബന്ധപ്പെട്ട സർവ്വകലാശാലകൾ നടപടികൾ സ്വീകരിച്ചുവരുന്നു.

## പ്രൊഫഷണൽ കോഴ്സുകളുടെ പ്രവേശനത്തിന് ജാതി സർട്ടിഫിക്കറ്റ്

182 (6748) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ എഞ്ചിനീയറിംഗ് പ്രൊഫഷണൽ കോഴ്സുകളുടെ പ്രവേശനത്തിന് ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കുന്നത് സംബന്ധിച്ച ആശയക്കുഴപ്പം പരിഹരിക്കാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) യോഗ്യത നേടുന്നവർമാത്രം നിശ്ചിത ദിവസത്തിനകം റവന്യൂ അധികാരികളിൽനിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മതി എന്ന് നിർദ്ദേശിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് മെഡിക്കൽ/എഞ്ചിനീയറിംഗ് ഉൾപ്പെടെ, പ്രൊഫഷണൽ കോഴ്സുകളിൽ അഡ്മിഷൻ നേടുന്നതിനുള്ള മാനദണ്ഡങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് സർക്കാർ പുറപ്പെടുവിക്കുന്ന KEAM പ്രോസ്പെക്ടസിൽ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കുന്നത് സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ച് ജാതി സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള സാക്ഷ്യപത്രങ്ങൾ അപേക്ഷയുടെ പ്രിന്റ് ഔട്ട് സമർപ്പിക്കുന്നതിനോടൊപ്പംതന്നെ സമർപ്പിക്കേണ്ടതാണ്.

2018 അദ്ധ്യയന വർഷം എഞ്ചിനീയറിംഗ്/മെഡിക്കൽ കോഴ്സുകളിലേക്കുള്ള പ്രവേശന പരീക്ഷയുടെ ഓൺലൈൻ അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള സമയം 1-2-2018 മുതൽ 28-2-2018 വൈകുന്നേരം അഞ്ച് മണി വരെ ആയിരുന്നു. എന്നാൽ ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ടും ജാതി സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള അനുബന്ധ രേഖകളും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കുന്നതിന് 2018 മാർച്ച് 31 വൈകുന്നേരം 5 മണി വരെ സമയം അനുവദിച്ചിരുന്നു.

(ബി) എഞ്ചിനീയറിംഗ്/മെഡിക്കൽ/അനുബന്ധ കോഴ്സുകളിൽ പ്രവേശനത്തിനുള്ള പരീക്ഷയുടെ റാങ്ക് ലിസ്റ്റുകൾ കുറ്റമറ്റരീതിയിൽ തയ്യാറാക്കുന്നതിന് അപേക്ഷകരുടെ കാറ്റഗറി/സമുദായം സംബന്ധിച്ച രേഖകൾ പരിശോധിച്ച് അനർഹരെ ഒഴിവാക്കി കാറ്റഗറി ലിസ്റ്റുകൾ അന്തിമമാക്കേണ്ടതുണ്ട്. ഈ കാറ്റഗറിയുടെ അടിസ്ഥാനത്തിലാണ് വിവിധ റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നത്. എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ യോഗ്യത നേടിയിട്ടുണ്ടോ എന്ന് തീരുമാനിക്കപ്പെടുന്നത് മാർക്കിന്റേയും കാറ്റഗറിയുടേയും അടിസ്ഥാനത്തിലാണ്. ജനറൽ കാറ്റഗറി വിദ്യാർത്ഥികൾക്ക് എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ യോഗ്യത നേടുന്നതിന് എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയുടെ ഓരോ പേപ്പറിനും കുറഞ്ഞത് 10 മാർക്ക് വീതം നേടിയിരിക്കണം. എസ്.സി/എസ്.ടി. വിദ്യാർത്ഥികൾക്ക് ഈ നിബന്ധനയില്ല. എം.ബി.ബി.എസ്/ബി.ഡി.എസ്. കോഴ്സുകളിലെ പ്രവേശനത്തിനുള്ള റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് അപേക്ഷകന് നീറ്റ്/യു.ജി. പരീക്ഷയിൽ 50% (ജനറൽ), 40% (എസ്.സി./എസ്.ടി./എസ്.ഇ.ബി.സി), 45% (പി.ഡി. കാറ്റഗറി) എന്നിങ്ങനെ മാർക്ക് നേടിയിരിക്കണം. മറ്റ് മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് ജനറൽ വിഭാഗങ്ങൾ നീറ്റ്-യു.ജി.-യിൽ 20 മാർക്ക് നേടിയിരിക്കണം. എസ്.സി./എസ്.ടി. വിഭാഗത്തിന് കുറഞ്ഞ മാർക്ക് നിർബന്ധമില്ല. വിദ്യാർത്ഥികളുടെ എസ്.സി./എസ്.ടി. സംവരണം സംബന്ധിച്ച്

തീരുമാനമുണ്ടാകുന്നത് അവർ സമർപ്പിക്കുന്ന ജാതി സർട്ടിഫിക്കറ്റിന്മേൽ കിർത്താഡ്സിന്റെ അന്വേഷണത്തിലൂടെയാണ്. ആയത് പൂർത്തിയാക്കുന്നതിന് കുറഞ്ഞത് രണ്ട് മാസത്തിൽ കൂടുതൽ സമയം എടുക്കാറുണ്ട്. കൂടാതെ, പ്രവേശന പരീക്ഷയിലെ അപേക്ഷകളുടെ സൂക്ഷ്മപരിശോധനയിലൂടെ കാറ്റഗറി നിർണ്ണയിക്കുന്നതിനും ഏതാണ്ട് രണ്ട് മാസത്തിൽ കൂടുതൽ സമയം എടുക്കാറുണ്ട്. നാഷണാലിറ്റി, നേറ്റിവിറ്റി, കാറ്റഗറി എന്നിവ സംബന്ധിച്ച സൂക്ഷ്മപരിശോധന കൂടാതെ, വിദ്യാർത്ഥികൾ ഓൺലൈനായി സമർപ്പിക്കുന്ന വിവരങ്ങൾ മാത്രം കണക്കിലെടുത്ത് റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നപക്ഷം അവയിൽ അനർഹർ കടന്നുകൂടി റാങ്ക് ലിസ്റ്റിന്റെ വിശ്വാസ്യത നഷ്ടപ്പെടുത്തുവാൻ സാധ്യത കൂടുതലാണ്. പ്രവേശന പരീക്ഷാ ഫലങ്ങൾ പ്രസിദ്ധീകരിച്ചതിനുശേഷം സർട്ടിഫിക്കറ്റുകൾ ഹാജരാക്കുവാൻ ആവശ്യപ്പെടുന്നപക്ഷം റാങ്ക് ലിസ്റ്റുകളിൽ കടന്നുകൂടുന്നതിനു വേണ്ടി വ്യാജമായ സർട്ടിഫിക്കറ്റുകൾ/രേഖകൾ സമർപ്പിക്കപ്പെടുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കപ്പെടുകയും അതുവഴി സംവരണവും മറ്റ് ആനുകൂല്യങ്ങളും ലഭിക്കാൻ യഥാർത്ഥത്തിൽ അവകാശികളായ വിദ്യാർത്ഥികൾ പുറന്തള്ളപ്പെടുന്ന സാഹചര്യം ഉണ്ടാകുവാനും സാധ്യതയുണ്ട്. ഈ സാഹചര്യത്തിൽ യോഗ്യത നേടുന്നവർ മാത്രം നിശ്ചിത ദിവസത്തിനകം സാക്ഷ്യപത്രം ഹാജരാക്കിയാൽ മതി എന്ന നിർദ്ദേശം പരിഗണിക്കുവാൻ നിർവ്വാഹമില്ല.

**കേരള സംസ്ഥാന സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങൾ**

183 (6749) ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. കെ. രാജൻ :
ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സാക്ഷരതാ മിഷന്റെ സാക്ഷരതാ തുല്യത പദ്ധതികൾ വിശദമാക്കുമോ;

(സി) പ്രസ്തുത മിഷൻ ഇതര സംസ്ഥാനത്തൊഴിലാളികൾക്കായി ചങ്ങാതി എന്ന പേരിൽ സാക്ഷരതാ പദ്ധതി തയ്യാറാക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി സാക്ഷരതാ-തുല്യതാ പരിപാടികളും സാമൂഹ്യ സാക്ഷരതാ പരിപാടികളും നടത്തിവരുന്നു. പദ്ധതികളുടെ പ്രതിമാസ അവലോകനം ബ്ലോക്ക്തലത്തിലും ജില്ലാതലത്തിലും വിലയിരുത്തി വരുന്നു. രണ്ട് മാസത്തിലൊരിക്കൽ സംസ്ഥാന തലത്തിൽ ജില്ലാ കോ-ഓർഡിനേറ്റർമാരുടെ അവലോകനയോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്. വിദ്യാഭ്യാസ വകുപ്പുമന്ത്രി അദ്ധ്യക്ഷനായിട്ടുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയും പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്.

(ബി) അനൗപചാരിക വിദ്യാഭ്യാസ മേഖലയിൽ സാക്ഷരതാ-തുല്യതാ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി നാല്, ഏഴ്, പത്ത് ഹയർ സെക്കണ്ടറി തുല്യതാ കോഴ്സുകളിലൂടെ തുടർപഠനത്തിന് അവസരം നൽകി വരികയാണ്.

(സി) കേരളത്തിലുള്ള ഇതര സംസ്ഥാനത്തൊഴിലാളികളെ സാക്ഷരരാക്കുക എന്ന ലക്ഷ്യത്തോടെ മിഷൻ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് 'ചങ്ങാതി'. കേരളത്തിൽ ഏറ്റവും കൂടുതൽ ഇതരസംസ്ഥാനത്തൊഴിലാളികൾ താമസിക്കുന്ന എറണാകുളം ജില്ലയിലെ പെരുമ്പാവൂർ മുനിസിപ്പാലിറ്റിയിൽ മാതൃകാ പ്രോജക്ട് നടപ്പിലാക്കി വരുന്നതോടൊപ്പം പഠിതാക്കൾക്ക് പ്രത്യേക പാഠപുസ്തകം തയ്യാറാക്കി നൽകിയിട്ടുമുണ്ട്. ഓരോ ജില്ലകളിൽനിന്നും ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ തെരഞ്ഞെടുക്കുന്ന പഞ്ചായത്തുകളിൽ 'ചങ്ങാതി' പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ഡി) എല്ലാ ജില്ലകളിലേയും തെരഞ്ഞെടുത്ത ഓരോ തദ്ദേശഭരണ സ്ഥാപനങ്ങളിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

## സംസ്ഥാന സാക്ഷരതാ മിഷൻ നടപ്പാക്കുന്ന പദ്ധതികൾ

184 (6750) <u>ശ്രീ. ബി. ഡി. ദേവസ്സി</u> :
<u>ശ്രീ. എം. നൗഷാദ്</u> :
<u>ശ്രീ. ബി. സത്യൻ</u> :
<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാക്ഷരതാ പ്രവർത്തനത്തിലും തുടർവിദ്യാഭ്യാസ പ്രവർത്തനത്തിലും അഭിമാനകരമായ നേട്ടങ്ങൾ കൈവരിക്കാൻ സംസ്ഥാന സാക്ഷരതാ മിഷൻ നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം തുല്യതാ പഠന പ്രവർത്തനങ്ങളിൽ ഓരോ വിഭാഗത്തിലും ഉണ്ടായിട്ടുള്ള പുരോഗതിയും വർദ്ധനവും പ്രത്യേകം വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിവരിക്കുമോ;

(സി) പ്രസ്തുത മിഷൻ തുടർന്ന് ഏറ്റെടുക്കാൻ പോകുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; അറിയിക്കുമോ;

(ഡി) പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി കൂടുതൽ സെന്ററുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി ഇപ്പോൾ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു;

- <u>അക്ഷരലക്ഷം പദ്ധതി</u>

കേരളത്തിൽ പരിപൂർണ്ണ സാക്ഷരത കൈവരിക്കുന്നതിനായി ആരംഭിച്ച 'അക്ഷരലക്ഷം' പദ്ധതിയുടെ ഭാഗമായി അവശേഷിക്കുന്ന നിരക്ഷരരെ കണ്ടെത്തുന്നതിന് ആദ്യഘട്ടമെന്ന നിലയിൽ കേരളത്തിലെ 2000 വാർഡുകളിൽ സർവേയിലൂടെ കണ്ടെത്തിയവരെ സാക്ഷരരാക്കുന്നതിനുള്ള തുടർനടപടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖാന്തരം സ്വീകരിച്ചുവരുന്നു.

- <u>അട്ടപ്പാടി ആദിവാസി സാക്ഷരതാ പദ്ധതി</u>

പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിലെ ആദിവാസി ഊരുകളിലുള്ള നിരക്ഷരരെ കണ്ടെത്തി സാക്ഷരരാക്കുകയും തുടർവിദ്യാഭ്യാസം നൽകുകയും ചെയ്യുന്നതിനായി ആരംഭിച്ച അട്ടപ്പാടി പദ്ധതിയുടെ രണ്ടാംഘട്ടം നടന്നു വരികയാണ്.

- <u>വയനാട് ആദിവാസി സാക്ഷരതാ പദ്ധതി</u>

വയനാട് ജില്ലയിലെ ആദിവാസികളിലെ നിരക്ഷരരായവരെ സാക്ഷരരാക്കുന്നതിനായി ആരംഭിച്ച വയനാട് ആദിവാസി സംരക്ഷണ പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുത്ത ആദിവാസി ഊരുകളിൽ സർവ്വേ നടത്തുകയും ആദിവാസികൾക്കിടയിൽനിന്നും വിദ്യാഭ്യാസം ഉള്ളവരെ കണ്ടെത്തി ഇൻസ്ട്രക്ടർമാരായി തെരഞ്ഞെടുത്ത് ഇവരുടെ നേതൃത്വത്തിൽ ക്ലാസ്സുകൾ നടന്നുവരുന്നു.

- <u>സമഗ്ര ആദിവാസി സാക്ഷരത - തുടർ വിദ്യാഭ്യാസ പദ്ധതി</u>

ആദിവാസി മേഖലയിലെ നിരക്ഷരത ഇല്ലാതാക്കാനും ഈ വിഭാഗത്തിൽപ്പെട്ടവർക്ക് സമഗ്രമായ വിദ്യാഭ്യാസ പുരോഗതി ഉറപ്പുവരുത്തുവാനും വേണ്ടി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ധനസഹായത്തോടെ തെരഞ്ഞെടുത്ത

100 ആദിവാസി കോളനികളിൽ സമഗ്ര ആദിവാസി സാക്ഷരത - തുടർ വിദ്യാഭ്യാസ പദ്ധതി.

- നവചേതന സാക്ഷരത തുല്യതാ പരിപാടി

പട്ടികജാതി വിഭാഗത്തിലെ അവശേഷിക്കുന്ന നിരക്ഷരത പൂർണ്ണമായും ഇല്ലാതാക്കുക, പാതിവഴിയിൽ പഠനം മുടങ്ങിയവർക്ക് തുടർപഠനത്തിന് അവസരം നൽകുക എന്നീ ലക്ഷ്യങ്ങളോടെ വിഭാവന ചെയ്ത നവചേതന സാക്ഷരത-തുല്യതാ പരിപാടിയുടെ ഭാഗമായി തെരഞ്ഞെടുത്ത 100 പട്ടികജാതി കോളനികളിൽ സാക്ഷരത-തുടർവിദ്യാഭ്യാസ സർവ്വേ നടത്തുകയുണ്ടായി. തദ്ദേശഭരണ സ്ഥാപനം കേന്ദ്രീകരിച്ച് നടപ്പാക്കുന്ന ഈ പദ്ധതിയുടെ ക്ലാസ്സുകൾ ഏപ്രിൽ അവസാന വാരം ആരംഭിക്കും.

- സമന്വയ

കേരളത്തിലെ നിരക്ഷരരായ ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ടവർക്കായി സാക്ഷരതാ മിഷന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിവരുന്ന തുടർവിദ്യാഭ്യാസ പദ്ധതിയാണ് സമന്വയ. ഇതിന്റെ ഭാഗമായി 14 ജില്ലകളിലും തുടർപഠനം ആഗ്രഹിക്കുന്ന ട്രാൻസ്ജെൻഡേഴ്സിനെ കണ്ടെത്തുന്നതിനുള്ള സർവ്വേയിൽ 918 പേരെ കണ്ടെത്തുകയുണ്ടായി. നിരക്ഷരരായവരെ (1.2%) സാക്ഷരരാക്കുന്നതിനും ബാക്കിയുള്ളവരെ 4, 7, 10 ഹയർ സെക്കണ്ടറി തുല്യതാ ക്ലാസ്സുകളിൽ രജിസ്റ്റർ ചെയ്ത് തുടർപഠനം നൽകുന്നതിനുമായി തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ പ്രത്യേക തുല്യതാ പഠനകേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇവരിൽ നിന്നും ഉന്നത വിദ്യാഭ്യാസം നേടിയവരെ തെരഞ്ഞെടുത്ത് അദ്ധ്യാപകരായി ചുമതല നൽകിയിട്ടുണ്ട്.

- പരിസ്ഥിതി സാക്ഷരതാ പരിപാടി

കേരളം നേരിടുന്ന പരിസ്ഥിതി പ്രശ്നങ്ങളെ അതിജീവിക്കുന്നതിന് കേരള സമൂഹത്തെ പ്രാപ്തമാക്കുന്നതിനുതകുന്ന അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ആരംഭിച്ച പരിസ്ഥിതി സാക്ഷരതാ പരിപാടിയുടെ ഭാഗമായി പരിസ്ഥിതി സാക്ഷരതാ സർവ്വേയും ജലസ്രോതസ്സുകളുടെ സ്ഥിതിവിവര പഠനവും നടത്തുകയുണ്ടായി. 2018 മേയ് മാസത്തിൽ ജലസാക്ഷരതാ ക്ലാസ്സുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു.

- 'ചങ്ങാതി' പദ്ധതി

കേരളത്തിലുള്ള ഇതര സംസ്ഥാന തൊഴിലാളികളെ മലയാളത്തിലും ഹിന്ദിയിലും സാക്ഷരരാക്കുക എന്ന ലക്ഷ്യം മുന്നിൽക്കണ്ടുകൊണ്ട് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന ചങ്ങാതി പദ്ധതി ആരംഭിക്കുന്നതിന് മുന്നോടിയായി

കേരളത്തിൽ ഏറ്റവും കൂടുതൽ ഇതര സംസ്ഥാന തൊഴിലാളികൾ വസിക്കുന്ന എറണാകുളം ജില്ലയിലെ പെരുമ്പാവൂർ മുനിസിപ്പാലിറ്റിയിൽ പദ്ധതിയുടെ മാതൃകാ പ്രോജക്ട് നടപ്പിലാക്കിവരികയാണ്. രണ്ടാംഘട്ടത്തിൽ എറണാകുളം ഒഴികെയുള്ള മറ്റ് ജില്ലകളിൽ ഈ പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഓരോ ജില്ലകളിൽ നിന്നും ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ തെരഞ്ഞെടുത്ത് നൽകിയ തദ്ദേശഭരണ സ്ഥാപനങ്ങളാണ് പദ്ധതി നടപ്പിലാക്കിവരുന്നത്.

(ബി) അനൗപചാരിക വിദ്യാഭ്യാസ മേഖലയിലെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ആവശ്യമായ സന്ദർഭങ്ങളിൽ തീരുമാനമെടുക്കുന്നതിനുമായി പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി ചെയർമാനായുള്ള തുല്യതാ ബോർഡ് യഥാസമയങ്ങളിൽ വിളിച്ചുചേർക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തുവരുന്നു.

(സി) സാക്ഷരതാ - തുല്യതാ പരിപാടികളും സാമൂഹ്യ സാക്ഷരതാ പദ്ധതികളുമാണ് മിഷൻ നടപ്പിലാക്കിവരുന്നത്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി 'പച്ചമലയാളം', 'അച്ഛീഹിന്ദി', 'ഗുഡ് ഇംഗ്ലീഷ്' എന്നീ സർട്ടിഫിക്കറ്റ് കോഴ്സുകൾ സാക്ഷരതാ മിഷന്റെ ആഭിമുഖ്യത്തിൽ ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ മലയാള ഭാഷാ സാഹിത്യത്തിൽ ഡിപ്ലോമ കോഴ്സുകൾ ആരംഭിക്കുവാനും സാക്ഷരതാ മിഷൻ ഉദ്ദേശിക്കുന്നു.

(ഡി) സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് നടപ്പിലാക്കിവരുന്നത്. ഒരു തദ്ദേശഭരണ സ്ഥാപനത്തിന്റെ പരിധിയിൽ മിനിമം ഒരു പഠനകേന്ദ്രം എന്ന നിലയിലാണ് വിഭാവന ചെയ്തിട്ടുള്ളത്. പഠിതാക്കളുടെ എണ്ണം വർദ്ധിക്കുന്നതനുസരിച്ച് കൂടുതൽ പഠനകേന്ദ്രങ്ങൾ ആരംഭിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

**സ്കൂളുകളിൽ അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം**

185 (6751) ശ്രീ. വി. ടി. ബൽറാം :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇത് നടപ്പാക്കിയിട്ടുണ്ട്; വിശദമാക്കാമോ;

(സി) എത്ര കോഴ്സുകളാണ് ഈ പദ്ധതി വഴി വിദ്യാർത്ഥികൾക്ക് നൽകിയതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (അസാപ്)-ന്റെ ഭാഗമായി കൂടുതൽ സ്ഥാപനങ്ങളിലേയ്ക്ക് നൈപുണ്യ പരിശീലനം വ്യാപിപ്പിക്കുന്നതിനുവേണ്ടി നിലവിലുള്ള നൈപുണ്യ പരിശീലന കേന്ദ്രങ്ങളുടെ എണ്ണം 121-ൽ നിന്നും 151 ആയി വർദ്ധിപ്പിക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നിലവിൽ 1208 വിദ്യാലയങ്ങളിൽ അസാപ് പദ്ധതി നടപ്പിലാക്കി വരുന്നു. സർക്കാർ/എയ്ഡഡ്-ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാലയങ്ങളിലും ആർട്സ് ആന്റ് സയൻസ് കോളേജുകളിലുമാണ് പദ്ധതി നടപ്പിലാക്കിവരുന്നത്.

(സി) ഈ വർഷം 81 നൈപുണ്യ കോഴ്സുകളിലാണ് അസാപ് പരിശീലനം നൽകുന്നത്. 81 തൊഴിൽ കോഴ്സുകളുടെ പേരുവിവരം അനുബന്ധമായി* ചേർക്കുന്നു.

**റോഡ് നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കൽ**

186 (6752) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ, തൃശ്ശൂർ മണ്ഡലങ്ങളിലൂടെ കടന്നുപോകുന്നതും വളരെയേറെ ഗതാഗത തിരക്കുള്ളതുമായ തൃശ്ശൂർ-വാടാനപ്പള്ളി സംസ്ഥാനപാതയുടെ വികസനത്തിന് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പാതയ്ക്ക് സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് എസ്റ്റാബ്ലിഷ്മെന്റ് ചാർജ്, കണ്ടിജൻസി തുക എന്നിവ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ റവന്യൂ വകുപ്പിന്റെ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാമാണ്;

(സി) റോഡിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഉത്തരം

(എ) തൃശ്ശൂർ-വാടാനപ്പള്ളി സംസ്ഥാനപാത വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്ന വിഷയത്തിൽ സ്ഥലമേറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി 11-5-2017-ൽ യോഗം ചേരുകയും ആയതിന്റെ അടിസ്ഥാനത്തിൽ എൽ.എ.ആർ.ആർ. ആക്ട്, 2013 പ്രകാരം സ്ഥലമേറ്റെടുക്കാൻ പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകുകയുമുണ്ടായി. പൊതുമരാമത്ത് വകുപ്പിൽനിന്ന് ഭരണാനുമതി പുറപ്പെടുവിക്കുന്നമുറയ്ക്ക് ജില്ലാ കളക്ടർ (ഏറ്റെടുക്കേണ്ട സ്ഥലം 200 ആർസിൽ കുറവായതിനാൽ) സാമൂഹ്യാഘാത പഠനം നടത്തുന്നതിനുള്ള ഏജൻസിയെ കണ്ടെത്തി 4 (1) നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതും തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്.

(ബി) ഉണ്ട്. പൊന്നുംവില നടപടികളുമായി മുന്നോട്ടുപോകുന്ന അവസരത്തിൽ 2015-ലെ റൈറ്റ് റ്റു ഫെയർ കോമ്പെൻസേഷൻ ആന്റ് ട്രാൻസ്പരൻസി ഇൻ ലാന്റ് അക്വിസിഷൻ, റീഹാബിലിറ്റേഷൻ ആന്റ് റീസെറ്റിൽമെന്റ് (കേരള) ചട്ടങ്ങളിലെ ചട്ടം 4-ലെ ഉപചട്ടം (2)-ൽ പ്രതിപാദിക്കുന്ന നിർബന്ധിത 30% എസ്റ്റാബ്ലിഷ്മെന്റ് ചാർജ് (ഭൂമി ഏറ്റെടുത്ത് നൽകുന്നതിനുള്ള അർത്ഥന ജില്ലാ കളക്ടർക്ക് ലഭിക്കുന്ന അവസരത്തിൽ പ്രസ്തുത ഭൂമിയുടെ മതിപ്പ് ചെലവിന്റെ 30% തുക) കെട്ടിവയ്ക്കേണ്ടതുണ്ട്. 23-8-2017-ൽ ബഹുമാനപ്പെട്ട അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ 2015-ലെ റൈറ്റ് ടു ഫെയർ കോമ്പെൻസേഷൻ ആന്റ് ട്രാൻസ്പരൻസി ഇൻ ലാന്റ് അക്വിസിഷൻ, റീഹാബിലിറ്റേഷൻ ആന്റ് റീസെറ്റിൽമെന്റ് ചട്ടങ്ങളിൽ പ്രതിപാദിക്കുന്ന 30% ചാർജ് താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുവാൻ നിർദ്ദേശിക്കുകയുണ്ടായി.

1. സ്പെഷ്യൽ യൂണിറ്റുകളെ നിയമിച്ച് സ്ഥലം ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്ന ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകൾ ഒഴികെയുള്ള റിക്വിസിഷൻ അതോറിറ്റികൾ നഷ്ടപരിഹാരത്തിന്റെ 30% എസ്റ്റാബ്ലിഷ്മെന്റ് ചാർജ് റിക്വയറിംഗ് ബോഡി മുമ്പാകെ കെട്ടിവയ്ക്കേണ്ടതില്ല. ഈ വിഷയത്തിൽ ജില്ലാ കളക്ടർ തീരുമാനിക്കുന്ന മൊത്തം എസ്റ്റാബ്ലിഷ്മെന്റ് തുക തവണകളായി (പ്രതിവർഷം) റിക്വിസിഷനിംഗ് അതോറിറ്റി അടയ്ക്കേണ്ടതാണ്.

2. കേന്ദ്ര/സംസ്ഥാന സർക്കാരുകൾ നിർവ്വഹിക്കുന്ന ഭൂമി ഏറ്റെടുക്കലുകളിൽ നഷ്ടപരിഹാരത്തിന്റെ ആനുപാതിക എസ്റ്റാബ്ലിഷ്മെന്റ് ചാർജ് റിക്വയറിംഗ് ബോഡി മുമ്പാകെ റിക്വിസിഷൻ അതോറിറ്റികൾ കെട്ടിവയ്ക്കേണ്ടതില്ല.

മേൽതീരുമാനം സർക്കാർ അംഗീകരിക്കുകയും 2015-ലെ LARR Rules ചട്ടം 4, ഉപചട്ടം(2) ഭേദഗതി ചെയ്തുകൊണ്ട് 23-1-2018-ൽ 301/ബി1/2017/ആർ.ഡി. പ്രകാരം കരട് വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു. പ്രസ്തുത വിജ്ഞാപനം പുറപ്പെടുവിച്ച് 30 ദിവസങ്ങൾക്കുശേഷവും ആക്ഷേപമൊന്നും ലഭിക്കാത്ത സാഹചര്യത്തിൽ അന്തിമവിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അന്തിമവിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പാതയ്ക്ക് സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ് ഒഴിവാക്കി 5% കണ്ടിജൻസി ചാർജ്ജ് മാത്രം കെട്ടിവയ്ക്കുന്നതിന് നിർദ്ദേശം നൽകുന്നതാണ്.

(സി) സ്വീകരിക്കുന്നതാണ്.

**പട്ടയം നൽകുന്നതിനുള്ള നടപടികൾ**

187 (6753) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ ജില്ലകളിൽ പട്ടയം നൽകുന്നതിനുള്ള നടപടികൾ നടന്നുവരുന്നു; വ്യക്തമാക്കുമോ;

(ബി) കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ മണിമല വില്ലേജിൽ ആലപ്ര, പൊന്തൻപുഴ എന്നീ പ്രദേശങ്ങളിൽ വനവുമായി അതിർത്തി പങ്കിടുന്ന പ്രദേശത്ത് നൂറുവർഷത്തിലധികമായി ആളുകൾ താമസിച്ചുവരുന്നതും തലമുറകളായി കൈവശംവച്ചുവരുന്നതുമായ സ്ഥലങ്ങൾക്ക് പട്ടയം നൽകുവാൻ തടസ്സമായി നിൽക്കുന്ന കാരണങ്ങൾ എന്താണ്; ആയത് പരിഹരിക്കുവാൻ ഗവൺമെന്റ് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണ് ; അറിയിക്കാമോ ;

(സി) പത്തനംതിട്ട ജില്ലയിൽ പെരുമ്പട്ടി വില്ലേജിൽ വനവുമായി അതിർത്തി പങ്കിടുന്ന പ്രദേശങ്ങൾ 1977-നുമുമ്പ് കൈവശംവച്ച് ഉപയോഗിച്ചുവരുന്ന ആളുകൾക്ക് പട്ടയം നൽകുന്നതിനുള്ള തടസ്സമെന്താണെന്നും ഇല്ലെങ്കിൽ എപ്പോൾ പട്ടയം നൽകാൻ കഴിയുമെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ 14 ജില്ലകളിലും പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ മണിമല വില്ലേജിൽ ആലപ്ര വനപ്രദേശത്തെ 103.61.90 ഹെക്ടർ വനഭൂമിയിൽ കൈവശം വച്ച്

കൊണ്ടിരിക്കുന്ന 95.32.15 ഹെക്ടർ വനഭൂമിയുടെ സംയുക്ത പരിശോധന പൂർത്തീകരിച്ചിട്ടുള്ളതാണ്. എന്നാൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിലെ എം.എസ്.എ. 1/81 നമ്പരായി ടി സ്ഥലങ്ങൾ ഉൾപ്പെടെ വനഭൂമിയുടെ അവകാശം സംബന്ധിച്ച് സർക്കാരിന് എതിരായി വിധിച്ചിട്ടുള്ളതിനാൽ ആയതിന്റെ അപ്പീൽ കേസിന്റെ വിധിയുടെ അടിസ്ഥാനത്തിൽ മാത്രമേ തുടർനടപടികളുമായി മുന്നോട്ട് പോകുവാൻ സാധിക്കുകയുള്ളൂ.

(സി) 1977-നുമുമ്പ് കൈവശംവച്ചുവരുന്ന എല്ലാവർക്കും റവന്യൂ-വനം വകുപ്പ് അധികൃതർ ജോയിന്റ് വെരിഫിക്കേഷൻ നടത്തിയതിന്റെ അടിസ്ഥാനത്തിൽ 2005-ൽ കൈവശരേഖ നൽകിയിട്ടുള്ളതാണ്. വനഭൂമി പതിച്ച് നൽകുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭിച്ചാൽ മാത്രമേ പട്ടയം വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

**ഭൂമിയുടെ പട്ടയവിതരണം**

188 (6754) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> :
<u>ശ്രീ. ആർ. രാമചന്ദ്രൻ</u> :
<u>ശ്രീ. എൽദോ എബ്രഹാം</u> :
<u>ശ്രീമതി സി. കെ. ആശ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ പട്ടയവിതരണം സാധ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) എല്ലാ ജില്ലകളിലും പട്ടയവിതരണം തുടങ്ങിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) 1964-ലെ ഭൂമി പതിവ് ചട്ടങ്ങളിൽ ഭേദഗതി വരുത്തി ഉപാധിരഹിത പട്ടയമെന്ന ദീർഘകാലമായുള്ള ആവശ്യം അംഗീകരിച്ചുവോ;

(ഡി) കൈവശഭൂമിയും കൈവശമില്ലാത്ത ഭൂമിയും പതിച്ചുനല്കുന്നതിന് പ്രത്യേക ഫോറങ്ങളാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) സർവീസ് ഇനാം ഭൂമിയുടെ കൈവശക്കാർക്ക് പട്ടയം ലഭിക്കുന്നതിന് അപേക്ഷ നല്കാനുള്ള കാലാവധി നീട്ടിയിട്ടുണ്ടോ ;

(എഫ്) ഇടുക്കി ജില്ലയിലെ 10 ചങ്ങല പ്രദേശത്ത് പട്ടയം നല്കുന്നതിന് സ്വീകരിച്ച നടപടികളുടെ തത്സ്ഥിതി അറിയിക്കുമോ;

(ജി) പെരിഞ്ഞാം കുട്ടിയിലെ ഭൂമിപ്രശ്നം പരിഹരിക്കുന്നതിന്റെ ഭാഗമായി അർഹരായ 158 കുടുംബങ്ങൾക്കും പട്ടയം നല്കുന്നതിനുള്ള നടപടി സ്വീകരിച്ചോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) സർക്കാർ റവന്യൂ പുറമ്പോക്കിലെ കൈവശക്കാർക്ക് 1964-ലെയും 1995-ലെയും കേരള ഭൂമി പതിവ് ചട്ടങ്ങൾക്കനുസൃതമായി പട്ടയനടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചുവരുന്നു. പട്ടയവിതരണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് പട്ടയത്തിനുവേണ്ടി സമർപ്പിക്കുന്ന അപേക്ഷകളിൽ അടിയന്തരമായി പതിവ് കമ്മിറ്റി കൂടുകയും പതിവ് കമ്മിറ്റി അംഗീകരിക്കുന്ന കേസുകൾക്ക് പതിവ് ലിസ്റ്റ് തയ്യാറാക്കി അർഹരായവർക്ക് ഭൂമി പതിച്ചുനൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മറ്റ് വകുപ്പുകളുടെ പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവരുടെ കൈവശഭൂമി സംയുക്ത പരിശോധന പൂർത്തിയാക്കി നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കി അർഹരായവർക്ക് പട്ടയം നൽകുന്ന നടപടി സ്വീകരിച്ചുവരുന്നു. സ്പെഷ്യൽ തഹസിൽദാർമാർക്ക് ലാന്റ് ട്രൈബ്യൂണലുകളുടെ അധിക ചുമതല നൽകി ഉത്തരവായതനുസരിച്ച് ആ ഓഫീസുകളിൽനിന്നും പട്ടയവിതരണം ചെയ്യുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചുവരുന്നതും കൂടാതെ ആഴ്ചയിൽ പരമാവധി ദിവസങ്ങളിൽ കക്ഷികളെ നേരിൽകേട്ട് ദേവസ്വം പട്ടയ അപേക്ഷകളിൽ തീർപ്പുകൽപ്പിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ 14 ജില്ലകളിലും പട്ടയവിതരണം തുടങ്ങിയിട്ടുണ്ട്.

(സി) 17-8-2017-ലെ സ.ഉ. (പി) നമ്പർ 60/2017/റവ. പ്രകാരം 1964-ലെ ഭൂമി പതിവ് ചട്ടങ്ങളിലെ ഉപാധികളിൽ ഇളവ് വരുത്തി ഉത്തരവായിട്ടുണ്ട്.

(ഡി) 1964-ലെ ഭൂമി പതിവ് ചട്ടപ്രകാരം കൈവശമുള്ള ഭൂമി പതിച്ചുനൽകുന്നതിന് അപ്പെൻഡിക്സ് II, കൈവശമില്ലാത്ത ഭൂമി പതിച്ചു നൽകുന്നതിന് അപ്പൻഡിക്സ് II A എന്നീ പട്ടയഫാറങ്ങൾ 17-8-2017-ലെ സ.ഉ. (പി) നമ്പർ 60/2017/റവ. പ്രകാരം ഉത്തരവായിട്ടുണ്ട്.

(ഇ) 5-7-2017-ലെ സർക്കാർ ഉത്തരവ് നമ്പർ (പി) 49/17/ആർ.ഡി. പ്രകാരം അപേക്ഷ നൽകാനുള്ള കാലാവധി 31-12-2018 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുള്ളതാണ്.

(എഫ്) ഇടുക്കി ജില്ലയിലെ 10 ചങ്ങല പ്രദേശത്ത് 1964-ലെ കേരള ഭൂമി പതിവ് ചട്ടപ്രകാരം പട്ടയം നൽകിവരുന്നു. നാളിതുവരെ 1995 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുള്ളതാണ്.

(ജി) ഇടുക്കി ജില്ലയിലെ പെരിഞ്ഞാംകുട്ടി തേക്ക് പ്ലാന്റേഷനിൽനിന്നും കുടിയിറക്കപ്പെട്ട 158 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അർഹത പരിശോധിച്ച് ഒരു കുടുംബത്തിന് ഒരേക്കർ എന്ന പരിധിക്ക് വിധേയമായി, ഭൂമി അനുവദിക്കുന്നതിന് 8-3-2018-ലെ സ.ഉ. (കൈ) നമ്പർ 96/2018/റവ. പ്രകാരം ഉത്തരവായിട്ടുണ്ട്.

## കൂടപ്പുഴ 52 കോളനിയിലെ വീട്ടുകാർക്ക് പട്ടയം

189 (6755) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി നഗരസഭയിലെ ഗാന്ധിനഗർ, കൂടപ്പുഴ '52 കോളനി' യിലെ 19 വീട്ടുകാർക്ക് ഇനിയും പട്ടയം നൽകാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇനിയും പട്ടയം ലഭിക്കാത്ത 19 വീട്ടുകാർക്കുകൂടി പട്ടയം നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. ട്രാംവെ പുറമ്പോക്കിൽ താമസിച്ചിരുന്ന പുറമ്പോക്ക് നിവാസികളെ പുനരധിവസിപ്പിക്കുന്നതിന് ചാലക്കുടി മുനിസിപ്പാലിറ്റി കൂടപ്പുഴയിൽ സ്ഥലം വാങ്ങുകയും പുനരധിവസിപ്പിക്കപ്പെട്ട വ്യക്തികൾക്ക് ചാലക്കുടി മുനിസിപ്പാലിറ്റി നേരിട്ട് ആധാരം ചെയ്ത് നൽകുകയും ചെയ്തിട്ടുള്ളതാണ്. ഭൂരിപക്ഷം കോളനി നിവാസികൾക്ക് ആധാരം ലഭിച്ചെങ്കിലും സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് സംബന്ധിച്ച സർക്കാർ ഉത്തരവ് ലഭിക്കാത്തതിനാൽ 19 കൈവശക്കാർക്ക് ആധാരം ചെയ്ത് നൽകാൻ സാധിച്ചിട്ടില്ല എന്നും നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ആധാരം രജിസ്റ്റർ ചെയ്യുന്നതിനുള്ള അടിയന്തര നടപടി സ്വീകരിച്ചു വരുന്നതായും ചാലക്കുടി മുനിസിപ്പൽ അധികൃതർ അറിയിച്ചിട്ടുള്ളതാണ്.

## ഓഖി ദുരന്തം

190 (T*6756) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തത്തിൽപ്പെട്ട എത്രപേർ ഇനിയും തിരിച്ചെത്താനുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കടലിൽനിന്ന് പരിക്കേറ്റ് തിരിച്ചെത്തിയവർ എത്ര പേരാണെന്നും അവർക്ക് നൽകിയ സഹായങ്ങളും ആനുകൂല്യങ്ങളും എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ;

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) കടലിൽനിന്ന് തിരിച്ചെത്തിയവരിൽ എത്ര പേർ ഇപ്പോൾ ചികിൽസയിലാണെന്നും ഇവരുടെ ചികിൽസാ ചെലവ് ആരാണ് വഹിക്കുന്നതെന്നും വ്യക്തമാക്കാമോ;

(ഡി) ക്ഷേമനിധിയിൽ അംഗമല്ലാത്തവർക്കും നഷ്ടപരിഹാരം നൽകുമോ എന്ന് വ്യക്തമാക്കാമോ;

(ഇ) മരിച്ചവരുടെയും കാണാതായവരുടെയും മക്കളുടെ പഠനം സർക്കാർ ഏറ്റെടുക്കുമോ എന്ന് വ്യക്തമാക്കാമോ;

(എഫ്) വള്ളം, വല, എഞ്ചിൻ എന്നിവ നഷ്ടപ്പെട്ടവർക്കുള്ള നഷ്ടപരിഹാരം നൽകിത്തുടങ്ങിയോ എന്നും ഇല്ലെങ്കിൽ എപ്പോൾ നൽകുമെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഓഖി ദുരന്തത്തിൽപ്പെട്ട 91 പേർ ഇനിയും തിരിച്ചെത്താനുണ്ട്.

(ബി) കടലിൽനിന്ന് പരിക്കേറ്റ 179 പേർ തിരിച്ചെത്തി. പരിക്കേറ്റവർക്ക് അടിയന്തര ചികിത്സ നൽകുകയും ദുരിത കാലയളവിൽ സിവിൽ സപ്ലൈസ് വഴി സൗജന്യ റേഷൻ വിതരണം ചെയ്യുകയുമുണ്ടായി. കൂടാതെ അടിയന്തര ധനസഹായമായി 5,000 രൂപയും ചികിത്സാ ധനസഹായമായി 20,000 രൂപയും നൽകിയിട്ടുണ്ട്.

(സി) കടലിൽനിന്ന് തിരിച്ചെത്തിയവരിൽ ഇപ്പോൾ ആശുപത്രികളിൽ ചികിത്സയിൽ കഴിയുന്നവരായി ആരുംതന്നെയില്ല.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) ഓഖി ദുരന്തത്തിൽ മരണമടയുകയോ കാണാതാകുകയോ ചെയ്ത മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് അർഹമായ സൗജന്യ വിദ്യാഭ്യാസം/തൊഴിൽ പരിശീലനം ഉൾപ്പെടെ നൽകുന്നതിന് പൊതുവിദ്യാഭ്യാസം/ഉന്നത വിദ്യാഭ്യാസ വകുപ്പുകളെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

(എഫ്) വിവരം ശേഖരിച്ചുവരുന്നു.

**ഓഖി ദുരന്തം**

191 (6757) <u>ശ്രീ. കെ. വി. വിജയദാസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽനിന്നും എത്ര തുക നാളിതുവരെ ലഭിച്ചിട്ടുണ്ട്; കേരള സർക്കാർ എത്ര രൂപ ദുരന്ത പശ്ചാത്തലത്തിൽ ചെലവഴിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ;

(ബി) കേന്ദ്ര ഫണ്ട് ഏതെല്ലാം സ്കീമുകളിലായാണ് ചെലവഴിച്ചിട്ടുള്ളത്;

(സി) കേരള സർക്കാർ ഏതെല്ലാം മേഖലകളിലായാണ് ഫണ്ട് വിനിയോഗിച്ചിട്ടുള്ളത്; വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ-സി) ഓഖി ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് കേന്ദ്ര പ്രതികരണനിധിയിൽനിന്നും 133 കോടി രൂപയും പ്രധാനമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും 116 ലക്ഷം രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്. കേന്ദ്ര പ്രതികരണ നിധിയിൽനിന്ന് അനുവദിച്ച തുക സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡപ്രകാരം മാത്രമേ വിനിയോഗിക്കാൻ സാധിക്കുകയുള്ളൂ. ഓഖി ദുരന്തവുമായി ബന്ധപ്പെട്ട ചെലവഴിച്ച തുകയുടെ വിശദവിവരം അനുബന്ധമായി* ചേർക്കുന്നു.

**ദുരന്ത നിവാരണ സമിതിയുടെ മുന്നറിയിപ്പ്**

192 (T*6758) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കൻ കേരളത്തിൽ താപനില 40 ഡിഗ്രിവരെ ഉയരുമെന്ന ദുരന്തനിവാരണ സമിതിയുടെ മുന്നറിയിപ്പ് ലഭിച്ചിട്ടുണ്ടോ;

(ബി) പകൽ താപനിലയും രാത്രി താപനിലയും ശരാശരിക്കും മുകളിലെത്തിയ സാഹചര്യത്തിൽ എന്തൊക്കെ മുന്നൊരുക്കങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) വേനൽക്കാലത്ത് താപനില ക്രമാതീതമായി ഉയരുന്നതിനാൽ തൊഴിലാളികൾക്ക് സൂര്യാഘാതം ഏൽക്കാനുള്ള സാധ്യത മുൻനിർത്തി തൊഴിൽ സമയം പുനഃക്രമീകരിച്ച് ലേബർ കമ്മീഷണർ ഉത്തരവിട്ടു. വടക്കൻ കേരളത്തിലെ ഉയർന്ന അന്തരീക്ഷ താപനില ശരാശരിയിൽനിന്നും 4 മുതൽ 10 ഡിഗ്രി വരെ ഉയരുവാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ 1-3-2018 മുതൽ 3-3-2018 വരെയുള്ള പ്രവചനം സൂചിപ്പിച്ചതിനാൽ പൊതുജനങ്ങൾ രാവിലെ 11 മണി മുതൽ 3 മണി വരെയെങ്കിലും നേരിട്ട് സൂര്യപ്രകാശം ഏൽക്കുന്നത്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

ഒഴിവാക്കുക, നിർജലീകരണം തടയാൻ കുടിവെള്ളം എപ്പോഴും ഒരു ചെറിയ കുപ്പിയിൽ കയ്യിൽ കരുതുക, രോഗങ്ങൾ ഉള്ളവർ രാവിലെ 11 മണി മുതൽ 3 മണി വരെയെങ്കിലും സൂര്യപ്രകാശം ഏൽക്കുന്നത് ഒഴിവാക്കുക, പരമാവധി ശുദ്ധജലം കുടിക്കുക, അയഞ്ഞ, ലൈറ്റ് കളർ പരുത്തി വസ്ത്രങ്ങൾ ധരിക്കുക തുടങ്ങിയ നിർദ്ദേശങ്ങൾ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ഫേസ്ബുക്കിലും മാധ്യമങ്ങളിലും വാട്ട്സ് ആപ്പ് വഴിയും പൊതുജന ശ്രദ്ധയ്ക്കായി പുറപ്പെടുവിച്ചു. സൂര്യാഘാതത്തെ പ്രതിരോധിക്കാൻ തയ്യാറാക്കിയ ലഘുലേഖ പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധീകരിച്ചു.

പകൽസമയത്ത് മാത്രമല്ല, രാത്രിയിലും താപനില ശരാശരിക്കും മുകളിലാണെന്നും പൊതുജനങ്ങൾ രാവിലെ 11 മണി മുതൽ 3 മണി വരെ നേരിട്ട് സൂര്യപ്രകാശം ഏൽക്കരുതെന്നും ഈ സമയത്ത് തുറസായ ഇടങ്ങളിൽ തൊഴിലെടുക്കുന്നത് ഒഴിവാക്കണമെന്നും വിദ്യാർത്ഥികളുടെ പരീക്ഷാക്കാലമായതിനാൽ സ്കൂൾ അധികൃതരും രക്ഷിതാക്കളും പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണെന്നും ദുരന്തനിവാരണ അതോറിറ്റിയും ആരോഗ്യ/തൊഴിൽ വകുപ്പുകളും നൽകുന്ന നിർദ്ദേശങ്ങൾ എല്ലാവരും പാലിക്കണമെന്നുമുള്ള നിർദ്ദേശങ്ങൾ സംസ്ഥാനം കടുത്ത വേനലിനെ അഭിമുഖീകരിക്കുന്ന പശ്ചാത്തലത്തിൽ 2-3-2018-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസ് പുറപ്പെടുവിച്ചിട്ടുണ്ട്.

12-3-2018-ൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം ചേർന്ന് വന്യമൃഗങ്ങൾക്കുള്ള കുടിവെള്ള ലഭ്യത ഉറപ്പ് വരുത്തുന്നതിനും ആവശ്യമെങ്കിൽ പോളിത്തീൻ ഉപയോഗിച്ചുള്ള കൃത്രിമ കുളങ്ങൾ സ്ഥാപിച്ച് ടാങ്കറുകൾ ഉപയോഗിച്ചുകൊണ്ട് വന്യമൃഗങ്ങൾക്ക് ഇത്തരം കുളങ്ങളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിനും വനം വകുപ്പിന് നിർദ്ദേശം നൽകി.

**പട്ടാമ്പി മണ്ഡലത്തിൽ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗം**

193 (6759) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പട്ടാമ്പി മണ്ഡലത്തിൽ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പട്ടാമ്പി മണ്ഡലത്തിൽ റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് നടപ്പാക്കാവുന്ന പദ്ധതികൾ ഏതൊക്കെയാണെന്നും ഇതിന്റെ മാനദണ്ഡങ്ങൾ എപ്രകാരമാണെന്നും വിശദമാക്കാമോ?

ഉത്തരം

(എ) തൃത്താല പഞ്ചായത്തിലെ ഘട്ടം മൂന്ന് പട്ടാമ്പി പാലത്തിന്റെ മേലേതടത്തിലെ ഞങ്ങാട്ടിരിക്കടത്തു ഭാരതപ്പുഴയുടെ ഇടത്തെ തീരത്തുള്ള സംരക്ഷണ ഭിത്തി നിർമ്മാണത്തിന് 11.70 ലക്ഷത്തിന്റെ പദ്ധതിയും തൃത്താല പഞ്ചായത്തിലെ പട്ടാമ്പി പാലത്തിന്റെ താഴെത്തടത്തിൽ ഞങ്ങാട്ടിരിക്കടത്തു ഭാരതപ്പുഴയുടെ ഇടത്തെത്തീരത്തുള്ള സംരക്ഷണ ഭിത്തി നിർമ്മാണത്തിന് 10.55 ലക്ഷത്തിന്റെ പദ്ധതിയും 3-11-2017-ലെ സംസ്ഥാന ഉന്നതതല സമിതി യോഗത്തിൽ അംഗീകരിക്കുകയും തുടർനടപടി നടന്നുവരികയും ചെയ്യുന്നു.

(ബി) നദികളെ സജീവമായി നിലനിർത്തി അവയെ സംരക്ഷിക്കുന്നതിനും നദീതീരങ്ങളെ ബലപ്പെടുത്തുന്നതിനുമായി കോൺക്രീറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ പരമാവധി ഒഴിവാക്കി പ്രസ്തുത പ്രദേശത്ത് പരിസ്ഥിതിക്കനുയോജ്യമായ മരങ്ങൾ, ചെടികൾ, മുളകൾ എന്നിവ നട്ടുപിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതും കയർ ഭൂവസ്ത്രം ഉപയോഗിച്ച് നദീതീരങ്ങളുടെ സംരക്ഷണം യാഥാർത്ഥ്യമാക്കാവുന്നതും നദീതീരത്തിന്റെ അതിർത്തി സർവ്വേ ചെയ്ത് പുറമ്പോക്ക് ഭൂമിയും സ്വകാര്യ ഭൂമിയും വേർതിരിച്ച് അടിയന്തരമായി അതിർത്തി കല്ലുകൾ സ്ഥാപിച്ച് Ground Control Point ആയി നിർണയിച്ച് ഭാവിയിൽ ഉണ്ടാക്കാവുന്ന നദീ തീരങ്ങളുടെ കയ്യേറ്റങ്ങൾ തടയാവുന്നതാണ്.

ഇപ്രകാരമുള്ള പ്രവർത്തനങ്ങളുടെ പ്രൊപ്പോസലുകൾ ജില്ലാ വിദഗ്ദ്ധ സമിതി അംഗീകരിച്ച് സംസ്ഥാന ഉന്നതതല സമിതിക്ക് സമർപ്പിക്കുകയും സമിതിയിലെ അംഗങ്ങൾ പരിശോധിച്ച് അവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

**തണ്ണീർത്തട സംരക്ഷണ ആക്ട്**

194 (6760) ശ്രീ. വി. പി. സജീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2008-നുമുമ്പ് നികന്ന് കിടന്നതും വില്ലേജ് റിക്കാർഡുകളിൽ നിലമെന്ന് രേഖപ്പെടുത്തിയതും ഡാറ്റാ ബാങ്കിൽ ഉൾപ്പെടുത്താത്തതുമായ ഭൂമിയിൽ വീട് വയ്ക്കുന്നതിന് അനുമതി നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്;

(ബി) കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ട് പ്രകാരം തയ്യാറാക്കിയ ഡാറ്റാ ബാങ്കിൽ തെറ്റായി ഉൾപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ തിരുത്തുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതുപ്രകാരം ഇതിനകം എത്രപേരുടെ അപേക്ഷ പരിഹരിച്ചു?

<u>ഉത്തരം</u>

(എ) 2017-ൽ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. പരമാവധി 4.04 ആർ വിസ്തൃതിയിലുള്ള ഭൂമിയിൽ സ്ഥിതിചെയ്യുന്ന 120 ചതുരശ്രമീറ്റർ വിസ്തീർണ്ണമുള്ള ഒരു വീട് നിർമ്മിക്കുന്നതിനും അല്ലെങ്കിൽ പരമാവധി 2.02 ആർ വിസ്തൃതിയിലുള്ള ഭൂമിയിൽ സ്ഥിതിചെയ്യുന്ന 40 ചതുരശ്രമീറ്റർ വിസ്തീർണ്ണത്തിലുള്ള ഒരു വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിനും വകുപ്പ് 27 എ പ്രകാരമുള്ള യാതൊരു അനുമതിയും ആവശ്യമില്ലാത്തതുമാകുന്നു. വിസ്തീർണ്ണം ഇതിൽ അധികരിക്കുന്നപക്ഷം റവന്യൂ ഡിവിഷണൽ ഓഫീസറുടെ അനുമതി ആവശ്യമാണ്.

(ബി) ഡാറ്റാ ബാങ്കിൽ തെറ്റായി ഉൾപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ തിരുത്തുന്നതിന് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടത്തിൽ 30-5-2017-ലെ 301/17-ാം നമ്പർ വിജ്ഞാപനം മുഖേന ഭേദഗതി വരുത്തി അപേക്ഷ സമർപ്പിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിരുന്നു. അപേക്ഷ സമർപ്പിക്കാനുള്ള കാലപരിധി ആറ് മാസമായിരുന്നു. അത് നവംബർ 30-ന് അവസാനിച്ചിട്ടുണ്ട്. ഇതിൻപ്രകാരം ലഭിച്ച അപേക്ഷകളിൽ KSREC-യുടെ സഹായത്തോടെ ഉപഗ്രഹചിത്രം പരിശോധിച്ച് തീർപ്പുകല്പിക്കുന്നതിനുള്ള നടപടി വിവിധ കൃഷി ഓഫീസുകളിലായി നടന്നുവരുന്നു.

**കനോലി കനാലിന്റെ തീരങ്ങളിലുള്ള കയ്യേറ്റം**

195 (T*6761) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ പാവറട്ടി, മുല്ലശ്ശേരി, മണലൂർ, വാടാനപ്പള്ളി എന്നീ പഞ്ചായത്തുകളുടെ ഭാഗത്തുള്ള കനോലി കനാലിന്റെ തീരങ്ങളിൽ വൻതോതിൽ കൈയ്യേറ്റമുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കനാൽ കയ്യേറ്റം കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട് ടി പ്രദേശങ്ങളിൽ എന്തെങ്കിലും പരിശോധനകൾ നടത്തിയിട്ടുണ്ടോ;

(സി) കയ്യേറ്റം ഒഴിപ്പിക്കുന്നതിനും ഭാവിയിൽ കയ്യേറ്റം ഉണ്ടാകാതെ നോക്കുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കനാൽ കയ്യേറ്റം കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട് സർവ്വേ നടപടികൾ പൂർത്തീകരിച്ച് അതിർത്തി നിർണ്ണയിച്ചിട്ടുള്ളതാണ്.

(സി) കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് ഇറിഗേഷൻ വകുപ്പിന് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകുന്നതും ഭാവിയിൽ കയ്യേറ്റങ്ങൾ ഉണ്ടാകാതിരിക്കാൻ ബന്ധപ്പെട്ട വില്ലേജ് ഓഫീസർമാർ ജാഗ്രത പാലിച്ചുവരുന്നതുമാണ്.

**മറയൂർ വില്ലേജിലെ ഭൂമി**

196 (6762) <u>ശ്രീ. ആർ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ പൂച്ചാക്കൽ സുകുമാരവെളിയിൽ ഫൽഗുണൻ എന്നയാൾക്ക് മറയൂർ വില്ലേജിൽ പതിച്ചുനൽകിയിട്ടുള്ള LA No.1/95/മറയൂർ പട്ടയപ്രകാരമുള്ള 0.4047 ഹെക്ടർ ഭൂമി നിലവിൽ ആരുടെ കൈവശമാണെന്ന് അറിയിക്കുമോ; ഈ വസ്തു അലക്സ് പുന്നശ്ശേരി മുതൽ പേർക്ക് കൈമാറ്റം ചെയ്തതായി അറിവുണ്ടോ; ആ വസ്തു പോക്കുവരവ് ചെയ്തുനൽകിയിട്ടുണ്ടോ; നിലവിലെ അവസ്ഥ വ്യക്തമാക്കുമോ;

(ബി) മേൽസൂചിപ്പിച്ച ഫൽഗുണൻ എന്നയാൾ പേരിൽ കൈവശമുള്ള സ്ഥലത്തിന്റെയും ആയത് എപ്രകാരം ലഭിച്ചു എന്നതിന്റെയും LA No.1/95/മറയൂർ പട്ടയപ്രകാരമുള്ള ഭൂമിയല്ലാതെ മറ്റേതെങ്കിലും സർക്കാർഭൂമി അനുവദിച്ചു നൽകിയിട്ടുണ്ടോയെന്നും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ; സി. LA No.1/95/മറയൂർ പട്ടയഭൂമി സംബന്ധിച്ച് ഹൈക്കോടതി നിർദ്ദേശമോ വിധിയോ ഉണ്ടായിട്ടുണ്ടോ എന്നും ഇടുക്കി ജില്ലാ കളക്ടർ ഈ സ്ഥലം സംബന്ധിച്ച് എന്തെങ്കിലും ഉത്തരവ് നൽകിയിട്ടുണ്ടോ എന്നും എങ്കിൽ പ്രസ്തുത ഉത്തരവുകളിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പീരുമേട് താലൂക്കിൽ മഞ്ചുമല വില്ലേജിൽ സർവേ 167/21 ൽ ഉൾപ്പെടുന്ന രണ്ടേക്കർ വസ്തു ആരുടെ കൈവശമാണെന്നും ഈ വസ്തു ടിയാന് എപ്രകാരം ലഭിച്ചതാണെന്നും എന്തടിസ്ഥാനത്തിലാണ് ലഭിച്ചതെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഭൂമി അനധികൃതമായാണ് ഇയാൾക്ക് ലഭിച്ചതെങ്കിൽ ആയത് റദ്ദ് ചെയ്ത് സർക്കാർ ഭൂമിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കുമോ;

(ഇ) പട്ടയ നമ്പർ എൽ എ 1/95/മറയൂർ എന്ന ഭൂമി നിലവിലെ അവകാശിയായ അലക്സ് പുന്നശ്ശേരി മുതൽ പേർക്ക് പോക്കുവരവ് ചെയ്ത് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രീ. ഫൽഗുനൻ, സുകുമാരവെളിയിൽ, പൂച്ചാക്കൽ, ചേർത്തല എന്നയാളുടെ പേരിൽ അനുവദിച്ചിരുന്ന മറയൂർ വില്ലേജിൽ 1995-ൽ എൽ.എ. 1/1995 ആയി 40.47 ആർ (ഒരു ഏക്കർ) ഭൂമി കൈമാറ്റം വഴി നിലവിൽ ശ്രീ. വിൻസന്റ് പുന്നശ്ശേരി എന്നിവർക്ക് ലഭിച്ചിരുന്നതാണ്. ടി ഭൂമി ഇവരുടെ പേരിൽ പോക്കുവരവ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഡബ്ല്യൂ.പി.(സി)നമ്പർ10006/17 നമ്പരായി കേസ് ഫയൽ ചെയ്തിട്ടുള്ളതും ടി കേസ്സിലെ വിധിന്യായം പ്രകാരം ടി വിഷയത്തിൽ മൂന്ന് ആഴ്ചയ്ക്കുള്ളിൽ തീരുമാനമെടുക്കുന്നതിന് ദേവികുളം തഹസിൽദാർക്ക് ഉത്തരവുണ്ടായിരുന്നു. ആയത് പ്രകാരം ശ്രീ. ഫൽഗുനൻ സുകുമാരവെളിയിൽ, പൂച്ചാക്കൽ, ചേർത്തല എന്നയാളുടെ പേരിൽ അനുവദിച്ചിരുന്ന മറയൂർ വില്ലേജിൽ 1995-ൽ എൽ.എ. 1/1995 പട്ടയം (ടിയാന്റെ പേരിൽ തന്നെ പീരുമേട് താലൂക്കിൽ ഭൂമി അനുവദിച്ചിരുന്നതിനാൽ) ശ്രീ. വിൻസന്റ് പുന്നശ്ശേരി, ശ്രീ. അലക്സ് പുന്നശ്ശേരി എന്നിവരുടെ പേരിലേയ്ക്ക് പോക്കുവരവ് ചെയ്യുവാൻ കഴിയുകയില്ല എന്ന് കാണിച്ച് ദേവികുളം തഹസിൽദാർ നിരസിച്ചിട്ടുള്ളതാണ്.

(ബി) പുന്നപ്ര-വയലാർ സമരത്തിൽ പങ്കെടുത്ത ജാനകി, സുകുമാരവെളിയിൽ, പൂച്ചാക്കൽ, ചേർത്തല എന്നയാളുടെ മകനാണ് ശ്രീ. ഫൽഗുനൻ സുകുമാരവെളിയിൽ, പൂച്ചാക്കൽ, ചേർത്തല എന്നയാൾ ശ്രീമതി ജാനകിക്ക് കൊല്ലം ജില്ലയിൽ ആദ്യം സർക്കാരിൽനിന്നും ഭൂമി അനുവദിച്ചിരുന്നെങ്കിലും പരിസരവാസികളുടെ എതിർപ്പുമൂലം നൽകുവാൻ കഴിഞ്ഞില്ല. അതിനുപകരമായി 1990-ൽ ദേവികുളം താലൂക്കിലെ മാങ്കുളത്ത് ടിയാൾക്ക് പ്ലോട്ട് അനുവദിക്കുകയുണ്ടായി. പിന്നീട് ശ്രീമതി ജാനകി മരിച്ചുപോയതിനാൽ ടിയാളുടെ അനന്തരാവകാശിയായ ശ്രീ. ഫൽഗുനന്റെ പേരിൽ പട്ടയനടപടി ആരംഭിച്ചിരുന്നതും തുക അടച്ചിരുന്നതുമാണ്. എന്നാൽ ടി ഭൂമിയിലെ അനധികൃത പ്രവേശനം ഒഴിപ്പിക്കാൻ കഴിയാഞ്ഞതിനാൽ ടി ഭൂമി പട്ടയം കൊടുത്ത് കക്ഷിക്ക് ഏൽപ്പിക്കാൻ കഴിഞ്ഞില്ല. ആയതിനാൽ ദേവികുളം തഹസിൽദാർ ടിയാന് മറയൂർ വില്ലേജിൽ 1995-ൽ എൽ.എ. 1/1995 ആയി 40.47 ആർ (ഒരു ഏക്കർ) ഭൂമി റീസർവേ നമ്പർ 277/1 (സർക്കാർ പുറമ്പോക്ക്) പട്ടയം നൽകിയിരുന്നതാണ്. എന്നാൽ വനം വകുപ്പ് ടി ഭൂമിയിൽ യൂക്കാലിപ്റ്റസ് നട്ടിരുന്നതിനാൽ യഥാസമയം പട്ടയഭൂമി കക്ഷിക്ക് കൈമാറാൻ സാധിച്ചിരുന്നില്ല. ആയതിനാൽ വേറെ ഭൂമി കണ്ടെത്തണമെന്ന് ദേവികുളം തഹസിൽദാർ ആവശ്യപ്പെട്ടതിനെത്തുടർന്ന് 2003-ൽ പീരുമേട് താലൂക്കിൽ മഞ്ചുമല വില്ലേജിൽ സർവ്വേ നമ്പർ 167/1-ൽ 0.80.94 ഹെക്ടർ ഭൂമി ടിയാൾക്ക് അനുവദിക്കുകയുണ്ടായി. എൽ.എ. 1/1995/മറയൂർ

പട്ടയഭൂമിയുടെ പോക്കുവരവ് സംബന്ധിച്ച് ഖണ്ഡിക (എ)-യിൽ പരാമർശിച്ച കേസുണ്ടായിരുന്നു.

(സി) പീരുമേട് താലൂക്കിൽ 4-3-2003-ൽ ശ്രീ. ഫൽഗുനന് മഞ്ചുമല വില്ലേജിൽ സർവേ നമ്പർ 167/1-ൽ 0.80.94 ഹെക്ടർ ഭൂമി അനുവദിക്കുകയുണ്ടായി. ടിയാൻ പിന്നീട് ഈ ഭൂമി കൈമാറ്റം ചെയ്തു. നിലവിൽ ടി ഭൂമി ശ്രീ. ഫൽഗുനന്റെ തന്നെ കുടുംബാഗമായ ശ്രീ. ദിലീപ് S/O വിശ്വനാഥൻ, സുകുമാരവെളിയിൽ, പൂച്ചാക്കൽ, ചേർത്തല എന്നയാളുടെ പേരിലും കരംതീരുവയിലുമാണ്.

മറയൂർ വില്ലേജിൽ 1995-ൽ എൽ.എ. 1/1995 ആയി 40.47 ആർ. (ഒരു ഹെക്ടർ) ഭൂമി റീസർവ്വേ നമ്പർ 277/1 (സർക്കാർ പുറമ്പോക്ക്) പട്ടയം നൽകിയിരുന്നതാണ്. എന്നാൽ വനം വകുപ്പ് ടി ഭൂമിയിൽ യൂക്കാലിപ്റ്റസ് നട്ടിരുന്നതിനാൽ യഥാസമയം പട്ടയഭൂമി കക്ഷിക്ക് കൈമാറാൻ സാധിച്ചിരുന്നില്ലെന്ന് ദേവികുളം തഹസിൽദാർ റിപ്പോർട്ട് ചെയ്തതിനെ തുടർന്നാണ് പീരുമേട് താലൂക്കിൽ ഭൂമി അനുവദിച്ചത്. പീരുമേട് താലൂക്കിൽ ഭൂമി അനുവദിക്കുന്ന മുറയ്ക്ക് ദേവികുളം താലൂക്കിൽ മറയൂർ വില്ലേജിൽ അനുവദിച്ച ഭൂമിക്കുള്ള പട്ടയം റദ്ദ് ചെയ്യണമെന്ന് ദേവികുളം തഹസിൽദാർ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ശ്രീ. ഫൽഗുനന്റെ പട്ടയം റദ്ദ് ചെയ്യുന്നതിനുമുമ്പ് ടിയാൻ പോക്കുവരവ് ചെയ്ത് തണ്ടപ്പേർ പിടിച്ച് കരംഅടയ്ക്കുകയും പിന്നീട് ടി വസ്തു കൈമാറ്റം ചെയ്തിട്ടുമുള്ളതാണ്.

(ഡി) ടിയാൻ അനധികൃതമായി ഭൂമി കൈക്കലാക്കുകയും കൈമാറ്റം ചെയ്യുകയും ചെയ്തതിനാൽ ടി പട്ടയം റദ്ദ് ചെയ്ത് ഭൂമി തിരിച്ചുപിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതാണ്.

(ഇ) മറയൂർ വില്ലേജിലെ പട്ടയനമ്പർ 1/95 നമ്പർ പട്ടയം റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചതാണ്. ശ്രീ. വിൻസെന്റ് പുന്നശ്ശേരി, ശ്രീ. അലക്സ് പുന്നശ്ശേരി എന്നിവരുടെ പേരിൽ പോക്കുവരവ് ചെയ്യുവാൻ കഴിയുകയില്ല.

**ഭൂമി തരംമാറ്റി നൽകുവാൻ നടപടി**

197 (6763) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യായവിലയുടെ അൻപത് ശതമാനം അടച്ച് ഭൂമി തരംമാറ്റി കൊടുക്കുന്നതിന് വ്യവസ്ഥ ചെയ്തുകൊണ്ട് പുറപ്പെടുവിച്ച ഓർഡിനൻസിലെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) തുക അടയ്ക്കുന്നതിന് പ്രത്യേക ശീർഷകം (Head of account) നിശ്ചയിക്കാത്തതുമൂലം ഭൂമി തരംമാറ്റി ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രത്യേക ശീർഷകം അനുവദിക്കുന്നതിനും നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കുന്ന ഭൂമി തരംമാറ്റി നൽകുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 2017-ലെ കേരള നെൽവയൽ, തണ്ണീർത്തട ഭേദഗതി ഓർഡിനൻസിന്റെ വകുപ്പ് 27 എ പ്രകാരം വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ ഏതെങ്കിലും ഉടമസ്ഥൻ അപ്രകാരമുള്ള ഭൂമി, വീട് വയ്ക്കുന്നതിനുള്ള ആവശ്യത്തിനോ വാണിജ്യ ആവശ്യങ്ങൾക്കോ മറ്റ് ആവശ്യങ്ങൾക്കോ ഉപയോഗിക്കുവാൻ ആഗ്രഹിക്കുന്ന പക്ഷം, അയാൾ റവന്യൂ ഡിവിഷണൽ ഓഫീസർക്ക് നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള രീതിയിൽ, അനുമതിക്കായി അപേക്ഷ നൽകേണ്ടതാണ്. അപ്രകാരം ലഭിക്കുന്ന അപേക്ഷകളിന്മേൽ റവന്യൂ ഡിവിഷണൽ ഓഫീസർക്ക് ബന്ധപ്പെട്ട വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് പരിഗണിച്ചതിനു ശേഷം ആവശ്യമെന്ന് കരുതുന്ന ജല സംരക്ഷണ നടപടികളിലൂടെ, സമീപത്തെ നെൽവയൽ, ഏതെങ്കിലും ഉണ്ടെങ്കിൽ, അതിലേയ്ക്കുള്ള സുഗമമായ നീരൊഴുക്കിനെ തടസ്സപ്പെടുത്തുന്നില്ലെന്ന് ഉറപ്പുവരുത്തിക്കൊണ്ട്, യുക്തമെന്നും ശരിയായതെന്നും കരുതുന്ന പ്രകാരമുള്ള ഉത്തരവുകൾ പുറപ്പെടുവിക്കാവുന്നതാണ്. എന്നാൽ അപേക്ഷ അനുവദിക്കപ്പെട്ട ഭൂമിയുടെ വിസ്തീർണ്ണം 20.2 ആറിൽ അധികരിക്കുന്നപക്ഷം അപ്രകാരമുള്ള ഭൂമിയുടെ വിസ്തീർണ്ണത്തിന്റെ പത്ത് ശതമാനം ജല സംരക്ഷണ നടപടികൾക്കായി മാറ്റിവയ്ക്കേണ്ടതാണ്. അപേക്ഷ അനുവദിക്കുന്നപക്ഷം, റവന്യൂ രേഖകളിൽ മാറ്റം വരുത്തുന്നതിനായി, അപ്രകാരമുള്ള ഭൂമിയുടെ ന്യായ വിലയുടെ അമ്പത് ശതമാനം നിരക്കിൽ, ഒരു ഫീസ് നൽകാൻ അപേക്ഷകൻ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്. അപേക്ഷ അനുവദിക്കുന്നപക്ഷം, റവന്യൂ ഡിവിഷണൽ ഓഫീസർ, വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ രൂപാന്തരപ്പെടുത്തൽ, ചേർന്ന് കിടക്കുന്ന ഭൂമിയിലെ നെൽകൃഷിയെയോ മറ്റ് ഏതെങ്കിലും വിളകളുടെ കൃഷിയെയോ, ഏതെങ്കിലും ഉണ്ടെങ്കിൽ, അവയെ ദോഷകരമായി ബാധിക്കുകയില്ല എന്ന് ഉറപ്പുവരുത്തേണ്ടതും പ്രസ്തുത കൃഷി ഉറപ്പു വരുത്തുന്നതിന് ആവശ്യമായ പ്രകാരമുള്ള ജലസംരക്ഷണ നടപടികൾ വ്യക്തമാക്കേണ്ടതുമാണ്. എന്നാൽ അപ്രകാരമുള്ള ജല സംരക്ഷണ നടപടികൾ വ്യക്തമാക്കുമ്പോൾ, റവന്യൂ ഡിവിഷണൽ ഓഫീസർക്ക്, അദ്ദേഹം യുക്തമെന്നു കരുതുന്നുവെങ്കിൽ സർക്കാർ ഏജൻസികൾ സൂക്ഷിക്കുന്ന, പ്രദേശത്തിന്റെ ഉപഗ്രഹ

ചിത്രങ്ങൾ പരിശോധിക്കാവുന്നതാണ്. പരമാവധി 4.04 ആർ. വിസ്തൃതിയുള്ള ഭൂമിയിൽ 1.20 ച.മീറ്റർ വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്നതിനും പരമാവധി 2.02 ആർ വിസ്തൃതിയുള്ള ഭൂമിയിൽ 40 ച.മീറ്റർ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിനും പ്രത്യേക അനുമതി വാങ്ങേണ്ടതില്ലായെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി&സി) ഇപ്രകാരം തുക അടയ്ക്കുന്നതിന് പ്രത്യേക ശീർഷകം നിശ്ചയിക്കേണ്ട ആവശ്യമില്ല. 2017-ലെ ഭേദഗതി ആക്ടിലെ 27 എ ഉപവകുപ്പ് (3) (7), 27 ഡി ഉപവകുപ്പ് (2) പ്രകാരമുള്ള തുകകൾ സ്വരൂപിക്കുന്നതിനായി വകുപ്പ് 27 ഡി-യിൽ പരാമർശിച്ചിട്ടുള്ള പ്രകാരം വികസന ഫണ്ട് രൂപീകരിക്കുന്നതാണ്. ഈ ഫണ്ടിന്റെ കസ്റ്റോഡിയൻ ലാൻഡ് റവന്യൂ കമ്മീഷണർ ആയിരിക്കുമെന്നും ഈ അവശ്യത്തിലേയ്ക്കായി ട്രഷറിയിൽ ലാൻഡ് റവന്യൂ കമ്മീഷണറുടെ പേരിൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങേണ്ടതാണെന്നും ഈ ആക്ട് പ്രകാരമുള്ള മുഴുവൻ തുകയും ഈ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ വേണം ബന്ധപ്പെട്ടവർ അടയ്ക്കേണ്ടതെന്നുമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ഭേദഗതി ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## മലപ്പുറം പാസ്പോർട്ട് ഓഫീസിന് സ്ഥലം അനുവദിക്കുന്ന നടപടി

198 (6764) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം പാസ്പോർട്ട് ഓഫീസിനുവേണ്ടി സിവിൽ സ്റ്റേഷൻ വളപ്പിൽ ഇരുപത്തഞ്ച് സെന്റ് സ്ഥലം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

(ബി) റവന്യൂ വകുപ്പിൽ ഇത് സംബന്ധിച്ച L1/1/18 ഫയലിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(സി) സ്ഥലമെടുപ്പ് സംബന്ധിച്ച് മലപ്പുറം ജില്ലാ കളക്ടറും പാസ്പോർട്ട് ഓഫീസറും സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

### ഉത്തരം

(എ-സി) മലപ്പുറം പാസ്പോർട്ട് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് മലപ്പുറം സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിനുള്ളിലെ റവന്യൂ പുറമ്പോക്കിൽപ്പെട്ട സർവ്വേ നമ്പർ.430/1 എ 3 എ 1-ലെ 25 സെന്റ് ഭൂമി പതിച്ചുനൽകുന്നതിനായി ജില്ലാ

കളക്ടർ സമർപ്പിച്ച പ്രൊപ്പോസൽ ലാന്റ് റവന്യൂ കമ്മീഷണർ മുഖാന്തരം 20-12-2017-ൽ സർക്കാരിൽ ലഭ്യമാകുകയും ആയത് നമ്പർ എൽ 1/1/18/റവ എന്ന ഫയലിൽ പരിശോധനയിലുമാണ്. മേൽപ്രൊപ്പോസലിൽ അന്തിമതീരുമാനം കൈക്കൊള്ളുന്നതിനായി ചില വിശദാംശങ്ങൾകൂടി ലഭ്യമാക്കുവാൻ ലാന്റ് റവന്യൂ കമ്മീഷണറോടും മലപ്പുറം പാസ്പോർട്ട് ഓഫീസറോടും 5-2-2018-ൽ ആവശ്യപ്പെട്ടിരിക്കുകയാണ്. പ്രസ്തുത വിവരങ്ങൾ ലഭ്യമായിട്ടില്ല.

## കേന്ദ്ര റിയൽ എസ്റ്റേറ്റ് നിയന്ത്രണ നിയമം

199 (6765) ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. കെ. എം. ഷാജി :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര റിയൽ എസ്റ്റേറ്റ് നിയന്ത്രണ നിയമം കേരളത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത നിയമ പ്രകാരം എന്തൊക്കെ തുടർ നടപടികളാണ് കേരളത്തിൽ സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) കേന്ദ്ര നിയമത്തെ അടിസ്ഥാനപ്പെടുത്തി സംസ്ഥാനത്ത് ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നേക്ക് രൂപീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) റിയൽ എസ്റ്റേറ്റ് രംഗത്ത് നിലനിൽക്കുന്ന ചൂഷണവും ഊഹക്കച്ചവടവും നിയന്ത്രിക്കുന്നതിന് പ്രസ്തുത നിയമം എത്രമാത്രം പ്രയോജനപ്രദമാകുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

### ഉത്തരം

(എ-സി) കേന്ദ്ര റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) നിയമം നിലവിൽവന്നതിനെ തുടർന്ന് കേരളത്തിൽ പ്രാബല്യത്തിലുണ്ടായിരുന്ന 2015-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) നിയമം റദ്ദാക്കുകയും കേരള ആക്ട് പ്രകാരം രൂപീകരിച്ച റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റിയുടെ പ്രവർത്തനം അവസാനിക്കുകയും ചെയ്തിട്ടുണ്ട്. 2016-ലെ കേന്ദ്ര റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ആക്ടിനെ അടിസ്ഥാനമാക്കി കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ചട്ടങ്ങൾ, റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി എന്നിവ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. കേന്ദ്ര

റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ആക്ട്, 2016 പ്രകാരമുള്ള റിയൽ എസ്റ്റേറ്റ് റഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതുവരെ തദ്ദേശ സ്വയം ഭരണ വകുപ്പ് സെക്രട്ടറിയെ (അർബൻ) ഇടക്കാല അതോറിറ്റിയായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) ഇല്ല.

**ദുരന്ത നിവാരണ അതോറിറ്റി**

200 (6766) ശ്രീ. പി. കെ. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കടുത്ത വേനൽമൂലം ഉണ്ടാകാവുന്ന സ്ഥിതി വിശേഷം റവന്യൂ വകുപ്പ് മറ്റ് വകുപ്പുകളുടെ സഹകരണത്തോടെ പരിശോധിച്ചുവോ; വിശദാംശം ലഭ്യമാക്കുമോ:

(ബി) എങ്കിൽ 2016 -ലെ കേന്ദ്ര വരൾച്ചാ മാന്വൽ വ്യവസ്ഥകൾ പ്രകാരം വരൾച്ചാ മേഖലയായി കണ്ടെത്തിയ ജില്ലകൾ/താലൂക്കുകൾ, പഠനം നടത്തി വരുന്നതും കണ്ടെത്തിയതുമായ ജില്ലകൾ/താലൂക്കുകൾ എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(സി) 2016-ലെ കേന്ദ്ര വരൾച്ചാ മാന്വൽ പ്രകാരം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നടപ്പുവർഷം കടുത്ത വേനലിൽ കഷ്ടപ്പെടുന്നവരെ സഹായിക്കാനായി എന്ത് നടപടികൾ സ്വീകരിച്ചുവരുന്നു എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) പരിശോധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വടക്കുകിഴക്കൻ കാലവർഷത്തിൽ ഉണ്ടായിരുന്ന മഴക്കുറവിന്റെ പശ്ചാത്തലത്തിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും സംസ്ഥാന വരൾച്ചാ നിരീക്ഷണ സെൽ വരൾച്ചാ അവലോകനം നടത്തി സമർപ്പിച്ച റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ 27-3-2018-ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി യോഗം ചേർന്ന് ആലപ്പുഴ, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളെ 2017-18-ലെ റാബി സീസണിൽ വരൾച്ചാബാധിതമായി പ്രഖ്യാപിക്കുന്നതിന് സംസ്ഥാന ദുരിതാശ്വാസ കമ്മീഷണർക്ക് നിർദ്ദേശം നൽകിയതിനെത്തുടർന്ന് 27-3-2018-ലെ സ.ഉ.(പി) നമ്പർ 1/2018/ഡി.എം.ഡി. പ്രകാരം പ്രസ്തുത ജില്ലകളെ 2017-18-ലെ റാബി സീസണിൽ വരൾച്ചാബാധിതമായി പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) 'വേനൽ' എന്നത് അംഗീകൃത ദുരന്തം അല്ല. വരൾച്ച പ്രഖ്യാപിച്ചിട്ടുള്ള ജില്ലകളിൽ കുടിവെള്ള വിതരണം നടത്തുന്നതിനും പാലക്കാട് ജില്ലയിൽ കുടിവെള്ള വിതരണത്തിന് പുറമെ കൃഷി, മൃഗസംരക്ഷണം എന്നീ മേഖലകളിൽ കേന്ദ്ര മാനദണ്ഡപ്രകാരം അനുവദനീയമായ നടപടികൾ സ്വീകരിക്കുന്നതിനും 28-3-2018-ലെ സ.ഉ.(സാധാ)നമ്പർ 180/2018/ഡി.എം.ഡി. ഉത്തരവ് പ്രകാരം ജില്ലാ കളക്ടർക്ക് അനുമതി നൽകിയിട്ടുണ്ട്.

**ഫ്ലഡ് ഫണ്ടിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളിൽ പൂർത്തീകരിക്കാത്തവ**

201 (6767) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോതമംഗലം മണ്ഡലത്തിൽ 2016-17, 2017-18 വർഷങ്ങളിൽ ഫ്ലഡ് ഫണ്ടിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളിൽ പൂർത്തീകരിക്കാത്തവ അടിയന്തരമായി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

ഫ്ലഡ് ഫണ്ട് എന്നൊരു ഫണ്ട് നിലവിലില്ല. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഫണ്ട് അനുവദിക്കുകയോ പുനരുദ്ധാരണ പ്രവൃത്തികൾ അനുവദിക്കുകയോ ചെയ്യാറില്ല.

**കോവളം നിയോജകമണ്ഡലത്തിലെ റോഡ് സംരക്ഷണ പ്രവൃത്തികൾ**

202 (6768) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 11-1-2017-ൽ 107/2017/DMD ഉത്തരവ് പ്രകാരം കോവളം നിയോജകമണ്ഡലത്തിൽ അനുവദിച്ച രണ്ട് പ്രവൃത്തികൾ മാറ്റി 25-8-2017-ന് ബഹു. റവന്യൂ വകുപ്പുമന്ത്രിക്ക് നൽകിയ കത്തിൽ ആവശ്യപ്പെട്ട കല്ലിയൂർ പഞ്ചായത്തിലെ വെള്ളയാണി കിരീടം പാലം മെയിന്റനൻസ്, കാക്കാമൂല കലിങ്ക്-പള്ളത്തുകാക്കൽ റോഡ് സംരക്ഷണത്തിനായി സൈഡ് വാൾ നിർമ്മാണം എന്നീ രണ്ട് പ്രവൃത്തികൾക്കും നാളിതുവരെ അനുമതി ലഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രവൃത്തികളുടെ അനുമതി എപ്പോൾ ലഭ്യമാക്കും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ 25-8-2017-ലെ നിവേദനത്തിൽ ആവശ്യപ്പെട്ടിരുന്ന കല്ലിയൂർ ഗ്രാമപഞ്ചായത്തിലെ കിരീടം പാലം മെയിന്റനൻസ്, കാക്കാമൂല കലിങ്ക് - പള്ളത്തുകാക്കൽ റോഡ് സൈഡ് വാൾ കെട്ടി കോൺക്രീറ്റിംഗ് എന്നീ രണ്ട് പ്രവൃത്തികൾക്കും തിരുവനന്തപുരം ജില്ലാ കളക്ടർ സമർപ്പിച്ചിരിക്കുന്ന എസ്റ്റിമേറ്റ് പരിശോധിച്ചതിൽ കിരീടം പാലം സംരക്ഷണ ഭിത്തി കോൺക്രീറ്റിംഗും കൈവരി നിർമ്മാണവും കാക്കാമൂല കലിങ്ക് - പള്ളത്തുകാക്കൽ റോഡിന്റെ സംരക്ഷണ ഭിത്തി കോൺക്രീറ്റിംഗുമാണ് ആവശ്യപ്പെട്ടിരിക്കുന്നത്.

10-10-2012-ലെ സ.ഉ.(എം.എസ്.)നമ്പർ 384/2012/ഡി.എം.ഡി. ഉത്തരവിലെ സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡപ്രകാരം പ്രകൃതിക്ഷോഭത്തിൽ തകരാറിലായ റോഡുകളുടെയും/മറ്റ് എടുപ്പുകളുടെയും അടിയന്തര പുനരുദ്ധാരണം മാത്രമാണ് അനുവദനീയം. സംരക്ഷണഭിത്തി നിർമ്മാണം, കാന നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾ അനുവദനീയമല്ല.

ബഹുമാനപ്പെട്ട എം.എൽ.എ. ഭരണാനുമതി നൽകുന്നതിലേയ്ക്കായി ആവശ്യപ്പെട്ടിരുന്ന രണ്ട് പ്രവൃത്തികളും സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡപ്രകാരം അനുവദനീയമല്ലെന്ന വിവരം 27-3-2018-ലെ ഡി.എം.2/55/2017/ഡി.എം.ഡി. നമ്പരായ കത്ത് മുഖാന്തരം ബഹുമാനപ്പെട്ട എം.എൽ.എ.-യെ അറിയിച്ചിട്ടുണ്ട്.

## റവന്യൂ ടവർ നിർമ്മിക്കുന്നതിന് തടസ്സങ്ങൾ

203 (6769) ശ്രീ. ബി. ഡി. ദേവസ്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി നഗരസഭയുടെ ഉടമസ്ഥതയിലുള്ള പോട്ടയിലെ ഒരു ഏക്കർ സ്ഥലത്ത് ബജറ്റിൽ അനുവദിച്ചിട്ടുള്ള 'റവന്യൂ ടവർ' നിർമ്മിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ;

(ബി) നഗരസഭ വിലയ്ക്കുവാങ്ങിയ പ്രസ്തുത ഭൂമി റവന്യൂ ടവർ നിർമ്മാണത്തിനായി റവന്യൂ വകുപ്പിന് വിട്ടുനൽകാൻ തയ്യാറാണെന്ന് അറിയിക്കുകയും ചെയ്ത സാഹചര്യത്തിൽ റവന്യൂ ടവർ പ്രസ്തുത സ്ഥലത്ത് നിർമ്മിക്കുന്നതിന് ആവശ്യമായ അനുമതിയും, മേൽനടപടികളും സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) തൃശ്ശൂർ ജില്ലയിൽ ചാലക്കുടിയിൽ റവന്യൂ ടവർ നിർമ്മിക്കുന്നതിനായി ചാലക്കുടി താലൂക്കിൽ പേരാമ്പ്ര വില്ലേജിലെ സർവ്വേ നമ്പർ 133/11 Pt, 134/2 Pt, 3 Pt, 4 Pt, 5-ൽപ്പെട്ട ഒരു ഏക്കർ റവന്യൂഭൂമി ലഭ്യമാണ്. പ്രസ്തുത ഭൂമി കൈമാറി കിട്ടുന്നമുറയ്ക്ക് അതിൽ പദ്ധതി രൂപകൽപ്പന ചെയ്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## മിനി സിവിൽ സ്റ്റേഷൻ

204 (6770) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലത്ത് നിർമ്മാണം പൂർത്തിയാക്കിയ മിനി സിവിൽ സ്റ്റേഷൻ എന്ന് പ്രവർത്തനം ആരംഭിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) കെട്ടിടത്തിന് നമ്പരിടാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നറിയിക്കാമോ;

(സി) ഇപ്പോൾ ഏതെല്ലാം ഓഫീസുകൾക്കാണ് ടി സിവിൽ സ്റ്റേഷനിൽ സ്ഥലം അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കുന്ദമംഗലം മിനി സിവിൽ സ്റ്റേഷന്റെ ഇലക്ട്രിഫിക്കേഷൻ ജോലികൾ പൂർത്തിയാകുന്നമുറയ്ക്ക് പ്രവർത്തനം ആരംഭിക്കുന്നതാണ്.

(ബി) കെട്ടിടത്തിന് നമ്പരിടാൻ കുന്ദമംഗലം പഞ്ചായത്ത് ഓഫീസിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളതായി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) മിനി സിവിൽ സ്റ്റേഷന്റെ ഇലക്ട്രിഫിക്കേഷൻ ജോലികൾ പൂർത്തീകരിക്കുന്നമുറയ്ക്ക് ഓഫീസുകൾക്ക് സ്ഥലം അനുവദിച്ച് ഉത്തരവ് നൽകുന്നതാണ്.

## ഡെപ്യൂട്ടി തഹസീൽദാർമാരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനുള്ള കാലതാമസം

205 (6771) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ അൻപത് വയസ് പൂർത്തിയായ ഡെപ്യൂട്ടി തഹസീൽദാർമാരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിന് കാലതാമസം ഉണ്ടാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ഇവരുടെ പ്രൊബേഷൻ അടിയന്തരമായി പ്രഖ്യാപിക്കാൻ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) 26-12-2012-ലെ സ.ഉ. (സാധാ.) നമ്പർ 7263/12/റവ. 3-1-2013 -ലെ സ.ഉ. (സാധാ) 54/13/റവ. എന്നീ ഉത്തരവുകൾ പ്രകാരം 122 ഡെപ്യൂട്ടി തഹസീൽദാർ/ജൂനിയർ സൂപ്രണ്ടുമാരുടെ പ്രൊബേഷൻ കെ.എസ്.&എസ്.എസ്.ആർ. റൂൾ 21 പ്രകാരം സർക്കാർ ദീർഘിപ്പിച്ച് നൽകിയിരുന്നു. എന്നാൽ ഇതിനെതിരെ ചില റവന്യൂ ജീവനക്കാർ OA 964/13 നമ്പരായി ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ കേസ് ഫയൽ ചെയ്തിരുന്നു. പ്രസ്തുത ഹർജിയിലെ വിധിപ്രകാരം പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ചു നൽകിയ blanket extension ഉത്തരവുകൾ ശരിയായവിധത്തിൽ പരിശോധിക്കാതെ പുറപ്പെടുവിച്ചിട്ടുള്ളതാണെന്നും ഓരോരുത്തരുടെയും പ്രൊബേഷൻകാലം ദീർഘിപ്പിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ വെവ്വേറെ പരിശോധിച്ച് ഓരോരുത്തരെയും നേരിൽ കേട്ടതിനുശേഷം വെവ്വേറെ ഉത്തരവുകൾ പുറപ്പെടുവിക്കണമെന്ന് ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട കക്ഷികളെ നേരിൽ കേൾക്കുകയും ഇതുസംബന്ധിച്ച അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലുമാണ്. ഈ വിഷയത്തിൽ അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നമുറയ്ക്ക് 50 വയസ്സ് പൂർത്തിയായ ജീവനക്കാരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനുള്ള നടപടികൾ ലാൻഡ് റവന്യൂ കമ്മീഷണർ സ്വീകരിക്കുന്നതാണ്.

**റവന്യൂ വകുപ്പിലെ ഒഴിവുകൾ**

206 (6772) <u>ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ നൂറ്റിഅൻപതോളം തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനുള്ള ഉത്തരവാദിത്വം റവന്യൂ കമ്മീഷണർക്കാണോ; അല്ലെങ്കിൽ ആർക്കാണെന്ന് വ്യക്തമാക്കുമോ;

(സി) അർഹമായ പ്രൊമോഷനുകൾ നൽകി പ്രസ്തുത ഒഴിവുകൾ നികത്തിയാൽ എൻട്രി കേഡറിൽ അത്രയും പേരെ പുതുതായി നിയമിക്കാൻ കഴിയുമോയെന്ന് പരിശോധിക്കുമോ;

(ഡി) ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ലാന്റ് റവന്യൂ വകുപ്പിൽ ഉണ്ടായിരുന്ന വിവിധ തസ്തികകളിൽ ഒഴിവുകൾ ലാന്റ് റവന്യൂ കമ്മീഷണറുടെ 21-3-2018, 22-3-2018 തീയതികളിലെ വിവിധ സ്ഥാനക്കയറ്റ ഉത്തരവുകൾ മുഖേന നികത്തിയിട്ടുണ്ട്. അപ്രകാരമുണ്ടായ എൻട്രി കേഡർ ഒഴിവുകൾ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ 27-3-2018 5.00 PM-ന് മുമ്പായി കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർവ്വേയും ഭൂരേഖയും വകുപ്പിൽ നിലവിലുള്ള 177 ഒഴിവുകളിൽ 167 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 10 ഒഴിവ് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ലാന്റ് റവന്യൂ വകുപ്പിൽ ജില്ലകളിൽ ഉണ്ടാകുന്ന എൻട്രി കേഡർ ഒഴിവുകൾ ബന്ധപ്പെട്ട ജില്ലാ കളക്ടർമാരാണ് പി.എസ്.സി.-യെ അറിയിക്കുന്നത്. ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ (ഹെഡ് ക്വാർട്ടേഴ്സ്) ഉണ്ടാകുന്ന ഒഴിവുകൾ ലാന്റ് റവന്യൂ കമ്മീഷണറാണ് പി.എസ്.സി.-യെ അറിയിക്കുന്നത്.

സർവ്വേയും ഭൂരേഖയും വകുപ്പിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള ഉത്തരവാദിത്വം സർവ്വേ ഡയറക്ടർക്കാണ്.

(സി) ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ അർഹമായ പ്രൊമോഷനുകൾ നൽകി ഒഴിവുകൾ നികത്തിയിട്ടുണ്ട്. അപ്രകാരം ഉയർന്ന തസ്തികകളിലേയ്ക്ക് പ്രൊമോഷൻ നൽകിയതുമൂലം ഉണ്ടായ എൻട്രി കേഡർ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സർവ്വേയും ഭൂരേഖയും വകുപ്പിലെ തസ്തികകളിൽ പ്രൊമോഷൻ നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) എൻട്രി കേഡറിൽ ഉണ്ടാകുന്ന ഒഴിവുകൾ ആശ്രിത നിയമനം, അന്തർ ജില്ലാ/അന്തർ വകുപ്പ് മാറ്റം, റേഷ്യോ പ്രൊമോഷൻ എന്നിവയ്ക്കായി നീക്കി വച്ചതുൾപ്പെടെ എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സർവ്വേയും ഭൂരേഖയും വകുപ്പിൽ ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തുവരുന്നു.

## വില്ലേജ് ഓഫീസുകളിലെ ജോലിഭാരം

207 (6773) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ വില്ലേജ് ഓഫീസുകളിൽ ജോലിഭാരം കണക്കിലെടുത്ത് കമ്പ്യൂട്ടർവൽക്കരണ നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) വില്ലേജ് ഓഫീസുകളിൽ കൂടുതൽ തസ്തിക അനുവദിക്കുമോ;

(സി) പ്രസ്തുത വകുപ്പിലെ ടൈപ്പിസ്റ്റിനെ വില്ലേജ് ഓഫീസുകളിൽ നിയമിക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിലെ ജോലിഭാരം സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് പഠനം നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ ജോലിഭാരം കൂടുതലുള്ള 140 വില്ലേജുകളിൽ അധികമായി ഒരു വില്ലേജ് അസിസ്റ്റന്റ് തസ്തിക സൃഷ്ടിക്കാൻ ശിപാർശ ചെയ്തിരുന്നു. ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## കാസർഗോഡ് ജില്ലയിലെ ഗ്രൂപ്പ് വില്ലേജുകൾ

208 (6774) ശ്രീ. കെ. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഏതൊക്കെ താലൂക്കുകളിലെ വില്ലേജുകളാണ് ഗ്രൂപ്പ് വില്ലേജുകളായി ഇപ്പോഴും പ്രവർത്തിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഈ വില്ലേജുകളിൽ വിവിധ ആവശ്യങ്ങൾക്കായി പോകുന്നവർക്ക് അപേക്ഷകരുടെ എണ്ണക്കൂടുതൽ കാരണം ലഭിക്കുന്ന സേവനങ്ങൾക്ക് കാലതാമസവും ബുദ്ധിമുട്ടും ഉണ്ടാകുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ഇത് പരിഹരിക്കുന്നതിനായി പ്രസ്തുത വില്ലേജുകളെ വിഭജിക്കുന്നതിന് തുടർനടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിലെ നാല് താലൂക്കുകളിലായി മൊത്തം 29 ഗ്രൂപ്പ് വില്ലേജുകൾ പ്രവർത്തിച്ചുവരുന്നു. ആയതിന്റെ വിവരം ചുവടെ ചേർക്കുന്നു;

കാസർഗോഡ് താലൂക്ക് - 10 ഗ്രൂപ്പ് വില്ലേജുകൾ

ഹോസ്ദുർഗ്ഗ് താലൂക്ക് - 3 ഗ്രൂപ്പ് വില്ലേജുകൾ

മഞ്ചേശ്വരം താലൂക്ക് - 15 ഗ്രൂപ്പ് വില്ലേജുകൾ

വെള്ളരിക്കുണ്ട് താലൂക്ക് - 1 ഗ്രൂപ്പ് വില്ലേജ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സംസ്ഥാനത്തെ വില്ലേജുകളിലെ വർദ്ധിച്ച ജനസംഖ്യയും ഭൂപ്രകൃതിയും പരിഗണിച്ച് അടിയന്തര പ്രാധാന്യം നൽകി വിഭജന നടപടികൾ തുടർന്നുവന്നിരുന്നു. എന്നാൽ സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് വില്ലേജ് വിഭജനം ഇപ്പോൾ സർക്കാർ പരിഗണനയിലില്ല. പുതിയ വില്ലേജുകളുടെ രൂപീകരണം സംബന്ധിച്ച വിഷയം ഗ്രൂപ്പ് വില്ലേജുകളുടെ വിഭജനവുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കുന്ന സമയത്ത് പരിശോധിക്കുന്നതാണ്.

## മലപ്പുറം ജില്ലയിലെ വില്ലേജാഫീസിൽനിന്നും സാക്ഷ്യപത്രം ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ

209 (6775) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വിധവകൾക്കും/വിവാഹബന്ധം വേർപ്പെടുത്തിയവർക്കും/ ഉപേക്ഷിക്കപ്പെട്ടവർക്കുമുള്ള ഭവന പുനരുദ്ധാരണ പദ്ധതി പ്രകാരം അപേക്ഷ സമർപ്പിക്കുന്നവർക്ക് ആവശ്യമായ സാക്ഷ്യപത്രം മലപ്പുറം ജില്ലയിലെ വില്ലേജ് ഓഫീസർമാരിൽനിന്നും ലഭിക്കുന്നതിന് ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) യഥാസമയം ആവശ്യമായ സാക്ഷ്യപത്രം ലഭിക്കാത്തത് കാരണം ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടാവുന്നത്

ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ ഇത്തരം അപേക്ഷകൾക്കാവശ്യമായ സാക്ഷ്യപത്രം സമയബന്ധിതമായി നൽകുന്നതിന് നടപടി സ്വീകരിക്കുവാൻ വില്ലേജ് ഓഫീസർമാർക്ക് കർശന നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെടുന്ന വിധവ/വിവാഹബന്ധം വേർപെടുത്തിയ/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഇമ്പിച്ചിബാവ ഭവന പുനരുദ്ധാരണ പദ്ധതി പ്രകാരം അപേക്ഷ സമർപ്പിക്കുന്നവർക്കാവശ്യമായ സാക്ഷ്യപത്രം നൽകാൻ വില്ലേജ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നഷ്ടപ്പെടുന്ന സാഹചര്യമില്ല. കാരണം, വില്ലേജ് ഓഫീസർമാരുടെ ഫീൽഡ് വെരിഫിക്കേഷൻ റിപ്പോർട്ടിനെ മാനദണ്ഡമാക്കിയാണ് ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുന്നത്. ലഭ്യമായ എല്ലാ അപേക്ഷകളിലും ഫീൽഡ് വെരിഫിക്കേഷൻ റിപ്പോർട്ട് സമർപ്പിക്കാൻ വില്ലേജ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഫ്രണ്ട് ഓഫീസ് സംവിധാനം**

210 (6776) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിൽ സന്ദർശകർക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിനായി ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തണമെന്ന നിർദ്ദേശം സർക്കാർ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുമ്പോൾ വില്ലേജ് ഓഫീസുകളിൽ അധിക തസ്തികകൾ സൃഷ്ടിക്കേണ്ടിവരുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) വില്ലേജാഫീസുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) റവന്യൂ വകുപ്പിന്റെ അടിസ്ഥാന ഘടകമായ വില്ലേജ് ഓഫീസുകൾ നവീകരിച്ച് അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിക്കുന്നമുറയ്ക്ക് ഫ്രണ്ട് ഓഫീസ് സംവിധാനം രൂപീകരിക്കുന്ന കാര്യം പരിഗണിച്ചുവരുന്നു.

(ബി) വില്ലേജ് ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്താൻ നിലവിലെ വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാരിൽ യോഗ്യതയുള്ള സീനിയർമാരായ 50% വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാരുടെ ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റുമാരായി അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു. (File No. T2/278/2017/Rev).

(സി) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടുകൂടിയാണ് സ്മാർട്ട് (SMART) റവന്യൂ ആഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. പൊതുജനങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾകൂടി ഉൾപ്പെടുത്തി ആധുനിക സംവിധാനങ്ങളോടുകൂടിയ കെട്ടിടങ്ങൾ നിർമ്മിച്ച് ഇ-ഗവേണൻസിന്റെ സഹായത്തോടുകൂടി വില്ലേജ് ഓഫീസിൽ നിന്നുള്ള സേവനങ്ങൾ ഏതുസമയത്തും എവിടെവച്ചും ലഭ്യമാക്കുന്നതിനുമുള്ള സൗകര്യങ്ങളാണ് ഒരുക്കുന്നത്. 2013-14 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതി പ്രകാരം നാളിതുവരെ 80 വില്ലേജാഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസുകൾ ആക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

## വില്ലേജ് ഓഫീസുകളിലെ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ വേതനം

211 (6777) ശ്രീ. മുഹമ്മദ് മുഹസിൻ പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസുകളുടെ ഡിജിറ്റൈസേഷന്റെ ഭാഗമായി നിയമിതരായ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർക്ക് നാമമാത്രമായ വേതനം മാത്രമാണ് ലഭിക്കുന്നത് എന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റീ-സർവ്വേ നടപടികൾ പൂർത്തിയായെങ്കിലും വില്ലേജ് രേഖകൾ വ്യക്തമല്ലാത്തതിനാൽ ഡാറ്റാ എൻട്രി നടത്താൻ വളരെയധികം ബുദ്ധിമുട്ടുകൾ നേരിടേണ്ടി വരുന്ന പാലക്കാട് ജില്ലപോലുള്ള പ്രദേശങ്ങളിൽ ഒരു ഡാറ്റാ എൻട്രി നടത്തുന്നതിന് ഇവർക്ക് നാല് രൂപ നിരക്കിൽ മാത്രമാണ് വേതനം ലഭിക്കുന്നതെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇവരുടെ വേതനം പരിഷ്കരിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) അത്തരം കേസുകൾ പൊതുവിൽ ശ്രദ്ധയിൽപ്പട്ടിട്ടില്ല. ചില ജില്ലകളിൽ വന്ന അത്തരം ആവശ്യങ്ങൾ ജില്ലാതലത്തിൽതന്നെ കൈകാര്യം ചെയ്യുന്നതിനായി നിർദ്ദേശിച്ചിരുന്നു.

ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർക്ക് ഡാറ്റാ എൻട്രി ചെയ്യുന്നതിന് ഡാറ്റാ ഒന്നിന് നാല് രൂപ നിരക്കിൽ വേതനം നൽകിവരുന്നത് കൂടാതെ, ലാപ്ടോപ്പ് വാടക, ഇന്റർനെറ്റ് ചാർജ് എന്നിവകൂടിനൽകി വരുന്നുണ്ട്.

(ബി) അത്തരം കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർക്ക് ഡാറ്റാ എൻട്രി ചെയ്യുന്നതിന് ഡാറ്റാ ഒന്നിന് നാല് രൂപ നിരക്കിൽ വേതനം നൽകിവരുന്നത് കൂടാതെ ലാപ്ടോപ്പ് വാടക, ഇന്റർനെറ്റ് ചാർജ് എന്നിവകൂടി നൽകിവരുന്നുണ്ട്.

(സി) വേതനം പരിഷ്കരിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലില്ല.

**ദേവികുളം, ഉടുമ്പൻചോല താലൂക്കിലെ നിർമ്മാണ നിരോധനം**

212 (6778) <u>ശ്രീ. പി. ജെ. ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം താലൂക്കിലെ കെ.ഡി.എച്ച്, ആനവിരട്ടി, പള്ളിവാസൽ, വെള്ളത്തുവൽ വില്ലേജുകളിലും ഉടുമ്പൻചോല താലൂക്കിലെ ആനവിലാസം, ശാന്തൻപാറ, ബൈസൺവാലി, ചിന്നക്കനാൽ വില്ലേജുകളിലും പരിസ്ഥിതി സംരക്ഷണത്തിന്റെ പേരിൽ നിർമ്മാണ നിരോധനം ഏർപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുടിവെള്ള -വൈദ്യുതി കണക്ഷൻ ലഭ്യമാക്കാൻ ഈ പഞ്ചായത്തിലുള്ള ജനങ്ങൾ ആർ.ഡി.ഒ. യുടെ അനുമതി തേടണമെന്ന ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ജനങ്ങളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ അടിയന്തര നടപടികൾ കൈക്കൊള്ളുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ WP(C)1801/2010, WP(C) 34095/2009 എന്നീ കേസുകളിലെ 21-1-2010-ലെ ഇടക്കാലവിധി പ്രകാരം 8 വില്ലേജുകളിൽ കെട്ടിട നിർമ്മാണങ്ങൾ നടത്തുന്നതിന് റവന്യൂ വകുപ്പിന്റെ നോ-ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് വേണമെന്ന നിബന്ധന ഏർപ്പെടുത്തിയിട്ടുള്ളതാണ്. എന്നാൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിരോധനം ഏർപ്പെടുത്തിയിട്ടില്ല.

(ബി) മേൽപ്രകാരമുള്ള നിർമ്മാണ നിയന്ത്രണത്തിന്റെ ഭാഗമായി ടി വില്ലേജുകളിൽ പുതിയ വൈദ്യുതി കണക്ഷന് റവന്യൂ വകുപ്പിന്റെ എൻ.ഒ.സി. ആവശ്യമാണ്.

(സി) സ്വന്തം താമസത്തിനുള്ള വീടുകൾ നിർമ്മിക്കുന്നതിനുള്ള എൻ.ഒ.സി.-യ്ക്കായി ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കാനും അവയ്ക്ക് എൻ.ഒ.സി. നൽകാനും ദേവികുളം സബ് കളക്ടറെ ചുമതലപ്പെടുത്തി അധികാരം നൽകിയിട്ടുള്ളതും ആയത് അനുവദിച്ചുവരുന്നതുമാണ്. വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷകളിൽ നിരസിക്കേണ്ടവ ദേവികുളം സബ് കളക്ടറുടെ ഓഫീസിൽത്തന്നെ തീർപ്പാക്കണമെന്നും അനുമതിക്ക് ശിപാർശ ചെയ്യപ്പെടുന്നവ ജില്ലാ കളക്ടർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ടി അപേക്ഷകളിൽ സത്വര നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**കോഴഞ്ചേരി താലൂക്ക് ആഫീസിൽ സമർപ്പിച്ച പോക്കുവരവ് അപ്പീൽ**

213 (6779) ശ്രീ. ചിറ്റയം ഗോപകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജമമാറ്റം സംബന്ധിച്ച അപേക്ഷയിന്മേൽ അനുബന്ധ ആധാരപ്രകാരമുള്ള റീ -സർവ്വേ നമ്പർ, കൈവശാവകാശം, വിസ്തീർണ്ണം ആയവ കൃത്യമായി ബോദ്ധ്യപ്പെട്ട് നടപടി സ്വീകരിക്കുന്നതിനുള്ള ചുമതല ഏതെല്ലാം റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമായിരിക്കുന്നു എന്നറിയിക്കാമോ;

(ബി) ഇത്തരത്തിൽ കൃത്യമായ തിട്ടപ്പെടുത്തലിന്റെ അഭാവത്താൽ സംജാതമാകുന്ന റവന്യൂ റിക്കാർഡിലുള്ള പിശകുകൾ ശ്രദ്ധയിൽപ്പെടുത്തിയാൽ ആയത് യഥാസമയം പരിഹരിക്കുന്നതിനുള്ള ഉത്തരവാദിത്വം അനുബന്ധ ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമാണോ;

(സി) കോഴഞ്ചേരി താലൂക്ക് ആഫീസിൽ 18-4-2017-ന് H2-5910 നമ്പർ ആയി സമർപ്പിച്ച പോക്കുവരവ് അപ്പീൽ അപേക്ഷയിന്മേൽ നാളിതുവരെ നടത്തിയ തുടർനടപടിയുടെ വിശദാംശം അറിയിക്കുമോ;

(ഡി) ഇതുമായി ബന്ധപ്പെട്ട് സത്വര നടപടിക്കായി നിയമസഭാ സാമാജികൻ നൽകിയ അപേക്ഷ തീർപ്പിനായുള്ള കത്തിന്മേൽ ഉണ്ടായിട്ടുള്ള കാലവിളംബം പരിശോധിക്കുമോ;

(ഇ) ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വരുത്തിയിട്ടുള്ള വീഴ്ചമൂലം ഉണ്ടായ റവന്യൂ കാർഡുകളിലെ പിശക് തിരുത്തി അനുബന്ധ അപേക്ഷ തീർപ്പ് സാധ്യമാക്കുന്നതിനുവേണ്ടി സത്വര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) വില്ലേജാഫീസർ, തഹസീൽദാർ (ഭൂരേഖ)

(ബി) അവകാശ തർക്കം, കോടതി മുഖാന്തരം പരിഹരിക്കേണ്ടവ ഒഴിച്ചുള്ളവയ്ക്ക് അനുബന്ധ ഉദ്യോഗസ്ഥർക്ക് ഉത്തരവാദിത്വമുണ്ട്.

(സി) കോഴഞ്ചേരി താലൂക്ക് ആഫീസിൽ ശ്രീമതി രജനി 18-4-2017-ൽ സമർപ്പിച്ച പോക്കുവരവ് അപ്പീൽ അപേക്ഷ 21-4-2017-ന് വിശദമായ റിപ്പോർട്ടിനായി വില്ലേജാഫീസർക്ക് നിർദ്ദേശം നൽകുകയും 2-8-2017-ൽ പോക്കുവരവ് ഫയൽ സഹിതം റിപ്പോർട്ട് ലഭ്യമായിട്ടുമുണ്ട്. ആയതിന്മേൽ 30-10-2017-ൽ കക്ഷികളെ നേരിൽ കേൾക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നുവെങ്കിലും ഹിയറിംഗിന് ആരും ഹാജരായിരുന്നില്ല. ശ്രീമതി രജനി ഹിയറിംഗിന് ഹാജരാകുന്നതിന് അസൗകര്യമുണ്ടെന്ന് അറിയിച്ചിരുന്നു. വീണ്ടും ഹിയറിംഗിന് 28-12-2017-ന് തീയതി നിശ്ചയിച്ചു. വിദേശത്ത് പോകേണ്ടതിനാൽ എതിർകക്ഷിയായ ശ്രീ. സുരേഷ് 24-11-2017-ന് ഹാജരായി മൊഴി സമർപ്പിക്കുകയും 7.70 ആർ സ്ഥലത്തിൽ 4.05 ആർ സ്ഥലം മാത്രം ശ്രീമതി രജനിക്ക് നൽകാൻ സമ്മതമാണെന്ന് മൊഴി നൽകുകയും ചെയ്തിട്ടുണ്ട്. അപേക്ഷക ഹിയറിംഗിന് ഹാജരായിട്ടുണ്ട്.

(ഡി) സഹോദരങ്ങൾ തമ്മിലുള്ള അവകാശത്തർക്കം കോടതി മുഖേനയേ പരിഹരിക്കുവാൻ സാധിക്കുകയുള്ളൂ. ആയതിനാലാണ് കാലവിളംബം ഉണ്ടായിട്ടുള്ളത്.

(ഇ) പ്രസ്തുത വിഷയം കോടതി മുഖേന പരിഹരിക്കേണ്ടതാണ്.

**വരൾച്ചാ പ്രതിരോധ പ്രവർത്തനങ്ങൾ**

214 (6780) <u>ശ്രീ. പി. കെ. ശശി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വരൾച്ചാ അവലോകനത്തിനായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാമാണെന്നും ഏതെല്ലാം വകുപ്പുകളുടെ സഹകരണത്തോടെയാണ് ഇവ പ്രവർത്തിക്കുന്നതെന്നും വ്യക്തമാക്കുമോ;

(ബി) 2017 ഡിസംബർ മുതൽ 2018 മാർച്ച് 20 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ചൂട് രേഖപ്പെടുത്തിയത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(സി) കടുത്ത വേനലും അതുമൂലമുണ്ടാകുന്ന വരൾച്ചയും സംബന്ധിച്ച് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയും അമൃത യൂണിവേഴ്സിറ്റിയുമായി ചേർന്ന് നടത്തിയ സംയുക്ത പഠനത്തിന്റെയും സംസ്ഥാന വരൾച്ചാനിരീക്ഷണ സെല്ലിന്റെയും മറ്റ് കേന്ദ്രസർക്കാർ ഏജൻസികളുടെയും കണ്ടെത്തലുകളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ജലസംരക്ഷണ പ്രവർത്തനങ്ങൾക്കായി റവന്യൂ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വരൾച്ചാ നിരീക്ഷണ സെൽ ആയി സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ജലവിഭവ വകുപ്പ്, ഭൂജല വകുപ്പ്, കെ.എസ്.ഇ.ബി., കൃഷി വകുപ്പ്, ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ എന്നീ വകുപ്പുകളുടെ സഹകരണത്തോടെയാണ് പ്രവർത്തിക്കുന്നത്.

(ബി) വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) 27-3-2018-ൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി യോഗം ചേർന്ന് വരൾച്ചാ നിരീക്ഷണ സെൽ തയ്യാറാക്കിയ വരൾച്ച സംബന്ധിച്ച അവലോകനവും കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ മുന്നറിയിപ്പും പരിഗണിച്ച് ദുരന്ത നിവാരണ നിയമം, 2005 സെക്ഷൻ 22(2)(b) പ്രകാരം ആലപ്പുഴ, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ 9 ജില്ലകളെ 2017-18-ലെ റാബി സീസണിൽ വരൾച്ചാബാധിതമായി പ്രഖ്യാപിക്കുന്നതിന് സംസ്ഥാന ദുരിതാശ്വാസ കമ്മീഷണർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ 27-3-2018-ലെ സ.ഉ.(പി.) നമ്പർ 1/2018/ഡി.എം.ഡി. ഉത്തരവ് പ്രകാരം പ്രസ്തുത ജില്ലകളെ 2017-18-ലെ റാബി സീസണിൽ വരൾച്ചാബാധിതമായി പ്രഖ്യാപിച്ചിട്ടുണ്ട്. കേരളത്തിലെ കാലാവസ്ഥാ വ്യതിയാന പ്രവചനത്തിലുള്ള അപര്യാപ്തത കണ്ടുകൊണ്ട് കേരളത്തിലെ സ്ഥിതി മനസ്സിലാക്കുന്നതിനും ദുരന്ത ലഘൂകരണ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുമായി ഒരു ഗവേഷണ പദ്ധതി 'Amrita Deemed University'-യുമായി ചേർന്ന് നടത്തുന്നുണ്ട്. രണ്ട് വർഷം കാലാവധിയുള്ള ഈ ഗവേഷണ പദ്ധതി വരൾച്ചയും വേനലും സംബന്ധിച്ച പരിശോധന സംബന്ധിച്ചുള്ളതല്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതി 2016, സെക്ഷൻ 5.1 പ്രകാരം വരൾച്ചാ തയ്യാറെടുപ്പ് ജലവിഭവ വകുപ്പിന്റേയും വരൾച്ചാ പ്രതിരോധം തദ്ദേശഭരണ സ്ഥാപനങ്ങളുടേയും കൃഷി വകുപ്പിന്റേയും ചുമതലയാണ്. ജലവിഭവ വകുപ്പ് ജലസ്രോതസ്സുകളിൽ മുന്നറിയിപ്പ് ബോർഡ് സ്ഥാപിച്ച് കുടിവെള്ള സ്രോതസ്സുകൾ മലിനമാക്കുന്നതിനെതിരെ ജനങ്ങളെ ബോധവൽക്കരിക്കുന്നു. പമ്പ് ഹൗസുകളും പരിസരവും വൃത്തിയാക്കി സംരക്ഷിക്കുകയും പൈപ്പ് ലൈനുകളുടെയും പമ്പുകളുടെയും അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടപ്പിലാക്കുകയും ജലചോർച്ച പരമാവധി ഒഴിവാക്കി ജലവിതരണം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഹരിത കേരളം മിഷന്റെ ഭാഗമായി മരങ്ങൾ നട്ടുപിടിപ്പിക്കുകയും ഓഫീസ് പരിസരത്തും ജല അതോറിറ്റിയുടെ കിണറുകൾക്കുചുറ്റും സ്ഥലലഭ്യതയുള്ള സ്ഥലങ്ങളിലും ശാസ്ത്രീയമായ മഴക്കുഴികൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.

പരമ്പരാഗത ജലസ്രോതസ്സുകളായ കുളങ്ങൾ/ചിറകൾ/അരുവികൾ എന്നിവ മാലിന്യമുക്തമാക്കി സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ, മുൻകാല ജലസേചന നിർമ്മിതികൾക്കാവശ്യമായ അറ്റകുറ്റപ്പണികൾ നടത്തി കൂടുതൽ ഉപയോഗയോഗ്യമാക്കുക, തടയണകൾ നിർമ്മിക്കുക. ജലസ്രോതസ്സുകളിലേക്ക് ഓരുജലം/ഉപ്പുവെള്ളം കലരാതിരിക്കുന്നതിന് ഓരുമുട്ടുകൾ/തടയണകൾ നിർമ്മിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. ജലലഭ്യതയ്ക്കനുസരിച്ച് വാൽവുകൾ ക്രമീകരിച്ച് വിതരണശൃംഖലയെ മേഖലകളാക്കി തിരിച്ച് കുടിവെള്ള വിതരണം ക്രമീകരിക്കുന്നുണ്ട്. ജലത്തിന്റെ പരിധിവിട്ടുള്ളതും അനാവശ്യമായതുമായ ഉപയോഗം കുറയ്ക്കാൻ സ്ക്വാഡ് പ്രവർത്തനമുണ്ട്. ജലസ്രോതസ്സുകളിൽനിന്ന് വ്യാവസായിക ആവശ്യത്തിനും മറ്റും ജലം എടുക്കുന്നതിന് കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ട്, 2003 പ്രകാരം നിലവിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

## ബോർഡുകളും മറ്റ് താൽക്കാലിക നിർമ്മിതികളും നീക്കംചെയ്യുന്നതിന് നടപടി

215 (T* 6781) ശ്രീ. കെ. എം. ഷാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുനിരത്തുകളിലും പാതയോരങ്ങളിലും വാഹനങ്ങളുടെ സുഗമമായ ഡ്രൈവിംഗിനും കാൽനടയാത്രക്കാരുടെ സുരക്ഷിതമായ സഞ്ചാരത്തിനും ഭംഗം വരുത്തുന്ന രീതിയിൽ സ്ഥാപിച്ചിരിക്കുന്ന ബോർഡുകളും മറ്റ് താല്കാലിക

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

നിർമ്മിതികളും നീക്കംചെയ്യുന്നതിന് റവന്യൂ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ തടസ്സം നിൽക്കുന്ന ബോർഡുകളും താല്ക്കാലിക നിർമ്മിതികളും നീക്കംചെയ്യേണ്ടത് സംബന്ധിച്ച് കഴിഞ്ഞ ഒരു വർഷത്തിനിടയിൽ വിവിധ റവന്യൂ ഓഫീസുകളിൽ എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) കിട്ടിയ പരാതികളിൽ ഇനിയും തീർപ്പാക്കാൻ ശേഷിക്കുന്നവയുടെ എണ്ണം പറയാമോ;

(ഡി) കാൽനട യാത്രക്കാരുടെയും വാഹന ഡ്രൈവർമാരുടെയും സുരക്ഷ ഉറപ്പാക്കുന്നതിന് റോഡ് സേഫ്റ്റി അതോറിറ്റി റവന്യൂ വകുപ്പുമായി ചേർന്ന് എന്തെങ്കിലും പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) പൊതുനിരത്തുകളിലും പാതയോരങ്ങളിലും വാഹനങ്ങളുടെ സുഗമമായ ഡ്രൈവിംഗിനും കാൽനട യാത്രക്കാരുടെ സുരക്ഷിതമായ സഞ്ചാരത്തിനും ഭംഗം വരുത്തുന്ന രീതിയിൽ ബോർഡുകൾ, നിർമ്മിതികൾ എന്നിവ സ്ഥാപിച്ചിട്ടുള്ളതായി ചൂണ്ടിക്കാണിച്ചുകൊണ്ട് ലഭിക്കുന്ന പരാതികളിന്മേൽ നടപടികൾ സ്വീകരിക്കുന്നതിനായുള്ള നിർദ്ദേശങ്ങൾ മോട്ടോർ വാഹന വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, പോലീസ്, ബി.എസ്.എൻ.എൽ., കെ.എസ്.ഇ.ബി. എന്നീ വകുപ്പുകൾക്ക് നൽകി പ്രസ്തുത വകുപ്പുകളുമായി സംയോജിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. ചില ജില്ലകളിൽ ഇത്തരം പ്രവർത്തനങ്ങൾക്കായി സ്ക്വാഡുകൾ പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിൽ ഇത്തരത്തിലുള്ള പരാതികൾ ലഭിച്ചിട്ടുണ്ട്. ആയതിൽ തിരുവനന്തപുരം ജില്ലയിൽ 22-ഉം, കൊല്ലം ജില്ലയിൽ 4-ഉം, പത്തനംതിട്ട ജില്ലയിൽ 11-ഉം, മലപ്പുറം ജില്ലയിൽ 5-ഉം, വയനാട് ജില്ലയിൽ 2-ഉം പരാതികളാണ് ലഭ്യമായിട്ടുള്ളത്. പരാതികൾ ലഭ്യമായ മറ്റ് ജില്ലകളിൽ കൃത്യമായ കണക്കുകൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

കോട്ടയം, എറണാകുളം, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇത്തരത്തിലുള്ള പരാതികൾ ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പരാതികൾ ലഭ്യമായിട്ടുള്ള ജില്ലകളിൽ തുടർനടപടികൾക്കായി ബന്ധപ്പെട്ട വകുപ്പുകൾക്ക് ഉടൻതന്നെ കൈമാറിയിട്ടുള്ളതും നടപടികൾ സ്വീകരിക്കാൻ ഇനി ബാക്കിയില്ലാത്തതുമാണ്.

(ഡി) കാൽനട യാത്രക്കാരുടെയും വാഹന ഡ്രൈവർമാരുടെയും സുരക്ഷ ഉറപ്പാക്കുന്നതിന് റോഡ് സേഫ്റ്റി അതോറിറ്റി റവന്യൂ വകുപ്പുമായി ചേർന്ന് പ്രത്യേക പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല.

**റീ-സർവ്വേ നടപടികളുടെ പുരോഗതി**

216 (6782) ശ്രീ. പി. കെ. ബഷീർ :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റീ-സർവ്വേ നടപടികളിൽ എത്ര മാത്രം പുരോഗതിയുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ ജില്ലകളിലാണ് റീ-സർവ്വേ നടപടികൾ പുതുതായി ആരംഭിച്ചത് എന്നറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 901 വില്ലേജുകളുടെ റീ-സർവ്വേ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് റീ-സർവ്വേ നടപടികൾ പുനരാരംഭിച്ചതിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലും റീ-സർവ്വേ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് താലൂക്കിലെ 10 വില്ലേജുകളിൽ ഡിജിറ്റൽ റീ-സർവ്വേ പൂർത്തിയാക്കിയിട്ടുണ്ട്. നിലവിൽ എല്ലാ ജില്ലകളിലുമായി 32 വില്ലേജുകളുടെ ഡിജിറ്റൽ റീ-സർവ്വേ പ്രവർത്തനങ്ങൾ പുരോഗതിയിലാണ്.

**പേട്ട വില്ലേജിലെ റീ-സർവ്വേ ജോലികൾ**

217 (6783) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേട്ട വില്ലേജിലെ മുഴുവൻ ഭൂവുടമകൾക്കും കരം തീർക്കുവാൻ കഴിയുക എന്ന ലക്ഷ്യത്തോടെ 2017 ജൂലൈ മാസം മുതൽ ആരംഭിച്ച റീസർവ്വേ ജോലികൾ (റീസർവ്വേ സൂപ്രണ്ട് ആഫീസ്, കഴക്കൂട്ടം നമ്പർ ബി 2-353/15-തീയതി11/8/2017) പെട്ടെന്ന് നിർത്തിവയ്ക്കാനുണ്ടായ സാഹചര്യം എന്തെന്ന് വ്യക്തമാക്കാമോ;

(ബി) അടിയന്തരമായി തീർപ്പാക്കിക്കൊണ്ടിരിക്കുന്ന പേട്ട വില്ലേജിലെ റീസർവ്വേ ജോലികൾ തുടർന്നും വേഗത്തിലാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) തിരുവനന്തപുരം എയർപോർട്ടിനുവേണ്ടി സ്ഥലമെടുക്കുന്ന നടപടികൾ നടന്നുവരുന്നു. റീ-സർവ്വേ പ്രവർത്തനങ്ങൾ ഇതിന്റെ ഭാഗമാണെന്ന് പൊതുജനങ്ങളിൽ ആശങ്കയുളവായ സാഹചര്യത്തിലാണ് പേട്ട വില്ലേജിന്റെ റീ-സർവ്വേ പ്രവർത്തനങ്ങൾ താൽക്കാലികമായി നിർത്തിവച്ചിട്ടുള്ളത്.

(ബി) തിരുവനന്തപുരം എയർപോർട്ടിനുവേണ്ടി സ്ഥലമെടുക്കുന്ന നടപടി പൂർത്തിയാകുന്നമുറയ്ക്ക് പേട്ട വില്ലേജിന്റെ റീ-സർവ്വേ പുനരാരംഭിച്ച് പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**റീ-സർവ്വേ പൂർത്തീകരണത്തിനുള്ള നടപടികൾ**

218 (6784) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ -സർവ്വേ നടത്തുന്നതിനും പൂർത്തീകരിക്കുന്നതിനും ബാക്കിയുള്ള ജില്ലകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ആലപ്പുഴ ജില്ലയിൽ റീ-സർവ്വേ പൂർത്തിയായിട്ടുണ്ടോ;ഏതെല്ലാം താലൂക്കുകളിൽ പൂർത്തീകരിച്ചു;

(സി) മാവേലിക്കര താലൂക്കിൽ റീ-സർവ്വേ പൂർത്തീകരിക്കാനുള്ള വില്ലേജുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(ഡി) റീ -സർവ്വേ പൂർത്തീകരിക്കാനുള്ള തടസ്സങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ഒരു ജില്ലയിലും പൂർണ്ണമായി റീ-സർവ്വേ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടില്ല.

(ബി) ഇല്ല. അമ്പലപ്പുഴ, കാർത്തികപ്പള്ളി, ചെങ്ങന്നൂർ, മാവേലിക്കര എന്നീ താലൂക്കുകളുടെ റീ-സർവ്വേ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) മാവേലിക്കര താലൂക്കിൽ ആകെയുള്ള 15 വില്ലേജുകളുടെയും റീ-സർവ്വേ പൂർത്തിയായിട്ടുണ്ട്.

(ഡി) വളരെ പ്രയാസമേറിയതും സുദീർഘവും മാനവശേഷി കൂടുതൽ ആവശ്യമുള്ളതുമായ പ്രവർത്തനമാണ് റീ-സർവ്വേ. റീ-സർവ്വേ പ്രവർത്തനങ്ങൾ കൂടാതെ ലാന്റ് റിക്കാർഡ് മെയിന്റനൻസുമായി ബന്ധപ്പെട്ടുള്ള സർവ്വേ പ്രവർത്തനങ്ങൾക്കും സർവ്വേ വകുപ്പിൽ നിന്നുമാണ് ജീവനക്കാരെ നിയോഗിക്കുന്നത്.

## നെടുമങ്ങാട് താലൂക്കിലെ റീ-സർവ്വേ നടപടികൾ

219 (6785) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് താലൂക്കിൽ ഏതെല്ലാം വില്ലേജുകളിൽ റീ -സർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ട്;

(ബി) ഇനിയും റീ സർവ്വേ പൂർത്തിയാകാനുള്ള വില്ലേജുകളിൽ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയും എന്നറിയിക്കാമോ;

(സി) റീ-സർവ്വേ സമയബന്ധിതമായി പൂർത്തിയാക്കാൻ വേണ്ട നടപടികൾക്ക് നിർദ്ദേശിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകാമോ?

ഉത്തരം

(എ) 18 വില്ലേജുകളിൽ റീ-സർവ്വേ പൂർത്തിയായിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) റീ-സർവ്വേ എന്നത്തേയ്ക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്ന് കണക്കാക്കിയിട്ടില്ല.

(സി) കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകൃത ഏജൻസികളുടെ സഹകരണത്തോടെ സംസ്ഥാനത്ത് റീ-സർവ്വേ സമയബന്ധിതമായി പൂർത്തിയാക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിഗണനയിലാണ്.

## കൊട്ടക്കമ്പൂർ, വട്ടവട വില്ലേജുകളിൽ റീ-സർവ്വേ

220 (6786) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ കൊട്ടക്കമ്പൂർ, വട്ടവട വില്ലേജുകളിൽ റീ -സർവ്വേ നടത്തിയിട്ടുണ്ടോയെന്നും പ്രസ്തുത പ്രദേശങ്ങളിൽ അനധികൃത കയ്യേറ്റം കണ്ടെത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) നീലക്കുറിഞ്ഞി ഉദ്യാനത്തിന്റെ റീ -സർവ്വേയ്ക്ക് മുൻപുള്ള വിസ്തൃതിയും റീ -സർവ്വേക്കുശേഷമുള്ള വിസ്തൃതിയും എത്രയാണ്; വിശദമാക്കുമോ;

(സി) ഇതിനായി രൂപീകരിച്ച മന്ത്രിസഭ ഉപ സമിതിയിൽ ആരെല്ലാമാണ് ഉണ്ടായിരുന്നത്; ഇവർ പ്രസ്തുത പ്രദേശങ്ങൾ സന്ദർശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രിക്ക് സമർപ്പിച്ച പ്രധാന ശിപാർശകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) ആയതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) വട്ടവട, കൊട്ടക്കമ്പൂർ വില്ലേജുകളിൽ റീ -സർവ്വേ നടന്നിട്ടുള്ളതാണ്. പട്ടയഭൂമിയും ഭൂമി കയ്യേറ്റങ്ങളും തിട്ടപ്പെടുത്തുന്നതിന് 16-2-2015-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 69/15/റവ. നമ്പരായി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർവ്വേ നടപടികൾക്ക് മുന്നോടിയായുള്ള തണ്ടപ്പേര് പരിശോധന ദേവികുളം റവന്യൂ ഡിവിഷണൽ ഓഫീസറുടെ കാര്യലയം മുഖേന നടത്തിവരുന്നു.

(ബി) കേരള സർക്കാരിന്റെ 6-10-2016-ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 36/06/F&WLD പ്രകാരം കൊട്ടക്കമ്പൂർ വില്ലേജിലെ ബ്ലോക്ക് 58, വട്ടവട വില്ലേജിലെ ബ്ലോക്ക് 62-ലെ സർവ്വേ നമ്പർ 1 എന്നിവയിൽപ്പെട്ട ഉദ്ദേശം 3200 ഹെക്ടർ ഭൂമിയാണ് 6-10-2006-ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 36/06/F&WLD പ്രകാരം സംരക്ഷിതമേഖലയായി പ്രഖ്യാപിക്കുന്നതിനുള്ള ഉദ്ദേശവിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്. ടി പ്രദേശത്ത് റീ-സർവ്വേ പൂർത്തിയായിട്ടില്ല.

(സി) സർവ്വേ നടപടികളുമായി ബന്ധപ്പെട്ട ജനങ്ങളുടെ ആശങ്കകൾ പരിഹരിക്കുന്നതിന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ, ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി ശ്രീ. കെ. രാജു, ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. എം. എം. മണി എന്നിവരടങ്ങിയ മന്ത്രിസഭാ ഉപസമിതിയാണ് സ്ഥലം സന്ദർശിച്ചിട്ടുള്ളത്. ഈ സമിതി 11-12-2017, 12-12-2017 തീയതികളിൽ പ്രദേശം സന്ദർശിച്ചിരുന്നതും ചർച്ച നടത്തിയിട്ടുള്ളതുമാണ്.

(ഡി) ബാധകമല്ല.

## അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ

221 (T*6787) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. ദാസൻ :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുഖ്യ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ ഏറ്റവും പ്രധാനപ്പെട്ട കാരണം സ്ഥലം ഏറ്റെടുക്കുന്നതിലുണ്ടാകുന്ന പ്രശ്നങ്ങളാണെന്നത് പരിഗണിച്ച് പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ;

(ബി) വീടും സ്ഥലവും നഷ്ടപ്പെടുന്നവർക്ക് ന്യായമായ നഷ്ടപരിഹാരവും പകരം വീടും കച്ചവട സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള ഉപജീവനമാർഗ്ഗവും ഒരുക്കി നൽകാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ;

(സി) ഭൂമിയും വീടും നഷ്ടപ്പെടുന്നവർക്ക് അവയുടെ യഥാർത്ഥ മാർക്കറ്റ് വിലയും കൂടാതെ പുനരധിവാസത്തിലുണ്ടാകുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് തത്തുല്യമായ നഷ്ടപരിഹാരം കൂടി നൽകി കുടിയൊഴിപ്പിക്കപ്പെടുന്നവരുടെ സഹകരണം നേടാൻ സാധ്യമാകുമോയെന്ന് പരിശോധിക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തിന്റെ വികസനപ്രവർത്തനങ്ങൾക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ നേരിടേണ്ടിവരുന്ന ഏറ്റവും വലിയ തടസ്സം കുടിയൊഴിപ്പിക്കലിന് വിധേയരാകുന്ന ആളുകളുടെ ഭാഗത്തുനിന്നുള്ള നിസ്സഹകരണവും എതിർപ്പുകളുമാണ്. വീടും സ്ഥലവും നഷ്ടപ്പെടുന്നവർക്ക് ന്യായമായ നഷ്ടപരിഹാരം താഴെപ്പറയുന്ന പ്രകാരം നൽകാൻ 2013-ലെ എൽ.എ.ആർ.ആർ. നിയമത്തിലെ ഷെഡ്യൂൾ 1-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

1. മാർക്കറ്റ് വാല്യൂ
2. മൾട്ടിപ്ലിക്കേഷൻ ഫാക്ടർ (ദൂരത്തിന്റെ അടിസ്ഥാനത്തിൽ)
3. 100 ശതമാനം സൊലേഷ്യം (മാർക്കറ്റ് വാല്യൂ മൾട്ടിപ്ലിക്കേഷൻ ഫാക്ടർ തുകയുടെ 100 ശതമാനം സൊലേഷ്യം)
4. 12 ശതമാനം അഡീഷണൽ ഇൻക്രീസ്

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

വീടും സ്ഥലവും നഷ്ടപ്പെടുന്നവർക്ക് എൽ.എ.ആർ.ആർ. നിയമത്തിലെ ഷെഡ്യൂൾ 1-ലെ നഷ്ടപരിഹാരത്തിനുപുറമെ ആകർഷകമായ പുനരധിവാസ പാക്കേജ് 2013-ലെ എൽ.എ.ആർ.ആർ. ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2013-ലെ എൽ.എ.ആർ.ആർ. നിയമത്തിലെ ഷെഡ്യൂൾ 2-ലെ പുനരധിവാസ പാക്കേജിൽ മാറ്റംവരുത്തി പുനരധിവാസ നയമുൾപ്പെടെ മെച്ചപ്പെട്ട പുനരധിവാസ പാക്കേജ് ഉൾപ്പെടുന്ന സംസ്ഥാന നയം 29-12-2017-ലെ G.O.(Ms.)No.448/17/RD പ്രകാരം രൂപീകരിച്ചിട്ടുണ്ട്.

(സി) വീടും സ്ഥലവും നഷ്ടപ്പെടുന്നവർക്ക് എൽ.എ.ആർ.ആർ. നിയമത്തിലെ ഷെഡ്യൂൾ 1 പ്രകാരം ന്യായമായ നഷ്ടപരിഹാരം താഴെപ്പറയുന്ന രീതിയിൽ നൽകി ഒഴിപ്പിക്കപ്പെടുന്നവരുടെ സഹകരണം നേടാൻ ശ്രമിച്ചുവരുന്നു.

1. മാർക്കറ്റ് വാല്യൂ
2. മൾട്ടിപ്ലിക്കേഷൻ ഫാക്ടർ (ദൂരത്തിന്റെ അടിസ്ഥാനത്തിൽ)
3. 100 ശതമാനം സൊലേഷ്യം (മാർക്കറ്റ് വാല്യൂ മൾട്ടിപ്ലിക്കേഷൻ ഫാക്ടർ തുകയുടെ 100 ശതമാനം സൊലേഷ്യം)
4. 12 ശതമാനം അഡീഷണൽ ഇൻക്രീസ്

**ഭവനനിർമ്മാണ പദ്ധതികൾ**

222 (6788) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഭവനരഹിതരുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഭവനനിർമ്മാണത്തിന് നിലവിൽ ഏതെല്ലാം പദ്ധതികളുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാർ പുതുതായി എത്രപേർക്ക് ഭവനം നൽകി എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ലൈഫ് മിഷന്റെ ആവശ്യത്തിലേക്ക് സർവ്വേ നടത്തിയതിൻപ്രകാരം കേരളത്തിൽ ആകെ 337598 ഭൂരഹിത ഭവനരഹിതരും 174956 ഭൂമിയുള്ള ഭവനരഹിതരുമാണുള്ളത്.

(ബി) ഭവനനിർമ്മാണത്തിനായി ഭവനനിർമ്മാണ ബോർഡ് മുഖാന്തരം താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്:

1. <u>ഗൃഹശ്രീ ഭവന പദ്ധതി</u>

സ്വന്തമായി 2 സെന്റ്/3 സെന്റ് ഭൂമിയുള്ള/റവന്യൂ വകുപ്പിൽനിന്നും സ്വന്തം പേരിൽ ഭൂമി ലഭ്യമായിട്ടുള്ള ദുർബ്ബല വിഭാഗം/താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ടവർക്ക് സന്നദ്ധ സംഘടന/എൻ.ജി.ഒ./കാരുണ്യവാന്മാരായ വ്യക്തികളുടെ സഹകരണത്തോടെ പരമാവധി 83 ച.മീ. വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്നതിന് 2 ലക്ഷം രൂപ നിരക്കിൽ സബ്സിഡി ലഭ്യമാക്കുന്ന പദ്ധതികളാണ് ഗൃഹശ്രീ ഭവന പദ്ധതി. സർക്കാർ സബ്സിഡി തുക ബഡ്ജറ്റിൽ വകയിരുത്തി ലഭ്യമാക്കുന്നുണ്ട്.

2. <u>സാഫല്യം ഭവന പദ്ധതി</u>

സമൂഹത്തിലെ ഭൂ-ഭവനരഹിതരായ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ദുർബ്ബല വിഭാഗക്കാർക്ക് വീടൊന്നിന് 2 ലക്ഷം രൂപ നിരക്കിൽ സർക്കാർ സബ്സിഡിയായി വിനിയോഗിച്ചും സന്നദ്ധ സംഘടന/പഞ്ചായത്തിന്റെ സഹകരണത്തോടെയും സർക്കാർ/പഞ്ചായത്ത് ഭൂമിയിൽ ഫ്ലാറ്റുകൾ നിർമ്മിച്ചു നൽകുന്ന ഭവന പദ്ധതിയാണ് സാഫല്യം ഭവന പദ്ധതി. സർക്കാർ സബ്സിഡി തുക ബജറ്റിൽ വകയിരുത്തി ലഭ്യമാക്കുന്നു.

3. <u>സർക്കാർഭൂമിയിൽ സർക്കാർ ജീവനക്കാർക്കുള്ള ഭവന പദ്ധതി</u>

സർക്കാർ ജീവനക്കാർക്ക് ക്വാർട്ടേഴ്സായി അലോട്ട് ചെയ്യുന്നതിനായി സർക്കാർ ഭൂമിയിൽ ഫ്ലാറ്റുകൾ നിർമ്മിച്ച് റവന്യൂ വകുപ്പിന് കൈമാറുന്ന പദ്ധതിയാണിത്. സംസ്ഥാന സർക്കാരിന്റെ ബജറ്റ് വിഹിതമുപയോഗിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്.

4. <u>വർക്കിംഗ് വിമെൻസ് ഹോസ്റ്റൽ പദ്ധതി</u>

സംസ്ഥാനത്ത് വനിതാ ജീവനക്കാർക്ക് മിതമായ ചെലവിൽ സുരക്ഷിതവും സൗകര്യപ്രദവുമായി താമസിക്കുന്നതിന് സൗകര്യം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിവരുന്നത്. കേന്ദ്ര സർക്കാരിന്റേയും സംസ്ഥാന സർക്കാരിന്റേയും ധനസഹായത്തോടെയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്.

5. പാരസ്പര്യം മാതൃകയിൽ നടപ്പിലാക്കുന്ന ഫ്ലാറ്റ്/വാണിജ്യ സമുച്ചയ പദ്ധതികൾ

ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമികളിൽ ഉപഭോക്താക്കളിൽനിന്നും വിൽപ്പന വില മുൻകൂറായി നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ സമാഹരിച്ചുകൊണ്ട് നടപ്പിലാക്കുന്ന ഫ്ലാറ്റ്/വാണിജ്യ സമുച്ചയ പദ്ധതികൾ ബോർഡ് നടപ്പിലാക്കുന്നുണ്ട്.

കൂടാതെ എല്ലാവർക്കും സുരക്ഷിത ഭവനമെന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ചുനടപ്പാക്കുന്ന ലൈഫ് പദ്ധതിയും നിലവിലുണ്ട്.

(സി) പുതിയ ഭവനങ്ങളുടെ നിർമ്മാണം 2018 ഏപ്രിൽ മുതൽ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കേരള ഹൗസിംഗ് ബോർഡ് ലാഭത്തിലാക്കാൻ നടപടി**

223 (6789) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. പോലെ നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനമായ കേരള ഹൗസിംഗ് ബോർഡ് ലാഭത്തിലാക്കാൻ എന്ത് പ്രായോഗിക നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഹൗസിംഗ് ബോർഡിന്റെ കൈവശമുള്ള എറണാകുളം മറൈൻ ഡ്രൈവിലെ പതിനെട്ട് ഏക്കർ ഭൂമിയിൽ എന്ത് പുതിയ വികസനപദ്ധതിയാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ആക്കുളത്തുള്ള ഭൂമിയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ വ്യക്തമാക്കാമോ;

(ഡി) ബോർഡിന് സർക്കാർ വകുപ്പുകളിൽനിന്നും ,സ്വകാര്യ സ്ഥാപനങ്ങളിൽനിന്നും എത്ര തുക കുടിശ്ശികയിനത്തിൽ ലഭ്യമാകാനുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) ഏതെല്ലാം വകുപ്പുകളിൽനിന്നും, സ്ഥാപനങ്ങളിൽ നിന്നുമാണ് കുടിശ്ശിക തുക കിട്ടാനുള്ളതെന്നും കുടിശ്ശിക പിരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ മുഖ്യ വരുമാന സ്രോതസ്സ് ബോർഡിന്റെ കൈവശമുള്ള കെട്ടിടങ്ങളിൽനിന്ന് ലഭിക്കുന്ന വാടകയും മുൻകാലങ്ങളിൽ നടപ്പിലാക്കിയ വായ്പാ പദ്ധതികളിൽ അവശേഷിക്കുന്ന കുടിശ്ശിക പിരിച്ചെടുക്കലുമാണ്. വായ്പ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പോലുള്ള പദ്ധതിയിലൂടെ വായ്പക്കാർക്ക് ആശ്വാസമേകുന്ന ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചുകൊണ്ടും നിരന്തരം ബന്ധപ്പെട്ടുകൊണ്ട് പരമാവധി തുക പിരിച്ചെടുക്കുവാനും നടപടി സ്വീകരിക്കുന്നു. വാടകയിനത്തിലുള്ള തുക പിരിച്ചെടുക്കുന്നതിന് സർക്കാരിൽ ബന്ധപ്പെട്ടും മറ്റുള്ളവരുമായി നിരന്തരം ബന്ധപ്പെട്ടും കൃത്യമായി പിരിച്ചെടുക്കുവാൻ ശ്രമിക്കുന്നു. എറണാകുളം മറൈൻ ഡ്രൈവിൽ കൊമേഴ്സ്യൽ കോംപ്ലക്സ്, ഓഫീസ് ടവറുകൾ, ഹോട്ടൽ സമുച്ചയം, റെസിഡൻസ്, അന്താരാഷ്ട്ര നിലവാരമുള്ള കൺവെൻഷൻ സെന്റർ തുടങ്ങിയവ അടങ്ങുന്ന 2500 കോടി രൂപ മുതൽമുടക്കുള്ള പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. തിരുവനന്തപുരം ആക്കുളത്ത് ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ പ്രവാസികൾക്കായി പാരസ്പര്യം മാതൃകയിൽ 22 വില്ലകൾ നിർമ്മിക്കുന്ന കാര്യവും പരിശോധിച്ചുവരികയാണ്. ബാക്കി സ്ഥലത്ത് ഐ.എ.എസ്. ഉദ്യോഗസ്ഥർക്കുള്ള പാർപ്പിട പദ്ധതി നടപ്പിലാക്കുന്ന കാര്യവും പരിശോധിക്കുന്നുണ്ട്.

(ബി) കൊച്ചി മറൈൻ ഡ്രൈവിൽ ഭവന നിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിലുള്ള 17.90 ഏക്കർ ഭൂമിയിൽ കമേഴ്സ്യൽ കോംപ്ലക്സ്, ഓഫീസ് ടവറുകൾ, ഹോട്ടൽ സമുച്ചയം, റെസിഡൻസ്, അന്താരാഷ്ട്ര നിലവാരമുള്ള കൺവെൻഷൻ സെന്റർ, സ്ഥിരം എക്സിബിഷൻ സെന്റർ, റിക്രിയേഷൻ സെന്റർ, പാർക്കുകൾ, ലോക്കൽ മാർക്കറ്റ് എന്നിവയടങ്ങുന്ന 2500 കോടി രൂപ മുതൽമുടക്കുള്ള പദ്ധതി സർക്കാർ അംഗീകാരത്തോടെ നടപ്പിലാക്കുന്ന കാര്യവും പരിശോധിച്ചുവരികയാണ്.

(സി) ആക്കുളത്ത് ഭവന നിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിൽ ബാക്കിയുള്ള 7.76 ഏക്കർ ഭൂമിയിൽപ്പെട്ട 2.70 ഏക്കർ ഭൂമിയിൽ പ്രവാസികൾക്കായി 22 വില്ലകളുടെ പദ്ധതി പാരസ്പര്യം മാതൃകയിൽ നടപ്പിലാക്കാൻ സർക്കാർ അംഗീകാരം ലഭ്യമായിട്ടുണ്ട്. ഉപഭോക്താക്കളിൽനിന്നും വിൽപ്പനവില മുൻകൂറായി സമാഹരിച്ച് നടപ്പിലാക്കുന്ന പദ്ധതിയായതിനാൽ മതിയായ ഉപഭോക്താക്കളെ ഉറപ്പാക്കി നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്. കൂടാതെ പദ്ധതി നടപ്പിലാക്കാൻ ടി ഭൂമി ബോർഡിന്റെ പേരിൽ പോക്കുവരവ് ചെയ്ത് ലഭ്യമാക്കേണ്ടതുണ്ട്.

(ഡി) 28-2-2018-ലെ കണക്കനുസരിച്ച് വാടക, പലിശ, സർവ്വീസ് ടാക്സ്/ജി.എസ്.ടി, പൊതുപരിപാലന ചെലവ് എന്നീ ഇനങ്ങളിലായി 11.36 കോടി രൂപ സർക്കാർ സ്ഥാപനങ്ങളിൽനിന്നും പിരിഞ്ഞുകിട്ടാനുണ്ട്. വാടകക്കാരായ സ്വകാര്യ സ്ഥാപനങ്ങളിൽനിന്നും 2.47 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട്.

(ഇ) സർക്കാർ സ്ഥാപനങ്ങളിൽനിന്നും ലഭ്യമാക്കേണ്ട വാടക കുടിശ്ശിക തുക ലഭ്യമാക്കുന്നതിനായി റവന്യൂ-ഭവന വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട എല്ലാ സർക്കാർ വകുപ്പുകളുടെയും യോഗം 12-2-2018-ൽ വിളിച്ചുചേർക്കുകയും 31-3-2018-നകം എല്ലാ സർക്കാർ ഓഫീസുകളോടും കരാറിൽ ഏർപ്പെടുന്നതിനും വാടക കുടിശ്ശിക ബോർഡിന് ലഭ്യമാക്കുന്നതിനും നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ടി യോഗ തീരുമാനങ്ങൾ നടപ്പാക്കുന്നതിനുള്ള അടിയന്തര നടപടികൾ ബോർഡ് സ്വീകരിച്ചുവരുന്നു. കൂടാതെ സർക്കാർ ഓഫീസുകളുടെ വാടക കുടിശ്ശിക ഈടാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾ/ഓഫീസുകൾ നേരിട്ട് സന്ദർശിച്ച് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വാടകക്കാരായ സ്വകാര്യ വ്യക്തികളിൽനിന്നും വാടക കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ടി സ്ഥാപനങ്ങൾ നേരിട്ട് സന്ദർശിച്ചും നോട്ടീസുകൾ നൽകിയും ഒഴിപ്പിക്കൽ ഉത്തരവ് നൽകിയും അടിയന്തര പ്രവർത്തനങ്ങൾ നടത്തിവരുന്നു. വാടക കുടിശ്ശികയുള്ള സർക്കാർ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും വിവരം അനുബന്ധമായി ചേർക്കുന്നു.*

**പുതിയ പാർപ്പിട സമുച്ചയ പദ്ധതി**

224 (6790) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭവന നിർമ്മാണ ബോർഡ് പുതിയ പാർപ്പിട സമുച്ചയ പദ്ധതി ആരംഭിച്ച ജില്ലകളും ഏതെല്ലാം പ്രദേശങ്ങളിലാണെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

സർക്കാർഭൂമിയിൽ സർക്കാർ ജീവനക്കാർക്കുള്ള ഭവന നിർമ്മാണ പദ്ധതിയിലൂടെ കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട് 12 ഫ്ലാറ്റുകളടങ്ങുന്ന കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സംസ്ഥാന ഭവനനിർമ്മാണ ബോർഡ്

225 (6791) ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണ സാമഗ്രികളുടെ ഉയർന്നവിലയും അവ യഥാസമയം ലഭ്യമാകാത്തതുമായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിൽ ഭവനനിർമ്മാണ ബോർഡിന് എന്തൊക്കെ തരത്തിലുള്ള പരിഹാരമാർഗ്ഗങ്ങളാണ് മുന്നോട്ടുവയ്ക്കാൻ കഴിയുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഭവന നിർമ്മാണ സാമഗ്രികൾ വിലകുറച്ച് നൽകുന്നതിനായി സർക്കാർ സ്വീകരിക്കുന്ന നടപടികൾ അറിയിക്കുമോ;

(ഡി) ഹൗസിംഗ് ബോർഡിന്റെ 'ഗൃഹശ്രീ' പദ്ധതി പ്രകാരം ദുർബ്ബല ജനവിഭാഗങ്ങൾക്ക് കുറഞ്ഞ ചെലവിൽ വീട് നിർമ്മിക്കുന്നതിന് നൽകുന്ന ആനുകൂല്യങ്ങൾ വിശദമാക്കുമോ;

(ഇ) ലക്ഷംവീട് കോളനികളിലെ കാലപ്പഴക്കത്താൽ തകർന്ന വീടുകൾ, കോളനികളിലേക്കുള്ള റോഡ്, പശ്ചാത്തല സൗകര്യം എന്നിവ പുനർനിർമ്മിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(എഫ്) സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ കൈവശമുള്ള ഭൂമിയുടെ വിശദാംശം ലഭ്യമാക്കുമോ; ഈ ഭൂമി ഉപയോഗപ്പെടുത്തി ഫ്ലാറ്റുകൾ നിർമ്മിച്ച് വില്ക്കാനും,വാടകയ്ക്ക് നൽകാനും മറ്റേതെങ്കിലും തരത്തിൽ ഉപയുക്തമാക്കുവാനും നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഉണ്ട്. നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റവും ദൗർലഭ്യവുമാണ് ഇന്ന് നിർമ്മാണ മേഖല പ്രത്യേകിച്ചും ഭവനനിർമ്മാണ മേഖല നേരിടുന്ന ഏറ്റവും വലിയ പ്രശ്നം. പ്രകൃതിവിഭവങ്ങളായ മണൽ, ചല്ലി എന്നിവയും സിമെന്റ്, കമ്പി എന്നീ ഉൽപ്പന്നങ്ങളുടെ വിലയും ദിനംപ്രതി വർദ്ധിച്ചുവരികയാണ്. ശുദ്ധമായ മണൽ ലഭ്യവുമല്ല.

(ബി) ഭവനനിർമ്മാണ ബോർഡ് ശാസ്ത്രീയമായ രീതിയിലാണ് ഭവന നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ഇതിന്റെ ഭാഗമായി സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കിയ എറണാകുളം ചോറ്റാനിക്കരയിലെ സാഫല്യം ഭവന പദ്ധതിയിലെ 24 ഫ്ലാറ്റുകളുടെ നിർമ്മാണത്തിന് ചെലവ് കുറഞ്ഞ പ്രീഫാബ് സാങ്കേതികവിദ്യയാണ് അവലംബിച്ചത്.

(സി) ഭവനനിർമ്മാണ വകുപ്പിന്റെകീഴിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം മുഖേന താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

1. നിർമ്മാണ സാമഗ്രികളുടെ ന്യായവില വിപണന കേന്ദ്രങ്ങൾ എന്ന നിലയിൽ സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെകീഴിൽ വിവിധ ജില്ലകളിലായി 'കലവറകൾ' ആരംഭിച്ചിട്ടുണ്ട്. ഇവിടെനിന്നും 750 ചതുരശ്ര അടി വരെ തറവിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്ന ബി.പി.എൽ. ഗുണഭോക്താവിന് സിമെന്റ്, കമ്പി എന്നിവ പൊതുവിപണിയിലെ വിലയേക്കാൾ 15 ശതമാനം സൗജന്യ നിരക്കിൽ നൽകിവരുന്നു. ഒരു വ്യക്തിക്ക് പരമാവധി 500 കിലോഗ്രാം കമ്പികളും 50 ബാഗ് സിമെന്റും കലവറകളിൽനിന്നും ലഭിക്കുന്നതാണ്. നിലവിൽ സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 13 കലവറകൾ പ്രവർത്തിച്ചുവരുന്നു.

2. ഗുണനിലവാരമുള്ള കെട്ടിട നിർമ്മാണ സാമഗ്രികൾ ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിലായി 8 പ്രൊഡക്ഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്.

3. ചെലവ് കുറഞ്ഞ നൂതന കെട്ടിട നിർമ്മാണ സാങ്കേതികവിദ്യ പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി പ്രീഫാബ് സാങ്കേതികവിദ്യ ഉപയാഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കംകുറിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാന സർക്കാർ കുറഞ്ഞ ചെലവിൽ വീട് നിർമ്മിക്കുന്നതിന് സബ്സിഡിയോടെ 'ഗൃഹശ്രീ' എന്ന പേരിൽ ഭവനനിർമ്മാണ ബോർഡ് മുഖേന ഭവന പദ്ധതി നടപ്പിലാക്കുന്നുണ്ട്. സ്വന്തമായി 2 സെന്റ്/3 സെന്റ് ഭൂമിയുള്ള/റവന്യൂ വകുപ്പിൽനിന്നും സ്വന്തം പേരിൽ ഭൂമി ലഭ്യമായിട്ടുള്ള ദുർബ്ബല വിഭാഗം/താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ടവർക്ക് സന്നദ്ധ സംഘടന/എൻ.ജി.ഒ./വ്യക്തികളുടെ സഹകരണത്തോടെ പരമാവധി 83 ച.മീ. വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്നതിന് 2 ലക്ഷം രൂപ നിരക്കിൽ സബ്സിഡി ലഭ്യമാക്കുന്ന പദ്ധതിയാണ് ഗൃഹശ്രീ ഭവന പദ്ധതി. പദ്ധതിയുടെ അംഗീകരിച്ച സാമ്പത്തിക ഘടനയനുസരിച്ച് വീട് നിർമ്മാണ ചെലവായ 4 ലക്ഷം രൂപയിൽ 2 ലക്ഷം രൂപ സർക്കാർ

സബ്സിഡിയും 1 ലക്ഷം രൂപ സ്പോൺസറിന്റെ വിഹിതവും ഉൾപ്പെടെ 3 ലക്ഷം രൂപ ആനുകൂല്യമായി ലഭിക്കുന്നു.

(ഇ) എം.എൻ. ലക്ഷം വീട് കോളനികളിലെ കാലപ്പഴക്കത്താൽ തകർന്ന വീടുകൾ, കോളനികളിലേയ്ക്കുള്ള റോഡ്, പശ്ചാത്തല സൗകര്യം എന്നിവ പുനർനിർമ്മിക്കുന്നതിന് ഭവന നിർമ്മാണ വകുപ്പ്/ഭവന നിർമ്മാണ ബോർഡ് പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല.

(എഫ്) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ കൈവശം 42.9833 ഹെക്ടർ സ്ഥലം ഒഴിഞ്ഞുകിടപ്പുണ്ട്. ഒഴിഞ്ഞുകിടക്കുന്ന ഭൂമിയിൽ ഫ്ലാറ്റുകൾ നിർമ്മിച്ച് വിൽക്കാനും വാടകയ്ക്ക് നൽകാനും മറ്റ് ഉപയോഗപ്രദമായ തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുന്ന കാര്യങ്ങളും പരിശോധിച്ചുവരികയാണ്.

## കോതമംഗലം റവന്യൂ ടവറിലെ വ്യാപാരികളുടെ നിവേദനം

226 (6792) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം താലൂക്കിൽ ഭവനനിർമ്മാണ ബോർഡിന്റെ വകയായ റവന്യൂടവറിലെ വ്യാപാരികൾ അവരുടെ പൊതുപരിപാലന ചെലവ് തീരുമാനിക്കുന്നതിൽ ഉണ്ടായ അപാകത സംബന്ധിച്ച് നല്കിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയമുൾപ്പെടെ പത്ത് ഇനം നിർദ്ദേശങ്ങൾ അടങ്ങിയ വ്യാപാരികളുടെ നിവേദനത്തിൻമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കോതമംഗലം താലൂക്കിൽ ഭവനനിർമ്മാണ ബോർഡിന്റെ വകയായ റവന്യൂ ടവറിലെ വ്യാപാരികൾ കേരള സംസ്ഥാന വ്യാപാരി വ്യവസായി സമിതി കോതമംഗലം ടൗൺ യൂണിറ്റ് മുഖേന, ടി റവന്യൂ ടവറിന്റെ പരിപാലനവും പരിപാലന ചെലവും സംബന്ധിച്ച ഒരു മെമ്മോറാണ്ടം 15-3-2018-ൽ ബോർഡ് സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്.

(ബി) 15-3-2018-ലെ നിവേദനത്തിൽ പറയുന്ന കാര്യങ്ങളിൽ ബോർഡിന്റെ നയപരമായ വിഷയങ്ങളും സാമ്പത്തികബാധ്യത വരുത്തുന്നതുമായ വിഷയങ്ങളും ഉള്ളതിനാൽ വിശദമായി പരിശോധിച്ചുവരുന്നു.

## മത്സ്യബന്ധന മേഖലയോടുള്ള കേന്ദ്രസർക്കാരിന്റെ സമീപനം

227 (6793) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യബന്ധന മേഖലയോടുള്ള കേന്ദ്രസർക്കാരിന്റെ സമീപനം വിശദമാക്കുമോ;

(ബി) മത്സ്യമേഖലയ്ക്കുള്ള കേന്ദ്രവിഹിതത്തിൽ വൻ ഇടിവ് ഉണ്ടായെന്നുള്ള റിപ്പോർട്ടുകൾ ശരിയാണോ;

(സി) വള്ളങ്ങളിൽ മത്സ്യബന്ധനം നടത്തുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് നൽകിവരുന്ന സബ്സിഡിയുള്ള മണ്ണെണ്ണയുടെ അളവ് കേന്ദ്രസർക്കാർ കുറച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) സമുദ്രമേഖലയിൽ കോർപ്പറേറ്റുകൾക്ക് കടന്നുകയറാൻ കേന്ദ്രം വഴിയൊരുക്കുന്നുവെന്ന് അഭിപ്രായമുണ്ടോ;

(ഇ) ഡീസൽ വിലവർദ്ധനവ് സംസ്ഥാനത്തെ മത്സ്യമേഖലയെ ദോഷകരമായി ബാധിക്കുന്നതിനാൽ മറ്റ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾക്ക് അനുവദിക്കുന്ന സബ്സിഡി സംസ്ഥാനത്തിന് നിഷേധിക്കുന്നത് എന്തുകൊണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ&ബി) സംസ്ഥാനത്തെ മത്സ്യബന്ധന മേഖലയ്ക്ക് കേന്ദ്ര സർക്കാർ അനുവദിക്കുന്ന കേന്ദ്ര വിഹിതം വർഷംതോറും കുറഞ്ഞുവരികയാണ്. 2016-17 മുതൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ നീല വിപ്ലവം പദ്ധതി എന്ന ഒരു പദ്ധതിയുടെ കീഴിലാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. നീല വിപ്ലവം പദ്ധതിയുടെ ആവിഷ്കാരത്തോടുകൂടി മത്സ്യത്തൊഴിലാളി ക്ഷേമപദ്ധതികളായ സമ്പാദ്യ സമാശ്വാസ പദ്ധതി, ദേശീയ മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ പദ്ധതി എന്നിവയ്ക്ക് പകരം ഉൾനാടൻ മത്സ്യബന്ധനത്തിനും ആക്വാകൾച്ചറിനുമാണ് പ്രാമുഖ്യം നൽകുന്നത്. നീലവിപ്ലവം പദ്ധതി വരുന്നതിനുമുമ്പ് ഫിഷറീസ് മേഖലയ്ക്ക് 70 കോടിയോളം രൂപയാണ് കേന്ദ്രാവിഷ്കൃത പദ്ധതിക്കായി കേന്ദ്ര സർക്കാർ ഓരോ വർഷവും വകയിരുത്തിയിരുന്നത്. കൂടാതെ പദ്ധതികളുടെ

എണ്ണത്തിലും കുറവ് വന്നു. 2016-17-ൽ 12.98 കോടി രൂപയുള്ള പദ്ധതിക്ക് അംഗീകാരം ലഭിക്കുകയും ഫണ്ട് ലഭിക്കുകയും ചെയ്തിട്ടുണ്ട്. സമ്പാദ്യ സമാശ്വാസ പദ്ധതി അംഗീകരിക്കുകയുണ്ടായില്ല. കൂടാതെ, ദേശീയ ഭവന നിർമ്മാണ പദ്ധതിയിലുൾപ്പെടുത്തി 800 ഭവനങ്ങൾ നിർമ്മിക്കുന്നതിന് പ്രൊപ്പോസൽ നൽകിയെങ്കിലും 167 ഭവനങ്ങൾ നിർമ്മിക്കുന്നതിനാണ് അനുമതി ലഭിച്ചത്. 2017-18 സാമ്പത്തിക വർഷം 142.46 കോടി രൂപ (56.89 കോടി രൂപ കേന്ദ്ര വിഹിതം) അടങ്കൽ തുകയായി ഒമ്പത് പദ്ധതികൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നുവെങ്കിലും 11.5 കോടി രൂപയുള്ള പ്രൊപ്പോസൽ തയ്യാറാക്കി പുനഃസമർപ്പിക്കുവാൻ കേന്ദ്ര സർക്കാരിൽനിന്ന് നിർദ്ദേശം ലഭിക്കുകയുണ്ടായി. അതിൻപ്രകാരം പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ 6.86 കോടി രൂപയുടെ പ്രൊപ്പോസലിന് അംഗീകാരം നൽകുകയും 6.17 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

കഴിഞ്ഞ രണ്ട് വർഷക്കാലയളവിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് നാമമാത്രമായ തുകയാണ് കേന്ദ്രവിഹിതമായി ലഭിച്ചിട്ടുള്ളത്. കൂടാതെ, ഓരോ പുതിയ ഫിഷിംഗ് ഹാർബർ/ഫിഷ് ലാന്റിംഗ് സെന്ററിന്റെയും നിർമ്മാണത്തിന് കേന്ദ്ര വിഹിതം 25 കോടി രൂപ മാത്രമായി കേന്ദ്ര സർക്കാർ ലിമിറ്റ് ചെയ്തിട്ടുണ്ട്. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് നിലവിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 372.12 കോടി രൂപയാണ് അനുവദിച്ചത്. ഇതിൽ കേന്ദ്ര വിഹിതമായി ലഭിക്കേണ്ടത് 247.07 കോടി രൂപയാണ്. എന്നാൽ നാളിതുവരെ 127.56 കോടി രൂപ മാത്രമാണ് കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ളത്. പദ്ധതി വിഹിതമായി ഇനിയും സംസ്ഥാന സർക്കാരിന് ലഭിക്കേണ്ടത് 119.50 കോടി രൂപയാണ്. 2016-17 സാമ്പത്തിക വർഷം 11.58 കോടി രൂപ മാത്രമാണ് ലഭിച്ചത്. 2017-18-ൽ തുകയൊന്നും ലഭിച്ചിട്ടില്ല. സംസ്ഥാനം കൂടുതലായി ചെലവഴിച്ച 84.65 കോടി രൂപ കേന്ദ്ര സർക്കാരിൽനിന്നും റീഇംബേഴ്സ് ചെയ്ത് സംസ്ഥാനത്തിന് ലഭിക്കേണ്ടതുണ്ട്.

(സി) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികൾക്ക് പൊതുവിതരണ സംവിധാനം മുഖേന മത്സ്യബന്ധനത്തിന് മണ്ണെണ്ണ സബ്സിഡി നിരക്കിൽ നൽകിവരുന്നു. പൊതുവിതരണ സംവിധാനത്തിൽ ലഭ്യമായ ക്വാട്ടയുടെ ഒരു പങ്കാണ് മത്സ്യത്തൊഴിലാളികൾക്ക് നൽകിവന്നിരുന്നത്. സംസ്ഥാനത്ത് വൈദ്യുതീകരണവും ഗ്യാസ് വിതരണവും വർദ്ധിച്ചതോടെ പി.ഡി.എസ്. മണ്ണെണ്ണയുടെ ക്വാട്ട കുറയുകയുണ്ടായി.

(ഡി) ഇത്തരം ആശങ്ക നിലനിൽക്കുന്നുണ്ട്.

(ഇ) കേന്ദ്ര സർക്കാർ അനുവദിച്ചുനൽകിയ ഡീസൽ സബ്സിഡി കേരളത്തിൽ വിതരണം ചെയ്യുന്നതിന് തടസ്സങ്ങളില്ല. ലിറ്ററൊന്നിന് 3 രൂപയാണ് സബ്സിഡി എന്നാൽ, ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്ന യാന ഉടമകൾക്കാണ് ഡീസൽ സബ്സിഡി അനുവദിക്കാൻ വ്യവസ്ഥയുള്ളത്. കേരളത്തിലെ യന്ത്രവൽകൃത യാന ഉടമകളിൽ ഭൂരിഭാഗവും എ.പി.എൽ. വിഭാഗത്തിൽപ്പെടുന്നവരാണ്.

**കടൽ മത്സ്യസമ്പത്ത് ചൂഷണം**

228 (6794) <u>ശ്രീ. ആർ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുനിന്നും മത്സ്യബന്ധനത്തിന് പോകുന്ന ബോട്ടുകൾ ചെറുമീനുകളെ പിടിക്കുന്നത് സംബന്ധിച്ച് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) കടൽ മത്സ്യസമ്പത്ത് ചൂഷണവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഔദ്യോഗിക നയം പ്രഖ്യാപിച്ചിട്ടുണ്ടോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഓരോ മത്സ്യബന്ധന തുറമുഖത്തുനിന്നും മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യബന്ധന യാനങ്ങൾ അതത് തുറമുഖങ്ങളിൽ രജിസ്റ്റർ ചെയ്യുകയോ രേഖപ്പെടുത്തുകയോ ചെയ്യുന്നതിന് സംവിധാനമുണ്ടോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) മത്സ്യബന്ധന ബോട്ടുകൾ ചെറുമീനുകളെ പിടിക്കുന്നത് തടയുന്നതിന് സർക്കാർ നിരവധി നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. പ്രധാനപ്പെട്ട മത്സ്യബന്ധന വലകളുടെ കുറഞ്ഞ കണ്ണിവലിപ്പം നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. 58 ഇനം മത്സ്യങ്ങളുടെ കാര്യത്തിൽ നിയമപരമായി പിടിച്ചെടുക്കാവുന്ന കുറഞ്ഞ വലിപ്പം (Minimum Legal Size) നിശ്ചയിച്ചിട്ടുണ്ട്. ചെറുമീനുകളെ പിടിച്ചുവരുന്ന യാനങ്ങളെ കണ്ടുകെട്ടുന്നതിനും പിഴ ചുമത്തുന്നതിനും മറ്റ് നിയമനടപടികൾ സ്വീകരിക്കുന്നതിനുമുള്ള വ്യവസ്ഥകൾ കേരള മറൈൻ ഫിഷറീസ് റഗുലേഷൻ ആക്ടിൽ (കെ.എം.എഫ്.ആർ. ആക്ട്) ഭേദഗതിയിലൂടെ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രഖ്യാപിച്ചിട്ടില്ല.

(സി) ഓരോ മത്സ്യബന്ധന തുറമുഖത്തുനിന്നും മത്സ്യബന്ധനത്തിനു പോകുന്ന മത്സ്യബന്ധന യാനങ്ങൾ അതത് തുറമുഖങ്ങളിൽ രജിസ്റ്റർ ചെയ്യുകയോ

രേഖപ്പെടുത്തുകയോ ചെയ്യുന്നതിന് നിലവിൽ സംവിധാനങ്ങൾ ഒന്നുംതന്നെയില്ല. എന്നാൽ ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ഇത്തരം ഒരു സംവിധാനം അനിവാര്യമാണെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ എൻ.ഐ.സി.-യുടെ നേതൃത്വത്തിൽ 'സാഗര' എന്ന ഒരു മൊബൈൽ ആപ്ലിക്കേഷൻ രൂപപ്പെടുത്തി പരീക്ഷിച്ച് വിജയിച്ചിട്ടുണ്ട്. ആയത് മത്സ്യത്തൊഴിലാളികളുടെ മൊബൈലിലേയ്ക്ക് ഡൗൺലോഡ് ചെയ്ത് നൽകുന്നമുറയ്ക്ക് മുകളിൽ പറഞ്ഞ സംവിധാനം പ്രാവർത്തികമാക്കാൻ കഴിയും.

## മത്സ്യമാർക്കറ്റുകളുടെ നവീകരണം

229 (6795) ശ്രീ. രാജു എബ്രഹാം :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യമാർക്കറ്റുകൾ നവീകരിക്കുന്നതിനും മാർക്കറ്റുകളിൽ ശുചിത്വം ഉറപ്പാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) മത്സ്യം കേടുകൂടാതെ കരയിൽ എത്തിക്കുന്നതിന് മത്സ്യബന്ധന വള്ളങ്ങളിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(സി) മൂല്യവർദ്ധിത മത്സ്യ ഉല്പന്ന നിർമ്മാണ യൂണിറ്റുകൾ, മത്സ്യം ഉണക്കുവാനുള്ള യൂണിറ്റുകൾ മുതലായവ ആരംഭിക്കുന്നതിനായി എന്തെല്ലാം സഹായമാണ് നിലവിൽ നല്കിവരുന്നതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ദേശീയ മത്സ്യവികസന ബോർഡ്/കേന്ദ്ര സർക്കാർ സഹായത്തോടെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന സംസ്ഥാനത്തെ മത്സ്യമാർക്കറ്റുകൾ ആധുനികവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിൻപ്രകാരം 39 മത്സ്യമാർക്കറ്റുകൾ നവീകരിക്കുന്നതിന് അനുമതി നൽകുകയും 34 എണ്ണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. നാല് മാർക്കറ്റുകളുടെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. ഒരു മാർക്കറ്റിന്റെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള ടെൻഡർ നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നു. ശുചിത്വം ഉറപ്പാക്കുന്നതിന് ഓരോ മത്സ്യ മാർക്കറ്റിലും പച്ച മത്സ്യത്തിനും ഉണക്കമത്സ്യത്തിനും പ്രത്യേകം പ്രത്യേകം സ്റ്റാളുകൾ, മത്സ്യം വൃത്തിയായി കഴുകുന്നതിനാവശ്യമായ സിങ്ക്,

മലിനജലം പൂർണ്ണമായും ഒഴുകിപ്പോകുന്ന രീതിയിലുള്ള ഡ്രെയിൻ, മത്സ്യം മുറിക്കുന്നതിനുള്ള സ്ലാബ് എന്നീ സംവിധാനത്തോടുകൂടിയ വിപണന സ്റ്റാളുകൾ, മത്സ്യം ലേലം ചെയ്യുന്നതിനായി ലേല ഹാൾ എന്നീ സൗകര്യങ്ങൾ നൽകിയിട്ടുണ്ട്. ഇതുകൂടാതെ ശുചിത്വം ഉറപ്പാക്കുന്നതിനായി മലിനജല സംസ്കരണ യൂണിറ്റും അധികം വരുന്ന മത്സ്യം കേടുകൂടാതെ സൂക്ഷിച്ചുവയ്ക്കുന്നതിനായി ചിൽ റൂം സംവിധാനവും ശുദ്ധമായ ഐസിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി ഫ്ലേക്ക് ഐസ് യൂണിറ്റും പ്രസ്തുത മത്സ്യമാർക്കറ്റുകളുടെ ഒരു സവിശേഷതയാണ്. എല്ലാ മാർക്കറ്റുകളിലും ടോയ്‌ലെറ്റ് സംവിധാനവും ഉറപ്പാക്കിയിട്ടുണ്ട്.

(ബി) പിടിച്ചെടുക്കുന്ന മത്സ്യം കേടുകൂടാതെ ഗുണനിലവാരം ഉറപ്പുവരുത്തി കൈകാര്യം ചെയ്യുന്നതിന് മത്സ്യത്തൊഴിലാളികൾക്ക് പരിശീലനം നൽകുകയും യാന പരിഷ്കരണവും മത്സ്യബന്ധന അനുബന്ധ ഉപകരണങ്ങൾ സൗജന്യമായി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഗുണനിലവാരം ഉറപ്പാക്കി മത്സ്യം കരയ്ക്ക് എത്തിക്കുന്നതിന് 460 ലിറ്റർ കപ്പാസിറ്റിയുള്ള ഇൻസുലേറ്റഡ് ബോക്സുകളും വിതരണം ചെയ്തിട്ടുണ്ട്. ഇതിനുപുറമേ മത്സ്യബന്ധനത്തിന് ആവശ്യമായ അത്യാധുനിക ചൂണ്ടകൾ, കൃത്രിമ ഇര, സിഗ്നൽ ലൈറ്റുകൾ, ജി.പി.എസ്., ലൈഫ് ജാക്കറ്റ് എന്നിവയും നൽകിയിട്ടുണ്ട്.

(സി) നവീന സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ട് മൂല്യവർദ്ധിത മത്സ്യഉൽപ്പന്നങ്ങൾ ഉണക്കി വിപണനം നടത്തുന്നതിന് സാഫിന്റെ നേതൃത്വത്തിൽ മത്സ്യത്തൊഴിലാളി സ്ത്രീകൾ അടങ്ങിയ 110 ഗ്രൂപ്പുകൾക്ക് തീരമൈത്രി പദ്ധതിയിലെ മൂല്യവർദ്ധിത മത്സ്യഉൽപ്പന്ന യൂണിറ്റ് മുഖേന ധനസഹായം നൽകിവരുന്നു. ഇത്തരത്തിൽ രൂപീകരിക്കപ്പെട്ട മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾ മേളകൾ വഴിയും എക്സിബിഷനുകൾ വഴിയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുണ്ടാക്കി വിപണനം നടത്തിവരുന്നു. സാഫ് ഡ്രൈഫിഷ് അപ്പെക്സ് ഫെഡറേഷൻ വഴി വിദേശ രാജ്യങ്ങളിലേയ്ക്കും എറണാകുളം ജില്ലയിലെ വിവിധ സൂപ്പർ മാർക്കറ്റുകളിലേയ്ക്കും ഗുണമേന്മയുള്ള ഉണക്കമത്സ്യങ്ങൾ വിപണനം ചെയ്യുന്നുണ്ട്.

**ബോട്ടിൽ ഉപയോഗിക്കുന്ന ഡീസലിന് റോഡ് സെസ്**

230 (6796) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡീസൽ വിലയിലെ കതിപ്പ് മത്സ്യമേഖലയിലുണ്ടാക്കുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റോഡ് സെസ് എന്ന പേരിൽ ഒരു രൂപ കൂടി ചുമത്തിയാണ് ഡീസൽ വില നിശ്ചയിക്കുന്നതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ റോഡിൽ കയറാത്ത ബോട്ട് പോലുള്ള വാഹനങ്ങൾക്ക് റോഡ് സെസ് ചുമത്തിയതിനുള്ള നീതീകരണമെന്താണ്;

(ഡി) സംസ്ഥാനത്തെ മത്സ്യമേഖലയിൽ പ്രതിദിനം ഒരു കോടി ലിറ്റർ ഡീസൽ ഉപയോഗിക്കുന്നുണ്ടെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ സെസ് ഇനത്തിൽ പ്രതിദിനം ഒരു കോടി രൂപ മത്സ്യമേഖലയിൽനിന്ന് ഈടാക്കുന്നതായ സാഹചര്യം പരിശോധിക്കുമോ?

<u>ഉത്തരം</u>

(എ) ഡീസൽ വിലവർദ്ധനവ് മത്സ്യബന്ധന യാനങ്ങളുടെ പ്രവർത്തനത്തെ ബാധിക്കുന്നുണ്ട്.

(ബി-ഇ) പരിശോധിച്ചിട്ടില്ല.

**മത്സ്യസംസ്കരണ വ്യവസായ മേഖല**

231 (T* 6797) <u>ശ്രീ. എം. സ്വരാജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മത്സ്യസംസ്കരണ വ്യവസായ മേഖലയിൽ എന്തെങ്കിലും പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഇവയുടെ വിശദാംശം അറിയിക്കുമോ;

(ബി) ഇത്തരത്തിൽ കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2017-18 വർഷത്തിൽ ശക്തികുളങ്ങരയിൽ 160 ലക്ഷം രൂപ മുതൽമുടക്കിൽ സംസ്ഥാന സർക്കാരും എൻ.എഫ്.ഡി.ബി.-യും തുല്യപങ്കാളിത്തത്തോടെ ഒരു കോമൺ പ്രീ-പ്രോസസ്സിംഗ് സെന്റർ തുടങ്ങുന്നതിന് ഭരണാനുമതി നൽകിയിരുന്നു. പദ്ധതിക്ക് എൻ.എഫ്.ഡി.ബി.-യുടെ അംഗീകാരം നാളിതുവരെ ലഭിച്ചിട്ടില്ല. ആയതിനാൽ പദ്ധതി ആരംഭിക്കാറായിട്ടില്ല.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ

232 (6798) ഡോ. എം. കെ. മുനീർ :
ശ്രീ. എം. ഉമ്മർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. പാറക്കൽ അബ്ദുല്ല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്ന കാര്യത്തിൽ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത വിഭാഗത്തിനുവേണ്ടിയുള്ള പഞ്ഞമാസ സമാശ്വാസപദ്ധതിയുടെ നടത്തിപ്പ് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇവരുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് 2016-17-ൽ എന്ത് തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ ഉന്നമനം ലക്ഷ്യമാക്കി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു;

1. ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ ഭവന പദ്ധതി
2. മത്സ്യത്തൊഴിലാളികൾക്കുള്ള ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി
3. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യ പി.എസ്.സി., ബാങ്ക്, സിവിൽ സർവ്വീസ് പരിശീലന പരിപാടി
4. മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാലയത്തിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് തടയൽ പദ്ധതി
5. മത്സ്യത്തൊഴിലാളി ഭവന പുനർവൈദ്യുതീകരണം
6. മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള ലംപ്സം ഗ്രാന്റ്, പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം ഇ-ഗ്രാന്റ് മുഖേന വിതരണം ചെയ്യുന്ന പദ്ധതി
7. ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള മത്സ്യത്തൊഴിലാളികൾക്ക് ആർ.എസ്.ബി.വൈ. മുഖേനയുള്ള സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

8. മെഡിക്കൽ ക്യാമ്പ്
9. മത്സ്യത്തൊഴിലാളികൾക്കുള്ള സമ്പാദ്യ സമാശ്വാസ പദ്ധതി
10. മത്സ്യ വിഭവ പരിപോഷണത്തിനായി സീ റാഞ്ചിംഗ് പദ്ധതി.

(ബി) ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കുവേണ്ടി സമ്പാദ്യ സമാശ്വാസ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. പദ്ധതിക്കുവേണ്ടി ഉൾനാടൻ മത്സ്യത്തൊഴിലാളികളിൽനിന്നും 250 രൂപ വീതമുള്ള 6 ഗഡുക്കളിലായി 1500 രൂപ സ്വീകരിക്കുകയും ഗുണഭോക്തൃ വിഹിതം ഉൾപ്പെടെ 4,500 രൂപ ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലായി ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യുകയും ചെയ്യുന്നു. 2017-18 സാമ്പത്തിക വർഷം സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ ഭാഗമായി 21,894 ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് 6,56,83,000 രൂപ അനുവദിച്ചിട്ടുണ്ട്. 2017-18 സമ്പാദ്യ സമാശ്വാസ പദ്ധതിക്കുവേണ്ടിയുള്ള ഗുണഭോക്തൃ വിഹിത ശേഖരണം ജില്ലകളിൽ പുരോഗമിക്കുന്നു.

(സി) മത്സ്യത്തൊഴിലാളികളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി 2016-17 സാമ്പത്തിക വർഷം ചെലവഴിച്ച തുക സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു;

മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം 1999.13 ലക്ഷം രൂപ, എസ്.സി.ആർ.എസ്. 3309.32 ലക്ഷം രൂപ, ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് 223.16 ലക്ഷം രൂപ, മത്സ്യത്തൊഴിലാളികൾക്കുള്ള പെൻഷൻ ആനുകൂല്യം വിതരണം ചെയ്യാൻ 6002 ലക്ഷം രൂപ, തണൽ പദ്ധതിക്കായി 3200 ലക്ഷം രൂപ എന്നിങ്ങനെ ചെലവഴിച്ചിട്ടുണ്ട്. ഉൾനാടൻ, തീരദേശം എന്ന തരത്തിൽ വേർതിരിച്ച കണക്ക് ലഭ്യമായിട്ടുള്ളത് സമ്പാദ്യ സമാശ്വാസ പദ്ധതിയുടേത് മാത്രമാണ്. സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ ഭാഗമായി ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് 2016-17 സാമ്പത്തിക വർഷം 3,74,07,200/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

## മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ശാക്തീകരണം

233 (6799) ശ്രീ. എസ്. ശർമ്മ :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. എം. നൗഷാദ് :
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ശാക്തീകരണത്തിനും ഉന്നമനത്തിനുമായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്;

(ബി) മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ശാക്തീകരണം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി 'സൊസൈറ്റി ഫോർ അസിസ്റ്റൻസ് റ്റു ഫിഷർ വുമൺ' എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്; അറിയിക്കുമോ;

(സി) മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ജീവനോപാധി പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും ചെറുകിട സംരംഭങ്ങളുടെ വികസനത്തിനും പ്രസ്തുത സൊസൈറ്റി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) തീരദേശ നൈപുണ്യം പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് എന്തെല്ലാം പ്രയോജനങ്ങളാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മത്സ്യത്തൊഴിലാളി സ്ത്രീകളുടെ സമഗ്ര വികസനത്തിനും ശാക്തീകരണത്തിനുംവേണ്ടി ഫിഷറീസ് വകുപ്പ് സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വിമെൻ (സാഫ്) എന്ന ഏജൻസി മുഖേന മത്സ്യത്തൊഴിലാളി വനിതകൾക്ക് തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിനായി തീരമൈത്രി എന്ന പദ്ധതിയും അഭ്യസ്തവിദ്യരായ മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ 35 വയസ്സിൽ താഴെ പ്രായമുള്ളവർക്കായി തീരനൈപുണ്യ പദ്ധതിയും തീരദേശങ്ങളിൽ സാഫ് മുഖേന ആരംഭിച്ചിട്ടുള്ള സൂപ്പർ മാർക്കറ്റ്, കമ്മ്യൂണിറ്റി പ്രൊവിഷൻ സ്റ്റോർ എന്നിവയിലൂടെ സിവിൽ സപ്ലൈസുമായി സഹകരിച്ച് മാവേലി ഉൽപ്പന്നങ്ങൾ നൽകുന്നതിനായി തീരമാവേലി എന്നീ പദ്ധതികളും നടപ്പിലാക്കിവരുന്നു. മത്സ്യഫെഡ് മുഖേന മത്സ്യത്തൊഴിലാളി ശാക്തീകരണത്തിനും ഉന്നമനത്തിനുമായി മത്സ്യ വിപണനത്തിന് പലിശരഹിത വായ്പാ പദ്ധതി പ്രകാരം വിതരണം ചെയ്തുവരുന്നു. കൂടാതെ എൻ.ബി.സി.എഫ്.ഡി.സി., എൻ.എം.ഡി.എഫ്.സി. എന്നീ കേന്ദ്ര ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി വനിത സ്വയം സഹായ ഗ്രൂപ്പുകൾക്ക് മൈക്രോ ഫൈനാൻസ് വായ്പാ പദ്ധതിയും നടപ്പിലാക്കിവരുന്നു.

(ബി) മത്സ്യത്തൊഴിലാളി സ്ത്രീകളുടെ സമഗ്ര വികസനത്തിനും ശാക്തീകരണത്തിനുംവേണ്ടി ഫിഷറീസ് വകുപ്പ് സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വിമൻ (സാഫ്) മുഖേന മത്സ്യത്തൊഴിലാളി സ്ത്രീകളുടെ തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിന് 2 മുതൽ 4 പേരടങ്ങുന്ന ഗ്രൂപ്പുകൾ രൂപീകരിച്ച് അവർക്ക് ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒരംഗത്തിന് 75,000 രൂപ വീതം പരമാവധി 3 ലക്ഷം രൂപ വരെ ഗ്രാന്റായി നൽകിവരുന്നു. കൂടാതെ ഇത്തരം സംരംഭങ്ങളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിന് സാഫ് മുഖേന തീരമൈത്രി പദ്ധതിയിലൂടെ പലിശരഹിത വായ്പാ പദ്ധതി, ഉചിതമായ

പ്രവർത്തനത്തിലേക്ക് മാറുന്നതിനുള്ള ധനസഹായം, സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള ധനസഹായം, സാങ്കേതിക വിദ്യാ നവീകരണത്തിനായി ഫണ്ട്, ഉൽപ്പന്നങ്ങൾക്ക് മാർക്കറ്റ് കണ്ടെത്തുന്നതിനുള്ള സഹായം, വിവിധ തരത്തിലുള്ള മാനേജ്മെന്റ് പരിശീലനങ്ങൾ, സാങ്കേതിക നൈപുണ്യ പരിശീലനങ്ങൾ, സൗജന്യ മെഡിക്കൽ ക്യാമ്പ്, ലഹരി വിമുക്തിക്കായി ബോധവൽക്കരണ പദ്ധതി തുടങ്ങിയ ഘടകങ്ങൾ നടപ്പിലാക്കിവരുന്നു. കൂടാതെ തീരനൈപുണ്യ, തീരമാവേലി എന്നീ പദ്ധതികളും മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ഉന്നമനത്തിനായി സാഫ് മുഖേന നടപ്പിലാക്കുന്നു.

(സി) സാഫിനുകീഴിൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ള ഗ്രൂപ്പുകൾക്ക് അവരുടെ സുസ്ഥിരമായ നിലനിൽപ്പിനും പുരോഗതിക്കുമായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു;

1. മത്സ്യത്തൊഴിലാളി സ്ത്രീകളുടെ തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിന് 3 മുതൽ 4 പേരടങ്ങുന്ന ഗ്രൂപ്പുകൾ രൂപീകരിച്ച് അവർക്ക് ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒരംഗത്തിന് 75,000 രൂപ വീതം പരമാവധി 3 ലക്ഷം രൂപ വരെ ഗ്രാന്റായി നൽകി വരുന്നു.

2. പ്രവർത്തന മൂലധനം വർദ്ധിപ്പിക്കുന്നതിനായി പരമാവധി ഒരു ലക്ഷം രൂപ വരെ പലിശയില്ലാ വായ്പ നൽകുന്നു.

3. സാങ്കേതികവിദ്യ നവീകരണത്തിന്റെ ഭാഗമായി പുതിയ ഉപകരണങ്ങൾ വാങ്ങുന്നതിനായി 25,000 രൂപ വരെ ഗ്രാന്റ് നൽകുന്നു.

4. നവീന സാങ്കേതികവിദ്യ ഉപയോഗിച്ച് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി വിവിധ പരിശീലനങ്ങൾ നൽകിവരുന്നു.

5. ഗ്രൂപ്പുകളുടെ ഉൽപ്പന്നങ്ങൾക്ക് മാർക്കറ്റ് കണ്ടെത്തുന്നതിന്റെ ഭാഗമായി വിവിധ മേളകൾ, എക്സിബിഷനുകൾ എന്നിവയിൽ ഉൽപ്പന്നങ്ങളുടെ പ്രദർശനവും വിൽപ്പനയും നടത്തുന്നതിനായി സഹായിക്കുന്നു.

6. ഗ്രൂപ്പിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി 1,50,000 രൂപ വരെ തിരിച്ചടവില്ലാത്ത ഗ്രാന്റ് നൽകുന്നു.

7. ഉചിത മാർഗ്ഗത്തിലേയ്ക്ക് ഗ്രൂപ്പുകൾക്ക് പ്രവർത്തനം മാറ്റുന്നതിനായി 50,000 രൂപ വരെ ധനസഹായം നൽകിവരുന്നു.

(ഡി) പ്ലസ്ടു വിദ്യാഭ്യാസം പൂർത്തിയാക്കിയ മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ അഭ്യസ്തവിദ്യരായ യുവതികൾക്ക് വ്യക്തിത്വ വികസനം, നേതൃത്വപാടവം, ആശയവിനിമയശേഷി തുടങ്ങിയ മേഖലകളിൽ പരിശീലനം നൽകി സർവ്വീസ് മേഖലകളിലും ടൂറിസ്റ്റ് ഗൈഡ്, കസ്റ്റമർ സർവ്വീസ് തുടങ്ങി വിവിധ മേഖലകളിൽ ജോലിക്ക് പ്രാപ്തരാക്കുന്നതിനുവേണ്ടിയുള്ള പദ്ധതിയാണിത്. വിദ്യാർത്ഥികൾക്കായി ഒരു മാസത്തെ ക്ലാസ്സും പരിശീലനവും ഒരു മാസത്തെ തൊഴിൽ പരിശീലനവും നൽകുന്നു. പരിശീലനം പൂർത്തിയാക്കിയ വളരെയധികം കുട്ടികൾ വിവിധ മേഖലകളിൽ തൊഴിൽ നേടിയിട്ടുണ്ട്. തൊഴിൽ പരിശീലനത്തിനായി വിദ്യാർത്ഥികളുടെ അഭിരുചിക്കനുസരിച്ച് സർക്കാർ/ അർദ്ധസർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ കുട്ടികളെ അയച്ച് പരിശീലനം നൽകുന്നു. പരിശീലന സമയത്ത് ഓരോ വിദ്യാർത്ഥിക്കും പ്രതിമാസം 2500 രൂപ വച്ച് സ്റ്റൈപ്പന്റായി നൽകുന്നുണ്ട്. കൂടാതെ പഠനോപകരണങ്ങൾ, യൂണിഫോം, ഐഡന്റിറ്റി കാർഡ്, ലഘുഭക്ഷണം എന്നിവയും ഓരോ വിദ്യാർത്ഥിക്കും നൽകുന്നുണ്ട്. കോഴ്സ് പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റും വിതരണം ചെയ്യുന്നുണ്ട്. ഇത്തരത്തിൽ പരിശീലനം പൂർത്തിയാക്കിയ ധാരാളം യുവതികൾ വിവിധ സ്ഥാപനങ്ങളിൽ ജോലി ചെയ്തുവരുന്നു.

## മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം ആവിഷ്കരിച്ചിട്ടുളള പദ്ധതി

234 (6800) <u>ശ്രീ. ഹൈബി ഈഡൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളെ ചൂഷണംചെയ്യുന്ന ഇടനിലക്കാരുടെ ഇടപെടൽ നിയന്ത്രിക്കുന്നതിന് മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം ആവിഷ്കരിച്ചിട്ടുള്ള പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ;

(ബി) മത്സ്യലേലവും വിപണനവും നിയന്ത്രിക്കുന്നതിന് നിയമനിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(സി) ഗുണനിലവാരമുള്ള മത്സ്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് സഹകരണ സംഘങ്ങൾ മുഖേന നടപ്പാക്കുന്ന പദ്ധതി വിജയപ്രദമാണോ;

(ഡി) എൻ.എഫ്.ഡി.ബി -യുടെ സഹകരണത്തോടെ മത്സ്യമാർക്കറ്റുകൾ ആധുനികവൽക്കരിക്കുന്ന പദ്ധതി ഇനിയും പൂർത്തിയാകാനുള്ളത് എവിടെയെല്ലാമാണ്; വിശദമാക്കാമോ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾ സ്വായത്തമാക്കുന്നതിന് വായ്പ അനുവദിക്കുകയും മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മത്സ്യം ലേലം ചെയ്യുന്ന പദ്ധതിയാണ് നിലവിൽ സംഘങ്ങൾ നടത്തിവരുന്നത്. ഇതുവഴി മത്സ്യബന്ധന മേഖലയിൽ ഗ്രൂപ്പടിസ്ഥാനത്തിൽ ഉടമസ്ഥാവകാശം സ്ഥാപിക്കാനും ഏകീകൃത രീതിയിൽ ലേലം സംഘടിപ്പിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. പ്രാഥമിക സഹകരണ സംഘങ്ങൾ വഴി നിലവിൽ ഏകദേശം 350 കോടി രൂപയുടെ ലേലം നടത്തിവരുന്നു.

(ബി) മത്സ്യലേലവും വിപണനവും നിയന്ത്രിക്കുന്നത് സംബന്ധിച്ചുള്ള നിയമനിർമ്മാണം സജീവ പരിഗണനയിലാണ്.

(സി) മത്സ്യഫെഡിന്റെ 31 ഫിഷ് മാർട്ടുകൾ വഴി മത്സ്യം വിപണനം ചെയ്തുവരുന്നു. മിക്കവാറും ഫിഷ് മാർട്ടുകൾ മികച്ച രീതിയിൽ പ്രവർത്തിച്ചുവരുന്നു.

(ഡി) എൻ.എഫ്.ഡി.ബി.-യുടെ സഹകരണത്തോടെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന സംസ്ഥാനത്തെ മത്സ്യമാർക്കറ്റുകൾ ആധുനികവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിൻപ്രകാരം 37 മത്സ്യമാർക്കറ്റുകൾ നവീകരിക്കുന്നതിന് അനുമതി നൽകുകയും 34 എണ്ണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 3 മാർക്കറ്റുകളുടെ നിർമ്മാണം പൂർത്തീകരിച്ചു വരുന്നു. തിരുവനന്തപുരം ജില്ലയിലെ പാങ്ങോട്, വിതുര, കോട്ടയം ജില്ലയിലെ കോടിമാതാ എന്നീ മത്സ്യമാർക്കറ്റുകളുടെ നിർമ്മാണം ഇനിയും പൂർത്തിയാകാനുണ്ട്.

## മത്സ്യത്തൊഴിലാളികളുടെ വീടുകൾ

235 (6801) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനത്തിനെ ആശ്രയിച്ച് ജീവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് കാലപ്പഴക്കത്താൽ തകർന്ന ഓല ഷെഡുകൾക്ക് പകരം പുതിയ വീട് നിർമ്മിക്കുന്നതിന് തീരദേശസംരക്ഷണ നിയമപ്രകാരം അനുമതി ലഭ്യമാക്കാനാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വ്യക്തമാക്കാമോ?

(ബി) ഇങ്ങനെ അനുമതി ലഭിക്കാതെതന്നെ മത്സ്യത്തൊഴിലാളി കുടുംബങ്ങൾ നിർമ്മിച്ച ചെറിയ കോൺക്രീറ്റ്, ഓട് വീടുകൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ അനധികൃത കെട്ടിടങ്ങളായി കണക്കാക്കി നമ്പരിടുകയും സാധാരണ നികുതിയിലും മൂന്നിരട്ടി വരുന്ന തുക നികുതി ചുമത്തുകയും ചെയ്യുന്നത് ഒഴിവാക്കുന്ന കാര്യത്തിൽ ഫിഷറീസ് വകുപ്പ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് തീരപ്രദേശത്ത് താമസിക്കുന്ന മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ളവരുടെ വീടുകൾ നിർമ്മിക്കുന്നതിന് സി.ആർ.ഇസഡ്. ക്ലിയറൻസ് ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളിലാണ് അപേക്ഷകൾ നൽകേണ്ടത്. പരിസ്ഥിതി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി (സി.ഇസഡ്.എം.എ.) ആണ് സി.ആർ.ഇസഡ്. ക്ലിയറൻസ് നൽകുന്നത്.

(ബി) കെട്ടിടങ്ങൾക്ക് നമ്പറിടുകയും നികുതി ചുമത്തുകയും ചെയ്യുന്നത് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേനയാണ്. ഇത്തരത്തിലുള്ള നികുതി ഒഴിവാക്കുന്ന കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടത് തദ്ദേശസ്വയംഭരണ വകുപ്പാണ്.

**മത്സ്യത്തൊഴിലാളി ഭവനങ്ങൾക്ക് സി.ആർ.ഇസഡ്. ക്ലിയറൻസ്**

236 (6802) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ തീരപ്രദേശത്ത് താമസിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് വീടുകൾ നിർമ്മിക്കുന്നതിനുള്ള അപേക്ഷകൾ വേഗത്തിൽ തീർപ്പുകൽപ്പിക്കുന്നതിനുള്ള നടപടികൾ (സി.ആർ.ഇസഡ്.ക്ലിയറൻസ്) സ്വീകരിച്ചിട്ടുണ്ടോ;എങ്കിൽ ആയതിനുവേണ്ടി എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

സംസ്ഥാനത്ത് തീരപ്രദേശത്ത് താമസിക്കുന്ന മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ളവരുടെ വീടുകൾ നിർമ്മിക്കുന്നതിന് സി.ആർ.ഇസഡ്. ക്ലിയറൻസ് ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പിലാണ് അപേക്ഷ നൽകേണ്ടത്. പരിസ്ഥിതി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയാണ് സി.ആർ.ഇസഡ്. ക്ലിയറൻസ് നൽകുന്നത്. സി.ആർ.ഇസഡ്. ക്ലിയറൻസിനുവേണ്ടി കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയിൽ ലഭ്യമായ അപേക്ഷകൾ തീർപ്പാക്കി വരികയാണ്. 66$m^2$ വരെ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് സി.ആർ.ഇസഡ്. ക്ലിയറൻസ് നൽകുന്നതിനുള്ള അധികാരവും കടൽത്തീരമാണെങ്കിൽ അവികസിത മേഖലയ്ക്ക് (എൻ.ഡി.ഇസഡ്.) പുറത്ത് 200 മീറ്ററിനും 500 മീറ്ററിനും ഇടയിലുള്ള 250$m^2$

വരെ തറവിസ്തീർണ്ണമുള്ള ഭവന നിർമ്മാണത്തിനും കായൽ തീരത്ത് വേലിയേറ്റ രേഖയിൽനിന്നും 100 മീറ്ററിനുള്ളിൽ $250m^2$ വരെ തറ വിസ്തീർണ്ണമുള്ള ഭവന നിർമ്മാണത്തിനും സി.ആർ.ഇസഡ്. ക്ലിയറൻസ് നൽകുന്നതിനുള്ള അധികാരം കേരള തീരദേശ പരിപാലന അതോറിറ്റിയുടെ ജില്ലാതല കമ്മിറ്റികൾക്ക് കൈമാറിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും ജില്ലാതല കമ്മിറ്റികൾ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ പരിസ്ഥിതി വകുപ്പ് സ്വീകരിച്ചു വരികയുമാണ്.

**മത്സ്യബന്ധനത്തൊഴിലാളികൾക്കായി സമ്പൂർണ്ണ ഭവനനിർമ്മാണം**

237 (6803) <u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനത്തൊഴിലാളികൾക്കായി ഏർപ്പെടുത്തുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) 2017-18-ൽ പ്രഖ്യാപിച്ച സമഗ്ര ഭവനനിർമ്മാണ പദ്ധതി പൂർണ്ണതോതിൽ പ്രാവർത്തികമാക്കിയിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ;

(ഡി) കടലാക്രമണം രൂക്ഷമായ പ്രദേശങ്ങളിൽ താമസിക്കുന്നവരെ സുരക്ഷിതമായി പുനരധിവസിപ്പിക്കുന്നതിന് ആവിഷ്കരിച്ച പദ്ധതി എവിടെയൊക്കെ നടപ്പിലാക്കിയിട്ടുണ്ട്; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പദ്ധതി പൂർണ്ണതോതിൽ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(സി) കടലാക്രമണം രൂക്ഷമായതും തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ വസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിൽ മത്സ്യത്തൊഴിലാളികളുടെ "അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും" എന്നതിൽപ്പെടുത്തി 150 കോടി രൂപയുടെ ഭവന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു;

| ക്രമ നമ്പർ | പദ്ധതി ഘടകങ്ങൾ | വകയിരുത്തിയ തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | 50 മീറ്ററിനുള്ളിൽ വസിക്കുന്നവരും CRZ അനുവദനീയ സ്ഥലങ്ങളിൽ സ്വന്തം ഭൂമിയുള്ളവരുമായ 1200 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം @ 4 ലക്ഷം രൂപ | 4800.00 |
| 2 | 50 മീറ്ററിനുള്ളിൽ വസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി 750 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് ധനസഹായം @ 10 ലക്ഷം രൂപ | 7500.00 |
| 3 | തീരദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധി വസിപ്പിക്കുന്നതിനായി ഒരു ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് | 700.00 |
| 4 | 200 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധി വസിപ്പിക്കുന്നതിന് 25 ഫ്ലാറ്റ് അപ്പാർട്ട്മെന്റുകളുടെ നിർമ്മാണം | 2000.00 |
| ആകെ | | 15000.00 |

പദ്ധതിപ്രകാരം ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് ജില്ലാ ഓഫീസുകൾ മുഖേന അപേക്ഷകൾ ക്ഷണിക്കുകയും ഇതിന്റെ ഫീൽഡ് ലെവൽ പരിശോധന അർഹരായവരിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുന്ന നടപടികൾ പുരോഗമിച്ചുവരികയാണ്.

ഭൂരഹിതരും ഭവനരഹിതരുമായ മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പി ക്കുന്നതിനായി തിരുവനന്തപുരം മുട്ടത്തറ വില്ലേജിൽ 3.5 ഏക്കർ സ്ഥലത്ത് 192 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള ഫ്ലാറ്റ് സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

കൂടാതെ, തിരുവനന്തപുരം കാരോട് വില്ലേജിൽ ഫിഷറീസ് വകുപ്പ് വിലയ്ക്ക് വാങ്ങിയ 105.55 ആർ സ്ഥലത്ത് 128 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള ഫ്ലാറ്റ് അപ്പാർട്ട്മെന്റ് നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കടൽത്തീരത്ത് 50 മീറ്ററിന് പുറത്തുള്ള ഭവനരഹിത ഭൂരഹിത മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ലൈഫ് പദ്ധതിയിൽ ഭവനം ലഭിക്കുന്നതാണ്.

(ഡി) സംസ്ഥാനത്ത് കടലാക്രമണത്തിൽ വീടും ഭൂമിയും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന്റെ ആദ്യഘട്ടമെന്ന നിലയിൽ 248 കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് നിർമ്മിക്കുന്നതിനായി 25 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതി പ്രകാരം യൂണിറ്റിന് 10 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി പ്രവർത്തനങ്ങൾക്കായി ആകെ 572 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ഈ തുക തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ എന്നീ ജില്ലകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

**മത്സ്യബന്ധന ബോട്ടിന് ഡീസൽ സബ്സിഡി**

238 (6804) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു ബോട്ട് മത്സ്യബന്ധനത്തിനായി കടലിലേക്ക് പോകുമ്പോൾ ഏകദേശം 4000-5000 ലിറ്റർ ഡീസലുമായാണ് പോകുന്നതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോയെന്നറിയിക്കുമോ;

(ബി) ഡീസലിന് ലിറ്ററിന് 10 രൂപ വർദ്ധനവുണ്ടായപ്പോൾ ഒരു ട്രിപ്പിന് തന്നെ ഒരു ബോട്ടിന് 40,000-50,000 രൂപയുടെ അധിക ചെലവ് വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതിനനുസൃതമായി മത്സ്യ വിലയിൽ വർദ്ധനവ് വരുത്താനാകാത്ത സാഹചര്യം പരിശോധിക്കുകയുണ്ടായോ;

(ഡി) ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ മത്സ്യമേഖലയിൽ ഡീസലിന് സബ്സിഡി ഇല്ലാത്തത് കേരളത്തിൽ മാത്രമാണെന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ദീർഘനാൾ കടലിൽ തങ്ങി മത്സ്യബന്ധനം നടത്തുന്ന ചില മത്സ്യബന്ധന ബോട്ടുകൾ കൂടുതൽ ഡീസൽ കൊണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഡീസൽ വില വർദ്ധനവ്, മത്സ്യബന്ധന ചെലവ് കൂടാൻ ഇടയാക്കും.

(സി) മത്സ്യവിലയിലും വർദ്ധനവ് ഉണ്ടാകുന്നുണ്ട്.

(ഡി) കേന്ദ്ര സർക്കാർ അനുവദിക്കുന്ന ഡീസൽ സബ്സിഡി കേരളത്തിൽ അനുവദിക്കുന്നതിന് നിലവിൽ തടസ്സങ്ങൾ ഒന്നുംതന്നെയില്ല. എന്നാൽ ഡീസൽ സബ്സിഡി ലഭ്യമാകണമെങ്കിൽ മത്സ്യബന്ധന യാന ഉടമ ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്ന വ്യക്തിയായിരിക്കണം. കേരളത്തിലെ യാന ഉടമകൾ ഭൂരിഭാഗം പേരും എ.പി.എൽ. വിഭാഗത്തിൽപ്പെടുന്നവരാണ്. ആയതിനാൽത്തന്നെ അപേക്ഷകരെ ലഭ്യമാകാത്ത സാഹചര്യമാണ് നിലവിലുള്ളത്.

## നല്ല മത്സ്യം ലഭ്യമാക്കുന്നതിന് നടപടി

239 (6805) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> :
<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പിന്റെകീഴിൽ നല്ല മത്സ്യം ജനങ്ങൾക്ക് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) പലപ്പോഴും ശാസ്ത്രീയമായി മത്സ്യം സൂക്ഷിക്കുന്നില്ലെന്ന പരാതി നിലവിലുണ്ടോ;

(സി) കടലിൽനിന്നും പിടിക്കുന്ന മത്സ്യം സൂക്ഷിക്കുന്ന രീതി വ്യക്തമാക്കുമോ;

(ഡി) കേടുകൂടാതെ സൂക്ഷിക്കുന്ന രീതി എങ്ങനെയെന്ന് വ്യക്തമാക്കുമോ;

(ഇ) മത്സ്യത്തിൽ ഐസ് ഇടാൻ പാടില്ലെന്ന മത്സ്യക്കച്ചവടക്കാരുടെ അഭിപ്രായത്തിൻമേലുള്ള വിദഗ്ദ്ധാഭിപ്രായം ലഭ്യമാക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സ്വീകരിക്കുന്നതാണ്.

(ബി) പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മത്സ്യബന്ധനം മുതൽ അന്തിമഉപഭോക്താവിൽ എത്തുന്നതുവരെ മത്സ്യത്തിന്റെ ഗുണമേന്മ നിലനിർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കടലിൽനിന്നും പിടിക്കുന്ന മത്സ്യം യാനങ്ങളിലെ മത്സ്യ സംഭരണികളിൽ നിശ്ചിത അനുപാതത്തിൽ മത്സ്യവും ഐസും ചേർത്തോ ഇൻസുലേറ്റഡ് ബോക്സുകളിലോ കരയിലെത്തിക്കുന്നു.

(ഡി) കടലിൽനിന്ന് പിടിക്കുന്ന മത്സ്യം ഐസ് ചെയ്ത് കരയ്ക്കെത്തിക്കുന്നു. ആഭ്യന്തര വിപണിയിലേയ്ക്കുള്ള മത്സ്യം സാധാരണയായി ഐസ് ചെയ്തും വിദേശ വിപണിയിലേയ്ക്കുള്ളത് ഫ്രീസ് ചെയ്തുമാണ് സൂക്ഷിക്കുന്നത്.

(ഇ) മത്സ്യം സൂക്ഷിക്കുന്നതിന് ഐസ് ഉപയോഗിക്കുക തന്നെയാണ് നിലവിലെ ഏറ്റവും ചെലവ് കുറഞ്ഞതും ഫലപ്രദവുമായ രീതി. ഐസ് ഗുണനിലവാരമുള്ളതാണെന്ന് ഉറപ്പാക്കുകയും മറ്റ് രാസവസ്തുക്കൾ ഐസിനൊപ്പം ഉപയോഗിക്കാതിരിക്കുകയും ചെയ്താൽ മത്സ്യം സൂക്ഷിക്കുന്നതിന് ഐസ് ഉപയോഗിക്കുന്നത് നല്ലതാണ്. ഈ രീതി ലോകമെമ്പാടും നിലവിൽ പ്രയോഗത്തിലുള്ളതാണ്.

## ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യസമ്പത്ത്

240 (6806) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യസമ്പത്ത് നിലനിർത്തുന്നതിനുവേണ്ടി നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(ബി) സംസ്ഥാനത്തെ പുഴകളിലേക്കും കായലുകളിലേക്കും വൻതോതിൽ വ്യവസായ മാലിന്യങ്ങളുൾപ്പെടെ നിക്ഷേപിക്കുന്ന പ്രവണത വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ നമ്മുടെ ജലാശയങ്ങളിലെ പരമ്പരാഗത മത്സ്യ ഇനങ്ങളെ വംശനാശം സംഭവിക്കാതെ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കുമോ?

### ഉത്തരം

(എ) ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുവേണ്ടി മത്സ്യക്കുഞ്ഞുങ്ങളെ ഉൾനാടൻ ജലാശയങ്ങളിൽ നിക്ഷേപിക്കുന്ന പദ്ധതി നിലവിലുണ്ട്. 2017-18 സാമ്പത്തിക വർഷം 253 ലക്ഷം രൂപ വകയിരുത്തുകയും 14 ജില്ലകളിലായി കാർപ്പ്, ആറ്റുകൊഞ്ച്, കരിമീൻ, കണമ്പ്, പൂമീൻ, ചെമ്മീൻ മുതലായവയുടെ മത്സ്യക്കുഞ്ഞുങ്ങളെ ഉൾനാടൻ ജലാശയങ്ങളിൽ നിക്ഷേപിച്ച് ടി

പദ്ധതി നടപ്പിലാക്കുകയും ചെയ്തു. കൂടാതെ ആവാസ വ്യവസ്ഥ പുനഃസ്ഥാപിക്കുന്നതിനും മത്സ്യങ്ങളുടെ പ്രജനനം ഫലപ്രദമായി നടന്ന് കൂടുതൽ മത്സ്യങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനുംവേണ്ടി സ്വാഭാവിക മത്സ്യ പ്രജനന കേന്ദ്രങ്ങൾ സ്ഥാപിക്കുന്ന പദ്ധതിക്ക് 2017-18 സാമ്പത്തിക വർഷം 20 ലക്ഷം രൂപ വകയിരുത്തുകയും ആയതനുസരിച്ച് അഷ്ടമുടി കായൽ, വേമ്പനാട് കായൽ, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ കായലുകൾ എന്നിവിടങ്ങളിൽ മത്സ്യ സങ്കേതങ്ങൾ സ്ഥാപിക്കുന്നതിന് കൊല്ലം, കോട്ടയം, കോഴിക്കോട്, കണ്ണൂർ ജില്ലകൾക്ക് 5 ലക്ഷം രൂപ വീതം അനുവദിക്കുകയും ആയത് നടപ്പിലാക്കി വരികയും ചെയ്യുന്നു.

(ബി) സംസ്ഥാനത്തെ പുഴകളിലേയ്ക്കും കായലുകളിലേയ്ക്കും വൻതോതിൽ വ്യവസായ മാലിന്യങ്ങൾ ഉൾപ്പെടെ നിക്ഷേപിക്കുന്ന പ്രവണത വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ നമ്മുടെ ജലാശയങ്ങളിലെ പരമ്പരാഗത മത്സ്യ ഇനങ്ങളെ വംശനാശം സംഭവിക്കാതെ സംരക്ഷിക്കുന്നതിന് സംരക്ഷിത മേഖലകളിൽ മത്സ്യസങ്കേതങ്ങൾ സ്ഥാപിക്കുന്നതിന് 2017-18 സാമ്പത്തിക വർഷത്തിൽ 20 ലക്ഷം രൂപ വകയിരുത്തുകയും കൊല്ലം, കോട്ടയം, കോഴിക്കോട്, കണ്ണൂർ ജില്ലകൾക്ക് ടി തുക അനുവദിച്ച് പദ്ധതി നടപ്പിലാക്കിവരികയും ചെയ്യുന്നു. 2018-19 സാമ്പത്തിക വർഷവും ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതിയിൽ തനത് മത്സ്യങ്ങളായ കരിമീൻ, കണമ്പ്, പൂമീൻ, ചെമ്മീൻ മുതലായ മത്സ്യങ്ങളുടെ കുഞ്ഞുങ്ങളെ നിക്ഷേപിക്കുകയും ചെയ്തു. 2018-19 സാമ്പത്തിക വർഷവും ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## മത്സ്യമേഖലയിൽ പുതിയ നിയമനിർമ്മാണം

241 (6807) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. കെ. രാജൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യലേലം, വിപണനം, ഗുണമേന്മാ പരിപാലനം എന്നീ മേഖലകളുമായി ബന്ധപ്പെട്ട നിയമം കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) ശുചിത്വം ഉറപ്പാക്കി സുരക്ഷിതമായി ഭക്ഷിക്കാവുന്ന മത്സ്യം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് മത്സ്യബന്ധനം, സംഭരണം, വിതരണം, വില്പന എന്നീ മേഖലകളെ ബന്ധിപ്പിച്ചുകൊണ്ട് നിയമനിർമ്മാണം നടത്തുമോ;

(സി) ഇടത്തട്ടുകാരുടെ ചൂഷണത്തിൽനിന്ന് മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) മത്സ്യത്തിന്റെ മിനിമം വിപണന വില നിശ്ചയിക്കുന്നത് സർക്കാരായിരിക്കുമോയെന്ന് അറിയിക്കുമോ;

(ഇ) മത്സ്യമേഖലയുമായി ബന്ധപ്പെട്ട ഐസ് പ്ലാന്റുകൾ, ശീതീകരണ സംഭരണികൾ, സംസ്കരണത്തിന് മുമ്പുള്ള സംഭരണകേന്ദ്രങ്ങൾ, സംസ്കരണ കേന്ദ്രങ്ങൾ, മത്സ്യം വഹിക്കുന്ന വാഹനങ്ങൾ എന്നിവയ്ക്കെല്ലാം ശുചിത്വമാനദണ്ഡങ്ങൾ നിർണ്ണയിച്ച് നൽകുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. മത്സ്യലേലം, വിപണനം, ഗുണനിലവാരം, പരിപാലനം എന്നിവയുടെ ക്രമീകരണവും നിയന്ത്രണവും ലക്ഷ്യമിട്ട് കേരള മത്സ്യലേല വിപണന ഗുണനിലവാര പരിപാലനം ബിൽ 2018-ൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

(സി) മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന് ന്യായവില ഉറപ്പുവരുത്തുന്നതിനും ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കുന്നതിനും അതിലൂടെ മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം ഉയർത്തുന്നതിനും ലക്ഷ്യമിട്ടാണ് മത്സ്യലേലം, വിപണനം, ഗുണനിലവാരം എന്നിവ സംബന്ധമായി നിയമനിർമ്മാണം നടത്താൻ ആലോചിക്കുന്നത്. ആദ്യവിൽപ്പനയ്ക്കുള്ള അവകാശം മത്സ്യത്തൊഴിലാളികൾക്ക് ഉറപ്പാക്കാനും മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘംവഴി ലേലം നടത്തുന്നതിനും ലേലക്കാർക്ക് ലൈസൻസ് ഏർപ്പെടുത്തുന്നതിനും ലക്ഷ്യമിടുന്നു.

(ഡി) മത്സ്യത്തിന് മിനിമം വിൽപ്പനവില നിശ്ചയിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

(ഇ) മത്സ്യലേലം, വിപണനം, സംഭരണം എന്നിവ നിയമംമൂലം നിയന്ത്രിക്കുന്ന സാഹചര്യം ഉണ്ടാകുമ്പോൾ നിലവിലുള്ള സംഭരണം, വിതരണം, മത്സ്യം വഹിക്കുന്ന വാഹനങ്ങൾ എന്നിവയുടെ ശുചിത്വ മാനദണ്ഡങ്ങൾ നിർണ്ണയിക്കുന്നതാണ്.

## മത്സ്യബന്ധന മേഖലയുടെ വികസനത്തിനായി നൂതന പദ്ധതികൾ

242 (6808) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. കെ. ആൻസലൻ :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. ആർ. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന മേഖലയുടെ വികസനത്തിനായി ആവിഷ്കരിക്കാനുദ്ദേശിക്കുന്ന നൂതന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) സമുദ്ര മത്സ്യബന്ധന മേഖലയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി സാമ്പത്തിക വളർച്ചയ്ക്കും ഭക്ഷ്യസുരക്ഷയ്ക്കും പോഷകാഹാരത്തിനും വേണ്ടി മത്സ്യബന്ധന മേഖലയിൽ സുസ്ഥിരമായ വളർച്ച ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഉൾനാടൻ ജലസ്രോതസ്സുകളിലെ അക്വാകൾച്ചറിന്റെ വളർച്ച, വിളവെടുത്ത മത്സ്യത്തിന്റെ പൂർണ്ണമായ വിനിയോഗം, മൂല്യവർദ്ധനവ് എന്നിവയ്ക്കായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ഡി) ഭാവിഉദ്യമങ്ങളിൽ മത്സ്യവിഭവ സംരക്ഷണത്തിനും ഹാനികരമായ മത്സ്യബന്ധന രീതികൾ ഇല്ലാതാക്കുന്നതിനും കൂടുതൽ പ്രാധാന്യം നൽകുമോ;

(ഇ) പ്രസ്തുത പ്രവർത്തനങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സജീവ പങ്കാളിത്തവും സംഭാവനയും ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മത്സ്യബന്ധന മേഖലയുടെ വികസനത്തിനായി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്ന നൂതന പദ്ധതികൾ ചുവടെ ചേർക്കുന്നു;

1. ഓഖി ബാധിതരായ മത്സ്യത്തൊഴിലാളികൾക്ക് 2000 കോടി രൂപയുടെ പ്രത്യേക പാക്കേജ്;
2. എല്ലാ മത്സ്യബന്ധന യാനങ്ങളെയും തീരദേശ ഗ്രാമങ്ങളെയും ബന്ധിപ്പിച്ചുകൊണ്ടുള്ള സാറ്റലൈറ്റ് വിവര വിനിമയ സംവിധാനം;

3. തീരദേശ ഗ്രാമങ്ങളിൽ ഓരോ പൊതു കേന്ദ്രത്തിലും സൗജന്യ വൈ-ഫൈ സംവിധാനം;

4. കടലാക്രമണ ഭീഷണിയിൽ കടൽ തീരത്തിന്റെ 50 മീറ്റർ പരിധിയിൽ വസിക്കുന്ന മുഴവൻ കുടുംബങ്ങളെയും സുരക്ഷിത സ്ഥാനത്തേയ്ക്ക് മാറ്റി പാർപ്പിക്കൽ;

5. മത്സ്യമാർക്കറ്റുകളുടെയും ഫിഷ് ലാന്റിംഗ് സെന്ററുകളുടെയും വികസനം;

6. മത്സ്യഫെഡിന്റെ ആഭിമുഖ്യത്തിൽ മത്സ്യം കേടുവരാതെ സൂക്ഷിക്കുന്നതിന് കോൾഡ് സ്റ്റോറേജ് ശൃംഖല;

7. കക്ക സഹകരണ സംഘങ്ങളിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും ആധുനിക ചൂളയും നിർമ്മിക്കാൻ പ്രത്യേക പദ്ധതി.

(ബി) മത്സ്യബന്ധനോപാധികളുടെ ഉടമസ്ഥാവകാശവും മത്സ്യത്തിന്റെ ആദ്യ വിൽപ്പനയ്ക്കുള്ള അവകാശവും മത്സ്യത്തൊഴിലാളികൾക്ക് മാത്രമായി നിജപ്പെടുത്തുന്നതിന് കഴിയുന്ന നിയമം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അശാസ്ത്രീയ മത്സ്യബന്ധനം പൂർണ്ണമായും തടയുന്നതിനും കടൽ മത്സ്യവിഭവ സംരക്ഷണം ഉറപ്പാക്കുന്നതിനും ഉതകുന്നവിധം കെ.എം.എഫ്.ആർ. ആക്ട് ഭേദഗതി ചെയ്തു. മത്സ്യമേഖലാ വിഭവ മാനേജ്മെന്റിൽ മത്സ്യത്തൊഴിലാളികളെക്കൂടി ഉൾപ്പെടുത്തി. ഇതിനായി പ്രാദേശികതലത്തിലും ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും വിഭവ മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിക്കും. മത്സ്യവിഭവ പരിപോഷണത്തിനായി സീറാഞ്ചിംഗ്, കൃത്രിമപാരുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി എന്നിവയും നടപ്പിലാക്കിവരുന്നു. കേടുവരാതെ മത്സ്യം സൂക്ഷിക്കുന്നതിനും ഉപഭോക്താക്കളിലെത്തിക്കുന്നതിനും ആധുനിക സംവിധാനങ്ങളോടെയുള്ള മാർക്കറ്റുകൾ നിർമ്മിക്കുന്നതിനും കോൾഡ് ചെയിനും ഏർപ്പെടുത്താൻ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. മത്സ്യബന്ധന മേഖലയിൽ ഇടനിലക്കാരെ ഒഴിവാക്കി മത്സ്യത്തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും മത്സ്യത്തിന്റെ ശുചിത്വം ഉറപ്പുവരുത്തി വൃത്തിയുള്ള പോഷക സമൃദ്ധമായ മത്സ്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനുമുള്ള നിയമനിർമ്മാണവും പരിഗണനയിലാണ്.

(സി) ഉൾനാടൻ മത്സ്യകൃഷിയുടെ വ്യാപനത്തിനും പ്രോത്സാഹനത്തിനുമായി 2017-18 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച ജനകീയ മത്സ്യകൃഷി രണ്ടാം ഘട്ടം പദ്ധതിയുടെ ഭാഗമായി തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിലായി വിവിധ തരം കാർപ്പ് മത്സ്യങ്ങളുടെ കൃഷി, ഗിഫ്റ്റ് കൃഷി, പാടശേഖരങ്ങളിലെ മത്സ്യകൃഷി,

ചെമ്മീൻ കൃഷി, വിവിധ തരം കൂടുകൃഷികൾ, ജലപുനഃപര്യയന മത്സ്യകൃഷി (ആർ.എ.എസ്.) എന്നിങ്ങനെ 21-ഓളം ഉപഘടക പദ്ധതികൾ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതി ഘടകങ്ങൾ ചുവടെ ചേർക്കുന്നു;

1. ശാസ്ത്രീയ സമ്മിശ്ര കാർപ്പ് മത്സ്യകൃഷി
2. കുളങ്ങളിലെ ആസാംവാള കൃഷി
3. കുളത്തിലെ ഗിഫ്റ്റ് കൃഷി
4. റീസർക്കുലേറ്ററി അക്വാകൾച്ചർ സംവിധാനത്തിലെ ഗിഫ്റ്റ് കൃഷി
5. ഒരു നെല്ലും ഒരു മീനും പദ്ധതി
6. ജലസംഭരണികളിലെ മത്സ്യകൃഷി
7. കാരചെമ്മീൻ കൃഷി
8. നാരൻ ചെമ്മീൻ കൃഷി
9. വനാമി ചെമ്മീൻ കൃഷി
10. ബഹുവർഗ്ഗ ഓരുജല മത്സ്യകൃഷി
11. ഓരുജല കൂട് മത്സ്യകൃഷി
12. ഞണ്ട് കൃഷി/ഞണ്ട് കൊഴുപ്പിക്കൽ
13. കല്ലുമ്മേക്കായ് കൃഷി
14. പടുതാ കുളങ്ങളിലെ കരിമീൻ കൃഷി
15. പിന്നാമ്പുറ കുളങ്ങളിലെ കരിമീൻ കൃഷി
16. സംയോജിത മത്സ്യ-താറാവ്/കോഴി കൃഷി
17. കൂടുകളിലെ അലങ്കാര മത്സ്യകൃഷി
18. പിന്നാമ്പുറ അലങ്കാല മത്സ്യകൃഷി യൂണിറ്റുകളുടെ പുനഃസ്ഥാപന പദ്ധതി
19. പുതിയ പിന്നാമ്പുറ അലങ്കാര മത്സ്യകൃഷി യൂണിറ്റുകൾ
20. മത്സ്യവിത്ത് പരിപാലന കേന്ദ്രങ്ങൾ
21. "ലൈവ് ഫിഷ് " മാർക്കറ്റുകൾ.

ഇതിനുപുറമെ 2017-2020 സാമ്പത്തിക വർഷങ്ങളിൽ ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലായി 4000 ഹെക്ടർ പ്രദേശത്ത് "കൈപ്പാട്/പൊക്കാളി സംയോജിത നെല്ല് ചെമ്മീൻ കൃഷി പദ്ധതി" നടപ്പിലാക്കുന്നതിനായി 296 കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാരിന് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(ഡി) ഭാവി ഉദ്യമങ്ങളിൽ മത്സ്യവിഭവ സംരക്ഷണത്തിനും ഹാനികരമായ മത്സ്യബന്ധന രീതികൾ ഇല്ലാതാക്കുന്നതിനും ഇതിനകംതന്നെ പ്രാധാന്യം നൽകിയിട്ടുണ്ട്.

(ഇ) മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനും വിഭവ പരിപാലനത്തിനും തദ്ദേശഭരണ സ്ഥാപനതലത്തിൽ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ (FMCs) പ്രവർത്തിച്ചുവരുന്നു. കൂടാതെ പൊതുജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി നടപ്പാക്കുന്ന റാഞ്ചിംഗ് പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയാണ് നടപ്പാക്കുന്നത്.

## ന്യായവിലയ്ക്ക് ഗുണനിലവാരമുള്ള മത്സ്യം

243 (6809) ശ്രീ. കെ. എം. ഷാജി: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗുണനിലവാരമുള്ള മത്സ്യം ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിന് മത്സ്യഫെഡ് നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ?

ഉത്തരം

സംസ്ഥാനത്ത് വിവിധ സ്ഥലങ്ങളിലായി 31 ഫിഷ്മാർട്ടുകൾ മത്സ്യഫെഡ് മുഖേന നടത്തിവരുന്നു. ഗുണനിലവാരമുള്ള മത്സ്യം വിപണിയിൽ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് ഇവ പ്രവർത്തിക്കുന്നത്. കൂടാതെ തിരുവനന്തപുരത്ത് പരീക്ഷണാടിസ്ഥാനത്തിൽ ഒരു മൊബൈൽ ഫിഷ്മാർട്ട് മത്സ്യഫെഡിന്റെകീഴിൽ പ്രവർത്തിച്ചുവരുന്നു. മത്സ്യബന്ധന തുറമുഖങ്ങളിൽനിന്നും നേരിട്ട് സംഭരിച്ച മത്സ്യമാണ് മൊബൈൽ ഫിഷ്മാർട്ട് വഴി വിതരണം ചെയ്തുവരുന്നത്.

## മൊബൈൽ ഫിഷ് മാർട്ട്

244 (6810) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മായം ഇല്ലാത്ത മത്സ്യം വിതരണം ചെയ്യുന്നതിനായി മത്സ്യഫെഡ് മൊബൈൽ ഫിഷ് മാർട്ട് ആരംഭിച്ചിട്ടുണ്ടോ;

(ബി) നിലവിൽ ഏതെല്ലാം സ്ഥലത്താണ് ഇത്തരം വിപണന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്;

(സി) കൂടുതൽ പ്രദേശങ്ങളിലേക്ക് ഇതിന്റെ പ്രവർത്തനം വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പരീക്ഷണാടിസ്ഥാനത്തിൽ മൊബൈൽ ഫിഷ് മാർട്ട് തിരുവനന്തപുരത്ത് ആരംഭിച്ചിട്ടുണ്ട്.

(ബി) തിരുവനന്തപുരം നഗരപ്രദേശത്ത് പ്രവർത്തിക്കുന്ന മൊബൈൽ ഫിഷ് മാർട്ട് വഴി കിഴക്കേകോട്ട, സെക്രട്ടേറിയറ്റ്, ശാസ്തമംഗലം, ബൈപ്പാസ് എന്നിവിടങ്ങളിലാണ് മത്സ്യം ലഭ്യമാക്കിവരുന്നത്.

(സി) പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കിയ പദ്ധതി വിലയിരുത്തി തുടർനടപടി സ്വീകരിക്കുന്നതാണ്.

**വയനാട് ജില്ലയിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ഓഫീസ്**

245 (T*6811) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ മത്സ്യബന്ധന അനുബന്ധ തൊഴിലാളികളുടെ സേവനങ്ങൾ ഉറപ്പുവരുത്തുന്നതിനായി മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഓഫീസ് ആരംഭിക്കുമോ;

(ബി) മത്സ്യ-അനുബന്ധ തൊഴിലാളി ക്ഷേമനിധിയിൽ നിന്നും അംഗത്വം നഷ്ടപ്പെടുന്നതിനുള്ള സാഹചര്യങ്ങൾ വിശദമാക്കാമോ;

(സി) മത്സ്യ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ സ്ഥിരം ഓഫീസ് വയനാട് ജില്ലയിൽ പ്രവർത്തനം ആരംഭിക്കാത്ത സാഹചര്യത്തിൽ അംഗത്വം നഷ്ടപ്പെടുത്തുന്ന വ്യവസ്ഥകളിൽ ഭേദഗതി വരുത്താൻ തയ്യാറാകുമോ; വ്യക്തമാക്കാമോ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ) നിലവിൽ പരിഗണനയിലില്ല.

(ബി&സി) മത്സ്യ-അനുബന്ധ തൊഴിലാളി 6 മാസത്തിൽ കൂടുതൽക്കാലം വിഹിതം അടയ്ക്കാതിരുന്നാൽ ഇവരുടെ അംഗത്വം നഷ്ടപ്പെടുന്നതാണ്. ഇങ്ങനെ വിഹിതം അടയ്ക്കാതെ അംഗത്വം നഷ്ടപ്പെടുന്നവർക്ക് ബോർഡ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കുടിശ്ശിക വിഹിതം അടച്ച് അംഗത്വം പുന:സ്ഥാപിച്ച് നൽകാറുണ്ട്.

**മത്സ്യബന്ധനവുമായി ബന്ധപ്പെട്ടുളള കേന്ദ്ര ഫണ്ട്**

246 (6812) <u>ശ്രീ. ഒ. രാജഗോപാൽ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഴക്കടൽ മത്സ്യബന്ധന ഉൽപ്പാദന പദ്ധതിയുടെ ഭാഗമായി കേന്ദ്രാവിഷ്കൃത പദ്ധതിയിൽ നിന്ന് 2014-15 -ലും 2015-16 -ലും കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച വിഹിതം എത്രയാണ്; 2016-17 -ലും 2017-18 -ലും കേന്ദ്രത്തിൽ നിന്ന് ധനസഹായം ലഭിച്ചുവോ;വ്യക്തമാക്കാമോ;

(ബി) മത്സ്യത്തൊഴിലാളികൾക്കുവേണ്ടിയുള്ള വിവരശേഖരണത്തിന് 2014-15 മുതൽ 2017-18 വരെ കേന്ദ്രത്തിൽനിന്ന് വിഹിതമായി എത്ര രൂപയാണ് ലഭിച്ചത്;

(സി) സംസ്ഥാനത്തെ വിവിധ മത്സ്യബന്ധന തുറമുഖ വികസനത്തിന്റെ ഭാഗമായി 2014-15 മുതൽ 2017-18 വരെ എത്ര രൂപയാണ് കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചത്;വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 500 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ അനുവദിക്കുന്നതിനുള്ള പ്രോജക്ട് പ്രൊപ്പോസൽ നീല വിപ്ലവം എന്ന പദ്ധതിയിലുൾപ്പെടുത്തി കേന്ദ്ര സർക്കാരിലേക്ക് നൽകിയിട്ടുണ്ട്. ആഴക്കടൽ മത്സ്യബന്ധന പദ്ധതിക്കായി തുകയൊന്നും ലഭ്യമായിട്ടില്ല.

(ബി) മത്സ്യത്തൊഴിലാളികൾക്കുവേണ്ടിയുള്ള വിവരശേഖരണം (സ്ട്രെംഗ്തെനിംഗ് ഓഫ് ഡാറ്റാ ബേസ് ആന്റ് ജ്യോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം ഫോർ ഫിഷറീസ് സെക്ടർ) എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിൽ 2014-15, 2015-16 വർഷങ്ങളിൽ ലഭിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. 2016-17, 2017-18 വർഷങ്ങളിൽ പ്രസ്തുത പദ്ധതിയിൽ കേന്ദ്ര വിഹിതം ലഭിച്ചിട്ടില്ല.

| വർഷം | ലഭിച്ച തുക (ലക്ഷത്തിൽ) |
|---|---|
| 2014-15 | 34.36 |
| 2015-16 | 35.36 |

(സി) സംസ്ഥാനത്തെ വിവിധ മത്സ്യബന്ധന തുറമുഖ വികസനത്തിന്റെ ഭാഗമായി 2014-15 മുതൽ 2017-18 വരെ 58.40 കോടി രൂപ കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ചിട്ടുണ്ട്. ആയതിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് | 2014-15 | 2015-16 | 2016-17 | 2017-18 | ആകെ |
|---|---|---|---|---|---|---|
| 1 | ഫിഷിംഗ് ഹാർബർ, കൊയിലാണ്ടി | 250 | 200 | | | 450 |
| 2 | ഫിഷിംഗ് ഹാർബർ, തലായ് | 250 | 200 | 689.75 | | 1139.75 |
| 3 | ഫിഷിംഗ് ഹാർബർ, ചെറുവത്തൂർ | 50 | 400 | | | 450 |
| 4 | ഫിഷിംഗ് ഹാർബർ, ചേറ്റുവ | 133 | 200 | 468 | | 801 |
| 5 | ഫിഷിംഗ് ഹാർബർ, താനൂർ | 350 | 900 | | | 1250 |
| 6 | ഫിഷിംഗ് ഹാർബർ, വെള്ളയിൽ | 350 | 600 | | | 950 |
| 7 | ഫിഷിംഗ് ഹാർബർ, ആർത്തുങ്കൽ | 350 | 400 | | | 750 |
| 8 | ഫിഷ് ലാന്റിംഗ് സെന്റർ, മുനക്കാക്കടവ് | 50 | | | | 50 |
| 9 | ഫിഷിംഗ് ഹാർബർ, മഞ്ചേശ്വരം | | | | | 0 |
| | ആകെ | 1783 | 2900 | 1157.75 | 0 | 5840.75 |

നിലവിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 119.50 കോടി രൂപയുടെ കേന്ദ്ര വിഹിതം ഇനിയും ലഭിക്കാനുണ്ട്. അതിൽത്തന്നെ 84.65 കോടി രൂപ സംസ്ഥാന സർക്കാർ മുൻകൂറായി ചെലവഴിച്ചുകഴിഞ്ഞതാണ്.

## കോട്ടിക്കുളം-ബേക്കൽ മത്സ്യബന്ധന തുറമുഖം

247 (6813) ശ്രീ. കെ. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് കോട്ടിക്കുളം-ബേക്കൽ തീരദേശമേഖലയിൽ മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്ന വിഷയം പരിഗണനയിലുണ്ടോ;

(ബി) ഇതിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. കോട്ടിക്കുളം-ബേക്കൽ മത്സ്യബന്ധന തുറമുഖത്തിന്റെ അന്വേഷണ ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിന് 67.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അന്വേഷണ-ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## കശുവണ്ടിത്തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി കുടിശ്ശിക

248 (T*6814) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി വികസന കോർപ്പറേഷനിലും കാപ്പെക്സിലും തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി കുടിശ്ശിക നൽകുവാനുണ്ടോ; അറിയിക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത സ്ഥാപനങ്ങളിലെ ഗ്രാറ്റുവിറ്റി കുടിശ്ശിക വിതരണം ചെയ്യുന്നതിന് എത്ര രൂപ അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനിലും കാപ്പെക്സിലും 2011 മുതൽ ഗ്രാറ്റുവിറ്റി കുടിശ്ശിക നൽകുവാനുണ്ട്.

(ബി) ഗ്രാറ്റുവിറ്റി കുടിശ്ശിക ഘട്ടംഘട്ടമായി കൊടുത്തുതീർക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## തോട്ടണ്ടി വാങ്ങുന്നതിന് കാഷ്യൂ ബോർഡ് സ്വീകരിച്ച നടപടികൾ

249 (6815) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടാൻസാനിയ, ഐവറി കോസ്റ്റ്, മൊസാമ്പിക് എന്നീ കശുവണ്ടി ഉല്പാദകരാജ്യങ്ങളിൽനിന്നും തോട്ടണ്ടി വാങ്ങുന്നതിന് കാഷ്യു ബോർഡ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത രാജ്യങ്ങളിലെ അംബാസിഡർമാരുടെ യോഗത്തിൽ ഇതുസംബന്ധിച്ചുണ്ടായ ധാരണ പ്രാവർത്തികമാക്കുന്നതിന് എന്തെങ്കിലും ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടോ;

(സി) ബാങ്കുകളുടെ കൺസോർഷ്യത്തിൽനിന്നും കാഷ്യു ബോർഡിന് വായ്പ ലഭ്യമാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(ഡി) തോട്ടണ്ടി സംഭരിക്കുന്നതിനും പരിപ്പിന് ന്യായവില ഉറപ്പ് വരുത്തുന്നതിനും കാഷ്യു ബോർഡ് രൂപീകരണത്തിലൂടെ സാധ്യമായിട്ടുണ്ടോ എന്നറിയിക്കാമോ?

### ഉത്തരം

(എ&ബി) കശുവണ്ടി ലേലത്തിൽ പങ്കെടുക്കുന്നതിന് ടാൻസാനിയായിൽ കമ്പനി രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ കേരള കാഷ്യൂ ബോർഡ് സ്വീകരിച്ചുവരുന്നു. എന്നാൽ ഐവറി കോസ്റ്റിൽ സഹകരണ സ്ഥാപനങ്ങളും മറ്റ് വ്യാപാരികളുമാണ് തോട്ടണ്ടി വ്യാപാരം നടത്തുന്നത്. മൊസാമ്പിക്കിൽ INCAJU എന്ന സർക്കാർ നിയന്ത്രിത സ്ഥാപനം കശുവണ്ടി കയറ്റുമതി സംബന്ധിച്ച സ്ഥിതിവിവരക്കണക്കുകൾ പ്രസിദ്ധീകരിക്കുക മാത്രമാണ് ചെയ്തുവരുന്നത്. ഈ സാഹചര്യത്തിൽ EOI വിളിച്ച് ടെൻഡർ നടപടികളിലൂടെ ഈ മൂന്ന് രാജ്യങ്ങളിൽനിന്നും തോട്ടണ്ടി വാങ്ങുന്നതിനുള്ള നടപടികളും കേരള കാഷ്യൂ ബോർഡ് സ്വീകരിച്ചുവരുന്നു.

(സി) കേരള കാഷ്യൂ ബോർഡിന് ബാങ്ക് കൺസോർഷ്യം വഴി ലോൺ ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള നടപടിക്രമങ്ങൾ പരിശോധിച്ചുവരികയാണ്. വായ്പ ലഭ്യമാക്കാമെന്ന് ബാങ്കുകളുടെ കൺസോർഷ്യം സമ്മതിച്ചിട്ടുണ്ട്.

(ഡി) നടപടികൾ സ്വീകരിച്ചുവരികയാണ്.

(നക്ഷത്രചിഹ്നമിടാത്ത 6698-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

9.30 A.M]

## II. അടിയന്തരപ്രമേയം

### എക്സൈസ് ഡ്യൂട്ടി ഉപേക്ഷിക്കൽ

മി. സ്പീക്കർ: അന്താരാഷ്ട്ര മാർക്കറ്റിൽ ക്രൂഡ് ഓയിലിന്റെ വില കുറയുമ്പോഴും അടിക്കടി പെട്രോൾ-ഡീസൽ വില വർദ്ധിപ്പിക്കാനുള്ള കേന്ദ്ര സർക്കാരിന്റെ തീരുമാനത്തെത്തുടർന്ന് വർദ്ധിപ്പിച്ച തുകയുടെ എക്സൈസ് ഡ്യൂട്ടി ഉപേക്ഷിക്കാൻ സംസ്ഥാന സർക്കാർ തയ്യാറാകാത്തതിനാൽ ജനങ്ങൾ നേരിടുന്ന പ്രയാസവും അമിത സാമ്പത്തികഭാരവുംമൂലം സംസ്ഥാനത്ത് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ, എം. ഉമ്മർ, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, പെട്രോളിന്റെയും ഡീസലിന്റെയും വിലയിൽ അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന വർദ്ധനവ് അതീവ ഗുരുതരമായിട്ടുള്ള സാഹചര്യമാണ് സൃഷ്ടിക്കുന്നതെന്നതിനെക്കുറിച്ച് ആർക്കും രണ്ടഭിപ്രായം ഉണ്ടാകുമെന്ന് തോന്നുന്നില്ല. ഇന്ന് ഒരു ലിറ്റർ പെട്രോളിന് 76.69 രൂപയും ഡീസലിന് 69.19 രൂപയുമാണ് വില. ബി.ജെ.പി. സർക്കാരിന്റെ നയമാണ് ഇതിന് കാരണം. ബി.ജെ.പി. സർക്കാർ അധികാരത്തിൽ വന്നപ്പോൾ ക്രൂഡ് ഓയിലിന്റെ വില കുറഞ്ഞുതുടങ്ങിയതാണ്. എന്നാൽ ക്രൂഡ് ഓയിലിന്റെ വിലയിലുണ്ടാകുന്ന കുറവ് ജനങ്ങൾക്ക് ആനുകൂല്യമായി മാറാതിരിക്കുന്നതിനും വില പിടിച്ചുനിർത്തുന്നതിനുമായി തുടർച്ചയായി എക്സൈസ് ഡ്യൂട്ടി വർദ്ധിപ്പിച്ചിട്ടുണ്ട്. അങ്ങനെ പെട്രോളിന്റെ നികുതി 9.7 രൂപയായിരുന്നത് 21.48 രൂപയായി വർദ്ധിപ്പിച്ചതിന്റെ ഫലമായി 2014-15-ൽ കേന്ദ്ര സർക്കാരിന് 99,000 കോടി രൂപ നികുതി വരുമാനം കിട്ടിയിരുന്നത് 2016-17-ൽ 2,42,000 കോടി രൂപയായി വർദ്ധിച്ചു. യഥാർത്ഥത്തിൽ ഇത് ബാങ്കുകളുടെ കിട്ടാക്കടം എഴുതിത്തള്ളിയതിന് തുല്യമാണ്. സർക്കാരിന് ഇത്തരം വിമർശനങ്ങളോട് പൂർണ്ണ യോജിപ്പാണ്. പക്ഷെ അടിയന്തരപ്രമേയ നോട്ടീസിൽ ആവശ്യപ്പെടുന്നത്, യു.ഡി.എഫ്.-ന്റെ കാലത്തെന്നപോലെ വർദ്ധിപ്പിച്ച തുകയുടെ എക്സൈസ് ഡ്യൂട്ടി സംസ്ഥാന സർക്കാർ ഉപേക്ഷിക്കണമെന്നാണ്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരാണ്

ഒരു തവണ നികുതി കുറച്ചത്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നാല് തവണ പെട്രോളിന്റെയും രണ്ട് തവണ ഡീസലിന്റെയും നികുതി കുറച്ചു. ശ്രീ. ജെയിംസ് മാത്യുവും മറ്റും ചോദിച്ച ചോദ്യത്തിന് അന്ന് കൃത്യമായ കണക്കുകൾ പറഞ്ഞിട്ടുണ്ട്. അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത്, കേന്ദ്ര സർക്കാർ പെട്രോളിന് 18 തവണയും ഡീസലിന് 16 തവണയും വില വർദ്ധിപ്പിച്ചുവെന്നാണ്. അങ്ങനെ വില വർദ്ധിപ്പിച്ചപ്പോഴാണ് നാല് തവണ വില കുറയ്ക്കാൻ തയ്യാറായത്. യു.ഡി.എഫ്-ന്റെ ഭരണകാലത്ത് ചോദ്യകർത്താവ് വ്യംഗ്യമായിട്ട് ഇങ്ങനെ വാദിക്കുന്നതുപോലെ എപ്പോഴൊക്കെ കേന്ദ്രം വില വർദ്ധിപ്പിച്ചിട്ടുണ്ടോ അപ്പോഴൊന്നും നികുതി കുറയ്ക്കാൻ തയ്യാറായിട്ടില്ല. അതുസംബന്ധിച്ചുള്ള കൃത്യമായ കണക്ക് എന്റെ കൈവശമുണ്ട്. കേന്ദ്രം നികുതി കുറച്ചതുകൊണ്ടോ അല്ലെങ്കിൽ ക്രൂഡ് ഓയിലിന്റെ വില കുറഞ്ഞ് തുടങ്ങിയതുകൊണ്ടോ, എന്തുകൊണ്ടായാലും എപ്പോഴെല്ലാം വില കുറഞ്ഞോ അപ്പോഴൊക്കെ നികുതി നിരക്ക് റവന്യൂ ന്യൂട്രലാക്കാൻ വേണ്ടി വില വർദ്ധിപ്പിക്കുകയാണ് ചെയ്തത്. പതിമൂന്ന് തവണയാണ് വില വർദ്ധിപ്പിച്ചത്. ഇതിന്റെ ഫലമായി ഒരു ഘട്ടത്തിൽ 23.37% ഉണ്ടായിരുന്ന പെട്രോളിന്മേലുള്ള വില്പന നികുതി 31.8% ആയി വർദ്ധിപ്പിച്ചിട്ടാണ് യു.ഡി.എഫ്. അധികാരത്തിൽ നിന്ന് പോയത്. കൂടാതെ അഡീഷണൽ സെയിൽസ് ടാക്സ് എന്നുപറഞ്ഞ് ഒരു രൂപ ലിറ്ററിന് കൊണ്ടുവന്നു. ഒരു രൂപ കൂട്ടിയപ്പോൾ അത് 1.6% വർദ്ധനവാണ്. അങ്ങനെ ഒരു ഘട്ടത്തിൽ 23% ആയിരുന്ന വില്പന നികുതി 33.4% ആക്കിയിട്ടാണ് നിങ്ങൾ അധികാരം ഒഴിഞ്ഞത്. നികുതി കുറയ്ക്കണമോ അധികം വേണ്ടെന്നുവയ്ക്കണമോ എന്നതൊക്കെ നമുക്ക് ചർച്ച ചെയ്യാം. എന്നാൽ നിങ്ങൾ ജനങ്ങളെ നല്ല രീതിയിൽ സഹായിച്ചു എന്നാണ് പറയുന്നത്. യു.പി.എ. സർക്കാരിന്റെ കാലം കഴിഞ്ഞിട്ട് ഒരു ഘട്ടത്തിൽപ്പോലും വില വർദ്ധനവുണ്ടായപ്പോൾ നിങ്ങൾ നികുതി കുറയ്ക്കാൻ തയ്യാറായിട്ടില്ല. ഒരു ഘട്ടത്തിൽ, എൽ.ഡി.എഫ്. സർക്കാർ ചെയ്തതുപോലെ, നിങ്ങളുടെ ഭരണത്തിന്റെ തുടക്കത്തിൽ നാല് തവണ കുറച്ചതുപോലെ പിന്നീട് ചെയ്യാത്തതെന്തുകൊണ്ടാണ്? അതിന് പെട്രോളിൽ നിന്നും ഡീസലിൽ നിന്നും എത്ര നികുതി വരുമാനമുണ്ടെന്ന് മാത്രം നോക്കിയാൽ മനസ്സിലാകില്ല. അത് കൂടിക്കൊണ്ടിരിക്കുകയാണ്. പക്ഷെ, സംസ്ഥാനത്തിന്റെ മൊത്തം നികുതി വരുമാനം എത്രയായി എന്നുനോക്കണം. നികുതി വരുമാനം എൽ.ഡി.എഫ്.-ന്റെ കാലത്ത് 20% കൂടി. യു.ഡി.എഫ്. ഭരണത്തിലെ ആദ്യത്തെ രണ്ട്വർഷത്തിലും ഇളവ് നൽകിയ വർഷങ്ങളിലും 20 ശതമാനവും 22 ശതമാനവുമാണ് സംസ്ഥാനത്തിന്റെ നികുതി വരുമാനം കൂടിയത്. എന്നാൽ അതിനുശേഷമുള്ള വർഷങ്ങളിൽ നികുതി വരുമാന വർദ്ധനവ് ഇപ്പോഴുള്ളതുപോലെ 10 ശതമാനമായി താഴ്ന്നു. ആ ഘട്ടത്തിൽ

അധികനികുതി വേണ്ടെന്ന് വയ്ക്കാൻ നിങ്ങൾക്ക് കഴിയുമായിരുന്നില്ലേ? ആ സ്ഥിതിവിശേഷം ഇപ്പോഴും തുടരുകയാണ്. അതിന്റെ പശ്ചാത്തലത്തിൽ വളരെ ഗുരുതരവും ഗൗരവതരവുമായിട്ടുള്ള വരുമാന മുരടിപ്പ് നേടുന്ന സമയത്ത് ഇത്തരത്തിലൊരു നികുതി വേണ്ടെന്നുവയ്ക്കാൻ സർക്കാർ തയ്യാറാകുമോ? ഇപ്പോൾ E-way Bill വരുന്നുണ്ട്. കൂടാതെ ജി.എസ്.ടി.-യുടെ വരുമാനം വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ സാമ്പത്തിക സാഹചര്യങ്ങളൊക്കെ പരിശോധിച്ച് സർക്കാർ ഉചിതമായ തീരുമാനമെടുക്കും. ഈ ഘട്ടത്തിൽ അങ്ങനെയൊരു ഭാരം താങ്ങാൻ യു.ഡി.എഫ്. ഭരണകാലത്ത് കഴിയാത്തതുപോലെ സംസ്ഥാന ഖജനാവിന് കഴിയാത്ത അവസ്ഥാവിശേഷമുണ്ട്. അതുകൊണ്ട് സർക്കാർ ആവശ്യമായ പരിശോധന നടത്തി ഉചിതമായ തീരുമാനമെടുക്കും.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, പെട്രോളിയം കമ്പനിയുടെ മാനേജിംഗ് ഡയറക്ടർ വാശിയോടെ സംസാരിക്കുന്നതുപോലെയാണ് അങ്ങ് ഇവിടെ സംസാരിക്കുന്നത്. നികുതി വർദ്ധിപ്പിക്കുന്നതിനായി കമ്പനി ഉടമ എന്തൊക്കെ പറയുമോ ആ ന്യായങ്ങളാണ് അങ്ങ് ഇവിടെ നിരത്തിവയ്ക്കുന്നത്. 'അമ്മയ്ക്ക് പ്രാണവേദന മകൾക്ക് വീണവായന' എന്നൊരു ചൊല്ല് നാട്ടിൻപുറത്തുണ്ട്. ഇവിടെ ജനങ്ങൾക്ക് പ്രാണവേദനയും അങ്ങേയ്ക്ക് വീണവായനയുമാണ്. ഈ രൂപത്തിൽ കാര്യങ്ങൾ കൊണ്ടുപോകുന്നത് ശരിയല്ലെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. പ്രധാന മന്ത്രി "അച്ഛേ ദിൻ ആനേ വാലേ ഹേ" എന്നുപറഞ്ഞാണ് ഭരണം തുടങ്ങിയത്. ഇപ്പോൾ ആനയുമില്ല വാലുമില്ലാത്ത അവസ്ഥാവിശേഷത്തിലായി. ഞങ്ങളുടെ നാട്ടിലൊക്കെ ഒരു ചായക്കട ഭാഷയുണ്ട്, 'പോച്ച അടിക്കുക' എന്ന് പറയും. കേരളത്തിൽ 'പോച്ചാ ദിൻ ഹൈ ' എന്ന നിലയിലാണ് കാര്യങ്ങൾ നടക്കുന്നത്. 'ഇന്ധന വിലയുടെ പേരിൽ നികുതി കൊള്ള' എന്ന് എല്ലാ പത്രങ്ങളും എഴുതുകയാണ്. എല്ലാവരും അതുതന്നെയാണ് പറയുന്നത്. 13 പ്രാവശ്യം നികുതി വർദ്ധിപ്പിച്ച സമയത്ത് ഞങ്ങൾ നാല് പ്രാവശ്യം മാത്രമേ വിട്ടുവീഴ്ച ചെയ്തുള്ളൂവെന്നാണ് അങ്ങ് പറഞ്ഞത്. 59 പ്രാവശ്യം നികുതി വർദ്ധനവുണ്ടായിട്ട് അൽപ്പമെങ്കിലും വിട്ടുവീഴ്ചയും കരുണയും കാണിക്കുന്നതിനുവേണ്ടിയാണ് ഞങ്ങൾ ഈ സഭയിൽ ശക്തമായി വാദിക്കുന്നത്. "ഒരു ലിറ്റർ പെട്രോളും ഡീസലും വിൽക്കുമ്പോൾ സംസ്ഥാന സർക്കാരിന് എത്ര തുകയാണ് നികുതിയിനത്തിൽ അധിഷണലായി കിട്ടുന്നത്" എന്ന 5-2-2018-ലെ ശ്രീ. വി. ഡി. സതീശന്റെ ചോദ്യത്തിന് " 1-2-2018-ലെ വിൽപ്പന പ്രകാരം ഒരു ലിറ്റർ പെട്രോളിന് 18.38 രൂപയും ഒരു ലിറ്റർ ഡീസലിന് 13.95 രൂപയുമാണ് നികുതിയിനത്തിൽ സംസ്ഥാന സർക്കാരിന് ലഭിക്കുന്നത്" എന്നാണ് മറുപടി പറഞ്ഞത്. അങ്ങനെ ലഭിക്കുന്നതിൽ നിന്ന് ചെറിയൊരംശം നൽകണമെന്നാണ് ഞങ്ങൾ പറയുന്നത്. ഞങ്ങൾക്കെതിരെ എങ്ങനെ അസ്ത്രം എയ്യാമെന്ന് ആലോചിച്ചാണ് ഒരു രൂപ

സെസ്സിനെക്കുറിച്ച് അങ്ങ് പറയുന്നത്. ആ ഒരു രൂപ സെസ്സ് വച്ചാണ് അങ്ങ് കിഫ്ബിയുടെ കാര്യങ്ങൾ നടത്താൻ ശ്രമിക്കുന്നത്. അങ്ങേയ്ക്ക് ആ നികുതി കിട്ടുകയും വേണം, വിട്ടുവീഴ്ച ചെയ്യുകയുമില്ല, അതേ സമയം ഞങ്ങളെ കുറ്റപ്പെടുത്തുകയും വേണം; ഇങ്ങനെയെല്ലാംകൂടി കൂട്ടിക്കുഴച്ചുള്ള ഒരു സംവാദത്തിലാണ് അങ്ങ് വന്ന് നിൽക്കുന്നത്. ഡീസലിന്റെയും പെട്രോളിന്റെയും സെയിൽസ് ടാക്സ് അഞ്ചുശതമാനമായി കുറയ്ക്കുകയാണെങ്കിൽ സംസ്ഥാനത്തിന്റെ വാർഷിക വരുമാനത്തിൽ ചെറിയൊരു കുറവുവരും, അതില്ലെന്ന് ഞങ്ങൾ പറയുന്നില്ല. പക്ഷെ, അതിന്റെ ആശ്വാസം ലഭിക്കുന്നത് ഈ നാട്ടിലെ പാവപ്പെട്ടവർക്കാണ്, സ്കൂട്ടറും ബൈക്കും ആട്ടോറിക്ഷയും ഉപയോഗിക്കുന്ന നാട്ടിലെ ശരാശരി കുടുംബങ്ങൾക്കാണ്. വിലക്കയറ്റം തടയുന്നതിനുള്ള നടപടി അതുവഴി ഉണ്ടായാൽ സംസ്ഥാന സർക്കാരിന് അത് ഗുണകരമല്ലേ?

മുൻസർക്കാരിന്റെ കാലത്തെക്കുറിച്ച് അങ്ങ് പറഞ്ഞു. ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഭരണകാലത്ത് നികുതിയിനത്തിൽ 619.17 കോടി രൂപ വേണ്ടെന്ന് തീരുമാനിച്ചു. ഈ നാട്ടിലെ പാവപ്പെട്ട ജനങ്ങൾക്ക് ലാഭമുണ്ടാക്കുന്നതിനു വേണ്ടിയാണ് അത്തരമൊരു തീരുമാനമെടുത്തത്. ഇവിടെ നടക്കുന്നത് അച്ഛാ ദിൻ ആണോ? 18-9-2011-ലെ 'ദി ഹിന്ദു' പത്രത്തിന്റെ ഫോട്ടോകോപ്പിയാണ് എന്റെ കയ്യിലുള്ളത്. അന്നത്തെ മുഖ്യമന്ത്രി പറഞ്ഞത്, 'ഞങ്ങൾക്ക് ഇതിനുമുകളിലുള്ള അധിക നികുതി വേണ്ടെന്ന തീരുമാനമെടുക്കുന്നു'. എന്നാണ്. 'ടൈംസ് ഓഫ് ഇന്ത്യ'യിൽ 17-9-2017-ൽ വന്ന വാർത്ത, അതായത് ആറ് വർഷം കഴിഞ്ഞതിനുശേഷം, 'ഇതിൽ വിട്ടുവീഴ്ച കാണിക്കുന്ന പ്രശ്നമേയില്ല, ഞങ്ങളിതു പിരിക്കുമെന്ന മട്ടിലാണ്'. കൂർപ്പിച്ച കത്തി പാവപ്പെട്ടവന്റെ കഴുത്തിൽ വയ്ക്കുന്നതിനുവേണ്ടി ഇത്ര തീവ്രതയോടുകൂടി വാദിക്കേണ്ടതുണ്ടായിരുന്നോ എന്ന് നിങ്ങളാലോചിക്കണം. മനുഷ്യത്വമാണ് പരമപ്രധാനമെന്ന കാര്യം ഞാൻ ഓർമ്മിപ്പിക്കുകയാണ്. ONGC-യുടെ കണക്ക് അങ്ങുതന്നെ പറഞ്ഞു, ഒരു വർഷം ONGC-യ്ക്ക് ഈ നികുതികൊണ്ട് ലഭിക്കുന്ന ലാഭം 3,319 കോടി രൂപയാണ്. അന്താരാഷ്ട്ര മാർക്കറ്റിൽ ഒരു ബാരൽ ക്രൂഡ് ഓയിലിന് 112 ഡോളറുണ്ടായിരുന്നത് ഇപ്പോൾ 70 ഡോളറായി ചുരുങ്ങി. അന്താരാഷ്ട്ര മാർക്കറ്റിൽ വില താഴുന്നത് നമ്മൾ കണ്ടില്ലെന്ന് നടിക്കുകയാണ്. നമ്മൾ പ്രസംഗ പീഠങ്ങളിലിരുന്ന് ആവേശത്തോടെ കത്തിക്കയറുകയും ആളുകളെ ഉദ്ബോധിപ്പിക്കുകയും വിലക്കയറ്റമല്ലേയെന്ന് ചോദിക്കുകയും അതിനെതിരെ പ്രക്ഷോഭം വേണമെന്ന് പറയുകയും ചെയ്യും; വില വർദ്ധനവിനെതിരായി നിങ്ങൾ സമരം നടത്തിക്കൊണ്ടിരുന്നപ്പോഴാണ് ഈ സർക്കാർ അധികാരത്തിൽ വന്നതെന്ന യാഥാർത്ഥ്യം ഞാൻ ഭംഗ്യന്തരേണ ഓർമ്മിപ്പിക്കുകയാണ്. 22-3-2018-ൽ ശ്രീ. റോജി എം. ജോൺ ചോദിച്ച 4623-ാം നമ്പർ ചോദ്യത്തിന് 'ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പെട്രോളിന്

59 തവണയും ഡീസലിന് 57 തവണയും വർദ്ധനവുണ്ടായെന്ന് അങ്ങ് പറഞ്ഞു. സംസ്ഥാനത്ത് 13 തവണ വർദ്ധനവുണ്ടായപ്പോൾ നാല് പ്രാവശ്യം മാത്രമേ യു.ഡി.എഫ്. വിട്ടുവീഴ്ച കാണിച്ചുള്ളൂ എന്നുപറഞ്ഞ അങ്ങ് പെട്രോളിന് 59 തവണയും ഡീസലിന് 57 തവണയും വിലവർദ്ധനവുണ്ടായെന്നാണ് പറഞ്ഞിരിക്കുന്നത്. 13-ന്റെ എത്ര ഇരട്ടിയാണ് 59 എന്ന് കാൽക്കുലേറ്റ് ചെയ്യണമെന്ന് ഈ അവസരത്തിൽ ഓർമ്മിപ്പിക്കുകയാണ്. സംസ്ഥാന സർക്കാർ ഒരു ലിറ്റർ പെട്രോളിന് 31.8 ശതമാനവും ഒരു ലിറ്റർ ഡീസലിന് 24.52 ശതമാനവും നികുതി ചുമത്തുന്നുവെന്ന് അങ്ങുതന്നെ പറഞ്ഞു. ഇപ്പോൾ അങ്ങ് സംസാരിച്ചപ്പോൾ അതിൽനിന്ന് അൽപ്പം മാറിപ്പോയി. അത് 'ഉത്തരത്തിലെ തിരുത്ത് എന്ന വിധത്തിൽ പിന്നീട് സഭയിലെത്തുമെന്നാണ് എന്റെ വിശ്വാസം. ശ്രീ. കെ. എൻ. എ. ഖാദർ, "പെട്രോൾ ഡീസൽ വിലയിൽ സംസ്ഥാന സർക്കാർ നിലവിൽ ചുമത്തുന്ന നികുതി എത്രവീതമെന്ന് അറിയിക്കാമോ" എന്ന ചോദ്യം ചോദിച്ചിരുന്നു. പാവപ്പെട്ടവരുടെ സർക്കാർ, എല്ലാം ശരിയാക്കുന്ന സർക്കാർ, ആ സർക്കാരാണ് പെട്രോളിന് 31.80 ശതമാനം നികുതി ഈടാക്കുന്നത്. 50:50 ഷെയറിംഗാണ്. ശ്രീ. അരുൺ ജെയ്റ്റ്ലിക്ക് 50, ഡോ. ടി. എം. തോമസ് ഐസക്കിന് 50. അങ്ങനെ 50:50 ഷെയറിംഗിലാണ് ഈ സർക്കാർ നിൽക്കുന്നത്? കേന്ദ്രത്തിന്റെയും സംസ്ഥാനത്തിന്റെയും ജി.എസ്.ടി. ചേരുമ്പോൾ ജനങ്ങളുടെ ചോരപ്പുഴ. അതാണല്ലോ ഈ സംസ്ഥാനത്ത് ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. പാവങ്ങളുടെമേൽ അടിക്കടി നികുതി അടിച്ചേൽപ്പിക്കുന്നത് ശരിയാണോയെന്ന് അങ്ങ് ആലോചിക്കണമെന്ന് ഞാൻ വിനീതമായി ഓർമ്മിപ്പിക്കുകയാണ്. ലോകത്ത് ഏറ്റവും കൂടുതൽ പെട്രോൾ-ഡീസൽ വിലയുള്ളത് കേരളത്തിലാണ്. അങ്ങ് അതറിഞ്ഞിട്ടില്ലെന്ന് തോന്നുന്നു. അങ്ങ് ബുദ്ധിയുള്ളയാളാണ്, അതെല്ലാം അറിയും, അറിയാതെയിരിക്കില്ല; അറിഞ്ഞാലും 'ഞാനൊന്നുമറിഞ്ഞില്ലേ രാമ നാരായണ' എന്ന മട്ടിലിരിക്കുന്ന ആളാണെന്ന കാര്യത്തിൽ സംശയമില്ല. ഇന്ത്യയിൽ നിന്നാണ് പെട്രോളും ഡീസലും നേപ്പാളിലേയ്ക്ക് കൊണ്ടുപോകുന്നതെന്ന് അങ്ങേയ്ക്കറിയില്ലേ? നേപ്പാളിൽ ഇന്ത്യൻ രൂപയനുസരിച്ച് ഒരു ലിറ്റർ ഡീസലിന് 61.32 രൂപയാണ്. കേരളത്തിൽ ഇന്ന് ഒരു ലിറ്റർ പെട്രോളിന് 77.90 രൂപയും ഡീസലിന് 70.34 രൂപയുമാണ്. നേപ്പാളിൽ വിൽക്കുന്നത് 61.32 രൂപയ്ക്കാണ്. നേപ്പാളിൽ ജനിച്ചാൽ മതിയായിരുന്നുവെന്ന് കേരളത്തിലെ ജനങ്ങൾ ആഗ്രഹിക്കുന്ന രൂപത്തിലേയ്ക്ക് പോകാമോ? പെട്രോളിനും ഡീസലിനും ഏറ്റവും കൂടുതൽ വില ഈടാക്കുന്ന സംസ്ഥാനം നമ്മളാണ്. ഇന്തോനേഷ്യയിലെ കണക്ക് ഞാൻ വായിക്കുന്നില്ല. എന്നെക്കാൾ നല്ല കണക്ക് ശാസ്ത്രജ്ഞനായ അങ്ങ് അതെല്ലാം പരിശോധിച്ചിട്ടുണ്ടാകും. എന്നാലും ഗൗണിടാതെ കേസ് വാദിക്കുന്ന ഒരു

വക്കീലായി അങ്ങിവിടെ കാര്യങ്ങൾ അവതരിപ്പിച്ചത് ശരിയായില്ലെന്നാണ് എന്റെ അഭിപ്രായം. ലോകത്ത് ഏറ്റവും കൂടുതൽ വില ഇന്ധനത്തിന് ഈടാക്കുന്നവരോട്, പാവങ്ങളോട് കരുണ കാണിക്കണമെന്ന് ഞങ്ങൾ അപേക്ഷിക്കുമ്പോൾ കാരുണ്യത്തിന്റെ കണികപോലും നൽകാതെ ഞങ്ങളുടെമേൽ സിംഹനൃത്തം ചവിട്ടുന്നതിനാണ് അങ്ങ് ശ്രമിച്ചതെന്നതിൽ എനിക്ക് ദു:ഖമുണ്ട്.

മി. സ്പീക്കർ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ...

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, സമയമൊന്നും ആയിട്ടില്ല.

മി.സ്പീക്കർ: സമയമായി. അങ്ങ് ഏതായാലും ഗൗണില്ലാതെ വാദിക്കുന്നയാളല്ലേ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് നിർബന്ധം പറഞ്ഞാൽ ഞാൻ വാശി പിടിക്കില്ല.

മി. സ്പീക്കർ: അങ്ങയെ ഞാൻ നിർബന്ധിക്കുകയില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ രണ്ട് മിനിട്ട് കൂടുതൽ എടുത്തതുകൊണ്ട് എന്തെങ്കിലും കുഴപ്പമുണ്ടോ? അന്നത്തെ യു.പി.എ. സർക്കാരിന്റെ കാലത്ത് ഒരു മാതൃകയുണ്ടായിരുന്നു. ഇന്നത്തെ മാതൃകയെന്താണ്? ഇപ്പോൾ അങ്ങോട്ടുമിങ്ങോട്ടും സെൽഫ് ഗോൾ അടിക്കുകയാണ്. നിങ്ങൾ അങ്ങോട്ട് ഡൽഹിക്ക് ഗോളടിക്കും, ഡൽഹിയിൽനിന്നും ഇങ്ങോട്ട് ഗോളടിച്ചുതരും. നിങ്ങൾ ബി.ജെ.പി.-യെ എതിർത്തുകൊണ്ടിരിക്കുമ്പോഴും ഈ സർക്കാരിനെ 'ബഹുത് അച്ഛാ ഹെ' എന്ന് ശ്രീ. നിതിൻ ഗഡ്കരി പറഞ്ഞത് ഓർക്കണം. ഈ രൂപത്തിൽ സംസ്ഥാനത്തെ പെട്രോൾ-ഡീസൽ വില വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ.....,

മി. സ്പീക്കർ: അദ്ദേഹം അവസാനിപ്പിക്കുകയാണ്. പ്ലീസ്.... പ്ലീസ്....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, കുട്ടികളല്ലേ, അവരോട് കാരുണ്യം കാണിക്കണ്ടേ. ഞാൻ അവരോട് കാരുണ്യം കാണിക്കുന്ന ആളാണ്. ഞാനും ഇതുപോലെ ആ ബെഞ്ചുകളിലൊക്കെ വന്നിരുന്ന് ഒച്ചവച്ച് ഞാനിവിടെയുണ്ടെന്ന് പ്രസ്സിനെ ബോദ്ധ്യപ്പെടുത്താൻ ധാരാളം പണി ചെയ്തിട്ടുള്ളയാളാണ്. അതുകൊണ്ട് എനിക്ക് അതിലൊന്നും ഒരു വിഷമവുമില്ല. അതുകൊണ്ട് അങ്ങനെയൊക്കെ നടക്കും. അത് നടന്നുപോകട്ടെ. 'അച്ഛാ ദിൻ ഹെ' എന്ന് ഞാൻ നിങ്ങളെ ആശംസിക്കുകയാണ്.

ശ്രീ. ഇ. പി. ജയരാജൻ: സർ, അങ്ങയുടെ പ്രസംഗം തടസ്സപ്പെടുത്താനല്ല ശ്രമിക്കുന്നത്. പെട്രോൾ-ഡീസൽ വിലവർദ്ധനവുമൂലം അനുഭവിക്കുന്ന

പ്രശ്നങ്ങളെക്കുറിച്ചാണല്ലോ അങ്ങിവിടെ പറയുന്നത്. ഇന്ധനത്തിന്റെ ഉപയോഗം കുറച്ചുകൊണ്ടുവരാൻ സൗരോർജ്ജം ഉപയോഗിച്ചുകൊണ്ടുള്ള ഒരു വലിയ വിപ്ലവം സംഘടിപ്പിക്കാൻ കഴിഞ്ഞാൽ അതിനെ പ്രതിരോധിക്കാനുള്ള നടപടിയാകില്ലേ? അത്തരം ശാസ്ത്രീയമായ നിഗമനങ്ങളിലേയ്ക്ക് നമ്മുടെ ചർച്ചകളെ ഉപയോഗപ്പെടുത്തുന്നതല്ലേ ഫലപ്രദം?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പ്രസംഗം തടസ്സപ്പെടുത്താനല്ല എന്ന് പറഞ്ഞുകൊണ്ട് ഒരു തടസ്സപ്പെടുത്തൽ നടത്തുകയാണ് അദ്ദേഹം. പക്ഷേ എനിക്ക് അതിൽ വിരോധമില്ല. കാരണം, അദ്ദേഹം സീനിയറായ അംഗമാണ്. പ്രത്യേകിച്ച് എനിക്ക് നല്ല ഇഷ്ടമുള്ള ആളുമാണ്. അങ്ങയുടെ സൗരോർജ്ജ തിയറി ഈ സർക്കാരിനെക്കൊണ്ട് സ്വീകരിപ്പിച്ചാൽ പോരേ! ഞങ്ങളെ ഉപദ്രവിക്കേണ്ട കാര്യമുണ്ടോ? ഞങ്ങൾ ഒരു ദ്രോഹവും ചെയ്തില്ലല്ലോ. സൗരോർജ്ജത്തിന്റെ പാനൽ എടുത്തുകൊണ്ട് ഞാൻ ഓടിയോ? ഞങ്ങളൊന്നും ചെയ്തിട്ടില്ല, നിങ്ങൾ അതെല്ലാം നടത്തിയാൽ മതി. അതിനുവേണ്ടി അങ്ങ് ഉപദേശിക്കണം. അങ്ങയുടെ ഉപദേശം ശരിയാണ്. ഞാൻ അങ്ങയുടെ പഴയൊരു പ്രസംഗം ഓർക്കുന്നുണ്ട്. അങ്ങ് സൗരോർജ്ജത്തിനുവേണ്ടി ആവേശകരമായി ഊർജ്ജം കാണിച്ചത് ഞാൻ ഓർക്കുകയാണ്. അതുകൊണ്ട് ഈ സർക്കാർ അത് നടപ്പാക്കട്ടെ. നടപ്പാക്കുമ്പോൾ ഏതുരൂപത്തിലാണ് ഞങ്ങൾ സഹായിക്കേണ്ടതെന്നുപറഞ്ഞാൽ ഞങ്ങൾ സഹായിക്കാം. അതിന് യാതൊരു കുഴപ്പവുമില്ല. സൗരോർജ്ജം മാത്രമല്ല, കാറ്റാടിപ്പാടം, തിരമാല തുടങ്ങിയവയെല്ലാം നമുക്ക് ഊർജ്ജമാക്കി മാറ്റാം. നോൺ-കൺവെൻഷണൽ എനർജിക്ക് ഇന്ന് ധാരാളം സാധ്യതകളുണ്ട്. ആ സാധ്യതകളൊക്കെ വന്നിട്ടേ നികുതിയിനത്തിലുള്ള അഞ്ചുരൂപയുടെ വിട്ടുവീഴ്ച കാണിക്കുകയുള്ളൂ എന്ന് വാശി പിടിക്കരുതെന്നുള്ളതാണ് ഞാൻ പറഞ്ഞതിന്റെ രത്നച്ചുരുക്കം. ഈ വിഷയം ചർച്ച ചെയ്യണമെന്നുള്ളതാണ് എന്റെ വിനയപൂർവ്വമായ അഭ്യർത്ഥന. ഇത് ഭീകരമാണെന്നും 59 പ്രാവശ്യം വർദ്ധിപ്പിച്ചിട്ടുണ്ടെന്നും ക്രൂരമായ നടപടിയാണ് കേന്ദ്ര സർക്കാർ ചെയ്യുന്നതെന്നും പെട്രോൾ കമ്പനിക്ക് ലാഭമുണ്ടാക്കുന്നതിനുവേണ്ടിയുള്ള നടപടിയാണെന്നും അങ്ങ് പറഞ്ഞു. പിന്നെ എന്തിനാണ് ചർച്ച ചെയ്യുന്നതിനെ എതിർക്കുന്നത്. അതിലൊരു ലോജിക്കില്ല. എപ്പോഴും ലോജിക് വച്ച് സംസാരിക്കുന്നയാളാണ് ധനകാര്യ വകുപ്പുമന്ത്രി. പക്ഷേ ഇത് ഇൽ-ലോജിക്കായിപ്പോയി. അതുകൊണ്ട് ഈ വിഷയം സഭ നിർത്തിവച്ച് അതിതീവ്രമായ ഈ പ്രശ്നത്തിൽ നിന്നും സംസ്ഥാനത്തെ ജനങ്ങളെ രക്ഷിക്കണം. സാധാരണക്കാർ ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്ന ദുരിതത്തിന് കയ്യും കണക്കുമില്ല. വീണ്ടും അവരുടെ മേൽ കൂടുതൽ നികുതി ഈടാക്കത്തക്ക നടപടിയിലേയ്ക്ക് പോകരുതെന്ന്

ഒരിക്കൽക്കൂടി ഓർമ്മിപ്പിക്കുകയാണ്. സാധാരണഗതിയിൽ ചിലർ ഒരു പാട്ടുപാടിയിട്ട്, അത് ഇന്നയാളിനുവേണ്ടി സമർപ്പിക്കുന്നുവെന്ന് പറയാറുണ്ട്. അതുപോലെ ഈ വിഷയം ഞാൻ സംസ്ഥാനത്തെ പാവപ്പെട്ടവർക്കുവേണ്ടി സമർപ്പിക്കുന്നു. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, എന്റെ പ്രസംഗം കേട്ടപ്പോൾ ഓയിൽ കമ്പനികളുടെ മാനേജർ വാദിക്കുന്നതുപോലെയെന്നാണ് ബഹുമാനപ്പെട്ട അംഗം പറഞ്ഞത്. ആ ഗൗൺ അങ്ങേയ്ക്കാണ് കൂടുതൽ യോജിക്കുന്നത്. അതുകൊണ്ട് ഞാൻ പറയണമെന്ന് ആഗ്രഹിച്ചതല്ലെങ്കിലും പറയാതെ വയ്യ. ആരാണ് ഈ നയം കൊണ്ടുവന്നത്? അന്തർദ്ദേശീയ മാർക്കറ്റിൽ ദിവസവും വില കൂടുകയും കുറയുകയും ചെയ്യുമ്പോൾ കൂടുകയും കുറയുകയും ചെയ്യേണ്ട ഒന്നല്ല എന്നുള്ളതുകൊണ്ട് ഒരു ഓയിൽ പൂൾ അക്കൗണ്ടുണ്ടാക്കി, അതിലേയ്ക്ക് ഇവിടെനിന്നും പിരിക്കുന്ന നികുതിയുടെ ഒരു ഭാഗവും പൊതുമേഖലാസ്ഥാപനങ്ങളുടെ ലാഭവുംകൂടി ചേർത്ത് സ്ഥിരവില പിടിച്ചുനിർത്തിക്കൊണ്ടിരുന്നത് ഇല്ലാതാക്കിയത് നിങ്ങളല്ലേ? അതില്ലാതാക്കിയിട്ടും ഇതിന് മൂന്നു ഭാഗങ്ങളുണ്ട്. ഒന്ന്, ക്രൂഡ് ഓയിൽ ഖനനം ചെയ്തെടുക്കുന്ന ഒ.എൻ.ജി.സി. പോലുള്ള കമ്പനികൾ. രണ്ട്, റിഫൈനറി കമ്പനികൾ, ഏതാണ്ട് പൂർണ്ണമായും നമ്മുടെ ക്രൂഡ് ഓയിൽ ഇവിടെ തന്നെയാണ് റിഫൈൻ ചെയ്യുന്നത്. മൂന്ന്, ചില്ലറയ്ക്കായി വിൽക്കുന്ന മാർക്കറ്റിംഗ് കമ്പനികളും ഒ.എൻ.ജി.സി. പോലുള്ള കമ്പനികളും റിഫൈനറിയും നല്ല ലാഭത്തിലാണ്. മാർക്കറ്റിംഗ് കമ്പനികൾക്കാണ് ചിലപ്പോൾ ലാഭം കുറയുകയോ ചിലപ്പോൾ നഷ്ടം വരികയോ ചെയ്യുന്നത്. വിദേശത്തുനിന്ന് എണ്ണ ഇറക്കുമതി ചെയ്യുന്നെങ്കിൽ, ഇംപോർട്ട് പാരിറ്റി പ്രൈസും സർക്കാർ നിശ്ചയിച്ച വിലയും തമ്മിലുള്ള അന്തരത്തിനെയാണ് അണ്ടർ റിക്കവറി എന്നുപറയുന്നത്. അതൊരു നോഷണൽ ഫിഗറാണ്. ഇത് മൂന്നും കൂടി ചേർത്താൽ ഈ സെക്ടർ ലാഭത്തിലാണ്. അതിനുപുറമെയാണ് നികുതി. അതിനാൽ 2010-ൽ Kirit Parikh കമ്മിറ്റിയെ നിയോഗിച്ച് അണ്ടർ റിക്കവറി അപകടമാണെന്നും അതില്ലാതാക്കിയില്ലെങ്കിൽ ഈ സെക്ടർ തന്നെ തകർന്നുപോകുമെന്നും പറഞ്ഞ് ഇതിനെ ഡീ-റെഗുലേറ്റ് ചെയ്ത്, ഈ കമ്പനികൾക്ക് ഓരോ ദിവസവും ഇഷ്ടംപോലെ വില കൂട്ടാനും കുറയ്ക്കാനുമുള്ള അവകാശം കൊടുത്തത് നിങ്ങളല്ലേ?

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് പറയുന്നത് ശരിയാണ്. ഓയിൽ പൂൾ അക്കൗണ്ടുണ്ടായിരുന്നു, അണ്ടർ റിക്കവറിയുടെ പ്രശ്നവുമുണ്ടായിരുന്നു. ആ കാലഘട്ടത്തിലൊക്കെ അന്താരാഷ്ട്ര എണ്ണവില ഏകദേശം സ്റ്റെഡിയായിട്ടാണ്

പോയിക്കൊണ്ടിരുന്നത്. അതിനുശേഷം വലിയ ഏറ്റക്കുറച്ചിലുകൾ വരികയും പലപ്പോഴും നേരത്തെയുണ്ടായിരുന്ന വിലയുടെ 25-ഉം 50-ഉം ശതമാനം വർദ്ധിക്കുകയും കേന്ദ്ര സർക്കാരിന് 2 ലക്ഷം കോടി രൂപയുടെ ബാധ്യതയും വന്ന ഘട്ടത്തിലാണ് ഓയിൽ പൂൾ അക്കൗണ്ട് മാറ്റി ഏറ്റക്കുറച്ചിലുകൾ വരുന്നതിനനുസരിച്ച് വില മാറ്റാൻ തീരുമാനിച്ചത്. അതും ബി.ജെ.പി. 9 പ്രാവശ്യം നികുതി വർദ്ധിപ്പിച്ചതും തമ്മിൽ താരതമ്യപ്പെടുത്തുന്നത് ശരിയാണോ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, അങ്ങനെയല്ല. സ്വാതന്ത്ര്യം കിട്ടിയതുമുതൽ നന്നായി മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയായിരുന്നു. അപ്പോഴാണ് റിലയൻസ്, എസ്സാർ തുടങ്ങിയവർ ഈ സെക്ടറിലേയ്ക്ക് വരുന്നത്. റിലയൻസും മറ്റും വന്നപ്പോൾ ഓയിൽ പൂൾ അക്കൗണ്ടിൽനിന്ന് അവരെ സബ്സിഡൈസ് ചെയ്യാൻ സാധിക്കില്ല. റിലയൻസ് അവിടെയെല്ലാം പെട്രോൾ പമ്പുകൾ ആരംഭിച്ചു. പിന്നീടത് പൂട്ടേണ്ടിവന്നു. അങ്ങനെ വന്നപ്പോൾ അവർക്കുനേരെ വിവേചനം കാണിക്കുന്നുവെന്ന രീതിയിൽ ഇന്റർനാഷണൽ ഏജൻസിയിൽ പോയി കേന്ദ്ര സർക്കാരിനെതിരെ അവർ പരാതി കൊടുത്തു. ഇവരെ സഹായിക്കാൻ വേണ്ടിയാണ് Kirit Parikh കമ്മിറ്റിയെ നിയോഗിച്ച് ഇത് വേണ്ടെന്നുവച്ചത്. അപ്പോഴാരാണ് ഈ എണ്ണ കമ്പനികൾക്കുവേണ്ടി വക്കാലത്ത് പിടിച്ചത്? ഞങ്ങൾ അന്നുമുതൽ തുടർച്ചയായി എടുത്തുവരുന്ന നിലപാടാണിത്. നിങ്ങൾ ഭരിച്ചിരുന്ന കാലത്ത് 59 പ്രാവശ്യം വില കൂടി എന്നുപറഞ്ഞല്ലോ. അന്ന് വീണ്ടും ക്രൂഡ് ഓയിൽ വില കുറഞ്ഞുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് കമ്പനി ദിവസവും വില മാറ്റുന്നില്ല. എപ്പോഴൊക്കെ ക്രൂഡ് ഓയിലിന്റെ വില കുറയുന്നോ, അപ്പോഴൊക്കെ നികുതിയാണ് കൂട്ടിയത്. ഇന്ന് അങ്ങനെയല്ല. ക്രൂഡ് ഓയിലിന്റെ വില കൂടിക്കൊണ്ടിരിക്കുകയാണ്. ഇവിടെ ശ്രീ. അരുൺ ജെയ്റ്റ്ലിക്ക് വേണമെങ്കിൽ കൂട്ടിയ നികുതി കുറയ്ക്കാം, പക്ഷെ കുറയ്ക്കുന്നില്ല. സംസ്ഥാനത്തിന്റെ നഷ്ടം നികത്താൻവേണ്ടി നിങ്ങൾ വില കൂട്ടിക്കോ എന്നാണ് പറയുന്നത്. ഓരോ ദിവസവും വില കൂടുകയും കുറയുകയും ചെയ്തുകൊണ്ടിരിക്കുകയാണ്.

10.00 A.M]

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അങ്ങ് ജി.എസ്.ടി. കൗൺസിലിൽ അംഗമല്ലേ; ജി.എസ്.ടി.-യിൽ പെട്രോളുംകൂടി ചേർക്കണമെന്നുള്ളത് സംസ്ഥാനത്തിന്റെ പൊതു അഭിപ്രായമായിരുന്നില്ലേ? സംസ്ഥാന സർക്കാരിനെ പ്രതിനിധീകരിക്കുന്ന ധനകാര്യ വകുപ്പുമന്ത്രി ജി.എസ്.ടി. കൗൺസിൽ യോഗത്തിൽ പങ്കെടുക്കുമ്പോൾ അതിൽ പെട്രോളുംകൂടി ഉൾപ്പെടുത്തണമെന്നല്ലേ വാദിക്കേണ്ടത്? സംസ്ഥാന സർക്കാരിന് ലഭിക്കുന്ന 50 ശതമാനം ടാക്സിൽ നിന്ന് എന്തെങ്കിലും കരുണ കാണിക്കുമോ എന്നായിരുന്നു ഞങ്ങളുടെ ചോദ്യം.

അതിനുപകരം അങ്ങ് 2010-ലേയ്ക്ക് പോകുകയാണ്. As on today പാവപ്പെട്ട ജനങ്ങൾക്ക് ആനുകൂല്യം കൊടുക്കുന്നതിന് എന്ത് തടസ്സമാണ് സംസ്ഥാന സർക്കാരിനുള്ളത്?

ഡോ. ടി. എം. തോമസ് ഐസക്: സർ, അങ്ങ് എണ്ണക്കമ്പനികൾക്കു വേണ്ടിയല്ല ബി.ജെ.പി.-ക്കുവേണ്ടിയാണ് വാദിക്കുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങും ശ്രീ. അരുൺ ജെയ്റ്റ്ലിയും ഒരുമിച്ചെടുത്ത തീരുമാനമല്ലേ അത്. അതിൽ ഞാനെന്താണ് ചെയ്തത്; എനിക്ക് അവിടെ പ്രവേശന പാസ്സ് പോലുമില്ല; ഞങ്ങൾക്കവിടെ വന്ന് പറയാൻ കഴിയുമോ? എന്നിട്ടാണ് ഞങ്ങൾ ബി.ജെ.പി.-ക്കുവേണ്ടി വാദിക്കുന്നുവെന്ന് അങ്ങ് പറയുന്നത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇപ്പോൾ ശ്രീ അരുൺ ജെയ്റ്റ്ലി എക്സൈസ് ഡ്യൂട്ടി വർദ്ധിപ്പിച്ചതിന്റെ ഫലമായി കേന്ദ്ര നികുതി 9 രൂപയിൽ നിന്ന് 21 രൂപയായി വർദ്ധിച്ചു. അതിൽ സംസ്ഥാനങ്ങൾക്ക് 42 ശതമാനം നൽകുന്നു എന്നുള്ളത് സംഘികൾ പറയുന്നതാണ്. വർദ്ധിപ്പിച്ചത് ബേസിക് എക്സൈസ് അല്ല, അഡീഷണൽ എക്സൈസാണ്. അത് സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ട ആവശ്യമില്ല. നിങ്ങൾ ബി.ജെ.പി.-യുടെ ഫേസ്ബുക്കിലുള്ള പ്രചരണവാദം ഇവിടെ വിളമ്പരുത്. സംസ്ഥാനങ്ങൾക്ക് പങ്കുവയ്ക്കാവുന്ന രീതിയിലുള്ള ബേസിക് ടാക്സാണെങ്കിൽ അത് കിട്ടിയെന്ന് പറയാം, അഡീഷണൽ എക്സൈസല്ലേ വർദ്ധിപ്പിച്ചത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, സാധാരണഗതിയിൽ കോടതിയിൽ പോകുന്ന വക്കീൽ കേസ് തോൽക്കുമ്പോൾ മേശപ്പുറത്ത് ആഞ്ഞടിക്കും. അങ്ങ് ആ പണി ഇവിടെ കാണിക്കരുത്. നിയമസഭയിൽ പറയുമ്പോൾ കുറച്ചുകൂടി കൃത്യമായി കാര്യങ്ങൾ പറയണം.

ഡോ. ടി. എം. തോമസ് ഐസക്: സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ നന്നായി വാദിക്കുന്ന ആളാണ്. അതുകൊണ്ട് പറഞ്ഞുനിൽക്കും. യാഥാർത്ഥ്യം എല്ലാവർക്കും മനസ്സിലാകുന്നുണ്ടല്ലോ. ഞാൻ പറഞ്ഞ വാദം ഇത്രയേയുള്ളൂ. 610 കോടി രൂപ നാല് തവണയായി നിങ്ങൾ വേണ്ടെന്ന് വച്ചു. പക്ഷേ, 13 തവണയായി എത്ര കോടി രൂപയാണ് കൂട്ടുതലായി വാങ്ങിയത്. 2012-ൽ 23 ശതമാനം വരെ കുറച്ചത് നിങ്ങൾ അധികാരത്തിൽനിന്ന് ഇറങ്ങുമ്പോൾ ഇഫക്ടീവിലി 33 ശതമാനത്തിലേറെയായി വർദ്ധിപ്പിച്ചില്ലേ? ഞാൻ നൽകിയ കണക്ക് അഡീഷണൽ സെയിൽസ് ടാക്സ് കൂട്ടാതെയുള്ളതാണ്. അതാണ് ഇഫക്ടീവ് എന്ന് ചേർത്തത്. എത്ര ആയിരം കോടി രൂപയാണ് ജനങ്ങളിൽനിന്ന് നിങ്ങൾ കൂടുതൽ പിരിച്ചെടുത്തത്. നികുതി വർദ്ധിപ്പിക്കുന്നത് നമുക്ക് സന്തോഷമുള്ള കാര്യമല്ല;

നികുതി കുറയ്ക്കണമെന്ന് ആഗ്രഹവുമുണ്ട്. എങ്ങനെയെങ്കിലും ജനങ്ങളെ പിഴിയുക എന്നുള്ളതല്ല സർക്കാരിന്റെ നയം. എന്നാൽ മറിച്ച് ചിന്തിക്കാൻ ഇന്നത്തെ സാമ്പത്തിക സാഹചര്യത്തിൽ ഞങ്ങൾക്ക് ബുദ്ധിമുട്ടുണ്ട്. കാര്യങ്ങൾ പരിശോധിക്കുന്നതാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, കേന്ദ്ര ഗവൺമെന്റിന്റെ പെട്രോളിയം നയത്തെ വിമർശിക്കുന്നവരാണ് അങ്ങും അങ്ങയുടെ പാർട്ടിയും. ഇപ്പോഴുണ്ടാകുന്ന നികുതി വർദ്ധനവിന്റെ ആനുകൂല്യം വേണമെന്ന് പറയുകയും വർദ്ധനവിനെ എതിർക്കുകയും ചെയ്യുന്നത് ശരിയാണോ; ആ നയം ഇരട്ടത്താപ്പല്ലേ?

ഡോ. ടി. എം. തോമസ് ഐസക്: സർ, അതുതന്നെയാണ് ഞാൻ പറയുന്നത്. നമ്മൾ വയ്ക്കേണ്ട ഡിമാന്റ് ഈ നികുതി വർദ്ധനവ് roll back ചെയ്യണമെന്നാണ്. 9 രൂപ ആയിരുന്ന കേന്ദ്ര നികുതി 21 രൂപയായി വർദ്ധിപ്പിച്ചു. അത് 21 രൂപയിൽ നിന്നും 9 രൂപയായി കുറയ്ക്കണം. അതേസമയം കേന്ദ്രം പറയുന്നതുപോലെ, ഞങ്ങൾ വർദ്ധിപ്പിക്കും, അഡീഷണൽ എക്സൈസ് ഡ്യൂട്ടി മാത്രം ഞങ്ങളെടുക്കും, അതിന്റെ ഭാഗമായി നിങ്ങൾ നികുതി കുറയ്ക്കു എന്ന നിലപാട് നമുക്ക് സ്വീകരിക്കാൻ കഴിയില്ല. എങ്ങനെയാണ് ജനങ്ങൾക്ക് സമാശ്വാസം നൽകുക എന്നത് സംബന്ധിച്ച് സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയുമായി ബന്ധപ്പെടുത്തി ഉചിതമായ തീരുമാനങ്ങൾ സർക്കാർ എടുക്കും. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്, ശ്രീ. അരുൺ ജെയ്റ്റ്ലിയെക്കാൾ വാശിയോടുകൂടിയാണ് ബി.ജെ.പി. സർക്കാരിന്റെ ഓയിൽ പോളിസിയെ പിന്താങ്ങുന്നതെന്നുള്ളത് വളരെ കഷ്ടമാണ്. നമ്മുടെ രാജ്യത്ത് ബി.ജെ.പി. സർക്കാർ ഓയിൽ സെക്ടറിൽ കൊണ്ടുവന്നിരിക്കുന്ന പരിഷ്കാരം ജനങ്ങളുടെ ജീവിതത്തെ ഗുരുതരമായി ബാധിച്ചിരിക്കുകയാണ്. വിലക്കയറ്റവും കാർഷിക ഉത്പന്നങ്ങളുടെ വിലത്തകർച്ചയുംകൊണ്ട് ജനങ്ങൾ പ്രയാസപ്പെടുകയാണ്. ഭക്ഷ്യധാന്യങ്ങളുടെ അമിതമായ വിലവർദ്ധനവ് സാധാരണക്കാരുടെ നട്ടെല്ലൊടിച്ചിരിക്കുന്നു. ബി.ജെ.പി. സർക്കാരിന്റെ ഈ നയം രാജ്യത്തൊട്ടാകെയുള്ള ജനങ്ങളിൽ പരിഭ്രാന്തി സൃഷ്ടിച്ചിരിക്കുകയാണ്.

ബി.ജെ.പി. സർക്കാർ ലക്കുംലഗാനമില്ലാതെ എക്സൈസ് ഡ്യൂട്ടി വർദ്ധിപ്പിക്കുന്നതും എല്ലാ ദിവസവും ഇന്ധനവില കൂട്ടുകയും ചെയ്യുന്നതിലൂടെ സാധാരണക്കാരായ ജനങ്ങളുടെമേൽ കൂടുതൽ ഭാരം അടിച്ചേൽപ്പിച്ചുകൊണ്ടിരിക്കുകയാണ്. കേന്ദ്ര സർക്കാരിന്റെ നയം പുനഃപരിശോധിക്കണമെന്നാണ് ജനങ്ങൾ ഒന്നടങ്കം ആവശ്യപ്പെടുന്നത്. കേന്ദ്ര സർക്കാരിന്റേത് തെറ്റായ നയമാണെന്നുപോലും ഡോ. ടി. എം. തോമസ് ഐസക് ഇവിടെ പറഞ്ഞില്ല. ജി.എസ്.ടി.-യുടെ കാര്യത്തിൽ കണ്ണുംപൂട്ടി ശ്രീ. അരുൺ ജെയ്റ്റ്‌ലിയെ സപ്പോർട്ട് ചെയ്തതുപോലെ എണ്ണ വിലയുടെ കാര്യത്തിലും അദ്ദേഹം അവരെ സപ്പോർട്ട് ചെയ്യുകയാണ്. കേന്ദ്ര സർക്കാർ വിലവർദ്ധനവ് പിൻവലിക്കണം. ഇന്ന് അന്തർദ്ദേശീയ മാർക്കറ്റിൽ എണ്ണവില കുറഞ്ഞുകൊണ്ടിരിക്കുകയാണ്. എന്നാൽ അതിനാനുപാതികമായ വിലക്കുറവ് ജനങ്ങൾക്ക് ലഭ്യമാക്കാനുള്ള നടപടി കേന്ദ്ര സർക്കാർ സ്വീകരിക്കുന്നില്ല. അതിനുപകരം എക്സൈസ് ഡ്യൂട്ടി വർദ്ധിപ്പിച്ചുകൊണ്ട് രാജ്യത്തെ ജനങ്ങളുടെ തലയിൽ കൂടുതൽ ഭാരം അടിച്ചേൽപ്പിക്കുകയാണ്. ബി.ജെ.പി. സർക്കാർ സാധാരണക്കാരായ ജനങ്ങളുടെ നിത്യജീവിതത്തെ കൂടുതൽ ദുരിതപൂർണ്ണമാക്കുന്നു എന്നുള്ളതാണ് ഒന്നാമത്തെ പ്രശ്നം. 2011 നവംബർ 14-ന് ബഹുമാനപ്പെട്ട ഡോ. ടി. എം. തോമസ് ഐസക് പ്രതിപക്ഷാംഗമായിരുന്ന സമയത്ത് ഒരടിയന്തരപ്രമേയം അവതരിപ്പിച്ചിരുന്നു. അന്ന് ബഹുമാന്യനായ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി പ്രമേയം ചർച്ച ചെയ്യാമെന്നാണ് പറഞ്ഞത്. കേന്ദ്ര സർക്കാരിന്റെ നയത്തിനെതിരെ കാര്യങ്ങൾ ചർച്ച ചെയ്യുന്നതിന് നിങ്ങൾക്കെന്താണ് ബുദ്ധിമുട്ട്? അന്ന് ശ്രീ. ഉമ്മൻ ചാണ്ടി ചർച്ച അനുവദിച്ചതുപോലെ ഇന്ന് ഈ വിഷയം ചർച്ച ചെയ്യാൻ സർക്കാർ തയ്യാറാകുമെന്നാണ് ഞാൻ കരുതിയത്. അങ്ങനെ ചെയ്തിരുന്നുവെങ്കിൽ ബി.ജെ.പി. സർക്കാരിന്റെ യഥാർത്ഥ മുഖം തുറന്ന് കാണിക്കാമായിരുന്നു. അതിന് നിങ്ങൾ തയ്യാറായില്ല. ഡോ. ഡോ. ടി. എം. തോമസ് ഐസക് അന്ന് നടത്തിയ പ്രസംഗത്തിന്റെ ഭാഗങ്ങളൊന്നും ഞാനിവിടെ വായിക്കുന്നില്ല. അദ്ദേഹം അടിയന്തരപ്രമേയം അവതരിപ്പിച്ചുകൊണ്ട് പ്രസംഗിച്ച അതേ കാര്യങ്ങൾക്കാണ് ഇന്നും ഇവിടെ പ്രസക്തി. അതിനേക്കാൾ ഗുരുതരമായ അവസ്ഥാവിശേഷം ഇന്നുണ്ടായിരി ക്കുകയാണ്. കേന്ദ്ര സർക്കാർ ഓയിൽ സെക്ടറിൽ സ്വീകരിച്ചിരിക്കുന്ന, ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന സമീപനങ്ങളെ ഒരുമിച്ചെതിർക്കാനുള്ള ഒരവസരം കൂടിയാണ് ഞങ്ങൾ നൽകിയത്. ആ അവസരം നിങ്ങൾ പ്രയോജനപ്പെടുത്തിയില്ല. ഈ വിഷയം ചർച്ച ചെയ്തിരുന്നുവെങ്കിൽ പ്രതിക്കൂട്ടിലാകുന്നത് കേന്ദ്ര സർക്കാരും ശ്രീ. നരേന്ദ്ര മോദിയും ആയിരിക്കുമെന്ന കാര്യത്തിൽ സംശയമില്ല. പക്ഷെ, അതിനുള്ള അവസരം നിങ്ങൾ നൽകാത്തതിൽ ഞങ്ങൾക്ക് ശക്തമായ പ്രതിഷേധമുണ്ട്. അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി

പറഞ്ഞ വാചകം ഞാൻ ഉദ്ധരിക്കാം. "ഞങ്ങൾക്ക് ജനങ്ങളെക്കൂടി കാണണം, നിങ്ങളാരും ആവശ്യപ്പെട്ടില്ലെങ്കിലും കേരളത്തിലെ ജനങ്ങൾക്കുവേണ്ടി പുതിയതായി വർദ്ധിപ്പിച്ച വിലയുടെ അധിക നികുതി വേണ്ടെന്നുവയ്ക്കാൻ സർക്കാർ തീരുമാനിക്കുന്നു" എന്നാണ് അദ്ദേഹം പറഞ്ഞത്. പ്രതിപക്ഷത്തുനിന്ന് ചർച്ചയിൽ പങ്കെടുത്ത ഒരാൾപോലും അധിക നികുതി വേണ്ടെന്നുവയ്ക്കണമെന്ന് പറഞ്ഞില്ല. അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി സർക്കാരിന് അധികമായി കിട്ടുന്ന നികുതി വരുമാനം വേണ്ടെന്നുവച്ചത് അങ്ങ് നിസ്സാരവത്കരിച്ചത് ശരിയായില്ല. യു.ഡി.എഫ്. ഒരു ശതമാനം ടാക്സ് കൂട്ടിയില്ലേയെന്നും അങ്ങ് ചോദിച്ചു. ഞങ്ങൾ ഒരു ശതമാനം ടാക്സ് കൂട്ടിയത് കേരളത്തിലെ അടിസ്ഥാനസൗകര്യ വികസനത്തിനും ഡിസ്ട്രിക് ഫ്ലാഗ്ഷിപ്പ് പ്രോഗ്രാമിനും വേണ്ടിയായിരുന്നു. ഈ അടിയന്തരപ്രമേയം ചർച്ച ചെയ്യാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാകേണ്ടതായിരുന്നു. കേന്ദ്ര ഗവൺമെന്റിന്റെ നയങ്ങൾ ജനങ്ങളുടെ മുമ്പിൽ തുറന്നുകാട്ടാനുള്ള അവസരമുണ്ടാകുമെന്ന് കരുതിയാണ് ഞങ്ങളിത് അവതരിപ്പിച്ചത്. കർണ്ണാടക സർക്കാരും മറ്റ് സംസ്ഥാനങ്ങളും നികുതി കുറച്ചു. കേന്ദ്ര സർക്കാരിന്റെ നയങ്ങൾക്കെതിരെ പ്രതിഷേധിച്ചുകൊണ്ട് അധിക ഡ്യൂട്ടി കുറയ്ക്കാനുള്ള നടപടി കേരളത്തിനും സ്വീകരിക്കാമായിരുന്നു. പക്ഷേ നിങ്ങളത് സ്വീകരിച്ചില്ല. ഓയിൽ കമ്പനികൾ കാണിക്കുന്ന കള്ളക്കളിയാണ് ഏറ്റവും ഗുരുതരമായ പ്രശ്നം. ഡീസലിൽ 5 ശതമാനം എഥനോൾ ചേർക്കാറുണ്ട്. വളരെ വിലക്കുറവുള്ള എഥനോളിന് ഇപ്പോൾ 10 ശതമാനം വില രഹസ്യമായി കൂട്ടിയിരിക്കുകയാണ്. ഡീസലിന്റെ വില കൂട്ടുന്നതിനുള്ള പെട്രോളിയം കമ്പനിയുടെ ഒത്തുകളി ഇതിൽ വളരെ വ്യക്തമാണ്.

വില നിയന്ത്രിക്കുന്നതിനുള്ള അധികാരം കേന്ദ്ര സർക്കാരിനാകണമെന്നുള്ള കാര്യത്തിൽ കേരളത്തിൽ ആർക്കും അഭിപ്രായവ്യത്യാസമില്ലായിരുന്നു. രാജ്യത്തൊട്ടാകെയുള്ള സാഹചര്യങ്ങളും അന്തർദ്ദേശീയ മാർക്കറ്റിൽ എണ്ണ വിലയിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ അനുസരിച്ചും കേന്ദ്രഗവൺമെന്റ് തീരുമാനമെടുത്തേക്കാം.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, കഴിഞ്ഞ യു.പി.എ. സർക്കാർ ഈ പ്രൈസ് ഫിക്സേഷൻ എടുത്തുകളഞ്ഞുവെന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിച്ചത്. ക്രൂഡ് ഓയിൽ ശുദ്ധീകരിച്ച് വരുമ്പോൾ പെട്രോളിനും ഡീസലിനും മണ്ണെണ്ണയ്ക്കും ഏവിയേഷൻ ഫ്യുവലിനും പാചകവാതകത്തിനും ഒരേ വിലയാണ് വരുന്നത്. എന്നാൽ സാധാരണക്കാരും ഇടത്തരക്കാരും ഉപയോഗിക്കുന്ന മണ്ണെണ്ണയ്ക്കും പാചക വാതകത്തിനും ക്രോസ് സബ്സിഡി കൊടുക്കാൻ കോൺഗ്രസ് സർക്കാരുകളാണ് ഇന്ത്യയിൽ തീരുമാനമെടുത്തിട്ടുള്ളതെന്നും

ഇക്കാര്യത്തിൽ രണ്ട് ലക്ഷം കോടിയിലധികം രൂപ പൊതുമേഖലാ ഓയിൽ കമ്പനികൾക്ക് ബാദ്ധ്യത വന്നപ്പോൾ ആ ബാധ്യത എല്ലാ വർഷവും താങ്ങിനിർത്താൻ കേന്ദ്രസർക്കാരിന് കഴിയാതെവന്ന സാഹചര്യത്തിലുമാണ് ഈ സമ്പ്രദായം മാറ്റേണ്ടിവന്നതെന്നും അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? മാത്രമല്ല, ഓരോ പ്രാവശ്യവും പെട്രോളിന്റെയും ഡീസലിന്റെയും വില കേന്ദ്രം വർദ്ധിപ്പിക്കുമ്പോൾ അതിലേറ്റവും കൂടുതൽ സന്തോഷിക്കുന്നത് കേരളത്തിലെ ധനകാര്യ വകുപ്പുമന്ത്രിയാണെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, തീർച്ചയായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പെട്രോളിന്റെയും ഡീസലിന്റെയും വില വർദ്ധനവിൽ ഏറ്റവും കൂടുതൽ സന്തോഷിക്കുന്നത് ഡോ. ടി. എം. തോമസ് ഐസക്കാണ്. സ്വകാര്യ പെട്രോളിയം കമ്പനികൾക്ക് ലാഭമുണ്ടാക്കാനുള്ള എളുപ്പവഴിയാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഈ തെറ്റായ സമീപനം രാജ്യത്തുടനീളം സൃഷ്ടിച്ചിരിക്കുന്ന പ്രശ്നങ്ങൾ ചെറുതല്ല. പെട്രോളിയം ഉല്പന്നങ്ങളെന്ന് പറയുമ്പോൾ ഡീസലും പെട്രോളും മാത്രമല്ല മണ്ണെണ്ണയും അതുമായി ബന്ധപ്പെട്ട ധാരാളം ബൈ പ്രോഡക്ടുകളുമുണ്ട്. ഇതിന്റെയെല്ലാം വില വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഈ വില വർദ്ധനവിന്റെ ഫലമായി കർഷകരുടെയും തൊഴിലാളികളുടെയും സാധാരണക്കാരുടെയും പാവപ്പെട്ടവരുടെയും ദുരിതപൂർണ്ണമായ ജീവിതത്തെ കണ്ടില്ലെന്ന് നടിക്കാൻ നമുക്ക് സാധ്യമല്ല. ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള യു.ഡി.എഫ്. സർക്കാർ 619.17 കോടി രൂപയാണ് നികുതിയിനത്തിൽ കുറച്ചത്. ആ നികുതി കുറച്ചതുകൊണ്ട് യാതൊരു പ്രയോജനവുമുണ്ടായില്ലെന്ന് ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞാൽ അതംഗീകരിക്കാൻ കഴിയുമോ? അധികമായി ലഭിച്ചിരിക്കുന്ന നികുതി വരുമാനം വേണ്ടെന്നുവയ്ക്കാൻ തയ്യാറാകുകയല്ലേ ഈ സർക്കാർ ചെയ്യേണ്ടത്. കേന്ദ്ര സർക്കാരിനെ എല്ലാ കാര്യത്തിലും കുറ്റം പറയുന്നവരാണ് സംസ്ഥാന സർക്കാരെങ്കിലും ജനങ്ങളെ കൊള്ളയടിക്കുന്ന കാര്യത്തിൽ രണ്ടുപേരും ഒരുപോലെയാണെന്നാണ് ഇത് തെളിയിച്ചിരിക്കുന്നത്. അധികാരത്തിലെത്തിയാൽ പെട്രോളിന്റെ വില 40 രൂപയാക്കുമെന്ന് പ്രഖ്യാപിച്ചവരാണ് ശ്രീ. നരേന്ദ്ര മോദിയും കൂട്ടരും. പക്ഷേ അവർ അധികാരത്തിലെത്തി നാല് വർഷമാകുന്നതിനുമുമ്പ് പെട്രോൾ വില ഇരട്ടിയാക്കി. സംസ്ഥാനത്ത് പെട്രോളിന്റെ വില ലിറ്ററിന് 77 രൂപയും ഡീസലിന്റെ വില 70 രൂപയും കടന്നിരിക്കുകയാണ്. ഇങ്ങനെ പോയാൽ ബി.ജെ.പി. സർക്കാർ കാലാവധി തികയ്ക്കുമ്പോൾ പെട്രോളിന് 100 രൂപവരെ എത്തുമെന്നാണ് കാണാൻ കഴിയുന്നത്. നേരത്തെ പെട്രോളിന്റെ വിലയുടെ പകുതി മാത്രമായിരുന്നു ഡീസലിന്റെ വില. ഇപ്പോൾ പെട്രോളിന്റെയും ഡീസലിന്റെയും വില ഏകദേശം ഒരുപോലെയായിരിക്കുന്നു എന്നുള്ളതാണ്

യാഥാർത്ഥ്യം. ഞാനതിന്റെ കണക്കുകളിലേയ്ക്ക് കടക്കുന്നില്ല. പെട്രോളിയം ഉല്പന്നങ്ങൾക്ക് ലോകത്തിൽവച്ച് ഏറ്റവും കൂടുതൽ വിലയുള്ള രാജ്യം ഇന്ത്യയായി മാറുകയാണ്. ബംഗ്ലാദേശിൽ 67 രൂപയും ശ്രീലങ്കയിൽ 54 രൂപയും പാകിസ്ഥാനിൽ 43 രൂപയുമാണ് വില. പക്ഷേ ഇന്ത്യയിൽ പെട്രോളിന്റെയും ഡീസലിന്റെയും വില തമ്മിലുള്ള അന്തരം ഇല്ലാതായിരിക്കുന്നു. രണ്ടിനും ഒരുപോലെ വില കയറുകയാണ്. ഇത് നമ്മുടെ സംസ്ഥാനത്തെയും രാജ്യത്തെയും വലിയ ബുദ്ധിമുട്ടിലാക്കുകയാണ്. ഇതിന്റെ കള്ളക്കളി എന്താണ്? കേന്ദ്ര സർക്കാർ എക്സൈസ് ഡ്യൂട്ടി വർദ്ധിപ്പിക്കുകയാണ്. പെട്രോളിൽനിന്നും ഡീസലിൽനിന്നുമായി 2.90 ലക്ഷം കോടി രൂപയാണ് കേന്ദ്രത്തിന് നികുതിയായി ലഭിക്കുന്നത്. ബി.ജെ.പി. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എക്സൈസ് ഡ്യൂട്ടി പത്തിരട്ടിയാണ് വർദ്ധിപ്പിച്ചത്. 2014-ൽ ബി.ജെ.പി. സർക്കാർ അധികാരത്തിൽ വരുമ്പോൾ ഒരു ലിറ്റർ പെട്രോളിന് 9.48 രൂപയായിരുന്നു നികുതിയായി കേന്ദ്രത്തിന് കിട്ടിയിരുന്നതെങ്കിൽ ഇപ്പോൾ 19.48 രൂപയാണ് ലഭിക്കുന്നത്. 2014-ൽ ഡീസലിന് 3.56 രൂപയാണ് നികുതിയായി കിട്ടിയിരുന്നതെങ്കിൽ ഇപ്പോൾ 15.33 രൂപയാണ് കിട്ടുന്നത്. വൻകൊള്ളയാണ് ഇക്കാര്യത്തിൽ നടക്കുന്നത്. ആ കൊള്ളയെ ന്യായീകരിക്കുന്ന നിലപാട് ഈ സർക്കാർ എടുത്തതിൽ അതിശക്തമായ പ്രതിഷേധം ഞാൻ രേഖപ്പെടുത്തുകയാണ്. നാല് വർഷത്തിനിടയിൽ 12 തവണ പെട്രോളിന്റെ എക്സൈസ് തീരുവ വർദ്ധിപ്പിച്ചു. ഡീസലിന് 105.49 ശതമാനം എക്സൈസ് ഡ്യൂട്ടിയാണ് കേന്ദ്ര സർക്കാർ വർദ്ധിപ്പിച്ചത്. ഈ കൊള്ളമുതലിന്റെ ഒരു ഭാഗം സർക്കാരും പറ്റുകയാണ്. ഈ കൊള്ളമുതൽ വേണ്ടെന്നുവയ്ക്കാൻ എന്തുകൊണ്ട് സർക്കാർ തയ്യാറാകുന്നില്ലെന്നുള്ളതാണ് ഇവിടത്തെ ഏറ്റവും വലിയ പ്രശ്നം. ഡീസലിന്റെ വില വർദ്ധനവാണ് ജനജീവിതത്തെ ഏറ്റവും കൂടുതലായി ബാധിക്കുന്നത്. ട്രാൻസ്പോർട്ട് ബസ്സുകളിലും സ്കൂട്ടറുകളിലും ഓട്ടോറിക്ഷയിലും യാത്ര ചെയ്യുന്ന സാധാരണക്കാരായ ആളുകളാണ് ഡീസൽ വില വർദ്ധനവിന്റെ ദുരിതം പേറേണ്ടിവരുന്നത്. ആദ്യമായിട്ടാണ് കേരളത്തിൽ ഡീസലിന്റെ വില 70 രൂപയാകുന്നത്. ഒരു വർഷം കൊണ്ട് ഡീസലിന് 10/- രൂപയാണ് കൂടിയത്. പെട്രോളിന് 5 വർഷത്തെ ഏറ്റവും കൂടിയ വിലയാണ് ഇപ്പോഴുള്ളത്. 2011 നവംബർ 4-ന് ഡോ. ടി. എം. തോമസ് ഐസക് കൊണ്ടുവന്ന അടിയന്തരപ്രമേയത്തെക്കുറിച്ച് ഞാനിവിടെ പറഞ്ഞു. ആ അടിയന്തരപ്രമേയം അവതരിപ്പിച്ച ആളാണോ ഇപ്പോൾ ഇതിനെയെല്ലാം ന്യായീകരിക്കുന്നതെന്നാണ് എന്റെ ചോദ്യം. അദ്ദേഹം പ്രതിപക്ഷത്തിരുന്നപ്പോൾ പറഞ്ഞ കാര്യങ്ങളല്ല ഭരണപക്ഷത്തായപ്പോൾ പറയുന്നത്. സ്വാഭാവികമായും ഒരു മന്ത്രിയെന്ന നിലയിൽ അദ്ദേഹത്തിന് പരിമിതിയുണ്ടാകും. പക്ഷേ ബി.ജെ.പി. സർക്കാരിനെ പിന്തുണയ്ക്കാൻ അങ്ങ് നടത്തിയ ശ്രമം ഞങ്ങൾക്ക് വളരെ

ദുഃഖമുണ്ടാക്കിയിട്ടുണ്ട്. കേന്ദ്ര സർക്കാരും പെട്രോളിയം കമ്പനികളും സംസ്ഥാനത്തെ വലിയതോതിൽ ചൂഷണം ചെയ്യുകയാണ്. ആ ചൂഷണത്തിൽനിന്ന് അല്പം ആശ്വാസം കാണാനുള്ള നടപടി സർക്കാർ സ്വീകരിക്കണമായിരുന്നു. പെട്രോളിന്റെയും ഡീസലിന്റെയും അധിക നികുതി ഒരു തവണയെങ്കിലും വേണ്ടെന്നുവയ്ക്കാൻ സർക്കാർ തയ്യാറായിരുന്നെങ്കിൽ കേരളത്തിലെ ജനങ്ങളുടെ ഭാരം എത്രമാത്രം കുറയുമായിരുന്നു. ലാഭക്കൊതിയുള്ള ഒരു കച്ചവടക്കാരന്റെ മനോഭാവം ധനകാര്യ വകുപ്പുമന്ത്രി കാണിക്കാൻ പാടില്ലായിരുന്നുവെന്നാണ് എനിക്ക് പറയാനുള്ളത്. സർക്കാർ ഈ വിഷയം ചർച്ച ചെയ്യാൻപോലും തയ്യാറല്ല. യു.ഡി.എഫ്. സർക്കാർ പണ്ട് ചർച്ചയ്ക്ക് തയ്യാറായിരുന്നു. ചർച്ചയ്ക്ക് തയ്യാറാകാത്ത സർക്കാർ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ഡോ. എം. കെ. മുനീർ: സർ, കേന്ദ്രം പാവപ്പെട്ട ജനങ്ങളുടെ വീട് കത്തിക്കുമ്പോൾ കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രി അവിടെ വന്ന് വാഴ വെട്ടുകയാണ്. നമ്മൾ കേന്ദ്രനയത്തെ ശക്തമായി എതിർക്കുമ്പോൾ, കിട്ടുന്ന നികുതി മുഴുവൻ എക്സ്ചെക്കറിലേയ്ക്ക് വരുന്നതിൽ ഏറ്റവും കൂടുതൽ സന്തോഷിക്കുന്ന വ്യക്തി ധനകാര്യ വകുപ്പുമന്ത്രിയാണ്. കാരണം, 2017-ൽ കേന്ദ്ര പെട്രോളിയം മന്ത്രാലയം സംസ്ഥാന സർക്കാരിന് ഒരു കത്തെഴുതി. മഹാരാഷ്ട്ര, ഗുജറാത്ത്, ഹരിയാന, പഞ്ചാബ്, ഹിമാചൽപ്രദേശ് തുടങ്ങിയ സ്ഥലങ്ങൾ - 'they have trim their taxes on Petrol and Diesel' എന്നാണ്. അതിന് നമ്മൾ കൊടുത്ത മറുപടി 'dropping 5% tax on Petrol and Diesel would cause a drain of Rs. 1,336 crore per year to the State revenue stream. After GST and the tax on liquor, the biggest contributor to State Exchequer is the tax on fuel.' എന്നാണ്. നമ്മുടെ എക്സ്ചെക്കറിന്റെ ഏക പ്രതീക്ഷ ഇന്ധനത്തിലുണ്ടാകുന്ന നേട്ടമാണെന്നുള്ളതുകൊണ്ട് മറ്റ് സംസ്ഥാനങ്ങളിൽ 5% നികുതി കുറച്ചതുകൊണ്ട് ഞങ്ങൾ കുറയ്ക്കാൻ പോകുന്നില്ലെന്ന് 2017-ൽ കൊടുത്ത കത്തിൽ പറയുകയാണ്. മാത്രമല്ല, അന്ന് ഓരോ വർഷവും ലഭിച്ചുകൊണ്ടിരുന്ന അധിക വരുമാനത്തെക്കുറിച്ചും പറയുന്നുണ്ട്. ആഗസ്റ്റിൽ 548 കോടി രൂപയും സെപ്റ്റംബറിൽ 623 കോടി രൂപയും ഒക്ടോബറിൽ 600 കോടി രൂപയുമാണത്. Kerala Government imposes 24.52% and 31.8% fuel taxes on Diesel and Petrol respectively. ആ സമയത്ത് എക്സ്ചെക്കറിന് കിട്ടുന്ന ഏറ്റവും വലിയ മേന്മയാണ് ഫ്യുവലിന്റെ വില കൂടുമ്പോൾ നമുക്ക് കിട്ടുന്ന നികുതി എന്നുപറയുന്ന

മന്ത്രി ഇന്ധനവില കൂട്ടുന്നതിൽ സന്തോഷിക്കുന്നില്ലെന്ന് പറഞ്ഞാൽ ഞങ്ങൾ വിശ്വസിക്കുകയില്ല. വിലവർദ്ധനവ് ഓരോ ദിവസവും ഉണ്ടാകണമെന്നാണ് നിങ്ങൾ പ്രതീക്ഷിക്കുന്നത്. തിരുവനന്തപുരത്ത് ഓരോ ദിവസത്തെയും വില, മാർച്ച് 26-ന് 76.70 രൂപ, 27-ന് 76.81 രൂപ, 29-ന് 77 രൂപ, 30-ന് 77.24 രൂപ, 31-ന് 77.49 രൂപ, ഏപ്രിൽ 1-ാം തീയതി 77.67 രൂപ, 2-ാം തീയതി 77.78 രൂപ, 3-ാം തീയതി 77.99 രൂപ എന്നിങ്ങനെയാണ്. അങ്ങനെ ഓരോ ദിവസവും വില വർദ്ധിച്ചുകൊണ്ടിരിക്കുമ്പോൾ എക്സ്ചെക്കറിൽ ഇതിലൂടെ വന്നുകൊണ്ടിരിക്കുന്ന ലാഭത്തെക്കുറിച്ച് അദ്ദേഹം വളരെ വാചാലമായി പെട്രോളിയം വകുപ്പിന് കത്തെഴുതിയിട്ടുണ്ട്. റോഡിലൂടെ ഓടുന്ന കാറിന് മാത്രമല്ല; ബോട്ടിൽ പോകുന്നവരും ഡീസൽ അടിച്ചാണ് പോകുന്നത്. ഇത് മത്സ്യബന്ധനത്തിന് പോകുന്നവരെപ്പോലും ബാധിക്കുന്ന ഒരു വിഷയമായി മാറിയിട്ടും നികുതി കുറയ്ക്കാൻ തീരുമാനിച്ചിട്ടില്ലെന്ന് അങ്ങ് പറയുന്നതിന്റെ അർത്ഥം ഇതിന്റെ മുഴുവൻ സൗജന്യവും സംസ്ഥാനത്തിന് വേണമെന്നുള്ളത് തന്നെയാണ്.

അങ്ങിവിടെ ആഗോളകാര്യങ്ങളൊക്കെ പറയുന്നുണ്ട്. മാർക്സിസം പറയുന്നത്, സയിന്റിഫിക് സോഷ്യലിസത്തിലേയ്ക്ക് എത്തണമെങ്കിൽ ക്യാപ്പിറ്റലിസത്തിലൂടെ കടന്നുപോയേ മതിയാകൂ എന്നാണ്. ഇപ്പോൾ നിങ്ങൾ ഗ്യാലറിയിലിരുന്ന് കളി കാണുന്നതുകൊണ്ട് എന്തും പറയാം. ലോകത്ത് നടന്നുകൊണ്ടിരിക്കുന്ന സംഭവങ്ങൾക്ക് വന്ന മാറ്റങ്ങളനുസരിച്ച് സംസ്ഥാനത്തിന് റിലാക്സ് ചെയ്തുകൊടുക്കാൻ നിങ്ങൾക്ക് സാധിക്കും. കഴിഞ്ഞ സർക്കാർ അത് ചെയ്തിട്ടുണ്ട്. യു.ഡി.എഫ്. സർക്കാർ ഏകദേശം 600-ഓളം കോടി രൂപ വേണ്ടെന്നുവച്ചിട്ടുണ്ട്. എന്തുകൊണ്ട് ഈ സർക്കാർ അക്കാര്യത്തിൽ വേണ്ടരീതിയിലുള്ള ശുഷ്കാന്തി കാണിക്കുന്നില്ല? ഇക്കാര്യം ചർച്ച ചെയ്യണമെന്നുള്ള ഞങ്ങളുടെ ആവശ്യം പരിഗണിക്കാത്തതിനാൽ ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. കെ. എം. മാണി</u>: സർ, ഇവിടെ മാർക്സിസ്റ്റ് സിദ്ധാന്തത്തെപ്പറ്റി പറഞ്ഞു. മാർക്സിസ്റ്റ് സിദ്ധാന്തം തന്നെ വൈരുദ്ധ്യാത്മകമല്ലേ? അത്ഭുതത്തിന് എന്തെങ്കിലും വകയുണ്ടോ? ഡോ. ടി. എം. തോമസ് ഐസക് അന്ന് പറഞ്ഞതിന് വിപരീതമായി ഇന്ന് പ്രവർത്തിക്കുന്നുവെങ്കിൽ അത്ഭുതപ്പെടേണ്ട; അത് വൈരുദ്ധ്യാത്മകമാണ്. ഡോ. എം. കെ. മുനീർ പറഞ്ഞതുപോലെയല്ല കാര്യങ്ങൾ. അന്താരാഷ്ട്ര രംഗത്ത് ക്രൂഡോയിലിന്റെ വില കുറയുമ്പോൾ കേന്ദ്ര സർക്കാർ വില കൂട്ടുകയാണ്. ഇത് വിലക്കയറ്റം രൂക്ഷമാകാനിടയാകും. ഇന്ധനവില വർദ്ധിക്കുമ്പോൾ വിലക്കയറ്റം അതിരൂക്ഷമാകും. ഈ സന്ദർഭത്തിൽ ഇതല്ലേ

ചർച്ച ചെയ്യേണ്ട വിഷയം? ഈ പ്രശ്നം ചർച്ച ചെയ്യാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. എന്ത് ഔചിത്യമാണിത്? നിങ്ങൾക്ക് ഔചിത്യബോധമുണ്ടായിരുന്നുവെങ്കിൽ തീർച്ചയായും ഈ അടിയന്തരപ്രമേയം ചർച്ച ചെയ്യേണ്ടതായിരുന്നു. ചർച്ച ചെയ്യാത്തതിൽ വളരെയേറെ ദുഃഖമുണ്ട്. നികുതിഭാരം ജനങ്ങളെ വിഷമിപ്പിക്കുമ്പോൾ നിങ്ങളെന്ത് ചെയ്യുന്നു? ഞാൻ ധനകാര്യ വകുപ്പുമന്ത്രിയായിരുന്നപ്പോൾ നാല് പ്രാവശ്യം അധിക ഇന്ധനനികുതി വരുമാനം വേണ്ടെന്ന് വച്ചു. നിങ്ങൾക്കത് നിഷേധിക്കാൻ കഴിയുമോ? ആ മാതൃകയിൽ ഇപ്പോൾ ലഭിക്കുന്ന അധിക ഇന്ധന നികുതി വരുമാനം വേണ്ടെന്നുവയ്ക്കാൻ ഈ സർക്കാർ തയ്യാറാകണം. അതിന് തയ്യാറാകാത്ത സർക്കാരിന്റെ ക്രൂരമായ നയത്തിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, രാജ്യാന്തര വിപണിയിൽ ക്രൂഡോയിലിന്റെ വില കുറയുമ്പോഴും കേന്ദ്ര സർക്കാർ പെട്രോളിയം ഉല്പന്നങ്ങളുടെ നികുതി വർദ്ധിപ്പിക്കുന്നതായാണ് കാണാൻ കഴിയുന്നത്. ഇത് ജനങ്ങളെ സംബന്ധിച്ച് ഏറെ ബുദ്ധിമുട്ടുണ്ടാക്കുമെന്നുള്ളത് യാഥാർത്ഥ്യം തന്നെയാണ്. കേന്ദ്ര സർക്കാരിന്റെ അതേ പാതയിൽത്തന്നെയാണ് സംസ്ഥാന സർക്കാരും സഞ്ചരിക്കുന്നത്. ഇവിടെ ശ്രീ. കെ. എം. മാണി സൂചിപ്പിച്ചതുപോലെ, നാലുതവണ അധികനികുതി വേണ്ടെന്ന് യു.ഡി.എഫ്. സർക്കാർ തീരുമാനമെടുത്തുവെന്നുള്ളതിനെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നിസ്സാരവൽക്കരിച്ചുകൊണ്ടാണ് സംസാരിച്ചത്. അതിന്റെ ആനുകൂല്യങ്ങൾ സാധാരണക്കാരിലേയ്ക്കെത്തിക്കാൻ അന്നത്തെ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ അതുവഴി 619.17 കോടി രൂപയുടെ ആനുകൂല്യമാണ് ജനങ്ങൾക്ക് നൽകിയത്. ഈ സർക്കാർ ഏതൊക്കെ രീതിയിൽ അതിനെ ന്യായീകരിച്ചാലും പെട്രോളിയം ഉല്പന്നങ്ങളുടെ വിലക്കയറ്റം സാധാരണക്കാരന്റെയും കർഷകന്റെയും ജീവിതം ദുസ്സഹമാക്കിയിരിക്കുകയാണ്. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം ജനങ്ങളെ ഇന്ന് ഏറെ ബുദ്ധിമുട്ടിലാക്കുന്നു. അതോടൊപ്പം സംസ്ഥാന സർക്കാർ ഇത്തരമൊരു സമീപനം സ്വീകരിക്കുമ്പോൾ അത് 'കുനിന്മേൽ കുരു' പോലെയാകുന്നു എന്ന യാഥാർത്ഥ്യം ചൂണ്ടിക്കാട്ടാൻ ഞാനാഗ്രഹിക്കുകയാണ്. ഈ വിഷയങ്ങൾ സഭ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി.

പുറത്തുപോയ അംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ ഹാജരായി.)

മി. സ്പീക്കർ: ഓർഡർ...... ഓർഡർ..... ശ്രദ്ധ ക്ഷണിക്കലും സബ്മിഷനും ആരംഭിക്കുകയാണ്. പല ബഹുമാനപ്പെട്ട അംഗങ്ങളുടെയും സമ്മർദ്ദംമൂലം ഇന്ന് 30 സബ്മിഷനുകളാണ് അനുവദിച്ചിരിക്കുന്നത്. അതുകൊണ്ട് ഒരു വാചകത്തിൽ സബ്മിഷൻ അവതരിപ്പിക്കുകയും ബഹുമാനപ്പെട്ട മന്ത്രിമാർ ഉത്തരങ്ങൾ മേശപ്പുറത്തുവച്ച് സഹകരിക്കുകയും ചെയ്യണം. വളരെ അത്യാവശ്യമായ കാര്യങ്ങളുണ്ടെങ്കിൽ ഒരു വാചകത്തിൽ മറുപടി പറഞ്ഞാൽ മതിയാകും. ഇന്ന് രണ്ട് ബില്ലുകൾ പരിഗണനയ്ക്കെടുക്കേണ്ടതുണ്ട്. കൂടാതെ, മൂന്ന് മണിക്ക് നിയമസഭാ സെക്രട്ടേറിയറ്റ് പ്രസിദ്ധീകരിക്കുന്ന 9 പ്രധാനപ്പെട്ട റഫറൻസ് ഗ്രന്ഥങ്ങളുടെ പ്രകാശനകർമ്മം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിക്കുന്നുണ്ട്. ഇതെല്ലാം ഓർമ്മയിൽവച്ച് എല്ലാവരും സഹകരിക്കണം.

## III. ശ്രദ്ധ ക്ഷണിക്കൽ

### (1) കൈവശഭൂമിക്ക് പട്ടയം

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലെ പുനലൂർ, പത്തനാപുരം, കൊട്ടാരക്കര, കൊല്ലം, കുന്നത്തൂർ, കരുനാഗപ്പള്ളി, അടൂർ, മാവേലിക്കര, കാർത്തികപ്പള്ളി എന്നീ താലൂക്കുകളിലെ സാധാരണക്കാരായ ജനങ്ങളുടെ വളരെ പ്രധാനപ്പെട്ട വിഷയമാണ് ഞാൻ ഉന്നയിക്കുന്നത്. ജലവിഭവ വകുപ്പിന്റെ കീഴിലുള്ള കല്ലട ഇറിഗേഷൻ പ്രോജക്ടുമായി ബന്ധപ്പെട്ട കനാൽ പ്രോജക്ടിന്റെ പദ്ധതി ഉപേക്ഷിക്കപ്പെട്ടിരിക്കുകയാണ്. കനാലിലൂടെ വെള്ളം വരുന്നുണ്ട്, കനാലിൽ പല സ്ഥലത്തും തകരാറുണ്ട്, എന്നാൽ അറ്റകുറ്റപ്പണികളൊന്നും നടക്കാറില്ല. എങ്കിലും 40 വർഷങ്ങൾക്ക് മുമ്പ് സർക്കാർ ഇതിനുവേണ്ടി ആയിരക്കണക്കിന് ഏക്കർ ഭൂമി വിലയ്ക്കുവാങ്ങി. ഈ പദ്ധതി പൂർത്തിയായതുമുതൽ 40 വർഷത്തിലധികമായി നിർദ്ധനരായ ധാരാളം ആളുകൾ ഈ പ്രദേശത്തെ പുറമ്പോക്കിൽ കുടിയേറി പാർക്കുകയാണ്. ന്യായമായി ലഭിക്കേണ്ട പട്ടയങ്ങൾ അടിയന്തരമായി കൊടുക്കുന്ന ഒരു സർക്കാരാണിത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആയിരക്കണക്കിന് പട്ടയങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേരളത്തിന്റെ വിവിധ ജില്ലകളിൽ വിതരണം ചെയ്തു. കൂടാതെ ഈ പ്രദേശങ്ങളിൽ പമ്പാവാലി, മൂവാറ്റുപുഴ വാലി തുടങ്ങിയ പദ്ധതികളുമുണ്ട്. ആലപ്പുഴ, എറണാകുളം ജില്ലകളിലും സമാനമായ വിഷയമുണ്ട്; ഇത് സംസ്ഥാനത്ത് പൊതുവിലുള്ള ഒരു വിഷയമാണ്. എന്റെ നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന കല്ലട ഇറിഗേഷൻ പ്രോജക്ട് (കെ.ഐ.പി.) -നെക്കുറിച്ചാണ് ഞാനിവിടെ പറയുന്നത്. മേൽപ്പറഞ്ഞ

താലൂക്കുകളിൽ ഏതാണ്ട് 6000-ത്തിലധികം ആളുകൾ പുറമ്പോക്കുകളിൽ മാത്രം താമസിക്കുന്നുണ്ട്. കെ.ഐ.പി.-യിൽ നിന്നും ജലവിഭവ വകുപ്പിൽനിന്നും അനുകൂലമായൊരു നിലപാട് വരികയാണെങ്കിൽ ഇവർക്ക് മൂന്നോ നാലോ മാസത്തിനുള്ളിൽ പട്ടയം നൽകാൻ കഴിയും. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം ഒന്നര വർഷംമുമ്പ്, 27-9-2016-ന് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിക്കും ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിക്കും ഞാനൊരു കത്ത് നൽകി. ആ കത്തിന്റെ പകർപ്പ് എന്റെ കയ്യിലുണ്ട്. ആ കത്തിൽ ബഹുമാനപ്പെട്ട രണ്ട് വകുപ്പുമന്ത്രിമാരും സംയുക്തമായി ഒരു മീറ്റിംഗ് വിളിച്ച് ഇക്കാര്യം ചർച്ച ചെയ്യണമെന്ന് പറഞ്ഞിരുന്നു. കെ.ഐ.പി.-യുടെ സ്ഥലം റവന്യൂ വകുപ്പിന്റെ സ്ഥലമാക്കി മാറ്റി, റവന്യൂ വകുപ്പ് അത് പാവങ്ങൾക്ക് പട്ടയമായി പതിച്ചു കൊടുക്കണമെന്നതാണ് എന്റെ അഭ്യർത്ഥന. കൂടുതൽ ഭൂമി കൊടുക്കണമെന്ന് പറയുന്നില്ല. ചിലരൊക്കെ ഒരേക്കർ ഭൂമി വരെ കയ്യേറിയിട്ടുണ്ട്. അതൊന്നും കൊടുക്കാൻ പാടില്ല. താമസിക്കുന്ന വീടും അതിനുചുറ്റും വരുന്ന പത്തോ പതിനഞ്ചോ സെന്റ് ഭൂമിയും മാത്രമേ പട്ടയ നിയമമനുസരിച്ച് നൽകാൻ സാധിക്കുകയുള്ളൂ. അതനുസരിച്ച് പത്തോ പതിനഞ്ചോ സെന്റ് ഭൂമി കൊടുക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും ഒരു സംയുക്ത യോഗം ചേരണമെന്ന് ഞാൻ ആവശ്യപ്പെട്ടതനുസരിച്ച് യോഗം കൂടിയെങ്കിലും റവന്യൂ വകുപ്പുമന്ത്രി മാത്രമാണ് യോഗത്തിൽ പങ്കെടുത്തത്, ജലവിഭവ വകുപ്പുമന്ത്രി വന്നില്ല. അതിനുപകരം ജലവിഭവ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി പങ്കെടുത്തിരുന്നു. ആ യോഗത്തിൽ കനാലിന്റെ പ്രൊട്ടക്ഷനുവേണ്ടിവരുന്ന 8 മീറ്റർ വിട്ട് അപ്പുറത്ത് താമസിക്കുന്ന ആളുകൾക്ക് 10 സെന്റ് ഭൂമി വീതം കൊടുക്കാമെന്ന തീരുമാനമെടുക്കുകയും റവന്യൂ വകുപ്പ് അതിനാവശ്യമായ നടപടി തുടങ്ങി കെ.ഐ.പി.-യെ അറിയിക്കണമെന്നും പറഞ്ഞു. റവന്യൂ വകുപ്പ് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ നടപടി തുടങ്ങുകയും കൊല്ലം ജില്ലയിലെ ലിസ്റ്റ് തയ്യാറാക്കി കെ.എ.പി.-ക്ക് അയച്ചു കൊടുക്കുകയും ചെയ്തു. ഇത് ചീഫ് എഞ്ചീനിയറുടെ ഓഫീസിൽ വന്നിട്ട് ഒരു വർഷത്തോളമായി. ഇതുവരെ തുറന്നുപോലും നോക്കിയിട്ടില്ല. ഇത് അന്യായമാണ്. അവർ താമസിക്കുന്ന വീടും അതിനുചുറ്റുമുള്ള 15 സെന്റ് ഭൂമിയും പതിച്ചുനൽകാനാണ് ആവശ്യപ്പെടുന്നത്. 10 സെന്റായാലും മതി. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെടണം. വകുപ്പുമന്ത്രിമാർ രണ്ടുപേരും വന്നെങ്കിലേ യോഗം നടക്കൂ. സെക്രട്ടറി വരികയും അദ്ദേഹം ഇത് ന്യായമാണെന്ന് സമ്മതിക്കുകയും ചെയ്തു. ഡെപ്യൂട്ടി കളക്ടറും കെ.ഐ.പി.-യിലെ ചീഫ് എഞ്ചിനീയർ അടക്കമുള്ളവരും പങ്കെടുത്തു. പക്ഷെ തീരുമാനം ഒരു വിധത്തിലും നടക്കുന്നില്ല. കഴിഞ്ഞ 17 വർഷമായി ഒരു എം.എൽ.എ. എന്ന നിലയിൽ ഇതിനായി

പോരാടുന്ന ഒരാളാണ് ഞാൻ. ഇത് വളരെ വേദനയുള്ളൊരു കാര്യമാണ്. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി വ്യക്തമായൊരു ഉത്തരം പറയുകയില്ലെന്ന് എനിക്കറിയാം. ഞാൻ പല ചോദ്യങ്ങളും ചോദിച്ചു, വ്യക്തമായ ഉത്തരം പറഞ്ഞിട്ടില്ല. ഞാനെന്നല്ല ഇവിടെ പലരും ചോദിച്ചിട്ടുണ്ട്. യാതൊന്നും പറഞ്ഞിട്ടില്ല. പക്ഷെ ഞാൻ പറഞ്ഞ മൂന്ന് പദ്ധതിപ്രദേശങ്ങളിലും താമസിക്കുന്ന പതിനായിരക്കണക്കിന് ജനങ്ങൾക്ക് ആശ്വാസം ലഭിക്കുന്ന കാര്യമാണ്. 40 വർഷമായി താമസിക്കുന്ന വീടിന് പട്ടയമില്ലാത്ത പ്രശ്നമാണ്. കുട്ടികളെ പഠിപ്പിക്കാനോ കല്ല്യാണ ആവശ്യത്തിനോ ഒരു സഹകരണ ബാങ്കിലും വീട് പണയപ്പെടുത്തി ലോണെടുക്കാൻ കഴിയുന്നില്ല. അത്തരമൊരു സാഹചര്യത്തിൽ മനുഷ്യത്വപരമായി അങ്ങ് ഇന്നൊരു തീരുമാനമെടുക്കുകയാണെങ്കിൽ പതിനായിരക്കണക്കിന് ആളുകൾക്ക് പട്ടയം കൊടുക്കാൻ കഴിയും. മാത്രമല്ല, ഇവർക്ക് 15 സെന്റ് ഭൂമി വീതം കൊടുത്താലും ബാക്കി സ്ഥലമുണ്ട്. സർക്കാരിന്റെ പ്രധാനപ്പെട്ട പദ്ധതിയായ ലൈഫ് പദ്ധതിക്കായി ബാക്കി വരുന്ന ഭൂമി ഉപയോഗിക്കുന്നതിനും കഴിയും. ആയിരക്കണക്കിന് ഏക്കർ ഭൂമിയാണുള്ളത്. അതിൽ ഒരേക്കർ, രണ്ടേക്കർ വരെയുള്ള ഡമ്പിംഗ് യാർഡുകളുണ്ട്. അവിടെ പാർപ്പിട പദ്ധതിയായ ലൈഫിന്റെ ഭാഗമായി ഫ്ലാറ്റുകൾ പണിയാം. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ ഉദ്യോഗസ്ഥർ എഴുതിത്തന്ന മറുപടിക്കപ്പുറം അങ്ങയുടെ മനുഷ്യത്വം, ഒരു പൊതുപ്രവർത്തകന്റെ മനുഷ്യത്വം കൂടി ഈ മറുപടിയിലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ ഭൂമി പതിച്ചുനൽകുന്നതും പട്ടയം നൽകുന്നതുമടക്കമുള്ള നടപടികൾ സ്വീകരിക്കേണ്ടത് റവന്യൂ വകുപ്പാണ്. ജലവിഭവ വകുപ്പിന്റെ നിലപാട് വളരെ വ്യക്തമായി പറയാം. ജലസേചന വകുപ്പിന്റെ കൈവശമുള്ള ഭൂമിയുടെ ഇൻവെന്ററി തയ്യാറാക്കാൻ ഇപ്പോൾ നടപടി സ്വീകരിച്ചുവരികയാണ്. ഒരു രൂപത്തിലും കയ്യേറ്റത്തെ പ്രോൽസാഹിപ്പിക്കാനോ സാധൂകരിക്കാനോ സർക്കാരിന് കഴിയില്ല. എന്നാൽ ജലസേചന വകുപ്പിന്റെ കൈവശമുള്ളതും ജലസേചന വകുപ്പിനോ കേരള വാട്ടർ അതോറിറ്റി അടക്കമുള്ള ജലവിഭവവുമായി ബന്ധപ്പെട്ട ഇതര വകുപ്പുകൾക്കോ ഇപ്പോഴോ ഭാവിയിലോ ഉള്ള ഉപയോഗത്തിനാവശ്യമായി വേണ്ടിവരാൻ സാധ്യതയില്ലാത്തതുമായ ഭൂമി സർക്കാരിന്റെ വിവിധ വകുപ്പുകളുടെ ഉപയോഗത്തിന് വിട്ടുതരുന്നതിന് ജലവിഭവവകുപ്പിന് ആക്ഷേപമില്ലെന്ന് വ്യക്തമാക്കുകയാണ്. വ്യക്തമായ മറുപടിയാണിത്. വിവിധ ഭരണ വകുപ്പുകൾ ആവശ്യപ്പെട്ട നിരവധി ആവശ്യങ്ങൾക്ക് ഇതിനകം ജലസേചന വകുപ്പിന്റെ ഭൂമി റവന്യൂ വകുപ്പിന്റെ പരിശോധനകൾക്കുശേഷം മന്ത്രിസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ

നൽകിയിട്ടുണ്ട്. ഭൂമിയില്ലാത്തവർക്ക്, പുറമ്പോക്കിൽ താമസിക്കുന്നവർക്ക് ഭൂമി ലഭ്യമാക്കി വീട് നിർമ്മിച്ചുനൽകുന്നതിനാണ് ലൈഫ് മിഷൻ വിഭാവന ചെയ്തിട്ടുള്ളത്. ലൈഫ് മിഷന്റെ ആവശ്യങ്ങൾക്ക് ജലസേചന വകുപ്പിന്റെ ഭൂമി ആവശ്യമായി വന്നാൽ മുകളിൽ സൂചിപ്പിച്ച നിബന്ധനകൾ പാലിച്ചുകൊണ്ട് ജലസേചന വകുപ്പിന്റെ ഭൂമി നൽകുന്ന സംഗതി സർക്കാർ പരിഗണിക്കുന്നതാണ്. ഇക്കാര്യത്തിൽ ലൈഫ് മിഷനിൽ ഉൾപ്പെടുത്തി വസ്തു നൽകുന്നതിന് മുമ്പ് പറഞ്ഞ നിബന്ധന അനുസരിച്ച് ജലസേചന വകുപ്പിന് ആവശ്യമില്ലാത്ത ഭൂമി നൽകുന്നതിന് ആക്ഷേപമില്ല.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ഞാൻ ചോദിച്ചതിനല്ല ഉത്തരം പറഞ്ഞത്. കനാലിന്റെ പുറമ്പോക്കിൽ 40 വർഷമായി കുടിയേറിപ്പാർക്കുന്ന, മാറി മാറി വന്ന സർക്കാരുകൾ വൈദ്യുതി നൽകിയ വീടുകളുള്ള പാവങ്ങൾക്ക് ആ ഭൂമി പതിച്ചുനൽകുമോയെന്ന ചോദ്യത്തിന് ഉത്തരം നൽകിയില്ല. സർക്കാരിന്റെ വിവിധ ആവശ്യങ്ങൾക്ക് വകുപ്പുകൾ ചോദിച്ചാൽ ആവശ്യമില്ലാത്ത സ്ഥലം കൊടുക്കാമെന്നാണ് അദ്ദേഹം പറഞ്ഞത്. ജലസേചന വകുപ്പിന്റെ ഇറിഗേഷൻ പ്രോജക്ടിന് ആവശ്യമില്ലാത്ത, പുറമ്പോക്കിൽ കഴിഞ്ഞ 40 വർഷമായി കുടിയേറിപ്പാർക്കുന്ന, വൈദ്യുതി കണക്ഷനും വീടുമുള്ള പാവങ്ങൾക്ക് വീടും അതിനോട് ചുറ്റുമുള്ള പത്ത് സെന്റ് സ്ഥലവും കൊടുക്കുമോ എന്ന ചോദ്യത്തിന് ഉത്തരം പറഞ്ഞില്ല.

ശ്രീ. മാത്യു ടി. തോമസ്: സർ, ഞാൻ ഉത്തരം വളരെ കൃത്യമായിട്ടാണ് പറഞ്ഞത്. ജലവിഭവ വകുപ്പിന് ആവശ്യമില്ലാത്ത ഭൂമി സർക്കാരിന്റെ ആവശ്യങ്ങൾക്ക് വിട്ടുനൽകാൻ ജലവിഭവ വകുപ്പ് തയ്യാറാണ്.

## (2) ധവളപത്രം

ശ്രീ. ഒ. രാജഗോപാൽ: സർ, സമൂഹത്തിൽ ഏറ്റവും ദരിദ്രവിഭാഗമായി കണ്ടെത്തിയിട്ടുള്ളത് ആദിവാസികളായ വനവാസികളെയാണ്. അവരെ സംരക്ഷിക്കാൻവേണ്ടി പ്രത്യേക ശ്രമങ്ങൾ സംസ്ഥാന-കേന്ദ്ര സർക്കാരുകൾ ധാരാളം നടത്തുന്നുണ്ടെന്നാണ് റിപ്പോർട്ടുകളുള്ളത്. പക്ഷെ വസ്തുതയെന്താണ്? കേരളത്തിൽ കേവലം നാൽപ്പത്തെട്ടായിരം ആദിവാസികളാണുള്ളത്. എന്നാൽ മധു എന്ന ആദിവാസി യുവാവ് ഭക്ഷണം കിട്ടാത്തതിന്റെ പേരിൽ എങ്ങനെയാണ് മൃഗീയമായ രീതിയിൽ കൊല ചെയ്യപ്പെട്ടത്? ഈ സംഭവം കേരളത്തിനുതന്നെ അപമാനമുണ്ടാക്കിയതാണ്. വാസ്തവത്തിൽ ഇതെന്തുകൊണ്ട് സംഭവിക്കുന്നു? ശ്രീ. എ. ബി. വാജ്പേയ് സർക്കാർ കൊണ്ടുവന്ന 'അന്ത്യോദയ അന്നയോജന' പദ്ധതി ഇന്നും നിലനിൽക്കുന്നുണ്ട്. അതനുസരിച്ച് ഒരു കുടുംബത്തിന് 35 കിലോ അരി സൗജന്യമായി കൊടുക്കാനുള്ള സംവിധാനമുണ്ട്. ആ പദ്ധതി

ആത്മാർത്ഥമായി നടപ്പിലാക്കിയിരുന്നുവെങ്കിൽ ഇങ്ങനെ സംഭവിക്കില്ലായിരുന്നു. കേരള സർക്കാരിന്റെ കണക്കനുസരിച്ച് ഏതാണ്ട് അയ്യായിരത്തിലേറെ കോടി രൂപ ഇക്കഴിഞ്ഞ പത്തുകൊല്ലമായി ആദിവാസികളുടെ സംരക്ഷണത്തിനുവേണ്ടി ചെലവഴിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ കണക്ക് പരിശോധിച്ചപ്പോൾ 6600 കോടി രൂപ വിവിധ പദ്ധതികളുടെ പേരിൽ ആദിവാസികളെ സഹായിക്കാൻവേണ്ടി കേരളത്തിൽ ചെലവഴിച്ചിട്ടുണ്ടെന്ന് കാണാൻ കഴിഞ്ഞു. ഈ പണമൊക്കെ എവിടെ പോയി? ടാർ പോളീൻ വിരിച്ച ഷെഡ്ഡുകളിലും അതുപോലുമില്ലാതെയും ജീവിക്കുന്നവരെ ഇപ്പോഴും നമ്മൾ ടി.വി.-യിലൂടെ കാണുന്നു. ഇവർക്ക് വീടുകൾ നിർമ്മിക്കാൻ സാധിച്ചിട്ടില്ല. അക്കാര്യത്തിൽ വീഴ്ച വരുത്തിയിരിക്കുകയാണ്. പട്ടികജാതി വിഭാഗത്തിന്റെ കണക്കനുസരിച്ച് ഭൂമിയുള്ള ഭവനരഹിതർ 15000 -ഉം ഭൂരഹിതരായിട്ടുള്ളവർ 11000 -ഉം ആണ്. അങ്ങനെ 26000 കുടുംബങ്ങൾക്ക് വീടില്ലാത്ത സാഹചര്യം വന്നിരിക്കുകയാണ്. എന്നാൽ ലൈഫ് മിഷന്റെ കണക്ക് മറ്റൊന്നാണ്. ചുരുക്കത്തിൽ അവർക്ക് വീടോ ഭക്ഷണമോ കിട്ടുന്നില്ല. അവർ നരക ജീവിതം നയിക്കുന്ന സാഹചര്യമാണുള്ളത്. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എ. കെ. ബാലൻ ഇടയ്ക്കിടയ്ക്ക് സർക്കാർ ഹോസ്റ്റലിൽ വിളമ്പുന്ന മത്സ്യമാംസാദികളെക്കുറിച്ച് പറയുന്നുണ്ട്. അത് ശരിയായിരിക്കാം; ഹോസ്റ്റലിൽ കൊടുക്കുന്നുണ്ടാകും. പക്ഷെ സാധാരണക്കാരെ സംബന്ധിച്ചിടത്തോളം പട്ടിണിമൂലം മരിക്കേണ്ട ഗതികേടാണുള്ളത്. ലഭിക്കുന്ന പണമൊക്കെ മനസ്സാക്ഷിയില്ലാത്ത രാഷ്ട്രീയക്കാരും അഴിമതിക്കാരായ ഉദ്യോഗസ്ഥരും ലാഭത്തിനുവേണ്ടി മാത്രം പ്രവർത്തിക്കുന്ന കോൺട്രാക്ടർമാരും പങ്കിട്ടെടുക്കുകയും അവർ വലിയ പണക്കാരായി മാറുകയും ചെയ്യുന്നു. അട്ടപ്പാടിയിൽ പോസ്റ്റിംഗ് കിട്ടാൻവേണ്ടി ഉദ്യോഗസ്ഥർ കൈക്കൂലി കൊടുക്കാൻപോലും തയ്യാറാകുന്ന സാഹചര്യമാണുള്ളത്. ഈ സാഹചര്യത്തിൽ കഴിഞ്ഞ 10 കൊല്ലമായി കേന്ദ്ര സർക്കാർ ആദിവാസികളുടെ സംരക്ഷണത്തിനുവേണ്ടി സംസ്ഥാനത്തിന് തന്നിട്ടുള്ള സഹായത്തെപ്പറ്റി ഒരു ധവളപത്രം പ്രസിദ്ധീകരിക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. മാത്രമല്ല, ആ പണം ഏത് കാര്യത്തിനുവേണ്ടി എങ്ങനെ ചെലവഴിച്ചുവെന്നത് സംബന്ധിച്ചുള്ള കണക്കും ധവളപത്രത്തിലുണ്ടാകണം. പണം ചെലവാക്കുന്ന കാര്യത്തിൽ ആദിവാസികളെക്കൂടി പങ്കാളികളാക്കണ്ടേ? തങ്ങൾക്കുള്ള പണം ശരിയായ രീതിയിൽ വിനിയോഗിക്കുന്നുണ്ടോ എന്ന് പറയാൻ അവർക്കും അവസരമുണ്ടാകണ്ടേ? ഇതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ അഭ്യർത്ഥിക്കാനുള്ളത്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഈ വിഷയം സംബന്ധിച്ച് വിശദമായി കാര്യങ്ങൾ പറയേണ്ടിവരും. കാരണം,

തെറ്റായ ധാരണയോടുകൂടി ശ്രീ. ഒ. രാജഗോപാലിനെപ്പോലെയുള്ള ആളുകൾ സഭയിൽനിന്നും പോകാൻ പാടില്ല.

മി. സ്പീക്കർ: കഴിയുന്നതും ചുരുക്കിപ്പറയണം.

ശ്രീ. എ. കെ. ബാലൻ: സർ, കേന്ദ്ര-സംസ്ഥാന സർക്കാരുകൾ കോടിക്കണക്കിന് രൂപ വനവാസിക്ഷേമത്തിനായി അനുവദിക്കാറുണ്ടെന്നും മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ 200 പ്രവൃത്തിദിനങ്ങൾ സൃഷ്ടിക്കേണ്ടതുണ്ടെന്നും അന്ത്യോദയ അന്നയോജന പദ്ധതിപ്രകാരം റേഷൻ വിഹിതം നേരിട്ട് വിതരണം ചെയ്യേണ്ടതുണ്ടെന്നും ഈ പദ്ധതികളൊക്കെയുണ്ടായിട്ടും വനവാസിമേഖലയിൽ പട്ടിണിമരണങ്ങൾ സംഭവിക്കുന്നുവെന്നും വനവാസികൾക്കായി നീക്കിവച്ച ഫണ്ട് ചെലവഴിച്ചതിനെപ്പറ്റി സർക്കാർ ധവളപത്രം പുറപ്പെടുവിക്കണമെന്നുമുള്ളതാണ് ശ്രീ. ഒ. രാജഗോപാൽ ഇവിടെ അവതരിപ്പിച്ച ശ്രദ്ധ ക്ഷണിക്കലിന്റെ ചുരുക്കം. ഇതുമായി ബന്ധപ്പെട്ട് രണ്ടുമൂന്ന് കാര്യങ്ങളാണ് പറയാനുള്ളത്. ഒന്ന്, കേരളത്തിലെ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രശ്നങ്ങളാണ് വനവാസികൾ എന്ന വിവക്ഷയിൽ ബഹുമാനപ്പെട്ട അംഗം ഇവിടെ ഉദ്ദേശിച്ചതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പട്ടികവർഗ്ഗ വിഭാഗക്കാരെ സൂചിപ്പിക്കാൻ ഇത്തരം പദപ്രയോഗങ്ങൾ ഉപയോഗിക്കുന്നത് നിയമപരമല്ലെന്ന് ഞാൻ ആദ്യമായി ഓർമ്മപ്പെടുത്തുകയാണ്. സംസ്ഥാന സർക്കാർ പട്ടികജാതി-പട്ടികവർഗ്ഗ മേഖലയിൽ വളരെ കാര്യക്ഷമമായി പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്തുവരുന്നുണ്ട്. പ്രതിമാസം വകുപ്പുതലത്തിലും എല്ലാ ആഴ്ചയിലും മന്ത്രിതലത്തിലും പദ്ധതി അവലോകനം കൃത്യമായി നടത്തിവരുന്നുണ്ട്. ഇതിന്റെയെല്ലാം ഭാഗമായി ഈ മേഖലയിൽ അതത് സമയം ഉയർന്നുവരുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും സ്ഥായിയായ വികസന പ്രക്രിയ ഇതിലൂടെ നടപ്പാക്കാനും കഴിയുന്നുണ്ട്. പദ്ധതി വിഹിതത്തിന്റെ 23 ശതമാനം തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി വിവിധ പദ്ധതികൾക്കായി വകുപ്പ് നൽകുന്നുണ്ട്. ജനകീയാസൂത്രണ പ്രക്രിയയുടെ ഭാഗമായി പ്രാദേശിക തലത്തിൽ ഗുണഭോക്താക്കളുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് പദ്ധതികൾ ആവിഷ്കരിക്കുന്നതിനാണ് ഇതുവരെ തീരുമാനിച്ചിട്ടുള്ളത്; അതിനുള്ള അവസരവുമുണ്ടാക്കിയിട്ടുണ്ട്. കേരളത്തിലെ ആദിവാസി ജനസംഖ്യ 1.45 ശതമാനമാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞത് നാൽപ്പതിനായിരം എന്നാണ്. നാൽപ്പതിനായിരമല്ല. ഏതാണ്ട് ഒന്നേകാൽ ലക്ഷം കുടുംബങ്ങളിലായി അഞ്ച് ലക്ഷത്തോളം ആദിവാസികളുണ്ട്. എൽ.ഡി.എഫ്. സർക്കാർ കഴിഞ്ഞ രണ്ട് വർഷങ്ങളിലായി ജനസംഖ്യാനുപാതത്തിന് മുകളിൽ, 1.45 ശതമാനത്തിനപ്പുറം 2.85 ശതമാനം വരെ ബഡ്ജറ്റ് വിഹിതം ഇവർക്കായി നീക്കിവച്ചിട്ടുണ്ട്. കഴിഞ്ഞ രണ്ട്

വർഷങ്ങളിലായി സംസ്ഥാന ബഡ്ജറ്റിൽ പട്ടികവർഗ്ഗ വികസന വകുപ്പിന് നീക്കിവച്ച തുക ഇനിപറയും പ്രകാരമാണ്. 2016-17-ൽ 751 കോടി രൂപ നീക്കിവയ്ക്കുകയും 95 ശതമാനം ചെലവഴിക്കുകയും ചെയ്തു. 2017-18-ൽ 826 കോടി രൂപ നീക്കിവച്ചു. ഈ വർഷവും ഏതാണ്ട് ഇതേ നിരക്കിലെത്താൻ പോകുകയാണ്, ഇപ്പോൾത്തന്നെ 90 ശതമാനവും ചെലവഴിച്ചതിന്റെ കണക്ക് എന്റെ കയ്യിൽ കിട്ടിയിട്ടുണ്ട്. ഇതിലൊന്നും ആരുടെ ഭാഗത്തുനിന്നും ഒരാക്ഷേപവും ഇതുവരെ വന്നിട്ടില്ല. പട്ടികവർഗ്ഗ വികസനത്തിന് കേന്ദ്രസർക്കാർ കഴിഞ്ഞ ഏതാനും വർഷങ്ങളിലായി ആയിരക്കണക്കിന് കോടി രൂപ സംസ്ഥാനത്തിന് നൽകുന്നുവെന്നും ഈ പണത്തിൽ ഭൂരിഭാഗവും സംസ്ഥാന സർക്കാർ ചെലവഴിക്കാതെ ലാപ്സാക്കുന്നുവെന്ന രീതിയിലുള്ള വ്യാജപ്രചരണം ചിലർ സംഘടിപ്പിക്കുന്നുണ്ട്. രാഷ്ട്രീയ ദുഷ്ടലാക്കോടുകൂടിയാണ് ഇത്തരം പ്രചരണങ്ങൾ സംഘടിപ്പിക്കുന്നത്. മധുവിന്റെ ദാരുണമായ കൊലപാതകത്തിനുശേഷം ഇല്ലാക്കഥകൾ പ്രചരിപ്പിച്ച് ജനവികാരം സർക്കാരിനെതിരായി നടത്തുന്നതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ് മധു ഭക്ഷണം കിട്ടാതെയാണ് മരിച്ചതെന്ന രാജേട്ടന്റെ പരാമർശം. ആ വീട്ടിൽ രാജേട്ടൻ പോയിട്ടുണ്ടോയെന്ന് എനിക്കറിയില്ല.

<u>ശ്രീ. ഒ. രാജഗോപാൽ</u>: സർ, അദ്ദേഹം വീട്ടിലല്ല താമസിക്കുന്നതെന്നാണ് എനിക്കറിയാൻ കഴിഞ്ഞത്.

<u>ശ്രീ. എ. കെ. ബാലൻ</u>: ആ ചരിത്രത്തിലേയ്ക്ക് ഞാൻ വരാം. അട്ടപ്പാടി മേഖലയിൽ രാജേട്ടൻ എന്റെ കൂടെ വന്നാൽ എല്ലാ വീട്ടിലും മൂന്നോ നാലോ ദിവസത്തേയ്ക്കുള്ള ഭക്ഷണം ഇപ്പോഴും സ്റ്റോക്കുള്ളതായി കാണിച്ചുതരാം. പോഷകാഹാരം കിട്ടാത്ത ഒരു പ്രശ്നവും അട്ടപ്പാടിയിലില്ല. തെറ്റായ പ്രചരണങ്ങൾ നമ്മുടെ നാട്ടിൽ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. യഥാർത്ഥത്തിൽ കേന്ദ്രസർക്കാരിൽനിന്നും പട്ടികവർഗ്ഗ വികസനത്തിനുവേണ്ടി പ്രത്യേകമായി ലഭിക്കുന്ന തുക എത്രയാണെന്ന കണക്കുകൂടി ബഹുമാനപ്പെട്ട അംഗം രേഖപ്പെടുത്തി വയ്ക്കണം. അതിനുവേണ്ടിയാണ് ഞാനിത് പറയുന്നത്. 2014-15-ൽ നൂറ് ശതമാനം കേന്ദ്രസഹായമെന്ന നിലയിൽ സംസ്ഥാന പട്ടികവർഗ്ഗ വികസന വകുപ്പിന് ലഭിക്കേണ്ടിയിരുന്നത് 115 കോടി രൂപയായിരുന്നു. ഈ തുക ലഭിക്കുമെന്ന പ്രതീക്ഷയിൽ സമയബന്ധിതമായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി. എന്നാൽ സംസ്ഥാന സർക്കാർ 93.27 കോടി രൂപ ചെലവഴിച്ചു. കേന്ദ്രസർക്കാർ അനുവദിച്ചതാകട്ടെ കേവലം 74.04 കോടി രൂപയാണ്. 2015-16-ൽ ഈയിനത്തിൽ 84.84 കോടി രൂപയാണ് കേന്ദ്രവിഹിതമായി കേരളത്തിന് ലഭിക്കേണ്ടിയിരുന്നത്. എന്നാൽ കേന്ദ്രത്തിൽനിന്നും കിട്ടിയത് 22.49 കോടി രൂപ മാത്രമാണ്. കേരളം കേന്ദ്രസഹായത്തിന് കാത്തുനിൽക്കാതെതന്നെ

ഈയിനത്തിൽ മാത്രം 2015-16-ൽ 52.33 കോടി രൂപയോളം ചെലവഴിച്ചു. 2016-17-ൽ 88.19 കോടി രൂപയാണ് കേന്ദ്രവിഹിതമായി ലഭിക്കേണ്ടത്. ആകെ ലഭിച്ചത് 54.22 കോടി രൂപയാണ്. എന്നാൽ കേരളം 64.25 കോടി രൂപ പട്ടികവർഗ്ഗ വിഭാഗത്തിന്റെ വികസനത്തിനായി ചെലവഴിച്ചു. 2017-18-ൽ 70.73 കോടി രൂപയാണ് കേന്ദ്രവിഹിതം ലഭിക്കേണ്ടിയിരുന്നത്. എന്നാൽ 15.16 കോടി രൂപയാണ് ഇതുവരെ ലഭിച്ചത്. എന്നാൽ സംസ്ഥാന സർക്കാർ ഇതുവരെ 39.24 കോടി രൂപ ചെലവഴിച്ചു. ആയിരക്കണക്കിന് കോടിരൂപ കേന്ദ്ര സർക്കാർ തന്നിട്ടില്ലെന്നുമാത്രമല്ല കമ്മിറ്റഡ് എക്സ്പെൻഡിച്ചറെന്ന നിലയിൽ തരാമെന്ന് ഏറ്റതിനുശേഷം സംസ്ഥാന സർക്കാർ ഈയിനത്തിൽ ചെലവഴിച്ച തുകപോലും തരാതെ വിഷമിപ്പിക്കുന്ന സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചിട്ടുള്ളത്. എസ്.ടി.പി., ടി.എസ്.പി. ഫണ്ടുകൾ സംബന്ധിച്ച് രാജേട്ടന് അറിയാമോയെന്ന് എനിക്കറിയില്ല. കഴിഞ്ഞ സാമ്പത്തിക വർഷം 44,000 കോടി രൂപ എസ്.ടി.പി. ഫണ്ടിലും 22,000 കോടി രൂപ ടി.എസ്.പി. ഫണ്ടിലും കേന്ദ്ര സർക്കാർ വെട്ടിച്ചുരുക്കി. ഇൻഡ്യയിൽ പട്ടികജാതി വിഭാഗങ്ങളുടെ ജനസംഖ്യ 16.6 ശതമാനവും പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ജനസംഖ്യ 8.6 ശതമാനവുമാണ്. എന്നാൽ ജനസംഖ്യാനുപാതികമായി ഈ വിഭാഗങ്ങൾക്ക് അനുവദിക്കേണ്ടിയിരുന്ന കേന്ദ്രസർക്കാർ ബഡ്ജറ്റ് വിഹിതവും അനുവദിച്ച ബഡ്ജറ്റ് വിഹിതവും ഞാൻ പറയാം.

മി. സ്പീക്കർ: അദ്ദേഹം ചോദിച്ചത് ധവളപത്രം മാത്രമാണ്. അത് വച്ചാൽ മതിയല്ലോ.

ശ്രീ. എ. കെ. ബാലൻ: സർ, എ. കെ. ബാലൻ രാജിവയ്ക്കണമെന്ന് പറഞ്ഞ് ബി.ജെ.പി. ഒരു പ്രകടനം നടത്തി, രാജേട്ടനാണ് അത് ഉദ്ഘാടനം ചെയ്തത്. ഞാൻ പറയുന്നതൊക്കെ എഴുതിവച്ച് കേന്ദ്ര സർക്കാരിനെ അറിയിക്കട്ടെ. അതിനുവേണ്ടിയാണ് ഞാനിക്കാര്യം പറയുന്നത്.

ശ്രീ. ഒ. രാജഗോപാൽ: സർ, ഇതുസംബന്ധിച്ച ധവളപത്രം പ്രസിദ്ധീകരിക്കണമെന്നാണ് ഞാൻ ആവശ്യപ്പെട്ടത്.

ശ്രീ. എ. കെ. ബാലൻ: സർ, ഇവിടെ പറഞ്ഞ മറുപടിയുടെ കോപ്പി ഞാൻ അങ്ങേയ്ക്ക് തരാം.

മി. സ്പീക്കർ: വിശദമായ ധവളപത്രം മേശപ്പുറത്തുവച്ചാൽ മതി.

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ പറയുന്നതാണ് കണക്ക്. വൈറ്റ് പേപ്പർ എന്നാലെന്താണ്? എനിക്ക് മനസ്സിലാകുന്നില്ല. അതെന്ത് പേപ്പറാണ്? ശമ്പളം നോൺ-പ്ലാനിലും വികസന പ്രവർത്തനങ്ങൾ പ്ലാനിലുമാണ് വരുന്നത്.

എന്ത് വൈറ്റ് പേപ്പറാണ്? ഏത് ആഡിറ്റ് ഒബ്ജക്ഷനാണ് ഇവിടെ ഉണ്ടായിട്ടുള്ളത്? ഏത് സർക്കാർ ഭരിച്ചാലും ഏതെങ്കിലും രൂപത്തിലുള്ള അപാകതകളുണ്ടെങ്കിൽ അത് ആഡിറ്റിന്റെ ഭാഗമായി വരും. ഞാനിവിടെ പറയുന്ന മറുപടി അങ്ങേയ്ക്ക് തരാം. അതിൽ തെറ്റുണ്ടെന്ന് ചൂണ്ടിക്കാണിച്ചാൽ തിരുത്താം.

മി. സ്പീക്കർ: പ്രധാനപ്പെട്ട ഭാഗം പറഞ്ഞിട്ട് ബാക്കി മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

ശ്രീ. എ. കെ. ബാലൻ: സർ, ഇനി ഒറ്റ പേജ് കൂടിയേയുള്ളൂ. രാജേട്ടൻ കണക്കുകൾ എഴുതിയെടുക്കട്ടെ. ഞാൻ രാജിവയ്ക്കണമെന്ന് ഇടയ്ക്കിടെ അങ്ങ് പറയുന്നുണ്ട്. എന്തിനാണ് ഞാൻ രാജിവയ്ക്കേണ്ടത്?

ശ്രീ. ഒ. രാജഗോപാൽ: സർ, സർക്കാർ തുക ചെലവഴിക്കുന്നില്ല എന്നുള്ളതല്ല, അത് ആദിവാസികളിൽ എത്തുന്നില്ല എന്നുള്ളതാണ് പ്രശ്നം.

ശ്രീ. എ. കെ. ബാലൻ: സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആദിവാസി മേഖലയിൽ ചെയ്ത കാര്യങ്ങൾ എണ്ണിയെണ്ണി പറയാമായിരുന്നു, എന്നാൽ അതിലേയ്ക്കൊന്നും ഞാനിപ്പോൾ കടക്കുന്നില്ല. പട്ടികജാതി വിഭാഗത്തിൽ 2014-15-ലെ ആകെ ബഡ്ജറ്റ് അടങ്കൽ 17,63,214 കോടി രൂപയും അതിന് ജനസംഖ്യാനുപാതികമായി കേന്ദ്ര സർക്കാർ വകയിരുത്തേണ്ടിയിരുന്നത്, 81,460 കോടി രൂപയും യഥാർത്ഥത്തിൽ ബഡ്ജറ്റിൽ നീക്കിവച്ചത് 50,544 കോടി രൂപയുമാണ്. ഇതേ വർഷംതന്നെ പട്ടികവർഗ്ഗ വിഭാഗത്തിന് ജനസംഖ്യാനുപാതികമായി വയ്ക്കേണ്ടിയിരുന്നത് 42,141 കോടി രൂപയും യഥാർത്ഥത്തിൽ ബഡ്ജറ്റിൽ നീക്കിവച്ചത് 32,350 കോടി രൂപയുമാണ്. 2015-16-ൽ പട്ടികജാതി വിഭാഗത്തിന് ആകെ ബഡ്ജറ്റ് അടങ്കൽ 17,77,474 കോടി രൂപയും ജനസംഖ്യാനുപാതികമായി വകയിരുത്തേണ്ടിയിരുന്നത് 82.119 കോടി രൂപയും യഥാർത്ഥത്തിൽ ബജറ്റിൽ നീക്കിവച്ചത് 30750 കോടി രൂപയുമാണ്. ഇതേവർഷം പട്ടികവർഗ്ഗ വിഭാഗത്തിന് ജനസംഖ്യാനുപാതികമായി വയ്ക്കേണ്ടിയിരുന്നത് 42,482 കോടി രൂപയാണ്. എന്നാൽ യഥാർത്ഥത്തിൽ ബഡ്ജറ്റിൽ നീക്കിവച്ചത് 20,000 കോടി രൂപ മാത്രമാണ്. 2016-17-ൽ ആകെ ബഡ്ജറ്റ് അടങ്കൽ 17,78,060 കോടി രൂപയാണ്. അതിൽ ജനസംഖ്യാനുപാതികമായി വയ്ക്കേണ്ടിയിരുന്നത് 91,356 കോടി രൂപ, എന്നാൽ യഥാർത്ഥത്തിൽ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയത് 38,831 കോടി രൂപ മാത്രമാണ്. ഇതേവർഷം പട്ടികവർഗ്ഗ വിഭാഗത്തിൽ ജനസംഖ്യാനുപാതികമായി വയ്ക്കേണ്ടിയിരുന്നത് 47,276 കോടി രൂപ, എന്നാൽ യഥാർത്ഥത്തിൽ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചത് 24,005 കോടി രൂപ മാത്രമാണ്. 2017-18-ലെ കണക്കുകൾകൂടി പറയാം. ഈ കണക്കുകൾ അപ്ഡേറ്റാണ്.

2017-18-ൽ ആകെ ബഡ്ജറ്റ് അടങ്കൽ 20,91,735 കോടി രൂപയും ജനസംഖ്യാനുപാതികമായി വകയിരുത്തേ ണ്ടിയിരുന്നത് 96,847 കോടി രൂപയും ബഡ്ജറ്റിൽ നീക്കിവച്ചത് 52,395 കോടി രൂപയുമാണ്. ഇതേ വർഷം പട്ടികവർഗ്ഗ വിഭാഗത്തിന് ജനസംഖ്യാ നുപാതികമായി വകയിരുത്തേണ്ടിയിരുന്നത് 49,992 കോടി രൂപയും ബഡ്ജറ്റിൽ നീക്കിവച്ചത് 31,920 കോടി രൂപയുമാണ്. ഇതാണ് കേന്ദ്ര സർക്കാരിന്റെ നിലപാട്. ജനസംഖ്യയിൽ 25 ശതമാനത്തോളം വരുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് രണ്ടര-മൂന്ന് ശതമാനം മാത്രമാണ് കേന്ദ്ര സർക്കാർ നീക്കിവയ്ക്കുന്നത്. സംസ്ഥാന സർക്കാർ ജനസംഖ്യാനുപാതത്തെക്കാളും കൂടുതലാണ് നീക്കിവയ്ക്കുന്നത്. മുകളിൽ ചേർത്ത കണക്കുകൾ ഇന്ത്യാ രാജ്യത്ത് മൊത്തത്തിൽ ചെലവഴിക്കേണ്ട ബഡ്ജറ്റ് വിഹിതമാണ്. ജനസംഖ്യാനുപാതികമായി ഫണ്ട് അനുവദിക്കുന്നതിൽ കേന്ദ്ര സർക്കാർ തുടർച്ചയായി വീഴ്ചവരുത്തുവെന്നുള്ളതാണ് ഞാൻ പറഞ്ഞതിന്റെ അർത്ഥം.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇതുപോലെ എല്ലാ അംഗങ്ങൾക്കും സമയം നൽകണം.

ശ്രീ. എ. കെ. ബാലൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് മനസ്സിലാക്കേണ്ടത്, 10 കൊല്ലത്തെ കണക്കാണ് ഇവിടെ ചോദിച്ചത്. നിങ്ങളുടെ കാലഘട്ടത്തിലേതും ചോദിച്ചിട്ടുണ്ട്. അപ്പോൾ ഈ കണക്ക് പറയുന്നത് നല്ലതാണെന്നുള്ളതുകൊണ്ടാണ് ഞാൻ പറഞ്ഞത്.

മി. സ്പീക്കർ: അങ്ങ് അവസാനിപ്പിക്കൂ.....

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. പ്രമേയാവതാരകൻ ഉന്നയിച്ച മറ്റൊരു കാര്യം തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ചാണ്. വനമേഖലയിൽ 200 പ്രവൃത്തിദിനങ്ങൾ സൃഷ്ടിക്കുന്നതാണ് മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി. കേന്ദ്രസർക്കാരിൽനിന്നും 150 പ്രവൃത്തി ദിവസങ്ങൾക്കാണ് സഹായം ലഭിക്കുന്നത്. സംസ്ഥാന സർക്കാർ അത് 200 ദിവസങ്ങളാക്കി മാറ്റിയിട്ടുണ്ട്. വനമേഖലയിൽ പട്ടിണി മരണങ്ങൾ സംഭവിക്കുന്നുവെന്നുള്ളതാണ് ശ്രദ്ധ ക്ഷണിക്കൽ പ്രമേയത്തിലെ മറ്റൊരാരോപണം. ഇതൊരു കള്ളപ്രചരണമാണ്. പട്ടിണി മരണം ഒരു സ്ഥലത്തുമില്ല. അട്ടപ്പാടിയിൽ എന്തൊക്കെയോ പ്രശ്നങ്ങളുണ്ടെന്ന രൂപത്തിലുള്ള പ്രചരണം നടന്നുകൊണ്ടിരിക്കുകയാണ്. അട്ടപ്പാടിയിൽ പോയി നോക്കിയാലറിയാം, റേഷൻ ഷോപ്പുകളിൽ ആവശ്യംപോലെ പലവ്യഞ്ജനങ്ങളുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിന്റെകീഴിൽ ആവശ്യംപോലെ ഭക്ഷണസാധനങ്ങൾ പാകം ചെയ്ത് വീട്ടിലെത്തിക്കുകയാണ്. എന്നിട്ടാണ് ഈ രീതിയിലുള്ള കള്ളപ്രചരണം

നടത്തുന്നത്. ഈ കള്ളപ്രചരണത്തിന് മറുപടി പറയണമെന്നുള്ളതുകൊണ്ടാണ് കൂടുതൽ സമയമെടുത്തത്.

മി. സ്പീക്കർ: അദ്ദേഹം ആവശ്യപ്പെട്ട ധവളപത്രം പ്രസിദ്ധീകരിച്ചുകൂടേ?

ശ്രീ. എ. കെ. ബാലൻ: സർ, അതുകൊണ്ടാണ് ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണന്റെ ശൈലി സ്വീകരിക്കാൻ ഞാൻ നിർബന്ധിക്കപ്പെട്ടത്. അതുകൊണ്ട് മറ്റ് കാര്യങ്ങളിലേക്ക് കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല.

മി. സ്പീക്കർ: ഇനി അങ്ങേയ്ക്ക് ചോദ്യം ചോദിക്കേണ്ട കാര്യമില്ലല്ലോ; അങ്ങ് ആവശ്യപ്പെട്ട ധവളപത്രത്തിന്റെ വിശദാംശങ്ങളൊക്കെ നൽകിക്കഴിഞ്ഞു.

ശ്രീ. ഒ. രാജഗോപാൽ: സർ, ധവളപത്രം പ്രസിദ്ധീകരിക്കണമെന്ന് ആവശ്യപ്പെട്ടതിന് മറുപടിയില്ല. കാരണം, പ്രസിദ്ധീകരിക്കാൻ തയ്യാറല്ല. മറ്റൊന്ന്, അവിടെ പണം ചെലവഴിക്കുന്നതിന് സോഷ്യൽ ഓഡിറ്റാകാം, അതിൽ ആദിവാസികൾക്കുകൂടി പങ്കാളിത്തമുള്ള ഒരു സൂപ്പർവൈസറി ബോഡി രൂപീകരിക്കണം. എങ്കിൽ മാത്രമേ അവരുടെ പങ്കാളിത്തമുണ്ടാകുകയുള്ളൂ. പണം ചെലവഴിക്കുന്നില്ലെന്ന് ഞാൻ പറയുന്നില്ല. പക്ഷെ ആ പണം മുഴുവൻ കോൺട്രാക്ടർമാരും രാഷ്ട്രീയക്കാരും തട്ടിയെടുക്കുന്നു എന്നതാണ് ആക്ഷേപം. പണം ആദിവാസികൾക്ക് ലഭിക്കുന്നില്ലെന്നതാണ് വസ്തുത. അതിന്റെ തെളിവാണ് മധുവിനെപ്പോലെയുള്ള ആളുകളുടെ മരണം. പട്ടിണിയുണ്ടെന്നതിനെ സംബന്ധിച്ച് ഡോ. ഇക്ബാൽ കമ്മിറ്റി പഠനം നടത്തിയ റിപ്പോർട്ടിൽ വ്യക്തമായി പറയുന്നുണ്ട്.

മി.സ്പീക്കർ: യെസ്....പ്ലീസ്...ഇരിക്കു.....ഒരു ചോദ്യം ചോദിക്കാൻ മാത്രമേ അവകാശമുള്ളൂ.

ശ്രീ. ഒ. രാജഗോപാൽ: സർ, അതുപോലെ ആദിവാസി മേഖലകളിൽ പോഷകാഹാരക്കുറവിന്റെ ഫലമായി കുട്ടികൾ മരണപ്പെടുന്നുണ്ട്. ഇക്കാര്യങ്ങളൊക്കെ മറച്ചുവച്ചാൽ ഒരിക്കലും വസ്തുത മുഴുവൻ പുറത്തുവരില്ല.

ശ്രീ. എ. കെ. ബാലൻ: സർ, ഈ വകുപ്പിന്റെ ചെലവ് സംബന്ധിച്ച് കൃത്യമായി ലോക്കൽ ഓഡിറ്റും എ.ജി. ഓഡിറ്റും നടക്കുന്നുണ്ട്. അതിലെന്തെങ്കിലും അപാകതകൾ ചൂണ്ടിക്കാണിച്ചാൽ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കും. 10 കൊല്ലത്തിനിടയിൽ ഏതെങ്കിലും ദുരുപയോഗം നടന്നതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട ഒ. രാജഗോപാൽ എഴുതിനൽകിയാൽ അക്കാര്യം അന്വേഷിക്കാം. അല്ലാതെ ധവളപത്രം പ്രസിദ്ധീകരിക്കണമെന്ന് പറഞ്ഞാൽ അത് നടക്കില്ല. കാരണം, ഇവിടെ അങ്ങനെയൊരു സംവിധാനമില്ലല്ലോ; ഇതിൽ പകുതിയോളം

തുക ശമ്പളമായി പോകുന്നതാണ്. അതെന്ത് ധവളപത്രമായി കൊടുക്കാനാണ്? വികസനപ്രവർത്തനവുമായി ബന്ധപ്പെട്ടോ ഏതെങ്കിലുമൊരു പദ്ധതി നടപ്പിലാക്കിയതിലോ എന്തെങ്കിലും ആരോപണമുണ്ടെങ്കിൽ, അഴിമതിയുണ്ടെങ്കിൽ എഴുതിനൽകിയാൽ അക്കാര്യം അന്വേഷിക്കാം. ബഹുമാനപ്പെട്ട ഒ. രാജഗോപാൽ വീണ്ടും മധുവിന്റെ മരണത്തെക്കുറിച്ച് പറയുന്നു. ഞാൻ ഉറപ്പിച്ച് പറയാം, മധുവിന്റെ മരണകാരണവുമായി ബന്ധപ്പെട്ട്, പോഷകാഹാരക്കുറവിന്റെയോ ഭക്ഷണ ത്തിന്റെയോ പ്രശ്നമില്ല, സാമ്പത്തികമായി മോശപ്പെട്ട ഒരു കുടുംബമല്ലത്. പല കാരണങ്ങളാൽ വീട്ടിൽനിന്നും മധു കാട്ടിലേക്ക് പോകാൻ നിർബന്ധിക്കപ്പെട്ടു. ഉത്തരേന്ത്യയിൽ ശ്രീ. ഒ. രാജഗോപാലിന്റെ സർക്കാർ ഭരിക്കുന്ന സ്ഥലത്ത് കാണുന്ന കുറെ വൈകൃതങ്ങളുടെ അവശിഷ്ടങ്ങൾ ഇവിടെയും വന്നുവെന്നുള്ളതിന്റെ ഏറ്റവും നല്ല തെളിവായിരുന്നു മധുവിന്റെ ദാരുണമായ അന്ത്യം. അതിന്റെ ഉത്തരവാദിത്വം ഞങ്ങൾക്കാർക്കും ഏറ്റെടുക്കാൻ കഴിയില്ല. അതിന് നേതൃത്വം കൊടുത്ത 16 പേരെയും 24 മണിക്കൂറിനുള്ളിൽ നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതിനുള്ള നടപടിയെടുത്തു. അവരിപ്പോൾ ജയിലിലാണ്. ആ കുടുംബത്തെ സഹായിക്കാൻ 18,25,000 രൂപയും കൊടുത്തു.

മി. സ്പീക്കർ: പ്ലീസ്..ശ്രീ. എ. കെ. ബാലൻ....

ശ്രീ. എ. കെ. ബാലൻ: സർ, ഇത്തരം കേസ്സുകളിൽ 10 പൈസ കേന്ദ്ര സർക്കാർ കൊടുക്കുന്നുണ്ടോ; ഇപ്പോൾ അട്രോസിറ്റീസുമായി ബന്ധപ്പെട്ടുകൊണ്ട് 11 പേരാണ് വെടിയുണ്ടയ്ക്ക് ഇരയാകേണ്ടിവന്നത്. എന്തെങ്കിലും ധാർമ്മികമായ രോഷം ബഹുമാനപ്പെട്ട ഒ. രാജഗോപാലിനുണ്ടോ?

ശ്രീ. ഒ. രാജഗോപാൽ : .....(മൈക്ക് ഓഫ്)...........

മി. സ്പീക്കർ: പ്ലീസ്....ഇരിക്കൂ...സഭയുടെ ശ്രദ്ധയിൽ ഒരു വിഷയം കൊണ്ടുവരികയും അതിന് മന്ത്രി മറുപടി പറയുകയും ചെയ്തു. അതിങ്ങനെയൊരു ഡിബേറ്റാക്കാൻ സാധിക്കില്ല.

## IV. സബ്മിഷൻ

### (1) തൊഴിൽ സുരക്ഷ

ശ്രീ. എസ്. ശർമ്മ: സർ, ഇൻഡസ്ട്രിയൽ എംപ്ലോയ്മെന്റ് (സ്റ്റാന്റിംഗ് ഓർഡേഴ്സ്) ആക്ട്, 1946-ന്റെ ചട്ടങ്ങളിൽ 2018 മാർച്ച് 16-ന് കേന്ദ്രസർക്കാർ പുതിയ വിജ്ഞാപനം പുറപ്പെടുവിച്ചിരിക്കുകയാണ്. സ്ഥിരം, പ്രൊബേഷണർ,

ബദലി, താൽക്കാലികം, കാഷ്വൽ, അപ്രന്റീസ്, ഫിക്സഡ് ടേം, എംപ്ലോയ്മെന്റ് എന്നീ തരത്തിലാണ് തൊഴിലാളികളെ തരംതിരിച്ചിരിക്കുന്നത്. നിശ്ചിതകാല തൊഴിലാളിയുടെ നിയമന കാലാവധി അവസാനിച്ചാൽ നോട്ടീസുപോലും നൽകാതെ അവരുടെ സേവനം അവസാനിച്ചതായി കണക്കാക്കി, രണ്ടാഴ്ചത്തെ അവധി വച്ചുകൊണ്ട് നോട്ടീസ് നൽകിയാൽ ഈ തൊഴിലാളികളെ പിരിച്ചുവിടാൻ മാനേജ്മെന്റുകൾക്ക് അവകാശമുണ്ടായിരിക്കും. തൊഴിലുടമയ്ക്ക് താൽപ്പര്യമുള്ള കാലം മാത്രം ജോലി ലഭിക്കുന്ന വിഭാഗമായിരിക്കും ഈ തൊഴിലാളികൾ എന്ന രീതിയിൽ കേന്ദ്ര സർക്കാർ ചട്ടം ഭേദഗതി ചെയ്തിരിക്കുകയാണ്. 1946-ലെ ബ്രിട്ടീഷ് ഭരണകാലത്ത് തൊഴിലാളികൾ പോരാടി നേടിയെടുത്ത സ്ഥിരാവകാശത്തെ ശ്രീ. നരേന്ദ്ര മോദി സർക്കാർ ഇല്ലാതാക്കുകയാണ് ചെയ്യുന്നത്. തൊഴിലാളികളുടെ അവകാശം ഇല്ലാതാക്കിക്കഴിഞ്ഞിരിക്കുകയാണ്. ഈ നടപടിയിൽ പ്രതിഷേധിച്ച് കഴിഞ്ഞ 2-ാം തീയതി കേരളത്തിലെ തൊഴിലാളികൾ സംഘടിതമായി, രാഷ്ട്രീയ വ്യത്യാസമില്ലാതെ പണിമുടക്ക് സമരത്തിലേർപ്പെട്ട് പ്രതിഷേധം രേഖപ്പെടുത്തി. കേന്ദ്ര സർക്കാരിന്റെ നയം തിരുത്തിക്കുന്നതിന് സംസ്ഥാന സർക്കാരിന് സാധ്യമായ വിധത്തിലുള്ള ഇടപെടൽ നടത്തണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

മി. സ്പീക്കർ: വളരെ പ്രധാനപ്പെട്ട കാര്യമാണ്; അങ്ങ് ചുരുക്കിപ്പറഞ്ഞു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, വളരെ പ്രധാനപ്പെട്ട കാര്യമാണ് ബഹുമാനപ്പെട്ട അംഗം പറഞ്ഞത്. വളരെ വിശദമായി മറുപടി പറയേണ്ടതാണ്. പക്ഷേ അങ്ങയുടെ നിർദ്ദേശം മാനിച്ചുകൊണ്ട് രണ്ട് വാചകം പറയാം. ബാക്കി മേശപ്പുറത്ത് വയ്ക്കാം.* ഇൻഡസ്ട്രിയൽ എംപ്ലോയ്മെന്റ് (സ്റ്റാൻഡിംഗ് ഓർഡേഴ്സ്) ആക്ട്, 1946-ന്റെ ചട്ടങ്ങളിൽ കേന്ദ്ര സർക്കാർ പുതുതായി കൊണ്ടുവന്ന ഭേദഗതി സമസ്ത തൊഴിൽമേഖലയിലും അരക്ഷിതത്വം സൃഷ്ടിക്കുന്നതും തീർത്തും തൊഴിലാളിവിരുദ്ധവും കോർപ്പറേറ്റ് താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതുമാണ്. കേന്ദ്രസർക്കാർ ഇക്കാര്യം നടപ്പിലാക്കുന്നത് തടയാൻ സംസ്ഥാന സർക്കാരിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

(2) തനുജയുടെ മരണം

ശ്രീ. അടൂർ പ്രകാശ്: സർ, എന്റെ നിയോജകമണ്ഡലത്തിലെ കലഞ്ഞൂർ പഞ്ചായത്തിൽ മാങ്കോട് ഹയർ സെക്കണ്ടറി സ്കൂൾ ജീവനക്കാരിയായിരുന്ന തനുജ 28-3-2018, ബുധനാഴ്ച ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ടു. മരണം ആത്മഹത്യയാണോ കൊലപാതകമാണോ എന്ന തർക്കം നിലനിൽക്കുകയാണ്.

* അനുബന്ധമായി ചേർത്തിരിക്കുന്നു.

ഷോക്കേറ്റ് മരിച്ചതാണെന്നും തൂങ്ങി മരിച്ചതാണെന്നും ടിയാളുടെ ഭർത്താവ് പാലക്കുന്നിൽ ഉഴത്തിൽ വീട്ടിൽ ദിലീപ് കൊലപ്പെടുത്തിയതാണെന്നും തനുജയുടെ മാതാവും ബന്ധുക്കളും പറയുന്നുണ്ട്. ഭർത്താവ് നിരന്തരം പീഡിപ്പിച്ചിരുന്നതായും വിവിധ തലങ്ങളിൽ കേസ്സുകൾ നിലവിലുള്ളതായും അറിയുന്നു. ബഹുമാനപ്പെട്ട ഹൈക്കോടതി ഇവരുടെ കേസ് ഒത്തുതീർപ്പാക്കിയിട്ടുണ്ട്. മരണം സംബന്ധിച്ച് സംശയം നിലനിൽക്കുകയാണ്. തനുജയുടെ മാതാപിതാക്കൾ ജില്ലാ പോലീസ് മേധാവിക്കും മറ്റുള്ളവർക്കും പരാതി നൽകിയിട്ടുണ്ട്. എന്നാൽ പോലീസന്വേഷണം തൃപ്തികരമായി നടക്കാത്ത സാഹചര്യത്തിൽ തനൂജയുടെ ദുരൂഹമരണം സംബന്ധിച്ച അന്വേഷണം ക്രൈംബ്രാഞ്ചിനെ ഏൽപ്പിക്കണമെന്നാണ് എന്റെ ആവശ്യം. ഇതിൽ പാർട്ടിയുടെ ഒരു ഇടപെടലുണ്ട്. കാരണം, ഇവരുടെ ഭർത്താവിന് സി.പി.ഐ.(എം.)-മായി ചില ബന്ധങ്ങളുണ്ട്. ഈ കേസ് തെളിയിക്കണമെന്ന് പാർട്ടി പ്രവർത്തകർതന്നെ ആവശ്യപ്പെട്ടിരിക്കുകയാണ്. അതുകൊണ്ട് ഈ കേസ് ക്രൈം ബ്രാഞ്ചിനെ ഏൽപ്പിച്ച് അന്വേഷണം നടത്തണമെന്നാണ് എന്റെ ആവശ്യം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, തനുജയുടെ മരണം സംബന്ധിച്ച് ശാസ്ത്രീയമായ പരിശോധന നടത്തുന്നതിന് ഫോറൻസിക് സയൻസ് ലാബിലെ സയന്റിഫിക് ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തനുജയുടെ മരണവുമായി ബന്ധപ്പെട്ട് മാതാവിനും ബന്ധുക്കൾക്കും സംശയമുള്ളതിനാൽ അടൂർ ഡിവൈ.എസ്.പി.-യുടെ നേതൃത്വത്തിൽ ഊർജ്ജിത അന്വേഷണം നടത്തിവരികയാണ്.

(3) അഡീഷണൽ ജില്ലാ സെഷൻസ് കോടതി

ശ്രീമതി പി. അയിഷാ പോറ്റി: സർ, കൊല്ലം ജില്ലയുടെ കിഴക്കൻ മേഖലയിലും മദ്ധ്യമേഖലയിലുമുള്ളവർക്കായി ഒരു അഡീഷണൽ ജില്ലാ കോടതികൂടി സ്ഥാപിച്ചാൽ വളരെയേറെ പ്രയോജനകരമായിരിക്കും. ഇപ്പോൾ ആറാമതായി കൊട്ടാരക്കരയിൽ ഒരു അഡീഷണൽ ജില്ലാ കോടതി അനുവദിക്കാവുന്നതാണെന്ന് ഹൈക്കോടതി പറഞ്ഞിട്ടുണ്ട്. കൊട്ടാരക്കര കോടതി സമുച്ചയത്തിന് എല്ലാ സൗകര്യങ്ങളുമുണ്ട്. അതുകൊണ്ട് അവിടെ കോടതി പ്രവർത്തിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പുതിയ കോടതികൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് അന്തിമതീരുമാനമെടുക്കുന്നതിനുമുമ്പ് സംസ്ഥാനത്തെ കോടതികളിൽ നിലനിൽക്കുന്ന കേസ്സുകളുടെ ബാഹുല്യവും ഭൂമിശാസ്ത്രപരമായ ആവശ്യകതയുംകൂടി പരിശോധിക്കണമെന്നാണ് സർക്കാർ

ഉദ്ദേശിക്കുന്നത്. അതിനുതകുംവിധം പരിശോധന നടത്തി നിർദ്ദേശം അയച്ചുതരാൻ ഹൈക്കോടതി രജിസ്ട്രാറോട് ആവശ്യപ്പെട്ടിട്ടുണ്ട്. നിർദ്ദേശം ലഭിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

11.00 A.M]

(4) പ്രതികളെ അറസ്റ്റ് ചെയ്യൽ

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, എന്റെ നിയോജകമണ്ഡലത്തിൽ മണ്ണാർക്കാട് യൂത്ത്‌ലീഗ് പ്രവർത്തകൻ സഫീറിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട മുഴുവൻ പ്രതികളെയും അറസ്റ്റ് ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ളതാണ് ഈ സബ്മിഷൻ. ഫെബ്രുവരി 25-ന് മണ്ണാർക്കാട് ടൗണിൽ വച്ചുണ്ടായ ഗുണ്ടാ ആക്രമണത്തിലാണ് സഫീർ എന്ന ചെറുപ്പക്കാരൻ അതിക്രൂരമായി കൊല്ലപ്പെട്ടത്. ഈ സംഭവം നാടിന് നടുക്കവും വേദനയുമുണ്ടാക്കിയതാണ്. ഈ കൃത്യത്തിൽപ്പെട്ട ചിലരെ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. എന്നാൽ സംഭവവുമായി ബന്ധപ്പെട്ട് സഫീറിന്റെ പിതാവ് നൽകിയ പരാതിയിൽ പറയുന്ന ഗൂഢാലോചനയിൽ പങ്കെടുത്തവരെയും കൃത്യം നിർവ്വഹിക്കാൻ സഹായിച്ചവർ ഉൾപ്പെടെയുള്ള മുഴുവൻ പ്രതികളെയും അറസ്റ്റ് ചെയ്യുന്നതിനുള്ള നടപടിയുണ്ടായിട്ടില്ല. പോലീസിന്റെ ഭാഗത്തുനിന്ന് ചെറിയൊരലംഭാവം ഈ കാര്യത്തിൽ കാണുന്നുണ്ട്. ഇതൊരു നാടിന്റെ സമാധാനത്തിന്റെ പ്രശ്നമാണ്. ഈ ക്രൂരകൃത്യത്തിൽ പങ്കെടുത്ത മുഴുവൻ ഗുണ്ടകളെയും നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാനുള്ള ശ്രമമുണ്ടാകണം. ഭരണകക്ഷിയിൽപ്പെട്ട സി.പി.ഐ.-യുടെ എല്ലാവിധ ഒത്താശയും സഹായവും ഈ പ്രതികൾക്കുണ്ടെന്നുള്ളതാണ് അന്വേഷണം വൈകാൻ കാരണം. വളരെ പാവപ്പെട്ട കുടുംബത്തിലെ അംഗമായിരുന്ന സഫീർ; ആ കുടുംബത്തിന്റെ വരുമാനമാർഗ്ഗവും ഈ ചെറുപ്പക്കാരനായിരുന്നു. അതുകൊണ്ട് ആ കുടുംബത്തിന് സാമ്പത്തിക സഹായംകൂടി നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ അംഗം കാര്യങ്ങൾ മനസ്സിലാക്കിയതിൽ എന്തോ ബുദ്ധിമുട്ടുണ്ടായി എന്നാണ് എനിക്ക് തോന്നുന്നത്. ഈ കേസിന്മേൽ ഗൗരവമായ അന്വേഷണം നടക്കുകയാണെന്ന് അദ്ദേഹത്തിന് അറിയാവുന്നതാണ്. ആ കാര്യം ഉൾക്കൊള്ളാൻ എന്തോ വിഷമം അദ്ദേഹത്തിനുണ്ട്. അതിന്റെ ഭാഗമായാണ് ഇത്തരമൊരു പ്രസ്താവന വന്നത്. ഈ കേസ് പരിശോധിച്ചാൽ മനസ്സിലാക്കാൻ കഴിയുന്നത്, എഫ്.ഐ.ആർ.-ൽ പേരുള്ള 5 പേരെയും സംഭവത്തിന് തൊട്ടടുത്ത ദിവസംതന്നെ അറസ്റ്റ് ചെയ്തു എന്നുള്ളതാണ്. ഇതുമായി ബന്ധപ്പെട്ട് ഗൂഢാലോചനയുണ്ടെന്ന് വെളിവായപ്പോൾ അതിൽ ഐ.പി.സി. 120(b) വകുപ്പുകൂടി ഉൾപ്പെടുത്തി അന്വേഷണം നടത്തി 5

പേരെക്കൂടി അറസ്റ്റ് ചെയ്തിട്ടുണ്ട്. ബാക്കി 3 പേരാണ് ഒളിവിലുള്ളത്. അവരെ അറസ്റ്റ് ചെയ്യുന്നതിനുള്ള ഊർജ്ജിതനടപടി സ്വീകരിച്ചുവരികയാണ്. ഈ കേസിലുൾപ്പെട്ട വാഹനങ്ങൾ, ഉപയോഗിച്ച ആയുധങ്ങൾ ഇതെല്ലാം ബന്തവസ്സിലെടുത്ത് ശാസ്ത്രീയപരിശോധന നടത്തി തെളിവുകൾ ശേഖരിച്ച് കേസ് കാര്യക്ഷമമായി മുന്നോട്ടുപോകുകയാണ്. എന്തുകൊണ്ടാണ് അദ്ദേഹത്തിന് ഇങ്ങനെയൊരു തോന്നലുണ്ടായതെന്ന് ഒരു തരത്തിലും മനസ്സിലാകുന്നില്ല.

### (5) ഫയൽ നീക്കം

ശ്രീ. കെ. വി. വിജയദാസ്: സർ, ഭരണസിരാകേന്ദ്രമായ സെക്രട്ടേറിയറ്റിലേയ്ക്ക് ഭരണാനുമതിക്കും ഉത്തരവിനുമായി വരുന്ന ഒരോ ഫയലും കടന്നുപോകുന്നത് അനവധി തട്ടുകളിലൂടെയാണ്. ഇതുമൂലം സർക്കാരിന്റെ സേവനം ജനങ്ങളിലെത്തിച്ചേരുന്നതിന് അനിയന്ത്രിതമായ കാലതാമസമാണുണ്ടാകുന്നത്. ഇതൊഴിവാക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. ചീഫ് എഞ്ചിനീയർ, (റോഡ്സ്) ഡി.പി.ആർ. തയ്യാറാക്കി ഭരണാനുമതിക്കായി ഒരു ഫയൽ സെക്രട്ടേറിയറ്റിലേയ്ക്ക് അയച്ചാൽ ആ ഫയൽ കടന്നുപോകുന്ന വഴികൾ പരിശോധിക്കേണ്ടതാണ്. ഇ-ഫയൽ ആണെങ്കിൽ ഡി.പി.ആർ. ആണ് ആദ്യം ഓഫീസ് സെക്ഷനിലെത്തുന്നത്. അവിടെ നമ്പരിട്ട് സെക്ഷൻ ഓഫീസറുടെ ഇൻ-ബോക്സിലെത്തുകയും പിന്നീട് അസിസ്റ്റന്റിന്റെ കയ്യിലെത്തുകയും ചെയ്യുന്നു. പി.ഡബ്ല്യു.ഡി.-യിൽനിന്നും ഒരു ഫയൽ അയച്ചാൽ ഓഫീസ് സെക്ഷൻ, അസിസ്റ്റന്റ്, സെക്ഷൻ ഓഫീസർ, അണ്ടർ സെക്രട്ടറി, ഡെപ്യൂട്ടി സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, അഡീഷണൽ സെക്രട്ടറി, സ്പെഷ്യൽ സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി, സെക്രട്ടറി, മന്ത്രി എന്നിങ്ങനെയുള്ള തട്ടുകളിലെത്തും. മന്ത്രി കണ്ടതിനുശേഷം വീണ്ടും പ്രിൻസിപ്പൽ സെക്രട്ടറി, സെക്രട്ടറി, സ്പെഷ്യൽ സെക്രട്ടറി, അഡീഷണൽ സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ഡെപ്യൂട്ടി സെക്രട്ടറി, അണ്ടർ സെക്രട്ടറി, സെക്ഷൻ ഓഫീസർ, അസിസ്റ്റന്റ് എന്നിവരുടെ പരിശോധനയ്ക്കുശേഷമാണ് ഫിനാൻസ് വകുപ്പിലേയ്ക്ക് എത്തുന്നത്. ഇത്രയും ആളുകൾ ഫയൽ കണ്ടതിനുശേഷവും ഫയൽ വന്നതുപോലെ തിരിച്ചുപോകുകയാണ്. വീണ്ടും അസിസ്റ്റന്റിന്റെ കയ്യിലെത്തിച്ചേരുന്ന ഫയൽ നോട്ട് തയ്യാറാക്കി വീണ്ടും അണ്ടർ സെക്രട്ടറിയോ ജോയിന്റ് സെക്രട്ടറിയോ വരെ കണ്ട് അംഗീകരിച്ചതിനുശേഷം ഫയൽ ഫിനാൻസ് സെക്രട്ടറിക്ക് വിടുമ്പോൾ അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ട്മെന്റിൽത്തന്നെ 19 തട്ടുകളിലായി പരിശോധിക്കുന്നു. തുടർന്ന് ഫിനാൻസ് ഡിപ്പാർട്ട്മെന്റിൽ എത്തിച്ചേരുന്ന ഫയൽ അവിടെയും ഏകദേശം 21 തട്ടുകളിൽ പരിശോധനയ്ക്ക് വിടുന്നു. അതിനുശേഷമാണ് ഭരണ വകുപ്പിലെത്തുന്നത്. ഭരണവകുപ്പിൽ വീണ്ടും എസ്.ഒ.-യുടെ കൈവശം

എത്തിച്ചേരുന്ന ഫയൽ അസിസ്റ്റന്റിന് കൈമാറുകയും അസിസ്റ്റന്റ് വീണ്ടും 21 തട്ടുകളിലേയ്ക്ക് കൈമാറുകയും ചെയ്യുന്നു. ചിലപ്പോൾ അഡീഷണൽ സെക്രട്ടറി വരെ കണ്ട് ജി.ഒ. ഡ്രാഫ്റ്റ് ചെയ്ത്, അപ്രൂവ് ചെയ്തശേഷം അസിസ്റ്റന്റിന്റെ കയ്യിലെത്തി കോപ്പി എടുത്ത് എസ്.ഒ. ഒപ്പിടുമ്പോൾ ഭരണാനുമതി ഉത്തരവ് തയ്യാറാകുന്നു. ഇത് സാധാരണഗതിയിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിനാണ്. ഒരുത്തരവിന് 50-ലേറെ തട്ടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. എല്ലാ ഓഫീസർമാരും അവധിയെടുക്കാതെ അവരവരുടെ സീറ്റുകളിലുണ്ടെങ്കിൽ മാത്രം, ക്വറി വീഴാതിരുന്നാൽ മാത്രമുള്ള കാര്യമാണിത്. ഓഫീസർമാർ ക്വറി കൂടി എഴുതിവിട്ട് മേലോട്ടും കീഴോട്ടും ഫയൽ പോയാൽ അത്രയും തട്ടുകളുടെ എണ്ണം കൂടുകയാണ്. ഇപ്രകാരം ഒരുത്തരവ് ലഭിച്ചതിനുശേഷം മാത്രമേ ടി.എസ്., ടെണ്ടർ, എക്സിക്യൂഷൻ എഗ്രിമെന്റ് മുതലായവ കടന്ന് ഒരു വർക്ക് തുടങ്ങാൻ സാധിക്കൂ. ഒരു റോഡിന് ഭരണാനുമതി ലഭിക്കാൻ ഒരു വർഷത്തിലേറെയാണ് സമയമെടുക്കുന്നത്. ഇത് കൃത്യമായി ഫോളോ-അപ് ചെയ്താൽ മാത്രം നടക്കുന്ന കാര്യമാണ്. ഒരു ജീവനക്കാരന് മെഡിക്കൽ അഡ്വാൻസിന് അപേക്ഷിച്ചാൽ ഭരണ വകുപ്പ്, ആരോഗ്യ വകുപ്പ് പിന്നീട് ധനകാര്യ വകുപ്പിലും പോയശേഷവും ആനുകൂല്യം ലഭിക്കാത്ത സ്ഥിതിയാണുള്ളത്. ഇതിനെല്ലാം വലിയ കാലതാമസമാണ് വരുന്നത്. ഇതെല്ലാം നിശ്ചിത സമയത്തിനുള്ളിൽ നടപ്പിലാക്കാനും സെക്രട്ടേറിയറ്റിലെ ഫയലുകളിൽ തീരുമാനമെടുക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് ഫയലിലെ പരിശോധനാ തട്ടുകൾ ശാസ്ത്രീയമായി കുറവ് ചെയ്യുന്നതിനും അടിയന്തരമായി നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഫയലുകളിൽ തീരുമാനമെടുക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. കാലതാമസം ഗണ്യമായി കുറയ്ക്കാൻ തന്നെയാണ് ഉദ്ദേശിക്കുന്നത്. വിശദമായ ഉത്തരം മേശപ്പുറത്ത്വയ്ക്കുന്നു.*

## (6) ഗണക സമുദായത്തിന്റെ ആനുകൂല്യങ്ങൾ

ശ്രീ. പി. ടി. തോമസ്: സർ, Other Backward Hindu വിഭാഗത്തിൽ 26, 29 ഇനത്തിൽപ്പെടുന്ന കണിയാൻ, കമ്പൻ, ബില്യായ തുടങ്ങിയ പേരുകളിലറിയപ്പെടുന്ന സമൂഹമാണ് ഗണകർ എന്ന് പൊതുവെ വിളിക്കുന്ന വിഭാഗം. കേരളത്തിൽ 10-14 ലക്ഷത്തോളംവരുന്ന ഗണക മഹാസഭയിൽ ഉൾപ്പെട്ടിട്ടുള്ള ഇവർക്ക് ഒ.ഇ.സി. വിദ്യാഭ്യാസാനുകൂല്യം ശ്രീ. ഉമ്മൻ ചാണ്ടി നേതൃത്വം കൊടുത്ത സർക്കാർ നൽകിയിരുന്നു. പ്രസ്തുത ആനുകൂല്യം റദ്ദാക്കാനുള്ള നീക്കം ഈ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകരുതെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. 60 വയസ്സ് കഴിഞ്ഞ

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

പാരമ്പര്യ വൈദ്യന്മാർക്കും പാരമ്പര്യ കലാകാരന്മാർക്കും ക്ഷേമ പെൻഷൻ ഏർപ്പെടുത്തുക, സമുദായത്തിലെ പാരമ്പര്യ വൈദ്യന്മാർക്ക് ചികിത്സയ്ക്കും ഔഷധ നിർമ്മാണത്തിനും ഔഷധ ചെടികൾ നട്ടുപരിപാലിക്കുന്നതിനും ലൈസൻസ്, സാമ്പത്തിക സഹായം തുടങ്ങിയവ നൽകുക, ഉദ്യോഗാർത്ഥികളുടെ പ്രവേശന പരീക്ഷകളുടെ ഫീസ് പകുതിയാക്കുക, പാരമ്പര്യമായി ആയുർവ്വേദം കൈകാര്യം ചെയ്യുന്നതിന് ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസത്തിന് 5 സീറ്റ് സംവരണം ചെയ്യുക തുടങ്ങിയ ആവശ്യങ്ങൾ മുന്നോട്ടുവയ്ക്കുകയാണ്. 23-5-2014-ൽ അനുവദിച്ച ഒ.ഇ.സി. വിഭാഗത്തിലെ കുട്ടികൾക്ക് നൽകുന്ന വിദ്യാഭ്യാസ ആനുകൂല്യം തുടർന്നും ഗണക സമുദായത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും യഥാസമയം ലഭിക്കുന്നതിന് സത്വരനടപടി സ്വീകരിക്കുക, വിദ്യാഭ്യാസ ആനുകൂല്യത്തിനുള്ള സാമ്പത്തിക മാനദണ്ഡം 6 ലക്ഷം രൂപയിൽനിന്നും 8 ലക്ഷം രൂപയാക്കുക, ഗണകർക്ക് പ്രത്യേക സംവരണം ഏർപ്പെടുത്തുക, ദേവസ്വം-ക്ഷേത്ര കലാപീഠങ്ങളിൽ പഠിക്കുന്നതിന് ഗണക വിദ്യാർത്ഥികൾക്കും പഠിപ്പിക്കുന്നതിന് ഗണക അദ്ധ്യാപകർക്കും സംവരണം ഏർപ്പെടുത്തുക, ഗണക വിഭാഗത്തിലെ പെൺകുട്ടികൾക്ക് പ്രത്യേക വിദ്യാഭ്യാസ സംവരണം നടപ്പിലാക്കുക തുടങ്ങിയ ആവശ്യങ്ങൾ അംഗീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ആശാൻ കളരികൾ, ആയോധന കളരികൾ, ക്ഷേത്ര കലകൾ പഠിപ്പിക്കുന്ന കളരികൾ മുതലായവ സംരക്ഷിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. പിന്നോക്ക ക്ഷേമ വകുപ്പിനുകീഴിൽ നൽകുന്ന വായ്പകളുടെ നടപടികൾ ലഘൂകരിക്കണം. പി.എസ്.സി. നിയമന സംവിധാനം നിലവിൽ വന്നതിനുശേഷം ഗണക ഉദ്യോഗാർത്ഥികൾക്ക് കാര്യമായ പരിഗണനയൊന്നും കിട്ടിയിട്ടില്ല. കൂടാതെ, കലാകാരന്മാർക്കും സംസ്കൃത ജ്യോതിഷ വിദ്യാ പണ്ഡിതന്മാർക്കും ജന്മം കൊടുത്ത ഒരു സമുദായമാണിത്. അവരുടെ സംഭാവനകളെക്കുറിച്ച് വരുംതലമുറയ്ക്ക് പഠിക്കുന്നതിനും അവരുടെ സൃഷ്ടികൾ പരിരക്ഷിക്കുന്നതിനുമാവശ്യമായ ഗണക കൾച്ചറൽ ഹെറിറ്റേജ് സ്റ്റഡി സെന്ററിന് സഹായം നൽകണമെന്നും ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യങ്ങളിൽ ഭൂരിപക്ഷവും എനിക്ക് എഴുതിത്തന്നിട്ടില്ല. പക്ഷെ പറഞ്ഞ കാര്യങ്ങളെല്ലാം ആ വിഭാഗത്തിനെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ടതാണ്. അതെല്ലാം സർക്കാർ ഗൗരവമായി പരിശോധിക്കും. ഗണകസമുദായം ഒ.ബി.സി.-യിൽപ്പെട്ടതാണ്. വിദ്യാഭ്യാസത്തിന് ഒ.ഇ.സി. ആനുകൂല്യം ലഭ്യമാകുന്നുണ്ട്. Other Eligible Communities-ന് കിട്ടുന്ന ആനുകൂല്യം ഒരു രൂപത്തിലും ഗണക സമുദായത്തിന്

നിഷേധിക്കില്ല. ഇപ്പോൾ അത് കൊടുത്തുവരികയാണ്. ഏതെങ്കിലും രൂപത്തിലുള്ള പരാതിയുണ്ടെങ്കിൽ അവ പരിശോധിച്ച് ആവശ്യമായ നടപടിയെടുക്കും. ക്രീമിലെയർ പരിധി 6 ലക്ഷം രൂപയെന്നത് 8 ലക്ഷം രൂപയാക്കണമെന്ന് ബഹുമാനപ്പെട്ട പി. ടി. തോമസ് ഇവിടെ സൂചിപ്പിച്ചു. അത് സർക്കാരിന്റെ പരിഗണനയിലുള്ളതാണ്. അപ്പോൾ കുറച്ച് കുട്ടികൾക്കുകൂടി ഇതിന്റെ ആനുകൂല്യം കിട്ടും. ഈ സമുദായത്തിലെ പാരമ്പര്യ വൈദ്യന്മാർക്ക് ചികിത്സയും ഔഷധ നിർമ്മാണത്തിന് ലൈസൻസും നൽകണമെന്നും ക്ഷേത്ര കലകൾ പഠിപ്പിക്കുന്ന കളരികൾ സംരക്ഷിക്കണമെന്നുമാണ് സബ്മിഷനിലുള്ള മറ്റൊരാവശ്യം. അക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതായിരിക്കും.

(7) <u>മരണവും തിരോധാനവും സംബന്ധിച്ച്</u>

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u> സർ, വളരെ പ്രധാനപ്പെട്ട രണ്ട് വിഷയങ്ങളാണ് ഞാൻ സഭയിൽ അവതരിപ്പിക്കുന്നത്. പുൽപ്പള്ളി പോലീസ് സ്റ്റേഷന്റെ പരിധിയിൽ വരുന്ന മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിലെ മറക്കടവ് കോളനിയിൽ താമസിച്ചിരുന്ന വിനോദ്, കർണ്ണാടകയോട് ചേർന്നുള്ള കന്നാരംപുഴയിൽ കുളിക്കാൻ പോയപ്പോൾ കർണ്ണാടക വനം വകുപ്പ് ഉദ്യോഗസ്ഥരുമായി വാക്കുതർക്കമുണ്ടാകുകയും അതുമായി ബന്ധപ്പെട്ടുണ്ടായ സംഘർഷത്തിൽ മനംനൊന്ത് 13-3-2018-ൽ ആത്മഹത്യ ചെയ്യുകയുമുണ്ടായി. രണ്ടാമത്തെ വിഷയം, മാനന്തവാടി താലൂക്ക് കോറോം വില്ലേജിൽ വെള്ളമുണ്ട പോലീസ് സ്റ്റേഷന്റെ പരിധിയിൽ വരുന്ന തൊണ്ടർനാട് ഗ്രാമപഞ്ചായത്തിൽ കരിമ്പിൽ അണ്ണന്റെ മകൻ വിജയനെ 2018 ജനുവരി 19-ന് കാണാതായി. അദ്ദേഹത്തിനെ നാളിതുവരെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. വെള്ളമുണ്ട പോലീസ് സ്റ്റേഷനിൽ പലവട്ടം ഇക്കാര്യം സംബന്ധിച്ച് അന്വേഷിച്ചു. അദ്ദേഹം മറ്റ് അപകടങ്ങളിലൊന്നുംപെട്ടിട്ടില്ല, അന്വേഷിക്കാമെന്നാണ് പറയുന്നത്. ഈ രണ്ട് വിഷയത്തിലും സർക്കാർ അന്വേഷണം നടത്താൻ തയ്യാറാകണം. ഈ രണ്ട് യുവാക്കളും കുടുംബങ്ങളുടെ അത്താണിയായിരുന്നു. ഈ കുടുംബങ്ങളെ സാമ്പത്തികമായി സഹായിക്കുന്നതിനും സർക്കാർ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ജെയിംസ് മാത്യു)

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ബാലൻ</u>): സർ, സുൽത്താൻ ബത്തേരി നിയോജകമണ്ഡലത്തിലെ വണ്ടിക്കടവ് കോളനിയിലെ പണിയ സമുദായത്തിൽപ്പെട്ട വിനോദിന്റെ ആത്മഹത്യയും വെള്ളമുണ്ട പോലീസ്

സ്റ്റേഷൻ പരിധിയിലുള്ള കരിമ്പിൽ അണ്ണന്റെ മകൻ വിജയന്റെ തിരോധാനവും സംബന്ധിച്ചാണ് സബ്മിഷൻ. പ്രസ്തുത കുടുംബങ്ങൾക്ക് സർക്കാർ സഹായമാണ് ആവശ്യപ്പെടുന്നത്. വിശദമായ റിപ്പോർട്ട് ഞാൻ മേശപ്പുറത്തുവയ്ക്കുന്നു*. മാനന്തവാടി താലൂക്കിലെ വെള്ളമുണ്ട പഞ്ചായത്തിൽ നെടുമ്പലാശ്ശേരി കോളനിയിലെ 27 വയസ്സുള്ള കുറിച്യ യുവാവ് വിജയനെ 19-1-2018 മുതൽ കാണാതായതായി വെള്ളമുണ്ട സ്റ്റേഷനിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നു. 21-1-2018-ൽ വിജയന്റെ അച്ഛൻ നൽകിയ പരാതിയെത്തുടർന്ന് വെള്ളമുണ്ട പോലീസ് സ്റ്റേഷൻ കെ.പി. ആക്ട് 2011-ലെ 57-ാം വകുപ്പുപ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിജയനെ കണ്ടെത്താനുള്ള അന്വേഷണം ഊർജ്ജിതമായി നടക്കുകയാണ്.

ആ രണ്ട് കേസുകളിലും പോലീസന്വേഷണം നടന്നുവരികയാണ്. അന്വേഷണം പൂർത്തീകരിച്ച് പോലീസ് റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട അംഗം ആവശ്യപ്പെട്ട മറ്റ് സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കാൻ സാധിക്കുകയുള്ളൂ. ഇക്കാര്യത്തിൽ പട്ടികജാതി/ പട്ടികവർഗ്ഗ അതിക്രമങ്ങൾ നിയമപ്രകാരം കേസ് ചാർജ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മരണപ്പെട്ട വ്യക്തിയുടെ കുടുംബത്തിന് ധനസഹായം അനുവദിക്കാൻ വകുപ്പുതലത്തിൽത്തന്നെ നടപടി സ്വീകരിക്കുന്നതാണ്. 14-3-2018-ന് രാവിലെ സുൽത്താൻ ബത്തേരി പട്ടികവർഗ്ഗ വികസന വകുപ്പ് ഓഫീസർ വണ്ടിക്കടവ് കോളനി സന്ദർശിക്കുകയും വിനോദിന്റെ ശവസംസ്കാര ചെലവിലേയ്ക്കായി 5,000 രൂപ കുടുംബത്തിന് നൽകിയിട്ടുമുണ്ട്. മാത്രമല്ല, കുറ്റവാളികളെ കണ്ടെത്തി ശക്തമായ നടപടി സ്വീകരിക്കുന്നതിന് സബ്കളക്ടർ പോലീസിന് നിർദ്ദേശവും നൽകിയിട്ടുണ്ട്.

## (8) <u>സ്വകാര്യഭൂമി ഏറ്റെടുക്കൽ</u>

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട വെള്ളായണി കായലിൽ 1993 വരെ കായൽ വറ്റിച്ച് കൃഷി ചെയ്യുമായിരുന്നു. 1993-ൽ കെ. പി. നൂറുദ്ദീൻ ചെയർമാനായ നിയമസഭ പരിസ്ഥിതി കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിൽക്കാലത്ത് വെള്ളം വറ്റിക്കാറില്ല. അവിടെ നൂറ്റിയറുപതോളം വരുന്ന സാധാരണക്കാരായ കർഷകരുടെ 256 ഏക്കർ ഭൂമി ഇന്ന് വെള്ളത്തിനടിയിലാണ്. 16-5-2017-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഭൂമി കൈവശക്കാരുടെ ലിസ്റ്റ് തയ്യാറാക്കാൻ കളക്ടറോട് ആവശ്യപ്പെടുകയും ലിസ്റ്റ് തയ്യാറാക്കിക്കൊടുക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ വെള്ളത്തിനടിയിലുള്ള ഭൂമി അവർക്ക് യാതൊരു തരത്തിലും ഉപയോഗിക്കാൻ കഴിയാതിരിക്കുകയാണ്. നൂറ്റിയറുപതോളം വരുന്ന

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

സാധാരണക്കാർക്ക് ആ ഭൂമി ഉപയോഗിക്കാൻ സാധിക്കാത്ത അവസ്ഥയാണ്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കഴിഞ്ഞ സർക്കാരിന്റെ കാലത്തുതന്നെ ആരംഭിച്ചതാണ്. അത് പൂർണ്ണമായും ഏറ്റെടുക്കാൻ സർക്കാർ സത്വരനടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച കാര്യം ശരിയാണ്. ഒരുപാട് വർഷമായി നടന്നുകൊണ്ടിരിക്കുന്ന ഒരു പ്രവർത്തനമാണിത്. ഈ ഭൂമി വെള്ളത്തിനടിയിലായതിനാൽ കൃഷിക്കാർ അനുഭവിക്കുന്ന പ്രയാസങ്ങൾ സംബന്ധിച്ച് അവർ നേരത്തെ നിവേദനം നൽകിയിരുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്തും അതിനുശേഷവും ഇതുസംബന്ധിച്ച പരാതികൾ ലഭിക്കുകയും അക്കാര്യം പരിശോധിക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 16-5-2017-ൽ യോഗം ചേർന്ന് സ്ഥലവില നിശ്ചയിക്കുന്നതിനുവേണ്ടി ജില്ലാ കളക്ടറുടെ സാന്നിദ്ധ്യത്തിൽ പരിശോധന നടത്താൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. അതിനാവശ്യമായ നടപടി തുടർന്നും സ്വീകരിക്കുന്നതാണ്. വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു*.

(9) ലാൻഡ് ട്രിബ്യൂണലിലെ കേസുകൾ

ശ്രീ. സണ്ണി ജോസഫ്: സർ, സംസ്ഥാനത്തെ വിവിധ ലാൻഡ് ട്രിബ്യൂണലുകളിൽ രണ്ട് ലക്ഷത്തോളം കേസുകൾ തീർപ്പാകാതെ കെട്ടിക്കിടക്കുകയാണ്. ഈ ഭൂമിയുടെ കൈവശാവകാശം സംബന്ധിച്ചോ, ഉടമസ്ഥാവകാശം സംബന്ധിച്ചോ വലിയ തർക്കങ്ങളൊന്നുമില്ലാത്ത കേസുകളാണിവ. ഇവയിലധികവും suo moto കേസുകളാണ്. വില്ലേജാഫീസുകളിൽനിന്ന് ഈ ഭൂമിക്ക്, ഇന്നയാൾക്ക് പട്ടയം കൊടുക്കണമെന്ന ശിപാർശയോടെ ഫയൽ ചെയ്യപ്പെടുന്ന കേസുകളാണ്. ഇങ്ങനെയുള്ള രണ്ട് ലക്ഷത്തോളം കേസുകളാണ് കെട്ടിക്കിടക്കുന്നത്. 20000 കേസുകൾ കണ്ണൂർ ജില്ലയിൽ കെട്ടിക്കിടക്കുന്നുവെന്ന് ബഹുമാനപ്പെട്ട മന്ത്രിതന്നെ ഒരു പത്രസമ്മേളനത്തിൽ പറഞ്ഞു. കൂത്തുപറമ്പ് ലാൻഡ് ട്രൈബ്യൂണലിൽ മാത്രം 16000 കേസുകൾ കെട്ടിക്കിടക്കുന്നുണ്ടെന്ന് കണ്ണൂർ ഡി.ഡി.സി. യോഗത്തിൽ കളക്ടർ മറുപടി നൽകിയതാണ്. അങ്ങുതന്നെ അംഗമായ തളിപ്പറമ്പ് താലൂക്ക് സഭതന്നെ സർക്കാരിനോട് ഇക്കാര്യം പ്രത്യേകം ആവശ്യപ്പെട്ടിരിക്കുകയാണ്. ദേശാഭിമാനി, ദീപിക, മാതൃഭൂമി എന്നിങ്ങനെ മൂന്ന് പത്ര വാർത്തകൾ എന്റെ കൈവശമുണ്ട്. ലാൻഡ് ട്രിബ്യൂണലുകളിൽ കെട്ടിക്കിടക്കുന്ന തർക്കരഹിതമായ കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് ഒരു പ്രത്യേക അദാലത്ത് വയ്ക്കുകയോ കൂടുതൽ എൽ.റ്റി. തഹസിൽദാർമാരെ ഇക്കാര്യത്തിലേയ്ക്ക്

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

നിയോഗിക്കുകയോ വേണം. ഇത്തരത്തിലുള്ള സാധാരണക്കാരുടെ അർഹതപ്പെട്ട പട്ടയത്തിന്റെ അപേക്ഷകളിൽ സമയബന്ധിതമായി തീർപ്പുകൽപ്പിക്കാൻ പ്രഖ്യാപനത്തിനുപരിയായി ഫലപ്രദമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ച കാര്യം ശരിയാണ്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ലാൻഡ് ട്രിബ്യൂണലുകളിൽ ലക്ഷക്കണക്കിന് കേസുകൾ കെട്ടിക്കിടക്കുകയായിരുന്നു. അവ വേഗത്തിൽ തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയാണ്. അതിന്റെ ഭാഗമായി നിലവിലുണ്ടായിരുന്ന 17 ട്രിബ്യൂണലുകളെയും ഡെപ്യൂട്ടി കളക്ടർമാർ പ്രിസൈഡിംഗ് ഓഫീസർമാരായിട്ടുള്ള 14 ജില്ലകളിലെയും ഓരോന്നിന് പുറമേ 29 സ്പെഷ്യൽ ട്രിബ്യൂണലുകളെക്കൂടി നിശ്ചയിച്ചുകൊണ്ടാണ് കഴിഞ്ഞ ഒരു വർഷമായി വേഗത്തിൽ കാര്യങ്ങൾ നടത്തുന്നത്. അതിന്റെ ഭാഗമായി സംസ്ഥാനത്ത് 72334 കേസുകൾ ഈ കാലയളവിൽ തീർപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ ഇരുപതിനായിരത്തോളം കേസ്സുകളുണ്ടായിരുന്നത് ഇപ്പോൾ 17000 ആയി ചുരുങ്ങിയിട്ടുണ്ട്. ഇപ്പോഴും കൂത്തുപറമ്പിൽ ഏതാണ്ട് 17000-ത്തിൽ ചില്വാനം കേസ്സുകൾ ഓരോ ട്രിബ്യൂണലുകളിലും ബാക്കിയുണ്ട്. അടിയന്തരമായി കേസുകൾ തീർപ്പാക്കുന്നതിനുള്ള നിർദ്ദേശം പൊതുവിൽ ലാൻഡ് ബോർഡ് നൽകിയിട്ടുണ്ട്. പയ്യന്നൂരിൽ 3297 കേസുകളും തലശ്ശേരി, ഇരിട്ടി ദേവസ്വം ട്രിബ്യൂണലുകളിൽ 705 കേസുകളുമാണ് ഇപ്പോഴുള്ളത്. മറ്റ് ട്രിബ്യൂണലുകളിലെ കേസുകൾ കൂടി തീർപ്പാക്കുന്നതിന് അവരെ പ്രത്യേകമായി ചുമതലപ്പെടുത്തിയിട്ടുണ്ട്. Suo moto കേസുകളായി വരുന്നത് വില്ലേജാഫീസർമാർ ഉൾപ്പെടെ നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ്. അവകൂടി വേഗത്തിൽ തീർപ്പാക്കാനുള്ള നടപടി സ്വീകരിക്കാം.

### (10) കടൽഭിത്തി

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, ഓഖി ദുരന്തത്തിൽ തിരുവനന്തപുരം ഉൾപ്പെടെയുള്ള ജില്ലകളിൽ മത്സ്യത്തൊഴിലാളികൾ മരണമടഞ്ഞത് കടലിൽ മത്സ്യബന്ധനത്തിന് പോയ അവസരത്തിലാണ്. എന്നാൽ എറണാകുളം ജില്ലയിലെ ചെല്ലാനം പഞ്ചായത്തിൽ കടൽഭിത്തി തകർന്ന സ്ഥലത്തുകൂടി കടൽവെള്ളം ഇരച്ചുകയറിയാണ് രണ്ട് പേർ മരണമടഞ്ഞത്. അതുകൊണ്ടുതന്നെ ഇതിനൊരു പരിഹാരമുണ്ടാക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം ചേരുകയും അടിയന്തരമായി കടൽഭിത്തി പുനഃസ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാമെന്ന് ചർച്ച

ചെയ്ത് തീരുമാനിച്ചതുമാണ്. കല്ല് കിട്ടാത്തതുകൊണ്ട് ജിയോ ട്യൂബ് ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മാണവും ഒപ്പം പുലിമുട്ട് നിർമ്മാണവും അടിയന്തരമായി നടപ്പിലാക്കേണ്ടതുണ്ട്. അടുത്ത കാലവർഷത്തിന് മുൻപുതന്നെ ഈ പണി പൂർത്തീകരിച്ചില്ലെങ്കിൽ വലിയ ദുരന്തം ചെല്ലാനം പഞ്ചായത്തിലുണ്ടാകുമെന്നുള്ളതുകൊണ്ട് കടൽഭിത്തി പുനഃസ്ഥാപനത്തിനുള്ള സാങ്കേതിക അനുമതിയടക്കം നൽകി അടിയന്തരമായി പണി പൂർത്തീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച സ്ഥലത്ത് 5 പ്രവൃത്തികൾക്ക് 16-1-2018-ൽ 8 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കരിങ്കല്ലിന്റെ ദൗർലഭ്യംമൂലം ജിയോ ടെക്സ്റ്റൈൽ ട്യൂബ് ഉപയോഗിച്ച് നിർമ്മാണം നടത്തുന്നതിന് സാങ്കേതികാനുമതി നൽകുകയും 3-4-2018-ന് ടെണ്ടർ ചെയ്യുകയും ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന 4 പ്രവൃത്തികൾ ആരംഭിക്കുന്നതിനായി ഇന്ന് സാങ്കേതിക സമിതി കൂടി, പ്രവൃത്തി ചെയ്യാനുള്ള നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ വൈപ്പിൻ ദ്വീപിലെ എടവനക്കാട് നാല് പുലിമുട്ടുകൾ നിർമ്മിക്കുന്നതിനായി 3.7 കോടി രൂപയുടെ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടി സ്വീകരിക്കുന്നതിന് സൂപ്രണ്ടിംഗ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

### (11) കടൽത്തീര സംരക്ഷണം

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, കേരളത്തിന്റെ വാണിജ്യ സാംസ്കാരിക ജീവിതത്തിൽ പ്രധാന സ്ഥാനമുള്ള ഒരു വിഭാഗമാണ് തീരപ്രദേശം. ഓഖി ദുരന്തത്തോടെ തീരദേശമേഖല വലിയ പ്രതിസന്ധിയിലായിരിക്കുകയാണ്. സി.ആർ.ഇസഡ് -ഉം തീരദേശ പരിപാലന നിയമവുമെല്ലാം അവരുടെ ജീവിതം കൂടുതൽ ദുഷ്കരമാക്കിയിരിക്കുകയാണ്. മൂന്നുമാസംകൂടി കഴിഞ്ഞാൽ കടുത്ത കടലാക്രമണമുണ്ടാകുന്ന സ്ഥിതിയുമുണ്ട്. ഭരണാനുമതി ലഭിച്ച നിരവധി പ്രവൃത്തികൾ, കടൽഭിത്തി നിർമ്മാണം, പുലിമുട്ട് നിർമ്മാണം തുടങ്ങിയവ സാങ്കേതികാനുമതിയും ടെണ്ടർ നടപടികൾ വൈകുന്നതുമൂലം അനന്തമായി നീണ്ടുപോകുകയാണ്. ടെണ്ടർ ചെയ്ത പദ്ധതിയാണെങ്കിൽ പാറ ലഭ്യമാകാത്തതിനാൽ സ്ഥിരമായി മുടങ്ങുന്ന അവസ്ഥയുമാണ്. ഇതുമൂലം തീരദേശ മേഖലയുടെ വൻപ്രതിഷേധത്തിനാണ് ജനപ്രതിനിധികൾ സാക്ഷ്യം വഹിക്കേണ്ടി വരുന്നത്. അതുകൊണ്ട് നമ്മുടെ തീരങ്ങൾ സുരക്ഷിതമായി സംരക്ഷിക്കാനായി, ആവശ്യമായ സ്ഥലങ്ങളിലൊക്കെ കടൽഭിത്തിയും പുലിമുട്ടും നിർമ്മിക്കണം. തകർന്നുകിടക്കുന്ന കല്ലുകൾ റീ-അറേഞ്ച് ചെയ്യേണ്ടതും ഏറ്റവും പ്രധാനമാണ്. മറ്റ്

കല്ലുകൾ കൊണ്ടുവരികയോ ടെണ്ടറിന്റെയോ പ്രശ്നമില്ല, ഇവിടെയുള്ള കല്ലുകൾ തന്നെ റീ-അറേഞ്ച് ചെയ്താൽ മതിയാകും. പുതിയ സാധ്യതകളൊക്കെ വളരെ വേഗത്തിൽ പ്രയോജനപ്പെടുത്തണം. പ്രത്യേകിച്ച് കയ്പമംഗലം ഉൾപ്പെടെയുള്ള പ്രദേശം കൂടുതൽ ശ്രദ്ധിക്കണമെന്നാണ് എനിക്ക് വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, കയ്പമംഗലം നിയോജകമണ്ഡലത്തിലെ കടൽഭിത്തിയുടെ പുനരുദ്ധാരണത്തിന് ആവശ്യമായ സ്ഥലങ്ങളിൽ നാല് പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ട്. വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു.*

(12) സമഗ്ര കുടിവെള്ള പദ്ധതി

ശ്രീ. പി. ഉബൈദുള്ള: സർ, മലപ്പുറം നിയോജകമണ്ഡലത്തിലെ പൂക്കോട്ടൂർ, മൊറയൂർ, പുൽപ്പറ്റ പഞ്ചായത്തുകളിലെ രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ഒരു സമഗ്ര കുടിവെള്ള പദ്ധതിക്ക് 49.50 കോടി രൂപ അടങ്കൽ നിശ്ചയിച്ച് മുൻസർക്കാരിന്റെ കാലത്ത് പ്രാഥമിക നടപടി ആരംഭിക്കുകയും മുൻ വർഷങ്ങളിലെ ബഡ്ജറ്റുകളിൽ ടോക്കൺ പ്രൊവിഷനായി തുക വകയിരുത്തുകയും ചെയ്തിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നയുടനെ ബഹുമാനപ്പെട്ട മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന മലപ്പുറം ജില്ലയിലെ കുടിവെള്ള പദ്ധതികളുടെ അവലോകന യോഗത്തിൽവച്ച് ചാലിയാർ പുഴയിൽനിന്നും ഉറവിടം കണ്ടെത്തി മഞ്ചേരി മണ്ഡലത്തിലെ തൃക്കലങ്ങോട്, വണ്ടൂർ മണ്ഡലത്തിലെ പോരൂർ എന്നീ പഞ്ചായത്തുകൾകൂടി ഉൾപ്പെടുത്തി ഒരു സമഗ്ര കുടിവെള്ള പദ്ധതിക്ക് രൂപംനൽകാൻ തീരുമാനിക്കുകയുണ്ടായി. പദ്ധതിയുടെ സർവ്വേ നടപടികൾക്കായി പൂക്കോട്ടൂർ, പുൽപ്പറ്റ, മൊറയൂർ എന്നീ പഞ്ചായത്തുകൾ അവരുടെ വിഹിതമായ മൂന്ന് ലക്ഷം രൂപ വീതം കെ.ഡബ്ല്യൂ.എ.-യിൽ അടച്ചിട്ടുണ്ട്. ടാങ്ക് നിർമ്മാണത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് 5 പഞ്ചായത്തുകളോട് ഫണ്ട് നീക്കിവയ്ക്കാൻ ആവശ്യപ്പെട്ടതായി അറിയുന്നു. എന്നാൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നിയമസഭയിൽ അവതരിപ്പിച്ച 2018-19 വർഷത്തെ ബഡ്ജറ്റിൽ അപ്പെൻഡിക്സ് വോള്യം 2- ഐറ്റം നമ്പർ 6711, പേജ് നമ്പർ 272-ൽ ആദ്യം നിർദ്ദേശിക്കപ്പെട്ട പഞ്ചായത്തുകൾ ഒഴിവാക്കി പകരം പ്രസ്തുത കുടിവെള്ള പദ്ധതിക്ക് തൃക്കലങ്ങോട്-പോരൂർ കുടിവെള്ള പദ്ധതിയെന്ന് പുനർനാമകരണം ചെയ്തതായും 5.80 കോടി രൂപ വകയിരുത്തിയതായും കാണാൻ കഴിയുന്നു. പ്രസ്തുത പ്രൊപ്പോസൽ പുനഃപരിശോധിക്കാനും അഞ്ച് പഞ്ചായത്തുകൾ ഉൾപ്പെടുന്ന പൂക്കോട്ടൂർ-മൊറയൂർ-പുൽപ്പറ്റ-തൃക്കലങ്ങോട്-പോരൂർ

* അനുബന്ധമായി വച്ചിട്ടുണ്ട്.

സമഗ്ര കുടിവെള്ള പദ്ധതിയായി നിലനിർത്തണമെന്നും ഇതിനാവശ്യമായ ഫണ്ട് ബഡ്ജറ്റിൽ നീക്കിവയ്ക്കണമെന്നും അഭ്യർത്ഥിച്ച് 6-2-2018-ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് കത്ത് നൽകിയിരുന്നു. പ്രസ്തുത പഞ്ചായത്തുകളിൽ വൻകിട പദ്ധതികളൊന്നുംതന്നെ നിലവിലില്ലാത്ത സാഹചര്യത്തിൽ രൂക്ഷമായ കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണുന്നതിനായി ഈ സമഗ്ര കുടിവെള്ള പദ്ധതി അടിയന്തരമായി നടപ്പാക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ചാലിയാർ പുഴ സ്രോതസ്സാക്കി പൂക്കോട്ടൂർ-മൊറയൂർ-പുൽപ്പറ്റ എന്നീ പഞ്ചായത്തുകളെയും സമീപമുള്ള തൃക്കലങ്ങോട്-പോരൂർ പഞ്ചായത്തുകളെയും ഉൾപ്പെടുത്തിയാണ് 37 ദശലക്ഷം ലിറ്റർ സ്ഥാപിതശേഷിയുള്ള സമഗ്ര കുടിവെള്ള പദ്ധതിക്ക് വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്; അതനുസരിച്ചുള്ള നടപടികൾ സാമ്പത്തിക സ്രോതസ്സ് കണ്ടെത്തി നടപ്പാക്കാനാണ് ശ്രമിക്കുന്നത്.

(13) റോഡുകളുടെ നവീകരണം

ശ്രീ. ഹൈബി ഈഡൻ: സർ, കേരളത്തിൽ ഏറ്റവും കൂടുതൽ റോഡപകടങ്ങൾ നടക്കുന്നത് എറണാകുളത്താണ്. എറണാകുളം സിറ്റി പോലീസിന്റേയും റൂറൽ പോലീസിന്റേയും കണക്കുപ്രകാരം 5797 അപകടങ്ങളാണ് നടന്നിട്ടുള്ളത്. എട്ട് മാസങ്ങൾക്കുമുൻപ് 3.15 കോടി രൂപ, എറണാകുളം ജില്ലയിലെ 35 ബ്ലാക്ക് സ്പോട്ടുകൾ അപകടരഹിതമാക്കാനുള്ള നടപടി സ്വീകരിക്കുന്നതിനായി റോഡ് സേഫ്റ്റി അതോറിറ്റി അനുവദിച്ചിരുന്നു. പക്ഷേ ഒരു രൂപപോലും ഇതുവരെ കിട്ടിയിട്ടില്ലെന്നതാണ് ദൗർഭാഗ്യകരമായ കാര്യം. വാഹന സെസ്സ് ഇനത്തിൽ ഏറ്റവും കൂടുതൽ തുക അടയ്ക്കുന്നത് എറണാകുളം ജില്ലയിൽ നിന്നാണ്. ലോംഗ് ടേം, ഷോർട്ട് ടേം പ്ലാനുകൾ, നാറ്റ്പാക്-ഉം മോട്ടോർ വെഹിക്കിൾ വകുപ്പും തയ്യാറാക്കി നൽകിയിട്ടും യാതൊരു നടപടിയും ഇതുവരെ സ്വീകരിച്ചിട്ടില്ല. സി.എസ്.ആർ. (കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി) ഫണ്ടുപയോഗിച്ച് നവീകരണ പ്രവർത്തനങ്ങൾ നടത്താനാവശ്യമായ പണം ചെലവഴിക്കാൻ ഈ റോഡ് പരിധിയിലുള്ള സ്ഥാപനങ്ങൾ തയ്യാറാണ്. അതിനുപോലും അനുമതി നൽകിയിട്ടില്ല. 35 ബ്ലാക്ക് സ്പോട്ടുകൾ ഐഡന്റിഫൈ ചെയ്തിട്ടുണ്ട്, ഇതിനായി എന്ത് നടപടി സ്വീകരിക്കാൻ സാധിക്കുമെന്നതിനെക്കുറിച്ച് ആലോചിക്കണം. അപകടങ്ങൾ ഒഴിവാക്കുന്നതിനുവേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അടിയന്തരമായി നടപ്പിലാക്കാൻ സർക്കാർ തയ്യാറാകണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, കേരളത്തിലെ 276-ഓളം വരുന്ന ബ്ലാക്ക് സ്പോട്ടുകളിൽ എറണാകുളം ജില്ലയിൽ നാറ്റ്പാക് ശിപാർശ ചെയ്തത് 35 കേന്ദ്രങ്ങളിലെ നവീകരണമാണ്. അതിനുവേണ്ടി 8-11-2017-ൽ യോഗം ചേർന്ന് കേരള റോഡ് സുരക്ഷാ അതോറിറ്റി 3.74 കോടി രൂപയുടെ പ്രവർത്തനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇത് കേരള ട്രാൻസ്പോർട്ട് പ്രോജക്ട് ഫെയ്സ് 2-ന്റെ ചലഞ്ച് ഫണ്ടിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് കെ.എസ്.ടി.പി.-യുടെ അഭിപ്രായം ആരായുകയും അത് ചലഞ്ച് ഫണ്ട് പ്രോഗ്രാമിൽ ഉൾപ്പെടുത്താമെന്ന് കെ.എസ്.ടി.പി. സമ്മതിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 13-3-2018-ന് ചേർന്ന 34-ാമത് റോഡ് സുരക്ഷാ അതോറിറ്റി യോഗം ഈ പ്രവൃത്തി ചലഞ്ച് ഫണ്ട് പ്രോഗ്രാമിൽ ഉൾപ്പെടുത്തുന്നതിനായുള്ള ശിപാർശയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇക്കാര്യം കെ.എസ്.ടി.പി.-യെ അറിയിച്ചിട്ടുണ്ട്. ലോകബാങ്കിന്റെ മാനദണ്ഡങ്ങൾക്കനുസരിച്ച് ഈ പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള സത്വരനടപടി സ്വീകരിക്കുന്നതാണ്.

## (14) ട്രഷറികളിലെ പണം പിൻവലിക്കൽ

ശ്രീ. വി. ഡി. സതീശൻ: സർ, കഴിഞ്ഞ സാമ്പത്തിക വർഷം അവസാനിക്കുന്ന മാർച്ച് 31-ാം തീയതി വിവിധ വകുപ്പുകളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും പണം ട്രഷറിയിലുണ്ടായിരുന്നത് സർക്കാർ ഒരുത്തരവിലൂടെ പിൻവലിക്കുകയുണ്ടായി. ആദ്യത്തെ ഉത്തരവിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പണം കൂടിയുണ്ടായിരുന്നെങ്കിലും പിന്നീടത് മാറ്റി. അതിന് ധനകാര്യ വകുപ്പിന് അവരുടേതായ ചില കാരണങ്ങളുണ്ട്, ഞാനതിലേയ്ക്ക് കടക്കുന്നില്ല. പക്ഷെ മൊത്തം പണം എടുത്തു മാറ്റിയതോടുകൂടി വിവിധ വകുപ്പുകളിലും വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിലും ഒരു പൈസപോലും ദൈനംദിന കാര്യങ്ങൾക്ക് ഇല്ലാത്ത സ്ഥിതിയാണ്. ഒരുദാഹരണം പറയാം. കോഴിക്കോട് ശാസ്ത്ര സാങ്കേതിക കൗൺസിലിന്റെകീഴിലുള്ള പ്രധാനപ്പെട്ട സ്ഥാപനമാണ് സി.ഡബ്ല്യു.ആർ.ഡി.എഫ്. ആ സ്ഥാപനത്തിന്റെ 9 കോടി രൂപയാണ് മാറ്റിയത്. അവർക്ക് ഏപ്രിൽ മാസം 1-ാം തീയതി ശമ്പളം കൊടുക്കേണ്ട പണംപോലുമില്ല. ധാരാളം ശാസ്ത്രജ്ഞന്മാരുള്ള പ്രധാനപ്പെട്ട സ്ഥാപനമാണത്. അവരുടെ പ്രോജക്ടുകൾ ചെയ്യാനുള്ള പണം പോലുമില്ല. യൂണിവേഴ്സിറ്റികളിലും വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിലും ഇതാണ് സ്ഥിതി. സർക്കാർ ഇങ്ങനെയൊരു തീരുമാനമെടുക്കുമ്പോൾ അതിനൊരു ബദൽ സംവിധാനമോ അവരുടെ ദൈനംദിന കാര്യങ്ങളും ശമ്പളവും കൊടുക്കാനുള്ള തുകപോലും ഒരുക്കാതെ, ഇത്തരത്തിൽ ഏകപക്ഷീയമായ ഒരുത്തരവ് പുറപ്പെടുവിച്ചത് ശരിയായ നടപടിയല്ല. അതിനാൽ പകരം സംവിധാനം ഏർപ്പെടുത്താനുള്ള നടപടി സ്വീകരിക്കണമെന്നാണ് എന്റെ ആവശ്യം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):സർ, ബഹുമാനപ്പെട്ട അംഗം ഇന്നലെയാണ് ഈ പ്രശ്നമുന്നയിച്ചിരുന്നതെങ്കിൽ അതിൽ സാംഗത്യമുണ്ടാകുമായിരുന്നു. ഇന്നലെ ഉച്ചയ്ക്ക് മൂന്ന് സർക്കാർ ഉത്തരവുകൾ ഇറങ്ങിയിട്ടുണ്ട്. അതുപ്രകാരം എൽ.എസ്.ജി.ഡി.-യിൽനിന്നും എടുത്ത 1100 കോടി രൂപയുടെ ജനറൽ പർപ്പസ് ഫണ്ട് പൂർണ്ണമായി പുനഃസ്ഥാപിച്ചു. അങ്ങ് പറഞ്ഞതുപോലെ ദൈനംദിന അക്കൗണ്ടിൽ ശമ്പളവും മറ്റും കൊടുക്കുന്നതിനു വേണ്ടിയുള്ള കേസുകൾ ധനകാര്യ വകുപ്പിൽപ്പോലും വരേണ്ട, ബന്ധപ്പെട്ട വകുപ്പിന് അതിന്റെ ആന്വൽ പ്ലാനിന്റെ 1/6 അല്ലെങ്കിൽ ടി.എസ്.ബി. അക്കൗണ്ടിൽനിന്നും റിസീവ് ചെയ്ത തുക എത്രയാണോ, അത്രയും തുക ടി.എസ്.ബി.-യിലേയ്ക്ക് അവർക്കുതന്നെ ഇടാക്കാനുള്ള പെർമിസ്സീവ് സാംഗ്ഷൻ കൊടുത്തുകൊണ്ട് ഇന്നലെ ഉത്തരവിറങ്ങിയിട്ടുണ്ട്. ഇതിലൊന്നും ഉൾപ്പെടാത്ത കേസുകൾക്ക് അഡീഷണൽ ആതറൈസേഷൻ വേണമെങ്കിൽ അതിനുവേണ്ടിയുള്ള ഒരു പ്രൊപ്പോസൽ തന്നാൽ യാതൊരു കാലതാമസവുമില്ലാതെ കൊടുക്കും.

ശ്രീ. വി. ഡി. സതീശൻ:.....(മൈക്ക് ഓഫ്)....... ബന്ധപ്പെട്ട വകുപ്പ് സാംഗ്ഷൻ ചെയ്യുന്നതിനും പൈസ ട്രാൻസ്ഫർ ചെയ്യുന്നതിനും എത്ര ദിവസമെടുക്കും; അത്രയും ദിവസം അവരുടെ ശമ്പളം കൊടുക്കണ്ടേ?

ഡോ. ടി. എം. തോമസ് ഐസക്: സർ, അതാണ് ഞാൻ പറഞ്ഞത്, ധനകാര്യ വകുപ്പിൽപ്പോലും വരേണ്ട, അങ്ങനെയുള്ള കേസിൽ ബന്ധപ്പെട്ട വകുപ്പിന് അലോക്കേറ്റ് ചെയ്യാം. ടി.എസ്.ബി. അക്കൗണ്ടിൽ പണം ഇട്ടുകൊടുക്കാം, ആ കാലതാമസവും ഒഴിവാക്കി ഉത്തരവിറക്കിയിട്ടുണ്ട്. അങ്ങ് പറഞ്ഞതുപോലുള്ള പ്രശ്നങ്ങൾ വരുന്നുണ്ട്. കാരണം, നമ്മുടെ സാമ്പത്തിക രീതിയിൽ വലിയ മാറ്റം വരികയാണ്. ഇതുവരെ ടി.എസ്.ബി. അക്കൗണ്ടിൽ പണം ഇടുകയും ആവശ്യാനുസരണം പിൻവലിക്കുകയും ചെയ്യുന്ന രീതിയായിരുന്നു. പക്ഷെ, ഇനിമേൽ അത് പറ്റില്ല. കാരണം, കേന്ദ്ര സർക്കാർ അവിടെയുള്ള പണം അഡീഷണൽ ബോറോയിംഗായി കണക്കാക്കുകയാണ്. ഒന്ന്, ഇന്നത്തെപ്പോലെ ടി.എസ്.ബി. അക്കൗണ്ടിൽ പണം സൂക്ഷിക്കാം, പക്ഷെ മാർച്ച് 31-ന് ലാപ്സാകുമെന്ന് നേരത്തെ അറിഞ്ഞിരിക്കണം. രണ്ട്, കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നും നേരിട്ട് എല്ലാ ബെനിഫിഷ്യറികൾക്കും പണം ട്രാൻസ്ഫർ ചെയ്യുന്ന രീതിയിലേയ്ക്ക് മാറാമെന്നതിനാൽ ഗ്രാന്റ്-ഇൻ-ഇൻസ്റ്റിറ്റ്യൂഷൻസിന് കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നും പിൻവലിക്കാം.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, സ്വയംഭരണാവകാശമുള്ള സ്ഥാപനങ്ങളാണ് യൂണിവേഴ്സിറ്റികൾ. അവരുടെ ഫണ്ടും ട്രാൻസ്ഫർ ചെയ്തിരിക്കുകയാണ്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇത് 31-ാം തീയതി റെസ്യൂം ചെയ്തു. ആദ്യത്തെ വർക്കിംഗ് ഡേയിൽ ഈ ഉത്തരവുകൾ ഇറങ്ങിയിരിക്കുകയാണ്. കാരണം, കഴിഞ്ഞ വർഷം നടന്നതുപോലെ വരാൻ പാടില്ല. കഴിഞ്ഞ വർഷം Public Account went up by 13,000 crores. 95% പ്ലാൻ എക്സ്പെൻഡിച്ചർ വന്നതിൽ നല്ലൊരു പങ്ക് ഇങ്ങനെ ട്രാൻസ്ഫർ വരുന്നുണ്ട്. അത് അക്കൗണ്ടിലുണ്ടെങ്കിൽ കഴിഞ്ഞ വർഷമുണ്ടായ പ്രശ്നം വീണ്ടും വരും. 31-ാം തീയതി റെസ്യൂം ചെയ്തു; അതിനാൽ പ്രശ്നം പിറ്റേന്ന് തീർത്തു.

മി. ചെയർമാൻ: ഒരു ഡിബേറ്റിലേക്ക് പോകാൻ സാധിക്കില്ല, ഇത് സബ്മിഷനാണ്. സമയമില്ല.

ശ്രീ. വി. ഡി. സതീശൻ:.....(മൈക്ക് ഓഫ്)....... ഈ മാർച്ച് 31-ന് ട്രഷറിയിലുണ്ടായിരുന്ന പണം പിൻവലിക്കുമെന്ന് നേരത്തെ അറിയാമായിരുന്നിട്ടും ആൾട്ടർനേറ്റീവ് മെക്കാനിസം തയ്യാറാക്കാതെ ഏകപക്ഷീയമായി പിൻവലിക്കുകയാണ് ചെയ്തത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ആൾട്ടർനേറ്റീവ് മെക്കാനിസം സംബന്ധിച്ച് ഞാൻ 4 ചോയ്സ് പറഞ്ഞു. ആ നാല് ചോയ്സിൽ ഏത് വേണമെന്നുള്ളത് ബന്ധപ്പെട്ട വകുപ്പുകളോട് ചർച്ച ചെയ്ത് ആൾട്ടർനേറ്റീവ് മെക്കാനിസം വരും. ടി.എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ച് ചെലവാക്കുന്ന രീതിയിൽനിന്ന് ചെലവാക്കൽ ഇന്നത്തെപ്പോലെ സുഗമമായി നടക്കുകയും എന്നാൽ പബ്ലിക് അക്കൗണ്ട് വർദ്ധിക്കാതിരിക്കുകയും ചെയ്യുന്ന പ്രൊപ്പോസൽ ഞാൻ പറഞ്ഞു, It is under consideration.

(15) ഡെങ്കിപ്പനി തടയാൻ ജൈവകീടനാശിനി ഉപയോഗം

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഇത്തവണ സംസ്ഥാനത്ത് ഡെങ്കിപ്പനി വരുന്നത് തടയുന്നതിന് മുൻകൂട്ടി ഫലപ്രദമായ മാർഗ്ഗങ്ങൾ നടപ്പാക്കേണ്ടതുണ്ട്. ഡെങ്കിപ്പനി പരത്തുന്ന കൊതുകുകളെ നശിപ്പിക്കാൻ ബാക്ടീരിയകളായ ബാസില്ലസ് തുറിഞ്ചിയൻസിസ്, ബാസില്ലസ് സ്പെരികസ് മുതലായവ അമേരിക്കയിലും യൂറോപ്പിലും 1980-കൾ മുതൽ ഉപയോഗിച്ചുവരുന്നുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട ഏറ്റുമാനൂർ മുനിസിപ്പാലിറ്റിയിൽ കോട്ടയം മെഡിക്കൽ കോളേജിലെ ഫീൽഡ് സ്റ്റാഫ് ഡോ. സജിത് കുമാറിന്റെ നേതൃത്വത്തിൽ 2017 ഏപ്രിൽ, മേയ് മാസങ്ങളിൽ ബാസില്ലസ് തുറിഞ്ചിയൻസിസ് സ്പ്രേ ചെയ്യുകയുണ്ടായി. ഈ പ്രദേശങ്ങളിൽനിന്നും റിപ്പോർട്ട് ചെയ്തത് പത്തിൽത്താഴെ കേസുകൾ മാത്രമാണ്. അതേസമയം സമീപ പഞ്ചായത്തുകളിൽ 50-ൽക്കൂടുതൽ കേസുകൾ റിപ്പോർട്ട് ചെയ്യുകയുണ്ടായി. തിരുവനന്തപുരത്തെ

പബ്ലിക് ഹെൽത്ത് പ്രൊട്ടക്ഷൻ സൊസൈറ്റിയുടെ ആവശ്യപ്രകാരം തിരുവനന്തപുരം കോർപ്പറേഷനിലെ ആക്കുളം പ്രദേശത്ത് ബാസില്ലസ് തുറിഞ്ചിയൻസിസ് 2017 നവംബർ, ഡിസംബർ മാസങ്ങളിൽ സ്പ്രേ ചെയ്യുകയുണ്ടായപ്പോൾ ഫലം വളരെ പ്രോത്സാഹജനകമായിരുന്നു. ഈ സാഹചര്യത്തിൽ സംസ്ഥാന വ്യാപകമായി ബാസില്ലസ് തുറിഞ്ചിയൻസിസ് എന്ന ജൈവ കീടനാശിനി ഉപയോഗിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ദേശീയ പ്രാണിജന്യ രോഗനിയന്ത്രണ പരിപാടിയുടെ ഭാഗമായി കൊതുകിന്റെ കൂത്താടികളെ നശിപ്പിക്കുന്നതിനായി വളരെ ഫലപ്രദമായി കഴിഞ്ഞ ഏതാനും വർഷങ്ങളായി ഉപയോഗിച്ചുവരുന്ന ജൈവകീടനാശിനിയാണ് ബാസില്ലസ് തുറിഞ്ചിയൻസിസ് ഇസ്രേലിയൻസിസ് സീറോ ടൈപ്പ് എച്ച്-14 എന്ന കീടനാശിനി. ഇത് വളരെ ഫലപ്രദമാണെന്ന് തെളിഞ്ഞിട്ടുണ്ട്. ശുദ്ധജലത്തിൽ തളിച്ച് ഉപയോഗിക്കാവുന്നതാണിത്. മലിനജലത്തിലും ഉപയോഗിക്കാം. എന്നാൽ കുടിവെള്ളത്തിൽ ഉപയോഗിക്കാറില്ല. ഡെങ്കിപ്പനി, മലമ്പനി, മന്ത് തുടങ്ങിയ കൊതുകുജന്യ രോഗങ്ങൾ തടയുന്നതിന് ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്ന ഈ കീടനാശിനി മറ്റ് ജല കീടനാശിനികളേക്കാൾ ഫലപ്രദമാണ്. ഉദാഹരണത്തിന്, ടെമിഫോസ് എന്ന കെമിക്കൽ കീടനാശിനി/കൂത്താടിനാശിനി ആഴ്ചയിലൊരിക്കൽ പ്രയോഗിക്കേണ്ടി വരുമ്പോൾ ബി.ടി.ഐ. രണ്ടാഴ്ചയിലൊരിക്കൽ പ്രയോഗിച്ചാൽ മതി. ഇതിന് വില അൽപ്പം കൂടുതലാണെങ്കിലും വ്യാപകമായി ഉപയോഗിക്കാൻ പരിശ്രമിക്കുന്നതാണ്.

(16) ഹോമിയോ മെഡിക്കൽ കോളേജുകളിലെ അദ്ധ്യാപക നിയമനം

ശ്രീ. എ. പ്രദീപ്കുമാർ: സർ, നമ്മുടെ സംസ്ഥാനത്തെ ഹോമിയോ മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം സ്തംഭിക്കാനിടയാക്കുന്ന വളരെ ഗൗരവമുള്ളൊരു പ്രശ്നമാണ് ഞാൻ ഉന്നയിക്കുന്നത്. 2018-2019-ൽ സംസ്ഥാനത്തെ ഹോമിയോ മെഡിക്കൽ കോളേജുകളിലെ ഉയർന്ന തസ്തികകളിലുള്ള 17 അദ്ധ്യാപകർ വിരമിക്കുകയാണ്. അതേസമയം ഹോമിയോ മെഡിക്കൽ കോളേജുകളിലെ അദ്ധ്യാപകരുടെ എൻട്രി തസ്തികയിലെ യോഗ്യത നിശ്ചയിച്ച് സ്പെഷ്യൽ റൂൾസിൽ ഭേദഗതി വരുത്തിയിട്ടില്ലാത്തതിനാൽ കഴിഞ്ഞ പത്തുവർഷമായി പി.എസ്.സി. വഴിയുള്ള നിയമനങ്ങൾ നടന്നിട്ടുമില്ല. അങ്ങനെ വരുമ്പോൾ നേരത്തേ സൂചിപ്പിച്ച 17 അദ്ധ്യാപകർകൂടി വിരമിക്കുമ്പോൾ പല വകുപ്പുകളിലും സീനിയർ അദ്ധ്യാപകരില്ലാതാകും. ചില വകുപ്പുകളിൽ അദ്ധ്യാപകരില്ലാതായിത്തീരുന്ന അവസ്ഥയുമുണ്ടാകും. ആകെയുള്ള 90 അദ്ധ്യാപക

തസ്തികകളിൽ 49 എണ്ണത്തിൽ സ്ഥിരം അദ്ധ്യാപകർ ഇല്ലാതായിത്തീരുന്ന സാഹചര്യമാണ് വരാൻപോകുന്നത്. ഇത്തരത്തിൽ അദ്ധ്യാപകരുടെ എണ്ണത്തിൽ വരുന്ന കുറവ് കോളേജുകളുടെ സുഗമമായ പ്രവർത്തനത്തെ തടസ്സപ്പെടുത്തുമെന്ന് മാത്രമല്ല, സെൻട്രൽ കൗൺസിൽ ഫോർ ഹോമിയോപ്പതിയുടെയും ആരോഗ്യ സർവ്വകലാശാലയുടെയും അംഗീകാരം നിലവിൽ കോളേജുകൾക്കുള്ളത് ഇല്ലാതാക്കുന്നതിനുമിടയാകും. അടിയന്തരമായി പരിഹാരം കണ്ടെത്തിയില്ലെങ്കിൽ ഇതിന്റെ പ്രവർത്തനം സ്തംഭനാവസ്ഥയിലാകും. സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്ത് റിക്രൂട്ട്മെന്റ് നടത്തുന്നതിന് ഇനിയും സമയമെടുക്കുമെന്നതിനാൽ താൽക്കാലികമായി നിലവിലുള്ള ആളുകൾ തന്നെ തുടരുന്നതിനുള്ള പ്രത്യേക സാഹചര്യമുണ്ടാക്കുന്ന രൂപത്തിൽ എന്തെങ്കിലും നടപടിയെക്കുറിച്ച് ആലോചിക്കുന്നതാണ് നല്ലത്. ഈ സ്ഥിതിവിശേഷം വളരെ ഗൗരവപൂർവ്വംകണ്ട് സർക്കാർ ഇതിനൊരു പരിഹാരം കാണണമെന്നാണ് അഭ്യർത്ഥിക്കുന്നത്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഹോമിയോപ്പതി വകുപ്പിൽ നേരത്തേ സി.സി.എച്ച്. (സെൻട്രൽ കൗൺസിൽ ഓഫ് ഹോമിയോപ്പതി) റെഗുലേഷൻ പ്രകാരം ട്യൂട്ടർ, ലക്ചറർ, റീഡർ, പ്രൊഫസർ എന്നീ തസ്തികകളാണുണ്ടായിരുന്നത്. എന്നാൽ 2002-ൽ സി.സി.എച്ച്. റെഗുലേഷനിൽ ഭേദഗതി വന്നതിന്റെ ഭാഗമായി അസിസ്റ്റന്റ് പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ എന്നിങ്ങനെ മൂന്ന് കേഡർ സ്റ്റാഫ് പാറ്റേൺ വന്നതിന്റെ ഭാഗമായി ട്യൂട്ടർ തസ്തിക ഇല്ലാതായിരിക്കുകയാണ്. ഇതിനനുസരിച്ചുള്ള റൂൾസ് ഫ്രെയിം ചെയ്യുന്ന നടപടികൾ നടന്നുവരികയാണ്. ഇതിൽ 2012-ൽ തന്നെ എൻട്രി കേഡറായ അസിസ്റ്റന്റ് പ്രൊഫസറുടെ അടിസ്ഥാന യോഗ്യത പോസ്റ്റ് ഗ്രാജ്വേഷനാക്കി നിശ്ചയിച്ചുകൊണ്ട്, മൂന്ന് കേഡറായി സ്റ്റാഫ് പാറ്റേൺ ക്രമീകരിക്കുന്നതിന് സ്പെഷ്യൽ റൂൾസ് കാലോചിതമായി ഭേദഗതി ചെയ്യാൻ തീരുമാനിക്കുകയും അതിന്റെ കരട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിലുള്ള കാര്യങ്ങളിൽ ആയുഷ് വകുപ്പിന്റെയും ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെയും പ്രതിനിധികൾ ഉൾപ്പെട്ടുകൊണ്ട് അവരുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് മാറ്റം വരുത്തിയിട്ടുള്ളത്. കരട് സ്പെഷ്യൽ റൂൾസ് സൂക്ഷ്മ പരിശോധനയ്ക്കായി നിയമ വകുപ്പിന് നൽകുകയും അത് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശത്തിനായി വിടുകയും ചെയ്തിട്ടുണ്ട്. പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം ലഭിച്ചുകഴിഞ്ഞാലുടൻതന്നെ ഈ സ്പെഷ്യൽ റൂൾസ് നിയമസഭയുടെ സബ്ജക്ട് കമ്മിറ്റിയിൽ വച്ച് അംഗീകാരം ലഭ്യമാക്കി സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. ഭേദഗതി റൂൾസിൽ വരുന്ന പ്രൊസീഡ്യുവർ

നടക്കുന്നതിനിടയിലുള്ള സമയം ബുദ്ധിമുട്ടുണ്ടാകാതിരിക്കാനായി ദിവസവേതന അടിസ്ഥാനത്തിലോ കരാർ അടിസ്ഥാനത്തിലോ നിയമിച്ചുകൊണ്ട് എൻട്രി കേഡറിലെ കുറവ് നികത്തിവരികയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

(17) പഠന സൗകര്യങ്ങൾ

ശ്രീ. എം. സ്വരാജ്: സർ, തൃപ്പൂണിത്തുറ ഗവൺമെന്റ് ആയുർവേദ കോളേജിലെ ബി.എ.എം.എസ്. വിദ്യാർത്ഥികൾക്കുണ്ടായിരിക്കുന്ന വളരെ അസാധാരണമായ സാഹചര്യം ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. സംസ്ഥാനത്തെ ആയുർവ്വേദ കോളേജുകളിലെ ബി.എ.എം.എസ്. വിദ്യാർത്ഥികളുടെ പഠനത്തിന് സഹായകരമാകുന്നതും ആവശ്യമായതുമായ പോസ്റ്റ്മോർട്ടം, പ്രസവം, സിസേറിയൻ തുടങ്ങിയവ വീക്ഷിച്ച് പഠനം നടത്തുന്നതിനുള്ള അനുമതി കാലാകാലങ്ങളിൽ നൽകിയിരുന്നതാണ്. പക്ഷെ ഈയടുത്ത കാലത്തായി ചില അധികാരികൾ ഈ അനുമതി നൽകാതിരിക്കുന്നത് വിദ്യാർത്ഥികൾക്ക് ഒട്ടേറെ പ്രയാസങ്ങൾ സൃഷ്ടിക്കുന്നതിന് കാരണമായിട്ടുണ്ട്. തൃപ്പൂണിത്തുറ സർക്കാർ ആയുർവ്വേദ കോളേജിലെ രണ്ടാം വർഷ വിദ്യാർത്ഥികൾ 2016 വരെ എറണാകുളം ജനറൽ ആശുപത്രിയിൽ പോസ്റ്റ്മോർട്ടം വീക്ഷിച്ച് പഠനം നടത്തിയിരുന്നു. എന്നാൽ 2017-ൽ ഇതിനായി അപേക്ഷ നൽകിയപ്പോൾ ആരോഗ്യ വകുപ്പ് സെക്രട്ടറിയുടെ ഉത്തരവുണ്ടെങ്കിൽ മാത്രമേ അനുമതി നൽകുകയുള്ളൂ എന്ന മറുപടിയാണ് ലഭിച്ചത്. അതേസമയം കണ്ണൂർ, തിരുവനന്തപുരം ആയുർവ്വേദ കോളേജുകളിലെ വിദ്യാർത്ഥികൾക്ക് പോസ്റ്റ്മോർട്ടം വീക്ഷിക്കാനുള്ള അവസരം നൽകുന്നുണ്ട്. ഒരേ സംസ്ഥാനത്ത് സങ്കൽപ്പിക്കാനാകാത്ത വിധത്തിലുള്ള വ്യത്യസ്തമായ സാഹചര്യം നിലനിൽക്കുന്നത് അഭികാമ്യമല്ല. തൃപ്പൂണിത്തുറ സർക്കാർ ആയുർവ്വേദ കോളേജിലെ മൂന്നാംവർഷ വിദ്യാർത്ഥികൾക്ക് 2017 വരെ ഇതിനുള്ള സൗകര്യം ലഭിച്ചിരുന്നതാണ്. എന്നാൽ ഈ വർഷം മുതൽ അതിനുള്ള അനുമതി ഹൗസ് സർജന്മാർക്ക് മാത്രമേ അനുവദിക്കാനാകുകയുള്ളൂ എന്നാണ് ഡി.എച്ച്.എസ്.-ൽ നിന്നും അറിയിപ്പ് ലഭിച്ചിട്ടുള്ളത്. അതേസമയം തിരുവനന്തപുരം, കണ്ണൂർ, ഒല്ലൂർ എന്നീ ആയുർവ്വേദ കോളേജുകളിലെ വിദ്യാർത്ഥികൾക്ക് ഇതേ കാര്യങ്ങൾക്ക് അനുമതി നൽകുന്നുമുണ്ട്. എൻട്രൻസ് പരീക്ഷയിൽ മികച്ച റാങ്ക് വാങ്ങി മെരിറ്റിൽ അഡ്മിഷൻ കിട്ടിയിട്ടുള്ളവരാണ് തൃപ്പൂണിത്തുറ ഗവൺമെന്റ് ആയുർവ്വേദ കോളേജിലെ ബി.എ.എം.എസ്. വിദ്യാർത്ഥികൾ. സംസ്ഥാനത്ത് തിരുവനന്തപുരത്തും കണ്ണൂരും ഒല്ലൂരുമെല്ലാം ലഭിക്കുന്ന സൗകര്യം ഇവിടെ ലഭ്യമല്ലാത്ത സ്ഥിതിയാണുള്ളത്. ബി.എ.എം.എസ്.-ന്റെ സിലബസിൽനിന്നും

പോസ്റ്റ്മോർട്ടവും സിസേറിയനും ഒഴിവാക്കിക്കൊടുക്കാൻ തയ്യാറായില്ലെങ്കിൽ, അവരുടെ പാഠ്യപദ്ധതിയുടെ ഭാഗമാണിതെങ്കിൽ അതിനുള്ള സൗകര്യം ഒരുക്കിക്കൊടുക്കാനുള്ള നടപടി സ്വീകരിക്കണം. അതല്ലാതെ ഡി.എച്ച്.എസ്.-ന്റെ സൗകര്യംപോലെ തിരുവനന്തപുരത്തൊരു നിയമവും തൃപ്പൂണിത്തുറ മറ്റൊരു നിയമവും നടപ്പാക്കുന്നത് ശരിയല്ല. ഇക്കാര്യത്തിൽ അടിയന്തരമായി ഇടപെടണമെന്നും തൃപ്പൂണിത്തുറയിൽ മെരിറ്റിൽ പ്രവേശനം നേടിയ കുട്ടികൾ തങ്ങളുടേതല്ലാത്ത കുറ്റംകൊണ്ട് അനുഭവിക്കുന്ന ഈ ദുരവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കണമെന്നുമാണ് ഈ സബ്മിഷനിലൂടെ എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>): സർ, സംസ്ഥാനത്തെ ബി.എ.എം.എസ്. വിദ്യാർത്ഥികൾക്ക് മുൻകാലങ്ങളിൽ സർജറി, പോസ്റ്റ്മോർട്ടം എന്നിവയിൽ അതത് ജില്ലാ മെഡിക്കൽ ഓഫീസർമാർ നിരീക്ഷണാനുമതി അനുവദിച്ചിരുന്നു. എന്നാൽ അപ്രകാരം നിരീക്ഷണാനുമതി നൽകുന്നത് ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തെ ബാധിക്കുന്നുവെന്ന പരാതികൾ ചില സംഘടനകൾ കൊടുക്കുകയും കോടതിയിൽ കേസ് നിലനിൽക്കുകയും ചെയ്യുന്നുണ്ട്. ഈ വിഷയം സംബന്ധിച്ച് കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ പോസ്റ്റ്മോർട്ടം, സർജറി എന്നിവയിൽ ബി.എ.എം.എസ്. വിദ്യാർത്ഥികൾക്ക് നിരീക്ഷണാനുമതി നിഷേധിച്ചു. എന്നാൽ ഇത് ജില്ലാതലത്തിൽ കൊടുക്കുന്ന അനുമതിയായതിനാൽ ചില ജില്ലകളിൽ കൊടുക്കുന്നു എന്നാണ് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചപ്പോൾ മനസ്സിലാക്കാൻ സാധിച്ചത്. ഇതേത്തുടർന്ന് ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ആവശ്യപ്പെട്ടതനുസരിച്ച് ബി.എ.എം.എസ്. വിദ്യാർത്ഥികൾക്ക് പോസ്റ്റ്മോർട്ടം, സർജറി എന്നിവയിൽ നിരീക്ഷണാനുമതി കൊടുക്കാൻ കഴിയുമോ എന്ന കാര്യം പരിശോധിച്ചുവരുന്നുണ്ട്. ജില്ലകളിൽ വ്യത്യസ്ത രീതികൾ നിലനിൽക്കുന്നു എന്ന് മെമ്പർ ഇവിടെ സൂചിപ്പിച്ചപ്പോഴാണ് മനസ്സിലായത്. അതെന്താണെന്നുള്ളത് പ്രത്യേകം പരിശോധിക്കാം. ഏതായാലും ഇക്കാര്യങ്ങളെല്ലാം പരിശോധിച്ചുവരികയാണ്. കോടതിയിൽ കേസ് നിൽക്കുന്നതുകൊണ്ടാണ് അനുമതി നിഷേധിച്ചിരുന്നത്.

### (18) <u>മാലിന്യ സംസ്കരണ കേന്ദ്രങ്ങൾ</u>

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, മാലിന്യ വിപത്തിന്റെ ഭീഷണിയിൽ കഴിയുന്ന നമ്മുടെ സംസ്ഥാനം നേരിടുന്ന പ്രധാന വെല്ലുവിളിയാണ് ആശുപത്രികളിൽനിന്നും ക്ലിനിക്കൽ പരീക്ഷണ ശാലകളിൽനിന്നും പുറന്തള്ളുന്ന ജൈവ-ജൈവേതര മാലിന്യങ്ങൾ. കേരളത്തിൽ പന്ത്രണ്ടായിരത്തോളം ചെറുതും വലുതുമായ

ആശുപത്രികളും നൂറുക്കണക്കിന് ലാബുകളുമുണ്ട്. ആശുപത്രി മാലിന്യത്തിന്റെ അളവ് വർദ്ധിച്ചുവരുന്നുവെന്നാണ് കണക്കാക്കിയിട്ടുള്ളത്. 30-3-2018-ലെ മാതൃഭൂമി പത്രത്തിൽ ഇത് സംബന്ധിച്ച് വന്ന മുഖപ്രസംഗത്തിൽ ക്വാട്ട് ചെയ്തിരിക്കുന്നത്, (അസോസിയേറ്റ് ചേമ്പർ ഓഫ് കോമേഴ്സിന്റെ റിപ്പോർട്ടാണ്) 'കേരളത്തിൽ 200 ടണ്ണോളം ആശുപത്രി മാലിന്യം വരും' എന്നാണ്. നമ്മുടെ നാട്ടിൽ രോഗവും ചികിത്സയും ഒഴിവാക്കാനാകാത്തതിനാൽ ഇത്തരം ജൈവ-ജൈവേതര മാലിന്യങ്ങൾ പൂർണ്ണമായും ഒഴിവാക്കാൻ സാധിക്കില്ല. വരും വർഷങ്ങളിൽ മാലിന്യത്തിന്റെ അളവ് ഭീമമായി വർദ്ധിക്കാനാണ് സാധ്യത. അതുകൊണ്ട് ഇത്തരം മാലിന്യസംസ്കരണത്തിന് അടിയന്തര സംവിധാനം ഒരുക്കിയില്ലെങ്കിൽ ഗുരുതരമായ പ്രത്യാഘാതങ്ങളുണ്ടാകും. കേരളത്തിൽ ഇത്രയും മാലിന്യങ്ങൾ സംസ്കരിക്കാൻ ഐ.എം.എ.-യുടെ നേതൃത്വത്തിൽ മലമ്പുഴയിൽ 'ഇമേജ്' എന്ന സ്ഥാപനം മാത്രമാണുള്ളത്. നിലവിലുള്ള ചട്ടപ്രകാരം നിശ്ചിത കിലോമീറ്ററിനുള്ളിൽ ആശുപത്രി മാലിന്യം കൊണ്ടുപോകരുതെന്നാണുള്ളത്. പക്ഷെ, കേരളത്തിലാകെ നിലവിൽ ഒരു സംവിധാനം മാത്രമാണുള്ളത്. അതുകൊണ്ട് ഈ ഗുരുതരമായ ഭവിഷ്യത്ത് കണക്കിലെടുത്ത് ജനങ്ങൾക്ക് ബുദ്ധിമുട്ടില്ലാത്ത വിധത്തിൽ കൂടുതൽ മാലിന്യസംസ്കരണ കേന്ദ്രങ്ങൾ ആരംഭിക്കാൻ അടിയന്തര നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, വളരെ പ്രധാനപ്പെട്ട വിഷയമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്. ഇപ്പോൾ ആശുപത്രി മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ഐ.എം.എ. നടത്തുന്ന 'ഇമേജ്' എന്ന സ്ഥാപനമാണ് ആശ്രയമായിട്ടുള്ളത്. പാലക്കാട് ജില്ലയിലാണ് 'ഇമേജ്' സ്ഥാപിച്ചിരിക്കുന്നത്. ഇതോടൊപ്പം മറ്റ് ജില്ലകളിൽക്കൂടി സ്ഥാപിക്കാനുള്ള ശ്രമം അവരുടെ ഭാഗത്തുനിന്നുണ്ടായി എന്നുള്ളത് സ്വാഗതാർഹമാണ്. തിരുവനന്തപുരം ജില്ലയിലെ പാലോട് ഐ.എം.എ.-യുടെ ആഭിമുഖ്യത്തിൽ 'ഇമേജ്'-ന്റെ മറ്റൊരു മാലിന്യ നിർമ്മാർജ്ജന പ്ലാന്റ് തുടങ്ങാൻ പരിശ്രമിക്കുകയും അതിനാവശ്യമായ അനുവാദം ബന്ധപ്പെട്ട വകുപ്പുകളിൽനിന്ന് ലഭ്യമാകുകയും ചെയ്തതാണ്. പക്ഷെ, തദ്ദേശവാസികളുടെ എതിർപ്പുകാരണം അവിടെ ആരംഭിക്കാൻ സാധിച്ചില്ല. ഇത്തരത്തിലുള്ള കൂടുതൽ കേന്ദ്രങ്ങൾ ആരംഭിക്കാനുള്ള ഐ.എം.എ.-യുടെ പരിശ്രമത്തിന് നന്ദി പറയുകയാണ്. മറ്റുള്ള സ്ഥലങ്ങളിൽ പല തരത്തിലുള്ള മാലിന്യസംസ്കരണ രീതിയാണ് സ്വീകരിച്ചുവരുന്നത്. ആശുപത്രി ജൈവ മാലിന്യങ്ങൾ സംസ്കരിക്കാൻ പുതിയ പ്ലാന്റുകൾ നിർബന്ധമായും സ്ഥാപിക്കേണ്ടതുണ്ട്. ഖരമാലിന്യ സംസ്കരണത്തിന് വ്യത്യസ്ത തരത്തിലുള്ള നടപടികൾ സംസ്ഥാനത്തുടനീളം സ്വീകരിക്കുന്നുണ്ട്. 2018-2019 വാർഷിക പദ്ധതിയിൽ അഞ്ച് കോടി രൂപ ഇതിനുവേണ്ടി

വകയിരുത്തിയിട്ടുണ്ട്. അതെല്ലാം ഉപയോഗപ്പെടുത്തിക്കൊണ്ട് ആർദ്രം പദ്ധതിയുടെ ഭാഗമായി കൂടുതൽ ആശുപത്രികളിൽ മാലിന്യസംസ്കരണത്തിനുള്ള ഇൻസിനറേറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

(19) സി.എച്ച്.സി. ആയി ഉയർത്തൽ

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള പള്ളിക്കൽ പ്രാഥമിക ആരോഗ്യ കേന്ദ്രത്തെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കി ഉയർത്തുന്നതിനുള്ള നടപടികൾ വേഗത്തിലാക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. മലപ്പുറം ജില്ലയിൽ കമ്മ്യൂണിറ്റി സെന്ററില്ലാത്ത ഏക ബ്ലോക്ക് പഞ്ചായത്താണ് കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത്. ജനസംഖ്യയിൽ ഏറെ മുന്നിട്ട് നിൽക്കുന്ന കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുണ്ടായിരുന്ന കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്കാശുപത്രിയാക്കി ഉയർത്തിയതോടെ കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററില്ലാത്ത അവസ്ഥയാണ് നിലവിലുള്ളത്. പ്രസ്തുത ബ്ലോക്ക് പഞ്ചായത്തിൻകീഴിലുള്ള പള്ളിക്കൽ പ്രാഥമിക ആരോഗ്യ കേന്ദ്രത്തെ കമ്മ്യൂണിറ്റി സെന്ററാക്കി ഉയർത്തണമെന്ന് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി തീരുമാനിക്കുകയും പ്രസ്തുത തീരുമാനം ബന്ധപ്പെട്ടവർക്ക് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. ജില്ലാ മെഡിക്കൽ ഓഫീസർ വിശദമായ റിപ്പോർട്ട് സഹിതം ആരോഗ്യവകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കുകയും ഞാൻ ഈ വിഷയം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിനുകീഴിലുള്ള പള്ളിക്കൽ പ്രാഥമിക ആരോഗ്യകേന്ദ്രത്തെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കി ഉയർത്തുന്നതിനുള്ള നടപടികൾ വേഗത്തിലാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, കൊണ്ടോട്ടി ആശുപത്രി ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ 24x7 പി.എച്ച്.സി. ആയി പ്രവർത്തിച്ചുവന്ന ആശുപത്രിയായിരുന്നു. ദിനംപ്രതി 250-നുമേൽ രോഗികൾ ഇവിടെ ചികിത്സയ്ക്ക് വരുന്നുണ്ട്. ഈ ആശുപത്രികളെ അപ്ഗ്രേഡ് ചെയ്യുന്നതിന് സ്റ്റാന്റേഡൈസേഷൻ കൊണ്ടുവന്നിട്ടുണ്ട്. എന്നാൽ ഈ വികസന ബ്ലോക്കിൽ വേറെ സി.എച്ച്.സി.-കളില്ലെന്ന കാരണത്താൽ കൊണ്ടോട്ടിയിലെ ഈ പി.എച്ച്.സി.-യെ സി.എച്ച്.സി. ആയി അപ്ഗ്രേഡ് ചെയ്യാൻ അർഹതയുള്ളതാണ്. എന്നാൽ ആർദ്രം മിഷന്റെ ആദ്യഘട്ടത്തിൽ പ്രൈമറി ഹെൽത്ത് സെന്ററുകളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്ന നടപടിക്രമങ്ങളാണ് സ്വീകരിച്ചുവരുന്നത്. അടുത്ത ഘട്ടത്തിൽ വികസന ബ്ലോക്കിൽ സി.എച്ച്.സി.-കളില്ലാത്ത ഇടങ്ങളിൽ ഒരു സി.എച്ച്.സി.

ഉണ്ടാകണമെന്ന നിബന്ധന പിന്തുടരുന്ന സമയത്ത് ഈ ആശുപത്രിയെ പരിഗണിക്കുന്നതാണ്.

(20) കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രി വികസനം

ശ്രീ. ബി. ഡി. ദേവസ്സി: സർ, ചാലക്കുടി മണ്ഡലത്തിൽ ഉൾപ്പെട്ട കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രി 110 ഏക്കറോളം വരുന്ന സ്ഥലത്ത് പഴകി ജീർണ്ണിച്ച് ചിതറിക്കിടക്കുന്ന വിവിധങ്ങളായ കെട്ടിടങ്ങളിലായി പ്രവർത്തിച്ചുവരികയാണ്. ആദ്യകാലത്ത് ആയിരത്തിലധികം അന്തേവാസികളുണ്ടായിരുന്ന ഇവിടെയിപ്പോൾ 125-ഓളം അന്തേവാസികളാണുള്ളത്. അന്തേവാസികളെ ശുശ്രൂഷിക്കുന്നതിനായി രോഗം മാറിയവരിൽനിന്നും നിയമിച്ച അറ്റൻഡർമാർ പലരും റിട്ടയർ ചെയ്യുകയും ഇപ്പോൾ ആവശ്യത്തിന് അറ്റൻഡർമാരില്ലാത്ത അവസ്ഥയുമാണുള്ളത്. കൂടുതൽ അറ്റൻഡർമാരെ സ്പെഷ്യൽ റിക്രൂട്ടുമെന്റ് വഴി നിയമിക്കേണ്ടതുണ്ട്. ഇപ്പോഴുള്ള അന്തേവാസികളിൽ ഭൂരിഭാഗവും 70 വയസ്സിന് മുകളിലുള്ള വൃദ്ധരാണ്. സംസ്ഥാനത്തിന്റെ മധ്യഭാഗത്തായി എറണാകുളം, തൃശ്ശൂർ ജില്ലകളിലെ അതിർത്തിയിൽ കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ടിന് 10 കിലോമീറ്റർ മാത്രം ദൂരത്തായി ദേശീയപാത 47-നോട് ചേർന്ന് സ്ഥിതിചെയ്യുന്ന ഈ ആതുരാലയത്തിന്റെ എല്ലാ വിഭാഗങ്ങളും ഒരു കെട്ടിട സമുച്ചയത്തിന്റെ കീഴിലാക്കി ബാക്കിവരുന്ന നൂറേക്കറോളം സ്ഥലത്ത് ആരോഗ്യമേഖലയ്ക്ക് അനുയോജ്യമായൊരു പ്രോജക്ട് നടപ്പാക്കുന്നതിനായി കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 'ഇൻകെൽ' പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിരുന്നു. വികസന പ്രവർത്തനങ്ങൾക്ക് ഏറെ അനുയോജ്യമായ കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രിയുടെ വികസനത്തിനാവശ്യമായിട്ടുള്ള സ്ഥലം കഴിച്ച് ബാക്കിയുള്ള സ്ഥലത്ത് ആരോഗ്യമേഖലയിലെ അനുയോജ്യമായൊരു പ്രോജക്ട് നടപ്പാക്കുന്നതിനാവശ്യമായ അടിയന്തരനടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, കൊരട്ടി ഗാന്ധിഗ്രാം 110-ഓളം ഏക്കറിലാണ് സ്ഥിതിചെയ്യുന്നത്. 660 കിടക്കകളോടുകൂടിയ ആശുപത്രിയാണ് അവിടെയുള്ളത്. ഇപ്പോൾ അവിടെ 200 ഒ.പി.-യും 165 ഐ.പി.-യുമാണ് വരുന്നത്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ രോഗം മാറിയവരിൽനിന്ന് പേഷ്യന്റ് എംപ്ലോയീസിനെ നിശ്ചയിച്ചിരുന്നു. 12 രോഗികൾക്ക് ഒരറ്റൻഡർ എന്ന നിലയിൽ 46 ഗ്രേഡ്-II അറ്റൻഡർമാർ തുടക്കത്തിലുണ്ടായിരുന്നു. ഇപ്പോൾ 13 ഗ്രേഡ്-II അറ്റൻഡർമാർ മാത്രമാണുള്ളത്. അവിടെ അറ്റൻഡർമാരെ നിശ്ചയിക്കുന്നതിനാവശ്യമായ പ്രൊപ്പോസൽ സമർപ്പിക്കാൻ ആവശ്യപ്പെട്ടുന്നതും പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതുമാണ്. ആശുപത്രിയുടെ വികസനത്തിന്റെ

കാര്യങ്ങളിൽ പ്രത്യേകിച്ചൊരു ധാരണയായിട്ടുണ്ട്. പല സ്ഥലങ്ങളിലായുള്ള കെട്ടിടങ്ങളെല്ലാംകൂടി ചേർത്ത് ഒരു സമുച്ചയമാക്കി മാറ്റുന്നതിനുവേണ്ടി 43 കോടി രൂപയുടെ ഒരു എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിനാവശ്യപ്പെട്ടിട്ടുണ്ട്. ആരോഗ്യ വകുപ്പിന്റെ ഹ്യൂമൻ റിസോഴ്സസ് ഡെവലപ്മെന്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് അവിടെ തുടങ്ങുന്നതിനും നടപടി സ്വീകരിച്ചതോടൊപ്പം ഇതുസംബന്ധിച്ച് വിശദമായ റിപ്പോർട്ട് തയ്യാറാക്കാനായി ഇൻകെലിനെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. ഇതുസംബന്ധിച്ച പഠനറിപ്പോർട്ട് സമർപ്പിക്കുന്നമുറയ്ക്ക് ബാക്കി കാര്യങ്ങളെക്കുറിച്ച് ആലോചിക്കുന്നതാണ്.

### (21) സ്റ്റാഫ് പാറ്റേൺ

ശ്രീ. കെ. ദാസൻ: സർ, കൊയിലാണ്ടി മണ്ഡലത്തിൽ ആകെയുള്ള രണ്ട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലൊന്നാണ് മേലടി സി.എച്ച്.സി. 2009-ൽ സി.എച്ച്.സി. ആയി ഉയർത്തിയ ഈ സ്ഥാപനം കോഴിക്കോട്-കണ്ണൂർ എൻ.എച്ച്.-17-നടുത്താണ് സ്ഥിതി ചെയ്യുന്നത്. പുതിയതായി രൂപീകരിച്ച പയ്യോളി നഗരസഭയിലെ ഏക സി.എച്ച്.സി. ആണിത്. ഇത് സി.എച്ച്.സി. ആയി ഉയർത്തിയിട്ട് എട്ടുവർഷമായെങ്കിലും ഇപ്പോഴും ഒരു പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ സ്റ്റാഫ് പാറ്റേണാണ് അവിടെയുള്ളത്. ദിവസേന നൂറുകണക്കിന് രോഗികളാണ് പരിശോധനയ്ക്കെത്തുന്നത്. നിലവിൽ ആശുപത്രിയിലെത്തുന്ന രോഗികൾക്ക് രാവിലെയുള്ള ഒ.പി. പരിശോധനയ്ക്കുശേഷം ഡോക്ടർമാരുടെ സേവനം ലഭ്യമാകാത്ത സാഹചര്യമാണുള്ളത്. ഡോക്ടർമാരുടെ സേവനം ഉച്ചയ്ക്കുശേഷം ലഭ്യമാകാത്തതിനെത്തുടർന്ന് നാട്ടുകാരുടെയും വിവിധ രാഷ്ട്രീയ സംഘടനകളുടെയും നേതൃത്വത്തിൽ നിരവധി പ്രക്ഷോഭങ്ങൾ അവിടെ നടന്നു. കൂടാതെ ആശുപത്രി കോമ്പൗണ്ട് ഭാഗികമായി തകർന്നതുകാരണം ആശുപത്രിക്ക് സുരക്ഷയുമില്ല. ആശുപത്രിക്ക് ചുറ്റുമതിൽ നിർബന്ധമായും നിർമ്മിക്കേണ്ടതുണ്ട്. വൈദ്യുതി നിലയ്ക്കുമ്പോൾ ആശുപത്രിയുടെ പ്രവർത്തനം താളംതെറ്റുന്ന അവസ്ഥ ഒഴിവാക്കാനായി ഒരു ജനറേറ്ററും ആശുപത്രിയിലെ ഖരമാലിന്യ സംസ്കരണത്തിന് ഒരു ഖരമാലിന്യ പ്ലാന്റും സ്ഥാപിക്കേണ്ടതുണ്ട്. ഈ ആശുപത്രി സ്ഥിതിചെയ്യുന്ന ഒരേക്കർ സ്ഥലത്ത് ആറോളം ചെറുകെട്ടിടങ്ങളുള്ളതുകാരണം സ്ഥലപരിമിതിയുമുണ്ട്. പഴക്കംചെന്ന കെട്ടിടങ്ങൾക്കുപകരം പുതിയ ഒറ്റകെട്ടിടം പണിതാൽ ഭൗതികസാഹചര്യം കൂടുതൽ ഉപയോഗപ്പെടുത്താനാകും. സാധാരണക്കാരായ ആളുകൾ ആശ്രയിക്കുന്ന ഈ ആശുപത്രിക്ക് സർവ്വതോന്മുഖമായ വികസനം ലഭ്യമാക്കാനും പി.എച്ച്.സി. സ്റ്റാഫ് പാറ്റേണനുസരിച്ച് ഡോക്ടർമാരടക്കമുള്ള ജീവനക്കാരെ വിന്യസിപ്പിച്ചുകൊണ്ട് ആരോഗ്യ കേന്ദ്രത്തിന്റെ വികസനം ആർദ്രം മിഷന്റെ ഭാഗമായി കൂടുതൽ ജനോപകാരപ്രദമാക്കാനുമുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, കേരളത്തിലെ ആരോഗ്യമേഖലയിൽ നിലനിൽക്കുന്ന പ്രധാനപ്പെട്ട പ്രശ്നങ്ങളിലൊന്നാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്. കേരളത്തിലെ മഹാഭൂരിപക്ഷം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും ആവശ്യമായ സ്റ്റാഫ് പാറ്റേണിന്റെ പകുതിപോലും ഇല്ലെന്നുള്ളതാണ് വസ്തുത. ഇവിടെയും അതുതന്നെയാണ് സ്ഥിതി. പല സി.എച്ച്.സി.-കളിലും രണ്ട് ഡോക്ടർമാരാണുള്ളത്. എന്നാൽ ഇവിടെ ഒരു പീഡിയാട്രീഷ്യനുൾപ്പെടെ നാല് ഡോക്ടർമാരുണ്ട്. എങ്കിലും സി.എച്ച്.സി.-യുടെ പാറ്റേണനുസരിച്ചുള്ള സ്റ്റാഫ് സ്ട്രെംങ്ത് ഉണ്ടാകേണ്ടതുണ്ട്. അതിന് പതിനായിരക്കണക്കിന് തസ്തികകൾ സൃഷ്ടിക്കേണ്ടതുണ്ട്. ഈ ആശുപത്രിയെ പൂർണ്ണമായ രീതിയിലുള്ള സി.എച്ച്.സി. ആക്കി മാറ്റുന്നതിനാവശ്യമായ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് സമർപ്പിക്കുന്നതാണ്. അത് ലഭ്യമാകുന്നമുറയ്ക്ക് അവിടെ സി.എച്ച്.സി. എന്ന നിലയ്ക്കുള്ള പ്രവർത്തനം പൂർണ്ണതോതിൽ നടപ്പാക്കാൻ കഴിയും. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച മറ്റ് കാര്യങ്ങളും ജനറേറ്ററിന്റെ കാര്യവുമുൾപ്പെടെ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(22) ബദൽ റോഡുകൾ

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, ചുരം റോഡിന് ബദൽ റോഡുകളായിട്ടുള്ള ചിപ്പിലിത്തോട്-തളിപ്പുഴ, പടിഞ്ഞാറത്തറ-പൂഴിത്തോട്, ചൂരൽമല-നിലമ്പൂർ, കുഞ്ഞോം-വിലങ്ങാട്, ആനക്കാംപൊയിൽ-കള്ളാടി തുടങ്ങിയ റോഡുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, സമയക്കുറവുമൂലം പൂർണ്ണമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു.* ഒന്നുരണ്ട് കാര്യങ്ങൾ മാത്രമേ പറയുന്നുള്ളൂ. മേപ്പാടി-നിലമ്പൂർ റോഡ്, തളിപ്പുഴ-ചിപ്പിലിത്തോട് റോഡ്, ആനക്കാംപൊയിൽ-ചൂരൽമല റോഡ്, പടിഞ്ഞാറത്തറ-പൂഴിത്തോട് റോഡ്, കുഞ്ഞോം-വിലങ്ങാട് റോഡ് എന്നിങ്ങനെ അഞ്ച് റോഡുകൾക്ക് ചുരം റോഡിന് ബദലമായി ഏകദേശം 700 കോടി രൂപയാണ് അടങ്കലായി വരുന്നത്. ഇതിൽ ആനക്കാംപൊയിൽ-ചൂരൽമല റോഡ് തുരങ്കപ്പാതയാക്കാൻ തീരുമാനമെടുക്കുകയും 20 കോടി രൂപ കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്. പടിഞ്ഞാറത്തറ-പൂഴിത്തോട് റോഡ് വനം വകുപ്പിന് സ്വീകാര്യമല്ലാത്തതിനാൽ അത് നിരസിച്ചിരിക്കുകയാണ്. ബാക്കിയുള്ള മൂന്ന് റോഡുകൾക്ക് വനം വകുപ്പിൽ നിന്ന് അനുമതി ലഭിക്കാത്തതുകൊണ്ടാണ് നടപടികളുമായി മുന്നോട്ടുപോകാത്തത്. വനം വകുപ്പിന്റെ അനുമതിക്കുവേണ്ടി സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

* അനുബന്ധമായി ചേർക്കുന്നു.

## (23) ദേശീയപാത നിർമ്മാണം

ശ്രീ. കെ. രാജൻ: സർ, മണ്ണുത്തി-വടക്കാഞ്ചേരി ദേശീയപാത നിർമ്മാണവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന നിരവധി അശാസ്ത്രീയ സമീപനങ്ങൾ വലിയ പ്രശ്നങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ചെറിയ മഴ പെയ്യുമ്പോൾത്തന്നെ വലിയ വെള്ളക്കെട്ടാണ് ഇപ്പോഴുണ്ടാകുന്നത്. നാച്വറൽ കനാലുകൾ പൂർണ്ണമായി കരാർ കമ്പനി അടച്ചതോടുകൂടി, രണ്ട് മലകളുടെ മധ്യത്തിലൂടെ പോകുന്ന റോഡെന്ന നിലയിൽ രണ്ട് മലകളിൽനിന്നും ഒഴുകിവരുന്ന വെള്ളം ഒഴുകിപ്പോകാതെ റോഡിൽത്തന്നെ കെട്ടിക്കിടക്കുകയും ഡ്രെയിനേജ് സംവിധാനം ഫലപ്രദമല്ലാത്തതിനാൽ പലപ്പോഴും ഏക്കർ കണക്കിന് കൃഷി നഷ്ടപ്പെടുന്ന സ്ഥിതിയുമാണുള്ളത്. ഏറ്റെടുത്ത കരാർകമ്പനി പതിനാറോളം സബ് കമ്പനികളെ പണി ഏൽപ്പിച്ചതിന്റെ ഭാഗമായി പലയിടങ്ങളിൽനിന്നും പ്രവൃത്തി ആരംഭിക്കുകയും തികച്ചും അശാസ്ത്രീയമായ വിധത്തിൽ അത് മുന്നോട്ടുപോകുകയുമാണ്. ഈ പ്രശ്നം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ, ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിതന്നെ നേരിട്ട് രണ്ട് യോഗങ്ങൾ വിളിക്കുകയും കേരളത്തിലെ ആദ്യത്തെ തുരങ്കപാത എന്ന നിലയിൽ ഓരോ കിലോമീറ്റർ വീതം രണ്ട് വഴികളിലായി നിർമ്മിക്കുന്ന കുതിരാൻ തുരങ്കം അങ്ങ് നേരിട്ട് സന്ദർശിക്കുകയും ജനവരിയിൽ അത് പൂർത്തീകരിക്കാമെന്ന തരത്തിൽ ഉറപ്പുണ്ടാക്കുകയും ചെയ്തു. ഇക്കാര്യത്തിലൊക്കെ അങ്ങ് നടത്തിക്കൊണ്ടിരിക്കുന്ന സമീപനങ്ങളെ അംഗീകരിക്കുന്നു. ദേശീയ പാതയിലെ ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി നല്ല രീതിയിലുള്ള ഇടപെടൽ അങ്ങ് നടത്തിയിട്ടുണ്ട്. അക്കാര്യത്തിൽ എം.പി.-മാരുൾപ്പെടെ ഇടപെട്ട് നടത്തിയ ചർച്ചകൾക്കിടയിൽ ചെയ്ഞ്ച് ഓഫ് സ്കോപ്പിൽ ഉൾപ്പെടുത്താമെന്നുപറഞ്ഞ V.U.P. (Vehicle Under Pass) ആയി നിർമ്മിക്കേണ്ട അടിപ്പാതകൾ പലതും ഇപ്പോഴും ഒരു ചർച്ചയ്ക്കും ഇടം തരാത്ത വിധത്തിൽ മുന്നോട്ടുപോകുകയാണ്. കരാർ കമ്പനി അതിവേഗം പണി പൂർത്തീകരിക്കാൻ ശ്രമിക്കുന്നതിനുപകരം 80 ശതമാനം പൂർത്തീകരിച്ചുകൊണ്ട് എങ്ങനെ ടോൾ പിരിക്കാമെന്ന ശ്രമമാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട് ഇപ്പോൾ ഉയർന്നുകൊണ്ടിരിക്കുന്ന നിരവധി അശാസ്ത്രീയമായ പ്രശ്നങ്ങൾ ബഹുമാനപ്പെട്ട ബി.ഡി. ദേവസ്സിയുടെയും പ്രൊഫ. സി. രവീന്ദ്രനാഥിന്റെയുമൊക്കെ മണ്ഡലങ്ങളിൽ നേരത്തെ വലിയ ചർച്ചയായതാണ്. അതിനാൽ പുതിയതായി രൂപീകരിക്കപ്പെടുന്ന ഈ ഹൈവേയിൽ 6 വരി റോഡായതിനാൽ അവിടെയുള്ള അശാസ്ത്രീയമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ഇപ്പോഴുള്ള ഏജൻസികളല്ലാതെ ശാസ്ത്രീയമായി, കരാറനുസരിച്ചാണോ ഇത് നടപ്പിലാക്കുന്നതെന്ന് പരിശോധിക്കാനായി

ഒരേജൻസിയെ നിയമിക്കാൻ കഴിയുമോ; ഇക്കാര്യത്തിൽ അങ്ങയുടെ പ്രത്യേക ശ്രദ്ധയോടെയുള്ള സഹായമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ഇത് എൻ.എച്ച്.എ.ഐ.-യുടെ നിയന്ത്രണത്തിലുള്ളതാണ്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് ഏജൻസിയെ നിയമിക്കാൻ കഴിയില്ല. കരാർപ്രകാരം തുരങ്കം പൂർത്തീകരിക്കേണ്ട സമയം കഴിഞ്ഞു. ഞാനവിടെ സന്ദർശനം നടത്തിയിരുന്നു. ജനുവരിയിൽ പൂർത്തീകരിക്കുമെന്ന് പറഞ്ഞെങ്കിലും പൂർത്തീകരിച്ചിട്ടില്ല. ഹൈവേയുടെ കാര്യത്തിൽ കുറച്ച് വ്യത്യാസമുണ്ടായിട്ടുണ്ട്. ഇപ്പോൾ എല്ലാവരുംകൂടി ഇടപെട്ട് എല്ലാ പരാതികളും പരിഹരിച്ച് നിർമ്മാണം നടത്തുന്ന തരത്തിലാണ് കാര്യങ്ങൾ മുന്നോട്ടുപോയിട്ടുള്ളത്. വീണ്ടും പരാതികളുണ്ടെങ്കിൽ അക്കാര്യം പരിശോധിച്ച് വളരെവേഗം തുരങ്കവും ദേശീപാതയും കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

(24) നിലമ്പൂർ-നഞ്ചൻകോട് റെയിൽ പാത

ശ്രീ. എം. ഉമ്മർ: സർ, നിലമ്പൂർ-നഞ്ചൻകോട് റെയിൽ പാത യാഥാർത്ഥ്യമാക്കണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട പല അംഗങ്ങളും സബ്മിഷൻ ഉന്നയിച്ചിട്ടുണ്ട്. പത്രങ്ങളും ഇലക്ട്രോണിക്സ് മീഡിയകളും ഇതുസംബന്ധിച്ച് സർവ്വേ നടത്തുകയും ജനങ്ങൾക്കിടയിൽ ചർച്ച നടത്തി ഇപ്പോൾ ജനകീയപ്രക്ഷോഭത്തിലേയ്ക്ക് കാര്യങ്ങൾ നീങ്ങുകയുമാണ്. നാടിന് പ്രയോജനപ്രദമാകുന്ന പദ്ധതികൾക്കൊപ്പമാണ് സർക്കാർ നിലകൊള്ളുന്നതെങ്കിൽ ആദ്യം ഏറ്റെടുക്കേണ്ടത് നിലമ്പൂർ-നഞ്ചൻകോട് പാതയാണ്. ഈ പാത യാഥാർത്ഥ്യമായാൽ കൊച്ചിയിൽനിന്ന് ബാംഗ്ലൂരിലേയ്ക്കുള്ള ഷോർട്ടസ്റ്റ് റൂട്ടായി മാറും. 236 കിലോമീറ്റർ വേണ്ട സ്ഥാനത്ത് വനമേഖലയിലൂടെ 20 കിലോമീറ്റർ മാത്രം തുരങ്കമായി ഏറ്റെടുത്ത് പരിസ്ഥിതിക്ക് ആഘാതമില്ലാതെ തുരങ്കങ്ങൾ നിർമ്മിച്ച് 176 കിലോമീറ്ററാക്കി ചുരുക്കി പാത നിർമ്മിക്കാമെന്ന് ഡി.എം.ആർ.സി.-യുടെ എക്സിക്യൂട്ടീവ് ഡയറക്ടറായ ശ്രീ. ഇ. ശ്രീധരനുൾപ്പെടെ അഭിപ്രായപ്പെട്ടത് പത്രങ്ങളിൽ വന്നുകൊണ്ടിരിക്കുന്ന സമയമാണ്. ഇതിന് ഡി.പി.ആർ. തയ്യാറാക്കുന്നതിന് ഡി.എം.ആർ.സി.-യെ ഏൽപ്പിച്ചെങ്കിലും അവർക്ക് കൊടുക്കാമെന്നുപറഞ്ഞ 2 കോടി രൂപ കൊടുക്കാത്തതുകൊണ്ട് അതിന്റെ റിപ്പോർട്ട് പൂർത്തീകരിക്കാൻ കഴിയുന്നില്ലെന്നാണ് പത്രവാർത്ത. അതിനാൽ ഒന്നുകിൽ ഡി.എം.ആർ.സി.-യെ ഏൽപ്പിച്ച് സർവ്വേ പൂർത്തീകരിക്കണം; അല്ലെങ്കിൽ മറ്റേതെങ്കിലും ഏജൻസിയെക്കൊണ്ട് സർവ്വേ പൂർത്തീകരിച്ച് റെയിൽപാത യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടി സർക്കാർ സത്വരനടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ഈ സഭയിൽത്തന്നെ ഇതുസംബന്ധിച്ച് നിരവധി പ്രമേയങ്ങളും ചർച്ചകളും ചോദ്യോത്തരങ്ങളും വന്നിരുന്നു. ഇക്കാര്യത്തിൽ പുതിയതായി ഒന്നുംതന്നെ പറയാനില്ല. വനവുമായി ബന്ധപ്പെട്ട പ്രശ്നമുള്ളതിനാൽ കർണ്ണാടക സർക്കാർ ഇതനുവദിക്കുന്നില്ല; കേന്ദ്ര സർക്കാരും സമ്മതിക്കുന്നില്ല. അതിന് വയനാട്ടുകാർ പ്രക്ഷോഭം നടത്തിയിട്ടെന്ത് കാര്യം, വന നിയമങ്ങൾ മാറ്റാൻ കഴിയുമോ? നമ്മൾ വിചാരിച്ചാൽ നടപ്പാക്കാൻ കഴിയില്ല. നമ്മൾ ബദൽ അലൈൻമെന്റാണ് ഇപ്പോൾ പറയുന്നത്. ശ്രീ. ഇ. ശ്രീധരൻ പറയുന്ന അലൈൻമെന്റൊന്നുമല്ല. അവിടെ സർവ്വേ നടത്താൻ വനം വകുപ്പ് ശ്രീ. ഇ. ശ്രീധരന് അനുമതി നൽകിയിട്ടില്ല. പിന്നെയെങ്ങനെയാണ് സർവ്വേ നടത്തുന്നത്? അതുകൊണ്ടാണ് പൈസ കൊടുക്കാത്തത്. വനം വകുപ്പറിയാതെ ഇതൊന്നും നടത്താൻ പറ്റുന്ന കാര്യമല്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഒരു പ്രമേയം ഉന്നയിച്ചിരുന്നു. കൂടാതെ, അദ്ദേഹം അവിടെ പോയി സംസാരിക്കുകയും ചെയ്തു. എന്നിട്ടെന്തായി, അവർ അനുവദിക്കുന്നില്ലെന്നുമാത്രമല്ല, തലശ്ശേരി-മൈസൂർ പാതയുടെ കാര്യം ഏകദേശം സമ്മതിച്ചിട്ട് ഇപ്പോൾ അവിടെ ആളുകളെ ഇളക്കിവിട്ട് അതിനെതിരായി നീങ്ങുകയാണ്. കർണ്ണാടക സർക്കാരിന്റെ വനം വകുപ്പ് അംഗീകരിക്കുന്നില്ല. കാരണം, അവിടെ വൈൽഡ് സാംഗ്ച്വറിയുണ്ട്. ഇവിടെയും അംഗീകരിക്കില്ല. ബദൽ പാതയെപ്പറ്റി ആലോചിച്ചാണ് ചെയ്യേണ്ടത്. പ്രമേയംകൊണ്ട് ഈ പ്രശ്നം അവസാനിക്കില്ല. വനത്തിന് പ്രശ്നമുണ്ടാകാത്ത തരത്തിൽ ഇത് കൈകാര്യം ചെയ്യുന്നതെങ്ങനെയെന്നത് സംബന്ധിച്ച് സമവായമുണ്ടായിട്ടില്ല. നമ്മുടെ ഭാഗത്ത് യാതൊരു പ്രശ്നവുമില്ല, കർണ്ണാടകയ്ക്കാണ് പ്രശ്നം. ഇക്കാര്യം അങ്ങേയ്ക്ക് അറിയാവുന്നതാണ്. അവിടെ ജനകീയപ്രക്ഷോഭമുണ്ടാക്കി ആർക്കെന്ത് ചെയ്യാൻ കഴിയും? അത്തരം സമരങ്ങൾക്കൊന്നും വലിയ പ്രാധാന്യമില്ലെന്നാണ് എന്റെ അഭിപ്രായം. കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട് ഒരു ബദൽ മാർഗ്ഗം ആലോചിച്ച് റെയിൽപാത നിർമ്മിക്കണം. അക്കാര്യത്തിന് മുൻഗണനയുണ്ട്, ഒരു വ്യത്യാസവുമില്ല. അതല്ല, ശ്രീ. ഇ. ശ്രീധരൻ അനുവാദം വാങ്ങിത്തന്നാൽ അപ്പോൾത്തന്നെ 6 കോടി രൂപ കൊടുക്കാം.

## (25) റോഡ് നിർമ്മാണം

ശ്രീ. രാജു എബ്രഹാം: സർ, പുനലൂർ-പൊൻകുന്നം കെ.എസ്.ടി.പി. റോഡിന്റെ വിഷയം നിയമസഭയിൽ പല സന്ദർഭങ്ങളിൽ ഉന്നയിച്ചിട്ടുള്ളതാണ്. പുനലൂർ, പത്തനാപുരം, കോന്നി, ആറന്മുള, റാന്നി, കാഞ്ഞിരപ്പള്ളി എന്നീ നിയോജകമണ്ഡലങ്ങളിൽക്കൂടി കടന്നുപോകുന്ന ഈ റോഡ് 18 വർഷം മുമ്പ് കെ.എസ്.ടി.പി. ഏറ്റെടുത്തതാണ്. ശബരിമല സീസണിൽ ചെറിയ തുകയ്ക്കുള്ള

അറ്റകുറ്റപ്പണി മാത്രമാണ് ഈ റോഡിൽ നടത്തിക്കൊണ്ടിരിക്കുന്നത്. 700 കോടി രൂപയുടെ പദ്ധതിയാണത്. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയും കേന്ദ്ര സർക്കാരും കെ.എസ്.ടി.പി.-യുമൊക്കെ ഇടപെട്ടിട്ടുണ്ടെങ്കിലും റോഡ് യാഥാർത്ഥ്യമായിട്ടില്ല. അതുകൊണ്ട് അടിയന്തരമായി ഈ പ്രശ്നത്തിൽ ഇടപെട്ട് റോഡ് നിർമ്മാണം ഉടൻ ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, കെ.എസ്.ടി.പി.-യുടെ രണ്ടാംഘട്ടത്തിന്റെ ഭാഗമായിട്ടാണ് പുനലൂർ മൂവാറ്റുപുഴ റോഡ് എടുത്തിരുന്നത്. അതിൽ പൊൻകുന്നം-തൊടുപുഴ ഭാഗം പൂർത്തിയായി. ബാക്കി ഭാഗം പൂർത്തിയായില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഞാനും വേൾഡ് ബാങ്ക് ഡെലിഗേഷനുമായി കഴിഞ്ഞ നവംബറിൽ ചർച്ച ചെയ്ത് അവരെ ബോധ്യപ്പെടുത്തി ഒരു പുതിയ പ്രവൃത്തിയായി, സ്റ്റാന്റ് എലോൺ പ്രോജക്ടായി തരാമെന്നും അതിന്റെ കാലാവധി 2020 വരെ നീട്ടിത്തരാമെന്നും സമ്മതിച്ചു. അതിൻപ്രകാരം വേൾഡ് ബാങ്കിന് പുതുക്കിയ പ്രോജക്ടും അയച്ചുകൊടുത്തിട്ടുണ്ട്. സർക്കാർ തീരുമാനപ്രകാരം ഗവൺമെന്റ് സെക്രട്ടറിയും പ്രോജക്ട് ഡയറക്ടറും ഡൽഹിയിൽ പോയി പ്ലാനിംഗ് ആന്റ് ഇക്കണോമിക് അഫയേഴ്സ് മന്ത്രിയുമായി ചർച്ച ചെയ്യുകയും തത്വത്തിൽ അവർ അംഗീകരിക്കാമെന്ന് പറഞ്ഞിരിക്കുകയുമാണ്. ആ ഉത്തരവ് വന്നാലുടൻ ടെണ്ടർ നടപടികളിലേയ്ക്ക് കടക്കുന്നതാണ്.

12.00 Noon]

(26) ബോണക്കാട് എസ്റ്റേറ്റ് ഏറ്റെടുക്കൽ

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, ഒരു ജനപ്രതിനിധിയെന്ന നിലയിൽ ഞാൻ നേരിടുന്ന സങ്കീർണ്ണമായ വിഷയമാണ് ബോണക്കാട് എസ്റ്റേറ്റിന്റെ ദുരവസ്ഥ. 20 വർഷമായി ഭാഗികമായും 10 വർഷമായി പൂർണ്ണമായും അടച്ചുപൂട്ടിയ ഫാക്ടറിയിലെ തൊഴിൽപ്രശ്നവും തൊഴിലാളികളുടെ ജീവിതം വഴിമുട്ടിയ സാഹചര്യവും കേരളത്തിന്റെ പൊതുസമൂഹം പലവട്ടം ചർച്ചചെയ്ത കാര്യമാണ്. 160 തൊഴിലാളികളുടെ ജീവിതം മുന്നോട്ടുകൊണ്ടുപോകുന്നതിനുവേണ്ടി ഈ സർക്കാരും മുൻസർക്കാരും കുറേ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ലയങ്ങളുടെ നവീകരണത്തിനുവേണ്ടിയുള്ള പണം അനുവദിച്ച് പ്രവർത്തനങ്ങൾ നടന്നുവരികയാണെങ്കിലും കൂടുതൽ തുക ആവശ്യമാണ്. സുപ്രീംകോടതിയുടെ നിർദ്ദേശപ്രകാരം അടഞ്ഞുകിടക്കുന്ന ഫാക്ടറികളിലെ തൊഴിലാളികളുടെ

ഗ്രാറ്റുവിറ്റി, പെൻഷൻ, ശമ്പളം എന്നീ ഇനത്തിലുള്ള കുടിശ്ശിക നൽകാനുള്ള പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെങ്കിലും അതും ത്വരിതപ്പെടുത്തേണ്ട ആവശ്യമുണ്ട്. ഇക്കാര്യത്തിൽ ശാശ്വതമായ പരിഹാരം കാണണമെങ്കിൽ ബോണക്കാട് എസ്റ്റേറ്റ് സർക്കാർ ഏറ്റെടുക്കണം. ബോണക്കാട് എസ്റ്റേറ്റ് നടത്തുന്ന കമ്പനി പല ബിസിനസ്സുകൾക്കുമായി കേരളത്തിനകത്തും പുറത്തുമുള്ള ബാങ്കുകളിൽനിന്ന് ലോണെടുത്തത് കുടിശ്ശികയായി തിരിച്ചടയ്ക്കാൻ പറ്റാത്ത അവസ്ഥയിലാണ്. കഴിഞ്ഞ കുറേ വർഷങ്ങളായി കമ്പനി ഈ എസ്റ്റേറ്റിനെ അനാഥമാക്കി ഉപേക്ഷിച്ചിരിക്കുകയാണ്. ഈ സാഹചര്യത്തിൽ നിയമസാധ്യതകൾ പഠിച്ച് ബാങ്കുകളുമായി ചർച്ച ചെയ്തതിനുശേഷം എസ്റ്റേറ്റ് ഏറ്റെടുക്കുകയാണെങ്കിൽ പ്രകൃതിയുടെ മനോഹാരിതയും ജൈവസമ്പത്തുമുള്ള ഏകദേശം 1200 ഏക്കർ ഭൂമി ജൈവ ഗവേഷണത്തിനായോ, ബൊട്ടാണിക്കൽ ഗാർഡനായോ, ഓർഗാനിക് ഫാമിംഗിന്റെ മാതൃകയായോ, ടീ എസ്റ്റേറ്റായോ, എസ്റ്റേറ്റ് ടൂറിസമായോ, പ്രകൃതിയോട് ചേർന്നുനിന്നുകൊണ്ട്, ആവാസവ്യവസ്ഥകൾക്ക് കോട്ടംതട്ടാത്ത പദ്ധതികൾ ബോണക്കാട് ആരംഭിക്കാനും അതുവഴി എസ്റ്റേറ്റിനെ ആശ്രയിച്ച് ജീവിച്ചിരുന്ന ആളുകൾക്കും പുതിയതായിവരുന്ന ആളുകൾക്കും തൊഴിൽ കൊടുക്കാൻ സാധിക്കും. അങ്ങ് മുൻകയ്യെടുത്ത് ജനപ്രതിനിധികൾ, പ്ലാന്റേഷൻ റിലീഫ് കമ്മിറ്റി അംഗങ്ങൾ, മാനേജ്മെന്റ്, ബാങ്കുകൾ, റവന്യൂ ഉദ്യോഗസ്ഥർ എന്നിവരുടെ ഒരു യോഗം വിളിച്ച് ഒരു പാക്കേജ് രൂപീകരിക്കുകയാണെങ്കിൽ തീർച്ചയായും ആയിരത്തിൽക്കൂടുതൽ ഏക്കർ ഭൂമി തിരിച്ചുപിടിക്കാൻ കഴിയും. മാതൃകാ പദ്ധതികൾ നടത്തി ബോണക്കാടിന്റെ ദുർഗതി മാറ്റി മോഡൽ പദ്ധതി ആരംഭിക്കാൻ സർക്കാരിന് കഴിയുമോയെന്നാണ് ഈ സബ്മിഷനിലൂടെ ചോദിക്കാനുള്ളത്.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, തോട്ടങ്ങളുടെയും തൊഴിലാളികളുടെയും സംരക്ഷണം മുൻനിർത്തി സാധ്യമായ നടപടികളെല്ലാം സർക്കാർ സ്വീകരിച്ചുവരികയാണ്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ, ബോണക്കാട് എസ്റ്റേറ്റ് ഏറ്റെടുക്കേണ്ടതിന്റെ സാധ്യത സംബന്ധിച്ച് നിയമവശം പരിശോധിച്ച് സർക്കാർ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്നാണ് ഈയവസരത്തിൽ വ്യക്തമാക്കാനുള്ളത്. ഈ പ്രശ്നത്തിന്റെ അടിസ്ഥാനത്തിൽ ജോയിന്റ് മീറ്റിംഗ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. വിശദമായ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.*

---

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

(27) ഇ-പോസ് മെഷീൻ സ്ഥാപിക്കൽ

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, ഭക്ഷ്യ സുരക്ഷാ നിയമത്തിന്റെ ഭാഗമായി റേഷൻ കടകളിൽ ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) യന്ത്രങ്ങൾ സ്ഥാപിക്കുമെന്നാണ് സർക്കാർ പറഞ്ഞിട്ടുള്ളത്; അവ സ്ഥാപിച്ചുവരികയുമാണ്; എറണാകുളം ജില്ലയിൽ പൂർത്തിയായിട്ടില്ല. അവിടെ 44 കടകളിൽ മാത്രമാണ് ഇ-പോസ് മെഷീൻ സ്ഥാപിച്ചിട്ടുള്ളത്. ഇക്കൂട്ടത്തിൽ 500-ൽപ്പരം താൽക്കാലിക ലൈസൻസുള്ള റേഷൻ കടകളുണ്ട്. അവയുടെ ഭാവി എന്തായിരിക്കും? കടകൾ പൂട്ടേണ്ടിവന്നാൽ ജനങ്ങൾക്കുണ്ടാകാവുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ എന്നുള്ളതാണ് പ്രധാനപ്പെട്ട ആശങ്ക. തീർച്ചയായും അക്കാര്യത്തിൽ നടപടി വേണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, റേഷൻ വിതരണം സുതാര്യമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 14366 റേഷൻകടകളിൽ ഏതാണ്ട് 10907 റേഷൻ കടകളിൽ ഇതിനകം ഇ-പോസ് മെഷീൻ സ്ഥാപിച്ചുകഴിഞ്ഞു. എറണാകുളം ജില്ലയിലുള്ള 1340 റേഷൻ കടകളിൽ 1333 റേഷൻ കടകളിലും ഇ-പോസ് മെഷീൻ ഏർപ്പെടുത്തി; ശേഷിക്കുന്ന 7 കടകളിൽ ഇന്നും നാളെയുമായി സ്ഥാപിക്കുന്നതാണ്. ഈ മാസം 10-ാം തീയതി മുതൽ എറണാകുളം ജില്ലയിൽ ഇ-പോസ് മെഷീൻ വഴിയായിരിക്കും റേഷൻ വിതരണം നടക്കുന്നത്. സംസ്ഥാനത്തെ മുഴുവൻ കടകളിലും ഏപ്രിൽ മധ്യത്തോടുകൂടി ഇ-പോസ് മെഷീൻ സ്ഥാപിച്ച് സുതാര്യമായി ധാന്യവിതരണം നടത്താവശ്യമായ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. റേഷൻ വ്യാപാരരംഗത്ത് താൽക്കാലിക ലൈസൻസികൾ 128 പേരാണുള്ളത്. അതിൽ 19 എണ്ണം എറണാകുളം ജില്ലയിലാണ്. താൽക്കാലിക റേഷൻ കടകൾക്ക് 3 മാസത്തെ എക്സ്റ്റൻഷൻ കൊടുത്തുകൊണ്ടുള്ള ഉത്തരവായിട്ടുണ്ട്. അതിനുശേഷം ബാക്കി കാര്യങ്ങളെക്കുറിച്ച് സ്റ്റാറ്റ്യൂട്ടറിയായിട്ടുള്ള പ്രൊസീംഡിംഗ്സ് നടത്തി കാര്യങ്ങൾ തീർപ്പാക്കാം. വിശദമായ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.*

(28) പബ്ലിക് ലൈബ്രറി ആന്റ് റിസർച്ച് സെന്റർ

ഡോ. എം. കെ. മുനീർ: സർ, മലയാള സാഹിത്യത്തിനും സിനിമയ്ക്കും പത്രപ്രവർത്തനത്തിനും സാംസ്കാരിക മേഖലയ്ക്കും അഭിമാനകരമായ സംഭാവനകൾ നൽകിയ പി.സി. കുട്ടികൃഷ്ണൻ എന്ന ഉറൂബിന്റെ പേര് കോഴിക്കോട് പബ്ലിക് ലൈബ്രറിക്ക് നൽകി, കഴിഞ്ഞ മൂന്ന് പതിറ്റാണ്ടായി ഉറൂബ് സ്മാരകം എന്ന മലയാളികളുടെ സ്വപ്നം സാക്ഷാത്കരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. 40

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

വർഷം ഉറൂബ് ജീവിച്ചത് കോഴിക്കോടാണ്. അദ്ദേഹത്തിന്റെ 'സുന്ദരികളും സുന്ദരന്മാരും' എന്ന നോവൽ സ്വാതന്ത്ര്യത്തിനുശേഷമുള്ള ഏറ്റവും മികച്ച മലയാള നോവലായിട്ടാണ് നിരൂപകർ പലരും വിലയിരുത്തുന്നത്. 'ഉമ്മാച്ചു', 'അമ്മിണി' തുടങ്ങിയ പ്രശസ്തമായ നോവലുകളും 'നീലക്കുയിൽ' ഉൾപ്പെടെയുള്ള തിരക്കഥകളും കോഴിക്കോട് വച്ചാണ് ജന്മമെടുത്തത്. കോഴിക്കോട് ജില്ലയുടെ സാമൂഹിക-സാംസ്കാരിക മണ്ഡലത്തിൽ നിറഞ്ഞുനിന്ന എഴുത്തുകാരനായിരുന്നു ഉറൂബ്. കോഴിക്കോട് ആകാശവാണിയുടെ തുടക്കംമുതൽ സ്ക്രിപ്റ്റ് റൈറ്ററായി സേവനമനുഷ്ഠിക്കുകയും ആകാശവാണിയെ ജനകീയമാക്കുന്നതിൽ നിർണ്ണായക പങ്കുവഹിക്കുകയും ചെയ്ത വ്യക്തിയാണദ്ദേഹം. അദ്ദേഹത്തിന്റെ 100-ാം ജന്മദിനം 2015-ലാണ് ആഘോഷിച്ചത്. ആ സന്ദർഭത്തിൽത്തന്നെ അദ്ദേഹത്തിന് സ്മാരകം വേണമെന്നുള്ള കാര്യം പറയുന്നതാണ്. പൊന്നാനിയിൽ അതിനുവേണ്ടി സ്ഥലം ലഭിച്ചെങ്കിലും അന്നത് പണിയാൻ സാധിച്ചില്ല. ഏതായാലും നിലവിലുള്ള കോഴിക്കോട് പബ്ലിക് ലൈബ്രറിയെ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിനോട് അനുബന്ധിച്ച് ഉറൂബ് സ്മാരക പബ്ലിക് ലൈബ്രറി ആന്റ് റിസർച്ച് സെന്റർ എന്നാക്കി മാറ്റണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ഈ ലൈബ്രറിയോടനുബന്ധിച്ച് മലയാളികളുടെ പ്രിയ എഴുത്തുകാരൻ ഉറൂബിന്റെ പേരിൽ ഒരു മ്യൂസിയം രൂപപ്പെടുത്തുന്നതിനുള്ള നടപടി കൈക്കൊണ്ടുവരുന്നു.

## (29) അദ്ധ്യാപക നിയമനം

ശ്രീ. യു. ആർ. പ്രദീപ്: സർ, സംസ്ഥാനത്ത് കാലിക്കട്ട് യൂണിവേഴ്സിറ്റി ഉൾപ്പെടെയുള്ള മറ്റ് യൂണിവേഴ്സിറ്റികളിൽ ബി.എസ്‌സി. ഫിസിക്സ് മെയിൻ സബ്ജക്ടുള്ള കോഴ്സിനോടനുബന്ധിച്ച് സബ്സിഡിയറി സബ്ജക്ടായി കെമിസ്ട്രിക്കുപകരം കമ്പ്യൂട്ടർ ആപ്ലിക്കേഷനും മാത്തമാറ്റിക്സും സിലബസ്സുള്ള കോഴ്സുകളുണ്ട്. ഇത്തരത്തിൽ ബി.എസ്‌സി. ഫിസിക്സ് ഡിഗ്രി പഠിച്ചിറങ്ങുന്ന കുട്ടികൾ സംസ്ഥാനത്ത് ധാരാളമുണ്ട്. ഇത്തരം കുട്ടികൾക്ക് ഹൈസ്കൂൾ ഫിസിക്കൽ സയൻസ് അദ്ധ്യാപകർക്കുള്ള പി.എസ്.സി. ആപ്ലിക്കേഷൻ കൊടുക്കാൻ കഴിയാത്ത അവസ്ഥ സംസ്ഥാനത്ത് നിലവിലുണ്ട്. ബി.എസ്‌സി. ഫിസിക്സ് ഡിഗ്രിക്ക് സബ്സിഡിയറി സബ്ജക്ടായി കെമിസ്ട്രി പഠിക്കണമെന്ന നിലവിലുള്ള പി.എസ്.സി. യോഗ്യതയാണ് അതിന് തടസ്സമായിട്ടുള്ളത്. സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസം ഹൈടെക് നിലവാരത്തിൽ മാറുമ്പോൾ ഇത്തരത്തിൽ കമ്പ്യൂട്ടർ ആപ്ലിക്കേഷൻകൂടി പഠിച്ച കുട്ടികളുടെ സേവനം അനിവാര്യമാണ്. രണ്ട് ഓപ്ഷനുകളാണ് പറയാനുള്ളത്. ഒന്ന്, നിലവിൽ പി.എസ്.സി.-യുമായി

ആലോചിച്ച് ബി.എസ്‌സി. സബ്സിഡിയറി സബ്ജക്റ്റ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ പഠിച്ചവർക്കുകൂടി അപേക്ഷ അയയ്ക്കാനുള്ള സംവിധാനമുണ്ടാക്കാൻ കഴിയണം, അതല്ലെങ്കിൽ ഒന്നിൽക്കൂടുതൽ തസ്തിക വരുന്ന സ്ഥലങ്ങളിൽ, ഒന്ന് പഴയ രീതിയിലും മറ്റൊന്ന് പി.എസ്.സി.-യുമായി ആലോചിച്ച് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ സബ്സിഡിയറിയായി പഠിച്ചവരെയുംകൂടി ഉൾപ്പെടുത്തി നിയമനം നടത്താനുള്ള സംവിധാനമുണ്ടാക്കാൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, കമ്പ്യൂട്ടർ സയൻസ്, മാത്തമാറ്റിക്സ് തുടങ്ങിയ വിഷയങ്ങൾ ഫിസിക്സ്, കെമിസ്ട്രി ഐച്ഛിക വിഷയങ്ങളുടെ സബ്സിഡിയറിയായി പഠിച്ച ഉദ്യോഗാർത്ഥികളെയും ഫിസിക്കൽ സയൻസ് അദ്ധ്യാപക തസ്തികയിലേയ്ക്ക് പരിഗണിക്കാൻ കഴിയുമോയെന്നുള്ളത് എസ്.സി.ഇ.ആർ.ടി., പി.എസ്.സി. എന്നിവയുമായി കൂടിയാലോചന നടത്തി പരിശോധിക്കുന്നതാണ്.

## (30) ശമ്പള വർദ്ധന

ശ്രീ. എ. എൻ. ഷംസീർ: സർ, കേരളത്തിലെ സർക്കാർ കോളേജുകളിലും യൂണിവേഴ്സിറ്റി സെന്ററുകളിലും ഗസ്റ്റ് ലക്ചറർമാരായി പ്രവർത്തിക്കുന്ന അദ്ധ്യാപകരുടെ ശമ്പളം 25,000 രൂപ മാത്രമാണ്. യഥാർത്ഥത്തിൽ ഇവർ കോളേജുകളിൽ പ്രവർത്തിക്കുന്ന അദ്ധ്യാപകരുടെ അതേ യോഗ്യതയുള്ളവരും ഒരുപക്ഷേ ചിലർ അതിനേക്കാൾ കൂടുതൽ യോഗ്യതയുള്ളവരുമാണ്. അതുകൊണ്ട് കേരളത്തിലെ സർക്കാർ കോളേജുകളിലും യൂണിവേഴ്സിറ്റി സെന്ററുകളിലും പഠിപ്പിക്കുന്ന ഗസ്റ്റ് ലക്ചറർമാരുടെ ശമ്പളം വർദ്ധിപ്പിക്കാൻ സർക്കാർ തയ്യാറാകണമെന്നാണ് സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ജോലി സമയത്തിന്റെ അടിസ്ഥാനത്തിൽ ദിവസവേതനത്തിനാനുപാതികമായി കുറവ് വരുത്തണമെന്ന 6-ാം നമ്പർ വ്യവസ്ഥ ഗസ്റ്റ് അദ്ധ്യാപകരുടെ വേതനക്കാര്യത്തിൽ ഒഴിവാക്കി ഗസ്റ്റ് ലക്ചറർമാരുടെ വേതനം ദിവസവേതനമായി വർദ്ധിപ്പിക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരികയാണ്.

## V.മേശപ്പുറത്തുവച്ച കടലാസുകൾ

1. ലിസ്റ്റ്-1 പ്രകാരമുള്ള കടലാസുകൾ

(i) മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 71/2018 | ജി.ഒ.(ആർറ്റി.) നമ്പർ 325/ 2018/ഹോം. | 30-1-2018 | അല്ല |
| 2 | 78/2018 | ജി.ഒ.(പി.) നമ്പർ 3/2018/ പി&എആർഡി. | 7-2-2018 | അല്ല |
| 3 | 121/2018 | ജി.ഒ.(എംഎസ്.) നമ്പർ. 30/ 2018/ഹോം. | 1-3-2018 | അല്ല |
| 4 | 144/2018 | ജി.ഒ.(ആർറ്റി.) നമ്പർ 495/ 2018/ഹോം. | 16-2-2018 | അല്ല |
| 5 | 145/2018 | ജി.ഒ.(ആർറ്റി.) നമ്പർ 498/ 2018/ഹോം. | 16-2-2018 | അല്ല |
| 6 | 159/2018 | ജി.ഒ.(എംഎസ്.) നമ്പർ 58/ 2018/ജിഎഡി. | 13-3-2018 | അല്ല |

ii വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കോഴിക്കോട് സൈബർ പാർക്ക് | 2015-16 | വാർഷിക റിപ്പോർട്ട് | അതെ |

(ii) പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 130/2018 | ജി.ഒ.(ആർറ്റി.) നമ്പർ 256/ 2018/നിയമം | 6-3-2018 | അല്ല |
| 2 | 146/2018 | ജി.ഒ.(എംഎസ്.) നമ്പർ 38/ 2018/നിയമം | 9-3-2018 | അല്ല |

(iii) ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

i വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള വാട്ടർ അതോറിറ്റി | 2011-12<br>2012-13 | ഭരണറിപ്പോർട്ട് | അതെ |

(iv) ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 102/2018 | ജി.ഒ.(പി.) നമ്പർ 3/2018/ട്രാൻ. | 19-2-2018 | അല്ല |

(v) തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 103/2018 | ജി.ഒ.(എംഎസ്.) നമ്പർ 2/ 2018/എഫ്&പിഡി. | 15-2-2018 | അല്ല |

(vi) ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രികസഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 757/2017 | ജി.ഒ.(പി.)നമ്പർ 32/2017 /ഐഎൻഡി. | 8-11-2017 | അതെ |
| 2 | 49/2018 | ജി.ഒ.(പി.) നമ്പർ 7/ 2018/ടാക്സസ്. | 27-1-2018 | അല്ല |
| 3 | 79/2018 | ജി.ഒ.(പി.) നമ്പർ 12/ 2018/ടാക്സസ്. | 7-2-2018 | അല്ല |
| 4 | 88/2018 | ജി.ഒ.(പി.) നമ്പർ 16/ 2018/ടാക്സസ്. | 15-2-2018 | അല്ല |
| 5 | 131/2018 | ജി.ഒ.(പി.) നമ്പർ 22/ 2018/ടാക്സസ്. | 6-3-2018 | അല്ല |
| 6 | 138/2018 | ജി.ഒ.(പി.) നമ്പർ 15/2018/ഫിൻ. | 6-2-2018 | അല്ല |
| 7 | 141/2018 | ജി.ഒ.(പി.) നമ്പർ 24/ 2018/ടാക്സസ്. | 9-3-2018 | അല്ല |
| 8 | 142/2018 | ജി.ഒ.(പി.) നമ്പർ 25/ 2018/ടാക്സസ്. | 9-3-2018 | അല്ല |

ii വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ | 2016-17 | പ്രത്യേക ആഡിറ്റ് റിപ്പോർട്ട് | അതെ |

(vii) കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

i വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് | 2016-17 | വാർഷിക റിപ്പോർട്ട് | അതെ |

(viii) ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

i വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | ഇംപ്ലിമെന്റേഷൻ ഓഫ് പേഴ്സൺസ് വിത്ത് ഡിസബിലിറ്റീസ് ആക്ട് ,1995 | 2011-12 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ (ഐ എം) കേരള ലിമിറ്റഡ് | 2015 | വാർഷിക റിപ്പോർട്ട് | അതെ |

(ix) തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 37/2018 | സ.ഉ. (അച്ചടി) നമ്പർ 6/2018/ തൊഴിൽ | 17-1-2018 | അതെ |
| 2 | 69/2018 | ജി.ഒ.(എംഎസ്.) നമ്പർ 6/2018/ എൽബിആർ. | 28-1-2018 | അല്ല |
| 3 | 99/2018 | ജി.ഒ.(പി.) നമ്പർ 17/2018/റ്റിഡി. | 20-2-2018 | അല്ല |
| 4 | 120/2018 | ജി.ഒ.(എംഎസ്.) നമ്പർ 8/2018/ എൽബിആർ. | 26-2-2018 | അല്ല |
| 5 | 126/2018 | ജി.ഒ.(എംഎസ്.) നമ്പർ 9/2018/ എൽബിആർ. | 2-3-2018 | അല്ല |
| 6 | 143/2018 | ജി.ഒ. (പി.) നമ്പർ 24/2018/ എൽബിആർ. | 5-3-2018 | അല്ല |

ii വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | റീഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡ് | 2016-17 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | കേരളകർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് | 2015-16 | പ്രവർത്തന (ഭരണ) റിപ്പോർട്ടും വാർഷിക കണക്കുകളും | അതെ |

(x) സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ. ഒ.നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രികസഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 770/2016 | ജി.ഒ.(പി.) നമ്പർ 602/2016/ ആർഡി. | 20-12-2016 | അതെ |
| 2 | 53/2017 | ജി.ഒ.(പി.) നമ്പർ 9/2017/ ആർഡി. | 27-1-2017 | അതെ |
| 3 | 54/2017 | ജി.ഒ.(പി.) നമ്പർ 10/2017/ ആർഡി. | 27-1-2017 | അതെ |
| 4 | 122/2018 | ജി.ഒ.(പി.) നമ്പർ 2/2018/ കോ-ഓപ്. | 17-1-2018 | അല്ല |
| 5 | 123/2018 | ജി.ഒ.(പി.) നമ്പർ 5/2018/ കോ-ഓപ്. | 24-1-2018 | അല്ല |
| 6 | 128/2018 | ജി.ഒ.(പി.) നമ്പർ 18/2018/ കോ-ഓപ്. | 24-2-2018 | അല്ല |
| 7 | 134/2018 | ജി.ഒ.(പി.) നമ്പർ 21/2018/കോ-ഓപ്. | 28-2-2018 | അല്ല |
| 8 | 135/2018 | ജി.ഒ.(പി.) നമ്പർ 22/2018/കോ-ഓപ്. | 1-3-2018 | അല്ല |
| 9 | 136/2018 | ജി.ഒ.(പി.) നമ്പർ 11/2018/ ആർഡി. | 5-3-2018 | അല്ല |
| 10 | 149/2018 | ജി.ഒ.(പി.) നമ്പർ 09/2018/കോ-ഓപ്. | 4-2-2018 | അല്ല |
| 11 | 166/2018 | ജി.ഒ.(പി.) നമ്പർ 26/2018/ കോ-ഓപ്. | 17-3-2018 | അല്ല |

(xi) വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

i വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് | 2013-14 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | കേരള ഹൈസ്പീഡ് റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് | 2012-13 മുതൽ 2016-17 വരെ | വാർഷിക കണക്കുകൾ | അതെ |
| 3 | കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് | 2015-16 | വാർഷിക ഭരണ റിപ്പോർട്ട് | അതെ |
| 4 | കേരള സിറാമിക്സ് ലിമിറ്റഡ് | 2015-16 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 5 | കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ലിമിറ്റഡ് | 2016-17 | വാർഷിക റിപ്പോർട്ട് | അതെ |

(xii) മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 84/2018 | സ.ഉ.(അച്ചടി) നമ്പർ 3/ 2017/മതുവ. | 7-2-2018 | അല്ല |

(xiii) വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

i വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കണ്ണൂർ സർവകലാശാല | 2013-14<br>2014-15<br>2015-16 | ഓഡിറ്റ് റിപ്പോർട്ട് | അതെ |
| 2 | തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല | 2015-16 | ഓഡിറ്റ് റിപ്പോർട്ടും അതിൻമേൽ സ്വീകരിച്ച നടപടികളും | അതെ |

(xiv) തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 95/2018 | ജി.ഒ.(പി.) നം. 11/2018/ എൽഎസ്ജിഡി. | 15-2-2018 | അല്ല |
| 2 | 96/2018 | ജി.ഒ.(പി.) നം. 12/2018/ എൽഎസ്ജിഡി. | 15-2-2018 | അല്ല |
| 3 | 148/2018 | ജി.ഒ.(പി.) നം. 15/2018/ എൽഎസ്ജിഡി. | 12-3-2018 | അല്ല |

(xv) വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | - | 2114/എഡിഎൽ/ കെഎസ്ഇആർസി / 2014. | 1-2-2018 | അല്ല |

2. ചട്ടം 47(2) അനുസരിച്ച് ലിസ്റ്റ്-2 പ്രകാരമുള്ള കടലാസുകൾ

(i) മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

പതിനാലാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനത്തിലെ 1950 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

(ii) ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

പതിനാലാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ 333 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

(iii) വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

പതിനാലാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ 5841, ഒൻപതാം സമ്മേളനത്തിലെ 2404 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

3. ചട്ടം 236 (5) അനുസരിച്ച് ലിസ്റ്റ്-3 പ്രകാരമുള്ള കടലാസുകൾ

(i) റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| II- ഭൂനികുതിയും ദേവസ്വവും | 2014-15 | 4 | 1, 3, 4, 9 |

(ii) തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| VII- വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും | 2014-15 | 4 | 26 |

(iii) വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| IV- വ്യവസായങ്ങളും ധാതുക്കളും | 2013-14 | 3 | 39 |
| | 2015-16 | 5 | 35 |

(iv) വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| VII- വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും | 2016-17 | 1 | 83, 84, 85, 88, 90 |

4. ചട്ടം 236(6) അനുസരിച്ച് ലിസ്റ്റ്-4 പ്രകാരമുള്ള ആന്വൽ പെർഫോമൻസ് റിപ്പോർട്ട്

(i) മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XVII - വിദ്യാഭാസം, കായിക വിനോദം, കല, സംസ്കാരം | 2016-17 | പരിസ്ഥിതി വകുപ്പ് |
| XX - ശുദ്ധജല വിതരണവും ശുചീകരണവും | 2016-17 | പരിസ്ഥിതി വകുപ്പ് |

(ii) തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XVIII- വൈദ്യസഹായ രംഗവും പൊതുജനാരോഗ്യവും | 2013-14 | ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് |
| XXIV- തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2015-16 | തൊഴിൽ വകുപ്പ് |

(iii) വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XVII - വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം | 2016-2017 | പൊതുവിദ്യാഭ്യാസ വകുപ്പ് |

(iv) തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXI - നഗരവികസനം<br>XXVIII - പലവക സാമ്പത്തിക സർവ്വീസുകൾ | 2015-2016 | തദ്ദേശസ്വയംഭരണ വകുപ്പ് |
| XXXV - പഞ്ചായത്ത്<br>XXXVI - ഗ്രാമവികസനം | 2015-2016 | തദ്ദേശസ്വയംഭരണ വകുപ്പ് |

## VI. റിപ്പോർട്ട് സമർപ്പണം

1. സ്കൂൾ കുട്ടികൾക്കിടയിലെ ലഹരി വസ്തുക്കളുടെ ഉപയോഗം സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്

(i) വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, 'സ്കൂൾ കുട്ടികൾക്കിടയിലെ ലഹരി വസ്തുക്കളുടെ ഉപയോഗം' എന്ന വിഷയം സംബന്ധിച്ച പ്രത്യേക റിപ്പോർട്ട് സമർപ്പിക്കുന്നു.

2. വനസംരക്ഷണ സമിതികൾ, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവയുടെ ശാക്തീകരണം സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്

(ii) വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച X-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, 'വനസംരക്ഷണ സമിതികൾ, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവയുടെ ശാക്തീകരണം' എന്ന വിഷയം സംബന്ധിച്ച പ്രത്യേക റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

## VII. റിപ്പോർട്ട് പരിഗണന

മി. സ്പീക്കർ: ഇന്നത്തെ കാര്യവിവരപ്പട്ടിക പ്രകാരം അടുത്ത ഇനം ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ടിന്റെ പരിഗണനയാണ്. എന്നാൽ റിപ്പോർട്ടിന്റെ ശിപാർശകളെ സംബന്ധിച്ച് ചില അംഗങ്ങൾ ഏതാനും ചില നിർദ്ദേശങ്ങൾക്കൂടി ഉന്നയിച്ചിരിക്കുകയാണ്. ഈ സാഹചര്യത്തിൽ കൂടുതൽ പരിശോധന നടത്തുന്നതിലേയ്ക്കായി പ്രസ്തുത റിപ്പോർട്ടിന്റെ പരിഗണന തൽക്കാലം മാറ്റിവയ്ക്കുകയാണ്.

## VIII. ഗവൺമെന്റ് പ്രമേയങ്ങൾ

(1) സി.ബി.എസ്.ഇ. ചോദ്യപേപ്പർ ചോർന്ന സംഭവം

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഞാൻ താഴെപ്പറയുന്ന പ്രമേയം അവതരിപ്പിക്കുന്നു:

" 28 ലക്ഷത്തോളം കുട്ടികളുടെ ഭാവിയെ ഗുരുതരമായി ബാധിക്കുന്ന സി.ബി.എസ്.ഇ. ചോദ്യപേപ്പർ ചോർച്ച സംബന്ധിച്ച വിഷയം രാജ്യമാകെ ഗൗരവമായി ചർച്ച ചെയ്യുകയാണ്. കേരളത്തിലും ലക്ഷദ്വീപിലുമായി 10-ാം ക്ലാസ്സിൽ 72489-ഉം 12-ാം ക്ലാസ്സിൽ 39726-ഉം വിദ്യാർത്ഥികളടക്കം 112215 വിദ്യാർത്ഥികളാണ് സി.ബി.എസ്.ഇ. പരീക്ഷ എഴുതിയത്. മാർച്ച് 26-ന് നടന്ന 12-ാം ക്ലാസ് ഇക്കണോമിക്സ് പരീക്ഷാ ചോദ്യപേപ്പറും മാർച്ച് 28-ന് നടന്ന 10-ാം ക്ലാസ് ഗണിതം പരീക്ഷയുടെ ചോദ്യപേപ്പറുമാണ് ചോർന്നതായി ഇപ്പോൾ കണ്ടെത്തിയിരിക്കുന്നത്. മറ്റ് ചില വിഷയങ്ങളുടെ ചോദ്യപേപ്പർ ചോർന്നതായും രണ്ട് വർഷം മുമ്പത്തെ ചോദ്യപേപ്പർ ഈ വർഷം ലഭിച്ചതായിട്ടുള്ള പരാതികളും ഉയർന്നുവന്നിട്ടുണ്ട്. പരീക്ഷാ ചോദ്യപേപ്പറുകൾ ചോർത്താനുള്ള ശ്രമങ്ങൾ പലപ്പോഴും നടക്കാറുണ്ട്. അതുകൊണ്ടുതന്നെ പരീക്ഷാ നടത്തിപ്പ് കാലഘട്ടത്തിൽ പരീക്ഷാ ബോർഡുകൾ നിതാന്ത ജാഗ്രത കൈക്കൊള്ളും.

സി.ബി.എസ്.ഇ. പരീക്ഷയുടെ കാര്യത്തിൽ ചോദ്യപേപ്പർ ചോർച്ച മാത്രമല്ല ലക്ഷക്കണക്കിന് കുട്ടികൾ എഴുതുന്ന പരീക്ഷയുടെ നടത്തിപ്പ് അതീവ ലാഘവത്തോടെ കണ്ടു എന്നതാണ് രാജ്യവ്യാപക പ്രതിഷേധത്തിനിടയാക്കിയത്. മാർച്ച് 26-ന് നടന്ന പന്ത്രണ്ടാം ക്ലാസിലെ ഇക്കണോമിക്സ് പരീക്ഷയുടെ ചോദ്യപേപ്പർ ചോർന്നതിനെക്കുറിച്ച് മാർച്ച് 23-നുതന്നെ സി.ബി.എസ്.ഇ.-ക്ക് വിവരം ലഭിച്ചിരുന്നു. അതുപോലെ 10-ാം ക്ലാസിലെ മാർച്ച് 28-ന് നടന്ന ഗണിത പരീക്ഷ നടക്കുന്നതിന് മണിക്കൂറുകൾക്കുമുമ്പുതന്നെ സിബി.എസ്.ഇ. അധികൃതർക്ക് ചോദ്യപേപ്പർ ചോർച്ച സംബന്ധിച്ച് വിവരം ലഭിച്ചിട്ടുണ്ട്.

12-ാം തരത്തിലെ ഇക്കണോമിക്സ് പരീക്ഷയുടെ ചോദ്യപേപ്പർ ചോർച്ച സംബന്ധിച്ച് മാർച്ച് 17-നുതന്നെ പഞ്ചാബിലെ ലുധിയാന DAV സ്കൂളിലെ 12-ാം ക്ലാസ്സ് വിദ്യാർത്ഥിനി ജാൻവി ബെഹൽ പ്രധാനമന്ത്രിക്ക് പരാതി അയച്ചതായ വിവരവും പുറത്തുവന്നിട്ടുണ്ട്. 10-ാം ക്ലാസിലെ മാർച്ച് 28-ലെ ഗണിതശാസ്ത്ര പരീക്ഷയുടെ ചോദ്യപേപ്പർ ചോർച്ച സംബന്ധിച്ച പരാതി 27-ന് അർധരാത്രിക്കുശേഷം സി.ബി.എസ്.ഇ. ചെയർമാന്റെ ഔദ്യോഗിക മെയിലിലേക്ക് അയച്ചുവെന്നാണ് ഡൽഹിയിലെ സെൻട്രൽ ക്രൈം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 88/2018 കേസിലെ പ്രഥമവിവര റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

ഇത്തരത്തിൽ ചോദ്യപേപ്പർ ചോർച്ചയെക്കുറിച്ച് അധികൃതർക്ക് പരീക്ഷയ്ക്കുമുമ്പുതന്നെ വിവരം ലഭിച്ചിട്ടും ഫലപ്രദമായ യാതൊരു നടപടിയും സ്വീകരിച്ചില്ല. പരാതികളെല്ലാം കേന്ദ്രസർക്കാരും സി.ബി.എസ്.ഇ.-യും നിസ്സാരമായി തള്ളിക്കളയുകയാണ് ചെയ്തത്. പരീക്ഷ റദ്ദാക്കേണ്ടിവരുമെന്ന് മുൻകൂട്ടി അറിഞ്ഞിട്ടും ലക്ഷക്കണക്കിന് കുട്ടികളെ എന്തിനുവേണ്ടി പരീക്ഷ എഴുതിച്ചുവെന്നും ഇതുവഴി കുട്ടികളെ എന്തിന് മാനസികമായ പിരിമുറുക്കത്തിനിടയാക്കി എന്നതിനും ഉത്തരം പറയാൻ അധികൃതർക്ക് ബാധ്യതയുണ്ട്. സി.ബി.എസ്.ഇ. പത്താം ക്ലാസ് പരീക്ഷയും പന്ത്രണ്ടാം ക്ലാസ് പരീക്ഷയുമെഴുതിയ 28 ലക്ഷത്തോളം വിദ്യാർത്ഥികളും അവരുടെ രക്ഷിതാക്കളും വലിയ ഉത്കണ്ഠയിലാണ്. അവരുടെ മാനസികക്ലേശം വിവരണാതീതമാണ്.

പരീക്ഷാരംഗത്തെ കച്ചവട ലോബികൾക്കും നിക്ഷിപ്ത താൽപ്പര്യക്കാർക്കും കുട്ടികളുടെ ഭാവിയെ അമ്മാനമാടാൻ വിട്ടുകൊടുക്കുന്ന നടപടിയെ രാജ്യത്ത് ആർക്കും അംഗീകരിക്കാനാവില്ല. കുട്ടികൾക്കും അവരുടെ രക്ഷിതാക്കൾക്കുമുണ്ടായ ഉൽകണ്ഠയിലും പ്രയാസങ്ങളിലും കേരള നിയമസഭ പങ്കുചേരുന്നു. ചോദ്യപേപ്പർ ചോർച്ചയ്ക്ക് ഉത്തരവാദികളായ ഒരാളും രക്ഷപ്പെടാത്ത വിധത്തിലുള്ള അന്വേഷണവും കുറ്റക്കാരുടെ പേരിൽ മാതൃകാപരമായ നടപടിക്കും ഭാവിയിൽ ഇത്തരം

സംഭവങ്ങൾ ആവർത്തിക്കാത്ത വിധമുള്ള ശാസ്ത്രീയവും ഫലപ്രദവുമായ നടപടികളും സ്വീകരിക്കണമെന്ന് ഈ സഭ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നു."

തുറമുഖവും മ്യൂസിയവും പുരാവസ്തുസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയത്തോട് ഞാൻ പൂർണ്ണമായി യോജിക്കുകയാണ്. എഴുപതിനായിരത്തോളം കുട്ടികളാണ് കേരളത്തിൽ ഇത്തവണ സി.ബി.എസ്.ഇ. പരീക്ഷയെഴുതിയത്. രാജ്യത്താകമാനം ഏതാണ്ട് 28 ലക്ഷത്തോളം കുട്ടികൾ പരീക്ഷയെഴുതി. വാർഷിക പരീക്ഷ കഴിഞ്ഞ് അവധി തുടങ്ങാനിരിക്കെയാണ് ചോദ്യപേപ്പർ ചോരുകയും പരീക്ഷ മാറ്റിവയ്ക്കുകയും ചെയ്യേണ്ടിവന്നത്. അതോടെ വിദ്യാർത്ഥികളും രക്ഷകർത്താക്കളും അധ്യാപകരുമടക്കം നിരവധിപേരാണ് ബുദ്ധിമുട്ടിലായത്. പത്താം ക്ലാസ്സിലെ കണക്കും പന്ത്രണ്ടാം ക്ലാസ്സിലെ ഇക്കണോമിക്സ് ചോദ്യപേപ്പറും ചോർന്നുവെന്ന വാർത്ത വലിയ സംഭ്രമജനകമായ നിലയാണ് വരുത്തിയിരിക്കുന്നത്. കഴിഞ്ഞ തവണ കേരളത്തിൽ കണക്ക് പരീക്ഷയുടെ ചോദ്യപേപ്പർ ചോർന്നത് ഈ സന്ദർഭത്തിൽ നമ്മളോർക്കേണ്ടതാണ്. അന്ന് വിദ്യാർത്ഥികൾക്കുണ്ടായ മനഃപ്രയാസവും രണ്ടാമതെഴുതിയപ്പോൾ കണക്ക് പരീക്ഷയിൽ പലർക്കും എ പ്ലസ് കിട്ടാതെ പോയതും കണക്കിലെടുക്കേണ്ടതാണ്. പരീക്ഷാ സംവിധാനങ്ങളിലെ ക്രമക്കേടുകളും അതോടൊപ്പംതന്നെ ലൂപ്ഹോൾസും പൂർണ്ണമായി ചെക്ക് ചെയ്തുകൊണ്ടായിരിക്കണം പരീക്ഷകൾ നടത്തേണ്ടത്. ഇതിൽ പ്ലസ് ടു ഇക്കണോമിക്സ് പരീക്ഷ മാത്രമാണ് ഏപ്രിൽ 25-ന് കേരളത്തിൽ നടത്തുമെന്ന് സി.ബി.എസ്.ഇ. അറിയിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ പഞ്ചാബിലെ ലുധിയാനയിൽനിന്നും ജാൻവിയെന്ന ഒരു വിദ്യാർത്ഥിനി ഈ കാര്യം കാണിച്ചുകൊണ്ട് ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് കത്ത് നൽകുകയുണ്ടായി. എന്നാൽ കത്ത് കിട്ടിയെന്നുള്ള അറിയിപ്പ് മാത്രമാണ് പ്രധാനമന്ത്രിയുടെ ഓഫീസിൽനിന്ന് ലഭിച്ചത്. മാർച്ച് 17-നാണ് ലുധിയാനയിലെ DAV സ്കൂളിലെ പന്ത്രണ്ടാം ക്ലാസ് വിദ്യാർത്ഥിനി പ്രധാനമന്ത്രിയുടെ ഓഫീസിലേയ്ക്ക് ചോദ്യപേപ്പർ ചോർന്ന സംഭവം ചൂണ്ടിക്കാണിച്ച് കത്തെഴുതിയത്. പക്ഷെ അതിനും മറുപടിയുണ്ടായില്ല. പത്താം ക്ലാസ്സിലെ കണക്ക് പരീക്ഷ മാർച്ച് 28-നായിരുന്നു. പശ്ചിമ ഡൽഹിയിലെ ഒരു കുട്ടിക്ക് മാർച്ച് 27- നാണ് വാട്സാപ്പിൽ ഈ ചോദ്യപേപ്പർ കിട്ടിയത്. അന്ന് പുലർച്ചെ 1.30-ന് സി.ബി.എസ്.ഇ. മേധാവി ശ്രീമതി അനിത കാർവാളിന് ചോദ്യപേപ്പർ ചോർന്നുവെന്ന വിവരം മെയിലിലൂടെ വന്നു. അതവർ കണ്ടത് രാവിലെ 9

മണിക്കാണ്. അപ്പോഴേയ്ക്കും ചോർന്ന ചോദ്യപേപ്പറുകൾ വ്യാപകമായി കുട്ടികളുടെയിടയിൽ പ്രചരിക്കുകയുണ്ടായി. രാജ്യത്താകമാനം ആയിരത്തോളം ചോദ്യപേപ്പർ വാട്സാപ്പിൽ ലഭിച്ചുവെന്നാണ് പറയപ്പെടുന്നത്. 35,000 രൂപയായിരുന്നു ഒരെണ്ണത്തിന്റെ വില. പിന്നീട് വൈഡായി സർക്കുലേറ്റ് ചെയ്തപ്പോൾ വില അയ്യായിരമായി കുറഞ്ഞു. അതോടൊപ്പം ഹിന്ദിയും മറ്റ് വിഷയങ്ങളും ചോർന്നുവെന്നുള്ള പ്രചരണം കുട്ടികളെ പരിഭ്രാന്തരാക്കി. സ്വകാര്യ പരിശീലന കേന്ദ്രങ്ങളാണ് ഇതിന്റെ പിറകിലെന്നതാണ് കാണാൻ കഴിയുന്നത്. അത്തരം ആളുകൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണം. ഭാവിയിൽ സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. തുടങ്ങിയ പരീക്ഷകൾ മാത്രമല്ല, സംസ്ഥാനങ്ങളിൽ നടക്കുന്ന പരീക്ഷകളും കുറ്റമറ്റതായി മുന്നോട്ടുകൊണ്ടുപോകാനുള്ള ഉത്തരവാദിത്വം നമുക്കെല്ലാവർക്കുമുണ്ട്. കേന്ദ്ര സർക്കാർ ഈ കാര്യത്തിൽ ശക്തമായ നിയമ നടപടികളുമായി മുന്നോട്ടുപോകണം. ഇതിനുത്തരവാദികളായ ആളുകളെ നിയമത്തിനുമുമ്പിൽ കൊണ്ടുവരണമെന്ന സർക്കാരിന്റെ പ്രമേയത്തെ പൂർണ്ണമായി സ്വാഗതം ചെയ്യുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയം പാസ്സാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ............

പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചിരിക്കുന്നു.

(2) 1989-ലെ പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) ആക്റ്റിലെ വ്യവസ്ഥകൾ ലഘൂകരിക്കൽ

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ താഴെപ്പറയുന്ന പ്രമേയം അവതരിപ്പിക്കുന്നു:

"രാജ്യത്തെ നാലിലൊന്നു വരുന്ന ജനവിഭാഗമായ പട്ടികവിഭാഗങ്ങളെ ദോഷകരമായി ബാധിക്കുന്ന ഒന്നാണ് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 20-03-2018-ലെ ഡോ.സുഭാഷ് കാശിനാഥ് മഹാജൻ V/s സ്റ്റേറ്റ് ഓഫ് മഹാരാഷ്ട്ര മുതൽപേർ എന്ന കേസിലുണ്ടായ വിധി.

1989-ലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയൽ നിയമത്തിലെ 3-ാം വകുപ്പിൽ ഈ വിഭാഗത്തിനെതിരായ അതിക്രമങ്ങൾ ഗുരുതരമായ കുറ്റകൃത്യങ്ങളായി കാണുകയും അതിനെതിരായി

കടുത്ത ശിക്ഷ നിഷ്കർഷിക്കുകയും ചെയ്യുന്നുണ്ട്. 4-ാം വകുപ്പിലാകട്ടെ, സർക്കാർ ജീവനക്കാർ അവരുടെ ഉത്തരവാദിത്വത്തിൽ വീഴ്ചവരുത്തിയാൽ ശിക്ഷ നൽകുമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. നിയമത്തിലെ 18-ാം വകുപ്പ് പ്രകാരം കുറ്റകൃത്യങ്ങളിലേർപ്പെടുന്നവർക്ക് മുൻകൂർ ജാമ്യത്തിന് അർഹതയില്ല. എന്നാൽ ഈ വ്യവസ്ഥ സുപ്രീം കോടതി പുതിയ വിധിപ്രകാരം ഇളവ് ചെയ്യപ്പെട്ടിരിക്കുകയാണ്.

സുപ്രീംകോടതി വിധിപ്രകാരം സർക്കാർ ജീവനക്കാരൻ പ്രതിസ്ഥാനത്ത് വരികയാണെങ്കിൽ അയാളെ അറസ്റ്റ് ചെയ്യുന്നതിന് മേലുദ്യോഗസ്ഥന്റെയും സർക്കാർ ഉദ്യോഗസ്ഥനല്ലാത്ത ഒരാൾ പ്രതിസ്ഥാനത്ത് വരുന്നപക്ഷം അയാളെ അറസ്റ്റ് ചെയ്യുന്നതിന് ജില്ലാ പോലീസ് സൂപ്രണ്ടിന്റെയും അനുമതി ലഭ്യമാക്കണം. അപ്രകാരം അറസ്റ്റു ചെയ്യുന്നതിനുള്ള അനുമതി നൽകുന്നതിന് മേലുദ്യോഗസ്ഥൻ അല്ലെങ്കിൽ ജില്ലാ പോലീസ് സൂപ്രണ്ട് വ്യക്തമായ കാരണം രേഖപ്പെടുത്തണം. കൂടാതെ ഈ കാര്യങ്ങൾ മജിസ്ട്രേറ്റ് പരിശോധിക്കണമെന്നും വ്യവസ്ഥ ചെയ്യുന്നു. ഈ വ്യവസ്ഥകളുടെ ലംഘനം വകുപ്പുതല അച്ചടക്ക നടപടികൾക്കുപുറമെ കോടതിയലക്ഷ്യ നടപടികൾക്കുംകൂടി വിധേയമാക്കണമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്.

രാജ്യത്തെ പട്ടികവിഭാഗങ്ങൾക്കിടയിൽ ഈ വിധി കടുത്ത ആശങ്കയുളവാക്കിയിരിക്കുകയാണ്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ ആശങ്കയും ശക്തമായ വിയോജിപ്പും പ്രതിഷേധവും കേന്ദ്ര സാമൂഹ്യനീതി വകുപ്പുമന്ത്രി ശ്രീ. തവാർചന്ദ് ഗഹലോട്ടിനെയും പട്ടികവർഗ്ഗകാര്യ വകുപ്പുമന്ത്രി ശ്രീ. ജുവൽ ഒറോമിനേയും സംസ്ഥാന സർക്കാർ രേഖാമൂലം അറിയിച്ചിട്ടുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരായ അതിക്രമങ്ങളിൽ ഉൾപ്പെടുന്ന പ്രതികളിൽ പലരും വിചാരണ സമയത്ത് പല പല സ്വാധീനങ്ങളാൽ രക്ഷപ്പെടുന്ന സ്ഥിതിയാണ് പൊതുവിലുള്ളത്. എന്നാൽ ഇത്തരം കേസുകളിൽ ഉൾപ്പെടുന്നവർക്ക് ഉടൻ ജാമ്യം ലഭിക്കില്ലായെന്നതും മുൻകൂർ ജാമ്യത്തിന് വ്യവസ്ഥയില്ലാത്തതും ഈ വിഭാഗങ്ങൾക്കെതിരായ അക്രമങ്ങൾ ഉണ്ടാകാതിരിക്കാനുള്ള ഒരു മുൻകരുതലാണ്. ഈ നിയമ സംരക്ഷണമാണ് സുപ്രീംകോടതി വിധിമൂലം ഇല്ലായ്മ ചെയ്യപ്പെട്ടത്.

സുപ്രീംകോടതി വിധിയെത്തുടർന്ന് ആശങ്കയിലായ രാജ്യത്തെ പട്ടികവിഭാഗങ്ങൾ നടത്തുന്ന പ്രക്ഷോഭങ്ങളെ കേന്ദ്ര ഭരണകക്ഷി നയിക്കുന്ന ഉത്തർപ്രദേശ്, മദ്ധ്യപ്രദേശ്, രാജസ്ഥാൻ, മഹാരാഷ്ട്ര തുടങ്ങിയ സംസ്ഥാനങ്ങളിലെ സർക്കാരുകൾ വളരെ ക്രൂരമായാണ് നേരിടുന്നത്. 2-4-2018-ന് വടക്കേ ഇന്ത്യയിൽ സമരക്കാരെ നേരിട്ട പോലീസ് 9 പേരെയാണ് വെടിവച്ചുകൊന്നത്.

പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ശ്രമിക്കാതെ പ്രക്ഷോഭകരെ തോക്കുകൊണ്ട് നേരിടുന്ന സമീപനം ഒട്ടും ന്യായീകരിക്കത്തക്കതല്ല. ഈ നിഷ്ഠൂര സംഭവത്തെ അപലപിക്കുന്നതോടൊപ്പം പ്രസ്തുത വിധിക്കെതിരായി നിയമപരമായി സാധ്യമായ എല്ലാ വഴികളും സ്വീകരിക്കുമെന്നും വിധിയുടെ ദൂഷ്യഫലങ്ങൾ മറികടക്കാൻ ആവശ്യമായ നിയമനിർമ്മാണം നടത്തണമെന്നും കേന്ദ്ര സർക്കാരിനോട് ഈ സഭ ഐകകണ്ഠ്യേന ആവശ്യപ്പെടുകയും ചെയ്യുന്നു."

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ. ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കേരളത്തിലെ മാത്രമല്ല, ഇന്ത്യയിലെ മുഴുവൻ ദുർബല ജനവിഭാഗങ്ങൾക്കും ഇടിത്തീപോലെയാണ് സുപ്രീംകോടതിയുടെ വിധി വന്നിട്ടുള്ളത്. മേലുദ്യോഗസ്ഥന്റെ അനുവാദമില്ലാതെ ആരെയും അറസ്റ്റ് ചെയ്യാൻ കഴിയില്ലെന്ന വകുപ്പാണ്; മാത്രമല്ല മേലുദ്യോഗസ്ഥൻ അനുമതി നൽകിയാൽപ്പോലും മജിസ്ട്രേട്ട് അത് പരിശോധിക്കണം. മജിസ്ട്രേട്ടിന് ബോധ്യമായെങ്കിൽ മാത്രമേ തുടർനടപടികൾ ഉണ്ടാകുകയുള്ളൂവെന്ന തരത്തിലുള്ള സുപ്രീംകോടതിയുടെ വിധിന്യായം അങ്ങേയറ്റം പ്രതിഷേധാർഹമാണ്. രാജ്യത്തെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുനേരെ ഉയർന്നുവരുന്ന അതിക്രമങ്ങളും ചൂഷണങ്ങളും തടയാൻവേണ്ടിയാണ് ഇത്തരമൊരു നിയമം പാർലമെന്റ് പാസ്സാക്കിയത്. ആ നിയമത്തിന്റെ സ്പിരിറ്റ് പൂർണ്ണമായുമില്ലാതാക്കുന്ന വിധിപ്രസ്താവമാണ് ഉണ്ടായിട്ടുള്ളത്. ഇതിനെത്തുടർന്ന് രാജ്യത്തുടനീളം ദളിത് പ്രക്ഷോഭങ്ങൾ വളർന്നുവരികയാണ്. രാജസ്ഥാനിൽത്തന്നെ ദളിത് സംഘടനാ പ്രവർത്തകരുടെ നേർക്ക് ബി.ജെ.പി. പ്രവർത്തകനായ രാജാസിംഗ് ചൗഹാൻ വെടിവയ്ക്കുന്ന ചിത്രം ഐ.എൻ.ഐ. പുറത്തുവിട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട പട്ടികജാതി വകുപ്പുമന്ത്രി ചൂണ്ടിക്കാണിച്ചതുപോലെ ഈ നിയമം യഥാർത്ഥത്തിൽ അതിന്റെ letter and in spirit-ൽ നടപ്പാക്കണമെങ്കിൽ ഈ വിധിന്യായം അതിന് തടസ്സം നിൽക്കുകയാണ്. ഏതായാലും കേന്ദ്രഗവൺമെന്റ് ഗൗരവമായി പരിഗണിക്കേണ്ട വിഷയമാണിത്. പട്ടികജാതിക്കാർക്കെതിരെയുണ്ടാകുന്ന അതിക്രമങ്ങളിൽ കേസെടുത്താൽപ്പോലും പകുതിയോളം കേസുകളും ഒത്തുതീർപ്പിലെത്തിക്കുകയാണ് ചെയ്യുന്നത്. ഭീഷണികൊണ്ടും സ്വാധീനംകൊണ്ടും പലപ്പോഴും ഇത്തരം കേസുകൾ അതിന്റെ ഫൈനൽ ലോജിക്കൽ കൺക്ലൂഷനിലെത്താത്ത നിലയിലാണ് പര്യവസാനിക്കുന്നത്. അതൊരു ഗൗരവമായ വിഷയമാണ്. കേരളത്തെപ്പോലെയല്ല, വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ അവർക്ക്

നേരിടേണ്ടിവരുന്ന പ്രശ്നങ്ങൾ വളരെ ഗുരുതരമാണ്. ഓരോ പ്രദേശത്തുമുള്ള സമൂഹത്തിലെ സമ്പന്നശക്തികൾ അവരെ അടിച്ചമർത്തുകയും വലിയതോതിൽ ചൂഷണം ചെയ്യുകയും ചെയ്യുന്നതിന്റെ കഥകൾ പുറത്തുവരുന്നുമുണ്ട്. ഏതായാലും സുപ്രീംകോടതിയുടെ ഈ വിധിന്യായം രാജ്യത്തൊട്ടാകെ ആശങ്കയുണ്ടാക്കിയിട്ടുണ്ട്. ഇതിനെന്ത് പരിഹാരം കാണണമെന്ന് കേന്ദ്രഗവൺമെന്റ് ആലോചിക്കണം. നിയമനിർമ്മാണം വേണമെങ്കിൽ അക്കാര്യവും ആലോചിക്കണം. മാത്രമല്ല, സുപ്രീംകോടതി വീണ്ടും നേരത്തെയുള്ള വിധി അപ്ഹോൾഡ് ചെയ്തിരിക്കുകയാണ്. അതും വലിയൊരു പ്രശ്നമാണ്. അതുകൊണ്ട് പാർലമെന്റ് നിയമം പാസ്സാക്കുകയെന്നുള്ളതാണ് ഇതിനെ മറികടക്കാനുള്ള ഏകമാർഗ്ഗമായി കാണാൻ കഴിയുന്നത്. ഇക്കാര്യത്തിൽ കേന്ദ്രഗവൺമെന്റ് ശക്തമായ നടപടികൾ സ്വീകരിക്കണമെന്നുള്ള പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പുമന്ത്രി ശ്രീ. എ.കെ. ബാലൻ അവതരിപ്പിച്ച പ്രമേയത്തെ സർവ്വാത്മനാ പിന്തുണയ്ക്കുന്നു; സ്വാഗതം ചെയ്യുന്നു.

ഡോ. എം. കെ. മുനീർ: സർ, 1989-ലെ ആക്ട് നിലനിൽക്കെയാണ് ഉത്തരേന്ത്യയിലുള്ള പല സംസ്ഥാനങ്ങളിലും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനെ അതിക്രൂരമായ രീതിയിൽ ഉദ്യോഗസ്ഥർ മാത്രമല്ല, അവിടത്തെ സംഘ്പരിവാറിന്റെ പ്രവർത്തകരടക്കം കൊലചെയ്യുന്ന അവസ്ഥയുണ്ടായിട്ടുള്ളത്. ജഡ്ജറിൽ നടന്ന സംഭവം ഇപ്പോഴും ഭയപ്പെടുത്തുകയാണ്. ഹരിയാനയിൽ പശുവിന്റെ തോലെടുത്തുവെന്ന് പറഞ്ഞ് നാലുപേരെ പോലീസ് സ്റ്റേഷനിൽനിന്ന് ഇറക്കികൊണ്ടുപോയി കൊലപ്പെടുത്തുകയാണ് ചെയ്തത്. അതുപോലെയാണ് ഗുജറാത്തിൽ നടന്ന സംഭവവും. അവരെ നഗ്നരാക്കി റോഡിൽക്കൂടി നടത്തുകയും കാറിൽക്കെട്ടിയിടുകയും ചെയ്യുന്ന തരത്തിലുള്ള ധാരാളം സംഭവങ്ങൾ നടന്നുകൊണ്ടിരിക്കുമ്പോഴാണ് അതിനെ ലഘൂകരിച്ചുകൊണ്ട് ബഹുമാനപ്പെട്ട സുപ്രീംകോടതി കുറേ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിരിക്കുന്നത്. എഫ്.ഐ.ആർ. പോലും എടുക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. എഫ്.ഐ.ആർ. ഇട്ട കേസ് തന്നെ യാതൊരു തെളിവുമില്ലെന്ന് പറഞ്ഞ് നിരാകരിക്കുന്ന സമയത്ത് പ്രാഥമിക പരിശോധന നടത്തി മജിസ്ട്രേറ്റ്, എസ്. പി. എന്നിവർക്ക് ബോധ്യപ്പെട്ടാലേ കേസെടുക്കാവൂ എന്നാണ് പറയുന്നത്. ഇപ്പോൾ ഇതുമായി ബന്ധപ്പെട്ട സമരം നടന്നപ്പോൾ അവിടെയും സംഘികൾ നേരിട്ടുവന്ന് പോലീസിന്റെകൂടെനിന്ന് അവരെ ആക്രമിക്കുകയാണ് ചെയ്യുന്നത്. ഇത് അങ്ങേയറ്റം ദൗർഭാഗ്യകരമായ അവസ്ഥയാണ്. എന്തായാലും ഇതിൽ ഇടപെടേണ്ട സാഹചര്യമുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എ. കെ. ബാലൻ കൊണ്ടുവന്ന ഈ പ്രമേയത്തെ ഞാൻ പിന്തുണയ്ക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഇവിടെ സൂചിപ്പിച്ചതുപോലെ 1989-ലെ എസ്.സി/എസ്.ടി. അട്രോസിറ്റീസ് ആക്ടുമായി ബന്ധപ്പെട്ട സുപ്രീംകോടതിയുടെ ചില മാർഗ്ഗനിർദ്ദേശങ്ങളാണ് ഇന്ന് രാജ്യവ്യാപകമായ പ്രക്ഷോഭത്തിലേയ്ക്കും പ്രയാസത്തിലേയ്ക്കും നയിച്ചത്. ഇതുമായി ബന്ധപ്പെട്ട് വളരെ വൈകിയാണെങ്കിൽപ്പോലും മനസ്സില്ലാമനസ്സോടെ കേന്ദ്ര സർക്കാർ പുനഃപരിശോധനാ ഹർജി നൽകുകയുണ്ടായി. ആ ഹർജിയിന്മേൽ 'പ്രതിഷേധിക്കുന്നവർ വിധി വായിച്ചിട്ടില്ല, അവരെ നയിക്കുന്നത് നിക്ഷിപ്ത താത്പര്യക്കാരാണ് ' തുടങ്ങിയ പരാമർശങ്ങളാണ് ഇന്നലെ സുപ്രീംകോടതി നടത്തിയിട്ടുള്ളത്. മാത്രമല്ല, ബഹുമാനപ്പെട്ട സുപ്രീംകോടതി പറയുന്നത്, തെറ്റ് ചെയ്യാത്തവരെ അറസ്റ്റിൽനിന്ന് സംരക്ഷിക്കുകയാണ് ഞങ്ങൾ ചെയ്യുന്നത്, 'നിഷ്കളങ്കരായവർ കുറ്റക്കാരായെങ്കിൽ അവർ ബുദ്ധിമുട്ടരുത് ' എന്ന പരാമർശവും നടത്തിയിരിക്കുകയാണ്. യഥാർത്ഥത്തിൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഭാഗത്തുനിന്ന്, ഈ ജനവിഭാഗത്തിന് ഭരണഘടന നൽകിയിട്ടുള്ള സംരക്ഷണം നൽകേണ്ടത് അതിന്റെ കാവൽക്കാരായി നിൽക്കേണ്ടവരാണ്. പക്ഷെ, നിർഭാഗ്യകരമെന്ന് പറയട്ടെ, കാര്യങ്ങൾ മനസ്സിലാക്കാതെയാണ് ഈ പരാമർശങ്ങൾ വന്നതെന്ന് പറയേണ്ടി വന്നതിൽ ഖേദമുണ്ട്. കാരണം, ഇന്ന് ഇന്ത്യയിൽ 18 മിനിട്ടിൽ ഒരു ദളിത് ആക്രമണം നടക്കുന്നുവെന്നാണ് പറയുന്നത്. അങ്ങനെയുള്ള ഈ രാജ്യത്ത് നിയമത്തിനുമുന്നിൽ വരുന്നവരുടെ എണ്ണം വളരെ കുറവാണ്. Non registration of case ആണ് കൂടുതലും. Delay in investigation, delay in trial എന്നൊക്കെ പറഞ്ഞ് conviction rate പത്ത് ശതമാനത്തിൽ ഒതുങ്ങിനിൽക്കുകയാണ്. ശക്തമായ നിയമങ്ങളുടെ പിന്തുണയുണ്ടായിട്ടുപോലും യഥാർത്ഥ കുറ്റക്കാർ രക്ഷപ്പെട്ടുപോകുന്ന അവസ്ഥ ഇന്ത്യയിലുള്ളപ്പോൾ അതിനെ ചോദ്യം ചെയ്യേണ്ട സാഹചര്യത്തിൽ ഇത്തരത്തിലുള്ള പരാമർശങ്ങളുണ്ടാകുന്നത് തീർത്തും നിർഭാഗ്യകരമാണ്. സ്വാഭാവികമായും രാജ്യത്തുണ്ടായിട്ടുള്ള ഈ പ്രക്ഷോഭത്തോടൊപ്പം കേരളീയ സമൂഹം ഒരുമിച്ച് നിൽക്കുന്നുവെന്ന രീതിയിലുള്ള പിന്തുണ സംസ്ഥാന സർക്കാരും നിയമസഭയും നൽകുന്നുവെന്നത് വലിയ കാര്യമാണ്. ഈ പ്രമേയത്തെ സ്വാഗതം ചെയ്യുന്നു, പിന്തുണയ്ക്കുന്നു.

മി. സ്പീക്കർ: പ്രമേയത്തിന്റെ ഉള്ളടക്കം അത്യന്തം ആശങ്കാജനകവും നിർഭാഗ്യകരമായ സ്ഥിതിവിശേഷം രാജ്യത്ത് വളർന്നുവരുന്നു എന്നതിന്റെ ലക്ഷണവുമാണ്. യഥാർത്ഥത്തിൽ ഇന്ത്യൻ ജനാധിപത്യത്തിന്റെ മൂല്യങ്ങൾക്കുമുകളിൽ കരിനിഴൽ വീഴ്ത്തിയ ഒരു വിധിന്യായമാണ് ഇതെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. നടക്കുമ്പോൾ വായിൽനിന്ന് ഉമിനീര് താഴേയ്ക്കിറ്റുവീണാൽ ഭൂമി അശുദ്ധമാകുമെന്ന് പ്രചരിപ്പിച്ച് കഴുത്തിൽ കുടുക്ക് കെട്ടിത്തൂക്കി നടക്കേണ്ടിവന്ന മഹാരാഷ്ട്രയിലെ മെഹർ ജാതിയിലാണ് ബി. ആർ.

അംബേദ്കർ ജനിച്ചത്. തന്റെ ജീവിതാനുഭവങ്ങളുടെ കഠിനമായ യാഥാർത്ഥ്യങ്ങൾകൂടി ഉൾക്കൊണ്ടുകൊണ്ടാണ് അദ്ദേഹം ഭരണഘടനാ രൂപീകരണത്തിൽ തന്റേതായ സംഭാവന സമർപ്പിച്ചത്. ഭരണഘടനയുടെയും ജനാധിപത്യ മൂല്യങ്ങളുടെയും മുകളിൽ കരിനിഴൽ വീഴ്ത്തുന്ന നിർഭാഗ്യകരമായ ഈ സാഹചര്യത്തിനെതിരെ കേരള നിയമസഭ ഒറ്റക്കെട്ടായ നിലപാട് സ്വീകരിക്കുന്നത് അഭിനന്ദനാർഹമാണ്. ഈ സന്ദേശം രാജ്യത്താകെ പ്രചരിക്കപ്പെടേണ്ടതാണെന്ന് ചെയർ കരുതുന്നു.

ബഹുമാനപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി അവതരിപ്പിച്ച പ്രമേയം പാസ്സാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചു.

ശ്രീ. വി. ഡി. സതീശൻ ഒരു ക്രമപ്രശ്നം നൽകിയിട്ടുണ്ട്. ചോദ്യത്തിന് നൽകിയ മറുപടിയുമായി ബന്ധപ്പെട്ടതാണ്. പരസ്പരവിരുദ്ധമായ മറുപടിയെന്ന വിഷയമാണ് അങ്ങ് ക്രമപ്രശ്നമായി നൽകിയത്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഇവിടെ പ്രീസീഡന്റ് ഉള്ളതല്ലേ?

<u>മി. സ്പീക്കർ</u>: അത് ക്രമപ്രശ്നമായി ഉന്നയിക്കാവുന്ന വിഷയമല്ല. അത് ബന്ധപ്പെട്ട വകുപ്പിന് അയച്ചുകൊടുത്ത് ഉത്തരത്തിൽ തിരുത്തി വരികയെന്നതാണ് പതിവ്. ശ്രീ. കെ. സി. ജോസഫ് ഇന്നലെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായി ബന്ധപ്പെട്ട അവകാശ ലംഘനപ്രശ്നമാണ് ഉന്നയിച്ചത്. അങ്ങ് ക്രമപ്രശ്നം ഉന്നയിക്കുന്നതിനോ അങ്ങേയ്ക്ക് അവസരം നൽകുന്നതിനോ വിരോധമുണ്ടായിട്ട് പറയുന്നതല്ല. ഇതേ വിഷയമാണ് വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ചോദ്യവുമായി ബന്ധപ്പെട്ട് ശ്രീ. കെ. സി. ജോസഫ് അവകാശ ലംഘനത്തിന് നോട്ടീസ് നൽകിയിരിക്കുന്നത്. തീർച്ചയായും അങ്ങേയ്ക്ക് മറുപടി ലഭ്യമാക്കും, ഉത്തരത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തും.

## IX. നിയമനിർമ്മാണകാര്യം

<u>സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും</u>

(1) <u>2018-ലെ കേരള പ്രൊഫഷണൽ കോളേജുകൾ (മെഡിക്കൽ കോളേജുകളിലെ പ്രവേശനം ക്രമവൽക്കരിക്കൽ) ബിൽ</u>

# X. ക്രമപ്രശ്നം

## ബില്ലിന്റെ പരിഗണന സംബന്ധിച്ച്

ശ്രീ. വി. ടി. ബൽറാം: സർ, ഇന്ന് സഭ പരിഗണിക്കുന്ന 2018-ലെ കേരള പ്രൊഫഷണൽ കോളേജുകൾ (മെഡിക്കൽ കോളേജുകളിലെ പ്രവേശനം ക്രമവൽക്കരിക്കൽ) ബില്ലുമായി ബന്ധപ്പെട്ട് ചട്ടം 303 പ്രകാരമാണ് ക്രമപ്രശ്നം ഉന്നയിക്കുന്നത്. 2018-ലെ കേരള പ്രൊഫഷണൽ കോളേജുകൾ (മെഡിക്കൽ കോളേജുകളിലെ പ്രവേശനം ക്രമവൽക്കരിക്കൽ) ഓർഡിനൻസിന് പകരമുള്ള ബില്ലാണ് ഇന്ന് പരിഗണിക്കുന്നത്. ഓർഡിനൻസും അതിനെത്തുടർന്നുവരുന്ന ബില്ലും അങ്ങേയറ്റം ദുരുദ്ദേശ്യപരവും നിയമവിരുദ്ധവും വിദ്യാഭ്യാസ കച്ചവടത്തിന് പച്ചയായ രീതിയിൽ അനുമതി നൽകുന്നതുമാണെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. രണ്ട് സ്വാശ്രയ മെഡിക്കൽ കോളേജുകൾ പ്രവേശനത്തിൽ നടത്തിയ ക്രമക്കേടുകൾ നിരവധി തവണ കോമ്പീറ്റന്റായ അതോറിറ്റികൾ കണ്ടെത്തുകയും ക്രമവിരുദ്ധമാണെന്ന് വിധി കൽപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. മെറിറ്റ് പാലിക്കാതെയാണ് കണ്ണൂർ, കരുണ മെഡിക്കൽ കോളേജുകൾ 2016-17 വർഷത്തിലെ എം.ബി.ബി.എസ്. പ്രവേശനം നടത്തിയതെന്നത് വസ്തുതയായി നിലനിൽക്കുകയാണ്. ജെയിംസ് കമ്മിറ്റി അഡ്മിഷൻ റദ്ദാക്കുകയും എൻട്രൻസ് കമ്മീഷണറോട് നേരിട്ട് അഡ്മിഷൻ നടത്താൻ ആവശ്യപ്പെടുകയും ചെയ്തിട്ടും അതൊന്നും അംഗീകരിക്കാതെ കോളേജുകൾ മുന്നോട്ടുപോയപ്പോൾ....

മി. സ്പീക്കർ: ഈ നിയമം കൊണ്ടുവരുന്നതുമായി ബന്ധപ്പെട്ട ക്രമപ്രശ്നമാണ് അങ്ങ് കൊണ്ടുവന്നത്. എന്താണ് ക്രമപ്രകാരമല്ലാത്തതെന്നതാണ് ഉന്നയിക്കേണ്ടത്.

ശ്രീ. വി. ടി. ബൽറാം: സർ, ഞാനതിലേയ്ക്ക് വരികയാണ്. ബഹുമാനപ്പെട്ട ഹൈക്കോടതിയിലും സുപ്രീംകോടതിയിലും ഇതുമായി ബന്ധപ്പെട്ട കേസുകൾ നിരവധി തവണ വരികയും വിശദമായ വാദങ്ങൾ നടന്നിട്ടുള്ളതുമാണ്. ബഹുമാനപ്പെട്ട ഹൈക്കോടതിയും സുപ്രീംകോടതിയും ഈ കേസും പുനഃപരിശോധനാ ഹർജിയും നിരാകരിച്ചു. ഇത് മറികടക്കാൻ വേണ്ടിയാണ് ഓർഡിനൻസ് കൊണ്ടുവന്നിരിക്കുന്നത്. കൃഷ്ണകുമാർ സിംഗ് *vs* സ്റ്റേറ്റ് ഓഫ് ബീഹാർ എന്ന കേസിന്മേൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 2016-ലെ സുപ്രധാനമായ വിധിന്യായമുണ്ട്. ഓർഡിനൻസുകൾ നിയമാനുസൃതമാണോയെന്ന് പരിശോധിക്കാനുള്ള ജുഡീഷ്യൽ റിവ്യൂവിനുള്ള അവകാശം സുപ്രീംകോടതിക്കുണ്ടെന്ന് അതിൽ അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചിരിക്കുകയാണ്. ആ നിലയിൽ ഈ ഓർഡിനൻസ് സുപ്രീംകോടതിയുടെ പരിഗണനയിലാണ്.

29-3-2018-ന് ബഹുമാനപ്പെട്ട സുപ്രീംകോടതി അത് പരിഗണിക്കുകയും വിദ്യാർത്ഥികളുടെ പേരിൽ നിയമലംഘനം നടത്താൻ സർക്കാർ മാനേജ്മെന്റുകൾക്ക് കൂട്ടുനിൽക്കരുതെന്നും ഓർഡിനൻസ് സ്റ്റേ ചെയ്യാനാണ് തങ്ങളുദ്ദേശിക്കുന്നതെന്നും വളരെ അസന്ദിഗ്ദ്ധമായി, അതിരൂക്ഷമായ ഭാഷയിൽ മുന്നറിയിപ്പ് നൽകിയിരിക്കുകയാണ്. ബഹുമാനപ്പെട്ട സുപ്രീംകോടതി ഗുരുതരമായ കണ്ടെത്തലുകളാണ് നടത്തിയിട്ടുള്ളത്. ഇങ്ങനെ ഓരോ സംസ്ഥാനവും ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെയും ഹൈക്കോടതിയുടെയും സുപ്രധാനമായ വിധിന്യായങ്ങളെ മറികടക്കുന്നതിനുവേണ്ടി ഇത്തരത്തിലുള്ള നിയമനിർമ്മാണങ്ങൾ നടത്തുകയാണെങ്കിൽ എവിടെ ചെന്നെത്തുമെന്നുള്ളതാണ് ബഹുമാനപ്പെട്ട സുപ്രീംകോടതി ചോദിച്ചിരിക്കുന്നത്. 'വ്യാപം' അഴിമതിക്കെതിരെ മദ്ധ്യപ്രദേശ് സർക്കാർ ഇങ്ങനെയൊരു നിയമമുണ്ടാക്കിയാൽ എന്തുചെയ്യുമെന്നാണ് സുപ്രീംകോടതി ചോദിച്ചത്. നാളെ വീണ്ടും ഈ വിഷയം ബഹുമാനപ്പെട്ട സുപ്രീംകോടതി പരിഗണിക്കാനിരിക്കുകയാണ്. ഓർഡിനൻസിന്റെ നിയമസാധുതയെക്കുറിച്ചുതന്നെ സുപ്രീംകോടതി വളരെ ഗുരുതരമായ സംശയം പ്രകടിപ്പിച്ചിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത ഓർഡിനൻസ് റീ-പ്ലേസ് ചെയ്യുന്നതിനുള്ള ബിൽ നിയമസഭ പരിഗണിക്കുന്നത് ക്രമപ്രകാരമല്ല, ഉചിതമല്ല, അങ്ങേയറ്റം അധാർമ്മികമാണ്. നിയമനിർമ്മാണ സഭയുടെ അധികാരം നീതിയെ അട്ടിമറിക്കുന്നതിനുവേണ്ടി, ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിയെ മറികടക്കുന്നതിനുവേണ്ടി ദുരുപയോഗപ്പെടുത്തുന്നത് നിയമനിർമ്മാണ സഭയോടും അതിന്റെ മഹത്തായ ജനാധിപത്യ ലക്ഷ്യത്തോടും ചെയ്യുന്ന വഞ്ചനാത്മകമായ നിലപാടാണെന്നാണ് എനിക്ക് പറയാനുള്ളത്. അതുകൊണ്ട് ഈ ബിൽ സഭ പരിഗണിക്കുന്നത് ക്രമപ്രകാരമാണോയെന്ന കാര്യത്തിൽ റൂളിംഗ് നൽകണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, 2018-ലെ കേരള പ്രൊഫഷണൽ കോളേജുകൾ (മെഡിക്കൽ കോളേജുകളിലെ പ്രവേശനം ക്രമവൽക്കരിക്കൽ) ഓർഡിനൻസിനെതിരെ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നൽകിയ ഹർജിയാണ് 29-3-2018-ന് ബഹുമാനപ്പെട്ട സുപ്രീംകോടതി മുമ്പാകെ വന്നത്. അന്ന് സംസ്ഥാന സർക്കാരിനുവേണ്ടി സ്റ്റാൻഡിംഗ് കൗൺസിൽ ശ്രീ. ജി. പ്രകാശും സീനിയർ അഭിഭാഷകനായ ശ്രീ. ജയ്ദീപ് ഗുപ്തയും ഹാജരായി. ബഹുമാനപ്പെട്ട സുപ്രീംകോടതി ഓർഡിനൻസ് സ്റ്റേ ചെയ്യുമെന്ന് ഒരു മുന്നറിയിപ്പും രേഖാമൂലമായി നൽകിയിട്ടില്ല. അത്തരത്തിലുള്ള പരാമർശങ്ങൾ ബഹുമാനപ്പെട്ട സുപ്രീംകോടതി ജഡ്ജിമാരുടെ ഭാഗത്തുനിന്നുണ്ടായിട്ടില്ല.

ശ്രീ. വി. ഡി. സതീശൻ: സർ, സ്റ്റേ ചെയ്യുമെന്ന് രേഖാമൂലം പറയുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, അങ്ങനെ യാതൊരു പരാമർശവുമുണ്ടായിട്ടില്ല. സ്റ്റേ ചെയ്യുമെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി നിർദ്ദേശിച്ചതായി യാതൊരു രേഖയുമില്ല. അത്തരത്തിലുള്ള പരാമർശങ്ങൾ ബഹുമാനപ്പെട്ട സുപ്രീംകോടതി ജഡ്ജിമാരുടെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. 2-4-2018-ൽ കേസ് വീണ്ടും ബഹുമാനപ്പെട്ട സുപ്രീംകോടതി മുമ്പാകെവരികയും അന്നേ ദിവസം സർക്കാരിനുവേണ്ടി മുൻ അറ്റോർണി ജനറൽ ശ്രീ. മുകുൾ റോത്തഗി ഹാജരാവുകയും ചെയ്തു. വിദ്യാർത്ഥികൾക്കുവേണ്ടി അഡ്വക്കേറ്റ് ഓൺ റെക്കോർഡ് ശ്രീ. രമേശ് ബാബുവും മുൻ ഹൈക്കോടതി ജഡ്ജി ശ്രീ. വി. ഗിരിയും ഹാജരായി. അവർ ആവശ്യപ്പെട്ടപ്രകാരം കേസ് 5-4-2018-ലേയ്ക്ക് മാറ്റിവച്ചിരിക്കുകയാണ്. സീനിയർ അഭിഭാഷകനായ ശ്രീ. മുകുൾ റോത്തഗിയുമായി നിയമ വകുപ്പ് സെക്രട്ടറി കൂടിയാലോചിക്കുകയും അതേത്തുടർന്ന് അദ്ദേഹം ബില്ലിൽ ചില ഭേദഗതികൾ നിർദ്ദേശിക്കുകയും ചെയ്തു. ശ്രീ. മുകുൾ റോത്തഗി സംസ്ഥാന സർക്കാരിനയച്ച കത്തിൽ ബിൽ എപ്രകാരം ഭേദഗതി ചെയ്യണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അതനുസരിച്ചാണ് ബിൽ സഭയിൽ വരുന്നത്. ബിൽ പരിഗണിക്കുന്നതിൽ ക്രമവിരുദ്ധമായി യാതൊന്നുമില്ല.

## XI റൂളിംഗ്

മി. സ്പീക്കർ: സഭ ഇന്ന് പരിഗണിക്കാനിരിക്കുന്ന 2018-ലെ കേരള പ്രൊഫഷണൽ കോളേജുകൾ (മെഡിക്കൽ കോളേജുകളിലെ പ്രവേശനം ക്രമവൽക്കരിക്കൽ) ബില്ലിന് ആധാരമായ 2018-ലെ കേരള പ്രൊഫഷണൽ കോളേജുകൾ (മെഡിക്കൽ കോളേജുകളിലെ പ്രവേശനം ക്രമവൽക്കരിക്കൽ) ഓർഡിനൻസിന്റെ സാധുത ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ പരിഗണനയിലിരിക്കുകയും അന്തിമവിധി പുറപ്പെടുവിക്കാനിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഇന്ന് ഈ ബിൽ പരിഗണിക്കുന്നത് ഉചിതമാണോ എന്നാണ് ശ്രീ. വി. ടി. ബൽറാം ചട്ടം 303 പ്രകാരം ഉന്നയിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ കാര്യങ്ങൾ വിശദീകരിക്കുകയുണ്ടായി. സാധാരണഗതിയിൽ ഒരു ബിൽ സഭയുടെ പരിഗണനയ്ക്കായി വരുമ്പോൾ പ്രധാനമായും പരിഗണിക്കുന്നത് പ്രസ്തുത ബില്ലിലൂടെ ഉദ്ദേശിക്കപ്പെട്ടിട്ടുള്ള നിയമനിർമ്മാണത്തിന് സഭയ്ക്ക് ഭരണഘടനാദത്തമായ Legislative Competency ഉണ്ടോ എന്നാണ്. ഭരണഘടനയും നടപടിച്ചട്ടവും അനുസരിച്ചുള്ള മറ്റ് നടപടിക്രമങ്ങളും പാലിക്കേണ്ടതുണ്ട്. അവയെല്ലാം ഈ ബില്ലിന്റെ കാര്യത്തിൽ പാലിക്കപ്പെട്ടിട്ടുണ്ട്.

ഓർഡിനൻസിലെ വ്യവസ്ഥ സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിലുള്ള ചില ഭേദഗതികൾകൂടി ഔദ്യോഗിക ഭേദഗതിയായി ബില്ലിൽ നിർദ്ദേശിക്കുന്നതാണെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചിരിക്കുകയാണ്. മാത്രമല്ല, ഈ ബില്ലിന് ആധാരമായ ഓർഡിനൻസിന്റെ സാധുത ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ പരിഗണനയിൽ മാത്രമാണ്; അതിന്മേൽ അന്തിമവിധിയായിട്ടുമില്ല. അന്തിമവിധി വരാത്ത സാഹചര്യത്തിൽ സഭയ്ക്ക് ബില്ലിന്റെ അവതരണവുമായി മുന്നോട്ടുപോകുന്നതിൽ ഒരപാകതയുമില്ല; ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

## നിയമനിർമ്മാണകാര്യം (തുടർച്ച)

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള 2018-ലെ കേരള പ്രൊഫഷണൽ കോളേജുകൾ (മെഡിക്കൽ കോളേജുകളിലെ പ്രവേശനം ക്രമവൽക്കരിക്കൽ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, 2016-17 അക്കാദമിക വർഷത്തിൽ ഒന്നാം വർഷ എം.ബി.ബി.എസ്. കോഴ്സിലേയ്ക്ക് പ്രവേശനം നടത്തുന്ന സമയത്ത് പ്രവേശനം നടത്തിയ രീതിയിൽ ചില മാനേജ്മെന്റുകൾ വീഴ്ച വരുത്തിയതിനെത്തുടർന്ന് ഒരു കൂട്ടം വിദ്യാർത്ഥികൾ അനുഭവിക്കേണ്ടിവരുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിനുവേണ്ടിയാണ് സർക്കാർ ഇങ്ങനെയൊരു ഓർഡിനൻസ് പുറപ്പെടുവിപ്പിക്കുകയും ഇപ്പോഴത് നിയമമാക്കി മാറ്റാനുള്ള പരിശ്രമം നടത്തുകയും ചെയ്യുന്നത്. മാനേജ്മെന്റിന്റെ ഭാഗത്തുനിന്ന് ഗുരുതരമായ വീഴ്ചയാണ് ഈ പ്രവേശനവുമായി ബന്ധപ്പെട്ടുണ്ടായിരുന്നത്. അപേക്ഷകൾ സ്വീകരിച്ച രീതിയിലും പ്രവേശനം നടത്തിയ രീതിയിലുമുള്ള പോരായ്മകൾ അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിയുടെ ശ്രദ്ധയിൽ വന്നപ്പോൾ ആ കമ്മിറ്റി അവരുടെ പ്രവേശനം റദ്ദാക്കുകയുണ്ടായി. അതേത്തുടർന്ന് പ്രവേശനം റദ്ദാക്കിയ നടപടി ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയും സുപ്രീംകോടതിയും ശരിവച്ചിട്ടുള്ളതാണ്. മാനേജ്മെന്റിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുള്ള വീഴ്ചകൾമൂലം വിദ്യാർത്ഥികൾക്കുണ്ടായ പ്രയാസം നിരവധിയാണ്. ഒരു വർഷക്കാലത്തോളം അവർ പഠനം തുടർന്നെങ്കിലും അംഗീകാരമില്ലാത്ത അവസ്ഥ വരുന്നത് അവരുടെ ഭാവിയെ ബാധിക്കും. ആ വിദ്യാർത്ഥികളും രക്ഷിതാക്കളും അനുഭവിക്കുന്ന പ്രയാസം ആരോഗ്യ വകുപ്പിനെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും പ്രതിപക്ഷ

നേതാക്കളെയും ധരിപ്പിക്കുകയും അവരുടെയെല്ലാം പൊതുവായ അഭിപ്രായ പ്രകാരം ഇതിനൊരു പരിഹാരം കാണണമെന്ന് ആഗ്രഹിക്കുകയുമാണ് ചെയ്തിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, പ്രതിപക്ഷ കക്ഷിനേതാക്കൾ, ശ്രീ. ഒ. രാജഗോപാൽ എന്നിവരടക്കമുള്ളവരുടെ കത്ത് ആരോഗ്യ വകുപ്പിന് ലഭ്യമായിട്ടുണ്ട്. മാനേജ്മെന്റ് ചെയ്ത തെറ്റിന് കുട്ടികൾ പ്രയാസപ്പെടാൻ ഇടയാകരുത്, അതുകൊണ്ട് ഇതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് കത്തിൽ അസന്നിഗ്ദ്ധമായി പറയുന്നത്. നിയമ വകുപ്പുമായും ഉയർന്ന നിയമജ്ഞരുമായും ഇക്കാര്യം ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ഒരു ഓർഡിനൻസ് വഴി ഇവരുടെ പ്രവേശനം ക്രമവൽക്കരിക്കാനുള്ള തീരുമാനം സർക്കാർ കൈക്കൊണ്ടത്. പിന്നീട് ആ ഓർഡിനൻസ് നിയമമാക്കി മാറ്റുന്നതിനാണ് ഈ ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നത്. ഇത് വളരെ വിശദമായി സബ്ജക്ട് കമ്മിറ്റി ചർച്ച ചെയ്യുകയും എല്ലാവരും ചേർന്ന് ഇക്കാര്യത്തിൽ ഏകദേശ ധാരണയിലെത്തുകയും ചെയ്തിട്ടുള്ളതാണ്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെയും സുപ്രീംകോടതിയുടെയും വിധിയുള്ള ഒരു കേസിൽ അതിനെ മറികടന്നുകൊണ്ട് ഈ കുട്ടികളുടെ പ്രവേശനം ക്രമവൽക്കരിക്കുന്നതിന് ഒരു നിയമനിർമ്മാണം ആവശ്യമാണെന്ന് ഉയർന്ന നിയമജ്ഞരിൽ നിന്നും ലഭ്യമായിട്ടുള്ള നിയമോപദേശത്തിന്റെ ഭാഗമായിട്ടാണ് ഈ ബിൽ ഇന്ന് സഭയിൽ അവതരിപ്പിക്കുന്നത്. മറ്റ് കാര്യങ്ങൾ ക്രമപ്രശ്നത്തിന്റെ ഭാഗമായി പറഞ്ഞുകഴിഞ്ഞു. കോടതിയുടെ മുമ്പാകെ വന്നതും ശ്രീ. മുകുൾ റോത്തഗിയടക്കമുള്ളവർ തന്നിട്ടുള്ള ഉപദേശവുമനുസരിച്ച് നേരത്തെ കൊണ്ടുവന്ന ഓർഡിനൻസിൽ ചില ഭേദഗതികൾ വരുത്തിയിട്ടുണ്ട്. അത് ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചുകൊണ്ടാണ് ഈ ബിൽ പാസ്സാക്കാൻ ആഗ്രഹിക്കുന്നത്.

മി. സ്പീക്കർ: ചർച്ച ആരംഭിക്കുകയാണ്. രണ്ട് ബില്ലിലുമായി ഏഴുപേരാണ് സംസാരിക്കാനുള്ളത്. രാവിലെ സൂചിപ്പിച്ചതുപോലെ സമയക്ലിപ്തത പാലിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. വിയോജനക്കുറിപ്പ് നൽകിയിട്ടുള്ള ശ്രീ. പി. കെ. ബഷീർ ചുരുക്കി സംസാരിച്ച് സഹകരിക്കണം.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. പി. കെ. ബഷീർ: സർ, ബില്ലിൻമേലുള്ള വിയോജിപ്പ് രേഖപ്പെടുത്തുന്നു. ആരോഗ്യ വകുപ്പുമന്ത്രി അമ്മയും മുത്തശ്ശിയുമാണ്. കുട്ടികളുടെ കാര്യത്തിൽ അമ്മമാർക്കുണ്ടാകുന്ന വികാരമാണ് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ച ബില്ലിലുള്ളത്. ഈ ബില്ലിൽ മാനേജ്മെന്റിനെ ഞാൻ സപ്പോർട്ട് ചെയ്യുന്നില്ല. മുമ്പ് ഈ ബിൽ സഭയിൽ വന്ന് ഐക്യകണ്ഠ്യേന സബ്ജക്ട് കമ്മിറ്റിക്ക്

അയച്ചതിനുശേഷം ഇന്ന് പാസ്സാക്കാൻ പോകുകയാണ്. കണ്ണൂർ മെഡിക്കൽ കോളേജിലെ 150 വിദ്യാർത്ഥികളുടെയും കരുണ മെഡിക്കൽ കോളേജിലെ 30 വിദ്യാർത്ഥികളുടെയും പ്രവേശനമാണ് റദ്ദാക്കിയത്. ഈ തീരുമാനം പിന്നീട് ബഹുമാനപ്പെട്ട ഹൈക്കോടതിയും സുപ്രീംകോടതിയും ശരിവച്ച എന്നുള്ളതും ഇവിടെ പറയുന്നുണ്ട്. വിദ്യാർത്ഥികളുടേതല്ലാത്ത വീഴ്ചകൾക്ക് അവർ ഇരയാകാൻ പാടില്ല. ആ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത മെഡിക്കൽ കോളേജിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ റാങ്കിനേക്കാൾ കുറഞ്ഞ നീറ്റ് റാങ്കുള്ള വിദ്യാർത്ഥികൾ മറ്റ് കോളേജുകളിൽ പ്രവേശനം നേടിയിരിക്കുകയാണ്. നീറ്റ് റാങ്കുമായി ബന്ധപ്പെട്ട രേഖകൾ ശരിയാംവിധം പ്രവേശന മേൽനോട്ട സമിതി മുമ്പാകെ ബന്ധപ്പെട്ട മാനേജ്മെന്റുകൾ ഹാജരാക്കാതിരുന്നതിന്റെ അടിസ്ഥാനത്തിലാണ് ഈ കുട്ടികളുടെ അഡ്മിഷൻ റദ്ദാക്കേണ്ട സാഹചര്യം വന്നത്. കണ്ണൂർ അഞ്ചരക്കണ്ടി മെഡിക്കൽ കോളേജിന്റെ നടത്തിപ്പും മറ്റ് കാര്യങ്ങളുമൊക്കെ ബഹുമാനപ്പെട്ട മന്ത്രി അന്വേഷിക്കണം. അഞ്ചരക്കണ്ടി മെഡിക്കൽ കോളേജ് ബഹുമാനപ്പെട്ട ഹൈക്കോടതിയിലും സുപ്രീംകോടതിയിലും പോയി അഡ്മിഷൻ റെഗുലറൈസ് ചെയ്യുന്ന അവസ്ഥയുണ്ട്; അതിനൊരു അറുതി വരുത്തണം. കണ്ണൂർ അഞ്ചരക്കണ്ടി മെഡിക്കൽ കോളേജിൽനിന്നും കുട്ടികളും രക്ഷിതാക്കളും കൗൺസിലിംഗിനായി ഇങ്ങോട്ട് വരാനായി മൂന്ന് ബസുകളിലായി കയറിയപ്പോൾ, അവരോട് കോളേജിന്റെ മാനേജർ അങ്ങോട്ട് പോകേണ്ട ആവശ്യമില്ലെന്നും അത് ശരിയാകുമെന്നും പറഞ്ഞ് ആ ബസ് തടഞ്ഞുനിർത്തി. വലിയ തുക നൽകി അഡ്മിഷൻ നേടിയ അഞ്ചോ ആറോ കുട്ടികൾ ഇതിലുണ്ടാകും. അവരുടെ താൽപ്പര്യത്തിനനുസരിച്ച് മാനേജ്മെന്റ് പ്രവർത്തിച്ചതിന്റെ ഫലമായി ആ കുട്ടികൾ ഇവിടെ കൗൺസിലിംഗിന് വന്നില്ല. നീറ്റ് പരീക്ഷയിൽ നല്ല റാങ്കുള്ള കുട്ടികളായിരുന്നു. കരുണ മെഡിക്കൽ കോളേജിൽ 30 കുട്ടികളാണുള്ളത്. വളരെ മാന്യമായി പ്രവർത്തിക്കുന്ന കോളേജാണ്. അതിൽ ഞാൻ കുറ്റമൊന്നും പറയില്ല. കണ്ണൂർ മെഡിക്കൽ കോളേജിനെ സംബന്ധിച്ച് നമുക്കും മന്ത്രിക്കും കാര്യങ്ങളറിയാം; മന്ത്രി ആ ജില്ലയിലുള്ള ആളാണ്; അവിടെ നടക്കുന്ന കാര്യങ്ങളെക്കുറിച്ച് എല്ലാവർക്കും നല്ലതുപോലെ അറിയാം. അവിടെ നടക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് അന്വേഷിക്കണം. മാനേജ്മെന്റിനെ നമ്മൾ സംരക്ഷിക്കുന്നു എന്നാണ് എല്ലാവരുടെയും ചിന്ത.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ബഹുമാനപ്പെട്ട അംഗം നിലവിലുള്ള നിയമത്തിന് വിരുദ്ധമായി, സഭ പാസ്സാക്കാൻ പോകുന്ന നിയമത്തെ പിന്തുണച്ചുകൊണ്ട് പ്രസംഗിക്കുകയാണ്. ഇവിടെ ശ്രീ. വി. ടി. ബൽറാം ചൂണ്ടിക്കാണിച്ചതുപോലെ ഇത് ചട്ടവിരുദ്ധമായ നടപടിയാണ്. പണ്ട് എം.പി. മേനോൻ അന്വേഷിച്ച കേരളത്തിലെ മെഡിക്കൽ/എഞ്ചിനീയറിംഗ് കോളേജ്

പ്രവേശനം സംബന്ധിച്ച് മാർക്ക് തട്ടിപ്പ് കേസ് നടന്നു. പത്ത്-മുപ്പത് വർഷം കഴിഞ്ഞാണ് ആ കേസുകളിൽപ്പെട്ട പലരും ജയിൽ ശിക്ഷ കഴിഞ്ഞുവന്നത്. കേരളത്തിലെ നിലവിലുള്ള നിയമത്തെ വെല്ലുവിളിക്കുന്ന നടപടിയാണിത്. യഥാർത്ഥത്തിൽ ഈ നടപടി നിയമത്തോടും നിലവിലുള്ള സംവിധാനങ്ങളോടും ബഹുമാനപ്പെട്ട ഹൈക്കോടതി, സുപ്രീംകോടതി വിധികളോടും ചെയ്യുന്ന വെല്ലുവിളിയാണെന്ന് ശ്രീ. വി. ടി. ബൽറാം പറഞ്ഞത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. കെ. ബഷീർ: സർ, ശ്രീ. വി. ടി. ബൽറാം പറഞ്ഞ എല്ലാ അഭിപ്രായത്തോടും എനിക്ക് യോജിപ്പില്ല. കാരണം, കുട്ടികളുടെ കാര്യമായതുകൊണ്ട് ഇത് പ്രാവർത്തികമാകണമെന്ന അഭിപ്രായമാണ് എനിക്കുള്ളത്. നമുക്കെല്ലാവർക്കും പല ആശയങ്ങളും പല പാർട്ടികളുമുണ്ടാകും. പച്ചയായി പറഞ്ഞാൽ എല്ലാ പാർട്ടിക്കാരും അതിന് സപ്പോർട്ടാണ്. അതുകൊണ്ടാണ് നമ്മളും അതിനെ സപ്പോർട്ട് ചെയ്യുന്നത്. പാർട്ടി എതിർക്കാൻ പറഞ്ഞാൽ എതിർക്കുകയും സപ്പോർട്ട് ചെയ്യാൻ പറഞ്ഞാൽ സപ്പോർട്ട് ചെയ്യുകയും ചെയ്യും. കഴിഞ്ഞ ആറേഴ് മാസമായി രക്ഷിതാക്കളും കുട്ടികളും നിയമസഭയുടെയും സെക്രട്ടേറിയറ്റിന്റെയും വരാന്തയിലൂടെ എല്ലാ എം.എൽ.എ-മാരെയും കണ്ട് നടക്കുകയായിരുന്നു. അന്നെല്ലാവരും പോസിറ്റീവായി പറഞ്ഞു, ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ആരോഗ്യ വകുപ്പുമന്ത്രിക്കും കത്ത് കൊടുത്തു. സാധാരണ ഇടതുപക്ഷ സർക്കാർ ഇങ്ങനെയൊരു ബിൽ കൊണ്ടുവരില്ല. അവർക്ക് ആ കുട്ടികളുടെ കാര്യത്തിൽ നല്ലൊരു മനസ്സുണ്ടായതിൽ ഞാനവരെ അഭിനന്ദിക്കുകയാണ്. കാരണം, ഒരു കൂട്ടർ തെറ്റ് ചെയ്യുക, പിന്നീട് റെഗുലറൈസ് ചെയ്യുക എന്നുള്ളത് കീഴ്വഴക്കം ആകാൻ പാടില്ല. 180 കുട്ടികളുടെ പ്രയാസങ്ങളാണ് നമ്മൾ കാണുന്നത്. നമ്മളൊക്കെ പുരോഗമന ആശയക്കാരാണ്. ബഹുമാനപ്പെട്ട സുപ്രീംകോടതി പറയുന്നത് എന്താണെന്ന് അപ്പോൾ നോക്കാം. നമ്മുടെയും പത്രക്കാരുടെയും അഭിപ്രായവും കോടതിയുടെ വിധിയും അനുസരിച്ച് പാർലമെന്റിൽ നിയമം പാസ്സാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിക്കെതിരെ ഭരണഘടന ഭേദഗതി ചെയ്തിട്ടില്ലേ? ചില സംഗതികളൊക്കെ അല്പസ്വല്പമൊക്കെ വേണ്ടിവരും. നമുക്ക് കളക്ടീവ് ലീഡർഷിപ്പുണ്ട്. നമ്മളെല്ലാവരുംകൂടി കാര്യങ്ങൾ ചർച്ച ചെയ്തതാണ്. കോടതിയിൽ രണ്ടോ മൂന്നോ ആളുകളാണ് നോക്കുന്നത്. അവർ പറയുന്നത് മാത്രമേയുള്ളൂ. പട്ടികജാതി വിഭാഗക്കാർ ചേർന്ന കേസിലെ വിധിയിൽ നിന്ന് ഒരു മാറ്റവും വരുത്തില്ല. ഇതൊരു കീഴ്വഴക്കമാകരുതെന്നാണ് മന്ത്രിയോട് പറയാനുള്ളത്.

ശ്രീ. വി. ടി. ബൽറാം സൂചിപ്പിച്ചതുപോലെ ബഹുമാനപ്പെട്ട

സുപ്രീംകോടതിയിൽ വരുമ്പോൾ എങ്ങനെയാകുമെന്നുള്ളത് പറയാൻ സാധിക്കില്ല. ഒഫിഷ്യൽ അമെന്റ്മെന്റ് കൊണ്ടുവരുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിട്ടുണ്ട്. എന്തായാലും സർക്കാർ ഏറ്റെടുക്കേണ്ട. അഡ്മിഷനും മറ്റ് കാര്യങ്ങൾക്കുമൊക്കെ നിലവിലുള്ള സംവിധാനത്തിൽ മേൽനോട്ട സമിതിയുണ്ട്. ആ സമിതിക്ക് ഇതിനുള്ള അധികാരങ്ങൾ കൊടുത്ത് മുന്നോട്ട് പോകണമെന്നാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, ആൾ ഇന്ത്യാ മെഡിക്കൽ എൻട്രൻസ് എക്സാമിനേഷനിൽ ക്വാളിഫൈഡായി കോളേജ് വിദ്യാഭ്യാസത്തിന് അർഹതയുള്ള കുട്ടികളുൾപ്പെടെയുള്ളവരാണ് ഈ ലിസ്റ്റിലുള്ളത്. ആ കുട്ടികളുടെ ഭാവിയെ സംരക്ഷിക്കേണ്ട കാര്യമില്ലെന്നാണോ ശ്രീ. വി. ടി. ബൽറാമും ശ്രീ. പി. ടി. തോമസും വ്യക്തമാക്കുന്നത്. അവരൊക്കെ സർക്കാർ കോളേജുകളിൽ അഡ്മിഷൻ ലഭിക്കാൻ അർഹതയുള്ളവരാണ്. ആ കുട്ടികളുടെ ഭാവി തകരുമ്പോൾ നോക്കിനിന്ന് ഇത്തരമൊരു നിലപാട് സ്വീകരിക്കലാണോ ചെയ്യേണ്ടത്; അതോ കോൺഗ്രസിനകത്തുള്ള വ്യത്യസ്തമായ നിലപാടാണോ ഇവിടെ പ്രകടിപ്പിക്കുന്നത്?

<u>ശ്രീ. വി. ടി. ബൽറാം</u>: സർ, ഞാൻ ക്രമപ്രശ്നമായി ഉന്നയിച്ചത് അതിനെക്കുറിച്ചാണ്. അതുതന്നെയാണ് ശ്രീ. ഇ. പി. ജയരാജനും ശ്രീ. പി. ടി. തോമസും ശ്രീ. പി. കെ. ബഷീറുമൊക്കെ സൂചിപ്പിച്ചത്. ഞാൻ കൃത്യമായി കാര്യങ്ങൾ പറഞ്ഞിട്ടുണ്ടായിരുന്നു. ബില്ലിന്റെ ഉദ്ദേശ്യശുദ്ധിയെ തന്നെ ചോദ്യം ചെയ്യുന്നുണ്ട്. നിയമനിർമ്മാണത്തിൽ അംഗങ്ങൾ സ്വതന്ത്രമായി അഭിപ്രായം പറയണം. അല്ലാതെ പാർട്ടി നേതൃത്വത്തിന്റെ dictate-നനുസരിച്ച് മാത്രമല്ല നിയമനിർമ്മാണ ചർച്ചകളിൽ അംഗങ്ങൾ അഭിപ്രായം പറയേണ്ടത്. ഇതിൽ മെറിറ്റുള്ള കുട്ടികളുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. അവരെ മറന്നുകൊണ്ടല്ല, അവരെ സംരക്ഷിക്കണമെന്ന നിലപാടിനെ അംഗീകരിക്കാതിരിക്കുന്നുമില്ല. പക്ഷെ മെറിറ്റുള്ള കുട്ടികളുടെ മറവിൽ അനധികൃതമായി അഡ്മിഷൻ നൽകിയ കുട്ടികളുടെ പ്രവേശനം ക്രമവൽക്കരിക്കുന്നു, ആ വഴിയുള്ള വിദ്യാഭ്യാസ കച്ചവടത്തെ ക്രമവൽക്കരിക്കുന്നു എന്നുള്ളതാണ് പ്രശ്നം. ബില്ലിന്റെ നാലാം വകുപ്പിൽ പ്രവേശനവുമായി ബന്ധപ്പെട്ട കോംപീറ്റന്റ് അതോറിറ്റി പരിഗണിക്കേണ്ട കാര്യങ്ങളിൽ പറയുന്നത്, വിദ്യാർത്ഥികൾ അപേക്ഷ സമർപ്പിച്ച രീതി പരിഗണിക്കാൻ പാടില്ലെന്നുള്ളതാണ്. അപേക്ഷ സമർപ്പിക്കുന്ന രീതി ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. ഓൺലൈനായി മാത്രമേ അപേക്ഷ സമർപ്പിക്കാൻ പാടുള്ളൂ എന്നാണ് അന്നത്തെ നിയമം. അങ്ങനെയാണ് മെറിറ്റുള്ള കുട്ടികൾ മുഴുവൻ അപേക്ഷിച്ചിട്ടുള്ളത്. അല്ലാത്ത കുട്ടികളാണ് ഓൺലൈനിൽ അല്ലാതെ അപേക്ഷിച്ചിട്ടുള്ളത്. ആ കുട്ടികൾക്കുവേണ്ടി മെറിറ്റുള്ള കുട്ടികളെ

മറയാക്കുന്നു/ബന്ദിയാക്കുന്നു എന്നത് അങ്ങേയറ്റം അധാർമികമാണ് എന്നുള്ളതാണ് ഞാൻ ഉന്നയിച്ച തടസ്സവാദം. അത് അംഗീകരിക്കാം, അംഗീകരിക്കാതിരിക്കാം. ഞങ്ങൾക്ക് അഭിപ്രായം പറഞ്ഞേ മതിയാകൂ.

ശ്രീ. പി. കെ. ബഷീർ: സർ, ബഹുമാനപ്പെട്ട ഇ. പി. ജയരാജൻ സൂചിപ്പിച്ചതുപോലെ, ഏറ്റവും ഉയർന്ന റാങ്കുള്ള കുട്ടികൾക്കാണ് അഡ്മിഷൻ ലഭിക്കാതെ പോയതെന്ന് ഞാനെന്റെ പ്രസംഗത്തിൽ ആമുഖമായി പറഞ്ഞിരുന്നു. കാരണം, അവരുടേതല്ലാത്ത കാരണംകൊണ്ട് മാനേജ്മെന്റ് ശരിയായ സമയത്ത് കാര്യങ്ങളൊന്നും ചെയ്യാത്തതുകൊണ്ട് കുട്ടികളെ അവിടെ ക്ലാസ്സിലിരുത്തുകയും എന്നാൽ മെഡിക്കൽ കൗൺസിലിലോ/ബന്ധപ്പെട്ട ആരോഗ്യ സർവ്വകലാശാലയിലോ ഇവരുടെ പേപ്പറുകൾ കൊടുക്കാതെ വന്നപ്പോഴുണ്ടായ പ്രശ്നമാണ് ഇവിടെയുള്ളത്. മാനേജ്മെന്റിന്റെ എല്ലാ കാര്യത്തിനും കൂട്ടുനിൽക്കണമെന്ന് ഞാൻ പറയുന്നില്ല. മാനേജ്മെന്റിനെ കടിഞ്ഞാണിടണമെന്ന് ഞാൻ നേരത്തെ പറഞ്ഞു. ഒരഭിപ്രായം എനിക്ക് പറയാനുണ്ട്, നമ്മളൊക്കെ പാർട്ടിയുടെ നോമിനിയായാണ് നിയമസഭയിൽ വരുന്നത്. ആ പാർട്ടിയുടെ നയമനുസരിച്ച് മാത്രമേ നമുക്ക് കാര്യങ്ങൾ പറയാൻ കഴിയൂ. നിയമനിർമ്മാണത്തിന് പാർട്ടിക്ക് ഒരു നയമുണ്ടാകും; ഓരോ കാര്യത്തിനും പാർട്ടിക്ക് നയമുണ്ടാകും. എനിക്ക് പാർട്ടി അച്ചടക്കത്തിൽ നിന്നുകൊണ്ടു മാത്രമെ തൽക്കാലം പറയാൻ കഴിയൂ. അല്ലാത്ത കാര്യമൊന്നും ഇപ്പോൾ പറയാൻ കഴിയില്ല. ഗുണമായാലും ദോഷമായാലും ആ കാര്യത്തിൽ എനിക്കൊരു നിലപാടുണ്ട്.

മറ്റൊന്ന്, മൂന്ന് ലക്ഷം രൂപ ഫൈൻ അടയ്ക്കുന്ന കാര്യം പറയുന്നുണ്ട്. അത് കുട്ടികളിൽ നിന്നാണ് മാനേജ്മെന്റ് വാങ്ങുന്നത്. ആ തുക മാനേജ്മെന്റ് അടയ്ക്കണം. ഞാൻ സബ്ജക്ട് കമ്മിറ്റിയിൽ ഇക്കാര്യം വളരെ ശക്തമായി പറഞ്ഞതാണ്. ഏതെങ്കിലും കുട്ടികളുടെ കയ്യിൽനിന്ന് മാനേജ്മെന്റ് പണം വാങ്ങിയിട്ടുണ്ടെങ്കിൽ അത് റദ്ദാക്കണം. അതിനുള്ള ആർജ്ജവം സർക്കാരും ആരോഗ്യ വകുപ്പുമന്ത്രിയും കാണിക്കണമെന്നാണ് പറയാനുള്ളത്. ലാ സെക്രട്ടറി സബ്ജക്ട് കമ്മിറ്റിയിൽ വരണം. അദ്ദേഹം ധാരാളം വിമർശനം ഏറ്റുവാങ്ങിയ വ്യക്തിയാണ്. ലാ സെക്രട്ടറി നിയമവും മറ്റ് കാര്യങ്ങളും തയ്യാറാക്കിയതിനെക്കുറിച്ച് ഇംഗ്ലീഷ് പത്രത്തിൽ വളരെ മോശമായി റിപ്പോർട്ട് വന്നു. സാധാരണ ലാ സെക്രട്ടറി ഇതിനെതിര് നിൽക്കുന്നതാണ്. എന്നാലും സർക്കാരിന്റെ സമ്മർദ്ദത്തിന് വഴങ്ങിക്കൊണ്ട് അദ്ദേഹം പോസിറ്റീവായ സമീപനമെടുത്തതിനെ ഞാൻ അഭിനന്ദിക്കുകയാണ്. ഇത് 180 കുട്ടികളുടെ വിഷയമായതുകൊണ്ടാണ് ഞാനിതിനെ സപ്പോർട്ട് ചെയ്യുന്നത്. അഞ്ചരക്കണ്ടി മെഡിക്കൽ കോളേജിനെ സംബന്ധിച്ച് നല്ല

അഭിപ്രായം പോലുമില്ല. ഞാൻ പറയുന്നത് എല്ലാവരും കേൾക്കണം, പ്രത്യേകിച്ച് ബഹുമാനപ്പെട്ട ഇ. പി. ജയരാജൻ കേൾക്കണം. കാരണം, അവിടെ ദന്തലിനോ മറ്റ് കോഴ്സുകൾക്കോ അഡ്മിഷൻ എടുക്കാൻ വരുന്ന സമയത്ത് സ്കോളർഷിപ്പ് കിട്ടുമെന്നുള്ളതുകൊണ്ട് അഡ്മിഷനെടുക്കാൻ കുട്ടികളോട് പറയും. രണ്ടരലക്ഷം രൂപയ്ക്ക് പഠിക്കാൻ കഴിയുമെന്നാണ് പറയുന്നത്. സ്കോളർഷിപ്പ് കിട്ടുമെന്ന് വിചാരിച്ച് കുട്ടികൾ ചേരും. ആ സമയത്ത് 7 ലക്ഷം രൂപയാണ് ഫീസ്. പിന്നീട് ഈ തുക കുറഞ്ഞു വരുമെന്ന് അവരോട് പറയുമെങ്കിലും ആ ഫീസ് കുറച്ചുകൊടുക്കില്ല. നാല് കൊല്ലത്തേയ്ക്ക് 30-35 ലക്ഷം രൂപ കൊടുത്ത് പഠിക്കേണ്ട അവസ്ഥയാണുള്ളത്. എത്രയോ കേസുകളുണ്ട്. ഞാൻ തെളിവുകൾ തരാം. പല കുട്ടികളും ആത്മഹത്യയുടെ വക്കിൽവരെ പോയ സംഭവങ്ങളുണ്ട്. ആ കോളേജുകളുടെ കാര്യത്തിൽ നിയന്ത്രണമുണ്ടാകുകതന്നെ വേണം. അതിന് വളരെ ശക്തമായ നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്.

1.00 P.M]

ഞാൻ ഒന്നുരണ്ട് രാഷ്ട്രീയ കാര്യങ്ങൾ പറയുകയാണ്. സി.പി.ഐ. അംഗങ്ങളുടെ മുഖം വിളറി വെളുത്തിരിക്കുകയാണ്. കാരണം, വയനാട്ടിലെ കേസ് വിജിലൻസ് അന്വേഷിക്കുമെന്ന് ഇന്നലെ മുഖ്യമന്ത്രി പറഞ്ഞതോടെ ഒരു മിണ്ടാട്ടവുമില്ല. കശുവണ്ടി ഇറക്കുമതിയുമായി ബന്ധപ്പെട്ട കേസും സഹകരണ ബാങ്കുകളിൽ സോഫ്റ്റ്‌വെയർ തയ്യാറാക്കാൻ ചുമതലപ്പെടുത്തിയ ഇഫ്താസ് കമ്പനിയുമായി ബന്ധപ്പെട്ട കേസും വന്നിട്ട് അതിനൊന്നും നിങ്ങൾ വിജിലൻസ് അന്വേഷണം നടത്തിയില്ലല്ലോ. എന്താണ് നിങ്ങളൊന്നും പറയാത്തത്? അപ്പോൾ കിട്ടിയ സമയത്ത് മുഖ്യമന്ത്രി നിങ്ങൾക്ക് പാര വച്ചു. മറ്റ് രണ്ട് കേസ് വന്നപ്പോഴും വിജിലൻസ് അന്വേഷണമുണ്ടായി. നിങ്ങളെന്താണ് വിചാരിച്ചത്? മുഖ്യമന്ത്രി എഴുന്നേറ്റപ്പോൾ നിങ്ങളെ സപ്പോർട്ട് ചെയ്ത് പറയുമെന്ന് വിചാരിച്ചോ? മുഖ്യമന്ത്രി സാവധാനം, അദ്ദേഹത്തിന്റെ സ്വതസിദ്ധമായ ശൈലിയിൽ പറഞ്ഞിട്ട് അവസാനം വിജിലൻസ് അന്വേഷിക്കുമെന്ന് പറഞ്ഞു.

<u>ശ്രീ. ആർ. രാമചന്ദ്രൻ</u>: സർ, ആ വിഷയത്തിൽ ഏതന്വേഷണവും നേരിടാൻ സി.പി.ഐ. സന്നദ്ധമാണ്. ഞങ്ങളുടെ കൈകളിൽ കറയുണ്ടെങ്കിൽ മാത്രമേ ഭയക്കേണ്ടതുള്ളൂ. അതുകൊണ്ടാണ് ഞങ്ങൾ പ്രതികരിക്കാത്തത്.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി കണ്ടതെന്താണെന്ന് അറിയാമോ? എം. എൻ. ഗോവിന്ദൻ നായരുടെ പേരിലുള്ള ഓഫീസിൽ വിജിലൻസുകാരെ കയറ്റാനാണ് ശ്രമിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്തെങ്കിലും കാണാതെ വിജിലൻസ് അന്വേഷണം പ്രഖ്യാപിക്കുമെന്ന് എനിക്ക്

തോന്നുന്നില്ല. മുഖ്യമന്ത്രി വിജിലൻസ് അന്വേഷണം പ്രഖ്യാപിച്ചപ്പോൾ ശ്രീ. എസ്. ശർമ്മപോലും ഞെട്ടി. നിങ്ങളുടെ പാർട്ടി എന്തിനാണ് ശ്രീ. കെ. രാജനെ അവിടത്തെ ജില്ലാ സെക്രട്ടറിയാക്കിയത്. അദ്ദേഹം ശ്രീ. കെ. ഇ. ഇസ്മയിലിന്റെ ആളാണ്. അവിടെ വേറെ ആരുമില്ലേ? നിങ്ങളിങ്ങനെ വലിയ പുരോഗമനവും കാര്യങ്ങളുമൊക്കെ പറഞ്ഞ് നടക്കുകയല്ലേ? ഒന്നുകിൽ ആ ജില്ലാ സെക്രട്ടറിയുടെ തലയിൽ എന്തെങ്കിലുമുണ്ടാകണ്ടേ? ഒരു പത്രപ്രവർത്തകനെ കണ്ടാൽ മനസ്സിലാകണ്ടേ; അല്ലെങ്കിൽ അദ്ദേഹത്തോട് സംസാരിക്കുമ്പോൾ മനസ്സിലാകണ്ടേ; നിങ്ങൾക്ക് വലിയ ബുദ്ധിയുണ്ടെന്ന് പറയാമെന്നല്ലാതെ എന്ത് ചെയ്യാനാണ്?

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, നേരത്തെ അവിടെ എക്സിക്യൂട്ടീവിന്റെ ചുമതലയുണ്ടായിരുന്ന ആൾക്ക് ഇപ്പോൾ ചുമതല കൊടുത്തതാണ്. അല്ലാതെ ജില്ലാ സെക്രട്ടറിയെ മാറ്റിയിട്ടില്ല; പകരം ജില്ലാ സെക്രട്ടറിയായി ശ്രീ. കെ. രാജനെ പോസ്റ്റ് ചെയ്തിട്ടുമില്ല.

ശ്രീ. പി. കെ. ബഷീർ: സർ, എല്ലാ കമ്മ്യൂണിസ്റ്റ് പാർട്ടിക്കും അങ്ങനെ ചില സ്വഭാവമുണ്ട്. പണ്ട് ശ്രീ. ഇ. പി. ജയരാജനെ തൃശ്ശൂർ ജില്ലാ സെക്രട്ടറിയാക്കി, ശ്രീ. എം. എ. ബേബിക്ക് കൊല്ലത്തിന്റെ ചാർജ് കൊടുത്തില്ലേ; അതൊക്കെ നിങ്ങളുടെ പാർട്ടിയുടെ ഒരു രീതിയാണ്. ആ നാട്ടിൽ വേറെ ആളുകളില്ലേ എന്നാണ് ഞാൻ ചോദിക്കുന്നത്?

ശ്രീ. ആർ. രാമചന്ദ്രൻ: സർ, ഞങ്ങളുടെ പാർട്ടിക്ക് ഒരു പ്രത്യേക രീതിയൊക്കെയുണ്ട്. നിങ്ങളുടെ പാർട്ടിയുടെ രീതിയല്ല നമുക്കുള്ളത്.

ശ്രീ. പി. കെ. ബഷീർ: സർ, നിങ്ങളുടെ രീതികൊണ്ടാണ് പാർട്ടിക്ക് ഈ ഗതികേടുണ്ടായത്. ഞങ്ങളുടെ രീതിയിൽ പോയാൽ ഒരു കുഴപ്പവുമുണ്ടാകില്ല. ഇനിയിപ്പോൾ പാർട്ടി കോൺഗ്രസ് കഴിഞ്ഞ് രണ്ട് കൂട്ടരും വന്നതിനുശേഷം ആ കാര്യങ്ങളെ സംബന്ധിച്ചൊക്കെ സംസാരിക്കാം.

ശ്രീ. എൽദോ എബ്രഹാം: സർ, ഇവിടെ ബില്ലിന്റെ ചർച്ചയാണ് നടക്കുന്നത്.

ശ്രീ. പി. കെ. ബഷീർ: സർ, എല്ലാവരും ബില്ലിന്റെ ചർച്ചയിൽ രാഷ്ട്രീയ കാര്യങ്ങളൊക്കെ പറയുന്നുണ്ട്. അവനവന് കിട്ടുന്ന അവസരം ഉപയോഗിക്കാനേ കഴിയുകയുള്ളൂ. നിങ്ങൾക്ക് കിട്ടുന്ന അവസരം നിങ്ങൾക്കും ഉപയോഗിക്കാമല്ലോ. പുതിയ സിനിമയായ 'അഡാർ ലൗ' ഇന്ന് വലിയ വാർത്തയാണ്. പുതിയ അഡാർ ലൗ നടക്കുന്നത് ചെങ്ങന്നൂരിലാണ്. ചെങ്ങന്നൂരിലെ പാർട്ടിയുടെ പുതിയ കളിത്തോഴന്മാരും കളിത്തോഴിമാരും പാർട്ടിയുടെ നിറവും മണവും

വെളിപ്പെടുത്തുന്നു. പാർട്ടി ഇപ്പോൾ എങ്ങോട്ടാണ് പോകുന്നതെന്നുള്ളത് ആലോചിക്കണം. മുമ്പ് പാർട്ടിയുടെ ഒരു സംസ്ഥാന സമ്മേളനത്തിൽ ജനം അച്ചടക്കം പാലിക്കാതെ വന്നപ്പോൾ ഇത് ഉഷാ ഉതുപ്പിന്റെ ഗാനമേളയല്ല, പാർട്ടി സമ്മേളനമാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞിരുന്നു. അതുകൊണ്ട് എനിക്ക് പറയാനുള്ളത്, ചെങ്ങന്നൂരിൽ തെരഞ്ഞെടുപ്പ് വരികയാണ്. പുതിയ പല ആളുകളെയും കൊണ്ടുവന്നിട്ടുണ്ട്. ഞാൻ കഴിഞ്ഞ പ്രാവശ്യവും പറഞ്ഞിരുന്നു. അന്ന് ബഹുമാനപ്പെട്ട ഇ. പി. ജയരാജൻ ആശുപത്രിയിലായിരുന്നു. അതുകൊണ്ട് അങ്ങത് കേട്ടിട്ടില്ല. നിങ്ങളുടെ പാർട്ടിക്ക് ഒരു നിലപാടുണ്ടാകണമെന്നാണ് എനിക്ക് നിങ്ങളോട് പറയാനുള്ളത്. നിങ്ങൾക്കൊരു പ്രത്യേക രീതിയുണ്ടെന്ന് ഇപ്പോൾ പറഞ്ഞല്ലോ? സി.പി.ഐ.(എം.)-ന്റെ സംസ്ഥാന സെക്രട്ടറിയെന്നൊക്കെ പറഞ്ഞാൽ അതിനൊരു നിറവുണ്ട്. വിളിക്കുന്ന സ്ഥലത്ത് പോയാൽ മതി. അല്ലാതെ എല്ലാ സ്ഥലത്തും പോയി, എല്ലാവരെയും വിളിച്ചുകൊണ്ടുവരാൻ പോകരുതെന്നാണ് എനിക്ക് നിങ്ങളോട് പറയാനുള്ളത്. നിങ്ങളുടെ പാർട്ടിയുടെ ഭരണം മറ്റ് സംസ്ഥാനങ്ങളിലൊക്കെ നഷ്ടമായി. ഇനി ഇവിടെ മാത്രമേ ബാക്കിയുള്ളൂ. അതെങ്കിലും നിലനിൽക്കണമെന്ന ആഗ്രഹം എനിക്കുള്ളതുകൊണ്ടാണ് ഞാനിത് പറയുന്നത്. ഞാൻ അവസാനിപ്പിക്കുകയാണ്. കണ്ണൂർ, കരുണ മെഡിക്കൽ കോളേജുകളിലെ 180 വിദ്യാർത്ഥികളുടെ അഡ്മിഷൻ ക്രമവൽക്കരിക്കുന്നതിനുവേണ്ടി ഇവിടെ കൊണ്ടുവന്നിട്ടുള്ള ഈ ബില്ലിനെ പിന്താങ്ങുന്നതോടൊപ്പം മൂന്ന് ലക്ഷം രൂപ കുട്ടികളിൽനിന്നും ഈടാക്കാൻ പാടില്ലെന്നും മാനേജ്മെന്റിൽനിന്നുതന്നെ തുക ഈടാക്കണമെന്നുമുള്ള കാര്യത്തിൽ ശക്തമായ നടപടിയുണ്ടാകണമെന്നും പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. വി. ആർ. സുനിൽ കുമാറിനുവേണ്ടി ശ്രീ. ആർ. രാമചന്ദ്രൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള പ്രൊഫഷണൽ കോളേജുകൾ (മെഡിക്കൽ കോളേജുകളിലെ പ്രവേശനം ക്രമവൽക്കരിക്കൽ) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസ രംഗത്ത് എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും സംഭാവന ചെറുതായി കാണാൻ കഴിയുന്നതല്ല. എന്നാൽ ഈ സ്ഥാപനങ്ങൾ മുടക്കുന്ന മൂലധനത്തിന്റെ മറവിൽ ജനങ്ങളെ കൊള്ളയടിക്കുകയും ചൂഷണം ചെയ്യുകയും തങ്ങളെല്ലാ നിയമത്തിനും മുകളിലാണെന്നും നിയമങ്ങൾ തങ്ങൾക്ക് ബാധകമല്ലെന്നുമുള്ള മട്ടിലാണ് പലപ്പോഴും നിലപാടുകൾ സ്വീകരിക്കാറുള്ളത്. 2016-17-ലെ മെഡിക്കൽ പ്രവേശനവുമായി ബന്ധപ്പെട്ട് കണ്ണൂർ, കരുണ മെഡിക്കൽ കോളേജുകൾ ഏതെല്ലാം തരത്തിലുള്ള അട്ടിമറികളാണ് നടത്തിയിട്ടുള്ളതെന്ന്

പരിശോധിക്കേണ്ടതുണ്ട്. അലോട്ട്മെന്റുകൾ എൻട്രൻസ് കമ്മീഷണർ നടത്തുമെന്ന സർക്കാർ ഉത്തരവിനെതിരെ കണ്ണൂർ, കരുണ മെഡിക്കൽകോളേജുകൾ ഹൈക്കോടതിയെ സമീപിച്ചു. അപേക്ഷകരുടെ രേഖകൾ ജെയിംസ് കമ്മിറ്റിക്ക് നൽകണമെന്നും റാങ്ക് പട്ടിക പ്രസിദ്ധീകരിക്കണമെന്നുമുള്ള ഉത്തരവ് വകവയ്ക്കാതെ 2016 സെപ്റ്റംബർ 29-ാം തീയതി അവർ പ്രവേശനം പൂർത്തിയാക്കി. ട്രസ്റ്റ് ആശ്രിതർക്ക് കരുണയിൽ 35-ഉം കണ്ണൂരിൽ 8-ഉം സീറ്റുകൾ നീക്കിവച്ച പ്രോസ്പെക്ടസ് ജെയിംസ് കമ്മിറ്റി റദ്ദാക്കുകയും മെറിറ്റിൽ പ്രവേശനം നടത്തണമെന്ന് ഉത്തരവിടുകയും ചെയ്തു. അവർ അവരുടെ ഇഷ്ടംപോലെ പ്രവേശനം പൂർത്തിയാക്കിയശേഷം പുതിയ പ്രോസ്പെക്ടസ് പ്രസിദ്ധീകരിക്കുകയായിരുന്നു. ജെയിംസ് കമ്മിറ്റി രണ്ട് കോളേജുകളിലെയും 250 സീറ്റുകളിലെ പ്രവേശനം റദ്ദാക്കി. സർവ്വകലാശാല ഇതംഗീകരിച്ച് എൻട്രൻസ് കമ്മീഷണറുടെ അലോട്ട്മെന്റിന് നിർദ്ദേശിച്ചു. മെറിറ്റിൽനിന്ന് പകരം അലോട്ട് ചെയ്ത കുട്ടികൾക്ക് കരുണ കോളേജ് പ്രവേശനം നൽകിയില്ല. ജെയിംസ് കമ്മിറ്റിക്ക് കോളേജുകൾ രേഖകൾ നൽകാത്തതിനെത്തുടർന്ന് കണ്ണൂരിൽ 150-ഉം കരുണയിൽ 30-ഉം കുട്ടികളുടെ പ്രവേശനം കമ്മിറ്റി റദ്ദാക്കി. അത് ഹൈക്കോടതി ശരിവച്ചിട്ടും കുട്ടികളെ ആ കോളേജിൽത്തന്നെ പഠിപ്പിച്ചു. ഈ രീതിയിൽ കടുത്ത വെല്ലുവിളികളും അട്ടിമറികളും ഈ മാനേജ്മെന്റുകൾ നടത്തുമ്പോൾ അതിന് ഇരകളാകേണ്ടിവന്ന വിദ്യാർത്ഥികൾ വലിയ പ്രതീക്ഷയോടെയാണ് മാനേജ്മെന്റ് സീറ്റുകൾ കരസ്ഥമാക്കി പ്രവേശനം നേടിയത്. അങ്ങനെ പ്രവേശനം നേടിയതിന്റെ പിന്നിൽ 32 ലക്ഷം മുതൽ 45 ലക്ഷം വരെയുള്ള കോഴയുടെ കണക്കുകളും പറഞ്ഞ് കേൾക്കുന്നുണ്ട്. ഈ മാനേജ്മെന്റുകൾ വിദ്യാഭ്യാസ കച്ചവടമാണ് നടത്തുന്നത്. വിദ്യാഭ്യാസം നടത്താനുള്ള വിദ്യാർത്ഥികളുടെ മൗലികമായ അവകാശത്തെ അവർ മറ്റൊരു തരത്തിൽ കവർന്നെടുക്കുകയാണ്. ഈ രീതിയിലുള്ള സമീപനം സ്വീകരിച്ചതിന്റെ ഫലമായാണ് വിദ്യാർത്ഥികൾ അനിശ്ചിതത്വത്തിലായത്. ആ കുട്ടികളുടെ ഭാവി തീർച്ചയായും സർക്കാരിന്റെ മുമ്പിൽ പരിഗണനാവിധേയമാകേണ്ട വിഷയമാണ്. അതുകൊണ്ടാണ് ഭരണ-പ്രതിപക്ഷ ഭേദമില്ലാതെ എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും നേതൃത്വങ്ങൾ ഇതിനൊരു പരിഹാരമുണ്ടാകണമെന്ന് ആഗ്രഹിച്ചത്. അതിന്റെ അടിസ്ഥാനത്തിലാണ് ഇവരെ ക്രമവൽക്കരിക്കാനുള്ള ഓർഡിനൻസ് സർക്കാർ പുറപ്പെടുവിച്ചത്. സർക്കാരിന്റെ ആ ഓർഡിനൻസിന് പകരമായിട്ടുള്ള ബില്ലാണ് ഇന്ന് സഭയുടെ പരിഗണനയ്ക്ക് വരുന്നത്. തീർച്ചയായും മനുഷ്യത്വപരമായൊരു സമീപനം ഈ ബില്ലിലുണ്ടെന്നുള്ളത് കാണാതിരുന്നിട്ട് കാര്യമില്ല. മാനേജ്മെന്റുകളെ സഹായിക്കാൻവേണ്ടിയുള്ള ഒന്നായി ഇതിനെ ദുർവ്യാഖ്യാനം ചെയ്യാൻ കഴിയും. എന്നാൽ മാനേജ്മെന്റുകൾ ഏത് സമീപനമാണ് ഈ രംഗത്ത് സ്വീകരിക്കുന്നതെന്നതിനെ സംബന്ധിച്ച് കൃത്യമായ ധാരണയും വ്യക്തമായ

കാഴ്ചപ്പാടും ഈ സർക്കാരിനുണ്ടെന്ന് വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

മാനേജ്മെന്റുകൾ കുട്ടികളുടെയോ സമൂഹത്തിന്റെയോ പൊതുതാല്പര്യത്തിനുവേണ്ടി നിലകൊള്ളുന്നവരല്ല. സ്വകാര്യ മാനേജ്മെന്റുകൾ ഈ രംഗത്ത് ലാഭക്കൊതിയോടെയാണ് പ്രവർത്തിക്കുന്നതെന്നുള്ള കാര്യം നാളിതുവരെയുള്ള അനുഭവങ്ങൾ നമ്മെ വിളിച്ചറിയിക്കുന്നു. ശ്രീ. എ. കെ. ആന്റണി കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്നപ്പോൾ, രണ്ട് സ്വാശ്രയ കോളേജുകൾ എന്നുപറഞ്ഞാൽ ഒരു സർക്കാർ കോളേജ് എന്നാണ് അർത്ഥമാക്കുന്നതെന്ന് പറയുകയുണ്ടായി. എന്നാൽ ഈ മാനേജ്മെന്റുകൾ അദ്ദേഹത്തെ കബളിപ്പിച്ചുവെന്ന് അധികാരം വിട്ടൊഴിയുന്ന സമയത്ത് അദ്ദേഹത്തിനുതന്നെ പറയേണ്ടിവന്നു. അതാണ് മാനേജ്മെന്റുകളുടെ രീതി. അവർക്ക് ലാഭം കൊയ്യുക എന്നതിനപ്പുറത്ത് വിദ്യാഭ്യാസ നിലവാരം ഉയരണമെന്നോ വിദ്യാർത്ഥികൾ പഠിച്ച് രക്ഷപ്പെടണമെന്നോ യാതൊരു ചിന്തയും അവർക്ക് ബാധകമല്ലെന്ന യാഥാർത്ഥ്യം നാം തിരിച്ചറിയേണ്ടതുണ്ട്. അപ്പോൾ മാനേജ്മെന്റുകളെ പ്രൊട്ടക്ട് ചെയ്യാൻ വേണ്ടിയോ അവരുടെ താല്പര്യങ്ങൾ സംരക്ഷിക്കാൻവേണ്ടിയോ അല്ല, മറിച്ച് അവരുടെ ഇരകളായിത്തീർന്ന വിദ്യാർത്ഥികളുടെ ഭാവി സുനിശ്ചിതമാക്കാനും അവരുടെ വിദ്യാഭ്യാസം ഉറപ്പുവരുത്താനും വേണ്ടിയുള്ളതാണ് ഈ നിയമമെന്നുള്ളത് നാം കാണണം. വിദ്യാർത്ഥി താല്പര്യത്തിലധിഷ്ഠിതമായൊരു സമീപനമാണ് ഇടതുപക്ഷ ഗവൺമെന്റിനുള്ളത് എന്നതിന്റെ പ്രതിഫലനമാണ് ഈ നിയമം. കേരളത്തിലെ ആരോഗ്യപരിപാലന രംഗത്ത് നിരവധിയായ നേട്ടങ്ങൾ അടിക്കടി ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന അനുഭവമാണ് ഇന്നുള്ളതെന്ന് ഈ സർക്കാരിനെ വിമർശിക്കുന്നവർപോലും അംഗീകരിക്കുമെന്നാണ് ഞാൻ കരുതുന്നത്.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, അങ്ങ് വിദ്യാർത്ഥികളെ സംരക്ഷിക്കണമെന്ന് പറയുന്ന ആശയത്തോട് ഞാൻ യോജിക്കുകയാണ്. പുരോഗമനപരമായൊരു സർക്കാർ ഇങ്ങനെയൊരു കാര്യം ചെയ്യുമ്പോൾ ക്രമവിരുദ്ധമായി പെരുമാറിയ ഈ മാനേജ്മെന്റുകളുടെ വരുംവർഷത്തെ മാനേജ്മെന്റ് ക്വാട്ടയെങ്കിലും സർക്കാരിന് സറണ്ടർ ചെയ്യണമെന്നുള്ള ഒരു ഭേദഗതി കൊണ്ടുവന്നിരുന്നെങ്കിൽ കുട്ടികളെ രക്ഷിക്കുകയും മാനേജ്മെന്റുകളെ പാഠം പഠിപ്പിക്കുകയും നാളെ ഇത് ആവർത്തിക്കാതിരിക്കുകയും ചെയ്യുമായിരുന്നു. അങ്ങനെയൊരു നടപടിയുണ്ടാകേണ്ടതല്ലേ?

<u>ശ്രീ. ആർ. രാമചന്ദ്രൻ</u>: സർ, അതൊക്കെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ തീരുമാനിക്കപ്പെടേണ്ട വിഷയങ്ങളാണ്. ഞാൻ പറഞ്ഞുവന്നത്, 'ആർദ്രം' പദ്ധതി കേരളത്തിലെ ആരോഗ്യപരിപാലനരംഗത്ത് ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾ ആശാവഹമാണ്. അതിന് നേതൃത്വം കൊടുക്കുന്ന മന്ത്രിയെ ഈയവസരത്തിൽ

ഞാൻ പ്രത്യേകം അഭിനന്ദിക്കാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. റ്റി. വി. രാജേഷ്: സർ, സ്വാശ്രയ മേഖലയിലെ വിഷയങ്ങളെപ്പറ്റി ബഹുമാനപ്പെട്ട അംഗം ശ്രീ. പി. ടി. തോമസ് പറഞ്ഞു. 2002-ലാണ് യഥാർത്ഥത്തിൽ സ്വാശ്രയ പ്രശ്നങ്ങളെ മുഴുവൻ കുഴപ്പിക്കുന്ന സങ്കീർണ്ണമായ ടി.എം.എ. പൈ കേസിന്റെ വിധി വരുന്നത്. അതിനുശേഷം 2004-ൽ അധികാരത്തിൽവന്ന ഒന്നാം യു.പി.എ. സർക്കാരിന്റെ കാലത്ത് ഇൻഡ്യയിലെ വിദ്യാർത്ഥി സംഘടനകൾ ഒരു മാതൃകാ ബിൽ തയ്യാറാക്കി അന്നത്തെ എച്ച്.ആർ.ഡി. മന്ത്രി അർജ്ജുൻ സിംഗിന് കൈമാറി. അന്ന് സുപ്രീംകോടതിയുടെ ഡിവിഷൻ ബെഞ്ച് വിധിയെ മറികടക്കാനും സ്വാശ്രയമേഖലയിലെ പ്രൊഫഷണൽ കോളേജുകളിൽ സാമൂഹ്യനീതി ഉറപ്പാക്കാനും ഒരു കേന്ദ്രനിയമം കൊണ്ടുവരണമെന്നാവശ്യപ്പെട്ട് നിരവധി പ്രക്ഷോഭങ്ങൾ നടന്നിരുന്നു. എന്നാൽ അദ്ദേഹം എം.പി. ആയിരുന്ന യു.പി.എ. സർക്കാരിന്റെ കാലത്ത്, അദ്ദേഹംകൂടി പിന്തുണ നൽകി ഒരു കേന്ദ്രനിയമം കൊണ്ടുവരാൻ ഒരിക്കൽപ്പോലും ശബ്ദമുയർത്താതെ ഇക്കാര്യത്തിൽ അദ്ദേഹം പ്രകടിപ്പിക്കുന്ന ആശങ്കകൾ ആത്മാർത്ഥതയുള്ളതാണോ; അതിനെപ്പറ്റി അങ്ങെന്താണ് പറയുന്നത്?

ശ്രീ. ആർ. രാമചന്ദ്രൻ: സർ, ഇതിലുള്ള ആത്മാർത്ഥതയെ സംബന്ധിച്ച് ഞാൻ പ്രത്യേകിച്ച് വിശദീകരിക്കേണ്ട കാര്യമുണ്ടോ; എത്രയോ അനുഭവങ്ങൾ നമുക്ക് ബോദ്ധ്യമുള്ളതാണ്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, മാനേജ്മെന്റിനെ സംബന്ധിച്ച് നേരത്തെ ബഹുമാനപ്പെട്ട അംഗം ശ്രീ. പി. ടി. തോമസ് പറഞ്ഞു. അത് കഴിഞ്ഞ വർഷത്തോടുകൂടി അവസാനിച്ചല്ലോ; ഇനി മാനേജ്മെന്റ് സീറ്റില്ല; അതിനുപകരം ഇനി വരുന്നത് 'നീറ്റ്' അല്ലേ?

ശ്രീ. ആർ. രാമചന്ദ്രൻ: സർ, തീർച്ചയായും അങ്ങനെയാണ് വരുന്നത്. ഞാൻ പറഞ്ഞുവന്നത്, കേരളത്തിൽ ആരോഗ്യ പരിപാലനരംഗത്ത് നമ്മളിന്ന് സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ ജനങ്ങളിൽ വലിയ പ്രതീക്ഷയുണർത്തുന്നതാണ്. നമ്മുടെ പി.എച്ച്. സെന്ററുകൾ മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള സർക്കാർ ആശുപത്രികളെല്ലാംതന്നെ രോഗീസൗഹൃദ കേന്ദ്രങ്ങളാക്കി മാറ്റി, ആധുനികചികിത്സാ സംവിധാനങ്ങൾ ക്രമീകരിച്ചുകൊണ്ട് സാധാരണക്കാരന്റെ ആരോഗ്യപരിപാലന കാര്യത്തിൽ വളരെ ശക്തമായ നിലപാടാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളതെന്ന് പറയാതെ തരമില്ല. ഇടക്കാലത്ത് കൂണുപോലെ ഉയർന്നുവന്ന സ്വകാര്യ ആശുപത്രികൾ, മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകൾ എന്നിവയൊക്കെ പണക്കാർക്ക് മാത്രം പ്രാപ്യമായ കേന്ദ്രങ്ങളായിരുന്നു.

അവിടെയുള്ള ആധുനിക സംവിധാനങ്ങൾ ഉപയോഗപ്പെടുത്തണമെങ്കിൽ പോക്കറ്റിന്റെ വലിപ്പമനുസരിച്ച് മാത്രമേ സാദ്ധ്യമാകുമായിരുന്നുള്ളൂ. സ്വകാര്യ ആശുപത്രികളോട് കിടപിടിക്കാൻ കഴിയുന്ന തരത്തിലുള്ള ആധുനിക സംവിധാനങ്ങൾ ഇന്ന് സർക്കാർ ആശുപത്രികളിൽ രൂപപ്പെട്ടുകൊണ്ടിരിക്കുകയാണ്. ട്രോമാ കെയർ യൂണിറ്റുകൾ, രക്തബാങ്കുകൾ തുടങ്ങി എല്ലാ സംവിധാനങ്ങളും ആശുപത്രികളിൽ ഇപ്പോൾ ഏർപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ആശുപത്രികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ കരുതലോടെയുള്ള നിലപാടുകളാണ് സർക്കാർ സ്വീകരിക്കുന്നത്. താലൂക്കാശുപത്രികളെ ഒരു ജില്ലാ ആശുപത്രിക്ക് സമാനമായ നിലവാരത്തിലേയ്ക്കുയർത്താൻ കഴിയുന്ന തരത്തിലുള്ള ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ഡയാലിസിസ് യൂണിറ്റുകൾ മിക്ക ആശുപത്രികളിലും ഇപ്പോൾ ആരംഭിക്കാൻ പോകുകയാണ്. എന്റെ മണ്ഡലത്തിലെ ആശുപത്രിയിലും ഒരു മാസത്തിനുള്ളിൽ ഡയാലിസിസ് യൂണിറ്റ് ഉദ്ഘാടനം ചെയ്യാൻ അവസരമുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. കഴിഞ്ഞ ദിവസം ഞാൻ മന്ത്രിയോട് ഇക്കാര്യം രേഖാമൂലം ആവശ്യപ്പെട്ടതാണ്. കരുനാഗപ്പള്ളി ആശുപത്രിയിൽ ഒരു രക്തബാങ്ക് അനുവദിക്കുന്നതിനുള്ള സന്മനസ്സ് പ്രകടിപ്പിക്കണം. കാരണം, നാഷണൽ ഹൈവേയോട് ചേർന്നുകിടക്കുന്ന ഒരാശുപത്രിയെന്നത് മാത്രമല്ല, കൂടുതൽ അപകടങ്ങൾ നടക്കുന്ന സ്ഥലവുമാണ്. അപകടത്തിൽപ്പെടുന്ന ആളുകൾക്ക് സംരക്ഷണം കൊടുക്കാൻ അതുകൂടി ആവശ്യമാണെന്നുള്ളതുകൊണ്ട് സാന്ദർഭികമായി ഞാൻ സൂചിപ്പിച്ചതാണ്.

മറ്റൊരു കാര്യം ശ്രദ്ധയിൽപ്പെടുത്താനുള്ളത്, ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ കേന്ദ്രത്തിലും സംസ്ഥാനത്തിലും പാസ്സാക്കിയിട്ടുള്ളതാണ്. ഈ നിയമം നടപ്പാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. ആ നിയമം നടപ്പാക്കിക്കഴിഞ്ഞാൽ ഇന്ന് ആരോഗ്യരംഗത്തുള്ള നിരവധി പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബിൽ തീർച്ചയായും വിദ്യാർത്ഥികളുടെ ഭാവി സുനിശ്ചിതമാക്കുന്നതിന് സഹായകരമാകുമെന്ന കാര്യത്തിൽ തർക്കമില്ല. അതിന് എല്ലാവിധ പിന്തുണയും നൽകിക്കൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള പ്രൊഫഷണൽ കോളേജുകൾ (മെഡിക്കൽ കോളേജുകളിലെ പ്രവേശനം ക്രമവൽക്കരിക്കൽ) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന '2 ബി' നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ബഹുമാനപ്പെട്ട മന്ത്രി ചൂണ്ടിക്കാണിച്ചതുപോലെ, പൊതുവായ ധാരണയുടെ അടിസ്ഥാനത്തിലാണ് ഈ ബിൽ കൊണ്ടുവരാനുള്ള സാഹചര്യം വന്നത്. സർക്കാരോ പ്രതിപക്ഷങ്ങളോ ഇഷ്ടപ്പെടുന്നില്ലെങ്കിലും അനിവാര്യമായ ചില സാഹചര്യങ്ങളിൽ, വിദ്യാർത്ഥികളുടെ ഭാവിയെ കരുതിയാണ് ഈ നിയമം കൊണ്ടുവരാൻ നിർബന്ധിതരായത്. ഞാനതിന്റെ പശ്ചാത്തലത്തിലേയ്ക്ക് കടക്കുന്നില്ല. ഈ ബിൽ ചർച്ച ചെയ്യുമ്പോൾ ഇതിന്റെ പിന്നിലൊരു അനിശ്ചിതത്വമുണ്ട്. നാളെ ഈ കേസ് സുപ്രീംകോടതിയിൽ വരികയാണ്. ഇത് സ്ഥിരമായൊരു ഏർപ്പാടല്ല. 2016-17-അധ്യയനവർഷം കരുണ, കണ്ണൂർ മെഡിക്കൽ കോളേജുകളിൽ പ്രവേശനം നേടിയ 180 വിദ്യാർത്ഥികൾക്ക് അവരുടെതല്ലാത്ത കാരണങ്ങളാലുണ്ടായ ചില പ്രയാസങ്ങൾ പരിഹരിക്കാൻ വേണ്ടിയാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. വിദ്യാർത്ഥികളുടേതല്ലാത്ത കാരണങ്ങളാലുണ്ടായ വീഴ്ചകൾക്ക് അവർ ഇരകളാകാൻ പാടില്ലെന്ന താൽപ്പര്യമാണ് ഈ ബില്ലിനാധാരമായ ഓർഡിനൻസ് പുറപ്പെടുവിക്കാൻ കാരണമായതെന്നാണ് ഉദ്ദേശ്യകാരണങ്ങളിൽ പറയുന്നത്. മനസ്സില്ലാമനസ്സോടെയാണ് ഞങ്ങൾ ഈ ബില്ലിനെ പിന്തുണയ്ക്കുന്നത്. ശ്രീ. പി. ടി. തോമസും ശ്രീ. വി. ടി. ബൽറാമും പറഞ്ഞ ആശങ്കകൾ ഞാനും പങ്കുവയ്ക്കുന്നു. കാരണം, വേറെ നിവൃത്തിയില്ല. സർക്കാരിനെയും മേൽനോട്ട സമിതിയെയും ധിക്കരിച്ച രണ്ട് മാനേജ്മെന്റുകൾ ചെയ്ത തെറ്റിന് ശിക്ഷിക്കപ്പെട്ടത് അവരല്ല. 180 വിദ്യാർത്ഥികളിൽ പല വിദ്യാർത്ഥികളും നീറ്റ് മെറിറ്റിൽ ഉൾപ്പെടുന്നവരാണെന്ന് ശ്രീ. പി. കെ. ബഷീർ ഇവിടെ പറഞ്ഞു. അവർ രണ്ട് വർഷം പൂർത്തിയാക്കാൻ പോകുകയാണ്. ഈ അവസരത്തിൽ അവരുടെ ഭാവി അപകടത്തിലാകാൻ പാടില്ല. നീറ്റ് മെറിറ്റിൽ പരീക്ഷയെഴുതി പാസ്സായ വിദ്യാർത്ഥികൾക്ക് രണ്ട് വർഷം നഷ്ടപ്പെടുന്നത് ഒരിക്കലും നമുക്ക് ഉൾക്കൊള്ളാൻ സാധിക്കില്ല. അവരുടെ രക്ഷകർത്താക്കൾ നമ്മളെല്ലാവരെയും കണ്ടിരുന്നു. അവരുടെ ആശങ്കയാണ് ഈ ബില്ലിന് ആധാരം. സ്വാശ്രയരംഗത്ത് ധാരാളം മാനേജ്മെന്റുകളുണ്ട്. പല മാനേജ്മെന്റുകളും സർക്കാർ നിയമമനുസരിച്ച് മുന്നോട്ടുപോയി. പക്ഷെ ഈ രണ്ട് മാനേജ്മെന്റുകളും നിയമത്തെയും സർക്കാരിനെയും വെല്ലുവിളിച്ചുകൊണ്ട് നടത്തിയ ധിക്കാരമായ നടപടികളാണ് പ്രധാനപ്പെട്ട കാര്യം. ഇനി അത് പറഞ്ഞിട്ട് കാര്യമില്ല. ഈ ബില്ലിന് പിന്നിലുള്ള ഉദ്ദേശശുദ്ധിയെ ഞാൻ ബഹുമാനിക്കുന്നു. സർക്കാരിനെ കുറ്റപ്പെടുത്താൻ സാധിക്കില്ല. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ പ്രതിപക്ഷ പാർട്ടികളും ഭരണകക്ഷിയും ചേർന്നുണ്ടായ പൊതുധാരണയാണ് ഈ ബില്ലിനാധാരം.

ഇവിടെ എനിക്കുള്ള ആശങ്ക, ഈ ബിൽ അനുസരിച്ച് അഡ്മിനിസ്ട്രേഷൻ സംബന്ധിച്ചുള്ള പല അധികാരങ്ങളും സർക്കാരിലേയ്ക്ക് മാറ്റിയിരിക്കുകയാണ്.

കേരള നിയമസഭ പാസ്സാക്കിയ 2006-ലെ കേരള പ്രൊഫഷണൽ കോളേജുകൾ (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും പ്രവേശനം നിയന്ത്രിക്കലും ചൂഷണരഹിത ഫീസ് നിശ്ചയിക്കലും പ്രൊഫഷണൽ വിദ്യാഭ്യാസത്തിൽ നീതിയും മികവും ഉറപ്പുവരുത്തുന്നതിനുള്ള മറ്റ് നടപടികളും) ബിൽ-(Act 19 of 2006) അനുസരിച്ച് ഇതിന്റെ ചുമതല മേൽനോട്ട സമിതിക്കാണ് നൽകിയിരിക്കുന്നത്; സർക്കാരിനല്ല. മേൽനോട്ട സമിതിക്ക് കൈമാറിയ അധികാരം വീണ്ടും നമ്മൾ കവർന്നെടുക്കുന്നത് ചിലപ്പോൾ കോടതിയിൽ ചോദ്യം ചെയ്യപ്പെടും. അതുകൊണ്ട് അക്കാര്യം പരിശോധിക്കണം. ഇനിയെങ്കിലും ഈ നിയമം കുറ്റമറ്റ രീതിയിൽ മുന്നോട്ട് കൊണ്ടുപോകണം. ആ തരത്തിൽ സർക്കാരിൽ നിശ്ചയിച്ചിട്ടുള്ള അധികാരങ്ങളെ മേൽനോട്ട സമിതിക്ക് കൈമാറുന്നതായിരിക്കും ഉചിതമെന്ന് എനിക്ക് തോന്നുന്നു. ഈ ബിൽ 2016-17-ലെ അഡ്മിഷൻ സംബന്ധിച്ച് മാത്രമാണ്. ശ്രീ. പി. ടി. തോമസ് പറഞ്ഞ കാര്യങ്ങൾ ഇപ്പോൾ നീറ്റ് അഡ്മിഷനിലേയ്ക്ക് മാറിക്കഴിഞ്ഞിരിക്കുന്നു. ഇനി അഴിമതി നടക്കാനുള്ള സാദ്ധ്യതയില്ല. സംഭവിച്ചുപോയ തെറ്റിന് വിദ്യാർത്ഥികൾ ശിക്ഷിക്കപ്പെടാൻ പാടില്ലെന്നതാണ് നമ്മുടെ ഉദ്ദേശ്യം. 180 വിദ്യാർത്ഥികളും മെറിറ്റിലുള്ളവരാണ്. അവരുടെ ഭാവിയെ കരുതിയാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. അതുകൊണ്ട് ഈ ബിൽ പാസ്സാക്കി അവരെ സംരക്ഷിക്കണം. കേരളത്തിൽ ഈ രണ്ട് മാനേജ്മെന്റുകളും നടത്തിയ വെല്ലുവിളികളെ അംഗീകരിക്കേണ്ടി വരുന്നത് ഈ സാഹചര്യങ്ങളിലാണ്. ഇവിടെ പറഞ്ഞതുപോലെ വിദ്യാർത്ഥികളെ ബന്ദിയാക്കി, അവരെ ചൂണ്ടിക്കാണിച്ച് നമ്മളെ വെല്ലുവിളിക്കുകയാണ്. ഏതായാലും സംഭവിക്കാനുള്ളത് സംഭവിച്ചുകഴിഞ്ഞു. അതുകൊണ്ട് വിദ്യാർത്ഥികളുടെ ഭാവിയെ കരുതി ഈ ബിൽ നിയമമാക്കാനും നാളെ ഇത്തരം പ്രവണതകളെ തടയാനും സാധിക്കണം. ഞങ്ങൾ ഈ ബില്ലിനെ അനുകൂലിക്കുകയാണ്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഭരണപക്ഷത്തുനിന്നും പ്രതിപക്ഷത്തുനിന്നും സംസാരിച്ച ബഹുമാനപ്പെട്ട എം.എൽ.എ.-മാർ ഇങ്ങനെയൊരു ബിൽ കൊണ്ടുവരാനുള്ള സാഹചര്യത്തെക്കുറിച്ച് സംസാരിച്ചുകഴിഞ്ഞു. ഈ കുട്ടികളെ രക്ഷിക്കാൻ മറ്റ് മാർഗ്ഗങ്ങളൊന്നുമില്ലാത്തതുകൊണ്ട് ഇങ്ങനെയൊരു നിയമം നിയമസഭ പാസ്സാക്കുക മാത്രമേ കരണീയമായിട്ടുണ്ടായിരുന്നുള്ളൂ. മാനേജ്മെന്റിന്റെ ചെയ്തികളെക്കുറിച്ച് പറഞ്ഞിട്ടുള്ള കാര്യങ്ങളെല്ലാം ശരിയാണ്. അവർ അങ്ങേയറ്റം തെറ്റായിട്ടുള്ള നടപടികളാണ് അഡ്മിഷൻ സമയത്ത് കാണിച്ചത്. അത് ചൂണ്ടിക്കാണിക്കാതിരിക്കാൻ വയ്യ. 2016-17-ലെ അഡ്മിഷൻ സമയത്ത് ഒരു പ്രത്യേക സാഹചര്യം ഇവിടെ നിലനിൽക്കുന്നുണ്ടായിരുന്നു. നീറ്റ് മെറിറ്റിൽ നിന്നും മാത്രമേ കുട്ടികളെ അഡ്മിറ്റ് ചെയ്യാവൂവെന്ന് കോടതി പറഞ്ഞ സമയത്ത്

കേരള എൻട്രൻസ് ലിസ്റ്റ് (KEAM merit) തയ്യാറാക്കി, അതിൽനിന്നും കുട്ടികളെ അഡ്മിറ്റ് ചെയ്തിരുന്നു. അങ്ങനെ അഡ്മിറ്റ് ചെയ്യുമ്പോൾ അതുവരെ നിലനിന്നിരുന്ന 50:50 സംവിധാനം കൺസെഷണൽ എഗ്രിമെന്റിലൂടെ നടപ്പാക്കുന്ന രീതിയാണ് പിന്തുടർന്നിരുന്നത്. അതനുസരിച്ച് നമ്മൾ മാനേജ്മെന്റുകളുമായി സംസാരിച്ച് സാധാരണ ചെയ്യുന്നതുപോലെ സർക്കാരുമായി എഗ്രിമെന്റ് ഒപ്പിട്ട് 50 ശതമാനം മെറിറ്റ് സീറ്റ് സർക്കാരിന് കൈമാറാൻ സമ്മതിക്കണമെന്ന് പറഞ്ഞിരുന്നു. ഇവിടെ ഇപ്പോഴും നീറ്റ് മെറിറ്റ് സംബന്ധിച്ചുള്ള സംശയങ്ങൾ പ്രകടിപ്പിച്ചതുകൊണ്ടാണ് ഞാൻ അക്കാര്യം സൂചിപ്പിക്കുന്നത്. സംസ്ഥാനത്തുള്ള 20 സ്വാശ്രയ മാനേജ്മെന്റുകൾ സർക്കാരുമായി എഗ്രിമെന്റ് ഒപ്പിടാൻ തയ്യാറാകുകയും 50 ശതമാനം മെറിറ്റ് സീറ്റ് എന്ന നില കൈവരിക്കുകയും ചെയ്തു. അതിന്റെ ഭാഗമായി 25,000 രൂപ ഫീസിന് പഠിക്കാൻ കഴിയുന്ന ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട കുട്ടികളും രണ്ടര ലക്ഷം രൂപ ഫീസിന് പഠിക്കാൻ സാധിക്കുന്ന മറ്റ് വിഭാഗത്തിൽപ്പെട്ട കുട്ടികളുമടങ്ങിയ 50 ശതമാനം മെറിറ്റ് സംവിധാനം വന്നിരുന്നു. കേരള മെറിറ്റ് ലിസ്റ്റിൽ നിന്നുമെടുത്ത കുട്ടികളെയാണ് മെറിറ്റ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിരുന്നത്. അതേസമയം മാനേജ്മെന്റ് ക്വാട്ടയിൽ നീറ്റ് മെറിറ്റിൽ നിന്നുള്ള കുട്ടികളായിരുന്നു ഉൾപ്പെട്ടിരുന്നത്. എഗ്രിമെന്റ് ഒപ്പിട്ടതിന്റെ ഭാഗമായി ബഹുമാനപ്പെട്ട കോടതി മുമ്പാകെ നമ്മളിക്കാര്യം ബോധിപ്പിച്ചപ്പോൾ കോടതി പറഞ്ഞത്, നിങ്ങൾ കേരള എൻട്രൻസ് ലിസ്റ്റ് തയ്യാറാക്കിയതുകൊണ്ടും കൺസെഷണൽ എഗ്രിമെന്റ് എക്സിക്യൂട്ട് ചെയ്തതുകൊണ്ടും ഇത്തവണ (2016-17) അതംഗീകരിക്കാം എന്നാണ്. എന്നാൽ അടുത്ത തവണ പൂർണ്ണമായും നീറ്റ് മെറിറ്റ് ലിസ്റ്റിൽ നിന്നാണ് അലോട്ട്മെന്റ് നടത്തേണ്ടതെന്നും പറഞ്ഞിരുന്നു. 20 മാനേജ്മെന്റുകൾ സർക്കാരുമായി എഗ്രിമെന്റ് ഒപ്പിട്ട് അൻപത് ശതമാനം മെറിറ്റ് സീറ്റ് സർക്കാരിന് നൽകാൻ തയ്യാറായ സമയത്ത് കണ്ണൂർ, കരുണ മെഡിക്കൽ കോളേജുകൾ എഗ്രിമെന്റ് ഒപ്പിടാൻ തയ്യാറായില്ല. അവരന്ന് കോടതിയെ സമീപിച്ച് ഞങ്ങൾക്ക് കുറഞ്ഞ ഫീസിന് പഠിപ്പിക്കാൻ സാധിക്കില്ലെന്നും 10 ലക്ഷം രൂപ ഫീസ് വിധിച്ചുതരണമെന്നും പറഞ്ഞു. കോടതി 10 ലക്ഷം രൂപ ഫീസായി ഈടാക്കാൻ അനുവാദം കൊടുക്കുകയും അന്തിമതീരുമാനം ഫീ റെഗുലേറ്ററി കമ്മിറ്റി നിശ്ചയിക്കുന്നതായിരിക്കുമെന്നും അലോട്ട്മെന്റ് നിങ്ങൾ നടത്താൻ പാടില്ലെന്നും അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റി നടത്തണമെന്നും പറഞ്ഞു. ഈ സർക്കാരിന് ഇടപെടാൻ അവസാനത്തെ രണ്ട് ദിവസം മാത്രമേ ബാക്കിയുണ്ടായിരുന്നുള്ളൂ. പക്ഷെ വളരെ കൃത്യമായ സജ്ജീകരണങ്ങളൊരുക്കി ഞങ്ങൾ അലോട്ട്മെന്റ് നടത്താൻ കാത്തിരുന്നു. എന്നാൽ ആ അലോട്ട്മെന്റ് പ്രോസസിനോട് യാതൊരു തരത്തിലും സഹകരിക്കാൻ കണ്ണൂർ മെഡിക്കൽ കോളേജ് തയ്യാറായില്ല. അവർ അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിയുടെ മുമ്പാകെ വരികയോ അലോട്ട്മെന്റ് പ്രോസസ്സിൽ പങ്കെടുക്കുകയോ ചെയ്തില്ല. അതുകൊണ്ടുതന്നെ കോളേജ് നേരിട്ട് അഡ്മിറ്റ് ചെയ്തിട്ടുള്ള ലിസ്റ്റ് ഫേക്

ലിസ്റ്റാണെന്ന് പറഞ്ഞ് അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റി തള്ളുകയാണ് ചെയ്തത്. ഇത് ശരിയാണെന്ന് കോടതിയും പറഞ്ഞു. എന്നാൽ ഈ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള കുട്ടികൾ നീറ്റ് മെറിറ്റ് ലിസ്റ്റിൽ ഉൾപ്പെട്ടവരാണ്. പിന്നീട് കുട്ടികളുടെ നിവേദനം പരിശോധിച്ചപ്പോൾ, അന്ന് കൃത്യമായ അലോട്ട്മെന്റ് പ്രോസസ്സിൽ ഈ മാനേജ്മെന്റ് പങ്കെടുത്ത് രേഖകളെല്ലാം ഹാജരാക്കിയിരുന്നെങ്കിൽ തീർച്ചയായും ഈ കുട്ടികൾക്ക് നമ്മുടെ സംസ്ഥാനത്തെ ഏതെങ്കിലും മെഡിക്കൽ കോളേജിൽ അല്ലെങ്കിൽ അഞ്ചരക്കണ്ടി മെഡിക്കൽ കോളേജിൽത്തന്നെ അഡ്മിഷൻ കിട്ടുമായിരുന്നു. ശ്രീ. പി. കെ. ബഷീറും ശ്രീ. കെ. സി. ജോസഫും പറഞ്ഞതുപോലെ ഈ മാനേജ്മെന്റുകൾ കുട്ടികളെ വഞ്ചിക്കുകയാണ് ചെയ്തത്. ഓൺലൈൻ അപേക്ഷ കൊടുക്കാൻപോലും മാനേജ്മെന്റ് തയ്യാറായില്ല. അതിന്റെ ഭാഗമായി കൃത്യമായ അലോട്ട്മെന്റ് പ്രോസസ്സ് പൂർത്തീകരിക്കാൻ ഈ കുട്ടികൾക്ക് സാധിച്ചില്ല. എന്നാൽ ആ കോളേജിൽ അഡ്മിഷൻ കിട്ടിയെന്ന് തെറ്റിദ്ധരിപ്പിച്ച് കോളേജിലേയ്ക്ക് ക്ഷണിച്ചുവരുത്തുകയും ഒരു വർഷക്കാലം ആ കോളേജിൽ ഈ കുട്ടികൾ പഠിക്കുകയും ചെയ്തു. അങ്ങനെ പഠിച്ചുകൊണ്ടിരിക്കുമ്പോഴാണ് തങ്ങൾക്ക് അംഗീകാരമില്ലെന്ന് അവർ മനസ്സിലാക്കുന്നത്. അപ്പോൾത്തന്നെ അവർ ആരോഗ്യ വകുപ്പിന് പരാതി തരികയും ബഹുമാന്യരായ മുഖ്യമന്ത്രിയെയും പ്രതിപക്ഷനേതാവിനെയും കാണുകയും ചെയ്തു. കുട്ടികളെ രക്ഷിക്കാനുള്ള എന്തെങ്കിലും നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് എല്ലാവരും കത്തുകളയച്ചിട്ടുണ്ട്. ആ കത്തുകളെല്ലാം ഞങ്ങളുടെ കൈവശമുണ്ട്. കുട്ടികളെ രക്ഷിക്കാനായി ഒരു ക്യൂറേറ്റീവ് ലെജിസ്ലേഷൻ കൊണ്ടുവരികയെന്നുള്ളത് മാത്രമേ കരണീയമായിട്ടുള്ളൂ. ആ രീതിയിലുള്ള പരിഹാര നടപടിക്കുവേണ്ടിയുള്ള നിയമനിർമ്മാണമായിട്ടാണ് ഇതിനെ കണക്കാക്കേണ്ടത്. ഞങ്ങൾക്ക് ആത്മഹത്യ ചെയ്യുകയല്ലാതെ വേറെ നിവൃത്തിയില്ലെന്നും ഒരു വർഷക്കാലം പഠിച്ചിട്ടും അംഗീകാരമില്ലാത്ത അവസ്ഥ വരുന്നെന്നും ഞങ്ങളുടെ മെറിറ്റും മറ്റ് കോളേജുകളിൽ അഡ്മിഷൻ നേടിയ കുട്ടികളുടെ മെറിറ്റുമായി ഒത്തുനോക്കുമ്പോൾ ഞങ്ങൾക്ക് നല്ല യോഗ്യതയാണുള്ളതെന്നുമാണ് കുട്ടികൾ പറയുന്നത്. മാത്രമല്ല, ലിസ്റ്റനുസരിച്ച് സർക്കാരിനും ധാരാളം കുട്ടികൾ മെറിറ്റിൽ ഉൾപ്പെട്ടതാണെന്ന് ബോദ്ധ്യമായി. ശ്രീ. കെ. സി. ജോസഫ് പറഞ്ഞത് അങ്ങേയറ്റം ശരിയാണ്. പ്രതിപക്ഷത്തിനോ സർക്കാരിനോ മാനേജ്മെന്റിനെ സഹായിച്ചുകൊണ്ട് ഈ ബിൽ കൊണ്ടുവരണമെന്ന് ആഗ്രഹമില്ല. അതിന്റെ ഭാഗമായാണ് ഇത്തരമൊരു നിയമനിർമ്മാണം നടത്തുന്നത്.

ശ്രീ. പി. ടി. തോമസിന് നീറ്റ്-ന്റെ കാര്യം പൂർണ്ണമായി ഉൾക്കൊള്ളാൻ കഴിഞ്ഞിട്ടില്ല. ഇനിമുതൽ നീറ്റ് മെറിറ്റാണ്. നീറ്റ് മെറിറ്റ് വരുമ്പോൾ കൺസെഷണൽ എഗ്രിമെന്റ് നിൽക്കുന്നില്ല; ഏകീകൃത ഫീസ് മാത്രമേ

സാധ്യമാവുകയുള്ളൂ. അതുകൊണ്ടുതന്നെ നേരത്തെ തുടർന്ന 50:50 തുടരാൻ സാധ്യമല്ലാത്ത അവസ്ഥ വന്നിരിക്കുകയാണ്. ഇനി കേന്ദ്ര സർക്കാരിന്റെയോ സുപ്രീംകോടതിയുടെയോ ഭാഗത്തുനിന്ന് പുതിയ തീരുമാനമെന്തെങ്കിലും ഉണ്ടാകുമ്പോൾ മാത്രമേ നമുക്ക് അത്തരം കാര്യങ്ങളെക്കുറിച്ച് ആലോചിക്കാൻ കഴിയുകയുള്ളൂ. ഇതിൽ വ്യത്യസ്ത രീതിയിലുള്ള ഫീസ് ചുമത്താൻ സാധിക്കില്ല. ഫീ റെഗുലേറ്ററി കമ്മിറ്റി കണക്കാക്കുന്ന ഫീസായിരിക്കണം നമ്മൾ ഈടാക്കേണ്ടത്. ബഹുമാനപ്പെട്ട എ. കെ. ആന്റണി പറഞ്ഞതായി ശ്രീ. ആർ. രാമചന്ദ്രൻ, എം.എൽ.എ, ചൂണ്ടിക്കാണിച്ച കാര്യം സത്യമാണ്. യഥാർത്ഥത്തിൽ 50:50-ന്റെ പിന്നിൽ വലിയ കൊള്ളയാണ് നടന്നിരുന്നത്. 50 ശതമാനം മെറിറ്റ് സീറ്റ് തരുന്ന സമയത്ത് 50 ശതമാനം സീറ്റിൽ തോന്നിയതുപോലെ ഫീസ് ഈടാക്കാൻ മാനേജ്മെന്റിന് അവസരമുണ്ടായിരുന്നു. 50 ശതമാനം മെറിറ്റ് സീറ്റ് കിട്ടുമ്പോൾ അതിന്റെ ഗുണം പാവപ്പെട്ട വിദ്യാർത്ഥികൾക്കുണ്ടായിരുന്നുവെന്നുള്ളത് നിഷേധിക്കാൻ സാധിക്കാത്ത കാര്യമാണ്. നീറ്റ് വന്നതോടുകൂടി ഏകീകൃത ഫീസ് അംഗീകരിക്കേണ്ടിവരുമെങ്കിലും ഇതിൽ വലിയൊരു ഗുണമുള്ളത്, മാനേജ്മെന്റിന് കൊള്ള നടത്താനുള്ള അവസരം കുറഞ്ഞുവെന്നതാണ്. മെറിറ്റ് ലിസ്റ്റിൽ നിന്നുമാത്രമേ കുട്ടികളെ എടുക്കാൻ കഴിയൂ എന്നത് കർശന നിബന്ധനയായി വന്നിരിക്കുകയാണ്. സുപ്രീംകോടതിയും അതുതന്നെയാണ് അംഗീകരിച്ചിരിക്കുന്നത്. അതുകൊണ്ടാണ് നീറ്റ് മെറിറ്റനുസരിച്ച് യോഗ്യരായ കുട്ടികളെ സംരക്ഷിക്കണമെന്ന് നമുക്കും പറയാൻ സാധിക്കുന്നത്. ഞാനെല്ലാ കാര്യങ്ങളും വിശദീകരിക്കാൻ ആഗ്രഹിക്കുന്നില്ല. നീറ്റ് മെറിറ്റിലുള്ളതും വളരെ മികച്ച റാങ്കുള്ള കുട്ടികളായതുകൊണ്ടുമാണ് സർക്കാർ ഈ തീരുമാനത്തിലൂടെ കുട്ടികളുടെ അഡ്മിഷൻ ക്രമവൽക്കരിക്കാൻ ആലോചിക്കുന്നത്. ഇതിൽ മാനേജ്മെന്റ് ചെയ്ത തെറ്റ് അങ്ങനെതന്നെ ചൂണ്ടിക്കാണിക്കേണ്ടതുണ്ട്. ഇതൊരു കീഴ്വഴക്കമാക്കാൻ കഴിയില്ല. 2016-17-ലുണ്ടായ ക്രമക്കേടിന്റെ ഭാഗമായി കുട്ടികൾക്കുണ്ടായ പ്രശ്നം പരിഹരിക്കാനുള്ള നിയമനിർമ്മാണമാണിത്. അത് മറ്റ് കാര്യങ്ങൾക്ക് ബാധകമല്ലെന്നുള്ളത് എല്ലാവർക്കുമറിയാം. അതോടൊപ്പം, മാനേജ്മെന്റിൽനിന്നും മൂന്ന് ലക്ഷം രൂപ ഫൈൻ ഈടാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ തുക കുട്ടികളിൽനിന്നും വാങ്ങാൻ പാടില്ലെന്ന് ശ്രീ. പി. കെ. ബഷീർ പറയുകയുണ്ടായി. കുട്ടികളിൽനിന്നും വാങ്ങിയാൽ അത് കുറ്റകൃത്യമായി തന്നെയാണ് കണക്കാക്കപ്പെടുന്നത്. ഇത് മാനേജ്മെന്റിൽനിന്നും ഈടാക്കാനുള്ള ഫൈനാണ്. അതൊരു കാരണവശാലും കുട്ടികൾ കൊടുക്കാൻ പാടില്ല. സാധാരണയായി മാനേജ്മെന്റ് നല്ല രീതിയിൽ പെരുമാറുന്ന സമയത്ത് പലപ്പോഴും രക്ഷിതാക്കൾ മാനേജ്മെന്റിന് വഴങ്ങുകയാണ് ചെയ്യുന്നത്; അവരുടെ പ്രതീക്ഷ മാനേജ്മെന്റ് രക്ഷിക്കുമെന്നുള്ളതാണ്. ഈ കാര്യത്തിലുണ്ടായിട്ടുള്ളതും

അങ്ങനെ തന്നെയാണ്. മാനേജ്മെന്റ് കുട്ടികളെ ഷീൽഡാക്കി രക്ഷിക്കാൻ ശ്രമിക്കുന്നുവെന്നും അതിന് സർക്കാർ കൂട്ടുനിൽക്കുന്നുവെന്നുമാണ് പരാതി വരുന്നത്. മാനേജ്മെന്റിന്റെ ഒരു ഷീൽഡിനും ഈ സർക്കാർ വഴങ്ങില്ല. 180 കുട്ടികളുടെ ഭാവി നഷ്ടപ്പെടാൻ പാടില്ല, അവരുടെ കണ്ണുനീര് കാണാൻ കഴിയാത്തതുകൊണ്ടും അവരുടെ ഭാവിയോർത്തും മാത്രമാണ് ഇത്തരമൊരു നിയമനിർമ്മാണത്തിന് സർക്കാർ തയ്യാറാകുന്നത്. മാനേജ്മെന്റിനെ ഒരു കാരണവശാലും ന്യായീകരിക്കുകയില്ലെന്ന് മാത്രമല്ല അവർ ചെയ്തിട്ടുള്ളത് വലിയ കുറ്റകൃത്യം തന്നെയാണെന്ന് സൂചിപ്പിക്കാൻ ഈ അവസരത്തിൽ ആഗ്രഹിക്കുകയാണ്. ഇവരുടെ സീറ്റ് മെറിറ്റ് സീറ്റായി എടുത്തുകൂടേ എന്ന് ചോദിച്ചിരുന്നു, അത് നിയമപരമായി നിലനിൽക്കുന്ന കാര്യമല്ല. കാരണം, അലോട്ട്മെന്റിന്റെ സമയത്ത് കോടതിയിൽ പോകുകയും അവർക്കാവശ്യമായ വിധി സമ്പാദിച്ചുവരികയുമാണ് പലപ്പോഴും മാനേജ്മെന്റുകൾ ചെയ്യുന്നത്. നാം പലപ്പോഴും നിസ്സഹായരായി നിൽക്കേണ്ടി വരികയാണ്. അതുകൊണ്ട് കർശനമായി, മാനേജ്മെന്റിന്റെ കുറ്റം ചൂണ്ടിക്കാണിക്കുന്ന സമയത്തുതന്നെ കുട്ടികളോടുള്ള താൽപ്പര്യമനുസരിച്ച് അവരുടെ ഭാവി സംരക്ഷിക്കുന്നത് സംബന്ധിച്ചാണ് ഇത്തരത്തിലൊരു നിയമനിർമ്മാണത്തിന് തയ്യാറായിട്ടുള്ളതെന്നതാണ് എനിക്ക് പ്രത്യേകം സൂചിപ്പിക്കാനുള്ളത്. അത് ഭരണ-പ്രതിപക്ഷ ഭേദമെന്യേ എല്ലാവരും ഒരുപോലെ അംഗീകരിക്കുന്നതിൽ സന്തോഷമുണ്ട്. നമുക്ക് ഇത്തരമൊരു നിയമനിർമ്മാണത്തിലൂടെ ഈ കുട്ടികളുടെ ഭാവി രക്ഷിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കാം.

ധാരാളം കാര്യങ്ങൾ ഇവിടെ പറഞ്ഞിട്ടുണ്ട്. അതെല്ലാം മണ്ഡലങ്ങളിലെ കാര്യങ്ങളാണ്. ക്ലിനിക്കൽ ബില്ലിനെ സംബന്ധിച്ച റൂൾസ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. വളരെ പെട്ടെന്നുതന്നെ ക്ലിനിക്കൽ ബിൽ നടപ്പിലാക്കും. ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞ മറ്റ് കാര്യങ്ങളെല്ലാം ഞാൻ ശ്രദ്ധയോടെ കേട്ടിട്ടുണ്ട്; ബില്ലിന്റെ മറ്റ് നടപടികളികളിലേയ്ക്ക് കടക്കാമെന്ന് സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ആർ. രാമചന്ദ്രൻ അങ്ങയുടെ 1 (എ) ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

(ശ്രീ. ആർ. രാമചന്ദ്രൻ സീറ്റിലില്ലായിരുന്നു)

ശ്രീ. ആർ. രാമചന്ദ്രൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. സി. ജോസഫ്, അങ്ങയുടെ 2 (ബി) ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. സി. ജോസഫ് : സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള 2018-ലെ കേരള പ്രൊഫഷണൽ കോളേജുകൾ (മെഡിക്കൽ കോളേജുകളിലെ പ്രവേശനം ക്രമവൽക്കരിക്കൽ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ...........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു; ബിൽ പരിഗണനയ്ക്കെടുക്കുന്നു.

2-ാം വകുപ്പ്

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു:

339. ഖണ്ഡം 2-ൽ "സർക്കാരിന്" എന്ന വാക്കിന് പകരം "2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസ (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ആക്റ്റിന്റെ (2017-ലെ 15) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട പ്രവേശനവും ഫീസ് നിയന്ത്രണവും സമിതിക്ക് (ഇതിനുശേഷം പ്രവേശനവും ഫീസ് നിയന്ത്രണവും സമിതി എന്നാണ് പരാമർശിക്കപ്പെടുക)" എന്ന വാക്കുകളും "സർക്കാർ" എന്ന വാക്കിനു പകരം "പ്രവേശനവും ഫീസ് നിയന്ത്രണവും സമിതി" എന്ന വാക്കുകളും ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

153. ഖണ്ഡം 2 ൽ "തൽസമയം" എന്ന വാക്കിന് പകരം "തത്സമയം" എന്ന വാക്ക് ചേർക്കുക.

154. ഖണ്ഡം 2 ൽ "കരണത്തിലോ" എന്ന വാക്കിന് പകരം "പ്രമാണത്തിലോ, കരാറിലോ" എന്ന വാക്കുകളും ചിഹ്നവും ചേർക്കുക.

156. ഖണ്ഡം 2 ൽ "ഏതൊരു മെഡിക്കൽ കോളേജിലും" എന്നതിന് പകരം "ചില മെഡിക്കൽ കോളേജുകളിൽ" എന്ന് ചേർക്കുക.

178. ഖണ്ഡം 2-ന്റെ ക്ലിപ്തനിബന്ധനയിൽ "ഹാജരാകാത്തപക്ഷം" എന്ന വാക്കിന് ശേഷമുള്ള "അങ്ങനെയുള്ള" എന്നതിനു പകരം "അത്തരം വിദ്യാർത്ഥിയുടെ" എന്ന വാക്കുകൾ ചേർക്കുക.

181. ഖണ്ഡം 2-ന്റെ ക്ലിപ്തനിബന്ധനയ്ക്കുശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക:-

"ഈ വകുപ്പിന്റെ ആവശ്യത്തിലേക്കായി 2006-ലെ കേരള പ്രൊഫഷണൽ കോളേജുകളും അല്ലെങ്കിൽ സ്ഥാപനങ്ങളും (ക്യാപിറ്റേഷൻ ഫീസ് നിരോധിക്കലും, പ്രവേശനം നിയന്ത്രിക്കലും പ്രൊഫഷണൽ വിദ്യാഭ്യാസത്തിൽ നീതിയും മികവും ഉറപ്പുവരുത്തുന്നതിനുള്ള മറ്റ് നടപടികളും) ആക്റ്റിന്റെ 11-ാം വകുപ്പ് പ്രകാരമുള്ള വ്യവസ്ഥകൾ ബാധകമാകുന്നതല്ല".

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

155. ഖണ്ഡം 2ൽ "അധ്യയനവർഷത്തിൽ" എന്ന വാക്കിന് പകരം "അധ്യയന വർഷത്തിൽ" എന്ന വാക്കുകൾ ചേർക്കുക.

163. ഖണ്ഡം 2-ൽ "പ്രവേശന മേൽനോട്ട സമിതി റദ്ദാക്കുകയും" എന്ന വാക്കുകൾക്ക് പകരം " ഏതെങ്കിലും കോടതിയോ പ്രവേശന മേൽനോട്ട സമിതിയോ റദ്ദാക്കുകയും" എന്ന വാക്കുകൾ ചേർക്കുക.

168. ഖണ്ഡം 2-ൽ " അങ്ങനെ" എന്ന വാക്കിന് പകരം "അപ്രകാരം" എന്ന വാക്ക് ചേർക്കുക.

170. ഖണ്ഡം 2-ൽ "നിയമപരമായിരിക്കുന്നതാണ്" എന്ന വാക്കിന് പകരം "നിയമപരമായി അനുവദനീയമായിരിക്കുന്നതാണ്" എന്ന വാക്കുകൾ ചേർക്കുക.

172. ഖണ്ഡം 2-ന്റെ ക്ലിപ്തനിബന്ധനയിൽ "വിദ്യാർത്ഥി" എന്ന വാക്കിന് പകരം "വിദ്യാർത്ഥികൾ" എന്ന വാക്ക് ചേർക്കുക.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

162. ഖണ്ഡം 2-ൽ "രേഖകൾ ഹാജരാക്കാതിരുന്നതിനാലും" എന്നതിന് പകരം "ഏതെങ്കിലും രേഖകളോ വിവരങ്ങളോ ഹാജരാക്കാതിരുന്നതിനാലും" എന്ന് ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

167. ഖണ്ഡം 2-ൽ "അങ്ങനെ" എന്ന വാക്ക് ഒഴിവാക്കുക.

177. ഖണ്ഡം 2-ന്റെ ക്ലിപ്തനിബന്ധനയിൽ "ഹാജരാകാത്തപക്ഷം" എന്നതിനു ശേഷമുള്ള "അങ്ങനെയുള്ള" എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

179. ഖണ്ഡം 2-ന്റെ ക്ലിപ്തനിബന്ധനയിൽ "അങ്ങനെയുള്ള പ്രവേശനം" എന്ന വാക്കുകൾക്കു പകരം "പ്രസ്തുത പ്രവേശനം" എന്ന വാക്കുകൾ ചേർക്കുക.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 153-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 339-ാം നമ്പർ ഔദ്യോഗിക ഭേദഗതിയും ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 153-ാം നമ്പർ ഭേഗദതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 154, 156, 178, 181 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 155, 163, 168, 170, 172 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 162-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 167, 177 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 179-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതിചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ..

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

ഭേദഗതിചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതിചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു:

340. (i) ഖണ്ഡം 3(2) -ന്റെ പ്രാരംഭ വാചകം താഴെപ്പറയും പ്രകാരം മാറ്റുക:

"(2) ഈ ആക്റ്റിൻകീഴിൽ പ്രവേശനം ക്രമവൽക്കരിക്കുന്നതിനുള്ള ഓരോ അപേക്ഷയും ബന്ധപ്പെട്ട സർവ്വകലാശാലയ്ക്ക് സമർപ്പിക്കേണ്ടതും സർവ്വകലാശാല അങ്ങനെയുള്ള അപേക്ഷ താഴെ പറയുന്ന കാര്യങ്ങളിലുള്ള അതിന്റെ അഭിപ്രായം ഉൾക്കൊള്ളുന്ന റിപ്പോർട്ട് സഹിതം പ്രവേശനവും ഫീസ് നിയന്ത്രണവും സമിതിക്ക് കൊടുക്കേണ്ടതുമാണ്, അതായത്.-"

(ii) ഖണ്ഡം 3(3)-ൽ "സർക്കാർ, ഈ ആവശ്യത്തിലേയ്ക്കായി പ്രത്യേക ഉത്തരവുവഴി അധികാരപ്പെടുത്തിയേക്കാവുന്ന, ഗവൺമെന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ ഈ ആക്റ്റിൻ കീഴിലുള്ള ഒരു അപേക്ഷ പരിഗണിക്കുന്നതിനുള്ള ക്ഷമതയുള്ള അധികാരസ്ഥാനം ആയിരിക്കേണ്ടതാണ്." എന്ന വാക്കുകൾക്കും ചിഹ്നങ്ങൾക്കും പകരം "ഈ ആക്റ്റിൻ കീഴിലുള്ള ഒരു അപേക്ഷ പരിഗണിക്കുന്നതിനുള്ള ക്ഷമതയുള്ള അധികാരസ്ഥാനം പ്രവേശനവും ഫീസ് നിയന്ത്രണവും സമിതി ആയിരിക്കേണ്ടതും അപ്രകാരമുള്ള" എന്ന വാക്കുകൾ ചേർക്കുക.

(iii) ഖണ്ഡം 3(4)-ൽ "സർക്കാർ" എന്ന വാക്കിനുപകരം "പ്രവേശനവും ഫീസ് നിയന്ത്രണവും സമിതി" എന്ന വാക്കുകൾ ചേർക്കുക.

(iv) ഖണ്ഡം 3(5)-ൽ "സർക്കാർ" എന്ന വാക്കിനുപകരം "പ്രവേശനവും ഫീസ് നിയന്ത്രണവും സമിതി" എന്ന വാക്കുകൾ ചേർക്കുക.

(v) ഖണ്ഡം 3 (5)-നുശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക:

"(6) പ്രവേശനവും ഫീസ് നിയന്ത്രണവും സമിതിക്ക്, ഈ ആക്റ്റിൻ കീഴിലെ ചുമതലകൾ നിർവ്വഹിക്കുന്നതിനായി 2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ആക്റ്റിന്റെ (2017-ലെ 15) 8-ാം വകുപ്പിൻകീഴിൽ നൽകിയിട്ടുള്ള അധികാരങ്ങൾക്ക് പുറമെ, അതിന്റെ സ്വന്തം ഉത്തരവുകളും 2006-ലെ കേരള പ്രൊഫഷണൽ കോളേജുകളും അല്ലെങ്കിൽ സ്ഥാപനങ്ങളും (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും പ്രവേശനം നിയന്ത്രിക്കലും, ചൂഷണരഹിത ഫീസ് നിശ്ചയിക്കലും പ്രൊഫഷണൽ വിദ്യാഭ്യാസത്തിൽ നീതിയും മികവും ഉറപ്പുവരുത്തുന്നതിനുള്ള മറ്റ് നടപടികളും) ആക്റ്റിന്റെ (2006-ലെ 19) 4-ാം വകുപ്പ്

പ്രകാരം രൂപീകരിച്ച പ്രവേശന മേൽനോട്ട സമിതി പുറപ്പെടുവിച്ച ഉത്തരവുകളും പുനഃപരിശോധിക്കാൻ അധികാരമുണ്ടായിരിക്കുന്നതാണ്."

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

183. ഖണ്ഡം 3 (1) ൽ " ഏതെങ്കിലും മെഡിക്കൽ കോളേജിലെ" എന്ന വാക്കുകൾക്ക് മുൻപായി " സംസ്ഥാനത്തെ" എന്ന വാക്ക് ചേർക്കുക.

204. ഖണ്ഡം 3(1)-ന്റെ ക്ലിപ്തനിബന്ധനയിൽ "2016-17 അധ്യയന വർഷത്തിൽ" എന്ന അക്കങ്ങൾക്കും വാക്കുകൾക്കുംശേഷം "സംസ്ഥാനത്തെ" എന്ന വാക്ക് ചേർക്കുക.

217. ഖണ്ഡം 3(1) -ന്റെ ക്ലിപ്തനിബന്ധനയിൽ, "കരുതപ്പെടുന്നതുമാണ്" എന്ന വാക്കിന് പകരം "കരുതപ്പെടേണ്ടതുമാണ്" എന്ന വാക്ക് ചേർക്കുക.

220. ഖണ്ഡം 3 (2) -ൽ "പ്രവേശനം" എന്നത് "പ്രവേശനങ്ങൾ" എന്ന് മാറ്റുക.

221. ഖണ്ഡം 3 (2) -ൽ " അപേക്ഷയും" എന്നത് "അപേക്ഷകളും" എന്ന് മാറ്റുക.

233. ഖണ്ഡം 3(2)(i)-ൽ "നിയമങ്ങളും" എന്ന വാക്കിനുശേഷം "ചട്ടങ്ങളും" എന്ന വാക്ക് ചേർക്കുക.

235. ഖണ്ഡം 3(2)(i)-ൽ "നാഷണൽ എലിജിബിലിറ്റി കം എൻട്രൻസ് ടെസ്റ്റിന്റെ" എന്ന വാക്കുകൾക്ക് ശേഷം "(നീറ്റ്)" എന്ന ചിഹ്നങ്ങളും വാക്കും ചേർക്കുക.

256. ഖണ്ഡം 3(3)-ൽ "ഗവൺമെന്റ് സെക്രട്ടറിയുടെ" എന്നത് "ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ " എന്നാക്കുക.

260. ഖണ്ഡം 3(3)-ൽ "ഏതൊരു ആളെയും" എന്ന വാക്കുകൾക്ക് പകരം "ബന്ധപ്പെട്ട ഏതൊരു വ്യക്തിയേയും" എന്ന വാക്കുകൾ ചേർക്കുക.

263. ഖണ്ഡം 3(3)-ൽ "സമൺ ചെയ്യുന്നതിനും" എന്ന വാക്കുകൾക്ക് പകരം "വിളിച്ചുവരുത്തുന്നതിനും" എന്ന വാക്ക് ചേർക്കുക.

278. ഖണ്ഡം 3(4)-ൽ " ആളെയും" എന്നതിന് പകരം "വ്യക്തിയേയും " എന്ന് ചേർക്കുക.

281. ഖണ്ഡം 3(4)-ൽ " അടയ്ക്കേണ്ടതായ ക്രമവൽക്കരണ ഫീസ് ഒടുക്കുന്നതിനുള്ള ഉത്തരവ് ഉൾപ്പെടെ അതിന്മേൽ" എന്നതിന് പകരം "പ്രവേശനം ക്രമവൽക്കരിക്കുന്നതിനായുള്ള ഒരു " എന്ന് ചേർക്കുക.

291. ഖണ്ഡം 3 (5)-ൽ "സർവ്വകലാശാലാ ആക്റ്റിലോ" എന്നതിന് പകരം "സർവ്വകലാശാല ആക്റ്റിലോ" എന്നത് ചേർക്കുക.

293. ഖണ്ഡം 3(5)-ൽ " വിജ്ഞാന" എന്ന വാക്കിന് മുൻപായി "മെഡിക്കൽ" എന്ന വാക്ക് ചേർക്കുക.

294. ഖണ്ഡം 3(5)-ൽ "മെഡിക്കൽ വിജ്ഞാനശാഖയിലെ" എന്ന വാക്കുകൾ ഒഴിവാക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

184. ഖണ്ഡം 3(1) ൽ " ഏതെങ്കിലും" എന്നതിന് പകരം " ചില സ്വാശ്രയ" എന്ന് ചേർക്കുക.

194. ഖണ്ഡം 3(1)-ൽ "ഈ ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ പതിനഞ്ച് ദിവസത്തിനകം" എന്നതിന് പകരം "2018 ഏപ്രിൽ 30 വരെ " എന്ന് ചേർക്കുക.

213. ഖണ്ഡം 3(1) -ന്റെ ക്ലിപ്തനിബന്ധനയിൽ "റിക്കാർഡുകൾ" എന്ന വാക്കിനു പകരം "രേഖകൾ" എന്ന വാക്ക് ചേർക്കുക.

237. ഖണ്ഡം 3(2)(i)-ൽ "ഉണ്ടോ;" എന്നതിന് പകരം "ഉണ്ടായിരുന്നുവോ;" എന്ന് ചേർക്കുക.

246. ഖണ്ഡം 3(2) (ii)-ൽ "ഹാജരായിട്ടുണ്ടോ" എന്നതിന് പകരം "ഹാജരായിട്ടുണ്ട്" എന്ന് ചേർക്കുക.

249. ഖണ്ഡം 3(2) (iii)-ൽ "വിദ്യാർത്ഥി അർഹനാണോ" എന്നതിന് പകരം "വിദ്യാർത്ഥിക്ക് അർഹതയുണ്ട്" എന്ന് ചേർക്കുക.

254. ഖണ്ഡം 3(3)-ൽ "അധികാരപ്പെടുത്തിയേക്കാവുന്ന, ഗവൺമെന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ" എന്നതിന് പകരം "മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ" എന്ന് ചേർക്കുക.

259. ഖണ്ഡം 3(3)-ൽ "ഏതൊരു ആളെയും" എന്നതിന് പകരം "ബന്ധപ്പെട്ട ആളെ" എന്ന് ചേർക്കുക.

283. ഖണ്ഡം 3(4)-ൽ "പുറപ്പെടുവിക്കേണ്ടതുമാണ്" എന്ന വാക്കിന് മുൻപ് വരുന്ന "ഉത്തരവ്" എന്ന വാക്ക് ഒഴിവാക്കുക.

284. ഖണ്ഡം 3(5)-ൽ "അനുവദിക്കുന്ന" എന്നതിന് പകരം "അംഗീകരിക്കുന്ന" എന്ന് ചേർക്കുക.

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

201. ഖണ്ഡം 3 (1)-ൽ " ക്രമവൽക്കരിക്കുന്നതിനായി " എന്നതിന് ശേഷം "ആവശ്യമായ രേഖകൾ സഹിതം " എന്ന് ചേർക്കുക.

280. ഖണ്ഡം 3 (4)-ൽ " ആളെയും" എന്നതിനുശേഷം "നേരിൽ " എന്ന് ചേർക്കുക.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

200. ഖണ്ഡം 3 (1)-ൽ " പതിനഞ്ച് " എന്ന വാക്കിന് പകരം "മുപ്പത് എന്ന വാക്ക് ചേർക്കുക.

202. ഖണ്ഡം 3 (1)-ൽ " അപേക്ഷിക്കാവുന്നതാണ് " എന്നതിന് പകരം "അപേക്ഷ നൽകാവുന്നതാണ് " എന്ന് ചേർക്കുക.

212. ഖണ്ഡം 3(1) -ന്റെ ക്ലിപ്തനിബന്ധനയിൽ "റിക്കാർഡുകൾ" എന്ന വാക്കിന് പകരം "രേഖകൾ" എന്ന വാക്ക് ചേർക്കുക.

223. ഖണ്ഡം 3(2) ൽ "ബന്ധപ്പെട്ട സർവ്വകലാശാല" എന്ന വാക്കുകൾക്ക് പകരം "ആരോഗ്യ സർവ്വകലാശാല" എന്ന വാക്കുകൾ ചേർക്കുക.

227. ഖണ്ഡം 3(2)-ൽ "ഏഴ്" എന്ന വാക്കിന് പകരം "പത്ത്" എന്ന വാക്ക് ചേർക്കുക.

234. ഖണ്ഡം 3(2)(i)-ൽ "നേടുന്നതിനായി" എന്ന വാക്കിന് പകരം "ലഭിക്കുന്നതിനായി" എന്ന വാക്ക് ചേർക്കുക.

251. ഖണ്ഡം 3(3)-ൽ "ഉത്തരവുവഴി" എന്ന വാക്കിന് പകരം "ഉത്തരവനുസരിച്ച്" എന്ന വാക്ക് ചേർക്കുക.

257. ഖണ്ഡം 3(3)-ൽ "ഗവൺമെന്റ് സെക്രട്ടറി" എന്ന വാക്കുകൾക്ക് പകരം "ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി" എന്ന വാക്കുകൾ ചേർക്കുക.

258. ഖണ്ഡം 3(3)-ൽ "ആക്റ്റിൻ കീഴിലുള്ള" എന്ന വാക്കുകൾക്ക് ശേഷമുള്ള "ഒരു" എന്ന വാക്ക് ഒഴിവാക്കുക.

279. ഖണ്ഡം 3(4)-ൽ " ആളെയും" എന്ന വാക്കിന് പകരം "വ്യക്തിയേയും " എന്ന വാക്ക് ചേർക്കുക.

288. ഖണ്ഡം 3 (5)-ൽ "ബന്ധപ്പെട്ട" എന്ന വാക്ക് ഒഴിവാക്കുക.

290. ഖണ്ഡം 3(5)-ൽ "സർവ്വകലാശാലാ ആക്റ്റിലോ" എന്നതിന് മുൻപിലുള്ള "ഏതെങ്കിലും" എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

207. ഖണ്ഡം 3(1)-ന്റെ ക്ലിപ്തനിബന്ധനയിൽ "ഈ ആക്റ്റിന്റെ പ്രാരംഭ തീയതി" എന്നത് "ഈ ആക്റ്റ് സംസ്ഥാന ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി" എന്ന് മാറ്റുക.

ശ്രീ. സി. മമ്മൂട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

228. ഖണ്ഡം 3(2)-ൽ "ഏഴ്" എന്നതിനു പകരം "പതിനഞ്ച് " എന്ന് ചേർക്കുക.

296. ഖണ്ഡം 3(5)-ന്റെ വിശദീകരണത്തിൽ "ഒരു ആക്റ്റ്" എന്നീ വാക്കുകൾക്ക് പകരം "2011-ലെ 4-ാം നമ്പർ ആക്റ്റ്" എന്ന് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

239. ഖണ്ഡം 3(2)(ii)-ൽ "പറഞ്ഞിരിക്കുന്ന" എന്ന വാക്കിന് പകരം "രേഖപ്പെടുത്തിയിട്ടുള്ള" എന്ന വാക്ക് ചേർക്കുക.

266. ഖണ്ഡം 3(3)-ൽ "സമൺ ചെയ്യുന്നതിനും" എന്ന വാക്കുകൾക്ക് ശേഷം "ഇതുമായി ബന്ധപ്പെട്ട" എന്ന വാക്കുകൾ ചേർക്കുക.

270. ഖണ്ഡം 3(4)-ൽ "വകുപ്പിൻ കീഴിൽ" എന്ന വാക്കുകൾക്ക് പകരം "ആക്റ്റിൻ കീഴിൽ" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

243. ഖണ്ഡം 3(2) (ii)-ൽ "യഥാവിധി" എന്ന വാക്കിന് പകരം "യഥാസമയം" എന്ന വാക്ക് ചേർക്കുക.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

273. ഖണ്ഡം 3(4) - ൽ " ആവശ്യപ്പെടേണ്ടതും" എന്നതിനുശേഷം " ആയത് 15 ദിവസത്തിനകം ലഭ്യമാക്കേണ്ടതും" എന്ന വാക്കുകൾ ചേർക്കുക.

292. ഖണ്ഡം 3(5)-ൽ " 2016-17 അധ്യയന വർഷം മുതൽ ആ വിജ്ഞാന ശാഖയിൽ അവരുടെ കോഴ്സ് പൂർത്തിയാക്കുന്നതുവരെ ആ സർവ്വകലാശാലയ്ക്ക് കീഴിലെ മെഡിക്കൽ വിജ്ഞാനശാഖയിലെ റെഗുലർ വിദ്യാർത്ഥികളായി പരിഗണിക്കേണ്ടതുമാണ്" എന്നതിന് പകരം "2016-17 അധ്യയനവർഷം മുതൽ ആ സർവ്വകലാശാലയ്ക്ക് കീഴിലെ മെഡിക്കൽ വിജ്ഞാനശാഖയിലെ റെഗുലർ വിദ്യാർത്ഥികളായി പരിഗണിക്കേണ്ടതുമാണ്" എന്ന് ചേർക്കുക.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ശ്രീ. വി.പി. സജീന്ദ്രൻ അവതരിപ്പിച്ച 183, 263, 291 എന്നീ നമ്പർ ഭേദഗതികളും ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 213-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 340-ാം നമ്പർ ഔദ്യോഗിക ഭേദഗതിയും ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 183, 263, 291 എന്നീ നമ്പർ ഭേദഗതികളും ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 213-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 204, 217, 220, 221, 233, 235, 256, 260, 278, 281, 293, 294 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 184, 194, 237, 246, 249, 254, 259, 283, 284 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. അടൂർ പ്രകാശ് അവതരിപ്പിച്ച 201, 280 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 202, 212, 223, 227, 234, 251, 257, 258, 279, 288, 290 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 207-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 228, 296 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 239, 266, 270 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 243-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 273, 292 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതിചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ...

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

ഭേദഗതിചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതിചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4-ാം വകുപ്പ്

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു:

341. ഖണ്ഡം 4 (iv) ഒഴിവാക്കുക.

ഞാൻ അവതരിപ്പിച്ച 341-ാം നമ്പർ ഔദ്യോഗിക ഭേദഗതിക്ക് സമാനമാണ് ശ്രീ. കെ. എസ്. ശബരീനാഥൻ അവതരിപ്പിക്കാൻ ഉദ്ദേശിച്ച 308-ാം നമ്പർ ഭേദഗതി. അദ്ദേഹം അവതരിപ്പിച്ചിരുന്നെങ്കിൽ അതംഗീകരിക്കാമായിരുന്നു. അദ്ദേഹം അവതരിപ്പിക്കാത്തതുകൊണ്ടാണ് ഞാനത് ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചത്.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

297. ഖണ്ഡം 4(i)-ൽ "മെഡിക്കൽ വിജ്ഞാന ശാഖയിൽ" എന്ന വാക്കുകൾക്ക് മുൻപായി "ഏതെങ്കിലും" എന്ന വാക്ക് ചേർക്കുക.

299. ഖണ്ഡം 4(i)-ൽ "ടെസ്റ്റിന്റെ" എന്ന വാക്കിന് ശേഷം "(നീറ്റ്)" എന്ന ചിഹ്നങ്ങളും വാക്കും ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

298. ഖണ്ഡം 4(i)-ൽ "നേടുന്നതിനായി" എന്ന വാക്കിന് പകരം "ലഭിക്കുന്നതിനായി" എന്ന വാക്ക് ചേർക്കുക.

ശ്രീ. അടൂർ പ്രകാശ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

301. ഖണ്ഡം 4(i)-ൽ "യോഗ്യതയും അർഹതയും" എന്നതിന് പകരം "എല്ലാ വിധത്തിലുമുള്ള യോഗ്യതയും പൂർണ്ണമായ അർഹതയും" എന്ന് മാറ്റുക.

307. ഖണ്ഡം 4 (iii) ഒഴിവാക്കുക.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

302. ഖണ്ഡം 4 (i)-ൽ " ഉണ്ടോ" എന്ന വാക്കിനുപകരം " ഉണ്ടായിരുന്നോ " എന്ന വാക്ക് ചേർക്കുക.

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

305. ഖണ്ഡം 4(i) - ൽ "പരിഗണിക്കേണ്ടതാണ്;" എന്ന വാക്കിന് പകരം "പരിശോധിക്കേണ്ടതാണ്;" എന്ന വാക്ക് ചേർക്കുക.

318. ഖണ്ഡം 4 (vi) ഒഴിവാക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

306. ഖണ്ഡം 4 - ൽ ഉപഖണ്ഡം (ii) ഒഴിവാക്കി ബാക്കിയുള്ളവ പുനരക്കം ചെയ്യുക.

310. ഖണ്ഡം 4 (iv)-ൽ "പരിഗണിക്കുവാൻ" എന്നതിനുമുൻപ് "സംബന്ധിച്ച വിഷയം"എന്ന് ചേർക്കുക.

311. ഖണ്ഡം 4 (v)-ൽ "മാനേജ്മെന്റ് " എന്ന വാക്കിനുമുൻപ് "2006-ലെ 19-ാം ആക്റ്റിലെ 5-ാം വകുപ്പിൽ പരാമർശിക്കുന്നത് പ്രകാരം"എന്ന വാക്കുകൾ ചേർക്കുക.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 341-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 297, 299 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 298-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. അടൂർ പ്രകാശ് അവതരിപ്പിച്ച 310, 307 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 302-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 305, 318 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 306, 310, 311 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതിചെയ്തപ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ...

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

ഭേദഗതിചെയ്തപ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതിചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

5-ാം വകുപ്പ്

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു:

342. ഖണ്ഡം 5(1)-ൽ "സർക്കാർ" എന്ന വാക്കിനുപകരം "പ്രവേശനവും ഫീസ് നിയന്ത്രണവും സമിതി" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. പറയ്ക്കൽ അബ്ദുല്ലയുടെ 338-ാം നമ്പർ ഭേദഗതിയും ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

338. ഖണ്ഡം 5(2)-ൽ, "പ്രകാരമുള്ള സർക്കാരിലേക്ക്" എന്നതിനുപകരം "പ്രകാരം സർക്കാരിലേക്ക്" എന്ന് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

323. ഖണ്ഡം 5(1)-ൽ "അനുവദിക്കുന്നപക്ഷം" എന്നതിന് പകരം "അംഗീകരിക്കുന്നപക്ഷം" എന്ന് ചേർക്കുക.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

327. ഖണ്ഡം 5 (1)-ൽ "അങ്ങനെയുള്ള ക്രമവൽക്കരണത്തിനായി" എന്ന വാക്കുകൾ ഒഴിവാക്കുക.

333. ഖണ്ഡം 5(1)-ൽ, "ഒടുക്കുവാൻ ബാധ്യസ്ഥമായിരിക്കുന്നതാണ്" എന്ന വാക്കുകൾക്ക് പകരം "സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്" എന്ന വാക്കുകൾ ചേർക്കുക.

335. ഖണ്ഡം 5(1)-ൽ, "വിദ്യാർത്ഥികളിൽനിന്നും" എന്ന വാക്കിന് പകരം "പ്രസ്തുത വിദ്യാർത്ഥികളിൽ നിന്നും" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

328. ഖണ്ഡം 5(1)-ൽ " ഒരു വിദ്യാർത്ഥിക്ക്" എന്ന വാക്കുകൾക്ക് പകരം "ഓരോ വിദ്യാർത്ഥിക്കും" എന്ന വാക്കുകൾ ചേർക്കുക.

334. ഖണ്ഡം 5(1)-ൽ, "അങ്ങനെയുള്ള ഫീസ്" എന്നീ വാക്കുകൾക്ക് പകരം "അങ്ങനെയുള്ള ഫീസോ അതിന്റെ ഭാഗമോ" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

331. ഖണ്ഡം 5(1)-ൽ "ക്രമവൽക്കരണ ഫീസായി" എന്നതിനുശേഷം "സർക്കാരിൽ" എന്ന് ചേർക്കുക.

332. ഖണ്ഡം 5(1)-ൽ "ഒടുക്കുവാൻ ബാധ്യസ്ഥമായിരിക്കുന്നതാണ്" എന്നതിനുമുൻപ് "ഉത്തരവിൽ നിർദ്ദേശിക്കുന്ന തീയതിയ്ക്കകം" എന്ന് ചേർക്കുക.

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

336. ഖണ്ഡം 5(1)-ൽ, "ഈടാക്കുവാൻ പാടില്ലാത്തതാകുന്നു" എന്ന വാക്കുകൾക്ക് പകരം "ഈടാക്കുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതാണ്" എന്നീ വാക്കുകൾ ചേർക്കുക.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>): സർ, ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 331-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകാര്യമല്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 342, 338 എന്നീ നമ്പർ ഔദ്യോഗിക ഭേദഗതികളും ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 331-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 323-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 327, 333, 335 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 328, 334 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 332-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. കെ. അബ്ദു റബ്ബ് അവതരിപ്പിച്ച 336-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ...

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

ഭേദഗതി ചെയ്തപ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

6-ാം വകുപ്പ്

(ഭേദഗതികളില്ല)

മി. ഡെപ്യൂട്ടി സ്പീക്കർ: 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ...

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

110. ദീർഘശീർഷകത്തിൽ "മെഡിക്കൽ" എന്ന വാക്കിനുമുൻപ് "സ്വാശ്രയ"എന്ന വാക്ക് ചേർക്കുക.

113. ദീർഘശീർഷകത്തിൽ "നടത്തിയ" എന്ന വാക്കിന് പകരം "പ്രവേശനം നേടിയ" എന്ന് ചേർക്കുക.

127. പീഠികയിൽ "മെഡിക്കൽ" എന്ന വാക്കിനുമുൻപ് "സ്വാശ്രയ" എന്ന് ചേർക്കുക.

132. പീഠികയിൽ "നടത്തിയ" എന്നതിനു പകരം "പ്രവേശനം നേടിയ" എന്ന് ചേർക്കുക.

140. ഖണ്ഡം 1(1)-ൽ "മെഡിക്കൽ" എന്ന വാക്കിനുമുൻപ് "ചില സ്വാശ്രയ" എന്ന് ചേർക്കുക.

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

116. ദീർഘശീർഷകത്തിൽ "ക്രമവൽക്കരിക്കുന്നതിന്" എന്ന വാക്കിന് പകരം "സാധൂകരിക്കുന്നതിന്" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

117. ദീർഘശീർഷകത്തിൽ "ക്രമവൽക്കരിക്കുന്നതിന്" എന്നതിന് പകരം "ക്രമവൽക്കരിക്കുന്നത് സംബന്ധിച്ച്" എന്ന വാക്കുകൾ ചേർക്കുക.

134. പീഠികയിൽ "ക്രമവൽക്കരിക്കുന്നതിന്" എന്നതിന് പകരം "ക്രമവൽക്കരിക്കുന്നത് സംബന്ധിച്ച്" എന്നാക്കുക.

139. തത്വപ്രഖ്യാപന വാക്യത്തിൽ "താഴെപ്പറയും" എന്ന വാക്കിന് പകരം "ഇനിപ്പറയും" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u> : സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു:

128. പീഠികയിൽ "അധ്യയന വർഷം" എന്നതിന് പകരം "അധ്യയന വർഷത്തിൽ" എന്ന് ചേർക്കുക.

<u>ശ്രീ. പി. ടി. തോമസ്</u> : സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു:

129. പീഠികയിൽ "അധ്യയന വർഷം" എന്നതിനു ശേഷം "മെഡിക്കൽ വിജ്ഞാന ശാഖയിൽ" എന്ന് ചേർക്കുക.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു:

141. ഖണ്ഡം 1(1)-ൽ "മെഡിക്കൽ കോളേജുകളിലെ പ്രവേശനം" എന്നത് "സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ അനധികൃതവും ക്രമവിരുദ്ധവുമായ പ്രവേശനം" എന്നാക്കുക.

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു:

146. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക:

"(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്".

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഭേദഗതികൾ സ്വീകാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 110, 113, 127, 132, 140 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. കെ. അബ്ദു റബ്ബ് അവതരിപ്പിച്ച 116-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 117, 134, 139 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 128-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 129-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 141-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. അടൂർ പ്രകാശ് അവതരിപ്പിച്ച 146-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ...

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, 2018-ലെ കേരള പ്രൊഫഷണൽ കോളേജുകൾ (മെഡിക്കൽ കോളേജുകളിലെ പ്രവേശനം ക്രമവൽക്കരിക്കൽ) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഞാൻ ഈ ബില്ലിനെ അനുകൂലിക്കുകയാണ്. രണ്ട് കാര്യങ്ങളാണ് പ്രധാനമായും പറയാൻ ഉദ്ദേശിക്കുന്നത്; ഈ ബിൽ പ്രതിപക്ഷവും ഭരണകക്ഷിയുംകൂടി ഒരുമിച്ച് പാസ്സാക്കിയതിനെതിരായി ചില മാധ്യമങ്ങൾ വൻതോതിലുള്ള വിമർശനമാണ് നടത്തിയത്. ഒന്നുകിൽ അവർ സത്യാവസ്ഥ മനസ്സിലാക്കാതെയോ അല്ലെങ്കിൽ മനസ്സിലാക്കിക്കൊണ്ട് മനഃപൂർവ്വം മറച്ചുവച്ചോ ആണ് ഈ ബില്ലിന്മേൽ അഭിപ്രായപ്രകടനം നടത്തിയത്. ബഹുമാനപ്പെട്ട സുപ്രീംകോടതിയും ഇതിന്റെ വസ്തുതകൾ ശരിയായി മനസ്സിലാക്കിയിട്ടുണ്ടോയെന്ന് എനിക്ക് സംശയമാണ്. സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളായ കണ്ണൂർ മെഡിക്കൽ കോളേജിലും കരുണ മെഡിക്കൽ കോളേജിലും പ്രവേശനം കിട്ടിയ കുട്ടികളുടെ ഭാവി അനിശ്ചിതത്വത്തിലാകുന്ന സാഹചര്യത്തിലാണ് സർക്കാരും പ്രതിപക്ഷവുംകൂടി ആലോചിച്ച് ഇങ്ങനെയൊരു നിയമഭേദഗതി കൊണ്ടുവരാൻ തീരുമാനിച്ചത്. അതിലൊരപാകതയുമില്ല. ഒരുപക്ഷെ ആ വിദ്യാർത്ഥികൾ ക്യാപിറ്റേഷൻ ഫീസ് കൊടുത്തിരിക്കാം. അതൊക്കെ പരിശോധിക്കാൻ ഇവിടെ സംവിധാനമുണ്ട്. മാനേജ്മെന്റിന്റെ തെറ്റായ നടപടിയാണ് അതിന് കാരണം. സ്വാശ്രയ മാനേജ്മെന്റുകൾ ലാഭക്കൊതിയോടുകൂടി വിദ്യാർത്ഥി പ്രവേശനം നടത്തിയതിന്റെ ഫലമായാണ് ഇങ്ങനെയൊരു സ്ഥിതിവിശേഷമുണ്ടായത്. പക്ഷെ, നമ്മൾ കാണേണ്ടത് ആ കുട്ടികളുടെ കാര്യമാണ്. രക്ഷകർത്താക്കളും കുട്ടികളും നിരവധി തവണ നമ്മളെയെല്ലാവരെയും വന്ന് കണ്ടു. ആത്മഹത്യ ചെയ്യുകയേ മാർഗ്ഗമുള്ളൂവെന്ന് കുട്ടികളും രക്ഷകർത്താക്കളും ആവർത്തിച്ച് പറഞ്ഞ സാഹചര്യത്തിലാണ് ഇങ്ങനെയൊരു നിയമനിർമ്മാണം നടത്തേണ്ടിവന്നത്. കുട്ടികളുടെ ഭാവിയെ മാത്രം മുന്നിൽ കണ്ടുകൊണ്ടാണ് ഈ നിയമനിർമ്മാണം കൊണ്ടുവരാനുള്ള സാഹചര്യമുണ്ടായത്. അല്ലാതെ ഇത് മാനേജ്മെന്റിനെ സഹായിക്കാനോ നിക്ഷിപ്ത താൽപ്പര്യക്കാരെ സംരക്ഷിക്കാനോ ഉള്ളതല്ല. ഇനി ഇങ്ങനെയുള്ള അവസരങ്ങൾ ഉണ്ടാകാതിരിക്കട്ടെ എന്നാണ് എനിക്ക് പറയാനുള്ളത്. മെഡിക്കൽ അഡ്മിനിസ്ട്രേഷൻ സംബന്ധിച്ച് കേന്ദ്ര സർക്കാർ പുതിയ ബില്ലുകൾ പാസ്സാക്കാൻ പോകുന്ന സന്ദർഭമാണ്. ഏതായാലും പ്രവേശനത്തിന് കോഴ വാങ്ങി കുട്ടികളെ പ്രവേശിപ്പിച്ച ഈ രണ്ട് മാനേജ്മെന്റുകളും ഒരു വിധത്തിലും ദയ അർഹിക്കുന്നില്ല; ഒരു വിധത്തിലും അവരെ അംഗീകരിക്കാനും സാധ്യമല്ല. പക്ഷെ, കുട്ടികളുടെ കാര്യമാണ് നമ്മുടെ മുന്നിലുള്ള പ്രശ്നം. ഒന്നാം വർഷം പൂർത്തിയാക്കിയശേഷം മുന്നോട്ടുള്ള പഠനത്തിന് സൗകര്യമില്ലാതെ ഭാവി അനിശ്ചിതത്വത്തിലായ സാഹചര്യത്തിലാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ആരോഗ്യ വകുപ്പുമന്ത്രിയും പ്രതിപക്ഷനേതാവെന്നുള്ള നിലയിൽ ഞാനും ചേർന്ന് ആലോചിച്ച് ഇത്തരമൊരു നിയമഭേദഗതി

കൊണ്ടുവന്നത്. ഇതിനെ സംബന്ധിച്ചുള്ള ആക്ഷേപങ്ങൾക്കും മാധ്യമ ചർച്ചകൾക്കും ഒരർത്ഥവുമില്ല. വേറെ അഡ്മിഷൻ കിട്ടിയാൽത്തന്നെ രണ്ട് വർഷം നഷ്ടപ്പെടുന്ന വിദ്യാർത്ഥികളുടെ ഭാവിയെ മാത്രം കണക്കിലെടുത്തുകൊണ്ടുള്ള ഒരു നിയമനിർമ്മാണമാണിത്. ബഹുമാനപ്പെട്ട സുപ്രീംകോടതിയും ഈ കാര്യം പരിഗണിക്കണം. ഞങ്ങൾ പരിഗണിച്ചത് കുട്ടികളുടെ ഭാവി മാത്രമാണ്. യാതൊരു വിധത്തിലുമുള്ള കരുണ കാണിക്കേണ്ട മാനേജ്മെന്റുകളല്ല അവ. പേര് കരുണ എന്നാണെങ്കിലും ഒരു കരുണയും അവർക്ക് അവകാശപ്പെട്ടതല്ല. കണ്ണൂർ മെഡിക്കൽ കോളേജിനും ഒരു പരിഗണനയും സഹാനുഭൂതിയും ആവശ്യമില്ല. വിദ്യാർത്ഥികൾക്കു വേണ്ടിയാണ് നമ്മളിതെല്ലാം ചെയ്തത്. ഈ നിയമത്തെ ഞാൻ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: 2018-ലെ കേരള പ്രൊഫഷണൽ കോളേജുകൾ (മെഡിക്കൽ കോളേജുകളിലെ പ്രവേശനം ക്രമവൽക്കരിക്കൽ) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ....

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ................

പ്രമേയം സഭ അംഗീകരിച്ചു; ബിൽ ഐകകണ്ഠ്യേന പാസ്സാക്കി.

(ii) 2018-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ചെറിയൊരു വിശദീകരണം ആവശ്യമുണ്ട്. കേരള സംസ്ഥാന രൂപീകരണത്തിനുമുമ്പ് മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായ മലബാർ മേഖലയിൽ ഹിന്ദുമത ധർമ്മ സ്ഥാപനങ്ങളുടെ കാര്യക്ഷമമായ ഭരണനിർവ്വഹണത്തിനായി അന്നത്തെ മദ്രാസ് സംസ്ഥാനം പാസ്സാക്കിയ നിയമമാണ് 1951-ലെ മദ്രാസ് ഹിന്ദുമത ചാരിറ്റബിൾ എൻഡോവ്മെന്റ് ആക്ട്. ഈ ആക്ട് അന്നത്തെ മദ്രാസ് സംസ്ഥാനത്തിൽ ഉൾപ്പെട്ടിരുന്ന പ്രദേശങ്ങളിലായിരുന്നു പ്രാബല്യമുണ്ടായിരുന്നത്. 1956-ൽ കേരള സംസ്ഥാന രൂപീകരണത്തിനുശേഷവും Kerala adaptation of laws order

പ്രകാരം മലബാർ പ്രദേശത്ത് ഇത് പ്രാബല്യത്തിലുണ്ട്. ഈ ആക്ടിലെ വ്യവസ്ഥകൾപ്രകാരം ഹിന്ദുമത ധർമ്മസ്ഥാപനങ്ങളുടെ ഭരണനിർവ്വഹണം സംസ്ഥാന സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലായിരുന്നു. ഇതിനായി 'ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ ഭരണവകുപ്പ് എന്നൊരു വകുപ്പുമുണ്ടായിരുന്നു. എന്നാൽ 2008-ൽ ആക്ടിൽ കൊണ്ടുവന്ന ഭേദഗതിപ്രകാരം ധർമ്മ സ്ഥാപനങ്ങളുടെ ഭരണനിർവ്വഹണം സർക്കാർ വകുപ്പിൽനിന്നും മാറ്റി പകരം മലബാർ ദേവസ്വംബോർഡ് എന്ന സംവിധാനത്തിൻ കീഴിലാക്കി. ഹിന്ദുമതധർമ്മ സ്ഥാപനങ്ങളുടെ ഭരണനിർവ്വഹണം നടത്തിവന്ന സർക്കാർ വകുപ്പ് നിർത്തലാക്കിയെങ്കിലും പ്രസ്തുത വകുപ്പിൽ ജോലി ചെയ്തുവന്നിരുന്ന ജീവനക്കാരെ, നിർത്തലാക്കിയ സർക്കാർ വകുപ്പിനുപകരം രൂപീകരിക്കപ്പെട്ട മലബാർ ദേവസ്വം ബോർഡിന്റെ സർവ്വീസിലേയ്ക്ക് അബ്സോർബ് ചെയ്തു. ഇപ്രകാരം ബോർഡിന്റെ സർവ്വീസിലേയ്ക്ക് മാറിയ ജീവനക്കാരുടെ അവകാശങ്ങളും ആനുകൂല്യങ്ങളും മറ്റ് സേവനവേതന വ്യവസ്ഥകളും മലബാർ ദേവസ്വം ബോർഡിന്റെ സർവ്വീസിലും തുടരുന്നതാണെന്ന് 2008-ലെ ഭേദഗതി ആക്ടിന്റെ 19(g)(1) വകുപ്പ് വ്യവസ്ഥ ചെയ്യുകയും ചെയ്തു. എന്നാൽ ഹിന്ദുമത വിശ്വാസിയും ക്ഷേത്രാചാരത്തിലും ദൈവത്തിലും വിശ്വാസമുള്ള സർക്കാർ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഒരുദ്യോഗസ്ഥനെ മലബാർ ദേവസ്വം ബോർഡിന്റെ കമ്മീഷണറായി നിയമിക്കാവുന്നതാണെന്ന മറ്റൊരു വ്യവസ്ഥ 2008-ലെ ഭേദഗതി ആക്ടിൽ 8(c) വകുപ്പായി ഉൾപ്പെടുത്തിയിരുന്നു. മേൽ പ്രസ്താവിച്ചപ്രകാരം ഹിന്ദുമത എൻഡോവ്മെന്റ് വകുപ്പിനുകീഴിൽ വരുന്ന ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകളിലും അവകാശങ്ങളിലും പ്രൊമോഷൻ ഉൾപ്പെടെയുള്ള സർവ്വീസ് ആനുകൂല്യങ്ങളും ഉൾപ്പെടും. എന്നാൽ 8(c) വകുപ്പിൽ വന്ന ഭേദഗതിമൂലം മുമ്പ് പ്രൊമോഷൻ തസ്തികയായ കമ്മീഷണർ പദവിയിലേയ്ക്ക് ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥനെ നിയമിക്കണമെന്ന വ്യവസ്ഥ ചേർത്തത് 18(g)(1) വകുപ്പിനനുസൃതമല്ലെന്ന് തോന്നാവുന്ന സാഹചര്യം സൃഷ്ടിച്ചു. നിർത്തലാക്കിയ സർക്കാർ വകുപ്പിലുണ്ടായിരുന്നതും മലബാർ ദേവസ്വം ബോർഡിലെ സർവ്വീസിൽ തുടരുന്നതുമായ ഡെപ്യൂട്ടി കമ്മീഷണർ തസ്തികയിലുള്ള ഒരുദ്യോഗസ്ഥന് മലബാർ ദേവസ്വം ബോർഡിന്റെ കമ്മീഷണറായി സ്ഥാനക്കയറ്റം ലഭിക്കാനുള്ള അർഹത വ്യക്തമാക്കുന്നതിനും 8 (c) പ്രകാരമുള്ള വ്യവസ്ഥ 19 (g)(1) വകുപ്പിന് അനുസൃതമല്ലെന്ന വ്യാഖ്യാനം ഒഴിവാക്കുന്നതിനുംവേണ്ടി ഈ വകുപ്പ് ഭേദഗതി ചെയ്യേണ്ടതായി വന്നിരിക്കുകയാണ്. നിർത്തലാക്കിയ സർക്കാർ വകുപ്പിലുണ്ടായിരുന്നതും മലബാർ ദേവസ്വം ബോർഡിന്റെ സർവ്വീസിൽ തുടരുന്നതുമായ ഉദ്യോഗസ്ഥരുടെ പ്രൊമോഷൻ അടക്കമുള്ള അവകാശങ്ങളുടെ പരിരക്ഷയ്ക്കുവേണ്ടി മലബാർ ദേവസ്വം ബോർഡിന്റെ കമ്മീഷണറായി സ്ഥാനക്കയറ്റം ലഭിക്കുന്നതിന് അർഹരായ ഉദ്യോഗസ്ഥർ മലബാർ ദേവസ്വം

ബോർഡിന്റെ സർവ്വീസിലുള്ള പക്ഷം അവരുടെ അവകാശം 19 (g)(1)-ൽ വ്യവസ്ഥ ചെയ്യുന്നതുപോലെ സംരക്ഷിക്കുന്നതിനുവേണ്ടി 8(c) വകുപ്പിൽ വ്യക്തത വരുത്തേണ്ടതുണ്ട്. ഇതിനുവേണ്ടിയാണ് ഈ ഭേദഗതി കൊണ്ടുവന്നത്. ഇത്രയും കാര്യമാണ് എനിക്ക് ഇത് സംബന്ധിച്ച് പറയാനുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ: 2018-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബില്ലിന് വിയോജനക്കുറിപ്പ് നൽകിയിട്ടുള്ള അംഗങ്ങൾക്ക് സംസാരിക്കാവുന്നതാണ്.

2.00 P.M.]

ശ്രീ. അടൂർ പ്രകാശ്: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള 2018-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബില്ലിന്മേലുള്ള വിയോജിപ്പ് രേഖപ്പെടുത്തുന്നു.

1951-ൽ മദ്രാസ് നിയമസഭയാണ് ഈ നിയമത്തിന്റെ മൂലനിയമം പാസ്സാക്കിയത്. നാളിതുവരെ ഈ നിയമത്തിന് 10 ഭേദഗതികളാണ് വന്നിട്ടുള്ളത്. അതിൽ രണ്ടെണ്ണം മദ്രാസ് നിയമസഭയും ശേഷിക്കുന്ന എട്ടെണ്ണം കേരള നിയമസഭയുമാണ് പാസ്സാക്കിയത്. നിലവിലെ ഭേദഗതി പതിനൊന്നാമത്തേതാണ്. റാണി ഗൗരി ലക്ഷ്മീബായി തിരുവിതാംകൂർ ഭരിച്ചിരുന്ന കാലത്ത്, അഥവാ മൺട്രോയുടെ കാലത്ത് രൂപം കൊടുത്തതാണ് ദേവസ്വം സംവിധാനം. ദേവസ്വത്തിന്റെയും ബ്രഹ്മസ്വത്തിന്റെയും ഉടമസ്ഥരായി വാണിരുന്ന നമ്പൂതിരി മേധാവിത്വത്തിന്റെ കീഴിൽ അളവില്ലാതെ കുന്നുകൂടിയ സമ്പത്ത് സൃഷ്ടിച്ച സാമൂഹ്യരാഷ്ട്രീയ പ്രശ്നങ്ങളിൽ നിയന്ത്രണം കൊണ്ടുവരുന്നതിന്റെ ഭാഗമായി 1811-ൽ തുടങ്ങിയതാണ് ദേവസ്വം സംവിധാനം. 1897-ൽ പുതിയ ദേവസ്വം വകുപ്പ് രൂപീകരിക്കുകയും 1906-ൽ ദേവസ്വം സെറ്റിൽമെന്റ് വിളംബരമുണ്ടാകുകയും ചെയ്തു. 1907-ൽ ലാന്റ് റവന്യൂ വകുപ്പിന്റെ കീഴിലായിരുന്ന ക്ഷേത്രഭരണം. 1922 ഏപ്രിൽ 22-ന് അഥവാ കൊല്ലവർഷം 1098-ൽ ശ്രീമൂലം തിരുനാൾ രാമവർമ്മ ദേവസ്വം വിളംബരം വഴി ക്ഷേത്രഭരണം റവന്യൂ വകുപ്പിൽനിന്നും മാറ്റി പ്രത്യേകം വകുപ്പാക്കുകയും ഭൂനികുതിയുടെ 40 ശതമാനം ദേവസ്വം ഫണ്ടാക്കാനും പ്രതിവർഷം 25 ലക്ഷം രൂപ സർക്കാർ ഗ്രാന്റായും നിശ്ചയിക്കുകയുണ്ടായി. സ്വാതന്ത്ര്യാനന്തരം 1949-ൽ തിരുവിതാംകൂറും കൊച്ചിയും യോജിച്ച് തിരു-കൊച്ചിയായി. കേന്ദ്ര സർക്കാരുമായുള്ള ധാരണ പ്രകാരം ഹിന്ദുമന്ത്രിയും രാജാവും ഹിന്ദു അദ്ധ്യക്ഷനും ഉൾപ്പെടെ മൂന്നംഗ ബോർഡ് രൂപീകരിക്കുകയും ബഹുമാന്യനായ മന്നത്ത് പത്മനാഭൻ അതിന്റെ അദ്ധ്യക്ഷനായി വരികയും ചെയ്തു. 1949-ലെ തിരു-കൊച്ചി സംസ്ഥാനത്തിന്റെ രൂപീകരണത്തിനുമുൻപ് കൊച്ചിയുടെയും തിരുവിതാംകൂറിന്റെയും അധീനതയിലുണ്ടായിരുന്ന 1194 ചെറുതും വലുതുമായ ക്ഷേത്രങ്ങളാണ്

തിരുവിതാംകൂർ കൊച്ചി ഹിന്ദുമത സ്ഥാപന ആക്ട് 1950 പ്രകാരം സർക്കാർ നിയന്ത്രണത്തിലേയ്ക്ക് വന്നത്. തിരുവിതാംകൂറിന്റെ കാര്യത്തിൽ രാജാവും ഇന്ത്യാ സർക്കാരും ഒരുമിച്ചുചേർന്ന് ക്ഷേത്രങ്ങളെ സംബന്ധിച്ച് കരാറൊപ്പിട്ടുകയും പൊതുഖജനാവിൽനിന്നുള്ള ഗ്രാന്റ് 51 ലക്ഷം രൂപയായി ഉയർത്തുകയും ചെയ്തു. 1872-ലും 1927-ലുമാണ് മദ്രാസ് പ്രവിശ്യയുടെ ഭാഗമായിരുന്ന മലബാറിലെ ക്ഷേത്രങ്ങൾക്കുകൂടി ബാധകമാകുന്ന തരത്തിൽ അന്നത്തെ മദ്രാസ് നിയമസഭ നിയമനിർമ്മാണം നടത്തിയത്. 1951-ലാണ് മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ ആക്ട് നിലവിൽ വന്നത്. 600 മുതൽ 700 വരെ സ്വകാര്യ ക്ഷേത്രങ്ങളും മലബാറിലേതുൾപ്പെടെ ഏകദേശം 2200-ഓളം ക്ഷേത്രങ്ങളും അതിലുൾപ്പെട്ടിരുന്നു. മലബാർ പ്രദേശത്തെ ഹിന്ദുമത ധർമ്മ സ്ഥാപനങ്ങൾ ഒരു കമ്മീഷണറുടെ നിയന്ത്രണത്തിലായിരുന്നു പ്രവർത്തിച്ചിരുന്നത്. ഏതാനും ദേവസ്വങ്ങളുടെ ട്രസ്റ്റികളെ ക്ഷേത്രഫണ്ടിൽനിന്നും ദേശീയ പ്രതിരോധ നിധിയിലേയ്ക്ക് സംഭാവന നൽകുന്നതിന് പ്രാപ്തരാക്കുവാൻവേണ്ടി 1951-ലെ മൂലനിയമത്തിലെ 30-ാം വകുപ്പിന് 1963-ലെ 41-ാം ആക്ടിലൂടെ ഭേദഗതി കൊണ്ടുവന്നിരുന്നു. 1967-ലെ 13-ാം ആക്ട് പ്രകാരം പുതിയ പാട്ടഉടമ്പടി ഇറക്കുന്നതിന് ഹിന്ദുമത ധർമ്മസ്ഥാപനത്തിന് സ്വത്ത് സംബന്ധിച്ച് കമ്മീഷണർക്ക് അധികാരം നൽകുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തി മൂലനിയമം വീണ്ടും ഭേദഗതി വരുത്തുകയുണ്ടായി. 1968-ൽ 12-ാം ആക്ട് പ്രകാരം കമ്മീഷണർക്ക് നൽകിയിരുന്ന അധികാരങ്ങൾ ഏരിയാ കമ്മിറ്റികളും അസിസ്റ്റന്റ് കമ്മീഷണർമാരും വിനിയോഗിച്ചുവന്നിരുന്നത്, ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 1963-ലെ ഒ.പി. നമ്പർ 413-ലെ വിധിന്യായത്തിന്റെ വെളിച്ചത്തിൽ അന്നുവരെ ഡെപ്യൂട്ടി കമ്മീഷണർമാരും ഏരിയാ കമ്മിറ്റികളും നടത്തിയ നടപടികൾ സാധൂകരിക്കാനായി വീണ്ടും മൂലനിയമത്തിൽ ഭേദഗതി കൊണ്ടുവരികയുണ്ടായി. തുടർന്ന് 1981-ൽ 11-ാം ആക്ട് പ്രകാരം തൃപ്രയാർ ശ്രീരാമസ്വാമി ക്ഷേത്രത്തിന്റെ ഭരണച്ചുമതല ഏറ്റെടുക്കുന്നതിന് മൂലനിയമത്തിലെ 4-ാം വകുപ്പിന് ഭേദഗതി വരുത്തുകയുണ്ടായി. 2008-ലെ 31-ാം ആക്ട് പ്രകാരം മലബാർ ദേവസ്വം ബോർഡ് രൂപീകരിക്കുന്നതിനും അതിന്റെ ഔദ്യോഗിക കാലാവധി, അംഗത്വത്തിനുള്ള യോഗ്യത, പ്രസിഡന്റിന്റെയും അംഗങ്ങളുടെയും ഓണറേറിയം, യാത്രാബത്ത, ബോർഡിലെ നിയമനങ്ങൾക്കായി പി.എസ്.സി.-യെ ചുമതലപ്പെടുത്തുക, അന്വേഷണ കമ്മീഷൻ, സ്റ്റാൻഡിംഗ് കമ്മിറ്റികൾ, ക്ഷേത്ര ഉപദേശക സമിതി എന്നിവ രൂപീകരിക്കുക, ആസ്തികളും ബാധ്യതകളും ബോർഡിന് കൈമാറുക മുതലായ വ്യവസ്ഥകൾ ഉൾപ്പെടുത്തി മൂലനിയമത്തിൽ ഭേദഗതി വരുത്തി. ഇതോടെ മലബാർ ദേവസ്വം ബോർഡ് നിലവിൽവരികയും അതിന് മുൻപുണ്ടായിരുന്ന ഹിന്ദുമത ധർമ്മ സ്ഥാപനങ്ങളുടെ ഭരണനിർവ്വഹണം നടത്തിവന്ന സർക്കാർ വകുപ്പുതന്നെ നിർത്തലാക്കപ്പെടുകയും ചെയ്തു.

അബ്രാഹ്മണരെയും ശാന്തിക്കാരാക്കാമെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി 2002-ൽ രാകേഷ് തന്ത്രിയുടെ കേസ്സിൽ വിധി പ്രസ്താവിച്ചിരുന്നു. എന്നാൽ മാറിമാറി വന്ന സർക്കാരുകളൊന്നും അതിനാവശ്യമായ തുടർനടപടികൾ കൈക്കൊണ്ടില്ല. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരാണ് ദേവസ്വം ബോർഡിൽ നിയമനങ്ങൾ നടത്തുന്നതിനുള്ള തീരുമാനങ്ങൾ കൈക്കൊണ്ടത്. ജസ്റ്റിസ് പരിപൂർണ്ണൻ കമ്മിറ്റിയുടെ ശിപാർശപ്രകാരമാണ് റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ചത്.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത്, അബ്രാഹ്മണരെ ശാന്തിമാരായി നിയമിക്കാനുള്ള നീക്കം നടത്തിയത് യു.ഡി.എഫ്. സർക്കാരാണെന്നാണ്. അന്ന് ആരെയെങ്കിലും നിയമിച്ചതായി അങ്ങേയ്ക്ക് പറയാൻ സാധിക്കുമോ?

ശ്രീ. അടൂർ പ്രകാശ്: സർ, അങ്ങേയ്ക്ക് ഇക്കാര്യത്തെക്കുറിച്ച് വലിയ അറിവില്ലാത്തതുകൊണ്ടാണ്. അന്ന് യു.ഡി.എഫ്. സർക്കാരെടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് 2-4-2016-ൽ ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ നടപ്പാക്കിയത്. പക്ഷേ ആ തീരുമാനമെടുത്തത് യു.ഡി.എഫ്. സർക്കാരിന്റെ കാലഘട്ടത്തിലാണ്. ബഹുമാന്യനായ സഹകരണ വകുപ്പുമന്ത്രിയാണ് ഇങ്ങനെയൊരു വിപ്ലവകരമായ നടപടി കേരളത്തിൽ എടുത്തതെന്ന പ്രസ്താവന കേൾക്കാനിടയായതിനാലാണ് ഞാനിത് പറഞ്ഞത്. ജസ്റ്റിസ് പരിപൂർണ്ണൻ കമ്മിറ്റിയുടെ ശിപാർശപ്രകാരം മുൻ യു.ഡി.എഫ്. സർക്കാർ റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുകയും ദേവസ്വം നിയമനങ്ങൾക്ക് ഏകീകൃത മാനദണ്ഡം കൊണ്ടുവരികയും ശാന്തി നിയമനത്തിനും മറ്റും ഏതെല്ലാം പരിശീലന സർട്ടിഫിക്കറ്റ് സ്വീകരിക്കാമെന്ന വ്യക്തമായ വ്യവസ്ഥ കൊണ്ടുവരികയും ശാന്തിക്കാരുടേതുൾപ്പെടെയുള്ള ദേവസ്വം നിയമനങ്ങളിൽ ജാതിവിവേചനം പാടില്ലെന്ന ഉത്തരവിറക്കുകയും ചെയ്തു. തുടർന്ന് അപേക്ഷ ക്ഷണിച്ച് 2016 ജൂൺ 25-ന് പരീക്ഷ നടത്തുന്നതിലേയ്ക്ക് അറിയിപ്പ് നൽകുകയും തിരുവനന്തപുരം കോട്ടൺഹിൽ സ്കൂളിൽവച്ച് പരീക്ഷ നടത്തുകയും ചെയ്തു. ഈ സർക്കാർ ടെസ്റ്റിന്റെ നടപടികൾ പൂർത്തീകരിച്ച് നിയമനം നടത്തി എന്നുള്ളത് ശരിയാണ്. അങ്ങ് ചോദിച്ചതിനുള്ള മറുപടിയാണ് ഞാൻ പറഞ്ഞത്.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, കൃഷിഭൂമി കൃഷിക്കാരന് നൽകണമെന്നുള്ള പ്രമേയം കറാച്ചിയിൽവച്ചാണ് കോൺഗ്രസ് പാസ്സാക്കിയത്. പക്ഷേ അത് രാജ്യത്തെങ്ങും നടപ്പിലാക്കിയില്ല. കേരളത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ അധികാരത്തിൽവന്ന സർക്കാരാണ് നടപ്പിലാക്കിയതെന്നുള്ള കാര്യം അങ്ങ് മറക്കരുത്.

ശ്രീ. അടൂർ പ്രകാശ്: സർ, സർക്കാരെന്നത് ഒരു തുടർച്ചയാണ്. 2016 വരെ യു.ഡി.എഫ്. സർക്കാർ ഭരണം നടത്തി. അതിനുശേഷം നിങ്ങൾ അധികാരത്തിൽ വന്നു. നിങ്ങൾ അധികാരത്തിൽ വന്നപ്പോൾ ഞങ്ങളുടെ സർക്കാരിന്റെ കാലഘട്ടത്തിൽ എടുത്ത തീരുമാനങ്ങൾ നടപ്പാക്കുവാനും പൂർത്തീകരിക്കുവാനുമുള്ള അവസരം നിങ്ങൾക്ക് കിട്ടി. അത് പൂർത്തീകരിച്ചു എന്നുള്ളതുകൊണ്ട് ഞങ്ങളൊന്നും ചെയ്തില്ലെന്ന് പറയുന്നത് ശരിയല്ലെന്ന അഭിപ്രായമാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. പി. ടി. തോമസ്: സർ, ശ്രീമതി ഗൗരിയമ്മ അവതരിപ്പിച്ച ഭൂ പരിഷ്കരണ നിയമത്തിന്റെ ആമുഖത്തിൽ കേന്ദ്ര സർക്കാരിന്റെ പ്ലാനിംഗ് കമ്മീഷന്റെ നിർദ്ദേശാനുസരണമാണ് ഇങ്ങനെയൊരു നിയമനിർമ്മാണം നടത്തുന്നതെന്ന് ചൂണ്ടിക്കാണിച്ചിട്ടുള്ള വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. ജോയി: സർ, ആമുഖത്തിൽ പറയുന്ന കാര്യം കോൺഗ്രസ് ഭരിച്ച ഏതെങ്കിലും സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ?

ശ്രീ. അടൂർ പ്രകാശ്: സർ, ഇങ്ങനെ പല കാലഘട്ടങ്ങളിലും പല നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് ഇത്തരത്തിലുള്ള വിപ്ലവകരമായ നടപടികൾ പൂർത്തീകരിച്ച് കാലാകാലങ്ങളിൽ വരുന്ന സർക്കാരുകൾ നടപ്പാക്കുന്നത്. അതൊക്കെ പ്രധാനപ്പെട്ട കാര്യങ്ങളാണ്. ഈ സർക്കാർ ആകെ ചെയ്തത് ടെസ്റ്റിന്റെ നടപടികളൊക്കെ പൂർത്തീകരിച്ച് നിയമനം നടത്തി എന്നുള്ളതാണ്. അർദ്ധസത്യവും അസത്യവും പ്രചരിപ്പിക്കുന്ന നിങ്ങൾ സത്യം മറച്ചുവച്ച് ഇതുമുഴുവൻ ചെയ്തത് നിങ്ങളാണെന്നാണ് ഇന്ന് അവകാശപ്പെടുന്നത്.

ശ്രീ. പി. ടി. തോമസ്: സർ, ഭൂപരിഷ്കരണം എവിടെയെങ്കിലും നടപ്പിലാക്കിയിട്ടുണ്ടോ എന്ന് ബഹുമാനപ്പെട്ട അംഗം ചോദിച്ചു. കേരളത്തിൽ സമഗ്രമായ ഭൂപരിഷ്കരണ നിയമം കൊണ്ടുവന്നത് 1963-ൽ പി.ടി. ചാക്കോ ആണെന്നുള്ള വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. അടൂർ പ്രകാശ്: സർ, ഈ കാര്യങ്ങളൊക്കെ പറഞ്ഞ് മനസ്സിലാക്കേണ്ടി വരും. ഇത് അറിവില്ലായ്മകൊണ്ട് ചോദിക്കുന്നതാണെന്ന് ഞാൻ കരുതുന്നില്ല. ഇവർ പലപ്പോഴും ഉള്ള കാര്യങ്ങൾ മറച്ചുവച്ച്, ഞങ്ങളാണ് ചെയ്തതെന്ന് കാണിക്കാനുള്ള ഒരഭ്യാസത്തിന്റെ ഭാഗമായി മാത്രമേ ഈ കാര്യത്തിനെയും കാണാൻ സാധിക്കൂ.

ശ്രീ. ജോൺ ഫെർണാണ്ടസ്: ബഹുമാന്യനായ പി.ടി. തോമസ് ഇപ്പോൾ നിരവധി കാര്യങ്ങളിൽ ഗവേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇതിനെ അടിസ്ഥാനപ്പെടുത്തിക്കൊണ്ട് കോൺഗ്രസ്സ് ഒരു ഗവേഷക ചക്രവർത്തി പട്ടം അദ്ദേഹത്തിന് കൊടുക്കാനുള്ള തീരുമാനമെടുക്കുമോ എന്ന് അങ്ങേയ്ക്ക് പറയാമോ?

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ഇ. കെ. വിജയൻ)

ശ്രീ. അടൂർ പ്രകാശ്: സർ, ശ്രീ. പി. ടി. തോമസിനെ സംബന്ധിച്ചിടത്തോളം നിരവധി കാര്യങ്ങൾ പഠിക്കുകയും മനസ്സിലാക്കുകയും അറിവില്ലാത്ത ആളുകൾക്ക് പറഞ്ഞുകൊടുക്കുകയും ചെയ്യുന്നയാളാണ്. അദ്ദേഹം പല കാര്യങ്ങളും ആധികാരികമായാണ് പറയുന്നത്. നിങ്ങൾക്കും പരിശോധിച്ചാൽ പല കാര്യങ്ങളും മനസ്സിലാക്കാൻ കഴിയും. ഞാൻ പറഞ്ഞുവന്നത്, ഹിന്ദു മതാചാരങ്ങളിലും ക്ഷേത്രാരാധനയിലും വിശ്വാസമുള്ള ഹിന്ദു എം.എൽ.എ.-മാർ മാത്രമേ ജനപ്രതിനിധികളെന്ന നിലയിൽ ദേവസ്വം ബോർഡ് തെരഞ്ഞെടുപ്പുമായും മറ്റും ബന്ധപ്പെടാൻ പാടുള്ളൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഈ എം.എൽ.എ.-മാർ ഹിന്ദു മതാചാരങ്ങളിലും ക്ഷേത്രാരാധനയിലും വിശ്വാസമുള്ളവരാണ് തങ്ങളെന്ന് പരസ്യമായി പ്രഖ്യാപിക്കാൻ തയ്യാറുണ്ടോ? ദേവസ്വംബോർഡ് അംഗങ്ങളുടെ നാമനിർദ്ദേശത്തിനും തെരഞ്ഞെടുപ്പിനും സുതാര്യവും പരസ്യവുമായ സംവിധാനം കൊണ്ടുവരാൻ ചട്ടമോ നടപടിക്രമങ്ങളോ ആവശ്യമാണെന്നും സുതാര്യതയില്ലാതെ രഹസ്യമായിട്ടാണോ തിരുവിതാംകൂർ-കൊച്ചി ദേവസ്വം ബോർഡുകളിൽ അംഗങ്ങളെ തെരഞ്ഞെടുക്കുന്നതെന്നും കഴിഞ്ഞദിവസം ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞിട്ടുണ്ട്. അംഗങ്ങളുടെ തെരഞ്ഞെടുപ്പ് സുതാര്യമാക്കാൻ ഇതുസംബന്ധിച്ച അറിയിപ്പ് ജനങ്ങളിലെത്തിക്കണമെന്നും യോഗ്യതയും വ്യവസ്ഥയും നിശ്ചയിച്ചുവേണം സ്ഥാനാർത്ഥികളെ തീരുമാനിക്കേണ്ടതെന്നും മന്ത്രിമാരും എം.എൽ.എ.-മാരും കണ്ടെത്തുന്നവരുടെ വിവരം വെബ്സൈറ്റിലൂടെയും മറ്റും പൊതുജനങ്ങളുടെ വിലയിരുത്തലിന് സമർപ്പിക്കണമെന്നുമുള്ള വിധി പ്രഖ്യാപിച്ചിട്ടുള്ള വിവരം അങ്ങയുടെ ശ്രദ്ധയിൽ ഞാൻ കൊണ്ടുവരികയാണ്.

മൂലനിയമത്തിലെ 8(c) -യെക്കുറിച്ച് അങ്ങിവിടെ പറഞ്ഞു. മൂലനിയമത്തിലെ 8(c) 1-ാം ഉപവകുപ്പിൽ സർക്കാരിന് ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരുദ്യോഗസ്ഥനെ, അയാൾ ഹിന്ദു മതത്തിൽ വിശ്വാസം പ്രകടിപ്പിക്കുകയും ദൈവത്തിലും ക്ഷേത്രാരാധനയിലും വിശ്വസിക്കുന്ന ആളുമാണെങ്കിൽ സർക്കാർ നിശ്ചയിക്കുന്ന അങ്ങനെയുള്ള നിബന്ധനകളിന്മേലും ഉപാധികളിന്മേലും ബോർഡിന്റെ കമ്മീഷണറായി നിയമിക്കാവുന്നതും അദ്ദേഹം ബോർഡിന്റെ സെക്രട്ടറിയായും ചുമതല വഹിക്കേണ്ടതുമാണ് എന്നുള്ളതായിരുന്നു വ്യവസ്ഥ. 8 (c)1-ാം ഉപവകുപ്പിൽ ഇപ്പോൾ കൊണ്ടുവരുന്ന ഭേദഗതി ഗവൺമെന്റ് ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരുദ്യോഗസ്ഥനെ എന്ന വാക്കുകൾക്കുശേഷം, അല്ലെങ്കിൽ 19(g) വകുപ്പിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥപ്രകാരം കമ്മീഷണറായി സ്ഥാനക്കയറ്റം ലഭിക്കാൻ യോഗ്യതയുള്ള

റദ്ദാക്കപ്പെട്ട വകുപ്പിലെ ഒരു ഡെപ്യൂട്ടി കമ്മീഷണറെ എന്ന വാക്കുകളും അക്ഷരങ്ങളും ചേർക്കേണ്ടതാണ് എന്ന ഭേദഗതിയാണ് ഇപ്പോൾ കൊണ്ടുവന്നിരിക്കുന്നത്. 2008-ൽ മലബാർ ദേവസ്വം ബോർഡ് രൂപീകരിച്ചപ്പോൾത്തന്നെ ഹിന്ദുമത ധർമ്മ എൻഡോവ്മെന്റ് ഭരണ വകുപ്പ് നിർത്തലാക്കപ്പെട്ടു. നിർത്തലാക്കപ്പെട്ട വകുപ്പിലെ എല്ലാ മുഴുവൻസമയ ജീവനക്കാരെയും ബോർഡിലെ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന വിഭാഗത്തിലെപ്പോലെ ശമ്പളവും ബത്തകളും പെൻഷൻ ആനുകൂല്യങ്ങളും മാത്രമായി, ഒരു സർക്കാർ ജീവനക്കാരനായി തുടർന്ന് കരുതപ്പെടുമെന്നാണ് പറഞ്ഞിട്ടുള്ളത്. ഇവിടെ പ്രൊമോഷനെക്കുറിച്ച് യാതൊന്നും പരാമർശിക്കുന്നില്ല. ജീവനക്കാർ പെൻഷനാകുമ്പോൾത്തന്നെ ആ തസ്തിക ഇല്ലാതാകുകയാണ്. വകുപ്പ് നിലവിലുണ്ടായിരുന്നുവെങ്കിൽ, അവിടെ ഈ ജീവനക്കാരൻ ഉദ്യോഗം വഹിച്ചിരുന്നുവെങ്കിൽ, കമ്മീഷണറാകുമായിരുന്നു എന്ന് സങ്കൽപ്പിച്ച് പ്രൊമോഷനിലൂടെ പോസ്റ്റിംഗ് നൽകുന്ന അസാധാരണമായൊരു നടപടിയാണ് ഈ ബില്ലിലൂടെ പാസ്സാക്കാൻ പോകുന്നത്. ഇത്രയും വലിയ ജാലവിദ്യ കാണിക്കുവാൻ ബഹുമാനപ്പെട്ട മന്ത്രിക്കല്ലാതെ വേറെ ആർക്കെങ്കിലും കഴിയുമോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. സ്വന്തക്കാരെയും താൽപ്പര്യമുള്ളവരെയും ഇതിലേയ്ക്ക് കൊണ്ടുവരിക എന്നതാണ് ലക്ഷ്യം. അതൊടൊപ്പം ഈ വകുപ്പിലെ ജീവനക്കാരന് 2017 ജനുവരി 1 മുതൽ മുൻകാലപ്രാബല്യത്തോടെ പ്രൊമോഷൻ നൽകി നിയമനം നൽകുന്ന നടപടിയിൽനിന്നും സർക്കാരിന്റെ ഉദ്ദേശശുദ്ധി വ്യക്തമാണ്. ഈ ആക്ടിലെ 19(g)-യിൽ ശമ്പളവും ബത്തകളും പെൻഷനും മാത്രമേ പറയുന്നുള്ളൂ. പ്രൊമോഷനെക്കുറിച്ച് യാതൊരു പരാമർശവും നിലവിലില്ലെന്ന വസ്തുത ഒരിക്കൽക്കൂടി അങ്ങയെ ഓർമ്മപ്പെടുത്തുകയാണ്.

മി. ചെയർമാൻ : അങ്ങ് അവസാനിപ്പിക്കുകയല്ലേ?

ശ്രീ. അടൂർ പ്രകാശ് : സർ, ഞാൻ തുടങ്ങിയതേയുള്ളൂ.

മി. ചെയർമാൻ: 17 മിനിട്ടായി. നമ്മളൊരു പൊതുധാരണയിൽ എത്തിയിട്ടുള്ളതാണ്. അത് ഓർമ്മിപ്പിച്ചുവെന്നേയുള്ളൂ. സീനിയർ അംഗമെന്ന നിലയിൽ പറഞ്ഞതാണ്.

ശ്രീ. അടൂർ പ്രകാശ്: 1986-ലെ വാധ്വാ കേസ്സിലും 2017-ലെ സമാനമായ മറ്റൊരു കേസിലും വളരെ അത്യാവശ്യഘട്ടങ്ങളിൽ മാത്രമേ ഓർഡിനൻസ് കൊണ്ടുവരാൻ പാടുള്ളൂവെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി വ്യക്തവും വിശദവുമായി പറഞ്ഞിട്ടുണ്ട്. ഈ സർക്കാർ കൊണ്ടുവന്ന ബഹുഭൂരിപക്ഷം ഓർഡിനൻസുകളും ബന്ധുനിയമനങ്ങൾക്കും ഇഷ്ടക്കാരെ താക്കോൽ

സ്ഥാനങ്ങളിൽ പ്രതിഷ്ഠിക്കാനുമാണ്. ഇപ്പോൾ വളഞ്ഞവഴിയിലൂടെ ഇന്ന് ചർച്ച ചെയ്യപ്പെട്ട 2018-ലെ കേരള പ്രൊഫഷണൽ കോളേജുകൾ (മെഡിക്കൽ കോളേജുകളിലെ പ്രവേശനം ക്രമവൽക്കരിക്കൽ) ബിൽ പാസ്സാക്കി. ആ നിയമത്തിന്റെ അവസ്ഥയെന്താകുമെന്ന് നാളെയല്ലേ അറിയാൻ സാധിക്കുകയുള്ളൂ. ഈ ഓർഡിനൻസ് സ്റ്റേ ചെയ്യേണ്ടി വരുമെന്നാണ് സുപ്രീംകോടതിയുടെ വാക്കാൽ നിരീക്ഷണം. അത് അങ്ങയുടെ ശ്രദ്ധയിൽ വന്നുകാണുമെന്ന് ഞാൻ കരുതുകയാണ്. ഇന്ന് പാസ്സാക്കിയ നിയമം നാളെ അസാധുവാകുന്ന അവസ്ഥ വരുമോയെന്ന് നമ്മൾ സംശയിക്കുകയാണ്. ആ വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ മനസ്സിലാക്കി, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് നേരത്തെ സംസാരിച്ചു. കുട്ടികളുടെ ഭാവിമാത്രം കണക്കിലെടുത്തുകൊണ്ടാണ് ആ ബില്ലിനെ പിന്തുണയ്ക്കാൻ തീരുമാനമെടുത്തത്. ഇങ്ങനെ വരുന്ന അവസരങ്ങളിൽ സുപ്രീംകോടതിയുടെ നിരീക്ഷണം ഏതുതരത്തിൽ വരുമെന്നുള്ളത് നമ്മൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. നേരായ മാർഗ്ഗത്തിലൂടെയായിരുന്നുവെങ്കിൽ വ്യക്തമായും വിശദമായും കാര്യങ്ങൾ പറഞ്ഞ് ബിൽ സഭയുടെ മുൻപാകെ കൊണ്ടുവന്ന് വിശദമായ ചർച്ച നടത്തി അഭിപ്രായം സ്വരൂപിക്കണമായിരുന്നു. അതിനുപകരം ഇവിടെയൊരു ഓർഡിനൻസ് ഇറക്കിയ നടപടി അംഗീകരിക്കാനാകുന്നതല്ല. 2017 മാർച്ചിൽ നടത്തിയ അനധികൃത നിയമനത്തിന് വെള്ളപൂശാൻ സർക്കാർ ഏതറ്റംവരെയും പോകുമെന്നതിന് തെളിവാണ് ഈ നിയമ ഭേദഗതി. ഒരുദ്യോഗസ്ഥന്റെ കസേര ഉറപ്പിക്കുന്നതിനുവേണ്ടി മാത്രം ഒരു ബിൽ കൊണ്ടുവരികയാണ്. അസാധാരണയൊരു പ്രവൃത്തിയാണ് സർക്കാർ നടത്തുന്നത്. 2008-ൽ മലബാർ ദേവസ്വം ബോർഡ് നിലവിൽവന്നതോടുകൂടി ഇല്ലാതായ വകുപ്പിലെ ഡെപ്യൂട്ടി കമ്മീഷണർക്ക് സ്ഥാനക്കയറ്റം നൽകി പാർട്ടി തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടി താക്കോൽ സ്ഥാനത്തിരുത്തണമെന്ന താൽപ്പര്യമാണ് ഇതിന്റെ പിന്നിലുള്ളത്. 2016 ആഗസ്റ്റ് 16-ന് താൽക്കാലികമായി കമ്മീഷണർ ചാർജ്ജ് വഹിച്ചിരുന്ന ഈ ഉദ്യോഗസ്ഥൻ കൈക്കൊണ്ട ചില തീരുമാനങ്ങൾക്കെതിരെ ഇപ്പോഴും ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ പല കേസ്സുകളും നിലനിൽക്കുന്നുണ്ടെന്നുകൂടി അങ്ങയുടെ ശ്രദ്ധയിൽകൊണ്ടുവരികയാണ്.

2017 മാർച്ചിൽ സർക്കാർ ഈ ഉദ്യോഗസ്ഥനെ നിയമിച്ചുകൊണ്ട് ഇറക്കിയ ഉത്തരവിനെ ഭാവിയിൽ ചോദ്യംചെയ്യപ്പെട്ടേക്കുമെന്ന് ഭയന്ന് 2017 ജൂൺ മുതൽ പരിഷ്കാരങ്ങളോടെ വീണ്ടും ഉത്തരവിറക്കി. ഒരേ വിഷയത്തിൽ രണ്ട് ഉത്തരവിറക്കുക എന്ന കേട്ടുകേൾവിയില്ലാത്ത നടപടിക്ക് സർക്കാർ മുതിരുകയാണുണ്ടായത്. ഇപ്പോൾത്തന്നെ കമ്മീഷൻ നിയമനത്തിലെ ക്രമക്കേടുകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് രണ്ട് ഹർജികൾ ഹൈക്കോടതിയുടെ മുൻപിൽ വന്നിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ നിരീക്ഷണം മറികടന്ന്

സ്വാശ്രയ ലോബികളെ സഹായിക്കുന്നതിന് നിങ്ങൾ കൊണ്ടുവന്ന ഓർഡിനൻസിന്റെ ഗതി ഇതിനും വരുമോയെന്ന് സംശയിക്കേണ്ടതുണ്ട്. ആകയാൽ നിയമത്തെ വെല്ലുവിളിച്ചുകൊണ്ട് മുൻകാല പ്രാബല്യത്തോടെ നടത്തിയ നിയമനത്തെ സാധൂകരിക്കാൻ രണ്ട് ഉത്തരവുകളും രണ്ട് ഓർഡിനൻസുകളും ഒരു ബില്ലും കൊണ്ടുവരുന്നതിന് പിന്നിലെ രാഷ്ട്രീയ താല്പര്യം വ്യക്തമാണ്. അതുകൊണ്ട് ഈ ബിൽ സംബന്ധിച്ച എന്റെ വിയോജിപ്പ് ഞാൻ രേഖപ്പെടുത്തിക്കൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലബാർ ദേവസ്വം ബോർഡിന്റെ ആക്ടും റൂൾസും പരിഷ്കരിക്കുന്നതിനായി നിയമിതനായ അഡ്വ. കെ. ഗോപാലകൃഷ്ണൻ ചെയർമാനായ കമ്മിറ്റിയുടെ ഒരു പരാമർശം ഇവിടെ വായിക്കുകയാണ് - "കേരള സംസ്ഥാനത്തിന്റെ ഭാഗമായിട്ടുള്ള മലബാർ മേഖല, സംസ്ഥാന രൂപീകരണത്തിനുശേഷവും ഭരണപരമായ കാര്യങ്ങളിൽ എന്നും അവഗണിക്കപ്പെട്ട് കിടക്കുന്ന പ്രദേശമാണ്. മലബാറിലെ ക്ഷേത്രങ്ങളും ക്ഷേത്രജീവനക്കാരും ഇതിൽ നിന്നും വ്യത്യസ്തമല്ല" എന്നാണ്. മലബാർ തന്നെ എന്നും അവഗണിക്കപ്പെടുന്ന പ്രദേശമാണ്. അതോടൊപ്പംതന്നെ മലബാറിലെ ക്ഷേത്രജീവനക്കാരും ക്ഷേത്രങ്ങളും ഈ അവസ്ഥയിൽത്തന്നെയാണുള്ളത്. ഇതെന്റെ അഭിപ്രായമല്ല, അങ്ങയുടെ സർക്കാർ നിശ്ചയിച്ചിട്ടുള്ള കമ്മീഷന്റെ അഭിപ്രായമാണ് ഇവിടെ പറഞ്ഞത്. യഥാർത്ഥത്തിൽ 70 വർഷം മുൻപ് രൂപീകരിക്കപ്പെട്ട ഒരു നിയമത്തിന്റെ പിൻബലത്തോടുകൂടിയാണ് ഇത്രയധികം ക്ഷേത്രങ്ങളിൽ നമ്മളിപ്പോഴും ഭരണം നടത്തിക്കൊണ്ടിരിക്കുന്നത്. നേരത്തേ ശ്രീ. അടൂർ പ്രകാശ് സൂചിപ്പിച്ചതുപോലെ, 70 വർഷത്തിനുള്ളിൽ നിരവധി ഭേദഗതികൾ കൊണ്ടുവന്നെങ്കിലും ഇതിലെ 'മദ്രാസ്' എന്ന പേരുപോലും നമുക്ക് മാറ്റാൻ കഴിഞ്ഞിട്ടില്ല. അങ്ങുതന്നെ ഇപ്പോൾ രണ്ടാമത്തെ ഭേദഗതിയാണ് കൊണ്ടുവരുന്നത്.

ശ്രീ. സി. കെ. നാണു: സർ, ട്രാവൻകൂർ ദേവസ്വം എന്നത് കേരളമല്ലല്ലോ; അതുപോലെ കൊച്ചിൻ ദേവസ്വവും കേരളമല്ല. മലബാർ ദേവസ്വം, മദ്രാസിന്റെ ഭാഗമായിരുന്നു. എന്തുകൊണ്ടോ അതങ്ങനെയാണ് പേര് വന്നത്.

ശ്രീ. എം. ഉമ്മർ: സർ, ശ്രീ. സി. കെ. നാണു ശരിയായി മനസ്സിലാക്കാത്തതുകൊണ്ടാണ്. ട്രാവൻകൂറും കൊച്ചിയും കേരളത്തിനകത്താണ്. ഇപ്പോഴും 70 വർഷമായിട്ടും മദ്രാസ് ഹിന്ദുമത ധർമ്മ സ്ഥാപന നിയമമെന്നാണ് ഈ നിയമത്തിന്റെ പേര്, മലബാർ എന്നല്ല. മലബാർ ദേവസ്വം എന്ന് പറയുന്നുണ്ടെങ്കിലും ഇന്ന് നമ്മൾ കൊണ്ടുവരുന്നത് 1951-ലെ മദ്രാസ് ഹിന്ദുമത

ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബില്ലാണ്. അല്ലാതെ മലബാർ ദേവസ്വത്തിന്റെ ഭേദഗതിയല്ല, ശ്രീ. സി. കെ. നാണു മനസ്സിലാക്കിയതിലെ തെറ്റാണ്, പേര് മലബാർ ദേവസ്വം എന്നല്ല. കേരളത്തിന് മൊത്തത്തിലൊരു ദേവസ്വം ആക്ട് വേണമെന്നും മദ്രാസിന് സമഗ്രമായ നിയമം വേണമെന്നും ബഹുമാനപ്പെട്ട സുപ്രീംകോടതിയും ഹൈക്കോടതിയും നിരവധിതവണ പറഞ്ഞതാണ്. മാത്രമല്ല, സുപ്രീംകോടതിയിൽത്തന്നെ ഇതിനെക്കുറിച്ചൊരു പരാമർശമുണ്ട്, 1980 സി(1) പ്രകാരം റിപ്പോർട്ട് ചെയ്യപ്പെട്ട കേസ്സിൽ, ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 16-ലെ തത്വങ്ങളുടെ ലംഘനമാണ് ഇത്തരം അസമത്വം മുഖമുദ്രയായുള്ള നിയമങ്ങൾ നടപ്പിലാക്കുന്നതിലൂടെ സംഭവിക്കുന്നതെന്ന് നിരീക്ഷിച്ചത് ബഹുമാനപ്പെട്ട സുപ്രീംകോടതിയാണ്. അതുകൊണ്ട് സമഗ്രമായൊരു നിയമം മലബാർ ദേവസ്വത്തിനുവേണ്ടി കൊണ്ടുവരേണ്ട സമയം അതിക്രമിച്ചിരിക്കുന്നു എന്ന കാര്യം പറയാനാണ് ഞാനിത് സൂചിപ്പിച്ചത്. അങ്ങയുടെ രണ്ടാമത്തെ ഭേദഗതിയാണിത്. ആദ്യത്തെ ഭേദഗതി ഒരത്യാവശ്യം വന്നപ്പോൾ കൊണ്ടുവന്നതാണ്; പ്രാദേശിക ക്ഷേത്രങ്ങളുടെ ഉപദേശക സമിതികൾ പിരിച്ചുവിടുന്നതിനുവേണ്ടിയാണ് 23-5-2017 -ൽ പ്രസ്തുത ഭേദഗതി കൊണ്ടുവന്നത്. സ്വാഭാവികമായും പുതിയ സർക്കാർ വന്നപ്പോൾ പ്രാദേശിക ക്ഷേത്ര ഉപദേശക സമിതികളെ പിരിച്ചുവിടാൻ പുതിയ കാഴ്ചപ്പാടോടെയുള്ള ഭേദഗതി കൊണ്ടുവന്നതായിരിക്കും. ആദ്യത്തെ ഭേദഗതി പ്രാദേശിക ഉപദേശക സമിതികളെ പിരിച്ചുവിടുന്നതിനായിരുന്നെങ്കിൽ ഇപ്പോൾ കൊണ്ടുവന്ന രണ്ടാമത്തെ ഭേദഗതിയിൽ, മലബാറിലെ ദേവസ്വങ്ങൾക്ക് ഗുണം ചെയ്യുന്ന സമഗ്രമായ കുറേ പരിഷ്കാരങ്ങളുണ്ടാകുകയും ക്ഷേത്ര ജീവനക്കാരുടെ കഷ്ടപ്പാടുകൾ സംബന്ധിച്ച പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകുകയും ചെയ്യും. അതോടൊപ്പം അവിടെയുള്ള നാമാവശേഷമായ ക്ഷേത്രങ്ങളുടെ പുനരുദ്ധാരണത്തിനുള്ള കാര്യങ്ങളും സാമ്പത്തിക പരാധീനതയുള്ള ക്ഷേത്രങ്ങളെ സഹായിക്കുന്നതിനുള്ള കാര്യങ്ങളുമുണ്ടാകുമെന്നൊക്കെയാണ് ഞാൻ വിചാരിച്ചത്. ശ്രീ. അടൂർ പ്രകാശ് ഇവിടെ പറഞ്ഞതുപോലെ, ഇല്ലാതാകുന്ന ഒരു കാറ്റഗറിയിലെ ഉദ്യോഗസ്ഥന് പ്രൊമോഷൻ നൽകുക എന്ന ലക്ഷ്യത്തോടുകൂടി മാത്രമാണ് ഈ ഭേദഗതി ബിൽ കൊണ്ടുവന്നിട്ടുള്ളത്. ഇത്രയുമധികം സൗകര്യങ്ങളും ചെലവും വരുമ്പോൾ ഇതൊരു സമഗ്രമായ ഭേദഗതിയായി മാറ്റി മലബാറിലെ ക്ഷേത്രങ്ങളെയും ക്ഷേത്രജീവനക്കാരെയും രക്ഷിക്കുന്നതിനായി കുറേകാര്യങ്ങൾ ചെയ്യാമായിരുന്നു. അതുണ്ടായില്ല എന്നത് വളരെയധികം ഖേദകരമാണ്, രണ്ടാമത്തെ ഭേദഗതി കൊണ്ടുവന്നപ്പോഴെങ്കിലും അത് ചെയ്യേണ്ടതായിരുന്നു.

ഈ ഭേദഗതികൊണ്ട് ദേവസ്വത്തിനോ ക്ഷേത്രങ്ങൾക്കോ ക്ഷേത്രജീവനക്കാർക്കോ പ്രയോജനമില്ല. കാസർഗോഡ് ജില്ല മുതൽ പാലക്കാട്

താലൂക്കുൾപ്പെടെ 26 താലൂക്കുകളിലെയും ഫോർട്ട് കൊച്ചിയിലെ രണ്ട് ക്ഷേത്രങ്ങളടക്കം മലബാർ പ്രദേശത്തെ 1339 പൊതുക്ഷേത്രങ്ങളുടെയും ധർമ്മസ്ഥാപനങ്ങളുടെയും ഭരണ മേൽനോട്ടമാണ് മലബാർ ദേവസ്വം ബോർഡ് നിർവ്വഹിച്ചുകൊണ്ടിരുന്നത്. 1339 ക്ഷേത്രങ്ങളിൽ യഥാർത്ഥത്തിൽ സാമാന്യ വരുമാനമുള്ളതും സ്വന്തംകാലിൽ നിൽക്കാൻ കഴിയുന്നതുമായ 40-ൽ താഴെ ക്ഷേത്രങ്ങളേയുള്ളൂ. ബാക്കിയുള്ളവയ്ക്ക് ശമ്പളം കൊടുക്കാൻപോലും കഴിയാത്ത അവസ്ഥയാണുള്ളത്. മലബാറിലെ ക്ഷേത്രങ്ങളും തിരുവിതാംകൂറിലെയും കൊച്ചിയിലെയും ക്ഷേത്രങ്ങളും തമ്മിലുള്ള വ്യത്യാസം അങ്ങ് മനസ്സിലാക്കിയതുതന്നെയാണ്, പക്ഷേ അതിന് പരിഹാരമുണ്ടാക്കണ്ടേ? മലബാറിലെ ക്ഷേത്രങ്ങൾ സ്വതന്ത്രമായി പ്രവർത്തിക്കുന്നവയാണ്. ആ ക്ഷേത്രങ്ങളൊക്കെത്തന്നെ പ്രവർത്തിക്കുന്നത് ട്രസ്റ്റിമാരുടെ നേതൃത്വത്തിലാണ്. അതുകൊണ്ടുതന്നെ വരുമാനമുള്ള ക്ഷേത്രങ്ങൾക്ക് വരുമാനമുണ്ട്, അല്ലാത്തവയ്ക്ക് എന്നും കഷ്ടത തന്നെയാണ്. അവിടെയുള്ള ജീവനക്കാർക്ക് ശമ്പളം കൊടുക്കാൻപോലും കഴിയാത്ത വളരെ പ്രയാസകരമായ സാഹചര്യം നിലവിലുണ്ട്.

എന്റെ നിയോജകമണ്ഡലത്തിലെ കരിക്കാട് ദേവസ്വത്തിന്റെ കാര്യം ഞാൻ നേരത്തേ സൂചിപ്പിച്ചതാണ്. അവിടെ 300 ഏക്കർ ഭൂമിയുണ്ട്. കരിക്കാട് അമ്പലത്തിനകത്ത് മൂന്ന് പ്രതിഷ്ഠകളും അതിനുപുറമേ ബ്രാഞ്ചുകളായി പത്ത് അമ്പലങ്ങളുമുണ്ട്. 300 ഏക്കർ ഭൂമിയും സമ്പത്തുമുണ്ടായിട്ടും ജീവനക്കാർക്ക് ശമ്പളം കൊടുക്കാൻപോലും കഴിയാത്ത ഒരു ദുരവസ്ഥയുണ്ട്. ഇത് മലബാറിലെ ഒരു ക്ഷേത്രത്തിന്റ മാത്രം അവസ്ഥയല്ല. ഞാനൊരുദാഹരണം പറഞ്ഞതാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

<u>ശ്രീ. പി. ടി. തോമസ്</u>: സർ, മലബാർ ദേവസ്വത്തിന്റെ വകയായി പാലക്കാട് ജില്ലയിലെ അകമലവാരത്ത് ആയിരക്കണക്കിന് ഏക്കർ ഭൂമിയുണ്ട്. യശഃശരീരനായ സുന്ദരം സ്വാമിയുടെ കാലഘട്ടത്തിൽ, അദ്ദേഹത്തിന്റെ ചോദ്യത്തിനുള്ള ഉത്തരം, പിന്നീട് അഷ്വറൻസ് കമ്മിറ്റി പരിശോധിക്കുകയും അകമലവാരത്ത് നൂറുകണക്കിനേക്കർ സ്ഥലം മലബാർ ദേവസ്വത്തിന്റേത് അന്യാധീനപ്പെട്ടുപോയെന്നും വിളക്കും തിരിയും വാങ്ങാൻപോലും കാശില്ലാത്ത നിരവധി ക്ഷേത്രങ്ങളുണ്ടെന്നും കണ്ടെത്തി റിപ്പോർട്ട് സമർപ്പിച്ചിരുന്നു. അക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എം. ഉമ്മർ</u>: സർ, അതാണ് ഞാൻ പറഞ്ഞുവരുന്നത്. 2008-ൽ രൂപീകരിച്ച മലബാർ ദേവസ്വം ബോർഡിന്റെ അപര്യാപ്തതകൾ പരിഹരിക്കുന്നതിനായി നാളിതുവരെ മൂന്ന് കമ്മീഷനുകളെ നിയമിച്ചു. അതിലൊന്ന്

ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ; പ്രസ്തുത കമ്മീഷൻ കാലാവധിക്ക് മുമ്പുതന്നെ രാജിവച്ച് പോയി. രണ്ടാമതായി മുൻചീഫ് സെക്രട്ടറിയും മലയാളം സർവ്വകലാശാല വൈസ്-ചാൻസലറുമായ ശ്രീ. കെ. ജയകുമാറിന്റെ നേതൃത്വത്തിലുള്ള ജയകുമാർ കമ്മീഷൻ, അദ്ദേഹം ഒട്ടേറേ നല്ല നിർദ്ദേശങ്ങൾ വയ്ക്കുകയുണ്ടായി, പക്ഷേ അതൊന്നും നടപ്പിലാക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ലെന്നുള്ളത് യാഥാർത്ഥ്യമാണ്. മൂന്നാമതായി ഈ സർക്കാർ നിയമിച്ച അഡ്വ. കെ. ഗോപാലകൃഷ്ണൻ കമ്മീഷൻ; അദ്ദേഹവും നല്ല നിർദ്ദേശങ്ങൾ വച്ചിട്ടുണ്ട്, ആ നിർദ്ദേശങ്ങൾ നടപ്പിലാക്കണമെങ്കിൽ നിയമനിർമ്മാണം നടത്തണം. ഞാൻ നേരത്തേ പറഞ്ഞതുപോലെ 'മലബാറിലെ ക്ഷേത്രങ്ങളെ ക്രൂരമായി അവഗണിക്കുന്നു' എന്നാണ് അതിൽ അദ്ദേഹം പ്രധാനമായി ആദ്യ വാചകമായി പറഞ്ഞത്.

മലബാർ മേഖലയിലെ ക്ഷേത്ര പുരോഗതിക്കും ജീവനക്കാരുടെ ക്ഷേമത്തിനുമായി 210 പേജോളം വരുന്ന റിപ്പോർട്ട് അദ്ദേഹം പുറപ്പെടുവിച്ചിട്ടുണ്ട്. അതിൽ അദ്ദേഹം പറഞ്ഞത്, 70 വർഷത്തോളം നിലനിൽക്കുന്ന സാമൂഹ്യ ജീവിത സാഹചര്യങ്ങൾക്കനുസൃതമായി 1957-ൽ തയ്യാറാക്കപ്പെട്ട ഒരു നിയമത്തിന്റെ കീഴിൽ ആധുനിക കാലത്ത് നടത്തപ്പെടുന്നത് കെടുകാര്യസ്ഥതയും വികലവുമായ കാര്യങ്ങളാണ്. 2008-ലെ ഭേദഗതി ആക്ട് പ്രകാരം മലബാർ ദേവസ്വംബോർഡിൽനിന്നും എച്ച്.ആർ. ആന്റ് സി.ഇ. ഭരണവകുപ്പിന്റെ സ്ഥാനത്തിന് പകരമായി വന്നെന്നല്ലാതെ മലബാർ ദേവസ്വം ബോർഡിന് കേരളത്തിലെ മറ്റ് ദേവസ്വം ബോർഡുകൾക്ക് സമാനമായ ഭരണ സംവിധാനമില്ല.

<u>ശ്രീ. കെ. കുഞ്ഞിരാമൻ</u>: സർ, മലബാറിലെ കുറേ ഭൂമി വ്യക്തികൾ തട്ടിയെടുത്തു എന്നതിനെക്കുറിച്ച് ബഹുമാന്യനായ പി. ടി. തോമസ് സംസാരിക്കുകയുണ്ടായി. അതിൽ മലപ്പുറത്തെ ഒരു ക്ഷേത്രത്തിന്റെ നൂറേക്കർ ഭൂമി കേരളത്തിലെ പ്രധാനപ്പെട്ട ഒരു പത്രസ്ഥാപനം തട്ടിയെടുത്ത കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഏത് പത്രമാണെന്ന് എനിക്കറിയില്ല. ധാരാളം ഭൂമി അന്യാധീനപ്പെട്ടിട്ടുണ്ടെന്നുള്ള കാര്യം ശരിയാണ്. അതിനെക്കുറിച്ച് പിന്നീട് സൂചിപ്പിക്കാം. ഓരോ സ്ഥാപനവും വ്യത്യസ്ത യൂണിറ്റുകളായ ക്ഷേത്ര ട്രസ്റ്റുമാരുടെ ഭരണത്തിൻകീഴിൽ ഫണ്ട് ചെലവാക്കുകയും ബോർഡ് മേൽനോട്ട സംവിധാനമായി നിലനിൽക്കുകയും ചെയ്യുമ്പോൾ ഭരണനിയന്ത്രണം ഫലപ്രദമല്ല എന്നുള്ളതാണ് വാസ്തവം. പേരിനൊരു ദേവസ്വംബോർഡ് ഉണ്ടെന്നല്ലാതെ ആ ദേവസ്വം ബോർഡിന് യഥാർത്ഥത്തിൽ മറ്റ് ക്ഷേത്രങ്ങളെ സഹായിക്കുന്നതിനുവേണ്ടിയോ അവരെ രക്ഷിക്കുന്നതിനുവേണ്ടിയോ ഒന്നും

ചെയ്യാനുള്ള ഫണ്ടോ സൗകര്യങ്ങളോയില്ല. ഇവിടെ ഭരണപരമായി തിരു-കൊച്ചി ദേവസ്വങ്ങൾക്ക് ഭരണഘടനയുടെ പരിരക്ഷയുണ്ട്. എന്നാൽ പഴയ മദ്രാസ് (തമിഴ്നാട്) സംസ്ഥാനത്തിൽനിന്നും കേരളത്തിലേയ്ക്ക് വന്നുചേർന്നിട്ടുള്ള മലബാർ ഭാഗത്തുള്ള ക്ഷേത്രങ്ങൾക്ക് ഇതുവരെ യാതൊരു പരിരക്ഷയുമില്ല. മലബാറിലെ ക്ഷേത്രങ്ങളുടെ ശോച്യാവസ്ഥയ്ക്ക് കാരണവും ഇതുതന്നെയാണ്. ആർട്ടിക്കിൾ 290 (എ) പ്രകാരം, "A sum of forty-six lakhs and fifty thousand rupees shall be charged on, and paid out of, the Consolidated Fund of the State of Kerala every year to the Travancore Devaswom Fund; and a sum of thirteen lakhs and fifty thousand rupees shall be charged on, and paid out of the Consolidated Fund of the State of Tamil Nadu every year to the Devaswom Fund established in that State for the maintenance of Hindu temples and shrines in the territories transferred to that State" എന്നാണ്. എന്നാൽ മലബാർ ദേവസ്വം ബോർഡിനെ സംബന്ധിച്ചിടത്തോളം അങ്ങനെയൊരു ഫണ്ട് കൊടുക്കണമെന്ന് പറഞ്ഞിട്ടില്ല. അതുകൊണ്ട് സർക്കാരിൽനിന്ന് മലബാർ ദേവസ്വം ബോർഡിന് ലഭിക്കുന്ന സാമ്പത്തിക സഹായം പൊതുവെ കുറവാണ്. നേരത്തെ ശ്രീ. പി. ടി. തോമസ് ക്ഷേത്രസ്വത്തുക്കൾ അന്യാധീനപ്പെട്ട് പോകുന്നതിനെ സംബന്ധിച്ചും അവയുടെ കയ്യേറ്റത്തെ സംബന്ധിച്ചുമാണ് സൂചിപ്പിച്ചത്. മലബാർ ദേവസ്വം ബോർഡിന്റെ 3111 ഏക്കർ ഭൂമി കൈവശ ഭൂമിയായിരുന്നു. 24696 ഏക്കർ ഭൂമി കയ്യേറ്റഭൂമിയായി കണ്ടെത്തിയത്, തിരിച്ചുപിടിക്കാൻ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ഈ നടപടികൾ ത്വരിതപ്പെടുത്താൻ എന്ത് സംവിധാനമാണുള്ളത്? അതുപോലെ ലാന്റ് ട്രിബ്യൂണലിന്റെ രൂപീകരണവുമായി ബന്ധപ്പെട്ട കരട് ബില്ലിന് നിയമവകുപ്പ് അംഗീകാരം നൽകിയിട്ടുണ്ട്. അത്തരത്തിൽ ഒരു ട്രിബ്യൂണൽ രൂപീകരിച്ചില്ലെങ്കിൽ മലബാർ ദേവസ്വത്തിന് നഷ്ടപ്പെട്ട ഭൂമി ഒരിക്കലും തിരിച്ചുപിടിക്കാൻ കഴിയില്ല. ഈ 3000 ഏക്കർ ഭൂമിയിൽ ഏറ്റവും കൂടുതൽ നഷ്ടം സംഭവിക്കുന്നത് മലബാർ ദേവസ്വം ബോർഡിനാണ്. അഞ്ച് ഡിവിഷനുകളിലായി 24693 ഏക്കർ ഭൂമിയാണ് മലബാർ ദേവസ്വം ബോർഡിന് നഷ്ടപ്പെട്ടത്. അത് തിരിച്ചുപിടിക്കാനുള്ള നടപടികളുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ദേവസ്വം ബോർഡിലെ ജീവനക്കാരെ സംബന്ധിച്ചിടത്തോളം ബോർഡ് ജീവനക്കാരെ മൂന്നായി തരംതിരിക്കുന്നു. ബോർഡിലെ ജീവനക്കാർ, വാനിഷിംഗ് കാറ്റഗറിയിൽപ്പെട്ടവർ, ക്ഷേത്ര ആചാരങ്ങളുമായി ബന്ധപ്പെട്ട കോലധാരികളും ആചാരാനുഷ്ഠാനികളും അനുഷ്ഠാന കലകൾ അവതരിപ്പിക്കുന്ന കലാകാരന്മാരും. 1-3-2009-ലാണ് മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്ര ജീവനക്കാരുടെ ശമ്പള പരിഷ്കരണം അവസാനമായി നടപ്പിലാക്കിയത്. ബോർഡിലെ സി, ഡി എന്നീ ഗ്രേഡുകളിലുള്ള ജീവനക്കാർക്ക് ലഭിക്കുന്ന അടിസ്ഥാന ശമ്പളം 900-2,200 രൂപയാണ്. വാർഷിക ഇൻക്രിമെന്റ് 15 രൂപയും എച്ച്.ആർ.എ. 60 രൂപയുമാണ്.

അതിരാവിലെ ജോലിക്ക് കയറേണ്ടി വരുന്ന ഇവർക്ക് ഏതാണ്ട് രാവിലെ 10 മണിവരെയും വൈകുന്നേരം 4.30-മുതൽ 7.30 വരെയും സാധാരണ ദിവസങ്ങളിൽ ജോലി ചെയ്യേണ്ടിവരുന്നു. വിശേഷ ദിവസങ്ങളിലാണെങ്കിൽ കൂടുതൽ ജോലിയുമുണ്ടാകുന്നു. വളരെ തുച്ഛമായ വരുമാനം മാത്രമാണ് ഇവർക്ക് ലഭിക്കുന്നത്. അടിസ്ഥാന ശമ്പളം കടലാസിൽ മാത്രം ഒതുങ്ങിനിൽക്കുന്നതാണ്. അതിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥരെന്നുള്ള നിലയ്ക്ക് ബി.പി.എൽ. കാർഡിൽനിന്നും ഇവരെ പുറത്താക്കിയിരിക്കുകയാണ്. ഇവർക്ക് ക്ഷേത്രം ജോലിക്കുശേഷം വേറെ ജോലിക്ക് പോകാനും സാധ്യമല്ല. മരണം, വിവാഹം തുടങ്ങിയ ആവശ്യങ്ങളുമായി ബന്ധപ്പെട്ട് അവധി എടുക്കേണ്ടിവരുമ്പോൾ പകരക്കാരെ നിയോഗിച്ചാൽ അവർക്കും ശമ്പളം ഇവർ കൊടുക്കണം. പൂജയ്ക്കാവശ്യമായ സാധനങ്ങൾ ഇവർ തന്നെ വാങ്ങേണ്ടിവരികയാണ്. അതിന് വേറെ ഫണ്ടില്ല. അതുപോലെ അനുഷ്ഠാനകലകൾ അവതരിപ്പിക്കുന്ന കലാകാരന്മാരുടെ സ്ഥിതിയും അതീവ ദയനീയമാണ്. തിരുവിതാംകൂറിലും കൊച്ചിയിലും അനുഷ്ഠാനകലകൾ അവതരിപ്പിക്കുന്നവർക്ക് കൃത്യമായ സേവന-വേതന വ്യവസ്ഥകൾ ഉറപ്പാണ്. എന്നാൽ ക്ഷേത്രങ്ങളിലെ ഉത്സവങ്ങളുമായി ബന്ധപ്പെട്ട് കഥകളി, ഹരികഥ തുടങ്ങിയ കലകൾക്ക് വിവിധ ദേവസ്വം ബോർഡുകളിൽ അതത് ഉപദേശക സമിതികൾ പ്രതിഫലം നൽകുകയാണ് ചെയ്യുന്നത്. എന്നാൽ സമിതികൾ നിലവിലില്ലാത്ത സ്ഥലങ്ങളിൽ അതത് ദേവസ്വങ്ങളിലെ പതിവിൻപടി നിശ്ചയിച്ചിട്ടുള്ള തുക മാത്രമാണ് നൽകുന്നത്. ഈ തുകയും അപര്യാപ്തമാണ്. മലബാർ ദേവസ്വത്തെ സംബന്ധിച്ചിടത്തോളം ഇത്തരം കലാകാരന്മാർക്ക് നിരക്ക് നിശ്ചയിച്ച് നൽകുകയും ബോർഡ് നേരിട്ട് പ്രതിഫലം നൽകുകയും ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ സർക്കാർ കൊടുത്തില്ലെങ്കിൽ ക്ഷേത്ര അനുഷ്ഠാനകലകളായ കഥകളി, ഹരികഥ, ഓട്ടൻതുള്ളൽ, പാഠകം, ചാക്യാർകൂത്ത്, നങ്ങ്യാർകൂത്ത് എന്നിവ മൺമറഞ്ഞുപോകാൻ സാധ്യതയുണ്ട്. അതുകൊണ്ട് മലബാറിലെ ക്ഷേത്രങ്ങളെയും ക്ഷേത്രജീവനക്കാരെയും സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള സമഗ്രമായൊരു ഭേദഗതി കൊണ്ടുവരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ ഭിന്നാഭിപ്രായം രേഖപ്പെടുത്തുന്നു.

ശ്രീ. യു. ആർ. പ്രദീപിനുവേണ്ടി (ശ്രീ. റ്റി.വി. രാജേഷ്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള 2018-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഇവിടെ കൊണ്ടുവന്നിരിക്കുന്ന ഭേദഗതിയെ ഞാൻ പിന്തുണയ്ക്കുകയാണ്. 8(സി) വകുപ്പിൽ വന്ന ഭേദഗതിമൂലം മുമ്പ് പ്രൊമോഷൻ തസ്തികയായ കമ്മീഷൻ പദവിയിലേയ്ക്ക് ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരുദ്യോഗസ്ഥനെ നിയമിക്കണമെന്ന വ്യവസ്ഥ ചേർത്തത് നിലവിലുള്ള 19-ജി (1) വകുപ്പിന്

വിരുദ്ധമായി തോന്നാവുന്ന സാഹചര്യം സൃഷ്ടിക്കുകയുണ്ടായി. അതിലൊരു വ്യക്തത വരുത്തുന്നതിനുവേണ്ടിയാണ് ഈ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. മലബാറിലെ ക്ഷേത്രജീവനക്കാരുടെയും ക്ഷേത്ര വിശ്വാസികളുടെയും ദീർഘകാല ആവശ്യമായിരുന്ന മലബാർ ദേവസ്വം ബോർഡ്. മലബാറിലെ പൊതുക്ഷേത്രങ്ങളുടെ ഭരണം 1927-ൽ ബ്രിട്ടീഷുകാർ തുടങ്ങിയ ആക്ടിന്റെയും അതിനുശേഷം 1951-ൽ Madras Hindu Religious and Charitable Endowments Act -ന്റെയും കീഴിലാണ് നടന്നിരുന്നത്. മദ്രാസ് സർക്കാർ മേൽപ്പടി ആക്ടിന് കാലോചിതമായി പല ഭേദഗതികളും സമയാസമയങ്ങളിൽ മാറ്റവും വരുത്തിയെങ്കിലും നമ്മൾ യാതൊരു ഭേദഗതിയും വരുത്താതെ 1908 വരെ പഴയ ക്ഷേത്രങ്ങൾ പഴയ എച്ച്. ആർ & സി. ഇ. ആക്ടിൽത്തന്നെ ഭരിക്കപ്പെട്ടു. ബഹുമാനപ്പെട്ട കോടതിയുടെയും ക്ഷേത്ര ജീവനക്കാരുടെയും ഭക്തജനങ്ങളുടെയും നിരന്തരമായ ആവശ്യത്തെത്തുടർന്ന് 2-10-2008-ലാണ് മലബാർ ദേവസ്വം ബോർഡ് നിലവിൽ വന്നത്. വളരെ ധീരമായ ഇത്തരമൊരു നിലപാട് സ്വീകരിച്ചത് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരാണ്. മലബാർ ദേവസ്വം ബോർഡിന്റെ പ്രവർത്തനം തുടങ്ങുമ്പോൾ യാഥാസ്ഥിതികരുടെയും സാമുദായികശക്തികളുടെയും മറ്റും കടുത്ത എതിർപ്പുണ്ടായെങ്കിലും ജീവനക്കാരുടെയും വിശ്വാസികളുടെയും പിന്തുണയും ഇടതുപക്ഷ സർക്കാരിന്റെ ഇച്ഛാശക്തിയുമാണ് ബോർഡ് രൂപീകരണത്തിന് ഇടയാക്കിയത്. ബോർഡിന്റെ പ്രധാനപ്പെട്ട ഉദ്ദേശ്യലക്ഷ്യംതന്നെ തുച്ഛവേതനക്കാരായ ക്ഷേത്രജീവനക്കാർക്ക് മാന്യമായ സേവന-വേതന വ്യവസ്ഥകളുണ്ടാക്കുക എന്നതായിരുന്നു. 2009-ൽ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തോടെ അക്കാര്യത്തിൽ ഒരു പരിധിവരെ പരിഹാരം കാണാൻ സാധിച്ചിട്ടുണ്ട്. വർഷങ്ങളോളം ത്യാഗപൂർണ്ണമായി തുച്ഛ വരുമാനക്കാരായി, പീഡിതരായി കഴിഞ്ഞിരുന്ന ആയിരക്കണക്കിന് ക്ഷേത്ര ജീവനക്കാർക്ക് ഇതൊരു വലിയ ആശ്വാസമായിത്തീർന്നു. മലബാർ ദേവസ്വം ബോർഡ് രൂപീകരിച്ചെങ്കിലും ക്ഷേത്രഭരണം ഇന്നും ക്ഷേത്ര ട്രസ്റ്റിമാരിൽ നിക്ഷിപ്തമാണ്. ക്ഷേത്രത്തിന്റെ വരവുകൾ, നിയമനം ഇവയെല്ലാം ഓരോ ക്ഷേത്രങ്ങളിലെയും ട്രസ്റ്റിമാരാണ് കൈകാര്യം ചെയ്യുന്നത്. അതിനുള്ള അധികാരവും അവർക്കുതന്നെയാണ്. അതുകൊണ്ടുതന്നെ ഇക്കാര്യത്തിൽ സമൂലമായമാറ്റം വരേണ്ടതുണ്ട്. അതിലൂടെ മാത്രമേ അവിടെ നടക്കുന്ന അഴിമതിക്ക് അറുതി വരുത്താൻ കഴിയുകയുള്ളൂ. മലബാർ ദേവസ്വം ബോർഡിന്റെ പരിധിയിൽ വരുന്ന ക്ഷേത്രങ്ങളുടെയും ജീവനക്കാരുടെയും ക്ഷേമവും കാര്യക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി 1951-ലെ മദ്രാസ് ഹിന്ദുമത ധർമ്മസ്ഥാപന നിയമം സമഗ്രമായി ഭേദഗതി ചെയ്യാൻ ഒരു കരട് ബിൽ സർക്കാർ തയ്യാറാക്കിവരികയാണെന്നുള്ള കാര്യം സന്തോഷകരമാണ്.

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, എല്ലാ ക്ഷേത്ര കമ്മിറ്റികളിലും ട്രസ്റ്റിമാരുടെ എണ്ണം കൂടുതലായിട്ടാണ് കാണാൻ കഴിയുന്നത്. കൂടുതൽപേരും ട്രസ്റ്റിമാരായതിനാൽ അതിന്റെ ഭാരവാഹിത്വം മുഴുവൻ അവർക്കായിരിക്കും. അതുകൊണ്ട് ട്രസ്റ്റിമാരുടെ എണ്ണം കുറച്ച് പൊതുജനങ്ങളുടെ എണ്ണവും എസ്.സി./എസ്.ടി. വിഭാഗക്കാരുടെ എണ്ണവും കൂട്ടിയെങ്കിൽ മാത്രമേ ഭരണം ദേവസ്വം ബോർഡിന്റെ കയ്യിൽവരികയുള്ളൂ എന്ന കാര്യം അറിയാമോ?

ശ്രീ. റ്റി. വി. രാജേഷ്: സർ, വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത്. ക്ഷേത്ര ഭരണസമിതികളിൽ എല്ലാ വിഭാഗക്കാരുടെയും പങ്കാളിത്തമുണ്ടെങ്കിലേ ക്ഷേത്രം ഭക്തജനങ്ങളുടേതാവുകയും വികസനമുണ്ടാവുകയും ചെയ്യുകയുള്ളൂ. അതുകൊണ്ട് തീർച്ചയായും ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യം ബഹുമാനപ്പെട്ട മന്ത്രി പരിഗണിക്കുമെന്നാണ് ഞാൻ കരുതുന്നത്. മലബാർ ദേവസ്വംബോർഡിനെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ട ചില പ്രശ്നങ്ങളുണ്ട്. ആ പ്രശ്നങ്ങൾ ഞാൻ ഈ സന്ദർഭത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. കാസർഗോഡ് മുതൽ പാലക്കാട് വരെയുള്ള ജില്ലകളും തൃശ്ശൂർ ജില്ലയിലെ ചാവക്കാട്, കൊടുങ്ങല്ലൂർ താലൂക്കുമുൾപ്പെടെ 26 താലൂക്കുകളും ഫോർട്ട് കൊച്ചിയിലെ രണ്ട് ക്ഷേത്രങ്ങളുമടക്കം ആകെ 1357 പൊതുക്ഷേത്രങ്ങളുടെ ഭരണ മേൽനോട്ടമാണ് മലബാർ ദേവസ്വംബോർഡ് നിർവഹിച്ചുവരുന്നത്. ഇതിൽ വരുമാനമുള്ള ക്ഷേത്രങ്ങൾ 250 എണ്ണം മാത്രമാണ്. മഹാഭൂരിപക്ഷവും 'സി' ഗ്രേഡ്, 'ഡി' ഗ്രേഡ് ക്ഷേത്രങ്ങളാണ്. 'സി' ഗ്രേഡ് ക്ഷേത്രങ്ങൾ 203 എണ്ണവും 'ഡി' ഗ്രേഡ് ക്ഷേത്രങ്ങൾ 977 എണ്ണവുമുണ്ട്. ബഹുമാനപ്പെട്ട അംഗം എം. ഉമ്മർ സൂചിപ്പിച്ചതുപോലെ മഹാഭൂരിപക്ഷം ക്ഷേത്രങ്ങളിലും ജീവനക്കാർക്ക് ശമ്പളംപോലും കൊടുക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. യഥാർത്ഥത്തിൽ മാനേജ്മെന്റ് ഫണ്ടിൽനിന്നാണ് ഇത്തരം ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നത്. ഈ സ്ഥിതിക്ക് മാറ്റമുണ്ടാകണം. ക്ഷേത്രങ്ങളുടെ വരുമാനം സർക്കാർ മറ്റാവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്നു എന്നാണ് ഇപ്പോൾ നാട്ടിൽ നടക്കുന്ന പ്രചരണം. പക്ഷേ മലബാർ ദേവസ്വം ബോർഡ് രൂപീകരിച്ചതുതന്നെ ആ ക്ഷേത്രങ്ങളെ പുനരുദ്ധരിക്കാനും ക്ഷേത്രജീവനക്കാർക്ക് മാന്യമായ സേവന വേതന വ്യവസ്ഥയുണ്ടാക്കാനും വേണ്ടിയാണ്. യഥാർത്ഥത്തിൽ നല്ലൊരു ശതമാനം സർക്കാർ ഗ്രാന്റിന്റെ ഭാഗമായാണ് ഇപ്പോൾ ആ ക്ഷേത്രങ്ങളൊക്കെ നിലനിൽക്കുന്നതെന്നുകൂടി നമ്മൾ മനസ്സിലാക്കേണ്ടതുണ്ട്.

ഭൂമി കൈവശപ്പെടുത്തുന്നതിനെക്കുറിച്ച് ഇവിടെ ചില അംഗങ്ങൾ സൂചിപ്പിക്കുകയുണ്ടായി. ദേവസ്വത്തിന്റെ പതിനായിരക്കണക്കിന് ഏക്കർ

ഭൂമിയാണ് ഇന്ന് അന്യാധീനപ്പെട്ടിരിക്കുന്നത്. ആ ഭൂമി തിരിച്ചുപിടിക്കാൻ ശ്രമിക്കാത്തതിനുപിന്നിൽ അഴിമതിക്കാരായ പാരമ്പര്യ ട്രസ്റ്റിമാർക്കുള്ള പങ്ക് വളരെ വലുതാണെന്ന് നമ്മൾ കാണേണ്ടതുണ്ട്. മലബാർ ദേവസ്വം മേഖലയിലെ ചില കണക്കുകൾ പരിശോധിച്ചാൽ, എം.ആർ.എഫ്. കമ്പനി നൂറുകണക്കിനേക്കർ ഭൂമിയാണ് തട്ടിയെടുത്തിട്ടുള്ളത്. ഇതൊക്കെ തിരിച്ചുപിടിക്കാൻ കഴിയണം. മലബാർ ദേവസ്വം ബോർഡിന്റെ സ്വത്ത് തിരിച്ചുപിടിക്കുന്നതിനുള്ള ഒരു സംവിധാനമുണ്ടാകണം. അന്യാധീനപ്പെട്ട ക്ഷേത്രഭൂമി തിരിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട് ഒരു പ്രത്യേക ദേവസ്വം ട്രിബ്യൂണൽ രൂപീകരിക്കുമെന്ന് സർക്കാർ പറഞ്ഞിട്ടുണ്ട്; അക്കാര്യങ്ങൾ വേഗത്തിലാക്കാൻ നടപടിയുണ്ടാകണം. മലബാർ ദേവസ്വം ബോർഡിനെ സംബന്ധിച്ചിടത്തോളം അവിടെയുള്ള കാര്യങ്ങൾ നിർവ്വഹിക്കുന്നതിനുവേണ്ടി ഒരു ലാ ഓഫീസറുടെ തസ്തിക അനുവദിച്ചുതരണമെന്ന ആവശ്യം മലബാർ ദേവസ്വംബോർഡ് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. അക്കാര്യത്തിൽ തീരുമാനമെടുക്കണം. അതുപോലെ ധാരാളം മരാമത്ത് പ്രവൃത്തികൾ അവിടെ നടക്കുന്നതിനാൽ ഒരു കൺസൾട്ടിംഗ് എഞ്ചിനീയർ, കൺസൾട്ടിംഗ് എഞ്ചിനീയർ (ഐ.ടി), ഫിനാൻസ് ഓഫീസർ തുടങ്ങിയ തസ്തികകളും അംഗീകരിച്ച് നൽകേണ്ടതുണ്ട്. അതോടൊപ്പം നിർത്തലാക്കപ്പെട്ട ഹിന്ദുമത ധർമ്മസ്ഥാപന വകുപ്പിലെ തസ്തികകളുടെ ഒഴിവ് വന്നിട്ടുള്ള എൻട്രി കേഡർ തസ്തികകൾ ബോർഡിന്റെ തസ്തികകളാക്കി മാറ്റി ഉത്തരവ് പുറപ്പെടുവിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്. മലബാർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിലുള്ള ക്ഷേത്രങ്ങളുടെ അന്യാധീനപ്പെട്ട ഭൂമി അളന്നുതിരിക്കുന്നതിനും തിരിച്ചുപിടിക്കുന്നതിനും മലബാർ ദേവസ്വം ബോർഡിന്റെകീഴിൽ ഒരു ലാൻഡ് കൺസർവൻസി യൂണിറ്റ് ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ക്ഷേത്രങ്ങളുടെ ജീർണ്ണോദ്ധാരണ പ്രവർത്തനങ്ങൾക്ക് മാത്രമല്ല ക്ഷേത്രങ്ങളുടെ മഹിതമായ, പാവനമായ, കലാപരമായ ക്ഷേത്ര സംസ്കൃതിയെ വളർത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും മലബാർ ദേവസ്വം ബോർഡ് ശ്രമിക്കുകയുണ്ടായി. കേരളത്തിലാദ്യമായി ക്ഷേത്രകലകളുടെ പരിപോഷണത്തിനും പ്രസരണത്തിനുംവേണ്ടി ഒരു ക്ഷേത്രകലാ അക്കാദമിക്ക് രൂപംകൊടുക്കാൻ മുന്നോട്ടുവന്നത് മലബാർ ദേവസ്വം ബോർഡാണ്. മലബാർ ദേവസ്വം ബോർഡിന് കണ്ണൂർ ജില്ലയിലെ മാടായിക്കാവ് ആസ്ഥാനമായി ഒരു ക്ഷേത്രകലാ അക്കാദമി അനുവദിച്ചിട്ടുണ്ട്. പക്ഷേ ആ ക്ഷേത്രകലാ അക്കാദമിയുടെ പ്രവർത്തനങ്ങൾ മന്ദഗതിയിലാണ്. കേരളത്തിലെ പാരമ്പര്യ കലാരൂപങ്ങളെ ക്ലാസിക്കൽ, നാടൻകലകൾ എന്നിങ്ങനെ രണ്ടായി വിഭജിക്കാൻ കഴിയും. ക്ലാസിക്കൽ കലകളും നാടൻ കലകളുമൊക്കെ യഥാർത്ഥത്തിൽ

ക്ഷേത്രാങ്കണങ്ങളിലൂടെയോ ക്ഷേത്ര സംസ്കാരത്തിന്റെയോ ഭാഗമായാണ് വികസിച്ചുവന്നത്. വൈവിദ്ധ്യമാർന്ന ഈ കലകൾ ക്ഷേത്ര സംസ്കൃതിയുമായി അഭേദ്യമാംവിധം ബന്ധപ്പെട്ടിട്ടുണ്ട്. ഇവയിൽ പലതും ക്ഷേത്രത്തിലെ അനുഷ്ഠാനങ്ങളായതിനാൽ അനുഷ്ഠാനകലകൾ എന്നാണറിയപ്പെടുന്നത്. ചില ക്ഷേത്രങ്ങളിൽ കൂടിയാട്ടം, കൂത്ത്, കൃഷ്ണനാട്ടം, കൊട്ടിപ്പാടി സേവ, കളമെഴുത്ത് എന്നിവയൊക്കെ നിലനിൽക്കുന്നുണ്ട്. എന്നാൽ മറ്റുള്ള പല ക്ഷേത്രകലകളും ഇന്ന് മൃതകലകളായി തീർന്നിരിക്കുകയാണ്. അവയെ നിലനിർത്തുക, നിലവിലുള്ളവയെ വിസ്മൃതിയിലേയ്ക്ക് തള്ളിയിടാതെ പരിരക്ഷിക്കുക, പുതിയ തലമുറയ്ക്ക് അവയെ പരിചയപ്പെടുത്തുകയും ഇത്തരം കലകൾ പരിശീലിക്കാനുള്ള സാഹചര്യമൊരുക്കുകയും ചെയ്യുക, പഠന ഗവേഷണ കേന്ദ്രങ്ങൾ സ്ഥാപിക്കുക തുടങ്ങിയ ലക്ഷ്യങ്ങളാണ് ക്ഷേത്രകലാ അക്കാദമിക്കുള്ളത്. ക്ഷേത്ര പാരമ്പര്യത്തിന്റെ തനിമ കാത്തുസൂക്ഷിക്കുന്നതിന് പ്രതിജ്ഞാബദ്ധമെന്ന നിലയിലാണ് മലബാർ ദേവസ്വം ബോർഡ് അത്തരമൊരു നിർദ്ദേശം മുന്നോട്ടുവച്ചതും പിന്നീട് സംസ്ഥാന സർക്കാർ ക്ഷേത്രകലാ അക്കാദമിക്ക് രൂപം കൊടുത്തതും. അതുകൊണ്ടുതന്നെ ക്ഷേത്രകലാ അക്കാദമിയെ സഹായിക്കാനും അതിനാവശ്യമായ ഫണ്ട് നൽകാനും സർക്കാർ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു. നമ്മുടെ പാരമ്പര്യത്തെയും സംസ്കൃതിയെയും ചൈതന്യഭാസുരമാക്കിയ ക്ഷേത്രകലകളെ നിലനിർത്തുന്നതിനും പ്രചരിപ്പിക്കുന്നതിനുംവേണ്ടിയുള്ള ശ്രമങ്ങളുടെ ഭാഗമെന്ന നിലയിലാണ് മലബാർ ദേവസ്വം ബോർഡ് ക്ഷേത്രകലാ അക്കാദമിക്ക് രൂപം നൽകിയത്. ക്ലാസ്സിക്കൽ കലകൾക്ക് കലാമണ്ഡലവും നാടൻ കലകൾക്ക് ഫോക്‌ലോർ അക്കാദമിയും സാഹിത്യ പരിപോഷണത്തിന് സാഹിത്യ അക്കാദമിയും നാടകത്തിനും സംഗീതത്തിനും സംഗീതനാടക അക്കാദമിയും ചിത്രകലയ്ക്കും ശില്പകലയ്ക്കും ലളിതകലാ അക്കാദമിയുമുണ്ട്. പക്ഷേ നമ്മുടെ പാരമ്പര്യത്തിന്റെയും സംസ്കൃതിയുടെയും ഭാഗമായ ക്ഷേത്ര കലകൾക്ക് അത്തരമൊരു യൂണിവേഴ്സിറ്റി കേരളത്തിലില്ല. അതുകൊണ്ട് മലബാർ ദേവസ്വം ബോർഡിന്റെകീഴിലുള്ള ക്ഷേത്രകലാ അക്കാദമിയെ ഒരു ഡീംഡ് യൂണിവേഴ്സിറ്റിയാക്കി കലാമണ്ഡലം പോലെ വികസിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ഡോ. എൻ. ജയരാജ്: സർ, സർവ്വകലാശാലകൾകൊണ്ട് നടന്നുനീങ്ങാൻതന്നെ ബുദ്ധിമുട്ടുള്ള സംസ്ഥാനമാണ് കേരളം. കേരളത്തിൽ ഇനിയും സർവ്വകലാശാലകൾ വേണമെന്ന അഭിപ്രായത്തോട് തത്വത്തിൽ യോജിക്കാൻ ബുദ്ധിമുട്ടുണ്ട്. പക്ഷേ ഒരു കാര്യം അങ്ങ് പറഞ്ഞത് വളരെ ശരിയാണ്. നമ്മുടെ സംസ്കാരത്തിന്റെ ഈടുവയ്പുകളായിരുന്ന ഒട്ടേറെ അനുഷ്ഠാന കലകൾ ഇന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിലൂടെയാണ് നാം

കടന്നുപോകുന്നത്. അങ്ങുതന്നെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗമായിട്ടുള്ള കേരള ഫോക്‌ലോർ അക്കാദമി ഇക്കാര്യത്തിൽ ഒട്ടേറെ മുന്നോട്ടുപോയിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഞാൻ ആ കമ്മിറ്റിയിലെ അംഗമായിരുന്നു. പക്ഷേ അനുഷ്ഠാന കലകളും ക്ഷേത്രകലകളും വടക്കൻ കേരളത്തിന്റേത് മാത്രമാണെന്ന് അങ്ങ് പറഞ്ഞതായി അങ്ങയുടെ സംസാരത്തിൽനിന്ന് ഞാൻ മനസ്സിലാക്കുന്നു. തിരുവിതാംകൂറിനും മധ്യതിരുവിതാംകൂറിനുമൊക്കെ അതിന്റേതായ സാംസ്കാരിക പാരമ്പര്യമുണ്ട്. തിരുവിതാംകൂറിന്റെ പൈതൃകത്തെ സംരക്ഷിക്കാൻവേണ്ടിയുള്ള വലിയ ലക്ഷ്യത്തോടെയാണ് കേരള ഫോക്‌ലോർ അക്കാദമി ഞാൻ പ്രതിനിധാനം ചെയ്യുന്ന നിയോജകമണ്ഡലത്തിൽ രൂപംകൊടുത്തത്. ഇവിടെ സൂചിപ്പിച്ചതുപോലെ ഒരു ഡീംഡ് യൂണിവേഴ്സിറ്റിക്കോ സർവ്വകലാശാലയ്ക്കോ അപ്പുറത്തുനിന്നുകൊണ്ട് അനുഷ്ഠാനകലകളെ മുഴുവൻ ഒരു കുടക്കീഴിൽ കൊണ്ടുവരാനുള്ള നടപടിയുണ്ടാകണം. ജീവിതത്തിന്റെ മറ്റ് പല മേഖലകളിലും പ്രവർത്തിക്കുന്നതിനിടയിൽ കലയോടുള്ള ആഭിമുഖ്യംകൊണ്ടും ഈ സംസ്കാരത്തെ നിലനിർത്താൻവേണ്ടിയും പട്ടിണിയും പരിവട്ടവുമായി കലോപാസകന്മാരായി ജീവിക്കുന്ന ഒട്ടേറെ ആളുകൾ നമ്മുടെ സമൂഹത്തിലുണ്ട്; അവരെ കണ്ടെത്താനും പ്രോത്സാഹിപ്പിക്കാനുമുള്ള നടപടികൾകൂടി ഇക്കാര്യത്തിൽ സ്വീകരിക്കേണ്ടതല്ലേ?

<u>ശ്രീ. റ്റി. വി. രാജേഷ്</u>: ഞാൻ പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. നമ്മുടെ സംസ്കാരത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഭാഗമാണ് ക്ഷേത്രങ്ങൾ. ക്ഷേത്ര സംസ്കാരത്തിന്റെ ഭാഗമായി വളർന്നുവന്ന അനുഷ്ഠാന കലകൾ പലതും നശിച്ചുകൊണ്ടിരിക്കുമ്പോൾ അതിനെ നിലനിർത്താനും പരിപോഷിപ്പിക്കാനും ഭാവിതലമുറയ്ക്ക് മുന്നിൽ ഗംഭീരമായി അവതരിപ്പിക്കാനും വേണ്ടിയാണ് ക്ഷേത്രകലാ അക്കാദമി വിഭാവന ചെയ്തിട്ടുള്ളത്. അതിന് സർക്കാർ അർഹിക്കുന്ന പരിഗണന നൽകണമെന്നാണ് ഞാൻ പറയുന്നത്. ഡീംഡ് യൂണിവേഴ്സിറ്റി എന്നുപറഞ്ഞതിനെ ആ അർത്ഥത്തിൽ എടുത്താൽ മതി. കലാമണ്ഡലത്തിൽ ക്ലാസ്സിക്കൽ കലകളിൽ ബിരുദവും ബിരുദാനന്തര ബിരുദ കോഴ്സുകളും ഗവേഷണങ്ങളും നടക്കുന്നുണ്ട്. അതുപോലെ ക്ഷേത്രകലകളിൽ എന്തുകൊണ്ട് ആരംഭിച്ചുകൂടാ? ഒരു സർവ്വകലാശാല തന്നെയാകണമെന്നില്ല, ഉന്നത പഠനകേന്ദ്രമായാലും മതി. ഫോക്ക്‌ലോർ അക്കാദമിയുടെ കാര്യം ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് നമുക്ക് പരിഗണിക്കാം. ഫോക്ക്‌ലോർ അക്കാദമിയിൽ നിയമസഭയെ പ്രതിനിധാനം ചെയ്യുന്ന ഒരംഗമെന്ന നിലയിൽ തീർച്ചയായും അങ്ങയുടെ വികാരം ഞാനവിടെ അവതരിപ്പിക്കുമെന്ന് ബഹുമാനപ്പെട്ട അംഗത്തിന് ഉറപ്പുനൽകുകയാണ്. ഞാൻ ദീർഘിപ്പിക്കുന്നില്ല. ദേവസ്വം ബോർഡിന്റെകീഴിലുള്ള ക്ഷേത്രങ്ങളിൽ ശാന്തി ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് പിന്നോക്ക പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരെ നിയമിക്കുന്ന കാര്യം മുൻസർക്കാർ ആലോചിച്ചതാണെന്ന് ശ്രീ. പി. ടി. തോമസും

ശ്രീ. അടൂർ പ്രകാശും പറഞ്ഞു. നിങ്ങൾക്കത് നടപ്പിലാക്കാൻ സാധിച്ചോ? ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിലെ 30-ൽപ്പരം അബ്രാഹ്മണരെ ശാന്തിക്കാരായി നിയമിച്ചിട്ടുണ്ട്. തമിഴ്നാട്ടിൽനിന്ന് Untouchability, Eradication Front ഉൾപ്പെടെയുള്ള ദളിത് സംഘടനകളിൽപ്പെട്ടവർ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ഇന്നലെ കണ്ട് അഭിനന്ദിച്ചു. തമിഴ്നാട്ടിലെയും ആന്ധ്രാപ്രദേശിലെയും പല ക്ഷേത്രങ്ങളുടെ മുന്നിലും മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ ഫ്ലക്സ് വച്ചിരിക്കുന്നത് കാണാം. ഫ്ലക്സിനോട് നമുക്ക് വിയോജിപ്പുണ്ട്. കർണ്ണാടക സംസ്ഥാനം ഭരിക്കുന്നത് കോൺഗ്രസ്സാണ്. ഉഡുപ്പി ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ 'മഡെ സ്നാന' എന്ന ദുരാചാരം അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കാൻ അവിടത്തെ കോൺഗ്രസ് ഭരണത്തിന് കഴിഞ്ഞിട്ടുണ്ടോ? നല്ല കാര്യങ്ങൾ ചെയ്താൽ അതംഗീകരിക്കാനുള്ള മനസ്സുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇന്ത്യയിലാദ്യമായി നിയമനത്തിന് സാമ്പത്തിക സംവരണം മാനദണ്ഡമാക്കി, ദേവസ്വം നിയമനങ്ങളിൽ മുന്നോക്ക വിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗത്തിന് 10 ശതമാനം സംവരണം അനുവദിക്കാൻ ഈ സർക്കാർ തീരുമാനിക്കുകയുണ്ടായി.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, അങ്ങ് സംസാരിച്ചപ്പോൾ തോന്നിയ ഒരു സംശയമാണ്. ശ്രീ. കടകംപള്ളി സുരേന്ദ്രനാണോ, ശ്രീ. റ്റി. വി. രാജേഷ് ആണോ മന്ത്രിയെന്ന കാര്യത്തിലാണ് സംശയം വന്നത്. അങ്ങ് എല്ലാ കാര്യങ്ങൾക്കും ഉറപ്പ് കൊടുക്കുന്നുണ്ട്.

ശ്രീ. റ്റി. വി. രാജേഷ്: സർ, ബഹുമാനപ്പെട്ട അംഗം എന്റെ പ്രസംഗം നേരത്തെ കേൾക്കാത്തതുകൊണ്ടുള്ള പ്രശ്നമാണ്. നേരത്തെ കേട്ടിരുന്നെങ്കിൽ കാര്യങ്ങൾ വ്യക്തമാകുമായിരുന്നു. ഡോ. എൻ. ജയരാജ് ചോദിച്ചതിനാണ് ഞാൻ മറുപടി പറഞ്ഞത്. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ എം.എൽ.എ. എന്ന നിലയിൽ സർക്കാരിന്റെ പ്രവർത്തനങ്ങളെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. അങ്ങേയ്ക്കും സർക്കാരിനെ അഭിനന്ദിച്ച് സംസാരിക്കാം. കാരണം, ഈ സർക്കാർ ചെയ്യുന്ന കാര്യങ്ങൾക്ക് അങ്ങയുടെ മണ്ഡലത്തിലെ ജനങ്ങളും ഗുണഭോക്താക്കളാകുമെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. അങ്ങും ഇക്കാര്യങ്ങളെ അംഗീകരിക്കുന്ന ആളാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഞാൻ ബഹുമാനപ്പെട്ട ചെയറിന്റെ അഭ്യർത്ഥന മാനിച്ച് കൂടുതൽ കാര്യങ്ങൾ സംസാരിക്കുന്നില്ല. ഞാൻ ഈ ഭേദഗതിയെ അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

മി. സ്പീക്കർ: ലോക്സഭാ സെക്രട്ടറി ജനറലായിരുന്ന ശ്രീ. പി. ഡി. റ്റി. ആചാരി ലോഞ്ചിൽ നടക്കുന്ന പരിപാടിയിൽ പങ്കെടുക്കാൻ കാത്തിരിക്കുകയാണ്. അത് മനസ്സിലാക്കി എല്ലാവരും സഹകരിക്കണമെന്നാണ് ചെയർ പറഞ്ഞത്.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള 2016-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

യു.ഡി.എഫ്., എൽ.ഡി.എഫ്. ഭാരതീയ ജനതാ പാർട്ടി തുടങ്ങിയ രാഷ്ട്രീയ പാർട്ടികൾ രൂപീകരിക്കുന്നതിന് മുമ്പുണ്ടായതാണ് ക്ഷേത്രങ്ങൾ. ക്ഷേത്രാചാരങ്ങളും ക്ഷേത്രത്തിലെ ആരാധനകളും സംസ്കാരവും കലയും സാഹിത്യവും ശാസ്ത്രവും ലോകപ്രസിദ്ധമായ നിർമ്മിതികളും ഇന്ത്യയിലുണ്ടായി എത്രയോ വർഷങ്ങൾ കഴിഞ്ഞാണ് ഐക്യ ജനാധിപത്യ മുന്നണിയും ഇടതുപക്ഷ ജപനാധിപത്യ മുന്നണിയും ഭാരതീയ ജനതാ പാർട്ടിയുമൊക്കെ ഉണ്ടായത്. ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളെയും ഭരണകാര്യങ്ങളെയുംകുറിച്ച് ചർച്ച ചെയ്യുമ്പോൾ സമഗ്രമായി എല്ലാ കാര്യങ്ങളും മനസ്സിലാക്കണമെന്നുള്ളതാണ് എനിക്ക് പറയാനുള്ളത്. മലബാർ ദേവസ്വം ബില്ലിൽ നിർദ്ദേശിക്കുന്നത് ചെറിയൊരു ഭേദഗതിയാണ്. കമ്മീഷണറായി ഒരാളെ പ്രൊമോട്ട് ചെയ്ത് നിയമിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഈ ഭേദഗതി വലിയ ചർച്ചയ്ക്ക് വഴിതുറന്നുവെന്ന് മാത്രമേയുള്ളൂ. ആരെയെങ്കിലും പ്രത്യേകമായി ഉദ്ദേശിച്ചാണോ ഈ ഭേദഗതി കൊണ്ടുവരുന്നതെന്നറിയില്ല. ആരായാലും നമുക്ക് വിരോധമില്ല; അത് നിയമിക്കുമ്പോൾ മനസ്സിലാകും. ഇവിടെ Madras Hindu Religious and Charitable Endowments Act, 1951 എന്ന പ്രിൻസിപ്പൽ ആക്ടിൽ ഭേദഗതി ചെയ്താണ് മലബാർ ദേവസ്വം ബോർഡിന്റെ ജനനം. ദേവസ്വം എന്ന വാക്കിനർത്ഥം Property of God എന്നാണ്. ദൈവത്തിന്റെ സമ്പത്തിനെയാണ് ദേവസ്വം എന്നുപറയുന്നത്. ഒന്നുകിൽ അത് ദൈവത്തിന്റെ സമ്പത്തായി കണക്കാക്കാം അല്ലെങ്കിൽ Presiding Deity-യുടെ സ്വകാര്യസ്വത്തായി കണക്കാക്കാം. ഒരു ക്ഷേത്രത്തിലെ പ്രതിഷ്ഠയുടെ വ്യക്തിപരമായ, ആ ദൈവ സങ്കൽപ്പത്തിന്റെയാണ് അവിടെയുള്ള സമ്പത്ത് മുഴുവൻ. ഓരോ ക്ഷേത്രങ്ങളും ഒരു പ്രത്യേക എന്റിറ്റിയായതുകൊണ്ട് ട്രസ്റ്റികളും ഊരാളന്മാരുമൊക്കെയാണ് ഭരണം നടത്തുന്നത്. ആചാരപരമായ അവകാശങ്ങൾ മാത്രം അവരിൽ നിലനിർത്തി ബാക്കി ഭരണാധികാരവും മറ്റുമാണ് ദേവസ്വം ബോർഡ് കൈകാര്യം ചെയ്യുന്നത്. അതുകൊണ്ട് സ്വാഭാവികമായും ട്രസ്റ്റികളും ഊരാളന്മാരും ക്ഷേത്രം നടത്തിപ്പുകാരും ദേവസ്വം ബോർഡുമായും സർക്കാരുമായും ചെറിയൊരു സംഘർഷംതന്നെ നേരത്തെ ഉടലെടുത്തിട്ടുണ്ട്. ആ സംഘർഷവുമായി ബന്ധപ്പെട്ട്, പഴയതുപോലുള്ള പ്രതാപവും അധികാരങ്ങളും നിലനിൽക്കണമെന്ന് അവർ ആഗ്രഹിച്ചിട്ടുണ്ടെങ്കിൽ അവരെ കുറ്റംപറയാൻ സാധ്യമല്ല. അഴിമതിയും മറ്റും ആരോപിച്ചാണ് ആ ക്ഷേത്രങ്ങളെ ദേവസ്വംബോർഡിന്റെ കീഴിലാക്കുന്നതെങ്കിൽ ആ

അഴിമതിയാരോപണം ദേവസ്വം ബോർഡിനെക്കുറിച്ചും ഉണ്ടായിട്ടില്ലേയെന്ന് ഊരാളന്മാരും ട്രസ്റ്റികളും ചോദിച്ചിട്ടുണ്ട്. അതിന്റെ ശരി-തെറ്റുകളിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. വിജിലൻസ് അന്വേഷണവും കേസുകളും ദേവസ്വം ബോർഡിനെതിരെയും വന്നിട്ടുണ്ട്. എന്തായാലും 1600-ഓളം വരുന്ന ക്ഷേത്രങ്ങളുടെ ഭരണം നടത്തുന്നതിനുവേണ്ടി മലബാർ ദേവസ്വം ബോർഡിനെ ഏൽപ്പിച്ചിരിക്കുകയാണ്. അങ്ങനെ വരുമ്പോൾ ക്ഷേത്രങ്ങളുടെ വരവിന്റെ 50 ശതമാനം ജീവനക്കാരുടെ ശമ്പള ആവശ്യങ്ങൾക്കുവേണ്ടി നീക്കിവയ്ക്കണമെന്നുണ്ട്. ഓരോ ക്ഷേത്രത്തിന്റെയും ട്രസ്റ്റികൾ വരവുചെലവ് കണക്കുകൾ ദേവസ്വം ബോർഡിനെ ബോധിപ്പിക്കണമെന്നുണ്ട്. അങ്ങനെ ബോധിച്ചാൽ അവർക്ക് ഗ്രാന്റ് കൊടുക്കാമെന്ന് സർക്കാർ സമ്മതിച്ചിട്ടുണ്ട്. എന്നാൽ ആ ഗ്രാന്റിന് ഏതാണ്ട് 1000 ക്ഷേത്രങ്ങൾ അർഹരായിട്ടുണ്ടെങ്കിലും അവർക്കെല്ലാവർക്കും അർഹതപ്പെട്ട തോതിലുള്ള ഗ്രാന്റ് കിട്ടിയിട്ടില്ലെന്ന പരാതി നിലവിലുണ്ട്. ഈ ക്ഷേത്രങ്ങളിലെ ഒരു വിഭാഗത്തിനെ സ്പെഷ്യൽ കാറ്റഗറിയായും ബാക്കിയുള്ളവയെ എ, ബി, സി, ഡി എന്നിങ്ങനെ വേർതിരിച്ചുമാണ് കാര്യങ്ങൾ നടത്തുന്നത്. തിരുവിതാംകൂർ ദേവസ്വത്തിന്റെയും കൊച്ചി ദേവസ്വത്തിന്റെയും മാതൃകയിലുള്ള പരിഷ്കാരമാണ് മലബാർ ദേവസ്വത്തിനുവേണ്ടി രൂപീകരിച്ചത്. ഈ ക്ഷേത്രങ്ങൾക്ക് പൊതുവായ നിയമവും പൊതുവായ ഫണ്ടും ഉണ്ടാകണമെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ട്രസ്റ്റികളുടെയും ജീവനക്കാരുടെയും വിശ്വാസം ആർജ്ജിച്ചുകൊണ്ട് അവരുമായി സഹകരിച്ചാണ് മലബാർ ദേവസ്വത്തിന്റെയും മറ്റ് ദേവസ്വങ്ങളുടെയും പ്രവർത്തനം നടത്തേണ്ടത്. അവർക്കിടയിൽ സംഘർഷമോ സമാധാന ഭംഗമോ ഉണ്ടാകാൻ പാടില്ല. കാരണം, നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം ക്ഷേത്രങ്ങൾ പ്രധാനപ്പെട്ടതാണ്. ലക്ഷക്കണക്കിന് ക്ഷേത്രങ്ങൾ നമ്മുടെ രാജ്യത്തുണ്ട്. ആ ക്ഷേത്രങ്ങളുടെ പ്രവർത്തനത്തെ സർക്കാർ, ദേവസ്വം ബോർഡുകൾ മുഖേന നിയന്ത്രിക്കുമ്പോൾ ഭാരതത്തിന്റെ സംസ്കാരത്തെയും വിശ്വാസികളായ മഹാഭൂരിപക്ഷം വരുന്ന ഇന്ത്യൻ ജനത അതിന് കൊടുക്കുന്ന പ്രാധാന്യത്തെയും സമഗ്രമായി മനസ്സിലാക്കിവേണം കാര്യങ്ങൾ നടപ്പിലാക്കേണ്ടത്.

3.00 P.M.]

പാർത്ഥസാരഥി ക്ഷേത്രം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ടുണ്ടായ തർക്കങ്ങളും എതിർപ്പുമൊക്കെ നമുക്കോർമ്മയുണ്ടാകും. കോടതി അഞ്ചുതവണയാണ് ആ ക്ഷേത്രം ഏറ്റെടുക്കലിനെ സ്റ്റേ ചെയ്തത്. പിന്നീടാണ് ആ വിഷയത്തിലൊരു തീരുമാനമുണ്ടായത്. അതുപോലെ ജീവനക്കാരുടെ കഷ്ടപ്പാടുകളെക്കുറിച്ച് ഇന്ത്യയിലെ പ്രധാനപ്പെട്ട ദേശീയ ദിനപത്രമായ 'ദി ഹിന്ദു' എഴുതിയ ലേഖനം ഒരു പൊതുതാൽപ്പര്യ ഹർജിയായി കോടതി സ്വീകരിച്ച സന്ദർഭവുമുണ്ടായിട്ടുണ്ട്. ക്ഷേത്രങ്ങളുടെ വരുമാനം നന്നായി കുറയുകയും അവർക്ക് കഷ്ടപ്പാടുകളുണ്ടെന്നതും

ശരിയാണ്. കാരണം, ലക്ഷക്കണക്കിനേക്കർ ഭൂമിയും സമ്പത്തും കൃഷിസ്ഥലങ്ങളുമൊക്കെ ക്ഷേത്രങ്ങൾക്കുണ്ടായിരുന്നു. കൊട്ടിയൂർ ദേവസ്വത്തിന് ഒരു ലക്ഷത്തിലേറെ ഏക്കർ വരുന്ന ഭൂമിയുണ്ടായിരുന്നുവെന്നാണ് പറയപ്പെടുന്നത്. ഈ ധർമ്മ സ്ഥാപനങ്ങളെയും ക്ഷേത്രങ്ങളെയുമൊക്കെ സഹായിക്കുന്ന തരത്തിൽ അവരുമായി കൂടിയാലോചിച്ച്, സമരസപ്പെട്ട് ആരോഗ്യകരമായൊരു സമന്വയത്തിലൂടെ വേണം ഗുണകരമായ നിയന്ത്രണങ്ങൾ കൊണ്ടുവരേണ്ടതെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. വി. എസ്. ശിവകുമാർ ദേവസ്വം വകുപ്പുമന്ത്രിയായിരുന്ന സമയത്ത് ഇന്നത്തെപ്പോലെ ചില ആരോപണങ്ങൾ സർക്കാരിനെതിരായി വന്നതുകൊണ്ട് ശ്രീ. വി. ഡി. സതീശൻ അദ്ദേഹത്തോട് ഒരു ചോദ്യം ചോദിച്ചു. അതായത്, ഈ ക്ഷേത്രത്തിന്റെ പണം സമാഹരിച്ച് സർക്കാർ ദുരുപയോഗം ചെയ്യുന്നു, മറ്റ് കാര്യങ്ങൾക്കുവേണ്ടി വകമാറ്റി ചെലവഴിക്കുന്നു എന്നുള്ള ഒരു കേസുണ്ടായിരുന്നു. ഏതാണ്ട് 200 കോടിയിലേറെ രൂപ ക്ഷേത്രങ്ങൾക്ക് സർക്കാർ ഗ്രാന്റായും പല വികസനകാര്യങ്ങൾക്കുവേണ്ടിയും കൊടുത്തതിന്റെ കണക്കാണ് ശ്രീ. വി. എസ്. ശിവകുമാർ അതിന് മറുപടിയായി പറഞ്ഞത്. അതാണ് സ്ഥിതി. അവരുടെ പണമൊന്നും ഇവിടെയാരും ദുരുപയോഗം ചെയ്യുന്നില്ല, അന്നും ദുരുപയോഗം ചെയ്തിട്ടില്ല, ഇപ്പോഴും ദുരുപയോഗം ചെയ്യുന്നുവെന്നുള്ള അഭിപ്രായം എനിക്കില്ല. എവിടെയായാലും ചില തെറ്റുകളൊക്കെ മനുഷ്യർ ചെയ്യും. ദേവസ്വം ബോർഡിലായാലും ക്ഷേത്രങ്ങളിലായാലും അധികാരസ്ഥാനങ്ങളിലിരിക്കുമ്പോൾ സമ്പത്തിനുവേണ്ടി കലഹിക്കുന്നതുപോലുള്ള ചില പ്രശ്നങ്ങളുണ്ടാകും. ആ പ്രശ്നങ്ങളെയൊക്കെ നിയമപരമായി നേരിടുകയാണ് ശരിയായ മാർഗ്ഗം. 2011-ലെ സെൻസസ് പ്രകാരം ഇന്ത്യയിലെ ജനസംഖ്യയുടെ മതപരമായ കണക്കുണ്ടായിരുന്നു. ഹിന്ദുക്കൾ - 79.8 ശതമാനം, ഇസ്ലാം മതക്കാർ - 14.2 ശതമാനം, ക്രൈസ്തവർ - 2.3 ശതമാനം, സിക്ക് മതക്കാർ - 1.7 ശതമാനം, ബുദ്ധമതക്കാർ - 0.7 ശതമാനം, ജൈന മതക്കാർ - 0.4 ശതമാനം, പാഴ്സി, ജൂതർ എന്നിങ്ങനെയുള്ള മറ്റു വിഭാഗക്കാർ - 0.7 ശതമാനം, മതമില്ലാത്തവർ - 0.2 ശതമാനം, അതിലാണ് കമ്മ്യൂണിസ്റ്റ് പാർട്ടിയൊക്കെ വരുന്നത്. നമ്മുടെ വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞതുപോലുള്ള കണക്കൊന്നുമല്ല. ആ 0.2 ശതമാനത്തിൽ കമ്മ്യൂണിസ്റ്റല്ലാത്തവർ വേറെയുമുണ്ടാകും. അത് വളരെ കുറച്ചുമാത്രമേ ഉണ്ടാകുകയുള്ളൂ. അങ്ങനെയുള്ളൊരു ചെറിയ വിഭാഗമാണ് 79.8 ശതമാനം വരുന്ന ഹിന്ദുക്കളുടെ ക്ഷേത്രങ്ങൾ ഭരിക്കുന്നതെന്ന ബോധം ഭരണം നടത്തുമ്പോഴും നിയമം നിർമ്മിക്കുമ്പോഴും ഉണ്ടാകണമെന്നാണ് പറഞ്ഞത്. സമ്പത്തുണ്ടാകുമ്പോഴാണ് തർക്കങ്ങളും നിയന്ത്രണത്തിന്റെ ആവശ്യകതയും വരുന്നത്. സാധാരണ പാർട്ടികൾക്കും ധാരാളം പൈസയും സമ്പത്തുമുണ്ടാകാറുണ്ട്. അവർക്കങ്ങനെ സമ്പത്തുണ്ടെങ്കിലും സർക്കാർ നിയന്ത്രിക്കാൻ വരില്ല.

ഉദാഹരണത്തിന്, കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് കുറേ വസ്തുവും കെട്ടിടവും ലെവി വരുമാനവും നോക്കുകൂലിയുമായി വലിയ സംഖ്യ കിട്ടുമ്പോൾ സർക്കാർ നിയന്ത്രിക്കുന്നില്ല. പുഷ്പാർച്ചന, പതാക ഉയർത്തൽ, സമ്മേളനം എന്നിവ പാർട്ടിക്കാരെ ഏൽപ്പിക്കുകയാണ്. ക്ഷേത്രങ്ങൾ മുഴുവൻ ഭരിക്കാൻ ശ്രമിക്കുമ്പോൾ അക്കാര്യംകൂടി ആലോചിക്കേണ്ടതാണ്. ഇന്ത്യ ഒരു ബഹുസ്വര രാജ്യമാണ്. ആ ബഹുസ്വര ഇന്ത്യയിൽ ക്ഷേത്രങ്ങളുടെ പ്രാധാന്യം നിസ്സാരമല്ല. ക്ഷേത്രങ്ങൾ വെറും ആരാധനാലയങ്ങളല്ല. അവിടെ സംഗീതം, നൃത്തം, കല, ശാസ്ത്രം ഇങ്ങനെയുള്ള എല്ലാ കാര്യങ്ങളുമുണ്ട്. ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട ക്ഷേത്രങ്ങളെക്കുറിച്ച് നമുക്കറിയാം. മധുരമീനാക്ഷി ക്ഷേത്രം, സിക്കുകാരുടെ സുവർണ്ണക്ഷേത്രം, ഷിർദ്ദിസായിയുടെ ക്ഷേത്രം, വൈഷ്ണോദേവി ക്ഷേത്രം, തിരുപ്പതി, ശ്രാവണബെൽഗോള, ചെന്നകേശവ, ശബരിമല, കുംഭകോണം, അക്ഷർധാം, ജഗന്നാഥ, ശ്രീപത്മനാഭ, ബദരീനാഥ്, സിദ്ധിവിനായക, കാമാഖ്യ, സോമനാഥ്, ദുർഗ്ഗ, കാശിവിശ്വനാഥ്, ലിംഗരാജ, ഏകാംബരേശ്വർ, മഹാബോധി, കേദാർനാഥ്, യമുനോത്രി, അമർനാഥ്, ഖജുരാഹോ ക്ഷേത്രസമുച്ചയം തുടങ്ങി ലോകപ്രസിദ്ധമായ അനേകം ക്ഷേത്രങ്ങളുണ്ട്. കേരളത്തിൽത്തന്നെ ധാരാളം ക്ഷേത്രങ്ങളുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ ഈ ക്ഷേത്രങ്ങളൊക്കെ കാണണം. അദ്ദേഹത്തിന് അതിൽ താൽപ്പര്യമുണ്ടെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. കന്യാകുമാരി ജില്ലയിൽ ചിതറാൽ ക്ഷേത്രമുണ്ട്. കർണ്ണാടകയിൽ മൂഡബിദ്രി ക്ഷേത്രമുണ്ട്. തട്ടിയാൽ സംഗീതം കേൾക്കുന്ന തൂണുകളുള്ള മധുര മീനാക്ഷി ക്ഷേത്രത്തിൽ 33 ദശലക്ഷം കൊത്തുപണികളുണ്ട്; ലോകത്തെ അത്ഭുതപ്പെടുത്തുന്ന ശിൽപ്പകലയാണത്. 30-ഓളം ചതുരശ്ര കിലോമീറ്റർ സ്ഥലത്ത് നിലനിന്നിരുന്ന ഒരു വൻപാറ കൊത്തിയെടുത്താണ് ഖജുരാഹോ ക്ഷേത്രസമുച്ചയം നിർമ്മിച്ചത്. എന്തുമാത്രം അത്ഭുതകരമായിട്ടുള്ള സംഗതികളാണ് ആ ക്ഷേത്രങ്ങളിലുള്ളത്? ഇന്ത്യയിലെ ഈ ക്ഷേത്രങ്ങളെ വെറും ആരാധനാലയങ്ങളെന്ന് പറഞ്ഞ് തള്ളിക്കളയേണ്ട കാര്യമല്ല; അവയെല്ലാം മഹാത്ഭുതമാണ്. ആത്മീയത തേടി ഇന്ത്യയിലേയ്ക്ക് വരുന്ന ധാരാളം ആളുകൾ ലോകത്തിന്റെ നാനാഭാഗത്തുമുണ്ട്. തഞ്ചാവൂരിലെ ബൃഹദേശ്വര എന്ന സ്ഥലത്ത് ആയിരം കൊല്ലത്തിലേറെ പഴക്കമുള്ള ഒറ്റക്കല്ലിൽ തീർത്ത ഒരു ക്ഷേത്രമുണ്ട്. അതുപോലെ തിരുനെൽവേലിയിൽ ഒൻപത് ക്ഷേത്രങ്ങളുണ്ട്. അവയെല്ലാം നമ്മൾ കാണേണ്ടതാണ്. അതെല്ലാം ബഹുമാനപ്പെട്ട മന്ത്രി കണ്ടിട്ടില്ലെങ്കിൽ പോയി കാണണം. ഒരു സഹായവും സർക്കാർ നൽകാതിരുന്ന കാലത്തും ഈ ക്ഷേത്രങ്ങളെല്ലാം നിലനിന്നുപോയിട്ടുണ്ട്. ഇപ്പോഴാണ് കുറച്ച് ബുദ്ധിമുട്ടുണ്ടായത്. അക്കാലത്ത് ഒരു ബുദ്ധിമുട്ടുമുണ്ടായിരുന്നില്ല. ഇത്രയും ഉയരത്തിൽ എങ്ങനെയാണ് കരിങ്കല്ല് കൊണ്ടുപോയി ബൃഹദേശ്വരക്ഷേത്രം പണിതതെന്ന് ചോദിച്ചപ്പോൾ

അവിടെയുള്ള ആളുകൾ പറഞ്ഞത്, 7 കിലോമീറ്റർ നീളത്തിൽ മണ്ണ് നിരപ്പാക്കിയിട്ട് ആന കല്ല് വലിച്ചുകൊണ്ടുപോയി മുകളിൽവച്ചെന്നും പണി തീരുന്നതിനനുസരിച്ച് മണ്ണ് നീക്കംചെയ്തെന്നുമാണ്. ആ എഞ്ചിനീയറിംഗ് വൈദഗ്ധ്യമൊക്കെ ഇന്ന് അസാദ്ധ്യമാണ്. ലോകത്തിലെ ഏഴ് അത്ഭുതങ്ങളിൽപ്പെടുന്ന വിധത്തിലുള്ള ക്ഷേത്രങ്ങളാണവ. ഖജുരാഹോ ക്ഷേത്രമൊക്കെ ഏതു തരത്തിലാണ് നിർമ്മിച്ചതെന്ന് പറയാൻ സാദ്ധ്യമല്ല. അത്രയും വലിയ എഞ്ചിനീയറിംഗാണ്. ആയിരം കൽമണ്ഡപങ്ങളിൽ ഏത് ഭാഗത്തുനിന്ന് നോക്കിയാലും തൂണുകൾ സ്ട്രെയിറ്റായി തോന്നും. എന്ത് തരത്തിലുള്ള ഗണിതശാസ്ത്രവും ഫിസിക്സും സിവിൽ എഞ്ചിനീയറിംഗുമാണ് അവിടെയുള്ളത്? ഇപ്പോൾ നമുക്കതിനെക്കുറിച്ച് ആലോചിക്കാൻ സാധിക്കുമോ? പി.ഡബ്ല്യൂ.ഡി. പോയിട്ട് ആർക്കും അതുപോലെ നിർമ്മിക്കാൻ സാധിക്കില്ല. അവയ്ക്കു മുമ്പിൽ പി.ഡബ്ല്യൂ.ഡി. വെറും കടലാസ് കോട്ടകളാണ്. ഇങ്ങനെയുള്ള ധാരാളം സംഗതികളുണ്ട്. ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ടുള്ളതെല്ലാം അന്ധവിശ്വാസങ്ങളല്ല. ഷിർദ്ദി സായി ബാബ പറഞ്ഞത്, 'സബ് ക മാലിക്ക് ഏക് ഹൈ എന്നാണ്. 'എല്ലാവർക്കും ഒരു ദൈവമാണെന്നാണ്' അതിനർത്ഥം. ഇസ്ലാമും ക്രിസ്ത്യാനിറ്റിയും വേദങ്ങളുമൊക്കെ പറയുന്നതും അതുതന്നെയാണ്. അതുപോലെതന്നെ ബ്രഹ്മകുമാരീസ് എന്ന സംഘടന സർവ്വമനുഷ്യരെയും ഒരുപോലെ കാണുന്നവരാണ്; വിഗ്രഹാരാധകരല്ല.

"നൈനം ഛിന്ദന്തി ശസ്ത്രാണി

നൈനം ദഹതി പാവകഃ

ന ചൈനം ക്ലേദയന്ത്യാപോ

ന ശോഷയതി മാരുതഃ"

എന്നാണ് ഭഗവാൻ കൃഷ്ണൻ ഭഗവത്ഗീതയിൽ പറഞ്ഞിട്ടുള്ളത്. 'ഞാൻ ആത്മാവാണ്, അനശ്വരനായിട്ടുള്ള ആത്മാവാണ്. കത്തികൊണ്ട് മുറിക്കാനാവില്ല, അഗ്നികൊണ്ട് കരിക്കാനാവില്ല, വെള്ളം കൊണ്ട് നനയ്ക്കാനാവില്ല, കാറ്റുകൊണ്ട് ഉണക്കാനാവില്ല, ഞാനങ്ങനെയുള്ള ആത്മാവാണ്' എന്നാണർത്ഥം. എല്ലാവരും ആത്മാക്കളാണ്. എൽ.ഡി.എഫ്.-ഉം യു.ഡി.എഫ്.-ഉം ഒന്നുമില്ല. നമ്മളെല്ലാവരും ആത്മാക്കളാണ്. ആത്മാവിന് ആണുമില്ല, പെണ്ണുമില്ല, കറുപ്പുമില്ല, വെളുപ്പുമില്ല, ഭൂരിപക്ഷവുമില്ല, കുറവുമില്ല, കൂട്ടതലുമില്ല, മന്ത്രിയുമില്ല, എം.എൽ.എ.-യുമില്ല, ജാതിയുമില്ല, ഒന്നുമില്ല. അതാണ് ഇന്ത്യൻ കൺസെപ്റ്റ്. ശ്രീ. സി. ദിവാകരന് ഇതൊക്കെ മനസ്സിലാകുമായിരുന്നെങ്കിൽ പണ്ടേ നേർവഴിക്ക് പോകുമായിരുന്നല്ലോ, ഇതൊന്നും ശ്രീ. സി. ദിവാകരന് അന്ന് മനസ്സിലാകാത്തതാണ് പ്രശ്നം.

നാൽപ്പത്തിയൊന്ന് ദിവസം മാത്രം നട തുറന്നിരിക്കുന്ന ശബരിമലയിൽ ഒരു വർഷം അമ്പത് ദശലക്ഷം ഭക്തരാണെത്തുന്നത്. സുവർണ്ണക്ഷേത്രത്തിൽ ഒരു ദിവസം ഒരു ലക്ഷംപേർക്കാണ് ആഹാരം നൽകുന്നത്. അവിടെപ്പോയി വലിയ ധനാഢ്യർ ചെരിപ്പ് തുടയ്ക്കുന്നതൊക്കെ നമ്മൾ കണ്ടിട്ടില്ലേ? അതുപോലെയാണ് ഡൽഹിയിലെ ബഹായികളുടെ ലോട്ടസ് ടെമ്പിൾ. കാഞ്ചീപുരത്ത് ഭൂമി, ജലം, അഗ്നി, വായു, ആകാശം എന്നീ പഞ്ചഭൂതങ്ങളെയാണ് ഉപാസിക്കുന്നത്. അതുപോലെ ദ്വാരക ക്ഷേത്രത്തിന് രണ്ടായിരത്തി അഞ്ഞൂറിലേറെ വർഷത്തെ പഴക്കമുണ്ട്. അക്ഷർധാം ഡൽഹിയിലും ഗുജറാത്തിലുമുണ്ട്. കുംഭകോണത്ത് 18 ക്ഷേത്രങ്ങളാണുള്ളത്. അതുപോലെ തിരുനെൽവേലിയിൽ 9 ക്ഷേത്രങ്ങളുണ്ട്. അവയെല്ലാം നമ്മൾ സന്ദർശിക്കേണ്ടതാണ്. ഇങ്ങനെ എണ്ണിയാലൊടുങ്ങാത്ത ക്ഷേത്രങ്ങളും അവിടത്തെ വിശ്വാസങ്ങളുമെല്ലാംതന്നെ അടിസ്ഥാനപരമായി ഏകദൈവവിശ്വാസവും നല്ല മനുഷ്യബന്ധങ്ങളും ജീവജാലങ്ങൾക്കുൾപ്പെടെ സർവ്വ ഐശ്വര്യങ്ങളും വരാൻ ആഗ്രഹിക്കുന്നതാണ്. വേദഗ്രന്ഥങ്ങളൊക്കെ വാസ്തവത്തിൽ എല്ലാ ജീവജാലങ്ങൾക്കും വേണ്ടിയുള്ളതാണ്. ആദ്യത്തെ വേദം ഋഗ്വേദമാണ്. പിന്നെ മുണ്ഡകം, മാണ്ഡൂക്യം, ഛാന്ദോഗ്യം, ബൃഹദാരണ്യകം, പ്രശ്നം, ഈശാവാസ്യം, കേനം, കഠം തുടങ്ങിയ ഉപനിഷത്തുകളിലെല്ലാംതന്നെ സർവ്വജീവജാലങ്ങളെയും സർവ്വമനുഷ്യരെയും ഒരുപോലെ കാണുന്ന കൺസപ്റ്റാണുള്ളത്. എല്ലാ മതങ്ങളും വേദഗ്രന്ഥങ്ങളും ഇതുപോലെയാണ്. അതുകൊണ്ട് മദ്യപാനികളോടൊക്കെ നമ്മൾ കാണിക്കുന്ന താല്പര്യത്തിന്റെ പകുതിയെങ്കിലും ഈ ക്ഷേത്രങ്ങളോടും ക്ഷേത്ര ജീവനക്കാരോടുമൊക്കെ കാണിക്കണം. ഇന്ത്യയിൽ താജ്മഹൽ, കുത്തബ് മിനാർ, മധുര മീനാക്ഷി, ക്ഷേത്രം, പൈതൃകങ്ങൾ, വ്യത്യസ്ത ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ എന്നിവയൊക്കെ നിലനിൽക്കുകയാണ്. എം. എസ്. സുബ്ബലക്ഷ്മിയുടെ 'കൗസല്യ സുപ്രജാ രാമ' എന്ന കീർത്തനം അറിയാത്ത ആരെങ്കിലുമുണ്ടാകുമോ? ശ്രീ. ഹരിപ്രസാദ് ചൗരസ്യ, പണ്ഡിറ്റ് രവിശങ്കർ, ഉസ്താദ് ബിസ് മില്ലാ ഖാൻ, ശ്രീ. അംജദ് അലി ഖാൻ, ശ്രീമതി ലതാമങ്കേഷ്കർ, ആബിദ പർവീൺ, നൂറൻ സിസ്റ്റേഴ്സ്, അഖ്തർ ബീഗം, ശ്രീ. ഇളയരാജ, സാക്കിർ ഹുസൈൻ, ഭീംസെൻ ജോഷി, മാസ്റ്റർ മദൻ, ശ്രീ. ആർ. ഡി. ബർമ്മൻ, കാദ്രി ഗോപിനാഥ് ഇങ്ങനെയുള്ള ലോകപ്രശസ്തരുടെയും ശില്പകലകളുടെയും ക്ഷേത്രങ്ങളുടെയും ആത്മീയതയുടെയും നാടാണ് നമ്മുടേത്. ഈ മഹത്തായ ഭാരതീയ സംസ്കാരം തേടി ലോകത്തിന്റെ നാനാഭാഗത്തുനിന്നും ആളുകൾ വന്നുകൊണ്ടിരിക്കുകയാണ്. പക്ഷെ ആ സംസ്കാരത്തിന്റെയെല്ലാം അടിത്തറയായി വർത്തിക്കുന്നത് ഇതുപോലെയുള്ള ചില ആരാധനാലയങ്ങളും ക്ഷേത്രങ്ങളും സംസ്കാരവും സാഹിത്യവും കലകളുമൊക്കെയാണ്. അത് നമ്മൾ വിസ്മരിക്കരുത്. മലബാർ ദേവസ്വത്തെ

ചെറിയൊരു കാര്യമായി കണ്ട് അതിനൊരു കമ്മീഷനെ നിയമിക്കുകയോ, ചെറിയ ഒന്നുരണ്ട് ഭേദഗതികൊണ്ടുവന്ന് പാസ്സാക്കുകയോ ചെയ്യുന്നതിൽ അവസാനിക്കാൻ പാടില്ല. 79.8 ശതമാനം ഹിന്ദുക്കളുള്ള ഈ രാജ്യത്ത് മഹത്തായ ഭാരതീയ സംസ്കാരത്തിന്റെ അടിത്തറയായിവർത്തിക്കുന്ന ക്ഷേത്ര സംസ്കാരവുമായി ബന്ധപ്പെട്ടൊരു ബില്ലാണിതെന്ന കാര്യം വിസ്മരിക്കരുത്.

ഓം സഹനാവവതു സഹനൗഭുനക്തു

സഹവീര്യം കരവാവഹൈ

തേജസ്വിനാവധീതമസ്തു

മാ വിദ്വിഷാവഹൈ

ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ബില്ലുമായി ബന്ധപ്പെട്ട് സജീവമായൊരു ചർച്ചയാണ് ഇവിടെ നടന്നത്. ഇതൊരു ചെറിയ ഭേദഗതിയാണ്. ഹിന്ദുധർമ്മ സ്ഥാപനങ്ങളുടെ ഭരണനിർവ്വഹണം നടത്തിവന്ന സർക്കാർ വകുപ്പ് നിർത്തലാക്കിയെങ്കിലും ആ വകുപ്പിൽ ജോലി ചെയ്തിരുന്ന ജീവനക്കാരെ സർക്കാർ വകുപ്പിനുപകരം രൂപീകരിക്കപ്പെട്ട മലബാർ ദേവസ്വം ബോർഡിന്റെ സർവ്വീസിലേയ്ക്ക് absorb ചെയ്തു. അവരുടെ സേവന-വേതന വ്യവസ്ഥകൾ, അവകാശങ്ങൾ എന്നിവ സംരക്ഷിക്കുകയെന്നത് മാത്രമാണ് ഈ ഭേദഗതിയുടെ ഉദ്ദേശ്യം. ഏതെങ്കിലുമൊരു വ്യക്തിയുടെ കാര്യമല്ല ഉദ്ദേശിക്കുന്നത്. നേരത്തെ അംഗീകരിച്ച ഒരു വ്യവസ്ഥ നടപ്പിലാക്കുകയെന്ന് മാത്രമേയുള്ളൂ. പ്രൊമോഷനടക്കമുള്ള കാര്യങ്ങൾ ഇതിൽ വരും. അതുകൊണ്ട് ഏതെങ്കിലുമൊരു വ്യക്തിക്കുവേണ്ടി വളഞ്ഞവഴി സ്വീകരിക്കേണ്ട ആവശ്യമില്ല. നമ്മളംഗീകരിച്ച ഒരു കാര്യം നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള ശ്രമം നടത്തുകയെന്ന് മാത്രമേയുള്ളൂ. ഈയൊരു കാര്യത്തിനുവേണ്ടിയാണെങ്കിലും ഇവിടെ നടന്ന ചർച്ച നമ്മുടെ ക്ഷേത്രങ്ങളെക്കുറിച്ചും ക്ഷേത്രാചാരങ്ങളെക്കുറിച്ചും സമ്പന്നമായ ക്ഷേത്ര സംസ്കാരത്തെക്കുറിച്ചുമൊക്കയുള്ള വിശദമായ അറിവ് നമ്മുടെ സഭയ്ക്ക് പകർന്നുനൽകാൻ സഹായകരമായിട്ടുള്ളതാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. നിശ്ചയമായും സർക്കാർ ഈ സമീപനങ്ങളോടെല്ലാം യോജിക്കുകയാണ്. ബഹുമാനപ്പെട്ട കെ. എൻ. എ. ഖാദറിന്റെ സമീപനം തന്നെയാണ് സർക്കാരിനുമുള്ളത്. നമ്മുടെ ക്ഷേത്രങ്ങൾ കേവലം ആരാധനയുടെ മാത്രം കേന്ദ്രങ്ങളല്ല. അവ നമ്മുടെ നാടിന്റെ സംസ്കാരത്തിന്റെ, പൈതൃകത്തിന്റെ മഹത്തായ ഇടങ്ങളാണ്. എന്തുകൊണ്ട് കേരളം ഇങ്ങനെയായി, ഇന്ത്യയിലെ മറ്റ്

സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായി എങ്ങനെ നിൽക്കുന്നുവെന്നൊക്കെ ചോദിക്കുമ്പോൾ, നമ്മുടെ ആരാധനാലയങ്ങൾ സൃഷ്ടിച്ച നവോത്ഥാനത്തിന്റെ മനോഹരമായ സന്ദർഭങ്ങളുണ്ട്. അതെല്ലാംകൂടി ചേരുന്നതാണ് കേരളത്തിന്റെ സവിശേഷമായ മാറ്റം. നമ്മുടെ നാട്ടിൽ കാലികമായിട്ടുള്ള മാറ്റങ്ങളുണ്ടായിട്ടുണ്ട്. അതായത്, കേരളം ഇന്ത്യയുടെ മുന്നിൽ സഞ്ചരിക്കുന്നുവെന്നുള്ളതാണ് അബ്രാഹ്മണ ശാന്തി നിയമനത്തിലൂടെ കണ്ടത്. ഞങ്ങൾ നേരത്തെ തീരുമാനിച്ചിരുന്നു, തീരുമാനം നിങ്ങളാണ് നടപ്പിലാക്കിയത് തുടങ്ങിയ ചോദ്യത്തിനൊന്നും യാതൊരു പ്രസക്തിയുമില്ല. ഞാനാണോ നീയാണോ എന്ന് ചോദിക്കേണ്ട കാര്യമൊന്നുമില്ല. നമ്മുടെ സാമൂഹ്യ ജീവിതത്തിൽ, ഒരു പ്രത്യേക ഘട്ടത്തിൽ കേരളം ഇന്ത്യയ്ക്ക് മുന്നിൽ സഞ്ചരിക്കുകയാണ്. ശാന്തി നിയമനത്തിനുശേഷം പിന്നോക്കജാതിക്കാരുടെയും പട്ടികജാതിക്കാരുടെയും ഓർഗനൈസേഷന്റെ കൂട്ടായ്മ മദ്രാസിൽവച്ച് നടത്തിയ ഒരു സ്വീകരണത്തിൽ സർക്കാരിനുവേണ്ടി എന്നെ ക്ഷണിച്ചിട്ടുണ്ടായിരുന്നു. അതിൽ പങ്കെടുത്ത പട്ടികജാതി സംഘടനകളുടെ നേതാക്കൾ പറഞ്ഞത് പെരിയോറുടെ നാട്ടിൽ ഇതുപോലൊരു തീരുമാനമെടുക്കാൻ നൂറുവർഷമെങ്കിലും കഴിയുമെന്നാണ്. തമിഴ്നാട്ടിലെ കാര്യമാണവർ പറഞ്ഞത്. അബ്രാഹ്മണ ശാന്തി നിയമനത്തെക്കുറിച്ച് ആലോചിക്കാൻ നൂറുവർഷമെങ്കിലും ഇനിയും കാത്തിരിക്കേണ്ടിവരുമെന്നത് തമിഴ്നാട്ടിൽ മാത്രമല്ല ഇന്ത്യയിലെ ഒരു സംസ്ഥാനത്തും സാധിക്കില്ല. നമ്മുടെ സംസ്ഥാനത്ത് ഈ തീരുമാനം വന്നപ്പോൾ ആരും എതിർത്തില്ല. കാരണം, ആ നിലയിലുള്ള വലിയ പരിവർത്തനം നടന്നൊരു സംസ്ഥാനമാണ് കേരളം. മനുഷ്യൻ ആ നിലയിലേയ്ക്ക് പരിവർത്തനപ്പെട്ടുവെന്ന കാര്യം നമുക്ക് വിസ്മരിക്കാൻ സാധിക്കില്ല. ഏതെങ്കിലുമൊരു സംഘടന ആ തീരുമാനത്തെ എതിർക്കാനായി മുന്നോട്ടുവന്നില്ലെന്നുള്ളത് നാം ആർജ്ജിച്ച മഹത്തായ സാംസ്കാരിക പെരുമയുടെ വിളംബരമാണ്. ആ നിലയിലാണ് നമ്മളതിനെ കാണേണ്ടത്. അല്ലാതെ ഞാനാണോ നീയാണോ കേമൻ എന്നുപറയുന്ന നിലപാടൊന്നും ഞങ്ങളെടുക്കുന്നില്ല. സർക്കാർ ചെയ്യുന്ന കാര്യങ്ങൾ നാട്ടുകാർക്കറിയാം. അതിനോടൊപ്പംതന്നെ മുന്നോക്കസമുദായങ്ങളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് ഒരു നിശ്ചിത ശതമാനം സംവരണം കൊടുക്കാനെടുത്ത തീരുമാനവും വിപ്ലവകരമായിട്ടുള്ളതാണ്. അതും ഏതെങ്കിലും പിന്നോക്കവിഭാഗത്തിന്റെ സംവരണം അട്ടിമറിച്ചുകൊണ്ടല്ല, പിന്നോക്കക്കാർക്ക് ഭരണഘടന നൽകുന്ന സംവരണത്തിൽ അധികം സംവരണം നൽകിക്കൊണ്ടാണ് മുന്നോക്കസമുദായങ്ങളിലെ വളരെ പാവപ്പെട്ട ആളുകൾക്ക് സാമൂഹിക നീതിയുടെ പേരിൽ സംവരണം ഏർപ്പെടുത്താൻ തീരുമാനിച്ചത്. ഇന്ത്യയിൽ ഏതെങ്കിലുമൊരു സംസ്ഥാനത്ത് ഇത് സാധിക്കുമോ? നമ്മുടെ സംസ്ഥാനത്ത് സാധിക്കുന്നത് ദീർഘകാലമായി നമ്മൾ തുടർന്നുവരുന്ന വലിയ

മുന്നേറ്റത്തിന്റെ, മാനസികമായി നമുക്കുണ്ടായിട്ടുള്ള വളർച്ചയുടെ, സമൂഹത്തെ ശരിയായ വീക്ഷണത്തോടെ നോക്കിക്കാണാൻ സാധിക്കുന്നതിന്റെ ഫലമായാണ്.

ഞാൻ കൂടുതൽ കാര്യങ്ങൾ വിശദീകരിക്കുന്നില്ല. ഇവിടെ മലബാർ ദേവസ്വത്തെക്കുറിച്ച് പറയുമ്പോൾ ശ്രീ. എം. ഉമ്മർ സൂചിപ്പിച്ച കാര്യം വളരെ പ്രസക്തമാണ്. മലബാർ ദേവസ്വത്തിനകത്ത് ക്ഷേത്രങ്ങൾ, ക്ഷേത്രങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാർ, വൈവിദ്ധ്യമാർന്ന തരത്തിലുള്ള സമ്പ്രദായങ്ങൾ, രീതികൾ എന്നിവയൊക്കെയുണ്ട്. അവിടെ ദേവസ്വം ബോർഡുണ്ടെങ്കിലും യഥാർത്ഥത്തിൽ ആ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിലാണ് ക്ഷേത്രങ്ങളെന്ന് പറയാൻ സാധിക്കില്ല. ഇവിടെ പറഞ്ഞതുപോലെ മറ്റ് തരത്തിലുള്ള നിയന്ത്രണങ്ങളാണ് അവിടെ നടക്കുന്നത്. ജീവനക്കാരെ നിയമിക്കുന്നത് ദേവസ്വം ബോർഡല്ല; ക്ഷേത്രവുമായി ബന്ധപ്പെട്ടുനിൽക്കുന്ന ആളുകളാണ്. അതുകൊണ്ടാണ് ശ്രീ. കെ. ഗോപാലകൃഷ്ണൻ ചെയർമാനായ ഒരു കമ്മീഷനെ ഈ സർക്കാർ അധികാരത്തിൽ വന്നയുടൻ നിയമിച്ചത്. പ്രസ്തുത കമ്മീഷൻ മലബാർ ദേവസ്വവുമായി ബന്ധപ്പെട്ട് വളരെ വിശദമായൊരു പഠനം നടത്തുകയുണ്ടായി. ആ പഠനത്തിന്റെ അടിസ്ഥാനത്തിൽ നൽകിയ റിപ്പോർട്ടിന്റെ ഭാഗമാണ് അങ്ങിവിടെ വായിച്ചത്. സർവ്വതല സ്പർശിയായ ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു നിയമം കൊണ്ടുവരേണ്ടതായിട്ടുണ്ട്. ജൂൺ മാസത്തെ വർഷകാല സഭാസമ്മേളനം നടക്കുമ്പോൾ മലബാർ ദേവസ്വത്തെ സംബന്ധിച്ച് ഇവിടെ ചൂണ്ടിക്കാണിച്ച എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കാണാൻ സാധിക്കുന്ന തരത്തിലുള്ള സമഗ്രമായ നിയമനിർമ്മാണം നടത്താൻ സാധിക്കും. അതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ആ നിയമംകൂടി വന്നാൽ മാത്രമേ മലബാർ ദേവസ്വത്തിനുകീഴിലെ അമ്പലങ്ങളിലെ ജീവനക്കാരും ഭരണാധികാരികളും നേരിടുന്ന പ്രശ്നങ്ങളിൽ വ്യക്തത വരുത്താൻ കഴിയുകയുള്ളൂ. ശമ്പള പരിഷ്കരണത്തിന്റെ കാര്യം ഞാൻ നേരത്തെ സൂചിപ്പിച്ചതാണ്. ശമ്പള പരിഷ്കരണം നടത്തേണ്ടതായിട്ടുണ്ട്. 5-ാം തീയതി എല്ലാ സംഘടനകളും ഒത്തുചേർന്ന് മലബാർ ദേവസ്വം ബോർഡിലേയ്ക്ക് സമരം നടത്തുന്നതിന് നോട്ടീസ് കൊടുത്തിരിക്കുകയാണ്. അവരുടെ സ്ഥിതി വളരെ ദയനീയമാണ്. എന്നാൽ അതിനനുസരിച്ച് പണം നൽകാൻ സാധിക്കുന്നില്ല. കുറച്ചധികം സഹായം അവർക്ക് നൽകേണ്ടതാണ്. ജീവനക്കാരുടെ താത്പര്യത്തോടൊപ്പം ക്ഷേത്രങ്ങളും സംരക്ഷിക്കപ്പെടണം. ക്ഷേത്രകലാ അക്കാദമിയുടെ വികസനം സാദ്ധ്യമാക്കാനും കലാപരമായ സ്ഥാപനത്തിന് ആവശ്യമായ സഹായങ്ങൾ നൽകാനും കഴിയണം. ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിച്ച കാര്യങ്ങൾ പരിഗണിച്ചുകൊണ്ടുതന്നെ മലബാർ ദേവസ്വത്തിന്റെ വികസന പ്രവർത്തന നടപടികളുമായി മുന്നോട്ടുപോകാൻ സാധിക്കുമെന്നാണ് എന്റെ വിശ്വാസം.

കല്ലേക്കുളങ്ങര ഭഗവതിക്ഷേത്രത്തിന്റെ കാര്യം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. 800 ഏക്കറോളം വരുന്ന അകമലവാരം ഭൂമി സംബന്ധിച്ച് കീഴ്ക്കോടതിയിൽ നിന്നും ദേവസ്വത്തിന് അനുകൂലമായ വിധി വന്നിട്ടുണ്ട്. ആയതിന്റെ എട്ടുകോടി രൂപയോളം വരുന്ന ചമയവില ബോർഡ് ഫണ്ടിൽനിന്നും അടയ്ക്കുന്നതിന് സർക്കാരിന്റെ അനുമതി തേടിയിരിക്കുകയാണ്. ഇതുസംബന്ധിച്ച അപ്പീൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ മുൻപാകെയുണ്ടെന്നതാണ് അക്കാര്യത്തെക്കുറിച്ച് സൂചിപ്പിക്കാനുള്ളത്. പൊതുവെ നമ്മുടെ ക്ഷേത്രങ്ങളെയും ആരാധനാലയങ്ങളെയും സംരക്ഷിക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. പത്ത് ഇടത്താവളങ്ങളുടെ നിർമ്മാണം ഉടൻതന്നെ ആരംഭിക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ക്ഷേത്രമായ ശബരിമല ക്ഷേത്രത്തിൽ ദശലക്ഷകണക്കിനാളുകളാണ് മണ്ഡല-മകരവിളക്ക് മഹോത്സവ കാലത്ത് എത്തിച്ചേരുന്നത്. ഭക്തജനങ്ങൾക്ക് എല്ലാ സൗകര്യവും നൽകുന്നതിനാണ് 37 ക്ഷേത്രങ്ങളിൽ ഇടത്താവളങ്ങൾ നിർമ്മിക്കാനുള്ള പ്രവർത്തനമാരംഭിച്ചത്. 10 ഇടത്താവളങ്ങളുടെ നിർമ്മാണം ഏപ്രിൽ മാസത്തിലോ അതിനടുത്ത മാസം ആദ്യമോ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. കഴക്കൂട്ടം മഹാദേവ ക്ഷേത്രം, ഹരിപ്പാട് സുബ്രഹ്മണ്യസ്വാമി ക്ഷേത്രം, തൃക്കാക്കര വാമനമൂർത്തി ക്ഷേത്രം, കീഴില്ലം മഹാദേവ ക്ഷേത്രം, ആറന്മുള പാർത്ഥസാരഥി ക്ഷേത്രം, ചെങ്ങന്നൂർ ക്ഷേത്രം, തിരുവഞ്ചിക്കുളം, മുടിക്കോട് ശിവക്ഷേത്രം, തൃത്തല്ലൂർ ശിവക്ഷേത്രം, കാടാമ്പുഴ ദേവീക്ഷേത്രം, നെല്ലിയോട് ഭഗവതി ക്ഷേത്രം തുടങ്ങിയ ക്ഷേത്രങ്ങളിൽ ഏതാണ്ട് 110 കോടിയോളം രൂപ ചെലവഴിച്ചുകൊണ്ടുള്ള ഇടത്താവള നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ പോകുകയാണ്. ഇതുകൂടാതെ സംസ്ഥാന പദ്ധതിവിഹിതം വിനിയോഗിച്ച് ഇടത്താവള നിർമ്മാണത്തിനായി കിഫ്ബിയിലുൾപ്പെടുത്തി 100 കോടി രൂപയുടെ പ്രോജക്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ട്; അതിൽ ആദ്യഗഡുവായി 20 കോടി രൂപ സർക്കാർ നൽകിയിട്ടുണ്ട്. ഈ തുക വിനിയോഗിച്ച് നിർമ്മാണ പ്രവൃത്തികൾ നടത്തുന്ന നടപടിക്ക് തുടക്കംകുറിച്ചിട്ടുണ്ട്. പൊതുവേ നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ക്ഷേത്രങ്ങളിൽ എത്തിച്ചേരുന്ന ലക്ഷോപലക്ഷം ഭക്തജനങ്ങളുടെ താത്പര്യങ്ങൾ സംരക്ഷിക്കാൻ സഹായകരമായ നിലപാട് സ്വീകരിക്കാൻ സർക്കാർ സന്നദ്ധമാണ്. ഇപ്പോഴും അതെല്ലാം ചെയ്തുകൊണ്ടിരിക്കുകയാണ്. അക്കാര്യത്തിൽ യാതൊരു പരാതിയുമില്ല. ക്ഷേത്രങ്ങളെ ചുറ്റിപ്പറ്റി 'അമ്പലംവിഴുങ്ങികൾ' എന്ന് വിളിക്കാൻ കഴിയുന്ന ചില കൂട്ടരുണ്ടെന്നുള്ളത് വാസ്തവമാണ്. ഏത് നല്ല കാര്യത്തിനുപിന്നിലും പ്രശ്നക്കാരായ ചില ആളുകളുണ്ടാകും, അവർക്ക് മാത്രമേ പരാതികളുണ്ടാകാൻ വഴിയുള്ളൂ. കാരണം, അമ്പലംവിഴുങ്ങികളുടെ താത്പര്യങ്ങളുമായി ഒത്തുപോകാൻ കഴിയില്ല. അവിടെ

ഭക്തജനങ്ങളുടെ താത്പര്യങ്ങൾക്കാണ് മുൻതൂക്കം നൽകുന്നത്. ഭക്തജനങ്ങളുടെ താത്പര്യം സംരക്ഷിച്ച് മുന്നോട്ടുപോകുന്ന സമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്നുമാത്രമേ ഈ സന്ദർഭത്തിൽ പറയാൻ ആഗ്രഹിക്കുന്നുള്ളൂ. തിരുവിതാംകൂർ ദേവസ്വത്തിൽ മെറിറ്റടിസ്ഥാനത്തിൽ 96-ഉം സംവരണാടിസ്ഥാനത്തിൽ 44-ഉം ഉൾപ്പെടെ ആകെ 140 നിയമനങ്ങൾ നടന്നു. മുന്നോക്ക സമുദായത്തിൽപ്പെട്ട 62 പേർ നിയമിതരായപ്പോൾ സംവരണാടിസ്ഥാനത്തിൽ 44 പേർ നിയമിതരായി. എല്ലാ വിഭാഗങ്ങൾക്കും നിയമനം ലഭിച്ചുവെന്നതാണ് ഇപ്രാവശ്യത്തെ പ്രത്യേകത. ഹിന്ദു നാടാർ, ധീവര, വിശ്വകർമ്മ വിഭാഗം, മറ്റ് പിന്നോക്ക വിഭാഗക്കാർ എന്നിവർക്കെല്ലാം നിയമനം ലഭിച്ചു. പട്ടികജാതിക്കാരിൽ 12 പേർക്കും ഈഴവ സമുദായത്തിലെ 16 പേർക്ക് സംവരണാടിസ്ഥാനത്തിലും 27 പേർക്ക് മെറിറ്റിലും നിയമനം ലഭിച്ചു. എല്ലാ വിഭാഗങ്ങളുടെയും താത്പര്യം സംരക്ഷിച്ച് മുന്നോട്ടുപോകാൻ സാധിച്ചിട്ടുണ്ട്. ചെറിയൊരു ഭേദഗതി മാത്രമാണിതിലുള്ളത്. ഈ ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. റ്റി. വി. രാജേഷ് : സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. എൻ. എ. ഖാദർ : സർ,ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .............

പ്രതികൂലിക്കുന്നവർ ............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു; ബിൽ പരിഗണനയ്ക്കെടുക്കുന്നു.

2-ാം വകുപ്പ്

Shri Adoor Prakash: Sir, I move the following amendment:

117. In section 8 C (1) of the principal Act proposed to be amended by Clause 2, the words " in the abolished department" shall be deleted.

Shri M. Ummer: Sir, I move the following amendment:

120. In section 8 C (1) of the principal Act proposed to be amended by Clause 2, after the word " department" insert the words " of Malabar Devasom Board" .

Shri K. N. A. Khader: Sir, I move the following amendment:

122. In section 8 C (1) of the principal Act proposed to be amended by Clause 2, after the words " in the absence of such an officer" the words " an officer not below the rank of" shall be inserted.

Shri N. A. Nellikkunnu: Sir, I move the following amendment:

127. In section 8C (1) of the principal Act, proposed to be amended by Clause 2, for the words " a Joint Secretary to Government" substitute the words and symbol " a Joint Secretary/Additional Secretary to Government" .

Shri Manjalamkuzhi Ali: Sir, I move the following amendment:

128. In section 8C (1) of the principal Act, proposed to be amended by Clause 2, after the words " a Joint Secretary to Government" add the words " or an officer not below the rank" .

Shri V. P. Sajeendran: Sir, I move the following amendment:

129. In section 8C (1) of the principal Act, for the words " a Joint Secretary to Government" the words " a Joint Secretary to the Government and in the absence of such an officer a Deputy Commissioner who is eligible to be promoted as Commissioner as per provision contained in section 19 G" shall be substituted.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 122-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 122-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. അടൂർ പ്രകാശ് അവതരിപ്പിച്ച 117-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 120-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 127-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 128-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 129-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ...

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

(ഭേദഗതിയില്ല)

മി. സ്പീക്കർ: 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ..

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

Shri Anoop Jacob: Sir, I move the following amendment:

105. In Clause 1(2) for the figures " 2017" the figures " 2018" shall be substituted.

Shri K.S. Sabarinadhan: Sir, I move the following amendment:

108. Clause 1(2) shall be recast as follows: "

(2) It shall come into force at once" .

Shri N. Samsudheen: Sir, I move the following amendment:

111. Clause 1(2) shall be recast as follows: "

(2) It shall come into force on the date notified in the official Gazette" .

മി. സ്പീക്കർ: 109-ാം നമ്പർ ഭേദഗതി 108-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 105-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എസ്. ശബരീനാഥൻ അവതരിപ്പിച്ച 108-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 111-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ...

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, 2018-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2018-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ...

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു; ബിൽ ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു.

## XII. അവകാശലംഘന പ്രശ്നങ്ങൾ

### (1) പരിഗണനയിലിരിക്കുന്നവ

മി. സ്പീക്കർ: 2017-18 അദ്ധ്യയന വർഷം സംസ്ഥാനത്തെ സ്കൂളുകളിൽ ഒന്നു മുതൽ പ്ലസ് ടു വരെ പഠിക്കുന്ന കുട്ടികളിൽ ജാതി, മതം എന്നിവയ്ക്കുള്ള കോളങ്ങൾ പൂരിപ്പിക്കാതെ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം സംബന്ധിച്ച് 2018 മാർച്ച് 26-ാം തീയതിയിലെ നക്ഷത്രചിഹ്നമിടാത്ത 5266-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ, നിയമസഭാ ചോദ്യത്തിന് ഉത്തരം നൽകുമ്പോൾ കാണിക്കേണ്ട ജാഗ്രത ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നുമുണ്ടായിട്ടില്ലെന്നും മനഃപൂർവ്വവും ദുരുദ്ദേശപരവുമായി സഭയെ തെറ്റിദ്ധരിപ്പിക്കുവാനും വാർത്താപ്രാധാന്യം കിട്ടുവാനുംവേണ്ടി തെറ്റായൊരു വിവരം സഭയ്ക്ക് നൽകുകവഴി സഭയുടെ പ്രത്യേക അവകാശങ്ങൾ ലംഘിച്ചുവെന്നും ആരോപിച്ചുകൊണ്ട് ശ്രീ. കെ. സി. ജോസഫ് എം.എൽ.എ. നൽകിയ നോട്ടീസ് ചെയറിന്റെ പരിഗണനയിലാണ്.

### (2) അനുമതി നിഷേധിച്ചവ

1. 27-11-2017-ലെ സ.ഉ.(എം.എസ്.) 354/2017/പൊ.ഭ.വ. മുഖേന സർക്കാർ അതിഥിമന്ദിരത്തിൽ സ്യൂട്ട് റൂം അനുവദിക്കുന്നവരുടെ പട്ടികയിൽനിന്ന് നിയമസഭാ സാമാജികരെയും എം.പി.-മാരെയും ഒഴിവാക്കിയത് സഭയുടെയും അംഗങ്ങളുടെയും അവകാശത്തിന്റെ ലംഘനമാണെന്നാരോപിച്ചുകൊണ്ട് ബഹുമാനപ്പെട്ട

അംഗം ശ്രീ. കെ. സി. ജോസഫ് ചട്ടം 155 പ്രകാരം സ്റ്റേറ്റ് പ്രോട്ടോക്കോൾ ഓഫീസർക്കെതിരെ അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് നോട്ടീസ് നൽകിയിരുന്നു.

ചെയർ ഇക്കാര്യത്തിൽ പൊതുഭരണ വകുപ്പ് സെക്രട്ടറിയുടെ വിശദീകരണം തേടിയിരുന്നു. പൊതുഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഇതുസംബന്ധിച്ച് നൽകിയ വിശദീകരണത്തിൽ, സർക്കാർ അതിഥിമന്ദിരങ്ങളിൽ മുറി ബുക്ക് ചെയ്യുന്നത് സംബന്ധിച്ച് കാലാകാലങ്ങളായി അനുവർത്തിച്ചുവരുന്ന മാർഗ്ഗനിർദ്ദേശങ്ങളാണ് പ്രസ്തുത സർക്കാർ ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും മുൻകാലങ്ങളിൽ പല ഘട്ടങ്ങളിലായി സർക്കാർ അതിഥിമന്ദിരങ്ങളിൽ മുറി അനുവദിക്കുന്നതിനായി പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖകൾ ഏകീകരിക്കുകയാണ് പ്രസ്തുത ഉത്തരവിൽ ചെയ്തിട്ടുള്ളതെന്നും സർക്കാരിന്റെ ആചാരപരമായ പരിപാടികൾക്കായി മാത്രം നിശ്ചയിച്ചിട്ടുള്ള പ്രോട്ടോക്കോൾ സ്ഥാനക്രമം മുറികൾ അനുവദിക്കുന്നതിന് മാനദണ്ഡമായി സ്വീകരിച്ചിട്ടില്ലായെന്നും അറിയിച്ചിരിക്കുന്നു.

പൊതുഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. സി. ജോസഫിന് അവകാശലംഘന പ്രശ്നമുന്നയിക്കുന്നതിന് ചെയർ അനുമതി നിഷേധിക്കുന്നു.

2. കൊച്ചി മെട്രോയുടെ ഉദ്ഘാടനത്തിന്റെ പ്രാരംഭമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി 2017 ജൂൺ 3-ാം തീയതി നടത്തിയ മെട്രോ റെയിൽ യാത്രയിൽ മെട്രോ റെയിൽ പാത കടന്നുപോകുന്ന സ്ഥലങ്ങളിലെ നിയമസഭാ സാമാജികരെ പങ്കെടുപ്പിച്ചില്ലെന്നാരോപിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് ബഹുമാനപ്പെട്ട അംഗം ശ്രീ. ഹൈബി ഈഡൻ ചട്ടം 155 പ്രകാരം ഒരു നോട്ടീസ് നൽകിയിരുന്നു.

ചെയർ ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണം തേടിയിരുന്നു. പ്രസ്തുത വിശദീകരണത്തിൽ കൊച്ചി മെട്രോയുടെ ഉദ്ഘാടനത്തിന് മുന്നോടിയായി നടത്തിയ യാത്ര തികച്ചും അനൗപചാരിക യാത്രയായിരുന്നുവെന്നും അതിനാൽ 2012 ജൂൺ 11-ാം തീയതി സർക്കാർ ഉത്തരവിന്റെ ലംഘനമുണ്ടായിട്ടില്ലെന്നും എം.എൽ.എ.-മാരെ മനഃപൂർവ്വവും ദുരുദ്ദേശപരവുമായി ഒഴിവാക്കുന്നതിനോ എം.എൽ.എ.-മാർക്ക് പദ്ധതി നടപ്പിലാക്കിയതിൽ യാതൊരു പങ്കുമില്ലെന്ന് വരുത്തിത്തീർക്കുവാനോ പൊതുജനമദ്ധ്യത്തിൽ അവരെ അവഹേളിക്കുവാനോ യശസ്സിന് ഭംഗംവരുത്തുവാനോ ഉള്ള ഗൂഢലക്ഷ്യം ഉണ്ടായിട്ടില്ലായിരുന്നുവെന്നും പറഞ്ഞിരിക്കുന്നു.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ ബഹുമാനപ്പെട്ട അംഗം ശ്രീ. ഹൈബി ഈഡന് അവകാശലംഘന പ്രശ്നമുന്നയിക്കുന്നതിന് ചെയർ അനുമതി നിഷേധിക്കുന്നു.

3. 3-6-2017-ന് കൊച്ചി മെട്രോയുടെ സോളാർ പദ്ധതിയുടെ ഉദ്ഘാടനകർമ്മം നിർവ്വഹിക്കുവാൻ തീരുമാനിച്ചിരുന്ന ചടങ്ങിലേയ്ക്ക്, തന്നെ ക്ഷണിക്കാതിരുന്നത് സംബന്ധിച്ച് കൊച്ചി മെട്രോ റെയിൽ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ ശ്രീ. ഏലിയാസ് ജോർജിനെതിരെ അവകാശലംഘന പ്രശ്നമുന്നയിക്കുന്നതിന് ബഹുമാനപ്പെട്ട അംഗം ശ്രീ. അൻവർ സാദത്ത് ചട്ടം 155 പ്രകാരം ഒരു നോട്ടീസ് നൽകിയിരുന്നു.

ചെയർ ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണം തേടിയിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതുസംബന്ധിച്ച് നൽകിയ വിശദീകരണത്തിൽ കൊച്ചി മെട്രോയുടെ ഏതെങ്കിലും ചടങ്ങ് എം.എൽ.എ.-യെ പങ്കെടുപ്പിക്കാതെ നടത്തിയതായി നോട്ടീസിൽ കാണുന്നില്ലെന്നും ചടങ്ങ് നടക്കാത്ത സ്ഥിതിക്ക് 2012 ജൂൺ 11-ാം തീയതിയിലെ സർക്കാർ ഉത്തരവിന്റെ ലംഘനമോ, സഭയുടെയോ അംഗത്തിന്റെയോ അവകാശലംഘനമോ ഉണ്ടായിട്ടില്ലെന്നും ആയതിനാൽ കൊച്ചി മെട്രോ റെയിൽ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്കെതിരെ അവകാശലംഘനത്തിന് നടപടി സ്വീകരിക്കേണ്ട സാഹചര്യം നിലവിലില്ലായെന്നും പറഞ്ഞിരിക്കുന്നു.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ ബഹുമാനപ്പെട്ട അംഗം ശ്രീ. അൻവർ സാദത്തിന് അവകാശലംഘന പ്രശ്നമുന്നയിക്കുന്നതിന് ചെയർ അനുമതി നിഷേധിക്കുന്നു.

4. എറണാകുളം മഹാരാജാസ് കോളേജ് ഹോസ്റ്റൽ മുറിയിൽനിന്നും മാരകായുധങ്ങൾ കണ്ടെത്തിയതുസംബന്ധിച്ച് 5-5-2017-ൽ ശ്രീ. പി. ടി. തോമസ് എം.എൽ.എ. അടിയന്തരപ്രമേയത്തിന് അവതരണാനുമതി ആവശ്യപ്പെട്ട് നൽകിയ നോട്ടീസിന്മേലുള്ള ചർച്ചാവേളയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയത് വസ്തുതാവിരുദ്ധവും സഭയെ തെറ്റിദ്ധരിപ്പിക്കുന്നതുമായ പ്രസ്താവനയാണെന്നാരോപിച്ച് സർവ്വശ്രീ ഹൈബി ഈഡൻ, പി.ടി. തോമസ്, കെ. എം. ഷാജി എന്നീ അംഗങ്ങൾ ചട്ടം 155 പ്രകാരം അവകാശലംഘനപ്രശ്നം ഉന്നയിക്കുന്നതിന് ഓരോ നോട്ടീസ് നൽകിയിരുന്നു.

ചെയർ ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് വിശദീകരണം തേടുകയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതുസംബന്ധിച്ച് നൽകിയ വിശദീകരണത്തിൽ വിദ്യാർത്ഥികളുടെ ഹോസ്റ്റലിൽ നിന്നല്ല, ഹോസ്റ്റൽ

വിദ്യാർത്ഥികൾക്ക് താമസിക്കാൻ കോളേജധികൃതർ താൽക്കാലികമായി ഒരു ദിവസത്തേയ്ക്ക് അനുവദിച്ചുകൊടുത്തതും 30-4-2017-ന് വിദ്യാർത്ഥികൾ ഒഴിഞ്ഞുപോയതുമായ മുറിയിൽ നിന്നാണ് നിർമ്മാണ പ്രവർത്തനത്തിനുപയോഗിക്കുന്ന വാർക്കക്കമ്പി ഉൾപ്പെടെയുള്ള സാധനങ്ങൾ 3-5-2017-ന് പോലീസ് കണ്ടെടുത്തതെന്ന് സഭയിൽ വ്യക്തമാക്കിയിരുന്നു. കൂടാതെ 5-5-2017-ൽ അടിയന്തരപ്രമേയത്തിന് ശ്രീ. പി. ടി. തോമസ് നൽകിയ നോട്ടീസിൽ പരാമർശിക്കുന്നതുപോലെ വടിവാളോ ബോംബോ കണ്ടെത്തിയതായി റിപ്പോർട്ടിലില്ലായെന്നും വാസ്തവവിരുദ്ധമായ കാര്യങ്ങൾ നൽകി ഗുരുതരമായ പ്രശ്നത്തെ ലഘൂകരിക്കാനുള്ള ശ്രമം അദ്ദേഹം നടത്തിയിട്ടില്ലെന്നും ഏതെങ്കിലും പ്രധാനപ്പെട്ട കാര്യം മറച്ചുവയ്ക്കുകയോ സഭയെ തെറ്റിദ്ധരിപ്പിക്കുന്നതിന് ശ്രമിക്കുകയോ ചെയ്തിട്ടില്ലെന്നും സെർച്ച് ലിസ്റ്റിലെ പ്രസക്തമായ കാര്യങ്ങളും സംഭവത്തിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ള കാര്യവും സഭയിൽ വ്യക്തമാക്കിയിരുന്നുവെന്നും സഭയെ തെറ്റിദ്ധരിപ്പിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു പ്രസ്താവനയും അദ്ദേഹം നടത്തിയിട്ടില്ലെന്നും പറഞ്ഞിരിക്കുന്നു.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ സർവ്വശ്രീ ഹൈബി ഈഡൻ, പി. ടി. തോമസ്, കെ. എം. ഷാജി എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾക്ക് അവകാശലംഘന പ്രശ്നമുന്നയിക്കുന്നതിന് ചെയർ അനുമതി നിഷേധിക്കുന്നു.

## XIII പ്രമേയം

സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സഭ മുമ്പാകെ തൽക്കാലം മറ്റ് അത്യാവശ്യ ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണെന്ന പ്രമേയം അവതരിപ്പിക്കുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

## XIV അവലോകനം

മി. സ്പീക്കർ: പതിനാലാം കേരള നിയമസഭയുടെ 22 ദിവസം നീണ്ടുനിന്ന പത്താം സമ്മേളനം അനുകരണീയമായ ഒട്ടേറെ മാതൃകകളും കീഴ്വഴക്കങ്ങളും സൃഷ്ടിച്ചുകൊണ്ട് ഇന്ന് അവസാനിക്കുകയാണ്. 2018-19 വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകൾ വിശദമായി ചർച്ചചെയ്ത് പാസ്സാക്കുകയെന്നതായിരുന്നു ഈ

സമ്മേളനത്തിന്റെ പ്രധാന ഉദ്ദേശ്യം. 2018 ഫെബ്രുവരി 26-ാം തീയതി ആരംഭിച്ച ഈ സമ്മേളനം ഇന്നവസാനിക്കുന്നത് ധനകാര്യ ബിൽ ഉൾപ്പെടെയുള്ള ധനസംബന്ധമായ എല്ലാ നടപടികളും മാതൃകാപരമായും സമയബന്ധിതമായും പൂർത്തീകരിച്ചുകൊണ്ടാണ്. ഫലപ്രദമായ സാമ്പത്തിക വിനിയോഗത്തിനും സംസ്ഥാനത്തിന്റെ വികസന മുന്നേറ്റത്തിന് ആക്കംകൂട്ടുവാനും ഈ നടപടി സഹായകരമായിത്തീരുമെന്ന് പ്രതീക്ഷിക്കാം.

പത്താം സമ്മേളന കാലയളവിൽ സഭ സമ്മേളിച്ച 22 ദിവസങ്ങളിൽ 13 ദിവസം ധനാഭ്യർത്ഥന ചർച്ചകൾക്കായും 6 ദിവസം നിയമനിർമ്മാണത്തിനും 2 ദിവസം അനൗദ്യോഗികാംഗങ്ങളുടെ കാര്യങ്ങൾക്കായും നീക്കിവയ്ക്കുകയുണ്ടായി. നിയമനിർമ്മാണത്തിൽ 2 ധനവിനിയോഗബില്ലുകൾക്കുപുറമെ ഏറെ ചർച്ച ചെയ്യപ്പെട്ട കേരള സഹകരണ സംഘ (ഭേദഗതി) ബിൽ, കേരള റോഡ് സുരക്ഷാ അതോറിറ്റി (ഭേദഗതി) ബിൽ, കേരള പ്രൊഫഷണൽ കോളേജുകൾ (മെഡിക്കൽ കോളേജുകളിലെ പ്രവേശനം ക്രമവൽക്കരിക്കൽ) ബിൽ, മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ, കേരള ധനകാര്യ ബില്ലുകൾ, ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ, കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകുന്നത് സംബന്ധിച്ച (ഭേദഗതി) ബിൽ, കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ, കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ബിൽ എന്നിവയാണ് സഭ പാസ്സാക്കിയത്. അനൗദ്യോഗിക കാര്യങ്ങൾക്കായി നീക്കിവച്ച 2 ദിവസങ്ങളിൽ 7 സ്വകാര്യബില്ലുകളുടെ അവതരണാനുമതി തേടിക്കൊണ്ടുള്ള പ്രമേയങ്ങൾ സഭ പരിഗണിക്കുകയുണ്ടായി. അനൗദ്യോഗികാംഗങ്ങളുടെ കാര്യത്തിനായി നീക്കിവയ്ക്കപ്പെട്ട സമയം ഫലപ്രദമായി വിനിയോഗിക്കുന്ന കാര്യത്തിൽ നവാഗതരായ അംഗങ്ങൾ കാണിക്കുന്ന ഔത്സുക്യം അങ്ങേയറ്റം അനുകരണീയവും അഭിനന്ദനാർഹവുമാണെന്ന് ചെയർ നിരീക്ഷിക്കുന്നു.

അടിയന്തരപ്രമേയങ്ങൾക്കുള്ള 21 അവതരണാനുമതി നോട്ടീസുകളാണ് സമ്മേളനകാലയളവിൽ സഭാതലത്തിൽ പരിഗണിക്കപ്പെട്ടത്. ഈ സമ്മേളനവുമായി ബന്ധപ്പെട്ട് 690 നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളും 6815 നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളും അനുവദിച്ചിരുന്നു. 70 ചോദ്യങ്ങൾക്ക് മന്ത്രിമാർ വാക്കാൽ മറുപടി നൽകുകയുണ്ടായി. സഭാതലത്തിൽ 623 ഉപചോദ്യങ്ങൾ ഉന്നയിക്കുകയും ബഹുമാനപ്പെട്ട മന്ത്രിമാർ മറുപടി നൽകുകയും ചെയ്തു. ഒരു അടിയന്തരചോദ്യം അനുവദിക്കുകയും അതിന്മേൽ രണ്ട് ഉപചോദ്യങ്ങൾ ഉന്നയിക്കുകയും ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുകയും ചെയ്തിട്ടുണ്ട്. സഭയിൽ സമർപ്പിച്ച നക്ഷത്രചിഹ്നമിട്ട ഒരു ചോദ്യത്തിനുള്ള

തിരുത്തിയ ഉത്തരത്തിന്മേൽ 4 ഉപചോദ്യങ്ങൾക്ക് മന്ത്രി മറുപടി നൽകുകയുണ്ടായി. ബഹുമാന്യരായ ജലവിഭവ വകുപ്പുമന്ത്രി, വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി, തൊഴിലും എക്സൈസും വകുപ്പുമന്ത്രി, കൃഷി വകുപ്പുമന്ത്രി, തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി, ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി എന്നിവർ ഈ സമ്മേളനത്തിലെ എല്ലാ ചോദ്യങ്ങൾക്കും മറുപടി നൽകിയിട്ടുണ്ട്. ഒന്നൊഴികെ എല്ലാ ചോദ്യങ്ങൾക്കും പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി ചട്ടം അനുശാസിക്കുംപ്രകാരം കൃത്യസമയത്തിനുമുമ്പുതന്നെ എല്ലാ ചോദ്യങ്ങൾക്കും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സഭാസമ്മേളന കാലയളവിലെ എല്ലാ ചോദ്യങ്ങൾക്കും മറുപടി നൽകിയ പ്രസ്തുത മന്ത്രിമാരെ പ്രത്യേകം അഭിനന്ദിക്കുന്നു.

41 ശ്രദ്ധ ക്ഷണിക്കൽ നോട്ടീസുകളിലൂടെയും 236 സബ്മിഷനുകളിലൂടെയും ജനങ്ങളുടെ വിവിധ പ്രശ്നങ്ങൾ സഭയിൽ ഉന്നയിക്കപ്പെട്ടു. ചട്ടം 300 അനുസരിച്ച് സമ്മേളനകാലയളവിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രിയും സഭയിൽ ഓരോ പ്രസ്താവനകൾ നടത്തുകയുണ്ടായി.

സി.ബി.എസ്.ഇ. ചോദ്യപേപ്പർ ചോർന്ന സംഭവത്തിൽ ഉത്തരവാദികളായവരെ മാതൃകാപരമായി ശിക്ഷിക്കണമെന്നും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ദോഷകരമായ രീതിയിൽ 1989-ലെ പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) ആക്ടിലെ വ്യവസ്ഥകൾ ലഘൂകരിക്കുന്ന 20-3-2018-ലെ സുപ്രീംകോടതി വിധിയുടെ അനന്തരഫലങ്ങൾ മറികടക്കാൻ നിയമപരമായ സാധ്യതകൾ തേടണമെന്നും ആവശ്യപ്പെടുന്ന രണ്ട് പ്രമേയങ്ങളും ഈ സമ്മേളനം ഐകകണ്ഠ്യേന പാസ്സാക്കുകയുണ്ടായി.

1980 മുതലാണ് സബ്ജക്ട് കമ്മിറ്റി സംവിധാനം നമ്മുടെ നിയമസഭയിൽ നിലവിൽവരുന്നത്. ഒരു സാമ്പത്തികവർഷത്തെ ബജറ്റ് സഭയിൽ അവതരിപ്പിച്ചതിനുശേഷമുള്ള പൊതുചർച്ച പൂർത്തീകരിച്ചുകഴിഞ്ഞാൽ അതിന്മേലുള്ള സൂക്ഷ്മപരിശോധന നടത്തുകയെന്നത് സബ്ജക്ട് കമ്മിറ്റികളുടെ പ്രധാന കർത്തവ്യങ്ങളിലൊന്നായി വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുണ്ട്. സബ്ജക്ട് കമ്മിറ്റികൾ നിലവിൽവന്നതിനുശേഷവും അതിനുമുമ്പും ഒട്ടുമിക്ക വർഷങ്ങളിലും ബഡ്ജറ്റ് അവതരണത്തെത്തുടർന്ന് സാമ്പത്തികവർഷത്തെ ആദ്യ നാല് മാസങ്ങൾക്കുള്ള ചെലവുകൾക്കായുള്ള വോട്ട് ഓൺ അക്കൗണ്ടുകൂടി പാസ്സാക്കിയതിനുശേഷം സഭ പിരിയുകയും പിന്നീട് പുതിയ വർഷത്തിൽ സഭ സമ്മേളിച്ച് ബഡ്ജറ്റുകളിലെ ധനാഭ്യർത്ഥനകൾ വിശദമായി പാസ്സാക്കുകയും

ചെയ്യുന്ന കീഴ്‌വഴക്കമാണ് സംസ്ഥാനത്ത് നിലനിന്നിരുന്നത്. സബ്ജക്ട് കമ്മിറ്റികൾ നിലവിൽവന്ന 1980-നുശേഷം 2005-ൽ മാത്രമാണ് ഇപ്രകാരം മാർച്ച് മാസത്തിൽത്തന്നെ ബഡ്ജറ്റ് നടപടികൾ പൂർത്തീകരിക്കപ്പെട്ടിട്ടുള്ളത്. ബഡ്ജറ്റ് നടപടികൾ സാമ്പത്തികവർഷം സമാരംഭിക്കുന്നതിന് മുമ്പുതന്നെ ചർച്ച ചെയ്ത് പാസ്സാക്കുകയെന്ന അപൂർവ്വമായ നടപടിക്രമം ഇത്തവണ നമുക്ക് വിജയകരമായി പൂർത്തീകരിക്കാൻ കഴിഞ്ഞത് ചാരിതാർത്ഥ്യം നൽകുന്ന നടപടിയാണ്. സമയലഭ്യതയുടെ കാര്യത്തിൽ ഒട്ടേറെ പ്രതികൂല സാഹചര്യങ്ങളെ ഈ വർഷം നമുക്ക് നേരിടേണ്ടിവന്നെങ്കിലും ധനകാര്യം സംബന്ധിച്ച എല്ലാ നടപടികളും റെക്കോർഡ് വേഗത്തിൽ പൂർത്തീകരിക്കാൻ കഴിഞ്ഞത് സഭാനേതാവായ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും പ്രതിപക്ഷ നേതാവും കക്ഷിനേതാക്കളും അംഗങ്ങളും ഇക്കാര്യത്തിൽ നൽകിയ കലവറയില്ലാത്ത പിന്തുണ ഒന്നുകൊണ്ടുമാത്രമാണ്. ഇക്കാര്യത്തിൽ എല്ലാവരോടുമുള്ള ചെയറിന്റെ പ്രത്യേക നന്ദി അറിയിക്കുന്നതോടൊപ്പം ഈ കീഴ്‌വഴക്കം തുടർന്നുള്ള വർഷങ്ങളിലും പിന്തുടരാനുള്ള ആത്മാർത്ഥമായ ശ്രമം എല്ലാപേരിൽ നിന്നുമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്യുന്നു. നിയമസഭയുടെ ഈ ഔത്സുക്യം ഉൾക്കൊണ്ട്, പദ്ധതികൾ വേഗത്തിലാക്കാൻ ഉദ്യോഗസ്ഥവൃന്ദം സജ്ജമാകേണ്ടതുണ്ട്. സമയബന്ധിതമായ ഇടപെടലുകൾ ഉറപ്പുവരുത്തി പദ്ധതികൾ യാഥാർത്ഥ്യമാക്കാൻ സാധിക്കണം.

ധനകാര്യ ബിസിനസ്സുകൾ ഉൾപ്പെടെയുള്ള അവശ്യനടപടികളുടെ പൂർത്തീകരണത്തിനായി ഒരു ദിവസംപോലും സമാധാനപൂർണ്ണമായി സമ്മേളിക്കാൻ കഴിയാതെ എല്ലാ ധനാഭ്യർത്ഥനകളും ഗില്ലറ്റിനിലൂടെ പാസ്സാക്കിയ ഇന്ത്യൻ പാർലമെന്റിന്റെ ഈ വർഷത്തെ ബഡ്ജറ്റ് സമ്മേളനവും പരിമിതമായ ചർച്ചയും പരിശോധനയും മാത്രം നടത്തി ധനകാര്യ ബിസിനസ്സുകൾ പൂർത്തീകരിക്കുന്ന മറ്റ് സംസ്ഥാന നിയമസഭകളുടെ സമ്മേളനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ നമ്മുടെ നിയമസഭാ പ്രവർത്തനങ്ങൾ എത്രയോ മെച്ചപ്പെട്ടവയാണെന്ന് കാണാവുന്നതാണ്.

ക്രിയാത്മകമായ നിലപാടുകൾ സ്വീകരിച്ചുകൊണ്ടുതന്നെ സഭാനടപടികളുമായി പ്രതിപക്ഷം സഹകരിക്കുകയുണ്ടായിയെന്ന് വിലയിരുത്തുന്നു; അതോടൊപ്പം പ്രതിഷേധം ചെയറിനോടെന്ന മട്ടിൽ ചില അംഗങ്ങൾ പലപ്പോഴും പെരുമാറിയത് അസാധാരണവും അപക്വവുമായിരുന്നു. ഭരണ-പ്രതിപക്ഷ സംവാദങ്ങളിലേയ്ക്ക് ചെയറിനെ വലിച്ചിഴക്കാൻ ശ്രമിക്കുന്നത് തീർത്തും അനാരോഗ്യകരമായൊരു പ്രവണതയാണ്.

നടപടികൾ പൂർത്തിയാക്കി സഭാസമ്മേളനം കൃത്യസമയത്തുതന്നെ പിരിയത്തക്കവിധം ക്രമീകരിക്കാൻ നിരന്തരം ശ്രമിക്കുന്നുവെങ്കിലും പലപ്പോഴും അംഗങ്ങളുടെ പ്രസംഗങ്ങളും മന്ത്രിമാരുടെ മറുപടിയും ക്രമീകരിക്കുന്ന കാര്യത്തിൽ ഈ സമ്മേളനം വേണ്ടത്ര വിജയിച്ചിട്ടില്ല. അവകാശങ്ങളെക്കുറിച്ച് വാചാലരാകുമ്പോൾ പൊതുവായി ഓർക്കേണ്ട ഒരു കാര്യമെന്ന നിലയിൽ ചെയറിന് തോന്നുന്നത്, ചട്ടം അനുശാസിക്കുന്ന സമയത്തിനകത്ത് കാര്യങ്ങൾ സംക്ഷിപ്തമായി പറഞ്ഞ് ഫലിപ്പിക്കുകയാണ് പാർലമെന്ററി ജനാധിപത്യരീതി എന്നതാണ്. സമയനിഷ്ഠ പാലിക്കുന്നത് പരാജയമാണോ വിജയമാണോയെന്ന് സ്വയം വിലയിരുത്തേണ്ടതാണ്. യോജിപ്പിന്റേതായ മേഖലകളിൽ സമവായത്തിലൂടെ യോജിച്ച് മുന്നോട്ടുപോകാൻ ഭരണ-പ്രതിപക്ഷ കക്ഷികളിൽപ്പെട്ടവർ പ്രകടിപ്പിക്കുന്ന താൽപ്പര്യം വരുംകാല സമ്മേളനങ്ങളിൽ കൂടുതൽ അർത്ഥപൂർണ്ണമാക്കാമെന്ന ചെയറിന്റെ ശുഭപ്രതീക്ഷയെ പ്രചോദിപ്പിക്കുന്നുണ്ട്.

സഭാനടപടികൾ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായുള്ള ഇ-നിയമസഭ പദ്ധതി യാഥാർത്ഥ്യത്തിലേയ്ക്ക് നീങ്ങുകയാണ്. സമ്പൂർണ്ണ സോളാർ നിയമസഭ എന്ന പദ്ധതിയും അതിവേഗം പുരോഗമിച്ചുവരുന്നു. അതുപോലെ വജ്രജൂബിലിയോടനുബന്ധിച്ച്, ജനാധിപത്യ സംസ്കാരം ശക്തിപ്പെടുത്തുന്ന നിരവധി പദ്ധതികൾ നാം നിർവ്വഹിച്ചുവരുന്നു. പുതിയ തലമുറയ്ക്ക് ജനാധിപത്യത്തിലും പൊതുപ്രവർത്തനങ്ങളിലും വിശ്വാസവും താൽപ്പര്യവും വർദ്ധിപ്പിക്കാനുതകുന്ന വിവിധ പദ്ധതികൾ എന്ന നിലയ്ക്ക് ആയിരം ഭരണഘടനാ ക്ലാസ്സുകൾ, സ്കൂൾ/സ്റ്റുഡന്റ് പാർലമെന്റുകൾ, നാളിതുവരെ നിർമ്മിക്കപ്പെട്ട നിയമങ്ങളെ സംബന്ധിച്ച ഇംപാക്റ്റ് സ്റ്റഡി, ഭേദഗതികൾ നൽകാൻ പൊതുജനങ്ങൾക്കും അവസരം നൽകുന്ന സംവിധാനം, സി.പി.എസ്.റ്റി.-യുടെ നേതൃത്വത്തിൽ വിദ്യാർത്ഥി സന്ദർശന പരിപാടികൾ, നിയമസഭാ സന്ദർശന പരിപാടി, സ്കൂൾ ഓഫ് ഗവേണൻസ് എന്നീ പദ്ധതികളും പൂർണ്ണതയോടടുക്കുകയാണ്. 2018 നവംബർ 1 വരെ നീളുന്ന വജ്രജൂബിലി പരിപാടികളുടെ ഭാഗമായി ജനാധിപത്യത്തിന്റെ വിവിധ തലങ്ങളേയും വിതാനങ്ങളേയും ഉയർത്തികൊണ്ടുവരുന്ന " ജനാധിപത്യത്തിന്റെ ഉത്സവം" (A Festival on Democracy) എന്ന പരിപാടി നിയമസഭാ സെക്രട്ടേറിയറ്റിന്റേയും സർക്കാരിന്റെ വിവിധ വകുപ്പുകളുടെയും സംയുക്താഭിമുഖ്യത്തിൽ നടത്തുവാൻ ഉദ്ദേശിക്കുന്നു. ഇതുസംബന്ധിച്ച വിശദാംശങ്ങൾ ബഹുമാനപ്പെട്ട അംഗങ്ങളെ പിന്നാലെ അറിയിക്കുന്നതാണ്. പരിപാടികൾ വിജയിപ്പിക്കുന്നതിനാവശ്യമായ സഹായസഹകരണങ്ങൾ എല്ലാവരിൽനിന്നും ചെയർ അഭ്യർത്ഥിക്കുകയാണ്.

സഭാനടപടികളിൽ കാര്യക്ഷമമായി ഇടപെട്ടുകൊണ്ടിരിക്കുന്ന അംഗങ്ങൾക്ക് റഫറൻസ് ഗ്രന്ഥങ്ങളായി ഉപയോഗിക്കാവുന്ന തരത്തിലുള്ള നിയമസഭാ സെക്രട്ടേറിയറ്റ് പ്രസിദ്ധീകരിക്കുന്ന 7 വ്യത്യസ്ത റഫറൻസ് ഗ്രന്ഥങ്ങളാണ് ഇന്ന്

സഭാസമ്മേളനത്തിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രകാശനം ചെയ്യാൻ പോകുന്നത്.

അതിലേറ്റവും പ്രധാനം, രാജ്യത്തെ പാർലമെന്ററി പ്രവർത്തന രംഗത്തെ ആധികാരിക രേഖയെന്നറിയപ്പെടുന്നതും ലോക്‌സഭാ സെക്രട്ടേറിയറ്റിന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിച്ചുവരുന്നതുമായ Parliamentary Practice and Procedure by M.N. Kaul and S.L. Shakhtar എന്ന ഗ്രന്ഥത്തിന് സമാനമായി, രാജ്യത്താദ്യമായി "കേരള നിയമസഭ-നടപടിക്രമങ്ങളും കീഴ്വഴക്കങ്ങളും" എന്ന പേരിൽ ഒരു ഗ്രന്ഥം പ്രസിദ്ധീകരിക്കുകയാണ്. അതുപോലെ 1952 മുതൽ 2017 വരെയുള്ള നീണ്ട 65 വർഷക്കാലയളവിൽ വിവിധ സഭാധ്യക്ഷന്മാരിൽ നിന്നുമുണ്ടായിട്ടുള്ള റൂളിംഗുകൾ ക്രോഡീകരിച്ചുകൊണ്ടുള്ള ഒരു ഗ്രന്ഥവും കേരളത്തിലെ മുൻസ്പീക്കർമാർ, ഡെപ്യൂട്ടി സ്പീക്കർമാർ, മുഖ്യമന്ത്രിമാർ, മന്ത്രിമാർ, പ്രതിപക്ഷനേതാക്കൾ, 14-ാം കേരള നിയമസഭാംഗങ്ങളെപ്പറ്റിയുള്ള 'who is who' എന്നീ ഗ്രന്ഥങ്ങളും ഇന്ന് പ്രസിദ്ധീകരിക്കുകയാണ്. ഈ പ്രസിദ്ധീകരണങ്ങളുമായി ബന്ധപ്പെട്ടുള്ള ഏറെ ശ്രമകരമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ വിരമിച്ചതും സർവ്വീസിലുള്ളതുമായ എല്ലാ ജീവനക്കാരേയും ചെയർ ഇത്തരുണത്തിൽ ഹാർദ്ദമായി അനുമോദിക്കുന്നു.

കേരള നിയമസഭയുടെ വജ്രജൂബിലി വർഷത്തിൽ ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിച്ച ജില്ലാതല പരിപാടികളുടെ നിർവ്വഹണവും പുരോഗമിച്ചുവരികയാണ്. ജില്ലാതല പരിപാടികളുടെയും നിയമസഭാ ദിനാഘോഷത്തിന്റെയും ഭാഗമായി ഈ മാസം 24 മുതൽ 27 വരെ കോഴിക്കോട്ടുവച്ച് വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നതാണ്. പരിപാടികളിൽ ബഹുമാനപ്പെട്ട എല്ലാ സാമാജികരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

പത്താം സമ്മേളനം വിജയകരമായി പൂർത്തീകരിക്കാൻ സഹകരിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രി, പ്രതിപക്ഷനേതാവ്, മന്ത്രിമാർ, വിവിധ കക്ഷി നേതാക്കൾ, അംഗങ്ങൾ എന്നിവരോട് ചെയർ നന്ദി രേഖപ്പെടുത്തുന്നു. സമ്മേളന നടപടികളുമായി സഹകരിച്ച് പ്രവർത്തിച്ച നിയമസഭാ സെക്രട്ടേറിയറ്റിലേയും വിവിധ വകുപ്പുകളിലേയും എല്ലാ ഉദ്യോഗസ്ഥർക്കും സമ്മേളനവുമായി സഹകരിച്ച എല്ലാ പത്ര-ദൃശ്യ മാധ്യമ പ്രവർത്തകർക്കും നന്ദി രേഖപ്പെടുത്തുന്നു.

സമ്മേളനം അവസാനിച്ചാലുടൻ മെമ്പേഴ്സ് ലോഞ്ചിൽ നടക്കുന്ന പുസ്തക പ്രകാശന ചടങ്ങിലേക്കും വജ്രജൂബിലി പ്രഭാഷണ പരിപാടിയിലേക്കും ഒരിക്കൽക്കൂടി എല്ലാവരേയും ക്ഷണിക്കുന്നു.

ഓർഡർ.....ഓർഡർ......സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നു.

(ദേശീയഗാനാലാപനത്തോടെ സഭ വൈകുന്നേരം 3.45-ന് അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു)

## SECRETARIAT OF THE KERALA LEGISLATURE

## NOTIFICATION

No.949/Table-1/2018/Leg. Dated, Thiruvananthapuram, 5th April, 2018

In exercise of the powers conferred by the sub-clause (a) of clause (2) of Article 174 of the Constitution of India, the Governor of the State of Kerala hereby prorogues the Tenth Session of the Fourteenth Kerala Legislative Assembly with effect from April 4, 2018 at the conclusion of its sitting.

ഇൻഡ്യൻ ഭരണഘടനയുടെ 174-ാം അനുച്ഛേദം (2)-ാം ഖണ്ഡം (എ) ഉപഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സംസ്ഥാന ഗവർണർ പതിനാലാം കേരള നിയമസഭയുടെ പത്താം സമ്മേളനം 2018 ഏപ്രിൽ 4-ാം തീയതി അതിന്റെ സമ്മേളനം അവസാനിച്ചതുമുതൽ സമാപിച്ചിരിക്കുന്നു.

By order of the Governor,

V. K. BABU PRAKASH,

Secretary.

## അനുബന്ധം

(1) തൊഴിൽ സുരക്ഷ സംബന്ധിച്ച് ശ്രീ. എസ്. ശർമ്മ, എം.എൽ.എ.-യുടെ സബ്മിഷന് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നൽകിയ വിശദമായ മറുപടി

ഇൻഡസ്ട്രിയൽ എംപ്ലോയ്മെന്റ് (സ്റ്റാന്റിംഗ് ഓർഡർ) ചട്ടങ്ങളിൽ കേന്ദ്രഗവൺമെന്റ് പുതുതായി കൊണ്ടുവന്ന ഭേദഗതി സ്വകാര്യമേഖലയിലെ ജീവനക്കാരുടെ തൊഴിൽസുരക്ഷ പൂർണ്ണമായും ഇല്ലാതാക്കുന്നതാണ്.

സ്ഥിരം തൊഴിൽ എന്ന വ്യവസ്ഥ ഇല്ലാതാക്കി നിശ്ചിതകാല തൊഴിൽ (Fixed Term Employment) എന്ന രീതി നടപ്പിലാക്കാനുള്ള കേന്ദ്ര സർക്കാർ തീരുമാനം തൊഴിലുടമയ്ക്ക് താൽപ്പര്യമുള്ളകാലം മാത്രം ജീവനക്കാരനെ നിയമിക്കാൻ സ്വാതന്ത്ര്യം നൽകുന്നതാണ്. തൊഴിലാളി സംഘടനകളുമായി യാതൊരു ചർച്ചയും നടത്താതെ ഏകപക്ഷീയമായാണ് ഈ വിജ്ഞാപനം പുറപ്പെടുവിച്ചത്. സംഘടിത മേഖലയടക്കം എല്ലാ തൊഴിൽ മേഖലയിലേക്കും നിശ്ചിതകാല തൊഴിൽ വ്യാപിപ്പിക്കുന്നത് ദൂരവ്യാപക പ്രത്യാഘാതങ്ങളുണ്ടാക്കുകയും പുതിയ തൊഴിലന്വേഷകരുടെ ഭാവി അനിശ്ചിതത്വത്തിലാകുകയും ചെയ്യും.

ഐ.ടി. മേഖലയുൾപ്പെടെ സ്വകാര്യമേഖലയിലെ ജോലി സുരക്ഷിതത്വം ഇല്ലാതാക്കുന്നതിന് ഈ നടപടി ആക്കംവർദ്ധിപ്പിക്കും. സമസ്ത തൊഴിൽ മേഖലയിലും അരക്ഷിതത്വം സൃഷ്ടിക്കുന്ന ഈ നയം തീർത്തും തൊഴിലാളി വിരുദ്ധവും കോർപ്പറേറ്റ് താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതുമാണ്.

തൊഴിലാളികളുടെ താൽപ്പര്യങ്ങളെ ഗുരുതരമായി ബാധിക്കുന്നതും അത്യന്തം പ്രതിഷേധാർഹവുമായ തീരുമാനത്തിനെതിരെയുള്ള ജനവികാരമാണ് ഏപ്രിൽ 2-ലെ പൊതുപണിമുടക്കിൽ നാം കണ്ടത്. പുതിയ ഭേദഗതിയിൽ ശക്തമായ എതിർപ്പ് പ്രകടിപ്പിച്ചുകൊണ്ടും ഇത് പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും സംസ്ഥാന സർക്കാർ കേന്ദ്ര തൊഴിൽ വകുപ്പുമന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. കേന്ദ്രസർക്കാർ ഇക്കാര്യം നടപ്പിലാക്കുന്നത് തടയാൻ സംസ്ഥാന സർക്കാരിന് സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

(2) ഫയൽ നീക്കം സംബന്ധിച്ച് ശ്രീ. കെ. വി. വിജയദാസ്, എം.എൽ.എ.-യുടെ സബ്മിഷന് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നൽകിയ വിശദമായ മറുപടി

സെക്രട്ടേറിയറ്റ് ഓഫീസ് മാന്വലും റൂൾസ് ഓഫ് ബിസിനസ്സും അടിസ്ഥാനമാക്കിയാണ് പ്രധാനമായും സെക്രട്ടേറിയറ്റിൽ ഫയലുകൾ കൈകാര്യം ചെയ്യുന്നത്. സർക്കാർ കൈക്കൊള്ളുന്ന തീരുമാനങ്ങൾക്കനുസൃതമായി പുറപ്പെടുവിക്കുന്ന വിവിധ ഉത്തരവുകളും നിർദ്ദേശങ്ങളും പൂർണ്ണവും സമഗ്രവും

വസ്തുതാപരവുമാകേണ്ടതുണ്ട്. വിഷയങ്ങളുടെ പ്രാധാന്യമനുസരിച്ച് തീരുമാനമെടുക്കുന്നതിന് ആഴത്തിലുള്ള പരിശോധനകൾ ആവശ്യമാണ്. മന്ത്രിസഭാതലത്തിലും ബഹുമാനപ്പെട്ട ഗവർണറുടെ അനുമതി ആവശ്യമുണ്ടെങ്കിൽ അവ തേടിയശേഷവുമാണ് ഉത്തരവ് പുറപ്പെടുവിക്കുന്നത്.

ഉത്തരവുകളുടെ ഘടന, ചട്ടങ്ങളുടെ രൂപീകരണം, നിയമനിർമ്മാണം, ധനവിനിയോഗം എന്നിവയെല്ലാം സംബന്ധിച്ച് നിയതമായ വ്യവസ്ഥകളുണ്ട്. ഇവ പരിശോധിച്ച് തെറ്റുകൂടാതെയും ക്രമപ്രകാരവും പുറപ്പെടുവിക്കുകയെന്നത് ഭരണനിർവ്വഹണത്തിൽ വളരെ പ്രാധാന്യമർഹിക്കുന്നതാണ്. ഇക്കാരണത്താലാണ് സെക്രട്ടേറിയറ്റ് ഓഫീസ് മാന്വലിൽ വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥ പരിശോധന വ്യവസ്ഥ ചെയ്തിട്ടുള്ളത്. സാദ്ധ്യമായ എല്ലാ സെക്ഷനുകളിലെയും ഉദ്യോഗസ്ഥശ്രേണി ഒഴിവാക്കപ്പെട്ടിട്ടുണ്ട്. എന്നിരുന്നാലും ചില ന്യൂനതകൾ നിലനിൽക്കുന്നുണ്ട്.

ആധുനിക സാങ്കേതികവിദ്യയുടെ ശരിയായ വിനിയോഗത്തിലൂടെ ഫയലുകളിൽ തീരുമാനമെടുക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സെക്രട്ടേറിയറ്റിൽ ഇ-ഓഫീസ് സംവിധാനം ഏറെക്കുറെ പൂർണ്ണമായിക്കഴിഞ്ഞു. ഉദ്യോഗസ്ഥരുടെ അവധി/അഭാവം നിമിത്തം ഫയൽനീക്കം തടസ്സപ്പെടാതിരിക്കാൻ ലിങ്ക് ഓഫീസർ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

ഭരണാനുമതി സംബന്ധിച്ച സാമ്പത്തിക അധികാരങ്ങൾ കാലാനുസൃതമായി ഉയർത്തി നിശ്ചയിക്കുന്നതിനും നടപടി സ്വീകരിക്കുന്നുണ്ട്. ധനകാര്യ വകുപ്പിന്റെ അനുമതി കൂടാതെതന്നെ വകുപ്പ് മേധാവികൾക്ക് നിശ്ചിത സാമ്പത്തിക പരിധിയിലുള്ള തുക വിനിയോഗിക്കുന്നതിന് അധികാരമുണ്ട്.

ഇത്തരം നടപടികളിലൂടെ ഫയലുകളിൽ തീരുമാനമെടുക്കുന്നതിനുള്ള കാലതാമസം ഗണ്യമായി കുറയ്ക്കാനാണ് ഉദ്ദേശിക്കുന്നത്.

### (3) മരണവും തിരോധാനവും സംബന്ധിച്ച് ശ്രീ. ഐ. സി. ബാലകൃഷ്ണൻ എം.എൽ.എ.-യുടെ സബ്മിഷന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ നൽകിയ വിശദമായ മറുപടി

സുൽത്താൻ ബത്തേരി നിയോജകമണ്ഡലത്തിലെ വണ്ടിക്കടവ് കോളനിയിലെ പണിയ സമുദായത്തിൽപ്പെട്ട വിനോദിന്റെ ആത്മഹത്യയും വെള്ളമുണ്ട പോലീസ് സ്റ്റേഷൻ പരിധിയിലുള്ള കരിമ്പിൻ അണ്ണന്റെ മകൻ വിജയന്റെ തിരോധാനവും സംബന്ധിച്ച് പ്രസ്തുത കുടുംബങ്ങൾക്ക് സർക്കാർ സഹായം ആവശ്യപ്പെട്ടാണ് ഈ സബ്മിഷൻ ഉന്നയിച്ചത്.

വണ്ടിക്കടവ് കോളനിയിലെ പണിയ സമുദായത്തിൽപ്പെട്ട നാരായണന്റെ മകൻ വിനോദ് 11-3-2018-ന് കർണ്ണാടക വനത്തിൽനിന്ന് വിറക് ശേഖരിക്കുമ്പോൾ വനത്തിൽ തീയിടുന്നു എന്നാരോപിച്ച് വനപാലകർ വെടിയുതിർത്തെന്നും ഭയന്ന വിനോദ് പുഴയിൽ ചാടി രക്ഷപ്പെട്ടെന്നുമാണ് ലഭ്യമായ വിവരം. 13-3-2018-ന് വൈകുന്നേരം വണ്ടിക്കടവ് പണിയ കോളനിക്ക് സമീപത്തെ അതുൽ എന്ന വിഷ്ണു തന്നെ മർദ്ദിച്ചതായി വിനോദ് അമ്മ അമ്മിണിയോട് പറഞ്ഞതായും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. 13-3-2018-ന് രാത്രി 9 മണിക്ക് വിനോദ് വീട്ടിനുള്ളിൽ ആത്മഹത്യ ചെയ്തതായി കാണപ്പെടുകയായിരുന്നു. ഈ സംഭവത്തിനുശേഷം 13-ന് രാത്രി തന്നെ പുൽപ്പള്ളി ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർ മേലുദ്യോഗസ്ഥരുടെ അടുത്ത് വിവരം റിപ്പോർട്ട് ചെയ്തിരുന്നു. 13-3-2018-നുതന്നെ പുൽപ്പള്ളി പോലീസ് സ്റ്റേഷനിൽ സി.ആർ.പി.സി. 174 പ്രകാരം 105/18 നമ്പർ ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. 14-3-2018-ന് രാവിലെ സുൽത്താൻബത്തേരി പട്ടികവർഗ്ഗ വികസന വകുപ്പ് ഓഫീസർ വണ്ടിക്കടവ് കോളനി സന്ദർശിക്കുകയും വിനോദിന്റെ കുടുംബത്തിന് ശവസംസ്കാര ചെലവിലേയ്ക്ക് 5,000 രൂപ നൽകിയിട്ടുമുണ്ട്. മാത്രമല്ല, കുറ്റവാളികളെ കണ്ടെത്തി ശക്തമായ നടപടി സ്വീകരിക്കുന്നതിന് സബ് കളക്ടർ പോലീസിന് നിർദ്ദേശവും നൽകിയിട്ടുണ്ട്.

മാനന്തവാടി താലൂക്കിലെ വെള്ളമുണ്ട പഞ്ചായത്തിൽ നെടുമ്പിലാശ്ശേരി കോളനിയിലെ 27 വയസ്സുള്ള കുറിച്യ യുവാവ് വിജയനെ 19-1-2018 മുതൽ കാണാതായതായി വെള്ളമുണ്ട സ്റ്റേഷനിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നു. 21-1-2018-ന് വിജയന്റെ അച്ഛൻ നൽകിയ പരാതിയെത്തുടർന്ന് വെള്ളമുണ്ട പോലീസ് സ്റ്റേഷനിൽ കെ.പി. ആക്ട് 2011-ലെ 57-ാം വകുപ്പുപ്രകാരം 21/2018 നമ്പർ ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിജയനെ കണ്ടെത്താനുള്ള അന്വേഷണം ഊർജ്ജിതമായി നടക്കുകയാണ്.

രണ്ട് കേസുകളിലും പോലീസന്വേഷണം നടന്നുവരികയാണ്. അന്വേഷണം പൂർത്തീകരിച്ച് പോലീസ് റിപ്പോർട്ട് ലഭ്യമാക്കുന്നമുറയ്ക്ക് മാത്രമേ ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട അംഗം ആവശ്യപ്പെട്ടപോലുള്ള മറ്റ് സാമ്പത്തിക സഹായം അനുവദിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ.

ഇക്കാര്യത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ അതിക്രമങ്ങൾ നിയമപ്രകാരം ചാർജ് ഫയൽ ചെയ്യപ്പെടുകയാണെങ്കിൽ മരണപ്പെട്ട വ്യക്തിയുടെ കുടുംബത്തിന് ധനസഹായം അനുവദിക്കാൻ വകുപ്പുതലത്തിൽത്തന്നെ നടപടി സ്വീകരിക്കുന്നതാണ്.

## (4) സ്വകാര്യഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച് ശ്രീ. എം. വിൻസെന്റ് എംഎൽ.എ.-യുടെ സബ്മിഷന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ നൽകിയ വിശദമായ മറുപടി

1990 വരെ, കർഷകരുടെ കൈവശഭൂമിയും വെള്ളായണി കാർഷിക കോളേജിന്റെ അധീനതയിലുള്ള 400 ഏക്കർ ഭൂമയും ഉൾപ്പെടെയുള്ള പ്രദേശം ഇൻസെന്റീവ് നൽകിക്കൊണ്ട് കർഷകർക്ക് പുഞ്ച കൃഷി ചെയ്യുന്നതിനായി നൽകിയിരുന്നെങ്കിലും ശുദ്ധജലസംഭരണിയായി സംരക്ഷിക്കേണ്ടതുള്ളതിനാൽ വെള്ളം വറ്റിച്ച് കൃഷി ചെയ്യുന്നതിൽ പിന്നീട് തടസ്സം നേരിടുകയും ആയതിനാൽ കൃഷിഭൂമി നിലവിൽ വെള്ളം കയറി ഉപയോഗമല്ലാതായി തീരുകയുമുണ്ടായി. കൃഷിയിറക്കാൻ സാധിക്കാതെപോയ ആവലാതിക്കാരായ കർഷകർ ഒത്തുചേർന്ന് വെള്ളായണി- പാടശേഖര-കായൽ സംരക്ഷണ സമിതി രൂപീകരിക്കുകയും കൃഷിയിറക്കുന്നതിൽ നിന്നും തടയപ്പെട്ടിരിക്കുന്നതിനാൽ കായൽ പരിസരത്ത് നെൽകൃഷി നടത്തിവന്നിരുന്ന കർഷകർക്കുണ്ടായിട്ടുള്ള തൊഴിൽനഷ്ടവും വരുമാനനഷ്ടവും കണക്കിലെടുത്ത് പ്രസ്തുത പട്ടയഭൂമി സർക്കാർ നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുന്നതിനുവേണ്ട അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയുമുണ്ടായി. അതിൻപ്രകാരം വെങ്ങാനൂർ വില്ലേജിൽ 162 കൈവശങ്ങളിലായി 21.17.65 ഹെക്ടർ ഭൂമിയും കല്ലിയൂർ വില്ലേജിൽ 463 കൈവശങ്ങളിലായി 66.01.93 ഹെക്ടർ ഭൂമിയും വെള്ളം കയറിക്കിടക്കുന്നതായി കാണുന്നു.

വെള്ളായണി പാടശേഖര കായൽ സംരക്ഷണ സമിതിയുടെ അഭ്യർത്ഥന പ്രകാരം ഇത് സംബന്ധിച്ച ഒരു യോഗം 3-12-2016-ൽ കളക്ടറേറ്റിൽ കൂടുകയുണ്ടായി. വെള്ളായണി കായൽ ശുദ്ധജല സ്രോതസ്സായി സംരക്ഷിക്കുന്നതിന്റെ ഭാഗമായി നെൽകൃഷി നിർത്തിവയ്ക്കേണ്ടി വന്നതിനാൽ കൃഷിക്കാർക്ക് വളരെയധികം നഷ്ടമുണ്ടായിട്ടുള്ളതായും അവരുടെ പട്ടയഭൂമി വെള്ളം കയറി യാതൊരു പ്രയോജനവുമില്ലാതെയായിട്ടുള്ളതായും സമിതി രക്ഷാധികാരിയായ മുൻ എം.എൽ.എ. ശ്രീമതി ജമീലാപ്രകാശം യോഗത്തെ അറിയിച്ചു. കൂടാതെ ഇതുസംബന്ധിച്ച് സത്വരനടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടിരുന്നു.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 16-5-2017-ൽ കൂടിയ യോഗത്തിൽ ജില്ലാ കളക്ടർ സ്ഥലം സർവ്വേ ചെയ്ത് ഭൂമി കൈവശം വച്ചിരിക്കുന്ന കർഷകരുടെ പട്ടിക തയ്യാറാക്കി ജലവിഭവ വകുപ്പിന് ലഭ്യമാക്കേണ്ടതാണെന്ന് നിർദ്ദേശിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയുമുണ്ടായി.

1. വെള്ളായണി കായൽ പ്രദേശത്തെ വെള്ളം മൂടിക്കിടക്കുന്ന കർഷകരുടെ പട്ടയഭൂമി ഏറ്റെടുക്കാൻ യോഗത്തിൽ തീരുമാനിച്ചു;
2. ഇതിനായി ജില്ലാ കളക്ടർ സ്ഥലം സർവ്വേചെയ്ത് ഭൂമി കൈവശം വച്ചിരിക്കുന്ന കർഷകരുടെ പട്ടിക തയ്യാറാക്കി ജലവിഭവ വകുപ്പിന് ലഭ്യമാക്കേണ്ടതാണ്;
3. പ്രസ്തുത ഭൂമി സർവ്വേ ചെയ്ത റിപ്പോർട്ട് സമർപ്പിക്കുന്നമുറയ്ക്ക് ന്യായമായ വില നൽകി സ്ഥലം ഏറ്റെടുക്കുന്ന വിഷയത്തിൽ ജലവിഭവ വകുപ്പ് ഭരണാനുമതി പുറപ്പെടുവിക്കുന്നതാണ്;
4. വ്യക്തമായ ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ ഡി.എൽ.എഫ്.സി. കൂടി ന്യായമായ വില നിശ്ചയിക്കേണ്ടതും ഡി.എൽ.എഫ്.സി. റേറ്റ് റവന്യൂ വകുപ്പിന് കൈമാറുന്നമുറയ്ക്ക് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ എസ്.എൽ.ഇ.സി. മുമ്പാകെ അവതരിപ്പിച്ച് സ്ഥലവില നിർണ്ണയിക്കേണ്ടതുമാണ്;
5. സ്ഥലവില നിർണ്ണയിച്ചതിനുശേഷം ഭരണവകുപ്പായ ജലവിഭവ വകുപ്പ് ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ച് അക്വിസിഷന് വേണ്ടിവരുന്ന തുക ലഭ്യമാക്കേണ്ടതാണ്.

സർവ്വേ ചെയ്ത് ഭൂമി കൈവശം വച്ചിരിക്കുന്ന കർഷകരുടെ പേരുവിവരം, ജില്ലാ കളക്ടർ ജലവിഭവ വകുപ്പിന് കൈമാറിയിട്ടുണ്ട്. സ്ഥലം ഏറ്റടുക്കുന്നതുമായി ബന്ധപ്പെട്ട് ജലവിഭവ വകുപ്പ് ഭരണാനുമതി പുറപ്പെടുവിക്കുന്നമുറയ്ക്ക് ചീഫ്സെക്രട്ടറി അദ്ധ്യക്ഷനായ എസ്.എൽ.ഇ.സി. മുമ്പാകെ അവതരിപ്പിച്ച് സ്ഥലവില നിർണ്ണയിക്കുന്നത് സംബന്ധിച്ച വിഷയത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണ്.

### (5) <u>കടൽത്തീര സംരക്ഷണം സംബന്ധിച്ച് ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ, എം.എൽ.എ.-യുടെ സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി ശ്രീ. മാത്യു ടി. തോമസ് നൽകിയ വിശദമായ മറുപടി</u>

സംസ്ഥാനത്ത് ആകെയുള്ള 576 കിലോമീറ്റർ കടൽത്തീരത്തിൽ 366 കി.മി ദൂരം കടൽഭിത്തി കെട്ടി സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. അതിൽ 1.25 കിലോമീറ്റർ നീളം കടൽഭിത്തി പുനരുദ്ധാരണ പ്രവൃത്തികൾ ആവശ്യമുള്ളവയാണ്. കടൽഭിത്തിയില്ലാത്ത ബാക്കി 210 കി.മീറ്ററിൽ ഏകദേശം 187 കി.മീറ്ററോളം കടലാക്രമണം കുറവുള്ള സ്ഥലങ്ങളാണ്. ബാക്കിയുള്ള 23 കി.മീറ്ററോളം കടൽഭിത്തി നിർമ്മിക്കേണ്ടതുണ്ട്.

ഓഖി ചുഴലിക്കാറ്റിനെത്തുടർന്നുണ്ടായ കടൽക്ഷോഭത്തിൽ പല സ്ഥലങ്ങളിലും കടൽഭിത്തികൾ തകരുകയുണ്ടായി. നിലവിലുള്ള ഏതാനും പുലിമുട്ടുകൾക്കും കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനവും പ്രശ്നങ്ങൾ

ത്രൂക്ഷമാക്കുന്നുണ്ട്. തകർന്നടിഞ്ഞ കടൽഭിത്തികൾ പുനർനിർമ്മിക്കുന്നതോടൊപ്പം ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, മദ്രാസ്/സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷൻ പൂനെ-യുടെ പഠനപ്രകാരം കൂടുതൽ കടലാക്രമണ സാധ്യതയുള്ള സ്ഥലങ്ങളിൽ (വൾണറബിൾ റീച്ചസ്) കരിങ്കല്ലുപയോഗിച്ചുള്ള കടൽഭിത്തി/ പുലിമുട്ടുകൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നിർമ്മാണം നടത്തിവരുന്നു. 2016-17 വർഷത്തെ ബഡ്ജറ്റിൽ പ്രത്യേക നിക്ഷേപ പദ്ധതിയുടെ (കിഫ്ബി) ഭാഗമായി 300 കോടി രൂപയാണ് പുലിമുട്ട് നിർമ്മാണ പദ്ധതിക്കായി നീക്കിവച്ചിരുന്നത്. പ്രസ്തുത പദ്ധതി ജലസേചന വകുപ്പിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (KIIDC) വഴിയാണ് നടപ്പിലാക്കുന്നത്. എന്നാൽ ആവശ്യത്തിന് കരിങ്കല്ല് ലഭിക്കുന്നതിന് ബുദ്ധിമുട്ടനുഭവപ്പെടുന്നുണ്ട്. പാറഖനനം പരിസ്ഥിതിയെ ദോഷകരമായി ബാധിക്കുന്ന സാഹചര്യത്തിൽ പുതിയ പരിഹാര സാധ്യതകളും തേടേണ്ടതുണ്ട്. കേരളത്തിലെ തീരപ്രദേശങ്ങളിൽ അനുയോജ്യമായ കടലാക്രമണ പ്രതിരോധ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനായി സർക്കാർതലത്തിൽ ഒരു സാങ്കേതിക സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി കേരളത്തിലെ കടൽത്തീര സംരക്ഷണത്തിനനുയോജ്യമായ നൂതന സാദ്ധ്യതകൾ പരിശോധിച്ചുവരുന്നു. ഭാവിയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ടെക്നിക്കൽ കമ്മിറ്റിയുടെ നിർദ്ദേശങ്ങൾക്കൂടി പരിഗണിക്കുന്നതാണ്.

കയ്പമംഗലം നിയോജകമണ്ഡലത്തിൽ കടൽഭിത്തിയുടെ പുനരുദ്ധാരണം അത്യാവശ്യമായ സ്ഥലങ്ങളിൽ നാളിതുവരെ നാല് പ്രവൃത്തികൾക്ക് 2017-18 വർഷത്തിൽ അനുമതി നൽകിയിട്ടുണ്ട്.

(6) ബദൽ റോഡുകൾ സംബന്ധിച്ച് ശ്രീ. സി. കെ. ശശീന്ദ്രൻ, എം.എൽ.എ. ഉന്നയിച്ച സബ്മിഷന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരൻ നൽകിയവിശദമായ മറുപടി

**മേപ്പാടി - നിലമ്പൂർ റോഡ്**: മലപ്പുറം ഡിവിഷന്റെ അധീനതയിൽ വരുന്നതും വയനാട് ജില്ലയെ മലപ്പുറം ജില്ലയുമായി ബന്ധിപ്പിക്കുന്ന മേപ്പാടി - നിലമ്പൂർ റോഡ് മലയോര ഹൈവെ അലൈൻമെന്റിന്റെ ഭാഗമാണ്. മലയോര ഹൈവേയുടെ ഭാഗമായി പൂക്കോട്ടുംപാടം മുതൽ തമ്പുരാട്ടിക്കല്ല് (മുണ്ടേരി സീഡ് ഫാം) വരെയുള്ള ഭാഗത്തെ നിർമ്മാണത്തിനായി 113 കോടി രൂപയുടെ ഡി.പി.ആർ. കിഫ്ബിയുടെ സാമ്പത്തികാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. മുണ്ടേരി സീഡ് ഫാം മുതൽ മേപ്പാടി വരെയുള്ള റൂട്ടിൽ അരണപ്പുഴയാണ് മലപ്പുറം ജില്ലാതിർത്തി. നിർദ്ദിഷ്ട റോഡിന്റെ സീഡ് ഫാമിനുള്ളിലൂടെ 3.150 കിലോമീറ്ററും തുടർന്ന് അരണപ്പുഴ വരെ 9.080 കിലോമീറ്ററും പൂർണ്ണമായും

വനത്തിനുള്ളിലൂടെയാണ് കടന്നുപോകുന്നത്. വനത്തിനുള്ളിലൂടെ അലൈൻമെന്റ് തയ്യാറാക്കുന്നതിന് ഇൻവെസ്റ്റിഗേഷൻ സർവ്വേ നടത്തുന്നതിനുള്ള അനുമതി വനം വകുപ്പിൽനിന്നും ഇതുവരെ ലഭിച്ചിട്ടില്ല. വയനാട് ഡിവിഷന്റെ അധീനതയിൽ വരുന്ന മേപ്പാടി-ചൂരൽമല-അരണപ്പുഴ (അട്ടമല) (12.400 കി.മീ) ഭാഗത്ത് കിഫ്ബിയിൽ ഉൾപ്പെടുത്തി പ്രവൃത്തി നടപ്പിലാക്കുന്നതിനായി ലക്ഷ്യമിട്ട് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ച് സാങ്കേതികാനുമതിക്കുള്ള തുടർ നടപടികൾ പുരോഗമിച്ചുവരുന്നു.

**തളിപ്പുഴ - ചിപ്പിലിത്തോട് റോഡ്**: ഈ റോഡിന്റെ വിശദമായ പഠനത്തിനായി 24.6 ലക്ഷം രൂപയുടെ പ്രവൃത്തി ടെണ്ടർ ചെയ്യുകയും റൂബി സോഫ്റ്റ് ടെക് എന്ന കമ്പനി പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ വനം വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്തിലൂടെയുള്ള സർവ്വേ നടപടികൾക്ക് അംഗീകാരം ലഭിക്കാത്തതിനാൽ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല.

**ആനക്കാംപൊയിൽ - ചൂരൽമല റോഡ് (ആനക്കാംപൊയിൽ - കള്ളാടി - മേപ്പാടി തുരങ്ക പാത**): ആനക്കാംപൊയിൽ-ചൂരൽമല റോഡിന്റെ പ്രാഥമിക പഠനത്തിൽ തുരങ്ക പാതയായിരിക്കും പ്രായോഗികമെന്ന് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്ക പാതയ്ക്ക് 20 കോടി രൂപ കിഫ്ബിയിൽ വകയിരുത്തിയിട്ടുണ്ട്. വിശദമായ പഠനത്തിനുള്ള പ്രാരംഭനടപടികൾ പുരോഗമിക്കുന്നു.

പടിഞ്ഞാറത്തറ - പൂഴിത്തോട് റോഡ്: പൂഴിത്തോട്-പടിഞ്ഞാറത്തറ ചുരം ബദൽ റോഡ് വയനാട് ജില്ലയിലെ പടിഞ്ഞാറത്തറയിൽനിന്ന് ആരംഭിച്ച് കോഴിക്കോട് ജില്ലയിലെ പൂഴിത്തോട് വഴി കടന്നുപോകുന്ന സംസ്ഥാന പാതയുടെ ഭാഗമാണ്. നിർദ്ദിഷ്ട റോഡിന് ആകെ 43.975 കിലോമീറ്റർ നീളമാണുള്ളത്. ഇതിൽ പൂഴിത്തോട് (കോഴിക്കോട്) മുതൽ കരിങ്കണ്ണി (വയനാട്) വരെയുള്ള 17.39 കിലോമീറ്റർ ദൂരം റോഡ് നിർമ്മിക്കേണ്ടതായിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ കടിയങ്ങാട് മുതൽ പൂഴിത്തോട് വരെയുള്ള 16.750 കിലോമീറ്റർ നീളം വാഹന ഗതാഗതയോഗ്യമാണ്. ബാക്കിവരുന്ന ഭാഗമായ പൂഴിത്തോടുനിന്നും പടിഞ്ഞാറത്തറ വരെ മൊത്തം 27.225 കിലോമീറ്റർ നീളമുണ്ട്. ഇതിൽ കോഴിക്കോട് ജില്ലയിൽ 8/885 കിലോമീറ്ററും വയനാട് ജില്ലയിൽ 18.34 കിലോമീറ്ററുമാണുള്ളത്. കോഴിക്കോട് ജില്ലയിൽ 8/885 കിലോമീറ്റർ നീളമുള്ളതിൽ ആദ്യത്തെ 3.25 കിലോമീറ്റർ സ്വകാര്യ ഭൂമിയിലൂടെയും ബാക്കി ദൂരമായ 5.675 കിലോമീറ്റർ വനഭൂമിയിൽക്കൂടിയുമാണ് കടന്നുപോകുന്നത്. പൂഴിത്തോട് മുതൽ 2.28 കിലോമീറ്റർ നീളത്തിൽ റോഡ് പണി

പൂർത്തിയാക്കിയിട്ടുണ്ട്. സ്വകാര്യ ഭൂമിയിലെ ശേഷിക്കുന്ന നീളമായ .930 കിലോമീറ്റർ പ്രവൃത്തി മുടങ്ങിക്കിടക്കുകയാണ്. കോഴിക്കോട് ജില്ലയിലൂടെ കടന്നുപോകുന്ന 5.675 കിലോമീറ്റർ വനഭൂമി കിട്ടാത്തതിനാൽ മുടങ്ങിക്കിടക്കുകയാണ് വയനാട് ജില്ലയിലെ 18.34 കിലോമീറ്റർ നീളത്തിൽ പടിഞ്ഞാറത്തറയിൽനിന്നും വനാതിർത്തി വരെ 7.90 കിലോമീറ്റർ നീളമുള്ളതിൽ 6.80 കിലോമീറ്റർ റോഡ് പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കി 1.10 കിലോമീറ്റർ ദൂരം വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതിനാൽ പണി മുടങ്ങിക്കിടക്കുന്നു. നിർദ്ദിഷ്ട ബദൽപാത യാഥാർത്ഥ്യമാകണമെങ്കിൽ വനഭൂമിയിൽക്കൂടി കടന്നുപോകുന്ന 16.79 കിലോമീറ്റർ (കോഴിക്കോട് 5.65 -ഉം വയനാട് 11.115 -ഉം) വനം വകുപ്പിന്റെ അനുമതി കിട്ടേണ്ടതുണ്ട്.

24-1-2018-ന് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ നിർദ്ദിഷ്ട പാത കാട്ടാനകളുടെ സഞ്ചാര പഥമാണെന്ന കാരണത്താൽ പ്രസ്തുത പ്രൊപ്പോസൽ 1995-ൽ തന്നെ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം നിരസിച്ചതാണെന്ന് വനം കൺസർവേറ്റർ യോഗത്തെ അറിയിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ ഈ വിഷയം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തെക്കൊണ്ട് വീണ്ടും ഏറ്റെടുപ്പിക്കാനുള്ള ശ്രമം വിഫലമാണെന്ന് യോഗ തീരുമാനമുണ്ടാകുകയും ചെയ്തിട്ടുണ്ട്. ആകയാൽ പ്രസ്തുത ബദൽ റോഡ് അപ്രായോഗികമാണെന്ന കാരണത്താൽ പ്രൊപ്പോസൽ നിരസിക്കുകയാണുണ്ടായത്.

**കുഞ്ഞോം- വിലങ്ങാട് റോഡ്**: വയനാട് ജില്ലയിലെ കുഞ്ഞോം - ൽ നിന്നും ആരംഭിക്കുന്ന നിർദ്ദിഷ്ട പാത ഭൂരിഭാഗവും വനഭൂമിയിൽ കൂടിയാണ് കടന്നുപോകുന്നത്. നിർദ്ദിഷ്ട ബദൽ പാത യാഥാർത്ഥ്യമാകണമെങ്കിൽ വനഭൂമിയിൽകൂടി കടന്നുപോകുന്ന അലൈൻമെന്റിന് വനം വകുപ്പിന്റെ അനുമതി കിട്ടേണ്ടതുണ്ട്.

(7) 'ബോണക്കാട് എസ്റ്റേറ്റ് ഏറ്റെടുക്കൽ' സംബന്ധിച്ച ശ്രീ. കെ. എസ്. ശബരീനാഥൻ, എം.എൽ.എ. യുടെ സബ്മിഷന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി ശ്രീ. റ്റി.പി. രാമകൃഷ്ണൻ നൽകിയ വിശദമായ മറുപടി

വിതുര ഗ്രാമപഞ്ചായത്തിലെ മഹാവീർ പ്ലാന്റേഷൻസിന്റെ ഉടമസ്ഥതയിലുള്ള ബോണക്കാട് എസ്റ്റേറ്റ് 5-3-2015 മുതൽ പൂട്ടിക്കിടക്കുകയാണ്. തോട്ടം തുറന്ന് പ്രവർത്തിക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി തലത്തിലും ലേബർ കമ്മീഷണർ തലത്തിലും ചർച്ചകൾ നടത്തിയിരുന്നു.

തൊഴിലാളികൾക്ക് ശമ്പള കുടിശ്ശികയും പെൻഷൻ ആനുകൂല്യങ്ങളുമായി കുടിശ്ശിക നിലനിൽക്കുന്നുണ്ടെന്നും ആയത് വിതരണം ചെയ്യുന്നതിനും തോട്ടം

തുറന്നുപ്രവർത്തിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണെന്നും ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടത്തിയ ചർച്ചയിൽ തീരുമാനമെടുത്തിരുന്നു. ഇതിനെ തുടർന്ന് അഡീഷണൽ ലേബർ കമ്മീഷണർ (ഐ.ആർ.) 10-5-2017-ൽ നടത്തിയ ചർച്ചയിൽ ആനുകൂല്യവും കുടിശ്ശികയും കൊടുത്തുതീർക്കുന്നതിന് ഒത്തുതീർപ്പ് മെമ്മോറാണ്ടത്തിൽ ബന്ധപ്പെട്ടവർ ഒപ്പുവയ്ക്കുകയുണ്ടായി.

ഈ വ്യവസ്ഥകൾ നടപ്പിലാക്കിയത് സംബന്ധിച്ച് പരിശോധിക്കുന്നതിന് ലേബർ കമ്മീഷണർ തലത്തിൽ തുടർന്ന് നടത്തിയ ചർച്ചയിൽ ഗ്രാറ്റുവിറ്റി ലഭിക്കേണ്ട 90 തൊഴിലാളികളിൽ 77 പേർ ഗ്രാറ്റുവിറ്റി കൈപ്പറ്റിയതായി അറിയിച്ചിട്ടുണ്ട്. 1999 മുതൽ 2002 വരെ ജോലി ചെയ്തിരുന്ന തൊഴിലാളികൾക്ക് ലഭിക്കേണ്ട 34 മാസത്തെ വേതന കുടിശ്ശിക സംബന്ധിച്ച യഥാർത്ഥ രേഖകൾ കമ്പനി ഓഫീസിലാണെന്നും അറ്റാച്ച്മെന്റ് നടപടികളുടെ ഭാഗമായി ഓഫീസ് സീൽ ചെയ്തിട്ടുള്ളതിനാൽ പ്രസ്തുത രേഖകൾ ലഭ്യമാക്കുവാൻ കഴിയുന്നില്ലെന്നും മാനേജ്മെന്റ് അറിയിച്ചു. 1999 മുതൽ 2002 വരെ തോട്ടത്തിൽനിന്നും പെൻഷൻ പറ്റി പിരിയേണ്ട തൊഴിലാളികളെ സംബന്ധിക്കുന്ന പൂർണ്ണമായ വിവരങ്ങൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ ഇക്കാര്യത്തിൽ കൂടുതൽ നടപടികൾ സ്വീകരിക്കാനായില്ല.

ബോണക്കാട് എസ്റ്റേറ്റിലെ ലയങ്ങളുടെ പുനരുദ്ധാരണത്തിന് തിരുവനന്തപുരം ജില്ലയിലെ പ്ലാന്റേഷൻസ് റിലീഫ് ഫണ്ട് കമ്മിറ്റിയുടെ തീരുമാനപ്രകാരം കമ്മിറ്റിയുടെ അക്കൗണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ലയങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തികൾ എതെങ്കിലും ഒരു സർക്കാർ അംഗീകൃത ഏജൻസിയെ കണ്ടെത്തി നിർവ്വഹിക്കുന്നതിനുള്ള തീരുമാനം 19-3-2018-ന് ചേർന്ന പ്ലാന്റേഷൻസ് റിലീഫ് ഫണ്ട് കമ്മിറ്റി കൈക്കൊണ്ടിട്ടുണ്ട്. തോട്ടം ഏറ്റെടുക്കുന്നത് സംബന്ധിച്ച് നിലവിലുള്ള സാഹചര്യം പരിശോധിച്ച് നിയമാനുസൃത നടപടി സ്വീകരിക്കുന്നതാണ്.

(8) 'ഇ-പോസ് മെഷീൻ സ്ഥാപിക്കൽ' സംബന്ധിച്ച് ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് എം.എൽ.എ. യുടെ സബ്മിഷന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി ശ്രീ. പി. തിലോത്തമൻ നൽകിയ വിശദമായ മറുപടി

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമത്തിന്റെ ഭാഗമായി റേഷൻ വിതരണം സുതാര്യമാക്കുന്നതിനായി എഫ്.സി.ഐ.യിൽനിന്ന് ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നത് മുതൽ ഉപഭോക്താവിന് നൽകുന്നത് വരെയുള്ള കാര്യങ്ങൾ എന്റ് ടു എന്റ് കമ്പ്യൂട്ടറൈസേഷൻ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സംസ്ഥാനത്ത് നടപ്പിൽവരുത്തിക്കൊണ്ടിരിക്കുകയാണ്.

ഇതിന്റെ ആദ്യപടിയെന്ന രീതിയിൽ വാതിൽപ്പടി വിതരണം സപ്ലൈകോയെ ഏൽപ്പിക്കുകയും ആയത് വിജയകരമായി സംസ്ഥാനത്തുടനീളം നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 17-8-2015-ലെ GSR 636(E) വിജ്ഞാപന പ്രകാരം യഥാർത്ഥ ഗുണഭോക്താവിനെ ബയോമെട്രിക് ഐഡന്റിഫിക്കേഷൻ മുഖേന തിരിച്ചറിഞ്ഞ് ഓരോ ഗുണഭോക്താവിനും അർഹതപ്പെട്ട റേഷൻ വിഹിതം വിതരണം ചെയ്യുന്നതിന് റേഷൻ കടകളിൽ ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുന്നതിന് കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത പ്രവർത്തിയുടെ പൈലറ്റ് പദ്ധതി കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിലെ 60 റേഷൻ കടകളിൽ 6-1-2018-ൽ ആവിഷ്കരിച്ച് 30-4-2018-ഓടുകൂടി സംസ്ഥാനത്തെ മുഴുവൻ റേഷൻ കടകളിലും സ്ഥാപിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. 54.72 കോടി രൂപ ചെലവുവരുന്ന പ്രസ്തുത പദ്ധതി നടപ്പിൽ വരുത്തുന്നതിനായി M/s Linkwell Telesystem Pvt. Ltd. എന്ന കമ്പനിയുമായി സപ്ലൈകോ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ആയതിനുള്ള സാങ്കേതിക തയ്യാറെടുപ്പുകൾ കേന്ദ്ര എൻ.ഐ.സി.യുമായി ചേർന്ന് സ്വീകരിച്ചുവരുന്നു.

നിലവിൽ 80 ശതമാനം റേഷൻ കടകൾക്കും ഇ-പോസ് വിതരണം ചെയ്തുകഴിഞ്ഞു. ഇതിന്റെ ഭാഗമായാണ് എറണാകുളം ജില്ലയിലും ഇ-3 പോസ് യന്ത്രങ്ങൾ സ്ഥാപിച്ച് തുടങ്ങിയിട്ടുള്ളത്. ഇതിനോടനുബന്ധിച്ചുതന്നെ ബന്ധപ്പെട്ടവർക്കുള്ള പരിശീലനവും നടന്നുവരുന്നുണ്ട്. മാത്രമല്ല, ഇ-പോസ് സംബന്ധിച്ച സംശയങ്ങൾ ദൂരീകരിക്കുന്നതിനും മറ്റ് സാങ്കേതിക സഹായങ്ങൾക്കുമായി താലൂക്ക് തലത്തിൽ ടെക്നീഷ്യൻമാരെ ഏർപ്പെടുത്തിയിട്ടുമുണ്ട്.

ഇ-പോസ് സ്ഥാപിക്കൽ പൂർത്തിയാകുന്നതോടുകൂടി റേഷൻ അർഹതപ്പെട്ടവരുടെ കൈകളിൽത്തന്നെ എത്തുമെന്നതിനാൽ ആശങ്കകൾ അടിസ്ഥാനരഹിതമാണ്. റേഷൻ വ്യാപാരികൾക്കുള്ള പാക്കേജ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് റേഷൻ കാർഡുകളുടെ എണ്ണം കടകളുടെ അടിസ്ഥാനത്തിൽ ക്രമീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്.

പൊതുവിതരണ സമ്പ്രദായത്തിലുള്ള പ്രധാന വിഭാഗമാണ് റേഷൻകട ലൈസൻസികൾ. താൽക്കാലിക റേഷൻ കടകളുൾപ്പെടെ പരമാവധി റേഷൻകടകൾ നിലനിർത്തുവാനും തികച്ചും നഷ്ടത്തിലുള്ള കടകൾ ലയിപ്പിച്ച് ലാഭകരമായ രീതിയിൽ നിലനിർത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

സംസ്ഥാനത്ത് 178 താൽക്കാലിക ലൈസൻസികളാണ് നിലവിലുള്ളത്. ആയതിൽ 19 എണ്ണം എറണാകുളം ജില്ലയിലാണ്. (ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.)*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

1966-ലെ റേഷനിംഗ് ഉത്തരവ് 45(1)-ലെ പ്രൊവിസോ (2)-ൽ പറഞ്ഞിട്ടുള്ള സാഹചര്യങ്ങളിലാണ് താൽക്കാലികമായി റേഷൻ കട ലൈസൻസികളെ നിയമിക്കുന്നത്. അങ്ങനെ നിയമിക്കപ്പെടുന്ന ലൈസൻസികൾക്ക് സ്ഥിരം നിയമനത്തിന് പരിഗണിക്കുമ്പോൾ യാതൊരു നിയമപരമായ മുൻഗണനയും ലഭിക്കില്ല എന്ന് റേഷനിംഗ് ഉത്തരവിൽ അസന്ദിഗ്ദ്ധമായി പ്രതിപാദിച്ചിട്ടുണ്ട്. നിലവിലുള്ള താൽക്കാലിക റേഷൻ കടകളെ 31-3-2018 മുതൽ 3 മാസത്തേയ്ക്ക് കൂടി പ്രവർത്തിക്കുവാൻ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നിലവിൽവന്ന സാഹചര്യത്തിൽ മേൽനടപടികൾ എല്ലാം പുനഃപരിശോധനയ്ക്ക് വിധേയമാണ്.